# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം  സമ്മേളനം

2019 മേയ്  28, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി ബി. എസ്. സരള**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

68/2021.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ.കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 94

**II തിരുത്തിയ ഉത്തരം**

28-11-2018- ലെ നക്ഷത്രചിഹ്നമിടാത്ത 385-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം 476

**III ചരമോപചാരം** 476

വി.ജെ. തങ്കപ്പൻ, വി.വിശ്വനാഥ മേനോൻ, കടവൂർ ശിവദാസൻ, റോസമ്മ ചാക്കോ എന്നിവരുടെ നിര്യാണം

**IV ചെയർമാൻമാരുടെ പാനലൽ** 481

**V അടിയന്തരപ്രമേയം** 481

കിഫ്ബി മസാല ബോണ്ട്

(ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു)

**VI ശ്രദ്ധ ക്ഷണിക്കൽ**

1. പ്രളയാനന്തര പുനർനിർമ്മാണം

— ശ്രീ.എസ്. ശർമ്മ 482

2. കോന്നി മെഡിക്കൽ കോളേജ്

— ശ്രീ. അടൂർ പ്രകാശ് 486

**VII സബ്മിഷൻ**

1. വിമാന കമ്പനികളുടെ യാത്രാനിരക്ക്

— പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) 493

2. സർഫാസി-സിബിൽ നിയമം

– ശ്രീ. സി. കെ. ഹരീന്ദ്രൻ

– ശ്രീ. പി. സി. ജോർജ് 495

3. വേങ്ങര പോലീസ് സ്റ്റേഷന് കെട്ടിടം

– ശ്രീ. കെ. എൻ. എ. ഖാദർ 499

4. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്

– ശ്രീ. വി. കെ. സി. മമ്മത് കോയ 500

5. ഡിപ്പോ നിർമ്മാണം

– ശ്രീ. ഷാഫി പറമ്പിൽ 503

6. കോളനി നിവാസികളുടെ പുനരധിവാസം

– ശ്രീ. ബി. ഡി. ദേവസ്സി 507

7. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം

– ശ്രീ. എം. ഉമ്മർ 510

8. എ.പി.എൽ. ലിസ്റ്റ് -ബി.പി.എൽ. ലിസ്റ്റ്

– ശ്രീ. എം. രാജഗോപാലൻ 513

9. വനം വകുപ്പ് ഉദ്യോഗസ്ഥരുടെ മർദ്ദനം

– ശ്രീമതി ഇ. എസ്. ബിജിമോൾ 516

10. സ്ഥിര അദ്ധ്യാപക നിയമനം

– ശ്രീ. റ്റി. വി. രാജേഷ് 518

11. പ്ലസ് ടു പരീക്ഷയുടെ മാർക്ക് ചേർക്കുന്നതിനുള്ള തീയതി നീട്ടിനൽകൽ

– ശ്രീ. പി. ടി. തോമസ് 519

**VIII മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ 520

**IX റിപ്പോർട്ടുകളുടെ സമർപ്പണം**

I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 523

**X പ്രമേയം**

സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കണമെന്ന പ്രമേയം 525

**റിപ്പോർട്ടുകളുടെ സമർപ്പണം (തുടർച്ച)**

2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് 525

**XI അടിയന്തരപ്രമേയ ചർച്ച**

കിഫ്ബി മസാല ബോണ്ട് 526

**XII നിയമനിർമ്മാണകാര്യം**

2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും 588

**XIII ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടം പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് 589

**റൂളിംഗ്** 590

നിയമനിർമ്മാണകാര്യം (തുടർച്ച) 591

അനുബന്ധം I, II, III & IV 604

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

*2019 മേയ് 28, ചൊവ്വ*

വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2019 മേയ് മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ............ഓർഡർ.......... ചോദ്യം നമ്പർ*1

### സർക്കാർ ആശുപത്രികളുടെ നവീകരണം

1 (*1) ശ്രീ. എം. സ്വരാജ്:

ശ്രീ. വി. ജോയി:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനായി, പാവപ്പെട്ടവർ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികൾ മെച്ചപ്പെടുത്താൻ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ രാജ്യത്തിനുതന്നെ മാതൃകയാകുന്ന രീതിയിൽ വികസിപ്പിക്കാനുള്ള യത്നത്തിന്റെ ഫലമായി എത്ര പി.എച്ച്.സി.കൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അക്രെഡിറ്റേഷൻ ലഭിച്ചു; പ്രസ്തുത അംഗീകാരം കൈവരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രാഥമിക തലത്തിലുള്ള ആരോഗ്യ സേവന സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) സർക്കാർ ആശുപത്രികളുടെ അടിസ്ഥാനസൗകര്യം ശക്തിപ്പെടുത്തുന്നതിനും ആധുനിക രീതിയിലുള്ള ഉപകരണങ്ങളും മറ്റും ലഭ്യമാക്കി ആശുപത്രികൾ നവീകരിക്കുന്നതിനും രോഗീസൗഹൃദമാക്കുന്നതിനും ആവശ്യമായ ഘടകങ്ങളിൽ സ്പെഷ്യാലിറ്റി സൗകര്യം വർദ്ധിപ്പിച്ചുകൊണ്ട് സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ നടപ്പിലാക്കിവരികയാണ്. സമഗ്രവും അടിസ്ഥാനപരവുമായിട്ടുള്ള ഒരു മാറ്റമാണ് ആരോഗ്യമേഖലയിൽ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഗവൺമെന്റ് ആഗോളതലത്തിലുള്ള ചില പ്രഖ്യാപനങ്ങളടക്കം അടിസ്ഥാനമാക്കിക്കൊണ്ട് കേരളത്തിൽ പ്രാഥമിക ആരോഗ്യതലം മുതൽ തൃതീയതലംവരെ രോഗീസൗഹൃദവും ആധുനികവുമാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിനും രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കുന്നതിനും രോഗപ്രതിരോധത്തിനും പെട്ടെന്ന് ചികിത്സ ലഭ്യമാക്കാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനാണ് തയ്യാറാകുന്നത്.

ആഗോളതലത്തിൽ നടന്ന ആസ്ഥാന പ്രഖ്യാപനത്തിൽ ഏറ്റവും ഊന്നൽ കൊടുത്തിട്ടുള്ളത് പ്രാഥമികതലം മെച്ചപ്പെടുത്തുന്നതിനും രോഗപ്രതിരോധത്തിൽ ഊന്നൽ നൽകുന്നതിനുമാണ്. 2018-ലെ ആസ്ഥാന പ്രഖ്യാപനം വരുന്നതിനുമുമ്പുതന്നെ കേരളത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച 'ആർദ്രം മിഷന്റെ' ഭാഗമായി പ്രാഥമികതലം മെച്ചപ്പെടുത്തുന്നതിനും രോഗപ്രതിരോധത്തിൽ ഊന്നിയുള്ള നടപടികൾ സ്വീകരിക്കുന്നതിനും നടപടിയെടുത്തുകഴിഞ്ഞിരുന്നു. അത് ഇപ്പോൾ വളരെ വിപുലമായ രീതിയിൽ തന്നെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. താലൂക്കാശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടുകൂടിയ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. തെരഞ്ഞെടുത്ത 28 താലൂക്ക് ഹോസ്പിറ്റലുകളെ ഏറ്റവും നല്ല സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളാക്കി മാറ്റുന്നതിനുള്ള പശ്ചാത്തല സൗകര്യവും സ്പെഷ്യാലിറ്റി സൗകര്യവുമൊക്കെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ജില്ലാ ആശുപത്രികളിൽ പ്രധാനപ്പെട്ട സ്പെഷ്യാലിറ്റികളായ ന്യൂറോളജി, നെഫ്രോളജി, കാർഡിയോളജി എന്നീ വിഭാഗങ്ങൾ ഇതുവരെ ആരംഭിക്കാൻ സാധിച്ചിരുന്നില്ല. അത് ആരംഭിക്കുന്നതിനാവശ്യമായ സമീപനം സ്വീകരിച്ചുവരുന്നു.

8 ജില്ലാ ആശുപത്രികളിലും 2 മെഡിക്കൽ കോളേജുകളിലും പുതുതായി കാത്ത് ലാബ് അനുവദിക്കുകയും 2 ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് പ്രവർത്തനസജ്ജമാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കേരളത്തിൽ ജില്ലാതലത്തിൽ ആൻജിയോപ്ലാസ്റ്റിയടക്കം തുടങ്ങിയിരിക്കുന്നു വെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. എല്ലാ മേഖലയിലും ഈ ഗവൺമെന്റ് കടന്നു ചെന്നിട്ടുണ്ട്. കാൻസർ നമുക്ക് വളരെ ഭീതിദമായിട്ടുള്ള അവസ്ഥയിൽ വന്നിരുന്നു. നോൺ-കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോളും പകർച്ചവ്യാധി നിയന്ത്രണവുമാണ് ഏറ്റവും പ്രധാനമായി ഈ ഗവൺമെന്റ് എടുക്കുന്നത്. നോൺ-കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോളിനുവേണ്ടി വ്യത്യസ്ത പരിപാടികളാണ് ഈ ഗവൺമെന്റ് ആരംഭിച്ചത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കാൻസറിന്റെ വ്യാപനം തടയുക എന്നുള്ളതാണ്. 105 പുതിയ തസ്തികകൾ ഓങ്കോളജി വിഭാഗത്തിൽ അനുവദിക്കുകയും കാൻസർ സെന്ററുകളിൽ മാത്രം ലഭ്യമായിരുന്ന കാൻസർ ചികിത്സ മെഡിക്കൽ കോളേജുകളിലേയ്ക്കുകൂടി വ്യാപിപ്പിച്ചുകൊണ്ട് മെഡിക്കൽ കോളേജിൽ ഏറ്റവും മെച്ചപ്പെട്ട കാൻസർ സെന്റർ സ്ഥാപിക്കുക എന്ന സമീപനവും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഓങ്കോളജി വിഭാഗത്തിൽ ഓങ്കോപാത്തോളജി തുടങ്ങിയ വിവിധ മേഖകളിലായിട്ടാണ് ഈ പോസ്റ്റ് ക്രിയേറ്റ് ചെയ്തത്. 5 എസ്റ്റാബ്ലിഷ്ഡ് മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ ഓങ്കോളജി വിഭാഗം നന്നായി മെച്ചപ്പെട്ടിട്ടുണ്ട്. മറ്റുള്ള മെഡിക്കൽ കോളേജുകളിലും ഇത് തുടങ്ങാനിരിക്കുകയാണ്. മധ്യകേരളത്തിൽ ഒരു പുതിയ കാൻസർ സെന്റർ ആരംഭിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ട് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 385 കോടി രൂപയുടെ പ്രവർത്തനമാണ് കാൻസർ സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്നത്.

നമുക്ക് ഒരുപാട് ഫണ്ടുകളില്ലായെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പ്ലാൻ ഫണ്ട് മാത്രം ഉപയോഗിച്ച് കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയില്ല. കേന്ദ്രഗവൺമെന്റ് ജി.ഡി.പി.യുടെ രണ്ട് ശതമാനത്തിൽ താഴെയാണ് ആരോഗ്യമേഖലയിൽ ചെലവഴിക്കുന്നത്. എന്നാൽ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് കൂടാതെ ഇപ്പോൾ ആരംഭിച്ചിട്ടുള്ള കിഫ്ബിയിൽ നിന്നുള്ള ഫണ്ട്, നബാർഡ്, ദേശീയ ആരോഗ്യമിഷൻ തുടങ്ങി എല്ലാ മേഖലയിലുമുള്ള ഫണ്ടുകൾ ഉപയോഗിച്ചുവരുന്നുണ്ട്. കിഫ്ബി ഒഴികെ ബാക്കിയെല്ലാം നേരത്തെ തന്നെ നമ്മൾ ഉപയോഗിച്ചുവരുന്ന മേഖലകളാണ്. കിഫ്ബി കൂടി വന്നപ്പോൾ കാൻസർ സെന്റർ പോലുള്ള വലിയ പ്രോജക്ടുകൾ ആരംഭിക്കാൻ സാധിക്കുന്നുണ്ട്. അത്തരം പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകൾക്ക് മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കൊണ്ട് എല്ലാ മെഡിക്കൽ കോളേജുകളുടെയും നിർമ്മാണ

പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിന് 350 കോടി രൂപ അനുവദിച്ചുകൊണ്ട് വലിയതോതിലുള്ള നിർമ്മാണ പ്രവർത്തനം നടക്കുന്നു. ഇതെല്ലാം ആധുനിക സംവിധാനങ്ങളോടുകൂടിയുള്ളതാണ്. ഓപ്പറേഷൻ തിയേറ്ററുകളെല്ലാം മോഡുലാർ തിയേറ്ററുകളാക്കി മാറ്റുകയാണ്. വലിയ ഉത്തരമായതുകൊണ്ട് ഞാൻ അത് മുഴുവൻ വിശദീകരിക്കുന്നില്ല. ഏറ്റവും ആധുനികമായ ഉപകരണങ്ങൾ മെഡിക്കൽ കോളേജുകളിൽ സജ്ജമാക്കുക എന്നുള്ളതിനാൽ എം.ആർ.ഐ., സി.റ്റി. സ്കാനുകൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റുകൾ എന്നിവ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നുണ്ട്.

ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് ജീവിതശൈലീരോഗങ്ങൾ തടയുക യെന്നതാണ്. 'അമൃതം ആരോഗ്യം' എന്നുള്ള പദ്ധതി ഈ ഗവൺമെന്റ് ആസൂത്രണം ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളോട് നിർദ്ദേശിച്ചത് 'ആർദ്രം മിഷൻ' നടത്തിയതിന്റെ കൂടെ കേരളത്തിലെ മുഴുവൻ പൗരന്മാരുടെയും ഷുഗറും പ്രഷറും കൊളസ്ട്രോളുമെല്ലാം നേരത്തെതന്നെ പരിശോധിച്ച് രേഖപ്പെടുത്തണമെന്നും അത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്. അതനുസരിച്ച് ഞങ്ങൾ 'അമൃതം ആരോഗ്യം' പദ്ധതി രൂപീകരിക്കുകയും അതിന്റെ ഭാഗമായി ഉയർന്ന രക്തസമ്മർദ്ദവും ഡയബറ്റിസുമൊക്കെ പരിശോധിക്കാനാവശ്യമായ നടപടി വളരെ വ്യാപകമായി എടുത്തു. അതിൽ ഒന്നരക്കോടിയിലേറെപ്പേർ ഇപ്പോൾ സ്ക്രീൻ ചെയ്തുകഴിഞ്ഞു. അത് നല്ല രീതിയിൽ പുരോഗമിക്കുകയാണ്. കേരളത്തിലെ മുഴുവൻ പൗരന്മാരെയും സ്ക്രീൻ ചെയ്തുകൊണ്ട് നേരത്തെ തന്നെ ചികിത്സ കൊടുക്കാൻ സാധിക്കുന്ന സമീപനം സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം 'അമൃതം ആരോഗ്യം' പദ്ധതിയിൽ സ്ട്രോക്ക് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. അത്തരത്തിലുള്ള നിരവധി ക്ലിനിക്കുകൾ, ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക് തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. അതെല്ലാം ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. ഇതെല്ലാം വരുന്ന സമയത്ത് നമ്മൾ ഏറ്റവും ഭയക്കുന്ന പ്രമേഹം, സി.ഒ.പി.ഡി., തുടങ്ങിയ രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കാനും കാൻസറിന്റെ പ്രീ-ഡിറ്റെക്ഷൻ നടത്താനും ചികിത്സ നേരത്തെ തുടങ്ങാനും സാധിക്കും.

മറ്റൊന്ന്, ലബോറട്ടറികളെ ഏറ്റവും സജ്ജമാക്കുകയെന്നതാണ്. ഇതിലെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ ആദ്യ വർഷംതന്നെ നിശ്ചയിച്ചിരുന്നു. അതിൽ 159 എണ്ണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ഇപ്പോൾ 8 എണ്ണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അത് ഔപചാരികമായി ഉദ്ഘാടനം ചെയ്യാനിരിക്കുകയാണ്. എന്നാൽ ടാർഗറ്റിന് പുറത്ത് 60 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാൻ സാധിച്ചു. ജനങ്ങൾ 'ആർദ്രം മിഷൻ'

അവരുടെ ഹൃദയത്തിൽ ഏറ്റെടുത്തു എന്നുള്ളതിന് ഉദാഹരണമാണ്. ജനങ്ങൾ എന്നുപറയുമ്പോൾ എം.എൽ.എ.മാരുടെ വലിയ സഹകരണം ഭരണ-പ്രതിപക്ഷ ഭേദമന്യേ ഉണ്ടായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് അവർക്ക് കൈമാറിക്കിട്ടിയ സ്ഥാപനമെന്ന നിലയിൽ ഇത് അങ്ങേയറ്റം ഏറ്റെടുത്ത് പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമൊക്കെ കൂട്ടായ പ്രവർത്തനം നടത്തിയത്. അതിന് ചില കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിളിറ്റി (സി.എസ്.ആർ.) ഫണ്ടും കിട്ടിയിട്ടുണ്ട്. ജനപ്രതിനിധികളാകെ നേതൃത്വപരമായ പങ്ക് വഹിച്ചതുകൊണ്ട് ടാർഗറ്റിനപ്പുറത്തേയ്ക്ക് പോകാനും സാധിച്ചു.

ആരോഗ്യമേഖലയിൽ എന്ത് മാറ്റമുണ്ടായി എന്ന് ചോദിച്ചാൽ ഏറ്റവും പ്രധാനമായി താഴെ തലത്തിൽ എല്ലാ കുടുംബാരോഗ്യ കേന്ദ്രത്തിലും നല്ല ലാബുകൾ സെറ്റ് ചെയ്യാൻ കഴിഞ്ഞുവെന്നും പ്രാഥമിക പരിശോധന അവിടെ നടക്കുന്നുവെന്നുള്ളതുമാണ്. അടുത്ത 504 കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുമെന്ന് പ്രഖ്യാപിക്കുകയും 200 കേന്ദ്രങ്ങൾക്കുകൂടി വളരെ പെട്ടെന്ന് തസ്തിക സൃഷ്ടിച്ച് നൽകാമെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും സൂചിപ്പിച്ചിട്ടുണ്ട്. ആദ്യം 830 തസ്തികകൾ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് മാത്രമായി സൃഷ്ടിച്ചു. പശ്ചാത്തലസൗകര്യം വികസിപ്പിക്കുന്നത് മാത്രമല്ല, ആരോഗ്യമേഖലയിൽ 4260 പുതിയ തസ്തികകൾ കൂടി സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് മൂന്ന് വർഷക്കാലത്തിനിടയിൽ സാധിച്ചു. അതിന്റെയെല്ലാം ഗുണഫലമാണ് അനുഭവിക്കുന്നതെന്നാണ് പ്രത്യേകിച്ച് പറയാനുള്ളത്.

സാധാരണ എല്ലാ ആഗോള പ്രഖ്യാപനങ്ങളിലും ഇ-മാലിന്യ സംസ്കരണം വളരെ പ്രധാനപ്പെട്ട ഒരു വിഷയമായി കാണണമെന്ന് പറയാറുണ്ട്. ഞങ്ങൾ അതിനുവേണ്ടി ആശുപത്രികളിലെ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി ഒരു പ്രത്യേക പദ്ധതിതന്നെ ആരംഭിച്ചു. 2018-19-ൽ ഒരു പ്രത്യേക പദ്ധതിയായി ആരംഭിച്ചുകൊണ്ട് എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും മാലിന്യ സംസ്കരണത്തിനുള്ള നടപടി സ്വീകരിക്കുന്നു.

അതുപോലെതന്നെ ട്രോമാ കെയറിന്റെകാര്യംകൂടി പറയേണ്ടതാണ്. സമ്പൂർണ്ണ ട്രോമാ കെയർ സിസ്റ്റം കേരളത്തിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചു. ആ പ്രോജക്ട് ഇപ്പോൾ ലെവൽ-1 ട്രോമാ കെയർ സെന്ററായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സെറ്റ് ചെയ്തുകഴിഞ്ഞു. അത് പെട്ടെന്നുതന്നെ ഉദ്ഘാടനം നടത്താൻ സാധിക്കും. ആംബുലൻസുകൾ വാങ്ങുന്നതിന് ഇപ്പോൾ ടെണ്ടർ ചെയ്തുകഴിഞ്ഞ് അതിന്റെ മറ്റ് നടപടിക്രമങ്ങളിലേയ്ക്ക്

പോകുകയാണ്. ഇത് വലിയ മാറ്റമുണ്ടാക്കാൻ സഹായിക്കും. മാതൃ-ശിശു ക്ഷേമത്തിനുള്ള ഒട്ടേറെ നടപടികൾ, 'ലക്ഷ്യ' നിലവാരത്തിലേയ്ക്ക് ഡെലിവറി പോയിന്റ് മാറ്റാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി തുടങ്ങിയിട്ടുണ്ട്. ഇതെല്ലാം വലിയ മാറ്റമുണ്ടാക്കുന്നതാണ്. ദേശീയ ബധിരനിവാരണ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് വമ്പിച്ച രീതിയിൽ ഏർലി ഡിറ്റക്ഷനുള്ള സൗകര്യങ്ങൾ ചെയ്തുകഴിഞ്ഞു.

(ബി) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ എന്തായി മാറുന്നുവെന്നുള്ളതിനെപ്പറ്റി ഞാൻ ആദ്യത്തെ ഉത്തരത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. ഇതിൽ പ്രധാനമായി ചോദിക്കുന്നത്, എത്ര ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് കിട്ടിയെന്നുള്ളതാണ്. ഇപ്പോൾ 14 ആശുപത്രികൾക്ക് ആദ്യത്തെ ഘട്ടത്തിൽ National Quality Assurance Standards (NQAS) ലഭിച്ചുവെന്നുള്ളത് അഭിമാനകരമായിട്ടുള്ള വസ്തുതയാണ്. ഇവിടെ കേന്ദ്രസംഘം വന്ന് പരിശോധിച്ച് 14 ഫാമിലി ഹെൽത്ത് സെന്ററുകൾക്കാണ് NQAS ലഭ്യമായത്. കേന്ദ്ര ഗവൺമെന്റ് പരിശോധിക്കുമ്പോൾ 51 ആശുപത്രികൾക്ക് 70 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കണം. 51 ആശുപത്രികൾക്ക് 90 ശതമാനത്തിലേറെ മാർക്കുള്ളതുകൊണ്ട് അടുത്ത ഘട്ടത്തിൽ നമുക്ക് NQAS ലഭ്യമാകും.

<u>മി. സ്പീക്കർ:</u> മിനിസ്റ്റർ, ഉപചോദ്യങ്ങൾ ചോദിക്കട്ടെ... വേഗം കൺക്ലൂഡ് ചെയ്യണം.

(സി) ഇത് പ്രാഥമികതലത്തിലുള്ളതാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തൊക്കെയാണ് ഉള്ളതെന്നത് സംബന്ധിച്ചാണ് പറയുന്നത്. അത് ഞാൻ ആദ്യം പറഞ്ഞ ഉത്തരത്തിന്റെ കൂടെ പറഞ്ഞിട്ടുണ്ട്. നഴ്സുമാരുടെ പ്രീ-ചെക്കപ്പ്, എൻ.സി.ഡി. ക്ലിനിക്കുകൾ, ശ്വാസ്-ആശ്വാസ് ക്ലിനിക്കുകൾ, ആധുനിക ലബോറട്ടറികൾ, ഒബ്സർവേഷൻ സൗകര്യങ്ങൾ, യോഗാ സെന്റർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തി ഫാമിലി ഹെൽത്ത് സെന്റർ വളരെ രോഗീസൗഹൃദമായി മാറിയിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. മറ്റ് കേന്ദ്രങ്ങളെക്കൂടി ഇങ്ങനെയാക്കാനുള്ള ശ്രമത്തിലാണ്. എന്തായാലും വലിയ മാറ്റം കേരളത്തിലെ ആരോഗ്യ മേഖലയിൽ ഉണ്ടാക്കിയെടുക്കാൻ ഈ മൂന്ന് വർഷക്കാലത്തിനിടയിൽ സാധിച്ചിട്ടുണ്ട്. വിശദമായ ഉത്തരമായതുകൊണ്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

<u>ശ്രീ. എം. സ്വരാജ്</u>: ബഹുമാനപ്പെട്ട സ്പീക്കർ, വളരെ മെച്ചപ്പെട്ട ആരോഗ്യ പരിപാലന സംവിധാനങ്ങൾകൊണ്ട് ശ്രദ്ധേയമായ നാടാണ് നമ്മുടേത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ

---

* അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

നേതൃത്വത്തിൽ കേരളത്തിലെ ആരോഗ്യ പരിപാലന സംവിധാനം വളരെയേറെ പുരോഗതി പ്രാപിച്ചുവെന്ന വാർത്തകൾ എല്ലാദിവസവും പുറത്തുവരുന്നുണ്ട്. അതിന്റെ ഗുണഫലം കേരളീയർ അനുഭവിക്കുന്നുമുണ്ട്. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ വന്നിട്ടുള്ള വികാസത്തിനനുസൃതമായി/അനുപൂരകമായി സുസംഘടിതമായ ഒരു സ്വകാര്യ ആശുപത്രി ശൃംഖലയും കേരളത്തിൽ സജീവ മാണ്; അവിടെ നിന്നും മെച്ചപ്പെട്ട ചികിത്സാ സംവിധാനങ്ങൾ ലഭിക്കുന്നുമുണ്ട്. പക്ഷെ വ്യത്യസ്ത ആശുപത്രികളിൽ സമാനസ്വഭാവമുള്ള ചികിത്സകൾക്ക് യാതൊരു ബന്ധവുമില്ലാത്ത നിരക്കുകളാണ് ഈടാക്കിക്കൊണ്ടിരിക്കുന്നതെന്നാണ് ചികിത്സാരംഗത്തുനിന്നും ഉയർന്നുവരുന്ന പ്രധാന പരാതി. അതിന് പൊതുവായി അംഗീകരിക്കപ്പെടുന്ന ഒരു മാനദണ്ഡവുമില്ല. ഈ ചികിത്സാ നിരക്കുകളിൽ അവിശ്വസനീയമായ വ്യത്യാസം കാണാൻ സാധിക്കുന്നുണ്ട്. ചിലയിടങ്ങളിൽ രോഗി മരണപ്പെട്ട കേസ്സുകളിൽ മൃതശരീരം വിട്ടുകൊടുക്കാതെ പണം ഈടാക്കാൻ വേണ്ടി വിലപേശുന്നതുൾപ്പെടെയുള്ള മനുഷ്യത്വരഹിതമായ സംഭവങ്ങളും വാർത്തകളായി പുറത്തുവന്നിട്ടുണ്ട്. അതോടൊപ്പം തന്നെ ഇത്തരം ആശുപത്രികളിൽ നിന്നും അത്യാവശ്യം വേണ്ട ചികിത്സ തന്നെയാണോ രോഗികൾക്ക് നിർദ്ദേശിക്കപ്പെടുന്നത്; അതോ അവരുടെ അത്യന്താധുനികമായ ഉപകരണങ്ങൾക്കും മറ്റും ചെലവായിട്ടുള്ള തുക ഈടാക്കുന്നതിനുവേണ്ടി അനാവശ്യമായ പരിശോധനകളോ ചികിത്സകളോ നിർദ്ദേശിക്കപ്പെടുന്നുണ്ടോ എന്നതും സംശയമായി ഉയരുന്നുണ്ട്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിൽ നല്ല നിലവാരമുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്കുകളുടെയും നിർദ്ദേശിക്കപ്പെടുന്ന ചികിത്സ കളുടെയുമൊക്കെ കാര്യത്തിൽ സുതാര്യത ഉറപ്പുവരുത്താൻ ഒരു ഏകീകരണം സാധ്യമാക്കുമോ; അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആരോഗ്യ ജാഗ്രതാ കാമ്പയിൻ പോലുള്ള ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുമായി കേരളത്തിലെ സ്വകാര്യമേഖല നന്നായി സഹകരിക്കുന്നുണ്ട്. അതേസമയം കാലാകാലങ്ങളായി സ്വകാര്യ ആശുപത്രികളിലെ ഉയർന്ന ചികിത്സാ നിരക്കിനെക്കുറിച്ചുള്ള ആക്ഷേപമാണ് ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. നമുക്കത് ഏകീകരിച്ച് കൊണ്ടുവരുന്നതിന് ചില നിയമപ്രശ്നങ്ങളുണ്ട്. പക്ഷെ സ്വകാര്യമേഖലയിലെ ഇത്തരം ചൂഷണങ്ങളെ നിയന്ത്രിക്കുന്നതിനാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ഈ ഗവൺമെന്റ് പാസ്സാക്കിയത്. അതിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുകയാണ്. ഓരോ പാക്കേജിനും ആവശ്യമായ ചികിത്സാ ചെലവ്

നേരത്തെ പ്രഖ്യാപിക്കണമെന്നും പ്രദർശിപ്പിക്കണമെന്നുമാണ് അതിന്റെ നിബന്ധനകളിലൊന്നായി പറഞ്ഞിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ഒരേ ചികിത്സയ്ക്ക് അമിതമായ ഫീസ്/വ്യത്യസ്ത ഫീസ് പലയിടത്തും ഈടാക്കാൻ കഴിയാത്ത അവസ്ഥ വന്നുചേരുകയും അമിതമായ ഫീസ് ഈടാക്കലിന് നല്ലൊരു പരിഹാരമുണ്ടാക്കാൻ കഴിയുകയും ചെയ്യും. എങ്കിലും സ്വകാര്യ മേഖലയുടെ ചില ആനുകൂല്യങ്ങൾ ഇപ്പോഴും ഇത്തരം സ്ഥാപനങ്ങളെല്ലാം അനുഭവിക്കുന്നുണ്ട്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിലൂടെ മിതമായ രീതി ഉണ്ടാക്കിയെടുക്കാൻ കഴിയും.

ശ്രീ. എം. സ്വരാജ്: സർ, നമ്മുടെ ആരോഗ്യരംഗത്തെ എല്ലാ വളർച്ചയെയും അഭിനന്ദിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുമ്പോൾതന്നെ ആ രംഗത്തെ സ്റ്റാഫ് പാറ്റേൺ 1960-കളിലേതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ജനപ്പെരുപ്പവും ആരോഗ്യ കാര്യങ്ങളിലുള്ള ജനങ്ങളുടെ ജാഗ്രതയും കാരണം നമ്മുടെ സർക്കാർ ആശുപത്രികളിൽ വമ്പിച്ച തിരക്ക് അനുഭവപ്പെടുന്നുണ്ട്. അത്രമാത്രം വിശ്വാസമുള്ളതുകൊണ്ടുകൂടിയാണ് ജനങ്ങൾ അവിടേയ്ക്ക് വരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം തസ്തികകൾ സൃഷ്ടിച്ചത് കാണാതിരിക്കുന്നില്ല. ഞാൻ അതിനെ അഭിനന്ദിക്കുന്നു. അതിനനുസൃതമായി പ്രത്യേകിച്ച് താലൂക്കാശുപത്രികളിലും മറ്റുമൊക്കെ കൂടുതൽ ജീവനക്കാരുടെ ആവശ്യകതയുണ്ട്. ചോദ്യത്തിൽ പ്രത്യേകമായൊരു വിഷയം പരാമർശിക്കുന്നത് ശരിയല്ലെങ്കിൽപ്പോലും എന്റെ നിയോജകമണ്ഡലത്തിലെ പള്ളുരുത്തി താലൂക്കാശുപത്രിയിലെ ഗേറ്റ് വൈകിട്ട് ഏഴ് മണി കഴിഞ്ഞാൽ പൂട്ടിയിടേണ്ട സ്ഥിതിയാണുള്ളതെന്നാണ് ഒറ്റവാചകത്തിൽ എനിക്ക് പറയാനുള്ളത്. ഭൗതിക സൗകര്യങ്ങളെല്ലാം അവിടെയുണ്ട്. പക്ഷെ ആവശ്യത്തിന് ജീവനക്കാരില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വർഷങ്ങളായി ആരോഗ്യ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്നത് ശ്രമകരമായ ജോലിതന്നെയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 1960-61-ലെ സ്റ്റാഫ് പാറ്റേണാണ് പൊതുവെ നിലവിലുണ്ടായിരുന്നതെന്നത് എല്ലാവരും സമ്മതിക്കുന്ന വിഷയമാണ്. അതുകൊണ്ടാണ് 4260-ലേറെ പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടും നമ്മുടെ ആവശ്യകതയുടെ അടുത്തെങ്ങും എത്താൻ സാധിക്കാത്തത്. പക്ഷെ ഈ ഗവൺമെന്റ് വളരെ പോസിറ്റീവായ സമീപനമാണ് സ്വീകരിക്കുന്നത്. ഗവൺമെന്റിന് പ്രതിബദ്ധതയും പ്രശ്നങ്ങളുമൊക്കെയുണ്ട്. പോസ്റ്റ് ക്രിയേഷൻ വർദ്ധിക്കുന്നത് സാമ്പത്തികമായി നല്ല ചെലവ് വരുന്ന കാര്യമാണ്. എങ്കിലും ഗവൺമെന്റ് വളരെ അനുകൂല സമീപനമാണ് ആരോഗ്യവകുപ്പിനോട്

സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി 170 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ഒരു ഡോക്ടർക്കുപകരം മൂന്ന് ഡോക്ടർമാർ എന്നതാണ് നമ്മൾ കണ്ടത്. ഡോക്ടർമാരുടെ എണ്ണം വർദ്ധിച്ചാൽ കുഴപ്പമൊന്നുമില്ല, നല്ലതേയുള്ളൂ. പക്ഷെ നമുക്ക് പരിമിതിയുണ്ട്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ഒരു ഘടകം തന്നെയാണ്. അതെല്ലാം വച്ചുകൊണ്ട് ഈ ഗവൺമെന്റ് പരമാവധി സഹായം നൽകിയിട്ടുണ്ട്. താലൂക്കാശുപത്രികളെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്പെഷ്യാലിറ്റി മേഖലയിൽ മാത്രമായി 891 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. മെഡിക്കൽ കോളേജുകൾക്കുവേണ്ടി 2000-ത്തിലേറെ പോസ്റ്റുകളാണ് ക്രിയേറ്റ് ചെയ്തത്. അതൊന്നും മതിയാകാത്ത അവസ്ഥയുണ്ട്. ഏതായാലും മൂന്നുവർഷക്കാലംകൊണ്ട് ആരോഗ്യമേഖലയിൽ വളരെ നല്ല സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചു. ഇനിയും സാധ്യമായതിന്റെ എല്ലാ പരിധിയും വച്ചുകൊണ്ട് എല്ലാ രീതിയിലും ഈ ഗവൺമെന്റ് പോസ്റ്റ് ക്രിയേഷനും അനുവദിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. ജോയി: സർ, ആരോഗ്യ രംഗത്ത് അങ്ങയുടെ ഇടപെടൽ വളരെ മാതൃകാപരമാണെന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ഉജ്ജ്വൽ എന്ന 16 വയസ്സുകാരനെ ആരോഗ്യവകുപ്പും സാമൂഹ്യസുരക്ഷാ മിഷനും ചേർന്ന് സഹായിച്ചതിന്റെ വലിയ വാർത്തയാണ് ഇന്നത്തെ കേരളകൗമുദി പത്രത്തിന്റെ ആദ്യത്തെ പേജിലുള്ളത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെയും ഡിപ്പാർട്ടുമെന്റിനെയും അഭിനന്ദിക്കുകയാണ്. നമ്മുടെ പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. എന്നാൽ ഏറ്റവും താഴെത്തട്ടിലുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളെ ഏത് വിധത്തിൽ നമുക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുമെന്നും ആളുകൾക്ക് പെട്ടെന്ന് ചെന്നെത്താൻ സാധിക്കുന്ന കേന്ദ്രങ്ങളാക്കി അതിനെ എങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. പ്രൈമറി ഹെൽത്ത് സെന്റർ പോലെ തന്നെ ഏറ്റവും പ്രാധാന്യം കൊടുക്കേണ്ട ഒന്നാണ് സബ്സെന്ററുകൾ. സബ്സെന്ററുകൾ ചിലയിടത്ത് നന്നായി പ്രവർത്തിക്കും, ചിലയിടത്ത് നിഷ്പ്രഭമായിരുന്നു. അതുകൊണ്ടുതന്നെ സബ്സെന്ററുകൾ മെച്ചപ്പെടുത്താനാണ് 2019-ൽ ഈ ഗവൺമെന്റ് ഊന്നൽ കൊടുക്കുന്നത്. ഇപ്പോൾതന്നെ അതിന്റെ ഗ്യാപ് അനാലിസിസ് നടത്തി ലിസ്റ്റ് ഗവൺമെന്റിന്റെ കയ്യിൽ വന്നിട്ടുണ്ട്. സബ്സെന്ററുകളുടെ പശ്ചാത്തല സൗകര്യവും പ്രവർത്തനരീതിയും മെച്ചപ്പെടുത്തുന്നതിനുള്ള സമീപനം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അവിടെയുള്ള ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ. തുടങ്ങിയവർക്ക് ആധുനിക രീതിയിലുള്ള പരിശീലനവും നൽകിത്തുടങ്ങിയിരിക്കുകയാണ്. സബ്സെന്ററുകൾ മെച്ചപ്പെടുത്താൻ ഗവൺമെന്റിന്റെ പരിമിതിയിൽ ഒതുങ്ങിക്കൊണ്ടുള്ള സാമ്പത്തിക സഹായം നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. ഒ. ആർ. കേളു: സർ, കേരള ഗവൺമെന്റ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ആരോഗ്യമേഖലയിൽ വലിയ മുന്നേറ്റമാണ് ഉണ്ടാക്കിയിട്ടുള്ളത്. അതിന്റെ പ്രതിഫലനമായി വയനാട് ജില്ലയിലെ പി.എച്ച്.സി.കളിലും സബ്സെന്ററുകളിലും ജില്ലാശുപത്രിയിലുമൊക്കെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം നടക്കുന്നുണ്ട്. ആരോഗ്യവകുപ്പ് വയനാട് ജില്ലാശുപത്രിക്ക് കാത്ത് ലാബ് സംവിധാനം അനുവദിച്ചിട്ടുണ്ട്. അത് സന്തോഷകരമായ കാര്യമാണ്. അതിന്റെ പ്രാഥമിക കാര്യങ്ങളൊക്കെ ജില്ലാശുപത്രിയിൽ ആരംഭിച്ചെങ്കിലും അത് ഏറ്റെടുത്ത ഏജൻസിയുടെ ഭാഗത്തുനിന്നും ചെറിയൊരു നിസ്സംഗത കാണുന്നുണ്ട്. വയനാട് ജില്ലാശുപത്രിയിൽ കാത്ത് ലാബിന്റെ സംവിധാനം കുറച്ചുകൂടി വേഗത്തിലാക്കാൻ ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നും ഇടപെടൽ ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സമയബന്ധിതമായി എല്ലാ പദ്ധതികളും പൂർത്തിയാക്കുകയെന്നത് വളരെ സാഹസികമായ കാര്യമാണ്. നിരവധി തവണ ഇത്തരം ഏജൻസികളെയെല്ലാം വിളിച്ചുചേർക്കുകയും പോരായ്മകൾ പരിഹരിക്കുകയും ചെയ്തുകൊണ്ടാണ് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നത്. ഏതായാലും ഈ ഗവൺമെന്റ് വന്നപ്പോൾത്തന്നെ വയനാട് ജില്ലയ്ക്ക് പ്രത്യേക പരിഗണന കൊടുത്തിട്ടുണ്ട്. ഏജൻസികളെ വീണ്ടും വീണ്ടും ബന്ധപ്പെട്ടുകൊണ്ട് കാത്ത് ലാബ് സംവിധാനം എത്രയുംപെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, പാവപ്പെട്ടവർ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളെ ഭാർഗ്ഗവിനിലയത്തിന്റെ അവസ്ഥയിൽ നിന്നും രോഗീസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റിയ നടപടി ദേശീയാടിസ്ഥാനത്തിൽത്തന്നെ ശ്രദ്ധ നേടിയൊരു സംഭവമാണ്. ആശുപത്രികളുടെ ശാക്തീകരണത്തിൽ ഡോക്ടർമാരെപ്പോലെത്തന്നെ പാരാമെഡിക്കൽ സ്റ്റാഫിന്റെയും പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ ഇവരുടെ കുറവ് വലിയ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ദിനംപ്രതി നൂറ് കണക്കിന് രോഗികൾ എത്തുന്ന മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ വനിതാ വാർഡിന്റെ നിർമ്മാണം പൂർത്തീകരിച്ചു. എം.എൽ.എ. ഫണ്ടുപയോഗിച്ചുകൊണ്ട് fully automatic analyzer സ്ഥാപിച്ചതുവഴി ഒരേ സമയം 50 രക്തസാമ്പിളുകൾ പരിശോധിക്കാനാവശ്യമായ സംവിധാനമായി. എന്നാൽ അവിടെ ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ലേഡി ഹെൽത്ത് സൂപ്പർവൈസർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, സ്റ്റാഫ് നഴ്സ് ഗ്രേഡ്-1, അറ്റൻഡർ ഗ്രേഡ്-1 എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അത് നിരവധി പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് ഈ തസ്തികകൾ അടിയന്തരമായി നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പല സി.എച്ച്.സി.കളിലും വളരെ ചുരുങ്ങിയ തസ്തികകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടുതന്നെ വളരെ നിഷ്പ്രഭമായിപ്പോയ ഒരു മേഖലകൂടിയാണ് സി.എച്ച്.സി. ഈ ഗവൺമെന്റ് അതിനെക്കുറിച്ച് വിശദമായി പരിശോധിച്ചിട്ടുണ്ട്. രണ്ട് സ്റ്റാഫ് നഴ്സ്മാരെ വീതം 242 സി.എച്ച്.സി.കളിൽ നിയമിക്കാൻ ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. അങ്ങനെ യാണെങ്കിൽ വളരെ വേഗം അത് നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ഉപചോദ്യങ്ങൾ എടുക്കുന്നതിനുമുമ്പുതന്നെ 20 മിനിറ്റ് എടുത്തിരിക്കുന്നു. അതുകൊണ്ട് അധികം ഉപചോദ്യങ്ങൾ അനുവദിക്കാൻ നിർവ്വാഹമില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിരവധി പദ്ധതികൾ നടപ്പിലാക്കിയിരുന്നു. 35 ലക്ഷത്തോളം വരുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്ന സുകൃതം പദ്ധതി അതിൽ പ്രധാനപ്പെട്ടതാണ്. 18 വയസ്സുവരെ സൗജന്യ ചികിത്സ നൽകുന്ന ആരോഗ്യ കിരണം പദ്ധതി, കാരുണ്യ പദ്ധതി, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച അമൃതം ആരോഗ്യം, ശ്രുതിതരംഗം തുടങ്ങിയ പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ; അതോ ഇൻഷ്വറൻസ് സ്കീമിലേയ്ക്ക് മാറ്റിയോ; ഇൻഷ്വറൻസ് സ്കീമിലേയ്ക്ക് മാറ്റിയാൽ അതിന് ഒരു പരിധിവരും. അതായത് 5 ലക്ഷം രൂപ പരിധി വച്ചാൽ അതിനപ്പുറത്തേയ്ക്ക് പാവപ്പെട്ട രോഗികൾക്ക് എങ്ങനെ ചികിത്സ ലഭ്യമാക്കാൻ കഴിയും എന്ന ചോദ്യം ഉയരുകയാണ്. സുകൃതം പദ്ധതിക്കും ആരോഗ്യകിരണം പദ്ധതിക്കും കാൻസർ രോഗികൾക്ക് പരിധിയില്ല. ഇത്തരം പദ്ധതികൾ നിർത്തലാക്കി ഇൻഷ്വറൻസ് സ്കീമിലേയ്ക്ക് പോയാൽ കേരളത്തിലെ പാവപ്പെട്ട രോഗികൾക്ക് ചികിത്സ ലഭ്യമാക്കാൻ കഴിയില്ല. ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല. എന്നാൽ, കാരുണ്യ, സുകൃതം പോലുള്ള പദ്ധതികൾ നിർത്തലാക്കാതെ അവ നടപ്പിലാക്കി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: പ്ലീസ്..... ഒരു ചോദ്യം മാത്രമേ ചോദിക്കാൻ പാടുള്ളൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇതുമായി ബന്ധപ്പെട്ട ചോദ്യമാണ്. സുകൃതം പദ്ധതി നിർത്തലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ആർ.സി.സി.യുടെയും മലബാർ കാൻസർ സെന്ററിന്റെയും പ്രവർത്തനങ്ങൾക്ക്

വെല്ലുവിളി നേരിടുകയാണ്. കാരണം 5 ലക്ഷം രൂപവരെ ലഭ്യമാകുന്ന കേന്ദ്രഗവൺമെന്റിന്റെ ആയുഷ്മാൻ ഭാരത് പദ്ധതി കേരളത്തിൽ വരുന്നതോടുകൂടി കാൻസർ ചികിത്സ ലഭ്യമാക്കുന്ന ഈ രണ്ട് സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നിശ്ചലമാകാൻ പോകുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച, പാവപ്പെട്ട ആളുകളെ സഹായിക്കുന്ന മുഴുവൻ പദ്ധതികളും തുടർന്നും നടപ്പിലാക്കി മുന്നോട്ടുപോകാൻ നടപടിയുണ്ടാകണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ജനങ്ങൾക്ക് നൽകിയ ഒരാനുകൂല്യങ്ങളും ഈ സർക്കാർ പിൻവലിച്ചിട്ടില്ല. അങ്ങനെയൊരു പരാതി ജനങ്ങളുടെയോ രോഗികളുടെയോ ഭാഗത്തു നിന്നുണ്ടായിട്ടുമില്ല. ആയുഷ്മാൻ ഭാരത് പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് എല്ലാവരും ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്. ഇവിടെ ഒരു സമ്പൂർണ്ണ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കഴിഞ്ഞവർഷം പ്രഖ്യാപിക്കാനിരുന്നതാണ്. അതിന് രണ്ട് ദിവസം മുമ്പ് കേന്ദ്ര ഗവൺമെന്റ് ആയുഷ്മാൻ ഭാരത് പദ്ധതി പ്രഖ്യാപിച്ചതിനാൽ അന്നത് പ്രഖ്യാപിക്കാൻ സാധിച്ചില്ല. അതിലെ വ്യവസ്ഥകളൊക്കെ കൂടുതൽ ഗുണകരമാണെങ്കിൽ, ഏതാണോ ഗുണം അതാണ് നോക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ചതോ കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചതോ ഏതായാലും ജനങ്ങൾക്ക് ഉപകാര മുണ്ടാകണമെന്ന് മാത്രമേ ഈ ഗവൺമെന്റിന് ആഗ്രഹമുള്ളൂ. അതുകൊണ്ട് പരിശോധിച്ചപ്പോൾ കേന്ദ്രത്തിന്റെ ആയുഷ്മാൻ ഭാരത് പദ്ധതി അനുസരിച്ച് മുന്നോട്ടുപോയാൽ കേരളത്തിലെ 18 ലക്ഷത്തോളം കുടുംബങ്ങൾക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. അക്കാര്യം നിങ്ങൾക്ക് വിശദമായി പരിശോധിക്കാം. വിവിധ ഗവൺമെന്റുകൾ വിവിധ സമയത്ത് ആരംഭിച്ച ഒട്ടേറെ സ്കീമുകളിലൂടെ 40 ലക്ഷത്തിലേറെ കുടുംബങ്ങൾക്ക് സംസ്ഥാനത്ത് ചികിത്സാ ആനുകൂല്യം ലഭിക്കുന്നുണ്ട്. അത് നഷ്ടപ്പെടുത്താൻ കഴിയില്ല. ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി ശ്രീ. ജെ. പി. നഡ്ഡ ഞങ്ങളെ നേരിട്ട് വിളിച്ച് പദ്ധതിയിൽ ഒപ്പിടണമെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ചിട്ട് ഞങ്ങൾ അദ്ദേഹത്തോട് പറഞ്ഞത്, ഞങ്ങൾക്ക് ചില കൺസേൺസുണ്ട്, അവ ഒന്നും നഷ്ടപ്പെടാൻ പാടില്ല അല്ലെങ്കിൽ ഞങ്ങൾക്ക് ഒപ്പിടാൻ സാധിക്കില്ല എന്നാണ്. കേന്ദ്രത്തിൽ നിന്നും സമ്മർദ്ദമുണ്ടായി. കേരളം കൂടി ഒപ്പുവച്ചാൽ മാത്രമേ അതിന് വിശ്വാസ്യതയും ഉറപ്പും വരുകയുള്ളൂവെന്നും അതുകൊണ്ട് നിങ്ങൾ കൂടി ഒപ്പുവയ്ക്കണമെന്നും പറഞ്ഞിട്ടും ഒപ്പുവയ്ക്കാതെ നീട്ടിക്കൊണ്ടുപോയി. അവസാനത്തെ മാസമാണ് ഞങ്ങൾ ഒപ്പുവച്ചത്. ഒപ്പുവയ്ക്കാതിരുന്നാൽ ആർ.എസ്.ബി.വൈ.യുടെ വിഹിതമായ 102 കോടിയിലേറെ

രൂപ അവർ തരില്ല. ഏപ്രിൽ മാസത്തോടുകൂടി ആർ.എസ്.ബി.വൈ.യുടെ വിഹിതം നമുക്കില്ലാതാകും. അങ്ങനെ ഞങ്ങൾക്ക് നിർബന്ധിതമായി ഒപ്പുവയ്ക്കേണ്ടിവന്നു. എന്നാൽ കേരളത്തിന് അനുയോജ്യമായ മാതൃകയിൽ ഇതിനെ ഷെഡ്യൂൾ ചെയ്തെടുത്താൽ അത് നിങ്ങൾ അംഗീകരിക്കണമെന്ന് അവരോട് ഒരു വ്യവസ്ഥവച്ചു. അതിനവർ സമ്മതം തന്നതിന്റെ ഭാഗമായാണ് ഒപ്പുവച്ചത്. ഇവിടെ നടക്കുന്ന എല്ലാ ചികിത്സാ സഹായ പദ്ധതികളും ആയുഷ്മാൻ ഭാരതിൽ ലയിപ്പിക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റ് പറഞ്ഞത്. പക്ഷേ നമ്മൾ ചെയ്തിട്ടുള്ളത് കാരുണ്യ, Senior Citizen Health Insurance Scheme (SCHIS), Comprehensive Health Insurance Scheme (CHIS) plus തുടങ്ങിയവയാണ്. ചിലർ കാരുണ്യ പദ്ധതി കളഞ്ഞില്ലേ എന്നൊക്കെ ചോദിക്കുന്നതുകേട്ടു, കാരുണ്യ പദ്ധതിയൊന്നും ഞങ്ങൾ കളഞ്ഞിട്ടില്ല. അതുകൊണ്ടാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്നപേരിൽ ഇത് നടപ്പിലാക്കുന്നത്. സെൻട്രൽ ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചാണ് എല്ലാം ലയിപ്പിക്കുന്നത്. പക്ഷെ നമ്മൾ നിബന്ധനകൾ വച്ചു. 40 ലക്ഷത്തിലേറെ കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ കൃത്യമായി കൊടുക്കുന്നത് ഇപ്പോൾ ആശ്വാസത്തോടെ എല്ലാവർക്കും കാണാം. 5 ലക്ഷം രൂപ പരിധികഴിഞ്ഞാൽ എന്തുചെയ്യുമെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചു. അത്തരത്തിലുള്ള പദ്ധതികൾ നിർത്തലാക്കുകയല്ല. 5 ലക്ഷം രൂപ വരെ ചികിത്സാ ആനുകൂല്യം ലഭിക്കേണ്ടത് ഇൻഷ്വറൻസ് സ്കീമിൽ വന്നിട്ടുണ്ട്. അപൂർവ്വ രോഗങ്ങളും മറ്റ് പല പ്രശ്നങ്ങളുമുണ്ട്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം നേരത്തെ ഒരനുഭവം സൂചിപ്പിച്ചതുപോലെ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെക്കൂടി ഉപയോഗപ്പെടുത്തി, അത്തരം ഘട്ടങ്ങളിൽ കൂടുതൽ സഹായം പാവപ്പെട്ട, സാമ്പത്തിക ശേഷിയില്ലാത്തവർക്ക് ചെയ്തുകൊടുക്കാൻ ഈ ഗവൺമെന്റ് സന്നദ്ധമാകുന്നത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ചാവക്കാട് താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ ഉൾപ്പെടെയുള്ള ഒട്ടേറെ നവീന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ പലയിടത്തും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടില്ല. അതുപോലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും താലൂക്കാശുപത്രികളിലും പുതിയതായി ആംബുലൻസുകളും വാഹനങ്ങളും കൊടുക്കുന്നതിന് ഗവൺമെന്റിന് പദ്ധതിയുണ്ടോ;

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, തസ്തികകളുടെ കാര്യത്തെക്കുറിച്ച് നേരത്തെയുള്ള ചോദ്യത്തിന്റെ ഉത്തരത്തിൽ അതിന്റെ കണക്കുകളെല്ലാം പറഞ്ഞിട്ടുണ്ട്. സാമ്പത്തിക സ്ഥിതി അനുസരിച്ച് നമുക്ക് സാധിക്കുന്നതിന്റെ

പരമാവധി തസ്തിക സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ ആംബുലൻസുകളുടെ കാര്യം പറയുമ്പോൾ 315-ലേറെ ആംബുലൻസുകൾ ട്രോമാ കെയർ സംവിധാനത്തിന്റെ ഭാഗമായി വരികയാണ്. ആ സമയത്ത് നിലവിലുള്ള ആംബുലൻസുകളെ ഇതുപോലുള്ള ആശുപത്രികളുടെ ആവശ്യത്തിന് പുനർവിന്യസിക്കാൻ സാധിക്കും. അത്തരമൊരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, മെഡിക്കൽ ഉപകരണങ്ങളിൽ അടുത്ത കാലത്ത് കണ്ടുവരുന്ന ഗുണനിലവാരത്തകർച്ച രോഗികളിൽ മാത്രമല്ല പൊതുസമൂഹത്തിൽ തന്നെ കടുത്ത ആശങ്കയും ഉത്കണ്ഠയും പടർത്തുകയാണ്. ഉദാഹരണത്തിന് സർക്കാർ ഏജൻസിയായ Kerala Medical Services Corporation Limited (KMSCL) സർക്കാർ ആശുപത്രികളിൽ വിതരണത്തിനെത്തിച്ച അമോക്സിലിൻ ഗുളിക ഗുണനിലവാരമില്ല എന്ന പരാതിയെത്തുടർന്ന് പിൻവലിച്ചിരിക്കുകയാണ്. കൂടാതെ സർക്കാർ ആശുപത്രികളിൽ വിതരണത്തിനെത്തുന്ന അനസ്തേഷ്യ മരുന്നുകൾ, പേസ്മേക്കറുകൾ എന്നിവയുടെ ഗുണനിലവാരത്തകർച്ചയെക്കുറിച്ചും കടുത്ത ആശങ്ക നിലനിൽക്കുന്നതിനിടയിലാണ് മരുന്നുകളുടെ കാര്യത്തിലും ഇത് കാണുന്നത്. എന്താണ് ഇക്കാര്യത്തിൽ സർക്കാരിന് നൽകാനുള്ള വിശദീകരണം എന്നറിയാൻ താല്പര്യമുണ്ട്;

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഉപകരണങ്ങളുടെയും മരുന്നുകളുടെയും ഗുണനിലവാരം നന്നായി പരിശോധിച്ചിട്ടാണ് KMSCL ഇതെല്ലാം വിതരണം ചെയ്യുന്നത്. KMSCL വിതരണം ചെയ്യുന്ന ഉപകരണങ്ങളെക്കുറിച്ചോ മരുന്നുകളെക്കുറിച്ചോ അങ്ങനെ വളരെ വ്യാപകമായ ആരോപണങ്ങൾ ഉണ്ടായിട്ടില്ല. ഏതെങ്കിലും ചില പ്രത്യേക കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ അപ്പോൾത്തന്നെ അത് പരിശോധിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാകാറുണ്ട്. ഇത്തരത്തിലുള്ള നിലവാരത്തകർച്ച വളരെ അപൂർവ്വമായി മാത്രമേ റിപ്പോർട്ട് ചെയ്യാറുള്ളൂ. അത് പരിശോധിച്ച് ആ കമ്പനിയുമായി ആലോചിച്ച്, ചിലപ്പോൾ ആ കമ്പനിയെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തും. പിന്നെ അവരുടെ മെഡിസിൻ എടുക്കില്ല. എന്നാൽ പരിഹരിക്കാൻ കഴിയുന്ന എറർ ആണെങ്കിൽ അവരെക്കൊണ്ട് അത് പരിഹരിപ്പിക്കും. ആ രീതിയിലാണ് മുന്നോട്ടുപോകുന്നത്. വിശ്വസനീയമായിട്ടുള്ള ഒരു സ്ഥാപനമാണ് KMSCL.

ശ്രീ. മാത്യു. ടി. തോമസ്: സർ, ഇന്നലെ വൈകുന്നേരവും ഇന്ന് രാവിലെയുമായി ചില ദൃശ്യ മാധ്യമങ്ങളിൽ പത്തനംതിട്ട ജില്ലയിലുൾപ്പെട്ട

മല്ലപ്പള്ളി എന്ന സ്ഥലത്ത് 9 വയസ്സുകാരിയുടെ മരണം H1 N1 മൂലമാണെന്ന് സ്ഥിരീകരിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടുകൾ ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ പ്രദേശവുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കാൻ ശ്രമിച്ചെങ്കിലും ഒന്നുംതന്നെ ലഭിച്ചിട്ടില്ല. അങ്ങനെയാണെങ്കിൽ അതിനുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ആ ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ തക്കവണ്ണം അവിടത്തെ ആരോഗ്യ സംവിധാനം സജ്ജമാണോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഏപ്രിൽ-മേയ് മാസങ്ങളിലും ജൂൺ-ആഗസ്റ്റ് മാസങ്ങളിലുമാണ് പകർച്ചവ്യാധികൾ അധികമായി ഉണ്ടാകുന്നത്. എല്ലാവരും മുൻകയ്യെടുത്ത് ആരോഗ്യ ജാഗ്രതാ കാമ്പയിൻ ആരംഭിച്ചതിന്റെ ഗുണഫലമുണ്ടെന്നാണ് കരുതുന്നത്. അതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.മാരും സഹകരിച്ച് വലിയതോതിൽ ആരോഗ്യ ജാഗ്രതാ കാമ്പയിനുമായി മുന്നോട്ടുപോയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് അത് ഏറ്റെടുത്ത് ഏറ്റവും നന്നായി നടപ്പിലാക്കിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെയാണ് ആ കാമ്പയിൻ ഉദ്ഘാടനം ചെയ്തത്. വിവിധ വകുപ്പുകളുടെ മീറ്റിംഗും വിളിച്ചുചേർത്തിരുന്നു. അതിന്റെ ഗുണഫലവുമുണ്ട്. ഇല്ലെങ്കിൽ വെള്ളപ്പൊക്കം കഴിഞ്ഞ ഈ സമയത്ത് പകർച്ചവ്യാധികളുണ്ടായി ബുദ്ധിമുട്ടേണ്ടതായിരുന്നു. എന്നാലും നമുക്ക് വിശ്രമിക്കാറായിട്ടില്ല. വരാനിരിക്കുന്ന സീസൺ നമ്മളെ ഭയപ്പെടുത്തുന്നത് തന്നെയാണ്. അതുകൊണ്ട് ഡെങ്കിപ്പനി, എച്ച്-1 എൻ-1 തുടങ്ങിയവയ്ക്കെതിരെ ജാഗ്രത പുലർത്തണം. ആരോഗ്യവകുപ്പ് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. അവരും സുസജ്ജരായിരിക്കുന്നുണ്ട്. എവിടെയെങ്കിലും ഒരു കേസ് കണ്ടാൽ വളരെ പെട്ടെന്ന് ഇടപെട്ട് പടരാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള ഈ കേസ് പ്രത്യേകിച്ച് അന്വേഷിച്ച് നിജസ്ഥിതി എന്താണെന്ന് അംഗത്തെ ബോധ്യപ്പെടുത്തുന്നതാണ്. അവിടെ ആവശ്യമായ സജ്ജീകരണങ്ങളെല്ലാം ഒരുക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നടപ്പിലാക്കിയിട്ടുണ്ടെന്നാണ് ശ്രീ. എം. സ്വരാജിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാത്തതാണ് ഉത്തരം. മെഡിക്കൽ എഥിക്സിന് നിരക്കാത്ത രീതിയിലാണ് പല ആശുപത്രികളും പ്രവർത്തിക്കുന്നത്. കേരളത്തിൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുണ്ട്. മരിച്ചുകഴിഞ്ഞതിനുശേഷവും ആളുകളെ വെന്റിലേറ്ററിൽ ഇടുകയും അനാവശ്യ ടെസ്റ്റുകൾ നടത്തുകയുമാണ് ചെയ്യുന്നത്. ചില ഡോക്ടർമാർ മുഖേന ആശുപത്രിക്ക് കിട്ടുന്ന വരുമാനത്തെ ആശ്രയിച്ചാണ്

അവരുടെ സാലറി ഫിക്സ് ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ അവർ കൂടുതൽ വരുമാനമുണ്ടാക്കാൻ വേണ്ടി അനാവശ്യമായ ടെസ്റ്റുകളും സ്കാനിംഗും നടത്തും. ഇത് തെറ്റായ പ്രവണതയിലേയ്ക്കാണ് നീങ്ങുന്നത്. ബില്ലിന്റെ പേരിൽ അത് കാണാതെ പോകരുത്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെട്ടില്ലെങ്കിൽ പ്രശസ്തമായ ആശുപത്രികളുടെ accessibility ഇല്ലാതാകും; അത് ശ്രദ്ധിച്ചാൽ കൊള്ളാം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത് എത്രയോ കാലമായി കേരളത്തിൽ ഉയർന്നുവരുന്ന ആരോപണമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇതിൽ കുറെയൊക്കെ ശരിയാണ്. എന്നാൽ നമ്മളാരെങ്കിലും അത്തരമൊരു നിയന്ത്രണത്തിനോ ഇടപെടലിനോ ഇതുവരെ ശ്രമിച്ചിട്ടുമില്ല, അനുസ്യൂതമായി ഈ പ്രവർത്തനങ്ങളെല്ലാം കേരളത്തിൽ തുടർന്നു വരുന്നതായിട്ടാണ് കാണുന്നത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പ്രത്യേകിച്ച്, ആരോഗ്യ മേഖല മെച്ചപ്പെടണമെന്ന് ആഗ്രഹിക്കുമ്പോൾ സ്വകാര്യ മേഖലയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് മാത്രമേ അതിന് സാധിക്കുകയുള്ളൂ. അവിടെയുള്ള പോരായ്മകളും പരിഹരിക്കണം. നമ്മുടെ സർക്കാർ മേഖല പെർഫെക്ടാക്കിയിട്ട് സ്വകാര്യ മേഖല വലിയ പ്രശ്നമായി നിന്നാൽ നമുക്കൊന്നും അച്ചീവ് ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് തന്നെ വളരെ പ്രധാനപ്പെട്ട ശ്രദ്ധ സ്വകാര്യ മേഖലയിൽക്കൂടി പതിപ്പിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് നേരത്തേ രോഗങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഗവൺമെന്റ് ആശുപത്രിയിൽ വരുന്നവയാണ് റിപ്പോർട്ട് ചെയ്യാറുള്ളത്. രോഗങ്ങളും മരണങ്ങളുമെല്ലാം റിപ്പോർട്ട് ചെയ്യിപ്പിക്കുന്നതിൽ സ്വകാര്യ മേഖലയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള വലിയ നീക്കം നടത്തിയിട്ടുണ്ട്. അതുപോലെ തന്നെ മെഡിക്കൽ എഥിക്സ്, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കൊണ്ട് കാര്യമില്ലെന്ന് പറഞ്ഞാൽ നമുക്ക് ഏറ്റവും നല്ല പിടിവള്ളി അതാണ്. പലപ്പോഴും നമ്മൾ പറഞ്ഞെങ്കിലും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സാക്കാൻ കഴിഞ്ഞിരുന്നില്ല. നമ്മൾ കൂട്ടായി, ഈ സഭയാകെ ചർച്ച ചെയ്ത് പാസ്സാക്കി റൂൾസ് സമയബന്ധിതമായി ഫ്രെയിം ചെയ്തു. ഇപ്പോൾ അത് രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുകയാണ്. എന്തായാലും നടപടിക്രമങ്ങളുടെ ഭാഗമായി ഗുണപരമായ മാറ്റമുണ്ടാകും. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെ പെട്ടെന്ന് ഇവരെയാകെ ശുദ്ധീകരിച്ചെടുക്കുന്നത് അത്ര എളുപ്പമല്ല. ഏത് മേഖലയിലായാലും ബ്രെയിൻ ഡെത്ത് എല്ലാവരും സ്ഥിരീകരിക്കണമെന്നതാണ് ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനം. അങ്ങനെ പടിപടിയായി ഒരു നടപടിക്രമത്തിലേയ്ക്ക് പോയാൽ മരണം സംഭവിച്ചതിനുശേഷം കുറെക്കാലം വെന്റിലേറ്ററിൽ വയ്ക്കാൻ സാധിക്കാത്ത ഒരവസ്ഥ വരും. എല്ലാ സ്ഥാപനങ്ങളും ഒരുപോലെയാണെന്ന് പറയാൻ സാധിക്കില്ല. വളരെ മാന്യമായി പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളുണ്ട്. മറ്റുള്ളവ ഇത്തരം നടപടികളിലൂടെ കണ്ടുപിടിക്കാനും കുറച്ചുകൊണ്ടുവരാനും നിയന്ത്രിക്കാനും സാധിക്കും.

മി. സ്പീക്കർ: ചോദ്യം നമ്പർ (*2)-ഉം ചോദ്യം നമ്പർ (*18)-ഉം ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കെ. സി. മമ്മത് കോയ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു.

**പോലീസ് സേനയുടെ ശാക്തീകരണം**

2 (*2) ശ്രീ. പി. കെ. ശശി:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയെ ആധുനീകരണത്തിലൂടെ ശാക്തീകരിക്കാൻ ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിന്ന് ഐ.എസ്.-ൽ ചേരാൻ പോയവർ ഉണ്ടെന്നും ചാവേറുകളുടെ ലക്ഷ്യസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നുമുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കൂടുതൽ ജാഗ്രത പാലിക്കുന്നതിനും എക്സ്പ്ലോസീവ് ഡിറ്റക്ടർ, ആളില്ലാ ആകാശവാഹനം തുടങ്ങിയ ആധുനികോപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും നടപടിയെടുത്തിട്ടുണ്ടോ;

(സി) കോസ്റ്റ് ഗാർഡിന്റെ സേവനത്തിന് പുറമെ സംസ്ഥാനത്തിന്റെ തീരങ്ങളിലും മറ്റ് അതിർത്തികളിലും ജാഗ്രത കൂടുതൽ ശക്തിപ്പെടുത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ 136 കോടി രൂപയാണ് അനുവദിച്ചത്. 2019-20-ൽ 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻവർഷങ്ങളിലേതിനേക്കാൾ ഏകദേശം മൂന്നിരട്ടി അധികമാണിത്.

തൃശ്ശൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയെ ഹൈടെക് ലബോറട്ടറിയായി ഉയർത്തി. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ജ്വവലറികൾ, ഫാക്ടറികൾ എന്നിവയുടെ സി.സി.ടി.വി. സംവിധാനം പോലീസുമായി ബന്ധപ്പെടുത്തി നിർവ്വഹിക്കുന്നതിന് സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS) നടപ്പിലാക്കുന്നതിന് അനുമതി നൽകി. CCTV Cameras with Remote Monitoring പദ്ധതി 200 പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കുന്നതിന് 14 ജില്ലകൾക്ക് ഫണ്ട് അനുവദിച്ചു.

ട്രാഫിക് നിയമലംഘകരിൽ നിന്ന് പിഴ ഈടാക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമായി നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ട്രാഫിക് പോലീസിന്റെ യൂണിഫോമിൽ ഘടിപ്പിക്കാവുന്ന ക്യാമറ വഴി നിയമലംഘകരെ കണ്ടെത്താനും നടപടി സ്വീകരിച്ചു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പരിശീലനം നൽകുന്നതിനായി പോലീസ് അക്കാദമിയിൽ സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട കേന്ദ്രം ആരംഭിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി എല്ലാ ജില്ലകളിലും 1515 എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടാവുന്ന കൺട്രോൾ റൂമുകൾ ആരംഭിച്ചു. അഞ്ച് നഗരങ്ങളിൽ 112 എന്ന നമ്പരിൽ ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പോലീസിന്റെ അടിയന്തരസഹായം തേടുന്നതിനുള്ള എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം ആരംഭിച്ചു.

ഓരോ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തം വെബ്സൈറ്റ് തുടങ്ങാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പോലീസിൽ പരാതികൾ സ്വീകരിക്കാൻ സംവിധാനമൊരുക്കി. പോലീസിന്റെ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മൊബൈൽ ആപ്പുകളും വെബ് പോർട്ടലുകളും സജ്ജമാക്കി.

അന്വേഷണ ഉദ്യോഗസ്ഥർക്ക് വിരലടയാള വിവരങ്ങൾ ഉടനടി ലഭ്യമാക്കാൻ ഉതകുന്ന നൂതന സംവിധാനമായ 'ഓട്ടോമേറ്റഡ് ഫിംഗർ ഐഡന്റിഫിക്കേഷൻ സിസ്റ്റം' ഏർപ്പെടുത്തി. പ്രതികളെ ചോദ്യം ചെയ്യുന്നതിനായി ആധുനിക രീതിയിൽ ഇന്ററോഗേഷൻ റൂം സജ്ജമാക്കി.

(ബി) ആഭ്യന്തര സുരക്ഷ കൂടുതൽ ശക്തിപ്പെടുത്തുകയും രഹസ്യാന്വേഷണം ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ആഭ്യന്തര-വ്യക്തിഗത സുരക്ഷയ്ക്കായി എക്സ്പ്ലോസീവ് ഡിറ്റക്ടറുകളും ആളില്ലാ ആകാശവാഹനവും മറ്റ് സുരക്ഷാ ഉപകരണങ്ങളും ഉപയോഗിക്കുന്നു.

(സി) സംസ്ഥാന തീരങ്ങളിലും മറ്റ് അതിർത്തികളിലും ജാഗ്രത ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 18 കോസ്റ്റൽ പോലീസ് സ്റ്റേഷനിലും കോസ്റ്റൽ ഇന്റലിജൻസ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ശേഖരിക്കുന്ന വിവരങ്ങൾ കോസ്റ്റ് ഗാർഡുമായും ഇന്ത്യൻ നേവിയുടെ ജോയിന്റ് ഓപ്പറേഷൻ സെന്ററുമായും പങ്കുവയ്ക്കാറുണ്ട്. തീരദേശ മേഖലകളിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും സഹകരണത്തോടെ ബോട്ട് പട്രോളിംഗും നടത്തിവരുന്നുണ്ട്.

നൈറ്റ് വിഷൻ ബൈനോക്കുലർ, മറൈൻ വി.എച്ച്.എഫ്. സെറ്റ്, സാറ്റലൈറ്റ് ഫോൺ ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ എല്ലാ തീരദേശ പോലീസ് സ്റ്റേഷനുകളിലും ലഭ്യമാണ്. തീരദേശപരിപാലനം ശക്തമാക്കുന്നതിനായി 'ഇന്റർ സെപ്റ്റർ' ബോട്ടുകളിൽ ജീവൻ രക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള അത്യാധുനിക സജ്ജീകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തീരസുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തീരദേശവാസികളെ ഉൾപ്പെടുത്തിയുള്ള കടലോര ജാഗ്രതാ സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

ഇതിനുപുറമെ, തീരദേശ മേഖലകളിലെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നും കോസ്റ്റൽ വാർഡൻമാരായി തെരഞ്ഞെടുത്ത 200 പേരിൽ പരിശീലനത്തിന് റിപ്പോർട്ട് ചെയ്ത 177 പേരുടെ പരിശീലനം നടന്നുവരികയാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഇവരെ വിവിധ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതാണ്.

## പോലീസ് സേനയുടെ കാര്യക്ഷമത

3 (*18) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>:

<u>ശ്രീ. പി. കെ. ശശി</u>:

<u>ശ്രീ. മുരളി പെരുനെല്ലി</u>:

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ക്രമസമാധാനപാലനരംഗത്ത് രാജ്യത്തിന് മാതൃകയാകും വിധം സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പോലീസിന്റെ സേവനങ്ങൾ വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന പ്രധാനപ്പെട്ട പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് :

ക്രമസമാധാനപാലനവും കുറ്റാന്വേഷണവും കാര്യക്ഷമമാക്കാൻ സംസ്ഥാനത്തെ 471 പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചു.

പുതുതായി 12 പോലീസ് സ്റ്റേഷനുകളും 4 തീരദേശ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചു. 6 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കി മാറ്റി. പയ്യന്നൂരും താനൂരും പുതിയ കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി. ട്രാഫിക് പോലീസ് സ്റ്റേഷനുകളെയും ട്രാഫിക് യൂണിറ്റുകളെയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി കാര്യക്ഷമമായ ട്രാഫിക് നിയന്ത്രണം ഉറപ്പാക്കി.

പിങ്ക് പോലീസ് പട്രോൾ, പിങ്ക് പോലീസ് കൺട്രോൾ റൂം എന്നിവ ആരംഭിച്ചു. ക്രൈം & ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്കിംഗ് സിസ്റ്റം (സി.സി.റ്റി.എൻ.എസ്.) പദ്ധതി ശക്തിപ്പെടുത്തി.

ക്രൈം ബ്രാഞ്ച് സംവിധാനം പുനഃസംഘടിപ്പിച്ചു. ക്രൈം ബ്രാഞ്ചിനുകീഴിൽ വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ യൂണിറ്റ് ആരംഭിക്കുന്നതിനായി അനുമതി നൽകി.

തീരദേശവാസികളായ 177 പേർക്ക് കോസ്റ്റൽ വാർഡന്മാരായി നിയമനം നൽകി. പ്രത്യേക നിയമനം വഴി ആദിവാസി വിഭാഗത്തിൽപ്പെട്ട 78 പേരെ പോലീസ് സേനയിൽ നിയമിച്ചു.

പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കിയതിലൂടെ കുറ്റാന്വേഷണത്തിലും ക്രമസമാധാനപാലനത്തിലും ഇന്ത്യയിലെ മികച്ച സംസ്ഥാനമായി മാറുവാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 2016-17 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 53 കോടി രൂപയും അനുവദിച്ച സ്ഥാനത്ത് 2018-19 സാമ്പത്തിക വർഷത്തിൽ പോലീസ് സേനയുടെ ആധുനിക വൽക്കരണത്തിനായി 136 കോടി രൂപയാണ് അനുവദിച്ച് നൽകിയത്. 2019-20 സാമ്പത്തിക വർഷം 175 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

---

* അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

(ഡി) ജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിലോ മറ്റ് പോലീസ് ഓഫീസുകളിലോ എത്താതെ തന്നെ ഓൺലൈനായി പോലീസിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും എഫ്.ഐ.ആർ.-ന്റെ പകർപ്പുകൾ ലഭ്യമാക്കുന്നതിനും പരാതികൾ നൽകുന്നതിനുമായി 'THUNA' തുടങ്ങിയ Mobile/Web ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും പി.ആർ.ഒ.മാരെ നിയമിച്ചിട്ടുണ്ട്.

നാഷണൽ ട്രാക്കിംഗ് സിസ്റ്റം പോർട്ടൽ ഉപയോഗിച്ച് കാണാതാകുന്ന ആളുകളുടെ വിവരങ്ങൾ കൈമാറി എത്രയും വേഗം ആളുകളെ കണ്ടെത്താൻ സാധിക്കുന്നു.

സി.സി.റ്റി.എൻ.എസ്. (CCTNS) സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് കേസുകൾ സംബന്ധിച്ച വിവരം ഓൺലൈൻ വഴി ലഭ്യമാണ്. പാസ്പോർട്ട് സംബന്ധമായ വെരിഫിക്കേഷൻ നടപടികൾ വേഗത്തിലാക്കാൻ 'e-VIP' വെബ് പോർട്ടൽ ഏർപ്പെടുത്തി.

<u>ശ്രീ. പി. കെ. ശശി:</u> സർ, കേരളത്തിലെ പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനുവേണ്ടി കൈക്കൊണ്ട എല്ലാ നടപടികളും തികച്ചും അഭിനന്ദിക്കപ്പെടേണ്ടതാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കവർച്ച ഉൾപ്പെടെയുള്ള കാര്യങ്ങൾ അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ജ്വലറികൾ, ഫാക്ടറികൾ എന്നിവയുടെ സി.സി.റ്റി.വി. സംവിധാനത്തെ പോലീസുമായി ബന്ധപ്പെടുത്തി സി.ഐ.എം.എസ്. സംവിധാനം ഉൾപ്പെടെയുള്ള വളരെ നല്ല രൂപത്തിലുള്ള കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. മാത്രമല്ല ആധുനികവൽക്കരണത്തിന് ആവശ്യമായിട്ടുള്ള ഫണ്ട് നീക്കിവയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. എന്റെ ചോദ്യം, സോഷ്യൽ മീഡിയയെ സംബന്ധിച്ചുള്ളതാണ്. സോഷ്യൽ മീഡിയയെ ഇന്നത്തെ രൂപത്തിൽ ഒരു കടിഞ്ഞാണുമില്ലാതെ കയറൂരിവിടാൻ പാടില്ല. സഭയ്ക്കകത്ത് പറയാൻ പാടുള്ളതാണോയെന്ന് എനിക്കറിയില്ല. സാമൂഹ്യ മാധ്യമത്തെ ഉപയോഗപ്പെടുത്തി ശുദ്ധമായ തോന്ന്യാസം നടന്നുവരുന്നുണ്ട്. സാമൂഹ്യ മാധ്യമങ്ങളെ, ചില ഓൺലൈൻ മീഡിയകളെ ഉപയോഗപ്പെടുത്തി ഉത്തരവാദപ്പെട്ട ഉന്നതരായ നേതാക്കളെ ഉൾപ്പെടെ, മുഴുവൻ ആളുകൾക്കും എതിരായി എന്ത് വൃത്തികേടും പറയാമെന്നൊരു അവസ്ഥയാണുള്ളത്. വളരെ ഗൗരവമായ വിഷയമാണിത്. ഇതിന്റെ ആക്രമണത്തിന് വിധേയരാകാത്ത എത്രപേർ ഈ സഭയ്ക്കകത്തുണ്ടാകും. വായിൽ വിരലിട്ടാൽ കടിക്കാത്ത ആരോ ഏഴോ പേരുണ്ടാകും. ചില ഓൺലൈൻ മീഡിയകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഉത്തരവാദപ്പെട്ടവരെ വല്ലാത്ത

രൂപത്തിൽ ആക്രമിക്കുകയാണ്, വ്യക്തിപരമായി തേജോവധം ചെയ്യുകയാണ്. ചില ട്രോളന്മാർ പുതുതായി കടന്നുവന്നിട്ടുണ്ട്. എന്തെല്ലാം രൂപത്തിലുള്ള കാര്യങ്ങളാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. അതേപോലെതന്നെയാണ് ഓൺലൈൻ തട്ടിപ്പും.

മി. സ്പീക്കർ: പ്ലീസ്..... അങ്ങ് ചോദ്യം ചോദിക്കൂ.... ഇത്തരം രീതികൾക്കെതിരെ ഗവൺമെന്റിന്റെ നിലപാടെന്താണെന്നല്ലേ ചോദ്യം?

ശ്രീ. പി. കെ. ശശി: സർ, ഒരു കാര്യം കൂടി പറയട്ടെ. എന്റെ ഒരു അടുത്ത സുഹൃത്ത്, വളരെ പാവപ്പെട്ട കുടുംബത്തിൽ ജനിച്ചുവളർന്ന, അദ്ദേഹത്തിന്റെ കഠിനപ്രയത്നത്തിന്റെ ഭാഗമായി ബാംഗ്ലൂർ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ബിസിനസ് ആരംഭിച്ചു. അത് നല്ല രൂപത്തിൽ വരികയായിരുന്നു. കുറെ ആളുകൾ ഈ ഓൺലൈൻ മീഡിയ ഉപയോഗപ്പെടുത്തിക്കൊണ്ട് പരമാവധി അപകീർത്തി പ്പെടുത്തുകയാണ്. ആത്മഹത്യ ചെയ്യുന്ന ഒരവസ്ഥയിലേയ്ക്കുവരെ കാര്യങ്ങളെ ത്തുകയാണ്. ഇത് അവസാനിപ്പിക്കാൻ കഴിയുന്ന രൂപത്തിലുള്ള ശക്തമായ നിയമനിർമ്മാണം വേണം. അതുപോലെതന്നെ നമുക്ക് ഐഡന്റിഫൈ ചെയ്യാൻ സാധിക്കാത്ത ചില വ്യാജ നമ്പരുകളിൽ നിന്ന് ഫോൺ കോളുകളും മെസ്സേജുകളും സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് മതഭീകരവാദികളുടെ പ്രചരണം നടത്തുന്ന സംവിധാനവും നമ്മുടെ നാട്ടിലുണ്ട്. ഇത് തടയാനുള്ള വളരെ ശക്തമായ നിയമനിർമ്മാണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ഒരു പ്രശ്നമാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത്. മാധ്യമങ്ങൾക്ക് മാധ്യമങ്ങളുടേതായ സ്വാതന്ത്ര്യം വേണമെന്ന് തന്നെയാണ് എല്ലാവരും കാണുന്നത്. സാമൂഹ്യ മാധ്യമങ്ങൾ വളരെ ആരോഗ്യകരമായ നിലപാട് പല കാര്യങ്ങളിലും സ്വീകരിക്കുന്നത് നമ്മുടെയെല്ലാവരുടെയും ശ്രദ്ധയിലുണ്ട്. പക്ഷെ, ഒരു ഭാഗം ഈ പറഞ്ഞതുപോലെയുമുണ്ട്. അതൊരു വസ്തുതയാണ്. പക്ഷെ അതുകൊണ്ട് സാമൂഹ്യ മാധ്യമങ്ങളെയാകെ നിയന്ത്രിക്കാൻ കഴിയില്ല. എന്നാൽ ഈ പറയുന്ന നെഗറ്റീവായ വശം എങ്ങനെ ഒഴിവാക്കിയെടുക്കാനാകും എന്നുള്ളതാണ് സ്വാഭാവികമായും ആലോചിക്കേണ്ടത്. പക്ഷെ ഒരു നിയമനിർമ്മാണത്തിലേയ്ക്ക് കടക്കുമ്പോൾ അതുണ്ടാക്കുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ട്. നമ്മളോ നമ്മുടെ സംസ്ഥാനമോ മാത്രമായി ചെയ്യേണ്ട ഒരു കാര്യമല്ല. അങ്ങനെയുള്ള ഒരു സങ്കീർണ്ണമായ പ്രശ്നമാണിത്. ഏതായാലും സമൂഹത്തിന്റെ പൊതു ബോധം, പൊതു അഭിപ്രായം ഇത്തരം കാര്യങ്ങളിൽ ഉയർന്നുവരികയെന്നതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്.

ശ്രീ. പി. കെ. ശശി: സർ, ദുബായിലുള്ള ഓട്ടോമാറ്റിക് പോലീസ് സ്റ്റേഷനെ സംബന്ധിച്ചുള്ള ഒരു വാർത്ത അടുത്ത ദിവസങ്ങളിൽ പത്രത്തിൽ വരികയുണ്ടായി. അവിടം സന്ദർശിക്കുന്നതിനായി ബഹുമാന്യനായ ഡി.ജി.പി. ഉൾപ്പെടെയുള്ള ഒരു സംഘം പോകുന്നുവെന്ന വാർത്തയും ഉണ്ടായിരുന്നു. 24 മണിക്കൂറും അവധിയില്ലാതെ, പോലീസുകാരില്ലാതെ പ്രവർത്തിക്കുന്ന ദുബായ് മോഡലിലുള്ള ഒരു സ്മാർട്ട് പോലീസ് സ്റ്റേഷൻ കേരളത്തിൽ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ.പിണറായി വിജയൻ: സർ, അത് പേപ്പർലെസ് പോലീസ് സ്റ്റേഷനാണ്. അവിടെ പോലീസുകാരോ പേപ്പറുകളോ ഒന്നുമില്ല. അങ്ങനെയൊരു സംവിധാനമാണ് ദുബായിൽ കണ്ടത്. അതുമായി ബന്ധപ്പെട്ട് നമുക്ക് അവരുടെ ഒരു ക്ഷണമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഡി.ജി.പി. അവിടെ പോയി കാര്യങ്ങൾ ചർച്ച ചെയ്യാൻ തീരുമാനിച്ചതാണ്. രണ്ടിലധികം മാസക്കാലം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രത്യേക അവസ്ഥയായിരുന്നപ്പോൾ ഡി.ജി.പി.-ക്ക് അങ്ങോട്ട് പോകാൻ പറ്റാത്ത അവസ്ഥയായി. ഏതായാലും അവരുടെ ക്ഷണം സ്വീകരിച്ച് അടുത്ത ദിവസങ്ങളിൽ തന്നെ അവിടെപ്പോയി കാര്യങ്ങളിൽ വ്യക്തത വരുത്തി ഇവിടെ എന്ത് ചെയ്യാൻ കഴിയുമെന്നുള്ള കാര്യം തീരുമാനിക്കുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, സോഷ്യൽ മീഡിയ വഴി ഭീകരവാദം വ്യാപകമായി പ്രചരിക്കുന്നുവെന്ന വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. സമീപകാലത്ത് ശ്രീലങ്കയിലുണ്ടായ ബോംബ് സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ രാജ്യത്ത് പലയിടങ്ങളിലും ബോംബ് സ്ഫോടനത്തിന് സാധ്യതയുണ്ട്, അതിനുള്ള ആസൂത്രിതമായ നീക്കങ്ങൾ നടക്കുന്നുവെന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഇത് സംബന്ധിച്ച് അറസ്റ്റ് ചെയ്ത ചില പ്രതികൾ, വർഷങ്ങളായി ഇതിലെ മുഖ്യ ചാവേറുമായി സോഷ്യൽ മീഡിയ വഴി, പ്രധാനമായും യൂട്യൂബ്, ഫെയ്സ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയ വഴിയാണ് ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നതെന്ന വാർത്തകളും വരികയാണ്. നമ്മുടെ പോലീസിലെ സൈബർ വിഭാഗത്തിന് ഇത്തരത്തിലുള്ള പ്രചരണം തടയാൻ എത്രത്തോളം കഴിയുന്നുണ്ട്; ഈയൊരു പുതിയ സാഹചര്യത്തിൽ ഇതിനെ തടയാൻ സൈബർ പോലീസിനെ എന്ത് രീതിയിൽ സജ്ജമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ആധുനിക സാങ്കേതികവിദ്യ വികസിച്ചുവന്നതോടെ അത് പോലീസും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഇവിടെ പറഞ്ഞ രീതിയിലുള്ള ദേശവിരുദ്ധ ശക്തികളും തീവ്രവാദ ശക്തികളുമെല്ലാം ഇത് ഉപയോഗിക്കുകയാണ്. അതിൽ തീവ്രവാദ വിഭാഗങ്ങളൊക്കെ ചെയ്യുന്നത്, നമ്മുടെ

സമൂഹത്തിലെ ഏറ്റവും പ്രധാനികളായ ബുദ്ധിജീവികളെ അവരുടേതായ രീതിയിൽ എങ്ങനെ ആകർഷിക്കാൻ കഴിയുമെന്നുള്ളതാണ്. സാധാരണ നമ്മൾ പറയുന്ന ബുദ്ധിജീവികളല്ല. പ്രത്യേക രീതിയിൽ വളർന്നുവരുന്ന കുട്ടികൾ, ചെറുപ്പക്കാർ, പ്രത്യേക മേഖലയിൽ വൈദഗ്ദ്ധ്യം നേടിയവർ എന്നിവരെ ആകർഷിച്ച് ഇതിന്റെ ഭാഗമാക്കാൻ അവർ ശ്രമിക്കുന്നുണ്ട്. ഇതിനെയെല്ലാം നല്ല രീതിയിൽത്തന്നെ മോണിറ്റർ ചെയ്തുകൊണ്ടാണ് പോലീസ് പോകുന്നത്. ഈ പറയുന്ന കാര്യങ്ങൾ ഓരോ ഘട്ടത്തിലും മനസ്സിലാക്കാൻ പോലീസ് ശ്രമിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള ഫലപ്രദമായ നിരീക്ഷണ സംവിധാനം പോലീസിനുണ്ടെന്നുള്ളതാണ് വ്യക്തമാക്കാനുള്ളത്.

<u>ശ്രീ. പി. ടി. എ. റഹീം:</u> സർ, ക്രമസമാധാനരംഗത്ത് നിയമങ്ങൾ വലിയ രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നുള്ള ആക്ഷേപം ഉയർന്നുവരുന്നുണ്ട്. U.A.P.A (Unlawful Activities (Prevention) Act) ചുമത്തുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിൽനിന്നും വ്യത്യസ്തമായി ഈ സർക്കാർ നയപരമായി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ചോദ്യം വ്യക്തമായില്ല.

<u>ശ്രീ. പി. ടി. എ. റഹീം:</u> സർ, നിയമങ്ങൾ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നുള്ള പരാതിയുണ്ട്. യു.എ.പി.എ. ചുമത്തുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന വ്യവസ്ഥകളിൽനിന്നും ഈ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ എന്നാണ് അറിയേണ്ടത്.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, യു.എ.പി.എ.യുടെ കാര്യത്തിൽ, സാമൂഹ്യ വിരുദ്ധശക്തികൾക്കെതിരെയും ക്രിമിനലുകൾക്കെതിരെയും ഉപയോഗിക്കാനാണ് ആ നിയമം വിഭാവനം ചെയ്തിരുന്നത്. പക്ഷെ, നമ്മുടെ അനുഭവത്തിൽ, കേസുകളുടെ എണ്ണം നോക്കി മാത്രം ഉപയോഗിക്കുന്ന ഒരു നില കഴിഞ്ഞ കാലത്ത് വന്നു. രാഷ്ട്രീയ സംഭവങ്ങളുടെയൊക്കെ ഭാഗമായി കേസുകളുടെ എണ്ണം ചിലപ്പോൾ ചില ക്രിമിനലുകളല്ലാത്ത ആളുകൾക്ക്, രാഷ്ട്രീയ പ്രവർത്തകരായിട്ടുള്ളവർ പല കേസുകളിലും പ്രതികളായിട്ടുണ്ടാകും. കേവലം എണ്ണം നോക്കി അങ്ങനെ പ്രതികളാക്കുന്നത് ഒരുതരത്തിലും ന്യായീകരിക്കാവുന്ന നടപടിയല്ല. മാത്രമല്ല, ആ നിയമം കൊണ്ടുവരുന്ന ഘട്ടത്തിൽത്തന്നെ സംസ്ഥാനത്ത് ഇത് രാഷ്ട്രീയ പ്രവർത്തകരെ ഉദ്ദേശിച്ചുള്ളതല്ലായെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു. പക്ഷെ, അത് പൂർണ്ണമായും ഒഴിവാക്കുന്ന സാഹചര്യം വന്നിട്ടുണ്ട്. രാഷ്ട്രീയ പ്രവർത്തകരെ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന നിലയല്ല ഉണ്ടായിട്ടുള്ളത്. രാഷ്ട്രീയ കേസുകളെ ഇതിൽ ഉൾപ്പെടുത്തുന്നില്ല. അല്ലാത്ത കേസുകൾ, അതായത് ഒരു പ്രക്ഷോഭം വന്നു,

അതിന്റെ ഭാഗമായി പോലീസ് കേസെടുത്തു, അത് കേസിന്റെ എണ്ണത്തിൽ കൂട്ടുന്നു. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ അങ്ങനെ കേസിൽ പ്രതികളായിട്ടുണ്ടാകും. അവരെയൊന്നും യു.എ.പി.എ.യിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. അതാണ് സ്വീകരിക്കുന്ന നടപടി.

ശ്രീ. എൻ. വിജയൻ പിള്ള: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വകുപ്പിൽ നിരവധി മാറ്റങ്ങൾ വന്നിട്ടുണ്ട്. അതിനുള്ള എല്ലാ അഭിനന്ദനങ്ങളും അർപ്പിക്കുന്നു. ദുബായ് മാതൃകയിൽ കേരളത്തിൽ സ്മാർട്ട് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; സ്മാർട്ട് പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ഏത് തരത്തിലായിരിക്കുമെന്ന് വിശദമാക്കാമോ; എന്തെല്ലാം സേവനങ്ങളാണ് അവിടെനിന്നും ലഭിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, സ്മാർട്ട് പോലീസ് സ്റ്റേഷൻ ഒരു നല്ല മാതൃകയാണ്. നമ്മുടെ സമൂഹം ഒരു വികസന സമൂഹമാണെന്നാണ് പൊതുവെ നമ്മൾ അവകാശപ്പെടാറുള്ളത്. അതിനാൽ അത്തരത്തിലുള്ള ഒരു മാതൃക നടപ്പിലാക്കുന്നതിനാവശ്യമായ നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനോപകാരപരമായ നിരവധി പദ്ധതികൾ നടപ്പിലാക്കിയതായി മറുപടികളിൽ പറയുന്നുണ്ട്. പക്ഷെ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവ് ലഭിച്ചിട്ടില്ല. ഉദാഹരണത്തിന് ജനങ്ങൾക്ക് വളരെ പ്രയോജനപ്പെടുന്ന 'തുണ' പോലുള്ള പദ്ധതികൾ, പരാതിക്കാരന് പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാൻ കഴിയുന്ന കാര്യം പൊതുജനങ്ങളുടെ അറിവിലേയ്ക്ക് വേണ്ടത്ര എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഈ മാറ്റം ജനങ്ങളിൽ എത്തിക്കാനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യങ്ങൾ ജനങ്ങളിലേയ്ക്ക് കൂടുതലായി എത്തിക്കേണ്ടതായിട്ടുണ്ട്. ഇതെല്ലാം പരിശോധിച്ച് അതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഈ പറഞ്ഞ കുറവുകളുണ്ടെന്നുള്ളത് ശരിയായ കാര്യമാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, ദുർമന്ത്രവാദം, ആഭിചാര കർമ്മങ്ങൾ എന്നിവ വർദ്ധിച്ചുവരികയും ഇതിന്റെ ഭാഗമായി കൊലപാതകങ്ങളും ആത്മഹത്യകളും നടന്നുവരികയും ചെയ്യുന്ന ഈ സാഹചര്യത്തിൽ, അന്ധവിശ്വാസങ്ങളുടെ പേരിൽ തട്ടിപ്പുകൾ നടത്തുന്നവർക്കെതിരെ കർക്കശ നടപടികൾ സ്വീകരിക്കുന്നതിനും അതിനെതിരെ ബോധവൽക്കരണം നടത്തുന്നതിനും ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അന്ധവിശ്വാസങ്ങളെ ചൂഷണം ചെയ്തുകൊണ്ട് പല തരത്തിലുള്ള ക്രിമിനൽ പ്രവൃത്തികൾ നാട്ടിൽ നടന്നുവരുന്നുണ്ട്. അക്കാര്യത്തിൽ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇത് കൂടുതൽ ബലപ്പെടുത്തുന്നതിനാവശ്യമായ നിയമ പിൻബലംകൂടി ഉണ്ടാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ദൂരപരിധിയും ജനസാന്ദ്രതയും കണക്കാക്കി കൂടുതൽ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുമോ; നിലവിലുള്ള എസ്.ഐ.മാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നേരിട്ടുള്ള നിയമനം നടത്തുമോ; പോലീസ് സ്റ്റേഷനുകളിലെ അസൗകര്യങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും സ്വന്തമായി കെട്ടിടം, വാഹനം എന്നിവ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ചില കുറവുകളുണ്ടെന്നുള്ളത് ശരിയാണ്. വാഹനങ്ങളുടെ കാര്യത്തിൽ സ്ഥിതി നല്ല രീതിയിൽ മെച്ചപ്പെട്ടിട്ടുണ്ട്. കുറവുകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അടുത്ത കാലത്ത് എനിക്ക് ആസ്ട്രേലിയ സന്ദർശിക്കാനുള്ള അവസരമുണ്ടായി. എന്റെ സുഹൃത്ത് ശ്രീ. വി. ടി. ബൽറാമും കൂടെയുണ്ടായിരുന്നു. അവിടെ വച്ച് ഇന്ത്യയുടെ രാഷ്ട്രപതി പങ്കെടുത്ത ഒരു ചടങ്ങിൽ അവിടെ കാവൽ നിൽക്കുന്ന ചില പോലീസുകാരുമായി ഞങ്ങൾ സംസാരിച്ചു. അവർ ധരിച്ചിരുന്ന ഡ്രസ്സുകളെല്ലാം ഒരു പ്രത്യേക രീതിയിലുള്ളവയാണ്. അവരുടെ കൈവശം വയർലെസ്, മൊബൈൽ ഫോൺ, പിസ്റ്റൽ, ബാറ്റൺ, മുളക് സ്പ്രേ, ഫസ്റ്റ് എയ്ഡ് ബോക്സ്, അപകടം പറ്റുന്ന ആളുകൾക്ക് കുടിക്കുവാനുള്ള വെള്ളം, അതിനുവേണ്ടിയുള്ള പ്രത്യേക ഡ്രസ് കോഡ്, ഉടുപ്പിലും പാന്റ്സിലുമായി ഈ ഉപകരണങ്ങളെല്ലാം പിടിപ്പിച്ചിരിക്കും. അതുപോലെ ടോർച്ചുമുണ്ടായിരിക്കും, പോലീസുകാരന്റെ ദേഹസുരക്ഷയ്ക്കാവശ്യമായ സംവിധാനങ്ങൾ, പെട്ടെന്ന് മുഖം രക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇത്തരത്തിലുള്ള വലിയൊരു ഡ്രസ്സ് കോഡ് അവർക്കുണ്ട്. ഞാൻ ചോദിക്കുന്നത് ആ മാതൃകയിൽ നമ്മുടെ പോലീസിനെ മാറ്റാൻ ആഗ്രഹിക്കുന്നുണ്ടോ; അത് പരിശോധിക്കാൻ ശ്രമിക്കുമോ എന്നുള്ളതാണ്. ഇതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രി യു.എ.പി.എ.യെപ്പറ്റി ഒരഭിപ്രായം പറഞ്ഞപ്പോൾ അതിന്റെ സെക്ഷൻ 15-ൽ പറയുന്നത് ബോംബെറിഞ്ഞ് ഒരു പൊതുസ്ഥലത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ചാൽ രാഷ്ട്രീയ പ്രവർത്തകരാണെങ്കിലും അവരെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണെന്നാണ്. അതിനെ സംബന്ധിച്ചും അഭിപ്രായം പറഞ്ഞാൽ നല്ലതായിരുന്നു.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ആസ്ട്രേലിയയിൽ പോയപ്പോൾ കണ്ട കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. അവിടത്തെ പോലീസുകാർ ധരിച്ചിരുന്ന കാര്യങ്ങൾ അദ്ദേഹത്തിന് വളരെ ആകർഷകമായി തോന്നിയിട്ടുണ്ടാകും. അത് പ്രത്യേകമായിട്ടുള്ളതാണോ, എല്ലാപേർക്കുമുള്ള ഡ്രസ്സാണോ എന്നറിയില്ല.

മി. സ്പീക്കർ: വിശദമായ റിപ്പോർട്ട് നൽകൂ.

ശ്രീ. പിണറായി വിജയൻ: സർ, വിശദമായ കാര്യങ്ങൾ എന്താണെന്ന് താങ്കൾ എഴുതി സമർപ്പിച്ചാൽ അതിലെന്താണ് ചെയ്യാൻ സാധിക്കുമെന്നത് പരിശോധിക്കാവുന്നതാണ്. യു.എ.പി.എ.യുടെ കാര്യം ഒന്നേയുള്ളൂ. അത് രാഷ്ട്രീയ പ്രവർത്തകരെ മൊത്തമായി ലക്ഷ്യം വച്ചുകൊണ്ടുള്ള ഒന്നല്ല. അതാണ് അക്കാര്യത്തിൽ വ്യക്തത വരുത്താനുള്ളത്.

ശ്രീമതി ഗീതാ ഗോപി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക ഇടപെടലിലൂടെ രൂപം കൊടുത്ത ഒരു പദ്ധതിയാണ് കേരളത്തിൽ സ്ഥാപിതമായ വുമൺ ആൻഡ് ചൈൽഡ് ഫ്രണ്ട്‌ലി പോലീസ് സ്റ്റേഷൻ. കേരളത്തിൽ എത്ര സ്റ്റേഷനുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, ഈ ചോദ്യത്തിനുള്ള മറുപടി ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ ചോദ്യം സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ സംസ്ഥാനത്തെ പോലീസ് ഘടനയിൽ പോലീസ് സ്റ്റേഷനുകളുടെ ചുമതല, അതായത് സ്റ്റേഷൻ ഹൗസ് ഓഫീസർമാരായിട്ട് നിലവിലുണ്ടായിരുന്നത് സബ് ഇൻസ്പെക്ടർമാരാണ്. എന്നാൽ ഈ അടുത്ത കാലത്ത് കുറച്ച് പോലീസ് സ്റ്റേഷനുകളുടെ ചുമതല സി.ഐ.മാർക്ക് നൽകുകയുണ്ടായി. മുമ്പായിരുന്നുവെങ്കിൽ സി.ഐ.മാർക്ക് രണ്ടുമൂന്ന് പോലീസ് സ്റ്റേഷനുകളുടെ ചുമതലയുണ്ടായിരുന്നു. ഇപ്പോൾ ഈ സി.ഐ.മാർക്ക് അവർ എസ്.എച്ച്.ഒ. ആയിട്ടുള്ള ഒരു പോലീസ് സ്റ്റേഷന്റെ ചുമതല മാത്രമാണുള്ളത്. ഇങ്ങനെ സി.ഐ.മാരെ എസ്.എച്ച്.ഒ.മാർ ആക്കുന്നതിന്റെ മാനദണ്ഡം എന്താണ്? അതുപോലെ ഇത് എല്ലായിടത്തും നടപ്പിലാക്കിയിട്ടുമില്ല. ഒരു പോലീസ് സ്റ്റേഷനിൽ സി.ഐ. ആണ് എസ്.എച്ച്.ഒ. എങ്കിൽ അടുത്ത പോലീസ് സ്റ്റേഷനിൽ എസ്.ഐ. ആണ് എസ്.എച്ച്.ഒ; നിയമസംവിധാനത്തിൽ പ്രാധാന്യമുള്ള ഒരു പോസ്റ്റാണ് എസ്.എച്ച്.ഒ. എന്നുപറയുന്നത്. എഫ്.ഐ.ആർ. തയ്യാറാക്കുമ്പോഴും മറ്റ് കാര്യങ്ങളിലുമെല്ലാം എസ്.എച്ച്.ഒ.മാർക്കാണ് പ്രാധാന്യം. സി.ഐ.മാർക്ക് ഇതിൽ പരാതിയുണ്ട്. അവർ എസ്.ഐ.ആയി ജോലി നോക്കിയിരുന്ന സമയത്തും എസ്.എച്ച്.ഒ.മാരാണ്, 10 കൊല്ലം കഴിഞ്ഞ് സി.ഐ. ആയപ്പോഴും എസ്.എച്ച്.ഒ.ആണ്. അങ്ങനെയുള്ള പരിഭവം അവർക്കുണ്ട്. ഈ പരിഷ്കരണം എന്തുകൊണ്ടാണ് പാതിവഴിയിൽ നിന്നുപോയത്; ഇതിന് ഒരു ഏകീകരണം കൊണ്ടുവരുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇൻസ്പെക്ടർമാർ എസ്.എച്ച്.ഒ. മാരാകുക എന്നുള്ളത് സാധാരണ നിലയിലുള്ള ആ സ്റ്റേഷന്റെ പ്രവർത്തനത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നത് ഉദ്ദേശിച്ചുകൊണ്ട് നടപ്പാക്കിയ പരിഷ്കാരമാണ്. ആ നിലയിൽത്തന്നെ പൂർണ്ണതയിൽ എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ സ്റ്റേഷനുകളിലും ഇൻസ്പെക്ടർമാർ എസ്.എച്ച്.ഒ.മാരാകുക എന്നതുതന്നെയാണ് ഇതിന്റെ ഉദ്ദേശ്യം. ഏവിടെയെങ്കിലും ഒഴിവുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ അക്കാര്യം പരിശോധിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, സോഷ്യൽ മീഡിയയിൽ വരുന്ന വാർത്തകൾ അപമാനകരമാണെങ്കിൽ അത് നിയന്ത്രിക്കാൻ ഒരു നിയമം കൊണ്ടുവരുന്നതിലുള്ള ബുദ്ധിമുട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. പക്ഷെ എന്റെ സംശയം, ഞാൻ ഇപ്പോൾ ശ്രീ. മുഹമ്മദ് മുഹസിനെ ഫോണിൽ വിളിക്കുമ്പോൾ അദ്ദേഹം പറയുന്ന കാര്യങ്ങൾ ജനങ്ങളിൽ എത്തണമെങ്കിൽ ഞാൻ ആ സംഭാഷണം ചോർത്തിയാൽ മാത്രമേ സാധിക്കൂ. അങ്ങനെ ചോർത്തി കൊടുക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ പരാതിയുണ്ടെങ്കിലേ കഴിയൂ; നിയമപരമായി നടപടി സ്വീകരിക്കാൻ സാധിക്കില്ലേ; ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാണോ? ഞാൻ അതിന്റെ ഇര കൂടിയായതുകൊണ്ടാണ് ഈ ചോദ്യം ചോദിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, നിയമപരമായി നടപടി സ്വീകരിക്കാൻ കഴിയുന്നിടത്തെല്ലാം ഇപ്പോൾ നടപടി സ്വീകരിക്കുന്നുണ്ട്. അതിന് യാതൊരു കുറവും ഇല്ല. പക്ഷെ ബഹുമാനപ്പെട്ട അംഗം ഒറ്റയ്ക്കിരുന്ന് ഒരാളെ തെറി പറയുകയാണെന്ന് വിചാരിക്കുക, ആ സംഭാഷണം മറ്റുള്ളവരാരും കേൾക്കുന്നുമില്ല. ഇപ്പോൾ ആ നില വിട്ട്, ആ സ്വകാര്യതയ്ക്ക് പകരം സോഷ്യൽ മീഡിയയിലൂടെ പ്രതികരിക്കുന്ന നിലയിലേയ്ക്കാണ് എത്തിച്ചേർന്നിരിക്കുന്നത്. അങ്ങനെ ഒരവസ്ഥ വരുമ്പോൾ ആ കാര്യത്തിൽ നിയമപ്രകാരം സ്വീകരിക്കാവുന്ന നടപടികൾ സ്വീകരിക്കുകതന്നെ ചെയ്യും.

## പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം

4 (*3) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൈതൃക മന്ദിരങ്ങളുടെ സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) സംരക്ഷണത്തിന്റെയും അറ്റകുറ്റപ്പണികളുടെയും മറവിൽ പുരാതന നിർമ്മാണ സാമഗ്രികളായ ചുണ്ണാമ്പും സുർക്കിയും ഉൾപ്പെടെയുള്ള വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച പൈതൃക മന്ദിരങ്ങൾ പൊളിച്ചുപണിയാൻ ശ്രമിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനായി ആവശ്യമായ പരിശോധനകൾ നടത്താനും തുടർ നടപടി സ്വീകരിക്കുവാനും എന്ത് സംവിധാനമാണ് വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ,

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം 100 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും ചരിത്രപരമായോ പുരാവസ്തു ശാസ്ത്രപരമായോ വാസ്തുശിൽപ്പമായോ പ്രാധാന്യമുള്ള സ്മാരകങ്ങളെയാണ് പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത്.

പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥർ സ്മാരകം പരിശോധിച്ച് പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടുന്നതാണെന്ന് ബോദ്ധ്യപ്പെട്ടാൽ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുവാൻ വകുപ്പ് തീരുമാനിക്കുന്നു. ആയതിലേയ്ക്ക് സ്മാരകത്തിന്റെ റവന്യൂ വിശദവിവരം അതാത് ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിക്കുകയും ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാഥമിക വിജ്ഞാപനം സർക്കാർ പ്രസിദ്ധപ്പെടുത്തി 2 മാസത്തിനുള്ളിൽ വിജ്ഞാപനത്തിന്മേൽ ഉന്നയിക്കപ്പെടുന്ന ഏതൊരാക്ഷേപവും സർക്കാർ തലത്തിൽ ഹിയറിംഗ് നടത്തി തീർപ്പാക്കുന്നതും തുടർന്ന് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമാണ്. സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകഴിഞ്ഞാൽ പ്രസ്തുത സ്മാരകങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തുന്നതാണ്. നിലവിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള അത്തരം 183 സംരക്ഷിത സ്മാരകങ്ങൾ കേരളത്തിലുണ്ട്. ഇവയിൽ 141 സ്മാരകങ്ങൾ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളവയാണ്. നിർമ്മിതിയുടെ പൈതൃകപരമായ സവിശേഷതകൾ, സാംസ്കാരിക മേഖലയിലെ പ്രാധാന്യം, നിർമ്മാണ രീതിയിലെ പ്രത്യേകതകൾ എന്നിവ കണക്കിലെടുത്ത് ഇത്തരം നിർമ്മിതികളെ അതിന്റെ തനത് രൂപത്തിലും ഭാവത്തിലും നിലനിർത്തുവാനുള്ള പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് കൈക്കൊള്ളുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8 പൈതൃക

നിർമ്മിതികളെ കേരള സംസ്ഥാന പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു. 4 സ്മാരകങ്ങളുടെ പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. ആവശ്യമായ നിർമ്മിതികളിൽ പുരാവസ്തു വകുപ്പ് സംരക്ഷിത പ്രവർത്തനങ്ങളും നിർവ്വഹിച്ചുവരുന്നു.

(ബി) സംരക്ഷണത്തിന്റെയും അറ്റകുറ്റപ്പണികളുടെയും മറവിൽ പുരാതന നിർമ്മാണ സാമഗ്രികളായ ചുണ്ണാമ്പും സുർക്കിയും ഉൾപ്പെടെയുള്ള വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച ചില പൈതൃക മന്ദിരങ്ങൾ പൊളിച്ചുപണിയാൻ ശ്രമിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില പൈതൃക മന്ദിരങ്ങൾ ഇത്തരത്തിൽ പൊളിച്ചുമാറ്റാൻ ശ്രമിച്ചത് പുരാവസ്തു വകുപ്പ് ഇടപെട്ട് നിർത്തിവയ്പ്പിച്ചിട്ടുമുണ്ട്. ആറ്റിങ്ങൽ കൊട്ടാരം, ഇരവിപേരൂർ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളി, ഗവ.ബോയ്സ് ഹൈസ്കൂൾ നെയ്യാറ്റിൻകര, ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന ചർച്ച് നടശാല, ശക്തൻ തമ്പുരാന്റെ ജന്മഗൃഹമായ ആലുവ വെള്ളാരിപ്പള്ളി കോവിലകം മുതലായ നിർമ്മിതികൾ ഇത്തരത്തിൽ പൊളിച്ചുകളയാൻ ശ്രമിക്കുകയും വകുപ്പ് അപ്പോൾ തന്നെ ഇടപെട്ട് പ്രവൃത്തികൾ നിർത്തിവയ്പ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സി) ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം ഇടപെടാൻ വകുപ്പ് ശ്രദ്ധിച്ചുവരുന്നുണ്ട്. സംരക്ഷണത്തിന്റെയും അറ്റകുറ്റപ്പണികളുടെയും പേരിൽ ചില പൈതൃക നിർമ്മിതികളിൽ ചുണ്ണാമ്പ്, സുർക്കി മിശ്രിതത്തിന്റെ ബദലായി സിമന്റ് ഉപയോഗിക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ശുദ്ധമായ ആറ്റുമണലിന്റെ ലഭ്യതക്കുറവും വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവവും പ്രവൃത്തി പൂർത്തിയാക്കാനുള്ള സമയ ദൈർഘ്യവുമൊക്കെ സിമന്റും മറ്റും ഉപയോഗിക്കുന്നതിന് കാരണമാകുന്നുണ്ട്. ചില പൈതൃക മന്ദിരങ്ങൾ ഇത്തരത്തിൽ പൊളിച്ചുമാറ്റാൻ ശ്രമിച്ചത് പുരാവസ്തു വകുപ്പ് ഇടപെട്ട് നിർത്തിവയ്പ്പിച്ചിട്ടുണ്ട്. അത്തരം നിർമ്മിതികളുടെ ഉടമസ്ഥരെ പൈതൃക നിർമ്മിതികളുടെ പ്രാധാന്യത്തെപ്പറ്റിയും അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ബോധ്യപ്പെടുത്തുവാനും പുരാവസ്തു വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ പൈതൃക നിർമ്മിതികളുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്താനുള്ള നടപടികൾ പുരാവസ്തു വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പിലെ കൺസർവേഷൻ എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ വിഭാഗം ഇത്തരം പരിശോധനകൾക്ക് നേതൃത്വം നൽകിവരുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഹെറിറ്റേജ് ആൻഡ് ആർട്സ് കമ്മീഷന്റെയും പുരാവസ്തു വകുപ്പിന്റെയും സമ്മതമില്ലാതെ പൈതൃകങ്ങളൊന്നും

മാറ്റം വരുത്താൻ പാടില്ലെന്ന് പറഞ്ഞിട്ടും ഡി.പി.ഐ. ഓഫീസിന്റെ ഓടും തടിയുമെല്ലാം മാറ്റി ഷീറ്റിട്ടതും ഭവാനി തമ്പുരാട്ടി കൊട്ടാരം ദേവസ്വം ബോർഡ് മാറ്റംവരുത്തുവാൻ ശ്രമിച്ചതും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ കുറ്റകരമായ അനാസ്ഥയാണ്. അങ്ങനെ പുരാവസ്തു വകുപ്പ് നിർദ്ദേശം കൊടുത്താൽപ്പോലും അത് അനുസരിക്കാതെ മാറ്റങ്ങൾ വരുത്തുന്ന സംഭവങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അത്തരക്കാരുടെ പേരിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണോ; അതിനുള്ള സാധ്യതകളുണ്ടോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, 183 സംരക്ഷിത സ്മാരകങ്ങൾ കേരളത്തിൽ നിലനിന്നിരുന്നു. ഇതിൽ 141 സ്മാരകങ്ങൾ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഇത്തരം സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും അതിന്റെ ജന്മസിദ്ധവും നൈസർഗ്ഗീകവുമായ സൃഷ്ടികൾ സംരക്ഷിക്കുന്നതിനും നടപടിക്രമങ്ങളുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പ്രത്യേക കാര്യങ്ങളുണ്ടെങ്കിൽ അവ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രളയാനന്തര പുനർനിർമ്മാണം

5 (*4) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ പുരോഗതി സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി, ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി കണ്ടെത്താൻ നടപടി എന്നിവ പൂർത്തിയായിട്ടില്ല എന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) പ്രളയബാധിതരുടെ പരാതികളിൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) പ്രളയാനന്തര പുനർനിർമ്മാണത്തിനായി ലോകബാങ്കിൽ നിന്നും എന്തു തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ഉണ്ട്.

(ബി & സി) ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് ഇക്കാര്യത്തിൽ അപ്പീലുകൾ ലഭിച്ചിട്ടുണ്ട്. ഇവ സമയബന്ധിതമായി തീർപ്പാക്കാൻ നിർദ്ദേശം നല്കിയിരുന്നു. പ്രതിപക്ഷ നേതാവ് ലഭ്യമാക്കിയതുൾപ്പെടെ 98,181 അപ്പീൽ അപേക്ഷകൾ ലഭിച്ചതിൽ 85,141 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ഇനിയും തീർപ്പാക്കാനുള്ളവ 2019 മേയ് അവസാനത്തോടെ തീർപ്പാക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രളയബാധിതരുടെ പരാതികളിൽ സമയബന്ധിതമായി ജില്ലാതലത്തിൽ തീരുമാനമെടുക്കുന്ന എന്ന കാര്യം ഉറപ്പാക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ലോകബാങ്കിൽനിന്നും 3596.20 കോടി രൂപ (സംസ്ഥാന വിഹിതം ഒഴികെ) വികസന നയ വായ്പ (Development Policy Loan) ലഭ്യാക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്.

**ക്രമസമാധാന തകർച്ച**

6 (*5) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരം ദിവസം ഭരണം പൂർത്തിയാക്കിയ നിലവിലുള്ള സർക്കാർ മികച്ച ക്രമസമാധാനം ഉറപ്പാക്കുന്നതിൽ എത്രമാത്രം വിജയിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി ആയിരം ദിവസം പൂർത്തിയാക്കുന്നതിന് തൊട്ടുമുമ്പ് രണ്ട് ചെറുപ്പക്കാർ പെരിയയിൽ രാഷ്ട്രീയ കൊലക്കത്തിക്ക് ഇരയായ സംഭവം സംസ്ഥാനത്തെ ക്രമസമാധാന തകർച്ചയെ സൂചിപ്പിക്കുന്നതല്ലേ എന്ന് അറിയിക്കാമോ;

(സി) ഈ സാഹചര്യത്തിൽ ക്രമസമാധാനം ഭദ്രം എന്ന് പ്രഖ്യാപിക്കുന്നത് വസ്തുതാപരമാണോ എന്ന് പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ആയിരം ദിവസം പൂർത്തിയാക്കുന്ന സർക്കാർ ക്രമസമാധാന രംഗത്ത് മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. മിന്നൽ ഹർത്താലിനെതിരെ നടത്തിയ നിയമനിർമ്മാണംതന്നെ ആയതിന് ഉദാഹരണമാണ്. ക്രമസമാധാനവും അന്വേഷണവും പ്രത്യേകമായി കൈകാര്യം ചെയ്യാനുള്ള സംവിധാനം ഒരുക്കിയതിന്റെ ഫലമായി ക്രമസമാധാനപാലനത്തിൽ മികച്ചനേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സൈബർഡോം പോലെയുള്ള ആധുനിക സങ്കേതങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുകയും അത്തരം കുറ്റകൃത്യങ്ങളെ ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുള്ളതുമാണ്. കുറ്റവാളികൾക്കെതിരെ മുഖംനോക്കാതെ സ്വീകരിക്കുന്ന കർശന നടപടികളും പോലീസിനെ ജനകീയമാക്കിയതുമൂലമുള്ള പോലീസിന്റെ സേവനവും ക്രമസമാധാനം കൂടുതൽ ഭദ്രമാക്കിയിട്ടുണ്ട്.

(ബി) ഒറ്റപ്പെട്ട പ്രസ്തുത സംഭവത്തെ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ ക്രമസമാധാന പാലനം തകർച്ചയിലായി എന്ന് വിലയിരുത്തുവാൻ കഴിയില്ല.

(സി) ഏതെങ്കിലും ഒരു സ്ഥലത്ത് ഉണ്ടാകുന്ന ഒരു കുറ്റകൃത്യത്തെ മാത്രം ചൂണ്ടിക്കാട്ടി ക്രമസമാധാനം തകർന്നു എന്ന തരത്തിൽ വ്യാഖ്യാനിക്കുന്നത് അനുചിതമാണ്. സർക്കാർ ഈ രംഗത്ത് സ്വീകരിച്ചിട്ടുള്ള ശക്തമായ നടപടികളും പോലീസിന്റെ ആധുനികവത്കരണവും ക്രമസമാധാനം ഭദ്രമായി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്.

**കുട്ടികളുടെ നേരെയുള്ള അതിക്രമം**

7 (*6) ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വഗൃഹത്തിൽ നിന്ന് പോലും കുട്ടികൾക്കെതിരെ അതിക്രമം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇത് തടയാൻ ഫലപ്രദമായ നിയമനിർമ്മാണത്തിന്റെ സാധ്യത പരിശോധിച്ചിരുന്നോ;

(ബി) ജില്ലാതല ബാലാവകാശ സംരക്ഷണ സമിതികളുടെയും ബാലാവകാശ കമ്മീഷന്റെയും പ്രവർത്തനം കൂടുതൽ ശാക്തീകരിച്ച് കുട്ടികളുടെ നേരെയുള്ള അതിക്രമം സമൂഹത്തിന്റെകൂടി പങ്കാളിത്തത്തോടെ നിയന്ത്രിക്കാൻ ജാഗ്രത പുലർത്തുന്നുണ്ടോ; ഇത്തരം സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനം വിശദീകരിക്കാമോ;

(സി) അങ്കണവാടികൾ ഉൾപ്പെടെയുള്ള ശിശു പരിപാലന സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ഫലത്തിൽ സ്കൂളുകളായി മാറിയ കിന്റർഗാർട്ടനുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ സാധിക്കുമോയെന്ന് അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് ബാലനീതി നിയമവും പോക്സോ ആക്ടും രാജ്യത്ത് നിലവിലുള്ളതിനാൽ ഇക്കാര്യത്തിനായി സംസ്ഥാന തലത്തിൽ പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യം ഉണ്ടെന്ന് കരുതുന്നില്ല. ബാലനീതി നിയമം, പോക്സോ ആക്ട് എന്നിവ ഇപ്പോൾ നിലവിലുണ്ട്. സംസ്ഥാനത്ത് നടക്കുന്ന കുട്ടികൾക്ക് നേരെയുള്ള അതിക്രമം ബഹുഭൂരിപക്ഷവും കുടുംബങ്ങളിൽത്തന്നെയാണ് നടക്കുന്നത്. 90%പോക്സോ കേസുകളും കുട്ടിക്ക് അറിയാവുന്നവരിൽ നിന്നോ അല്ലെങ്കിൽ കുട്ടികളുടെ രക്ഷിതാക്കൾ ആകേണ്ടവരിൽ നിന്നോ ആണ്. ഈ സ്ഥിതിവിശേഷം ഒഴിവാക്കാനായി സർക്കാർ രണ്ട് പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2013-ൽ അഞ്ച് ഗവൺമെന്റ് സെക്രട്ടറിമാർ ചേർന്ന് തയ്യാറാക്കിയ ഷെഫീക് കമ്മിറ്റി ശിപാർശകൾ പ്രകാരം അക്രമണത്തിന് വിധേയരാക്കാൻ സാദ്ധ്യതയുള്ള കുട്ടികളെ കണ്ടെത്തി, അവർക്ക് പരിരക്ഷ നൽകുന്നതിന് 'വൾനറബിലിറ്റി മാപ്പിംഗ് സർവ്വേ' എന്ന ബൃഹത് പരിപാടി ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തെ അങ്കണവാടികൾ മുഖാന്തരം നടത്തുകയാണ്. രണ്ടാമതായി ഐക്യരാഷ്ട്രസംഘടന ആഹ്വാനം ചെയ്തിട്ടുള്ള ഗ്ലോബൽ പേരന്റിംഗ് ഡേ ആയ ജൂൺ 1-ന് ആരംഭിച്ച് ശിശുദിനമായ നവംബർ 14-ന് അവസാനിക്കുന്ന പഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെയുള്ള വിവിധ പരിപാടികളുള്ള 'കരുതൽ സ്പർശം-കൈകോർക്കാം കുട്ടികൾക്കായി' എന്ന ബൃഹത് ക്യാമ്പയിനും ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. ഇത് കൂടാതെ നിലവിലുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ് തുടങ്ങിയ വിവിധ സംവിധാനങ്ങൾ ജില്ലാ തലത്തിൽ ഏകോപിപ്പിച്ച് അവയുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഒരോ ജില്ലയിലും ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികൾ രൂപീകരിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ബാലാവകാശ കമ്മീഷനിലെ എല്ലാ ഒഴിവുകളും നികത്തിയിട്ടുണ്ട്.

(ബി) സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം എല്ലാ ജില്ലകളിലും കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ജില്ലാതല ബാലാവകാശ സംരക്ഷണ കമ്മിറ്റികളും, ബ്ലോക്ക് ലെവൽ ബാലാവകാശ സംരക്ഷണ കമ്മിറ്റികളും പഞ്ചായത്ത് ലെവൽ

ബാലാവകാശ സംരക്ഷണ കമ്മിറ്റികളും രൂപീകരിക്കുകയും ടി കമ്മിറ്റികൾ ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് തലത്തിൽ യോഗങ്ങൾ കൂടുകയും ബാലസംരക്ഷണ പ്രവർത്തനങ്ങൾ ശക്തമാക്കുകയും ചെയ്യുന്നുണ്ട്. ബാലാവകാശ സംരക്ഷണ കമ്മീഷൻ, ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 അനുസരിച്ച് ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും വിഷയത്തിൽ ശ്രദ്ധ പുലർത്തുകയും വിവിധ വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്.

അതോടൊപ്പം പ്രാദേശികമായ ആവശ്യകതയും പ്രത്യേകതയും കണക്കിലെടുത്ത് നൂതന പ്രോജക്ടുകൾ, പഞ്ചായത്ത് തലത്തിലെ ബ്ലോക്ക് അടിസ്ഥാനത്തിലോ ജില്ലാ അടിസ്ഥാനത്തിലോ നടപ്പിലാക്കുവാൻ സാധ്യതയുള്ള ഇടങ്ങളിൽ അത്തരം നടപടികൾ സ്വീകരിക്കുന്നതിനും ബാലാവകാശ സംരക്ഷണ കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വനിത ശിശു വികസന വകുപ്പിന് കീഴിൽ 33115 അങ്കണവാടികളും 484 ക്രഷുകളും ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായി 9 മൊബൈൽ ക്രഷുകളും പ്രവർത്തിച്ചുവരുന്നുണ്ട്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി കുട്ടികളുടെ ശരീരിക മാനസിക വികസനത്തിന് ഊന്നൽ നൽകുന്ന ഒരു പഠനരീതി നടപ്പാക്കുന്നതിന്റെ ഭാഗമായി ആധുനിക സംവിധാനങ്ങളോടുകൂടിയ സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ആയതിലേയ്ക്കുള്ള പ്ലാൻ, പൊതുവായ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. 218 അങ്കണവാടികൾക്ക് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. ക്രഷുകളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ക്രഷുകൾ പ്രവർത്തിക്കുന്നത്.

സ്കൂളുകളായി മാറിയ കിന്റർഗാർട്ടണുകളുടെ കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഡേ കെയർ സെന്റർ, ക്രഷുകൾ, പ്ലേ സ്കൂൾ തുടങ്ങിയ വിവിധ പേരുകളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളിൽ ചെറുപ്രായത്തിൽത്തന്നെ കുട്ടികളുടെമേൽ പഠനഭാരം അടിച്ചേൽപ്പിക്കുന്ന പ്രവണത ഉള്ളതായും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യം ഒഴിവാക്കി 5 വയസ്സിന് താഴെയുള്ള മുഴുവൻ കുട്ടികളെ കൈകാര്യം ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളേയും ഒരു നിയമത്തിന്റെ കീഴിൽ കൊണ്ടുവന്ന് കുട്ടികളുടെ മാനസിക-ശാരീരിക ആരോഗ്യത്തെ പുഷ്ടിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ മാത്രമേ ഈ സ്ഥാപനങ്ങളിൽ നടക്കുന്നുള്ളൂവെന്ന് ഉറപ്പാക്കുന്നതിനായി നിയമ നിർമ്മാണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുവരുന്നു. മറ്റ് സംസ്ഥാനങ്ങൾ നടപ്പിലാക്കിയ നിയമങ്ങളും

ദേശീയ ബാലാവകാശ കമ്മീഷൻ തുടങ്ങിയ സ്ഥാപങ്ങൾ നൽകിയ നിർദ്ദേശങ്ങളും പരിശോധിച്ച് കുട്ടികൾക്ക് അവരുടെ ചെറുപ്രായത്തിൽ ലഭിക്കേണ്ട എല്ലാ പരിലാളനങ്ങളും ഇല്ലാതാക്കുന്ന ഒരു നടപടിയും ടി സ്ഥാപനങ്ങൾ നടപ്പിലാക്കരുത് എന്ന ഉദ്ദേശത്തിലാണ് നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

**കർഷക ആത്മഹത്യ**

8 (*7) ശ്രീ. അനിൽ അക്കര :

ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ട പ്രളയം കർഷകരുടെ ജീവിതത്തെ താളം തെറ്റിച്ചുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയാനന്തര പ്രവർത്തനങ്ങൾക്ക് മാനുഷികമുഖം നൽകുന്നതിൽ വന്ന വീഴ്ചയാണ് മുമ്പെങ്ങുമില്ലാത്തവിധം കർഷക ആത്മഹത്യകൾ സംസ്ഥാനത്ത് ഉണ്ടാകുവാൻ കാരണമെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാർഷികകടങ്ങൾക്ക് ഏർപ്പെടുത്തിയ മൊറട്ടോറിയം ഡിസംബർ 31 വരെ നീട്ടിയ തീരുമാനം ഉത്തരവായി പുറത്തിറക്കുവാൻ സമയബന്ധിതമായ നടപടി സ്വീകരിക്കുന്നതിൽ സർക്കാരിനുണ്ടായ വീഴ്ച ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തുണ്ടായ കർഷക ആത്മഹത്യകളെ ലഘൂകരിച്ച് കാണുന്നതും പ്രളയമുണ്ടായി മാസങ്ങൾ കഴിഞ്ഞിട്ടും കർഷകർക്ക് സമാശ്വാസം എത്തിക്കുന്നതിൽ ഉണ്ടായ അലംഭാവവും ഈ വർഷം തന്നെ പത്തിലധികം കർഷകർ ആത്മഹത്യ ചെയ്യേണ്ട സ്ഥിതിവിശേഷം ഉണ്ടാക്കിയതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഇ) കോൺഗ്രസ്സ് സർക്കാരുകളുള്ള സംസ്ഥാനങ്ങളിൽ കാർഷികകടങ്ങൾ എഴുതിത്തള്ളിയ വസ്തുത പരിഗണിച്ച് സംസ്ഥാനത്തെ മുഴുവൻ കാർഷികകടങ്ങളും എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രളയാനന്തരം കാർഷിക മേഖലയുടെ പുനർജീവനത്തിനായി കൃഷി വകുപ്പ് പ്രവർത്തന നിരതമായിരുന്നു. എല്ലാ ജില്ലകളിലും പുനർജ്ജനി എന്ന പേരിൽ കാർഷിക മേഖലയുടെ പുനർസൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധ പ്രവർത്തകർ,

അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇതിനോടനുബന്ധിച്ച് പ്രളയാനന്തരം അനുവർത്തിക്കേണ്ട കാർഷിക മുറകളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ചു.

(സി) 12-10-2018-ലെ G.O(MS)367/18/റവ പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് ഉത്തരവായിരുന്നു. 5-3-2019-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും ആയതുപ്രകാരം കൃഷി വകുപ്പ് 7-3-2019-ൽ സ.ഉ.(കൈ)നമ്പർ 41/2019/കൃഷി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനുമുമ്പ് റവന്യൂ വകുപ്പിന് പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല.

(ഡി) പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷി ഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ പുനർജനി എന്ന പേരിൽ കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കായി അടിന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജ്ജനി പദ്ധതി നടപ്പിലാക്കിയത്. പുനർജ്ജനി പദ്ധതിയിലൂടെ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കുവാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കുവാനും സാധിച്ചു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്.) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി 54 കോടി രൂപയും സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും ഉൾപ്പെടെ ആകെ 164.51 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

പ്രളയംമൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ്-മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിന് 22.60338 കോടി രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയ്ക്കുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 75 ലക്ഷം രൂപയ്ക്കുള്ള 30 ലക്ഷം തൈകളും സൗജന്യമായി കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പരിഹരിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട്' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.

പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്.

കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2126 ലക്ഷം രൂപയും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായി 26.21583 ലക്ഷം രൂപയും മഴക്കെടുതിമൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽനിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പമ്പ് സെറ്റ്, പെട്ടി, പറ എന്നിവ റിപ്പയർ ചെയ്യുന്നതിന് 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ

ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

ഇതിനെല്ലാം പുറമേ വെള്ളപ്പൊക്ക കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉൽപ്പാദനോപാധികളുടെ വിതരണത്തിനും നടീൽ വസ്തുക്കളുടെ വിതരണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി.

കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്ഷീര വികസനം, മൃഗസംരക്ഷണം ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-2018-ലെ സ.ഉ.(കൈ)നമ്പർ 367/2018/റവ നമ്പർ ഉത്തരവ് പ്രകാരം 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടാതെ, കൃഷി വകുപ്പിന്റെ 7-3-2019 തീയതിയിലെ സ.ഉ.(കൈ) നമ്പർ 41/2019/കൃഷി തീയതി പ്രകാരം പൊതുമേഖല, വാണിജ്യ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും ചെയ്തു. ഇത് കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാണ്.

ആയതിനാൽ, കർഷകർക്ക് സമാശ്വാസം എത്തിക്കുന്നതിൽ യാതൊരു അലംഭാവവും കൃഷി വകുപ്പിന്റെ ഭാഗത്തുനിന്ന് വന്നിട്ടില്ല.

(ഇ) കർഷക കടാശ്വാസ കമ്മീഷൻ മുഖേന ആനുകൂല്യം നൽകുന്ന കാർഷിക വായ്പകളുടെ കാലാവധി ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2014 മാർച്ച് 31 വരെയും ദീർഘിപ്പിക്കുവാനും കർഷക കടാശ്വാസ കമ്മീഷൻ 50,000 രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. (രണ്ട് ലക്ഷം രൂപ വരെയുള്ള കാർഷിക കടം എഴുതിത്തള്ളുന്നതിന് തുല്യമായ തീരുമാനമാണിത്.) കൂടാതെ കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെക്കൂടി ഉൾപ്പെടുത്താമോ എന്ന വിഷയം പരിശോധിക്കുവാൻ കൃഷി, ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് ദീർഘകാല വിളകൾക്ക് പുതുതായി അനുവദിക്കുന്ന വായ്പകളുടെ പലിശ, ലോൺ അനുവദിക്കുന്നത് മുതൽ ഒരു വർഷത്തേയ്ക്ക് നബാർഡ് മാതൃകയിൽ 9% വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നതാണ്.

**ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം**

9 (*8) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന്റെ പ്രവർത്തന അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റേഷൻ വിതരണത്തിന്റെ പരമ്പരാഗത ശൈലിയിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയതെന്നും പ്രസ്തുത മാറ്റങ്ങൾ ജനസൗഹൃദപരവും പൊതുജന സ്വീകാര്യത ഉള്ളവയാണോയെന്നും ആയവ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) നടപ്പിൽ വരുത്തിയ പരിഷ്ക്കാരങ്ങളിലൂടെ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സൗജന്യ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നതിൽ വിജയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻഗണനാ വിഭാഗത്തിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചു. എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനം ഉൾപ്പെടുന്ന ഇ-പോസ് മെഷീനുകൾ മുഖാന്തരം റേഷൻ വിതരണം നടന്നുവരുന്നു. സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ 17-8-18-ലെ സ.ഉ.(സാധാ)നമ്പർ 417/2018/ഭ.പൊ.വി.വ., 418/2018/ഭ.പൊ.വി.വ., 419/2018/ഭ.പൊ.വി.വ., 420/2018/ഭ.പൊ.വി.വ. പ്രകാരം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

21-12-2018-ലെ സ.ഉ.(കൈ)നമ്പർ 50/18/ഭ.പൊ.വി.വ. പ്രകാരം സ്വതന്ത്ര ചുമതലയുള്ള ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിന് മുന്നോടിയായി പൈലറ്റ് പ്രോജക്ട് നടത്തുന്നതിന് Tata Institute of Social Sciences-മായി ധാരണയാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2019 ജൂണിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾ വഹിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും 9,40,005 രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി, ആദ്യ ഗഡുവായി 6,58,004 രൂപയും (70%) രണ്ടാം ഗഡുവായി 1,88,001 (20%)TISS-ന് നൽകിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി സോഷ്യൽ ആഡിറ്റിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി കേരള യൂണിവേഴ്സിറ്റിയെ മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേന്ദ്രസർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ പഠനം നടത്തി കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ഇതിനുപുറമെ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗങ്ങളും കൃത്യമായി നടത്തിവരുന്നു.

(ബി) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിന് തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. റേഷൻ കാർഡുകൾ ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സംവിധാനവും നിലവിൽ വന്നിട്ടുണ്ട് റേഷൻകടകളിൽ വാതിപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നുണ്ട്. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകിവരുന്നു. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാണ്. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും ജനോപകാരപ്രദവുമായി മാറിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ എന്നിവ ഇ-പോസ് മുഖേനയാണ് വിതരണം ചെയ്യുന്നത്. സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് (അന്ത്യോദയ അന്നയോജന) സൗജന്യ നിരക്കിൽ 30 കിലോഗ്രാം അരിയും 5 കിലോഗ്രാം ഗോതമ്പും വിതരണം നടത്തിവരുന്നു. ഈ വിഭാഗങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ യഥാവിധി ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ മാസത്തെയും ഭക്ഷ്യധാന്യത്തിന്റെ അളവ് പത്രമാധ്യമങ്ങൾ വഴിയും എസ്.എം.എസ്. വഴിയും ഓരോ കാർഡുടമയേയും അറിയിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെ 5726 പേർക്ക് 10 കിലോഗ്രാം അരി വീതം അന്നപൂർണ്ണ പദ്ധതി പ്രകാരം വിതരണം നടത്തിവരുന്നുണ്ട്.

ആദിവാസി മേഖലകളിൽ ഭക്ഷ്യധാന്യങ്ങൾ നേരിട്ട് എത്തിച്ചുനൽകുന്ന പദ്ധതിയായ 'സഞ്ചരിക്കുന്ന റേഷൻ കട' തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങൾ വാടകയ്ക്കെടുത്ത് തിരുവനന്തപുരം, ഇടുക്കി, എറണാകുളം, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ ആദിവാസി മേഖലകളിൽ ഭക്ഷ്യ ധാന്യങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയത്പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-17-ലെ സ.ഉ. (സാധാ)നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗങ്ങൾക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡാറ്റായുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.

പരിശോധനയിൽ അർഹരാണെന്ന് ബോധ്യപ്പെട്ടിട്ടുള്ള 3,71,952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽനിന്നും സീനിയോറിറ്റി അനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേയ്ക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യ ധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ

സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കാൻ നടപടി**

10 (*9) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിസ്സാര പ്രശ്നങ്ങളിൽ പോലും പ്രതിയോഗികളെ അതിക്രൂരമായി കൊലചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നതും ഇപ്രകാരം കൊല്ലപ്പെടുന്നത് കൂടുതലും യുവാക്കളാണെന്നതും ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) പെരിയ ഇരട്ടക്കൊലപാതക കേസിൽ പ്രതിയായ ഒരാളുടെ ഭാര്യ, ടിയാൻ കൊലപാതകം നടത്തിയിട്ടുണ്ടെങ്കിൽ പാർട്ടിയുടെ അറിവോടെ ആയിരിക്കുമെന്ന് ആരോപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ആരോപണം സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയോ; എങ്കിൽ അന്വേഷണത്തിൽ വെളിവായ വസ്തുതകൾ എന്തൊക്കെയാണ്;

(ഡി) പ്രതിയുടെ ഭാര്യയുടെ വെളിപ്പെടുത്തലിന് പിന്നാലെ പാർട്ടി നേതാക്കൾ വീട്ടിലെത്തി സഹായ വാഗ്ദാനം നൽകിയെന്ന ആരോപണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഇ) പെരിയ ഇരട്ടക്കൊലപാതകം പോലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്ന വ്യക്തികളെയും അതിന് ഒത്താശ ചെയ്യുന്ന പാർട്ടികളെയും ഒറ്റപ്പെടുത്തുന്നതിനും നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) സംസ്ഥാനത്ത് നിസ്സാര പ്രശ്നങ്ങളിൽ പോലും പ്രതിയോഗികളെ അതിക്രൂരമായി കൊലചെയ്യുന്ന പ്രവണത കാണപ്പെട്ടിട്ടില്ല. എന്നാൽ കൊലപാതകങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കൊല്ലപ്പെട്ടത് കൂടുതലും യുവാക്കളാണെന്ന് പറയാൻ കഴിയില്ല.

(ബി) ഇത്തരത്തിലുള്ള ഏതെങ്കിലും പ്രസ്താവന ശ്രദ്ധയിൽപ്പെടുകയോ അപ്രകാരം ആരെങ്കിലും അന്വേഷണ ഉദ്യോഗസ്ഥനോട് മൊഴി നൽകുകയോ ഉണ്ടായിട്ടില്ല.

(സി) ക്രൈംബ്രാഞ്ച് നടത്തിയിട്ടുള്ള അന്വേഷണത്തിൽ ഭാര്യമാരുടെ മൊഴിയിലും നാളിതുവരെയുള്ള അന്വേഷണത്തിലും ഇത്തരത്തിലുള്ള വസ്തുതകൾ കണ്ടെത്തിയിട്ടില്ലാത്തതാണ്.

(ഡി) കൊലപാതകത്തിനുശേഷം കേസിലുൾപ്പെട്ട പ്രതികളുടെ വീടുകളിൽ നേതാക്കൾ ഉൾപ്പെടെ പലരും സന്ദർശിച്ചതായി അന്വേഷണത്തിൽ നിന്നും മനസ്സിലാക്കിയിട്ടുള്ളതാണ്. എന്നാൽ സഹായം വാഗ്ദാനം നൽകിയതായി കണ്ടെത്തിയിട്ടില്ല.

(ഇ) ഏത് തരം കുറ്റകൃത്യമായാലും പ്രസ്തുത കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളെ വളരെ വേഗംതന്നെ അറസ്റ്റ് ചെയ്ത് അവർക്കെതിരെ മുഖം നോക്കാതെ ശക്തമായ നിയമനടപടികൾ സ്വീകരിച്ച് അവർക്ക് നിയമം അനുശാസിക്കുന്ന ശിക്ഷ ഉറപ്പാക്കുന്നതിന് ശേഷിയുള്ള ശക്തമായ പോലീസ് സംവിധാനമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. സംസ്ഥാന ക്രൈം റിക്കോഡ് ബ്യൂറോയുടെ ചുവടെ ചേർക്കുന്ന കൊലപാതക കേസ്സുകൾ സംബന്ധിച്ചുള്ള കണക്കുകൾ സംസ്ഥാനത്തെ ക്രമസമാധാന പാലനത്തിന്റെ മികവ് വ്യക്തമാക്കുന്നുണ്ട്.

| വർഷം | കൊലപാതകങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം |
|---|---|
| 2011 | 349 |
| 2012 | 368 |
| 2013 | 355 |
| 2014 | 342 |
| 2015 | 317 |
| 2016 | 297 |
| 2017 | 290 |
| 2018 | 275 |
| 2019 | 95 |

## കാലാവസ്ഥാ വ്യതിയാനം

11 (*10) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻകാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ള കാലാവസ്ഥാ വ്യതിയാനങ്ങളെ സംബന്ധിച്ച് ഗൗരവമായ പഠനങ്ങൾ എന്തെങ്കിലും സർക്കാർ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രളയം, സൂര്യാതപം എന്നീ പ്രതിഭാസങ്ങളിൽ ജീവഹാനി സംഭവിക്കുന്ന തരത്തിൽ സംസ്ഥാനത്തിന്റെ കാലാവസ്ഥ മാറിമറിയാനിടയായ സ്ഥിതി വിശേഷത്തിന് കാരണമെന്തെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(സി) കാലാവസ്ഥയിലുണ്ടായ ഈ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ഭൂവിനിയോഗത്തിലും പരിസ്ഥിതി സംരക്ഷണത്തിലും എന്തെല്ലാം തരത്തിലുള്ള മാറ്റങ്ങൾ അത്യാവശ്യമാണെന്നാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) സംസ്ഥാനത്ത് മുൻകാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ള കാലാവസ്ഥാ വ്യതിയാനങ്ങളെ സംബന്ധിച്ച ഗൗരവമായ പഠനങ്ങൾ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന കാര്യാലയത്തിന്റെയും സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെയും നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

കൂടാതെ കേരളത്തിൽ ഉണ്ടായിട്ടുള്ള കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പും പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) ആഗോള താപനംമൂലം ഭൂമിയുടെ ശരാശരി താപനില വർദ്ധിക്കുന്നതും അതുമൂലമുള്ള കാലാവസ്ഥാ വ്യതിയാനവും കേരളത്തിന്റെ കാലാവസ്ഥയിൽ മാറ്റം വരുത്തുവാൻ കാരണമായതായി കണക്കാക്കപ്പെടുന്നു. കൂടാതെ വ്യക്തവും ആസൂത്രിതമല്ലാത്തതുമായ വികസന രീതികൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയും പാരിസ്ഥിതിക ആഘാതം കൂട്ടുന്നതിന് കാരണമായിട്ടുണ്ട്.

(സി) കേരളത്തിൽ സുസ്ഥിര ഭൂവിനിയോഗ മാതൃക നടപ്പിലാക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനുമായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. നദീതീരങ്ങളിലും Ecologically Sensitive Area-കൾ ആയ തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, തീരമേഖലകൾ എന്നിവിടങ്ങളിലെ കയ്യേറ്റം തടയുകയും അവയുടെ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുക.

2. മാലിന്യ സംസ്കരണത്തിന് കേരളത്തിന്റെ ഭൂഘടനയ്ക്ക് അനുയോജ്യമായ രീതികൾ നടപ്പിലാക്കുക അത്യാവശ്യമാണ്. ഖര, ദ്രവമാലിന്യങ്ങൾ (സീവേജ്, സെപ്റ്റേജ്, ചപ്പ് ചവറുകൾ പ്രധാനമായും) നിർമ്മാർജ്ജനത്തിന് ആവശ്യമായ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുക. പ്ലാസ്റ്റിക് പോലുള്ള വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക.

3. കാലാവസ്ഥാ അനുരൂപ കൃഷി രീതികൾ, കാർഷിക വനവത്ക്കരണം എന്നിവ നടപ്പിലാക്കുക.

4. Ecologically Sensitive Area-ൽ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുക.

5. പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്ന തരത്തിലുള്ള പുനരുൽപ്പാദന ശേഷിയുള്ള ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

6. വ്യവസായ ശാലകൾ, ആശുപത്രികൾ, ഹോട്ടലുകൾ തുടങ്ങിയ ഇടങ്ങളിൽ ജല ഉപയോഗത്തിന്റെ കാര്യക്ഷമത കൂട്ടുന്നതിന് (ജലത്തിന്റെ പുനരുപയോഗം) നടപടികൾ സ്വീകരിക്കുക.

## പ്രവാസി പുനരധിവാസ പദ്ധതി

12 (*11) ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ സ്വദേശിവൽക്കരണം തീവ്രമാക്കിയതിനാൽ പ്രവാസികൾ കൂടുതലായി മടങ്ങിവരാൻ നിർബന്ധിതമാകുന്ന സാഹചര്യത്തിൽ ഇങ്ങനെ മടങ്ങിവരുന്നവർക്കായുള്ള പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തി യിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവാസി പുനരധിവാസപദ്ധതി വിപുലീകരിക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷനുമായും ഫെഡറൽ ബാങ്കുമായും നോർക്ക ധാരണാപത്രം ഒപ്പുവച്ചത് എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ;

(സി) പ്രവാസികൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിന് പെൻഷൻ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഗൾഫ് രാജ്യങ്ങളിൽ സ്വദേശിവൽക്കരണംമൂലം ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്നവർക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തുകയും പദ്ധതി നടത്തിപ്പിൽ ക്രമാനുഗതമായ പുരോഗതി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 328 സംരംഭങ്ങൾ ആരംഭിച്ചിരുന്നു. 2017-18-ൽ 413 ആയും 2018-19-ൽ 791 ആയും വർദ്ധിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിലും ഗുണഭോക്താക്കളുടെ വർക്ക്ഷോപ്പ്, സംരംഭകത്വപരിശീലനം എന്നിവയുമായി 2016-17 സാമ്പത്തിക വർഷം 3.97 കോടി രൂപയും 2017-18-ൽ 4.13 കോടി രൂപയും 2018-19-ൽ 14.45 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി തുടങ്ങുമ്പോൾ ഒരു ധനകാര്യ സ്ഥാപനം മാത്രമാണ് ധാരണാപത്രം ഒപ്പുവച്ചിരുന്നത്. എന്നാൽ പദ്ധതി കാര്യക്ഷമമാക്കിയതിന്റെ ഭാഗമായി ഇപ്പോൾ 13 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഏർപ്പെടാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവൽക്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തരം നോർക്ക-റൂട്ട്സ് നൽകിവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) 791 ഗുണഭോക്താക്കൾക്കായി/സംരംഭർക്കായി സബ്സിഡി ഇനത്തിലും ഗുണഭോക്താക്കളുടെ വർക്ക്ഷോപ്പ്, സംരംഭകത്വപരിശീലനം എന്നിവയുമായി ബഡ്ജറ്റ് വിഹിതമായ 15 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി മറ്റ് ധനകാര്യ സ്ഥാപനങ്ങളോടൊപ്പം കേരള ഫിനാൻഷ്യൽ കോർപ്പറേഷനും, ഫെഡറൽ ബാങ്കും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കേരളത്തിൽ 800 ബ്രാഞ്ചുകളുള്ളതും നല്ലൊരു ശതമാനം എൻ.ആർ.ഐ. അക്കൗണ്ടുള്ളതുമായ ഫെഡറൽ ബാങ്ക് ഈ പദ്ധതിയുമായി സഹകരിക്കുന്നത് പ്രവാസി പുനരധിവാസ പദ്ധതി കൂടുതൽ ഗുണഭോക്താക്കളിലേയ്ക്കെത്തിക്കാൻ സഹായകമാകും. തിരുവനന്തപുരം ആസ്ഥാനമായുള്ള കേരള ഫിനാൻഷ്യൽ കോർപ്പറേഷന് 16 ശാഖകളും കോഴിക്കോട്, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ വ്യാവസായിക സംരംഭങ്ങൾക്ക് വായ്പ നൽകുന്നതിൽ പ്രമുഖ സ്ഥാനമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷനുള്ളത്. നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)

വഴിയുള്ള ചെറുകിട വ്യവസായങ്ങൾക്ക് ഉണർവ്വും ഊർജ്ജവും നൽകാൻ ഇത്തരം ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തം നല്ലൊരു പങ്ക് വഹിക്കുന്നു.

(സി) നിലവിൽ 18 വയസ്സിനും 55 വയസ്സിനും ഇടയ്ക്ക് അംഗത്വമെടുത്ത് തുടർച്ചയായി അംശദായമടച്ചുവരുന്നവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്കും 55 വയസ്സിനും 60 വയസ്സിനും മദ്ധ്യേ അംഗത്വമെടുത്ത് തുടർച്ചയായി അംശദായമടച്ചുവരുന്നവർക്ക് അഞ്ചുവർഷം പൂർത്തിയാകുന്ന മുറയ്ക്കും പ്രതിമാസം 2,000 രൂപ നിരക്കിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി പെൻഷൻ നൽകി വരുന്നുണ്ട്.

**പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനം**

13 (*12) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയദുരന്തത്തിന് ഇരയായവർക്ക്സമയബന്ധിതമായി ആശ്വാസ നടപടികൾ എത്തിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രളയം കഴിഞ്ഞ് ഒമ്പത് മാസമായിട്ടും ദുരിതബാധിതർക്ക് പ്രഖ്യാപിച്ച 10,000 രൂപയുടെ ധനസഹായം പോലും അർഹതപ്പെട്ട പലർക്കും ലഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ലഭിച്ച പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പുനരധിവാസത്തിനും പുനർനിർമ്മാണത്തിനുമായി കേന്ദ്ര സർക്കാരിൽ നിന്നും ഇതിനകം ലഭിച്ച സഹായങ്ങൾ എന്തൊക്കെയാണ്;

(ഡി) പുനർനിർമ്മാണത്തിനായി ലോകബാങ്ക്, വിദേശരാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിശദാംശം നൽകുമോ;

(ഇ) റീ-ബിൽഡ് കേരളയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പുനർനിർമ്മാണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) അത്തരം ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും ഉപയോഗിച്ച് 6,92,966 കുടുംബങ്ങൾക്ക് 10,000 രൂപയുടെ അടിയന്തര സഹായം നൽകിയിട്ടുണ്ട്. രണ്ട് ദിവസത്തിൽ കൂടുതൽ വീട്ടിൽ വെള്ളം കെട്ടിനിൽക്കുകയോ വീടിന് 15% വരെ നാശനഷ്ടം നേരിടുകയോ ചെയ്തവർക്കാണ് കേന്ദ്ര മാനദണ്ഡപ്രകാരം ഈ ആശ്വാസ ധനസഹായത്തിന് അർഹതയുള്ളത്. പ്രസ്തുത തുക ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ദുരന്ത ബാധിതർക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ആയത് സമർപ്പിക്കുന്നതിന് സർക്കാർ ആവശ്യമായ സാവകാശം അനുവദിച്ചിരുന്നു. വീടുകളുടെ നാശനഷ്ടം കണക്കാക്കിയതുമായി ബന്ധപ്പെട്ട എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ഡെപ്യൂട്ടി കളക്ടർ/ADM-ന് അപേക്ഷ സമർപ്പിക്കുന്നതിനും അവരുടെ തീരുമാനത്തിൽ പരാതിയുള്ള പക്ഷം ജില്ലാകളക്ടർക്ക് നേരിട്ട് അപ്പീൽ സമർപ്പിക്കുന്നതിനുമുള്ള ഒരു പരാതി പരിഹാര സംവിധാനവും സർക്കാർ ഒരുക്കിയിരുന്നു. ഇപ്രകാരം പ്രളയ ദുരിത ബാധിതരുടെ ന്യായമായ പരാതികൾ പരിഹരിക്കുന്നതിന് സമയബന്ധിതവും സുതാര്യവുമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.

(സി) കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2904.85 കോടി രൂപ ലഭിച്ചിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് 89540 മെട്രിക് ടൺ അരിയും 12000 കിലോ ലിറ്റർ മണ്ണെണ്ണയും സംസ്ഥാനത്തിന് നൽകുന്ന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക ഈടാക്കും എന്ന വ്യവസ്ഥയോടെ അധികമായി കേന്ദ്രം അനുവദിച്ചിരുന്നു. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് 2 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് 50,000 രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഗ്രാമവികസന മന്ത്രാലയം അധികമായി 50 തൊഴിൽ ദിനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്രസർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ ഹോർട്ടിക്കൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി സമർപ്പിച്ച 9339.50 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പടെ) വികസനനയ വായ്പ (DPL), ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യു.ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പടെ)യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യഗഡു ലഭ്യമാക്കുന്നത് സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഇ) ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ ഉറപ്പാക്കുവാനും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുവാനുതകുന്ന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ കേരള പുനർനിർമ്മാണവും പുനരുദ്ധാരണവും സാധ്യമാക്കുന്നതിനാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. നീതിപൂർവ്വവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, കാര്യക്ഷമത ഉറപ്പാക്കൽ, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ സ്വീരിച്ചുകൊണ്ട് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാനാകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. ഇത്തരത്തിലുള്ള പദ്ധതിരേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്. കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പൂരകമായി രൂപപ്പെടുത്തിയിട്ടുള്ള കേരള പുനർനിർമ്മാണ വികസന പരിപാടിക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്.

## പ്രളയരക്ഷാദൗത്യവും പുനർനിർമ്മാണവും

14 (*13) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യരാഷ്ട്രസഭയും യൂറോപ്യൻ കമ്മീഷനും ലോകബാങ്കും ജനീവയിൽ വച്ച് നടത്തിയ ലോക പുനർനിർമ്മാണ കോൺഗ്രസിൽ സംസ്ഥാന മുഖ്യമന്ത്രിക്ക് മുഖ്യ പ്രഭാഷകനാകാൻ കഴിഞ്ഞത് പ്രളയരക്ഷാദൗത്യത്തിന് നേതൃത്വം നൽകിയ സർക്കാരിന്റെ പ്രവർത്തനമികവിനും സമഗ്ര പുനർനിർമ്മാണലക്ഷ്യം മുന്നോട്ടു വച്ചതിനും ഉള്ള അംഗീകാരമായി കണക്കാക്കുന്നുണ്ടോ;

(ബി) സംസ്ഥാന സർക്കാരിന്റെ പ്രവർത്തനമികവിനെ ഇടിച്ചുകാട്ടാനായി സാലറി ചലഞ്ചുൾപ്പെടെയുള്ള പുനർനിർമ്മാണഫണ്ട് പരാജയപ്പെടുത്താൻ ശ്രമിച്ച ചിലർ മാധ്യമങ്ങളെ ഉപയോഗിച്ച് പ്രളയകാരണം സംബന്ധിച്ച് അസത്യപ്രചാരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) ദേശീയ ജലകമ്മീഷൻ പ്രളയത്തിന്റെ കാരണം പരിശോധനാ വിധേയമാക്കിയിരുന്നോ; എന്തൊക്കെയായിരുന്നു കണ്ടെത്തലുകൾ എന്ന് അറിയിക്കുമോ;

(ഡി) പ്രളയദിനങ്ങളിൽ പെയ്ത മഴയുടെ അളവും സംസ്ഥാനത്തെ നദികളുടെ വാഹകശേഷിയും എത്രയെന്ന് അറിയിക്കാമോ; പ്രളയഘട്ടത്തിൽ ഡാമുകൾ പ്രവർത്തിക്കേണ്ടതിന്റെ രൂപരേഖ നേരത്തെ തന്നെ തയ്യാറാക്കിയിരുന്നോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു.

(സി)കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്ര ജലകമ്മീഷനെയാണ് (CWC) ഇന്ത്യയിലെ നദികളുടെ പരിപാലനത്തിനും മറ്റ് ജലവിനിയോഗങ്ങളുടെ നിയന്ത്രണത്തിനുമായി പരമോന്നത അധികാരത്തോടെ ചുമതലപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര ജലകമ്മീഷൻ കേരളത്തിലുണ്ടായ പ്രളയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം 8,9 എന്നീ തീയതികൾക്കുപുറമെ 15 മുതൽ 17 വരെ തീയതികളിലും കേരളത്തിൽ പെയ്ത അതിതീവ്ര മഴയാണ് പ്രളയത്തിന് കാരണമെന്നും കേരളത്തിലെ ഡാമുകൾ തുറന്നതല്ല പ്രളയത്തിനുകാരണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ സംശയലേശമന്യേ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ പെരിയാർ ബേസിനിൽ ചെന്നൈ ഐ.ഐ.റ്റി.യും അമേരിക്കയിലെ പെർഡ്യൂ യൂണിവേഴ്സിറ്റിയും സംയുക്തമായി നടത്തിയ പഠന റിപ്പോർട്ടിലും ഇതേ നിഗമനത്തിലാണ് എത്തിയിട്ടുള്ളത്.

(ഡി) കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ കണക്ക് പ്രകാരം കേരളത്തിൽ 2018 ജൂൺ 1 മുതൽ 2018 ആഗസ്റ്റ് 19 വരെ 2346.5 മി. മീറ്റർ മഴയാണ് ലഭിച്ചത്. ഇത് സാധാരണ ലഭിക്കുന്ന മഴയേക്കാൾ 42% കൂടുതലാണ്. ആഗസ്റ്റ് 1-ാം തീയതി മുതൽ 19 വരെ 164% കൂടുതൽ മഴയും ലഭിച്ചിരുന്നു. ഈ ദിവസങ്ങളിൽ പെയ്ത 758.6 മി. മീറ്റർ മഴയിൽ 414 മി. മീറ്റർ മഴയും ലഭിച്ചത് ആഗസ്റ്റ് 15,16,17 തീയതികളിലാണ്. ഇത് തീവ്രമായ വെള്ളപ്പൊക്കത്തിന് കാരണമായി. ജലവിഭവ വകുപ്പിന്റെ ഹൈഡ്രോളജി വിംഗിന്റെ കീഴിലുള്ള എല്ലാ സ്റ്റേഷനുകളിലേയും പ്രളയസമയത്ത് പെയ്ത മഴയുടെ അളവും സംസ്ഥാനത്തെ നദികളുടെ വാഹകശേഷിയും അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രളയഘട്ടത്തിൽ ഡാമുകൾ പ്രവർത്തിക്കേണ്ട രൂപരേഖ അനുസരിച്ചാണ് ഡാമുകൾ പ്രവർത്തിച്ചിരുന്നത്. നിലവിലുള്ള ഗൈഡ്‌ലൈൻ അനുസരിച്ച് ഓരോ ഡാമുകളിലും ഏതളവിൽ നിറയുമ്പോഴാണ് ജലം തുറന്ന് വിടേണ്ടതെന്ന് നിശ്ചയിച്ച പ്രകാരം നിയന്ത്രിത അളവിൽ ജലം തുറന്ന് വിടുകയാണ് ചെയ്തിട്ടുള്ളത്. ഇതിനായി ഓരോ ഡാമുകളിലും 1-ഉം 2-ഉം ചിലയിടങ്ങളിൽ 3-ഉം warning level നിശ്ചയിച്ചിട്ടുണ്ട്. ജലനിരപ്പ് ക്രമാതീതമായി വർദ്ധിക്കുന്ന ഘട്ടങ്ങളിൽ മാധ്യമങ്ങളിലൂടെയും മൈക്ക് മുഖേനയും പൊതുജനങ്ങൾക്ക് ജാഗ്രത മുന്നറിയിപ്പ് നൽകുകയും ജില്ലാ ഭരണകൂടം, പോലീസ്, ദുരന്ത നിവാരണ അതോറിറ്റി മുതലയവയുടെ സഹകരണത്തോടെ എല്ലാ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് അണക്കെട്ട് തുറന്നുവിടേണ്ട ഘട്ടത്തിൽ തുറന്നുവിടുകയാണ് ചെയ്യുന്നത്.

ഡാമുകളുടെ പ്രവർത്തനത്തിന് മാർഗ്ഗരേഖകൾ അതാത് ഡാമുകളിൽ നിശ്ചയിച്ചിട്ടുണ്ട്. പ്രളയ ഘട്ടത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള ഡാമുകൾ പ്രവർത്തിക്കേണ്ടതിന്റെ രൂപരേഖ 25-7-2018-ൽ തയ്യാറാക്കുകയും 1-8-2018-ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉത്തരവ് പ്രകാരം ടി രൂപരേഖ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 2018-ലെ പ്രളയത്തിനുശേഷം കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശമനുസരിച്ച് 200 മില്യൻ ക്യൂബിക് മീറ്ററോ അതിനുമുകളിലോ സംഭരണശേഷിയുള്ള ജലസംഭരണികൾക്ക് മൺസൂൺ കാലത്തിലെ ആദ്യമാസങ്ങളിൽ ചെറിയ ഇടവേളകളിൽ (5 വർഷം, 10 വർഷം മുതലായവ) സംഭവിക്കുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനാവശ്യമായിട്ടുള്ള കരുതൽ വ്യാപ്തി കൃത്യതയോടെ ഒരുക്കുന്നതിനുവേണ്ടി പ്രധാന ജലസംഭരണികളായ ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുരസാഗർ എന്നിവിടങ്ങളിലെ റൂൾ കർവ് (Rule Curve) തയ്യാറാക്കി കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ചിരുന്നു. തുടർന്ന് അവരുടെതന്നെ നിർദ്ദേശമനുസരിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി വീണ്ടും കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ചിരിക്കുകയാണ്.

## കുട്ടികൾക്ക് സൗജന്യ ഹൃദ്രോഗ ചികിത്സ

15 (*14) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സങ്കീർണ്ണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്ക് സൗജന്യ ഹൃദ്രോഗ ചികിത്സ ലഭ്യമാകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഉണ്ട്. സങ്കീർണ്ണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്ക് സൗജന്യ ഹൃദ്രോഗ ചികിത്സ ലഭ്യമാക്കുന്ന 'ഹൃദ്യം' പദ്ധതി നിലവിലുണ്ട്.

(ബി) ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും കാലതാമസം നേരിടുന്നു. ഇതിന് പരിഹാരമായിട്ടാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി 'ഹൃദ്യം' പദ്ധതി ആരംഭിച്ചിരിക്കുന്നത്. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കുവാനും ഫോളോ അപ് നടപടികൾ ഏകീകരിക്കാനും വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് 'ഹൃദ്യം'. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ് വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. ഈ പദ്ധതി 2017 ആഗസ്റ്റ് മാസം 31 മുതൽ ആരംഭിച്ചു. ഇതിലൂടെ കുട്ടികളിൽ സങ്കീർണ്ണമായ രോഗാവസ്ഥകൾ കണ്ടുപിടിക്കുന്ന മുറയ്ക്ക് ചികിത്സാ സൗകര്യമുള്ള ആശുപത്രികളിൽ ചികിത്സ ഉറപ്പ് വരുത്തുന്നതിന് സാധ്യമാകുന്നു. ഇതിനുശേഷം മാത്രമേ കുട്ടിയെ നിലവിൽ ചികിത്സിക്കുന്ന ആശുപത്രിയിൽ നിന്ന് മാറ്റുകയുള്ളൂ. സർക്കാർ ആശുപത്രിയിൽ ജനിക്കുന്ന എല്ലാ കുട്ടികളെയും RBSK മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള Visible and functional birth defect സ്ക്രീനിംഗിന് വിധേയരാക്കുന്നു. ജന്മനാലുള്ള ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്ന കുഞ്ഞുങ്ങളെ ശിശുരോഗവിദഗ്ധന്റെ സഹായത്തോടെ എക്കോ ഉൾപ്പെടെയുള്ള പരിശോധന വഴി എത്രയും നേരത്തെതന്നെ കൃത്യമായി അസുഖം കണ്ടെത്തുന്നു. സ്വകാര്യ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്കും ഈ പദ്ധതി വഴി സേവനം ലഭ്യമാണ്. രോഗനിർണ്ണയത്തിനുശേഷം കുട്ടികളുടെ വിവരങ്ങൾ ഏതൊരാൾക്കും hridyam.in എന്ന സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ ഹൃദ്രോഗ ചികിത്സയ്ക്കായി ഏതൊരാൾക്കും ഹൃദ്യം പദ്ധതിയുടെ സോഫറ്റ് വെയറിൽ പേരും അഡ്രസ്സും ഫോൺ നമ്പറും നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്. സാധാരണയായി

കുടുംബാംഗങ്ങൾക്കോ ചികിത്സ നൽകുന്ന ആശുപത്രികൾക്കോ രജിസ്റ്റർ ചെയ്യാവുന്നതാണ്. നേരിട്ട് ഡി.ഇ.ഐ.സി. (District Early Intervention Centre) കളിൽ എത്തിക്കുകയാണെങ്കിൽ അവരും രജിസ്റ്റർ ചെയ്തു നൽകുന്നതാണ്. രജിസ്റ്റർ ചെയ്യുമ്പോൾ നിങ്ങളുടെ ജില്ലയിലെ DEIC (District Early Intervention Centre)മാനേജരുടെ പേരും ഫോൺ നമ്പറും അപേക്ഷകന്റെ ഫോണിൽ എസ്.എം.എസ്. വരുന്നതാണ്. തുടർന്ന് കുട്ടിയുടെ രോഗവിവരങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ചേർക്കുകയും ഇവ വിശദമായി വിശകലനം ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ കുട്ടിയുടെ രോഗത്തിന്റെ തീക്ഷ്ണത അനുസരിച്ച് സൗകര്യങ്ങളുള്ള ആശുപത്രിയിലേയ്ക്ക് ബന്ധുക്കളുടെ സമ്മതംകൂടി പരിഗണിച്ച് എത്തിക്കുകയും വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. ഇവയെല്ലാംതന്നെ അതാത് സമയത്ത് മാതാപിതാക്കളെയും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും എസ്.എം.എസ്. മുഖാന്തരം അറിയിക്കുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് വിശദവിവരങ്ങൾക്കായി ജില്ലയിലെ ഡി.ഇ.ഐ.സി. മാനേജരുമായി ബന്ധപ്പെടാവുന്നതാണ്. ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള പ്രോട്ടോകോൾ അനുസരിച്ച് ഡി.ഇ.ഐ.സി.കളുടെ നേതൃത്വത്തിലാണ് നടപടികൾ സ്വീകരിക്കുന്നത്.

## മാവേലി സ്റ്റോറുകൾ

16 (*15) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യയോഗ്യമല്ലാത്ത സാധനങ്ങൾ മാവേലി സ്റ്റോറുകൾ വഴി വില്പന നടത്തുന്നില്ലെന്ന് ഉറപ്പുവരുത്താൻ നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) സബ്സിഡി പ്രകാരം എത്ര തരം ഭക്ഷ്യധാന്യങ്ങളാണ് ഇപ്പോൾ മാവേലി സ്റ്റോറുകൾ വഴി വിതരണം നടത്തുന്നത്; ഇവയുടെ എണ്ണം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഈ വിഷയത്തിൽ കൈക്കൊണ്ട തീരുമാനം അറിയിക്കുമോ;

(സി) ഇപ്പോൾ മാവേലി സ്റ്റോറുകൾ വഴി വില്പന നടത്തുന്ന മിക്കയിനം സാധനങ്ങളുടെയും വില പൊതുവിപണിയിലേതിന് സമാനമായതിനാൽ ഉപഭോക്താക്കൾ മാവേലിസ്റ്റോറുകളെ ആശ്രയിക്കുന്നത് കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ പ്രവണത ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് കർശനമായ ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ സാമ്പിളുകൾ CFRD/RAL (Regional Analytical Laboratory) മറ്റ് NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റഡ് ലാബുകളിൽ നൽകി ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് വിൽപ്പനയ്ക്ക് തയ്യാറാക്കുന്നത്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP (Hazardous and Critical Control point)/AGMARK/FSSAI (Food Safety and Standard Authority of India) ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്ന ഘട്ടത്തിൽ 13 ഇനം സാധനങ്ങളാണ് സബ്സിഡി ഇനത്തിൽ വിതരണം ചെയ്തുകൊണ്ടിരുന്നത്. എന്നാൽ അരിയുടെ വിലയിലുണ്ടായ കുതിച്ചുകയറ്റം ഫലപ്രദമായി തടഞ്ഞുനിർത്തുന്നതിനായി 'ആന്ധ്ര ഇതര ജയ' എന്ന ഇനം അരികൂടി ഉൾപ്പെടുത്തി ഇത് 14 ഇനമായി ഉയർത്തി. പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(സി) ഇല്ല. നിലവിൽ പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ നിരക്കിൽ തന്നെയാണ് വിൽപ്പനശാലകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തുന്നത്. സബ്സിഡി സാധനങ്ങൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിലും FMCG (Fast Moving Consumer Goods)/ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ പൊതുവിപണി വിലയേക്കാൾ /എം.ആർ.പി.യെക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും വിൽപ്പന നടത്തിവരുന്നു. ഗൃഹോപകരണങ്ങൾ, കുപ്പിവെള്ളം മുതലായവയും സപ്ലൈകോ വിൽപ്പന ശാലകളിലൂടെ ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**റേഷൻ കാർഡ് വിതരണം**

17 (*16) ശ്രീ. കെ. രാജൻ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡ് വിതരണവുമായി ബന്ധപ്പെട്ട ജോലികളുടെ പുരോഗതി വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) റേഷൻകാർഡ് വിതരണവുമായി ബന്ധപ്പെട്ട ജോലികൾ എളുപ്പത്തിൽ നിർവ്വഹിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വേണ്ടത്ര സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ റേഷൻകാർഡ് ഉടമകൾക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ അറിയിക്കുന്നതിനുള്ള സംവിധാനം പൂർണ്ണതയിൽ എത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) റേഷൻകടകൾ നവീകരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഇ) റേഷൻകാർഡ് ഉടമകളുടെ ആധാർ സീഡിംഗ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പുരോഗതി വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സംസ്ഥാനം മുഴുവൻ തയ്യാറാക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്തുകഴിഞ്ഞു. ഉടമസ്ഥർ കൈപ്പറ്റാതെ അവശേഷിച്ച ഇരുപതിനായിത്തിലധികം കാർഡുകൾ വേണ്ടത്ര അറിയിപ്പുകൾ നൽകിയശഷം ആർ.സി.എം.എസ്.-ൽ നിന്നും നീക്കം ചെയ്തുവരുന്നു.

അതിനെത്തുടർന്ന് പുതിയ റേഷൻകാർഡ്, പേര് ചേർക്കൽ, പേര് കുറവ് ചെയ്യൽ, കാർഡ് ഒരു താലൂക്കിൽനിന്നും മറ്റൊരു താലൂക്കിലേയ്ക്ക് മാറ്റൽ, തിരുത്തലുകൾ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുകയും ആയത് തീർപ്പാക്കി വിതരണം നടത്തിവരുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി സംസ്ഥാനമൊട്ടാകെ ഇതുവരെ ആകെ ലഭിച്ച 26.68 ലക്ഷം അപേക്ഷകളിൽ 78872 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിക്കുകയും 25.19 ലക്ഷം അപേക്ഷകളിൽ (97.29%) തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ 23.47 ലക്ഷം റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ആകെ ലഭിച്ച അപേക്ഷകളിൽ 92% അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിച്ച അപേക്ഷകളിൽ എത്രയും വേഗം തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) താലൂക്ക് സപ്ലൈ ഓഫീസ്, സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിച്ച അപേക്ഷകളുടെ ബാഹുല്യം കാരണം ഇതുമായി ബന്ധപ്പെട്ട ജോലികൾ എളുപ്പത്തിൽ നിർവ്വഹിക്കുന്നതിന് അക്ഷയകേന്ദ്രങ്ങൾ വഴിയും സിറ്റിസൺ ലോഗിൻ വഴിയും അപേക്ഷകൾ സമർപ്പിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തി. കൂടാതെ വിദ്യാഭ്യാസപരവും ചികിത്സാപരവുമായി ബന്ധപ്പെട്ട അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സ്വീകരിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) റേഷൻ ഗുണഭോക്താക്കൾക്കനുവദിച്ചിട്ടുള്ള പ്രതിമാസ ഭക്ഷ്യ ധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള SMS സന്ദേശങ്ങൾ റേഷൻ കാർഡുകളുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പരുകളിലേയ്ക്ക് അയയ്ക്കുന്നതിനായി 2017 ആഗസ്റ്റ് മാസം മുതൽ കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC-ന്റെ Mobile Service Delivery Gateway (https://services.mgov.gov.in) ഉപയോഗിച്ചുവരുന്നു. നാളിതുവരെ 67.83 കോടി യൂണിറ്റ് SMS ഗുണഭോക്താക്കൾക്ക് അയച്ചിട്ടുണ്ട്.

ഇതിനുപുറമെ സിവിൽ സപ്ലൈസ് വകുപ്പിന്റെ Official facebook page ആയ “Department of Food & Civil Supplies, Kerala"-ൽ പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള അറിയിപ്പ് നൽകുന്നുമുണ്ട്.

(ഡി) റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻ കടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000 (മൂന്ന് കോടി അൻപത് ലക്ഷം രൂപ) അനുവദിച്ചു. റേഷൻ കടകൾ നവീകരണം താഴെപ്പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത് :

1. ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിക്കുക.
2. നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് ബോർഡ്/വിലവിവരപ്പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക.
3. കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക.
4. ഷട്ടർ/ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക.

(ഇ) ആധാർ സീഡിംഗ് സംബന്ധിച്ച നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ആകെ ഗുണഭോക്താക്കൾ | ആകെ ആധാർ സീഡിംഗ് നടത്തിയവർ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | തിരുവനന്തപുരം | 3550704 | 2962183 |
| 2 | കൊല്ലം | 2914626 | 2351262 |
| 3 | പത്തനംതിട്ട | 1398735 | 1156834 |
| 4 | ആലപ്പുഴ | 2332422 | 1947752 |
| 5 | കോട്ടയം | 2092077 | 1805497 |
| 6 | ഇടുക്കി | 1174093 | 992750 |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | എറണാകുളം | 3334909 | 2808612 |
| 8 | തൃശ്ശൂർ | 3440985 | 2901184 |
| 9 | പാലക്കാട് | 3134843 | 2623625 |
| 10 | മലപ്പുറം | 4646221 | 3767882 |
| 11 | കോഴിക്കോട് | 3302021 | 2840534 |
| 12 | വയനാട് | 865256 | 769107 |
| 13 | കണ്ണൂർ | 2838298 | 2387257 |
| 14 | കാസർഗോഡ് | 1455390 | 1220343 |
| | ആകെ | 36480580 | 30534822 |

## സി-ഡിറ്റിൽനിന്നും മാറ്റിയ പദ്ധതികൾ

18 (*17) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സി-ഡിറ്റ് മുഖേന നടപ്പിലാക്കിയിരുന്ന ഏതെങ്കിലും പദ്ധതികൾ സ്വകാര്യകമ്പനികൾക്ക് വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഉൾപ്പെടെയുള്ളവയുടെ പോർട്ടലുകൾ നിലവിൽ താറുമാറായിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാരമാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) കേരളാ ഗസറ്റിന്റെ ഓൺലൈൻ പോർട്ടൽ നിർജ്ജീവമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സി-ഡിറ്റിന്റെ പദ്ധതികൾ സ്വകാര്യ കമ്പനികൾക്ക് നൽകുന്നതുമായി ഈ കാര്യത്തിന് ബന്ധമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളാ ഗസറ്റിന്റെ ഓൺലൈൻ പോർട്ടൽ സി-ഡിറ്റിൽ നിന്നും മാറ്റിയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കേരള സർക്കാരിന്റെ ഏതെല്ലാം പദ്ധതികളാണ് സി-ഡിറ്റിൽ നിന്നും മാറ്റിയതെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ ഏത് ഏജൻസിക്കാണ് ഈ പദ്ധതികൾ നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) പദ്ധതികളൊന്നും മാറ്റിയിട്ടില്ല. എന്നാൽ പി.ആർ.ഡി. മുഖേന നടപ്പാക്കിവരുന്ന 'നാം മുന്നോട്ട്' എന്ന പ്രതിവാര പരിപാടിയുടെ സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തി വന്നിരുന്നത് സി-ഡിറ്റായിരുന്നു. പരിപാടിയിൽ പങ്കെടുക്കുന്ന അതിഥികൾക്ക് സൗകര്യപ്രദമായ സമയത്ത് സി-ഡിറ്റിന്റെ സ്റ്റുഡിയോ ക്രമീകരിക്കാനാകാത്തത് കണക്കിലെടുത്ത് സാങ്കേതിക നിർവ്വഹണത്തിന് താൽപ്പര്യപത്രം ക്ഷണിച്ചിരുന്നു. ഇതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഏജൻസിയെ ചുമതലയേൽപ്പിച്ചു.

(ബി) നിലവിൽ താറുമാറായിക്കിടക്കുന്ന സാഹചര്യമില്ല.

(സി) ഇ-ഗസറ്റ് ഓൺലൈനായി ലഭ്യമാക്കുന്നതിലെ തടസ്സം പരിഹരിച്ചിട്ടുണ്ട്. സി-ഡിറ്റിന്റെ പദ്ധതികൾ സ്വകാര്യ കമ്പനികൾക്ക് നൽകുക എന്നത് സർക്കാരിന്റെ നയമല്ല.

(ഡി) അച്ചടി വകുപ്പിന്റെ വെബ്സൈറ്റ് മുഖേന ഇ-ഗസറ്റ് ഓൺലൈനായി ലഭ്യമാകുന്ന പദ്ധതി സി-ഡിറ്റ് തന്നെയാണ് നടപ്പിലാക്കുന്നത്.

(ഇ) സി-ഡിറ്റ് സർക്കാർ വകുപ്പുകൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികളൊന്നും സി-ഡിറ്റിൽ നിന്നും മാറ്റിയിട്ടില്ല. സംസ്ഥാന സർക്കാരിനുവേണ്ടി ഇൻഫർമേഷൻ ടെക്നോളജി മേഖലയിലും കമ്മ്യൂണിക്കേഷൻ രംഗത്തും ഹോളോഗ്രാം നിർമ്മാണത്തിലും നിരവധി പദ്ധതികൾ സി-ഡിറ്റ് ചെയ്തുവരുന്നു. സംസ്ഥാന സർക്കാർ അംഗീകരിച്ച് 'ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ' എന്ന നിലയിൽ വിവിധ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വേണ്ടി വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം അടിസ്ഥാനമാക്കി നിരവധി പദ്ധതികൾ സി-ഡിറ്റ് ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ സി-ഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് നടപടി

19 (*19) ശ്രീ. ഡി. കെ. മുരളി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യരാഷ്ട്രസഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസനസൂചികയിൽ രാജ്യത്ത് പ്രഥമസ്ഥാനം നേടിയ ഭരണമികവ് നിലനിർത്തുന്നതിനും മുന്നോട്ടുകൊണ്ടുപോകുന്നതിനും സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അഴിമതി ഉന്മൂലനം ചെയ്യുന്നതിനും പരിപാടിയുണ്ടോ; വിശദാംശം നൽകാമോ;

(ബി) സിവിൽ സർവ്വീസ് കൂടുതൽ ജനസേവനപരമാക്കിത്തീർക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(സി) സേവനാവകാശനിയമം കൂടുതൽ ഫലപ്രദമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ & ബി) സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) മുഖേന പരിശീലനം നൽകിവരുന്നു.

സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 1-1-2018 മുതൽ ഗവ. സെക്രട്ടേറിയറ്റിലെ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയത് കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ അർദ്ധ സർക്കാർസ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. എല്ലാ വകുപ്പുകളിലും 6 മാസത്തിനകവും സിവിൽ സ്റ്റേഷനുകളിൽ 3 മാസത്തിനകവും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കാൻ 6-5-2019-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സിവിൽ സർവ്വീസ് ശക്തമാക്കുന്നതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിനുള്ള ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു. പ്രസ്തുത ചട്ടങ്ങളിൽ വരുത്തേണ്ട ചില ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനോപകരമായ മാറ്റങ്ങൾ ആവിഷ്കരിക്കുന്നതിനും സിവിൽ സർവ്വീസ് ആധുനിക വൽക്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ച നാലാം ഭരണപരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സേവനാവകാശ നിയമം ജനസൗഹൃദമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി നിയമ പരിഷ്കാരത്തിനുള്ള സമഗ്രമായ ശിപാർശകൾ സമർപ്പിക്കുവാൻ നാലാം ഭരണ പരിഷ്കാര കമ്മീഷനോട് അവശ്യപ്പെട്ടിട്ടുണ്ട്.

## സുസ്ഥിര വികസന ലക്ഷ്യം

20 (*20) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സുസ്ഥിര വികസന ലക്ഷ്യത്തിൽ രാജ്യത്ത് ഒന്നാമതായി വളരെ ഉയർന്ന നേട്ടങ്ങൾ കൈവരിച്ചത് കൂടുതൽ മുന്നോട്ട് കൊണ്ടുപോകാനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം;

(ബി) സുസ്ഥിര വികസനം കൈവരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന വികസന മിഷനുകൾ എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ;

(സി) സാമ്പത്തികവളർച്ച സാധ്യമാക്കി മികച്ച തൊഴിൽ ലഭ്യമാക്കുന്നതിന് നടത്തിവരുന്ന പ്രധാന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) 2030-ൽ എല്ലാ രാജ്യങ്ങളിലും സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സഭ വിഭാവനം ചെയ്തിട്ടുള്ള 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ' എന്ന പദ്ധതി ദേശീയതലത്തിൽ നീതി ആയോഗും, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയവും ചേർന്നാണ് നടപ്പാക്കിവരുന്നത്. ദേശീയ തലത്തിൽ, രൂപകൽപ്പന ചെയ്തിട്ടുള്ള ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2018-ൽ ഐക്യരാഷ്ട്ര സഭയുടെയും ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണത്തോടെ നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിര വികസന ലക്ഷ്യസൂചികയിൽ (SDG ഇന്ത്യ ഇൻഡ്ക്സ്-2018) കേരളത്തിന് ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. പതിനേഴ് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ (അനുബന്ധം -III)*, പതിമൂന്ന് ലക്ഷ്യങ്ങളുമായി (12, 13, 14, 17 ലക്ഷ്യങ്ങളൊഴികെ) ബന്ധപ്പെട്ട മുൻഗണന സൂചികകളുടെ അടിസ്ഥാനത്തിലാണ് എസ്.ഡി.ജി. ഇന്ത്യ ഇൻഡക്സ് 2018 തയ്യാറാക്കിയിട്ടുള്ളത്. നല്ല ആരോഗ്യവും ക്ഷേമവും (ലക്ഷ്യം-3), ഗുണമേന്മയുള്ള വിദ്യാഭ്യാസം (ലക്ഷ്യം-4), ലിംഗസമത്വം (ലക്ഷ്യം-5) എന്നിവയിൽ കേരളം ഒന്നാം സ്ഥാനത്തും, നൂതനാശയം ഉൾക്കൊണ്ട് വ്യവസായവും പശ്ചാത്തല

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സൗകര്യവും വികസിപ്പിക്കൽ (ലക്ഷ്യം-9) എന്നതിൽ രണ്ടാം സ്ഥാനത്തും വിശപ്പ് രഹിത സമൂഹം കെട്ടിപ്പെടുക്കൽ (ലക്ഷ്യം-2) എന്നതിൽ മൂന്നാം സ്ഥാനത്തുമാണ്. കൈവരിച്ച നേട്ടങ്ങൾ കൂടുതൽ മുന്നോട്ടുകൊണ്ടുപോകുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

- ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പ് നോഡൽ വകുപ്പായും, അതിന്റെ ഡയറക്ടർ നോഡൽ ഓഫീസറായും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുമുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയും, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറിയായിട്ടുള്ള SDG Monitoring Group-ഉം അതിനുതാഴെത്തട്ടിൽ ലംബവും തിരശ്ചീനവുമായ ഘടനാ സംവിധാനം ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്ഥാപന തല ചട്ടക്കൂടും രൂപകൽപ്പന ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഇതിന്റെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി വിവിധ തലങ്ങളിൽ ചർച്ച നടത്തി അന്തിമമായി പുറപ്പെടുവിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- സുസ്ഥിര വികസന ലക്ഷ്യങ്ങളെ സംബന്ധിച്ച വിവരവ്യാപനവും ബോധവൽക്കരണവും പിന്തുണയും ഉറപ്പാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ആസൂത്രണവും നിർവ്വഹണവും നിരീക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ സമഗ്ര സമീപനം തയ്യാറാക്കി മുന്നോട്ടുപോകുന്നു.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാദേശിക പദ്ധതികളുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളും ഉചിതമായ രീതിയിൽ സംയോജിപ്പിച്ച് വിന്യസിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

- സംസ്ഥാന സർക്കാർ അവിഷ്കരിച്ച് നടപ്പാക്കുന്ന നവകേരളം കർമ്മ പദ്ധതി പോലെയുള്ള പരിപാടികളിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ അന്തർമേഖലാ ഇടപെടലുകൾ നടത്തിവരുന്നു.

- ആനുകാലിക വിവരങ്ങളുടെ (Periodic Data) അടിസ്ഥാനത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പുരോഗതി സമയബന്ധിതമായി നിരീക്ഷിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നു.

- സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ധനവിഭവ സമാഹരണം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും സംസ്ഥാന പദ്ധതികളിലൂടെയും കണ്ടെത്തിവരുന്നു.

• സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും (stake holders) കാര്യശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

• പാർശ്വവൽക്കരിക്കപ്പെട്ടതും പിന്നാക്കം നിൽക്കുന്നതുമായ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനാവശ്യമായ നടപടികൾ സ്വീകരിച്ച് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ മുദ്രാവാക്യമായ "Leave No One Behind"എന്നത് അന്വർത്ഥകമാക്കുന്നതിനാവശ്യമായ പരിപാടികൾ നടപ്പിലാക്കിവരുന്നു.

(ബി) <u>ലൈഫ് മിഷൻ</u>

കേരളത്തിലെ ഭവനരഹിതരുടെ പ്രശ്നങ്ങൾക്ക് സമഗ്ര പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതി ഒന്നാം ഘട്ടം വിജയകരമായി പൂർത്തീകരിക്കുകയും രണ്ടാം ഘട്ടം വിജയകരമായി പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. കേരളത്തിലെ എല്ലാ അർഹരായ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്. (സുസ്ഥിര വികസന ലക്ഷ്യങ്ങൾ -1, 8, 10, 11, 16)

<u>ഹരിത കേരളം മിഷൻ</u>

നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരത്തിന്റെ വൃത്തിയും വീണ്ടെടുക്കാനുള്ള അനവധി പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുത്ത് സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ മിഷൻ പ്രവർത്തിച്ചുവരുന്നത്. (സുസ്ഥിര വികസന ലക്ഷ്യങ്ങൾ -1, 2, 6, 12, 13, 15)

ഹരിതകേരളം മിഷന്റെ പ്രവർത്തന പുരോഗതി സംക്ഷിപ്ത രൂപത്തിൽ അനുബന്ധം -1* ആയി ചേർത്തിട്ടുണ്ട്.

<u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സമയബന്ധിത കർമ്മപദ്ധതിയാണ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. എല്ലാ കുട്ടികൾക്കും സൗജന്യവും സാർവ്വത്രികവുമായ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തണമെന്നാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ വിദ്യാഭ്യാസ ഇടപെടലുകളുടെ അടിസ്ഥാന സന്ദേശം. (സുസ്ഥിര വികസന ലക്ഷ്യം 4) ഇത് മുൻനിർത്തി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളുടെ സംക്ഷിപ്ത വിവരണം അനുബന്ധം -II* ആയി കൊടുത്തിട്ടുണ്ട്.

<u>ആർദ്രം മിഷൻ</u>

സർക്കാർ ആശുപത്രികളുടെ വിപുലീകരണം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, ജീവിതശൈലീ രോഗങ്ങളിൽനിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുക, നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം, ആരോഗ്യ സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെത്തട്ടിൽ നിന്നുതന്നെയുള്ള നിയന്ത്രണം എന്നിവയൊക്കെ കോർത്തിണക്കിക്കൊണ്ടാണ് ആർദ്രം മിഷൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടവർക്കും സാധാരണക്കാർക്കും സുഗമമായി ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനാണ് ആർദ്രം മിഷൻ മുഖ്യമായും ലക്ഷ്യമിടുന്നത്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ ആർജ്ജിക്കുവാനുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചാണ് നടപ്പിലാക്കിവരുന്നത്. കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും, താലൂക്ക് ജില്ലാതല ആശുപത്രികളുടെ പ്രവർത്തനങ്ങളും ഇതനുസരിച്ച് ശക്തിപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ സർക്കാർ തലത്തിലും വകുപ്പിന്റെ വിവിധ തലങ്ങളിലും ഇടയ്ക്കിടെ അവലോകനം നടത്തുകയും തുടർ നടപടികൾ സ്വീരിക്കുകയും ചെയ്യുന്നുണ്ട്.

ക്ഷയം, മലമ്പനി, മന്ത്, കുഷ്ഠം, എയ്ഡ്സ്, കാലാ അസർ എന്നീ രോഗങ്ങളുടെ നിവാരണമാണ് ലക്ഷ്യമിടുന്നത്. ഇതിനായി ആരംഭിച്ചിട്ടുള്ള ആർദ്രം മിഷന്റെ പ്രവർത്തനങ്ങളും നല്ല രീതിയിൽത്തന്നെ പുരോഗമിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ഈ ആറ് രോഗങ്ങളെയും നിവാരണം ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ നല്ല രീതിയിൽത്തന്നെ പുരോഗമിക്കുന്നുണ്ട്. (സുസ്ഥിര വികസന ലക്ഷ്യങ്ങൾ 1, 2, 3, 6)

(സി) <u>വ്യവസായം</u>

വ്യവസായ മേഖലയിൽ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകി വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിനുള്ള വിവിധ ക്ലിയറൻസുകൾ

ലഭ്യമാക്കുന്നതിന് K-Swift എന്ന ഓൺലൈൻ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. മികച്ച സംരംഭകരെ വളർത്തിയെടുത്ത് സംരംഭങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിലവരങ്ങൾ ഉണ്ടാക്കുന്നതിനായി കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ സംരംഭകത്വ ക്ലബ്ബുകൾ രൂപീകരിച്ച് സംരംഭകത്വ വികസന പരിശീലനം നൽകിവരുന്നു. നിക്ഷേപകരെ ആകർഷിക്കുന്നതിനായി നിക്ഷേപക സംഗമവും സംഘടിപ്പിക്കുന്നുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിൽ കേരളത്തിൽ നിലവിലുള്ള 39 വ്യവസായ എസ്റ്റേറ്റുകൾ/പ്ലോട്ടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി കൂടുതൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സൗകര്യം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. വ്യവസായ ഭൂമിയുടെ ദൗർബല്യം പരിഗണിച്ച് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് വ്യവസായ സംരംഭകരെ ആകർഷിക്കാനുള്ള പദ്ധതിയും നിലവിലുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനായി ഖാദി ഗ്രാമം എന്ന പദ്ധതിയും ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ വർക്ക് ഷെഡുകൾ പുനരുദ്ധരിക്കുകയും കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 8 നൂൽപ്പ് കേന്ദ്രങ്ങളും 15 നെയ്ത്ത് കേന്ദ്രങ്ങളും സ്ഥാപിച്ച് 3384 പേർക്ക് തൊഴിൽ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

<u>കൊച്ചി മെട്രോ</u>

കൊച്ചി മെട്രോയിൽ ഏകദേശം 500 ജീവനക്കാരെ പ്രത്യക്ഷമായും 1500 ജീവനക്കാരെ പരോക്ഷമായും വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് നിയമിക്കുകയും സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സ്ത്രീകളുടെ സ്വാശ്രയ സംഘടനയായ കുടുംബശ്രീ മിഷൻ വഴി മെട്രോ സ്റ്റേഷനുകളിലെ വിവിധ സേവനങ്ങളായ ടിക്കറ്റ് വിതരണം, അധിക യാത്രാക്കൂലി ഓഫീസ്, ഹൗസ് കീപ്പിംഗ്, തിരക്ക് നിയന്ത്രണം എന്നിവ ചെയ്യുന്നു. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കൊച്ചി നഗരത്തിനുവേണ്ടി ഒരു സംയോജിത ജലഗതാഗത സംവിധാനം വിഭാവനം ചെയ്യുകയും ആധുനികവും സുരക്ഷിതവുമായ ജലയാനങ്ങൾ, ജെട്ടികളിലേയ്ക്കുള്ള ഗതാഗത മാർഗ്ഗങ്ങൾ, പാർക്കിംഗ്, ആധുനിക ജെട്ടി സംവിധാനം, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം തുടങ്ങിയവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>റെയിൽ വികസനം</u>

കൂടാതെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി സുസ്ഥിര വികസനം ലക്ഷ്യമാക്കി കേരളത്തിന് അനുയോജ്യമായ റെയിൽ വികസന പദ്ധതികൾ തെരഞ്ഞെടുത്ത് നടത്തുന്നതിനായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി തിരുവനന്തപുരം ആസ്ഥാനമായി 2017 ജനുവരി 3-ാം തീയതി രജിസ്റ്റർ ചെയ്തു. പുതിയ പാതകൾ, റെയിൽവേ സ്റ്റേഷൻ പുന:വികസനം തുടങ്ങിയ പ്രവർത്തനങ്ങളാണ് കമ്പനിയുടെ മുഖ്യധാരയിലുള്ളത്. ഇത് പുതിയ തൊഴിൽ സാധ്യതകൾക്ക് വഴിയൊരുക്കുന്നുണ്ട്.

ഉൾനാടൻ ജലഗതാഗതം

സംസ്ഥാന ജലഗതാഗത വകുപ്പ്, സോളാർ ബോട്ട്, വേഗ (എ സി) ബോട്ട് എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷം സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. പഴയ തടി ബോട്ടിനുപകരം കൂടുതൽ സോളാർ ബോട്ടുകൾ സർവ്വീസ് തുടങ്ങിയതുവഴി ഡീസൽ ചെലവ് കുറയ്ക്കുന്നതിനും ജലഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാനും ഇതുവഴി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

ഏവിയേഷൻ

ഇതുനുപുറമെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടത്തുന്ന കേരളത്തിന്റെ ഒരു പ്രധാന വികസന പദ്ധതിയാണ്. 2018 ഡിസംബർ 9-ന് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ വിമാന സർവ്വീസുകൾ ആരംഭിച്ചു. ഇപ്പോൾ ദിനംപ്രതി 61 സർവ്വീസുകൾ വിമാനത്താവളത്തിൽനിന്നും നടക്കുന്നുണ്ട്. വിമാനത്താവളത്തിന്റെ വികസനത്തോടൊപ്പം മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം)

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിൽ സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും പുനരുദ്ധാരണവും പരിപാലനവും നടപ്പിലാക്കിവരുന്നു. 2016-2019 കാലയളവിൽ പ്ലാൻ ഫണ്ടിൽ നിന്നും നബാർഡ് ധനസഹായത്തോടുകൂടി 5871.03 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബിയിൽ നിന്നും 2016-2018 കാലയളവിൽ 135 റോഡ് പ്രവൃത്തികൾക്കായി 4910.24 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാംതന്നെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇതിലൂടെ സംസ്ഥാനത്ത് നിരവധി തൊഴിലവസരങ്ങൾ ലഭ്യമാകുന്നുണ്ട്. മേൽ പ്രവൃത്തികൾ പൂർത്തിയാകുന്നതിലൂടെ സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനവും അതിലൂടെ സാമ്പത്തിക വളർച്ചയും സാധ്യമാകുന്നതാണ്.

ദേശീയ പാത വികസനം

പൊതുമരാമത്ത് ദേശീയ പാത വിഭാഗത്തിന്റെ കീഴിൽ സംസ്ഥാനത്തെ ദേശീയപാതകളായ എൻ.എച്ച് 85, എൻ.എച്ച് 183, എൻ.എച്ച് 185, എൻ.എച്ച് 183 എ, എൻ.എച്ച് 744, എൻ.എച്ച് 966 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ നാലുവരിപ്പാതയായും എൻ.എച്ച് 66-ഉം എൻ.എച്ച് 544-ഉം സർവ്വീസ്

റോഡോട്ടുകൂടിയ 4/6 വരിപ്പാതയായും വികസിപ്പിക്കുവാനാണ് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത രീതിയിൽ ഇൻഫ്രാസ്ട്രക്ചർ വികസിപ്പിച്ച് കഴിഞ്ഞാൽ സംസ്ഥാനത്തെ ഗതാഗത സൗകര്യങ്ങൾ ഗണ്യമായി വർദ്ധിക്കുന്നതും തൊഴിൽ സംരംഭകർ പ്രസ്ഥാനങ്ങൾ തുടങ്ങുവാൻ മുന്നോട്ടുവരാനും തന്മൂലം തൊഴിൽ സാധ്യത വർദ്ധിക്കുവാനും സാധിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ)

ഈ സർക്കാരിന്റെ പുതിയ കാലം പുതിയ നിർമ്മാണം എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ നിരവധി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ബഡ്ജറ്റ് പദ്ധതികൾ മുഖേനയും കിഫ്ബി മുഖേനയും നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 68 പാലങ്ങൾക്കായി 1475 കോടി രൂപയും 8 ഫ്ലൈ ഓവറുകൾക്കായി 180 കോടി രൂപയും 4 അണ്ടർ പാസസേജുകൾക്കായി 40 കോടി രൂപയും അനുവദിച്ചിട്ടുള്ളതും 2017-18 സാമ്പത്തിക വർഷത്തിൽ 69 പാലങ്ങൾക്കും ഫ്ലൈ ഓവറുകൾക്കുമായി 2557 കോടി രൂപയും പ്രധാന പദ്ധതികൾക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളതും പ്രവൃത്തികൾ നടന്നുവരുന്നതുമാണ്. ബഡ്ജറ്റ് പദ്ധതികളിലൂടെ ഏകദേശം 136-ഓളം പ്രവൃത്തികളും നബാർഡ് പദ്ധതികളിലൂടെ 26 പദ്ധതികളുടെ പ്രവർത്തനങ്ങളും നടന്നുവരുന്നു. അപകടാവസ്ഥയിലുള്ള 162 പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും 208 പാലങ്ങൾ പുനരുദ്ധരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പത്തനാപുരത്തെ ഏനാത്ത് പാലത്തിനുണ്ടായ കേടുപാടും പ്രളയക്കെടുതി യുണ്ടാക്കിയ നാശനഷ്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി അപകടത്തിലായവ പുനർനിർമ്മിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതും വഴി സംസ്ഥാനം സമഗ്ര വികസനം കൈവരിക്കുന്നതാണ്. മേൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതുവഴി വളരെയധികം തൊഴിൽ സൗകര്യങ്ങൾ സംസ്ഥാനത്തിൽ സാധ്യമാകുന്നതാണ്. പുതിയതായി പാലങ്ങൾ നിർമ്മിക്കുന്നതിലൂടെ കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ വളരെ വലിയ വളർച്ചയാണ് ഉണ്ടാകുന്നത്. കായലുകളാലും നദികളാലും ഒറ്റപ്പെട്ടുകിടന്നിരുന്ന പല സ്ഥലങ്ങളിലും പാലങ്ങൾ നിർമ്മിക്കുന്നതിലൂടെ ആ പ്രദേശത്ത് ഗതാഗത സൗകര്യം വർദ്ധിക്കുകയും എല്ലാ മേഖലകളിലും വികസനം ഉണ്ടാവുകയും അതിലൂടെ തൊഴിൽ സൗകര്യങ്ങൾ വർദ്ധിക്കുകയും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയും സാധ്യമാകുന്നുണ്ട്.

കൂടാതെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറെയേറെ സർക്കാർ കെട്ടിടങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയുണ്ടായി.

പുതിയ തൊഴിലവസരങ്ങൾ(ഐ.ടി.ഐ.)

വിദഗ്ദ്ധ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിൽ 17 പുതിയ ഐ.ടി.ഐ.-കൾ ഈ സർക്കാരിന്റെ കാലയളവിൽ തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തനം ആരംഭിച്ചു. നിലവിലുണ്ടായിരുന്ന ഐ.ടി.ഐ.കളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി മികച്ച നിരവാരമുള്ള തൊഴിൽ പരിശീലനം നൽകുന്നതിനായി 12 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചു. തൊഴിൽ ലഭ്യത കുറവായ കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കി തൊഴിൽ സാധ്യത കൂടിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന നൈപുണ്യ വികസന മിഷൻ

കൂടാതെ മികച്ച തൊഴിൽ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന കെട്ടിട നിർമ്മാണ മേഖലയിൽ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) ഡിസൈൻ മേഖലയിൽ കൊല്ലം ജില്ലയിൽ ചന്ദനത്തോപ്പിൽ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) ഗ്രാമീണ മേഖലയിലെ യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനത്തിന് കൗശല കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ KASE-ഉം എംപ്ലോയ്മെന്റ് വകുപ്പുമായി ചേർന്ന് വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് കേന്ദ്രങ്ങൾ തുടങ്ങിയവ മുഖേനയും തൊഴിൽ പരിശീലനം നൽകിവരുന്നു.

വിനോദസഞ്ചാരം

വിനോദസഞ്ചാര രംഗത്തെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ (Responsible Tourism Mission) രൂപീകരിച്ചു. സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ ഉത്തരവാദിത്തങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ടൂറിസം മേഖലയുടെ ഉത്തരവാദിത്തപൂർണ്ണമായ വളർച്ച

ഉറപ്പാക്കുന്നതിനായി മിഷൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പ്രാദേശിക ജനസമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനാവശ്യമായ വിവിധ തൊഴിൽ പരിശീലനങ്ങളും അവബോധ ശിൽപ്പശാലകളും സംഘടിപ്പിക്കുകയും അവരെ ആ മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക എന്നത് ആർ.ടി. മിഷന്റെ പ്രധാന പ്രവർത്തനമാണ്. നിലവിൽ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയിൽ വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്ന പതിനയ്യായിരത്തിൽപ്പരം രജിസ്റ്റേർഡ് ആർ.ടി.മിഷൻ യൂണിറ്റുകൾ കേരളത്തിൽ ഒട്ടാകെ പ്രവർത്തിക്കുന്നു.

## സപ്ലൈകോ മാർക്കറ്റുകളിലെ വില

21 (*21) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഔട്ട് ലെറ്റുകളിൽ നിത്യോപയോഗസാധനങ്ങൾ ലഭ്യമല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) നിത്യോപയോഗസാധനങ്ങൾ നാമമാത്രം സ്റ്റോക്ക് ചെയ്യുകയും ബ്രാൻഡഡ് ഉല്പന്നങ്ങൾ മാത്രം വിൽക്കുകയും ചെയ്യുന്നതുമൂലം സാധാരണക്കാർക്ക് സപ്ലൈകോ ഔട്ട് ലെറ്റുകൾ പ്രയോജനപ്പെടാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ;

(സി) പ്രധാനപ്പെട്ട ഔട്ട് ലെറ്റുകളിൽ സാധനങ്ങൾ വിൽക്കുന്നത് ഓപ്പൺ മാർക്കറ്റിനേക്കാൾ കൂടിയ വിലയിലാണെന്ന പരാതിക്ക് പരിഹാരം കണ്ടെത്തുമോ; ഡീലർഷിപ്പ് പ്രൈസിനേക്കാൾ എത്ര ശതമാനം കമ്മീഷൻ ഈടാക്കിയാണ് ഔട്ട് ലെറ്റുകളിലൂടെ സാധനങ്ങൾ വിൽക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) മുൻസർക്കാരുകളുടെ കാലഘട്ടത്തിൽ, ഓപ്പൺ മാർക്കറ്റിലെ വിലയും സപ്ലൈകോ വിലയും തമ്മിൽ താരതമ്യം ചെയ്ത് പരസ്യം നൽകിയിരുന്ന രീതി പുനഃസ്ഥാപിക്കുമോ;

(ഇ) ശബരി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരപരിശോധന ഉറപ്പാക്കിയിട്ടുണ്ടോ; അവയ്ക്ക് ഡീലർഷിപ്പ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ചില സപ്ലൈകോ വിൽപ്പനശാലകളിൽ ചില സമയങ്ങളിൽ ഏതാനും നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ലാതെവന്നുവെങ്കിലും അടിയന്തരമായി സ്റ്റോക്ക് എത്തിച്ച് ദൗർലഭ്യം പരിഹരിച്ചിട്ടുണ്ട്.

(ബി) നിത്യോപയോഗ സാധനങ്ങൾ നാമമാത്രം സ്റ്റോക്ക് ചെയ്ത് മറ്റ് ഉൽപ്പന്നങ്ങൾ മാത്രം വിൽപ്പന നടത്തുക എന്ന സ്ഥിതി വിശേഷം ഉണ്ടായിട്ടില്ല. സബ്സിഡി നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്ത് വിപണിയിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുന്ന പ്രവർത്തനങ്ങൾക്കാണ് സപ്ലൈകോ പ്രാമുഖ്യം നൽകുന്നത്. സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിൽക്കുന്നത് മൂലമുണ്ടാകുന്ന ഭീമമായ നഷ്ടം ലഘൂകരിക്കുന്നതിന് സപ്ലൈകോ സ്വന്തം ബ്രാൻഡിലുള്ള ശബരി ഉൽപ്പന്നങ്ങളും ഇതര ബ്രാൻഡുകളുടെ വിവിധ ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നതുമൂലം സപ്ലൈകോയുടെ സബ്സിഡി നഷ്ടം ഒരു പരിധിവരെ നികത്തുന്നതിനും ഉപഭോക്താക്കൾക്ക് ആവശ്യമായ എല്ലാ ഉൽപ്പന്നങ്ങളും ലഭ്യമാക്കാൻ സാധിക്കുകയും ചെയ്യുന്നുണ്ട്.

(സി) സപ്ലൈകോ വിൽപ്പനശാലകൾ മുഖേന വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും ഓപ്പൺ മാർക്കറ്റിലേതിനെക്കാൾ വില കുറച്ചാണ് വിൽപ്പന നടത്തുന്നത്. അരിയും പ്രധാന പലവ്യഞ്ജനങ്ങളും സബ്സിഡി നിരക്കിലും എഫ്.എം.സി.ജി. ഇനങ്ങൾ MRP -യെക്കാൾ 5 മുതൽ 30 ശതമാനം വരെ കുറവിലുമാണ് വിറ്റുവരുന്നത്. സാധാരണയായി എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്ക് കൈകാര്യ ചെലവുകൾക്കും ലാഭത്തിനുമായി വാങ്ങൽ വിലയുടെ ഏകദേശം 8% മുതൽ 27% വരെയും ബ്രാന്റഡ് അരിക്ക് വാങ്ങൽ വിലയുടെ 20 ശതമാനവും (11% ഡിപ്പോ ഡെലിവറി, 9% ഔട്ട് ലെറ്റ് ഡെലിവറി) മാർജിൻ ഈടാക്കുന്നു.

(ഡി) മുൻ സർക്കാരുകളുടെ കാലഘട്ടത്തിൽ, ഓരോ മാസവും പുതുക്കി നിശ്ചയിക്കുന്ന സബ്സിഡി വില, അന്നേ ദിവസത്തെ പൊതുവിപണി വിലയുമായി താരതമത്യം ചെയ്താണ് ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നത്. അക്കാലയളവിൽ 3 മുതൽ 7 ലക്ഷം രൂപ വരെയാണ് പ്രമുഖ ദിനപ്പത്രങ്ങളിൽ മേൽപ്പറഞ്ഞ പരസ്യത്തിനായി ചെലവായിരുന്നത്. ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സബ്സിഡി വിൽപ്പന നിരക്കുകൾ വർദ്ധിപ്പിക്കാതെ നിലനിർത്തിയിരിക്കുന്നതിനാലും പരസ്യത്തിനായുള്ള വർദ്ധിച്ച ചെലവ് കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെയുമാണ് പ്രതിമാസ വില താരതമ്യപ്പട്ടിക പ്രസിദ്ധീകരിക്കുന്നത് ഒഴിവാക്കിയത്.

(ഇ) ഉണ്ട്. ശബരി ഉൽപ്പന്നങ്ങൾ CFRD/NABL (National Accreditation Board for Testing & Caliberation Laboratories) അംഗീകൃത ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ശബരി ഉൽപ്പന്നങ്ങൾ റാൻഡമായി ലാബിൽ അയച്ച് പരിശോധിക്കുകയും ചെയ്യുന്നു. ശബരി ചായപ്പൊടി പൊതു വിപണിയിൽ വിതരണം നടത്തുന്നതിന് സ്വകാര്യ ഡീലർമാരെ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും കാര്യമായ വിൽപ്പന ലഭിക്കാത്തതിനാൽ കൂടുതൽ ഡീലർമാരെ ഏർപ്പെടുത്താൻ ആവശ്യമായ പ്രാഥമിക നടപടികൾ എടുത്തുവരുന്നു. മറ്റ് ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന സ്വകാര്യ ഡീലർമാരെ ഏൽപ്പിക്കുന്നത് പരിഗണനയിലില്ല.

## പൊതുവിതരണ രംഗത്തെ സോഷ്യൽ ഓഡിറ്റിംഗ്

22 (*22) ശ്രീമതി യു. പ്രതിഭ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പൊതുവിതരണ രംഗത്ത് കൂടുതൽ സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിതരണം സംബന്ധിച്ച് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന പരാതികൾ രേഖപ്പെടുത്തുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ക്രമക്കേടുകളും അഴിമതിയും ഒഴിവാക്കുന്നതിന് പൊതുവിതരണ സമ്പ്രദായത്തെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇതിന്റെ ഭാഗമായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) പൊതു വിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിന് ശക്തമായ ഒരു പരിശോധനാ സംവിധാനം സെക്രട്ടേറിയറ്റ് തലത്തിലും വകുപ്പ് തലത്തിലുമുണ്ട്. പരിശോധനാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കെ.ആർ.ഒ. പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

റേഷനിംഗ് ഇൻസ്പെക്ടർമാർ അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരുതവണ പരിശോധിക്കുന്നതിനും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 7-1-2017-ലെ 1/17 സർക്കുലർ അനുസരിച്ച് റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പ് വരുത്തുന്നതിനും വീഴ്ചവരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുവിതരണ രംഗത്ത് കാതലായ മാറ്റങ്ങൾക്ക് വഴിതെളിച്ചുകൊണ്ട് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണം ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായുള്ള ടി നിയമം നടപ്പിൽ വന്നതോടുകൂടി പൊതുവിതരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമായി തീർന്നിട്ടുണ്ടെന്ന് കാണുന്നു. ഇതിന്റെ ഭാഗമായി കാർഡുടമകൾക്ക് അവരുടെ പ്രതിമാസ വിഹിതം സംബന്ധിക്കുന്ന അറിയിപ്പുകൾ എസ്.എം.എസ്. അലർട്ടായി നൽകി വരികയും ചെയ്യുന്നു.

(ബി) ഉണ്ട്.

(സി &ഡി) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 -ന്റെ പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിന് മുന്നോടിയായി പൈലറ്റ് പ്രോജക്ട് നടത്തുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസുമായി ധാരണയാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2019 ജൂണിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾ വഹിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും 9,40,005 രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി, ആദ്യ ഗഡുവായി 6,58,004 രൂപയും (70%) രണ്ടാം ഗഡുവായി 1,88,001 രൂപയും (20%) TISS-ന് നൽകിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി സോഷ്യൽ ആഡിറ്റിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകൾ

23 (*23) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡിനായി ലഭിച്ച പതിനഞ്ച് ലക്ഷത്തിലധികം അപേക്ഷകൾ തീർപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാ കാർഡുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടുള്ളതിനാൽ പുതിയ അപേക്ഷകരിൽ അർഹരായവർക്ക് മുൻഗണനാ കാർഡ് ലഭിക്കാൻ സാധ്യമാകാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ;

(സി) നിലവിൽ മുൻഗണനാ കാർഡുള്ളവരിലെ അനർഹരെ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) ഗോഡൗണുകളിൽനിന്നും ഭക്ഷ്യധാന്യം കരിഞ്ചന്തയിലേക്ക് കടത്തുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ;

(ഇ) ഗോഡൗണിൽനിന്ന് ഭക്ഷ്യധാന്യ ചോർച്ചയുണ്ടാകാതിരിക്കാനും വാതിൽപ്പടി വിതരണത്തിൽ കൃത്യമായ തൂക്കം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സംസ്ഥാനം മുഴുവൻ തയ്യാറാക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്തുകഴിഞ്ഞു. ഉടമസ്ഥർ കൈപ്പറ്റാതെ അവശേഷിച്ച ഇരുപതിനായിരത്തിലധികം കാർഡുകൾ വേണ്ടത്ര അറിയിപ്പുകൾ നൽകിയശേഷം ആർ.സി.എം.എസ്.-ൽ നിന്നും നീക്കം ചെയ്തുവരുന്നു.

പുതിയ റേഷൻ കാർഡ്, പേര് ചേർക്കൽ, പേര് കുറവ് ചെയ്യൽ, കാർഡ് ഒരു താലൂക്കിൽ നിന്നും മറ്റൊരു താലൂക്കിലേയ്ക്ക് മാറ്റൽ, തിരുത്തലുകൾ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുകയും ആയത് തീർപ്പാക്കി വിതരണം നടത്തിവരികയും ചെയ്യുന്നു. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി സംസ്ഥാനമൊട്ടാകെ ഇതുവരെ ആകെ ലഭിച്ച 26.68 ലക്ഷം അപേക്ഷകളിൽ 78872 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിക്കുകയും 25.19 ലക്ഷം അപേക്ഷകളിൽ (97.29%) തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ 23.47 ലക്ഷം റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ആകെ ലഭിച്ച അപേക്ഷകളിൽ 92% അപേക്ഷകളിൽ

തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിച്ച അപേക്ഷകളിൽ എത്രയും വേഗം തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിക്കുന്നത് 15480040 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/17/ഭ.പൊ.വി.വ പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻ കട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻ കാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡാറ്റായുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.

പരിശോധനയിൽ അർഹരായി കണ്ടെത്തിയ 3,71,952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽനിന്നും സീനിയോറിറ്റി അനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേയ്ക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റെടുത്ത് ഫീൽഡ് തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടംബങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഗോഡൗണിൽനിന്നും കരിഞ്ചന്തയിലേയ്ക്ക് ഭക്ഷ്യധാന്യം കടത്തുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ സർക്കാർ നിയോഗിച്ചിട്ടുള്ള സെക്രട്ടേറിയറ്റിലെ പരിശോധന സംഘം, വകുപ്പിലെ വിജിലൻസ് ഓഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ജില്ലാ സപ്ലൈ ആഫീസർമാർ, താലൂക്ക് സപ്ലൈ ആഫീസർമാർ എന്നിവർ കൃത്യമായ രീതിയിലുള്ള പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര താലൂക്കിലെ അമരവിള PDS ഡിപ്പോയിലും, (അമരവിള, കിടാരക്കുഴി, വഴിമുക്ക് ഗോഡൗണുകൾ) വർക്കല താലൂക്കിലെ PDS ഗോഡൗണിലും (ചാത്തമ്പാറ, കല്ലമ്പല്ലം ഗോഡൗണുകൾ) കോട്ടയം മേഖലയിൽ പത്തനംതിട്ട, ചങ്ങനാശ്ശേരി ഡിപ്പോയുടെ പരിധിയിലുള്ള NFSA ഗോഡൗണിലും, തൃശ്ശൂർ താലൂക്കിലെ ചിറ്റിശ്ശേരി ഗോഡൗണിലും തിരൂർ താലൂക്കിലെ PDS ഡിപ്പോയിലും, പാലക്കാട് താലൂക്കിൽ കൊടുന്തിരപ്പുള്ളി PDS ഡിപ്പോയിലും, സുൽത്താൻബത്തേരി ഡിപ്പോയിലും പരിശോധന നടത്തിയിട്ടുണ്ട്.

(ഇ) വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായ സപ്ലൈകോയ്ക്കാണ് ഇന്റർമീഡിയറി ഗോഡാണിന്റെ ചുമതല വഹിക്കുന്നത്. ഗോഡൗണിൽ നിന്നും ഭക്ഷ്യധാന്യ ചോർച്ച ഉണ്ടാകാതിരിക്കുവാൻ ഭക്ഷ്യധാന്യം എഫ്.സി.ഐ.യിൽ നിന്നും എൻ.എഫ്.എസ്.എ. ഗോഡൗണിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേയ്ക്കും എത്തിച്ച് നൽകുന്ന ലോറികളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ വെബ് ക്യാമറയും സി.സി.ടി.വി.-യും ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാതിൽപ്പടി വിതരണം നടത്തുമ്പോൾ റേഷൻ കടകളുടെ വാതിൽപ്പടിയിൽ കൃത്യമായി തൂക്കം ബോധ്യപ്പെടുത്തി നൽകണമെന്ന പുതിയ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും തൂക്കം ബോധ്യപ്പെടുത്തിയാണ് വാതിൽപ്പടി വിതരണം നടത്തിയതെന്ന് താലൂക്ക് സപ്ലൈ ആഫീസർ/സിറ്റി റേഷനിംഗ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഇനത്തിലുള്ള തുക പാസാക്കി നൽകാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വോട്ടർപ്പട്ടികയിൽ നിന്നും പേര് നീക്കിയ നടപടി

24 (*24) ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ലോകസഭ തിരഞ്ഞെടുപ്പിൽ കരട് വോട്ടർപ്പട്ടികയിൽ പേരുണ്ടായിരുന്ന പലരുടെയും പേരുകൾ അന്തിമ വോട്ടർപ്പട്ടികയിൽ നിന്നും നീക്കം ചെയ്തുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യു.ഡി.എഫ്. ആഭിമുഖ്യമുള്ള വോട്ടർമാരെ അനധികൃതമായി അന്തിമ വോട്ടർപ്പട്ടികയിൽ നിന്നും ഒഴിവാക്കിയെന്ന ആക്ഷേപത്തിൽ ഉദ്യോഗസ്ഥരുടെ നടപടിയെ സംബന്ധിച്ച് അന്വേഷിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ;

(സി) വോട്ടർപ്പട്ടികയിൽ നിന്നും പേര് നീക്കം ചെയ്യുമ്പോൾ ബന്ധപ്പെട്ട വോട്ടറെ രേഖാമൂലം അറിയിക്കണമെന്ന നിബന്ധന പാലിക്കപ്പെടാതെ പോയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) തിരഞ്ഞെടുപ്പ് അട്ടിമറിക്കുവാൻ ഗൂഢനീക്കം നടന്നതായുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) സമ്മതിദായക പട്ടികയിൽ പേര് ഉൾപ്പെടുത്തിയില്ല/നീക്കം ചെയ്തു തുടങ്ങിയവ ഉന്നയിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി-ഡി) സമ്മതിദായക പട്ടികയിൽ നിന്നും പേര് നീക്കം ചെയ്യപ്പെട്ടു എന്ന ആക്ഷേപങ്ങൾ ചീഫ് ഇലക്ടറൽ ഓഫീസർ പരിശോധിച്ചുവരികയാണ്. പേര് നീക്കം ചെയ്യപ്പെടുന്നതിനുമുമ്പ് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ യെന്ന് പരിശോധനയ്ക്കുശേഷം മാത്രമേ കണ്ടെത്തുവാനും, ഉചിതമായ നടപടി സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## പൊതു ആരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതിന് നടപടി

25 (*25) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ ഏകോപിത പ്രവർത്തനം പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് തടയുന്നതിൽ സമ്പൂർണ്ണവിജയം കൈവരിച്ചതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവർത്തനം മാതൃകയായി സ്വീകരിച്ച് മാലിന്യ നിർമ്മാർജ്ജനത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം ശക്തിപ്പെടുത്താൻ സാധിക്കുമോ;

(സി) കാലാവസ്ഥ പ്രതികൂലമായിരുന്നിട്ടും കഴിഞ്ഞ വർഷം തൊട്ട് മുൻവർഷത്തെ അപേക്ഷിച്ച് ജലജന്യ-കൊതുകുജന്യ പകർച്ചവ്യാധികൾ കുറയ്ക്കാൻ സാധിച്ചിരുന്നോ;

(ഡി) ആരോഗ്യ ജാഗ്രത പദ്ധതി കാര്യക്ഷമമായി തുടരാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പൊതു ആരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) സാധിക്കുന്നതാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് മേയ് മാസത്തിൽ ആരംഭിച്ച 'ആരോഗ്യസുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം' എന്ന പരിപാടി ആരോഗ്യ വകുപ്പിന്റെ പകർച്ചവ്യാധി നിയന്ത്രണ പരിപാടിയായ ആരോഗ്യ ജാഗ്രതയുമായി ബന്ധപ്പെടുത്തിയാണ് നടത്തുന്നത്.

(സി) കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ആരോഗ്യ പരിരക്ഷയ്ക്കായി പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുംവേണ്ടിയുള്ള വാർഷിക കർമ്മപദ്ധതി പ്രവർത്തന കലണ്ടർ അടക്കം തയ്യാറാക്കി സമയബന്ധിതമായി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. 2018-ൽ ആരോഗ്യ ജാഗ്രത എന്ന പേരിൽ നടപ്പിലാക്കിയ ഈ പരിപാടി 2019-ലും തുടർന്നുവരുന്നു.

പകർച്ചവ്യാധികളുടെ സാമൂഹിക പാരിസ്ഥിതിക നിർണ്ണയ ഘടകങ്ങളായ മാലിന്യ നിർമ്മാർജ്ജനം, ശുദ്ധജല വിതരണം, കൊതുകുനിവാരണം തുടങ്ങിയവ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു. യൂണൈറ്റഡ്നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി മലമ്പനി, മന്ത് രോഗം, ക്ഷയരോഗം, കുഷ്ഠരോഗം, കാലാഅസർ, എയ്ഡ്സ് തുടങ്ങിയവ നിവാരണം ചെയ്യുവാനും ജലജന്യരോഗങ്ങൾ കുറയ്ക്കുവാനുമുള്ള പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാരം നടന്നുവരുന്നു. ഐ.ഡി.എസ്.പി/എൻ.വി.ബി.ഡി.സി.പി. സംവിധാന ത്തിലൂടെയുള്ള പകർച്ചവ്യാധി നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ, ഇതര സംസ്ഥാന തൊഴിലാളി വാസസ്ഥലങ്ങൾ, ആദിവാസി മേഖലകൾ ഉൾപ്പെടെയുള്ള പിന്നോക്ക മേഖലകളിൽ കൊതുകുജന്യ, ജലജന്യ, ജന്തുജന്യ, വായുജന്യ രോഗങ്ങൾക്കെതിരെയുള്ള രോഗപരിശോധനയും നിയന്ത്രണ പ്രവർത്തനങ്ങളും കൂടാതെ പൊതുജനാരോഗ്യ നിയമപ്രകാരമുള്ള പരിശോധന (ഹെൽത്തി കേരള) ബോധവൽക്കരണം, ശീലവൽക്കരണ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ, പബ്ലിക് ഹെൽത്ത് ലാബുകൾ ഉൾപ്പെടെയുള്ള എല്ലാ ഗവൺമെന്റ് ലബോറട്ടറികളുടെയും ഓട്ടോമേഷൻ ഉൾപ്പെടെയുള്ള പരിശോധനാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന് പ്രധാനപ്പെട്ട ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി/ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി അത്യാഹിത വിഭാഗം ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനാരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതിന് വിവിധ സർക്കാർ ആശുപത്രികളിൽ ട്രോമോ കെയർ ഉൾപ്പെടെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്താനും മറ്റ് അത്യാഹിതങ്ങളായ Heart attack, pulmonary edema, acute severe asthmas, snake bite, poisoning, drowning എന്നിവ കൈകാര്യം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കിഡ്നി രോഗികൾക്കുവേണ്ടി കേരളത്തിലെ 84 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രാഥമികാരോഗ്യ സംവിധാനങ്ങളുടെ ശാക്തീകരണം, പ്രതിരോധം, റീഹാബിലിറ്റേറ്റീവ് പാലിയേറ്റീവ് പരിചരണങ്ങളുടെ ശാക്തീകരണം, മാതൃശിശു ആരോഗ്യ സംവിധാനങ്ങളുടെ ശാക്തീകരണം, കൂടുതൽ സ്ഥാപനങ്ങളിൽ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തൽ, പി.എം.ആർ&ലിംബ് ഫിറ്റിംഗ് യൂണിറ്റ് എന്നിവയുടെ ശാക്തീകരണം എന്നിവയും നടത്തിവരുന്നു.

## ഓപ്പറേഷൻ തണ്ടർ-വിജിലൻസ് പരിശോധന

26 (*26) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾ സുരക്ഷിതമായും കൃത്യമായും കൈകാര്യം ചെയ്യുന്നില്ലെന്ന ആരോപണങ്ങൾ ശരിവയ്ക്കുന്ന തരത്തിലാണോ പരിശോധനയിലെ കണ്ടെത്തലുകൾ എന്ന് അറിയിക്കാമോ;

(സി) ഓപ്പറേഷൻ തണ്ടർ റെയ്ഡിൽ കണ്ടെത്തിയ നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; ക്രിമിനൽ ഗുണ്ടാമാഫിയാ സംഘങ്ങളുമായി പോലീസ് ഒത്തുകളിക്കുന്നത് തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) പോലീസ് സ്റ്റേഷനുകളിൽ കഞ്ചാവും പണവും പൊന്നും അനധികൃതമായി സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) കേസോ രേഖയോ ഇല്ലാതെ സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നശിക്കാതിരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(എഫ്) കേസന്വേഷണങ്ങളിൽ ധന,ജാതി,മത,സാമുദായിക പരിഗണനകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) സ്റ്റേഷനുകളിൽ പരാതി രജിസ്റ്റർ ചെയ്യുന്നുണ്ടോയെന്നും കൈപ്പറ്റ് രസീത് നല്കുന്നുണ്ടോയെന്നും പരാതികൾ കൃത്യമായും സുരക്ഷിതമായും സൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ:

(എ) നടത്തിയിട്ടുണ്ട്. 'ഓപ്പറേഷൻ തണ്ടർ' എന്ന പേരിൽ സംസ്ഥാന വ്യാപകമായി 19 പോലീസ് ജില്ലകളിലെ 54 പോലീസ് സ്റ്റേഷനുകളിൽ 22-1-2019-ൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി വിവിധ തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾ കൃത്യമായി രേഖപ്പെടുത്തി നടപടികൾ സ്വീകരിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ 27-8-2012-ലെ 23/2012 നമ്പർ സർക്കുലർ പാലിക്കാതെ സംസ്ഥാനത്തെ ചില പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന മുഴുവൻ പരാതികളും രേഖപ്പെടുത്താതെയും എല്ലാ പരാതിക്കാർക്കും രസീത് നൽകാതെയുമിരിക്കുന്നതായി മിന്നൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) ഓപ്പറേഷൻ തണ്ടർ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ നിയമ ലംഘനങ്ങൾ, ക്രമക്കേടുകൾ തുടങ്ങിയവ തടയുന്നതിനായി വിജിലൻസ് നൽകിയ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളിൽ കൈക്കൊള്ളേണ്ടതായ നാല് നിർദ്ദേശങ്ങൾ ആഭ്യന്തര വകുപ്പിന് നൽകിയിരുന്നു. അത് ചുവടെ ചേർക്കുന്ന പ്രകാരമാണ് :

1. പോലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന എല്ലാ പരാതികൾക്കും പരാതി ലഭിച്ചാലുടൻ തന്നെ കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. എല്ലാ പരാതി വിവരങ്ങളും ബന്ധപ്പെട്ട രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. പരാതിയിൽ സ്വീകരിച്ച നടപടി വിവരം സമയബന്ധിതമായിത്തന്നെ പരാതിക്കാരൻ/പരാതിക്കാരിയെ അറിയിക്കേണ്ടതാണ്.

2. എല്ലാ പോലീസ് സ്റ്റേഷനുകളിലും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും, ഡ്യൂട്ടിയിലുള്ളവർ കൈവശമുള്ള തുക കൃത്യമായും വ്യക്തമായും രേഖപ്പെടുത്തേണ്ടതുമാണ്.

3. പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ, മറ്റ് വസ്തുക്കൾ എന്നിവയെല്ലാം വ്യക്തമായും കൃത്യമായും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അവ ഫൈൻ വസൂലാക്കി വിട്ടുനൽകുക/നിലവിലെ നിയമമനുസരിച്ചുള്ള ഡിസ്പോസൽ എന്നിവ സമയബന്ധിതമായി ചെയ്യേണ്ടതാണ്.

4. കോടതികളുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അതോടൊപ്പം, മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് അവയുടെ തീവ്രതയനുസരിച്ച് ബന്ധപ്പെട്ട പോലീസ് ഓഫീസർമാരിൽ നിന്നും വിശദീകരണം വാങ്ങി അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട എസ്.പി./കമ്മീഷണർ എന്നിവർക്ക് കർശന നിർദ്ദേശം നൽകാൻ ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതേത്തുടർന്ന് ബന്ധപ്പെട്ട ഓഫീസർമാരിൽ നിന്ന് വിശദീകരണം വാങ്ങി അഭിപ്രായം സഹിതം സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിയോട് ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) കണ്ടെത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാന പോലീസ് മേധാവിയുടെ 3-8-2013-ലെ 23/2013-ാം നമ്പർ സർക്കുലറിന് വിപരീതമായി ചില പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങൾ തരംതിരിച്ച് സൂക്ഷിക്കാതെയും രേഖകളിൽപ്പെടുത്താതെയും സൂക്ഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) കേസ് അന്വേഷണങ്ങളിൽ ധന, ജാതി, മത, സാമുദായിക പരിഗണനകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ആയത് പരിഹരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ

27 (*27) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. മുകേഷ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മ്യൂസിയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) മ്യൂസിയങ്ങളെ തീമാറ്റിക് മ്യൂസിയം എന്ന നൂതന സങ്കല്പത്തിലേയ്ക്ക് പരിവർത്തനപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) മ്യൂസിയങ്ങളെ ആധുനിക മ്യൂസിയം സങ്കൽപ്പങ്ങൾക്ക് അനുസൃതമായി നവീകരിക്കുന്നതിനും രൂപപ്പെടുത്തുന്നിനും അതുവഴി പുതുതലമുറയിൽ പൈതൃക അവബോധം വളർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പുരാവസ്തു, മ്യൂസിയം വകുപ്പുകൾക്ക് കീഴിലുള്ള നിലവിലെ മ്യൂസിയങ്ങളെ അന്താരാഷ്ട്ര നിവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി വിശദമായ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. സാംസ്കാരിക വകുപ്പിന്റെ നിർവ്വഹണ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി മുഖാന്തരമാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. നവീന സാങ്കേതിക വിദ്യ ഉപയോഗിച്ച് നമ്മുടെ നാടിന്റെ പ്രൗഢമായ പാരമ്പര്യവും പൈതൃകവും സ്വദേശികൾക്കും വിദേശികൾക്കും ഒരേപോലെ അനുഭവവേദ്യമാക്കുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. സാമൂഹിക മാധ്യമ രംഗത്തെ വകുപ്പിന്റെ മ്യൂസിയങ്ങളെക്കുറിച്ചും സ്മാരകങ്ങളെക്കുറിച്ചും പ്രചാരണം നടത്തുന്നതിന്റെ ഭാഗമായി പുരാവസ്തു വകുപ്പിന്റെ യു.ട്യൂബ് ചാനൽ മ്യൂസിയങ്ങളുടെ സവിശേഷതകൾ വ്യക്തമാക്കുന്ന വീഡിയോ ചിത്രങ്ങൾ അപ് ലോഡ് ചെയ്തിട്ടുണ്ട്. പഴയ രീതിയിലുള്ള പ്രദർശന സംവിധാനങ്ങൾ ഒഴിവാക്കി സന്ദർശകർക്ക് നേരിട്ട് ഇടപെടാനും സംവദിക്കുവാനും കഴിയുംവിധമുള്ള സാങ്കേതിക വിദ്യയിൽ ഊന്നിയുള്ള നവീകരണ പ്രക്രിയകളാണ് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്. ഈ പ്രക്രിയയുടെ ആദ്യഘട്ടം പൂർത്തീകരണത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്. 2020-ഓടുകൂടി പുരാവസ്തുവകുപ്പിന്റെ മ്യൂസിയങ്ങൾ ഒരു നവീന കാഴ്ചപ്പാടിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുള്ള ഊർജ്ജിത ഇടപെടലുകൾ നടത്തിവരികയാണ്.

സംസ്ഥാനത്തെ മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2011-ൽ 'ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള' എന്ന സ്ഥാപനത്തിന് കേരള സർക്കാർ രൂപം നൽകുകയുണ്ടായി. തുടർന്ന് പ്രസ്തുത സ്ഥാപനത്തിനെ മ്യൂസിയങ്ങൾ സജ്ജീകരിക്കുകയും നിലവിലുള്ള മ്യൂസിയങ്ങൾ നവീകരിക്കുയും ചെയ്യുന്ന പദ്ധതികൾക്കായുള്ള നോഡൽ ഏജൻസിയായി സാംസ്കാരിക വകുപ്പ് പ്രഖ്യാപിച്ചു. അതനുസരിച്ച് സംസ്ഥാന ഫണ്ടും കേന്ദ്ര-സംസ്ഥാന സംയുക്ത ഫണ്ടും വിനിയോഗിച്ചുകൊണ്ട് നിലവിലുള്ള മ്യൂസിയങ്ങളുടെ നവീകരണ പ്രവർത്തനങ്ങളും പുതിയ മ്യൂസിയങ്ങളുടെ സജ്ജീകരണ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. മ്യൂസിയം രംഗത്ത് സമീപകാലത്ത് ഉണ്ടായിട്ടുള്ള നവ സാങ്കേതിക വിദ്യകളും പ്രദർശന തന്ത്രങ്ങളും ഏകോപിപ്പിച്ചുകൊണ്ടുള്ള പദ്ധതികളാണ് പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നത്. ഇന്ത്യയിൽ മ്യൂസിയം രംഗത്ത്

പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ദ്ധന്മാരുടെ സേവനം ഏകോപിപ്പിക്കുന്ന ഒരു കോമൺ പ്ലാറ്റ്ഫോമായി കേരള മ്യൂസിയം പ്രവർത്തിക്കുന്നു. ആധുനിക മ്യൂസിയം സങ്കൽപ്പങ്ങൾക്കനുസരിച്ച് അന്തർദ്ദേശീയ നിലവാരത്തിൽ പാലക്കാട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

മ്യൂസിയം വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയത്തിൽ ലോകോത്തര നിലവാരത്തിൽ നവീകരണ പ്രവൃത്തികൾ നടത്തിവരുന്നു.

തിരുവനന്തപുരം നേപ്പിയർ മ്യൂസിയം അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി നേപ്പിയർ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തികൾക്കും പ്രദർശന സംവിധാനം ആധുനികവൽക്കരിക്കുന്നതിനുമായി സർക്കാർ നോഡൽ ഏജൻസിയായ കേരള മ്യൂസിയം മുഖേന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാർ ധനസഹായം ലഭ്യമാക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തിവരുന്നു.

വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ നിർമ്മാണം പൂർത്തീകരിച്ച് വരുന്ന പൈതൃക മ്യൂസിയത്തിലെ പ്രദർശന സംവിധാനം അന്തർദ്ദേശീയ നിലവാരത്തിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ശ്രീചിത്ര ആർട്ട് ഗ്യാലറി അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിച്ച പെയിന്റിംഗുകൾ പ്രദർശിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ച് കഴിഞ്ഞു. ഇതിന്റെ ആദ്യ പടിയായി സർക്കാർ തലത്തിൽ യോഗങ്ങൾ ചേരുകയും ശ്രീ രാജാരവിവർമ്മയുടെയും മറ്റ് പ്രശസ്ത ചിത്രകാരന്മാരുടെയും പെയിന്റിംഗുകൾ കൺസർവേഷൻ നടത്തി സംരക്ഷിക്കുന്നതിന് തീരുമാനിക്കുകയും നിലവിലുള്ള സ്ഥലത്ത് പുതിയ ഒരു അനുബന്ധ കെട്ടിടംകൂടി നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) നമ്മുടെ മ്യൂസിയങ്ങളെല്ലാംതന്നെ പരമ്പരാഗത മ്യൂസിയം സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ സജ്ജീകരിക്കപ്പെട്ടവയാണ്. മ്യൂസിയങ്ങൾ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്ന പുത്തൻ സങ്കൽപ്പത്തിനനുസരിച്ച് മ്യൂസിയങ്ങൾക്ക് ഒരു പ്രമേയം ഉണ്ടാകണമെന്നും പ്രത്യേക സന്ദേശങ്ങൾ സന്ദർശകർക്ക് നൽകുവാൻ ഉതകണമെന്നുമുള്ള ആശയമാണ് തീമാറ്റിക് മ്യൂസിയം ഉൾക്കൊള്ളുന്നത്. അതിനായി പരമ്പരാഗത മ്യൂസിയങ്ങൾ പുനഃസജ്ജീകരണം നടത്തുമ്പോഴും പുതിയ മ്യൂസിയം തയ്യാറാക്കുമ്പോഴും മ്യൂസിയത്തിന്റെ പ്രമേയത്തിന്

പ്രധാന്യം നല്കുകയും ആ പ്രമേയത്തിന്മേൽ സജ്ജീകരിക്കുന്ന ഗ്യാലറികൾക്കായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ചെയ്യുന്ന രീതിയാണ് കേരളം മ്യൂസിയം സ്വീകരിച്ചുവരുന്നത്. വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിക്കുന്ന പുരാവസ്തു മ്യൂസിയങ്ങളിൽ തൃശ്ശൂരിലെ ചെമ്പുകാവിലുള്ള കൊല്ലംകോട് മ്യൂസിയവും നെടുമങ്ങാട് കോയിക്കൽ കൊട്ടാരവും തീമാറ്റിക് മ്യൂസിയമാക്കി മാറ്റിയിട്ടുണ്ട്. ഹിൽപ്പാലസ് മ്യൂസിയം കോഴിക്കോട്, പഴശ്ശിരാജാ മ്യൂസിയം എന്നീ മ്യൂസിയങ്ങൾ തീമാറ്റിക് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വടകര കുഞ്ഞാലി മരയ്ക്കാർ മ്യൂസിയം തീമാറ്റിക് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എറണാകുളം ബാസ്റ്റ്യൻ ബംഗ്ലാവിൽ സജ്ജീകരിക്കുന്ന എറണാകുളം ജില്ലാ പൈതൃക മ്യൂസിയവും പാലക്കാട് മണി അയ്യർ മ്യൂസിയത്തിൽ സജ്ജീകരിക്കുന്ന പാലക്കാട് ജില്ലാ പൈതൃക മ്യൂസിയവുമാണ് ഇത്തരത്തിൽ വകുപ്പ് സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്ന മറ്റ് മ്യൂസിയങ്ങൾ. കൊച്ചിയുടെ ഉത്ഭവവും പൈതൃകവും ഇതിന്റെ വളർച്ചയും പ്രദർശിപ്പിക്കുന്നതരത്തിലാണ് എറണാകുളം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കപ്പെടുന്നത്. കൂടാതെ പയ്യന്നൂരിൽ സ്ഥാപിക്കാൻ പോകുന്ന ഗാന്ധിസ്മൃതി മ്യൂസിയം മഹാത്മാജിയുടെ പയ്യന്നൂർ സന്ദർശനം, ഉപ്പുസത്യാഗ്രം എന്നിവയുമായി ബന്ധപ്പെട്ട ഒരു തീമാറ്റിക് മ്യൂസിയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പത്തനംതിട്ട ജില്ലയിലെ കോന്നിയിലും ഇടുക്കിയിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ ചെമ്പന്തൊടിയിൽ ബിഷപ്പ് വള്ളോപ്പള്ളി സ്മാരക കുടിയേറ്റ മ്യൂസിയം നിർമ്മാണം പുരോഗമിക്കുന്നു.

മ്യൂസിയം വകുപ്പിന് കീഴിൽ മഹാനായ എ.കെ.ജി.യുടെ ജന്മനാടായ കണ്ണൂരിലെ പെരളശ്ശേരിയിൽ എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ ഉത്തര മലബാറിലെ അനുഷ്ഠാന കലയായ തെയ്യത്തിന്റെ ചരിത്രവും വൈവിധ്യവും ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ ഒരു തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂരിലെ കൈത്തറി വ്യവസായത്തിന്റെ മഹിമയും ചരിത്രവും പാരമ്പര്യവും വിളിച്ചോതുന്ന പ്രദർശന സംവിധാനം സജ്ജീകരിച്ചുകൊണ്ട് കണ്ണൂർ നഗരത്തിൽ പ്രവർത്തിച്ചുവരുന്ന ഹാന്റ് ലൂമിന്റെ പുരാതന കെട്ടിടം ശാസ്ത്രീയ സംരക്ഷണം

നടത്തി അവിടെ മ്യൂസിയം വകുപ്പിന് കീഴിൽ പുതുതായി ഒരു കൈത്തറി മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിൽ നിലനിന്നിരുന്ന സാമൂഹികവും സാമ്പത്തികവും ലിംഗപരവുമായ അസമത്വങ്ങൾക്കും അനാചാരങ്ങൾക്കും അനീതികൾക്കുമെതിരെ നടന്ന ഐതിഹാസിക പോരാട്ടങ്ങളെയും നവോത്ഥാന മുന്നേറ്റങ്ങളെയും അതുവഴി ഇന്നത്തെ കേരള സൃഷ്ടിയിലേയ്ക്ക് നയിച്ച നവോത്ഥാന നായകരേയും ചരിത്ര സംഭവങ്ങളെയും പ്രസ്ഥാനങ്ങളെയും അടയാളപ്പെടുത്തുംവിധം അതുസംബന്ധിച്ച രേഖകൾ, ചരിത്ര വസ്തുതകൾ, പിന്നിട്ട വഴികൾ, നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു മ്യൂസിയം-നവോത്ഥാന മ്യൂസിയം എന്ന പേരിൽ തിരുവനന്തപുരം ജില്ലയിൽ സ്ഥാപിക്കുമെന്ന് ബഹു. ഗവർണറുടെ ഈ വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തിലും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതുവഴി പുതുതലമുറയ്ക്ക് നമ്മുടെ നവോത്ഥാന മുന്നേറ്റങ്ങളെക്കുറിച്ചും അതിന് നേതൃത്വം നൽകിയവരെക്കുറിച്ചുമുള്ള അവബോധം പകർന്നുനൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ പ്രാരംഭ നടപടികൾക്കായി മ്യൂസിയം വകുപ്പിന്റെ "2205-00-107-90" എന്ന പുതിയ പദ്ധതി ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) കേരളത്തിലെ ഓരോ ജില്ലകളുടെയും തനതായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും അത് വരും തലമുറയ്ക്ക് കൈമാറുന്നതിലേയ്ക്കുമായി കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ 2012-13 സാമ്പത്തിക വർഷത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ, ഇടുക്കി, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

ജില്ല തിരിച്ചുള്ള പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പുരോഗതി താഴെകൊടുക്കുന്നു:

<u>തിരുവനന്തപുരം ജില്ലാ പൈതൃക മ്യൂസിയം</u>

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തിരുവനന്തപുരം ശ്രീപാദം കൊട്ടാരം ജില്ലാ പൈതൃക മ്യൂസിയമാക്കി സജ്ജീകരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്. മ്യൂസിയത്തിന്റെ ഘടനാപരമായ സംരക്ഷണ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്ന് മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടെയും പ്രദർശന വസ്തുക്കളുടെയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. 2019 ഡിസംബറിൽ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## എറണാകുളം ജില്ലാ പൈതൃക മ്യൂസിയം

എറണാകുളം ഫോർട്ട് കൊച്ചിയിലുള്ള ബാസ്റ്റ്യൻ ബംഗ്ലാവ് ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി മ്യൂസിയം സ്ഥാപിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ഘടനാപരമായ സംരക്ഷണ ജോലികൾ സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്ന് മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടെയും പ്രദർശന വസ്തുക്കളുടെയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. 2019 ഡിസംബറിൽ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം

തൃശ്ശൂർ ജില്ലയിലെ ചെമ്പൂക്കാവിൽ തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ പൂർത്തിയാക്കുകയും 22-6-2018-ന് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

## പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം

പാലക്കാട് ജില്ലാ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും പുരാവസ്തു വകുപ്പിന് പാട്ടത്തിന് നൽകിയിട്ടുള്ളതുമായ കൽപ്പാത്തിയിലെ മണി അയ്യർ ആഡിറ്റോറിയമാണ് പാലക്കാട് ജില്ലാ പൈതൃക മ്യൂസിയമായി പരിഗണിക്കുന്നത്. മ്യൂസിയത്തിൽ പ്രദർശിപ്പിക്കേണ്ട പ്രദർശന വസ്തുക്കൾ ശേഖരിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ട്. തുടർന്ന് മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടെയും പ്രദർശന വസ്തുക്കളുടെയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2020 ഫെബ്രുവരിയോടുകൂടി പ്രവൃത്തികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം

കേരള വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കോന്നി ആനത്താവളത്തിലാണ് പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത്. മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിനുവേണ്ട പ്രദർശന വസ്തുക്കളുടെ സമാഹരണം, പ്രാദേശിക തലത്തിലുള്ള സ്കൂളുകളുടെയും കോളേജുകളുടെയും സഹകരണത്തോടെ പൂർത്തിയാക്കുന്നതാണ്. എന്നാൽ നിലവിലുള്ള കെട്ടിടത്തിൽ പുരാവസ്തുക്കൾ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം കുറവായതിനാൽ വനം വകുപ്പിന്റെ കൈവശമുള്ള വലിയ ഹാൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം</u>

മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്ന തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി കെട്ടിടത്തിൽ നിലവിൽ താലൂക്കാഫീസ് പ്രവർത്തിച്ചുവരികയാണ്. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

<u>ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം</u>

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും 99 വർഷത്തേയ്ക്ക് വകുപ്പിന് പാട്ടത്തിന് കൈമാറിയിട്ടുള്ളതുമായ കെട്ടിടത്തിലാണ് ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത്. മ്യൂസിയത്തിൽ പ്രദർശിപ്പിക്കേണ്ട പ്രദർശന വസ്തുക്കൾ ശേഖരിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ട്. 2019 സെപ്റ്റംബറോടുകൂടി പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>വയനാട് ജില്ലാ പൈതൃക മ്യൂസിയം</u>

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ പഴശ്ശികുടീരം പ്രോജക്ടിലാണ് വയനാട് ജില്ലാ പൈതൃക മ്യൂസിയം സജ്ജീരിക്കുന്നത്. മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

ഉത്തര മലബാറിലെ വയനാടൻ മണ്ണിൽ ചരിത്രമുറങ്ങുന്ന പ്രസിദ്ധനായ വീര കേരളവർമ്മ പഴശ്ശിരാജയുടെ സ്വന്തം തട്ടകത്തിൽ വന സമ്പത്തിന്റെയും പൈതൃക സ്വത്തിന്റെയും അവകാശികളായ ഗോത്ര സമൂഹത്തിന്റെ നേർക്കാഴ്ച വിളിച്ചോതുന്ന ഒരു പൈതൃക മ്യൂസിയം, മ്യൂസിയം വകുപ്പിന് കീഴിൽ വയനാട് കുങ്കിച്ചിറയിൽ സ്ഥാപിച്ച് നിർമ്മാണം ആദ്യഘട്ടം പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**അന്ത്യോദയ അന്നയോജന പദ്ധതി**

28 (*28) <u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം എത്രയാണെന്നും ഈ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ യാണെന്നും വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം അരി, ഗോതമ്പ് എന്നീ ഭക്ഷ്യ ധാന്യങ്ങളാണ് ഉപഭോക്താക്കൾക്ക് സൗജന്യമായി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

(ബി) പ്രതിമാസം 17757.49 മെ.ടൺ അരിയും 3095.475 മെ. ടൺ ഗോതമ്പുമുൾപ്പെടെ 20852.965 മെ.ടൺ ഭക്ഷ്യ ധാന്യങ്ങളാണ് പദ്ധതി നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി ലഭ്യമാകുന്നത്. ഇതുപയോഗിച്ച് പ്രതിമാസം 30 കിലോഗ്രാം അരിയും 5 കിലോഗ്രാം ഗോതമ്പും വീതം ടി വിഭാഗത്തിലെ ഓരോ കാർഡിനും നൽകിവരുന്നുണ്ട്. ഈ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് കി.ഗ്രാമിന് 3 രൂപ നിരക്കിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന അരിയും കി.ഗ്രാമിന് 2 രൂപ നിരക്കിൽ ലഭിക്കുന്ന ഗോതമ്പും സംസ്ഥാന സർക്കാർ എ.എ.വൈ വിഭാഗത്തിന് സൗജന്യമായാണ് നൽകി വരുന്നത്. പ്രസ്തുതയിനത്തിൽ 5.95 കോടി രൂപ സർക്കാർ പ്രതിമാസം ചെലവഴിക്കുന്നുണ്ട്. വാതിൽപ്പടി വിതരണം നടത്തുന്ന സപ്ലൈകോയ്ക്ക് കടത്തുകൂലിയിനത്തിൽ ചെലവാകുന്ന തുകയും റേഷൻ വ്യാപാരികൾക്ക് ക്വിന്റലിന് 180-220 രൂപ നിരക്കിലുള്ള കമ്മീഷനും നൽകിവരുന്നു.

(സി) കേന്ദ്ര സർക്കാർ 25-12-2000-ൽ ആരംഭിച്ച അന്ത്യോദയ അന്നയോജന (എ.എ.വൈ) പദ്ധതിയിൽ താഴെപ്പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത് :

1. സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗ ബാധിതരോ അംഗവൈകല്യമുള്ളവരോ 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ

2. എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും ഇത് കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത

വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## ആയുഷ് കോൺക്ലേവ്

29 (*29) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഫെബ്രുവരിയിൽ നടത്തിയ ആയുഷ് കോൺക്ലേവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ആയുഷ് കോൺക്ലേവിൽ എന്തൊക്കെ പരിപാടികളാണ് നടന്നതെന്നും അവ ആയുഷ് ചികിത്സാ വിഭാഗങ്ങളുടെ പുരോഗതിക്ക് ഏതൊക്കെ തരത്തിൽ ഗുണകരമാകുമെന്നും വ്യക്തമാക്കുമോ;

(സി) ആയുഷ് ഹെൽത്ത് ബസാറിന്റെ പ്രവർത്തനം വിശദമാക്കുമോ; ഔഷധ നിർമ്മാതാക്കൾക്ക് അവരുടെ മാർക്കറ്റ് വിപുലപ്പെടുത്തുന്നതിന് ഇത് ഏതൊക്കെ തരത്തിൽ സഹായകരമാകും എന്ന് അറിയിക്കുമോ;

(ഡി) ആയുഷ് കോൺക്ലേവിൽ മെച്ചപ്പെട്ട പൊതുജനാരോഗ്യ പ്രോജക്ടുകൾ പരിശോധിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും അവസരം ഒരുക്കിയിരുന്നോ എന്ന് വെളിപ്പെടുത്താമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) 2019 ഫെബ്രുവരിയിൽ നടത്തിയ ആയുഷ് കോൺക്ലേവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ ശാസ്ത്രീയ അടിത്തറ വിപുലപ്പെടുത്തുകയും അവയെ ലോകസമക്ഷം പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.

2. ആയുഷ് ചികിത്സാ സമ്പ്രദായങ്ങളിൽ അധിഷ്ഠിതമായ വെൽനെസ് ടൂറിസം മേഖലയിൽ കേരളത്തെ ഒന്നാമതായി അടയാളപ്പെടുത്തുകയും ഈ മേഖലയിലെ വിദഗ്ധരെ കേരളത്തിന് പരിചയപ്പെടുത്തുകയും നമ്മുടെ വൈവിദ്ധ്യമാർന്ന മാനവ വിഭവശേഷി ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുകയും ചെയ്യുക.

3. ആയുർവ്വേദം, യോഗ, പ്രകൃതിചികിത്സ, യൂനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയുടെ വിവിധ സ്പെഷ്യാലിറ്റി ചികിത്സാരീതികൾ ലോകമെങ്ങും പരിചയപ്പെടുത്തുക.

4. ശാസ്ത്ര സാങ്കേതിക വ്യാവസായിക മേഖലയിലെ പുതിയ കണ്ടെത്തലുകൾ ആയുഷ് മേഖലയ്ക്ക് മനസ്സിലാക്കാനും സ്വാംശീകരിക്കാനും അവസരം ഒരുക്കുക.

5. അന്താരാഷ്ട്ര മേഖലയിലെ പ്രമുഖ സ്ഥാപനങ്ങളും സംരംഭകരുമായി കേരളത്തിലെ ആയുഷ് മേഖലയ്ക്ക് പരസ്പര സഹകരണത്തിനുള്ള അവസരം സൃഷ്ടിക്കുക.

6. ആയുഷ് ഉൽപ്പന്നങ്ങൾ, ചികിത്സാ രീതികൾ, ചികിത്സകൾ എന്നിവയുടെ ഗുണനിലവാരം ഉയർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

7. പൊതുജനാരോഗ്യ മേഖലയിൽ ഏറ്റവും ജനകീയവും ചെലവ് കുറഞ്ഞതും തദ്ദേശീയവുമായ വൈദ്യ സമ്പ്രദായങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കേരള ആരോഗ്യ മാതൃകയെ ശക്തിപ്പെടുത്തുക.

8. ആയുഷ് അധിഷ്ഠിതമായ ചർച്ചകളിലൂടെ ആരോഗ്യ മേഖലയിലെ നയരൂപീകരണ യത്നങ്ങളെ സമ്പുഷ്ടമാക്കുക.

(ബി) ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ആയുഷ് ഹെൽത്ത് ബസാർ ഇന്റർനാഷണൽ ആയുഷ് കോൺക്ലേവിലെ ബിസിനസ് മീറ്റിന്റെ ഭാഗമായിരുന്നു. ഹെർബൽ ബസാർ, ആയുഷ് ഹെൽത്ത് ട്രാവൽ ബസാർ എന്നിവയായിരുന്നു അതിന്റെ ഘടകങ്ങൾ. ഹെർബൽ ബസാറിലൽ ഔഷധ നിർമ്മാതാക്കൾക്ക് അവരുടെ മാർക്കറ്റ് വിപുലപ്പെടുത്തുന്നതിന് സഹായകമായി അന്താരാഷ്ട്രതലത്തിലുള്ള വിൽപ്പന ക്കാരുടെയും വാങ്ങുന്നവരുടെയും അന്യോന്യമുള്ള ചർച്ചകളും ലോക വിപണിയിൽ വിവിധ രാജ്യങ്ങളിലേയ്ക്ക് ഔഷധ/ആയുഷ് അധിഷ്ഠിത ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് അവതരണങ്ങളും ഉണ്ടായിരുന്നു. ഹെൽത്ത് ബസാറിൽ പങ്കെടുത്ത ഔഷധ നിർമ്മാതാക്കൾക്ക് ദേശീയ അന്തർദ്ദേശീയ മാർക്കറ്റിനെ പരിചയപ്പെടാനുള്ള അവസരങ്ങളും വിദേശ ബിസിനസ് പ്രതിനിധികളുമായി ചർച്ചകൾക്ക് അവസരം ഒരുക്കിയിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ആയുഷ് മേഖലയിലെ മികച്ച പൊതുജനാരോഗ്യ തദ്ദേശസ്വയംഭരണ സ്ഥാപന പ്രോജക്ടുകൾ പരിശോധിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി എൽ.എസ്.ജി. ലീഡേഴ്സ് മീറ്റ് എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചിരുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ മേഖലയിലെ സ്ഥാപന മേധാവികളുടെ സാന്നിധ്യത്തിലാണ് തെരഞ്ഞെടുക്കപ്പെട്ട പ്രോജക്ടുകളുടെ അവതരണം നടന്നത്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കപ്പെട്ട പ്രോജക്ടുകളാണ് അവതരിപ്പിക്കപ്പെട്ടത്. പ്രസ്തുത പ്രോജക്ടുകൾ പുസ്തക രൂപത്തിൽ ആയുഷ് കോൺക്ലേവിന്റെ ഭാഗമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സാഹയകരമാകും വിധമാണ് പരിപാടി നടന്നത്.

**ആരോഗ്യ രംഗത്തെ ജാഗ്രത**

30 (*30) ശ്രീ. എം. ഉമ്മർ :

ശ്രീ. എൻ. ഷംസുദ്ദീൻ :

ഡോ. എം. കെ. മുനീർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആരോഗ്യ ജാഗ്രത എന്ന പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആരോഗ്യരംഗത്ത് കൂടുതൽ ജാഗ്രത പുലർത്തുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണത്തിനായി 'ആരോഗ്യ ജാഗ്രത്' എന്ന പേരിൽ പ്രതിദിനം പ്രതിരോധനത്തിനായി ഒരു കർമ്മ പദ്ധതി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ടി പ്രവർത്തനങ്ങൾ ബഹു.മുഖ്യമന്ത്രി, ബഹു. ആരോഗ്യ വകുപ്പുമന്ത്രി, അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ അവലോകനം ചെയ്യുകയും ഓരോ വകുപ്പും സ്വീരിക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആരോഗ്യ ജാഗ്രതയ്ക്കായുള്ള പ്രവർത്തന രൂപരേഖ, പ്രവർത്തന

കലണ്ടർ, വിവിധ വകുപ്പുകളുടെ ചുമതലകൾ, പ്രധാന പകർച്ചവ്യാധികളുടെ ഹോട്ട്സ്പോട്ടുകൾ, ജലദൗർലഭ്യ പ്രദേശങ്ങൾ, വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങൾ, തദ്ദേശീയ മലമ്പനി ബാധിത പ്രദേശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി കൈപ്പുസ്തകം തയ്യാറാക്കി. ആരോഗ്യ ശുചിത്വ സമിതികൾ പുനഃസംഘടിപ്പിക്കുകയും യോഗം കൂടുകയും ചെയ്തു. അതോടൊപ്പം കൊതുകുറവിട നശീകരണ ക്യാമ്പയിനും ജലസ്രോതസ്സുകളുടെ ക്ലോറിനേഷൻ ഉറപ്പുവരുത്തുന്ന ജലശക്തി ക്യാമ്പയിനും നടത്തുകയും ചെയ്തു. കൂടാതെ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി ബോധവത്കരണവും നടത്തി.

മലമ്പനി, മന്ത്, കുഷ്ഠം, ക്ഷയം, കാലാഅസർ, വയറിളക്ക രോഗം, എലിപ്പനി, എച്ച്1 എൻ1, കുരങ്ങുപനി, ജപ്പാൻ ജ്വരം തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് ആരോഗ്യവകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്. 2018-ൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് പകർച്ചവ്യാധികളുടെ തോത് ഗണ്യമായി കുറയ്ക്കുവാനായത് 2018-ൽ നടത്തിയ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങളുടെ വിജയമായി കണക്കാക്കാവുന്നതാണ്. എന്നിരുന്നാലും അപ്രതീക്ഷിതമായി ഉണ്ടായ നിപാ രോഗബാധയും പ്രളയ ദുരന്തവുംമൂലം വിലപ്പെട്ട കുറെ ജീവനുകൾ നമുക്ക് നഷ്ടമായിട്ടുണ്ട്. ഈ വർഷവും പല പകർച്ച വ്യാധികളുടെയും നിരക്ക് മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവായിട്ടാണ് കാണുന്നത്.

(സി) 24-1-2019-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം നടത്തി. ജനുവരി-ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഫെബ്രുവരി 4-ന് രോഗപ്രതിരോധ യജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നടത്തി. തുടർന്ന് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്ഘാടനവും ആരോഗ്യ സന്ദേശയാത്രകളും സംഘടിപ്പിച്ചു. കീടനാശിനികളും കുത്താടി നാശിനികളും വിതരണം ചെയ്തു. ആരോഗ്യ പ്രവർത്തകർക്കും ഡോക്ടർമാർക്കുമുള്ള ക്ലാസുകൾ നൽകി. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും പങ്കാളിത്തത്തോടെ രണ്ടാമത് നടന്ന വകുപ്പുതല ഏകോപനയോഗം ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. തുടർന്ന് ജില്ലകളുടെ ചാർജ്ജുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ ഇത്തരം യോഗങ്ങൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. നിയോജകമണ്ഡലാടിസ്ഥാനത്തിലും തദ്ദേശ സ്ഥാപന തലത്തിലും വാർഡ് തലത്തിലുമൊക്കെ ഇതോടനുബന്ധിച്ച്

യോഗങ്ങൾ നടത്തുകയും ആരോഗ്യ സേനയിൽ കൂടുതൽ പേരെ ചേർത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. മേയ് 9-ന് ബഹു. ആരോഗ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ സർവ്വൈലൻസ് ഓഫീസർമാരുടെയും മെഡിക്കൽ കോളേജ് പീഡ് സെൽ (PEID Cell) ഡോക്ടർമാരുടെയും യോഗം നടത്തി. മേയ് 10-ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലകളിലെ ഹെൽത്ത് സൂപ്പർവൈസർമാർ, പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർ വൈസർമാരുമായി സൂപ്പർവൈസറി വീഡിയോ കോൺഫറൻസ് നടത്തി. മെയ് 11, 12 തീയതികളിൽ എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും സന്നദ്ധ പ്രവർത്തകരുടെയും പൊതു ജനങ്ങളുടെയും സഹകരണത്തോടെ ശുചീകരണ കൊതുകുറവിട നശീകരണ ക്യാമ്പയിൻ നടപ്പിലാക്കി. മേയ് 16-21 വരെ കൊതുകിന്റെ ഉറവിട നശീകരണ ക്യാമ്പയിൻ നടപ്പിലാക്കി. തദ്ദേശസ്വയംഭരണ വകുപ്പ് ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി മേയ് മാസത്തിൽ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം" എന്ന സർക്കുലർ നൽകുകയും ചെയ്തു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാഥമികാരോഗ്യ കേന്ദ്രത്തിലും നടത്തുന്ന പ്രതിവാര ഐ.ഡി.എസ്.പി. യോഗങ്ങളിൽ പകർച്ചവ്യാധി വിവരങ്ങളും രോഗ നിയന്ത്രണ പ്രവർത്തനങ്ങളും ആരോഗ്യ ജാഗ്രതയുടെ പുരോഗതിയും അവലോകനം ചെയ്തുവരുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## കേരള പുനർനിർമ്മാണ പദ്ധതി

1 (1) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. കെ. ബാബു :

ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിസൗഹൃദവും അതിജീവനശേഷിയുമുള്ള നിർമ്മാണത്തിലൂന്നുന്ന കേരള പുനർനിർമ്മാണപദ്ധതി (റീബിൽഡ് കേരള)യുടെ പുരോഗതി അറിയിക്കാമോ;

(ബി) കേന്ദ്രസർക്കാരിന്റെയും മറ്റു ചില കേന്ദ്രങ്ങളുടെയും രാഷ്ട്രീയ പക്ഷപാതപരമായ ഇടപെടലുകൾ പുനർനിർമ്മാണ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉപജീവനം സുസാധ്യമാക്കുന്ന തരത്തിൽ ആവിഷ്കരിക്കുന്ന വിവിധ പുനരധിവാസ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ വേണ്ട മേൽനോട്ടസംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്നതാണ് പുനർനിർമ്മാണത്തിന്റെ ലക്ഷ്യം അതിജീവനക്ഷമമായ പാരിസ്ഥിതിക ഇടപെടലുകളിലൂടെ സംസ്ഥാനത്തിന്റെ പരിസ്ഥിതിമേഖലയ്ക്കുണ്ടായ തകർച്ച പരിഹരിക്കേണ്ടത് ദുരന്തസാധ്യത കുറയ്ക്കുന്നതിനും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും അത്യാവശ്യമാണ്. സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള സമഗ്രരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP)-യിൽ പരിസ്ഥിതി സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള പദ്ധതികളാണ് നടപ്പാക്കുകയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത രേഖയിലെ പരിസ്ഥിതിയും കാലാവസ്ഥാ മാറ്റവും എന്ന അധ്യായത്തിൽ കേരള പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് വരുത്തേണ്ട നയപരവും സ്ഥാപനപരവും നിക്ഷേപപരവുമായ ഇടപെടലുകൾ നിർദ്ദേശിക്കുന്നു. ലോകബാങ്കിൽനിന്നും ജർമ്മൻ ബാങ്കായ KfW-ൽ നിന്നും ലോൺ എടുക്കുന്നതിന് സമ്മതപത്രം ഒപ്പുവയ്ക്കുന്നതിന് സർക്കാർ അനുമതി നൽകി.

(ബി) പ്രളയത്തെത്തുടർന്ന് തകർന്ന അടിസ്ഥാന സൗകര്യങ്ങൾ, വീട്, മറ്റ് ജീവനോപാധികൾ എന്നിവയുടെ അടിയന്തര പുനഃസ്ഥാപനം സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിഞ്ഞ മേഖലകളാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒഴുകിയെത്തിയ സഹായങ്ങളും കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായവും സംസ്ഥാന ബഡ്ജറ്റിലെ പദ്ധതി തുകയുടെ പുനഃക്രമീകരണവും കൊണ്ട് സമാഹരിക്കാനായ തുകകളും ഇക്കാര്യം ഒരു പരിധി വരെ സാധ്യമാക്കിയിട്ടുണ്ട്. സാധ്യമായ എല്ലാ സ്രോതസ്സുകളിൽനിന്നും ലഭ്യമാകുന്ന സഹായം സ്വീകരിച്ചുകൊണ്ട് പ്രളയത്തിൽ തകർന്ന കേരളത്തെ കൂടുതൽ കാര്യക്ഷമവും പ്രകൃതിസൗഹൃദവും ദുരന്തത്തെ അതിജീവിക്കാൻ കഴിയുന്നതുമായ തരത്തിൽ പുനർനിർമ്മിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) പ്രകൃതി ദുരന്തങ്ങളിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്ന ജനവിഭാഗങ്ങളുടെ, പ്രത്യേകിച്ച് നിരാലംബരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായവരുടെ, ഉപജീവനം ഉറപ്പ് വരുത്തുന്നതിനുതകും രീതിയിൽ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്ന പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കാൻ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) വിഭാവനം ചെയ്യുന്നു.

(ഡി) ഏർപ്പെടുത്തിയിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ഏറ്റെടുക്കുന്ന പദ്ധതികൾ വിശദമായ പദ്ധതി രേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) വിഭാവനം ചെയ്യുന്നു.

**നവകേരള നിർമ്മാണം പദ്ധതി**

2 (3) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പദ്ധതിയുടെ വിശദമായ രൂപരേഖ തയാറാക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണെന്നും പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഏതെങ്കിലും ദേശീയ/അന്തർദ്ദേശീയ ഏജൻസികൾ ധനസഹായം പ്രഖ്യാപിച്ചതായി രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഇതിനോടകം എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനത്തിന്റെ ഫലമായി നവകേരള നിർമ്മാണം പദ്ധതിക്ക് എന്തെല്ലാം സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നവകേരളം എന്ന ലക്ഷ്യത്തിലൂന്നി ആരംഭിച്ച കേരള പുനർനിർമ്മാണ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. സംസ്ഥാനത്ത് പ്രളയാനന്തര

പുനർനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള സമഗ്രരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) യിൽ പരിസ്ഥിതി സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. ലോകബാങ്കിന്റെ വികസന നയവായ്പ ലഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. വരാനിരിക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി RKI സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട്.

(ബി) റീബിൽഡ് കേരള പുനർനിർമ്മാണ പരിപാടിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പദ്ധതികളുടെ വിശദമായ രൂപരേഖ പൂർത്തിയായിട്ടില്ല. പദ്ധതി രൂപരേഖകൾ അതാത് വകുപ്പുകൾ തയ്യാറാക്കിവരുന്നു.

(സി) ഉണ്ട്. കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമൻ ബാങ്കായ KfW ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നത് സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) പദ്ധതികൾക്ക് അന്തിമരൂപമായിട്ടില്ല. ആയതിനാൽ പദ്ധതി കൾക്കായി ഇതുവരെ പണം ചെലവഴിച്ചിട്ടില്ല.

(ഇ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചർച്ചകൾ പുരോഗമിക്കുന്നു.

## നവകേരള സൃഷ്ടിക്കായി അഭിപ്രായ സ്വരൂപണം

3 (4) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സൃഷ്ടിക്കായി ഏതെല്ലാം മേഖലകളിൽ നിന്നുള്ള പ്രശസ്ത വ്യക്തികളുടെയും സംഘടനകളുടെയും അഭിപ്രായം ക്രോഡീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ പുനർനിർമ്മാണം എന്ന ആശയം നടപ്പിലാക്കുന്നതിന് ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) നവകേരള സൃഷ്ടി എന്ന ആശയം നടപ്പാക്കുന്നതിന് സാമൂഹ്യ മാധ്യമങ്ങൾ വഴി ഏതെങ്കിലും തരത്തിലുള്ള അഭിപ്രായ സ്വരൂപണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തന പദ്ധതിയായ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Program, RKDP) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേക്ക് വഴികാട്ടുന്ന മാർഗരേഖയാണ് RKDP. ഇത്തരത്തിലുള്ള പുനർനിർമ്മാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ട് കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP-യിൽ ഉൾപ്പെടുന്നു. വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റ് ഭീഷണികൾ എന്നിവ പരിഗണിച്ചുള്ള ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ള കേരള പുനർനിർമ്മാണത്തിന് കരുത്തേകുന്നതാണ് RKDP. അതിജീവനക്ഷമതയുള്ള വികസനത്തിന്റെ പുതിയ വഴിത്താരയിലൂടെ ഒരു നവകേരള സൃഷ്ടിയാണ് RKDP യിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പ്രളയ ദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട് ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് RKDP ലക്ഷ്യമിടുന്നത്. വിവിധ വകുപ്പുകളുടെ അദ്ധ്യക്ഷൻമാരുടെയും അവയുടെ വിവിധ ഏജൻസികളുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധരുടെയും ലോകബാങ്ക് ഉദ്യോഗസ്ഥരുടെയും കൂട്ടായ ചർച്ചകൾക്കുശേഷമാണ് RKDP യുടെ പ്രാഥമിക കരടിന് രൂപം നൽകിയത്. അതിനുശേഷം പൊതുജനങ്ങളിൽനിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനായി പ്രസ്തുത കരട് സർക്കാർ വെബ് സൈറ്റിലും റീബിൽഡ് കേരളയുടെ സൈറ്റിലും പ്രസിദ്ധീകരിക്കുകയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടുന്ന ഉപദേശക സമിതിക്ക് മുൻപാകെ പരിഗണനയ്ക്കായും അഭിപ്രായങ്ങൾക്കായും സമർപ്പിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐക്യരാഷ്ട്ര സഭയുടെ വിവിധ ഏജൻസികളുടെ സഹകരണത്തോടെ RKDP-യുമായി ബന്ധപ്പെട്ട മേഖലകളിലെ വിഷയ വിദഗ്ധർ,

ഉദ്യോഗസ്ഥർ, ആസൂത്രണ ബോർഡിൽ നിന്നുള്ള വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി 2019 മാർച്ചിൽ സെക്ടറൽ ശിൽപശാലകൾ സംഘടിപ്പിക്കുകയും RKDP-യിൽ കൂട്ടിച്ചേർക്കേണ്ടവ ചർച്ച ചെയ്യുകയും ചെയ്തു. ഈ ശിൽപശാലകളിൽനിന്നും പൊതുജനങ്ങളിൽനിന്നും ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും RKDP-യിൽ കൂട്ടിച്ചേർക്കുന്നതുമായി ബന്ധപ്പെട്ട് 24-3-2019-ൽ വീണ്ടും ഒരു ശിൽപശാല (workshop) സംഘടിപ്പിച്ചു. ഇപ്രകാരം പൊതുജനങ്ങളിൽനിന്നും വിഷയ വിദഗ്ദ്ധരിൽനിന്നും അഭിപ്രായ സ്വരൂപണം നടത്തി തയ്യാറാക്കിയ RKDP-യുടെ അന്തിമ കരടിന് 22-5-2019-ന് മന്ത്രിസഭ അംഗീകാരം നൽകുകയും ചെയ്തു.

## ദേശസാൽകൃത, സ്വകാര്യ ബാങ്കുകളിന്മേൽ നിയന്ത്രണം

4 (5) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത ബാങ്കുകളിൽ നിന്നും വാണിജ്യ ബാങ്കുകളിൽ നിന്നും, വായ്പയെടുത്ത് കുടിശ്ശികയായവരെ പ്രസ്തുത ബാങ്കുകൾ തിരിച്ചടവിന്റെ പേരിൽ സമ്മർദ്ദത്തിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തുവാൻ കഴിയുമോ;

(സി) വായ്പ എടുക്കുന്നവരിൽ നിന്നും സ്വകാര്യ ബാങ്കുകൾ യാതൊരു നിയന്ത്രണവുമില്ലാതെ പലിശ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്താൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ്. പ്രസ്തുത ബാങ്കുകളിലെ ഇടപാടുകൾ സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽപ്പെടുന്ന കാര്യമല്ല. റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ബാങ്കുകളുടെ നിയമാനുസൃത പ്രവൃത്തികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയിലെ പ്രശ്നങ്ങളിൽ സംസ്ഥാനതല ബാങ്കിംഗ് സമിതി/ജില്ലാതല ബാങ്കിംഗ് സമിതിയിൽ സർക്കാർ നിലപാട് അറിയിക്കുകയും

റിക്കവറി പോലുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുമ്പ് എല്ലാ സാധ്യതകളും പരിശോധിക്കണമെന്ന് നിരന്തരം ആവശ്യപ്പെടാറുമുണ്ട്.

(സി & ഡി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് കേരള സർക്കാർ 2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ആക്ട് നിലവിലുണ്ട്.

**അടിയന്തരാവസ്ഥ കാലത്ത് പീഡനം നേരിട്ടവർക്ക് സഹായം**

5 (6) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തരാവസ്ഥ കാലത്ത് ഒളിവിലും ജയിലിലുമായി പീഡനം നേരിട്ടവർക്ക് പെൻഷനും വൈദ്യസഹായവും നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച വിവരശേഖരണം നടത്തുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 1975-1977 കാലത്ത് രാജ്യത്ത് നിലനിന്നിരുന്ന ആഭ്യന്തര അടിയന്തരാവസ്ഥയിൽ ഒളിവിലും ജയിലിലുമായി പീഡനം നേരിട്ടവർക്ക് പെൻഷനും മറ്റ് ചികിത്സാ ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. അപേക്ഷകൾ കണക്കിലെടുത്ത് വിവരങ്ങൾ ജില്ലാ തലത്തിൽ ലഭ്യമാക്കുവാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ഭരണമികവിനുള്ള അംഗീകാരം**

6 (7) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം, ഓഖി, നിപ തുടങ്ങിയ ദുരന്തങ്ങൾ സംസ്ഥാനത്തെ പലവിധത്തിൽ പ്രതികൂലമായി ബാധിച്ചുവെങ്കിലും അവയെല്ലാം ഫലപ്രദമായി നേരിട്ട് നാടിന്റെ വികസനവും ക്ഷേമവും ഉറപ്പാക്കുന്നതിന് എന്തെല്ലാം കാര്യക്ഷമമായ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഐക്യരാഷ്ട്രസഭയുടെയും നീതി ആയോഗിന്റെയും പഠനത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് സംസ്ഥാനം ഒന്നാമത് എത്തിയതെന്ന് അറിയിക്കാമോ;

(ഡി) ക്രമസമാധാന രംഗത്തെ ഭരണമികവിന് കേരളത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. 2018-ൽ ഐക്യരാഷ്ട്ര സഭയുടെയും ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണത്തോടെ നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിരവികസന ലക്ഷ്യ സൂചികയിൽ (SDG ഇന്ത്യ ഇൻഡക്സ്-2018) കേരളത്തിന് ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. പതിനേഴ് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പതിമൂന്ന് ലക്ഷ്യങ്ങളുമായി (12, 13, 14, 17 ലക്ഷ്യങ്ങളൊഴികെ) ബന്ധപ്പെട്ട മുൻഗണന സൂചികകളുടെ അടിസ്ഥാനത്തിലാണ് എസ്.ഡി.ജി. ഇന്ത്യ ഇൻഡക്സ് 2018 തയ്യാറാക്കിയിട്ടുള്ളത്.

(സി) 17 സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ നല്ല ആരോഗ്യവും ക്ഷേമവും (ലക്ഷ്യം-3), ഗുണമേന്മയുള്ള വിദ്യാഭ്യാസം (ലക്ഷ്യം-4), ലിംഗ സമത്വം (ലക്ഷ്യം-5) എന്നിവയിലാണ് കേരളം ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുന്നത്.

(ഡി) ഉണ്ട്. ക്രമസമാധാന രംഗത്തെ ഭരണമികവിന് കേരളത്തിന് ചുവടെ ചേർക്കുന്ന അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട് :

1. UMI (Urban Mobility India) Award - 2017 for excellence in Urban Transport, SKOCH Governance Award - 2018, DSCI Award (Data Security Council of India) 2017 എന്നീ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.
2. സൈബർ സെക്യൂരിറ്റി വിഭാഗത്തിൽ 2018-ലെ FICCI Smart Policing Award കേരള പോലീസ് സേനയുടെ ഭാഗമായി സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്. കൂടാതെ Security Watch India (SWI) Innovation and Excellence Award 2016-ൽ "Innovative use of Technology in Cyber Security" എന്ന വിഭാഗത്തിലും സൈബർ ഡോമിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. ക്രമസമാധാന പാലനത്തിനുള്ള ഇന്ത്യ ടുഡേ പുരസ്കാരം.

4. സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ റിപ്പോർട്ട് പ്രകാരം അഴിമതി കുറവുള്ള സംസ്ഥാനം.

5. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം വർഗ്ഗീയ കലാപം ഏറ്റവും കുറവുള്ള സംസ്ഥാനം.

6. കേരള പോലീസിന്റെ ജനമൈത്രി പദ്ധതിക്ക് ഫൗണ്ടേഷൻ ഫോർ റിസർച്ച് എന്ന സ്ഥാപനം പ്രസിദ്ധീകരിക്കുന്ന ജേണൽ 'കോപ്സ് ടുഡെ ഇന്റർനാഷണൽ' ഏർപ്പെടുത്തിയ പോലീസ് എക്സലൻസ് അവാർഡ്.

7. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനും ഉൾപ്പെടുന്നു.

8. കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിന് ഐ.എസ്.ഒ. 9001:2015 പദവി പ്രഖ്യാപനം.

9. സൈബർ കുറ്റാന്വേഷണ മേഖലയിലെ മികവിന് ദേശീയ തലത്തിൽ കേരള പോലീസിന് അവാർഡ് ലഭിക്കുകയുണ്ടായി.

10. റോഡ് സുരക്ഷിതത്വ പരിശ്രമത്തിന് - ട്രാഫിക് സുരക്ഷിതത്വത്തിനുള്ള സോഫ്റ്റ് പദ്ധതി (കേന്ദ്ര നഗരകാര്യ വകുപ്പ്)

11. കേരള പോലീസിന്റെ സ്റ്റുഡന്റ് കേഡറ്റ് പ്രോജക്ട് രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണപ്രദേശങ്ങളിലും നടപ്പിലാക്കാനുള്ള തീരുമാനം.

12. സ്ത്രീ സുരക്ഷ ഉറപ്പാക്കിയതിൽ രണ്ടാം സ്ഥാനം (പ്ലാൻ ഇന്ത്യ)

13. ബ്ലൂവെയിൽ ഗെയിം ഭീഷണിയുടെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടിക്ക് കേന്ദ്രത്തിന്റെ പ്രശംസ.

14. എറണാകുളം റൂറൽ ജില്ലയിൽ പാസ്പോർട്ട് അപേക്ഷയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രാലയത്തിൽ നിന്നും ഈ വിഭാഗത്തിൽ ഏറ്റവും വേഗതയിലും പൂർണ്ണമായും ശരാശരി രണ്ട് ദിവസത്തിനുള്ളിൽ വെരിഫിക്കേഷൻ പൂർത്തിയാക്കി രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തിയതിന് എറണാകുളം റൂറൽ ജില്ലയ്ക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്.

15. 2016 നവംബറിൽ ഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർ നാഷണൽ ട്രേഡ് ഫെയറിൽ (ഡിജിറ്റൽ ഇന്ത്യ തീം) കേരള പവലിയൻ ഗോൾഡ് മെഡൽ കരസ്ഥമാക്കി. അതിൽ കേരള പോലീസ് പവലിയൻ Best Exhibitor അവാർഡിന് അർഹമായി.

16. 2016 ഡിസംബറിൽ നടന്ന അറുപതാമത് ദേശീയ പോലീസ് ഡ്യൂട്ടി മീറ്റിൽ കേരള പോലീസ് സേനയിൽപ്പെട്ടവർ കമ്പ്യൂട്ടർ പരിജ്ഞാന വിഭാഗത്തിൽ മെഡലുകൾ കരസ്ഥമാക്കി.

17. സി.സി.റ്റി.എൻ.എസ്. പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2018-ൽ (സി.സി.റ്റി.എൻ.എസ്. ബെസ്റ്റ് പ്രാക്ടീസ്, സക്സസ് സ്റ്റോറി എന്നീ വിഭാഗത്തിൽ) കേരള പോലീസിലെ നാല് ഉദ്യോഗസ്ഥർക്ക് എം.എച്ച്.എ./ എൻ.സി.ആർ.ബി. പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## കേരള പുനർനിർമ്മാണ പദ്ധതി

7 (8) ശ്രീ. എം. ഉമ്മർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനു ശേഷം സംസ്ഥാന പുനർനിർമ്മിതിക്കായി രൂപം നൽകിയ കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) യുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച ആർ.കെ.ഐ. സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ആർ.കെ.ഐ. സെക്രട്ടേറിയറ്റിന്റെ പ്രവർത്തനഫലമായി പ്രളയ ദുരിതങ്ങൾക്ക് എത്ര കണ്ട് പരിഹാരം കാണുവാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കേരള പുനർനിർമ്മാണ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുമായി ഒരു ദ്വിതല സംവിധാനം നിലവിലുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും സുപ്രധാന വകുപ്പുകളുടെ ചുമതലയുള്ള സെക്രട്ടറിമാരും ഭരണനിർവ്വഹണരംഗത്ത് അനുഭവസമ്പത്തുള്ള വിദഗ്ദ്ധരും ഉൾക്കൊള്ളുന്ന പതിനാലംഗ ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി നാളിതുവരെ മൂന്ന് തവണ യോഗം ചേരുകയും കേരള പുനർനിർമ്മാണ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ മുഖ്യമന്ത്രി അദ്ധ്യക്ഷനും വിവിധ വകുപ്പുകളിലെ മന്ത്രിമാരും വിവിധ മേഖലകളിലെ വിദഗ്ദ്ധരും ഉൾക്കൊള്ളുന്ന ഇരുപതംഗ ഉപദേശക സമിതിയും റീബിൽഡ് കേരള

ഇനിഷ്യേറ്റീവിനുവേണ്ട ദിശാബോധം നൽകുന്നതിനും കാലാകാലങ്ങളിൽ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിനുമായി നിലവിലുണ്ട്. പ്രസ്തുത ഉപദേശക സമിതിയും ഇതുവരെയായി മൂന്ന് യോഗങ്ങൾ ചേരുകയും ആർ.കെ.ഐ-യുമായി ബന്ധപ്പെട്ട് ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി&സി) കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതികവിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗത/കാര്യക്ഷമത ഉൾച്ചേർക്കൽ, ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതികവിദ്യകളുടെ പ്രയോഗം, നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, മെച്ചപ്പെട്ട കാര്യക്ഷമത ഉറപ്പാക്കൽ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ പാലിച്ചുകൊണ്ട് കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നത്. മേൽപ്പറഞ്ഞ വിധത്തിൽ വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽനിന്നും നിർവ്വഹണ യോഗ്യമായവ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. ഇത്തരത്തിലുള്ള പദ്ധതിരേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്. പ്രളയാനന്തര കേരളത്തിന്റെ മുഴുവൻ പുനർനിർമ്മാണ പ്രക്രിയകളും ആർ.കെ.ഐ യുടെ കീഴിൽ വരുന്നതാണ്. ഇവയ്ക്ക് ഭരണസഹായം നൽകുക എന്നതാണ് ആർ.കെ.ഐ. സെക്രട്ടേറിയറ്റിന്റെ മുഖ്യ ചുമതല.

ഭാവിയിൽ ഉണ്ടാകാവുന്ന ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുക, അതിജീവനക്ഷമത വർദ്ധിപ്പിക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങൾ മുൻനിർത്തി വിശദമായ പഠനങ്ങളും അന്താരാഷ്ട്ര ഏജൻസികളുടെ സാങ്കേതിക-സാമ്പത്തിക സഹായങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള

പദ്ധതികളാണ് കേരള പുനർനിർമ്മാണ പദ്ധതി വിഭാവനം ചെയ്യുന്നത്. അതുകൊണ്ടുതന്നെ പദ്ധതിയുടെ ഗുണഫലങ്ങൾ സംബന്ധിച്ച പൂർണ്ണ ചിത്രം വരും വർഷങ്ങളിലാണ് ലഭ്യമാവുക.

## മന്ത്രിമാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

8 (10) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മന്ത്രിമാർക്ക് ശമ്പളം,ബത്ത, യാത്രപ്പടി തുടങ്ങിയ ഇനത്തിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(ബി) മന്ത്രിമാർക്ക് യാത്രപ്പടി ഇനത്തിലും ഇൻസിഡന്റൽ എക്സ്പെൻസ് ഇനത്തിലും കിലോമീറ്ററിന് എത്ര രൂപ വീതമാണ് നൽകുന്നത്;

(സി) മന്ത്രിമാർ ഉപയോഗിക്കുന്ന വാഹനത്തിന്റെ ഇന്ധന (ഡീസൽ/പെട്രോൾ) ചെലവ് വഹിക്കുന്നത് എപ്രകാരമാണ്;

(ഡി) മന്ത്രിമാർക്ക് ഇന്ധന ചെലവിന് കിലോമീറ്ററിന് നൽകുന്ന തുകയുടെ ശേഷിക്കുന്ന സംഖ്യ അവരുടെ വരുമാനമായി കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശമ്പളം, ക്ഷാമബത്ത, നിയമസഭാ മണ്ഡല അലവൻസ്, യാത്രാബത്ത എന്നിവയാണ് പ്രതിമാസം നൽകിവരുന്നത്.

(ബി) യാത്രാപ്പടി

സർക്കാർ വാഹനം/വാകയ്ക്ക് എടുക്കുന്ന വാഹനം/സ്വന്തം വാഹനം ഉപയോഗിക്കുമ്പോൾ (റോഡ് മാർഗ്ഗം) കിലോമീറ്ററിന് 15 രൂപ നിരക്കിൽ നിൽകിവരുന്നു. നഗരത്തിനുള്ളിൽ (8 കി. മീ പരിധിയിൽ) യാത്രാപ്പടി ലഭിക്കുന്നതല്ല.

ഇൻസിഡന്റൽ എക്സ്പെൻസ്

ഗസ്റ്റ് ഹൗസ് വാഹനം/ഡിപ്പാർട്ട്മെന്റ് വാഹനം ഉപയോഗിക്കുമ്പോൾ (റോഡ് മാർഗ്ഗം) കിലോമീറ്ററിന് 2 രൂപ നിരക്കിൽ നൽകിവരുന്നു.

ട്രെയിൻ യാത്രയ്ക്ക്

ഫസ്റ്റ് ക്ലാസ്/എ.സി. ടിക്കറ്റ് ഫെയർ, കിലോമീറ്ററിന് 1 രൂപ നിരക്കിൽ ഇൻസിഡന്റൽ എക്സ്പെൻസ് നൽകിവരുന്നു.

വിമാന യാത്രയ്ക്ക്

യഥാർത്ഥ ഫെയറും 500 രൂപ ഇൻസിഡന്റൽ എക്സ്പെൻസും നൽകിവരുന്നു.

ദിനബത്ത

1,000 രൂപ

(സി) യാത്രാപ്പടിയായി കിലോമീറ്ററിന് 15 രൂപ നിരക്കിൽ ലഭിക്കുന്ന തുകയിൽ നിന്നാണ് ഇന്ധനത്തിനുള്ള ചെലവ് വഹിക്കുന്നത്.

(ഡി) ഇല്ല.

**മുഖ്യമന്ത്രിയുടെ വിദേശയാത്രകൾ**

9 (11) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഏതൊക്കെ വിദേശ രാജ്യങ്ങൾ എത്ര തവണ വീതം സന്ദർശിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത യാത്രകളിൽ എത്ര ഉദ്യോഗസ്ഥരും ബന്ധുമിത്രാദികളും മുഖ്യമന്ത്രിയെ അനുഗമിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത യാത്രകൾക്കായി മുഖ്യമന്ത്രിക്കും അദ്ദേഹത്തെ അനുഗമിച്ച ഉദ്യോഗസ്ഥർക്കും ബന്ധുമിത്രാദികൾക്കും വേണ്ടി സർക്കാർ ഖജനാവിൽ നിന്നും ചെലവാക്കിയ തുകയുടെ വിശദമായ കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത യാത്രകളിൽ നിന്നും സംസ്ഥാന സർക്കാരിനുണ്ടായ നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

ഉത്തരം

(എ) യു.എ.ഇ.-ൽ മൂന്ന് തവണയും യു.എസ്.എ-യിൽ രണ്ട് തവണയും ബഹ്റിൻ, നെതർലന്റ്സ്, സ്വിറ്റ്സർലണ്ട്, ഫ്രാൻസ്, യു.കെ. എന്നീ രാജ്യങ്ങളിൽ ഓരോ തവണ വീതവും സന്ദർശിച്ചിട്ടുണ്ട്.

(ബി) അനുഗമിച്ചിരുന്നു. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) സർക്കാർ ഖജനാവിൽനിന്നും ബന്ധുമിത്രാദികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. മുഖ്യമന്ത്രിക്കും മറ്റ് ഉദ്യോഗസ്ഥർക്കും ചെലവാക്കിയ തുക ശേഖരിച്ച് നൽകുന്നതാണ്.

(ഡി) അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ വിദേശ യാത്ര

10 (12) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ വിദേശയാത്ര നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വിദേശയാത്ര നടത്തിയ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ പേരും തസ്തികയും വ്യക്തമാക്കുമോ;

(സി) ഇവർ ഏതൊക്കെ രാജ്യങ്ങളാണ് സന്ദർശിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഇതിൽ ഔദ്യോഗിക കാര്യങ്ങൾക്കായി യാത്ര നടത്തിയതും വ്യക്തിപരമായ കാര്യങ്ങൾക്കായി യാത്ര നടത്തിയതും ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവർക്ക് വിദേശയാത്ര നടത്തുന്നതിന് സർക്കാരിൽ നിന്ന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) ഇവർ വിദേശ യാത്ര നടത്തിയതിനുശേഷം പ്രസ്തുത യാത്ര നടത്തിയ ദിവസങ്ങളിൽ ലീവെടുക്കാതെ അറ്റൻഡൻസ് രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) അനുമതി തേടാതെ വിദേശയാത്ര നടത്തിയ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ സാമ്പത്തിക സമാഹരണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ് & ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തസ്തിക സൃഷ്ടിക്കലും നിയമനവും സംബന്ധിച്ച കണക്ക്

11 (13) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വകുപ്പ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 ഏപ്രിൽ മാസം വരെ 1,02,103 (ഒരു ലക്ഷത്തി രണ്ടായിരത്തി നൂറ്റി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ 120 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ചെയർമാൻ നിയമനം**

12 (15) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ചെയർമാനായി ശ്രീ. എസ്. എം. വിജയാനന്ദിനെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അദ്ദേഹത്തിന് നൽകുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എത്രയാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നാളിതുവരെ ഈയിനത്തിൽ എത്ര തുക നൽകിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രീ. എസ്. എം. വിജയാനന്ദിനെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിൽ ഓണററി ചെയർമാനായി നിയമിച്ചിട്ടുണ്ട്.

(ബി&സി) ഓണററി ചെയർമാനായി നിയമനം നൽകിയിട്ടുള്ളതിനാൽ അദ്ദേഹത്തിന് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നില്ല.

**ആശ്രിത നിയമനം**

13 (17) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആശ്രിത നിയമനം വഴി നിയമനം നൽകിയവരുടെ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇനി എത്ര അപേക്ഷകർക്ക് നിയമനം നൽകാനുണ്ട് എന്നതിന്റെ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**വിവിധ വകുപ്പുകളിൽ സമയബന്ധിതമായി പ്രൊമോഷൻ**

14 (18) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ പ്രൊമോഷന്റെ ഭാഗമായി ഡി.പി.സി. കൂടുന്നതിന് വലിയതോതിലുള്ള കാലതാമസം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെക്രട്ടേറിയറ്റ് ജീവനക്കാരെ പോലെ മറ്റ് ജീവനക്കാർക്കും സമയബന്ധിതമായി പ്രൊമോഷൻ കിട്ടാൻ നടപടികൾ ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് രണ്ടാം ഭാഗം ചട്ടം 28(b)(i)(4)-ൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനും സമയക്ലിപ്തത നിർദ്ദേശിച്ചിട്ടുണ്ട്. ടി സമയ ക്ലിപ്തത പാലിച്ചുകൊണ്ട് ഡി.പി.സി. യോഗങ്ങൾ ചേർന്ന് സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എല്ലാ സെക്രട്ടറിമാർക്കും വകുപ്പദ്ധ്യക്ഷൻമാർക്കും നിർദ്ദേശവും നൽകിയിട്ടുണ്ട്.

**പഞ്ചിംഗ് സമ്പ്രദായം**

15 (19) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വകുപ്പുകളിലാണ് പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഭരണനവീകരണത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സെക്രട്ടേറിയറ്റിൽ സ്പാർക്ക്ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മറ്റെല്ലാ സർക്കാർ ഓഫീസുകളിലും ആധാർ

അധിഷ്ഠിത സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഔദ്യോഗിക വാഹനങ്ങളുടെ ഡ്രൈവർമാർ**

16 (20) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത ഉദ്യോഗസ്ഥർക്ക് അനുവദിച്ച് നൽകിയിട്ടുള്ള ഔദ്യോഗിക വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവർമാരെ അനുവദിക്കുന്നതിന് പകരം ഇത്തരം ഉദ്യോഗസ്ഥർക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആലോചനയുണ്ടോ; ഇല്ലെങ്കിൽ അത് വേണ്ടെന്ന് വയ്ക്കുന്നതിനുള്ള കാരണം പറയുമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ സർവ്വീസിൽ നടപ്പിലാക്കുന്നെങ്കിൽ എന്ത് തുക നിലവിലുള്ള ചെലവിനത്തിൽ നിന്ന് ലാഭിക്കാനാകുമെന്നാണ് കരുതുന്നത്;

(ഡി) ഇക്കാര്യം നടപ്പാക്കുമ്പോൾ നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥൻെറ ഡ്രൈവിംഗ് പരിചയം രേഖപ്പെടുത്തുന്നതിന് സേവന പുസ്തകത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ഓഫീസുകളിൽ ജീവനക്കാരുടെ കുട്ടികളുടെ സാന്നിധ്യം**

17 (21) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഫീസ് സമയത്ത് കുട്ടികളെ കൊണ്ടുവന്ന് ഓഫീസിന്റെ പ്രവർത്തന സമയം നഷ്ടപ്പെടുത്തുന്നതും ഓഫീസ് ഉപകരണങ്ങൾ ദുരുപയോഗം ചെയ്യുന്നതു തടയുന്നതുമായി ബന്ധപ്പെട്ട് ഈ വർഷം എന്തെങ്കിലും നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിരുന്നോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് 24-3-2018-ന് മനുഷ്യാവകാശ കമ്മീഷൻ HRMP 3057/2018 ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ അതിലെ നിർദ്ദേശങ്ങൾ എന്തെല്ലാം;

(സി) ഇക്കാര്യത്തിലെ ദുരുപയോഗം അമിതമാണെന്ന മനുഷ്യാവകാശ കമ്മീഷൻെറ കണ്ടെത്തലും തുടർന്നുള്ള നിർദ്ദേശവും സർക്കാർ ഗൗരവമായി കണ്ടിട്ടുണ്ടോ; 2019-ലെ പാർലമെന്റ് ഇലക്ഷൻ കഴിയുന്നത് വരെ ഇത് സംബന്ധമായ സർക്കുലർ ഇറക്കാതിരിക്കാൻ വകുപ്പുകൾക്ക് രേഖാമൂലമല്ലാത്ത എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ ഇത് സംബന്ധമായ റിപ്പോർട്ടുകളുടെ നിജസ്ഥിതി വെളിവാക്കുമോ;

(ഡി) സർക്കുലർ ഇറക്കിയാലും അത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ മുൻകാലങ്ങളിൽ സാധാരണയായി എർപ്പെടുത്തിയിരുന്ന സംവിധാനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഇ) ഈ വിഷയത്തിൽ കഴിഞ്ഞ വർഷം മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശമുണ്ടായിട്ടും 2019 മേയ് മാസമായിട്ടും സർക്കുലർ ഇറക്കാതിരുന്ന വകുപ്പ് മേധാവികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും അച്ചടക്കനടപടി എടുത്തിരുന്നോ; ഇത്തരമൊരു നടപടി സംബന്ധിച്ച് കമ്മീഷൻ ഉത്തരവിൽ പരാമർശമുണ്ടായിരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പുറപ്പെടുവിച്ചിരുന്നു. ഓഫീസ് സമയത്ത് ജീവനക്കാർ തങ്ങളുടെ കുട്ടികളെ ഓഫീസിൽ കൊണ്ടുവരുന്നതുമൂലം വിലയേറിയ ഓഫീസ് സമയം പാഴായി പോകുന്നുവെന്നും കൂടാതെ നമ്മുടെ ഭരണഘടന നിഷ്കർഷിക്കുംപ്രകാരം കുട്ടികൾ അവരുടെ വളർച്ചാസമയത്ത് ആർജ്ജിക്കേണ്ടതായ മനുഷ്യത്വവികസനം, ശാസ്ത്രീയശീലം, അന്വേഷണ ബുദ്ധി എന്നിവ ജീവനക്കാരുടെ ഈ പ്രവർത്തിമൂലം സാധിക്കാതെ പോകുന്നുവെന്നുമുള്ള രണ്ട് പ്രധാന വിഷയങ്ങൾ ഉന്നയിച്ച് റോയൽ കവടിയാർ പ്രൊട്ടക്ഷൻ ഫോറം പ്രസിഡന്റ് ശ്രീ. ഷെഫീൻ കവടിയാർ ബഹുമാനപ്പെട്ട സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയിൻമേൽ 24-3-2018 തീയതിയിൽ ബഹുമാനപ്പെട്ട കമ്മീഷൻ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൻപ്രകാരം ഓഫീസ് സമയത്ത് ജീവനക്കാർ തങ്ങളുടെ കുട്ടികളെ ഓഫീസിൽ കൊണ്ടുവരുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിച്ചു. 30 ദിവസത്തിനുള്ളിൽ ബഹുമാനപ്പെട്ട കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

(സി) ഇക്കാര്യത്തിലെ ദുരുപയോഗം അമിതമാണെന്ന മനുഷ്യാവകാശ കമ്മീഷന്റെ കണ്ടെത്തലും തുടർന്നുള്ള നിർദ്ദേശവും സർക്കാർ ഗൗരവമായി കണ്ടിട്ടുണ്ട്. ഈ വിഷയത്തിൽ എല്ലാ വകുപ്പുമേധാവികൾക്കും/വകുപ്പ് അദ്ധ്യക്ഷൻമാർക്കും നിർദ്ദേശം നൽകിക്കൊണ്ട് 18-5-2018 തീയതിയായി 112/എ.ആർ13(2)/18 ഉഭപവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് സഹിതം മനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് അതാത് വകുപ്പ് മേലധികാരികൾ/വകുപ്പ് അദ്ധ്യക്ഷൻമാർ ഉറപ്പുവരുത്തണമെന്നും നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി കൈക്കൊള്ളണമെന്ന നിർദ്ദേശത്തോടുകൂടിയാണ് എല്ലാ സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

18 (22) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ മുഴുവൻ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ ഓഫീസുകളിൽ ആധാർ അധിഷ്ഠിത സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് NIC, SPARK, KELTRON അധികൃതരുമായി ചർച്ച നടത്തുകയും സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം എപ്രകാരം നടപ്പിലാക്കണമെന്നത് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വകുപ്പിലും വകുപ്പിന് കീഴിലും വരുന്ന എല്ലാ ഓഫീസുകളിലും പഞ്ചിംഗ് സംവിധാനം കൃത്യമായി നടപ്പിലാക്കേണ്ട ചുമതല അതാത് വകുപ്പ് സെക്രട്ടറിക്കും വകുപ്പ് മേധാവിക്കുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജില്ലാ കളക്ടറേറ്റുകളിൽ മൂന്ന് മാസത്തിനകവും മറ്റ് ഓഫീസുകളിൽ ആറ് മാസത്തിനകവും പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## പ്രോസികൃൂഷൻ നടപടി നേരിടുന്ന ഉദ്യോഗസ്ഥർ

19 (23) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്; ഇവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇവരിൽ എത്രപേർ ഇപ്പോൾ സർവ്വീസിൽ തുടരുന്നുണ്ടെന്നും ഏതെല്ലാം തസ്തികകളിലാണ് തുടരുന്നതെന്നും വ്യക്തമാക്കുമോ; ഇതിൽ സാമ്പത്തിക ക്രമക്കേടിന് പ്രോസികൃൂഷൻ നടപടി നേരിടുന്ന എത്ര ഉദ്യോഗസ്ഥരുണ്ടെന്ന് വിശദമാക്കുമോ;

(സി) നിലവിൽ പ്രോസികൃൂഷൻ അനുമതിക്കായി എത്ര ഫയലുകളാണ് മുഖ്യമന്ത്രിയുടെ ഓഫീസിലും വിജിലൻസ് വകുപ്പിലും പെൻഡിംഗിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രോസികൃൂഷൻ നടപടി നേരിടുന്ന ഉദ്യോഗസ്ഥർക്ക് സ്വകാര്യ/ ഔദ്യോഗിക ആവശ്യങ്ങൾക്കായി യാത്രാനുമതി നൽകാറുണ്ടോ; എങ്കിൽ സ്വകാര്യ/ ഔദ്യോഗിക ആവശ്യങ്ങൾക്കായി യാത്രാനുമതി ലഭിച്ച/നിഷേധിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## സെക്രട്ടേറിയറ്റിലെ നവീകരണ പ്രവർത്തനങ്ങൾ

20 (24) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം നാളിതുവരെ സെക്രട്ടേറിയറ്റിലെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി എന്ത് തുക ചെലവഴിച്ചുവെന്ന് സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) ഏതൊക്കെ ഇനങ്ങളിലാണ് ഈ തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയതായി എന്തെങ്കിലും നവീകരണ പ്രവർത്തനങ്ങൾ സെക്രട്ടേറിയറ്റിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണെന്നും അതിനായി എന്ത് തുക ചെലവാകുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് അനക്സ് 2 കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്നതിനു മുമ്പാണ് അവിടേക്ക് ചില ഓഫീസുകൾ മാറ്റിയിരുന്നത്. ആയതിനാൽ ആ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച ശേഷവും ഓഫീസുകളുടെ ഉപയോഗത്തിനുതകുംവിധം ഇന്റീരിയൽ ആയ മാറ്റങ്ങൾ ആവശ്യമായിരുന്നു. അതോടൊപ്പം പ്രധാന കെട്ടിടം ദേശീയ സംരക്ഷിത നിർമ്മിതികളുടെ പരിധിയിലുള്ളതാകയാൽ ആ മാനദണ്ഡപ്രകാരമുള്ള റിപ്പയറുകളും നവീകരണവും ആവശ്യമായ മാനദണ്ഡങ്ങൾ പാലിച്ചാണ് നിർവ്വഹിച്ചുവരുന്നത്. ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) സെക്രട്ടേറിയറ്റ് മെയിൻ കെട്ടിടം, അനക്സ്-1, അനക്സ്-2 എന്നിവിടങ്ങളിലെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ, പുതിയ എയർ കണ്ടീഷണറുകൾ, പ്ലഗ്ഗ് പോയിന്റുകൾ, സ്വിച്ചുകൾ, LED ലൈറ്റുകൾ, ഫാനുകൾ, എക്സ്ഹോസ്റ്റ് ഫാനുകൾ മുതലായവ സ്ഥാപിക്കൽ, നാല് ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയത് സ്ഥാപിക്കൽ, പുതിയ UPS സിസ്റ്റവും ബാറ്ററികളും സ്ഥാപിക്കൽ, സെക്രട്ടേറിയറ്റ് മെയിൻ കെട്ടിടം, അനക്സ്-1, അനക്സ്-2 എന്നിവ ബന്ധിപ്പിച്ച് ടെലഫോൺ കേബിൾ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കൽ, മീഡിയ റൂമിലും വിവിധ കോൺഫറൻസ് ഹാളുകളിലും മൈക്കുകളും സ്പീക്കറുകളും പ്രൊജക്റ്ററുകളും സ്ഥാപിക്കൽ, പുതിയ CCTV ക്യാമറകളും ഡിസ്പ്ലേകളും സ്ഥാപിക്കൽ എന്നീ പ്രവർത്തികൾക്കാണ് തുക ചെലവഴിച്ചത്.

(സി) അനുബന്ധം ആയി ചേർക്കുന്നു.*

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയ കരാർ

21 (26) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് എത്ര കോടി രൂപയുടെ കോൺട്രാക്ടുകളാണ് നൽകിയത്; വിശദാംശം നൽകുമോ;

(ബി) സെക്രട്ടേറിയറ്റിലെ നവീകരണ പ്രവർത്തനങ്ങൾ/മറ്റ് പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കരാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുകയ്ക്ക്; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ ദേശീയ പെൻഷൻ പദ്ധതി**

22 (27) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2004-നുശേഷം സംസ്ഥാനത്ത് ജോലിയിൽ പ്രവേശിച്ച ഐ.എ.എസ്./ഐ.പി.എസ്./ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ എത്ര; പ്രസ്തുത ഉദ്യോഗസ്ഥർ നിലവിൽ ജോലി ചെയ്യുന്ന ഔദ്യോഗിക മേൽവിലാസം ലഭ്യമാക്കുമോ;

(ബി) 1-1-2004 നു ശേഷം സംസ്ഥാനത്ത് ജോലിയിൽ പ്രവേശിച്ച ഓൾ ഇന്ത്യ സർവ്വീസ് ഉദ്യോഗസ്ഥരിൽ എത്ര പേർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; രജിസ്റ്റർ ചെയ്യാത്ത ഉദ്യോഗസ്ഥർ എത്രയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 1-1-2004-നുശേഷം സംസ്ഥാനത്ത് ജോലിയിൽ പ്രവേശിച്ച ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ എണ്ണം താഴെപ്പറയും പ്രകാരമാണ് :

ഐ.എ.എസ്. - 125

ഐ.പി.എസ്. - 142

ഐ.എഫ്.എസ്. - 77

പ്രസ്തുത ഉദ്യോഗസ്ഥർ നിലവിൽ ജോലി ചെയ്യുന്ന ഔദ്യോഗിക മേൽവിലാസം അടങ്ങിയ പട്ടിക അനുബന്ധം* ആയി ചേർക്കുന്നു.

(ബി) 1-1-2004-നുശേഷം റെഗുലർ റിക്രൂട്ട്മെന്റ് മുഖേന സംസ്ഥാനത്ത് ജോലിയിൽ പ്രവേശിച്ച അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരിൽ 124 പേർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1-1-2004-നുശേഷം സ്റ്റേറ്റ് സർവ്വീസിൽനിന്നും നേരിട്ടും സെലക്ഷൻ മുഖേനയും അഖിലേന്ത്യാ സർവ്വീസിലേയ്ക്ക് നിയമനം ലഭിച്ച 193 ഉദ്യോഗസ്ഥർ ദേശീയ പെൻഷൻ പദ്ധതിയിൽ നിലവിൽ ഉൾപ്പെടുന്നില്ല. നടപടിക്രമങ്ങൾ പൂർത്തീകരിക്കുമ്പോൾ മാത്രമേ ഇനിയും ദേശീയ പെൻഷൻ പദ്ധതിയിൽ ചേരാത്തവരുടെ എണ്ണം ലഭ്യമാകുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശാസ്ത്ര പഠനം മെച്ചപ്പെടുത്താൻ നടപടി

23 (28) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ ശാസ്ത്രീയാഭിരുചി വർദ്ധിപ്പിക്കാൻ സർക്കാർ ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ശാസ്ത്ര പഠനം മെച്ചപ്പെടുത്താനായി പുതിയ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ശാസ്ത്രജ്ഞൻമാർക്ക് സർക്കാർ ഏതെങ്കിലും തരത്തിലുള്ള ഫെലോഷിപ്പുകളോ സ്കോളർഷിപ്പുകളോ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ ശാസ്ത്ര പഠന കേന്ദ്രങ്ങൾക്ക് ദേശീയ, അന്തർദ്ദേശീയ ശാസ്ത്ര പഠന സ്ഥാപനങ്ങളുമായുള്ള ബന്ധം വിശദമാക്കാമോ?

ഉത്തരം

(എ) കുട്ടികളിൽ ശാസ്ത്രീയാഭിരുചി വർദ്ധിപ്പിക്കാൻ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. ശാസ്ത്ര പോഷിണി പദ്ധതിയിലൂടെ ഹൈസ്കൂൾ തലത്തിൽ ശാസ്ത്ര പരീക്ഷണശാലകൾ സ്ഥാപിച്ചുനൽകി പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നു;

2. സ്കീം ഫോർ പ്രൊമോട്ടിംഗ് യംഗ് ടാലന്റ്സ് ഇൻ സയൻസ് (SPYTIS) എന്ന പദ്ധതി വഴി എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ കുട്ടികൾക്കും പോളിടെക്നിക്ക് ബിരുദ വിദ്യാർത്ഥികൾക്കും നവീനമായ ശാസ്ത്ര പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ധനസഹായം നൽകിവരുന്നു;

3. ദേശീയ ശാസ്ത്ര ദിനാഘോഷം, ദേശീയ ടെക്നോളജി ദിനാഘോഷം, ലോക പരിസ്ഥിതി ദിനാഘോഷം തുടങ്ങിയവ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കാനായി എല്ലാ വർഷവും നടപ്പിലാക്കിവരുന്നു. ഇതിനോടനുബന്ധിച്ച് സെമിനാറുകൾ, ക്വിസ് പ്രോഗ്രാമുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു;

4. ക്രാഫ്റ്റിംഗ് യംഗ് സയന്റിസ്റ്റ് ഓഫ് റ്റുമോറോ [Crafting Young Scientists of Tomorrow (CRYSTAL)] പദ്ധതിയിൽ സ്കൂൾ

കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുകയും അവർക്ക് താൽപ്പര്യമുള്ള മേഖല തിരിച്ചറിഞ്ഞ് തുടർ പഠനത്തിനുള്ള മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും നൽകുകയും ചെയ്തുവരുന്നു;

5. ക്ലാസ് മുറി പഠനത്തിനുപുറമേ കുട്ടികളിൽ അവരുടെ ശാസ്ത്രാഭിരുചി തിരിച്ചറിയാനും പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പഠനം രസകരമാക്കുന്നതിനുംവേണ്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് സയൻസ് എഡ്യൂക്കേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാ വർഷവും കേരളത്തിലെ വിവിധ ശാസ്ത്ര സ്ഥാപനങ്ങളുമായി ചേർന്ന് കുട്ടികൾക്കായി സയൻസ് ഓറിയന്റേഷൻ ക്ലാസ്സുകൾ "ശാസ്ത്ര സമീക്ഷ" എന്ന പേരിൽ സംഘടിപ്പിക്കുന്നു;

6. കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിന് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കേന്ദ്രശാസ്ത്ര സാങ്കേതിക വകുപ്പുമായി ചേർന്ന് ദേശീയ ബാല ശാസ്ത്ര കോൺഗ്രസ് എല്ലാ വർഷവും സംയുക്തമായി സംഘടിപ്പിക്കുന്നു;

7. വിദ്യാർത്ഥികളെ തുടർ പഠനത്തിന് പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ കേരളത്തിൽ പ്ലസ് 2 ഉന്നത നിലവാരത്തിൽ വിജയിക്കുകയും സയൻസ് വിഷയങ്ങളിൽ ബിരുദപഠനത്തിന് പ്രവേശനം നേടുകയും ചെയ്യുന്നവർക്ക് പ്രതിഭാ സ്കോളർഷിപ്പ് നൽകിവരുന്നു;

8. സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ശാസ്ത്രാവബോധം വളർത്തുന്നതിനും ശാസ്ത്രാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്ര പഠനത്തിനുള്ള കഴിവുകൾ കണ്ടെത്തി അവരെ പ്രതിഭകളാക്കുക എന്ന ലക്ഷ്യത്തോടെയും സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ ശാസ്ത്രബോധിനി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്;

9. കുട്ടികളിൽ പാരിസ്ഥിതിക/ശാസ്ത്ര അവബോധം വളർത്തുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ദേശീയ ഹരിത സേന. കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 3500 വിദ്യാലയങ്ങളിൽ പ്രസ്തുത പരിപാടി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സ്റ്റേറ്റ് എക്കോ ക്ലബ് എന്ന പദ്ധതിയും 2250 വിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്നു;

(ബി) ശാസ്ത്രപഠനം മെച്ചപ്പെടുത്തുന്നതിനായി പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുവേണ്ട ആശയനയ രൂപീകരണ പ്രക്രിയ അതിന്റെ പ്രാരംഭ ദശയിലാണ്.

(സി)

- ജോലിയിൽനിന്നും വിരമിച്ച പ്രഗത്ഭരായ കേരളീയ ശാസ്ത്രജ്ഞൻമാർക്ക് തുടർഗവേഷണം നടത്തുവാനും അവരുടെ കഴിവുകളെ പുതിയ തലമുറയിലേക്ക് പകർന്നുകൊടുക്കുവാനും ഉതകുന്ന ഒരു പ്രത്യേക സ്കീമാണ് കെ.എസ്.സി.എസ്. റ്റി.ഇ. എമിററ്റ്സ് സയന്റിസ്റ്റ് സ്കീം.

- സയൻസ് വിഷയങ്ങളിലോ എഞ്ചിനീയറിംഗിലോ ഗവേഷണ ബിരുദം നേടിയിട്ടുള്ള കേരളീയരായ ഗവേഷകർക്ക് അതാത് വിഷയങ്ങളിൽ തുടർ ഗവേഷണം നടത്തുവാൻവേണ്ടി പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് നൽകുന്നു.

(ഡി) സംസ്ഥാനത്തെ ശാസ്ത്ര പഠന കേന്ദ്രങ്ങൾ ദേശീയ-അന്തർദ്ദേശീയ ശാസ്ത്ര പഠന സ്ഥാപനങ്ങളുമായി വിവിധതരം ഗവേഷണ വികസന പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

- രാജ്യത്തെ പ്രമുഖ ഐ.ഐ.ടി.കൾ, എൻ.ഐ.ടി.കൾ, ഐസർ, സി.എസ്.ഐ.ആർ. ലാബുകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ടെക്നോളജി (ഹൈദരാബാദ്), നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി (ഹൈദരാബാദ്), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക് ആൻഡ് ട്രീ ബ്രീഡിങ് (കോയമ്പത്തൂർ), ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (കൊൽക്കത്ത), കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ്, സെൻട്രൽ വാട്ടർ കമ്മീഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജി, ഐ.എസ്.ആർ.ഒ., നാഗാലാന്റ് സർവ്വകലാശാല, ദേശീയ സുഗന്ധദ്രവ്യ ഗവേഷണ കേന്ദ്രം, വനം വകുപ്പ് (ആന്റമാൻ നിക്കോബാർ) തുടങ്ങിയ വിവിധ സ്ഥാപനങ്ങളുമായി ദേശീയ തലത്തിൽ സഹകാരിക ഗവേഷണ-പഠന-വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

- അന്തർദ്ദേശീയ തലത്തിൽ ഫുഡ് ആൻഡ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ, അന്തർദ്ദേശീയ ടീക്നെറ്റ്, ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (മ്യാന്മാർ), നേപ്പാൾ വനം വകുപ്പ്, മാലിദ്വീപ് മത്സ്യമന്ത്രാലയം, ബെൽജിയത്തിലെ ഗെന്റ് സർവ്വകലാശാല, റഷ്യൻ അക്കാദമി ഓഫ് സയൻസ്, വെറ്റ് ലാൻഡ് ഇന്റർനാഷണൽ സൗത്ത് ഏഷ്യ, അമേരിക്കയിലെ മേരീലാൻഡ് സർവ്വകലാശാല, കാനഡയിലെ മക് മാസ്റ്റർ സർവ്വകലാശാല, കോഹിലിയ സർവ്വകലാശാല (മെക്സിക്കോ) തുടങ്ങിയ വിവിധ അന്തർദ്ദേശീയ സ്ഥാപനങ്ങളുമായി സഹകാരിക-പഠന-ഗവേഷണ വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ പ്രോജക്ട് ഓഫീസ്

24 (29) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള സംസ്ഥാനത്തെ ഭൂമി ഡേറ്റാ ബാങ്ക് തയ്യാറാക്കേണ്ട കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ പ്രോജക്ട് വിഭാഗം ഓഫീസ് നിലവിൽ പ്രവർത്തനക്ഷമമാണോയെന്നറിയിക്കുമോ;

(ബി) പ്രസ്തുത ഓഫീസ് പ്രവർത്തിക്കാത്തതിനാൽ പ്രളയത്തിന്റെ ഭാഗമായി തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള അനുമതിക്കായി ഉപഗ്രഹ മാപ്പ് ആവശ്യപ്പെട്ട് അയച്ച അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കാതെ കെട്ടികിടക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചോ; വിശദമാക്കാമോ?

ഉത്തരം

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള പ്രോജക്ട് വിഭാഗം പ്രവർത്തനക്ഷമമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## പരിസ്ഥിതിയുടെ പുനരുജ്ജീവനം

25 (30) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി പരിസ്ഥിതിക്കുണ്ടായ ആഘാതം പഠനവിധേയമാക്കിയിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രളയത്തിൽ തകർന്ന പരിസ്ഥിതിയുടെ പുനരുജ്ജീവനത്തിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുനരുജ്ജീവനവും പുനർ നിർമ്മാണവും എങ്ങനെ നടത്താമെന്ന് സംബന്ധിച്ച ഒരു കാഴ്ചപ്പാട് സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. ആസൂത്രണത്തിലും നിർമ്മാണത്തിലും വേഗതയും കാര്യക്ഷമതയും ഉൾക്കൊണ്ടുള്ളതാണ് അത്. കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative) എന്ന പേരിലാണ് അത് അറിയപ്പെടുന്നത്.

ദുരന്തത്തെ അതിജീവിക്കാൻ പറ്റുന്നവിധം ആസ്തികളെയും ജീവിതോപാധികളെയും സംരക്ഷിക്കാൻ കഴിയുന്നവിധമുള്ള ഒന്നായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. ദുരന്തബാധിതരെ സാധാരണ ജീവിതത്തിലേക്ക് വേഗം മടക്കിക്കൊണ്ടുവരാനാവുക എന്ന സുപ്രധാനമായ കാഴ്ചപ്പാടും ഇത് മുന്നോട്ടുവയ്ക്കുന്നു. സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളെ പ്രത്യേകമായി കണ്ടുകൊണ്ടുള്ള പുനർനിർമ്മാണമാണ് ലക്ഷ്യം വയ്ക്കുന്നത്.

പ്രകൃതിദുരന്തങ്ങളിൽ തകർന്നുപോകാത്ത നിർമ്മാണങ്ങളാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ സവിശേഷതകളെ ഉൾക്കൊണ്ടുകൊണ്ടുള്ള നിർമ്മാണമാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

സ്വാഭാവിക പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടും മനുഷ്യവാസകേന്ദ്രങ്ങളെ നിലനിർത്തുകയും ചെയ്തുകൊണ്ടുള്ള സമീപനമായിരിക്കും ഇതിലുണ്ടാവുക. പ്രാദേശിക-കാലാവസ്ഥാ സവിശേഷതകളുമായി പൊരുത്തപ്പെടുന്ന മെച്ചപ്പെട്ട നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുക എന്നതും പ്രധാനമാണ്. നാടിന് ചേർന്ന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിക്കപ്പെടുമ്പോൾ ഇതിലൂടെ നിർമ്മാണം ഏറെക്കാലം നിലനിർത്താൻ മാത്രമല്ല, പാരിസ്ഥിതികമായ തകർച്ചയെ ലഘൂകരിക്കാനും സാധ്യമാകും.

മണ്ണിന്റെ ഘടനാപരമായ സവിശേഷതകളും ഭൗമരൂപ-ജലശേഖര പഠനങ്ങൾ ഉൾപ്പെടെയുള്ള മെച്ചപ്പെട്ട സാങ്കേതിക സംവിധാനങ്ങളും ഉൾക്കൊണ്ടുമായിരിക്കും പുനർ നിർമ്മാണപദ്ധതി തയ്യാറാക്കുക. പദ്ധതികളുടെ ദീർഘകാല നിലനിൽപ്പും ദുരന്തങ്ങളെ അതിജീവിക്കാനുള്ള ശേഷിയും ഇതുവഴി ഉറപ്പുവരുത്താനാവും. അതിനുതകുന്ന വിധത്തിലുള്ള മാറ്റങ്ങൾ പദ്ധതി രൂപകൽപ്പനകളിൽ വരുത്തുന്നതിന് ശ്രദ്ധിക്കുന്നതാണ്. ഇതിനായി ഓർഗാനിക് ആർക്കിടെക്ചർ (ജൈവിക വാസ്തുവിദ്യ) മാതൃകകളും പരമാവധി ഉപയോഗപ്പെടുത്തുന്ന രീതിയായിരിക്കും അവലംബിക്കുക.

ആധുനികവും നൂതനവുമായ സാങ്കേതികവിദ്യകളുടെ ഉപയോഗം ഈ പദ്ധതിയുടെ ഏറ്റവും പ്രധാനമായ സവിശേഷതയായിരിക്കും. അതിലൂടെ ഏറ്റെടുക്കപ്പെടുന്ന പദ്ധതികൾ ഏറ്റവും നവീനമായ രീതിയിൽ നടപ്പാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനും കഴിയും. ഉപഭോക്തൃ വിഭവ ഉപയോഗത്തിൽ സ്മാർട്ട് ടെക്നോളജികളുടെ ഉപയോഗം കൊണ്ടുവരും. അതുവഴി ദുരന്ത സാധ്യതയുടെ ശാസ്ത്രീയ പ്രവചന സംവിധാനങ്ങൾ രൂപപ്പെടുത്താൻ പറ്റുന്ന സ്ഥിതിയുമുണ്ടാകും. അതിലൂടെ ദുരന്തങ്ങളെ മുൻകൂട്ടി അറിയുന്നതിനും ദുരന്ത സമയത്ത് പെട്ടെന്ന് ഒഴിപ്പിക്കൽ മാർഗ്ഗങ്ങൾ കൊണ്ടുവരുന്നതിനും സഹായകമാവുകയും ചെയ്യും.

## കാലാവസ്ഥാ വ്യതിയാനം

26 (31) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് ഉണ്ടാകുന്ന പാരിസ്ഥിതിക ആഘാതങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് മുൻകാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ള കാലാവസ്ഥാ വ്യതിയാനങ്ങളെ സംബന്ധിച്ച് ഗൗരവമായ പഠനങ്ങൾ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന കാര്യാലയത്തിന്റെയും സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെയും നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

കൂടാതെ, കേരളത്തിൽ ഉണ്ടായിട്ടുള്ള കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പും പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) കേരളത്തിന്റെ കാലാവസ്ഥാ വ്യതിയാന കർമ്മ പരിപ്രേഷ്യത്തിന്റെ (State Action Plan on Climate Change) പരിഷ്കരണം നടത്തിവരുന്നു. പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്ന തദ്ദേശീയ കാലാവസ്ഥ വ്യതിയാന കർമ്മ പരിപ്രേഷ്യത്തിന്റെ (Local Action Plan on Climate Change) തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ Kerala Institute of Local Administration (KILA) യുടെ മേൽനോട്ടത്തിൽ കരട് തയ്യാറാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Rebuild Kerala Development Programme - ന്റെ ഭാഗമായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് താഴെ പറയുന്ന മൂന്ന് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട് :

1. നദിയോര ജൈവവൈവിധ്യ അവലോകനം.

2. കാർഷിക ജൈവവൈവിധ്യ സംരക്ഷണം.

3. സമുദായ പങ്കാളിത്തത്തോടുകൂടിയുള്ള കാവുകളുടെ സംരക്ഷണം.

**തീരദേശ പരിപാലന നിയമം**

27 (32) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച സാഹചര്യത്തിൽ പുതിയ വിജ്ഞാപനപ്രകാരമുള്ള നടപടികൾ സംസ്ഥാന സർക്കാരും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ വിജ്ഞാപനമനുസരിച്ചുള്ള തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan - CZMP) തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയമാനുസൃതമായിട്ടുള്ള ഏജൻസിയും തീരദേശ പരിപാലന നിയമം 2011 അടിസ്ഥാനമാക്കിയുള്ള തീരദേശ പരിപാലന പ്ലാൻ (CZMP) തയ്യാറാക്കിയതുമായ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിന് (National Centre for Earth Science Studies - NCESS) നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിച്ചാൽ ഉടൻ തന്നെ ഇക്കാര്യത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേരള തീരദേശ പരിപാലന അതോറിറ്റി തീരദേശ ജില്ലകളിൽ ജില്ലാകമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. CRZ III മേഖലയിലെ വികസന നിഷിദ്ധ

മേഖലയായ കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനും കായൽ/നദി/ തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനും ഇടയിൽ നിലവിലുള്ള തറവിസ്തീർണ്ണത്തിന് വിധേയമായി വീടുകളുടെ അറ്റകുറ്റപ്പണികൾക്കും പുനർ നിർമ്മാണത്തിനും കടലിന്റെ വേലിയേറ്റ രേഖയിൽനിന്ന് 100 മീറ്ററിനും 200 മീറ്ററിനും ഇടയിൽ $100M^2$ വരെ തറ വിസ്തീർണമുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർനിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും വികസന നിഷിദ്ധ മേഖലയുടെ വെളിയിൽ (കടലിൽനിന്നും 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ) 250 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും അനുമതി നൽകുന്നതിനുള്ള അധികാരവും CRZ II മേഖലയിൽ 250 $M^2$ വരെ തറ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക് CRZ ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരവും പ്രസ്തുത ജില്ലാ കമ്മിറ്റികൾക്ക് കൈമാറിയിട്ടുണ്ട്. തീർപ്പാകാതെ കെട്ടിക്കിടന്ന അപേക്ഷകളെല്ലാംതന്നെ പ്രസ്തുത ജില്ലാ കമ്മിറ്റികൾ വഴി തീർപ്പാക്കിയിട്ടുണ്ട്.

## കെ.എ.എസ്. നിയമന സംവരണം

28 (33) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കുള്ള (കെ.എ.എസ്.) നിയമനത്തിൽ എല്ലാ സ്കീമുകളിലും സംവരണം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനത്തിന് ആധാരമായ മന്ത്രിസഭാ യോഗത്തിന്റെ കുറിപ്പിന്റെയും തീരുമാനത്തിന്റെയും പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത തീരുമാനത്തിന്റെ വെളിച്ചത്തിൽ കെ.എ.എസ്. -ന്റെ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി)പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി)കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ മൂന്ന് സ്കീമുകളിലും സംവരണം ഏർപ്പെടുത്തുന്നതിന്റെ വിശേഷാൽ ചട്ടങ്ങളിലെ ഭേദഗതി പരിശോധനയിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

29 (34) ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; ഇത് എന്നുമുതൽ പ്രാബല്യത്തിൽ വരുത്താനാകും എന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. 29-01-2017-ലെ എസ്.ആർ.ഒ. നമ്പർ 861/2017 വിജ്ഞാപനം പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത റൂൾസിൽ വരുത്തേണ്ട ചില ഭേദഗതി നിർദ്ദേശങ്ങൾ പരിശോധനയിലാണ്.

## സംസ്ഥാന ഭരണ പരിഷ്കാര കമ്മീഷന്റെ പ്രവർത്തനം

30 (35) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭരണ പരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഇക്കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ;

(ബി) കമ്മീഷന്റെ പ്രവർത്തന കാലാവധി എത്ര കാലത്തേക്കാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) എത്ര ഇടക്കാല റിപ്പോർട്ടുകളാണ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്; ഈ റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കമ്മീഷന്റെ പ്രവർത്തന കാലാവധി നിശ്ചയിച്ചിട്ടില്ല.

(സി) ഭരണപരിഷ്കാര കമ്മീഷൻ മൂന്ന് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. വിജിലൻസ് സംവിധാനം - പരിഷ്കരണം
2. Capacity Development of Civil Servants - Kerala
3. Welfare to Rights - Implementation of Select Legislations- A review

പ്രസ്തുത റിപ്പോർട്ടുകൾ സർക്കാരിന്റെ പരിശോധനയിലാണ്.

## പി.എസ്.സി. നിയമനങ്ങളുടെ വിശദാംശങ്ങൾ

31 (36). ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ്ഗ്രേഡ്, എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികളിലെ റാങ്ക് ലിസ്റ്റുകളിൽ നിന്നും ഇതുവരെ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ തസ്തികയിലും എത്ര നിയമനങ്ങൾ നടത്തിയെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിയമനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദീകരിക്കാമോ;

(സി) അധ്യയന വർഷാരംഭമായതിനാൽ ഒഴിവുള്ള എൽ. പി. എസ്. എ, യു. പി. എസ്. എ തസ്തികകളിൽ ഉടൻ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽനിന്നും പി. എസ്. സി. നടത്തിയ നിയമനശിപാർശകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| റാങ്ക് ലിസ്റ്റ് | നിയമന ശിപാർശ |
|---|---|
| എൽ.ഡി. ക്ലാർക്ക് | 222 |
| ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് | 132 |
| എൽ.പി.എസ്.എ. | 1022 |
| യു.പി.എസ്.എ. | 330 |

(ബി)

| തസ്തിക | റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം | നിയമന ശിപാർശ നൽകിയവരുടെ എണ്ണം |
|---|---|---|
| എൽ.ഡി. ക്ലാർക്ക് | 1039 | 1039 |
| ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് | 833 | 833 |
| എൽ.പി.എസ്.എ. | 1554 | 1545 |
| യു.പി.എസ്.എ. | 772 | 762 |

(സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി. യെ അറിയിക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പി.എസ്.സി. ചെയർമാന്റെ ഔദ്യോഗിക യാത്രാ ചെലവ്

32 (37) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ചെയർമാന്റെ ഔദ്യോഗിക യാത്രകളിൽ ജീവിതപങ്കാളിയുടെ യാത്രാ ചെലവ് സർക്കാർ വഹിക്കണമെന്ന് പി.എസ്.സി. സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) പി.എസ്.സി. ചെയർമാന്റെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഔദ്യോഗിക യാത്രകളിൽ അദ്ദേഹത്തിനൊപ്പം ഭാര്യ യാത്ര ചെയ്യുന്ന വേളകളിൽ ഭാര്യയുടെ യാത്രാചെലവുകൂടി ലഭ്യമാക്കുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പി.എസ്.സി. സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) സർക്കാർ പരിശോധിച്ചുവരുന്നു.

## പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ

33 (38) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി ഭരണപരിഷ്കാര കമ്മീഷനുമായി പി.എസ്.സി. എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) പി. എസ്. സി. യുടെ നിയമന നടപടികൾ പുറം കരാർ നൽകുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പ്രസ്തുത ചർച്ചയിൽ ഉണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇപ്രകാരം പുറം കരാർ നൽകുന്നതിനുള്ള പ്രത്യേക സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഒ.എം.ആർ. പരീക്ഷകളിലെ കാലതാമസം ഒഴിവാക്കുന്നതിനായി കൂടുതൽ പരീക്ഷകൾ ഓൺലൈനായി നടത്താനും പ്രസ്തുത ആവശ്യത്തിലേക്കായി സർക്കാർ/എയ്ഡഡ്/സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ പരീക്ഷാകേന്ദ്രങ്ങളായി ഉപയോഗിക്കാനും തീരുമാനിച്ചു. വകുപ്പുതല പരീക്ഷകളെല്ലാം ഈ വർഷം ഓൺലൈൻ വഴി നടത്തി. വിവിധ വകുപ്പ് മേധാവികളുമായി ചർച്ച നടത്തി, സിലബസ് പരിഷ്കരണം, ലഭ്യമല്ലാത്ത പുസ്തകങ്ങൾ പ്രസിദ്ധീകരിക്കൽ തുടങ്ങിയവയിൽ പുരോഗതിയുണ്ടായി. വിവിധ വകുപ്പുകളിൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നത് സംബന്ധിച്ചും വകുപ്പുതലവൻമാരുമായി ചർച്ച നടത്തി. വിവരണാത്മക പരീക്ഷകളുടെ മൂല്യനിർണ്ണയത്തിനായി ഒരു കംപ്യൂട്ടർ അധിഷ്ഠിത മൂല്യനിർണ്ണയ സംവിധാനം (ഓൺ സ്ക്രീൻ മാർക്കിംഗ്) തയ്യാറാക്കുവാൻ സാധിച്ചിട്ടുണ്ട്. ഫയലുകളുടെ വേഗതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഇ-ഫയൽ സംവിധാനം ആരംഭിക്കുകയും അങ്ങനെ അവശ്യ സർവ്വീസുകളിലെ തസ്തികകളിലേക്ക് കാലതാമസം കൂടാതെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി & ഡി) ബാധകമല്ല.

**പി.എസ്.സി. നിയമനം**

34 (39) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. എസ്. സി. മുഖേന എത്ര നിയമനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഓരോ വകുപ്പിലും നടത്തിയ നിയമനങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 ഏപ്രിൽ വരെ 1,02,103 (ഒരു ലക്ഷത്തി രണ്ടായിരത്തി നൂറ്റി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പി.എസ്.സി. നിയമനങ്ങളുടെ വിശദാംശങ്ങൾ**

35 (40) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധവകുപ്പുകളിൽ ഒഴിവ് വന്ന തസ്തികകൾ, റിപ്പോർട്ട് ചെയ്യപ്പെട്ടവ, നിയമനം നടത്തിയവ എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി. മുഖാന്തരം സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 ഏപ്രിൽ മാസം വരെ 1,02,103 (ഒരു ലക്ഷത്തി രണ്ടായിരത്തി നൂറ്റി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ഓൺലൈൻ വകുപ്പുതല പരീക്ഷാ രീതി**

36 (41) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ പ്രൊമോഷൻ യോഗ്യത നിർണ്ണയത്തിനായുള്ള വകുപ്പുതല പരീക്ഷകൾ ഓൺലൈൻ പരീക്ഷാ രീതിയിൽ നടത്തുവാൻ തീരുമാനിച്ചപ്പോൾ, സർക്കാർ ഇത് സംബന്ധിച്ച് പി.എസ്.സി.-യുമായി ആശയവിനിമയം നടത്തിയിരുന്നോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മുൻ രീതിയിൽ നിന്നും വ്യത്യസ്തമായി വകുപ്പുതല പരീക്ഷകളുടെ സമയക്രമത്തിൽ മാറ്റം വരുത്തിയതുമൂലം ഉദ്യോഗസ്ഥരുടെ സേവനം സാധാരണക്കാർക്ക് ലഭ്യമാകാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സമയക്രമത്തിലും പരീക്ഷാകേന്ദ്രങ്ങളിലും ഉണ്ടായ അശാസ്ത്രീയമായ പരിഷ്കരണം പരീക്ഷ എഴുതുന്ന ഉദ്യോഗസ്ഥർക്ക് സൃഷ്ടിക്കുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി മുൻകാലത്ത് നിലവിലുണ്ടായിരുന്ന രീതി പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൂടിയാലോചന നടത്തിയിരുന്നു. സർക്കാർ ജീവനക്കാരായ ഉദ്യോഗാർത്ഥികൾക്ക് KSR Part I Rule 12(7) Note 2 പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷയിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് പരീക്ഷാ ദിവസം/ദിവസങ്ങൾ പ്രസ്തുത പരീക്ഷാ കേന്ദ്രത്തിലേക്കും തിരിച്ചുമുള്ള യാത്രക്ക് ആവശ്യമായ സമയം ഉൾപ്പെടെ ഡ്യൂട്ടിയായി പരിഗണിക്കുവാൻ വ്യവസ്ഥയുണ്ടെന്നും കൂടാതെ അർഹമായ യാത്രാബത്ത സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നിലവിലെ സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതില്ലെന്നും സർക്കാർ പി.എസ്.സി. യെ അറിയിച്ചിരുന്നു.

(ബി) വകുപ്പുതല പരീക്ഷകളുടെ സമയക്രമത്തിൽ മാറ്റം വരുത്തിയതുമൂലം ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാകുന്നില്ല എന്നുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി & ഡി) ഇതുസംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ച് ഉദ്യോഗസ്ഥരായ പരീക്ഷാർത്ഥികൾക്ക് OMR പരീക്ഷ നടത്തുക എന്നതായിരുന്നു മുൻപ് നിലവിലുണ്ടായിരുന്ന രീതി. എന്നാൽ വകുപ്പുതല പരീക്ഷ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയതിനെ തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട കമ്പ്യൂട്ടർ ലാബ് സൗകര്യമുള്ള കോളേജുകളും പി.എസ്.സി. യുടെ കീഴിലുള്ള 4 ഓൺലൈൻ സെന്ററുകളിലുമായി പരീക്ഷ നടത്തുന്നു. മേഖലാ അടിസ്ഥാനത്തിലാണ് പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. ഓരോ മേഖലയിലും ഉൾപ്പെടുന്ന ജീവനക്കാർക്ക് പരമാവധി അവരുടെ ഓഫീസിന് സമീപത്തുതന്നെ പുതിയ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുവാനായി കമ്പ്യൂട്ടർ ലാബ് സൗകര്യമുള്ള സർക്കാർ സ്ഥാപനങ്ങളുമായി പി.എസ്.സി. ചർച്ച നടത്തിവരുന്നു. തുടർന്നും ഓൺലൈൻ രീതിയിൽ പരീക്ഷ നടത്തുവാനാണ് പി.എസ്.സി. നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

## പാലക്കാട് ജില്ലയിൽ എൽ.ഡി. ക്ലാർക്ക് പ്രതീക്ഷിത ഒഴിവുകൾ

37 (42) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകളിലായി 2019 ൽ എൽ.ഡി. ക്ലാർക്കിന്റെ പ്രതീക്ഷിത ഒഴിവുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളെത്രയെന്നും ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെന്നും അറിയിക്കാമോ?

### ഉത്തരം

(എ & ബി) 2019-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കുവാൻ 10-8-2018-ലെ ഉപസി3/149/2018/ഉഭപവ., 18-1-2019-ലെ ഉപസി1/200/2018/ഉഭപവ എന്നീ സർക്കുലറുകൾ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിരുന്നു. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽനിന്നും നിലവിൽ 9 പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പാലക്കാട് ജില്ലയിൽ ഭിന്നശേഷിക്കാർക്ക് നിയമനം

38 (43) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ എത്ര ഭിന്നശേഷിക്കാർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും പി.എസ്.സി. മുഖേനയും നിയമനം ലഭിച്ചിട്ടുണ്ട്;

(ബി) കാറ്റഗറി തിരിച്ചുള്ള വിവരം നൽകാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 186 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേനയും 151 ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി)

| കാറ്റഗറി | പി.എസ്.സി. മുഖേന | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന |
|---|---|---|
| Locomotor Disability/Cerebral Palsy | 72 | 113 |
| Blind/Low Vision | 68 | 19 |
| Hearing Impairment | 46 | 19 |
| Total | 186 | 151 |

## അഗ്രികൾച്ചർ അസിസ്റ്റന്റ് പി.എസ്.സി. നിയമന യോഗ്യത

39 (44) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചർ അസിസ്റ്റന്റ് (കാറ്റഗറി. നമ്പർ 444/16 ) നിയമനത്തിന് സ്വീകരിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ ;

(ബി) കാർഷിക ഡിപ്ലോമക്കാർക്കും കാർഷിക ബിരുദധാരികൾക്കും തുല്യപരിഗണന ലഭ്യമാക്കുമോ;

(സി) നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങൾ മാറ്റുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) (i) കേരള കാർഷിക സർവ്വകലാശാലയിൽനിന്നും നൽകപ്പെടുന്ന കൃഷിശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ ഐറ്റം (i) അനുസരിച്ച് യോഗ്യതയുള്ളവരുടെ അഭാവത്തിൽ,

(ii) അഗ്രികൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റ് ഐറ്റം (i)-ഉം (ii)-ഉം പ്രകാരം നിർദ്ദിഷ്ട യോഗ്യതയുള്ളവരുടെ അഭാവത്തിൽ,

(iii) (1) കൃഷി മുഖ്യവിഷയമായിട്ടുള്ള എസ്.എസ്.എൽ.സി. യോ തത്തുല്യമായ യോഗ്യതയോ

അല്ലെങ്കിൽ,

(2) എസ്.എസ്.എൽ.സി. യോ തത്തുല്യമായ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും

അല്ലെങ്കിൽ

(3) കൃഷി ഐച്ഛിക വിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള പോസ്റ്റ് ബേസിക് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്

(ബി) നല്ല കായിക ശേഷി

(ബി & സി) പരിശോധിച്ചുവരുന്നു.

## പി.എസ്.സി. റാങ്ക് ലിസ്റ്റ് മുഖേനയുള്ള നിയമനം

40 (45) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ഇപ്പോൾ ഓരോ ജില്ലയിലും എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്;

(സി) സംസ്ഥാനതലത്തിലുള്ള എത്ര പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4/19 വരെ 1,02,103 (ഒരു ലക്ഷത്തി രണ്ടായിരത്തി നൂറ്റി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാന തലത്തിലുള്ള 501 റാങ്ക് പട്ടികകൾ നിലവിലുണ്ട്. 59,215 ഉദ്യോഗാർത്ഥികൾ പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

41 (46) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

30-06-2016-ന് നിലവിലുള്ളതും 30-12-2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി 31-12-2016 വരെ ആറ് മാസത്തേക്ക് ദീർഘിപ്പിച്ചിരുന്നു. കൂടാതെ 31-12-2016-ന് നിലവിലുള്ളതും 29-6-2017 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി 30-6-2017 വരെ ദീർഘിപ്പിച്ചിരുന്നു.

## പി.എസ്.സി. ലിസ്റ്റിൽനിന്നും ഫാർമസിസ്റ്റ് നിയമനം

42 (47) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുവേണ്ടി പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിൽ നിന്നും എത്രപേരെ നിയമിച്ചുവെന്ന് വിശദീകരിക്കുമോ; കാറ്റഗറി തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്നും എല്ലാ ഒഴിവുകളിലേക്കും അഡ്വൈസ് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. ടി റാങ്ക് പട്ടികയിൽനിന്നും നാളിതുവരെ 18 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| OC | R.11 |
| Ezhava | R.14 |
| SC | R.31 |
| ST | Nil |
| Muslim | R.21 |
| LC/A1 | R.78 |

| | |
|---|---|
| OBC | R.54 |
| Viswakarma | R.13 |
| SIUC N<br>SCCC<br>Dheevara<br>HN<br>DAO | Nil |

(സി) നിലവിൽ 3 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. Proforma സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമാകയാൽ ആയത് ലഭിച്ചതിനുശേഷം പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

**ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം**

43 (48) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് കാറ്റഗറി No.071/2017-Tvm നോട്ടിഫിക്കേഷൻ വഴിയുള്ള എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര പേർക്കാണ് ആദ്യപടിയായി നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ;

(സി) കാറ്റഗറി No.071/2017-Tvm അനുസരിച്ച് ലാസ്റ്റ് ഗ്രേഡിൽ ഹിന്ദു-നാടാർ പട്ടികയിൽ എത്ര റാങ്കിലുള്ളവരെയാണ് ആദ്യഘട്ടത്തിൽ നിയമിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 30-6-2018-ന് നിലവിൽ വന്ന റാങ്ക് പട്ടികയിൽനിന്നും 178 ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) നിലവിൽ 7 ഒഴിവുകളുണ്ട്.

(സി) ഹിന്ദു - നാടാർ വിഭാഗത്തിൽപ്പെട്ട 100 റാങ്കിനകത്തുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ്**

44(49) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികക്കായി (428/2012) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നടത്തിയ നിയമനവിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിശ്ചിത യോഗ്യതയില്ലാത്ത ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്ന ഉദ്യോഗാർത്ഥികളിൽ നിർദ്ദിഷ്ട യോഗ്യതയുള്ളവരെത്രയെന്നും ഇല്ലാത്തവരെത്രയെന്നും വ്യക്തമാക്കുമോ;

(ഡി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട നിശ്ചിതയോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തുടർന്ന് നിയമിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ടി റാങ്ക് ലിസ്റ്റിൽനിന്നും നടത്തിയ നിയമന ശിപാർശ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| No. of candidates advised | 3 |
| OC | 3 |
| Ezhava, SC, ST, Muslim, LC/AI | Nil |
| OBC | R3 (within OC) |
| V | R1 (within OC) |
| Dheevara, SIUC.N, HN, OX | Nil |

(ബി &സി) 31-7-2012-ലെ ഗസറ്റ് വിജ്ഞാപന പ്രകാരവും 21-11-2012-ലെ കൂട്ടിച്ചേർക്കൽ വിജ്ഞാപന പ്രകാരവുമുള്ള യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയാണ് ടി തസ്തികയുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ളത്.

(ഡി) ടി തസ്തികയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത വിവിധ OA കളിന്മേലുള്ള 8-3-2018-ലെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ പി.എസ്.സി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ആശ്രിത നിയമന വ്യവസ്ഥ**

45 (50) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനത്തിലിരിക്കെ മരണപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിത നിയമന വ്യവസ്ഥകൾ സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അപേക്ഷിച്ച എത്രപേർക്ക് നിയമനം നൽകാൻ ബാക്കിയുണ്ട് എന്നറിയിക്കാമോ;

(സി) നിലവിൽ അപേക്ഷ സമർപ്പിച്ചവരുടെ ക്യൂ ലിസ്റ്റ് ലഭ്യമാണോ; എങ്കിൽ ഓരോ ഉദ്യോഗാർത്ഥിയുടെയും അപേക്ഷയുടെ നിലവിലുള്ള സ്റ്റാറ്റസ് ഉദ്യോഗാർത്ഥികൾക്ക് അറിയിച്ചു കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 24-5-1999-ലെ G.O(P)12/99/P&ARD ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ചാണ് സംസ്ഥാനത്ത് നിലവിൽ ആശ്രിത നിയമനം നടത്തിവരുന്നത്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ 360 പേർക്കും അസിസ്റ്റന്റ് തസ്തികയിൽ 64 പേർക്കും ആഡിറ്റർ തസ്തികയിൽ 13 പേർക്കും ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ 3 പേർക്കും നിയമനം നൽകുവാനുണ്ട്.

(സി) പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകളിൽ എൽ.ഡി.ക്ലാർക്ക്, അസിസ്റ്റന്റ്/ആഡിറ്റർ, ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷിച്ചവരുടെ സീനിയോറിറ്റി ലിസ്റ്റ് ലഭ്യമാണ്. ഉദ്യോഗാർത്ഥികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സീനിയോറിറ്റി സ്റ്റാറ്റസ് അയച്ചുകൊടുക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ആശ്രിത നിയമനം

46 (51) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമന വ്യവസ്ഥയിൽ ഉദ്യോഗത്തിന് അപേക്ഷിക്കുന്നവരുടെ വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് ജോലി നൽകാൻ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഏതെങ്കിലും പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യത നേടിയ ഉദ്യോഗാർത്ഥിക്ക് ഇത്തരത്തിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഉന്നത ജോലി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഇല്ല. 24-05-1999-ലെ G.O. (P) 12/99/P&ARD ഉത്തരവ് പ്രകാരം നേരിട്ടുള്ള നിയമനം ഒരു നിയമന രീതിയായി നിശ്ചയിച്ചിട്ടുള്ള സബോർഡിനേറ്റ് സർവ്വീസിലെ ക്ലാസ്സ് III, IV തസ്തികകളിലേക്കും ലാസ്റ്റ് ഗ്രേഡ്, പാർട്ട് ടൈം കണ്ടിജന്റ് എന്നീ തസ്തികകളിലേക്കും മാത്രമാണ് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നടത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പോലീസിലെ പോസ്റ്റൽ ബാലറ്റ് വിതരണം

47 (52) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക് സഭ തെരഞ്ഞെടുപ്പിൽ പോസ്റ്റൽ ബാലറ്റ് വിതരണം സംബന്ധിച്ച് ഡി.ജി.പി. എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുവാൻ പോലീസിലെ ജില്ലാ നോഡൽ ഓഫീസർമാർ വീഴ്ചവരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള വീഴ്ചയാണ് കണ്ടെത്തിയതെന്നും അതിന്റെ അടിസ്ഥാനത്തിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പോലീസുകാരുടെ പോസ്റ്റൽ ബാലറ്റിംഗ് പോലീസ് അസോസിയേഷൻ നേതാക്കളും പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ നേതാക്കളും ഇടപെട്ട് വ്യാപകമായ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് പ്രതിപക്ഷനേതാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) തപാൽ വോട്ടുകൾ കൈകാര്യം ചെയ്യേണ്ടതിനെ സംബന്ധിച്ച് ഇലക്ഷൻ കമ്മീഷൻ Hand Book for Returning Officer Para 11.12.3 (b) പ്രകാരം നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനും അവരുടെ പ്രവർത്തനത്തെ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ നമ്പർ C2-8877/19/PHQ (A2) dated 09/04/2019-ലെ സി.ഒ.ബി. സന്ദേശ പ്രകാരം പോലീസിലെ എല്ലാ യൂണിറ്റ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ജില്ലാ നോഡൽ ഓഫീസർമാർ വീഴ്ചവരുത്തിയിട്ടില്ല.

(സി) പോലീസുദ്യോഗസ്ഥരുടെ പോസ്റ്റൽ ബാലറ്റ് സംബന്ധിച്ചുള്ള ആരോപണങ്ങളെക്കുറിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്. അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ. പ്രസ്തുത കേസിന്റെ അന്വേഷണത്തിൽ പ്രതിപക്ഷ നേതാവിന്റെ പരാതിയിൽ ഉന്നയിച്ച കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**വോട്ടർപട്ടികയിലെ ക്രമക്കേട്**

48 (53) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല മണ്ഡലങ്ങളിലും ഒട്ടേറെ പേരെ ഒഴിവാക്കിയാണ് ഇപ്രാവശ്യത്തെ ലോകസഭ തെരഞ്ഞെടുപ്പിനുള്ള അവസാന വോട്ടർപട്ടിക തയ്യാറാക്കിയതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ടുചെയ്തവരെയും കരട് വോട്ടർപട്ടികയിൽ പേരുണ്ടായിരുന്നവരെയും ഒഴിവാക്കിയ സാഹചര്യം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സമ്മതിദായകപട്ടികയിൽ പേര് ഉൾപ്പെടുത്തിയില്ല/ഒഴിവാക്കപ്പെട്ടു എന്നുള്ള പരാതികൾ ഇലക്ഷൻ ഓഫീസർമാർക്ക് ലഭിച്ചിട്ടുണ്ട്. പരാതികൾ ബന്ധപ്പെട്ട ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ (ജില്ലാ കളക്ടർ) മുഖാന്തിരം വിശദമായി പരിശോധിച്ചുവരികയാണ്. ഏതെങ്കിലും വ്യക്തിയെ മനഃപൂർവ്വമായാണ് ഒഴിവാക്കിയത് എന്ന് കണ്ടെത്തിയാൽ ഉത്തരവാദികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണെന്ന് CEO അറിയിച്ചിട്ടുണ്ട്.

**വോട്ടിംഗ് മെഷീനുകളിലെ കൃത്രിമം**

49 (54) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക് സഭയിലേയ്ക്ക് നടന്ന പൊതുതെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഉപയോഗിച്ച വോട്ടിംഗ് മെഷീനുകളിൽ തിരുവനന്തപുരം മണ്ഡലത്തിലെ കോവളത്തുള്ള ഒരു ബൂത്തിൽ ഉൾപ്പെടെ ചില ഇടങ്ങളിൽ വോട്ടർമാർ ഉദ്ദേശിച്ച യാൾക്ക് വോട്ട് ചെയ്യുവെങ്കിലും മറ്റൊരു ചിഹ്നത്തിൽ അത് വോട്ടായി മാറിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം നടന്നതായി തെളിഞ്ഞാൽ നിലവിലെ തെരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരുത്താൻ ആവശ്യപ്പെടുമെന്ന സർക്കാരിന്റെ മുൻനിലപാട് പ്രകാരം ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തെ പ്രതിപക്ഷകക്ഷികൾ ഉൾപ്പെടെയുള്ള വരുമായി എന്തെങ്കിലും കൂടിയാലോചന നടത്തിയിരുന്നോ; എങ്കിൽ അത് സംബന്ധിച്ച് നടന്ന തുടർനടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) അപ്രകാരമുള്ള മീഡിയാ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം നടന്നതായി ഇതുവരെയും തെളിയിക്കപ്പെട്ടിട്ടില്ല എന്നാണ് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ അറിയിച്ചിട്ടുള്ളത്.

(സി) ഇല്ല.

## വോട്ടിംഗ് യന്ത്രങ്ങളുടെ വിശ്വാസ്യത

50 (55) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വോട്ടിംഗ് യന്ത്രങ്ങൾ കുറ്റമറ്റതാണെന്ന് കേന്ദ്ര - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുകൾ അവകാശവാദമുന്നയിക്കുന്നുണ്ടെങ്കിലും ഒരാൾ രേഖപ്പെത്തിയ വോട്ട് ഉദ്ദേശിച്ച സ്ഥാനാർത്ഥിക്കുതന്നെ ലഭിച്ചുവെന്ന് ഉറപ്പുവരുത്താൻ നിലവിലെ സംവിധാനം പര്യാപ്തമല്ലെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) രേഖപ്പെടുത്തിയ വോട്ട് ഉദ്ദേശിച്ച സ്ഥാനാർഥിക്ക് ലഭിക്കാതെ മറ്റൊരു സ്ഥാനാർഥിക്ക് പോകുന്നതായുള്ള അപാകത പരിഹരിച്ച് ഇതിനെതിരെ സർക്കാരിന് എന്ത് നടപടി സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) സാങ്കേതിക പരിജ്ഞാനത്തിൽ മുൻപന്തിയിലുള്ള അമേരിക്ക പോലും ഇന്ന് പേപ്പർ ബാലറ്റ് സംവിധാനത്തിലേക്ക് മാറിപ്പോയത് വോട്ടിംഗ് യന്ത്രങ്ങളിലെ വിശ്വാസ്യതക്കുറവ് മൂലമാണെന്ന് സർക്കാരിന് അറിവുണ്ടോ;

(ഡി) തെരഞ്ഞെടുപ്പിൽ പേപ്പർ ബാലറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് അഭിപ്രായ ഐക്യം സ്വരൂപിക്കാൻ സർക്കാർ മുൻകൈയെടുത്ത് ശ്രമം നടത്തുമോ?

ഉത്തരം

(എ) ഒരാൾ രേഖപ്പെടുത്തിയ വോട്ട് ഉദ്ദേശിച്ച സ്ഥാനാർത്ഥിക്കുതന്നെ ലഭിച്ചുവെന്ന് ഉറപ്പുവരുത്താൻ നിലവിൽ വിവിപാറ്റ് (വോട്ടർ വെരിഫയബിൾ പേപ്പർ ഓഡിറ്റ് ട്രെയിൽ) സംവിധാനംകൂടി ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയാണ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നത്.

(സി) ഇല്ല.

(ഡി) അത്തരത്തിൽ തീരുമാനങ്ങളൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല.

## ഒന്നിലധികം തിരിച്ചറിയൽ കാർഡുള്ള വോട്ടർമാർ

51 (56) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ലോക് സഭാ മണ്ഡലത്തിൽ ആയിരക്കണക്കിന് വോട്ടർമാർക്ക് ഒന്നിലധികം തിരിച്ചറിയൽ കാർഡും വോട്ടും നിലവിലുണ്ടെന്ന

ആരോപണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇരട്ട വോട്ടുള്ള വോട്ടർമാരെ കണ്ടെത്തി വോട്ടർപ്പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ 1,12,322 ഇരട്ട വോട്ടുകൾ ഉണ്ടെന്ന് കാണിച്ച് യു.ഡി.എഫ്. സ്ഥാനാർത്ഥി അഡ്വ. അടൂർ പ്രകാശ്, ബി.ജെ.പി. സ്ഥാനാർത്ഥി ശ്രീമതി ശോഭാ സുരേന്ദ്രൻ എന്നിവർ നൽകിയ പരാതികൾ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ (തഹസിൽദാർമാർ) മുഖാന്തരം പരിശോധിച്ചിട്ടുള്ളതാണ്. അപ്രകാരം പരിശോധിച്ചതിൽ പേര്, പിതാവിന്റെ പേര് എന്നിവ ഒരുപോലെ വന്നിട്ടുള്ള കേസ്സുകളിലാണ് ഇരട്ട വോട്ട് എന്ന ആരോപണം ഉണ്ടായിട്ടുള്ളതെന്നും പേരും പിതാവിന്റെ പേരും ഒന്നാണെങ്കിലും ആയത് വ്യത്യസ്ത വ്യക്തികൾ തന്നെയാണെന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ സാങ്കേതിക തകരാറുകൾ കാരണം ഒരു ശതമാനത്തിൽ താഴെ വോട്ടർമാരുടെ വിവരങ്ങൾ ഇരട്ടിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വോട്ടർമാർ ഇരട്ട വോട്ട് ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(ബി) ഇലക്ഷൻ കമ്മീഷൻ നിർദ്ദേശിക്കുന്ന അവസരങ്ങളിൽ മാത്രമേ വോട്ടർപ്പട്ടികയിൽ ഭേദഗതികൾ വരുത്തുന്നതിന് സാധിക്കുകയുള്ളൂ. വോട്ടർപ്പട്ടികയിൽ ഭേദഗതികൾ വരുത്തുന്നതിന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അനുവാദം നൽകുന്ന മുറയ്ക്ക് ഇരട്ട വോട്ടുകൾ കണ്ടെത്തി ഡ്യൂപ്ലിക്കേറ്റ് എൻട്രി ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

## സംസ്ഥാനത്തെ പോളിംഗ് ബൂത്തുകളിൽ റീപോളിംഗ്

52 (57) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം പാർലമെന്റ് മണ്ഡലത്തിലെ 83-ാം നമ്പർ ബൂത്തിൽ പോളിംഗ് നടന്നിരുന്നോ; എങ്കിൽ അവിടെ പ്രധാന രാഷ്ട്രീയ കക്ഷികൾ ആവശ്യപ്പെട്ട് റീപോളിംഗ് നടത്തേണ്ടിവന്ന സാഹചര്യത്തിന് ഉത്തരവാദിയായവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്തെ ഏതെല്ലാം പോളിംഗ് ബൂത്തുകളിൽ റീപോളിംഗ് ആവശ്യമായി വന്നുവെന്ന് വ്യക്തമാക്കുമോ; റീപോളിംഗ് നടത്തുമ്പോൾ ഇത് സംബന്ധമായി എന്തെങ്കിലും ആവർത്തന ചെലവ് ഉണ്ടാകുന്നുണ്ടോ/ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ ;

(സി) റീപോളിംഗ് നടത്തേണ്ടി വന്നതിന്റെ പേരിൽ സ്ഥലത്തെ വോട്ടർമാർക്ക് എന്തെങ്കിലും രീതിയിൽ ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടോ; എങ്കിൽ ഏത് വിധത്തിലെന്ന് വ്യക്തമാക്കാമോ;

(ഡി) റീപോളിംഗ് നടത്തേണ്ടിവന്നതിന്റെ യഥാർത്ഥ ഉത്തരവാദികൾ ആരാണെന്നും അവർക്കെതിരെ അധികാരപ്പെട്ട തെരഞ്ഞെടുപ്പ് കമ്മീഷൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോയെന്നുമുള്ള വിശദമായ വിവരം ലഭ്യമാക്കുമോ; ഇത്തരം റീപോളിങ്ങ് സാഹചര്യം ഉദ്യോഗസ്ഥർ കാരണമായിട്ടാണെങ്കിൽ അതാവർത്തിക്കാതിരിക്കാൻ മാതൃകാപരമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; മുൻകരുതൽ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എറണാകുളം ലോക്സഭാ മണ്ഡലത്തിലെ കളമശ്ശേരി നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട 83-ാം നമ്പർ പോളിംഗ് ബൂത്തിൽ പ്രധാന രാഷ്ട്രീയ കക്ഷികൾ ആവശ്യപ്പെട്ട പ്രകാരം റീപോളിംഗ് നടത്തേണ്ടിവന്നത് സംബന്ധിച്ച് അന്വേഷണം നടത്താൻ ഇലക്ഷൻ കമ്മീഷൻ ഉത്തരവിട്ടിട്ടില്ല. അതിനാൽ ഉത്തരവാദികളാരെന്ന് നിർണ്ണയിച്ചിട്ടില്ലെന്ന് ചീഫ് ഇലക്ഷൻ കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(ബി) കളമശ്ശേരി നിയമസഭാ മണ്ഡലത്തിലെ 83-ാം നമ്പർ പോളിംഗ് ബൂത്തിനുപുറമെ കാസർഗോഡ് ലോക്സഭാ നിയോജകമണ്ഡലത്തിലെ 19, 69, 70 നമ്പർ പോളിംഗ് ബൂത്തുകളിലും തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ 48-ാം നമ്പർ പോളിംഗ് ബൂത്തിലും കണ്ണൂർ ലോക്സഭാ മണ്ഡലത്തിലെ തളിപ്പറമ്പ് നിയമസഭാ നിയോജകമണ്ഡലത്തിലെ 166-ാം നമ്പർ ബൂത്തിലും ധർമ്മടം നിയമസഭാ നിയോജകമണ്ഡലത്തിലെ 52, 53 നമ്പർ ബൂത്തുകളിലുമായി സംസ്ഥാനത്ത് ആകെ എട്ട് ബൂത്തുകളിൽ റീപോളിംഗ് നടത്തിയിട്ടുണ്ട്. റീപോളിംഗ് ചെലവ് സംബന്ധിച്ച് അന്തിമ കണക്കെടുപ്പ് നടത്തുമ്പോൾ മാത്രമേ ആവർത്തന ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആൾമാറാട്ടം നിമിത്തം റീപോളിംഗ് നടന്നത് സംബന്ധിച്ച് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഉത്തരവാദികളെ കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ. ഉദ്യോഗസ്ഥതലത്തിൽ മനഃപൂർവ്വമായി വീഴ്ചവരുത്തിയെന്ന് കണ്ടെത്തിയാൽ അവർക്കെതിരെ ഉചിതമായി നടപടി സ്വീകരിക്കുന്നതാണ്.

## ഐ. ടി. മേഖലയുടെ വികസനം

53 (58) ശ്രീ. ബി.സത്യൻ

ശ്രീ. ആന്റണി ജോൺ

ശ്രീ. ആർ. രാജേഷ്

ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയുടെ വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഐ.ടി. പാർക്കുകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുംവിധം വി.എസ്.എസ്.സി.-യുമായി ചേർന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഐ.ടി.അനുബന്ധ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റ് പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നീ ഐ.ടി. പാർക്കുകളിൽ ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും (ഭൂമി, കെട്ടിടം, ഫർണിഷ്ഡ് സ്പെയിസസ്, സ്റ്റാർട്ട്സ് ബിസിനസ്സ് സെന്ററുകൾ തുടങ്ങിയവ) മറ്റ് അനുബന്ധ സംവിധാനങ്ങൾ (വൈദ്യുതി, ജലം, കണക്റ്റിവിറ്റി, റോഡുകൾ തുടങ്ങിയവ) പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും (SEZ & NON SEZ) സജ്ജീകരിച്ചിട്ടുണ്ട്.

ടെക്നോസിറ്റിയിലെ മികവിന്റെ കേന്ദ്രമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നോളഡ്ജ് സിറ്റി പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ടുള്ള നിസ്സാൻ ഡിജിറ്റൽ ഹബ്ബ്, സ്പെയിസ് പാർക്ക് എന്നിവയും ബ്രിഗേഡ് വേൾഡ് ട്രേഡ് സെന്ററും ആരംഭിക്കാൻ ധാരണയായിട്ടുണ്ട്.

(ബി) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഐ.ടി. പാർക്കുകളിൽ എല്ലാ മേഖലയിലുമുള്ള (Small-Medium-Land) ഐ.ടി./ഐ.ടി.ഇ.എസ്. ദേശീയ-അന്തർദ്ദേശീയ സംരംഭകർക്ക് മിതമായ നിരക്കിൽ SEZ/Non SEZ മേഖലകളിൽ ഭൂമി, ലോകോത്തര നിലവാരമുള്ള ഐ.ടി. കെട്ടിട സൗകര്യങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ ലഭ്യത, മറ്റ് അനുബന്ധ സൗകര്യങ്ങളായി മിതമായ നിരക്കിലുള്ള മികച്ച ജല-വൈദ്യുതി വിതരണ സംവിധാനങ്ങൾ; 100% പവർ ബാക്ക് അപ്പ് സംവിധാനം, ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ എന്നിവയും അവയുടെ വിപുലീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

ലോകോത്തര ഐ.ടി. സംരംഭങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്ന തിനുവേണ്ടി സാങ്കേതിക വ്യവസായിക മേഖലയിലെ പ്രഗത്ഭരെ ഉൾപ്പെടുത്തി ക്കൊണ്ട് രൂപീകരിച്ച ഹൈപവർ കമ്മിറ്റിയുടെ ആഗോള സമ്മേളനമായ ഹാഷ് ഫ്യൂച്ചറും അതുമായി ബന്ധപ്പെട്ടുള്ള ഗ്ലോബൽ കണക്ട് മീറ്റിംഗുകൾ, ദേശീയ-അന്തർദ്ദേശീയ സെമിനാറുകൾ, റോഡ് ഷോകൾ എന്നിവയിലൂടെ കേരളത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ദേശീയവും അന്തർദ്ദേശീയവുമായ ഡുഫ്രൈൻ കൺസൾട്ടിംഗ്, ഓർക്കിഡ് മൈക്രോ സിസ്റ്റംസ്, പാരമൗണ്ട് കമ്പ്യൂട്ടേഴ്സ്, എക്സ്പ്രസോ കാപ്പിറ്റൽ എന്നീ കമ്പനികൾ താൽപ്പര്യം പ്രകടിപ്പിക്കുകയും നിസ്സാൻ (ജപ്പാൻ), ടെറാനെറ്റ് (കാനഡ), എച്ച് ആൻഡ് ആർ ബ്ലോക്ക് (അമേരിക്ക) തുടങ്ങിയ കമ്പനികൾ അവരുടെ പ്രാരംഭഘട്ട ബിസിനസ്സ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഇതിലൂടെ ഏകദേശം 1500 പുതിയ നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സർക്കാരിന്റെ പുതിയ പദ്ധതിയായി 100 ഏക്കറിൽ വിഭാവനം ചെയ്ത ടെക്നോസിറ്റിയിലെ നോളഡ്ജ് സിറ്റിയിൽ 20 ഏക്കറിൽ VSSC യുടെ Space Park പദ്ധതിയും ഉൾപ്പെടുന്നു. ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി ആദ്യ ഘട്ടം എന്ന നിലയിൽ VSSC സജ്ജീകരിക്കുന്ന നാനോ സ്പെയിസ് പാർക്കിനുള്ളിൽ സ്പെയിസ് സിസ്റ്റം കോംപ്ലക്സിനുവേണ്ടി VSSC ക്ക് 3.94 ഏക്കർ ഭൂമി ടെക്നോസിറ്റിയിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രാരംഭഘട്ടമെന്ന നിലയിൽ ഈ മേഖലയുമായി ബന്ധപ്പെട്ട് (STADE - Space Technology Application Development Ecosystem) രണ്ട് സ്റ്റാർട്ട് അപ്പ് കമ്പനികൾ കേരള സ്റ്റാർട്ട് അപ്പ് മിഷൻ മുഖേന ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) ടെക്നോപാർക്കിന്റെ ഫെയിസ്-3 -ൽ ടോറസ് പദ്ധതി, ടെക്നോസിറ്റിയിൽ ബ്രിഗേഡ് ഗ്രൂപ്പിന്റെ വേൾഡ് ട്രെയിഡ് സെന്റർ തുടങ്ങിയവ പ്രവർത്തിപ്പിക്കാൻ ധാരണയായിട്ടുണ്ട്. ഇൻഫോപാർക്കിൽ ബ്രിഗേഡിന്റെ വേൾഡ് ട്രെയിഡ് സെന്റർ, പഞ്ചനക്ഷത്ര ഹോട്ടലായ ഫോർ പോയിന്റ് ഷെറാട്ടൻ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഒരു മൾട്ടി പർപ്പസ് ബിസിനസ്സ് ആക്സിലറേറ്റർ കെട്ടിടം പണിയാനുള്ള അനുമതിയും ഇൻഫോപാർക്കിന് ലഭിച്ചിട്ടുണ്ട്.

### ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

54 (59) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ സിസ്റ്റം ഡൗൺ ആകുന്നതുമൂലം പ്രവർത്തനം പലപ്പോഴും തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ പദ്ധതികളുണ്ടോ; ആയതിന്റെ നവീകരണപ്രവർത്തനം നടക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ജനങ്ങളിലെ അറിവില്ലായ്മ പരിഹരിക്കുന്നതിനും, ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്പെടുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) കൊല്ലം ജില്ലയിലെ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ നവീകരണ പ്രവൃത്തികൾ നടന്നിരുന്നോ; എങ്കിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവെന്ന് അറിയിക്കുമോ; ഇതിലേയ്ക്കായി ചെലവായ തുകയുടെ വിശദവിവരങ്ങൾ അറിയിക്കുമോ; ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയതെന്നും, ആയതിന്റെ പുരോഗതിയും അറിയിക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തികളുടെ ഗുണമേന്മയും കാര്യക്ഷമതയും വിലയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി എല്ലാ ഫ്രണ്ട്സ് കേന്ദ്രങ്ങളും നവീകരിക്കുന്നതിനായി 2.18 കോടി രൂപ അനുവദിക്കുകയും നിലവിൽ 80% നവീകരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട്സ് കേന്ദ്രങ്ങളിൽ ജീവനക്കാരുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വിവിധ വകുപ്പുകളിൽനിന്നും ജീവനക്കാരെ സർവ്വീസ് ഓഫീസറായി ലഭ്യമാക്കുന്നതിന് വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകുകയും ലഭ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട്സ് കേന്ദ്രങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി മുഴുവൻ കേന്ദ്രങ്ങളിലും കണക്റ്റിവിറ്റി, യു.പി.എസ്. തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. നവീകരണം പൂർത്തിയാകുന്നതോടുകൂടി ഇത് നല്ല രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് സാധിക്കും. ഫ്രണ്ട്സ് വഴി സേവനം നൽകുന്ന വകുപ്പുകളുടെ വെബ് സർവ്വീസ് ചില സമയങ്ങളിൽ ലഭ്യമാകാതെ വരുന്ന ഘട്ടങ്ങളിൽ അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട് എത്രയും വേഗം പരിഹരിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ഇപ്പോൾ നൽകിവരുന്ന സേവനങ്ങൾക്ക് പുറമെ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തുന്നതിനും ഫ്രണ്ട്സ് കേന്ദ്രങ്ങളെ ജില്ലയിലെ ഐ.ടി. ഹെല്പിങ് ഹബ് ആയി മാറ്റുന്നതിനുമുള്ള നടപടികൾ പരിഗണനയിലുണ്ട്.

(സി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ പുതുതായി വരുന്ന സേവനങ്ങളെ കുറിച്ച് പത്രക്കുറിപ്പുകളിലൂടെയും കളക്ടറേറ്റുകൾ മുഖേനയുള്ള അറിയിപ്പുകളിലൂടെയും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നുണ്ട്.

(ഡി) കൊല്ലം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ ഫ്രണ്ട് ഡോർ സ്ഥാപിക്കൽ, തടിയിലുള്ള ഫർണിച്ചറുകളുടെ പോളിഷിംഗ്, ഫ്ലോറിംഗ്, പെയിന്റിംഗ് വർക്കുകൾ, പുതിയ കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് പ്രവൃത്തികൾ, കെട്ടിടത്തിലും പുറത്തുമുള്ള നെയിം ബോർഡുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും സെന്ററിലെ ആവശ്യത്തിലേക്കായി പുതിയ കസേരകൾ, ക്യാഷ് ചെസ്റ്റ്, ജനൽ കർട്ടനുകൾ, പുതിയ എ.സി.കൾ, പുതിയ ലൈറ്റുകൾ, ടോക്കൺ സിസ്റ്റം, കള്ളനോട്ട് കണ്ടുപിടിക്കുന്ന ഉപകരണം, ട്യൂബുലാർ യു.പി.എസുകൾ എന്നിവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിന്റെ നവീകരണത്തിനായി 643292 രൂപ ചെലവായിട്ടുണ്ട്. കൊല്ലം ഫ്രണ്ട്സ്

ജനസേവന കേന്ദ്രം നവീകരിക്കുന്നതിലേക്കായി നിർമ്മിതി കേന്ദ്രത്തിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഇ) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ നവീകരണ പ്രവൃത്തികളുടെ ഗുണമേന്മ അതാത് ജില്ലകളിലെ ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റി പരിശോധിക്കുന്നുണ്ട്.

## സി-ഡിറ്റ് പദ്ധതികൾ സ്വകാര്യമേഖലയ്ക്ക് കൈമാറിയ നടപടി

55(60) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ (CMDRF) പോർട്ടൽ നടത്തിപ്പ് ഉൾപ്പെടെ സ്വകാര്യകമ്പനിയായ ഓസ്പിൻ ടെക്നോളജീസ് എന്ന കമ്പനിക്ക് നൽകിയതായുള്ള വിവരത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) കേരള സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണസ്ഥാപനമായ സി-ഡിറ്റ് നിലവിൽ കൈകാര്യം ചെയ്തിരുന്ന ഏതെല്ലാം പ്രവൃത്തികളാണ് അവരിൽ നിന്നും മാറ്റിയത്; മാറ്റുവാനുള്ള കാരണം അറിയിക്കുമോ ;

(സി) കേരള ടാക്സി ഓൺലൈൻ, കെ.എസ്.ആർ.ടി.സി. ഓൺലൈൻ, കേരള സർക്കാരിന്റെ തപാൽ മാനേജ്മെന്റ് സംവിധാനം എന്നിവയിൽ നിന്നും സി-ഡിറ്റിനെ ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇ-ഓഫീസ് സംവിധാനം ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇ-ഓഫീസിനെക്കുറിച്ച് എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) ഇ-ഓഫീസ് സംവിധാനം പരിഷ്കരിക്കുവാൻ എൻ.ഐ.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) പോർട്ടൽ നടത്തിപ്പ് സ്വകാര്യ കമ്പനിയായ ഓസ്പിൻ ടെക്നോളജീസിന് നൽകിയിട്ടില്ല. സി-ഡിറ്റിന് തന്നെയാണ് ഇതിന്റെ ചുമതല.

(ബി) സി-ഡിറ്റ് സർക്കാർ വകുപ്പുകൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികളൊന്നും സി-ഡിറ്റിൽനിന്നും മാറ്റിയിട്ടില്ല. നാം മുന്നോട്ട് എന്ന പ്രതിവാര ടെലിവിഷൻ പരിപാടിയുടെ ഷൂട്ടിംഗ് നിർവ്വഹിക്കുന്ന കേരള സംസ്ഥാന ഭാഗ്യക്കുറി

നറുക്കെടുപ്പിന്റെ തൽസമയ സംപ്രേഷണം എല്ലാ ദിവസവും ഉള്ളതിനാൽ നാം മുന്നോട്ട് പരിപാടിയുടെ ഷൂട്ടിംഗ് അതിഥികൾക്കുകൂടി സൗകര്യപ്രദമായ സമയത്ത് സി-ഡിറ്റ് മുഖാന്തരം നടത്തുന്നതിന് അസൗകര്യം നേരിട്ട സാഹചര്യത്തിൽ നഗര പരിധിയിൽ നിശ്ചിത സൗകര്യങ്ങളുള്ള പ്രൊഡക്ഷൻ ഹൗസുകൾ, ടെലിവിഷൻ ചാനലുകൾ എന്നിവയിൽനിന്നും പത്രപരസ്യത്തിലൂടെ താത്പര്യപത്രം ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) കെ.എസ്.ആർ.ടി.സി. ഓൺലൈൻ സി-ഡിറ്റിനെ ഏൽപ്പിച്ചിട്ടുള്ള പദ്ധതിയല്ല. സർക്കാർ നിയന്ത്രണത്തിൽ ഓൺലൈൻ ടാക്സി സമ്പ്രദായം നടപ്പിൽ വരുത്തുന്ന വിഷയം സംബന്ധിച്ച് വിവിധ തലത്തിൽ ചർച്ചകൾ നടന്നുവെങ്കിലും ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. കേരള സർക്കാരിന്റെ തപാൽ മാനേജ്മെന്റ് സംവിധാനം പ്രോജക്ടിൽനിന്നും സി-ഡിറ്റിനെ ഒഴിവാക്കിയിട്ടില്ല. ഈ പദ്ധതിയുടെ അംഗീകാരം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) സെക്രട്ടേറിയറ്റിലെ വകുപ്പുകൾ, 14 കളക്ടറേറ്റുകൾ, 15 ആർ.ഡി.ഒ. ഓഫീസുകൾ, 2 താലൂക്കുകൾ, 1 വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലും അനുബന്ധത്തിൽ ചേർത്തിട്ടുള്ള 53 ഡയറക്ടറേറ്റുകൾ/ കമ്മീഷണറേറ്റുകൾ/ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ഇതിനോടകം ഇ-ഓഫീസ് നടപ്പാക്കിയിട്ടുണ്ട്. ഇ-ഓഫീസിന്റെ പ്രകടനം മോശമാണെന്നുള്ള നിരവധി പരാതികൾ ഉദ്യോഗസ്ഥരിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം ചില സമയങ്ങളിൽ മന്ദഗതിയിലാകുന്നത് സംബന്ധിച്ചും മലയാളത്തിൽ ഡ്രാഫ്റ്റ്/നോട്ട് ടൈപ്പ് ചെയ്യുമ്പോൾ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നത് സംബന്ധിച്ചും പരാതികൾ ലഭിച്ചിട്ടുണ്ട്. കളക്ടറേറ്റുകളിലെ പേഴ്സണൽ രജിസ്റ്റർ ഇ-ഓഫീസ് റിപ്പോർട്ടിൽനിന്നും ശരിയായ ഫോർമാറ്റിൽ ലഭിക്കുന്നില്ല എന്ന പരാതിയും ലഭിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. ഇ-ഓഫീസിന്റെ രണ്ടാം പതിപ്പ് ഡെവലപ് ചെയ്യണമെന്ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സംസ്ഥാനതല അപ്പക്സ് കമ്മിറ്റിയിൽ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇ-ഓഫീസിന്റെ രണ്ടാം പതിപ്പ് ഡെവലപ് ചെയ്യുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ എൻ.ഐ.സി. യോട് ആവർത്തിച്ച് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് എൻ.ഐ.സി. ലഭ്യമാക്കിയില്ല.

ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയ സെക്രട്ടേറിയറ്റ് വകുപ്പുകളിൽ നിന്നും കളക്ടറേറ്റുകളിൽനിന്നും ഡയറക്ടറേറ്റുകളിൽനിന്നും ലഭിച്ച നിർദ്ദേശങ്ങളും വരുത്തേണ്ട മെച്ചപ്പെടുത്തലുകളും ക്രോഡീകരിച്ച് എൻ.ഐ.സി.-ക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

## സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി

56(61) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി എപ്പോഴാണ് ആരംഭിച്ചതെന്നും ഇതിന്റെ കേന്ദ്രം എവിടെയാണെന്നും ഇത് കേരള സർക്കാരിന് കീഴിലുള്ള സ്ഥാപനമാണോ എന്നും വ്യക്തമാക്കാമോ;

(ബി) സർക്കാരിനും സർക്കാരിതര സ്ഥാപനങ്ങൾക്കും ഈ സ്ഥാപനം നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സി-ഡിറ്റ് (സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി) പൊതുമേഖല സ്ഥാപനമാണെങ്കിൽ ഇതിനെ ഒഴിവാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (സി.എം.ഡി.ആർ.എഫ്.) പോർട്ടൽ നടത്തിപ്പുൾപ്പെടെ സ്വകാര്യ കമ്പനിക്ക് പുറം കരാർ കൊടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) സി-ഡിറ്റിനെ ഒഴിവാക്കി ഏത് കമ്പനിക്കാണ് പുറം കരാർ നൽകിയതെന്നും ടെണ്ടർ ക്ഷണിച്ചിട്ടാണോ കരാർ നൽകിയതെന്നും എത്ര തുകയ്ക്കാണ് നൽകിയതെന്നും വ്യക്തമാക്കാമോ; ഏതെല്ലാം സംവിധാനങ്ങളിൽ നിന്നാണ് സി-ഡിറ്റിനെ ഒഴിവാക്കിയതെന്നും ഈ സംവിധാനങ്ങളത്രയും ഏതെല്ലാം കമ്പനികൾക്കാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(ഇ) സി-ഡിറ്റിനെ മികവിന്റെ കേന്ദ്രമാക്കുമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോൾ ഏത് സമ്മേളനത്തിലായിരുന്നെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച രേഖ ലഭ്യമാക്കാമോ?

ഉത്തരം

(എ) 15-12-1988-ലാണ് സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) ആരംഭിച്ചത്. തിരുവനന്തപുരം ജില്ലയിലെ തിരുവല്ലത്താണ് സി-ഡിറ്റിന്റെ ആസ്ഥാനം. കേരള സർക്കാരിന് കീഴിൽ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് സി-ഡിറ്റ്.

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കുംവേണ്ടി വിവരസാങ്കേതികവിദ്യ സേവനങ്ങൾ നൽകുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്ന ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി സി-ഡിറ്റ് പ്രവർത്തിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ട പുതിയ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്ന പ്രവൃത്തി സി-ഡിറ്റ് മുഖേന നടപ്പിലാക്കി. സംസ്ഥാന ബിവറേജസ് കോർപ്പറേഷനുവേണ്ടി ഹോളോഗ്രാം ലേബൽ നിർമ്മിക്കുന്നതിന് സി-ഡിറ്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനുപുറമെ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും സംസ്ഥാനത്തിന് പുറത്തുള്ള ഇന്ത്യൻ നേവി ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾക്കും അതീവ സുരക്ഷാ സർട്ടിഫിക്കറ്റുകളും ഐ.ഡി. കാർഡുകളും നിർമ്മിച്ച് നൽകുന്നതിനുള്ള സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനുവേണ്ടി ഓൺലൈൻ പരീക്ഷാ സോഫ്റ്റ്‌വെയറും ഡിസ്ക്രിപ്റ്റീവ് (എഴുത്തുപരീക്ഷയുടെ) മൂല്യനിർണ്ണയം നടത്തുന്നതിനുള്ള സോഫ്റ്റ്‌വെയറും സി-ഡിറ്റ് വികസിപ്പിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനം നേരിട്ട വെള്ളപ്പൊക്കത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ധനസമാഹരണം ഏകോപിപ്പിച്ച് ഓൺലൈൻ സംഭാവനകൾ സ്വീകരിക്കുന്നതിന് donation.cmdrf പോർട്ടൽ സി-ഡിറ്റ് മുഖേന വികസിപ്പിച്ചിരുന്നു. സർക്കാരിതര ഏജൻസികൾക്കുവേണ്ടി വീഡിയോ ചിത്രനിർമ്മാണം സി-ഡിറ്റ് നടത്തിവരുന്നു. വിവിധ സ്ഥാപനങ്ങൾക്കുവേണ്ടി കമ്മ്യൂണിക്കേഷൻ ക്യാമ്പയിനും സി-ഡിറ്റ് ഏറ്റെടുത്തുവരുന്നു.

(സി & ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) പോർട്ടൽ നടത്തിപ്പ് സ്വകാര്യ കമ്പനിക്ക് നൽകിയിട്ടില്ല. സി-ഡിറ്റിന് തന്നെയാണ് ഇതിന്റെ ചുമതല. സി.എം.ഡി.ആർ.എഫ്-ൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിന്റെ ഒരു ഭാഗം ജാവാ സാങ്കേതികവിദ്യയിലുള്ളതാക്കി വികസിപ്പിക്കുന്നതിനുവേണ്ട സാങ്കേതിക സഹായം സി-ഡിറ്റ് മറ്റൊരു സ്ഥാപനവുമായി ചേർന്ന് ലഭ്യമാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. മൊത്തത്തിലുള്ള സോഫ്റ്റ്‌വെയറിന്റെ ഉടമസ്ഥതയും വിന്യാസവും നടത്തിപ്പും സി-ഡിറ്റിന് തന്നെയാണ്.

(ഇ) ഉണ്ട്. പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ ശ്രീ. കെ. സി. ജോസഫ് എം.എൽ.എ യുടെ സബ്മിഷന് മറുപടിയായിട്ടായിരുന്നു.

**കേരളത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണം**

57 (62) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ.എസ്.ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയശേഷമുള്ള സംസ്ഥാന പുനർനിർമ്മാണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പുനർനിർമ്മാണത്തിന് ഏതൊക്കെ സ്രോതസ്സുകളിൽ നിന്ന് സഹായം ലഭ്യമായെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന് ആവശ്യമായ സാങ്കേതികസഹായം ഏതൊക്കെ മേഖലകളിൽ നിന്ന് ലഭ്യമായെന്ന് അറിയിക്കുമോ;

(ഡി) പ്രളയത്തിൽ ജനങ്ങൾക്ക് നഷ്ടമായ ജീവനോപാധികളുടെ പുനഃസ്ഥാപനത്തിന് എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രളയത്തിൽ നശിച്ച റോഡ്, പാലം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ പുനഃസ്ഥാപനത്തിന്റെ പുരോഗതി അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഫലപ്രദമായി നടന്നുവരുന്നു. ഇവയിൽ പ്രധാനപ്പെട്ട ചിലത് താഴെ ചേർക്കുന്നു:

സംസ്ഥാനത്തൊട്ടാകെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന 14888 വീടുകളിൽ 9329 വീടുകൾ ഗുണഭോക്താക്കൾ തന്നെ നിർമ്മാണം നടത്തുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതും അതിൽ 1618 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 9066 വീടുകൾക്ക് ആദ്യ ഗഡുവും 5939 വീടുകൾക്ക് രണ്ടാം ഗഡുവും 3233 വീടുകൾക്ക് മൂന്നാം ഗഡുവും അനുവദിച്ചുകഴിഞ്ഞിട്ടുള്ളതാണ്. Care Home പദ്ധതി പ്രകാരം 1990 വീടുകളുടെ പുനർനിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത്. അവയിൽ 1915 വീടുകൾക്ക് ആദ്യ ഗഡു അനുവദിച്ചിട്ടുണ്ട്. 937 വീടുകളുടെ നിർമ്മാണം ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. വീടും വസ്തുവും നഷ്ടപ്പെട്ട 518 കേസുകളിൽ 22 പേർക്ക് പബ്ലിക് ലാൻഡ് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 61 പേർക്ക് ജില്ലാ ഭരണകൂടങ്ങൾ വഴി ഭൂമി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 233 ഗുണഭോക്താക്കൾ നേരിട്ടും ഭൂമി വാങ്ങിയിട്ടുണ്ട്. 207 ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുറമ്പോക്കിൽ വസിച്ചിരുന്ന 1302 പേരുടെ വീടുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. അവരിൽ 525 പേർക്ക് പബ്ലിക് ലാൻഡും 92 പേർക്ക് ജില്ലാ ഭരണകൂടങ്ങൾ വഴിയും 12 ഗുണഭോക്താക്കൾക്ക് നേരിട്ടും ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. 616 ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ദുരന്ത സാധ്യത മേഖലകളിൽനിന്ന് പുനരധിവാസം ആവശ്യമായ 567 കുടുംബങ്ങളാണുള്ളത്. അവരിൽ 30 പേർക്ക് പബ്ലിക് ലാൻഡും 46 പേർക്ക് ജില്ലാ ഭരണകൂടങ്ങൾ വഴിയും 27 കുടുംബങ്ങൾക്ക് നേരിട്ടും ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. 92 കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരുന്നു. പ്രാദേശിക സ്പോൺസർഷിപ്പ് വഴി 1225 വീടുകളുടെ നിർമ്മാണമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. അവയിൽ 582 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രകാരം 245 വീടുകളും അതോടൊപ്പം സ്റ്റേറ്റ് ലെവൽ സ്പോൺസർഷിപ്പ് വഴി 217 വീടുകളുടെ നിർമ്മാണവും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ഭാഗികമായി നാശം സംഭവിച്ച വീടുകൾ (15%, 16-29%, 30-59%, 60-74% വരെ), പൂർണ്ണമായി നാശം സംഭവിച്ച വീടുകൾ (75%-ന് മേലെ) എന്നിങ്ങനെ തരം തിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായം നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയായി മിനിമം റിലീഫ് കോഡ് നിർണ്ണയിച്ചിട്ടുണ്ട്. അപ്രകാരം 251227 വീടുകളുടെ പുനർനിർമ്മാണത്തിനായി ആകെ 1163.17 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാരിൽ pending ആയ അപ്പീൽ അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കുന്നതിനായി ഡെപ്യൂട്ടി കളക്ടറുടെ സേവനം വിട്ടുനിൽകുവാനും അപ്പീൽ അപേക്ഷകൾ 2019 മേയ് അവസാനത്തോടെ തീർപ്പാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്നും തുക കണ്ടെത്തി പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നഗരകാര്യ വകുപ്പ് 1274 റോഡുകൾക്കായി 2018-19 വർഷത്തിൽ 12 കോടി രൂപയും 2019-20 വർഷത്തേയ്ക്ക് 18 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. പൊതുമരാമത്തുവകുപ്പ് പ്രളയാനന്തര റോഡ് പുനരുദ്ധാരണത്തിനായി നോൺ പ്ലാൻ ഇനങ്ങളിലായി 1400 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകി പൂർത്തീകരിച്ചുവരുന്നു.

കുടുംബശ്രീ പദ്ധതിയിൽപ്പെടുത്തി റീസർജന്റ് കേരള ലോൺ ഇനത്തിൽ 1348.18 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കി. പ്രളയക്കെടുതിയിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുക ലക്ഷ്യമിട്ട് ARISE പദ്ധതിപ്രകാരം 50000 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നു. കൂടാതെ കെട്ടിടനിർമ്മാണം പൂർണ്ണമായും ഏറ്റെടുക്കാൻ പ്രാപ്തിയുള്ള 246 കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പ് പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് തങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഉജ്ജീവന പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ പ്രളയബാധിതരെ സഹായിക്കാനായി പുനർജനി എന്ന പേരിൽ പുതിയ വായ്പാപദ്ധതിക്ക് KSIDC രൂപം നൽകുകയും ചെയ്തു.

സംസ്ഥാനത്തൊട്ടാകെ ഉണ്ടായ പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽനിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാന വിഹിതമായി 165 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച 54 കോടി രൂപ ഉൾപ്പെടുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 21.26 കോടി രൂപ 24500 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ക്ഷീര വികസന വകുപ്പിന്റെ നേതൃത്വത്തിൽ 400 പശുക്കളെ വിതരണം ചെയ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ 665 ലക്ഷം രൂപയുടെ സഹായം ക്ഷീര കർഷകർക്കായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 22 കോടി രൂപയുടെ പ്രത്യേക പുനരധിവാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഇപ്രകാരം പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ നപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന സ്രോതസ്സുകളിൽനിന്ന് സഹായം ലഭ്യമാക്കിവരുന്നു:

- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി.
- സംസ്ഥാന ബഡ്ജറ്റ്
- പദ്ധതിവിഹിതങ്ങളുടെ പുനർവിന്യാസം
- ക്രൗഡ് ഫണ്ടിംഗ്
- ദേശീയ ദുരന്ത പ്രതികരണനിധി
- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുകീഴിൽ കൂടുതൽ വകയിരുത്തൽ
- കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം.

ഇതിനുപുറമെ ലോകബാങ്ക്, KfW മുതലായ ബഹുവിധ ഏജൻസികളിൽനിന്നും സഹായം ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) വിവിധ വകുപ്പുകളുടെ സാങ്കേതിക പരിജ്ഞാനവും കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രം, സൈന്യത്തിന്റെ എഞ്ചിനീയറിംഗ് ദൗത്യ സംഘം (Engineering Task Force), ഐക്യരാഷ്ട്രസഭയുടെ ദൗത്യ സംഘം, ലോകബാങ്ക് വിദഗ്ദ്ധർ എന്നിവരിൽ നിന്നുള്ള സാങ്കേതിക സഹായം ഉപയോഗപ്പെടുത്തി. ഇതിനുപുറമെ വിവിധ രാഷ്ട്രങ്ങളും സ്ഥാപനങ്ങളും സംസ്ഥാനത്തിന് സാങ്കേതിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇവ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ജീവനോപാധികളുടെ പുനസ്ഥാപനം അതീവ പ്രാധാന്യത്തോടെ കണ്ടുകൊണ്ട് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കുടുംബശ്രീ പദ്ധതിയിൽപ്പെടുത്തി റീസർജന്റ് കേരളലോൺ ഇനത്തിൽ 1348.18 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കി. പ്രളയക്കെടുതിയിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുക ലക്ഷ്യമിട്ട് ARISE പദ്ധതിപ്രകാരം 50000 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നു. കൂടാതെ കെട്ടിടനിർമ്മാണം പൂർണ്ണമായും ഏറ്റെടുക്കാൻ പ്രാപ്തിയുള്ള 246 കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പ് പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് തങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി 'ഉജ്ജീവന' പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ പ്രളയബാധിതരെ സഹായിക്കാനായി പുനർജനി എന്ന പേരിൽ പുതിയ വായ്പാപദ്ധതിക്ക് KSIDC രൂപം നൽകുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയുടെ സമഗ്ര പുനരുജ്ജീവനത്തിനായി ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ, അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായ തരത്തിൽ പുനർനിർമ്മാണം നടത്തുന്നതിനുള്ള ദീർഘകാല പദ്ധതികൾ സംസ്ഥാന തലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് (ആർ.കെ.ഐ.) രൂപം നൽകി. ആർ.കെ.ഐ. യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കേരള പുനർനിർമ്മാണത്തിന്റെ അടിസ്ഥാന രേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP)-ക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. ലോകബാങ്ക് പോലുള്ള ഏജൻസികളിൽ നിന്ന് വികസന വായ്പയ്ക്കുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ഇ) പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിനായി ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാന ത്തിലുമുള്ള നടപടികൾ വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നു. ദുരന്തനിവാരണ ഫണ്ടിൽനിന്നും ലഭ്യമായ തുക ഉപയോഗിച്ച് മണ്ണിടിച്ചിൽമൂലം ഉണ്ടായ ഗതാഗത തടസ്സം മാറ്റുകയും 889 കി.മീ. റോഡിന്റെ ചെറിയ തകരാറുകൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 6176 കി. മീ. റോഡുകളുടെ അറ്റകുറ്റപ്പണികളും കലുങ്കുകളും ഓടകളും സംരക്ഷണഭിത്തികളും പുനർനിർമ്മിക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. പുനർനിർമ്മാണത്തിന് പ്ലാൻ നോൺ പ്ലാൻ ഇനങ്ങളിലായി 1400 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രളയത്തിൽ നാശനഷ്ടം നേരിട്ട ഇടുക്കി ജില്ലയിലെ പെരിയാവാര പാലം, തൃശ്ശൂർ ജില്ലയിലെ വെറ്റിലപ്പാറ പാലം, വയനാട് ജില്ലയിലെ പൊല്ലാംപാറ പാലം എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 7.34 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ നടന്നുവരുന്നു. ഇതിനുപുറമെ സെൻട്രൽ റോഡ് ഫണ്ടിൽപ്പെടുത്തി 54 റോഡുകൾക്കും 2 പാലങ്ങൾക്കുമായി 801 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

**പിറവം നിയോജകമണ്ഡലത്തിലെ പ്രളയാനന്തര നാശനഷ്ടം**

58 (63) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ പിറവം നിയോജകമണ്ഡലത്തിൽ എത്ര വീടുകൾക്ക് നാശനഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളതെന്നും, വീടുകൾ നഷ്ടപ്പെട്ടതിനു നഷ്ടപരിഹാരം ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും, എത്ര പേർക്ക് നഷ്ടപരിഹാരം നല്കിയെന്നുമുള്ള വിവരം, നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് ഇനംതിരിച്ച്,പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രളയത്തിൽ പിറവം നിയോജകമണ്ഡലത്തിൽ ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായ പഞ്ചായത്തുകളിൽ, അടുത്തുവരുന്ന മൺസൂൺ നേരിടുന്നതിന് എന്തൊക്കെ മുൻകരുതലുകളും, കർമ്മപദ്ധതികളുമാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. മൂവാറ്റുപുഴ താലൂക്കിൽ 35 വീടുകൾ പൂർണ്ണമായും തകർന്നിട്ടുള്ളതാണ്. ഇതിൽ 17 പേർക്ക് ഒന്നാം ഗഡുവും 16 പേർക്ക് രണ്ടാം ഗഡുവും 14 പേർക്ക് മൂന്നാം ഗഡുവും അനുവദിച്ചിട്ടുള്ളതാണ്. ഭാഗീകമായി തകർന്ന 4523 വീടുകൾക്ക് 15,87,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പൂർണ്ണമായി തകർന്ന വീടുകളിലെ താമസക്കാർക്ക് മൺസൂണിന് മുമ്പായി വീട് നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ വെള്ളപ്പൊക്കം ഉണ്ടാകുന്ന അവസ്ഥയിൽ താലൂക്കുകളിലെ ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്നതിന് നടപടികൾ വിവിധ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചിട്ടുണ്ട്.

**പ്രളയം സംബന്ധിച്ച സാങ്കേതിക പഠന റിപ്പോർട്ട്**

59 (64) ശ്രീ. മാത്യു റ്റി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസം കേരളത്തിൽ ഉണ്ടായ പ്രളയത്തിന്റെ കാരണങ്ങൾ സംബന്ധിച്ച് കേന്ദ്ര ജലകമ്മീഷൻ നടത്തിയ സാങ്കേതികപഠനത്തിന്റെ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് മറ്റേതെങ്കിലും പഠനറിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അവയേതെന്നും കണ്ടെത്തലുകൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) സാങ്കേതിക റിപ്പോർട്ടുകളിൽ നിന്നും വിഭിന്നമായി ഹൈക്കോടതിയിൽ അമിക്കസ് ക്യൂറി റിപ്പോർട്ട് സമർപ്പിച്ചതിനെത്തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കണ്ടെത്തലുകളും നിർദ്ദേശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2018 ആഗസ്റ്റ് മാസം കേരളത്തിലുണ്ടായ പ്രളയത്തെക്കുറിച്ച് താഴെ പറയുന്ന ഏജൻസികളുടെ പഠനറിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്.

1. പെരിയാർ നദീതടത്തിലെ പ്രളയവും ഡാമുകളുടെ സ്വാധീനവും - പഠനം - സുധീർ കെ. പി. (ഐ.ഐ.റ്റി. ചെന്നൈ)

2. 2018 കേരളത്തിലെ പ്രളയം - തീവ്രമഴയും ഡാമുകളിലെ ജലസംഭരണവും സംയുക്തമായി വഹിച്ച പങ്ക് (ഗാന്ധിനഗർ ഐ.ഐ.റ്റി. പഠനം)

മേൽപ്പറഞ്ഞ രണ്ട് റിപ്പോർട്ടുകളിൽ കറന്റ് സയൻസ് ജേർണലിൽ പ്രസിദ്ധീകരിച്ച ഐ.ഐ.റ്റി. ചെന്നൈ പഠനറിപ്പോർട്ടിൽ ഡാമുകൾ തുറന്നതല്ല പ്രളയകാരണമെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ ഗാന്ധിനഗർ ഐ.ഐ.റ്റി.-യുടെ റിപ്പോർട്ടിൽ ഡാം മാനേജ്മെന്റ് പരാജയമാണെന്ന് ചൂണ്ടിക്കാട്ടുന്നു. പ്രസ്തുത ഗാന്ധിനഗർ ഐ.ഐ.റ്റി.-യുടെ റിപ്പോർട്ട് ശാസ്ത്രീയമല്ല എന്ന കാരണത്താൽ യൂറോപ്യൻ ജിയോ ഫിസിക്കൽ യൂണിയൻ പ്രസിദ്ധീകരണം നിരസിക്കുകയാണുണ്ടായത്.

(സി) 2018 ആഗസ്റ്റ് മാസം കേരളത്തിലുണ്ടായ പ്രളയം സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിലുള്ള റിട്ട് പെറ്റീഷനുകളിന്മേൽ കോടതി നിയമിച്ച അമിക്കസ് ക്യൂറി ഫയൽ ചെയ്ത റിപ്പോർട്ടിന്മേൽ സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

## വീടുകളുടെ പുനർനിർമ്മാണം

60 (66) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ച് ലഭിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

ഉത്തരം

(എ) പ്രളയക്കെടുതിയിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ച് ലഭിച്ച അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർമാർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഓവർസിയർ/അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നീ ഉദ്യോഗസ്ഥർ മുഖേന അന്വേഷണം നടത്തി സാങ്കേതിക പരിജ്ഞാനമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ തിട്ടപ്പെടുത്തി ലഭ്യമാക്കിയ നാശനഷ്ട തോതനുസരിച്ച് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ധനസഹായം വിതരണം ചെയ്തിട്ടുള്ളതാണ്. പൂർണ്ണമായും

തകർന്ന വീടുകൾക്ക് സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാം എന്നുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള തുകകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഗഡുക്കളായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ലഭ്യമായ അപേക്ഷകൾ ബന്ധപ്പെട്ട ചാർജ്ജ് ഓഫീസർമാർക്ക് അന്വേഷണത്തിനായി നൽകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓവർസിയർ/അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നീ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് ആശ്വാസ ധനസഹായം നൽകുന്നതിന് കാലതാമസം കൂടാതെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രളയാനന്തര കേരള പുനർനിർമ്മിതി - കേന്ദ്ര സഹായം

61 (67) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയാനന്തര കേരള പുനർനിർമ്മിതിയുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പ് 'നോ ഒബ്ജക്ഷൻ' അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ഒരു ശതമാനം സെസ് ചുമത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. ദേശീയ ദുരന്ത നിവാരണ പ്രതികരണ നിധിയിൽനിന്നും 2904.85 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

## പ്രളയത്തിലെ മരണസംഖ്യ

62(68) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ എത്രപേർ മരണമടഞ്ഞുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ബി) മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നാളിതുവരെ എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാ പ്രളയത്തിന്റെ ജില്ല തിരിച്ചുള്ള മരണ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 9 |
| 2 | കൊല്ലം | 4 |
| 3 | പത്തനംതിട്ട | 20 |
| 4 | ആലപ്പുഴ | 46 |
| 5 | ഇടുക്കി | 54 |
| 6 | കോട്ടയം | 13 |
| 7 | എറണാകുളം | 25 |
| 8 | തൃശ്ശൂർ | 50 |
| 9 | പാലക്കാട് | 19 |
| 10 | മലപ്പുറം | 35 |
| 11 | വയനാട് | 7 |
| 12 | കോഴിക്കോട് | 14 |
| 13 | കണ്ണൂർ | 6 |
| 14 | കാസർഗോഡ് | 2 |
| | ആകെ | 304 |

(ബി) പ്രളയത്തിൽ മരണമടഞ്ഞവരുടെ കുടുംബത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദനീയമായ നഷ്ടപരിഹാര തുക 4 ലക്ഷം രൂപ എന്ന തോതിൽ അർഹത നിർണ്ണയിച്ചശേഷം നൽകിയിട്ടുണ്ട്.

**പ്രളയാനന്തര പുനർനിർമ്മാണം**

63 (69) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളിലും വികസനദൗത്യങ്ങളിലും സഹകരിക്കാമെന്ന് യു.എ.ഇ. സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മേഖലകളിലാണ് യു.എ.ഇ. സഹകരണം ഉറപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് യു.എ.ഇ. അടക്കമുള്ള രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അനുമതി അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ ഏതെങ്കിലും വിദേശ രാജ്യങ്ങളിൽനിന്ന് കേരളത്തിലെ പ്രളയവുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തുകൊണ്ടുള്ള കത്തുകളോ പ്രൊപ്പോസലുകളോ ലഭിച്ചിട്ടില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

**പ്രളയാനന്തര പുനർനിർമ്മാണം**

64 (70) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവർത്തനങ്ങൾക്ക് പ്രതിബന്ധമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പുനർനിർമ്മാണത്തിനായി കേന്ദ്രസർക്കാരിൽ നിന്നും വിദേശ ഏജൻസികളിൽ നിന്നും എന്തൊക്കെ സഹായങ്ങളാണ് ഇതിനകം ലഭ്യമായിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ഏതെങ്കിലും മേഖലയ്ക്ക് മുൻഗണന നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മേഖലയിൽ ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രളയാനന്തരം അടിയന്തര ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളെത്തുടർന്ന് പുനർനിർമ്മാണത്തിനായി ബഹുമുഖമായ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിച്ചു. കഴിഞ്ഞ സാമ്പത്തികവർഷത്തെ പദ്ധതി പുനക്രമീകരിച്ച് വിവിധ വകുപ്പുകൾ അടിയന്തര പുനർനിർമ്മാണ പദ്ധതികൾ ഏറ്റെടുത്തു. അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായതരത്തിൽ പുനർനിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികൾ സംസ്ഥാന തലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീ

ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.)-ന് രൂപം നൽകി. ആർ.കെ.ഐ. യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കേരള പുനർനിർമ്മാണത്തിന്റെ അടിസ്ഥാന രേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP)-ക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. ലോകബാങ്ക് പോലുള്ള ഏജൻസികളിൽനിന്ന് വികസന വായ്പക്കുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) ബാധകമല്ല.

(സി) പ്രളയാനന്തരം, അടിയന്തര സഹായമായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും 2904.85 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്.

കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ KfW-ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതു സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) കേരള പുനർനിർമ്മാണത്തിന് മാർഗ്ഗനിർദ്ദേശം നൽകുന്ന സമഗ്ര പ്രവർത്തന രേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) യിൽ കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശാക്തീകരണം എന്നിവയ്ക്കും മുൻഗണന നൽകുന്നു. ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുക എന്ന വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപം നൽകിയ കേരള പുനർനിർമ്മാണ പദ്ധതിയുടെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച മേഖലകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

## പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ വാഗ്ദാനം

65(71) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ എത്ര രൂപ വാഗ്ദാനം ചെയ്തിരുന്നു; ഇതിൽ എത്ര ലഭിച്ചു;

(ബി) പ്രളയകാലത്ത് നൽകിയ അരിയുടെയും മണ്ണെണ്ണയുടെയും വിഹിതമായി എത്ര രൂപ കേന്ദ്രത്തിന് തിരികെ നൽകി;

(സി) പ്രളയകാലത്ത് സൈന്യം നടത്തിയ രക്ഷാപ്രവർത്തനങ്ങൾക്ക് കേന്ദ്രത്തിന് എത്ര രൂപ തിരികെ നൽകേണ്ടതായി വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽനിന്ന് 2904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രളയകാലത്ത് 89540 മെട്രിക് ടൺ അരി MSP ഡിറൈവ്ഡ് റേറ്റിലും 12000 KL മണ്ണെണ്ണ നോൺ സബ്സിഡി ഇനത്തിലുമാണ് സംസ്ഥാനത്തിന് ലഭിച്ചത്. അരിയുടെ വില സംസ്ഥാനത്തിന് അനുവദിക്കുന്ന ദേശീയ ദുരന്ത നിവാരണ ഫണ്ട് (NDRF) വിഹിതത്തിൽനിന്നും ക്രമീകരിക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. മണ്ണെണ്ണയ്ക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ച നോൺ സബ്സിഡി നിരക്കിലുള്ള വില നൽകിയാണ് വിട്ടെടുപ്പ് നടത്തി വിതരണം ചെയ്തിട്ടുള്ളത്.

(സി) പ്രളയവുമായി ബന്ധപ്പെട്ട് എയർഫോഴ്സ് 102.60 കോടി രൂപയുടെ ബിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിഗണനയിലാണ്.

**പ്രളയ ദുരന്തം**

66(72) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തത്തിലേക്ക് കേരളത്തെ തള്ളിവിട്ടത് സർക്കാർ സംവിധാനത്തിന്റെ ഏകോപനത്തിലെ പിടിപ്പുകേടുകളും തീരുമാനമെടുക്കുന്നതിൽ വന്ന അമാന്തവുമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) പ്രളയകാരണങ്ങൾ കണ്ടെത്തുന്നതിന് ഹൈക്കോടതി നിയോഗിച്ച അമിക്കസ്ക്യൂറിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 433 പേരുടെ മരണത്തിനും 26,720 കോടി രൂപയുടെ നാശനഷ്ടത്തിനും ഏതാണ്ട് 70 ലക്ഷം ജനങ്ങളെ തീരാദുഃഖത്തിനും കാരണമായ പ്രളയത്തെ തുടർന്നുള്ള പുനർനിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) പ്രളയാനന്തര പുനർനിർമ്മാണവും പുനരധിവാസവും സംബന്ധിച്ച എത്ര അപ്പീലുകളാണ് ഇപ്പോൾ സർക്കാരിന്റെ മുന്നിലുള്ളത്; ഇവ എപ്പോൾ തീർപ്പാക്കാനാകും എന്നാണ് കരുതുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പാക്കുവാനും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുവാനുതകുന്ന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ കേരള പുനർനിർമ്മാണവും പുനരുദ്ധാരണവും സാധ്യമാക്കുന്നതിനാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, ആസ്തി പരിപാലന ചട്ടക്കൂട്ടുകളുടെ രൂപീകരണം, കാര്യക്ഷമത ഉറപ്പാക്കൽ, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ സ്വീകരിച്ചുകൊണ്ട് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാനാകുന്ന ഏജൻസികൾ വഴി നടപ്പാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. ഇത്തരത്തിലുള്ള പദ്ധതി രേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്. കേരളത്തിന്റെ വികസനത്തിലും ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പൂരകമായി രൂപപ്പെടുത്തിയിട്ടുള്ള കേരള പുനർനിർമ്മാണ വികസന പരിപാടിക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യു-ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നത് സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) ഭാഗികമായി തകർന്ന വീടുകൾ

ലഭിച്ച അപ്പീലുകളുടെ എണ്ണം : 60673

അപ്പീൽ തീർപ്പാക്കിയത് : 43507

പൂർണ്ണമായും തകർന്ന വീടുകൾ

ലഭിച്ച അപ്പീലുകളുടെ എണ്ണം : 14383

അപ്പീൽ തീർപ്പാക്കിയത് : 8052

31-5-2019-നകം അപ്പീലുകൾ തീർപ്പാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്രതിപക്ഷനേതാവ് ജില്ലാ കളക്ടർമാർക്ക് കൈമാറിയ പരാതികൾ**

67(73) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷനേതാവ് പ്രളയബാധിതമേഖലകൾ സന്ദർശിച്ച വേളയിൽ അദ്ദേഹത്തിന് ലഭിച്ച പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് നൽകിയിരുന്നതിന്മേൽ ഇതിനകം എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(ബി) ഓരോ ജില്ലാ കളക്ടർമാർക്കും ഇപ്രകാരം ലഭിച്ച പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പരാതിയിൽ അടിയന്തരമായി അന്വേഷണം നടത്തി അർഹതപ്പെട്ടവർക്ക് അനുവദനീയമായ ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രളയബാധിത മേഖലകൾ സന്ദർശിച്ചതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള അപേക്ഷ ലഭിച്ച ജില്ലകളില തഹസീൽദാർമാർ മുഖേന അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) പ്രതിപക്ഷനേതാവ് സ്വീകരിച്ചതുൾപ്പെടെ 98,181 അപ്പീൽ അപേക്ഷകൾ ജില്ലാ കളക്ടർമാർക്ക് ലഭിച്ചിട്ടുണ്ട്. അതിൽ 85,141 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ജില്ലകളിൽ ലഭിച്ച പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. 2019 മേയ് അവസാനത്തോടെ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ചീഫ് സെക്രട്ടറിയെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഭൂവിനിയോഗത്തിന്റെ ആസൂത്രണം

68(75) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളനിർമ്മാണത്തിന്റെ ഭാഗമായി ഭൂവിനിയോഗത്തിന്റെ ആസൂത്രണത്തിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി നീർത്തടസംരക്ഷണത്തിനും മഴവെള്ളസംഭരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഭൂവിനിയോഗത്തിൽ വീടുകൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) നവകേരള സൃഷ്ടി ലക്ഷ്യമിട്ടുള്ള പ്രളയാനന്തര കേരള പുനർനിർമ്മാണത്തിന്റെ ഭാഗമായി ഭൂവിനിയോഗ ആസൂത്രണം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള വിവിധ നടപടികൾ പല തലങ്ങളിൽ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് പുതുക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളുടെ ആസൂത്രണം, ബഡ്ജറ്റ്, ചെലവ് എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റംവരുത്തുന്നതിനുമായി തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി എട്ടംഗ സംസ്ഥാനതല സമിതി രൂപീകരിച്ചു. പ്രസ്തുത സമിതിയെ സഹായിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഉന്നതാധികാര സമിതി അംഗം ശ്രീ. ടി. കെ. എ. നായർ അദ്ധ്യക്ഷനായി 12 അംഗ ഉപ പ്രവർത്തക സമിതിയും രൂപീകരിച്ചു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്ഥാപനതലത്തിൽ പരിസ്ഥിതി ലോലപ്രദേശങ്ങളെയും ദുരന്ത സാധ്യത മേഖലകളെയും കണ്ടെത്തുന്നതിനും അവിടെയുള്ള വികസന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും ഉതകുന്ന തരത്തിൽ interim Local Development Plan കൾ തയ്യാറാക്കുന്നതിനുള്ള രീതിശാസ്ത്രത്തിന്റെ കരട് നഗര-ഗ്രാമാസൂത്രണ വകുപ്പ്, ആസൂത്രണ ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. National Disaster Management Authority എന്ന സ്ഥാപനം 2012-ൽ തയ്യാറാക്കിയ Toolkit for Urban Planning, State Disaster Management Plan 2016, District level Disaster Management

Plan, national Disaster Management Guidelines എന്നിങ്ങനെ ദുരന്ത കാലാവസ്ഥ വ്യതിയാന സംബന്ധമായ മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പരിശോധിക്കുന്നതും ആവശ്യമായ മാറ്റങ്ങൾ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഉൾക്കൊള്ളിക്കുന്നതും പരിഗണനയിലുണ്ട്. നഗര-ഗ്രാമാസൂത്രണ വകുപ്പ് നിലവിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന മാസ്റ്റർ പ്ലാനുകളിൽ മേൽ പരാമർശിച്ചതിനനുസൃതമായി വ്യവസ്ഥകൾ രൂപപ്പെടുത്തുന്നതും പരിഗണനയിലുണ്ട്.

(ബി&സി) പ്രളയദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായി കണ്ട് ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കുക എന്ന വിശാലമായ കാഴ്ചപ്പാടോടെയാണ് കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) രൂപപ്പെടുത്തിയിട്ടുള്ളത്.

അതിജീവനക്ഷമതയുള്ളതും പരിസ്ഥിതി സൗഹൃദവുമായ രീതിയിൽ പുനർനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ രേഖയാണ് RKDP. അനിയന്ത്രിതമായ നഗരവത്കരണത്തിന്റെ ഫലമായി നെൽവയലുകൾക്കും തണ്ണീർത്തടങ്ങൾക്കും ഉണ്ടാകുന്ന നാശം തടയാനാകുന്ന തരത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതിന് RKDP-യിൽ നിർദ്ദേശമുണ്ട്.

ഈ നിയമത്തിലും മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് ഭൂഗർഭജല പോഷണ സംവിധാനത്തിനും മഴവെള്ള സംരക്ഷണത്തിനും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം അദ്ധ്യായം XVI-A-ലെ ചട്ടം 109-A, 109-B എന്നിവയിലും 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം അദ്ധ്യായം XVI-ലെ ചട്ടം 101, 102 എന്നിവയിലും നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പുനർനിർമ്മാണ പ്രവർത്തനങ്ങൾ രൂപപ്പെടുത്തിവരുന്നു.

നഗര-ഗ്രാമാസൂത്രണ വകുപ്പ് നിലവിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളിൽ പരിസ്ഥിതിലോല പ്രദേശങ്ങൾ (തീരദേശം, കണ്ടൽ കാടുകൾ, കാവുകൾ, ജലാശയങ്ങൾ, തണ്ണീർത്തടങ്ങൾ, നെൽവയലുകൾ മുതലായവ) സംബന്ധിച്ച പഠനങ്ങൾ ഉൾക്കൊള്ളിക്കുന്നുണ്ട്. കൂടാതെ ദുരന്തങ്ങളും ദുരന്തസാധ്യതകളും പഠന വിഷയമാകുന്നുണ്ട്. മാസ്റ്റർ പ്ലാനിന്റെ നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പുകളിൽ ഇങ്ങനെയുള്ള പ്രദേശങ്ങളിൽ നിർമ്മാണനിയന്ത്രണം നിർദ്ദേശിച്ചിട്ടുണ്ട്.

## പരിസ്ഥിതി സൗഹാർദ്ദ നവകേരള നിർമ്മാണം

69 (76) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി പരിസ്ഥിതി സൗഹാർദ്ദമായി നവകേരളം നിർമ്മിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇതിലേക്കായി ഏതെല്ലാം രാജ്യങ്ങളുടെ സഹായം സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) നിലവിൽ നടത്തിവരുന്നതിനേക്കാൾ കൂടുതലായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നു എന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള സമഗ്രരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) യിൽ പരിസ്ഥിതി സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള പദ്ധതികളാണ് നടപ്പാക്കുകയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്നതാണ് പുനർനിർമ്മാണത്തിന്റെ ലക്ഷ്യം തന്നെ. പ്രസ്തുത രേഖയിലെ പരിസ്ഥിതിയും കാലാവസ്ഥാ മാറ്റവും എന്ന അധ്യായത്തിൽ കേരള പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് വരുത്തേണ്ട നയപരവും സ്ഥാപനപരവും നിക്ഷേപപരവുമായ ഇടപെടലുകൾ നിർദ്ദേശിക്കുന്നു. അതിജീവനക്ഷമമായ പാരിസ്ഥിതിക ഇടപെടലുകളിലൂടെ സംസ്ഥാനത്തിന്റെ പരിസ്ഥിതി മേഖലയ്ക്കുണ്ടായ തകർച്ച പരിഹരിക്കേണ്ടത് ദുരന്തസാധ്യത കുറയ്ക്കുന്നതിനും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും അത്യാവശ്യമാണ്. ഇതിനായി ചുവടെ പറയുന്നവയുമായി ബന്ധപ്പെട്ട ഇടപെടലുകളാണ് ഉദ്ദേശിക്കുന്നത് :

- പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവരങ്ങളും അറിവുകളും ശക്തിപ്പെടുത്തൽ
- സ്ഥാപനതല സാങ്കേതികവിദ്യ, പങ്കാളിത്തശേഷി എന്നിവ വികസിപ്പിക്കൽ

- പരിസ്ഥിതിലോല നയം വികസിപ്പിക്കൽ
- അതിജീവനക്ഷമത ഉറപ്പാക്കുന്നതിനായി പ്രവർത്തിക്കുന്ന വിവിധ സാമൂഹിക വിഭാഗങ്ങളെയും ബന്ധപ്പെട്ട ഏജൻസികളെയും ഒരുമിപ്പിക്കൽ.

(ബി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ KfW ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഏതെങ്കിലുമൊരു പ്രത്യേക രാജ്യത്തിന്റെ സാമ്പത്തികസഹായം സംസ്ഥാനത്തിന് ലഭ്യമായിട്ടില്ല.

(സി) പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തോടെയുള്ള പുനർനിർമ്മാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ട് കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ മേഖലകൾ തുടങ്ങിയവയാണ് കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) യിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റ് ഭീഷണികൾ എന്നിവ പരിഗണിച്ചുള്ള, ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ള പദ്ധതികളാണ് ആലോചിക്കുന്നത്. കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശാക്തീകരണം എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള കൂടുതൽ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) പ്രളയ ദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായി കണ്ട് ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കുക എന്ന വിശാലമായ കാഴ്ചപ്പാടോടെയാണ് കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) രൂപപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ ചില പ്രവർത്തനങ്ങൾ ഹ്രസ്വകാലയളവിനുള്ളിൽ പൂർത്തിയാക്കാനാകുന്നവയാണ്. എന്നാൽ സമഗ്ര വികസനത്തിന് ഉതകുന്ന പല ദീർഘകാല പദ്ധതികൾക്കും RKDP ഊന്നൽ നൽകുന്നുണ്ട്. ഇവയുടെ പദ്ധതിരേഖ തയ്യാറാകുന്ന മുറയ്ക്കേ കേരള പുനർനിർമ്മാണത്തിന്റെ പൂർത്തീകരണം സംബന്ധിച്ച കാലപരിധി വ്യക്തമാകുകയുള്ളൂ.

## പ്രളയ ദുരിതാശ്വാസനിധി

70 (77) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസനിധിയിലേക്ക് ഇന്നുവരെ എത്ര കോടി രൂപയുടെ സഹായമാണ് ലഭ്യമായത്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനസർക്കാർ ജീവനക്കാരിൽ നിന്നും അദ്ധ്യാപകരിൽനിന്നും ഇതുവരെ സാലറി ചലഞ്ചിലൂടെ എത്ര കോടി രൂപയാണ് ലഭിച്ചതെന്ന് വിശദമാക്കാമോ;

(സി) അദ്ധ്യാപകമേഖല ഒഴികെയുള്ള സംസ്ഥാനസർക്കാർ ജീവനക്കാരിൽ എത്ര ശതമാനം ജീവനക്കാർ സാലറി ചലഞ്ചിൽ പങ്കാളികളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 4093.91 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് (22-5-2019 വരെ) ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാരിൽനിന്നും അദ്ധ്യാപകരിൽനിന്നും സാലറി ചലഞ്ചിലൂടെ 1021.26 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(സി) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ എന്നിങ്ങനെ ക്രോഡീകരിച്ചിട്ടില്ല.

## നാട്ടിക മണ്ഡലത്തിൽ സി.എം.ഡി.ആർ.എഫ്. ധനസഹായം

71 (78) ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാട്ടിക മണ്ഡലത്തിൽ എത്ര പേർക്ക് സി.എം.ഡി.ആർ.എഫ്. പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്; അവരുടെ പേര് വിവരവും അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ ഇനത്തിൽ ധനസഹായം അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ബാക്കിയുണ്ട് എന്ന വിവരവും ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## പ്രളയാനന്തര പുനർനിർമ്മാണങ്ങൾക്കായുള്ള ദുരിതാശ്വാസനിധി

72 (79) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണങ്ങൾക്കായി സർക്കാർ രൂപീകരിച്ച പ്രളയദുരിതാശ്വാസനിധി മുഖേന നാളിതുവരെ എത്ര തുക സമാഹരിച്ചു;

(ബി) ആയതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി സർക്കാർ ലോകബാങ്കിൽ നിന്ന് എത്ര രൂപ വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നുവെന്നും പ്രസ്തുത വായ്പ എപ്പോൾ ലഭ്യമാകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) നടപ്പുസാമ്പത്തികവർഷം പുനർനിർമ്മാണ, പ്രവൃത്തികൾക്കായി എത്ര രൂപ വിനിയോഗിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ;

(ഇ) പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം. അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ച് വിവിധ കളക്ടറേറ്റുകളിൽ ലഭിച്ച അപ്പീലുകളുടെ എണ്ണം എത്ര; പ്രസ്തുത അപ്പീലുകളിന്മേൽ നാളിതുവരെ എത്രയെണ്ണം തീർപ്പാക്കി. അവശേഷിക്കുന്നവ എത്ര ദിവസത്തിനകം തീർപ്പുകൽപ്പിക്കണമെന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 1-6-2019 വരെ 4132.38 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) 2018-ലെ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 1917.34 കോടി രൂപ ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. 1554.32 കോടി രൂപ ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്.

6,25,911 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5262 |
| കൊല്ലം | 9358 |
| പത്തനംതിട്ട | 69658 |
| ആലപ്പുഴ | 230100 |
| കോട്ടയം | 91083 |
| ഇടുക്കി | 7566 |
| എറണാകുളം | 85025 |
| തൃശ്ശൂർ | 22561 |
| പാലക്കാട് | 16882 |
| മലപ്പുറം | 46653 |
| കോഴിക്കോട് | 24662 |
| വയനാട് | 14979 |
| കണ്ണൂർ | 1651 |
| കാസർഗോഡ് | 471 |
| ആകെ | 6,25,911 |

(സി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽനിന്ന് 3596.20 കോടി രൂപയും സംസ്ഥാന വിഹിതമായ 1541.14 കോടി രൂപയും ഉൾപ്പെടെ ആകെ 5137.34 കോടി രൂപയുടെ വികസന നയ വായ്പ (DPL) സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യഗഡു ലഭ്യമാക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തിവരുന്നു.

(ഡി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഏറ്റെടുക്കുന്ന പദ്ധതികളുടെ രൂപരേഖ അതത് വകുപ്പുകൾ തയ്യാറാക്കിവരികയാണ്. ഇവയ്ക്ക് അന്തിമരൂപമാകുന്ന മുറയ്ക്ക് മാത്രമേ ഈ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ധനവിനിയോഗത്തെ സംബന്ധിച്ച കണക്കുകൾ ലഭ്യമാകുകയുള്ളൂ.

(ഇ) പ്രളയവുമായി ബന്ധപ്പെട്ട് ഭാഗികമായി തകർന്ന വീടുകളെ സംബന്ധിച്ച് 60673 അപ്പീലുകൾ ലഭിക്കുകയും അതിൽ 43507 അപ്പീലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

പൂർണ്ണമായി തകർന്ന വീടുകളെ സംബന്ധിച്ച് 14383 അപ്പീലുകൾ ലഭിക്കുകയും അതിൽ 8052 അപ്പീലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 31-5-2019-നകം അപ്പീലുകൾ തീർപ്പാക്കണമെന്ന നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. അപ്പീൽ സ്വീകരിക്കുന്നതിനുള്ള കാലാവധി 30-6-2019 വരെ നീട്ടിനൽകിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

73 (80) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഓഗസ്റ്റ് മാസത്തിലുണ്ടായ പ്രളയക്കെടുതികൾക്കുള്ള ദുരിതാശ്വാസ സഹായമായി 2019 മാർച്ച് 31 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്രസർക്കാരിൽ നിന്നും അന്തർ-ദേശീയ/ദേശീയ ഏജൻസികളിൽ നിന്നും എത്ര കോടി രൂപ സഹായമായി ലഭിച്ചു;

(സി) ഇതിൽ 2019 മാർച്ച് 31 വരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും ഏതെല്ലാം ആവശ്യത്തിനായിട്ടാണ് ചെലവഴിച്ചതെന്നും നീക്കിയിരിപ്പ് എത്ര കോടി രൂപയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) പ്രളയത്തിൽ പൂർണ്ണമായും ഭാഗികമായും നാശനഷ്ടം സംഭവിച്ച എത്ര വീടുകൾ കണ്ടെത്തിയെന്നും പൂർണ്ണമായി നശിച്ച എത്ര വീടുകൾക്ക് എത്ര രൂപ വീതം സാമ്പത്തികസഹായം നൽകിയെന്നും ഈ വിഭാഗത്തിൽ ഓരോ ജില്ലയിലും എത്ര അപ്പീലുകൾ തീർപ്പാകാതെ കിടപ്പുണ്ടെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ സഹായമായി 2019 മാർച്ച് വരെ 3861.98 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭ്യമായിട്ടുണ്ട്.

(ബി) പ്രളയദുരിതാശ്വാസത്തിനായി കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽനിന്നും 2904.85 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്.

(സി) പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും 2904.85 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക സംസ്ഥാന ദുരന്തപ്രതികരണ നിധിയിലെ നിലവിലെ വിഹിതത്തിനൊപ്പം ക്രെഡിറ്റ് ചെയ്യുകയും ഈ തുക സംസ്ഥാന ദുരന്തപ്രതികരണ നിധി മാനദണ്ഡപ്രകാരം ചെലവഴിക്കുകയും ചെയ്യുന്നു.

സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും 2018-19 സാമ്പത്തികവർഷം 1321.81 കോടി രൂപ വിനിയോഗിക്കുകയും നിലവിൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ 2025.01 കോടി രൂപ നീക്കിയിരിപ്പുണ്ട്. (വിശദാംശം ഉള്ളടക്കം ചെയ്യുന്നു - അനുബന്ധം*)

(ഡി) പ്രളയത്തിൽ പൂർണ്ണമായി തകർന്ന 14888 വീടുകളിൽ ആദ്യഗഡു 10,981 കുടുംബത്തിനും രണ്ടാം ഗഡു 5939 കുടുംബത്തിനും മൂന്നാം ഗഡു 3233 കുടുംബത്തിനുമായി 235.59 കോടി രൂപ നൽകിയിട്ടുണ്ട്. ഭാഗികമായി തകർന്ന 2,51,227 വീടുകൾക്കായി 1163.17 കോടി രൂപയും നൽകിയിട്ടുണ്ട്. ജില്ലകളിൽ പൂർണ്ണമായി നശിച്ച വീടുകളുമായി ബന്ധപ്പെട്ട് തീർപ്പാക്കേണ്ട അപ്പീലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

APPEALS TO BE SETTLED FOR FULLY DAMAGED HOUSES

| | No. of appeals to be settled |
|---|---|
| Thiruvananthapuram | 3 |
| Kollam | 0 |
| Pathanamthitta | 0 |
| Alappuzha | 0 |
| Kottayam | 7830 |
| Idukki | 450 |
| Ernakulam | 193 |
| Thrissur | 283 |
| Palakkad | 967 |
| Malappuram | 9 |
| Kozhikode | 0 |
| Wayanad | 462 |
| Kannur | 0 |
| Kasargod | 0 |
| Total | 10197 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് ചെലവഴിച്ച തുക**

74 (81) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പണം വിതരണം ചെയ്യാനായി ജനസമ്പർക്കപരിപാടി സംഘടിപ്പിച്ചതിന് ചെലവഴിച്ച ആകെ തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിതരണം ചെയ്ത ആകെ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിലെ സർക്കാരിന്റെ 1000 ദിനങ്ങൾ പൂർത്തിയാവുന്ന വേളയിൽ ഇതുവരെ ദുരിതാശ്വാസനിധിയിൽ നിന്നും വിതരണം ചെയ്ത ആകെ തുക എത്രയാണ്; പ്രസ്തുത തുക വിതരണം ചെയ്യാൻ മറ്റെന്തെങ്കിലും ചെലവുകൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരതാശ്വാസ നിധിയിൽ നിന്നും പണം വിതരണം ചെയ്യാനായി ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചതിന് 22,10,99,089 (ഇരുപത്തി രണ്ട് കോടി പത്ത് ലക്ഷത്തി തൊണ്ണൂറ്റിഒമ്പതിനായിരത്തി എൺപത്തി ഒമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി യിൽനിന്നും 808,78,08,191 (എണ്ണൂറ്റിയെട്ട് കോടി എഴുപത്തിയെട്ട് ലക്ഷത്തി എണ്ണായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

(സി) നിലവിലെ സർക്കാരിന്റെ 1000 ദിനങ്ങൾ പൂർത്തിയാവുന്ന വേളയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഓഖി, പ്രളയം, ചികിത്സ ധനസഹായം, അപകടമരണം, സൗജന്യ റേഷൻ തുടങ്ങിയവക്കായി 22-05-2019 വരെ ആകെ 3092,63,18,924 (മൂവായിരത്തി തൊണ്ണൂറ്റി രണ്ട് കോടി അറുപത്തി മൂന്ന് ലക്ഷത്തി പതിനെണ്ണായിരത്തി തൊള്ളായിരത്തി ഇരുപത്തി നാല് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ടി തുക വിതരണം ചെയ്യുന്നതിനായി മറ്റ് ചെലവുകളൊന്നും ഉണ്ടായിട്ടില്ല.

## കേരളത്തിന് സ്വന്തമായി എയർലൈൻസ് തുടങ്ങാൻ പദ്ധതി

75(82) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നുള്ള വിദേശ/ആഭ്യന്തര വിമാനസർവ്വീസുകളുടെ എണ്ണം കുറയുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിമാനസർവ്വീസിന്റെ എണ്ണം കുറഞ്ഞതിനാൽ ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് ക്രമാതീതമായി വർദ്ധിച്ചത് കുറയ്ക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇത് പരിഹരിക്കുന്നതിനായി കേരളത്തിന് സ്വന്തമായി ഒരു എയർലൈൻസ് തുടങ്ങാനുള്ള പദ്ധതി ആലോചനയിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരത്ത് നിന്നും സർവ്വീസ് നടത്തിയിരുന്ന "സൗദിയ, ഫ്ലൈ ദുബായ്" എന്നീ വിമാന കമ്പനികളുടെ സർവ്വീസുകൾ കോഴിക്കോടിലേക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ ജെറ്റ് എയർവെയ്സ് രാജ്യത്താകമാനമുള്ള സർവ്വീസുകൾ നിർത്തലാക്കിയിട്ടുമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിലേക്കായി 26-5-2019 മുതൽ "സ്പൈസ് ജെറ്റ്"തിരുവനന്തപുരത്ത് നിന്നും മുംബൈയിലേയ്ക്ക് പ്രതിദിന സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചിരുന്നു. കൊച്ചി, കണ്ണൂർ എന്നിവിടങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ "ഇൻഡിഗോ" വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ "ഗോ എയർ" സ്വീകരിച്ചുവരുന്നു. 2019 മേയ് 7-ാം തീയതി മുതൽ "സ്കൂട്ട് എയർലൈൻസ്" സിംഗപ്പൂരിലേയ്ക്ക് പ്രതിദിന അന്താരാഷ്ട്ര സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ഒഴിവുള്ള സ്ലോട്ടുകളിൽ സർവ്വീസ് നടത്തുന്നതിനാവശ്യമായ നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാചെലവ് കുറയ്ക്കുന്നതിലേക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യുവലിന്മേൽ

(ATF) ചുമത്തിയിരുന്ന KGST 28%നിന്നും 5% മായി കുറച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ യാത്രാക്ലേശം പരിഹരിക്കുന്നതിലേക്കായി അധിക ആഭ്യന്തര/അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഇല്ല.

**തിരുവനന്തപുരം വിമാനത്താവള നടത്തിപ്പ്**

76 (83) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദാനി ഗ്രൂപ്പ് തിരുവനന്തപുരം വിമാനത്താവള നടത്തിപ്പ് സംബന്ധിച്ച ലേലനടപടികളിൽ വിജയം കൈവരിച്ചത്, സംസ്ഥാന സർക്കാരിനെ ശത്രുപക്ഷത്താക്കിയാണെന്ന് കരുതുന്നുണ്ടോ;

(ബി) ഇപ്രകാരം വിമാനത്താവള നടത്തിപ്പ് അദാനി ഗ്രൂപ്പ് കൈക്കലാക്കിയത് മൂലം സംസ്ഥാനസർക്കാർ ഏതൊക്കെ തരത്തിലുള്ള പ്രതിബന്ധമാണ് അദാനി ഗ്രൂപ്പിന് ഉണ്ടാക്കുന്നത്;

(സി) വിമാനത്താവള വികസനത്തിനായി എത്ര ഏക്കർ ഭൂമിയാണ് നിലവിൽ ആവശ്യമായിട്ടുള്ളത്. അദാനി ഗ്രൂപ്പ് വിമാനത്താവള നടത്തിപ്പ് ഏറ്റെടുക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുത്ത് നൽകുന്നതിൽ നിന്നും പുറകോട്ട് പോകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) തിരുവനന്തപുരം വിമാനത്താവള ലേലത്തിൽ സർക്കാർ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ഉപദേശം സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് സംസ്ഥാനത്തിന് കൈമാറണമെന്ന ആവശ്യമാണ് സംസ്ഥാനം മുന്നോട്ടുവച്ചത്. ഇക്കാര്യത്തിൽ കേന്ദ്രം അനുകൂല നിലപാട് സ്വീകരിച്ചില്ല. മാത്രവുമല്ല മുൻകാല പരിചയമെന്ന വ്യവസ്ഥ ഒഴിവാക്കി ടെൻഡർ രേഖകൾ ഭേദഗതി ചെയ്തതിലൂടെ സംസ്ഥാനം രൂപീകരിച്ച പ്രത്യേക കമ്പനിക്ക് വിമാനത്താവളത്തിന്റെ നടത്തിപ്പ് ചുമതല ലഭിക്കാത്ത സ്ഥിതിയുണ്ടായി. ഇതിലൂടെ വിമാനത്താവള നടത്തിപ്പിൽ യാതൊരു പരിചയവുമില്ലാത്ത അദാനി ഗ്രൂപ്പിന് ബിഡ് ലഭിക്കുകയുണ്ടായി.

(ബി & സി) വിമാനത്താവള വികസനത്തിനായുള്ള 18 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ടി ഭൂമിയും ഭാവിയിൽ ഏറ്റെടുക്കുന്നതും ഉൾപ്പെടെയുള്ള ഭൂമിയുടെ യഥാർത്ഥ വിലയ്ക്ക് തുല്യമായ തുക എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സംസ്ഥാനത്തിന് നൽകേണ്ടതാണ്.

വിമാനത്താവള നടത്തിപ്പ് അദാനി ഗ്രൂപ്പിന് നൽകിയതിനെതിരായി സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്യുകയും കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ബിഡ് സംബന്ധമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി കെ.പി.എം.ജി.യെ ടെക്നിക്കൽ & ഫിനാൻഷ്യൽ കൺസൾട്ടന്റായും M/s സിറിൽ അമർ ചന്ദ് മംഗൽ ദാസിനെ ലീഗൽ കൺസൾട്ടന്റായയും നിയമിച്ചിട്ടുണ്ട്.

## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ്

77 (84) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നു; അവ ഫലപ്രദമായിരുന്നുവെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) വിമാനത്താവള നടത്തിപ്പിനുള്ള ലേലത്തിൽ അദാനി ഗ്രൂപ്പ് ഉയർന്ന തുക ക്വാട്ട് ചെയ്ത് വിമാനത്താവള നടത്തിപ്പ് കൈക്കലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിമാനത്താവള നടത്തിപ്പിനുള്ള ലേലത്തിൽ കെ. എസ്. ഐ. ഡി. സി. എന്ത് തുകയാണ് ക്വാട്ട് ചെയ്തിരുന്നത്;

(ഡി) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം നടത്തുന്ന അദാനി ഗ്രൂപ്പ് വിമാനത്താവള നടത്തിപ്പിന്റെ അവകാശം കൂടി കൈക്കലാക്കിയത് അവർക്ക് കൂടുതൽ ഗുണപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) സ്വകാര്യമേഖലയ്ക്ക് വിമാനത്താവള നടത്തിപ്പ് അവകാശം കൈമാറുന്നതിനെ എതിർത്ത സർക്കാർ സ്ഥാപനം തന്നെ സ്വകാര്യവൽക്കരണത്തിനായുള്ള ലേലനടപടികളിൽ പങ്കെടുത്തത് സ്വകാര്യവൽക്കരണത്തിന് എതിരായുള്ള നീക്കത്തെ ദോഷകരമായി ബാധിച്ചതായി കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നു. തിരുവനന്തപുരം വിമാനത്താവളത്തിന്റെ ടെർമിനലുകളുടെ വികസനവും പരിപാലനവും അടക്കമുള്ള മേഖലകൾ മത്സരാധിഷ്ഠിത ലേലത്തിലൂടെ പൊതു-സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് 2 തവണ കത്ത് അയച്ചിട്ടുണ്ട്. വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. അതോടൊപ്പം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രത്തിലെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സെക്രട്ടറിമാരുടെ സംഘവുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നൽകണമെന്നുമുള്ള സർക്കാർ ആവശ്യം അറിയിക്കുകയുണ്ടായി.

സംസ്ഥാന സർക്കാരിന്റെ ആവശ്യത്തോട് കേന്ദ്രം അനുകൂല നിലപാട് സ്വീകരിക്കാത്തതിനാൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏറ്റെടുത്ത് നടത്തുന്നതിനായി സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു. തിരുവനന്തപുരം വിമാനത്താവളത്തിന്റെ ബിഡ്ഡിനുള്ള നടപടിക്രമങ്ങളിൽ കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന SPV-ക്ക് 100% റൈറ്റ് ഓഫ് ഫസ്റ്റ് റഫ്യൂസൽ (RoFR) നൽകാമെന്ന് കേന്ദ്ര സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരും കെ.എസ്.ഐ.ഡി.സി.-യും ചേർന്ന് ഒരു കൺസോർഷ്യം ലേലത്തിൽ പങ്കെടുക്കുകയുണ്ടായി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 135 രൂപയാണ് ക്വാട്ട് ചെയ്തിരുന്നത്.

(ഡി) വിമാനത്താവള നടത്തിപ്പ് ബിഡ്ഡിൽ ഉയർന്ന തുക ക്വാട്ട് ചെയ്തു എന്നതിന്റെ പേരിൽ അദാനി ഗ്രൂപ്പിന് നൽകാനുള്ള നീക്കത്തിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്യുകയും കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന കേന്ദ്ര നയത്തിനെതിരായുള്ള സമീപനമാണ് സംസ്ഥാനം കൈക്കൊണ്ടിട്ടുള്ളത്. സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള വിമാനത്താവള നടത്തിപ്പ് വിഭാവന ചെയ്തിട്ടുള്ളതിനാലാണ് സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്യുന്ന കമ്പനി മത്സരാധിഷ്ഠിതമായ ലേലത്തിൽ പങ്കെടുത്തത്.

## തിരുവനന്തപുരം വിമാനത്താവളത്തിന്റെ സ്വകാര്യവൽക്കരണം

78 (85) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവള സ്വകാര്യവത്ക്കരണ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) KSIDC യുടെ നേതൃത്വത്തിൽ രൂപവത്കരിച്ച പ്രത്യേക കമ്പനിക്ക് വിമാനത്താവള നടത്തിപ്പിന്റെ ചുമതല നല്കുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) വിമാനത്താവളത്തിന്റെ സ്വകാര്യവത്കരണത്തിന് ബദലായി എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചതെന്ന് അറിയിക്കുമോ;

(ഡി) വിമാനത്താവള നടത്തിപ്പിൽ മുൻകാലപരിചയം എന്ന വ്യവസ്ഥ ഒഴിവാക്കി പശ്ചാത്തലസൗകര്യ വികസനത്തിൽ മുൻകാലപരിചയം എന്ന് ടെണ്ടർ രേഖകളിൽ മാറ്റംവരുത്തിയത് കേന്ദ്രത്തിന് ആഭിമുഖ്യമുള്ള ചില കുത്തകകളെ സഹായിക്കാനാണെന്ന് അഭിപ്രായമുണ്ടോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം വിമാനത്താവളത്തിന്റെ ടെർമിനലുകളുടെ വികസനവും പരിപാലനവും അടക്കമുള്ള മേഖലകൾ മത്സരാധിഷ്ഠിത ലേലത്തിലൂടെ പൊതു-സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനമാണ് കേന്ദ്ര സർക്കാർ കൈക്കൊണ്ടിരുന്നത്. ഇതിലേയ്ക്കായുള്ള ഫിനാൻഷ്യൽ ബിഡ്സ് 22-5-2019-ൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഓപ്പൺ ചെയ്തു. എന്നാൽ അദാനി എന്റർപ്രൈസിന് അവാർഡ് നൽകുന്നതിന് എതിരെ കേരള സർക്കാരും കെ.എസ്.ഐ.ഡി.സി.-യും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയുണ്ടായി. കോടതി വിധിക്ക് വിധേയമായിട്ടായിരിക്കും ടി അവാർഡ് എന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഇതുവരെ അവാർഡ് നൽകിയിട്ടില്ല എന്ന് അറിയുവാൻ സാധിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി KSIDC-യുടെ നേതൃത്വത്തിൽ രൂപവൽക്കരിച്ച പ്രത്യേക കമ്പനിക്ക് വിമാനത്താവള നടത്തിപ്പിന്റെ ചുമതല നൽകുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് 27-2-2019 ന് കത്തയച്ചിരുന്നു. എന്നാൽ ഇതിന്മേൽ കേന്ദ്ര സർക്കാർ അനുകൂല തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി & ഡി) വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നൽകണമെന്നുമുള്ള സർക്കാർ നിർദ്ദേശം അറിയിക്കുകയുണ്ടായി.

വിമാനത്താവള നടത്തിപ്പിൽ മുൻകാല പരിചയം എന്ന വ്യവസ്ഥ ഒഴിവാക്കി പശ്ചാത്തലസൗകര്യ വികസനത്തിൽ മുൻകാല പരിചയം എന്ന് ടെണ്ടർ രേഖകളിൽ മാറ്റം വരുത്തിയത് വഴി ലേല നടപടിക്രമങ്ങളിലെ സുതാര്യതയ്ക്ക് കോട്ടം സംഭവിച്ചിട്ടുണ്ട്.

## വിമാനത്താവളങ്ങളിലൂടെയുള്ള മയക്കുമരുന്ന് കടത്ത്

79 (86) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ബന്ധമുള്ള മയക്കുമരുന്ന് കള്ളക്കടത്തുകാരുടെ പ്രവർത്തനം സംസ്ഥാനത്തെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വർഷം ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഇത്തരം മയക്കുമരുന്ന് കടത്ത് കർശനമായി തടയാൻ എന്തൊക്കെ നടപടി സ്വീകരിച്ചു വരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) അന്താരാഷ്ട്ര ബന്ധമുള്ള കള്ളക്കടത്തുകാർ ഉൾപ്പെട്ട എത്ര കേസ്സുകൾ ഈ വർഷം കണ്ടെത്തിയിട്ടുണ്ട്; വിമാനത്താവളങ്ങളിലെ മയക്കുമരുന്ന് കള്ളകടത്ത് നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ ഏജൻസികളുടെ സഹായം നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിമാനത്താവളം വഴി മറ്റ് രാജ്യങ്ങളിലേയ്ക്ക് മയക്കുമരുന്ന് കടത്തുവാനുള്ള ശ്രമം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) വിമാനത്താവളം വഴി ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതും മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതും പിടിച്ചെടുക്കുന്നതിന് വിമാനത്താവളങ്ങളുടെ പരിസരങ്ങളുമായി ബന്ധപ്പെട്ടും ദേശീയപാതകളിലും വാഹന പരിശോധന നടത്തിവരുന്നുണ്ട്. ലഹരി മാഫിയയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ Keala Anti-Narcotic Special Action Force (KANSAF) നിലവിലുണ്ട്. കൂടാതെ ജില്ലകൾ കേന്ദ്രീകരിച്ച് District Anti-Narcotic Special Action Force (DANSAF) രൂപീകരിച്ച് പ്രവർത്തിക്കുന്നുമുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. കൂടാതെ കേന്ദ്ര/സംസ്ഥാന ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധനകളും രഹസ്യ വിവരങ്ങൾ പരസ്പരം പങ്കുവയ്ക്കലും നടത്തിയും മുൻകേസ്സുകളിലെ കുറ്റവാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചും തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) രണ്ട് കേസ്സുകൾ എക്സൈസ് വകുപ്പും, നാലു കേസുകൾ എയർപോർട്ട് സുരക്ഷാ വിഭാഗവും കസ്റ്റംസും ഈ വർഷം കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നർക്കോട്ടിക് കൺട്രോൾ ബ്യൂറോ, സെൻട്രൽ ഐ.ബി., എയർപോർട്ട് ഇന്റലിജൻസ് എന്നീ ഏജൻസികളുടെ സഹായം തേടിയിട്ടുണ്ട്.

**ലൈറ്റ് മെട്രോ പദ്ധതി**

80 (87) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് ഡി.എം.ആർ.സി. നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ലൈറ്റ് മെട്രോയുടെ ഭാഗമായി നിർമ്മിക്കുന്ന മേല്പാലങ്ങളുടെ നിർമ്മാണ കരാർ 2018 മേയ് അവസാനത്തോടുകൂടി ഒപ്പിടാനാകുമെന്ന് ലൈറ്റ് മെട്രോ പദ്ധതിയുടെ ചുമതലയുള്ള കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഡി.എം.ആർ.സി യെ രേഖാമൂലം അറിയിച്ചിരുന്നോ; പ്രസ്തുത കരാർ ഇതിനകം ഒപ്പുവയ്ക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയിൽനിന്നും പിൻമാറുകയാണെന്ന് ഡി.എം.ആർ.സി. രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ. പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലൈറ്റ് മെട്രോയുടെ ഭാഗമായി നിർമ്മിക്കുന്ന മേൽപ്പാലങ്ങളുടെ നിർമ്മാണ കരാർ കെ.ആർ.ടി.എൽ.-ന്റെ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെ 2017 ഡിസംബർ 31- നകം ഒപ്പുവയ്ക്കാം എന്ന് പ്രതീക്ഷിക്കുന്നതായി ഡി.എം.ആർ.സി.-യെ കെ.ആർ.ടി.എൽ.അറിയിച്ചിരുന്നു.

18-12-2017- ന് കൂടിയ കെ.ആർ.ടി.എൽ. ബോർഡ് യോഗം മേൽപ്പാല നിർമ്മാണത്തിന് ഏതെങ്കിലും സ്ഥാപനത്തെ ടേൺ കീ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനു പകരം ഓപ്പൺ ടെൻഡർ വഴി തെരഞ്ഞെടുക്കുന്നതിനാണ് തീരുമാനിച്ചത്.

(സി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയിൽ നിന്നും പിന്മാറുന്ന വിവരം ഡി.എം.ആർ.സി. രേഖാമൂലം അറിയിച്ചിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതികൾക്ക് മുന്നോടിയായുള്ള മേൽപ്പാലങ്ങളുടെ നിർമ്മാണ കരാർ ഒപ്പുവെക്കുന്നതിനുള്ള കാലതാമസമാണ് കാരണമായി ഡി.എം.ആർ.സി. ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

## തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ

81 (88) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിരുന്നുവോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ലൈറ്റ് മെട്രോപദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) നിലവിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ അത് മറികടക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ രൂപരേഖ 2014 ഡിസംബറിൽ തയ്യാറാക്കിയിരുന്നു.

(ബി) 2015 സെപ്റ്റംബറിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പദ്ധതിരേഖ സമർപ്പിച്ചു.

ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ നടപടികൾക്കുള്ള ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ 2016 ജനുവരിയിൽ നിയമിച്ചു.

(സി) ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ നടപടികളുടെ ഭാഗമായി തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ 2016 സെപ്റ്റംബറിൽ ഭരണാനുമതി നൽകി. കിഫ്ബിയിൽ നിന്ന് പ്രസ്തുത മേൽപ്പാല പദ്ധതികൾക്കുള്ള തുക ലഭ്യമാക്കാൻ

തീരുമാനിച്ചു. തുടർന്ന് രൂപരേഖകൾ അംഗീകരിക്കുകയും സ്ഥലമെടുപ്പ് പ്രക്രിയ ആരംഭിക്കുകയും ചെയ്തു. ആഗസ്റ്റ് 2017-ൽ കേന്ദ്ര സർക്കാർ പുതിയ മെട്രോ റെയിൽ നയം പ്രാബല്യത്തിൽ കൊണ്ടുവന്നു. പ്രസ്തുത നയത്തിനനുസൃതമായി ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതിരേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ DPR അവലോകനം ചെയ്യുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വലിയ അടങ്കൽ തുക ആവശ്യമായ പദ്ധതി ആയതുകൊണ്ട് വിശദമായ അവലോകനം നടത്തിയശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി സെക്രട്ടറിതല സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിച്ചു വരുന്നു.

ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ നടപടികളുടെ ഭാഗമായി മേൽപ്പാല നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചു വരുന്നു. സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്.

## എൻ.ഡി.പി.ആർ.ഇ.എം. പദ്ധതി

82 (90) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉമ്മൻചാണ്ടി സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിയ എൻ.ഡി.പി.ആർ.ഇ.എം. (നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്)പദ്ധതിയുടെ വ്യവസ്ഥകളിൽ നിലവിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2016 ഏപ്രിൽ ഒന്നിന് മുൻപ് എത്ര പേർക്ക് വായ്പാ സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തികവർഷങ്ങളിൽ ഓരോ വർഷവും പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) 2018-19 സാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം എത്ര കോടി രൂപയായിരുന്നു എന്നും ഏതെല്ലാം പദ്ധതികൾക്കാണ് സഹായം നൽകിയതെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) പദ്ധതിയുടെ പ്രാരംഭ ദിശയിൽ ശിപാർശ ചെയ്തിരുന്ന പരമാവധി മൂലധന തുകയായ 20 ലക്ഷം രൂപയിൽ നിന്ന് 30 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം വരെ എസ്.ബി.ഐ., യൂണിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ദേശസാൽകൃത ബാങ്കുകൾ മുഖാന്തരം മാത്രം നടത്തിവന്നിരുന്ന ഈ പദ്ധതി 2018-19 സാമ്പത്തിക വർഷം ബാങ്ക് ഓഫ് ബറോഡ, സിൻഡിക്കേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നീ ബാങ്കുകളെക്കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി (മലപ്പുറം) എന്നിവയ്ക്കു പുറമേ കേരള സംസ്ഥാന പട്ടികവർഗ്ഗ/പട്ടികജാതി വികസന കോർപ്പറേഷൻ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവയുമായി ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ നിന്നും കേരള സംസ്ഥാന അഗ്രികൾച്ചറൽ റൂറൽ ഡെവലപ്മെന്റ് ബാങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നിവയും ഈ പദ്ധതിയുമായി 2018-19 സാമ്പത്തിക വർഷം മുതൽ ധാരണാപത്രം ഒപ്പ് വച്ച് സഹകരിച്ചുവരുന്നു. നിലവിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുള്ള 13 ധനകാര്യ സ്ഥാപനങ്ങളുടെ 4000-ത്തിലധികം ശാഖകളിലൂടെ (NDPREM) വായ്പാ സൗകര്യം ലഭ്യമാണ്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവത്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തരം നോർക്ക-റൂട്ട്സ് നൽകിവരുന്നുണ്ട്.

(ബി) 2016 ഏപ്രൽ ഒന്നിന് മുൻപായി പ്രസ്തുത പദ്ധതി പ്രകാരം 1104 പേർക്ക് വായ്പ സഹായം നൽകിയിട്ടുണ്ട്.

| Year | No.of Registrations | No. of loans sanctioned | Loan Amount (in crore) | Subsidy released (in crore) | Interest subsidy released (in crore) |
|---|---|---|---|---|---|
| 2013-14 | 19690 | 234 | 15.2 | 1.65 | |
| 2014-15 | 2841 | 703 | 28.85 | 6.97 | |
| 2015-16 | 2901 | 167 | 6.69 | 1.23 | 1.44 |

(സി) 2016-17 സാമ്പത്തിക വർഷത്തിൽ 328 പേർക്കും 2017-18-ൽ 413 പേർക്കും 2018-19-ൽ 791 പേർക്കുമാണ് വായ്പാസഹായം നൽകിയിട്ടുള്ളത്.

(ഡി) 2018-19 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതം 15 കോടി രൂപയായിരുന്നു. സംരംഭകർക്ക് സബ്സിഡി, ഗുണഭോക്താക്കളുടെ സംരംഭകത്വ പരിശീലനം എന്നിവയ്ക്കാണ് പണം വിനിയോഗിച്ചത്.

**പ്രവാസി നിക്ഷേപത്തിന് പദ്ധതി**

83 (91) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിന് ഫലപ്രദമായി ഉപയോഗിക്കുന്ന ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരം നിക്ഷേപം നടത്തുന്ന പ്രവാസികൾക്ക് ഉയർന്ന ഡിവിഡന്റും ജീവിതാവസാനം വരെ പെൻഷനും നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതിനായുള്ള നിക്ഷേപം കിഫ്ബിയിൽ നടത്തുന്നതിനാണോ ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വ്യവസായ വകുപ്പിന്റെ പദ്ധതികൾക്ക് പുറമേ പ്രവാസികളായ മലയാളികളിൽ നിന്നും കേരളത്തിലേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നോർക്ക റൂട്ട്സിന്റെ കീഴിൽ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ 2018-19 സാമ്പത്തിക വർഷം മുതൽ പ്രവർത്തനമാരംഭിച്ചത്. കേരളത്തിലെ വ്യവസായ സംരംഭക സാദ്ധ്യതകൾ പഠിച്ച് മുൻഗണനാക്രമത്തിൽ സംരംഭകർക്ക് മുൻപിൽ അവതരിപ്പിക്കാനും അതനുസരിച്ച് സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുകവഴി കേരളത്തിൽ നിക്ഷേപം നടത്താൻ സംരംഭകർക്ക് പ്രചോദനം നൽകുക എന്നതാണ് എൻ.ബി.എഫ്.സി.യുടെ ലക്ഷ്യം. നിക്ഷേപകർക്ക് വേണ്ട സഹായങ്ങൾ ലഭിക്കുന്നതിനായി പൊതുമേഖലാ ബാങ്കുകൾ, സിഡ്കോ, കിൻഫ്രാ, കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപ സംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് പ്രവാസികളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ എൻ.ബി.എഫ്.സി. മുഖാന്തരം

സ്വീകരിക്കും. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ യാഥാർഥ്യമാവുന്നതിലൂടെ പ്രവാസികളായ നിക്ഷേപകർക്ക് നോർക്ക റൂട്ട്സ് മുഖേന ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നതിനോടൊപ്പം സർക്കാർ ലൈസൻസ്/ക്ലിയറൻസുകളെ സംബന്ധിച്ചുള്ള ഉപദേശങ്ങളും ലഭ്യമാകും. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, പ്രവാസി നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി 'പ്രവാസി ഡിവിഡന്റ് പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി&സി) ' പ്രവാസി ഡിവിഡന്റ് പദ്ധതി'-യുടെ രൂപരേഖ സർക്കാരിന്റെ പരിഗണനയിലാണ്.

**സാന്ത്വന പദ്ധതി**

84 (92) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ സാന്ത്വന പദ്ധതി എന്നാണ് ആരംഭിച്ചതെന്നും 2016 മെയ് മാസത്തിനുശേഷം ഇതിന്റെ ഘടനയിലും ചട്ടങ്ങളിലും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും 2016-17, 2017-18, 2018-19 എന്നീ സാമ്പത്തികവർഷങ്ങളിൽ ഈ പദ്ധതിയിൽ എത്ര രൂപ വീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിക്ക് പുറമേ മടങ്ങിവന്ന പ്രവാസികളെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ ഉള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2005-ലാണ് സാന്ത്വന പദ്ധതി ആരംഭിച്ചിട്ടുള്ളത്. 2016 മേയ് മാസത്തിനുശേഷം സാന്ത്വന പദ്ധതിയുടെ ഘടനയിലും ചട്ടങ്ങളിലും മാറ്റങ്ങൾ വരുത്തിയിട്ടില്ല.

(ബി) തിരികെയെത്തിയ പ്രവാസി കേരളീയർക്ക് വേണ്ടി നോർക്കാ റൂട്ട്സ് നടപ്പാക്കുന്ന സമാശ്വാസസഹായ നിധിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം

നിബന്ധനകൾക്ക് വിധേയമായി മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപ വരെയും വിദേശത്തുനിന്നും തിരികെയെത്തിയ രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന പ്രവാസികൾക്കും അവരുടെ ആശ്രിതർക്കും ചികിത്സാ ധനസഹായമായി 50,000 രൂപവരെയും സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനു ധനസഹായമായി 15,000 രൂപവരെയും നൽകിവരുന്നു. പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും കൃത്രിമക്കാലുകൾ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000 രൂപ വരെ നൽകുന്നു.

സാന്ത്വന പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 14 കോടി രൂപയും 2017-18-ൽ വകയിരുത്തിയ 12.6 കോടി രൂപയും 2018-19-ൽ അനുവദിച്ച 25 കോടി രൂപയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) തിരികെയെത്തിയ പ്രവാസികൾക്കായി സർക്കാർ നടപ്പിലാക്കുന്ന ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതിക്ക് പുറമേ അവരുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് എന്ന ഒരു വായ്പ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മടങ്ങിയെത്തിയ പ്രവാസികൾക്ക് സംരംഭകരാകുന്നതിനു മാർഗ്ഗനിർദ്ദേശം നൽകുകയും ഈ പദ്ധതിയിലൂടെ നോർക്ക റൂട്ട്സുമായി ധാരണാപത്രം ഒപ്പ് വെച്ചിട്ടുള്ള ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തരം വായ്പ ലഭ്യമാക്കുകയും പ്രസ്തുത സംരംഭകർക്ക് മൂലധന സബ്സിഡിയും മൂന്ന് ശതമാനം പലിശ സബ്സിഡിയും (നാല് വർഷത്തേയ്ക്ക്) ലഭ്യമാക്കുകയും ചെയ്യുന്നു.

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് വിദേശത്ത് ജോലി ചെയ്യുന്നതും മടങ്ങി വന്നതും ഇന്ത്യക്കകത്ത് മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നതോ/താമസിക്കുന്നതോ ആയ പ്രവാസി കേരളീയർക്ക് കേരള പ്രവാസി കേരളീയ ക്ഷേമ നിധിയിൽ അംഗത്വമനുവദിച്ചു വരുന്നുണ്ട്. ടി ആക്ട് മാനദണ്ഡമാക്കി രൂപീകരിച്ച 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പെൻഷൻ, കുടുംബ പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹാ ധനസഹായം, വിദ്യാഭ്യാസ സഹായം, പ്രസവ സഹായം തുടങ്ങിയവ അർഹരായ അംഗങ്ങൾക്ക് ബോർഡിൽ നിന്നും അനുവദിച്ചു വരുന്നുണ്ട്.

## നോർക്ക നടപ്പിലാക്കുന്ന പദ്ധതികൾ

85 (93) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക വഴി നടപ്പിലാക്കുന്ന കാരുണ്യ, സാന്ത്വന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായം ലഭിച്ച ഒരാൾക്ക് പ്രസ്തുത പദ്ധതികളിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം കൈപ്പറ്റുകയും ശേഷം പ്രസ്തുത പദ്ധതികളിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തവരിൽ അപേക്ഷ നിരസിക്കപ്പെട്ടവരുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരികെയെത്തിയ പ്രവാസി കേരളീയർക്ക് വേണ്ടി നോർക്കാ റൂട്ട്സ് നടപ്പാക്കിയിട്ടുള്ള ദുരിതാശ്വാസനിധിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി വ്യവസ്ഥകൾക്ക് വിധേയമായി ഒരു ലക്ഷം രൂപ വരെയും വിദേശത്തു നിന്നും തിരികെയെത്തിയ പ്രവാസികളിൽ നിരവധി രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ ധനസഹായമായി 50,000 രൂപ വരെയും സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനു ധനസഹായമായി 15,000 രൂപവരെയും നൽകിവരുന്നു. പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും കൃത്രിമക്കാലുകൾ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000 രൂപ വരെ നൽകുന്നു.

പ്രവാസികളായ കേരളീയരുടെ (ഇന്ത്യക്ക് പുറത്തോ കേരളത്തിനു പുറത്ത് ഇതര സംസ്ഥാനങ്ങളിലുള്ളവർ) മൃതദേഹം നാട്ടിൽ എത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയാണ് കാരുണ്യം. പ്രവാസി കേരളീയന്റെ മൃതദേഹം വിമാനത്തിലോ, ട്രെയിനിലോ, മറ്റേതെങ്കിലും വാഹനത്തിലോ ചെലവു കുറഞ്ഞ രീതിയിൽ എത്തിക്കുന്നതിനു മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃതമുള്ള അവകാശികൾക്കാണ് ധനസഹായം നൽകുന്നത്. മരണമടഞ്ഞ പ്രവാസികൾക്കോ ബന്ധുക്കൾക്കോ മറ്റൊരു മാർഗ്ഗവുമില്ലാത്ത അസാധാരണ സന്ദർഭങ്ങളിലാണ് ഈ സഹായം നൽകുന്നത്.

മൃതദേഹം നാട്ടിൽ എത്തിച്ചശേഷം ചെലവായ തുക പിന്നീട് കാരുണ്യം പദ്ധതി വഴി അനുവദിക്കുകയാണ് ചെയ്യുന്നത്. വിദേശത്ത് നിന്ന് മൃതദേഹം കൊണ്ടുവരുന്നതിന് പരമാവധി 50,000 രൂപയും ഇന്ത്യയിൽ ഇതര സംസ്ഥാനത്തു നിന്നും കൊണ്ടുവരുന്നതിന് പരമാവധി 15,000 രൂപയും ധനസഹായമായി ലഭിക്കുന്നതാണ്.

(ബി) ഉണ്ട്. സാന്ത്വന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം മറ്റ് യാതൊരു മാർഗ്ഗവുമില്ലാത്ത അഗതികൾക്കാണ് ധനസഹായം അനുവദിച്ചുവരുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കാരുണ്യ ബെനവലന്റ് പദ്ധതിയിൽ നിന്നും മറ്റും സർക്കാർ സഹായം ലഭിച്ചിട്ടുള്ളവർക്ക് സാന്ത്വന പദ്ധതി പ്രകാരം ഇക്കാരണം കൊണ്ടുതന്നെ വീണ്ടും ധനസഹായം അനുവദിക്കാറില്ല.

(സി) സാന്ത്വനപോലെ ആയിരക്കണക്കിന് ഗുണഭോക്താക്കൾക്ക് സഹായം നൽകുന്ന പദ്ധതിയിൽ ഒരു പ്രത്യേക കാരണം കൊണ്ട് ധനസഹായം നിരസിക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## പ്രവാസികളുടെ പുനരധിവാസം

86 (94) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരികെ എത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസി ജീവിതത്തിനിടയിൽ രോഗങ്ങൾ, അപകടങ്ങൾ എന്നിവയെ ത്തുടർന്ന് മരണപ്പെടുന്നവരുടെ ആശ്രിതരെ സഹായിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### <u>ഉത്തരം</u>

(എ) തിരികെയെത്തുന്ന പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). പരമാവധി മുപ്പത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ വരെ) ആദ്യ നാല് വർഷം 3% പലിശ

സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. 2017-18 സാമ്പത്തിക വർഷം വരെ എസ്.ബി.ഐ., യൂണിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ദേശസാത്കൃത ബാങ്കുകൾ മുഖാന്തരം മാത്രം നടത്തിവന്നിരുന്ന ഈ പദ്ധതി 2018-19 സാമ്പത്തിക വർഷം ബാങ്ക് ഓഫ് ബറോഡ, സിൻഡിക്കേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നീ ബാങ്കുകളെക്കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി (മലപ്പുറം) എന്നിവയ്ക്കു പുറമേ കേരള സംസ്ഥാന പട്ടികവർഗ്ഗ/പട്ടികജാതി വികസന കോർപ്പറേഷൻ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവയുമായി ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ നിന്നും കേരള സംസ്ഥാന അഗ്രികൾച്ചറൽ റൂറൽ ഡെവലപ്മെന്റ് ബാങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നിവയും ഈ പദ്ധതിയുമായി സഹകരിക്കുന്നതിന് 2018-19 സാമ്പത്തിക വർഷം മുതൽ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം ബോധവത്കരണം സെമിനാറുകൾ ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക എന്നിവ കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തിരം നോർക്ക-റൂട്ട്സ് നൽകി വരുന്നുണ്ട്.

(ബി) പ്രവാസി ജീവിതത്തിനിടയിൽ അപകടംമൂലം മരണപ്പെടുന്നയാൾ പ്രവാസി നോർക്കാ ഐഡന്റിറ്റി കാർഡ് ഉടമായാണെങ്കിൽ, ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനിയിൽ നിന്നും രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് തുക ആശ്രിതർക്ക് ലഭിക്കും. പ്രവാസ ജീവിതം മതിയാക്കിയ വ്യക്തിക്ക് രോഗം മൂലമോ അപകടം മൂലമോ മരണം സംഭവിച്ചാൽ സാന്ത്വന ധനസഹായ പദ്ധതിയിൽ നിന്നും ആശ്രിതർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി ഒരു ലക്ഷം രൂപാ ധനസഹായം നൽകിവരുന്നു.

## പ്രവാസികൾക്കായി നടപ്പാക്കിയ ക്ഷേമ പദ്ധതികൾ

87 (95) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രവാസികൾക്കായി നടപ്പിലാക്കിയ ക്ഷേമ പരിപാടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവാസിക്ഷേമ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസികൾക്കായി നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. വിമാനത്താവളങ്ങളിൽ അടിയന്തര ആംബുലൻസ് സേവനം;

2. ലോകത്താകമാനമുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനായി ലോക കേരള സഭ;

3. ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായവും ഡേറ്റാബെയ്സും;

4. നോർക്ക-റൂട്ട്സിന്റെ നവീകരിച്ച കാൾ സെന്റർ;

5. നോർക്ക്-റൂട്ട്സിന്റെ നവീകരിച്ച വെബ്പോർട്ടൽ;

6. എൻ.ബി.എഫ്.സി (നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ) (NBFC);

7. നോർക്ക റൂട്ട്സിന്റെ തിരിച്ചറിയൽ കാർഡുള്ള പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കും വിമാനയാത്രാനിരക്കിൽ 7% ഇളവ് ലഭിക്കുന്ന നോർക്ക ഫെയർ പദ്ധതി;

8. കേരള പ്രവാസി കേരളീയക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പ്രവാസി ക്ഷേമ പെൻഷൻ 2,000 രൂപയായി വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 10600 പേർക്ക് 44,37,17,487 രൂപ പെൻഷനായും 2777 പേർക്ക് 3,99,89,223 രൂപ വിവിധ ആനുകൂല്യങ്ങളായും നൽകിയിട്ടുണ്ട്.

പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം, പാവപ്പെട്ട പ്രവാസികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്, മാവേലിക്കരയിൽ ലോക കേരള കേന്ദ്രം എന്നീ പുതിയ പദ്ധതികൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് വിഭാവനം ചെയ്തിരിക്കുന്ന ഇന്റർനാഷണൽ മൈഗ്രേഷൻ സെന്ററുമായി സഹകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) 30-4-2016-ൽ ചുമതലയേറ്റ പ്രവാസി ക്ഷേമ കമ്മീഷൻ നാളിതുവരെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ 59 സിറ്റിംഗുകളും/ബോധവത്ക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. പ്രവാസികളുടെ പരാതികൾക്ക് വിവിധ സർക്കാർ വകുപ്പുകളും/ഏജൻസികളുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, തിരികെ വന്ന പ്രവാസികളിൽ സേവനാനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്നവർക്ക് അവ ലഭ്യമാക്കുവാൻ വേണ്ട സഹായം ചെയ്യുക, തിരികെ എത്തിയ പ്രവാസികൾ ജീവനോപാധിക്കായി തുടങ്ങുന്ന വിവിധ സംരംഭങ്ങൾക്ക്

അനുമതി നിരസിക്കുന്ന സാഹചര്യങ്ങളിൽ അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട് പരിഹാരം നിർദ്ദേശിക്കുക, പ്രവാസികൾക്കുണ്ടാകുന്ന വസ്തു/അതിർത്തി തർക്കം, കുടുംബപ്രശ്നങ്ങൾ, ധനപരമായ കബളിപ്പിക്കൽ, പ്രവാസി ക്ഷേമനിധി ബോർഡിൽ നിന്നും നോർക്ക റൂട്ട്സിൽ നിന്നും മറ്റും ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ നേടിക്കൊടുക്കുക എന്നിവയ്ക്കെല്ലാം അതാത് വകുപ്പ്/ഏജൻസികളുമായി ബന്ധപ്പെട്ട് പരിഹാരം കണ്ടെത്തുക എന്നിവയാണ് കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. ഇതിനെല്ലാം ഉപരിയായി ഗൾഫ് മേഖലയിലുള്ള കമ്മീഷന്റെ അംഗങ്ങൾ അവിടെയുള്ള കേരളീയരായ പ്രവാസികളുടെ വിവിധ പ്രശ്നങ്ങളിലിടപെട്ട് അവർക്ക് നിയമപരമായ എല്ലാ സഹായവും ചെയ്തുവരുന്നു.

## മുഖ്യമന്ത്രിയുടെ വിദേശപര്യടനം

88 (96) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മേയ് മാസം മുഖ്യമന്ത്രി വിദേശരാജ്യങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ടോ; ഏതൊക്കെ രാജ്യങ്ങളിലാണ് ഔദ്യോഗികസന്ദർശനം നടത്തിയത്;

(ബി) ഓരോ വിദേശരാജ്യത്തും അദ്ദേഹത്തിന്റെ ഔദ്യോഗികപരിപാടികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത സന്ദർശനവേളയിൽ മുഖ്യമന്ത്രിയെ അനുഗമിച്ചിരുന്ന ഉദ്യോഗസ്ഥരും കുടുംബാംഗങ്ങളും ആരൊക്കെയാണ്;

(ഡി) മുഖ്യമന്ത്രിയുടെ വിദേശപര്യടനവേളയിൽ അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പുകളുടെ ചുമതല ആർക്കാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 2019 മേയ് മാസം 8 മുതൽ 19 വരെ മുഖ്യമന്ത്രി നെതർലന്റ്സ്, സ്വിറ്റ്സർലന്റ്, ഫ്രാൻസ്, യു.കെ. എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

(ബി) നെതർലന്റ്സ്:

1. ഡച്ച് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ടീം (DDRRT) തയ്യാറാക്കിയ പ്രസന്റേഷനിൽ പങ്കെടുത്തു.

2. എ.ആർ.എസ്. & ഐ.ടി. കമ്പനി പ്രതിനിധികളുമായും ഡച്ച് വാണിജ്യ വ്യവസായ സംഘടനയായ വി.എൻ.ഒ.എൻ.സി.ഡബ്ല്യു അദ്ധ്യക്ഷൻ ഹാൻസ് ദെ ബൂവറുമായും, നെതർലന്റ്സിലെ അടിസ്ഥാന സൗകര്യ-ജല നിർവ്വഹണ വകുപ്പുകളുടെ ചുമതലയുള്ള മന്ത്രി കോറവാൻ ന്യൂവെൻഹ്വയിസെനുമായും കൃഷി മന്ത്രാലയത്തിലെ സെക്രട്ടറി ജനറൽ ജാൻ കീ ഗോയിറ്റുമായും കൂടിക്കാഴ്ചകൾ നടത്തുകയുണ്ടായി. കൂടാതെ നെതർലന്റ്സിലെ മലയാളികളുടെ കൂട്ടായ്മയായ 'നന്മ'-യുടെ അംഗങ്ങളെ കാണുകയുണ്ടായി.

3. " റൂം ഫോർ ദി റിവർ"പദ്ധതിയും റോട്ടർഡാം തുറമുഖവും കാർഷിക മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളും സന്ദർശിക്കുകയുണ്ടായി. ഫ്ലോറിക്കൾച്ചർ രംഗത്ത് സഹകരണം നടത്തി മികവ് കേന്ദ്രം സ്ഥാപിക്കാനും വാഴപ്പഴം കയറ്റുമതിക്ക് സഹായകമായ സാങ്കേതിക വിദ്യലഭ്യമാക്കുന്നത് സംബന്ധിച്ചും ചർച്ച നടത്തി.

പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം പാവപ്പെട്ട പ്രവാസികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്, മാവേലിക്കരയിൽ ലോക കേരള കേന്ദ്രം എന്നീ പുതിയ പദ്ധതികൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് വിഭാവനം ചെയ്തിരിക്കുന്ന ഇന്റർനാഷണൽ മൈഗ്രേഷൻ സെന്ററുമായി സഹകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

ജനീവ, സ്വിറ്റ്സർലന്റ്:

1. അന്താരാഷ്ട്ര പുനർനിർമ്മാണ കോൺഫറൻസ്- പ്ലീനറി സമ്മേളനത്തെ അഭിസംബോധന ചെയ്തു.

2. യു.എൻ.ഡി.പി. അസിസ്റ്റന്റ് സെക്രട്ടറി ജനറലുമായും സ്വിറ്റ്സർലന്റിലെ ഇന്ത്യൻ വംശജരായ പാർലമെന്റ് അംഗങ്ങളുമായും ഫെഡറൽ കൗൺസിലർ ഗയ് പാമർലിംങ്മായും കൂടിക്കാഴ്ചകൾ നടത്തുകയുണ്ടായി. മാത്രമല്ല കേരളത്തിലെ ബിസിനസ്സ്-നിക്ഷേപ സാധ്യതകളെപ്പറ്റിയുള്ള ഒരു പ്രത്യേക സമ്മേളനത്തിലും പങ്കെടുത്തു. ജനീവയിലെ മാലിന്യ നിർമ്മാർജ്ജ-പുനർനിർമ്മാണ പദ്ധതിയും മറ്റ് സൗകര്യങ്ങളും സന്ദർശിക്കുകയുണ്ടായി.

ഫ്രാൻസ്:

1. അന്താരാഷ്ട്ര സാമ്പത്തിക വിദഗ്ധൻ ഡോ.തോമസ് പിക്കറ്റി, ലൂക്കാസ് ചാൻസൽ എന്നിവരെ സന്ദർശിച്ച് ചർച്ചകൾ നടത്തി. ഇവർ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി പഠിക്കാൻ ഇവിടെ സന്ദർശിക്കാൻ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

2. ലോക കേരള സഭയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രവാസി മലയാളികളുമായുള്ള കൂടിക്കാഴ്ച.

യു.കെ:

1. ലണ്ടൻ ഓഹരി വിപണിയിൽ കിഫ്ബിയുടെ മസാല ബോണ്ട് പുറത്തിറക്കൽ ചടങ്ങ്.

2. യു.കെ മലയാളികൾക്കിടയിൽ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട പരിപാടി.

(സി) മുഖ്യമന്ത്രിയുടെ പത്നി, മകൾ, ചെറുമകൻ എന്നിവരടങ്ങിയ കുടുംബാംഗങ്ങൾക്ക പുറമേ വിവിധരാജ്യങ്ങളിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർ അദ്ദേഹത്തെ അനുഗമിച്ചിരുന്നു:

<u>നെതർലന്റ്സ്</u>:

1. ശ്രീ. ടോം ജോസ്, ചീഫ് സെക്രട്ടറി
2. ഡോ. വിശ്വാസ് മേത്ത, അഡീഷണൽ ചീഫ് സെക്രട്ടറി

<u>സ്വിറ്റ്സർലന്റ്</u>:

1. ശ്രീ. ടോം ജോസ്, ചീഫ് സെക്രട്ടറി
2. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി
3. ഡോ. ശേഖർ എൽ.കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
4. ഡോ. കെ. ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി

<u>ഫ്രാൻസ്</u>:

1. ശ്രീ. ടോം ജോസ്, ചീഫ് സെക്രട്ടറി
2. ഡോ. കെ. ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി

<u>യു.കെ</u>:

1. ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യ വകുപ്പുമന്ത്രി
2. ശ്രീ. ടോം ജോസ്, ചീഫ് സെക്രട്ടറി
3. ഡോ. കെ. എ. എബ്രഹാം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി

(ഡി) മുഖ്യമന്ത്രിയുടെ വിദേശപര്യടനവേളയിൽ അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പുകളുടെ ചുമതല ആർക്കും തന്നെ നൽകിയിരുന്നില്ല.

## നോർക്ക റിക്രൂട്ട്മെന്റ്

89 (97) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ ആഭിമുഖ്യത്തിൽ 2016 മേയ് മാസത്തിനുശേഷം ജോലിക്കായി നേഴ്സുമാർ, വീട്ടുജോലിക്കാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ വിഭാഗങ്ങളിൽ എത്രയാളുകളെ വിദേശത്തേയ്ക്ക് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ: ഏതെല്ലാം രാജ്യങ്ങളിലേയ്ക്ക് എത്ര പേരെ വീതം അയച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് സംബന്ധിച്ച് നോർക്ക ഏതെല്ലാം ഗൾഫ് രാജ്യങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നോർക്കയുടെ ആഭിമുഖ്യത്തിൽ 2016 മേയ് മാസത്തിനുശേഷം സൗദി, കുവൈറ്റ്, യു.എ.ഇ., ഒമാൻ എന്നീ രാജ്യങ്ങളിലായി 1092 പേരെ അയച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| YEARWISE DEPLOYMENT REPORT-RECRUITMENT WING | | | | | |
|---|---|---|---|---|---|
| Year | Nurses | Doctors | Technicians | House Maids | Total |
| 2016 | 326 | - | - | - | 326 |
| 2017 | 303 | 7 | 20 | 14 | 344 |
| 2018 | 170 | - | 1 | 90 | 261 |
| 2019 May 21 | 78 | - | 1 | 82 | 161 |
| | | | | Total | 1092 |

(ബി) നേഴ്സുമാരുടെ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് സൗദി ആരോഗ്യ മന്ത്രാലയവുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്.

(സി) കുവൈറ്റ് ആരോഗ്യ മന്ത്രാലയവുമായി ചർച്ചകൾ പുരോഗമിച്ചു വരുന്നു. ഇതോടൊപ്പം വിവിധ രാജ്യങ്ങളിലെ നിരവധി സ്വകാര്യ ആശുപത്രികളുമായി ധാരണാ പത്രത്തിൽ ഒപ്പുവച്ച് റിക്രൂട്ട്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

## നോർക്ക-റൂട്ട്സ് തിരിച്ചറിയൽ കാർഡുള്ള പ്രവാസികൾക്ക് വിമാന ടിക്കറ്റിൽ ഇളവ്

90 (98) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക - റൂട്ട്സ് തിരിച്ചറിയൽ കാർഡുള്ള പ്രവാസികൾക്ക് വിമാന ടിക്കറ്റിൽ ഇളവ് അനുവദിക്കുവാൻ വിമാനക്കമ്പനികളുമായി കരാർ ഒപ്പ് വച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വിമാന കമ്പനികളുമായാണ് ഇത് സംബന്ധിച്ച കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര ശതമാനം ഇളവാണ് പ്രവാസികൾക്ക് ഇതുമൂലം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇന്ത്യയിൽനിന്നും വിദേശത്തേയ്ക്കും തിരിച്ചും ഒമാൻ എയർ വിമാനങ്ങളിൽ ഇക്കണോമി/ബിസിനസ്സ് ക്ലാസ്സുകളിൽ യാത്ര ചെയ്യുന്ന നോർക്ക തിരിച്ചറിയൽ കാർഡ് ഉള്ള വിദേശ മലയാളികൾക്ക് (ഭാര്യ/ഭർത്താവ്, 8 വയസ്സിനു താഴെയുള്ള കുട്ടികൾ ഉൾപ്പെടെ)ടിക്കറ്റ് നിരക്കിൽ ഇളവ് അനുവദിക്കുന്ന പദ്ധതിയാണിത്.

(ബി) ഒമാൻ എയർവേയ്സ്, ഒമാൻ.

(സി) 7 ശതമാനം ഇളവ് ലഭ്യമാകും.

## ലോക കേരളസഭയുടെ ശിപാർശകൾ

91 (99) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നടന്ന ഒന്നാം ലോക കേരള സഭയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്നും ഇവ നടപ്പിലാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) ദുബായിൽ നടന്ന മേഖലാ ലോക കേരളസഭയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്നും ഇവ നടപ്പിലാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ;

(സി) ദുബായ് സമ്മേളനത്തിന് സംസ്ഥാന സർക്കാരോ നോർക്കയോ ആകെ എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലോക കേരള സഭയുടെപ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവബന്ധം പുലർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരിക്കണം.
2. അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരിക്കണം.
3. പുതിയകാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം-ലോക കേരളസഭാ സെക്രട്ടേറിയറ്റിന് രൂപം നൽകും.
4. കേരള വികസന നിധി രൂപീകരണം.
5. പ്രവാസി സംരക്ഷണ പദ്ധതി-രോഗ ബാധിതരാകുന്നവർക്ക്, അപകടത്തിൽപ്പെടുന്നവർക്ക്, തൊഴിൽ നഷ്ടമാകുന്നവർക്ക് സംരക്ഷണം നൽകാൻ കഴിയുന്നവിധം വികസന പദ്ധതികളിലെ നിക്ഷേപത്തിന് മാർഗ്ഗരേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരണം.
6. സിയാൽ മാതൃകയിൽ നിക്ഷേപ മേഖലകളുടെ രൂപീകരണം.
7. വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക കാർഷികാനുബന്ധ ഉത്പാദന രംഗം, കായിക രംഗം, ആരോഗ്യ പരിപാലനരംഗം, നൂതന സാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപ സഹകരണത്തിന് പദ്ധതി തയ്യാറാക്കുക.
8. അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.
9. മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരികകേന്ദ്രങ്ങൾ സ്ഥാപിക്കുക.
10. വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.

ലോക കേരളസഭയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ വിശദമായി പഠിക്കുന്നതിന് ഏഴ് വിഷയമേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റികളുടെ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ താഴെക്കാണുന്ന 10 ശിപാർശകൾ മുൻഗണനാക്രമത്തിൽ ലോക കേരളസഭ സെക്രട്ടേറിയറ്റ് കണ്ടെത്തിയിട്ടുണ്ട്.

1. വിവിധ മേഖലകളിൽ ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിന് വേണ്ടിയുള്ള ഒരു എൻ.ആർ.ഐ.ഇൻവെസ്റ്റ്മെന്റ് കമ്പനി.

2. എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

3. എൻ.ആർ.ഐ.ബാങ്ക്.

4. വൃദ്ധ സദനങ്ങൾ, ഭവന പദ്ധതികൾ, റോഡ്/ബിൽഡിംഗ് കൺസ്ട്രക്ഷൻ എന്നീ പദ്ധതികൾക്കായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി.

5. നോർക്ക റൂട്ട്സിൽ വനിത എൻ.ആർ.ഐ.സെൽ.

6. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന വനിതകളോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന് വേണ്ടി എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ pre embankment Orientation Centres.

7. നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക, സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക, വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതിന് student exchange programme സംഘടിപ്പിക്കുക എന്നീ വിഷയങ്ങളിന്മേൽ പഠനം നടത്തുന്നതിന് വേണ്ടി ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം.

8. കുടിയേറ്റ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് International Migration Centre രൂപീകരിക്കുക.

9. മേഖലാടിസ്ഥാനത്തിൽ എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ നടത്തുക.

10. പ്രവാസികളുടെ സാഹിത്യ സൃഷ്ടികൾക്കായി ഒരു പ്രസിദ്ധീകരണം ആരംഭിക്കുക.

(ബി) ദുബായിൽ നടന്ന പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിൽ ലോക കേരളസഭയുടെ ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ സമർപ്പിച്ച ശിപാർശകൾ വിശദമായി ചർച്ച ചെയ്യുകയും ഇതിൽ ലോക കേരളസഭ സെക്രട്ടേറിയറ്റ് കണ്ടെത്തിയ 10 ശിപാർശകൾ അവതരിപ്പിക്കുകയും ചെയ്തു. ഇതിന്മേലുള്ള ചർച്ചകളാണ് പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിൽ പ്രധാനമായും നടന്നത്. ഈ ശിപാർശകൾ നടപ്പിൽ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത സമ്മേളനത്തിനായി ആകെ 18,40,670 രൂപ ചെലവായിട്ടുണ്ട്.

**ലോക കേരളസഭയുടെ കേന്ദ്രം**

92 (100) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭയുടെ കേന്ദ്രം മാവേലിക്കരയിൽ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ലോക കേരളസഭയുടെ കേന്ദ്രത്തിന്റെ നിർമ്മാണം ഈ സാമ്പത്തികവർഷം ആരംഭിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളീയ പ്രവാസികാര്യ വകുപ്പിന്റെ അധീനതയിൽ മാവേലിക്കരയിലുള്ള 5 ഏക്കർ സ്ഥലത്ത് പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെ ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നതിനും ആയതിലേക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) പാരിസ്ഥിതികമായ വൈവിധ്യം നിലനിർത്തി സ്ഥലം സജ്ജീകരിക്കാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ടും മാസ്റ്റർ പ്ലാനും തയ്യാറാക്കുക, സ്ഥലം കോമ്പൗണ്ട് തിരിച്ച് മതിൽകെട്ടി ഗേറ്റ് ഇടുക, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുക എന്നിവയായിരിക്കും ഈ സാമ്പത്തിക വർഷം നടത്തുന്ന പ്രവൃത്തികൾ.

**ലോക കേരളസഭയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് നടപടി**

93 (101) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭയുടെ ഒന്നാം സമ്മേളനത്തിലെ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ് വന്ന ആശയങ്ങളും നിർദ്ദേശങ്ങളും എന്തൊക്കെ ആയിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതൊക്കെ ആശയങ്ങളും നിർദ്ദേശങ്ങളും ഇതിനകം നടപ്പിൽ വരുത്തിയെന്ന് വ്യക്തമാക്കുമോ ;

(സി) ആഗോളതലത്തിൽ മലയാളികളുടെ വ്യാവസായിക വാണിജ്യ സംരംഭ കൂട്ടുകെട്ട് ഉറപ്പാക്കുന്നതിനും പ്രവാസി വ്യവസായ-വാണിജ്യസംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനും ഓരോ വിദേശ മേഖലയിലും പ്രത്യേക വാണിജ്യ ചേമ്പറുകൾക്ക് രൂപം നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിച്ച് അക്കാദമിക ഗവേഷണ വികസന രംഗത്ത് സഹകരണം ഉറപ്പാക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ ;

(ഇ) സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകൾ രൂപീകരിക്കണമെന്ന നിർദ്ദേശം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(എഫ്) വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ സമഗ്ര പദ്ധതി ആവിഷ്കരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ലോക കേരളസഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവബന്ധം പുലർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം.
2. അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം.
3. പുതിയകാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം-ലോക കേരളസഭാ സെക്രട്ടേറിയറ്റിന് രൂപം നൽകും.
4. കേരള വികസന നിധി രൂപീകരണം.
5. പ്രവാസി സംരക്ഷണ പദ്ധതി-രോഗ ബാധിതരാകുന്നവർക്ക്, അപകടത്തിൽപ്പെടുന്നവർക്ക്, തൊഴിൽ നഷ്ടമാകുന്നവർക്ക് സംരക്ഷണം നൽകാൻ കഴിയുന്നവിധം വികസന പദ്ധതികളിലെ നിക്ഷേപത്തിന് മാർഗ്ഗരേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരണം.
6. സിയാൽ മാതൃകയിൽ നിക്ഷേപ മേഖലകളുടെ രൂപീകരണം.

7. വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക കാർഷികാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലന രംഗം, നൂതന സാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപ സഹകരണത്തിന് പദ്ധതി തയ്യാറാക്കുക.

8. അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.

9. മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുക.

10. വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ

ലോക കേരളസഭയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ വിശദമായി പഠിക്കുന്നതിന് ഏഴ് വിഷയമേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റികൾ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ 48 ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്.

(ബി-എഫ്) ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ പ്രധാനപ്പെട്ട ഒരു ആശയമായിരുന്നു ലോക കേരള സഭ സെക്രട്ടേറിയറ്റ് രൂപീകരണം. ഇത് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലോക കേരളസഭാ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റികൾ 48 ശിപാർശകൾ ലോക കേരളസഭ സെക്രട്ടേറിയറ്റിന് സമർപ്പിച്ചിരുന്നു. ഇവയിൽ താഴെക്കാണുന്ന 10 ശിപാർശകൾ ലോക കേരളസഭ സെക്രട്ടേറിയറ്റ് കണ്ടെത്തിയിട്ടുണ്ട്.

1. വിവിധ മേഖലകളിൽ ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിനായുള്ള ഒരു എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി.

2. എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

3. എൻ.ആർ.ഐ. ബാങ്ക്.

4. വൃദ്ധ സദനങ്ങൾ, ഭവന പദ്ധതികൾ, റോഡ്/ബിൽഡിംഗ് കൺസ്ട്രക്ഷൻ എന്നീ പദ്ധതികൾക്കായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി.

5. നോർക്ക റൂട്ട്സിൽ വനിത എൻ.ആർ.ഐ. സെൽ.

6. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന വനിതകളോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന് വേണ്ടി എയർപോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ pre embankment orientation centres.

7. നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക, സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക, വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതിന് student exchange programme സംഘടിപ്പിക്കുക എന്നീ വിഷയങ്ങളിന്മേൽ പഠനം നടത്തുന്നതിന് വേണ്ടി ഹൈപവർ കമ്മിറ്റി.

8. കുടിയേറ്റ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് International migration centre.

9. മേഖലാ അടിസ്ഥാനത്തിൽ എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ നടത്തുക.

10. പ്രവാസികളുടെ സാഹിത്യ സൃഷ്ടികൾക്കായി ഒരു പ്രസിദ്ധീകരണം.

ഈ ശിപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

**ലോക കേരളസഭ-പശ്ചിമേഷ്യ മേഖലാ സമ്മേളനം**

94 (102) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭയുടെ പശ്ചിമേഷ്യ മേഖലാസമ്മേളനം ദുബായിൽ ചേർന്നിരുന്നോ;

(ബി) എങ്കിൽ എത്ര പ്രതിനിധികളാണ് പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തത്;

(സി) ഏതൊക്കെ കാര്യങ്ങളിലാണ് പ്രസ്തുത സമ്മേളനം ചർച്ച ചെയ്ത് തീരുമാനം എടുത്തത്; ഈ യോഗത്തിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേർന്നിരുന്നു.

(ബി) പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള 64 ലോക കേരളസഭാംഗങ്ങളും 10 പ്രത്യേക ക്ഷണിതാക്കളുമായി 74 പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഇവരെ കൂടാതെ 291 ക്ഷണിതാക്കളും പങ്കെടുത്തു.

(സി) ദുബായിൽ നടന്ന പശ്ചിമേഷ്യ മേഖലാ സമ്മേളനത്തിൽ ലോക കേരള സഭയുടെ ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിച്ച ശിപാർശകൾ വിശദമായി ചർച്ച ചെയ്യുകയും ഇതിൽ ലോക കേരളസഭ സെക്രട്ടേറിയറ്റ് താഴെക്കാണുന്ന 10 ശിപാർശകൾ അവതരിപ്പിക്കുകയും ചെയ്തു. ഇതിന്മേലുള്ള ചർച്ചകളാണ് പ്രധാനമായും നടന്നത്.

1. വിവിധ മേഖലകളിൽ ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിന് വേണ്ടിയുള്ള ഒരു എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി.

2. എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

3. എൻ.ആർ.ഐ. ബാങ്ക്.

4. വൃദ്ധ സദനങ്ങൾ, ഭവന പദ്ധതികൾ, റോഡ്/ബിൽഡിംഗ് കൺസ്ട്രക്ഷൻ എന്നീ പദ്ധതികൾക്കായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി.

5. നോർക്ക റൂട്ട്സിൽ വനിത എൻ.ആർ.ഐ. സെൽ.

6. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന വനിതകളോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന് വേണ്ടി എയർപോർട്ടുകളിൽ migration facilitation centre, പാസ്സ്പോർട്ട് ഓഫീസുകളിൽ pre embankment orientation centres.

7. നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക, സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക, വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതിന് student exchange programme സംഘടിപ്പിക്കുക എന്നീ വിഷയങ്ങളിന്മേൽ പഠനം നടത്തുന്നതിന് വേണ്ടി ഹൈപവർ കമ്മിറ്റിയുടെ രൂപീകരണം.

8. കുടിയേറ്റ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് International migration centre രൂപീകരിക്കുക.

9. മേഖലാ അടിസ്ഥാനത്തിൽ എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ നടത്തുക.

10. പ്രവാസികളുടെ സാഹിത്യ സൃഷ്ടികൾക്കായി ഒരു പ്രസിദ്ധീകരണം ആരംഭിക്കുക.

പ്രസ്തുത സമ്മേളനത്തിനായി ആകെ 18,40,670 രൂപ ചെലവായിട്ടുണ്ട്.

## സി.ബി.ഐ.-ക്ക് വിട്ട ക്രിമിനൽ കേസ്സുകൾ

95 (103) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നാളിതുവരെ എത്ര ക്രിമിനൽ കേസുകൾ സർക്കാർ തീരുമാനപ്രകാരം സി.ബി.ഐ.-ക്ക് വിട്ടിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഹൈക്കോടതി നിർദ്ദേശപ്രകാരം എത്ര ക്രിമിനൽ കേസ്സുകൾ സി.ബി.ഐ.-ക്ക് വിട്ടിട്ടുണ്ട്; അവ ഏതെല്ലാം കേസ്സുകളാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 12 ക്രിമിനൽ കേസ്സുകൾ സർക്കാർ തീരുമാന പ്രകാരം സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടുണ്ട്. വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 9 ക്രിമിനൽ കേസ്സുകൾ ഹൈക്കോടതി ഉത്തരവ് പ്രകാരം സി.ബി.ഐ.-ക്ക് കൈമാറിയിട്ടുണ്ട്. വിശദവിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്*.

**കെ. പി. ബോട്ട് എന്ന റോബോട്ടിന്റെ സേവനം**

96 (106) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ആസ്ഥാനത്ത് എസ്.ഐ.റാങ്കിൽ കെ.പി.ബോട്ട് എന്ന റോബോട്ടിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത റോബോട്ട് എന്ത് ആവശ്യത്തിലേക്കാണ് ആസ്ഥാനത്ത് സ്ഥാപിച്ചത്;

(സി) ഏത് കമ്പനിയിൽ നിന്നാണ് പ്രസ്തുത റോബോട്ടിനെ വാങ്ങിയതെന്നും ആയതിന് എന്ത് തുക ചെലവായി എന്നും വ്യക്തമാക്കുമോ;

(ഡി) റോബോട്ടിന്റെ സേവനം വിജയകരമാണോ; റോബോട്ടിന്റെ നിലവിലെ അവസ്ഥ എന്താണ്; ഏത് സാഹചര്യത്തിലാണ് ഇത് പരാജയപ്പെട്ടതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളാ പോലീസ് ആസ്ഥാനത്ത് കെ.പി. ബോട്ട് എന്ന് നാമകരണം നൽകി ഒരു റോബോട്ടിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നൂതന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കി സേവനങ്ങൾ വേഗത്തിലും കൃത്യമായും ലഭ്യമാക്കി കാലാനുസൃതമായി പോലീസ് സേനയെ നവീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ട്രാൻസ്പോർട്ട് മാനേജ്മെന്റ്, ഇൻവെസ്റ്റിഗേഷൻ, ബോംബ് നിർവ്വീര്യമാക്കൽ, VVIP/VIP സുരക്ഷയുമായി ബന്ധപ്പെട്ട പോലീസിന്റെ പ്രവർത്തനങ്ങളിൽ റോബോട്ടിക്സ് സാങ്കേതികവിദ്യ കൂടി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായാണ് റോബോട്ടിന്റെ സേവനം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരള സ്റ്റാർട്ട് അപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ട് അപ്പ് കമ്പനിയായ കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിലെ അസിമോവ് റോബോട്ടിക്സ് പ്രൈവറ്റ് ലിമിറ്റഡ്, എന്ന സ്ഥാപനത്തിൽ നിന്നുമാണ് പ്രസ്തുത റോബോട്ട് വാങ്ങിയത്. 8,50,000 രൂപ പ്രസ്തുത കമ്പനിക്ക് നൽകിയിട്ടുണ്ട്.

(ഡി) പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഒരു അവബോധം സൃഷ്ടിക്കുന്നതിൽ ഇത് വിജയമായിരുന്നു. പോലീസ് ആസ്ഥാനത്തെ സ്വീകരണ കാര്യാലയം കാലാനുസൃതമായി നവീകരിക്കുകയും സന്ദർശകർക്ക് ഒരു പുതിയ അനുഭവം നൽകുകയും ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് റോബോട്ടിന്റെ സേവനം പോലീസ് ആസ്ഥാനത്ത് ലഭ്യമാക്കിയത്. റോബോട്ടിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ടെക്നോ പാർക്കിലെ പോലീസ് സൈബർ ഡോമിലേയ്ക്ക് താൽക്കാലികമായി മാറ്റിയിട്ടുള്ളതാണ്.

**അജ്ഞാത ഡ്രോൺ**

97 (107) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ആസ്ഥാനം, ശ്രീപത്മനാഭസ്വാമി ക്ഷേത്രം, വി.എസ്.എസ്.സി. തുടങ്ങി സുരക്ഷിത മേഖലകൾക്ക് മുകളിലൂടെ അജ്ഞാത ഡ്രോണുകൾ പറന്നത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) രാജ്യത്തെ തന്ത്രപ്രധാന മേഖലകളിൽ റിമോട്ട് നിയന്ത്രിത ചെറുവിമാനം ഉപയോഗിച്ച് ആക്രമണം നടത്താൻ സാധ്യതയുണ്ടെന്ന് സംസ്ഥാനങ്ങൾക്ക് കേന്ദ്ര സുരക്ഷ ഏജൻസികൾ മുന്നറിയിപ്പ് നൽകിയിരുന്നോ;

(സി) എങ്കിൽ അനധികൃതമായി ഡ്രോൺ പറത്തുന്നത് കണ്ടുപിടിക്കുന്നതിനായി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 5 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഇല്ല.

(സി) ഡ്രോൺ പറത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും അവ ശ്രദ്ധയിൽപ്പെട്ടാൽ സ്വീകരിക്കേണ്ട നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ രഹസ്യ രേഖയിലും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറൽ ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് പുറപ്പെടുവിച്ച രേഖകളിലും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് കൃത്യമായി പാലിക്കുന്നതിന് ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

അനധികൃത ഡ്രോണുകൾ പറത്തുന്നത് കണ്ടുപിടിക്കുന്നതിനായി തിരുവനന്തപുരം സിറ്റി പോലീസിന്റെ പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിൽ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുള്ളതും തിരുവനന്തപുരം എയർപോർട്ട്, വി.എസ്.എസ്.സി. തുടങ്ങിയ കേന്ദ്രങ്ങളിലെ നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വിവരം കിട്ടുന്ന മുറയ്ക്ക് അറിയിക്കുന്നതിലേയ്ക്ക് പ്രസ്തുത സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

## തപാൽ വോട്ടുകളുടെ ദുരുപയോഗം

98 (108) ഡോ. എം. കെ. മുനീർ
ശ്രീ. പി. കെ. അബ്ദു റബ്ബ്
ശ്രീ. പി. കെ. ബഷീർ
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് ജോലികൾക്കായി നിയോഗിക്കപ്പെട്ട പോലീസുകാരിൽ ഭൂരിപക്ഷം പേരുടെയും തപാൽ വോട്ടുകൾ പോലീസ് അസോസിയേഷൻ ദുരുപയോഗം ചെയ്തതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പോലീസുദ്യോഗസ്ഥരുടെ പോസ്റ്റൽ ബാലറ്റ് ക്രമക്കേടുകളെക്കുറിച്ചുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(ബി&സി) പോസ്റ്റൽ ബാലറ്റ് ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഐ.ആർ.ബറ്റാലിയനിലെ കമാണ്ടോ പോലീസ് ഉദ്യോഗസ്ഥനെതിരെ ക്രൈം നമ്പർ 355/CB/TSR/D/2019 u/s 136(d) (f) & (g) of Representation of People Act 1951 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്. ടി കേസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല.

## തപാൽ വോട്ടുകളിലെ ക്രമക്കേട്

99(109) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോലീസിലെ തപാൽ വോട്ടുകളിൽ ക്രമക്കേട് നടന്നത് സംബന്ധിച്ച് ഇന്റലിജൻസ് വിഭാഗം അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ടിന്മേൽ ആഭ്യന്തരവകുപ്പ് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഈ വിഷയത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഐ.ആർ. ബറ്റാലിയനിലെ കമാണ്ടോ പോലീസ് ഉദ്യോഗസ്ഥനെതിരെ ക്രൈം നമ്പർ 355/CB/TSR/D/2019 u/s 136 (d) (f) & (g) of Representation of People Act 1951 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്. ടി കേസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം നടന്നുവരികയാണ്. പ്രഥമദൃഷ്ട്യാ കുറ്റക്കാരനായി കണ്ടെത്തിയ പോലീസ് ഉദ്യോഗസ്ഥനെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് പുറമെ വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ

100(110) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസ്സുകളിലായി പോലീസ് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ കാൽനടയാത്രക്കാർക്കും വാഹന ഗതാഗതത്തിനും തടസ്സമുണ്ടാക്കുന്ന വിധവും പാരിസ്ഥിതിക, സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടും റോഡരികിലും മറ്റ് പൊതുസ്ഥലങ്ങളിലും സൂക്ഷിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാഹനങ്ങൾ പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകാത്ത വിധത്തിൽ സൂക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത വാഹനങ്ങൾ പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകാത്ത വിധത്തിൽ സൂക്ഷിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി പോലീസ് ആസ്ഥാനത്തുനിന്നും എല്ലാ റേഞ്ച് ഐ.ജി.മാർക്കും, എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശ്ശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## തീവ്രവാദം ചെറുക്കാൻ നടപടി

101(112) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീലങ്കയിൽ ഉണ്ടായ തീവ്രവാദി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിലെ ആരാധനാലയങ്ങളുടെ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) യുവാക്കൾ തീവ്രവാദ ഗ്രൂപ്പുകളിൽ ചേരുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രീലങ്കയിൽ ഉണ്ടായ തീവ്രവാദി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ തന്ത്രപ്രധാന കെട്ടിട സമുച്ചയങ്ങളുടെ പരിസരത്തും, ആരാധനാലയങ്ങളിലും പരിശോധനകൾ കർശനമാക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളെയും ആരാധന കേന്ദ്രങ്ങളിലെ ഭാരവാഹികളെയും റസിഡന്റ്സ് അസോസിയേഷനുകളെയും മറ്റും പങ്കെടുപ്പിച്ചുകൊണ്ട് അപരിചിതരെയും മറ്റും നിരീക്ഷിക്കുന്നതിനും അസ്വാഭാവികമായി എന്തെങ്കിലും കാണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ രഹസ്യ പോലീസിന്റെ സേവനം ഉറപ്പുവരുത്തിയിട്ടുള്ളതും, പട്രോളിംഗ് ഉൾപ്പെടെയുള്ള മതിയായ സുരക്ഷാ സംവിധാനങ്ങൾ കർശനമായി നടപ്പാക്കിയിട്ടുള്ളതുമാണ്.

(ബി) യുവാക്കൾ തീവ്രവാദ ഗ്രൂപ്പുകളിൽ ചേരുന്നത് തടയുവാനായി സംസ്ഥാന ഇന്റലിജൻസിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം Counter Redicalization പ്രോഗ്രാമുകൾ നടത്തിവരുന്നു. കൂടാതെ എല്ലാ ജില്ലാ പോലീസ് മേധാവിമാരുടെ കീഴിലും പ്രത്യേക നിരീക്ഷണത്തിനായി Internal Security Cell പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങൾ നിരോധിക്കാൻ നിയമനിർമ്മാണം**

102(113) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള അന്ധവിശ്വാസത്തിന്റെ പേരിൽ കൊലപാതകങ്ങളും തട്ടിപ്പും നടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പേരിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങളും തട്ടിപ്പും നടന്നുവെന്നാണ് ആഭ്യന്തര വകുപ്പ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇക്കാലയളവിനുള്ളിൽ എത്ര മന്ത്രവാദ-ആഭിചാര പ്രവർത്തനം നടത്തുന്ന തട്ടിപ്പുകാർക്കെതിരെ കേസ്സെടുത്തു; ആയതിൽ എത്ര പേരെ ജയിലിലാക്കി; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങൾ നടത്തുന്ന തട്ടിപ്പുകാർക്കെതിരെ നിലവിൽ ഏതെല്ലാം വകുപ്പുകൾ ചേർത്താണ് പോലീസ് കുറ്റപത്രം തയ്യാറാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇത്തരക്കാർക്കെതിരെ വിശ്വാസ വഞ്ചന പോലുള്ള വകുപ്പുകൾ ചേർത്ത് കുറ്റപത്രം തയ്യാറാക്കുന്ന രീതിയും ഇതുമൂലം നിയമത്തിന്റെ പഴുതിലൂടെ പ്രതികൾ രക്ഷപ്പെടുന്നതും ഒഴിവാക്കാൻ സത്വര നിയമ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങളുടെ പേരിൽ നടക്കുന്ന ചൂഷണങ്ങൾ തടയുന്നതിനും ഇത്തരം തട്ടിപ്പുകാർക്ക് കഠിനശിക്ഷ ഉറപ്പുവരുത്തുന്നതിനുമായി സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2 കൊലപാതകങ്ങളും 19 തട്ടിപ്പുകേസുകളും നടന്നിട്ടുണ്ട്.

(സി) വിശദാംശങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്:

| Districts | No. of cases Registered | No. of Accused | No. of Accused Arrested | No. of Accused Remanded |
|---|---|---|---|---|
| Kollam Rural | 4 | 10 | 5 | 5 |
| Pathanamthitta | 1 | 8 | 6 | 6 |
| Alappuzha | 4 | 5 | 5 | 5 |
| Malappuram | 3 | 3 | 3 | 3 |
| Kozhikode City | 1 | 3 | 1 | Case is UI |
| Kozhikode RL | 6 | 6 | 3 | 3 |

(ഡി) മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങൾ മുഖേന തട്ടിപ്പുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് IPC പ്രകാരവും വഞ്ചനാ കുറ്റത്തിനും, Drugs and Magic Remedies Act 1954, പ്രകാരവും കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ & എഫ്) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മുഖാന്തരം ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ നിയമപരിഷ്കരണ കമ്മീഷന്റെ പരിഗണനയിലാണ്.

### ക്രിമിനൽ നടപടി ചട്ടഭേദഗതി

103 (114) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ നടപടി ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ എന്തിന്റെയൊക്കെ അടിസ്ഥാനത്തിലാണ് പോലീസ് എഫ്.ഐ.ആർ. എടുത്ത് കേസ് രജിസ്റ്റർ ചെയ്തു വരുന്നത്; വ്യക്തമാക്കുമോ;

(സി) ആധുനിക സാങ്കേതികവിദ്യ വളർന്ന സാഹചര്യത്തിൽ ഇ-മെയിൽ ആയി പരാതി അയച്ചാൽ അതിനെ അടിസ്ഥാനമാക്കി എഫ്.ഐ.ആർ. എടുക്കാൻ പോലീസ് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട ക്രിമിനൽ നടപടി ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ബി) നിലവിൽ suo moto കേസായും, മൊഴി പ്രകാരവും പരാതിയുടെ അടിസ്ഥാനത്തിലും കോടതി ഉത്തരവ് അനുസരിച്ചും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തുവരുന്നുണ്ട്. ആയത് cognizable offence ആയ പരാതിയാണെങ്കിൽ sec 154 CrPC പ്രകരാവും Non cognizable offence ആയ പരാതിയിന്മേൽ sec. 155 CrPC പ്രകാരവും കോടതി നിർദ്ദേശം വരുന്ന പരാതിയിന്മേൽ sec.190 (1) CrPC പ്രകാരവും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തുവരുന്നു.

(സി) ഇ-മെയിൽ പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരന്റെ മൊഴി നേരിട്ട് രേഖപ്പെടുത്തി എഫ്.ഐ.ആർ. എടുക്കുന്നതിനുള്ള നടപടി പോലീസ് സ്വീകരിച്ചു വരുന്നു.

**ഓപ്പറേഷൻ തണ്ടർ**

104(115) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതൊക്കെ പോലീസ് സ്റ്റേഷനുകളിൽ മിന്നൽ പരിശോധന നടത്തി ; പരിശോധന നടന്നിട്ടുള്ള സ്ഥലങ്ങളിൽനിന്ന് ക്രമരഹിതമായി എന്തെല്ലാം കാര്യങ്ങൾ കണ്ടെത്താനായി ; അതുപ്രകാരം കുറ്റക്കാരായ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം രീതിയിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഓപ്പറേഷനിൽ സംസ്ഥാനത്തെ പ്രധാന കോസ്റ്റൽ പോലീസ് സ്റ്റേഷനായ വിഴിഞ്ഞത്തെ ഒഴിവാക്കി എന്ന ആരോപണം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പ്രസ്തുത ആരോപണം ശരിവയ്ക്കും വിധം ഈ സ്റ്റേഷനെ അന്വേഷണ പരിധിയിൽ നിന്നൊഴിവാക്കിയിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ സംസ്ഥാന വ്യാപകമായി 54 പോലീസ് സ്റ്റേഷനുകളിൽ 22-1-2019-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. സ്റ്റേഷനുകളുടെ വിശദാംശങ്ങളും പരിശോധനയിൽ കണ്ടെത്തിയ പൊതുവായ ക്രമക്കേടുകളും അനുബന്ധമായി ചേർത്തിരിക്കുന്നു.* ഓരോ പോലീസ് സ്റ്റേഷനിലും കണ്ടെത്തിയ ക്രമക്കേടുകളും കാരണക്കാരായ ഉദ്യോഗസ്ഥരുടെ വിശദവിവരങ്ങളുമടങ്ങിയ സ്റ്റേഷൻ തിരിച്ചുള്ള റിപ്പോർട്ടുകൾ സർക്കാരിൽ ലഭിച്ചുവരുന്നതേയുള്ളൂ.

(ബി) ഇല്ല.

(സി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരളത്തിൽ ഐ.എസ്. പ്രവർത്തനങ്ങൾ

105(116) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇസ്ലാമിക തീവ്രവാദ സംഘടനയായ ഐ.എസ്.-ന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചതിന്റെ പേരിൽ അറസ്റ്റുകൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എൻ.ഐ.എ. കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഐ.എസ്. പ്രവർത്തനവുമായി ബന്ധപ്പെട്ട് എൻ.ഐ.എ, ഏഴ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ അഞ്ച് കേസ്സുകളിലായി 20 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

## പോലീസുകാരുടെ തപാൽ വോട്ടിൽ ക്രമക്കേട്

106(117) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ പോലീസുകാരുടെ തപാൽ വോട്ടിൽ ക്രമക്കേട് സ്ഥിരീകരിച്ച് സംസ്ഥാന പോലീസ് മേധാവി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) തപാൽ ബാലറ്റ് വിതരണം സംബന്ധിച്ച് ഡി.ജി.പി. നൽകിയ സർക്കുലറിലെ നിർദ്ദേശം എന്തെല്ലാമാണെന്ന് വിശദമാക്കുമോ; പ്രസ്തുത സർക്കുലർ അനുസരിച്ചാണോ ബാലറ്റ് വിതരണം നടത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ;

(സി) തപാൽ ബാലറ്റ് വിതരണത്തിൽ നടന്ന ക്രമക്കേടുകളിൽ ഉൾപ്പെട്ടവർക്കെതിരെ ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നതിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) പോസ്റ്റൽ ബാലറ്റ് സംബന്ധിച്ചുള്ള ആക്ഷേപത്തിന്മേൽ ഇന്റലിജൻസ് മേധാവി പ്രാഥമിക അന്വേഷണം നടത്തി. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് ശിപാർശ ചെയ്ത് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് ഓഫീസർക്ക് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് (No.T5/61658/2019/PHQ dated 7-5-2019)

ഇതോടൊപ്പം അനുബന്ധം എ* ആയി ഉൾക്കൊള്ളിക്കുന്നു. തുടർന്ന് ഇക്കാര്യത്തിൽ ക്രൈം നമ്പർ 355/CB/TSR/D/2019 u/s 136 (d) (f)&(g) of Representation of people Act 1951 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്.

(ബി) തപാൽ ബാലറ്റ് വിതരണം സംബന്ധിച്ച് സർക്കുലറുകളൊന്നും ഡി.ജി.പി. പുറപ്പെടുവിച്ചിട്ടില്ല. തപാൽ വോട്ടുകൾ കൈകാര്യം ചെയ്യേണ്ടതിനെ സംബന്ധിച്ച് ഇലക്ഷൻ കമ്മീഷൻ Hand Book for returning Officer Para 11.12.3(b) പ്രാകരം നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനും അവരുടെ പ്രവർത്തനത്തെ സംബന്ധിച്ചും ഉള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ നമ്പർ C2-8877/19/PHQ (A2) dated 9-04-2019 ലെ സി.ഒ.ബി. സന്ദേശ പ്രകാരം പോലീസിലെ എല്ലാ യൂണിറ്റ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പോലീസ് ഉദ്യോഗസ്ഥരുടെ പോസ്റ്റൽ ബാലറ്റ് ക്രമക്കേട് സംബന്ധിച്ചുള്ള ആരോപണങ്ങളുമായി ബന്ധപ്പെട്ട് ഐ.ആർ. ബറ്റാലിയനിലെ ഒരു കമാണ്ടോ പോലീസ് ഉദ്യോഗസ്ഥനെതിരെ ക്രൈം നമ്പർ 355/CB/TSR/D/2019 u/s 136 (d) (f)&(g) of Representation of people Act 1951 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്. ടിയാനെ സസ്പെന്റ് ചെയ്ത് വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പോലീസുകാരുടെ തപാൽ വോട്ട് ദുരുപയോഗം

107 (118) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക് സഭതെരഞ്ഞെടുപ്പിൽ പോലീസുകാരുടെ തപാൽ ബാലറ്റുകൾ കൈക്കലാക്കി പോലീസ് അസോസിയേഷൻ നേതാക്കൾ ദുരുപയോഗം ചെയ്തുവെന്ന ആക്ഷേപം വസ്തുതാപരമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസുകാരുടെ തപാൽ വോട്ട് സംബന്ധിച്ച് പോലീസ് മേധാവി എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിരുന്നോ; വിശദാംശം നൽകുമോ;

(സി) പോലീസ് മേധാവിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പോലീസ് അസോസിയേഷൻ നേതാക്കൾ ബാലറ്റുകൾ ശേഖരിച്ചതായുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഇന്റലിജൻസ് മേധാവി അന്വേഷണം നടത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇതുമായി ഉയർന്നുവന്ന ആക്ഷേപങ്ങളെല്ലാം അന്വേഷണത്തിലാണ്.

(ബി) തപാൽ വോട്ടുകൾ കൈകാര്യം ചെയ്യേണ്ടതിനെ സംബന്ധിച്ച് ഇലക്ഷൻ കമ്മീഷൻ Hand Book for returning Officer Para 11.12.3(b) പ്രാകരം നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനും അവരുടെ പ്രവർത്തനത്തെ സംബന്ധിച്ചും ഉള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ നമ്പർ C2-8877/19/PHQ (A2) dated 9-4-2019 ലെ സി.ഒ.ബി. സന്ദേശ പ്രകാരം പോലീസിലെ എല്ലാ യൂണിറ്റ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) പോസ്റ്റൽ ബാലറ്റ് ക്രമക്കേട് സംബന്ധിച്ചുള്ള പൊതുവായ ആക്ഷേപത്തെ തുടർന്ന് ഇന്റലിജൻസ് മേധാവി പ്രാഥമിക അന്വേഷണവും തുടർന്ന് ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണവും നടത്തിവരുന്നു. ഒരു പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തു.

## അന്താരാഷ്ട്ര കുറ്റവാളികളുടെ സാന്നിധ്യം

108(119) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് നിന്നും എത്ര അന്താരാഷ്ട്ര കുറ്റവാളികളെ പിടികൂടിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) തീവ്രവാദത്തിന്റെ പേരിൽ അന്താരാഷ്ട്ര കുറ്റവാളികളായി പ്രഖ്യാപിച്ച ഇവർക്ക് സംസ്ഥാനത്ത് എത്തിച്ചേരുന്നതിനും താമസിക്കുന്നതിനും സൗകര്യമൊരുക്കിയതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് നിന്നും അന്താരാഷ്ട്ര കുറ്റവാളികളെ പിടികൂടിയിട്ടില്ല.

## പോലീസുകാരുടെ തപാൽ ബാലറ്റിലെ കൃത്രിമം

109(120) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ പോലീസുകാരുടെ തപാൽ ബാലറ്റിൽ കൃത്രിമം നടത്തിയതിൽ കേരള പോലീസ് അസോസിയേഷന് പങ്കുണ്ടെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായോ;

(ബി) എങ്കിൽ ഇക്കാര്യം സ്ഥിരീകരിച്ച് സംസ്ഥാന പോലീസ് മേധാവി നൽകിയ പ്രാഥമിക റിപ്പോർട്ട് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ അംഗീകരിക്കുകയുണ്ടായോ;

(സി) പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ കൂടി ആരോപണ വിധേയമായ ഈ കേസിൽ അതിൽ അംഗമായ ഒരു ഡി.വൈ.എസ്.പിയെത്തന്നെ കേസന്വേഷണത്തിന് ചുമതലപ്പെടുത്തിയത് ന്യായീകരിക്കാവുന്നതാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) തപാൽ വോട്ടുകൾ ആവശ്യപ്പെട്ട് പോലീസുകാരൻ ശബ്ദസന്ദേശമയച്ച ശ്രീപത്മനാഭ വാട്സ്ആപ്പ് ഗ്രൂപ്പ് ഈയിടെ ഡിലീറ്റ് ചെയ്തതിൽ പോലീസ് അസോസിയേഷന്റെ പങ്ക് അന്വേഷിക്കുമോ;

(ഇ) തപാൽ വോട്ടുകൾ മുഴുവനും റദ്ദാക്കി എല്ലാ പോലീസുകാർക്കും ഫെസിലിറ്റേഷൻ സെന്റർ വഴി വോട്ട് ചെയ്യുന്നതിന് സൗകര്യമൊരുക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷനോട് ശിപാർശ ചെയ്യുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) പോലീസുകാരുടെ തപാൽ ബാലറ്റിനെ സംബന്ധിച്ചുണ്ടായ ആരോപണങ്ങളെ സംബന്ധിച്ച് ഇന്റലിജൻസ് മേധവി പ്രാഥമിക അന്വേഷണം നടത്തി. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് ശിപാർശ ചെയ്ത് റിപ്പോർട്ട് നൽകുകയുണ്ടായി. ആയതിന്മേൽ തുടർനടപടികൾ ആവശ്യപ്പെട്ടുകൊണ്ട് സി.ഇ.ഒ.-ക്ക് കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ചിന് കേസന്വേഷണ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഐ.ജി.പി. ക്രൈം ബ്രാഞ്ചിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഉള്ള ഒരു പ്രത്യേക ടീമാണ് ടി കേസ് അന്വേഷിക്കുന്നത്.

(ഡി) പോസ്റ്റൽ ബാലറ്റുമായി ബന്ധപ്പെട്ട എല്ലാ പരാതികളും ക്രൈം ബ്രാഞ്ച് അന്വേഷിച്ചുവരികയാണ്.

(ഇ) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

## തപാൽവോട്ട് ക്രമക്കേട്

110 (121) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് അസോസിയേഷന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടന്നുവെന്ന് പറയപ്പെടുന്ന തപാൽവോട്ട് ക്രമക്കേട് സ്ഥിരീകരിച്ചുള്ള ഇന്റലിജൻസ് മേധാവിയുടെ അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ട് ഡിജിപി-ക്ക് ലഭിച്ചത് എന്നാണെന്നും എത്രദിവസം കൈവശം വച്ചതിനു ശേഷമാണ് ചീഫ് ഇലക്ടറൽ ഓഫീസർക്ക് കൈമാറിയതെന്നും അറിയിക്കാമോ;

(സി) അന്വേഷണ റിപ്പോർട്ട് ചീഫ് ഇലക്ടറൽ ഓഫീസർക്ക് കൈമാറുന്നതിൽ കാലവിളംബം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; ഡി. ജി. പി. ചീഫ് ഇലക്ടറൽ ഓഫീസർക്ക് കൈമാറിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പോലീസുകാരുടെ തപാൽവോട്ട് ശേഖരിക്കുന്നതിലും സമർപ്പിക്കുന്നതിലും ചട്ടലംഘനം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനു പിന്നിൽ പ്രവർത്തിച്ചവർ ആരാണെന്ന് വ്യക്തമാക്കാമോ;

(ഇ) തപാൽ ബാലറ്റുകൾ എത്തിക്കണമെന്നാവശ്യപ്പെട്ട് പോലീസുകാരുടെ വാട്സാപ് ഗ്രൂപ്പിൽ ആരെങ്കിലും ശബ്ദസന്ദേശം അയച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ആരാണ് ശബ്ദസന്ദേശം അയച്ചതെന്നും ഇവരുടെ വിലാസത്തിലേക്ക് എത്ര തപാൽ ബാലറ്റുകൾ വരുത്തിച്ചിട്ടുണ്ടെന്നും ഇവർക്കെതിരെ എന്ത് ശിക്ഷാനടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) പോലീസിലെ തപാൽ വോട്ടുകളിൽ ക്രമക്കേട് നടന്നത് സംബന്ധിച്ച് ഇന്റലിജൻസ് മേധാവി പ്രാഥമിക അന്വേഷണം നടത്തി. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന ശിപാർശയാണ് നൽകിയിട്ടുള്ളത്.

(ബി & സി) ഇന്റലിജൻസ് മേധാവിയുടെ 4-5-2019-ലെ പ്രസ്തുത ശിപാർശ 5-5-2019-ൽ സംസ്ഥാന പോലീസ് മേധാവിക്ക് ലഭിക്കുകയും ആയതിന്മേൽ തുടർനടപടികൾ ആവശ്യപ്പെട്ടുകൊണ്ട് 7-5-2019-ൽ ചീഫ് ഇലക്ടറൽ ഓഫീസർക്ക് കത്ത് നൽകുകയുണ്ടായി.

(ഡി) ഇതുസംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു.

(ഇ & എഫ്) ദൃശ്യമാധ്യമങ്ങളിൽ അത്തരത്തിൽ ശബ്ദസന്ദേശം അയച്ച കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം ക്രൈം ബ്രാഞ്ച് നടത്തിവരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭ്യമായ ശേഷം ഇക്കാര്യത്തിൽ ഉചിതമായ നടപടിക്രമങ്ങൾ അനുവർത്തിക്കുന്നതാണ്.

## പോലീസുകാരുടെ പോസ്റ്റൽ ബാലറ്റ്

111 (122) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഏപ്രിൽ മാസത്തിൽ നടന്ന ലോക് സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സംസ്ഥാനത്തെ ഓരോ പോലീസ് ഉദ്യോഗസ്ഥനും ഹോം ഗാർഡും ഏത് മണ്ഡലത്തിലാണ് വോട്ട് ചെയ്യുന്നതെന്ന് അറിയിക്കണമെന്ന് ജില്ലാ പോലീസ് മേധാവികൾ ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം അറിയിപ്പ് നൽകിയതിന്റെ സാഹചര്യവും ആവശ്യവും എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പോലീസുകാരുടെ പോസ്റ്റൽ ബാലറ്റ് പോലീസ് സേനയിലെ ചിലർ ഭീഷണിപ്പെടുത്തി കൈവശപ്പെടുത്തിയതായി സർക്കാരിനോ സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർക്കോ പരാതി ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ & ബി) ഇലക്ഷൻ കമ്മീഷന്റെ റിട്ടേണിംഗ് ഓഫീസർമാർക്കുള്ള Hand Book-ൽ ഖണ്ഡിക 11.12.3(b) പ്രകാരം തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാരുടെയും ഹോം ഗാർഡുമാരുടെയും ഡാറ്റാ ബേസ് തയ്യാറാക്കേണ്ടതായുണ്ട്. ആയത് പ്രകാരം ഡാറ്റാ ബേസിൽ മേൽപ്പറയുന്ന ഉദ്യോഗസ്ഥരുടെ പേര്, ജനറൽ നമ്പർ, അസംബ്ലി മണ്ഡലത്തിന്റെ വിവരങ്ങൾ, വോട്ടർ പട്ടികയിലെ സീരിയൽ നമ്പർ, പാർട്ട് നമ്പർ എന്നിവ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിനായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കുന്ന പോലീസ് ഉദ്യോഗസ്ഥരോട് വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു.

(സി) പോലീസുദ്യോഗസ്ഥരുടെ പോസ്റ്റൽ ബാലറ്റ് ക്രമക്കേട് സംബന്ധിച്ചുള്ള ആരോപണങ്ങളുമായി ബന്ധപ്പെട്ട് ഐ.ആർ. ബറ്റാലിയനിലെ കമാണ്ടോ പോലീസ് ഉദ്യോഗസ്ഥനെതിരെ ക്രൈം നമ്പർ 355/CB/TSR/D/2019 u/s 136 (d) (f)&(g) of Representation of people Act 1951 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്.

(ഡി) ഇതുസംബന്ധിച്ച് ലഭിച്ച എല്ലാ പരാതികളും അന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.

## ആഭിചാരക്രിയകൾ നിരോധിക്കാൻ നിയമനിർമ്മാണം

112(123) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർമന്ത്രവാദവും ആഭിചാരക്രിയകളും വർദ്ധിച്ചുവരികയും അതിന്റെ ഫലമായി കൊലപാതകങ്ങളും ആത്മഹത്യയും പെരുകുകയും ചെയ്യുന്ന സാഹചര്യത്തിൽ ദുർമന്ത്രവാദവും ആഭിചാരക്രിയകളും നിയമംമൂലം നിരോധിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) ഇത്തരത്തിലുള്ള അന്ധവിശ്വാസങ്ങൾക്കെതിരെ നവോത്ഥാനമൂല്യങ്ങൾ ശക്തിപ്പെടേണ്ട സാഹചര്യം കണക്കിലെടുത്ത് ഇതിനെതിരെ ബോധവൽക്കരണവും കൂട്ടായ്മയും സംഘടിപ്പിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മുഖാന്തിരം ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം ഇപ്പോൾ നിയമപരിഷ്കരണ കമ്മീഷന്റെ പരിഗണനയിലാണ്.

## മതതീവ്രവാദ സംഘടനകളുടെ സാന്നിധ്യം

113(124) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതതീവ്രവാദസംഘടനകൾ സംസ്ഥാനത്ത് ഒളിത്താവളങ്ങൾ ഉണ്ടാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) മാവോയിസ്റ്റുകളും കേരളത്തെ ഒളിത്താവളമാക്കാൻ ശ്രമിക്കുന്നതായി എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഇവർക്ക് ഏതെങ്കിലും മതതീവ്രവാദസംഘടനകൾ സഹായം നൽകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇതേക്കുറിച്ച് വിശദമായി അന്വേഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മതതീവ്രവാദ സംഘടനകൾ സംസ്ഥാനത്ത് ഒളിത്താവളങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരത്തിലുള്ള സംഘടനകൾ സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും ജനങ്ങളെ തങ്ങളുടെ ആശയങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് രഹസ്യ സന്ദേശങ്ങളും മറ്റും കൈമാറുന്നുണ്ടോ എന്ന് സാമൂഹ്യ മാധ്യമ നിരീക്ഷണങ്ങളിലൂടെയും രഹസ്യാന്വേഷണ നിരീക്ഷണങ്ങളിലൂടെയും അന്വേഷണങ്ങൾ നടത്തിവരുന്നു.

(ബി) കേരളത്തിലെ വടക്കൻ ജില്ലകളായ വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ മാവോയിസ്റ്റ് സാന്നിധ്യം സ്ഥിരീകരിച്ചിട്ടുണ്ട്.

(സി&ഡി) മാവോയിസ്റ്റുകളോട് ആഭിമുഖ്യമുള്ള ചില മുൻനിര സംഘടനകൾ മതതീവ്രവാദ സംഘടനകളുമായി ആഭിമുഖ്യമുള്ള ചില സംഘടനകളുമായി വേദി പങ്കിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടി സംഘടനകൾ മാവേയിസ്റ്റുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ധനസഹായം നൽകുന്നതായി അറിവായിട്ടില്ല.

## മതസൗഹാർദ്ദം സംരക്ഷിക്കുന്നതിന് നടപടി

114(125) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതസ്പർദ്ധ ഇളക്കിവിടുന്നവർക്കും അത്തരം പ്രവണതകൾക്കുമെതിരെ സംസ്ഥാന പോലീസിന്റെ ജനമൈത്രി, സ്റ്റുഡന്റ്സ് കേഡറ്റ് വിഭാഗങ്ങളുടെയും, സമൂഹമാധ്യമ വിഭാഗങ്ങളുടെയും സഹകരണം ഉറപ്പാക്കി ഗവൺമെന്റ് ഉദ്ബോധനം നടത്താൻ മുൻകയ്യെടുക്കുമോ;

(ബി) ഇത്തരം കൂട്ടായ്മ സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടത്തുന്നത് രാജ്യത്ത് നിലനിന്നിരുന്ന വൈവിധ്യ മതമൂല്യങ്ങൾ സംരക്ഷിക്കുന്നതിന് ഉതകുമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ കേന്ദ്രാധികാരത്തിന്റെ മറവിൽ സംസ്ഥാനത്തെ മതസാഹോദര്യം തകർക്കാൻ ശ്രമിക്കുന്ന വിഭാഗങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടിക്ക് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജനങ്ങൾക്കിടയിൽ മതസ്പർദ്ധ ഇളക്കിവിടുന്ന പ്രവർത്തനങ്ങൾ, ജനമൈത്രീ പോലീസിന്റെ സഹായത്തോടുകൂടി നിരീക്ഷിക്കുകയും ഇത്തരം പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ച് കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ജനമൈത്രീ സുരക്ഷാ പദ്ധതിയിലൂടെ ജനങ്ങൾ തമ്മിലുള്ള പരസ്പര വിശ്വാസവും സഹകരണവും വർദ്ധിപ്പിക്കുന്നതിനും ജാതിമത ചിന്തകൾക്ക് അതീതമായി ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കിടയിൽ നടത്തിവരുന്ന പ്രവർത്തനങ്ങളിലൂടെ അവരിൽ ജാതിമത ചിന്തകൾക്ക് അതീതമായി പരസ്പര വിശ്വാസവും സ്നേഹവും സഹകരണവും വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ വഴി എല്ലാത്തരം കുറ്റകൃത്യങ്ങളെയും സഹാചര്യങ്ങളെയും സാദ്ധ്യതകളെയും അവ തടയുന്നതിനാവശ്യമായ മാർഗ്ഗങ്ങളെക്കുറിച്ചും ബോധവത്കരണം നടത്തിവരുന്നു. കൂടതെ കേരള പോലീസിന്റെ ഫേസ്ബുക്ക് പേജിലൂടെയും മതസ്പർദ്ധ ഇളക്കി വിടുന്ന പ്രവണതകൾക്കെതിരെ ബോധവത്കരണം നടത്തിവരുന്നു.

(ബി) ഉണ്ട്.

(സി) മതസൗഹാർദ്ദം തകർക്കാൻ ശ്രമിക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## പോലീസ് സബ്ഡിവിഷൻ ഓഫീസുകളുടെ പ്രവർത്തനം

115(126) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നിലധികം പോലീസ് സ്റ്റേഷനുകളുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന ഇൻസ്പെക്ടർമാരെ പോലീസ് സ്റ്റേഷൻ എസ്. എച്ച്. ഒ. മാരായി നിയമിച്ച സാഹചര്യത്തിൽ പോലീസ് സബ് ഡിവിഷൻ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) നിലവിൽ സബ് ഡിവിഷൻ ഓഫീസുകളുടെ പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളുടെ എണ്ണം കുറച്ച്, പുതിയ സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഒന്നിലധികം പോലീസ് സ്റ്റേഷനുകളുടെ ചുമതലയുണ്ടായിരുന്ന ഇൻസ്പെകർമാരെ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.മാരായി നിയമിച്ച സാഹചര്യത്തിൽ സബ് ഡിവിഷൻ ഓഫീസുകളുടെ ഭാരിച്ച ഉത്തരവാദിത്വം സമർപ്പിതമായിട്ടുണ്ട്. ആയതിന് പരിഹാരാർത്ഥം സംസ്ഥാനത്ത് സബ് ഡിവിഷനുകളുടെ എണ്ണം കൂട്ടുന്നതടക്കമുള്ള നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

**പോലീസ് സേനയുടെ നവീകരണം**

116(127) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ നവീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പോലീസ് സേനയുടെ ആധുനികവത്കരണം**

117(128) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് സേനയുടെ ആധുനികവത്കരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച എന്ന് വ്യക്തമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസ് സേനയുടെ ആധുനികവൽക്കരണവും നവീകരണവും തദ്വാര ശാക്തീകരണവും ഈ സർക്കാരിന്റെ നയം ആണ്. അതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന്റേയും നിയന്ത്രിക്കുന്നതിന്റെയും ഭാഗമായി ജില്ലകൾതോറും സൈബർ സെൽ രൂപീകരിച്ച് ശക്തമായ ഇന്റർനെറ്റ് പട്രോളിംഗ് നടത്തിവരുന്നു. സംസ്ഥാനത്ത് നിലവിൽ 3 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ച സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. കൂടാതെ ഗുരുതര സ്വഭാവമുള്ള സൈബർ കുറ്റകൃത്യങ്ങൾ, രാജ്യാന്തര സ്വഭാവമുള്ള സൈബർ കുറ്റകൃത്യങ്ങൾ, കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ, ഇന്റർനെറ്റ് സംവിധാനമുപയോഗിച്ചുള്ള ഭീകര പ്രവർത്തനങ്ങൾ, മത തീവ്രവാദ പ്രവർത്തനങ്ങൾ എന്നിവ തടയുന്നതിനും നിരീക്ഷിക്കുന്നതിനുമായി തിരുവനന്തപുരത്ത് ടെക്നോപാർക്ക് കേന്ദ്രീകരിച്ച് സൈബർ ഡോമും പ്രവർത്തിക്കുന്നുണ്ട്.

## ബീക്കൺ ലൈറ്റ് നിയന്ത്രണം

118(129) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിങ്ക് പോലീസ് ഉൾപ്പെടെയുള്ള എൻഫോഴ്സ്മെന്റ് വാഹനങ്ങൾക്ക് ബീക്കൺ ഉൾപ്പെടെയുള്ള വിവിധതരം ലൈറ്റുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള 1-5-2017-ലെ എസ്. ഒ. 1374 (ബി) നമ്പർ വിജ്ഞാപനം സംബന്ധിച്ച വിശദവിവരം നൽകുമോ; പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വർണാഭമായ ഇത്തരം ലൈറ്റുകൾ പ്രകാശിപ്പിക്കുന്നതിനുള്ള അടിയന്തര സാഹചര്യങ്ങൾ നിഷ്കർഷിച്ചുകൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വൈകുന്നേരമായിക്കഴിഞ്ഞാൽ അടിയന്തര സാഹചര്യങ്ങൾ ഇല്ലാതെ പിങ്ക്പോലീസ് വാഹനങ്ങൾ നഗരപ്രദേശത്ത് ഇത്തരത്തിലുള്ള വിവിധ വർണ്ണത്തിലുള്ള ലൈറ്റ് പ്രകാശിപ്പിച്ച് ആധികാരിത നിലനിർത്തുന്നത് വൃദ്ധരും സാധാരണക്കാരുമായ കാൽനടയാത്രക്കാർക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ) ബീക്കൺ ലൈറ്റുകളുടെ ഉപയോഗം ആംബുലൻസ്, പോലീസ്, ഫയർഫോഴ്സ്, ആർമി മുതലായ അവശ്യ സർവ്വീസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തി 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 108 ഭേദഗതി ചെയ്തുകൊണ്ടുള്ള 1-5-2017- ലെ എസ്.ഒ. 1374 (ഇ) നമ്പർ കേന്ദ്ര സർക്കാർ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബീക്കൺ ലൈറ്റുകളുടെ ഉപയോഗം സംബന്ധിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 29-4-2017-ലെ സ.ഉ. (എം.എസ്.) 46/17/ഗതാ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം (II)ആയി ചേർക്കുന്നു.*

(സി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സേനാവിഭാഗത്തിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് ജോലി**

119 (130) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്രപേർക്കാണ് ഈ സർക്കാർ പോലീസ് സേനയിൽ ജോലി നൽകിയത് എന്ന് വെളിപ്പെടുത്താമോ;

(ബി) മറ്റ് സേനാവിഭാഗങ്ങളിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് ഈ സർക്കാർ ജോലി നൽകിയിട്ടുണ്ടെന്നറിയിക്കുമോ?

ഉത്തരം

(എ&ബി) 52 പേർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നൽകിയതുൾപ്പെടെ ആകെ 60 പേർക്ക് പോലീസ് സേനയിലേയ്ക്കും 17 പേർക്ക് എക്സൈസ് വകുപ്പിലേയ്ക്കും നിയമനം നൽകിയിട്ടുണ്ട്.

**എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ച സ്കൂളുകൾ**

120 (131) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ഏതെല്ലാം സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 145 സർക്കാർ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചു. ഇതിൽ 120 സ്കൂളുകളിൽ പദ്ധതികൾ നടപ്പിലാക്കുകയും 25 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് യഥാക്രമം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

121 (132) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് അവർ കേഡറ്റുകളായി പ്രവർത്തിക്കുന്ന കാലഘട്ടത്തിൽ പോലീസ് ക്യാന്റീനുകളുടെ സേവനം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഏറ്റവും നല്ല എസ്.പി.സി. യൂണിറ്റുകളുടെ പ്രവർത്തനമികവിന് പ്രോത്സാഹനമായി ഏറ്റവും നല്ല യൂണിറ്റിനെ കണ്ടെത്തി എല്ലാ വർഷവും സംസ്ഥാന സർക്കാരിന്റെ വക പുരസ്കാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് എസ്.പി.സി. പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പോലീസ് ക്യാന്റീനുകളുടെ അംഗത്വം താൽക്കാലികമായി നൽകുന്നതിനുള്ള സംവിധാനം നിലവിലില്ലാത്തതാണ്. എസ്.പി.സി. കേഡറ്റുകൾ ഒന്നോ രണ്ടോ വർഷം മാത്രമാണ് കേഡറ്റുകളായി പ്രവർത്തിക്കുന്നത്. മാത്രമല്ല അവർ സേനംഗങ്ങളോ, ഭരണ നിർവ്വഹണ വിഭാഗത്തിൽ ഉൾപ്പെടുന്നവരോ അല്ല. ആയതിനാൽ നിലവിൽ എസ്.പി.സി. കേഡറ്റുകൾക്ക് പോലീസ് ക്യാന്റീനുകളുടെ സേവനം നൽകാൻ കഴിയില്ല.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ആലപ്പുഴ ജില്ലയിൽ 53 സ്കൂളുകളിൽ എസ്.പി.സി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ്

122 (133) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുന്ന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പുതിയ അപേക്ഷകളിൻമേൽ യൂണിറ്റ് അനുവദിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിലവിലുണ്ട്. 29-10-2010-ലെ സ.ഉ. (പി) 121/2010/ആഭ്യന്തരം പ്രകാരവും 23-5-2013-ലെ സംസ്ഥാനതല ഉപദേശക സമിതി തീരുമാന പ്രകാരവുമാണ് സ്കൂളുകളിൽ എസ്.പി.സി. പദ്ധതി അനുവദിക്കുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.*

(ബി) ഉണ്ട്. പുതിയതായി എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

**സിവിൽ പോലീസ് ഓഫീസർ ഒഴിവുകൾ നികത്താൻ നടപടി**

123 (134) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ പോലീസ് സ്റ്റേഷനിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ പോലീസ് സ്റ്റേഷനിൽ സീനിയർ സിവിൽ പോലീസ് ഓഫീസറുടെ രണ്ടും, സിവിൽ പോലീസ് ഓഫീസറുടെ രണ്ടും ഒഴിവുകളുണ്ട്.

(സി) പൊതു തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിന് കഴിയും.

**യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥി രാഷ്ട്രീയം**

124 (136) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടക്കുന്ന പീഡനങ്ങളും ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും എസ്.എഫ്.ഐ. സംഘടന നിർബന്ധിത പിരിവ് നടത്തുന്നുവെന്നത് വസ്തുതയാണോ;

(സി) തലസ്ഥാനത്ത് രാഷ്ട്രീയ പാർട്ടികളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രകടനങ്ങളിൽ വിദ്യാർത്ഥികളെ നിർബന്ധപൂർവ്വം പങ്കെടുപ്പിക്കുന്നുവെന്ന ആക്ഷേപത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തിയ വസ്തുതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) കോളേജിലെ എസ്.എഫ്.ഐ. നേതാക്കളുടെ മാനസിക പീഢനത്തെ തുടർന്ന് ഒരു വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവത്തിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കോളേജിൽ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പേരിൽ നടക്കുന്ന ഗുണ്ടായിസത്തിന് അറുതിവരുത്തുന്നതിനും വിദ്യാർത്ഥികൾക്ക് നിർഭയമായി കലാലയത്തിൽ പഠിക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) അന്വേഷണം നടന്നുവരുന്നു.

(ഡി) വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത സംഭവത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 879/2019 U/s 309 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണത്തിൽ പെൺകുട്ടി പോലീസിന് നൽകിയ മൊഴിയിലും ബഹുമാനപ്പെട്ട കോടതി മുമ്പാകെ നൽകിയ 164 CrPc പ്രകാരമുള്ള മൊഴിയിലും ടിയാൾക്ക് ആരുടെ പേരിലും പരാതിയില്ലായെന്ന് പറഞ്ഞിട്ടുള്ളതുമാണ്. ആത്മഹത്യാ കുറിപ്പിൽ സൂചിപ്പിച്ചിരുന്നവരെ വിശദമായി ചോദ്യം ചെയ്ത് അന്വേഷണം നടന്നുവരികയുമാണ്.

(ഇ) കോളേജിൽ വിദ്യാർത്ഥികൾക്ക് നിർഭയമായി പഠിക്കാനുള്ള സാഹചര്യമാണ് നിലവിലുള്ളത്.

## കെ.എസ്.ആർ.ടി.സി.-ക്ക് അക്രമികളിൽനിന്ന് നഷ്ടപരിഹാരം

125 (137) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2019 ജനുവരിയിൽ സംസ്ഥാനത്ത് ഉണ്ടായ ഹർത്താലിൽ കെ. എസ്. ആർ. ടി. സി.-ക്ക് ഉണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം അക്രമം നടത്തിയവരിൽ നിന്ന് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് മേധാവിക്ക് കെ.എസ്.ആർ.ടി.സി. നൽകിയ 10/1/19 ലെ LAI/34544/18wp(c) എന്ന നമ്പർ കത്തിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു; തീയതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

പ്രസ്തുത കത്തിന്മേൽ 14-3-2019-ന് സർക്കാർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 26-3-2019-ലെ പോലീസ് ആസ്ഥാനത്തെ U4/3020/2019 നമ്പർ സന്ദേശ പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## പെരിയ ഇരട്ടക്കൊലപാതക കേസ്

126 (138) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ടക്കൊലപാതക കേസിൽ ശരത് ലാലിനെയും കൃപേഷിനെയും ഇടിച്ചിട്ട വാഹനം ഓടിച്ചിരുന്നത് ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തി സി.പി.എം. എച്ചിലടുക്കം ബ്രാഞ്ച് കമ്മിറ്റി അംഗമായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(സി) 20-2-2019-ന് പ്രസ്തുത പ്രതിയെ കസ്റ്റഡിയിലെടുക്കുന്നതിന് പോലീസ് ശ്രമിച്ചപ്പോൾ സി.പി.എം. നേതാക്കൾ തടയുകയും പ്രതിയെ കടത്തിക്കൊണ്ടു പോകുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരം ചെയ്ത സി.പി.എം. നേതാക്കൾക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പെരിയ ഇരട്ടക്കൊലപാതക കേസിൽ ശരത് ലാലിനെയും കൃപേഷിനെയും ഏതെങ്കിലും വാഹനം ഇടിച്ചിട്ടതായി നാളിതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(ബി - ഡി) ബാധകമല്ല.

**പെരിയ ഇരട്ടക്കൊലപാതകം**

127 (139) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ടക്കൊലപാതകം കണ്ണൂരിൽ പരിശീലനം നേടിയ പ്രൊഫഷണൽ കൊലയാളികളാണ് നടത്തിയത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി.പി.ചന്ദ്രശേഖരൻ വധം നടപ്പാക്കിയ മാതൃകയിൽ ബൈക്കിൽ വാഹനം ഇടിച്ച് വീഴ്ത്തി മാരകായുധം ഉപയോഗിച്ച് വെട്ടി ക്രൂരമായി കൊല്ലുന്ന രീതിയാണ് പെരിയ ഇരട്ടക്കൊലപാതകത്തിൽ കൊലയാളി സംഘം നടത്തിയത് എന്ന വസ്തുത അന്വേഷണസംഘം പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(സി) കൊലപാതകത്തിന് തൊട്ടുമുമ്പ് കൃപേഷും ശരത്‌ലാലും പെരുങ്കളിയാട്ടം സംഘാടകസമിതി യോഗത്തിൽ പങ്കെടുക്കുമ്പോൾ സമീപത്ത് കണ്ണൂർ രജിസ്ട്രേഷൻ വാഹനത്തിന്റെ സംശയകരമായ സാന്നിധ്യം ഉണ്ടായത് സംബന്ധിച്ച് പോലീസ് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ വസ്തുത എന്താണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോപണത്തിൽ വസ്തുതയില്ലായെന്നാണ് കണ്ടെത്തിയത്.

(ബി) വാഹനം ഇടിച്ച് വീഴ്ത്തിയല്ല കൊലപാതകം നടത്തിയത് എന്നാണ് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളത്.

(സി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നു. എന്നാൽ ഇതിൽ വസ്തുതയില്ലായെന്നാണ് കണ്ടെത്തിയത്.

**പെരിയ ഇരട്ടക്കൊലപാതകം സംബന്ധിച്ച അന്വേഷണം**

128 (140) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ കല്ല്യാട്ടെ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരായ ശരത്‌ലാലിന്റെയും കൃപേഷിന്റെയും ക്രൂരമായ കൊലപാതകം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) സി.പി.എം. നേതൃത്വത്തിന്റെ ഒത്താശയോടുകൂടിയുള്ള കൊലപാതകമാണ് ഇതെന്ന കൊല്ലപ്പെട്ട യുവാക്കളുടെ മാതാപിതാക്കളുടെ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്താണ് എന്നറിയിക്കാമോ;

(സി) കേസ്അന്വേഷണം സി.ബി.ഐ.-ക്ക് വിടണമെന്ന് ആവശ്യപ്പെട്ട് ശരത്‌ലാലിന്റെയും കൃപേഷിന്റെയും മാതാപിതാക്കൾ ഹൈക്കോടതിയിൽ നൽകിയ ഹർജിയിൽ സർക്കാർ സ്വീകരിച്ച നിലപാടെന്താണ്;

(ഡി) ഈ കൊലപാതകത്തിലെ ഉന്നതതലത്തിലുള്ള ഗൂഢാലോചന പുറത്തുകൊണ്ടുവരുവാൻ കേസ് സി.ബി.ഐ.-ക്ക് വിടുന്നതിന് തീരുമാനം കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്വേഷണം പൂർത്തിയാക്കി 20-5-2019-ൽ ബഹുമാനപ്പെട്ട ഹോസ്ദുർഗ് JFCM-II കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്. സി.പി.എം. നേതൃത്വത്തിന്റെ ഒത്താശയോടുകൂടിയുളള കൊലപാതകമാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(സി & ഡി) സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ശരത് ലാലിന്റെയും കൃപേഷിന്റെയും മാതാപിതാക്കൾ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ നൽകിയ ഹർജി WP(C)10265/19 നമ്പരായി ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്.

**പോളിംഗ് സ്റ്റേഷനിൽനടന്ന അക്രമ സംഭവം**

129 (141) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദുമ

നിയോജകമണ്ഡലത്തിലെ 27-ാം നമ്പർ ബൂത്തിൽ കള്ളവോട്ട് ചെയ്യാനുള്ള ലീഗ് പ്രവർത്തകന്റെ ശ്രമത്തിനിടെ ഉണ്ടായ അക്രമ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പോളിംഗ് സ്റ്റേഷനിൽ നടന്ന അക്രമ സംഭവത്തിൽ പ്രിസൈഡിംഗ് ഓഫീസറുടേയും പോളിംഗ് ഉദ്യോഗസ്ഥരുടേയും വിശദമായ മൊഴി പോലീസ് എടുത്തിട്ടുണ്ടോ;

(സി) ഈ മൊഴികളിൽ പരാമർശിച്ചിട്ടുള്ള എല്ലാവരുടേയും പേരിൽ പോലീസ് കേസ് എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) മൊഴി പ്രകാരമുള്ള ലിസ്റ്റിൽനിന്ന് കേസ്സിൽ ഉൾപ്പെടുത്താതെ ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ആരെയൊക്കെയാണ് ഒഴിവാക്കിയിട്ടുള്ളതെന്നും അങ്ങനെ ഒഴിവാക്കാനുണ്ടായ കാരണം എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രിസൈഡിംഗ് ഓഫീസറുടെയും മറ്റ് പോളിംഗ് ഉദ്യോഗസ്ഥരുടെയും മൊഴി എടുത്തിട്ടുണ്ട്.

(സി-ഇ) മൊഴികളിൽ ആരുടെയും പേരുകൾ പരാമർശിച്ചിട്ടില്ല. ആയതിനാൽ സംഭവത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് സംശയിക്കുന്നവരെ നോട്ടീസ് നൽകി വിളിച്ചുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കല്ല്യാട്ട് ഇരട്ട കൊലപാതകം

130 (142) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കല്ല്യാട്ട് ഇരട്ടകൊലപാതകത്തിന്റെ മറവിൽ സി.പി.ഐ.(എം.) ഓഫീസുകളും, സി.പി.ഐ.(എം.) അനുഭാവികളുടെ വീടുകളും കൃഷി സ്ഥലങ്ങളും വാഹനങ്ങളും വ്യാപകമായി നശിപ്പിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കേസ്സിലെ പ്രതികളെ എല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) അക്രമസംഭവങ്ങളിൽ എത്ര ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് 21 കേസ്സുകൾ ബേക്കൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) കേസിലെ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടില്ല. 188 പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകൾ ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. വിശദവിവരം അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) അക്രമസംഭവങ്ങളിൽ 14,85,843 രൂപയുടെ നഷ്ടം ഇതുവരെ കണക്കാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും മറ്റുമായി ഇനിയും നഷ്ടം കണക്കാക്കി റിപ്പോർട്ടുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്.

**രാഷ്ട്രീയ കൊലപാതകങ്ങൾ**

131 (143) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്രമണങ്ങൾക്ക് പകരം നടത്തുന്ന പ്രത്യാക്രമണങ്ങൾക്ക് പാർട്ടി പിൻതുണയില്ലെന്ന രീതിയിൽ സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി പ്രസ്താവന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘർഷമോ അക്രമമോ നടത്തരുതെന്നും അത്തരം അക്രമങ്ങൾ വഴി ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരം അക്രമം നടത്തുന്നവർ തന്നെ കണ്ടെത്തണമെന്നുമുള്ള അദ്ദേഹത്തിന്റെ പ്രസ്താവന സംസ്ഥാനത്തെ ക്രമസമാധാന തകർച്ച പരിഹരിക്കുന്നതിന് സഹായകമായിട്ടുണ്ടോ;

(സി) മുമ്പ് നടന്ന കൊലപാതകങ്ങളിൽ പ്രതികളായവർക്ക് പാർട്ടി തലത്തിൽ നൽകിയെന്ന് പറയപ്പെടുന്ന പിന്തുണ ഇത്തരം കൊലപാതകങ്ങൾ നടത്തുന്നവർക്ക് പ്രോത്സാഹനമായതായി കണ്ടെത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) എങ്കിൽ രാഷ്ട്രീയ കൊലപാതക കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്ന പ്രതികൾക്ക് പ്രത്യേക പരിഗണന നൽകി പരോൾ അനുവദിക്കുന്നതായി പറയപ്പെടുന്ന നടപടിയിൽനിന്നും പിൻതിരിയുന്നതിനും മറ്റ് തടവുകാർക്ക് ലഭിക്കുന്ന പരിഗണന മാത്രമേ രാഷ്ട്രീയ കൊലപാതക കേസിലെ പ്രതികൾക്കും ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) അക്രമങ്ങൾക്കെതിരെ രാഷ്ട്രീയ പാർട്ടികൾ എടുക്കുന്ന നിലപാട് സ്വാഗതാർഹമാണ്. ഇതിന് സഹായമാകുന്ന എല്ലാ നിലപാടുകളും സംസ്ഥാനത്തെ സമാധാനപരമായ ജനജീവിതത്തെ കൂടുതൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകമാണ്.

(ഡി) രാഷ്ട്രീയ തടവുകാരായി ജയിലിൽ കഴിയുന്നവർക്ക് നിയമം അനുശാസിക്കുന്ന വിധത്തിൽ മറ്റ് തടവുകാർക്ക് ലഭിക്കുന്ന ആനുകൂല്യം അല്ലാതെ മറ്റ് യാതൊരുവിധ പരിഗണനയും സർക്കാർ നൽകുന്നില്ല.

**രാഷ്ട്രീയ സംഘട്ടനങ്ങൾ**

132 (144) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2019 ഏപ്രിൽ 30 വരെ സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ സംഭവങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടു; എത്രപേർക്ക് പരിക്കേറ്റുവെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സംഭവങ്ങളിലും എത്ര പേർക്കെതിരെ കേസ്സെടുത്തു; ജില്ല തിരിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3189 രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 21 പേർ കൊല്ലപ്പെടുകയും 3093 പേർക്ക് പരിക്കേൽക്കുകയുമുണ്ടായി.

(സി) ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കല്യോട്ട് ഇരട്ടക്കൊലപാതകവുമായി ബന്ധപ്പെട്ട അക്രമങ്ങൾ

133 (145) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കല്യോട്ട് ഇരട്ടക്കൊലപാതകവുമായി ബന്ധപ്പെട്ട് കോൺഗ്രസ്സുകാരുടെ അക്രമണത്തിനിരയായി എത്ര പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്ക് പറ്റിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രതികളെ എല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് വിശദാംശം വ്യക്തമാക്കാമോ;

(ഡി) ആക്രമണവുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പിന് എന്തെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) മൂന്ന് പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

1. CPO 1994 പ്രദീപൻ, ബേക്കൽ പോലീസ് സ്റ്റേഷൻ
2. CPO 2013 സുരേശൻ, ചന്തേര പോലീസ് സ്റ്റേഷൻ
3. CPO 2446 ശരത് കുമാർ, രാജപുരം പോലീസ് സ്റ്റേഷൻ.

(ബി) ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 215/19 u/s 143, 147, 148, 448, 323, 324, 353, 332, 308, 427 r/w 149 IPC &Sec 4 of KPDPP and PCO 2019 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 8 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ തിരിച്ചറിഞ്ഞ 2 പ്രതികളെ അറസ്റ്റ് ചെയ്യാനും 2 പ്രതികളെ തിരിച്ചറിയാനും ബാക്കിയുണ്ട്.

(ഡി) പോലീസ് വകുപ്പിന് നഷ്ടം സംഭവിച്ചിട്ടില്ല.

## ആലപ്പുഴയിലെ കൃഷ്ണപിള്ള സ്മാരകം തീയിട്ട സംഭവം

134 (146) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കൃഷ്ണപിള്ള സ്മാരകം തീയിട്ട സംഭവത്തിൽ നടത്തിയ പോലീസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ;

(ബി) ഈ കേസിലെ പ്രതികൾ ആരെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രതികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) ഈ സ്മാരകം തീയിടാനുണ്ടായ കാരണം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട കേസിന്റെ നമ്പറും വിശദാംശവും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ക്രൈംബ്രാഞ്ചിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 28-4-2016-ന് ബഹുമാനപ്പെട്ട ആലപ്പുഴ JFMC-1 കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും നിലവിൽ SC-693/2016 പ്രകാരം ബഹുമാനപ്പെട്ട ആലപ്പുഴ സെഷൻസ് കോടതിയിൽ വിചാരണയിലുള്ളതുമാണ്.

(ബി) കേസിൽ ഉൾപ്പെട്ട പ്രതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ലതീഷ് ബി. ചന്ദ്രൻ (34/2016), S/o ഭുവനചന്ദ്രൻ, തോട്ടുത്തുശ്ശേരിയിൽ വീട്, ചാരമംഗലം മുറിയിൽ, തണ്ണീർമുക്കം തെക്ക് വില്ലേജ്

2. പി.സാബു (43/2016, S/o ബലദേവൻ, കണ്ണർകാട് വീട്ടിൽ, പെരുംതുരുത്തി മുറിയിൽ, കഞ്ഞിക്കുഴി വില്ലേജ്.

3. ദീപുമോൻ (36/2016), S/o പുരുഷൻ, ചെല്ലിക്കണ്ടത്തിൽ, പെരുംതുരുത്തി മുറിയിൽ, കഞ്ഞിക്കുഴി വില്ലേജ്.

4. രാജേഷ് (37/2016), S/o രാജൻ, ചെല്ലിക്കണ്ടത്തിൽ, പെരുംതുരുത്തി മുറിയിൽ, കഞ്ഞിക്കുഴി വില്ലേജ്.

5. പ്രമോദ് (31/2016), S/o മോഹനൻ വടക്കേച്ചിറ വീട്ടിൽ പെരുംതുരുത്തി മുറിയിൽ, കഞ്ഞിക്കുഴി വില്ലേജ്.

(സി) കഞ്ഞിക്കുഴി, കണ്ണർക്കാട് എന്നീ പ്രദേശങ്ങളിൽ നിലനിന്നിരുന്ന ചില രാഷ്ട്രീയ പ്രശ്നങ്ങളാണ് ഇതിന് കാരണമായത്.

(ഡി) ആലപ്പുഴ ജില്ലയിലെ കൃഷ്ണപിള്ള സ്മാരകം തീയിട്ട സംഭവവുമായി ബന്ധപ്പെട്ട് മാരാരിക്കുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 720/13 U/s 153, 447, 427, 436 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് 27-12-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 118713/എം3/2013/ആഭ്യന്തരം പ്രകാരം പ്രസ്തുത കേസന്വേഷണം

ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും സി.ബി.സി.ഐ.ഡി. ക്രൈം നമ്പർ 425/CR/STATS/2013 പ്രകാരം ക്രൈം ബ്രാഞ്ചിൽ കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്തി 120(b),34 IPC എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്ത് ടി കേസിലുൾപ്പെട്ട 5 പ്രതികളെയും അറസ്റ്റ് ചെയ്ത് അന്വേഷണം പൂർത്തിയാക്കി 28-4-2016-ന് ബഹുമാനപ്പെട്ട ആലപ്പുഴ JFMC-1 കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും നിലവിൽ SC-693/2016 പ്രകാരം ബഹുമാനപ്പെട്ട ആലപ്പുഴ സെഷൻസ് കോടതിയിൽ വിചാരണയിലുള്ളതുമാണ്.

## പോലീസിനെ സഹായിക്കുന്നതിനായി നിർഭയ വോളന്റിയർമാരുടെ നിയമനം

135 (147) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും പോലീസിനെ സഹായിക്കുന്നതിനായി നിർഭയ വോളന്റിയർമാരെ നിയമിക്കുന്ന നടപടി വ്യാപിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

'നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ മിഷനിൽനിന്നും ലഭിച്ച പട്ടികയിൽ ഉൾപ്പെട്ടതും, ഹാജരായിട്ടുള്ളതുമായ വ്യക്തികളെ ഇന്റർവ്യൂ നടത്തി അതിൽനിന്നും യോഗ്യരായവരെ നിർഭയ വോളന്റിയർമാരായി വിവിധ പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസിനെ സഹായിക്കുന്നതിനായി നിയമിച്ചിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ട് വകയിൽ ഒരു കോടി അറുപത് ലക്ഷം രൂപ പ്രസ്തുത വോളന്റിയർമാർക്ക് പ്രതിഫലം നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്.

## ജീവനക്കാരിക്ക് നേരെയുള്ള അതിക്രമം

136 (149) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ ഒരു അഡീഷണൽ സെക്രട്ടറി ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി വകുപ്പുമന്ത്രിയുടെ ഓഫീസിൽ ചെന്നപ്പോൾ ഒരു പേഴ്സണൽ സ്റ്റാഫ് അംഗം അപമാനിച്ചുവെന്ന പരാതിയിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സ്ത്രീകൾക്ക് നേരെയുള്ള അതിക്രമത്തിന്റെ പരിധിയിൽപ്പെടുത്തി നടപടിയെടുക്കണമെന്നും, മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നുമുള്ള പരാതിക്കാരിയുടെ ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഈ വിഷയത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) സ്ത്രീകൾക്കെതിരെ അതിക്രമം തടയുന്നതിനുള്ള സമിതി ഇക്കാര്യം പരിശോധിച്ചുവരുന്നു.

## നടിക്കെതിരെയുള്ള ആക്രമണം

137 (150) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് നടി ആക്രമിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസ്സുകളുടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സ്വീകരിച്ച നിലപാട് വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 14-8-2018 ലെ Crl.MC. No. 1663/18 എന്ന കേസിലെ വിധിക്കെതിരെ ഗോപാലകൃഷ്ണൻ @ ദിലീപ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത SLP (Crl)10189/18 പ്രകാരമുള്ള കേസ് നിലവിലുണ്ട്.

(ബി) എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ട്.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസ്

138 (151) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വളാഞ്ചേരിയിലെ കൗൺസിലർ ഷംസുദ്ദീൻ പീഡിപ്പിച്ചുവെന്ന കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ് ;

(ബി) പ്രതിയെ സംരക്ഷിക്കുവാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രമിച്ചുവെന്നുള്ള പെൺകുട്ടിയുടെ ബന്ധുക്കളുടെ ആരോപണം ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രതിക്ക് വിദേശത്തേക്ക് കടക്കുന്നതിന് മന്ത്രിയുമായുള്ള ബന്ധം സഹായകമായി എന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) പെൺകുട്ടിയെ ശംസുദ്ദീൻ പീഡിപ്പിച്ച വിവരം അറിഞ്ഞിട്ടും പ്രതിയെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് മന്ത്രി സഹായകമായ നിലപാട് എടുത്തില്ലായെന്ന ആരോപണം ഗൗരവമായി അന്വേഷിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. മന്ത്രിയുമായുള്ള ബന്ധം സഹായകരമായി എന്ന വാദത്തിൽ കഴമ്പില്ല.

(ഡി) മന്ത്രിക്കെതിരായ ഇത്തരം ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ശിശു പീഡന കേസ്സുകൾ

139 (152) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശൈശവദശയിലുള്ള കുട്ടികൾക്കുമേലുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശിശു പീഡനവുമായി ബന്ധപ്പെട്ട് 2018 ജനുവരി മുതൽ 2019 മാർച്ച് 31 വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 142 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കുട്ടികൾക്ക് നേരെയുള്ള അതിക്രമം

140 (153) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികൾക്ക് നേരെ ഉണ്ടായ അതിക്രമങ്ങളുടെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) കുട്ടികൾക്ക് നേരെ ഉണ്ടായ അതിക്രമംമൂലം കൊല്ലപ്പെടുകയോ, ഗുരുതരമായി പരിക്ക് പറ്റുകയോ ചെയ്ത എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഓരോ കേസിന്റെയും വിശദാംശം വെളിപ്പെടുത്തുമോ;

(സി) തൊടുപുഴയിൽ ഈയടുത്ത കാലത്ത് മാതാവിന്റെ കാമുകനാൽ കുട്ടി കൊലചെയ്യപ്പെട്ട കേസിൽ എന്തെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ആർക്കെല്ലാമെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) ഈ കേസിൽ കുറ്റകൃത്യത്തിന് എല്ലാ അർത്ഥത്തിലും കൂട്ടുനിന്ന മാതാവിനെതിരെ സ്റ്റേഷൻ ജാമ്യം ലഭിക്കുന്ന നിസാര വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) സംസ്ഥാനത്ത് കുട്ടികൾക്ക് നേരെയുള്ള എല്ലാ തരത്തിലുമുള്ള അതിക്രമങ്ങളും തടയുന്നതിന് നിയമം കർശനമാക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 10910 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കുട്ടികൾക്ക് നേരെ ഉണ്ടായ അതിക്രമംമൂലം കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം-7, കൊല്ലം-3, പത്തനംതിട്ട-4, ആലപ്പുഴ-7 കോട്ടയം-1, ഇടുക്കി-3, എറണാകുളം-4, തൃശ്ശൂർ-7, പാലക്കാട്-7, മലപ്പുറം-12, കോഴിക്കോട്-8, കണ്ണൂർ-4 കാസർഗോഡ്-4 എന്നീ ജില്ലകളിലായി 71 കേസുകളും ഗുരുതരമായി പരിക്ക് പറ്റിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം-3, ആലപ്പുഴ-1, കോട്ടയം-1, ഇടുക്കി-2, എറണാകുളം-3, തൃശ്ശൂർ-5, പാലക്കാട്-1, മലപ്പുറം-3, കോഴിക്കോട്-5, വയനാട്-1, കണ്ണൂർ-2 കാസർഗോഡ്-2 എന്നീ ജില്ലകളിലായി 29 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി)

| PS&Cr.No | Sec of Law | Name and address of accused | Relationship of the accused with the deceased child |
|---|---|---|---|
| Thodupuzha 442/19 | 323,294(b),325, 506(i)302 IPC& Sec.75 of JJ Act | A1. അരുൺ ആനന്ദ് Age 36/19 S/o ആനന്ദ് കുമാർ, കടവട്ടൂർ, കാസ്സിൽ, കവടിയാർ, തിരുവനന്തപുരം<br>A2. ഉടുമ്പന്നൂർ വില്ലേജ് ഇടമറുക് കരയിൽ മഞ്ഞിക്കല്ല് ഭാഗത്ത് കല്ലർ വീട്ടിൽ ദിനേശ് ബാബു മകൾ അഞ്ജന Age 35/19 | A1. രണ്ടാനച്ഛൻ (മാതാവിന്റെ ആത്മസുഹൃത്ത്)<br>A2.മാതാവ് |

(ഡി) തൊടുപുഴ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്ത ക്രൈം 442/19-ാം നമ്പർ കേസിലേയ്ക്ക് 323, 294 (b), 325, 506(i), 302 IPC & Sec.75 of JJ Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണംനടത്തി വരവെ ഒന്നാം പ്രതി ഉപദ്രവിച്ചതുകൊണ്ടാണ് കുട്ടിക്ക് ഗുരുതരമായി പരിക്കേറ്റതെന്ന വിവരം മറച്ചുവച്ച് പ്രതിയെ സഹായിക്കുകവഴി മാതാവ് Sec.201,212 IPC പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ചെയ്തതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പുകൾ കൂട്ടിച്ചേർത്തും മാതാവിനെ കേസിലെ രണ്ടാം പ്രതിയായി ചേർത്തും അന്വേഷണം നടത്തിവരുന്നു.

(ഇ) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം കേസുകളിൽ ഉൾപ്പെടുന്ന പ്രതികൾക്കെതിരെ കുറ്റമറ്റരീതിയിൽ അന്വേഷണം നടത്തി കുറ്റപത്രം വേഗത്തിൽ സമർപ്പിച്ച് വിചാരണയിൽ വീഴ്ച വരാതെ ശിക്ഷ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് Cyber Crime Prevention Against Women and Children (CCPWC). ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാഡമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

## കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ

141 (154) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് നേരേയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ ഇത്തരത്തിലുള്ള ഏത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിലുള്ള അതിക്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) NGO കളുടെ നല്ലരീതിയിലുള്ള പ്രവർത്തനങ്ങളും പൊതുസമൂഹത്തിൽ ഇക്കാര്യത്തിലുള്ള ജാഗ്രതയും കാരണം കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയും അങ്ങനെ രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷം 4008 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കും മാതാപിതാക്കൾക്കും ബോധവത്കരണ ക്ലാസ്സുകൾ നടത്തി വരുന്നതും ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ആയാൽ ടി കേസിലെ പ്രതികൾക്കെതിരെ പോക്സോ ആക്ട്, ജുവനൈൽ ജസ്റ്റിസ് ആക്ട് തുടങ്ങിയ നിയമങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ നിശ്ചിത സമയപരിധിക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കി കോടതികളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചും പ്രതികൾ രക്ഷപ്പെടുന്നതിനുള്ള അവസരം ഒഴിവാക്കി വിചാരണ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ

142 (155) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം കണ്ടെത്തുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ അതിഥി തൊഴിലാളികളെക്കുറിച്ചുള്ള വിവരം ശേഖരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽ ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഫോട്ടോയും തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ഉൾപ്പെട്ട ബയോഡാറ്റ മുതലായവ അതാത് സ്റ്റേഷനുകളിൽ ശേഖരിച്ച് Migrant Labour Register-ൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നു. കൂടാതെ E-Rekha പോലുള്ള മൊബൈൽ ആപ്ലിക്കേഷൻ വഴിയും ഇവരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. പുതുതായി വരുന്ന തൊഴിലാളികളുടെ വിവരങ്ങൾ എത്രയും പെട്ടെന്ന് സ്റ്റേഷനിൽ ലഭ്യമാക്കുന്നതിനായി തൊഴിൽ ഏജന്റുമാർക്കും തൊഴിൽ ഉടമകൾക്കും കർശന നിർദ്ദേശം നൽകിവരുന്നു. അസമയങ്ങളിൽ സംശയാസ്പദമായി കാണപ്പെടുന്ന അന്യസംസ്ഥാന തൊഴിലാളികളെ ചോദ്യം ചെയ്തും അവരുടെ വിവരങ്ങൾ ശേഖരിച്ചും, രഹസ്യാന്വേഷണ വിഭാഗവും ഷാഡോ പോലീസും ക്രിമിനൽ പശ്ചാത്തലമുള്ള അന്യസംസ്ഥാന തൊഴിലാളികളെ നിരീക്ഷിച്ചും അവരവരുടേതായ സംസ്ഥാനങ്ങളിൽ അന്വേഷണം നടത്തിയും വരുന്നതുമാകുന്നു.

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ രേഖ

143 (156) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ തൊഴിൽ തേടിയെത്തുന്നവർക്ക് എന്തെല്ലാം തിരിച്ചറിയൽ രേഖകൾ വേണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്;

(ബി) ഇവരെക്കുറിച്ചുള്ള വിശദവിവരം രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) തീവ്രവാദവും അക്രമ പ്രവർത്തനങ്ങളും തടയുന്നതിന്, അന്യസംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും തിരിച്ചറിയൽരേഖ ഏതവസരത്തിലും കാണിക്കണമെന്നുള്ള നിബന്ധനയും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം അടിയന്തരമായി പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ തൊഴിൽ തേടി എത്തുന്നവർക്ക് തൊഴിൽ ചെയ്യുന്നതിലേക്കായി ഏതെങ്കിലും തിരിച്ചറിയൽ രേഖകൾ വേണമെന്ന് നിഷ്കർഷിച്ചിട്ടില്ല.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതി തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികൾക്ക് ആവാസ് പദ്ധതിയിൽ അംഗമാകാവുന്നതാണ്.

കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവരുടെ വിവരങ്ങൾ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ അതാത് ജില്ലാ ആഫീസുകളിൽ സൂക്ഷിക്കുന്നുണ്ട്.

(സി) ഇത്തരത്തിൽ ഒരു നിരീക്ഷണ സംവിധാനത്തിന് രൂപം നൽകിയിട്ടില്ല. എന്നാൽ ആവശ്യമായ ഘട്ടങ്ങളിൽ തിരിച്ചറിയൽ രേഖ കാണിക്കുന്നതിന് തൊഴിലാളികൾ ബാധ്യസ്ഥരാണ്.

## ആലംകോട് സ്വദേശി ലാം അബ്ദുൾ വാഹീദിന്റെ മരണം

144 (157) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ആലംകോട് സ്വദേശി ലാം അബ്ദുൾ വാഹീദിന്റെ മരണവുമായി ബന്ധപ്പെട്ട് ഭാര്യ ദീന ഷാഹുൽ സമർപ്പിച്ച 6403/2019/PHQ നമ്പർ പരാതിയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ഉത്തരം</u>

ആറ്റിങ്ങൽ ആലംകോട് സ്വദേശി ലാം അബ്ദുൾ വാഹീദ് എന്നയാൾ ജോലി സംബന്ധമായി മലേഷ്യയിലെത്തി 25-12-2018-ൽ മരണപ്പെട്ടതിൽ സംശയമുണ്ടെന്ന് മരണപ്പെട്ടയാളുടെ ഭാര്യ ദീന ഷാഹുൽ 16-1-2019-ൽ സമർപ്പിച്ച പരാതി അന്നേ ദിവസം തന്നെ വിശദമായ അന്വേഷണത്തിനായി SPC ST-/6403/2019/PHQ നമ്പർ പ്രകാരം ക്രൈം ബ്രാഞ്ചിന് കൈമാറുകയും സാക്ഷികളുടെ മൊഴിയും മറ്റും രേഖപ്പെടുത്തി അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. ക്രൈം ബ്രാഞ്ച് അന്വേഷണം അന്തിമഘട്ടത്തിലാണ്.

## ചിതറയിലെ ബഷീറിന്റെ കൊലപാതകം

145 (158) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിതറയിലെ ബഷീറെന്ന ആളെ കുത്തിക്കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ബഷീറിന്റെ കൊലയ്ക്ക് പിന്നിൽ രാഷ്ട്രീയ വൈരാഗ്യമല്ല, മറിച്ച് കപ്പ വില്പനയുമായി ബന്ധപ്പെട്ട തർക്കമാണെന്ന ബഷീറിന്റെ സഹോദരിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) വ്യക്തി വൈരാഗ്യത്തിന്റെ പേരിൽ നടന്ന കൊലപാതകത്തെ രാഷ്ട്രീയ കൊലപാതകമാക്കി മാറ്റുന്നതിനും അതിലൂടെ രാഷ്ട്രീയ മുതലെടുപ്പിനും ഭരണകക്ഷിയുടെ ഉന്നതനേതാവ് തന്നെ ശ്രമിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം പ്രസ്താവനകൾ സംസ്ഥാനത്തെ ക്രമസമാധാന നില വഷളാക്കുമെന്നത് കണക്കിലെടുത്ത് ഇതിനെതിരെ ജാഗ്രത പുലർത്തുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ - ഡി) ചിതറയിലെ ബഷീറെന്ന ആളിനെ കുത്തി കൊലപ്പെടുത്തിയത് സംബന്ധിച്ച് കടയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 321/19 U/S 447, 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കേസിന്റെ അന്വേഷണം പൂർത്തിയാകാറായിട്ടുള്ളതാണ്. ചാർജ്ജ്ഷീറ്റ് സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഈ സംഭവവുമായി ബന്ധപ്പെട്ടുവന്ന പ്രസ്താവനകളും അന്വേഷണത്തിന്റെ പരിധിയിൽ വരുന്നതാണ്.

## പിടികിട്ടാപ്പുള്ളികൾ

146 (159) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് നടന്ന കൊലപാതകക്കേസ്സുകളിൽ എത്ര കേസ്സുകളിലെ പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവിൽ നടന്ന എത്ര കവർച്ച കേസ്സുകളിലെ പ്രതികളെയാണ് പിടികൂടാനുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31 കേസ്സുകളിലെ പ്രതികളെ ഇനിയും പിടികൂടാനുണ്ട്.

(ബി) 2698 കവർച്ച കേസ്സുകളിൽ (Robbery & Dacoity) 685 കേസുകളിലെ പ്രതികളെ പിടികൂടാനുണ്ട്.

## പള്ളി ഇമാം ആക്രമിക്കപ്പെട്ട സംഭവം

147 (160) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷനിൽ നിന്ന് എത്ര ദൂരമാണ് കാസർഗോഡ് നെല്ലിക്കുന്ന് മുഹ്‌യിദ്ദീൻ ജുമാമസ്ജിദ് റോഡിലേക്കുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിൽ അടുത്ത കാലത്തായി ഏതെങ്കിലും പള്ളി ഇമാം ആക്രമിക്കപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ ആര്, എപ്പോൾ, എങ്ങനെ ആക്രമിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സംഭവവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും എങ്കിൽ ക്രൈം നമ്പർ എത്രയാണെന്നും സെക്ഷൻ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഇ) ഈ കേസ്സിൽ എത്രപേരെ ഇതുവരെ ചോദ്യം ചെയ്തുവെന്നും പ്രതികൾ എത്രപേരാണെന്നും വ്യക്തമാക്കാമോ; അവരുടെ വിശദാംശം നൽകാമോ;

(എഫ്) കേസ്സിന്റെ അന്വേഷണച്ചുമതല ഏത് ഉദ്യോഗസ്ഥനാണെന്നും, പ്രസ്തുത ഉദ്യോഗസ്ഥന്റെ കീഴിലുള്ള അന്വേഷണ സംഘത്തിൽ ആരൊക്കെയാണുള്ളതെന്നും വ്യക്തമാക്കാമോ;

(ജി) ഈ കേസ്സിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും കേസ്സിന്റെ അന്വേഷണം സ്പെഷ്യൽ ടീമിനെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്കോ ഡി.ജി.പി.ക്കോ ജനപ്രതിനിധികളോ സംഘടനകളോ വ്യക്തികളോ അപേക്ഷ നല്കിയിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എടുത്ത നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരു കിലോമീറ്റർ ദൂരമുണ്ട്.

(ബി) പ്രസ്തുത റോഡിൽ പള്ളി ഇമാം ആക്രമിക്കപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ട്.

(സി) നെല്ലിക്കുന്ന് നൂർ-മസ്ജിദ് ഇമാം അബ്ദുൽ നാസർ സഘാഫി എന്നയാളെ 21-3-2019 രാത്രി 9 മണിക്ക് സംഘമായി എത്തിയ ചിലർ ചേർന്ന് പിന്നിൽനിന്നും പിടിച്ചുനിർത്തി കൈകൊണ്ട് നടുവിന് ഇടിച്ച് പരിക്കേൽപ്പിച്ചതായാണ് സംഭവം.

(ഡി) ഇ സംഭവവുമായി ബന്ധപ്പെട്ട് കാസർഗോഡ് പോലീസ് സ്റ്റേഷൻ Cr.No. 193/2019, U/S 323, 341 r/w 34 IPC and Sec.120(o) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഈ കേസ്സുമായി ബന്ധപ്പെട്ട് 42 പേരെ ചോദ്യം ചെയ്തിട്ടുണ്ട്. പ്രതികൾ എത്ര പേരാണെന്ന് അറിവായിട്ടില്ല.

(എഫ്) ടി കേസിന്റെ അന്വേഷണ ചുതല കാസർഗോഡ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ഓഫ് പോലീസ് എസ്.എച്ച്.ഒ.-യ്ക്കാണ്. കാസർഗോഡ് അസിസ്റ്റന്റ് സൂപ്രണ്ട് ഓഫ് പോലീസിന്റെ മേൽനോട്ടത്തിൽ കാസർഗോഡ് എസ്.എച്ച്.ഒ. അന്വേഷണ ഉദ്യോഗസ്ഥനായും ഒരു SI, ഒരു ASI, രണ്ട് സീനിയർ സിവിൽ പോലീസ് ഓഫീസർമാർ, രണ്ട് സിവിൽ പോലീസ് ഓഫീസർമാർ എന്നിവരുമാണ് അന്വേഷണ സംഘത്തിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ജി) അന്യായക്കാരനെയും സാക്ഷികളെയും ചോദ്യം ചെയ്ത് അന്വേഷണം നടത്തിയതിലും ശാസ്ത്രീയ പരിശോധനകളിലും പ്രതികളെ തിരിച്ചറിയുന്നതിലേക്കായുള്ള തെളിവുകൾ ഒന്നും ലഭ്യമല്ലാത്തതിനാൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. കേസിന്റെ അന്വേഷണം സ്പെഷ്യൽ ടീമിനെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്കും ഡി. ജി. പി. യ്ക്കും സ്ഥലം എം. എൽ. എ. ക്കും മറ്റ് സംഘടനകളിൽ നിന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് അസിസ്റ്റന്റ് സൂപ്രണ്ട് ഓഫ് പോലീസിന്റെ മേൽനോട്ടത്തിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ അന്വേഷണ ഉദ്യോഗസ്ഥനായി 7 പേർ അടങ്ങുന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ രൂപീകരിച്ചിട്ടുണ്ട്.

## ദുരൂഹ സാഹചര്യത്തിലുള്ള മരണങ്ങളും തിരോധാനങ്ങളും

148 (161) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഇതുവരെ എത്ര ദുരൂഹ സാഹചര്യത്തിലുള്ള മരണങ്ങളും തിരോധാനങ്ങളും ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര കേസ്സുകൾ റഫർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കേസുകളിൽ പുനരന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണത്തിൽ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 68 ദുരൂഹ സാഹചര്യത്തിലുള്ള മരണങ്ങളും 47 തിരോധാനങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2 കേസ്സുകൾ റഫർ ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കോളേജ് വിദ്യാർത്ഥിനിയുടെ അത്മഹത്യാ ശ്രമം

149 (162) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിനി കോളേജിലെ പെൺകുട്ടികളുടെ വിശ്രമ മുറിയിൽ കൈയുടെ ഞരമ്പ് മുറിച്ച് ആത്മഹത്യ ചെയ്യാൻ ശ്രമിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) പെൺകുട്ടിയുടെ വസതിയിൽനിന്നും പോലീസ് ആത്മഹത്യാ കുറിപ്പ് കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഈ കുറിപ്പിൽ ഏതെങ്കിലും വിദ്യാർത്ഥി സംഘടനയെക്കുറിച്ചും നേതാക്കളെക്കുറിച്ചും സൂചിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) കുറിപ്പിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ മേൽ കേസ്സ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) പെൺകുട്ടിയുടെ വസതിയിൽനിന്നും പോലീസ് ആത്മഹത്യാക്കുറിപ്പ് കണ്ടെത്തിയിട്ടില്ല. എന്നാൽ പെൺകുട്ടി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞുവരവെ ഡോക്ടർ ആത്മഹത്യാക്കുറിപ്പ് കണ്ടെത്തി ആറ്റിങ്ങൽ പോലീസിന് കൈമാറുകയും ആയത് ആറ്റിങ്ങൽ പോലീസിൽനിന്നും തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ എത്തിച്ചിട്ടുള്ളതുമാണ്.

(സി & ഡി) കുറിപ്പിൽ ചില പേരുകൾ പരാമർശിക്കുന്നുണ്ടെങ്കിലും ആത്മഹത്യ ചെയ്യാൻ ശ്രമിച്ച പെൺകുട്ടി ബഹു. ആറ്റിങ്ങൽ കോടതിയിൽ നല്കിയ 164 CrPc പ്രകാരമുള്ള മൊഴിയിലും പോലീസിന് നേരിട്ട് നല്കിയ മൊഴിയിലും ആത്മഹത്യാ കുറിപ്പിൽ പരാമർശിക്കുന്നവരുടെ പേരിൽ പരാതി ഒന്നും ഇല്ല എന്ന് പറഞ്ഞിട്ടുള്ളതുമാണ്.

## പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ കേസ്സുകൾ

150 (163) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ;

(ബി) മനുഷ്യാവകാശലംഘനവുമായി ബന്ധപ്പെട്ട് പോലീസ് സേനയിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം കേസ്സുകളിൽ ഇതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥരെ ശിക്ഷിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) പോലീസിന്റെ മനുഷ്യാവകാശലംഘനങ്ങൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ 432 കേസുകൾ ഉണ്ടായിട്ടുണ്ട്.

പ്രസ്തുത കേസുകളിലായി 459 ഉദ്യോഗസ്ഥർ പ്രതികളായിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ റാങ്ക് തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| | |
|---|---|
| DySP/AC/DC | 2 |
| CI/IP/OC/API/RI | 9 |
| SI/APSI/RSI | 40 |
| ASI/APASI | 32 |
| HC/HAV/SCPO | 81 |
| PC/CPO | 272 |
| WCPO | 12 |
| DVR SCPO | 3 |
| DVR CPO | 8 |

(ബി & സി) മനുഷ്യാവകാശലംഘനവുമായി ബന്ധപ്പെട്ട അന്വേഷണം നടക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു:

<table>
<tr><td rowspan="9">എറണാകുളം റൂറൽ വാരാപ്പുഴ പി.എസ്. Cr.No.321/18 u/s323,218,342, 302,34 IPC<br><br>302, 34 IPC</td><td>G.S.Deepak</td><td>SI</td><td rowspan="9">ടി കേസിന്റെ അന്വേഷണം ഓർഡർ നമ്പർ. D2/52987/2018/PHQ dated 10-4-2018 പ്രകാരം SIT രൂപീകരിച്ച് അന്വേഷണം</td></tr>
<tr><td>Santhosh Kumar P. P</td><td>CPO 12510</td></tr>
<tr><td>Sumesh</td><td>CPO 12593</td></tr>
<tr><td>Jithinraj</td><td>CPO 12984</td></tr>
<tr><td>Crispin Sam</td><td>CI</td></tr>
<tr><td>Jayanandan</td><td>SI</td></tr>
<tr><td>Santhosh Baby</td><td>SCPO 8765</td></tr>
<tr><td>Sunil Kumar</td><td>CPO 10066</td></tr>
<tr><td>Sreeraj P.R</td><td>CPO 11953</td></tr>
</table>

(ഡി) പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റം പോലീസിന്റെ ഭാഗത്തു നിന്നും ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പരാതികൾ സ്വീകരിക്കുന്നതിനും പരിഹാരം കാണുന്നതിനുമായി പബ്ലിക് റിലേഷൻസ് ഓഫീസർക്ക് പുറമേ റിസപ്ഷൻ സംവിധാനം വനിതാ ഹെൽപ്പ് ഡെസ്ക്, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങളോടും മറ്റും നല്ല രീതിയിൽ പെരുമാറുന്നതിനും അന്വേഷണങ്ങളും മറ്റും വളരെ സത്യസന്ധമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും എല്ലാ പോലീസ് സേനാംഗങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതും രഹസ്യാന്വേഷണങ്ങളും നിരീക്ഷണങ്ങളും നടത്തി ആയത് പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഇത്തരത്തിൽ ഉണ്ടാകുന്ന സംഭവങ്ങൾക്ക് പരാതികൾ അന്വേഷിക്കുന്നതിനായി പോലീസ് ആസ്ഥാനത്ത് പബ്ലിക് ഗ്രീവൻസ് സെൽ, സംസ്ഥാന, ജില്ലാതല പോലീസ് കംപ്ലെയിന്റ് അതോറിറ്റികൾ എന്നിവ പ്രവർത്തിച്ച് പരാതികൾക്ക് പരിഹാരം കണ്ടുവരുന്നു.

## സംസ്ഥാനത്തെ കസ്റ്റഡി മരണങ്ങൾ

151 (164) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കസ്റ്റഡി മരണങ്ങളെ സംബന്ധിച്ചുള്ള ജൂഡീഷ്യൽ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിൽ കസ്റ്റഡിമരണം അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് ശിപാർശ ചെയ്തിരുന്നത്;

(ബി) ഇവയിൽ ഇതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കസ്റ്റഡി മരണങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ കമ്മീഷൻ ശിപാർശകൾ കർശനമായി നടപ്പാക്കുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

### ഉത്തരം

(എ) 1-4-2006 മുതൽ 16-8-2006 വരെ സംസ്ഥാനത്ത് നടന്ന കസ്റ്റഡി മരണങ്ങളെ കുറിച്ച് അന്വേഷണം നടത്തിയ ജസ്റ്റിസ് ആർ. രാജേന്ദ്രബാബു അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ജസ്റ്റിസ് ആർ. രാജേന്ദ്രബാബു അന്വേഷണ കമ്മീഷന്റെ ശുപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കസ്റ്റഡി മരണങ്ങളിൽ കാര്യക്ഷമമായ അന്വേഷണം നടത്തുകയും കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. കസ്റ്റഡിമരണങ്ങൾ പോലുള്ള സംഭവങ്ങൾ പോലീസ് സ്റ്റേഷനുകളിൽ പാടില്ലായെന്നും സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചുംമാത്രം പ്രതികളെ അറസ്റ്റ് ചെയ്യുവാനും, രാത്രിയിൽ കസ്റ്റഡിയിൽ എടുക്കുന്ന പ്രതികളെ കൃത്യമായ മെഡിക്കൽ പരിശോധനയ്ക്കുശേഷം മാത്രമേ കസ്റ്റഡിയിൽ സൂക്ഷിക്കുവാൻ പാടുള്ളൂ എന്നും സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കുന്ന എല്ലാ വ്യക്തികളോടും വളരെ മാന്യമായി മാത്രമേ പെരുമാറുവാൻ പാടുള്ളൂ എന്ന നിർദ്ദേശവും അവബോധവും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിവരുന്നു.

## കുറ്റകൃത്യങ്ങൾചെയ്ത പോലീസുകാർക്കെതിരെയുള്ള ശിക്ഷാ നടപടികൾ

152 (165) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് കാലയളവിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്ത പോലീസുകാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും ശിക്ഷാ നടപടികൾ പുനഃപരിശോധിക്കുന്നതിനും കേരള പോലീസ് ഡിപ്പാർട്ട്മെന്റൽ എൻക്വയറീസ്, പണിഷ്മെന്റ് & അപ്പീൽ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ & ബി) സർവ്വീസ് കാലയളവിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്ത പോലീസുകാർക്കെതിരെ കേരള പോലീസ് ഡിപ്പാർട്ട്മെന്റൽ എൻക്വയറീസ്, പണിഷ്മെന്റ് & അപ്പീൽ ചട്ടങ്ങൾ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും ശിക്ഷാ നടപടികൾ പുനഃപരിശോധിക്കുന്നതിനും നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല.

## കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കൽ

153 (167) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിലെ തിരക്കേറിയ കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്ന കാര്യം ആഭ്യന്തരവകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വർക്കല ബീച്ച്, ശിവഗിരി മഠം എന്നിവിടങ്ങളിലേക്കെത്തുന്ന സന്ദർശകർക്ക് കല്ലമ്പലം ജംഗ്ഷനിലെ ഗതാഗതതിരക്കുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ റോഡ് സേഫ്റ്റി അതോറിറ്റി അംഗീകരിച്ചിട്ടുള്ളതും ആയതിലേക്ക് വിശദമായ പഠനം നടത്താൻ NATPAC-നെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ടി റിപ്പോർട്ട് ലഭിച്ചതിനുശേഷം റോഡ് സേഫ്റ്റി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതാണ്.

(ബി) ഗതാഗത തിരക്ക് നിയന്ത്രിക്കുന്നതിന് എല്ലാ ദിവസവും കല്ലമ്പലം ജംഗ്ഷനിൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ച് വരുന്നുണ്ട്.

**നഗരങ്ങളിലെ ഗതാഗതക്കുരുക്ക്**

154 (168) <u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെറുതും വലുതുമായ ടൗണുകളിൽ അനുഭവപ്പെട്ടുവരുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ടൗണുകളിൽ അനുഭവപ്പെട്ടുവരുന്ന ഗതാഗതക്കുരുക്കിനെപ്പറ്റി പഠനം നടത്തുവാൻ റെയിൽ ഇന്ത്യാ ടെക്നിക്കൽ ആന്റ് ഇക്കണോമിക് സർവ്വീസ് പോലെയുള്ള ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഗതാഗതക്കുരുക്ക് രൂക്ഷമായ സ്ഥലങ്ങളിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്ത് ഗതാഗതക്കുരുക്ക് നേരിടുന്ന എല്ലാ ടൗണുകളെപ്പറ്റിയും ഘട്ടം ഘട്ടമായി പഠനം നടത്തുവാനും ഇതിന് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) ഗതാഗതക്കുരുക്ക് രൂക്ഷമായിരിക്കുന്ന ചെങ്ങന്നൂർ, മൂവാറ്റുപുഴ, ഏറ്റുമാനൂർ തുടങ്ങിയ സ്ഥലങ്ങളിലും നാഷണൽ ഹൈവേയിലെ മറ്റ് സ്ഥലങ്ങളിലും ആവശ്യമായ പഠനം നടത്തി മുൻഗണനാക്രമം നിശ്ചയിച്ച് പരിഹാരമാർഗ്ഗങ്ങൾ കാണുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പോലീസിനെ നിയോഗിച്ച് ആവശ്യം വേണ്ട ട്രാഫിക് പരിഷ്കാരങ്ങളിലൂടെയും ഗതാഗത നിയന്ത്രണത്തിലൂടെയും ഗതാഗതക്കുരുക്ക് പരമാവധി ലഘൂകരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ പട്ടണങ്ങളിലും ഗതാഗത നിയന്ത്രണത്തിലൂടെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിന്റെ ഭാഗമായി നാറ്റ്പാക്കിനെ കൊണ്ട് പഠനം നടത്തിയശേഷം സിഗ്നൽ ലൈറ്റുകൾ ആവശ്യമാണെങ്കിൽ അത്തരം പ്രദേശങ്ങളിൽ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പോലീസിനെ നിയോഗിച്ച്, ആവശ്യം വേണ്ട ട്രാഫിക് പരിഷ്കാരങ്ങളിലൂടെയും ഗതാഗത നിയന്ത്രണത്തിലൂടെയും ഗതാഗതക്കുരുക്ക് പരമാവധി ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) കേരളത്തിലെ എല്ലാ പട്ടണങ്ങളിലും ഗതാഗത നിയന്ത്രണത്തിലൂടെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിന്റെ ഭാഗമായി നാറ്റ്പാക്കിനെ കൊണ്ട് പഠനം നടത്തിയശേഷം സിഗ്നൽ ലൈറ്റുകൾ ആവശ്യമാണെങ്കിൽ അത്തരം പ്രദേശങ്ങളിൽ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. കൂടുതൽ പോലീസുകാരെ നിയോഗിക്കുക, സിഗ്നൽ ലൈറ്റ് സ്ഥാപിക്കുക, ക്യാമറകൾ സ്ഥാപിക്കുക തുടങ്ങി അത്യാധുനിക സാങ്കേതിക വിദ്യ പരമാവധി ഉപയോഗിച്ച് ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിലേയ്ക്ക് പരമാവധി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഗതാഗതക്കുരുക്കും, അപകടങ്ങളും കുറച്ചുകൊണ്ടുവരുന്നതിനായി മൂവാറ്റുപുഴ അടക്കമുള്ള സ്ഥലങ്ങളിൽ ട്രാഫിക് ബോധവത്കരണ ക്ലാസ്സുകളും നിർദ്ദിഷ്ട സ്ഥലങ്ങളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുകയും സീബ്രാ ലൈനുകൾ മാർക്ക് ചെയ്യുകയും, ആവശ്യമായ റിഫ്ളക്സ് ലൈറ്റുകൾ, കോൺവെക്സ് ലെൻസുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അനാവശ്യമായി റോഡുകളിൽ പാർക്കിംഗ് നടത്തി ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്ന വാഹനങ്ങളെ നീക്കംചെയ്ത് നിയമനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഗതാഗതക്കുരുക്ക് രൂക്ഷമായി അനുഭവപ്പെടുന്ന മൂവാറ്റുപുഴ പോലുള്ള സ്ഥലങ്ങളിൽ കൂടുതൽ പോലീസുകാരെ ട്രാഫിക് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. ഹൈവേ പോലീസിന്റെ സേവനം ഗതാഗതക്കുരുക്ക് കൂടുതൽ ഉള്ള സ്ഥലങ്ങളിൽ സന്ദർഭോചിതമായി ഉപയോഗപ്പെടുത്തുന്നു.

ഏറ്റുമാനൂരിൽ നിലവിലുള്ള ട്രാഫിക് സംവിധാനം പരിഷ്കരിച്ച് പുതിയ ട്രാഫിക് പരിഷ്കാരങ്ങൾ നടപ്പിലാക്കിവരുന്നു. ഇത് ഏറ്റുമാനൂർ ടൗണിലേയും മറ്റും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് സഹായകരമാണ്.

## ആറ്റിങ്ങലിൽ പുതിയ ട്രാഫിക് പൊലീസ് സ്റ്റേഷൻ

155 (169) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ പട്ടണത്തിൽ ഗതാഗതത്തിരക്കും വാഹനാപകടങ്ങളും ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം പരിഗണിച്ച് ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ ട്രാഫിക് കേസ്സുകളുടെ അന്വേഷണ ചുമതല അതാത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റിക്കൊണ്ടും ട്രാഫിക് യൂണിറ്റുകളും, ട്രാഫിക് പോലീസ് സ്റ്റേഷനുകളും, ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തുകൊണ്ടും 14-7-2018-ലെ സ.ഉ.(കൈ)നമ്പർ 116/2018/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം നിലവിലെ ആറ്റിങ്ങൽ ട്രാഫിക് യൂണിറ്റ്, ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റായി മാറിയിട്ടുണ്ട്.

## സൈബർ കേസ്സുകൾ

156 (170) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കേസ്സുകൾ അന്വേഷിക്കുന്നതിലേക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ഇതിന് സഹായകമായി അത്യാധുനിക ഫോറൻസിക് ലാബുകൾ സ്ഥാപിക്കണമെന്ന് ആരെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇത്തരം ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് അറിയിക്കുമോ;

(ഡി) ഇവ എന്നത്തേയ്ക്ക് സ്ഥാപിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലേക്കായി തിരുവനന്തപുരത്ത് സൈബർ പോലീസ് സ്റ്റേഷനും സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തെ സഹായിക്കുന്നതിനായി എല്ലാ പോലീസ് ജില്ലകളിലും സൈബർ സെല്ലും, പോലീസ് ആസ്ഥാനത്ത് ഹൈടെക് സെല്ലും, കൂടാതെ ടെക്നോപാർക്കിൽ സൈബർ ഡോമും പ്രവർത്തിച്ചുവരുന്നു. സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തെളിയിക്കുന്നതിനും വിദഗ്ദ്ധ പരിശീലനം നേടിയ സൈബർ സെല്ലിലെ ഉദ്യോഗസ്ഥർ അന്വേഷണത്തിൽ സഹായിക്കുന്നു. എല്ലാ പോലീസ് സ്റ്റേഷനുകളിലെയും 3 പോലീസ് ഉദ്യോഗസ്ഥർക്കുവീതം സൈബർ കേസ്സുകളുടെ അന്വേഷണവുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് നൽകിവരുന്നുണ്ട്. കൂടാതെ സൈബർ സംബന്ധമായ കേസ്സുകളുടെ അന്വേഷണത്തിനായി അധുനിക സി.ഡി.ആർ. അനലൈസിംഗ് സോഫ്റ്റ്‌വെയർ ആയ Advik, C-5, സൈബർ ഫോറൻസിക് സോഫ്റ്റ് വെയർ ആയ Cyber check suit, Mobile check suit, win lift, Encase, Sim Extractor എന്നീ സോഫ്റ്റ്‌വെയറുകളുടെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണഭാഗമായി ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുന്നതിനായി Digital Forensics, ഇന്റർനെറ്റ് അധിഷ്ഠിത സേവനങ്ങൾ, ഐ.പി.വിലാസ ശേഖരണം, Geo Location Tracing, Local Service Provider Identification എന്നീ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം Electronic Gadget based data retrieval മാർഗ്ഗങ്ങളും ഉപയോഗിച്ചുവരുന്നു. സൈബർ സെൽ രൂപീകരിച്ച് ശക്തമായ ഇന്റർനെറ്റ് പട്രോളിംഗ് (Internet Patrolling) നടത്തിവരുന്നു. അതുവഴി ശ്രദ്ധയിൽപ്പെടുന്ന നിയമ ലംഘനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് നിലവിൽ 3 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ച സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. കൂടാതെ ഗുരുതര സ്വഭാവമുള്ള സൈബർ കുറ്റകൃത്യങ്ങൾ, രാജ്യാന്തര സ്വഭാവമുള്ള സൈബർ കുറ്റകൃത്യങ്ങൾ, കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ, ഇന്റർനെറ്റ് സംവിധാനങ്ങൾ ഉപയോഗിച്ചുള്ള ഭീകര പ്രവർത്തനങ്ങൾ, മത തീവ്രവാദ പ്രവർത്തനങ്ങൾ എന്നിവ തടയുന്നതിനും നിരീക്ഷിക്കുന്നതിനുമായി തിരുവനന്തപുരത്ത് ടെക്നോപാർക്ക് കേന്ദ്രീകരിച്ച് സൈബർ ഡോമും പ്രവർത്തിക്കുന്നുണ്ട്.

(ബി) ആരുംതന്നെ നിവേദനം നൽകിയിട്ടില്ല.

(സി) നിലവിൽ സൈബർ കേസ്സുകളുടെ അന്വേഷണത്തിന് സഹായകരമായി തിരുവനന്തപുരത്തെ സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയിലും കൂടാതെ, തൃശ്ശൂർ, കണ്ണൂർ, കൊച്ചി എന്നീ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലും സൈബർ ഡിവിഷൻ ആരംഭിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

**പോലീസ് സ്റ്റേഷനുകൾ വഴി സൈബർ കേസ് അന്വേഷണം**

157 (171) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും സൈബർ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സൈബർ കേസ്സുകൾ അന്വേഷിക്കുന്നതിന് പോലീസുകാർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) എല്ലാ പോലീസ് സ്റ്റേഷനുകളിലും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ യൂണിറ്റ് മേധാവികൾക്കും, SHO മാർക്കും നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന പോലീസിലെ സാങ്കേതിക യോഗ്യതയുള്ള പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അവർക്ക് ഇത്തരം കേസ്സുകൾ അന്വേഷിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകിവരുന്നു. കൂടാതെ സംസ്ഥാനത്ത് ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ സൈബർ ക്രൈം വിഭാഗം രൂപീകരിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ പരിജ്ഞാനവും, താല്പര്യവുമുള്ള മൂന്നിൽ കുറയാത്ത എണ്ണം പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്ക് സൈബർ സെല്ലിന്റെ സഹായത്തോടെ പരിശീലനം നൽകിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥരിൽ സൈബർ വിഷയങ്ങളിൽ താത്പര്യമുള്ളവർക്ക് C-DAC പോലുള്ള സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ക്ലാസുകൾ നൽകി പോലീസിലെ സൈബർ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സോഷ്യൽ മീഡിയയിലൂടെയുള്ള സന്ദേശങ്ങൾ

158 (172) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ മീഡിയയിലൂടെ പോലീസിന്റെ നിർദ്ദേശങ്ങൾ എന്ന് പറഞ്ഞ് പ്രചരിപ്പിക്കുന്ന സന്ദേശങ്ങളുടെ ആധികാരികത പരിശോധിക്കാൻ ജനങ്ങൾക്ക് ഉപകാരപ്രദമായ ഒരു വെബ് സൈറ്റ് രൂപീകരിക്കുമോ;

(ബി) വ്യാജ സന്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വിഷയം വിവരിച്ചുള്ള ഔദ്യോഗിക സന്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) നിലവിൽ കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.keralapolice.org, ഔദ്യോഗിക ഫെയ്സ്ബുക്ക് പേജ് എന്നിവയിലൂടെ പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങളും അവരുടെ സംശയങ്ങൾക്ക് യഥാസമയം മറുപടിയും നൽകിവരുന്നുണ്ട്.

(ബി) വ്യാജ സന്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ഔദ്യോഗിക സോഷ്യൽ മീഡിയാ പേജിലും പ്രസ്തുത വിഷയം സംബന്ധിച്ചുള്ള ഔദ്യോഗിക സന്ദേശം നൽകിവരുന്നുണ്ട്.

## സംസ്ഥാനത്തെ സൈബർ ക്രൈം കേസുകൾ

159 (173) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സൈബർ ക്രൈം കേസുകൾ നിലവിലുണ്ട് എന്ന് അറിയിക്കുമോ ;

(ബി) ഇവയുടെ വിശദാംശം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഇവയുടെ അന്വേഷണം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(ഇ) ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 1532 സൈബർ കേസ്സുകൾ നിലവിലുണ്ട്.

(ബി) കേസ്സുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ചില കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്.

(ഡി) സൈബർ കേസുകളിൽ Intermediary-കളിൽ നിന്നും യഥാസമയം മറുപടി ലഭിക്കാത്തതിനാലും, പ്രതികൾ, വാദികൾ, സാക്ഷികൾ തുടങ്ങിയവർ കൂടുതലും വിദേശത്തായതിനാലും ഇൻഡ്യൻ ജ്യൂറിസ്ഡിക്ഷന് പുറത്തുനിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിനു താമസമുള്ളതിനാലും VPN/Proxy Servers വിവരങ്ങൾ IP Mask ചെയ്യുന്ന സംവിധാനങ്ങൾ ഉപയോഗിച്ച് ചെയ്യുന്ന കുറ്റകൃത്യങ്ങളിൽ കൃത്യമായി പ്രതികളെ തിരിച്ചറിയുന്നതിനുള്ള താമസം, എന്നിവ മൂലവും കേസ്സുകളുടെ അന്വേഷണത്തിന് കാലതാമസം ഉണ്ടാകാറുണ്ട്. സർവ്വീസ് പ്രൊവൈഡർമാർ ഒരു വർഷത്തിനകമുള്ള വിവരങ്ങൾ മാത്രം ശേഖരിച്ച് സൂക്ഷിക്കുന്നതിനാൽ കേസുകളുടെ തെളിവിലേയ്ക്കാവശ്യമായ വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല.

(ഇ) സർവ്വീസ് പ്രൊവൈഡർമാരിൽനിന്നും മറുപടികൾ കിട്ടാൻ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ അടിക്കടി ഓർമ്മക്കുറിപ്പുകൾ നൽകി വിവരം ശേഖരിച്ചു വരുന്നു. വിദേശത്തുള്ള സാക്ഷികളേയും, പ്രതികളേയും കണ്ടെത്തുന്നതിന് MLAT (Mutual Legal Assistance Treaty)/LR (Letter Rogatory) മുഖേന അപേക്ഷ തയ്യാറാക്കി MHA (Ministry of Home Affairs) മുഖാന്തിരം അതാതു രാജ്യങ്ങളിൽ സമർപ്പിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.

## പോലീസ് സ്റ്റേഷനുകളിൽ ചുമത്തിയ പിഴ

160 (174) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ ഓരോ പോലീസ് സ്റ്റേഷനുകളിലും ചുമത്തിയ പിഴ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഇവയുടെ പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ഈടാക്കിയ പിഴ തുക ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് ചുമത്തിയിട്ടുള്ളതെന്നും, ഓരോ വകുപ്പിനും ഈടാക്കിയ പിഴ തുകയുടെ കണക്കുകൾ കൂടി പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2015-16, 2016-17, 2018-19 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ ഓരോ പോലീസ് സ്റ്റേഷനുകളിലും ചുമത്തിയ പിഴ തുക എത്രയെന്ന് പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ബി) ഈടാക്കിയ പിഴ തുക, ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് ചുമത്തിയിട്ടുള്ളതെന്ന് ഓരോ വകുപ്പിനും ഈടാക്കിയ പിഴ തുകയുടെ കണക്കുകൾ പോലീസ് സ്റ്റേഷൻ തിരിച്ച് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

**പുതിയ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ**

161 (175) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കോസ്റ്റൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ, വിശദീകരിക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് അവ സ്ഥാപിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഇതിനാവശ്യമായ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട്ട് ഗ്രാമപഞ്ചായത്തിൽ കോസ്റ്റൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് 6 തീരദേശ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുമതി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ആലപ്പുഴ ജില്ലയിലെ വലിയഴീക്കലിൽ തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അനുമതിക്കായി ഒരു വിശദമായ പ്രൊപ്പോസൽ കേരള സർക്കാരിൽനിന്നും 13-8-2015-ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലേക്ക് നൽകിയിട്ടുള്ളതാകുന്നു.

വലിയഴീക്കൽ തീരദേശ പോലീസ് സ്റ്റേഷൻ കൂടി ഉൾപ്പെടുത്തി ആകെ 7 തീരദേശ പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനായുള്ള വിശദമായ പ്രൊപ്പോസൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 1. താനൂർ, മലപ്പുറം ജില്ല.

2. വലപ്പാട്, തൃശ്ശൂർ ജില്ല.

3. തൃക്കുന്നപ്പുഴ, ആലപ്പുഴ ജില്ല.

4. ആലപ്പുഴ കടപ്പുറം, ആലപ്പുഴ.

5. ഇരവിപുരം, കൊല്ലം ജില്ല.

6. തുമ്പ, തിരുവനന്തപുരം ജില്ല.

7. വലിയഴീക്കൽ, ആലപ്പുഴ ജില്ല.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ തീരദേശ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് തീരദേശ സുരക്ഷ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പൊലീസിൽനിന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സ്മാർട്ട് പോലീസ് സ്റ്റേഷൻ

162 (176) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് പോലീസ് സ്റ്റേഷൻ ആക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് പോലീസ് സ്റ്റേഷൻ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) മാവേലിക്കര പോലീസ് സ്റ്റേഷൻ സ്മാർട്ട് പോലീസ് സ്റ്റേഷൻ ആക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ 50 പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ ആക്കുന്നതിന് 250 ലക്ഷം രൂപയും, 2019-20 സാമ്പത്തിക വർഷത്തിൽ 50 പോലീസ് സ്റ്റേഷനുകൾക്കായി 500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ ആക്കുന്നതിന് 2018-19 വാർഷിക പദ്ധതിക്ക് വേണ്ടി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി&സി) 2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര പോലീസ് സ്റ്റേഷൻ സ്മാർട്ട് പോലീസ് സ്റ്റേഷനാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## പനമരം തൊണ്ടർനാട് പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം

163 (177) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പനമരം, തൊണ്ടർനാട് പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ&ബി) 14-11-2018-ലെ സ.ഉ.(സാധാ)നമ്പർ 3328/2018/ആഭ്യന്തരം പ്രകാരം 2018-19 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ പനമരം, തൊണ്ടർനാട് എന്നീ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിട നിർമ്മാണത്തിനായുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഗഡുവായി യഥാക്രമം 31.326 ലക്ഷം രൂപയും, 19.816 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് M/s.Habitat എന്ന കൺസ്ട്രക്ഷൻ കമ്പനിക്ക് കരാർ നൽകിയിട്ടുണ്ട്.

## വേങ്ങര പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

164 (178) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; സ്ഥലം കൈമാറിക്കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇവിടെ പുതിയ കെട്ടിടം പണിയുവാൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എത്ര നാൾ കൊണ്ട് സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റുവാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) ഹൈക്കോടതി വിധിപ്രകാരം വാടകക്കെട്ടിടം ഒഴിഞ്ഞുകൊടുക്കേണ്ടി വന്ന സാഹചര്യം മനസ്സിലാക്കി കെട്ടിടനിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ വേങ്ങര വില്ലേജ് റീ സർവ്വേ നമ്പർ 326-1ലെ 50 സെന്റിൽ 25 സെന്റ് ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തുകയും പ്രസ്തുത ഭൂമി കൈമാറാൻ മൃഗസംരക്ഷണ വകുപ്പിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് റവന്യൂ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ അധികൃതരുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുനൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ടി സ്ഥലം പോലീസ് വകുപ്പിലേയ്ക്ക് കൈമാറി കിട്ടുന്ന മുറയ്ക്ക് ആയതിന്റെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിലവിൽ വേങ്ങര പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന വാടക കെട്ടിടം സമയബന്ധിതമായി ഒഴിഞ്ഞുകൊടുക്കേണ്ടതുള്ളതിനാലും വേങ്ങര പോലീസ് സ്റ്റേഷൻ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

## പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

165 (179) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് ആഭ്യന്തര വകുപ്പിന് ലഭ്യമാക്കിയ 50 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ പരിയാരം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിച്ച 1,81,80,000 (ഒരു കോടി എൺപത്തിയൊന്നുലക്ഷത്തി എൺപതിനായിരം) രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## പോലീസ് സ്റ്റേഷൻ ആക്രമണ കേസ്സുകൾ

166 (180) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 ഏപ്രിൽ 30 വരെ എത്ര പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) ഏതെല്ലാം പോലീസ് സ്റ്റേഷനുകളാണ് ഇത്തരത്തിൽ ആക്രമിക്കപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആക്രമണങ്ങൾക്കുള്ള കാരണങ്ങൾ എന്തായിരുന്നു എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ആക്രമണങ്ങൾക്കിടെ എത്ര പോലീസുകാർ ആക്രമിക്കപ്പെട്ടു എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ആക്രമണങ്ങൾ സംബന്ധിച്ച എത്ര കേസ്സുകൾ പിൻവലിക്കപ്പെട്ടു; പ്രസ്തുത കാലയളവിൽ പോലീസ് സ്റ്റേഷനുകൾ ആക്രമിച്ച ഏതൊക്കെ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട എത്രപേരെ മോചിപ്പിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 11 പോലീസ് സ്റ്റേഷനുകൾ.

(ബി - ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ഇക്കാര്യത്തിൽ രജിസ്റ്റർ ചെയ്ത കേസുകൾ ഒന്നുംതന്നെ പിൻവലിച്ചിട്ടില്ല. വെള്ളറട പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലുണ്ടായിരുന്ന ഒരാളെ മോചിപ്പിച്ചിട്ടുണ്ട്.

## പനവൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ

167 (181) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പനവൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശയുടെ നിലവിലെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) വാമനപുരം നിയോജകമണ്ഡലത്തിൽ പനവൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിക്കുകയുണ്ടായി. നിലവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും മുൻ സർക്കാരിന്റെ അവസാനകാലത്ത് പ്രഖ്യാപിച്ച് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാത്തതുമായ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് പരിഗണന നൽകിയിട്ടുള്ളത്.

**കോതമംഗലം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

168 (182) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം പോലീസ് സ്റ്റേഷൻ 1978-ൽ നിർമ്മിച്ച പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാല് പഞ്ചായത്തും, മുൻസിപ്പാലിറ്റിയും പരിധിയിൽ വരുന്ന ഈ പോലീസ് സ്റ്റേഷനിൽ തന്നെയാണ് ട്രാഫിക്ക് യൂണിറ്റും പ്രവർത്തിച്ചുവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വളരെ കാലപ്പഴക്കം ചെന്ന പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് ബലക്ഷയം സംഭവിക്കുകയും, ചോർച്ച അടക്കമുള്ള പ്രശ്നങ്ങൾ നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ കോതമംഗലത്ത് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**വർക്കല താലൂക്ക് കേന്ദ്രീകരിച്ച് ഡി.വൈ.എസ്.പി. ഓഫീസ്**

169 (183) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്ക് കേന്ദ്രീകരിച്ച് ഒരു ഡി.വൈ.എസ്.പി. ഓഫീസ് രൂപീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ടൂറിസം മേഖലയായ വർക്കലയിൽ ഡി.വൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്താകെ പുതിയ ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഈ കാര്യവും പരിശോധിക്കാവുന്നതാണ്.

**കോതമംഗലം സ്മാർട്ട് പോലീസ് സ്റ്റേഷൻ**

170 (184) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളാണ് സ്മാർട്ട് പോലീസ് സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) കോതമംഗലം പോലീസ് സ്റ്റേഷൻ സ്മാർട്ട് പോലീസ് സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) സ്മാർട്ട് പോലീസ് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി കോതമംഗലം പോലീസ് സ്റ്റേഷനിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) സ്മാർട്ട് പോലീസ് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി കോതമംഗലം പോലീസ് സ്റ്റേഷനിൽ പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) കോതമംഗലം പോലീസ് സ്റ്റേഷൻ പൂർണ്ണമായും സ്മാർട്ട് പോലീസ് സ്റ്റേഷൻ ആക്കുന്ന പദ്ധതിയുടെ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) കോതമംഗലം പോലീസ് സ്റ്റേഷൻ ഉൾപ്പെടെ എറണാകുളം ജില്ലയിൽ എറണാകുളം സൗത്ത്, ഹിൽ പാലസ്, തൃക്കാക്കര, കളമശ്ശേരി, മട്ടാഞ്ചേരി ഹാർബർ, നോർത്ത് പറവൂർ, ഞാറക്കൽ എന്നീ പോലീസ് സ്റ്റേഷനുകളാണ് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് പോലീസ് സ്റ്റേഷനാക്കുന്നതിന് 5 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുള്ളത്.

(സി) സന്ദർശക മുറിയിലേക്ക് ഒരു LED TV-യും, Alcometer-1, Vehicle Mounded Camera എന്നിവ കൂടാതെ ഓഫീസ് ആവശ്യത്തിലേയ്ക്കായി Desktop-1, Photocopier-1, Scanner, Printer എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി & ഇ) നിലവിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതും ആയതിൽ പോലീസ് സ്റ്റേഷൻ പെയിന്റിംഗ് പൂർത്തിയാക്കാനുള്ളതും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

## മണപ്പള്ളി പോലീസ് ഔട്ട് പോസ്റ്റ്

171 (185) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മണപ്പള്ളി പോലീസ് ഔട്ട് പോസ്റ്റിൽ പരാതികൾ സ്വീകരിക്കുന്നതിനും ആയത് അന്വേഷിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇവിടെ വാഹനം അനുവദിച്ചിട്ടുണ്ടോ; എത്ര ജീവനക്കാർക്ക് ഇവിടെ ദിവസവും ചുമതല നൽകുന്നുണ്ടെന്ന് വിശദീകരിക്കുമോ;

(സി) മണപ്പള്ളി, പാവുമ്പ, കുതിരപ്പന്തി പ്രദേശങ്ങളിൽ ക്രമസമാധാന പ്രശ്നങ്ങളുണ്ടാകുമ്പോൾ പോലീസിന് സ്ഥലത്ത് എത്തിച്ചേരുന്നതിനുള്ള കാലതാമസവും പ്രദേശത്ത് അടിക്കടിയുണ്ടാകുന്ന ക്രമസമാധാനപ്രശ്നങ്ങളും കണക്കിലെടുത്ത് ഇവിടെ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ മണപ്പള്ളിയിൽ പോലീസ് ഔട്ട് പോസ്റ്റ് പ്രവർത്തിക്കുന്നില്ല. ഈ പ്രദേശത്തിന് സമീപം തഴവ എന്ന സ്ഥലത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത എയ്ഡ് പോസ്റ്റിൽ ലഭിക്കുന്ന പരാതികൾ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ അയച്ച് നൽകുകയും ടി എയ്ഡ് പോസ്റ്റിൽ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ അന്വേഷണം നടത്തി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് സമർപ്പിക്കുന്നു.

(ബി) വാഹനം അനുവദിച്ചിട്ടുണ്ട്. കരുനാഗപ്പള്ളി, ഓച്ചിറ എന്നീ പോലീസ് സ്റ്റേഷനുകളിൽനിന്നും രണ്ട് വീതം പോലീസ് ഉദ്യോഗസ്ഥരെ ഒന്നിടവിട്ട് ദിവസങ്ങളിൽ ഡ്യൂട്ടിക്ക് നിയോഗിച്ചുവരുന്നു.

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതും അനുമതി നൽകിയതുമായ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്.

## പൊൻമുടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

172 (186) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണപുരോഗതി അറിയിക്കാമോ;

(ബി) എത്ര ദിവസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്താൻ കഴിയും എന്നറിയിക്കാമോ;

(സി) കെട്ടിടത്തിന്റെ നിർമ്മാണ ചുമതല ആരെയാണ് ഏല്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പൊൻമുടി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 2018-19 പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയുമാണ്. ഏകദേശം 10 മാസം കൊണ്ട് പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) തിരുവനന്തപുരത്തെ Habitat Technology Group-നെയാണ് കെട്ടിട നിർമ്മാണ ചുമതല ഏർപ്പിച്ചിരിക്കുന്നത്.

## കാട്ടാക്കട കേന്ദ്രീകരിച്ച് ഡി.വൈ.എസ്.പി. ഓഫീസ്

173 (187) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കേന്ദ്രീകരിച്ച് ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്താകെ പുതിയ സബ് ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ പരിഗണിക്കുന്നമുറയ്ക്ക് ഈ ആവശ്യവും പരിശോധിക്കാവുന്നതാണ്.

## എടവനക്കാട് പോലീസ് സ്റ്റേഷൻ

174 (188) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതയേറിയ വൈപ്പിനിൽ ക്രമസമാധാന പരിപാലനത്തിനായി ആകെ രണ്ട് പോലീസ് സ്റ്റേഷനുകളാണ് ഉള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിലുള്ള ഞാറക്കൽ, മുനമ്പം എസ്.എച്ച്.ഒ.-മാരുടെ അധികാര പരിധി പുനർനിശ്ചയിക്കുന്നതിനും എടവനക്കാട് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതും അനുമതി നൽകിയതുമായ പോലീസ് സ്റ്റേഷനുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്.

**പൊൻകുന്നം പോലീസ് സ്റ്റേഷൻ**

175 (189) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻകുന്നം പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന 150 സെന്റ് സ്ഥലത്തിൽ എത്രഭാഗം നിലവിൽ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ശോചനീയാവസ്ഥയിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ് പുതുക്കി പണിയുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി തയാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് ക്വാർട്ടേഴ്സ് കോംപ്ലക്സ്, പരേഡ് ഗ്രൗണ്ട് എന്നിവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പൊൻകുന്നത്ത് ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ 15 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് വിട്ടുനൽകുവാൻ അനുമതി നൽകുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊൻകുന്നം പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന 150 സെന്റ് സ്ഥലത്തിൽ ഏകദേശം 100 സെന്റ് സ്ഥലത്ത് പൊൻകുന്നം പോലീസ് സ്റ്റേഷൻ, ഡി.വൈ.എസ്.പി. ഓഫീസ്, ക്വാർട്ടേഴ്സ് എന്നിവ പ്രവർത്തിച്ചുവരുന്നു.

(ബി & സി) പൊൻകുന്നത്ത് പോലീസ് ക്വാർട്ടേഴ്സ് ആരംഭിക്കുന്നതിനുവേണ്ടി ഫണ്ടും ഭരണാനുമതിയും അനുവദിക്കുന്നതിനായി കോട്ടയം ജില്ലാ പോലീസ് മേധാവിയിൽനിന്നും പ്രൊപ്പോസൽ പോലീസ് ആസ്ഥാനത്ത് ലഭ്യമാക്കിയിട്ടുള്ളതും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ബാക്കിയുള്ള സ്ഥലത്ത് പോലീസ് പരേഡ് ഗ്രൗണ്ട് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പൊൻകുന്നം പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന 150 സെന്റ് സ്ഥലത്ത് പൊൻകുന്നം പോലീസ് സ്റ്റേഷൻ, ഡി.വൈ.എസ്.പി. ഓഫീസ്, ക്വാർട്ടേഴ്സ് എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥലം മുഴുവനും പോലീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്.

## കറുകച്ചാൽ പോലീസ് സ്റ്റേഷന്റെ സ്ഥലം

176 (190) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകച്ചാൽ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന 132.5 സെന്റ് സ്ഥലത്തിന്റെ എത്രഭാഗം നിലവിൽ ഉപയോഗിക്കുന്നുണ്ട്;

(ബി) കാട്ടുകയറി നശിച്ച സ്റ്റാഫ് ക്വാർട്ടേഴ്സ് പുതുക്കി പണിയുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സ്ഥലത്ത് ചെറു ക്വാർട്ടേഴ്സുകൾ പണിയുന്നതിന് പകരം ക്വാർട്ടേഴ്സ് കോംപ്ലക്സ് പണിയുന്നതിനും ബാക്കിയുള്ള സ്ഥലത്ത് പരേഡ് ഗ്രൗണ്ട് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സ്ഥലത്ത് ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 15 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവീസസ് വകുപ്പിന് വിട്ടുനൽകുമോയെന്നറിയിക്കാമോ?

ഉത്തരം

(എ) കറുകച്ചാൽ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന 132.5 സെന്റ് സ്ഥലം മുഴുവനും നിലവിൽ ഉപയോഗിച്ച് വരികയാണ്. ടി സ്ഥലത്ത് കറുകച്ചാൽ പോലീസ് സ്റ്റേഷനും പോലീസ് ക്വാർട്ടേഴ്സും പ്രവർത്തിച്ചുവരുന്നു.

(ബി) കാട്ടുകയറി നശിച്ച ക്വാർട്ടേഴ്സുകൾ പുതുക്കി പണിയുന്നത് സംബന്ധിച്ച് കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽനിന്ന് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് :

കാട്ടുകയറി നശിച്ച ക്വാർട്ടേഴ്സുകൾ ലേലം ചെയ്ത് മാറ്റുന്നതിന് ആവശ്യമായ സർവ്വേ റിപ്പോർട്ട് തയ്യാറാക്കുവാൻ പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ലേലം ചെയ്തു മാറ്റുന്നതിനനുസരിച്ച് ഈ ഭാഗത്ത് പുതിയ ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എം.ഡി., കെ.പി.എച്ച്.സി.സി.-യ്ക്ക് 30-11-2018 ൽ കത്ത് നൽകിയിട്ടുണ്ട്.

ഈ ഭാഗത്ത് സ്ഥിതി ചെയ്യുന്ന 5 പോലീസ് ക്വാർട്ടേഴ്സുകളുടെ (B1-B5) അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പി.ഡബ്ല്യു.ഡി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനും ബാക്കിയുള്ള സ്ഥലത്ത് പോലീസ് പരേഡ് ഗ്രൗണ്ട് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കറുകച്ചാൽ പോലീസ് സ്റ്റേഷൻ വകയായുള്ള 132.5 സെന്റ് സ്ഥലത്ത് പോലീസ് സ്റ്റേഷൻ, കറുകച്ചാൽ, മണിമല, പാമ്പാടി, വാകത്താനം തുടങ്ങിയ സമീപ പ്രദേശത്തുള്ള സേനാംഗങ്ങൾക്ക് താമസിക്കുവാനുള്ള ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്നതിനാലും ബാക്കിയുള്ള സ്ഥലത്ത് ഫ്ലാറ്റ് സമുച്ചയവും പരേഡ് ഗ്രൗണ്ടും പണിയുന്നതിനും കൂടാതെ ചങ്ങനാശ്ശേരി സബ് ഡിവിഷനിലെ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിന് ഒരു ഡംബിംഗ് യൂണിറ്റ് ടി സ്ഥലത്ത് നിർമ്മിക്കുവാൻ ആലോചിക്കുന്നതിനാലും കറുകച്ചാൽ പോലീസ് സ്റ്റേഷൻ പരിസരത്ത് നിലവിലുള്ള സ്ഥലം തികയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ആയതിനാൽ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് വകുപ്പിന് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്ഥലം വിട്ട് നൽകാൻ കഴിയാത്ത അവസ്ഥയാണ് ഉള്ളത്.

## കറുകച്ചാൽ പോലീസ് സ്റ്റേഷനിലേയ്ക്ക് കൂടുതൽ നിയമനം

177 (191) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ 2011 മുതൽ 2018 വരെയുള്ള കാലയളവിൽ പ്രതിവർഷം രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുന്ന കേസുകൾ വർദ്ധിക്കുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) എങ്കിൽ അത് കൈകാര്യം ചെയ്യുന്നതിനാവശ്യമായ പോലീസ് ഉദ്യോഗസ്ഥർ നിലവിൽ അവിടെയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത പോലീസ് സ്റ്റേഷനിലേയ്ക്ക് പുതിയ തസ്തികകൾ അനുവദിച്ച് കൂടുതൽ പോലീസുകാരെ നിയമിക്കുവാൻ അനുമതി നൽകുമോയെന്നറിയിക്കാമോ?

ഉത്തരം

(എ) കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ 2011 മുതൽ 2018 വരെയുള്ള കാലയളവിൽ പ്രതിവർഷം രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. *

(ബി) കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ 2011 വർഷത്തിൽ രജിസ്റ്റർ ചെയ്ത കേസുകളുമായി താരതമ്യം ചെയ്യുമ്പോൾ തുടർന്നുള്ള വർഷങ്ങളിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) പ്രസ്തുത സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസറായി സർക്കിൾ ഇൻസ്പെക്ടറെ നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. അതുവഴി കൂടുതൽ അനുഭവപരിചയമുള്ള മുതിർന്ന ഓഫീസറുടെ സേവനം ലഭ്യമാകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## തിരൂരങ്ങാടി ആസ്ഥാനമായി ഡിവൈ.എസ്.പി. ഓഫീസും ട്രാഫിക് യൂണിറ്റും

178 (192) ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടിയിൽ പുതിയ ഡി. വൈ. എസ്. പി. ഓഫീസും ട്രാഫിക് യൂണിറ്റും ആരംഭിക്കുന്നതിനായി സ്ഥലം എം. എൽ. എ. നൽകിയിരുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനം പൊതുജനങ്ങൾക്ക് എന്നത്തേക്ക് ലഭ്യമാക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്താകെ പുതിയ പോലീസ് സബ് ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരികയാണ്.

തിരൂരങ്ങാടി പോലീസ് സ്റ്റേഷന്റെ പരിധിയിലുള്ള ചെമ്മനാട് ടൗണിൽ ഒരു ട്രാഫിക് ഇൻഫോഴ്സ്മെന്റ് യൂണിറ്റ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ട്രാഫിക് നിയന്ത്രണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ മലപ്പുറം ജില്ലാ പോലീസ് മേധാവിയോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

## വാടാനപ്പള്ളി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

179 (193) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി തൃശ്ശൂർ-വാടാനപ്പള്ളി സംസ്ഥാന പാതയുടെ സമീപത്തായി വിട്ടുകിട്ടിയ സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനായി എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ നിലവിൽ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നതിനാൽ പുതിയ കെട്ടിടം നിർമ്മിച്ച് അതിലേയ്ക്ക് മാറുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി തൃശ്ശൂർ വാടാനപ്പള്ളി സംസ്ഥാനപാതയുടെ സമീപത്തായി 6.07 ആർ (15 സെന്റ്) സ്ഥലമാണ് പോലീസ് വകുപ്പിലേക്ക് കൈമാറ്റം ചെയ്ത് കിട്ടിയിട്ടുള്ളത്.

(ബി) പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മണ്ണ് പരിശോധന നടത്തിയിട്ടുള്ളതും, പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് അസി.എഞ്ചിനീയർ പി.ഡബ്ല്യു.ഡി. ചാവക്കാടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

(സി) സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

**ചെങ്ങന്നൂർ മണ്ഡലത്തിൽ വനിതാ പോലീസ് സ്റ്റേഷൻ**

180 (194) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഒരു വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് നിലവിൽ 10 വനിതാ പോലീസ് സ്റ്റേഷനുകളുണ്ട്. 2019-20-ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം, ഇപ്പോൾ വനിതാ പോലീസ് സ്റ്റേഷനുകളില്ലാത്ത നാല് റവന്യൂ ജില്ലകളിലെ (പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ്) വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

**ചാലക്കുടിയിലെ പോലീസ് ഓഫീസുകൾക്കായി കെട്ടിട സമുച്ചയം**

181 (195) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ വിവിധ പോലീസ് ഓഫീസുകൾ ഒരു കുടക്കീഴിലാക്കി പ്രവർത്തിക്കുന്നതിനായി ഒരു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പരിഗണിച്ച് അനുമതിയും ഫണ്ടും അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നറിയിക്കുമോ?

ഉത്തരം

(എ) ചാലക്കുടിയിലെ വിവിധ സ്ഥലങ്ങളിൽ/കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന പോലീസ് ഓഫീസുകൾ പഴയ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ഒരു കെട്ടിട സമുച്ചയത്തിലാക്കി നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഴയ കെട്ടിടങ്ങൾ പൊളിച്ച് നീക്കി പുതിയ കെട്ടിട സമുച്ചയം പണിയുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാൻ കെ.പി.എച്ച്.സി.സി.-യോട് സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിട്ടുണ്ട്.

**കരീലക്കുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

182 (196) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കരീലക്കുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണത്തിനായി ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ വിട്ടുനൽകിയ 25 സെന്റ് സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി KPHCC 1,53,46,000 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതും തുടർനടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ച് വരികയുമാണ്.

**ചെങ്ങന്നൂരിലെ പോലീസ് ക്വാർട്ടേഴ്സ്**

183 (197) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിലെ പോലീസ് ക്വാർട്ടേഴ്സ് താമസയോഗ്യമാക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(ബി) ക്വാർട്ടേഴ്സിൽ വെള്ളവും വൈദ്യുതിയും ലഭിക്കാത്തതിന്റെ കാരണം അറിയിക്കുമോ;

(സി) പ്രസ്തുത ക്വാർട്ടേഴ്സുകൾ എന്ന് താമസയോഗ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂരിലെ പോലീസ് ക്വാർട്ടേഴ്സിന് വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ ലഭിക്കാത്തതിനാലാണ് താമസയോഗ്യമല്ലാതിരുന്നത്.

(ബി) ക്വാർട്ടേഴ്സിൽ വൈദ്യുതി കണക്ഷനുവേണ്ടി 78,636 രൂപ കെ.എസ്.ഇ.ബി.-ക്ക് സർവ്വീസ് ചാർജ്ജായി 24-12-2018 ൽ അടയ്ക്കുകയും തുടർന്ന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളതുമാണ്. ക്വാർട്ടേഴ്സിൽ കുഴൽക്കിണർ നിർമ്മാണത്തിന് മുന്നോടിയായി ഉള്ള സർവ്വേ ഫീസായി 3,680 രൂപ കേരള സംസ്ഥാന ഭൂജല വകുപ്പിൽ ആലപ്പുഴ ജില്ലാ ഓഫീസർക്ക് അടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ജല ലഭ്യതക്കുറവ് പരിഹരിച്ചാൽ ഉടനടി ക്വാർട്ടേഴ്സുകൾ താമസയോഗ്യമാക്കുവാൻ സാധിക്കുന്നതാണ്.

**തേഞ്ഞിപ്പലത്തെ പോലീസ് സ്റ്റേഷനും ഫയർ സ്റ്റേഷനും**

184 (198) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പലം പോലീസ് സ്റ്റേഷന് സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ ഉടമസ്ഥാവകാശം സർവ്വകലാശാലക്കുതന്നെ നിലനിർത്തിക്കൊണ്ട് സർവ്വകലാശാലയുടെ സ്ഥലത്ത് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുന്നതിന് കാലിക്കറ്റ് സർവ്വകലാശാല സന്നദ്ധമാണെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; കെട്ടിടം പണിയുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പലം കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് കാലിക്കറ്റ് സർവ്വകലാശാല സ്ഥലം നൽകാമെന്ന് സമ്മതിച്ചുനൽകിയ കത്തിന്റെ പകർപ്പ് സഹിതം ഈ ആവശ്യത്തിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) തേഞ്ഞിപ്പലം പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് സർവ്വകലാശാലയുടെ സ്ഥലം ലഭിക്കുന്നതിനായി മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽനിന്നും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം സർവ്വകലാശാലയ്ക്കുതന്നെ നിലനിർത്തിക്കൊണ്ട് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് സർവ്വകലാശാലയുടെ അനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ

ആവശ്യത്തിലേക്ക് എത്ര സെന്റ് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും ഭൂമിയുടെ സൈറ്റ് പ്ലാൻ, സർവ്വേ/റീ സർവ്വേ നമ്പരുകൾ എന്നിവ കെട്ടിട നിർമ്മാണത്തിന് മുമ്പ് അത്യന്താപേക്ഷിതമായതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി കാലിക്കറ്റ് സർവ്വകലാശാല രജിസ്ട്രാർക്ക് മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽനിന്നും കത്ത് നൽകിയിട്ടുണ്ട്.

(ബി) തിരൂരങ്ങാടി താലൂക്കിൽ, പുത്തൂർ, പള്ളിക്കൽ തേഞ്ഞിപ്പലം എന്നീ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന കാലിക്കറ്റ് സർവ്വകലാശാല കോമ്പൗണ്ടിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സർവ്വകലാശാലയിൽ നിലനിർത്തിക്കൊണ്ട് ഫയർ & റെസ്ക്യൂ സ്റ്റേഷന് കെട്ടിടം പണിയുന്നതിന് സർവ്വകലാശാല അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിനായി എത്ര സെന്റ് സ്ഥലം വിട്ട് നൽകുമെന്ന് വ്യക്തമാക്കിയിട്ടില്ല. ടി വിവരങ്ങൾ അറിയിക്കുന്നതിന് സർവ്വകലാശാല രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് എയ്ഡ് പോസ്റ്റ്**

185 (199) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിരിക്കുന്ന പോലീസ് എയ്ഡ് പോസ്റ്റിൽ സ്ഥിരമായി പോലീസിനെ ഡ്യൂട്ടിക്ക് നിയോഗിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഓരോ മാസവും എത്ര ദിവസമാണ് പോലീസിന്റെ സേവനം ലഭിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ മൊബൈൽ മോഷണവുമായി ബന്ധപ്പെട്ട് 2019 ജനുവരി 25-ന് സൂപ്രണ്ട് നൽകിയ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ മൊബൈൽ മോഷണവുമായി ബന്ധപ്പെട്ട് ആശുപത്രിയിലെ സി.സി.ടി.വി. ദൃശ്യങ്ങളിൽ ലഭിച്ച പ്രതിയുടെ വിവരം നെയ്യാറ്റിൻകര പോലീസിന് ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള പോലീസ് എയ്ഡ് പോസ്റ്റിൽ എല്ലാ ദിവസവും ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നുണ്ട്.

(ബി) മൊബൈൽ മോഷണവുമായി ബന്ധപ്പെട്ട് ആശുപത്രി സൂപ്രണ്ടിൽ നിന്നും പരാതി പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ല. 24-1-2019-ൽ സെയ്ദാലി, പ്ലാവിളാകത്തുവീട്, വടക്കേവിള, ബാലരാമപുരം എന്ന ആൾ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ടിയാന്റെ ബന്ധു റംലാബീവിയുടെ മൊബൈലും മറ്റു ചില റെക്കാഡുകളും നഷ്ടപ്പെട്ടതായി കാണിച്ച് പരാതി നൽകിയിട്ടുള്ളതും ആയതിന്മേൽ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) സെയ്ദാലി നൽകിയ പരാതിയുടെ അന്വേഷണവുമായി ബന്ധപ്പെട്ട് ആശുപത്രിയിലെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ച് സംശയാസ്പദമായി കാണപ്പെട്ട വ്യക്തിയെപ്പറ്റി അന്വേഷണം നടത്തിയതിൽ തിരിച്ചറിയാൻ സാധിച്ചിട്ടില്ലാത്തതും അന്വേഷണം തുടർന്നുവരുന്നതുമാണ്.

## കൊല്ലം റൂറൽ പോലീസ് ആസ്ഥാനമന്ദിര നിർമ്മാണം

186 (200) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനമന്ദിരത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത നിർമ്മാണത്തിനായി കരാർ നൽകിയിരിക്കുന്നവരുടെ വിശദാംശങ്ങൾ നൽകുമോ;

(സി) കരാറിൽ ഏർപ്പെട്ടത് എന്നാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

### ഉത്തരം

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

ഗ്രൗണ്ട് ഫ്ളോർ കോളം വർക്ക്, റൂഫ് സ്ലാബ് 60% വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

ഫസ്റ്റ് ഫ്ളോർ കോളം വർക്കും ഗ്രൗണ്ട് ഫ്ളോർ റൂഫ് സ്ലാബ് ഫ്രണ്ട് പോർഷൻ വർക്കും നടന്നുകൊണ്ടിരിക്കുന്നു.

(ബി) KPHCC-ക്കാണ് പ്രസ്തുത നിർമ്മാണക്കരാർ നൽകിയിട്ടുള്ളത്. കെ.പി.എച്ച്.സി.സി., അബ്ദു സലാം. എം., Nishanth, T.C.2/453(4), P.T. Chacko Nagar, Medical College P.O, Tvpm എന്ന കോൺട്രാക്ടർക്കാണ് നിർമ്മാണകരാർ നൽകിയിട്ടുള്ളത്.

(സി) ചെയർമാൻ &എം.ഡി., കെ.പി.എച്ച്.സി.സി. യും കോൺട്രാക്ടറുമായി 24-9-2018-ലെ 204/18-19 നമ്പർ പ്രകാരമാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. നിർമ്മാണ പ്രവർത്തനം തുടങ്ങുന്ന തീയതി മുതൽ 18 മാസത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിലാണ് കെ.പി.എച്ച്.സി.സി. കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്.

(ഡി) പത്ത് മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**താനൂർ തീരദേശ മേഖലയിലെ ആക്രമണങ്ങൾ**

187 (202) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ തീരദേശ മേഖലയിൽ വർഷങ്ങളായി ഉണ്ടാകുന്ന ആക്രമണങ്ങളിൽ പ്രതിയായവർക്ക് എതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തുടർച്ചയായി ഉണ്ടാകുന്ന ആക്രമണങ്ങൾ അമർച്ച ചെയ്യുന്നതിന് അന്വേഷണം ലോക്കൽ പോലീസിൽനിന്ന് മാറ്റി മറ്റേതെങ്കിലും ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) ആക്രമണങ്ങൾ അമർച്ച ചെയ്യുന്നതിന് വീഴ്ചവരുത്തുന്ന പോലീസുകാർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) താനൂർ തീരദേശ മേഖലയിൽ വർഷങ്ങളായി ഉണ്ടാകുന്ന അക്രമ സംഭവങ്ങളെ തുടർന്ന് 2016 മുതൽ 150-ഓളം രാഷ്ട്രീയ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് അന്വേഷിക്കുന്നതിനായി ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് നിഷ്പക്ഷമായും കുറ്റമറ്റതുമായ അന്വേഷണം നടത്തി പ്രതികളെ കണ്ടുപിടിച്ച് ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും 650-ഓളം പ്രതികളുടെ പേരിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്.

നിരന്തരം അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പ്രതികൾക്കെതിരെ CRPC 107 പ്രകാരം റിപ്പോർട്ട് തയ്യാറാക്കി സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും 50 പ്രതികളുടെ പേരിൽ റൗഡി ഹിസ്റ്ററി ഷീറ്റ് തുടങ്ങിയിട്ടുള്ളതുമാണ്.

(ബി) താനൂർ പോലീസ് സ്റ്റേഷൻ ക്രൈം.നമ്പർ 405/17, 190/18, 63/18, 84/19 എന്നീ കേസ്സുകളുടെ അന്വേഷണം ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.

(സി) പോലീസ് ഈ കാര്യത്തിൽ വീഴ്ചവരുത്തിയതായി കണ്ടെത്തിയിട്ടില്ല.

**തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ആക്രമണം**

188 (203) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ആക്രമണ കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഈ കേസിൽ ഇതിനകം എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും അവർ ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ;

(സി) ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) ഈ കേസിൽ ഇരുപത്തിയഞ്ചോളം പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. അവർ യുവജന സംഘടനാ പ്രവർത്തകരാണ്.

(സി) മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം.186/2019 U/s 143, 147, 149, 283, 353 IPC & Sec.3 of PDPP Act പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥിനിയുടെ ആത്മഹത്യാശ്രമം**

189 (204) ശ്രീ.കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഓരോ വർഷവും അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളിൽ എട്ടിലൊന്ന് എന്ന കണക്കിൽ

പഠനാന്തരീക്ഷം അനുയോജ്യമല്ല എന്ന് കണ്ട് മറ്റ് കോളേജുകളിലേക്ക് മാറിപ്പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ അന്വേഷണം നടത്തി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അടുത്ത കാലത്ത് സഹപാഠികളുടെ ഭീഷണിമൂലം വിദ്യാർത്ഥിനി ആത്മഹത്യക്ക് ശ്രമിച്ച സംഭവത്തിൽ പോലീസിന്റെ നിഷ്പക്ഷമായ അന്വേഷണം നടക്കുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ; ഇതിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. കേരള യൂണിവേഴ്സിറ്റി ഓൺലൈൻ പ്രകാരം നടത്തുന്ന അഡ്മിഷനിൽ ഹയർ ഓപ്ഷൻ മറ്റു കോളേജുകളിൽ സ്വീകരിച്ചിട്ടുള്ള വിദ്യാർത്ഥികൾ മാറി പോവുകയും, ആ സ്ഥാനത്ത് യൂണിവേഴ്സിറ്റി അലോട്ട് ചെയ്യുന്ന പുതിയ വിദ്യാർത്ഥികൾ അഡ്മിഷൻ എടുക്കുകയുമാണ്. പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള മറ്റു കോഴ്സുകളിൽ അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥികളും റ്റി.സി. വാങ്ങി പോകുന്നുണ്ട്. കോഴ്സിനിടെ കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം നാമമാത്രമാണ്. NAAC അക്രഡിറ്റേഷന് വേണ്ടി തയ്യാറാക്കിയ കണക്കുകൾ പ്രകാരം 2017-18 അദ്ധ്യയന വർഷത്തിൽ കൊഴിഞ്ഞ് പോക്ക് 4.7% മാത്രമാണ്. ഇതിൽ തന്നെ മിക്ക കുട്ടികളും ഗാർഹികമായ കാരണങ്ങൾ കൊണ്ടും, തൊഴിൽ തേടിയും മറ്റുമാണ് കോളേജ് വിട്ടുപോകുന്നത്. മിക്ക ക്ലാസ്സുകളിലുമുള്ള കുട്ടികളുടെ എണ്ണം അനുവദിക്കപ്പെട്ടതിന് തുല്യമോ അതിനടുത്തോ ആണെന്നുതന്നെ ഇതിന് തെളിവാണ്. 17 വിഷയങ്ങളിൽ ഗവേഷണവും, 12 എം.ഫിൽ കോഴ്സുകളും നടക്കുന്ന കോളേജാണിത്. അഡ്മിഷനുള്ള വമ്പിച്ച തിരക്ക് തന്നെ ഉയർന്ന വിദ്യാഭ്യാസ നിലവാരത്തിന് ദൃഷ്ടാന്തമാണ്. അദ്ധ്യാപകരുടെ യോഗ്യത, വിദ്യാർത്ഥികളുടെ പ്രകടനം, അദ്ധ്യയന നിലവാരം ഇവയൊക്കെ പരിശോധിച്ച് NAAC അടുത്തിടെ കോളേജിന് എ ഗ്രേഡ് നല്കിയിട്ടുണ്ട്. NIRF കേരളത്തിൽ ഏറ്റവും ഉയർന്ന റാങ്ക് നല്കിയ കോളേജും ഇതാണ്. ഭൗതിക സാഹചര്യങ്ങളിലെ ചില ന്യൂനതകളൊഴികെ മറ്റെല്ലാ പഠനസൗകര്യങ്ങളും ഈ കോളേജിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാണ്.

(ബി) അത്തരം പരാതി ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

## കൊട്ടിക്കലാശവുമായി ബന്ധപ്പെട്ട് കൊണ്ടോട്ടിയിലെ പോലീസ് നടപടി

190 (205) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ പ്രചരണ കൊട്ടിക്കലാശവുമായി ബന്ധപ്പെട്ട് ഏപ്രിൽ 21-ന് കൊണ്ടോട്ടിയിൽ പോലീസിന്റെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിന് ശേഷവും കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ താമസക്കാരനായ ഒരാൾ കൊണ്ടോട്ടിയിൽ ട്രാഫിക് സബ് ഇൻസ്പെക്ടർ ആയി തുടരാനിടയായ സാഹചര്യം വിശദമാക്കാമോ;

(ഡി) കൊണ്ടോട്ടിയിൽ ഇലക്ഷൻ സമയത്തുണ്ടായിരുന്ന ട്രാഫിക് എസ്.ഐ.ക്കെതിരെ സർവ്വീസ് കാലയളവിൽ ഏതെങ്കിലും തരത്തിലുള്ള അച്ചടക്ക നടപടികൾ ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കൊണ്ടോട്ടി സ്റ്റേഷൻ പരിധിയിലെ എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും യോഗം ചേർന്ന് ലോക് സഭാ ഇലക്ഷനോടനുബന്ധിച്ചുള്ള കൊട്ടിക്കലാശം ഒഴിവാക്കാൻ ധാരണയായിരുന്നു. എന്നാൽ ഇതിന് വിരുദ്ധമായി ഒരു വിഭാഗം കൊണ്ടോട്ടി ടൗൺ കേന്ദ്രീകരിച്ച് പ്രചരണം നടത്തിയതായും ആയത് തടയാതിരുന്നുവെന്നും അതേ സമയം പുളിക്കലങ്ങാടിയിൽ വച്ച് തടഞ്ഞ് അലങ്കോലപ്പെടുത്തിയതിൽ പോലീസ് കാഴ്ചക്കാരായി നോക്കിനിന്നു എന്നും സ്ഥലത്തുണ്ടായിരുന്ന എസ്.ഐ. ശ്രീ. ജാബിർ ഇടതു പക്ഷത്തിന് കൂട്ടുനിൽക്കുന്ന രീതിയിൽ പെരുമാറിയെന്നും ബഹു. കൊണ്ടോട്ടി എം.എൽ.എ. നൽകിയ പരാതിയിൽ പരാമർശിച്ചിട്ടുണ്ട്.

(ബി) പരാതി അന്വേഷണത്തിനും അനന്തര നടപടികൾക്കുമായി മലപ്പുറം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് അയച്ചു കൊടുത്തിട്ടുണ്ട്.

(സി) എസ്.ഐ.മാരുടെ കുറവ് കണക്കിലെടുത്ത് മലപ്പുറം DCB-യിൽ അറ്റാച്ച് ചെയ്തിരുന്ന ഒരു സബ് ഇൻസ്പെക്ടറെ ഇലക്ഷനുമായി ബന്ധപ്പെട്ട് ഒരു

പ്രവർത്തിയിലും ഏർപ്പെടെരുത് എന്ന നിർദ്ദേശത്തോടുകൂടി നിയമ പരിപാലനവുമായി ബന്ധിമില്ലാത്തതും ട്രാഫിക് സംബന്ധമായ ഡ്യൂട്ടിയിൽ മാത്രം ഏർപ്പെടുന്നതിന് വേണ്ടി ടിയാനെ കൊണ്ടോട്ടി ട്രാഫിക് യൂണിറ്റിൽ എസ്.ഐ. ആയി അറ്റാച്ച് ചെയ്തിരുന്നു.

(ഡി) ഉണ്ട്. ശ്രീ. ജാബിർ പള്ളിയാലിൽ എന്ന എസ്.ഐ.യ്ക്കെതിരെ ഒരു വാച്യാന്വേഷണം നടത്തി ടിയാനെ കുറ്റവിമുക്തനാക്കിയിട്ടുള്ളതാണ്.

## ഐ.ജി. യുടെ ഔദ്യോഗിക വാഹന ദുരുപയോഗം

191 (206) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിൽ മത്സരിച്ച ബി.ജെ.പി. സ്ഥാനാർത്ഥിയുടെ വസതിക്ക് മുന്നിൽ വച്ചുനടന്ന സ്വകാര്യ ചടങ്ങിൽ പയ്യന്നൂർ മഠത്തിലെ കൃഷ്ണാനന്ദ സ്വാമിയ്ക്ക് എത്തിച്ചേരുന്നതിന് സർക്കാരിന്റെ ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിനായി സ്വാമിയോ ഏതെങ്കിലും പോലീസ് ഓഫീസർമാരോ സർക്കാരിന് അപേക്ഷ നൽകിയിരുന്നോ;

(ബി) സ്വാമി ഐ.ജി.-യുടെ വാഹനത്തിൽ പരിപാടിയിൽ പങ്കെടുക്കാനെത്തിയത് സംബന്ധിച്ച് സർക്കാരിന് അറിവുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇതേക്കുറിച്ച് അന്വേഷിച്ചിരുന്നോ;

(സി) പ്രസ്തുത പരിപാടിക്ക് ടിയാന്റെ ഔദ്യോഗിക വാഹനത്തിൽ തന്നെ സ്വാമിയെ എത്തിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിൽനിന്ന് എന്തെങ്കിലും ഫോൺസന്ദേശം ഉണ്ടായിരുന്നതായ റിപ്പോർട്ടുകൾ അന്വേഷിച്ചിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യം അന്വേഷണപരിധിയിൽ നിന്നൊഴിവാക്കിയതെന്തുകൊണ്ട് എന്നറിയിക്കാമോ ;

(ഡി) ഈ ഉദ്യോഗസ്ഥൻ മുമ്പും ഇതേ രീതിയിൽ വാഹനം ഉൾപ്പടെയുള്ള പദവി പ്രസ്തുത രാഷ്ട്രീയകക്ഷിക്കായി ദുരുപയോഗം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുമോ;

(ഇ) സ്വാമിയ്ക്ക് പ്രായാധിക്യമുള്ളതുകൊണ്ടാണ് ഔദ്യോഗിക വാഹനം ഉപയോഗിച്ചതെന്ന മറുപടി പ്രസ്തുത ഉദ്യോഗസ്ഥനിൽനിന്ന് ലഭ്യമായിട്ടുണ്ടോ; എങ്കിൽ തന്നെക്കാണാൻ വരുന്ന പ്രായാധിക്യമുള്ള മറ്റുള്ളവരെയും അവരവരുടെ സ്ഥലത്ത് കൊണ്ടുചെന്നാക്കുന്നതിന് ടിയാൻ ഔദ്യോഗിക വാഹനം വിട്ട് നൽകാറുണ്ടായിരുന്നോ; എങ്കിൽ അത് സംബന്ധിച്ച് വ്യക്തമായ തെളിവുകൾ ലഭ്യമായിരുന്നോ;

(എഫ്) പോലീസ് വകുപ്പിലെ ഉന്നതരായവർ അവരവരുടെ രാഷ്ട്രീയ ഇച്ഛയ്ക്ക് ഇത്തരം ഔദ്യോഗിക വാഹനവും പദവികളും ദുരുപയോഗം ചെയ്യുന്നത് ശരിയായ നടപടിയാണോയെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ നാളിതുവരെ എല്ലാ രീതിയിലും സ്വീകരിച്ച നടപടികൾ തീയതി സഹിതം അറിയിക്കുമോ;

(ജി) ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ടി വാഹനവും ഔദ്യോഗിക പദവിയും ബി.ജെ.പി സ്ഥാനാർഥിക്കുവേണ്ടി ദുർവിനിയോഗം നടത്തിയത് അന്വേഷണ പരിധിയിൽപ്പെടുത്തുമോ ;അന്വേഷണ റിപ്പോർട്ടിന്റെ സമയപരിധി നിഷ്ക്കർഷിച്ച് നിർദ്ദേശം നല്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇത് സംബന്ധിച്ച് റിപ്പോർട്ടുകളൊന്നും ലഭ്യമായിട്ടില്ല.

(സി) കേന്ദ്ര സർക്കാരിൽ നിന്നും അത്തരത്തിൽ ഒരു ഫോൺസന്ദേശം പോലീസ് ആസ്ഥാനത്ത് ലഭിച്ചിട്ടില്ല.

(ഡി) ഐ.ജി. യോടുള്ള വ്യക്തിപരമായ പരിചയത്തിന്റെ പേരിലാണ് ടി സ്വാമി ഐ.ജി.യെ സന്ദർശിച്ചത്. കണ്ണൂർ സ്വദേശിയായ സ്വാമി തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലേക്ക് എത്തിച്ചേരുന്നതിനുള്ള വാഹന സൗകര്യസഹായം ഐ.ജി.യോട് അഭ്യർത്ഥിച്ചതിനെ തുടർന്നാണ് ഐ.ജി.യുടെ ഔദ്യോഗിക വാഹനത്തിൽ ടിയാനെ റെയിൽവേ സ്റ്റേഷനിലേക്ക് എത്തിക്കുന്നതിനുള്ള സൗകര്യം ചെയ്തു കൊടുത്തത്.

സർക്കാർ ഉദ്യോഗസ്ഥർ വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഔദ്യോഗിക വാഹനങ്ങളോ, സർക്കാർ വാഹനങ്ങളോ ഉപയോഗിക്കുന്നതിന് സർക്കാർ നിശ്ചിത നിരക്കുകൾ നിജപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിൽ സർക്കാർ നിശ്ചയിച്ച തുക ട്രഷറിയിൽ ഒടുക്കിയാണ് ഐ.ജി. ഔദ്യോഗിക വാഹനത്തിൽ സ്വാമിയെ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചത്.

(ഇ) ഇല്ല.

(എഫ്) വാഹനം ദുരുപയോഗം ചെയ്തിട്ടില്ല.

(ജി) ബാധകമല്ല.

## എറണാകുളം എ.ഡി.എം.-ന്റെ ഫോൺ നമ്പർ ഉപയോഗിച്ച് തട്ടിപ്പ്

192 (207) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം എ.ഡി.എം.-ന്റെ ഫോൺ നമ്പർ ഉപയോഗിച്ച് സി. പി. ഐ. (എം.) കാക്കനാട് ബ്രാഞ്ച് സെക്രട്ടറി ശ്യാംകുമാർ കൊപ്പറമ്പിൽ തട്ടിപ്പ് നടത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരാണ് പരാതി നൽകിയത് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതി സമാന രീതിയിൽ കൂടുതൽ തട്ടിപ്പുകൾ നടത്തിയിട്ടുണ്ടോ എന്ന കാര്യം വിശദമായി പരിശോധിക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് ഒരു പരാതി കൊച്ചി സിറ്റി യൂണിറ്റിലെ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുള്ളതാണ്.

(ബി & സി) എറണാകുളം എ.ഡി.എം. ശ്രീ. ചന്ദ്രശേഖരൻ നായർ പരാതിയിൽ തൃക്കാക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 687/19 U/s 170, 419 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവെ സംഭവ സ്ഥലം കുന്നത്ത്നാട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ടതാണെന്ന് വെളിവായിട്ടുള്ളതിനാൽ ടി കേസ് തുടർ അന്വേഷണത്തിനായി കുന്നത്ത്നാട് പോലീസ് സ്റ്റേഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതും കുന്നത്ത്നാട് സ്റ്റേഷൻ ക്രൈം നമ്പർ 444/2019 U/s 170, 419 IPC ആയി കേസ് റീ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

## പള്ളിപ്പുറം കോട്ടയ്ക്ക് സമീപം പോലീസ് മ്യൂസിയം

193 (208) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജക മണ്ഡലത്തിലെ പള്ളിപ്പുറം കോട്ടക്ക് സമീപം പോലീസ് മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി ആഭ്യന്തരവകുപ്പ് മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിഗണിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ നിരസിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി പള്ളിപ്പുറത്ത് പോലീസ്/മിലിട്ടറി മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി മുസിരിസ് പ്രോജക്റ്റ് എം.ഡി., നൽകിയ അപേക്ഷ പരിശോധിക്കുകയുണ്ടായി. സ്ഥലം ആഭ്യന്തര വകുപ്പിനുതന്നെ ആവശ്യമായതിനാൽ ഈ ആവശ്യത്തിനായി നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയാണുണ്ടായത്.

**ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം**

194 (209) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ- കൊച്ചി ശാസ്ത്രീയ ധർമ്മ സംഘങ്ങൾ ആക്ട് പ്രകാരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം രജിസ്റ്റർ ചെയ്തിരിക്കുന്ന കേരള പോലീസ് സ്പോർട്സ് ആന്റ് യൂത്ത് വെൽഫയർ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയിൽ ഉദ്യോഗത്തിൽ മുതിർന്നവരായ പോലീസുകാരെ മാത്രം ഉൾപ്പെടുത്തിയത് എന്തുകൊണ്ടാണ്;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തിന് ഉൾപ്പെടെ ആവശ്യമായ തീരുമാനങ്ങളെടുക്കുന്നതിനുള്ള ഗവേണിംഗ് ബോഡിയിൽ നിലവിലുള്ളവർക്ക് പുറമെ വകുപ്പുമന്ത്രിയെയും ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ രണ്ട് നിയമസഭാംഗങ്ങളെയും കൂടി ഉൾപ്പെടുത്താൻ തയ്യാറാകുമോ;എങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ പൊതുജനപങ്കാളിത്തം നിർബന്ധമായി ആവശ്യമുള്ള ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന്റെ മേൽനോട്ടം കേരള പോലീസ് സ്പോർട്സ് ആന്റ് യൂത്ത് വെൽഫയർ സൊസൈറ്റിക്കാണ്. സൊസൈറ്റിയുടെ ബൈലോ പ്രകാരമാണ് ഗവേണിംഗ് ബോഡി രൂപീകരിച്ചിട്ടുള്ളത്.

(ബി) സൊസൈറ്റിയുടെ ഭരണ നിർവ്വഹണത്തിനുവേണ്ടി നിയോഗിക്കപ്പെട്ട ഗവേണിംഗ് ബോഡിയുടെ അദ്ധ്യക്ഷൻ ബൈലോ പ്രകാരം സംസ്ഥാന പോലീസ് മേധാവി ആണ്. സൊസൈറ്റിയിലൂടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും നിയന്ത്രിക്കുന്നതും പ്രസ്തുത ഗവേണിംഗ് ബോഡിയാണ്. ഗവേണിംഗ് ബോഡി അംഗങ്ങളായി പുതുതായി ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല.

(സി) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ എല്ലാ സൗകര്യങ്ങളും സ്റ്റേഡിയത്തിലെ സംവിധാനങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പൊതുജനങ്ങൾക്കും പരമാവധി നൽകിവരുന്നുണ്ട്. പോലീസ് കുടുംബങ്ങൾക്കൊപ്പം പൊതുജനങ്ങൾക്കും സ്റ്റേഡിയത്തിലെ എല്ലാ സൗകര്യങ്ങളും ഉപയോഗപ്പെടുത്തുന്നതിന് അവസരമുണ്ട്. എന്നാൽ സ്ഥലപരിമിതിമൂലം ഓരോ സൗകര്യങ്ങളും ഉപയോഗിച്ചു വരുന്നവരുടെ അംഗസംഖ്യ പരിമിതപ്പെടുത്തിയിട്ടുണ്ട്.

## ചൂർണ്ണിക്കര വ്യാജരേഖ കേസ്സ്

195 (211) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ചൂർണ്ണിക്കരയിൽ നിലംനികത്തി പുരയിടമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ വ്യാജരേഖ ഉണ്ടാക്കിയതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരടക്കം എത്ര പേർക്കെതിരെ പോലീസ് കേസ്സ് എടുത്തിട്ടുണ്ട്; ഇവരുടെ പേര് വിവരം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സംസ്ഥാനത്ത് സമാനമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിന് വിജിലൻസ് അന്വേഷണം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ചൂർണ്ണിക്കരയിൽ വ്യാജ രേഖ ചമച്ച് തണ്ണീർത്തടം നികത്തിയതുമായി ബന്ധപ്പെട്ട് ആലുവ ഈസ്റ്റ് PS Cr.926/19 Sec.465, 468, 471, 212 & 34 IPC പ്രകാരം 7 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഇവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. അബ്ദുൽ റഹിമാൻ മകൻ ഹംസ, തൃശ്ശൂർ
2. സദൻ ഭാര്യ സിനിമോൾ, കൊടുങ്ങല്ലൂർ താലൂക്ക്
3. ഹംസ ഭാര്യ സുരേഖ, തൃശ്ശൂർ
4. ബീരാൻ മകൻ അബു @ അബൂട്ടി
5. ഖാദർ മകൻ അഷറഫ്, ആലുവ
6. ഹംസ മകൻ റഷീദ്, ഏലൂർ
7. കുമാരൻ കാണി മകൻ അരുൺ, തിരുവനന്തപുരം.

(ബി) പ്രസ്തുത കേസിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സമാനമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-II പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിച്ച് അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## എസ്.സി./എസ്.ടി. സ്പെഷ്യൽ കോർട്ട്

196 (213) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എസ്.സി./എസ്.ടി. സ്പെഷ്യൽ കോർട്ട്, പോക്സോ കോടതി എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കോടതികൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) എല്ലാ ജില്ലകളിലെയും പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്ത് കോടതികളിൽ വിചാരണയിലിരിക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ പ്രത്യേക കോടതികളുടെ അധികാരപരിധി വിപുലീകരിക്കുവാനും (പാലക്കാട്-പാലക്കാട്, തൃശ്ശൂർ ജില്ലകളുടെ അധികാരപരിധി; മലപ്പുറം-മലപ്പുറം, കോഴിക്കോട് ജില്ലകളുടെ അധികാരപരിധി; വയനാട്-വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ അധികാരപരിധി), കൂടാതെ തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ (തിരുവനന്തപുരം-തിരുവനന്തപുരം ജില്ലാ അധികാര പരിധി; പത്തനംതിട്ട-ആലപ്പുഴ, കോട്ടയം ജില്ലകളിലെ അധികാരപരിധി; ഇടുക്കി-എറണാകുളം ജില്ലകളുടെ അധികാരപരിധി) പുതുതായി 3 പ്രത്യേക കോടതികൾ ആരംഭിക്കുന്നതും സംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാറുടെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിനുപുറമേ എല്ലാ ജില്ലകളിലും പോക്സോ കേസുകൾക്കുവേണ്ടിയുള്ള കോടതി അനുവദിക്കുന്ന കാര്യവും സർക്കാരിന്റെ പരിശോധനയിലുണ്ട്.

## ചാലക്കുടി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം

197 (214) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ അനുവദിച്ച കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; അറിയിക്കുമോ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ, തടസ്സങ്ങൾ നീക്കി നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

### ഉത്തരം

(എ - സി) ചാലക്കുടിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി സർക്കാർ 10 കോടി രൂപയുടെ ഭരണാനുമതി 2017-ൽ നൽകിയിരുന്നു. അതിനു ശേഷം പൊതുമരാമത്ത് വകുപ്പ് പുതുക്കിയ പ്ലാൻ അനുസരിച്ചുള്ള പ്രൊപ്പോസൽ ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചു. ആയതിൽ ഹൈക്കോടതി ചില മാറ്റങ്ങൾ വരുത്തുകയും പ്രസ്തുത പ്ലാൻ അംഗീകാരത്തിനായി ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. ആയത് ലഭിച്ചാൽ മാത്രമേ സർക്കാർ തലത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കൊയിലാണ്ടി കോംപ്ലക്സ്

198 (215) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി കോടതി കോംപ്ലക്സിൽ എം.എ.സി.ടി. കോടതി ആരംഭിക്കുന്നതിനായുള്ള ഏതെങ്കിലും ഫയൽ ഇപ്പോൾ ആഭ്യന്തരവകുപ്പിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരള ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച ഫയൽ നടപ്പുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) എം.എ.സി.ടി. കോടതികൾക്ക് അംഗീകാരം നൽകാനുള്ള ഏതെങ്കിലും പ്രാഥമിക പട്ടികയിൽ കൊയിലാണ്ടിയിലെ എം.എ.സി.ടി. കോടതി ഉൾപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വിഷയം സംബന്ധിച്ച ഏതെങ്കിലും സർക്കാർ ഉത്തരവിൽ കൊയിലാണ്ടി എം.എ.സി.ടി. കോടതിയപ്പറ്റി പരാമർശമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കൊയിലാണ്ടി കോടതി കോംപ്ലക്സിൽ എം.എ.സി.ടി. കോടതി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ബാർ അസോസിയേഷൻ സമർപ്പിച്ച അപേക്ഷ സി5/46/2019/ആഭ്യന്തരം നമ്പർ ഫയലിൽ കൈകാര്യം ചെയ്തുവരുന്നുണ്ട്.

(ബി) കേരള ഹൈക്കോടതി ഫയൽ നമ്പർ ഡി 7 എ (2)-2563/2015 പ്രകാരം എം.എ.സി.ടി. കൊയിലാണ്ടി കോടതി സ്ഥാപിക്കുന്നതിനുള്ള ശിപാർശ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്.

(സി & ഡി) സർക്കാർ പുറപ്പെടുവിച്ച 17-4-2012-ലെ സ.ഉ.(സാധാ)നമ്പർ 1159/2012/ആഭ്യന്തരം ഉത്തരവ് പ്രകാരമുള്ള മുൻഗണനാ ലിസ്റ്റിൽ കോഴിക്കോട് എം.എ.സി.ടി. 13-ാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

## കുന്ദമംഗലം കോടതിക്ക് പുതിയ കെട്ടിടം

199 (216) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം കോടതിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) നൂറ് വർഷത്തിലധികം പഴക്കമുള്ള കോടതിയും പോലീസ് സ്റ്റേഷനും ഉൾപ്പെട്ട കെട്ടിടം നിലനിർത്തി ബാക്കിയുള്ള ഭൂമിയിലാണോ പുതിയ കെട്ടിടം നിർമ്മിക്കുന്നത്;

(സി) എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ - സി) നിലവിലുള്ള കുന്ദമംഗലം കോടതി കെട്ടിടം അതിന്റെ പൈതൃക സ്വഭാവം നിലനിർത്തിക്കൊണ്ട് പുതുക്കി പണിയുന്നതിന് 100 ലക്ഷം (ഒരു കോടി) രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് നൽകിയിട്ടുണ്ട്. കുന്ദമംഗലം കോടതിയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന പോലീസ് സ്റ്റേഷൻ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റേണ്ടതായിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നീതിപീഠത്തിൽ നിന്നുള്ള വിമർശനങ്ങൾ

200 (217) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2019 ഏപ്രിൽ 30 വരെ നീതിപീഠത്തിൽനിന്നും സംസ്ഥാന സർക്കാരിന് ശകാരങ്ങളും രൂക്ഷവിമർശങ്ങളും നേരിടേണ്ടി വന്നിട്ടുണ്ടോ;

(ബി) സർക്കാരിനെതിരെ ഹൈക്കോടതിയിൽനിന്നും ഇത്തരത്തിൽ എത്ര കുറ്റപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) സർക്കാരിനെ കോടതി വിമർശിക്കാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ - സി) കോടതികൾ കേസിന്റെ വിചാരണ മദ്ധ്യേ നടത്തുന്ന അഭിപ്രായ പ്രകടനങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ച് വിലയിരുത്തുന്ന സംവിധാനം നിലവിലില്ല. കോടതിയുടെ അന്തിമവിധിക്ക് അനുസരണമായിട്ടാണ് സർക്കാർ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്.

## കേരള ഫയർ ആൻഡ് റസ്ക്യൂ സർവ്വീസ്

201 (218) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കേരള ഫയർ ആൻഡ് റസ്ക്യൂ സർവ്വീസിൽ ഫയർമാൻ തസ്തികയിൽ പി.എസ്.സി. മുഖാന്തിരം എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഫയർമാൻ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണെന്നും ആയത് എന്ന് നടപ്പിലാക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 242 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം തൽക്കാലം പരിഗണനയിൽ ഇല്ല.

## സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ച് കെട്ടിട നിർമ്മാണം

202 (219) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നത് വൻ ദുരന്തങ്ങൾക്ക് ഇടയാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം, മലപ്പുറം എന്നീ ജില്ലകളിൽ 2019 ഫെബ്രുവരി മാസത്തിൽ ഉണ്ടായ വൻ അഗ്നിബാധയെ തുടർന്ന് അഗ്നി ശമനസേന കെട്ടിടങ്ങളുടെ സുരക്ഷാ പരിശോധന നടത്തിയിരുന്നോ ; എങ്കിൽ അതിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(സി) ചട്ടവിരുദ്ധമായി കെട്ടിടം നിർമിച്ച ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോ;എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭിച്ചിട്ടുണ്ടോ. വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടത്തിയിരുന്നു. പല കെട്ടിടങ്ങൾക്കും ഫയർ എൻ.ഒ.സി. ഇല്ലായെന്നും ഉള്ള കെട്ടിടങ്ങളിൽ പലതും ഫയർ എൻ.ഒ.സി. പുതുക്കിയിട്ടില്ലായെന്നും, മതിയായ അഗ്നിസുരക്ഷാ സംവിധാനങ്ങൾ പല കെട്ടിടങ്ങളിലും ഏർപ്പെടുത്തിയിട്ടില്ലായെന്നും ചില കെട്ടിടങ്ങളിൽ അഗ്നിസുരക്ഷാ സംവിധാനങ്ങളുണ്ടെങ്കിലും അവ പ്രവർത്തനയോഗ്യമല്ല എന്നും കണ്ടെത്തിയിരുന്നു.

(സി) നിയമ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും വകുപ്പ് നിർദ്ദേശം നൽകിയിരുന്നു. സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല.

## താനൂരിൽ ഫയർ സ്റ്റേഷൻ

203 (220) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ താനൂരിൽ അനുവദിച്ച ഫയർസ്റ്റേഷൻ നാളിതുവരെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി കണ്ടെത്തിയ സ്ഥലത്ത് ഫയർസ്റ്റേഷൻ താൽക്കാലികമായി പ്രവർത്തനം തുടങ്ങാൻ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(സി) ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ നിലവിലുള്ള (F2 348/2017) ഫയലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ജനനിബിഡമായ തീരദേശമേഖലയിലെ അപകടസാധ്യതകളും മറ്റ് അടിയന്തരസാഹചര്യങ്ങളും കണക്കിലെടുത്ത് താനൂരിന് അനുവദിച്ച ഫയർസ്റ്റേഷൻ അതിവേഗം പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) താനൂർ അഗ്നിരക്ഷാ നിലയത്തിന് താൽക്കാലികമായി കണ്ടെത്തിയ കെട്ടിടത്തിനെതിരെ (പരിയാപുരം വില്ലേജിലെ റീ-സർവ്വേ നമ്പർ 216/2-ൽ പ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന 22/102-ാം നമ്പർ കെട്ടിടം) കേരള മുനിസിപ്പൽ ആക്ട് ചട്ടം 242 പ്രകാരം നടപടികൾ തുടർന്നു വരുന്നതിനാൽ ടി കെട്ടിടത്തിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നത് അഭികാമ്യമല്ല.

(സി) എഫ്2/348/2017/ആഭ്യന്തരം നമ്പർ ഫയലിൽ താനൂർ ഫയർസ്റ്റേഷന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി ഫയർ അൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പുതുപ്പാടി-അടിവാരം ഫയർ സ്റ്റേഷൻ

204 (221) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിക്കുന്നതിന് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി-അടിവാരത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) ടി ഫയർ സ്റ്റേഷൻ എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശാസ്ത്രീയ പഠനം നടത്തി മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതായ ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ അന്തിമ തീരുമാനമായിട്ടില്ല. അവയുടെ അടിയന്തര പ്രാധാന്യം, സ്ഥലത്തിന്റെ ലഭ്യത, ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

(സി & ഡി) മുൻഗണനാ പട്ടിക പരിശോധിച്ച് അന്തിമ തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമേ സംസ്ഥാനത്ത് പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കേണ്ട കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളൂ.

**പുതിയ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി**

205 (222) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ മല്ലപ്പള്ളി, നെടുങ്കുന്നം, കറുകച്ചാൽ, കങ്ങഴ, മണിമല, വെള്ളാവൂർ മേഖലയിൽ അത്യാഹിതം സംഭവിച്ചാൽ പാമ്പാടി, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിലെ ഫയർസ്റ്റേഷനിൽനിന്ന് സഹായം ലഭിക്കുന്നതിന് ദൂരക്കൂടുതൽ കൊണ്ടുള്ള കാലതാമസം ഉള്ളതിനാൽ കറുകച്ചാൽ നെടുങ്കുന്നം മേഖല കേന്ദ്രീകരിച്ച് പുതിയ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനാവശ്യമായ സ്ഥലം ലഭ്യമാക്കിയാൽ അനുമതി നൽകുന്നതിൽ ഉള്ള മറ്റു തടസ്സങ്ങളെന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ശാസ്ത്രീയപഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല. അതിനുശേഷമേ സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

**പരവൂർ അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം**

206 (223) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി പരവൂർ അഗ്നിരക്ഷാനിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്ലാൻ പ്രൊപ്പോസൽ സംബന്ധിച്ച പുരോഗതി വിശദമാക്കുമോ ;

(ബി) പരവൂർ അഗ്നിരക്ഷാനിലയത്തിന്റെ ആവശ്യത്തിനായി പുതിയ ഉപകരണങ്ങളും യന്ത്ര സംവിധാനങ്ങളും വാഹനങ്ങളും അനുവദിക്കുന്നതിന് ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പരവൂർ അഗ്നിരക്ഷാനിലയത്തിന് പുതിയ ഉപകരണങ്ങളും വാഹനങ്ങളും അനുവദിക്കുവാൻ ഇതിനകം നടപടികൾ ഉണ്ടായിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഫയർ & റസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ച് കൊണ്ടുള്ള പദ്ധതി വിവരണ കുറിപ്പിൽ പരവൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണവും ഉൾപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. 2018 വർഷത്തിൽ പരവൂർ അഗ്നിരക്ഷാ നിലയത്തിന് 3 എണ്ണം ബി.എ. സെറ്റുകൾ, 20 എണ്ണം ഡെലിവറി ഹോസുകൾ, 26 എണ്ണം ഫയർമാൻ ഹെൽമറ്റുകൾ എന്നിവ അനുവദിച്ചിട്ടുണ്ട്.

വകുപ്പിൽ പുതിയ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ പരവൂർ നിലയത്തിന് അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കോങ്ങാട് ഫയർസ്റ്റേഷൻ നിർമ്മാണം

207 (224) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച കോങ്ങാട് ഫയർ സ്റ്റേഷനുവേണ്ടി മൃഗസംരക്ഷണ വകുപ്പിന്റെയും ആഭ്യന്തര വകുപ്പിന്റെയും സ്ഥലം കൈമാറിയിട്ടും നാളിതുവരെ ടി ഫയർസ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ആയതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(ബി) ഇക്കാര്യത്തിലുള്ള പ്രോഗ്രസ്സ് റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) ടി ഫയർസ്റ്റേഷൻ നിർമ്മാണത്തിന് ഡി.പി.ആർ.-ഉം മറ്റ് അനുബന്ധ രേഖകളും സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടും നിർമ്മാണം തുടങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ ആയത് എത്രയുംവേഗം ആരംഭിക്കുന്നതിന് ഉത്തരവ് നൽകുമോ?

ഉത്തരം

(എ&ബി) കോങ്ങാട് അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ കോങ്ങാട് I വില്ലേജിൽ റീ-സർവ്വേ നമ്പർ 305/17-ൽ ഉൾപ്പെട്ട 40 സെന്റ് സ്ഥലം കൈമാറി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം രേഖാമൂലം കൈമാറ്റം ചെയ്ത് ലഭിച്ചിട്ടില്ല. ആയതിലേയ്ക്കായി പാലക്കാട് തഹസീൽദാരുടെ ഓഫീസിൽ നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സ്ഥലം രേഖാമൂലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

**വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം**

208 (225) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി (മലപ്പുറം) ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് തയ്യാറാക്കിയ പ്രൊപ്പോസൽ ആഭ്യന്തരവകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഫയർ ആൻഡ് റസ്ക്യൂ വകുപ്പ് മേധാവി സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) വളാഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടുള്ള 3 കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും അംഗീകരിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനുമുള്ള ശിപാർശ സർക്കാർ പരിശോധിക്കുകയും നടപ്പു സാമ്പത്തിക വർഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതുക്കിയ ശിപാർശ ലഭ്യമാക്കുവാൻ വകുപ്പുതലവന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**പെരിങ്ങോം ഫയർസ്റ്റേഷന് പുതിയ കെട്ടിടം**

209 (226) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) 2019-20 വർഷത്തെ പദ്ധതിയിൽ പ്രസ്തുത ഫയർസ്റ്റേഷന് ഫണ്ട് നീക്കിവെച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ & ബി) 2019-20 വർഷത്തെ പദ്ധതിയിൽ പ്രസ്തുത ഫയർസ്റ്റേഷൻ നിർമ്മാണത്തിന് ഫണ്ട് നീക്കിവെച്ചിട്ടില്ല. എന്നാൽ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ നവീകരണത്തിനായി 2019-20 ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള പദ്ധതി വിവരണ കുറിപ്പിൽ വിവിധ നിർമ്മാണ പ്രവൃത്തികൾക്കൊപ്പം പെരിങ്ങോം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണവും ഉൾപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്.

## ഒറ്റപ്പാലം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ

210 (227) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിയ്ക്കുന്നതിന് മുൻഗണന പട്ടിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പട്ടികയിൽ ഒറ്റപ്പാലം ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾക്കൊള്ളിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കിൻഫ്ര പാർക്കിനടുത്തുള്ള 50 സെന്റിൽ കുറയാത്ത സ്ഥലം അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിക്കുവാൻ പാലക്കാട് ജില്ലാ ഫയർ ഓഫീസർക്ക് വകുപ്പുമേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മുൻഗണനാ പട്ടിക സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കൽപ്പറ്റ ഫയർ റെസ്ക്യൂ നിലയത്തിന് കൂടുതൽ സൗകര്യങ്ങൾ

211 (228) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ഫയർ റെസ്ക്യൂ നിലയത്തിന് എമർജൻസി ഫയർ ടെണ്ടർ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഈ നിലയത്തിന് കാലവർഷം മുന്നിൽകണ്ട് കൂടുതൽ റബ്ബർ ഡിങ്കികളും ഔട്ട്ബോർഡ് എഞ്ചിനുകളും സ്കൂബാ സെറ്റും അനുവദിക്കുന്നകാര്യം ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ & ബി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിലേക്ക് എമർജൻസി ഫയർ ടെണ്ടർ, റബ്ബർ ഡിങ്കി വിത്ത് ഔട്ട്ബോർഡ് എൻജിൻ, സ്കൂബാ സെറ്റ് തുടങ്ങിയ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്ന മുറയ്ക്ക് ലഭ്യതയുടേയും ആവശ്യകതയുടേയും അടിസ്ഥാനത്തിൽ കൽപ്പറ്റ അഗ്നിരക്ഷാ നിലയത്തിന് പ്രാധാന്യം നൽകി അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കാട്ടാക്കട ഫയർ സ്റ്റേഷന് പുതിയ കെട്ടിടം**

212 (229) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിൻെറ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ; ആയതിന്റെ തുടർനടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

കാട്ടാക്കട അഗ്നിരക്ഷാനിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കൈമാറി ലഭിച്ചിട്ടുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്.

**എറണാകുളത്ത് ഫയർ ഓഡിറ്റിംഗ്**

213 (230) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷന് സമീപം പാരഗൺ ചെരിപ്പ് ഗോഡൗണിൽ ഉണ്ടായ തീപിടുത്തവുമായി ബന്ധപ്പെട്ട് ഫയർ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഫയർ ഓഡിറ്റിംഗിലെ കണ്ടെത്തലുകൾ/ശിപാർശകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എറണാകുളം ജില്ലയിലെ ബഹുനില കെട്ടിടങ്ങളിൽ ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ ഇല്ലാതെ എത്രയെണ്ണം പ്രവർത്തിക്കുന്നുവെന്നതിന്റെ കണക്ക് ബഹുനിലകെട്ടിടങ്ങളുടെ ഇനം തിരിച്ച്, നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഈ ബഹുനിലക്കെട്ടിടങ്ങളുടെ നിർമ്മാതാക്കൾ/ഉടമകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നടത്തിയിട്ടുണ്ട്. ഫയർ ആഡിറ്റിന്റെ കണ്ടെത്തലുകൾ/ശിപാർശകൾ ചുവടെ ചേർക്കുന്നു:

പ്രസ്തുത കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിൽ പിൻ ഭാഗത്തുള്ള മുറിയുടെ മദ്ധ്യഭാഗത്തായി ട്രാൻസ്ഫോർമറും, ഭിത്തികളോട് ചേർന്ന് തറയിൽ നിന്ന് ഉദ്ദേശം 30 സെന്റീമീറ്റർ ഉയരത്തിൽ ഇലക്ട്രിക് പാനൽ ബോർഡുകളും സ്ഥാപിച്ചിരുന്നു. അഗ്നിബാധ ആരംഭിച്ചത് കെട്ടിടത്തിന്റെ പിൻഭാഗത്ത് സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് റൂമിൽ സ്ഥിതി ചെയ്യുന്ന പാനൽ ബോർഡിൽനിന്നും ട്രാൻസ്ഫോർമറിൽ നിന്നുമാണ്. കെട്ടിടത്തിന്റെ പുറകിലായി ഒരു ജോക്കി പമ്പ്, മെയിൻ പമ്പ്, സ്റ്റാൻഡ് ബൈ പമ്പ് എന്നിങ്ങനെ യഥാക്രമം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ആയത് അത്യാഹിതവേളയിൽ പ്രവർത്തിച്ചിരുന്നില്ല. അഗ്നിശമന പ്രവർത്തനത്തിനായി ആവശ്യമായ ജലം ശേഖരിക്കേണ്ട ടെറസ്സ് ടാങ്ക്, അണ്ടർ ഗ്രൗണ്ട് ടാങ്ക് എന്നിവയിൽ ജലം ഇല്ലായിരുന്നു. ആയതിനാൽ ഹൈഡ്രന്റിൽ നിന്നും അഗ്നിശമന സേനാംഗങ്ങൾക്ക് ജലം ലഭ്യമായിരുന്നില്ല.

ഈ കെട്ടിടത്തിൽ അഗ്നിശമന ഉപാധികൾ സ്ഥാപിച്ചിരുന്നെങ്കിലും ആയത് പ്രവർത്തനക്ഷമം അല്ലാത്തതിനാൽ ഈ ഉപാധികൾ കൊണ്ട് യാതൊരുവിധ ഗുണവും ലഭിച്ചിരുന്നില്ല. ഈ കെട്ടിടത്തിന്റെ ചുറ്റോടുചുറ്റും, കെട്ടിട ഭംഗി കൂട്ടുന്നതിനായി അലുമിനിയം ഷീറ്റ് സ്ഥാപിച്ചിട്ടുള്ളതാകുന്നു. ഭിത്തിയിലുള്ള വെന്റിലേഷൻ ഓപ്പണിംഗ് മറച്ചുകൊണ്ടാണ് ഇത് സ്ഥാപിച്ചിരുന്നത് എന്നതിനാൽ അഗ്നിശമനത്തിനായി പുറത്തുനിന്ന് പമ്പ് ചെയ്ത ജലവും ഫോമും യഥാവിധം മുറിയ്ക്കുള്ളിൽ എത്തുവാൻ സാധിച്ചിരുന്നില്ല. ഇതുമൂലം തീ അണയുന്നതിന് കൂടുതൽ സമയം എടുക്കുകയുണ്ടായി.

ഈ കെട്ടിടത്തിന്റെ രണ്ട് കോണിപ്പടികളിലും വളരെയധികം സാധനങ്ങൾ കത്തിക്കരിഞ്ഞ നിലയിൽ കിടക്കുന്നതായി കാണപ്പെട്ടു. ഇതിൽ നിന്നും ഈ കോണിപ്പടികൾ സാധനങ്ങൾ സൂക്ഷിക്കുന്നതിന് ഉപയോഗിച്ചതായി മനസ്സിലാക്കാവുന്നതാണ്. ഇത്തരത്തിൽ കോണിപ്പടികളിൽ സൂക്ഷിച്ചിരുന്ന സാധനങ്ങൾക്ക് തീ പിടിച്ചതുമൂലം അഗ്നിശമന സേനാംഗങ്ങൾക്ക് അത്യാഹിത വേളയിൽ ഈ കോണിപ്പടിയിൽ കൂടി കെട്ടിടത്തിന്റെ വിവിധ നിലകളിലേയ്ക്ക് എത്തിപ്പെടുവാൻ സാധിക്കാതെ വന്നിരുന്നു. ഒരു കെട്ടിടത്തെ സംബന്ധിച്ചിടത്തോളം അത്യാഹിത വേളയിൽ ആയതിലെ താമസക്കാർക്ക് പുറത്തേയ്ക്ക് സുരക്ഷിതമായി എത്തിപ്പെടുന്നതിനുള്ള പ്രധാന രക്ഷാമാർഗ്ഗമായ സ്റ്റെയർകേസിൽ സാധനങ്ങൾ സൂക്ഷിച്ചിരുന്നു. ആയതിൽ തീപിടിച്ചാൽ കെട്ടിടത്തിലെ താമസക്കാർക്ക് സ്വയം

രക്ഷപ്പെടുന്നതിനോ, അഗ്നിശമന സേനാംഗങ്ങൾക്ക് കെട്ടിടത്തിൽ കയറി രക്ഷാപ്രവർത്തനം നടത്തുന്നതിനോ സാധിക്കാതെ വരുന്നതാണ്. കെട്ടിടത്തിന്റെ ഇടത് വശത്തുള്ള കോണപ്പടിയിൽ കൂടി ഇലക്ട്രിക് കേബിളുകൾ ലംബമായി കടന്നു പോകുന്നതായും ആയത് ഉരുകിയ നിലയിലും കണ്ടെത്തി. ഇലക്ട്രിക് കേബിളുകൾ ഡക്റ്റിൽ കൂടിയാണ് കടത്തിവിടേണ്ടത്. എന്നാൽ ഇവിടെ കോണിപ്പടിയുടെ ഭിത്തിയോട് ചേർന്ന് തുറന്ന രീതിയിലാണ് കേബിളുകൾ കടത്തിവിട്ടിരുന്നത്. സ്റ്റെയർ വെല്ലിൽ കൂടി ഇലക്ട്രിക് കേബിളുകൾ കടത്തിവിടുന്നത് സ്റ്റെയർ വെല്ലിൽ തീയും പുകയും നിറയുന്നതിനും ആയത് മറ്റ് നിലകളിലേയ്ക്ക് പടർന്ന് നാശം വിതയ്ക്കുന്നതിനും കാരണം ആകുന്നതാണ്. സ്റ്റെയർ വെല്ലിൽ കൂടി ഇലക്ട്രിക് ലൈൻ കടന്ന് പോകുവാൻ പാടില്ല എന്ന് NBC 2016 Part 4 Fire & Life Safety (3.4.5.4), (3.4.6) ൽ നിഷ്കർഷിച്ചിട്ടുള്ളതുമാണ്.

കെട്ടിടത്തിന്റെ വലത് വശത്തുള്ള കോണിപ്പടിയിലൂടെയാണ് ഫയർ ഡക്റ്റ് കടന്ന് പോകുന്നത്. ഈ ഡക്ട് പരിശോധിച്ചതിൽ ഓരോ നിലയിലും നൽകേണ്ട സീലിംഗ് നൽകിയിട്ടില്ല എന്നും ഡക്റ്റിനുള്ളിൽ വളരെയധികം സൂട്ട് ഡെപ്പോസിറ്റ് ഉള്ളതായും കാണപ്പെട്ടു. ഇതിൽനിന്ന് ഫ്ളെയിം ആൻഡ് സ്മോക്ക് പ്രൊപ്പോഗേഷൻ ഈ ഡക്റ്റിൽ കൂടിയും നടന്നു എന്ന് വ്യക്തമാണ്. ഏതൊരു കെട്ടിടത്തിലും അഗ്നിബാധയുണ്ടാകുമ്പോൾ ഫ്ളേയിം ആൻഡ് സ്മോക്ക് പ്രൊപ്പോഗേഷൻ നടക്കുന്നതിന്റെ പ്രധാന കാരണം അൺസീൽഡ് ഡക്റ്റുകളാണ്. ഓരോ നിലയിലും യഥാവിധി സീലിംഗ് നടത്തിയില്ലെങ്കിൽ തീയും പുകയും ഇത്തരത്തിലുള്ള ഡക്റ്റിൽ കൂടി മറ്റ് നിലകളിലേയ്ക്ക് വ്യാപിക്കുന്നതിന് ഇടവരുത്തും. ഈ കെട്ടിടത്തിൽ ഫയർ ഡക്റ്റിന് യഥാവിധി സീലിംഗ് നൽകാത്തതുമൂലം തീയും പുകയും മറ്റ് നിലകളിലേയ്ക്ക് വ്യാപിക്കുന്നതിന് ഈ ഡക്റ്റ് കാരണമായി എന്ന് വ്യക്തമാണ്. സ്റ്റെയർകേസുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ 2016 Part 4 Fire & Life Safety (4.4.2.4.3.2)-ൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽനിന്നും കോണിപ്പടിയുമായി ബന്ധപ്പെട്ട സുരക്ഷാകാര്യങ്ങളിൽ വീഴ്ചയുണ്ടായിയെന്ന് വ്യക്തമാണ്.

കൂടാതെ അഗ്നിരക്ഷാ വകുപ്പിൽനിന്നും 25-3-2016-ലെ ജി.2-14052/05, തീയതി പ്രകാരം അനുവദിച്ച നിരാക്ഷേപ സാക്ഷ്യപത്രത്തോടൊപ്പം അംഗീകരിച്ച് നൽകിയ പ്ലാനുകളിൽ ടി കെട്ടിടം ഷോപ്പ് കം റെസിഡൻഷ്യൽ കെട്ടിടത്തിനായി വിനിയോഗിക്കുന്നതിനാണ് എന്ന് വ്യക്തമാണ്. ഈ വിനിയോഗത്തിനുള്ള കെട്ടിടമാണ് ഗണം മാറ്റി മുഴുവനായി സ്റ്റോറേജ് ആവശ്യത്തിലേയ്ക്കായി മാറ്റിയത്. നിയമപരമായി സ്റ്റോറേജ് കാറ്റഗറിയിലുള്ള കെട്ടിടങ്ങൾക്ക് പരമാവധി ഉയരം 15 മീറ്റർ വരെ ആകാവൂ എന്ന്

നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നിട്ടും 22 മീറ്റർ ഉയരമുള്ള ഷോപ്പ് കം റെസിഡൻഷ്യൽ കാറ്റഗറിയിലുള്ള കെട്ടിടം ഒക്യുപ്പൻസി മാറ്റി സ്റ്റോറേജ് കാറ്റഗറിയിലേയ്ക്ക് മാറ്റിയത് ഗുരുതരമായ നിയമലംഘനമാണ്. കൂടാതെ നിലവിൽ അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ടി കെട്ടിടത്തിന്റെ സ്ട്രക്ചർ സ്റ്റെബിലിറ്റി കൂടി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്.

(ബി) അപാകത കണ്ടെത്തിയ ബഹുനില കെട്ടിടങ്ങളുടെ ഇനം തിരിച്ചുള്ള പട്ടിക അനുബന്ധം ആയി ചേർക്കുന്നു.*

അപാകതകൾ കണ്ടെത്തിയതിനാൽ 804 കെട്ടിടങ്ങൾക്ക് നോട്ടീസ് നൽകുകയുണ്ടായി. ചട്ടവിരുദ്ധമായി നിർമ്മിച്ച 780 കെട്ടിടങ്ങളുടെ ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും 440 കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും റിപ്പോർട്ട് നൽകുകയുണ്ടായി. ആയതിന്മേൽ തദ്ദേസ്വയംഭരണ സ്ഥാപനം/ജില്ലാ ദുരന്ത നിവാരണ അതോറിറ്റി സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ലഭ്യമല്ല.

## വെഞ്ഞാറമൂട് ഫയർ & റെസ്ക്യൂ നിലയത്തിന്റെ പ്രവർത്തനം

214 (231) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് ഫയർ & റെസ്ക്യൂ നിലയം എന്നാണ് പ്രവർത്തനം ആരംഭിച്ചത്; ആകെ എത്ര ജീവനക്കാരാണ് ഇവിടെയുള്ളത് ;

(ബി) എത്ര വാഹനങ്ങൾ ഈ നിലയത്തിൽ ഉണ്ട്; (ഫയർ ടെണ്ടറുകൾ ഉൾപ്പെടെ) അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണ്; വിശദവിവരങ്ങൾ നൽകാമോ;

(സി) വെള്ളത്തിലുണ്ടാകുന്ന അപകടങ്ങളിൽ ഇടപെടുന്നതിനാവശ്യമായ ഉപകരണങ്ങൾ ഈ നിലയത്തിൽ ലഭ്യമാണോ; വിശദമാക്കാമോ?

ഉത്തരം

(എ) വെഞ്ഞാറമൂട് അഗ്നിരക്ഷാനിലയം 24-2-2016 നാണ് പ്രവർത്തനം ആരംഭിച്ചത്. ഈ നിലയത്തിൽ ആകെ 17 ജീവനക്കാർ ഉണ്ട്.

(ബി) 4 വാഹനങ്ങൾ. എം.റ്റി.യു-2, ആംബുലൻസ് -1, മിനിവാട്ടർ മിസ്റ്റ് -1. ഇവയെല്ലാം പ്രവർത്തനക്ഷമമാണ്.

(സി) വെള്ളത്തിൽ ഉണ്ടാകുന്ന അപകടങ്ങൾ നേരിടുന്നതിനുള്ള ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ് എന്നിവ ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വെഞ്ഞാറമൂട് ഫയർ &റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം**

215 (232) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് ഫയർ & റസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

വെഞ്ഞാറമൂട് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിന് വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവായിട്ടുള്ള നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ ബ്ളോക്ക് നമ്പർ 25-ൽ സർവ്വേ നമ്പർ 100/17-1-ൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം വകുപ്പിന് രേഖാമൂലം കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്തു വകുപ്പ് ലഭ്യമാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരികയാണ്.

**ചാത്തന്നൂർ ആസ്ഥാനമായി പുതിയ ഫയർ സ്റ്റേഷൻ**

216 (233) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കേണ്ട ഫയർ സ്റ്റേഷനുകളുടെ മുൻഗണനാടിസ്ഥാനത്തിലുള്ള ലിസ്റ്റ്, ഫയർ & റസ്ക്യൂ സർവ്വീസസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ ആസ്ഥാനമായി ഒരു പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനപ്രതിനിധി നൽകിയ നിവേദനം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ 20 സെന്റ് സ്ഥലം ചാത്തന്നൂർ ഫയർ സ്റ്റേഷന് വേണ്ടി വിട്ടുനൽകാൻ കഴിയില്ല എന്ന കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ തീരുമാനം പുനഃപരിശോധിച്ച് ടി സ്ഥലം ഫയർ &റെസ്ക്യൂ വകുപ്പിന് കൈമാറുന്നതിന് സഹായകമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 25-1-2019-ൽ ജനപ്രതിനിധി നൽകിയ നിവേദനത്തിലെ ആവശ്യം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പിൽ തയ്യാറാക്കിയ പട്ടിക സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാത്തന്നൂർ അഗ്നിരക്ഷാ നിലയം സ്ഥാപിക്കുന്നതിനായി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ള, കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ റീ-സർവ്വേ നമ്പർ 91/14 ൽപ്പെട്ട 20 സെന്റ് സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിന് വേണ്ടി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ അർത്ഥനാ പത്രം കൊല്ലം ജില്ലാ കളക്ടർക്ക് നൽകിയിരുന്നു.

(സി) പ്രസ്തുത ആവശ്യം സംബന്ധിച്ച് 16-1-19-ൽ നൽകിയ നിവേദനം സർക്കാർ പരിശോധിച്ചു വരികയാണ്.

**ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ**

217 (234) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി നൽകിയ നിവേദനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) 2018-19 വർഷത്തിൽ എത്ര പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ജില്ലകളിലാണെന്നും അറിയിക്കാമോ;

(സി) ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത നിവേദനം ബാലുശ്ശേരിയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വകുപ്പ് മേധാവിയ്ക്ക് നൽകുകയുണ്ടായി.

ബാലുശ്ശേരിയിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മരപ്പാലം തല അങ്കണനവാടിക്ക് സമീപം പനങ്ങാട് വില്ലേജ് റീസർവ്വേ നമ്പർ 59-ൽ പ്പെട്ട 50 സെന്റ് സ്ഥലം നൽകാമെന്ന് പഞ്ചായത്ത് അധികാരികൾ അറിയിച്ചിട്ടുണ്ട്.

(ബി) 2018-19 വർഷത്തിൽ 2 ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

1. അരൂർ ( ആലപ്പുഴ)

2. നാട്ടിക (തൃശ്ശൂർ)

(സി) ശാസ്ത്രീയ പഠനം നടത്തി മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതായ ഫയർസ്റ്റേഷനുകളുടെ പട്ടികയിൽ ഉൾപ്പെടുന്നപക്ഷം, അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**ജയിലുകളിലെ സുരക്ഷിതത്വം**

218 (235) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിൽ ശിക്ഷ അനുഭവിച്ചു കൊണ്ടിരിക്കെ മരണപ്പെട്ടവരുടെ കണക്കുകൾ വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ വിവിധ ജയിലുകളിലെ തടവുകാരിൽ മരണസംഖ്യ വർദ്ധിച്ചുവരുന്നുണ്ടോ; അസ്വാഭാവികമരണങ്ങൾ ഓരോ വർഷവും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) തടവുകാരുടെ ജീവന് ഭീഷണിയുണ്ടാകുന്നത് കണക്കിലെടുത്ത് ജയിലുകളിൽ കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 114 തടവുകാർ മരണപ്പെട്ടിട്ടുണ്ട്.

(ബി) തടവുകാരിൽ മരണസംഖ്യ വർദ്ധിച്ചുവരുന്ന പ്രവണത ഇല്ല. തടുവകാരുടെ രോഗാവസ്ഥ, പ്രായാധിക്യം മുതലായവ മൂലമുള്ള മരണങ്ങളാണ് ഭൂരിഭാഗവും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും റിപ്പോർട്ട് ചെയ്ത അസ്വാഭാവിക മരണങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2016 | 5 |
| 2017 | 3 |
| 2018 | 5 |
| 2019 | 1(22-5-2019 വരെ) |

(സി) കേരളത്തിലെ ജയിലുകളിൽ കഴിയുന്ന തടവുകാരുടെ ജീവന് ഭീഷണിയുള്ളതായ സാഹചര്യം നിലവിലില്ല. ജയിലുകളിൽ കഴിയുന്ന തടവുകാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സാധ്യമായ എല്ലാ മുൻകരുതൽ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജയിലുകളിലെ സുരക്ഷയ്ക്കായി ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും, എല്ലാ ജയിലുകളിലും സി.സി.ടി.വി. നിരീക്ഷണ ക്യാമറകൾ മുതലായ ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ തടവുകാർക്ക് യഥാസമയം വൈദ്യസഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**ജയിൽ പരിഷ്കരണം**

219 (236) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ജയിൽ പരിഷ്കരണത്തിനായി സർക്കാർ നിയോഗിച്ച ഡോ. അലക്സാണ്ടർ ജേക്കബ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ജയിലിലെ അന്തേവാസികൾക്ക് അവരുടെ ശിക്ഷാ കാലാവധിയ്ക്ക് ശേഷം ഒരു ഉപജീവനമാർഗ്ഗമായി മാറുന്ന തരത്തിൽ വിവിധ തൊഴിലുകളിൽ പരിശീലനം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി)) അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ശിക്ഷാ ഇളവ് ലഭിച്ച തടവുകാർ**

220 (237) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിലെ ജയിലുകളിലെ ഏതെങ്കിലും തടവുകാർക്ക് ശിക്ഷാ ഇളവ് നൽകി വിട്ടയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ പേര് വിവരം സഹിതം അറിയിക്കാമോ;

(ബി) ഇത്തരത്തിൽ തടവുകാരെ വിട്ടയച്ചിട്ടുണ്ടെങ്കിൽ അത് ഏതെങ്കിലും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ; വ്യക്തമാക്കാമോ;

(സി) ജയിലുകളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 34 തടവുകാർക്ക് ജയിൽ ഉപദേശക സമിതിയുടെ ശിപാർശ സ്വീകരിച്ച് ശിക്ഷാ ഇളവ് നൽകി മോചിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ജയിൽ ഉപദേശക സമിതികളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബഹു. ഗവർണറുടെ അനുമതിയോടുകൂടി ഇവരെ മോചിപ്പിച്ചിട്ടുണ്ട്.

(സി) ജയിലുകളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ സർക്കാർ ചെയ്ത കാര്യങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

**കണ്ണൂർ ജില്ലാ ജയിലിൽ തടവുകാർ രക്ഷപെടാൻ ശ്രമിച്ച സംഭവം**

221 (238) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ജയിലിൽ പാറാവുകാർക്ക് മയക്കുമരുന്ന് നൽകി തടവുകാർ രക്ഷപെടാൻ ശ്രമിച്ചതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംഭവം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഉത്തരമേഖലാ ഡി.ഐ.ജി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് ഉത്തരമേഖലാ ഡി.ഐ.ജി. ഓഫീസിലെ സ്പെഷ്യൽ ഓഫീസർ ശ്രീ. എം. വി. രവീന്ദ്രൻ വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ജയിൽ വകുപ്പ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

## ഇ-ഗസറ്റ് സംവിധാനം

222 (239) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗസറ്റ് സംവിധാനം അവസാനിച്ചിരിക്കുന്നതിനാൽ ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് ലഭിക്കുന്നതിനുവേണ്ടി സാധാരണക്കാർ ബുദ്ധിമുട്ടുന്ന ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കഴിഞ്ഞ കാലഘട്ടങ്ങളിൽ സർക്കാരിന്റെ ഏത് ഏജൻസി വഴിയാണ് ഇ-ഗസറ്റ് സംവിധാനം നടപ്പിലാക്കിക്കൊണ്ടിരുന്നത്; ഇപ്പോൾ ഇത് ആർക്കെങ്കിലും ചുമതലപ്പെടുത്തി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഗസറ്റ് വിജ്ഞാപനങ്ങൾ യഥാസമയം പ്രസിദ്ധീകരിക്കാത്തതുമൂലം സാധാരണക്കാർ അനുഭവിക്കുന്ന ദുരിതത്തിനും ഗവൺമെൻറ് പ്രസ്സിൽ ഇന്നുണ്ടായിട്ടുള്ള കാലതാമസത്തിനും പരിഹാരം കാണുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രിൻറിംഗ് പ്രസ്സുകളിൽ ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനും പഴക്കംച്ചെന്ന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നത് നിർത്തലാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) ഗസറ്റുകളുടെ പകർപ്പ് സമയത്തിന് ലഭ്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ആയത് എന്നുമുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ - സി) ഇ-ഗസറ്റ് സംവിധാനം 2007 മുതൽ സി-ഡിറ്റ് മുഖേനയാണ് ചെയ്തു വരുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ, 2011 മുതലുള്ള കുടിശ്ശിക ലഭിക്കാത്തതിനെ തുടർന്നാണ് ഇ-ഗസറ്റ് സംവിധാനം (കേരള ഗസറ്റ് ഓൺലൈൻ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നത്) സി-ഡിറ്റ് നിർത്തലാക്കിയത്. പ്രസ്തുത തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത സംവിധാനം പുനഃസ്ഥാപിക്കുന്നതിന് അച്ചടി വകുപ്പ് ഡയറക്ടർ സി-ഡിറ്റ് രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട്. അച്ചടി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.printing.Kerala.gov.in മുഖേന നേരിട്ട് ഔദ്യോഗിക ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പുതിയ സാങ്കേതിക വിദ്യയിലുള്ള മെഷീനുകൾ വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഡിജിറ്റൽ രൂപത്തിലുള്ള ഇ-ഗസറ്റ് അച്ചടി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.printing.kerala.gov.in മുഖേന നേരിട്ട് ഓൺലൈനിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗസറ്റ് വിജ്ഞാപനം ഓൺലൈനിൽ

223 (240) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഔദ്യോഗിക ഗസറ്റ് പ്രസിദ്ധീകരിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഔദ്യോഗിക ഗസറ്റ് ഓൺലൈനിൽ നൽകാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഔദ്യോഗിക ഗസറ്റ് ഓൺലൈനിൽ നൽകുന്നതിന് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്; പ്രസ്തുത ഏജൻസിക്ക് നൽകുവാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(ഡി) ഔദ്യോഗിക ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതിന് നേരിട്ട് സർക്കാർ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഔദ്യോഗിക ഗസറ്റിനുപുറമെ സർക്കാർ കലണ്ടർ, ഡയറി, ദിനസ്മരണ (ഇംഗ്ലീഷ്/മലയാളം), ബഡ്ജറ്റ്, എം.പി.മാരുടെ സമ്മേളനം, കലക്ടർമാരുടെ

സമ്മേളനം എന്നിവയ്ക്ക് ആവശ്യമായ രേഖകൾകൂടി സമയബന്ധിതമായി ചെയ്തുതീർക്കേണ്ടി വരുന്നതിനാലാണ് ഔദ്യോഗിക ഗസറ്റ് പ്രസിദ്ധീകരിക്കുവാൻ കാലതാമസം നേരിട്ടത്. കാലതാമസം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്. പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സി-ഡിറ്റിനെയാണ് ഈ ജോലി ഏൽപ്പിച്ചത്. ഈ മേഖലയിലെ പരിചയം കണക്കിലെടുത്താണ് ഏൽപ്പിച്ചിട്ടുള്ളത്.

(ഡി) അച്ചടി വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.printing.kerala.gov.in മുഖേന നേരിട്ട് ഔദ്യോഗിക ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വാഴൂർ സർക്കാർ പ്രസ്സിലെ അടിസ്ഥാനസൗകര്യ വികസനം

224 (241) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂർ സർക്കാർ പ്രസ്സിൽ അടിസ്ഥാന സൗകര്യവികസനത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവിടെ പ്രവർത്തിച്ച് വരുന്ന ജില്ലാ ഫോം സ്റ്റോർ പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന തരത്തിൽ റോഡരികിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) ഏതൊക്കെ തസ്തികകളിലാണ് സ്ഥിരം ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ആധുനിക ഓഫ് സെറ്റ് മെഷീൻ പ്രവർത്തിപ്പിക്കാൻ ജീവനക്കാർ ലഭ്യമാണോ; പ്രസ്തുത തസ്തികയിൽ ജോലിചെയ്തിരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ എന്തെങ്കിലും നടപടികൾ പുരോഗമിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) NH 220ൽ നിന്നു വാഴൂർ ഗവൺമെന്റ് പ്രസ്സിലേക്കുള്ള റോഡ് നിർമ്മിക്കുകയും ഓഫീസ് കെട്ടിടത്തിന്റെ മേൽക്കൂര നവീകരിക്കുകയും പേപ്പർ ഗോഡൗൺ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വാഴൂർ ജില്ലാ ഫോം സ്റ്റോറിന്റെ പുതിയ കെട്ടിടം പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന തരത്തിൽ റോഡരികിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പരിഗണനയിൽ ഇല്ല.

| | |
|---|---|
| (ഡി) കമ്പ്യൂട്ടർ ഗ്രേഡ് II | - 3 ഒഴിവ് |
| ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ് II | - 2 ഒഴിവ് |
| ടൈം കീപ്പർ | - 1 ഒഴിവ് |
| ബൈന്റർ ഗ്രേഡ് II | - 1 ഒഴിവ് |
| ക്യാമറ ഓപ്പറേറ്റർ കം ഫിലിം ഡെവലപ്പർ | - 1 ഒഴിവ് |
| ഫോട്ടോടൈപ്പ് സെറ്റർ ഓപ്പറേറ്റർ ഗ്രേഡ് II | - 1 ഒഴിവ് |
| റീ ടച്ചിംഗ് ആർട്ടിസ്റ്റ് ഗ്രേഡ് II | - 1 ഒഴിവ് |
| പ്ലേറ്റ് മേക്കർ ഗ്രേഡ് II | - 1 ഒഴിവ് |

(ഇ) ലഭ്യമാണ്.

കുറവുള്ള 2 ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മുൻപ് പ്രസ്തുത തസ്തികയിൽ ജോലി ചെയ്തിരുന്ന താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

### കൊച്ചി വാട്ടർ മെട്രോ

225 (243) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിരിക്കുന്ന ബോട്ടുജെട്ടികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ; പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിരിക്കുന്ന ബോട്ടുജെട്ടികളുടെ നിർമ്മാണം ഘട്ടം ഘട്ടമായിട്ടാണ് പൂർത്തിയാക്കുന്നത്. ഒന്നാം ഘട്ടത്തിന്റെ കരാർ നടപടികൾ പൂർത്തീകരിച്ചു. പരിസ്ഥിതി ക്ലിയറൻസിനുവേണ്ടിയുള്ള സംസ്ഥാന തലത്തിലുള്ള എല്ലാ അനുമതികളും ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾക്കായി എല്ലാ അനുമതി രേഖകളും കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി ക്ലിയറൻസ് കിട്ടിയാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

## വേങ്ങോളി പാലം നിർമ്മാണം

226 (244) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച എടച്ചേരി-വില്ല്യാപ്പള്ളി റോഡിലെ വേങ്ങോളി പാലം നിർമ്മാണത്തിന്റെ പ്രവർത്തനപുരോഗതി വിശദമാക്കാമോ;

(ബി) പാലം നിർമ്മാണം വൈകുന്നതിന്റെ നിലവിലെ തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വടകര-മാഹി കനാലിൽ വേങ്ങോളി ഭാഗത്ത് നിലവിലുള്ള കൾവർട്ടിന് പകരം റോഡ് ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഈ പാലത്തിന്റെ ഇരുവശവുമുള്ള അപ്രോച്ച് റോഡിനായി അധിക സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളും പാലത്തിന്റെ ഡിസൈനും പൂർത്തിയാക്കേണ്ടതുണ്ട്.

## ടി.എസ്. കനാൽ തീരസംരക്ഷണം

227 (245) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ ഭാഗമായ ടി.എസ് കനാലിന്റെ പലസ്ഥലത്തും സംരക്ഷണഭിത്തി കെട്ടാത്തതിനാൽ ഇരുകരകളും ഇടിയുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; തീരസംരക്ഷണത്തിനുവേണ്ടി നിലവിൽ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ടി.എസ് കനാലിന്റെ തീരസംരക്ഷണത്തിനുവേണ്ടി എന്തെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിന്റെ കനാലിനോട് ചേർന്ന ഭാഗങ്ങൾ പൂർണ്ണമായും സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാന ജലപാതയുടെ ഭാഗമായി വരുന്ന ടി.എസ്. കനാലിന്റെ കോവളം മുതൽ ആക്കുളം വരെയുള്ള ഭാഗങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിച്ച് തോടിന് ആഴവും വീതിയും കൂട്ടുന്ന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. വരുന്ന ദേശീയ ജലപാത III-ന്റെ നിർമ്മാണ നവീകരണ പ്രവൃത്തികൾ കേന്ദ്രസർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ( IWAI) ആണ് നടപ്പിലാക്കിവരുന്നത്.

## കളിയാമ്പള്ളി പാലം പുനർനിർമ്മാണം

228 (246) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന 41 കോടി രൂപ ചെലവഴിച്ച് 13 മീറ്റർ വീതിയിൽ പണി പുരോഗമിക്കുന്ന നാദാപുരം-മുട്ടുങ്ങൾ റോഡിലെ ഇടുങ്ങിയ കളിയാമ്പള്ളി പാലം പുതുക്കി പണിയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) നാദാപുരം-മുട്ടുങ്ങൾ റോഡിലെ ഇടുങ്ങിയ കളിയാമ്പള്ളി പാലം പുതുക്കി പണിയുവാൻ നിലവിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

## കൊച്ചി-മംഗളൂരു പാചകവാതക പൈപ്പ് ലൈൻ (ഗെയിൽ)

229 (247) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മംഗളൂരു പാചകവാതക പൈപ്പ് ലൈൻ (ഗെയിൽ) പൂർത്തീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) മലബാർ ഭാഗത്ത് സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കുന്നതോടെ വീടുകളിലേക്ക് കുറഞ്ഞ ചെലവിൽ ഗ്യാസ് കണക്ഷൻ ലഭ്യമാക്കാനുള്ള പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കേരളത്തിൽ 2 ഘട്ടമായായാണ് നടപ്പിലാക്കുന്നത്. 1-ാം ഘട്ടം (48 കി.മീ.) 2013-ൽ എറണാകുളം ജില്ലയിൽ കമ്മീഷൻ ചെയ്തു. 2-ാം ഘട്ടമായ കൊച്ചി-മാംഗ്ലൂർ (409 കി.മീ.), കൂറ്റനാട്- ബാംഗ്ലൂർ പൈപ്പ് ലൈനുകൾ (വാളയാർ വരെ) (98 കി.മീ.) എറണാകുളം ഉൾപ്പെടെ 7 വടക്കൻ ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈൻ 408 കി.മീ. (99%) വെൽഡിംഗ് പൂർത്തീകരിച്ചു. കൂറ്റനാട്- ബാംഗ്ലൂർ പൈപ്പ് ലൈൻ

38 കി.മീ. (38.77%) വെൽഡിംഗ് പൂർത്തീകരിച്ചു. ആകെ 446 കി.മീ. (88%) പൂർത്തീകരിച്ചു. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈനിൽ പ്രധാനമായും 5 നദികൾക്ക് കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണി മാത്രമേ ബാക്കിയുള്ളൂ. നേത്രാവതി നദി (മംഗലാപുരം), ചന്ദ്രഗിരി നദി (കാസർഗോഡ്), ഇരവഴിഞ്ഞിപ്പുഴ, കുറ്റ്യാടി പുഴ, ചാലിയാർ പുഴ (കോഴിക്കോട്) എന്നീ ജലാശയങ്ങളിലെ പൈപ്പ് ലൈൻ സ്ഥാപിക്കൽ ജോലികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

(ബി & സി) കൊച്ചി-മംഗലാപുരം പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനുള്ള Tap Off സംവിധാനം ഗെയിൽ സ്ഥാപിച്ചുകഴിഞ്ഞു. ഇതിൽനിന്നും ചെറുപൈപ്പുകൾ സ്ഥാപിച്ച് വീടുകളിലേയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്.

## സി-ഡിറ്റിനെ ഒഴിവാക്കിയ നടപടി

230 (248) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ 2016 മേയ് 31-ന് ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 2016-ന് മുൻപ് സി-ഡിറ്റ് പ്രവൃത്തി ചെയ്തിരുന്ന മുഖ്യമന്ത്രിയുടെ സി.എം.ഒ. പോർട്ടൽ, സി.എം.ഡി.ആർ.എഫ്, മുഖ്യമന്ത്രിയുടെ നാം മുന്നോട്ട് എന്നീ പദ്ധതികളിൽ നിന്നും സി-ഡിറ്റിനെ ഒഴിവാക്കിയിട്ടുണ്ടോ;

(സി) നാം മുന്നോട്ട് പരിപാടിയുടെ നിർവ്വഹണ ചുമതല ആർക്കാണ് കൈമാറിയിട്ടുള്ളതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

സി-ഡിറ്റിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ വിവരസാങ്കേതിക വിദ്യയുടെ പ്രയോഗവുമായി ബന്ധപ്പെട്ടതായതിനാൽ സർക്കാരിന്റെ ഏകോപനം മെച്ചപ്പെടുത്തുന്നതിനായി സി-ഡിറ്റിനെ ഇലക്ട്രോണിക്സ് ആൻഡ് വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ ഭരണചുമതലയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വിവരസാങ്കേതിക വകുപ്പ് സെക്രട്ടറിക്ക് സി-ഡിറ്റ് ഡയറക്ടറുടെ ചുമതലയും നൽകിയിട്ടുണ്ട്. സർക്കാരിനകത്തും പുറമേയുമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി സി-ഡിറ്റിന്റെ ഭരണസമിതി പുനഃസംഘടിപ്പിച്ചിട്ടുമുണ്ട്.

1. സി-ഡിറ്റിലെ സാങ്കേതിക വിദഗ്ദ്ധരുടെയും മറ്റ് ജീവനക്കാരുടെയും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

2. ഐ.ടി. രംഗത്തും കമ്മ്യൂണിക്കേഷൻ രംഗത്തും സി-ഡിറ്റിന്റെ സാങ്കേതിക ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി 2016-17-ൽ 136 ലക്ഷം രൂപയും 2017-18-ൽ 500 ലക്ഷം രൂപയും 2018-19-ൽ 600 ലക്ഷം രൂപയും സി-ഡിറ്റിന് വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ചുകൊണ്ട് സി-ഡിറ്റിലെ വീഡിയോ കമ്മ്യൂണിക്കേഷൻ സ്റ്റുഡിയോ ഉപകരണങ്ങളുടെ നവീകരണം, ആധുനിക മീഡിയാ അസെറ്റ് മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കൽ, വീഡിയോ ലൈവ് സ്ട്രീമിംഗ് ഉപകരണങ്ങളും നെറ്റ് വർക്കിംഗ് ടെസ്റ്റിംഗിനുള്ള ഉപകരണങ്ങളും വാങ്ങലും സാങ്കേതിക ജീവനക്കാരുടെ പരിശീലനവും, ഡിജിറ്റൈസേഷൻ ജോലികൾക്കായി ആധുനിക സ്കാനറുകൾ സ്ഥാപിക്കൽ തുടങ്ങിയവ നിർവ്വഹിച്ചിട്ടുണ്ട്.

3. സിഡിറ്റിലെ സാങ്കേതിക വിദഗ്ദ്ധരുടെയും മറ്റ് ജീവനക്കാരുടെയും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

4. സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.ടി. നയരേഖയ്ക്കനുസൃതമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്വൽ റിയാലിറ്റി, സൈബർ സെക്യൂരിറ്റി, ബിഗ് ഡേറ്റാ അനാലിസിസ് തുടങ്ങിയ നൂതന മേഖലകളിൽ പ്രാവീണ്യം ആർജ്ജിക്കുന്നതിനും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനുമായി ഈ മേഖലയിലെ പ്രമുഖ കമ്പനികളുമായുള്ള സാങ്കേതിക വിദ്യാ സഹകരണത്തിന് സി-ഡിറ്റ് നടപടി സ്വീകരിച്ചു.

5. സി-ഡിറ്റിലെ ജീവനക്കാരുടെ സംസ്ഥാന സ്കെയിലിലുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കുകയും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി & സി) സി.എം.ഒ. പോർട്ടൽ, സി.എം.ഡി.ആർ.എഫ്. എന്നിവ സി-ഡിറ്റ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്. നാം മുന്നോട്ട് പ്രതിവാര ടെലിവിഷൻ പരിപാടിയുടെ ചുമതല വിവര-പൊതുജന സമ്പർക്ക വകുപ്പിനാണ്. പരിപാടിയുടെ സാങ്കേതിക സഹായം സി-ഡിറ്റാണ് നിർവ്വഹിച്ചു വരുന്നത്. സി-ഡിറ്റ് ഷൂട്ടിംഗ് നിർവ്വഹിക്കുന്ന കേരള സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പിന്റെ തൽസമയ

സംപ്രേഷണം എല്ലാ ദിവസവും ഉള്ളതിനാൽ നാം മുന്നോട്ട് പരിപാടിയുടെ ഷൂട്ടിംഗ് അതിഥികൾക്ക് കൂടി സൗകര്യപ്രദമായ സമയത്ത് സി-ഡിറ്റ് മുഖാന്തിരം നടത്തുന്നതിന് അസൗകര്യം നേരിട്ട സാഹചര്യത്തിൽ നഗര പരിധിയിൽ നിശ്ചിത സൗകര്യങ്ങൾ ഉള്ള പ്രൊഡക്ഷൻ ഹൗസുകൾ, ടെലിവിഷൻ ചാനലുകൾ എന്നിവയിൽനിന്നും പത്ര പരസ്യത്തിലൂടെ താൽപര്യ പത്രം ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരികയാണ്.

### സി.എൻ.ജി.-യുടെ ഉപയോഗവും ലഭ്യതയും

231 (249) ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എൻ.ജി.-യുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത ഇന്ധനത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) സമീപ ഭാവിയിൽ സി.എൻ.ജി.-യുടെ ഉപയോഗവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിന് അനുകൂലമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കേരളത്തിലെ വാതക ശൃംഖല ശക്തിപ്പെടുത്തുന്നതിനായി സർക്കാരിന്റെ ഭാഗത്തുനിന്നും സമ്പൂർണ്ണ സഹായ സഹകരണങ്ങൾ നൽകി വരുന്നു. പെട്രോളിയം നാച്ചറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ (PNGRB) സിറ്റിഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി വഴി അടുത്ത മൂന്ന്- നാല് വർഷത്തിനുള്ളിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ ഗ്യാസിന്റെ ശൃംഖലയുമായി ബന്ധപ്പെടുത്തി വാഹനങ്ങളുടെയും ഗാർഹിക ആവശ്യങ്ങൾക്കും വേണ്ടിയുള്ള ഗ്യാസിന്റെയും ലഭ്യത ഉറപ്പ് വരുത്താൻ കഴിയും. ഇതിന് ആവശ്യമുള്ള സ്ഥല ലഭ്യത, മറ്റ് സർക്കാർ ഇതര അനുമതികൾ നൽകുന്നത് തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിൽ ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കടന്നുപോകുന്നതും അല്ലാത്തതുമായി ജില്ലകളിൽ CNG വിതരണ ശൃംഖല രൂപീകരിക്കാൻ കഴിയുന്നതാണ്. എറണാകുളം ജില്ലയിൽ സി.എൻ.ജി. വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന കമ്പനി ആരംഭിച്ചിട്ടുള്ളതാണ്. മലബാർ ഭാഗത്ത് സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ റൂട്ട് സർവ്വേ പുരോഗമിച്ചുവരികയാണ്.

തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ വാതക വിതരണ ഏജൻസിയായി AG&P (Atlantic Gulf & Pacific) എന്ന കമ്പനിയെയാണ് PNGRB നിശ്ചയിച്ചിട്ടുള്ളത്. കേരളത്തിനാവശ്യമായ മുഴുവൻ സി.എൻ.ജി.യുടെയും ലഭ്യത ഉറപ്പുവരുത്തുവാൻ കൊച്ചിയിൽ പുതുവൈപ്പിൽ സ്ഥാപിച്ചിട്ടുള്ള പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനലിനു കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സി.എൻ.ജി.യുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ സി.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എറണാകുളം ജില്ലയിൽ തയ്യാറെടുത്തു വരുന്നു. ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ പ്രദേശങ്ങളിലും വീടുകളിലേയ്ക്കും വാഹനങ്ങൾക്കും പ്രകൃതി വാതകം (CNG) വിതരണം ചെയ്യുന്നതിനാവശ്യമായ Tap Off സംവിധാനം ഗെയിൽ പൂർത്തിയാക്കിക്കഴിഞ്ഞു.

## ഭാഷാ ന്യൂനപക്ഷം

232 (250) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭാഷ ന്യൂനപക്ഷങ്ങൾക്കായി ഏതെങ്കിലും വിധത്തിലുള്ള കമ്മീഷൻ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന മേഖല/പരിഗണന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഭാഷാ ന്യൂനപക്ഷങ്ങൾക്കായി നിലവിൽ കമ്മീഷൻ പ്രവർത്തിക്കുന്നില്ല. എന്നാൽ കേരളത്തിലെ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യവുമായ പ്രശ്നങ്ങളും പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഡോ. നടുവട്ടം ഗോപാലകൃഷ്ണനെ (കൈരളി, കാര്യവട്ടം പി.ഒ., തിരുവനന്തപുരം- 695581) സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

## ജൻ ഔഷധി കേന്ദ്രങ്ങൾ

233(251) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ജൻ ഔഷധി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സർക്കാരിന് എന്തെല്ലാം നിയന്ത്രണമാണുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരവും സ്വീകരിച്ച നടപടിയും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കേന്ദ്രങ്ങളുടെ മാതൃകയിൽ ജനറിക് ഔഷധങ്ങൾ വിൽക്കുന്നതിന് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ 449 ജൻ ഔഷധി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | ജൻ ഔഷധി കേന്ദ്രങ്ങളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 56 |
| കൊല്ലം | 35 |
| പത്തനംതിട്ട | 22 |
| കോട്ടയം | 37 |
| ഇടുക്കി | 14 |
| ആലപ്പുഴ | 28 |
| എറണാകുളം | 54 |
| പാലക്കാട് | 36 |
| തൃശ്ശൂർ | 79 |
| കോഴിക്കോട് | 30 |

| (1) | (2) |
|---|---|
| വയനാട് | 8 |
| കണ്ണൂർ | 15 |
| മലപ്പുറം | 28 |
| കാസർഗോഡ് | 7 |
| ആകെ | 449 |

(ബി) രാജ്യത്ത് മരുന്നുൽപ്പാദനവും വിതരണവും വിൽപ്പനയും നിയന്ത്രിക്കുന്നത് ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് 1940-ഉം അതിന് കീഴിലുള്ള ചട്ടങ്ങളും പ്രകാരമാണ്. ടി നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചാണ് ഇത്തരത്തിലുള്ള എല്ലാ സർക്കാർ/ അർദ്ധസർക്കാർ/ സ്വകാര്യ മരുന്ന് വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിപ്പിക്കുന്നത്. ടി വ്യവസ്ഥകൾ തന്നെയാണ് ജൻ ഔഷധി കേന്ദ്രങ്ങൾക്കും ബാധകമായിട്ടുള്ളത്.

(സി) ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജൻ ഔഷധി കേന്ദ്രങ്ങളെ സംബന്ധിച്ച് 9 പരാതികളാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമായ പരാതികളിൽ 7 എണ്ണം ജൻ ഔഷധി കേന്ദ്രങ്ങൾനിന്ന് രോഗികൾക്ക് മരുന്നുകൾ ലഭ്യമാകുന്നില്ലായെന്നുള്ളതാണ്. മരുന്ന് ദൗർലഭ്യമായെന്നത് നിയമലംഘനമല്ല. ഇത്തരത്തിലുള്ള ഔഷധ വ്യാപാരസ്ഥാപനങ്ങൾക്ക് മരുന്ന് സപ്ലൈ ചെയ്യുന്നത് മറ്റ് മരുന്ന് വ്യാപാരികൾക്ക് മരുന്ന് ലഭ്യമാക്കുന്ന സപ്ലൈ ചെയിൻ വഴിയല്ല. ഇവയുടെ നിയന്ത്രണം കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന Bureau of Pharma Public Sector Undertaking of India എന്ന സ്ഥാപനമാണ്. മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് പരാതി ടി സ്ഥാപനത്തിന് നടപടികൾക്കായി അയച്ചുനൽകിയിട്ടുണ്ട്. വകുപ്പിന് മറ്റൊരു പരാതി ലഭ്യമായിട്ടുള്ളത് ടി സ്ഥാപനത്തിൽനിന്ന് വിൽപ്പന നടത്തിയ KENQUICK 1000 (Metformin അടങ്ങിയ പ്രമേഹ ഗുളിക) എന്ന മരുന്നിന് ഗുണനിലവാരം ഇല്ലായെന്നുള്ളതാണ്. പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത മരുന്ന് ഗുണനിലവാര പരിശോധനയ്ക്ക് അയയ്ക്കുകയും ഗുണനിലവാരമുള്ളതായി ഗവൺമെന്റ് അനലിസ്റ്റ് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി സ്ഥാപനത്തെ സംബന്ധിച്ച് ലഭ്യമായ മറ്റൊരു പരാതിയുടെ അടിസ്ഥാനത്തിൽ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബ്രാൻഡഡ് മരുന്നുകൾക്കൊപ്പം ജനറിക് മരുന്നുകളുടെ സംഭരണവും വിതരണവും വിൽപ്പനയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിച്ചുവരുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ കേരള ജനറിക്സ് എന്ന പേരിൽ പ്രത്യേക കൗണ്ടറുകൾ സജ്ജീകരിച്ചിട്ടുണ്ട്.

## വൈറസ് രോഗങ്ങൾ

234(252) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈറസുകൾ സൃഷ്ടിക്കുന്ന മാരകരോഗങ്ങൾ പ്രതിരോധിക്കുന്നതിന് സ്ഥിരം സംവിധാനം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞ വർഷം എച്ച്1 എൻ1, എലിപ്പനി, ഡെങ്കിപ്പനി, കുരങ്ങ്പനി, നിപ്പ എന്നിവ ബാധിച്ച് എത്ര പേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യരംഗത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുന്നിലാണെങ്കിലും പുതിയതരം വൈറസുകളും നിർമ്മാർജ്ജനം ചെയ്ത രോഗങ്ങളും ജനങ്ങളെ ബാധിക്കുന്നത് എന്തുകൊണ്ടാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പുതിയ വൈറസുകൾ സൃഷ്ടിക്കുന്ന മാരക രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ഐ.ഡി.എസ്.പി., എൻ.വി.ബി.ഡി.സി.പി. തുടങ്ങിയ ദേശീയ ആരോഗ്യ പ്രോഗ്രാമുകൾ ഉൾപ്പെട്ട സ്ഥിരം സംവിധാനം വഴി രോഗ നിരീക്ഷണം, പ്രാണി നിരീക്ഷണം, ശരിയായ ചികിത്സ, പ്രാണി നിയന്ത്രണമുൾപ്പെടെയുള്ള നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ആരോഗ്യ ജാഗ്രത എന്ന പേരിൽ പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പദ്ധതിയും തദ്ദേശ സ്വയംഭരണ വകുപ്പുകൾ ഉൾപ്പെടെയുള്ള ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. ഇത്തരം രോഗങ്ങളുടെ ചികിത്സാ മാർഗ്ഗരേഖകളും മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. രോഗസ്ഥിരീകരണത്തിന് പ്രധാനമായും ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും മണിപ്പാൽ സെന്റർ ഫോർ വൈറോളജി റിസർച്ച് എന്ന സ്ഥാപനത്തിലും കൂടാതെ സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിലും തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ മൈക്രോബയോളജി ലാബുകളിലും സംവിധാനം ഉണ്ട്. ഈ സംവിധാനം മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രാണിജന്യ രോഗങ്ങളുടെ നിയന്ത്രണത്തിനായി വി.സി.ആർ.സി., എൻ.സി.ഡി.സി. മുതലായ റിസർച്ച് സ്ഥാപനങ്ങളുടെ സഹകരണവും തേടുന്നുണ്ട്.

(ബി) കഴിഞ്ഞ വർഷം എച്ച്1 എൻ1 ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം - 50

എലിപ്പനി ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം- 99

ഡെങ്കിപ്പനി ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം- 32

കുരങ്ങ് പനി ബാധിച്ച് ആരും മരണപ്പെട്ടിട്ടില്ല.

നിപ ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം- 16

(സി) നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളായ വസൂരി, ഗിനിവേം രോഗം എന്നിവ കേരളത്തിൽ തിരിച്ചെത്തിയിട്ടില്ല. മലമ്പനി 1965-66 കാലഘട്ടത്തിൽ കേരളത്തിൽനിന്നും നിവാരണം ചെയ്തുവെങ്കിലും എഴുപതുകളിൽ വീണ്ടും തിരിച്ചെത്തി. മലമ്പനി കൂടുതലായി കാണപ്പെടുന്ന സംസ്ഥാനങ്ങളിൽ പോയി വരുന്നവർ വഴിയും ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വരുന്നവരിലൂടെയും ആണ് മലമ്പനി വീണ്ടും കേരളത്തിൽ തിരിച്ചെത്തിയത്. വൈറസുകൾ തുടങ്ങിയ രോഗാണുക്കളിൽ ജനിതകമാറ്റം വരുന്നതും രോഗങ്ങൾ തിരിച്ചെത്താൻ കാരണമായിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും വർദ്ധിച്ച തോതിലുള്ള യാത്രകളും ജീവിതശൈലിയിൽ ഉണ്ടായ മാറ്റങ്ങളും രോഗാണുക്കളിൽ ഉണ്ടാകുന്ന ജനിതക മാറ്റങ്ങളും രോഗാണുക്കളും രോഗം പരത്തുന്ന ജീവികളും യഥാക്രമം മരുന്നിനും കീടനാശിനികൾക്കും എതിരെ പ്രതിരോധശേഷി ആർജ്ജിക്കുന്നതുമൊക്കെ പുതിയ രോഗങ്ങൾ ഉണ്ടാകാൻ സാഹചര്യം സൃഷ്ടിക്കുന്നു. സംസ്ഥാനത്ത് 'ഗവൺമെന്റ് ഓഫ് കേരള-WHO ഡെങ്കി പഠനം- 2017-19' എന്ന പേരിൽ ഡെങ്കിപ്പനിയെക്കുറിച്ചുള്ള ഒരു പഠനം നടക്കുന്നുണ്ട്.

## കിരൺ ആരോഗ്യ സർവ്വേ

235(253) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ കിരൺ ആരോഗ്യ സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

(ബി) ബഹുരാഷ്ട്ര മരുന്നുകമ്പനികൾക്ക് വിവരങ്ങൾ കൈമാറുന്ന കനേഡിയൻ കമ്പനിക്കുവേണ്ടിയാണ് ആരോഗ്യവകുപ്പ് പ്രസ്തുത സർവ്വേ നടത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വ്യക്തമായ വിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കുന്നതിനായി കേരള ഇൻഫർമേഷൻ ഓൺ റെസിഡൻസ് ആരോഗ്യം നെറ്റ്‌വർക് (KIRAN) എന്നപേരിൽ 10 ലക്ഷം ജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് ആൻഡ് സയൻസ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ ഒരു ബൃഹത് പഠനം സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലെയും എല്ലാ വിഭാഗം ജനങ്ങളുടെയും ആരോഗ്യ സംബന്ധമായ വിവരങ്ങളാണ് ആരോഗ്യ പ്രവർത്തകർ വഴി ഇ-ഹെൽത്ത് സംവിധാനത്തിന്റെ സാങ്കേതിക സഹായം സ്വീകരിച്ചുകൊണ്ട് ടാബ്‌ലറ്റ് കമ്പ്യൂട്ടറുകളിൽ വിവരശേഖരണം നടത്തുന്നത്. ജനങ്ങളുടെ ഭക്ഷണരീതി, വ്യായാമ രീതി, മദ്യപാനം, പുകവലി തുടങ്ങിയ ദുഃശ്ശീലങ്ങൾ, രോഗാതുരത, ചികിത്സാ രീതികൾ, കുടുംബത്തിലുണ്ടാകുന്ന മരണകാരണങ്ങൾ തുടങ്ങിയ വിഷയങ്ങളിലാണ് വിവര ശേഖരണം നടത്തുന്നത്. ഇങ്ങനെ സംഭരിക്കുന്ന ആരോഗ്യ വിവരങ്ങൾ സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്റ്റേറ്റ് ഡേറ്റ സെല്ലിലാണ് സംഭരിക്കപ്പെടുന്നത്. പഠനം പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ ജനവിഭാഗങ്ങൾക്കിടയിലുള്ള രോഗങ്ങളെക്കുറിച്ചും രോഗത്തിലേയ്ക്ക് നയിക്കുന്ന ശീലങ്ങളെക്കുറിച്ചും കാരണങ്ങളെക്കുറിച്ചുമുള്ള വിശദമായ രൂപരേഖ ആരോഗ്യ വകുപ്പിന് ലഭ്യമാകുന്നതാണ്. ആരോഗ്യ പദ്ധതികളുടെ ശരിയായ ആസൂത്രണത്തിനും വിഭവ വികേന്ദ്രീകരണത്തിനും ഈ പഠനം പ്രയോജനകരമാണ്.

(ബി) കിരൺ സർവ്വേ നയിക്കുന്നത് അച്ച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസും പഠനത്തിന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ടി സെന്ററിന്റെ പൊതുജനാരോഗ്യം മേധാവിയുമാണ്. കിരൺ സർവ്വേയുടെ ചോദ്യാവലി ഉൾപ്പെടുന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് പ്രമുഖ ആഗോള പൊതുജനാരോഗ്യ ഗവേഷണ സ്ഥാപനമായ Mc Master യൂണിവേഴ്സിറ്റിയിലെ പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹായം സ്വീകരിച്ചിരുന്നു. എന്നാൽ വിവര ശേഖരണത്തിലോ വിവരങ്ങൾ കൈമാറുന്നതിലോ Mc Master യൂണിവേഴ്സിറ്റിയുമായി യാതൊരുവിധ ധാരണയിലും സർക്കാർ എത്തിയിട്ടില്ല. 10 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ വിവരങ്ങളിൽ സ്റ്റാറ്റിസ്റ്റിക്കൽ അനാലിസിസ് നടത്തുന്നതിന് ഈ രംഗത്ത് പരിചയ സമ്പന്നരായ PHRI യുടെ (പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) സാങ്കേതിക സഹായം അച്യുതമേനോൻ സെന്റർ താൽപര്യപ്പെട്ടിരുന്നു. ഇത് ലഭിക്കുന്നതിനുള്ള ഹെൽത്ത് മിനിസ്റ്റേഴ്സ് സ്ക്രീനിംഗ് കമ്മിറ്റി അനുമതിക്കായി അപേക്ഷ നൽകിയിട്ടുള്ളതാണ്. ആരോഗ്യ വകുപ്പ്

ശേഖരിക്കുന്ന ഡേറ്റ സ്റ്റേറ്റ് ഡേറ്റ സെല്ലിൽ സുരക്ഷിതമാണെന്നിരിക്കെ കനേഡിയൻ കമ്പനിക്ക് വിവരം കൈമാറുന്നുവെന്ന ആക്ഷേപത്തിൽ യാതൊരു വസ്തുതയുമില്ലാത്തതാണ്. പഠനം പൂർത്തിയാക്കിയശേഷം പഠന വിവരങ്ങൾ ആരോഗ്യ വകുപ്പ് പ്രസിദ്ധീകരിക്കുന്നതിനും ഗവേഷണ ആവശ്യങ്ങൾക്ക് അനുമതി നൽകുന്നതിനും തീരുമാനിച്ചിട്ടുള്ളതിനാൽ മരുന്ന് കമ്പനികൾക്ക് വിവരങ്ങൾ കൈമാറുന്നുവെന്ന ആക്ഷേപത്തിൽ യാതൊരു അടിസ്ഥാനവുമില്ല.

## കിഡ്നി രോഗികൾക്കുള്ള മരുന്നിന്റെ ലഭ്യത

236(254) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഡ്നി മാറ്റിവെച്ച രോഗികൾക്ക് ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ ജില്ലാ ആശുപത്രികളിൽ ലഭ്യമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ തിരൂർ, പെരിന്തൽമണ്ണ തുടങ്ങിയ ആശുപത്രികളിലും ജില്ലാ മെഡിക്കൽ സ്റ്റോറുകളിലും ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ ലഭ്യമല്ലെന്നും പകരം മരുന്നുകളാണ് നൽകുന്നതെന്നുമുള്ള കാര്യം പരിശോധിക്കുമോ ;

(സി) രോഗിയുടെ ആരോഗ്യ നിലയും രോഗാവസ്ഥയും അടിസ്ഥാനമാക്കി ഡോക്ടർ എഴുതി നൽകുന്ന മരുന്നുകൾ ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ആശുപത്രികളിൽ കിഡ്നി രോഗികൾക്കുവേണ്ടി ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ വാങ്ങുവാൻ മെഡിക്കൽ സപ്ലൈസ് കോർപ്പറേഷനും ബന്ധപ്പെട്ട അധികൃതർക്കും നിർദ്ദേശം നൽകുമോ;

(ഇ) കിഡ്നി രോഗികൾക്ക് ജില്ലാ ആശുപത്രികളിലും ജില്ലാ മെഡിക്കൽ സ്റ്റോറുകളിലും ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ ലഭ്യമല്ലെന്നും താലൂക്ക് ആശുപത്രികളിൽകൂടി മരുന്ന ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് മലപ്പുറം ഡി.എം.ഒ.-ക്ക് ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ - സി) സർക്കാരിന്റെ ജനറിക് നയം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അവശ്യമരുന്ന പട്ടികയിലുൾപ്പെട്ട മരുന്നുകളുടെ ജനറിക് മോളിക്യൂളുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം നടത്തിവരുന്നത്. വൃക്ക മാറ്റിവച്ച രോഗികൾക്കുള്ള ചികിത്സയ്ക്കായി

ഉപയോഗിക്കുന്ന Cyclosporine Cap. IP 100mg, Mycophenolate Mofetil Tab IP 500mg, Tacrolimus Cap IP 1mg എന്നീ മരുന്നുകൾ നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ വിതരണം നടത്തിവരുന്നുണ്ട്.

(ഡി&ഇ) സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ചികിത്സയ്ക്കാവശ്യമായി വരുന്ന 246 ഇനം മരുന്നുപട്ടിക 6-10-2017-ലെ സ.ഉ. (സാധാ) നമ്പർ 2749/2017/ആകുവ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ആയവ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ വിതരണം നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ടി മരുന്നു പട്ടികയിൽ കിഡ്നി മാറ്റിവച്ച രോഗികൾക്കായുള്ള മൂന്നിനം മരുന്നുകൾ ഉൾപ്പെട്ടിട്ടുണ്ട്. വൃക്കമാറ്റിവയ്ക്കൽ ചികിത്സാ സൗകര്യമുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലൂടെ ടി മരുന്നുകൾ സൗജന്യമായി നൽകിവരുന്നുണ്ട്. വൃക്ക രോഗവുമായി ബന്ധപ്പെട്ട രോഗികൾക്ക് രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിന് ആവശ്യമായിവരുന്ന Clonidine Tab IP 100mcg എന്ന ഗുളിക സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവയിലൂടെ ഡയാലിസിസ് ചികിത്സയോടനുബന്ധിച്ച് സൗജന്യമായി നൽകിവരുന്നു.

## രാമറാവു മെമ്മോറിയൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

237(255) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ രാമറാവു മെമ്മോറിയൽ സർക്കാർ താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ;

(ബി) ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച് യന്ത്രോപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് സെന്റർ ജനങ്ങൾക്ക് എന്ന് സമർപ്പിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) താലൂക്ക് ആശുപത്രി എന്ന നിലയിൽ നെടുങ്ങോലം രാമറാവു മെമ്മോറിയൽ സർക്കാർ താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര പരിഗണന നൽകുമോ;

(ഡി) ആയത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ആരോഗ്യ വകുപ്പിന്റെ 2015-16 വാർഷിക പദ്ധതിയിൽ 120 ലക്ഷം രൂപ രാമറാവു മെമ്മോറിയൽ സർക്കാർ താലൂക്ക് ആശുപത്രിയിൽ (നെടുങ്ങോലം താലൂക്ക് ആശുപത്രി) ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്തുവകുപ്പ് ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികളുടെ ആദ്യഘട്ട പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതീകരണ പ്രവർത്തികൾ പൂർത്തിയാക്കേണ്ടതുണ്ട്. പൊതുമരാമത്തുവകുപ്പ് പണികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതാണ്.

(സി & ഡി) നിലവിൽ നെടുങ്ങോലം രാമറാവു മെമ്മോറിയൽ സർക്കാർ താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി എന്ന കണക്കിലാണ് ആർദ്രം പദ്ധതിയിൽ ആശുപത്രികളെ തെരഞ്ഞെടുക്കുന്നത്. കൊല്ലം താലൂക്കിൽ കൊല്ലം ജില്ലാ ആശുപത്രിയെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**മഴക്കാല രോഗങ്ങൾക്കെതിരെയുള്ള മുന്നൊരുക്കങ്ങൾ**

238 (256) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെങ്കി, നിപ വൈറസ്സുകൾ മൂലമുണ്ടാവുന്ന രോഗങ്ങൾ സംസ്ഥാനത്ത് ഈ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ: ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഭീതിയിലാഴ്ത്തിയ മഴക്കാല രോഗങ്ങൾക്കെതിരെ എന്തെല്ലാം പ്രതിരോധ നടപടികളും മുന്നൊരുക്കങ്ങളുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിപ വൈറസ് രോഗം 2019-ൽ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ഈ വർഷം 23-5-2019 വരെ 354 പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിക്കുകയുണ്ടായി. തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ പേർക്ക് ഡെങ്കിപ്പനി പിടിപെട്ടത്. മലപ്പുറം, ആലപ്പുഴ, എറണാകുളം, കോട്ടയം, കൊല്ലം ജില്ലകളിലാണ് താരതമ്യേന കൂടുതൽപേർക്ക് ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തത്.

(ബി) "ആരോഗ്യജാഗ്രത 2019" -ന്റെ ഭാഗമായി ജനുവരിയിൽ തന്നെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയും പ്രവർത്തന കലണ്ടറും തയ്യാറാക്കി ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും ആരോഗ്യസേനയുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടത്തിവരുന്നു. ഫെബ്രുവരി 4-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രവർത്തനങ്ങൾക്ക് സംസ്ഥാന തലത്തിൽ ഔദ്യോഗിക തുടക്കം കുറിക്കുകയുണ്ടായി. വിവിധ തലങ്ങളിൽ വകുപ്പുതല ഏകോപനയോഗങ്ങൾ, ആലോചനായോഗങ്ങൾ, പരിശീലനം, ബോധവൽക്കരണം, അവശ്യസാധന സാമഗ്രികളുടെ സംഭരണവും വിതരണവും തുടങ്ങിയവ നടത്തി വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾ ശാക്തീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആരോഗ്യ സേനകളെ സജ്ജമാക്കി. ഇവരുടെ സഹായത്തോടെ ഗൃഹസന്ദർശനം, ശുചീകരണം, കൊതുക് ഉറവിട നശീകരണം, ക്ലോറിനേഷൻ തുടങ്ങിയവ നടത്തിവരുന്നു. പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനുവേണ്ടി സംസ്ഥാനത്തുടനീളം ക്യാമ്പയിനുകൾ നടപ്പിലാക്കി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" എന്ന പരിപാടിയും ആരോഗ്യവകുപ്പ് തയ്യാറാക്കിയ ആരോഗ്യജാഗ്രതാ കലണ്ടറും അനുസരിച്ചുള്ള പ്രവർത്തനങ്ങളും സംയുക്തമായി നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം രോഗനിരീക്ഷണം കാര്യക്ഷമമാക്കുകയും രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മസേന സന്ദർശിച്ച് ഊർജ്ജിത രോഗനിയന്ത്രണ പ്രവർത്തനങ്ങളും യഥാസമയം നടത്തിവരുന്നു.

## സ്വകാര്യ ആശുപത്രികളിലെ കരൾ- വൃക്ക-ഹൃദയമാറ്റ ശസ്ത്രക്രിയാച്ചെലവ്

239(257) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന കരൾ-വൃക്ക-ഹൃദയമാറ്റ ശസ്ത്രക്രിയകൾക്ക് വൻതുക ഫീസായി ഈടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ശസ്ത്രക്രിയകൾക്ക് സർക്കാർ ഫീസ് നിശ്ചയിക്കുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സർക്കാരിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ കുറഞ്ഞ ചെലവിൽ ഇത്തരം ശസ്ത്രക്രിയകൾ നടത്തുന്നതിന് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വ്യവസ്ഥയില്ല.

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ കുറഞ്ഞ ചെലവിലാണ് ഇപ്പോൾ നടത്തിവരുന്നത്. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിവരുന്നുണ്ട്. ഹൃദയം മാറ്റിവയ്ക്കുന്നതിനുള്ള ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിലും നടത്തിവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവിടെ നടന്ന ആദ്യ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ കരൾ സ്വീകരിച്ച രോഗി അവയവദാതാവിൽനിന്നുണ്ടായ അണുബാധമൂലം മരണപ്പെട്ടതിനാൽ കരൾമാറ്റ ശസ്ത്രക്രിയ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കരൾ മാറ്റ ശസ്ത്രക്രിയ പുനരാരംഭിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ചെള്ള് പനി**

240 (258) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ചെള്ള്പനി വ്യാപിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിൽ ഈ വർഷം ഇതുവരെ എത്രപേർക്ക് ചെള്ള്പനി ബാധിച്ചുവെന്നും എത്രപേർ മരണപ്പെട്ടുവെന്നും വ്യക്തമാക്കാമോ;

(സി) ചെള്ള്പനി ബാധിത പ്രദേശങ്ങളിൽ പനി പടരാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ ഈ വർഷം 51 പേർക്ക് ചെള്ളുപനി ബാധിക്കുകയുണ്ടായി. അതിൽ രണ്ടുപേർ ഈ രോഗത്താൽ മരണപ്പെട്ടു.

(സി) സംസ്ഥാന എന്റമോളജി സംഘവും ജില്ലാതല ദ്രുതകർമ്മസേനയും ചെള്ളുപനി (സ്ക്രബ് ടൈഫസ്) ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് വേണ്ട

പ്രതിരോധ നിയന്ത്രണ പരിപാടികൾ ഊർജ്ജിതപ്പെടുത്തി. രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും ട്രൈബൽ കോളനികളിലും പനി സർവ്വേ നടത്തുകയും രോഗം സംശയിച്ചവർക്ക് ഡോക്സിസൈക്ലിൻ മരുന്ന് നൽകുകയും ചെയ്തു. രോഗം സംശയിച്ചവരുടെ രക്തസാമ്പിളുകൾ പരിശോധനയ്ക്കയച്ചു. രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സ നൽകി. ബിറ്റ് നോട്ടീസുകൾ, പോസ്റ്ററുകൾ തുടങ്ങിയവ തയ്യാറാക്കി. തേയില/കാപ്പിത്തോട്ടങ്ങളിലും കൃഷി സ്ഥലങ്ങളിലും വനത്തിലും ജോലി ചെയ്യുന്നവർക്ക് രോഗപ്രതിരോധത്തെപ്പറ്റി ബോധവൽക്കരണം നടത്തി. രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ ചെള്ളുപനി പരത്തുന്ന മൈറ്റുകളെ (ചിഗ്ഗർമൈറ്റുകൾ) അകറ്റുന്നതിനുള്ള ലേപനങ്ങൾ ആരോഗ്യപ്രവർത്തകർക്ക് വിതരണം ചെയ്തു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് മൈറ്റുകളുടെ നിരീക്ഷണം നടത്തുകയും മൈറ്റ് (ചെള്ള്) നിയന്ത്രണത്തിന് സിന്തറ്റിക് പൈറിത്രോയ്ഡ് വിതറുകയും ചെയ്തു. എലിനശീകരണം പഞ്ചായത്ത്/കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടത്തിവരുന്നു.

ചെള്ളുപനി കൂടുതലായി റിപ്പോർട്ട് ചെയ്ത പൂതാടി കുടുംബാരോഗ്യകേന്ദ്ര പരിധി പ്രദേശത്ത് ജില്ലാതല ദ്രുതകർമ്മസേന സന്ദർശിച്ച് മെഡിക്കൽ ക്യാമ്പ് ഉൾപ്പെടെയുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തി. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി രോഗബാധിതരുടെ എണ്ണം കുറച്ചുകൊണ്ടുവരാൻ സാധിച്ചു.

## സൂര്യാഘാതം തടയാൻ സ്വീകരിച്ച മുൻകരുതലുകൾ

241 (259) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പലയിടങ്ങളിലും വ്യാപകമായി സൂര്യാഘാതം ഏറ്റതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ വർഷം മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സൂര്യാഘാതം ഏറ്റവർക്ക് എന്തൊക്കെ ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ;

(സി) സൂര്യാഘാതം ഏൽക്കുന്നത് തടയാൻ ആരോഗ്യ വകുപ്പ് എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സൂര്യാഘാതം ഏൽക്കുന്നവർക്ക് ഏതൊക്കെ തരത്തിലുള്ള ആശ്വാസ നടപടികളും ചികിത്സാ സഹായങ്ങളുമാണ് ഏർപ്പെടുത്തിയിരുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫെബ്രുവരി മാസം 25 മുതൽതന്നെ സൂര്യതാപവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾ എല്ലാ ജില്ലകളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. കൂടുതൽ പേർക്കും സൂര്യാഘാതംമൂലമുള്ള പൊള്ളലാണ് ഏറ്റിട്ടുള്ളത്. (871 പേർക്ക്). 763 പേർക്ക് ചെറിയ രീതിയിലുള്ള ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടായിട്ടുള്ളത്. ശരീരം ചുവന്ന് തടിക്കുന്നത് (heatrash) മിക്കവാറും എല്ലാ ജില്ലകളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. ഇടുക്കി, വയനാട്, കാസർഗോഡ് ഒഴികെ മറ്റ് ജില്ലകളിൽനിന്നെല്ലാം താരതമ്യേന തീവ്രമായ ശരീര താപശോഷണംമൂലമുള്ള പ്രശ്നങ്ങൾ ആകെ 32 ഓളം പേർക്ക് ഉണ്ടാവാനിടയായി. എറണാകുളം ജില്ലയിൽ ഒരു വ്യക്തി സൂര്യതാപംമൂലം മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ വർഷം 25-2-2019 മുതൽ 23-5-2019 വരെ 763 പേർക്ക് ഹീറ്റ്റാഷസും 871 പേർക്ക് സൂര്യാഘാതംമൂലമുള്ള പൊള്ളലും 32 പേർക്ക് ശരീരതാപശോഷണവും ഉണ്ടാകാനിടയായി. എറണാകുളം ജില്ലയിൽ ഒരാൾ സൂര്യാഘാതംമൂലം മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ഫെബ്രുവരി പകുതിയോടെ സംസ്ഥാനത്ത് അന്തരീക്ഷ താപനില കൂടുന്ന സാഹചര്യം ഉണ്ടായതിനെത്തുടർന്ന് 14-2-2019-ന് സൂര്യാഘാതം സംബന്ധിച്ച് ജാഗ്രതാ നിർദ്ദേശം എല്ലാ ജില്ലകൾക്കും നൽകി. സൂര്യാഘാതത്തെ കുറിച്ച് ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും അവബോധം സൃഷ്ടിക്കുന്നതിനുള്ള കൈപ്പുസ്തകം ലഭ്യമാക്കി. വിവിധ പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ സൂര്യാഘാതത്തിനെതിരെ പൊതുജനങ്ങൾക്കുള്ള മുന്നറിയിപ്പ് നൽകുകയുണ്ടായി. 5-3-2019 മുതൽ സൂര്യാഘാതം സംബന്ധിച്ച് പ്രതിദിന റിപ്പോർട്ടുകൾ ജില്ലകളിൽനിന്നും ലഭ്യമാക്കി സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ കാര്യാലയത്തിലേയ്ക്ക് അയച്ചുവരുന്നു. തിരുവനന്തപുരം കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽനിന്നുള്ള ഉഷ്ണതരംഗ സംബന്ധമായ കാലാവസ്ഥാ മുന്നറിയിപ്പുകൾ ദിവസേന ആരോഗ്യവകുപ്പ് കാര്യാലയത്തിൽ ലഭ്യമാക്കുകയും അത് ജില്ലകൾക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. 23-3-2019-ന് സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ ഉഷ്ണ തരംഗം, സൂര്യാഘാതം, സൂര്യതാപം- പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവ് എല്ലാ ജില്ലകളിലേയ്ക്കും അയച്ചുകൊടുത്തു. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 23-3-2019-ന് പ്രധാനപ്പെട്ട എല്ലാ എഫ്.എം. റേഡിയോ ചാനലുകൾ വഴി ജനങ്ങൾക്കാവശ്യമായ അവബോധം നൽകുകയുണ്ടായി. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ദിവസേനയും ആഴ്ചതോറുമുള്ള ഐ.ഡി.എസ്.പി. അവലോകന

യോഗങ്ങളിൽ സൂര്യാഘാതം സംബന്ധിച്ച റിപ്പോർട്ടുകൾ വിലയിരുത്തുകയും ജില്ലകൾക്കാവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകുകയും ചെയ്തുവരുന്നു.

(ഡി) സൂര്യാഘാതംമൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളവർക്ക് യഥാസമയം ആരോഗ്യ വകുപ്പ് സ്ഥാപനങ്ങൾ വഴി ശരിയായ ചികിത്സ നൽകിയിരുന്നു. ഇതിനുള്ള ക്രമീകരണങ്ങൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിരുന്നു. 21-3-2019-ലെ സ.ഉ. (സാധാ) നമ്പർ 225/2019- ഡി.എം.ഡി. നമ്പർ ഉത്തരവുപ്രകാരം ഉഷ്ണതരംഗവുമായി ബന്ധപ്പെട്ടുള്ള പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി 50 ലക്ഷം രൂപ വീതം ചെലവഴിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും അനുമതി നൽകി ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾ

242(260) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലരോഗ പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്നത്;

(ബി) ഏതൊക്കെ വകുപ്പുകളെ സംഘടിപ്പിച്ചാണ് പ്രവർത്തനം വിപുലപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) "ആരോഗ്യജാഗ്രത 2019" -ന്റെ ഭാഗമായി ജനുവരിയിൽ തന്നെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയും പ്രവർത്തന കലണ്ടറും തയ്യാറാക്കി ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും ആരോഗ്യസേനയുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തിവരുന്നു. ഫെബ്രുവരി 4-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രവർത്തനങ്ങൾക്ക് സംസ്ഥാനതലത്തിൽ ഔദ്യോഗിക തുടക്കം കുറിക്കുകയുണ്ടായി. വിവിധതലങ്ങളിൽ വകുപ്പുതല ഏകോപനയോഗങ്ങൾ, ആലോചനായോഗങ്ങൾ, പരിശീലനം, ബോധവൽക്കരണം, അവശ്യസാധന സാമഗ്രികളുടെ സംഭരണവും വിതരണവും തുടങ്ങിയവ നടത്തി. വാർഡുതല ആരോഗ്യ ശുചിത്വ സമിതികൾ ശാക്തീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആരോഗ്യ സേനകളെ സജ്ജമാക്കി. ഇവരുടെ

സഹായത്തോടെ ഗൃഹസന്ദർശനം, ശുചീകരണം, കൊതുക് ഉറവിട നശീകരണം, ക്ലോറിനേഷൻ തുടങ്ങിയവ നടത്തിവരുന്നു. പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ദിവസങ്ങളിൽ സംസ്ഥാനത്തുടനീളം ക്യാമ്പയിനുകൾ നടപ്പിലാക്കി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" എന്ന പരിപാടിയും ആരോഗ്യവകുപ്പ് തയ്യാറാക്കിയ ആരോഗ്യ ജാഗ്രതാ കലണ്ടറും അനുസരിച്ചുള്ള പ്രവർത്തനങ്ങളും സംയുക്തമായി വാർഡ്തല ആരോഗ്യ ശുചിത്വ സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം രോഗനിരീക്ഷണം കാര്യക്ഷമമാക്കുകയും രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മസേന സന്ദർശിച്ച് ഊർജ്ജിത രോഗനിയന്ത്രണ പ്രവർത്തനങ്ങളും യഥാസമയം നടത്തിവരുന്നു. പകർച്ചവ്യാധികൾ ഉണ്ടാകുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) ആരോഗ്യവകുപ്പിനൊപ്പം തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, കൃഷി, സാമൂഹ്യനീതി, മൃഗസംരക്ഷണം, റവന്യൂ, പൊതുമരാമത്ത്, ജലവിഭവം, തൊഴിൽ, ഫിഷറീസ്, നിയമം, പട്ടികവർഗ്ഗ വികസനം, പബ്ലിക് റിലേഷൻസ്, ആഭ്യന്തരം തുടങ്ങിയ വകുപ്പുകളോടൊപ്പം ശുചിത്വ മിഷൻ, ഹരിതകേരള മിഷൻ, ഭക്ഷ്യസുരക്ഷ കമ്മീഷൻ, മെഡിക്കൽ വിദ്യാഭ്യാസം, റെയിൽവേ തുടങ്ങിയവയെ സംഘടിപ്പിച്ചാണ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിയിരിക്കുന്നത്.

2018 ഡിസംബർ 5-നും 2019 ജനുവരി 24-നും ഏപ്രിൽ 29-നും മേയ് 16-നും സംസ്ഥാനതലത്തിൽ പകർച്ചവ്യാധി പ്രതിരോധത്തിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി യോഗങ്ങൾ നടത്തിയിരുന്നു.

**കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും**

243 (261) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ സി. കെ. ശശീന്ദ്രൻ :
ശ്രീ പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃ-ശിശു മരണ നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അട്ടപ്പാടിയിലെ ശിശുമരണനിരക്ക് കുറയ്ക്കുന്നതിനായി നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്;

(സി) കുട്ടികളുടെ വളർച്ചയ്ക്കും വികാസത്തിനുമായി അട്ടപ്പാടിയിൽ നടപ്പാക്കി വരുന്ന "ആദ്യ 1000 ദിനങ്ങൾ" എന്ന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും ഉത്തമമായ വളർച്ചയും ഉറപ്പു വരുത്താൻ സംസ്ഥാനത്തെ സ്കൂളുകളിൽ "ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ" എന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മാതൃ മരണനിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും ചേർന്ന് KFOG (Kerala Federation of Obstetrics and Gynecology)-യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി കേരളത്തിൽ നടപ്പിലാക്കിവരുന്നു.

മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു.

ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവ മുറിയിൽ ജോലി ചെയ്യുന്ന മറ്റു ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി.

ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, ഡിസ്പോസിബിൾ സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കി.

മാതൃമരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃമരണ ഓഡിറ്റ് നടപ്പിലാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു.

മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അവലോകന യോഗം കൃത്യമായി നടത്തിവരുന്നു. പ്രസ്തുത യോഗത്തിൽ മാതൃമരണ നിരക്കിന്റെ കാരണങ്ങൾ അവലോകനം ചെയ്യുകയും അത് തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നു.

ഇതുകൂടാതെ ജില്ലാതല അവലോകന യോഗത്തിലും ജില്ലകളിലെ മാതൃമരണ നിരക്ക് അവലോകനം ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിലും മാതൃമരണങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി ജില്ലയിലെ മാതൃമരണങ്ങളും ചികിത്സാ പ്രവർത്തനങ്ങളും അവലോകനം ചെയ്യുന്നു.

ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

മാതൃമരണ നിരക്ക് 2020-ൽ 30 (മുപ്പത്) ആയി കുറയ്ക്കുക, 2030-ൽ 20 (ഇരുപത്) ആയി കുറയ്ക്കുക എന്നതാണ് ലക്ഷ്യം.

നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഐ.എ.പി. (ഇൻഡ്യൻ അക്കാദമി ഓഫ് പീഡിയാട്രിക്) എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ NBCC (New Born Care Centre) തുടങ്ങി. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ NBSU (New Born Stabilization Unit), SNCU (Special New Born Care Unit) എന്നിവ തുടങ്ങി.

ആധുനിക മെഡിക്കൽ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി വാങ്ങി ആശുപത്രികൾക്ക് നൽകി.

ശിശു-മരണ ഓഡിറ്റ് സംവിധാനം നടപ്പിലാക്കിവരുന്നു. നവജാത ശിശുക്കളിലെ മെറ്റബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി New Born Screening Programme നടപ്പിലാക്കിവരുന്നു.

(ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

(സി) അമ്മയുടെ ഗർഭാവസ്ഥയിലെ 9 മാസം മുതൽ കുട്ടിക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ വളർച്ചയിൽ പരമപ്രധാനമാണ്. ഗർഭിണികളിലെ ന്യൂനപോഷണം ശിശുമരണത്തിനും അനാരോഗ്യമുള്ള കുഞ്ഞുങ്ങളുടെ ജനനത്തിനും കാരണമാകുന്നു. ഇത് തടയുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. യുവജനങ്ങൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ് മുഖേന പ്രഥമ സഹസ്രദിനങ്ങളുടെ പ്രാധാന്യവും ആരോഗ്യമുള്ള കുഞ്ഞിനായി സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചുമുള്ള ബോധവൽക്കരണം, കുഞ്ഞുങ്ങളിലെ വൈകല്യം മുൻകൂട്ടി കണ്ടുപിടിക്കാൻ ഉതകുന്ന പരിശീലന ക്ലാസ്സുകൾ, മുലയൂട്ടലിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള ബോധവൽക്കരണം, IYCF പോഷക വിദ്യാഭ്യാസം, ഫോളിക് ആസിഡ് ഗുളികകളുടെ വിതരണം, മെഡിക്കൽ ക്യാമ്പുകൾ നടത്തി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കുടുംബശ്രീ യൂണിറ്റ് തയ്യാറാക്കിയ പ്രത്യേക തെറാപ്പിക് ഫുഡ് വിതരണം എന്നിവയാണ് പദ്ധതി മുഖാന്തിരം നടത്തിവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കുട്ടികൾ അനുഭവിക്കുന്ന സ്വാഭാവ-വൈകാരിക-പഠന-മാനസികാരോഗ്യ-സാമൂഹിക പ്രയാസങ്ങൾ തക്കസമയത്ത് കണ്ടെത്തി അവർക്ക് ക്ലാസ്സ് റൂം തലത്തിലും സ്കൂൾ തലത്തിലും വിദഗ്ധരുടെ സഹായത്തോടെ ശാസ്ത്രീയമായ പരിചരണം ഉറപ്പുവരുത്തുക, അവരുടെ ജീവിത നൈപുണികളെ ശക്തിപ്പെടുത്തുക, ഫലപ്രദമായ രക്ഷകർത്തൃത്വം ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ പ്രവർത്തിച്ചു വരുന്ന പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടി ചിൽഡ്രൻ (ഒ.ആർ.സി.) സ്കൂളുകൾക്ക് ചുറ്റും അദൃശ്യമായ ഒരു സംരക്ഷണ വലയവും സൃഷ്ടിക്കുന്നതിനുവേണ്ടി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളും ഒ.ആർ.സി. സ്കൂളുകളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. വനിത ശിശു വികസന വകുപ്പിനുകീഴിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ (ഐ.സി.പി.എസ്.) ഭാഗമായി തെരഞ്ഞെടുത്ത 304 സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലാണ് പദ്ധതി നിലവിൽ നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മുഴുവൻ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും പദ്ധതി ഇതിനോടകം വ്യാപിപ്പിച്ചുകഴിഞ്ഞു. ഓ.ആർ.സി.യുടെ പ്രാധാന്യം ഉൾക്കൊണ്ട് യൂണിസെഫ് ആവശ്യമായ പിന്തുണ നൽകിവരികയും രാജ്യവ്യാപകമായി ഒ.ആർ.സി. നടപ്പിലാക്കുന്നതിന് ശ്രമങ്ങൾ നടത്തിവരികയും ചെയ്യുന്നു.

**മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ**

244 (263) ശ്രീ. സജി ചെറിയാൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയാനന്തരം പകർച്ചവ്യാധികളുടെ വ്യാപനം ഫലപ്രദമായി തടയുന്നതിന് സാധിച്ചതുപോലെ, മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും മാലിന്യ നിർമ്മാർജ്ജനവും കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിന് ആവശ്യമായ ജീവനക്കാരെ നിയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അവശ്യമരുന്നുകൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം മുൻകൂർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ശുചീകരണ, മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും മാലിന്യ നിർമ്മാർജ്ജനവും കാര്യക്ഷമമാക്കുന്നതിന് ആരോഗ്യവകുപ്പിന്റെ "ആരോഗ്യജാഗ്രത 2019" പരിപാടിയുടെ പ്രവർത്തന കലണ്ടർ അനുസരിച്ചുള്ള പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" പ്രോഗ്രാം സംബന്ധിച്ച പ്രവർത്തനങ്ങളും നടത്തുന്നതിന് നിർദ്ദേശം നൽകുകയും അവ സംയുക്തമായും സമയബന്ധിതമായും നടത്തിവരികയുമാണ്. ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക യോഗം കൂടി വേണ്ട നിർദ്ദേശങ്ങൾ നൽകി. മേയ് മാസം ആദ്യവാരം ജില്ലാ ചാർജ്ജുള്ള മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാർ യോഗം വിളിച്ചുകൂട്ടി വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. കൂടാതെ വാർഡുതല ആരോഗ്യ ശുചിത്വ സമിതികൾ ശാക്തീകരിച്ച് ആരോഗ്യസേനകൾക്ക് രൂപം കൊടുത്തു. ഇതര വകുപ്പുകളുടെ ഏകോപനയോഗങ്ങളും വിവിധ തലങ്ങളിൽ നടത്തിയിരുന്നു. ഏപ്രിൽ, മേയ് മാസങ്ങളിലായി ബോധവൽക്കരണത്തിനും ജലശുദ്ധീകരണത്തിനുമായി വിവിധ കാമ്പയിനുകൾ നടത്തി. മേയ് 11, 12 തീയതികളിൽ മന്ത്രിമാരുടെയും മറ്റ് ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ആരോഗ്യ-തദ്ദേശസ്വയംഭരണ വകുപ്പുകളുടെയും ആരോഗ്യസേനയുടെയും പങ്കാളിത്തത്തോടെ ശുചീകരണവും കൊതുക് ഉറവിട നശീകരണവും സംസ്ഥാനത്തുടനീളം നടത്തി. പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവർക്കെതിരെ നിയമനടപടികളും സ്വീകരിച്ചുവരുന്നു. ആശുപത്രി മാലിന്യ സംസ്കരണവും കാര്യക്ഷമമായി നടത്തിവരുന്നു.

(ബി) ഉണ്ട്. പകർച്ചവ്യാധികൾ കൂടുതലായി ഉണ്ടാകുവാൻ സാധ്യതയുള്ള നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും മറ്റും ദിവസവേതന വ്യവസ്ഥയിൽ തൊഴിലാളികളെ നിയോഗിച്ച് ആവശ്യമായ പരിശീലനം നൽകി കൊതുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) സർക്കാർ ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകളുടെ സംഭരണവും വിതരണവും നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. നിലവിൽ അവശ്യമരുന്നുകളെല്ലാംതന്നെ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. ഏതെങ്കിലും സാഹചര്യത്തിൽ അവശ്യ മരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ ആശുപത്രി മേധാവികൾ തന്നെ ആയവ ലോക്കൽ പർച്ചേസ് മുഖേന ടി മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാന ആരോഗ്യവകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ

ആശുപത്രികൾക്കാവശ്യമായ അവശ്യ മരുന്നുകളുടെ വിതരണത്തിനായി നടപ്പുസാമ്പത്തിക വർഷം സ്വീകരിച്ച മുൻകൂർ നടപടികൾ ചുവടെ ചേർക്കുന്നു:

1. നടപ്പു സാമ്പത്തിക വർഷാരംഭം മുതൽക്കുതന്നെ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും മരുന്നുകൾ എത്തിക്കണമെന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ടുതന്നെ സംഭരണ പ്രക്രിയയ്ക്കു തുടക്കം കുറിച്ചു. 25-9-2018-ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ സബ്കമ്മിറ്റി യോഗം ചേർന്ന് മരുന്ന് പട്ടികയ്ക്ക് അന്തിമരൂപം നൽകിയശേഷം ഇൻഡന്റ് ശേഖരണത്തിനായി ആരോഗ്യ വകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കൈമാറുകയുണ്ടായി.

തലത്തിൽ ഇ-ദർഘാസുകൾ ക്ഷണിച്ച് സാങ്കേതിക പ്രമാണ പരിശോധന, ഫാക്ടറി പരിശോധന, പ്രൈസ് ബിഡ് പരിശോധന തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 2019 മാർച്ച് മാസം മുതൽ ലെറ്റർ ഓഫ് ഇൻഡന്റും വിതരണോത്തരവുകളും (ഉദ്ദേശം 200 കോടി രൂപയുടെ വിതരണോത്തരവുകൾ, അതായത് വാർഷിക ഇൻഡെന്റിന്റെ 50 ശതമാനം) നൽകിയിട്ടുണ്ട്. അതിനനുസരിച്ചുള്ള മരുന്നുകൾ കോർപ്പറേഷന്റെ വിവിധ ജില്ലാ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കൊണ്ടിരിക്കുന്നു.

2. ദർഘാസിൽ വിതരണക്കാരെ ലഭിക്കാത്ത ഇനങ്ങൾ ഉൾപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ അനുമതിയോടുകൂടി 8-3-2019-ന് പുനർദർഘാസ് ക്ഷണിക്കുകയുണ്ടായി. പുനർദർഘാസിലൂടെ ലഭിച്ച വിതരണക്കാരിൽനിന്നും മരുന്ന് സംഭരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

3. 2019-20 സാമ്പത്തിക വർഷത്തിന്റെ ആദ്യമാസങ്ങളിലേയ്ക്ക് ആവശ്യമായ മരുന്നുകൾക്ക് യാതൊരുവിധത്തിലും ക്ഷാമം നേരിടാതിരിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാനം (2019 ഫെബ്രുവരി മാസം) നൽകിയ വിതരണോത്തരവുകളിലൂടെ അവശ്യംവേണ്ട എല്ലായിനം മരുന്നുകളും സംഭരിച്ച് ആവശ്യമായ സ്റ്റോക്ക് ഉറപ്പാക്കിയിട്ടുണ്ട്.

4. ദർഘാസിലൂടെ വിതരണക്കാരെ ലഭിക്കാത്തതും എന്നാൽ ആശുപത്രികളിൽ വളരെ അത്യന്താപേക്ഷിതവുമായ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന സംഭരിച്ച് ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വാർഡുതല ആരോഗ്യശുചിത്വ സമിതികൾ ശാക്തീകരിച്ച് യോഗം ചേരുകയും ഓരോ വാർഡിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കുടുംബശ്രീ, റെസിഡന്റ്സ് അസോസിയേഷൻ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരിൽനിന്നുള്ളവരെ ഉൾപ്പെടുത്തി ആരോഗ്യസേനകളെ തെരഞ്ഞെടുത്ത്

പരിശീലനം നൽകുന്നു. പ്രത്യേക ഗ്രാമസഭകളിൽ രോഗപ്രതിരോധ നിയന്ത്രണം സംബന്ധിച്ച കാര്യങ്ങൾ അവതരിപ്പിക്കുന്നു. ആരോഗ്യ സന്ദേശയാത്ര, പകർച്ചവ്യാധി, പ്രതിരോധ കാമ്പയിനുകൾ, പകർച്ചവ്യാധി സംബന്ധിച്ച ദിന/വാര/മാസാചരണങ്ങൾ തുടങ്ങിയവ നടപ്പിലാക്കുമ്പോൾ ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണവും നടത്തുന്നു. കൂടാതെ പകർച്ചവ്യാധി സംബന്ധിച്ച കൈപ്പുസ്തകം, ലഘുലേഖകൾ, പോസ്റ്ററുകൾ, ഹോർഡിംഗുകൾ, സി.ഡി. ഷോ, സെമിനാറുകൾ, ശിൽപ്പശാലകൾ, പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ തുടങ്ങിയവയിലൂടെയും ബോധവൽക്കരണം നടത്തുന്നുണ്ട്. സ്കൂളുകൾ, അങ്കണവാടികൾ, അയൽക്കൂട്ടങ്ങൾ, റെസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയവ ബോധവൽക്കരണ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുവാനും സമൂഹ മാധ്യമങ്ങളിലൂടെ വേണ്ട ബോധവൽക്കരണം നൽകുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

245(264) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മുൻകൈ എടുത്ത് നല്ല രീതിയിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം നടത്തിവരുന്നത് കൂടാതെ പകർച്ചവ്യാധികളടക്കമുള്ള മഴക്കാല രോഗങ്ങളെ പ്രതിരോധിയ്ക്കുന്നതിന് മറ്റ് മാർഗ്ഗങ്ങൾ എന്തെല്ലാമാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി മഴക്കാലപൂർവ്വ ശുചീകരണം നടത്തുന്നതിന് പുറമേ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് "ആരോഗ്യജാഗ്രത- 2019" കർമ്മ പരിപാടിയനുസരിച്ച് വിവിധ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. വാർഡുതല ആരോഗ്യശുചിത്വ പോഷണ സമിതികളുടെ നേതൃത്വത്തിൽ ആരോഗ്യസേനകളെ ഉപയോഗിച്ച് ഗൃഹസന്ദർശനം, കൊതുകുറവിട നശീകരണം, കുടിവെള്ളം ക്ലോറിനേഷൻ, ബോധവൽക്കരണം തുടങ്ങിയവ നടത്തുന്നു. ഇതിന് ഡ്രൈഡേ ആചരണവും മറ്റ് കാമ്പയിനുകളും നടപ്പിലാക്കുന്നു.

ഐ.ഡി.എസ്.പി., എൻ.വി.ബി.ഡി.സി.പി. തുടങ്ങിയ ദേശീയ പ്രോഗ്രാമുകൾ വഴി രോഗനിരീക്ഷണവും നിയന്ത്രണവും കാര്യക്ഷമമാക്കുവാനും

പകർച്ചവ്യാധികൾ സംബന്ധിച്ച ദിന/വാര/മാസാചരണങ്ങൾ നടത്തുന്നു. രോഗം പകരുന്നത് തടയാൻ വ്യക്തിഗത സുരക്ഷാ സാമഗ്രികൾ ലഭ്യമാക്കുന്നു. എലിപ്പനിക്കെതിരെ പ്രതിരോധ ചികിത്സ ലഭ്യമാക്കുന്നു.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി സംസ്ഥാനത്തുനിന്ന് മലമ്പനി, മന്തുരോഗം, കുഷ്ഠരോഗം, കാല അസർ, ക്ഷയരോഗം, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യാനുതകുന്ന പ്രവർത്തനങ്ങളും കാര്യക്ഷമമായിത്തന്നെ നടന്നുവരുന്നുണ്ട്. ദിനംപ്രതി/ആഴ്ചതോറും/മാസംതോറും പകർച്ചവ്യാധികളെ സംബന്ധിച്ച അവലോകന യോഗങ്ങൾ ഓരോതലത്തിലും (സംസ്ഥാന/ജില്ലാ/പി.എച്ച്.സി./സി.എച്ച്.സി., വാർഡ്) നടത്തിവരുന്നു. ഇപ്രകാരം പകർച്ചവ്യാധി പ്രതിരോധത്തിനായി സാധ്യമായ എല്ലാ നടപടികളും ആരോഗ്യവകുപ്പ് സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

## പകർച്ചവ്യാധികൾ പ്രതിരോധിക്കാൻ നടപടി

246(265) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് ജലജന്യരോഗങ്ങളും കൊതുകുജന്യരോഗങ്ങളും ഉണ്ടാകാനുള്ള സാധ്യത മുൻനിർത്തി അവയെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മുൻവർഷങ്ങളിൽ പകർച്ചവ്യാധികൾ പടർന്നുപിടിച്ച പ്രദേശങ്ങൾക്ക് മുൻഗണന നൽകി പ്രതിരോധപ്രവർത്തനങ്ങൾ സംഘടിപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ഇതര വകുപ്പുകളുടെ സഹകരണത്തോടെ നടത്തുന്ന ആരോഗ്യജാഗ്രത 2019, ആരോഗ്യരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം എന്നീ പരിപാടികൾവഴി ജലജന്യ/ കൊതുകുജന്യ രോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കാൻ സാധിക്കുന്നതാണ്.

ആരോഗ്യ വകുപ്പ്/ജലവിഭവ വകുപ്പ്/ജല അതോറിറ്റി/ ജലനിധി തുടങ്ങിയവയുടെ സഹകരണത്തോടെ തുടർച്ചയായി ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യുവാനുള്ള നടപടികൾ, ജല സ്രോതസ്സുകളുടെ ക്ലോറിനേഷൻ, ജലഗുണനിലവാര പരിശോധന തുടങ്ങിയ പ്രവർത്തനങ്ങൾ ജലജന്യ രോഗങ്ങളെ

പ്രതിരോധിക്കാൻ സഹായിക്കുന്നുണ്ട്. ഭക്ഷണശാലകൾ, ആഘോഷങ്ങൾ, മേളകൾ തുടങ്ങിയവയിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ള/ശീതളപാനീയ ശുചിത്വ പരിശോധന ആരോഗ്യ വകുപ്പുദ്യോഗസ്ഥർ നടത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കൊതുകുജന്യ രോഗങ്ങളെ പ്രതിരോധിക്കാൻ കൊതുകുറവിട നശീകരണ കാമ്പയിനുകൾ, പ്രതിവാര ഡ്രൈഡേ ആചരണം, പ്രതിവാര കൊതുക നിരീക്ഷണം, വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ, ജൈവിക നിയന്ത്രണം, ആവശ്യമെങ്കിൽ രാസ നിയന്ത്രണം തുടങ്ങിയവ നടത്തുന്നു. കൊതുകുനിരീക്ഷണവും നിന്ത്രണവും നടത്തുന്നതിന് ഓരോ ജില്ലയിലും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 2019-ലെ ആരോഗ്യജാഗ്രതാ കൈപ്പുസ്തകത്തിൽ മുൻവർഷം പകർച്ചവ്യാധികൾ പടർന്നുപിടിച്ച പ്രദേശങ്ങളുടെ പട്ടിക ഉൾപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇത്തരം ഹൈ റിസ്ക് പ്രദേശങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

### സ്വകാര്യ ആശുപത്രികളിലെ ഫീസ് ഏകീകരിക്കൽ

247(266) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ പരിശോധനകൾക്ക് വിവിധ രീതിയിലുള്ള ഉയർന്ന ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉയർന്ന ഫീസ് ഈടാക്കുന്നത് ഒഴിവാക്കുന്ന കാര്യം ആലോചിക്കുമോ;

(സി) സ്വകാര്യ ആശുപത്രികളിലെ ചികിത്സാ, പരിശോധനാഫീസുകൾ ഏകീകരിക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ-സി) സ്വകാര്യ ആശുപത്രികളുടെ നിരക്കുകൾ നിയന്ത്രിക്കുന്നതിന് നിലവിൽ സംസ്ഥാനത്ത് നിയമമൊന്നുമില്ല. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടും ചട്ടങ്ങളും പ്രകാരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടുകഴിഞ്ഞാൽ പ്രസ്തുത സ്ഥാപനങ്ങളുടെ ചികിത്സാ ഫീസുകൾ പ്രസിദ്ധീകരിക്കുകയും ആയത് പൊതുജനങ്ങൾക്ക് തിരിച്ചറിയാൻ കഴിയുന്നതുമാണ്.

## രാസപദാർത്ഥങ്ങളടങ്ങിയ സർബത്തുകളും ജ്യൂസുകളും

248(267) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസപദാർത്ഥങ്ങളടങ്ങിയ ചേരുവകൾ ചേർത്ത് സർബത്തുകളും ജ്യൂസുകളും ജ്യൂസ് കടകളിലും ഐസ്ക്രീം പാർലറുകളിലും ബസ്സ്സ്റ്റാന്റുകൾ, റെയിൽവേസ്റ്റേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, വിവിധ ആരാധനാകേന്ദ്രങ്ങളുടെ പരിസരങ്ങൾ എന്നിവിടങ്ങളിലും വ്യാപകമായി വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശീതീകരിച്ച ഇത്തരം ജ്യൂസുകളും സർബത്തുകളും ഏറെ ഉപയോഗിക്കുന്നത് യുവാക്കളും യുവതികളുമാണെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്കും മാരകരോഗങ്ങൾക്കും വഴിവയ്ക്കാവുന്ന ഇതിലെ ചേരുവകൾ പാക്കറ്റുകളിലും ടിന്നുകളിലുമാക്കി പായ്ക്ക് ചെയ്ത് വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളെ ഈ സർക്കാരിന്റെ കാലയളവിൽ എപ്പോഴെങ്കിലും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ഡി) ഇതിന്റെ നിർമ്മാതാക്കൾ വൻ സാമ്പത്തിക അടിത്തറയുള്ളവരായതിനാൽ അന്വേഷിക്കാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ജനങ്ങളുടെ ആരോഗ്യം തിരസ്കരിച്ച് ഇത്തരക്കാരെ അന്വേഷണപരിധിയിൽ നിന്ന് സ്ഥിരമായി ഒഴിവാക്കുന്ന നിലപാട് അതീവഗൗരവമായി കണ്ട് കർശന പീരിയോഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുമോ?

ഉത്തരം

(എ) അനുവദനീയമായ രാസപദാർത്ഥങ്ങളടങ്ങിയ ചേരുവകൾ ചേർത്ത് സർബത്തുകളും ജ്യൂസുകളും ജ്യൂസ് കടകളിലും ഐസ്ക്രീം പാർലറുകളിലും വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഭക്ഷ്യസുരക്ഷാ വകുപ്പ് വിവിധ കടകളിൽ നിരന്തരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങളടങ്ങിയ ചേരുവകൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം അഡ്ജൂഡിക്കേഷൻ/ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സ്ഥാപനങ്ങളിൽ 4241 പരിശോധന നടത്തുകയും 225 സാമ്പിളുകൾ ശേഖരിക്കുകയും 1193 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തിവരുന്നുണ്ട്. അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ടാൽ നടപടി സ്വീകരിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

**മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ**

249 (268) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള പകർച്ചവ്യാധികളും മറ്റുരോഗങ്ങളും തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കാത്തത് മുൻകാലങ്ങളിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് വഴിവച്ചിട്ടുള്ള സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് ആവശ്യമായ മുൻകരുതലുകൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ടോ;

(സി) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ പ്രാധാന്യം പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി കൂടുതൽ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) "ആരോഗ്യജാഗ്രത 2019" -ന്റെ ഭാഗമായി ജനുവരിയിൽ തന്നെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയും പ്രവർത്തന കലണ്ടറും തയ്യാറാക്കി ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും ആരോഗ്യസേനയുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടത്തിവരുന്നു. ഫെബ്രുവരി 4-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രവർത്തനങ്ങൾക്ക് സംസ്ഥാന തലത്തിൽ ഔദ്യോഗിക തുടക്കം കുറിക്കുകയുണ്ടായി. വിവിധ തലങ്ങളിൽ വകുപ്പുതല ഏകോപനയോഗങ്ങൾ, ആലോചനായോഗങ്ങൾ, പരിശീലനം, ബോധവൽക്കരണം, അവശ്യസാധന സാമഗ്രികളുടെ സംഭരണവും വിതരണവും തുടങ്ങിയവ നടത്തി വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾ ശാക്തീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആരോഗ്യ സേനകളെ സജ്ജമാക്കി. ഇവരുടെ സഹായത്തോടെ ഗൃഹസന്ദർശനം, ശുചീകരണം, കൊതുകുറവിട നശീകരണം,

ക്ലോറിനേഷൻ തുടങ്ങിയവ നടത്തിവരുന്നു. പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ദിവസങ്ങളിൽ സംസ്ഥാനത്തുടനീളം ക്യാമ്പയിനുകൾ നടപ്പിലാക്കി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" എന്ന പരിപാടിയും ആരോഗ്യവകുപ്പ് തയ്യാറാക്കിയ ആരോഗ്യജാഗ്രതാ കലണ്ടറും അനുസരിച്ചുള്ള പ്രവർത്തനങ്ങളും സംയുക്തമായി നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം രോഗനിരീക്ഷണം കാര്യക്ഷമമാക്കുകയും രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മസേന സന്ദർശിച്ച് ഊർജ്ജിത രോഗനിയന്ത്രണ പ്രവർത്തനങ്ങളും യഥാസമയം നടത്തിവരുന്നു. പകർച്ചവ്യാധികൾ ഉണ്ടാകുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മാത്രമേ ശുചീകരണ-രോഗപ്രതിരോധ പ്രവർത്തനങ്ങൾ വിജയിക്കൂ എന്നതിനാൽ 2018 ഡിസംബർ 5, 2018 ജനുവരി 24, ഏപ്രിൽ 29, മേയ് 16 എന്നീ തീയതികളിൽ വിവിധ വകുപ്പുകളുടെ ഏകോപനം സംസ്ഥാന തലത്തിൽ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ/അഡീഷണൽ ചീഫ് സെക്രട്ടറിയുടെ/പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗംകൂടി നടപടികൾ സ്വീകരിച്ചു. ഇതുകൂടാതെ ജില്ലാതലത്തിലും നഗരസഭ/പഞ്ചായത്ത്/ വാർഡ്തലങ്ങളിലും ഏകോപനങ്ങൾ നടത്തി. തദ്ദേശ സ്ഥാപനയോഗങ്ങൾ രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ അവതരിപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. തദ്ദേശ സ്ഥാപനതലത്തിൽ ഇതുസംബന്ധിച്ച് പ്രോജക്ടുകൾ സമർപ്പിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. വാർഡ്തല ശുചിത്വ ഫണ്ടുകൾ യഥാസമയം അനുവദിക്കുന്നതിനും കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

(സി) മികച്ചതും സമഗ്രവുമായ ബോധവൽക്കരണ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## ദുരന്തസാധ്യതാ പ്രദേശങ്ങളിൽ പകർച്ചവ്യാധികൾ തടയാൻ നടപടി

250(269) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയാനന്തരം പകർച്ചവ്യാധികൾ പടരാതെ ദുരന്തനിവാരണത്തിൽ ഫലപ്രദമായി ഇടപെടാൻ സാധിച്ചതിന്റെ പശ്ചാത്തലത്തിൽ, ദുരന്തസാധ്യതാ പ്രദേശങ്ങളെ തിരിച്ചറിഞ്ഞ് പകർച്ചവ്യാധികൾ ഉണ്ടാകാതിരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. 2018-ൽ പ്രളയദുരന്തം ഉണ്ടായ പ്രദേശങ്ങളുടെ പട്ടിക 2019-ലെ ആരോഗ്യജാഗ്രത കർമ്മ പരിപാടിയുടെ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ അത്തരം പ്രദേശങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. കൂടാതെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പങ്കാളിത്തവും ദുരന്തനിവാരണത്തിനുള്ള പരിശീലനവും മുൻകരുതലും നൽകുന്ന കാര്യവും ഈ വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാദേശികാടിസ്ഥാനത്തിലും ഇത്തരം പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

പ്രളയദുരന്തങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ജലജന്യ/കൊതുകുജന്യ/ ജന്തുജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യസന്ദർഭങ്ങളിൽ അത്തരം മാർഗ്ഗരേഖകൾക്കനുസരിച്ച് പ്രവർത്തിക്കുന്നതാണ്.

## 108 ആംബുലൻസ്

251(270) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജീവൻ രക്ഷയ്ക്കായി അടുത്തിടെ പുതുതായി എത്ര 108 ആംബുലൻസുകളാണ് വാങ്ങിയതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആംബുലൻസിൽ പോർട്ടബിൾ ഓക്സിജൻ സിലിണ്ടർ ഉൾപ്പെടെയുള്ളവ ഘടിപ്പിക്കാത്തതിനാൽ ഈ ആംബുലൻസുകൾ നിരത്തിലിറക്കുവാൻ എന്തെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 10 എണ്ണം.

(ബി) പുതുതായി വാങ്ങിയ ആംബുലൻസുകളിൽ ഓരോ ആംബുലൻസിലും രണ്ട് ഡി ടൈപ്പ് സിലിണ്ടറുകൾ ഘടിപ്പിക്കേണ്ടതുണ്ടായിരുന്നു. അതിനായി 22-2-2019-ൽ ലൈഫ് കെയർ എന്ന സ്ഥാപനത്തിന് 20 ഡി ടൈപ്പ് ഓക്സിജൻ സിലിണ്ടറുകൾ വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകി. ഈ സിലിണ്ടറുകൾ ഡൽഹിയിൽനിന്നും എത്തിച്ചേരുവാൻ കാലതാമസം നേരിട്ടെങ്കിലും രണ്ട് ആഴ്ചകൾക്ക് മുൻപ് വാഹനങ്ങൾ നിരത്തിലിറക്കുവാൻ സാധിച്ചിട്ടുണ്ട്.

## കരൾ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

252 (271) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ ആശുപത്രികളിൽ നടത്തുവാനുള്ള സൗകര്യം സജ്ജീകരിക്കാത്തതുകൊണ്ടും കാരുണ്യ ഉൾപ്പെടെയുള്ള ചികിത്സാസഹായപദ്ധതികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന ആശുപത്രികൾ ഉൾപ്പെടാത്തതുകൊണ്ടും കരൾ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുപരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമാണ് കരൾമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യമുള്ളത്. എന്നാൽ ഇവിടെ നടന്ന ആദ്യ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ കരൾ സ്വീകരിച്ച രോഗി അവയവദാതാവിൽനിന്നുണ്ടായ അണുബാധമൂലം മരണപ്പെട്ടതിനാൽ കരൾമാറ്റ ശസ്ത്രക്രിയ താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നു. ആയത് പുനരാരംഭിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

അതിസങ്കീർണ്ണവും ശസ്ത്രക്രിയാനന്തരം അണുബാധ ഉണ്ടാകുന്നതിന് സാധ്യത വളരെ കൂടുതലുള്ളതുമായ ഒന്നാണ് കരൾമാറ്റ ശസ്ത്രക്രിയ. ആയതിനാൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കായി പ്രത്യേക ഓപ്പറേഷൻ തീയേറ്റർ, ഐ.സി.യു. എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കേണ്ടതുണ്ട്. വളരെയധികം സങ്കീർണ്ണമായ കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനായി അത്യന്തം നൂതനവും സങ്കീർണ്ണവുമായ സജ്ജീകരണങ്ങൾ ആവശ്യമാണ്. നിലവിൽ ഇതിനുള്ള ഭൗതിക സാഹചര്യം മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമല്ലാത്തതിനാലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമായി ഈ സൗകര്യം നിജപ്പെടുത്തിയിട്ടുള്ളത്.

## ഹൃദ്യം പദ്ധതി

253 (272) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ ഹൃദ്യം പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടികളിലെ ജന്മനായുള്ള ഹൃദ്രോഗം തീർത്തും ചികിത്സിച്ച് ഭേദമാക്കാവുന്ന ഒന്നാണ്. എന്നാൽ രോഗം യഥാസമയം കണ്ടെത്താനും, അഥവാ കണ്ടെത്തിക്കഴിഞ്ഞാൽ കൃത്യമായ സമയത്ത് ശസ്ത്രക്രിയ നടത്താനും സാധിക്കുന്നില്ല. മാത്രമല്ല വലിയൊരു വിഭാഗം കുട്ടികൾക്കും തുടർ ചികിത്സ ആവശ്യമാണ്. എന്നാൽ പ്രാഥമിക ചികിത്സ കഴിഞ്ഞ മിക്ക കുട്ടികളും തുടർ ചികിത്സയ്ക്ക് വിധേയരാകുന്നില്ല. ഇക്കാരണങ്ങളാൽ ഹൃദ്രോഗം മൂലമുള്ള മരണനിരക്ക് ക്രമാനുഗതമായി വർദ്ധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതിൽ രോഗം കണ്ടെത്താൻ സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും, കൃത്യസമയത്ത് ശസ്ത്രക്രിയ ചെയ്യുന്ന, കൃത്യമായി തുടർ ചികിത്സ ചെയ്യുന്ന കുട്ടികളുടെ എണ്ണം പരിമിതമാണ്. ഇത്തരത്തിൽ കുട്ടികളെ കൃത്യമായി നിരീക്ഷിക്കാനും അവരുടെ അസുഖത്തിന്റെ തോതനുസരിച്ച് യഥാസമയം ശസ്ത്രക്രിയ നടത്താനും യഥാവിധി തുടർ ചികിത്സ ചെയ്യാനും ഒരു സംവിധാനം വളരെ അത്യന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിലാണ് സർക്കാർ ഹൃദ്യം പദ്ധതി ആരംഭിക്കുന്നത്. കുട്ടികൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കാനും, തുടർചികിത്സാ നടപടികളെ ഏകീകരിക്കാനും വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഒരു സോഫ്റ്റ്‌വെയർ ആവിഷ്കരിച്ചിട്ടുണ്ട്. ഹൃദ്രോഗമുള്ള കുട്ടികളെ ഈ സോഫ്റ്റ്‌വെയർ മുഖാന്തിരം രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. ഈ സോഫ്റ്റ്‌വെയറിന് നൽകിയിരിക്കുന്ന പേരാണ് ഹൃദ്യം.

ഈ പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളെയും Visible & functional birth defect സ്ക്രീനിംഗിന് വിധേയമാക്കുന്നു. ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്ന കുഞ്ഞുങ്ങളെ ശിശുരോഗവിദഗ്ധന്റെ സഹായത്തോടെ എക്കോ ഉൾപ്പെടെയുള്ള പരിശോധനകൾ വഴി അസുഖം കണ്ടെത്തുന്നു. സ്വകാര്യ ആശുപത്രികളിൽ ജനിക്കുന്ന കുട്ടികൾക്കും ഈ പദ്ധതിവഴിയുള്ള സേവനം ലഭ്യമാണ്. രോഗനിർണ്ണയത്തിന് ശേഷം കുട്ടികളുടെ വിവരങ്ങൾ www.hridyam.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ കേസ്സുകൾ പരിശോധിച്ചാണ് കുട്ടികൾക്ക് ആവശ്യമായ ചികിത്സകൾ നൽകുന്നത്.

(ബി) ഹൃദ്യം പദ്ധതിയിലൂടെ 1104 കുട്ടികൾക്കാണ് ഹൃദയ സംബന്ധമായ രോഗത്തിന് ചികിത്സ ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം 1104 കുട്ടികൾക്ക് 1110 ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്. (ചില കുട്ടികൾക്ക് ഒന്നിലധികം സർജറികൾ ആവശ്യമായി വന്നതിനാൽ). ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

## ഹൃദ്യം ചികിത്സാ പദ്ധതി

254 (273) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ ഹൃദ്യം പദ്ധതിയിലൂടെ എത്ര കുട്ടികൾക്കാണ് ഹൃദയ സംബന്ധമായ രോഗത്തിന് ചികിത്സ ലഭ്യമാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഹൃദ്യം പദ്ധതിയിലൂടെ ചികിത്സ ലഭിക്കുന്നതിന് വരുമാന പരിധിയുണ്ടോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന ഹൃദ്രോഗ ചികിത്സകളുടെ വിശദവിവരങ്ങൾ നൽകുമോ;

(സി) ഹൃദ്യം പദ്ധതി പോലെ കുട്ടികൾക്ക് സൗജന്യമായി നൽകിവരുന്ന മറ്റുചികിത്സാപദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കാമോ?

### ഉത്തരം

(എ) ഹൃദ്യം പദ്ധതിയിലൂടെ 1104 കുട്ടികൾക്കാണ് ഹൃദയസംബന്ധമായ രോഗത്തിന് ചികിത്സ ലഭ്യമാക്കിയിട്ടുള്ളത്.

(ബി) 18 വയസ്സിന് താഴെയുള്ള ഏതൊരു കുട്ടിക്കും ഹൃദ്യം പദ്ധതിയുടെ ഉപഭോക്താവാകാം. ഹൃദ്യം പദ്ധതിയിലൂടെ ചികിത്സ ലഭിക്കുന്നതിന് വരുമാന പരിധിയില്ല. ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുടെ ഭാഗമായി ശസ്ത്രക്രിയകളുടെ പട്ടിക RBSK പദ്ധതി മുഖാന്തിരം ലഭ്യമായിട്ടുണ്ട്. കൂടാതെ ഓരോ ഹൃദ്രോഗ വിഭാഗത്തിനും ആവശ്യമായ മെഡിക്കൽ മാനേജ്മെന്റുകളും വിവിധ പരിശോധനകൾ അടങ്ങിയ തുടർ ചികിത്സയും ചേർന്നതാണ് ഹൃദ്യം പദ്ധതി. ശസ്ത്രക്രിയകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK), ആരോഗ്യ കിരണം (Arogya Kiranam)

18 വയസ്സിന് താഴെയുള്ള കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന 30 ആരോഗ്യ പ്രശ്നങ്ങളെ കാലേക്കൂട്ടി കണ്ടുപിടിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശോധനയും തുടക്കത്തിൽ തന്നെയുള്ള ചികിത്സയും പരിചരണവും നൽകുന്നതിനുള്ള നൂതനമായ പദ്ധതിയാണ് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം. ആരോഗ്യ കിരണം പദ്ധതി (Arogya Kiranam) ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ രക്ഷാ പ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻ ലക്ഷാ പ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ ഈ പ്രായത്തിലുള്ള എല്ലാവരെയും തന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ചികിത്സാ ധനസഹായ പദ്ധതി പ്രകാരമുള്ള സഹായം**

255 (274) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിലുള്ള ചികിത്സാധനസഹായ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച പെരിന്തൽമണ്ണ, അറക്കപ്പറമ്പ, പുത്തൻപീടിക വീട്ടിൽ ശ്രീ.അബ്ദുൽ ജലീലിന് തിരുവനന്തപുരത്തെ സൊസൈറ്റി ഫോർ ദ പുവർ-ൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) 6-10-2017-ലെ 1864242/2017/MIN(Health) നമ്പർ കത്തിന്മേൽ സെക്രട്ടറി, സൊസൈറ്റി ഫോർ ദ പുവർ (ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്), തിരുവനന്തപുരം ഓഫീസിൽനിന്നും സ്വീകരിച്ച നടപടി അറിയിക്കുമോ;

(സി) നാളിതുവരെ അപേക്ഷകന് ധനസഹായം അനുവദിച്ചിട്ടില്ലെങ്കിൽ ആയത് അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ധനസഹായം നൽകിയിട്ടില്ല. 8-1-2016 മുതൽ പുതിയ അപേക്ഷ ഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ടിയാൻ സമർപ്പിച്ചിരുന്ന അപേക്ഷ പഴയ ഫോറത്തിലായതിനാൽ ആയതു പരിഗണിക്കാൻ കഴിഞ്ഞില്ല.

(ബി) ശ്രീ. അബ്ദുൾ ജലീലിന്റെ അപേക്ഷ പുതിയ ഫോറം ഉൾപ്പെടെ തിരിച്ചയച്ചിട്ടുണ്ട്.

(സി) പുതിയ അപേക്ഷ ഫോറത്തിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ടിയാന് ധനസഹായം അനുവദിക്കുന്നതാണ്.

**കോതമംഗലം താലൂക്ക് ആശുപത്രി രോഗീസൗഹൃദമാക്കുന്നതിന് നടപടി**

256 (275) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കോതമംഗലം താലൂക്ക് ആശുപത്രി രോഗീസൗഹൃദമാക്കുന്നതിനുവേണ്ടി 2.18 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) പദ്ധതി പ്രകാരം പ്രസ്തുത ആശുപത്രിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി. ആയ ഹൗസിംഗ് ബോർഡ് സാങ്കേതിക അനുമതിയ്ക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) കോതമംഗലം താലൂക്ക് ആശുപത്രിയിൽ പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടി പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കുവാൻ ഹൗസിംഗ് ബോർഡിനെ ഏൽപ്പിക്കുകയും ഹൗസിംഗ് ബോർഡ് സമർപ്പിച്ച ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.എം.-ൽനിന്നും കോതമംഗലം താലൂക്കാശുപത്രിക്ക് 2,08,44,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഒ.പി.ഡി. ട്രാൻസ്ഫർമേഷന്റെ ഭാഗമായി രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാമുറികൾ, ലാബിന്റെ നവീകരണം, കാത്തിരിപ്പു മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ഒ.പി. കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ, ആവശ്യമായ ഇലക്ട്രിക്കൽ പ്ലംബിംഗ് വർക്കുകൾ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 3-8-2018-ലെ ജി.ഒ. (പി.) നമ്പർ 118/2018/ഫിൻ പ്രകാരം 5 കോടി രൂപ വരെയുള്ള പ്രവർത്തനങ്ങൾക്ക് അതാത് ഏജൻസികൾ തന്നെയാണ് സാങ്കേതിക അനുമതി എടുക്കേണ്ടത്. ഇതിൻപ്രകാരം ഹൗസിംഗ് ബോർഡ് സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഹൗസിംഗ് ബോർഡ് സാങ്കേതിക അനുമതി എടുത്ത് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ എടുത്തുവരുന്നു.

**കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ആർദ്രം പദ്ധതി**

257 (276) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിരുന്നു എന്നറിയിക്കാമോ;

(ബി) നിലവിൽ ഏതെല്ലാം പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും അതിന്റെ ഭാഗമായി പ്രസ്തുത കേന്ദ്രങ്ങളിൽ എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയെന്നും വിശദമാക്കുമോ;

(സി) കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റേണ്ട പി.എച്ച്.സി.-കളെ അപ്രകാരം മാറ്റാൻ എന്നത്തേക്കു സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വെളിയം, ഉമ്മന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ നെടുവത്തൂർ, എഴുകോൺ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഒന്നാംഘട്ടത്തിൽ വെളിയം, ഉമ്മന്നൂർ എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ രാവിലെ 9 മണിമുതൽ 6 മണിവരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. എൻ.സി.ഡി. ക്ലിനിക്ക്, ശ്വാസ് ക്ലിനിക്ക്, ആശ്വാസ് ക്ലിനിക്ക് എന്നിവ ആരംഭിച്ചിട്ടുണ്ട്.

(സി) രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ സിവിൽ വർക്കിനുള്ള ടെണ്ടർ നടപടികൾ കഴിഞ്ഞ് വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. നെടുവത്തൂർ, എഴുകോൺ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് എൻ.എച്ച്.എം. ഫണ്ട് മുഖേന 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിക്കുന്നതാണ്.

**മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ നടപടി**

258 (277) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. സുരേഷ് കുറുപ്പ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ കോളേജുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ഡി) മെഡിക്കൽ കോളേജുകളിലെ പഠനനിലവാരവും ഗവേഷണ സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുന്ന മാസ്റ്റർ പ്ലാനിന്റെ ആദ്യഘട്ട നിർമ്മാണ പണികൾക്കായി 58.37 കോടി രൂപയുടെ അനുമതി കിഫ്ബി നൽകിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നടപ്പിലാക്കുന്ന മാസ്റ്റർ പ്ലാൻ പരിശോധിച്ചുവരുന്നു. മറ്റ് മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു.

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പഠന നിലവാരവും ഗവേഷണ സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന്റെ ഭാഗമായി പുതിയ മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലബോറട്ടറി, മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റ്, വൈറൽ റിസർച്ച് ആന്റ് ഡയഗ്നോസ്റ്റിക് ലബോറട്ടറി തുടങ്ങിയവ സജ്ജീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ മൾട്ടിഡിസിപ്ലിനറി റിസർച്ച് ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിലെ വൈറോളജി യൂണിറ്റ് ശക്തിപ്പെടുത്തിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ യന്ത്രോപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലെ ലൈബ്രറികളിലും വിദ്യാർത്ഥികളുടെ പഠന സൗകര്യത്തിനായി ഇ-ജേണൽ സംവിധാനം നിലവിലുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലെയും പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ലാബുകൾ അറ്റകുറ്റപ്പണികൾ തീർത്ത് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലാബുകളിൽ യഥാസമയം റിപ്പോർട്ടുകൾ നൽകാനും പഠനത്തിനുമായി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാർഡിയോളജി വിഭാഗം

259 (278) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാർഡിയോളജി വിഭാഗത്തിൽ എത്ര യൂണിറ്റുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര രോഗികളാണ് പ്രതിദിനം കാർഡിയോളജി ഒ. പി.യിൽ എത്തുന്നത്;

(സി) ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിൽ പ്രതിദിനം എത്ര രോഗികൾക്ക് ആൻജിയോപ്ലാസ്റ്റി ചികിത്സ നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആൻജിയോപ്ലാസ്റ്റി ചെയ്യുന്നതിനായി രോഗികൾക്ക് ഏത് മാസം വരെ തീയതി നൽകിയിട്ടുണ്ടെന്നും അവസാനം നൽകിയ തീയതി ഏതാണെന്നും ഈയിനത്തിൽ എത്ര കേസ്സുകൾ പെൻഡിംഗിലുണ്ടെന്നും വിശദമാക്കുമോ;

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിൽ നിന്നും ഒരു പ്രൊഫസർ തസ്തിക തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് മാറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിൽ നാല് യൂണിറ്റുകൾ നിലവിലുണ്ട്.

(ബി) പ്രതിദിനം 550 മുതൽ 650 വരെ രോഗികൾ ഒ.പി.യിൽ എത്തുന്നുണ്ട്.

(സി) ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിൽ പ്രതിദിനം 25 മുതൽ 30 വരെ രോഗികൾക്ക് ആൻജിയോപ്ലാസ്റ്റി ചികിത്സ നൽകിവരുന്നുണ്ട്.

(ഡി) ആൻജിയോപ്ലാസ്റ്റി ചെയ്യുന്നതിനായി രോഗികൾക്ക് 2019 സെപ്റ്റംബർ മാസം വരെ തീയതി നൽകിയിട്ടുണ്ട്. എമർജൻസി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി മുടക്കമില്ലാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുമുണ്ട്.

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിൽനിന്നും ഒരു പ്രൊഫസർ തസ്തിക തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുന്നതിനുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശിപാർശയടങ്ങിയ കത്ത് സർക്കാർ പരിശോധിച്ചുവരുന്നു.

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൾട്ടിസ്പെഷ്യാലിറ്റി ബ്ലോക്ക്

260 (279) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം പൂർത്തിയാക്കുകയും ഈ സർക്കാരിന്റെ കാലത്ത് വീണ്ടും പ്രവർത്തനോദ്ഘാടനം നിർവ്വഹിക്കുകയും ചെയ്ത തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൾട്ടിസ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ;

(ബി) ഹൃദ്രോഗവിഭാഗം ഒഴികെ, മറ്റൊരു വിഭാഗവും മൾട്ടിസ്പെഷ്യാലിറ്റി ബ്ലോക്കിൽ പ്രവർത്തിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രോഗികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും വിദഗ്ധ ചികിത്സ നൽകുന്നതിനുമായി നിർമ്മിച്ച മൾട്ടിസ്പെഷ്യാലിറ്റി ബ്ലോക്കിൽ എത്രയുംവേഗം ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2013-ൽ തറക്കല്ലിട്ട് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നിർമ്മിച്ച മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ കെട്ടിടം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് structure പൂർത്തിയാക്കിയിരുന്നു. എന്നാൽ പ്രവർത്തന ക്ഷമമായിരുന്നില്ല. ഈ സർക്കാരിന്റെ കാലത്ത് സാധനസാമഗ്രികൾ ലഭ്യമാക്കി Airport Clearance, Fire & Safety Clearance, ഇലക്ട്രിസിറ്റി കണക്ഷൻ, വാട്ടർ കണക്ഷൻ, കെട്ടിട നമ്പർ തുടങ്ങിയവ ലഭ്യമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി&സി) മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ സജ്ജീകരിച്ചിരിക്കുന്ന മോർച്ചറിയുടെ പ്രവർത്തനം ഒഴികെ മറ്റെല്ലാ വിഭാഗങ്ങളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മോർച്ചറി മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

## തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ

261 (280) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള നിർമ്മാണോദ്ഘാടനം ഈ സർക്കാർ ആയിരം ദിവസം പൂർത്തിയാക്കിയതിന്റെ ഭാഗമായി നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിക്കായി എത്ര തുകയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത് ; ഇതിനായി കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) മാസ്റ്റർ പ്ലാനിന്റെ ഭാഗമായ പ്രധാന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 26-2-2019-ന് തീയതി നടത്തിയിട്ടുണ്ട്.

(ബി) 1. പുതിയ കെട്ടിടം.

2. ഗതാഗത സൗകര്യ വികസനത്തിനുവേണ്ടി റോഡുകളുടെ നവീകരണം, പുതിയ മേൽപ്പാല നിർമ്മാണം.

3. മികച്ച പാർക്കിംഗ് സൗകര്യം.

4. കുടിവെള്ള സൗകര്യ വികസനത്തിനുവേണ്ടി പുതിയ ജലസംഭരണികൾ നിർമ്മിക്കുക.

5. പാവപ്പെട്ട രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി വിലകൂടിയ ആധുനിക ചികിത്സാ ഉപകരണങ്ങൾ വാങ്ങുക.

(സി) മാസ്റ്റർ പ്ലാനിനുവേണ്ടി 717.29 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പദ്ധതികളൊന്നും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടില്ല.

**കോട്ടയം ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

262(281) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ സിവിൽ സർജൻ, ഗൈനക്കോളജി തസ്തികകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ ആശുപത്രിയുൾപ്പെടെയുള്ള വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത ഡോക്ടർമാർ എത്ര കാലമായി അതാതിടങ്ങളിൽ ജോലി ചെയ്തുവരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയിലെ ജനറൽ ആശുപത്രികളിൽ എവിടെയൊക്കെ ഗൈനക്കോളജി തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുനികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കോട്ടയം ജില്ലയിൽ ഗൈനക്കോളജി തസ്തികയിൽ ഒഴിവ് ശേഷിക്കുന്നില്ല.

**ചെലവേറിയ ചികിത്സകൾ**

263(282) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കാശുപത്രികൾ കേന്ദ്രീകരിച്ച് പാവപ്പെട്ട രോഗികൾക്ക്ചെലവേറിയ ചികിത്സകൾ ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ബൈപ്പാസ് ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾ എല്ലാ ജില്ലാആശുപത്രികളിലും താലൂക്കാശുപത്രികളിലും നടത്താൻ വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആർദ്രം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ തസ്തികകൾ അനുവദിക്കുകയും നിയമനം നടത്തുകയും ചെയ്തു. ഗവൺമെന്റ് ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആധുനിക രോഗപരിശോധന സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ലാ തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും കാത്ത് ലാബ് സൗകര്യങ്ങളും അനുവദിക്കപ്പെട്ടു. ആർദ്രത്തിന്റെ രണ്ടാംഘട്ട തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരുടേതടക്കമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാർ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എല്ലാ താലൂക്കാശുപത്രികളിലും ജീവിതശൈലീരോഗ നിയന്ത്രണത്തിനായി ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഈ ക്ലിനിക്കുകളിൽ വരുന്ന രോഗികൾക്ക് പ്രമേഹത്തിനും രക്താതിമർദ്ദത്തിനും ഹൃദ്രോഗങ്ങൾക്കുമുള്ള മരുന്നുകൾ പ്രോട്ടോകോൾ അനുസരിച്ച് സൗജന്യമായി നൽകിവരുന്നു. ഇതുകൂടാതെ ശ്വാസകോശ സംബന്ധമായ രോഗമുള്ളവർക്ക് രോഗനിർണ്ണയത്തിനും തുടർ ചികിത്സയ്ക്കുമായി ശ്വാസ് ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിൽ കാൻസർ ചികിത്സയ്ക്കായി ഡേകെയർ കീമോതെറാപ്പി വാർഡുകളും പ്രവർത്തിച്ചുവരുന്നു.

ഡയാലിസിസ് സൗകര്യം താലൂക്കാശുപത്രികളിൽ ലഭ്യമാക്കിവരുന്നു. ഇപ്പോൾ 43 താലൂക്കാശുപത്രികളിൽ ഡയാലിസിസ് സൗകര്യം ലഭ്യമാണ്. അടിമാലി താലൂക്കാശുപത്രിയിൽ കാർഡിയോളജി ഐ.സി.യു. തുടങ്ങാനുള്ള പദ്ധതി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മുഖേന നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തെരഞ്ഞെടുക്കപ്പെട്ട എട്ട് ജില്ലാ/ജനറൽ ആശുപത്രികളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി കാത്ത് ലാബ് ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയതിനാവശ്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ചെയ്തുവരികയും ചെയ്യുന്നു. ഈ സ്കീമിന്റെ ഭാഗമായി പത്തനംതിട്ട ജനറൽ ആശുപത്രിയിലും കൊല്ലം ജില്ലാ ആശുപത്രിയിലും കാത്ത് ലാബുകളും ആൻജിയോപ്ലാസ്റ്റി ചികിത്സയും നൽകിവരുന്നു. കൂടാതെ പാലക്കാട് ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലും ഈ സേവനങ്ങൾ നിലവിൽ ലഭ്യമാണ്. ഈ സേവനങ്ങൾ താലൂക്കുതല ആശുപത്രിയിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. ബൈപ്പാസ് ശസ്ത്രക്രിയകൾ നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രികളിലാണ് ചെയ്തുവരുന്നത്.

എല്ലാ ജില്ലാ താലൂക്കാശുപത്രികളിലും ഇപ്പോൾ ബൈപ്പാസ് സർജറി ചികിത്സ ലഭ്യമാക്കാൻ പദ്ധതി ഇല്ല. ബൈപ്പാസ് സർജറി Cardiothoracic Vascular Surgery ആണ് ചെയ്യുന്നത്. ഈ വിഭാഗം സൂപ്പർ സ്പെഷ്യാലിറ്റി നിലവിൽ ജില്ലാ താലൂക്കാശുപത്രികളിൽ ഇല്ല. കൂടാതെ ഈ സർജറിക്ക് വേണ്ട heart lung machine തുടങ്ങിയ അത്യാധുനിക സംവിധാനങ്ങളും നിലവിൽ ജില്ലാ

ആശുപത്രികളിൽ ഏർപ്പെടുത്താൻ പദ്ധതിയില്ല. ഇപ്പോൾ മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാത്രമാണ് ഈ സർജറി ചെയ്യുവരുന്നത്. എന്നാൽ മറ്റ് സർജറികളായ Laproscopic Surgery മുഖേനയുള്ള മുഴ നീക്കം ചെയ്യൽ, Colonoscopy- Endoscopy മുതലായ പരിശോധനകളിൽ കൂടെയുള്ള biopsy എടുക്കൽ, Endoscopy മുഖേനയുള്ള EVL, TURP മുതലായ Urological Surgery എന്നിവ ജനറൽ ആശുപത്രി എറണാകുളം, ജനറൽ ആശുപത്രി തിരുവനന്തപുരം ജില്ലാ ആശുപത്രി കൊല്ലം എന്നിവിടങ്ങളിൽ ലഭ്യമാണ്.

## കായംകുളം താലൂക്കാശുപത്രിയുടെ വരുമാനം

264 (283) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ 2016, 2017, 2018, 2019 (നാളിതുവരെ) വർഷങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വരുമാനത്തിൽ നിന്നും എത്ര തുക ആശുപത്രിയുടെ വികസനത്തിനായി ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കായംകുളം താലൂക്ക് ആശുപത്രിയിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം മേയ് 20 വരെ ആശുപത്രി വികസന സമിതി വരുമാനം, ദേശീയ ആരോഗ്യ മിഷൻ പ്രകാരമുള്ള വരുമാനം, ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം ലഭിച്ച വരുമാനം എന്നിവ ചുവടെ ചേർക്കുന്നു:

| ആശുപത്രി വികസന സമിതി വരുമാനം | | |
|---|---|---|
| നമ്പർ | സാമ്പത്തിക വർഷം | വരവ് (രൂപ) |
| 1 | 2016-17 | 4518493 |
| 2 | 2017-18 | 6263032 |
| 3 | 2018-19 | 8057022 |
| 4 | 2019- നാളിതുവരെ | 1166898 |

| ദേശീയ ആരോഗ്യ മിഷൻ | | |
|---|---|---|
| നമ്പർ | സാമ്പത്തിക വർഷം | വരവ് (രൂപ) |
| 1 | 2016-17 | 499000 |
| 2 | 2017-18 | 990000 |
| 3 | 2018-19 | 1342000 |

| ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരമുള്ള വരുമാനം | | |
|---|---|---|
| നമ്പർ | സാമ്പത്തിക വർഷം | വരവ് (രൂപ) |
| 1 | 2016-17 | 8772165 |
| 2 | 2017-18 | 8354724 |
| 3 | 2018-19 | 10545372 |

(ബി) ആശുപത്രിയുടെ വികസനത്തിനായി ആശുപത്രി വികസന സമിതി ഫണ്ടിൽനിന്നും ആർ.എസ്.ബി.വൈ. ഫണ്ടിൽനിന്നും എൻ.എച്ച്.എം. ഫണ്ടിൽനിന്നും ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ആശുപത്രി വികസന സമിതി ചെലവ് | | |
|---|---|---|
| നമ്പർ | സാമ്പത്തിക വർഷം | ചെലവ് (രൂപ) |
| 1 | 2016-17 | 4215381 |
| 2 | 2017-18 | 5390764 |
| 3 | 2018-19 | 7955881 |
| 4 | 2019- നാളിതുവരെ | 1677896 |
| ദേശീയ ആരോഗ്യ മിഷൻ | | |
| നമ്പർ | സാമ്പത്തിക വർഷം | ചെലവ് (രൂപ) |
| 1 | 2016-17 | 498928 |
| 2 | 2017-18 | 989902 |
| 3 | 2018-19 | 1213415 |
| 4 | 2019- നാളിതുവരെ | - |

| ആർ.എസ്.ബി.വൈ. പദ്ധതി. | | |
|---|---|---|
| നമ്പർ | സാമ്പത്തിക വർഷം | ചെലവ് (രൂപ) |
| 1 | 2016-17 | 6653004 |
| 2 | 2017-18 | 8369464.5 |
| 3 | 2018-19 | 9335322 |
| 4 | 2019- നാളിതുവരെ | 0 |

**ചാലക്കുടി താലൂക്ക് ആശുപത്രി**

265 (284) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ട്രോമാകെയർ, സർജിക്കൽ വാർഡ് എന്നിവയ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത താലൂക്ക് ആശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ് (എസ്.ടി.പി.), പവർ ലോൺട്രി, സി.ടി. സ്കാൻ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ, സർജറി വാർഡ് എന്നിവയ്ക്കായി 8-11-2018-ലെ സ.ഉ. (സാധാ) നമ്പർ 3345/2018/ആ.കു.വ. പ്രകാരം 410 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ് (എസ്.ടി.പി.) നിർമ്മിക്കുന്നതിന് 12-7-2018-ലെ സ.ഉ. (സാധാ) നമ്പർ 2240/2018/ആ.കു.വ. പ്രകാരം 74 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എൻ.എച്ച്.എം. മുഖേന സർക്കാർ അംഗീകൃത ഏജൻസിയായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പവർ ലോൺട്രി, സി.ടി. സ്കാൻ എന്നിവയുടെ സജ്ജീകരണം അന്തിമഘട്ടത്തിലാണ്.

## ഒറ്റപ്പാലം താലൂക്കാശുപത്രിക്ക് ജില്ലാ ആശുപത്രി പദവി

266(285) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തി ജില്ലാ ആശുപത്രി പദവി നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്; അതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ന്യൂ സർവ്വീസ് പ്രൊസീഡ്യൂവർ പ്രകാരം തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ 2-2-2016-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമായിരുന്നു. എന്നാൽ പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്തുനിന്നും അധികം ദൂരെയല്ലാതെ (ഏകദേശം 30 കി.മീ.) പാലക്കാട് ജില്ലാ ആശുപത്രി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നതിനാലും സർക്കാരിന് വളരെയധികം സാമ്പത്തിക ബാധ്യത വരുന്നതിനാലും ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്ന വിഷയം വിശദമായി പരിശോധിച്ചശേഷം നിരസിച്ചിരുന്നു.

(ബി) സംസ്ഥാനത്ത് ആശുപത്രികളുടെ പദവി ഉയർത്തുന്നതിന് പകരം അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ നയം. ഇതിന്റെ അടിസ്ഥാനത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രിയുടെ പട്ടികയിൽ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തുകയും ജൂനിയർ കൺസൾട്ടന്റ്, സ്റ്റാഫ് നഴ്സ്, ദന്തൽ മെക്കാനിക്ക് എന്നിവയുടെ ഓരോ തസ്തികയും ഡയാലിസിസ് ടെക്നീഷ്യൻ, ലാബ് ടെക്നീഷ്യൻ എന്നിവയുടെ രണ്ട് വീതം തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള ഭൗതികസാഹചര്യം ലഭ്യമായ ഈ ആശുപത്രിയെ 2018-19 സാമ്പത്തിക വർഷത്തിൽ മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന താലൂക്കാശുപത്രിയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉത്തരം എ-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## മലയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

267(286) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ആയതിന്റെ തുടർനടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ കാത്ത് ലാബും ഐ.സി.യു. വും സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) 2019-20 പ്ലാൻ ഫണ്ട് പ്രകാരം 1,15,00,000 രൂപ മലയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനത്തിനായി വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് എന്ന രീതിയിലാണ് കാത്ത് ലാബുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ ജനറൽ ആശുപത്രി തിരുവനന്തപുരത്ത് കാത്ത് ലാബ് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ കാത്ത് ലാബ് തുടങ്ങുന്നതിനുള്ള പദ്ധതി ഇപ്പോൾ ഇല്ല.

## മുല്ലശ്ശേരി സർക്കാർ ആയുർവേദ ആശുപത്രി

268 (287) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സർക്കാർ ആയുർവേദ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ പുതിയ കെട്ടിടനിർമ്മാണത്തിനും കിടത്തിചികിത്സയ്ക്കും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സർക്കാർ ആയുർവേദ ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2017-18 ലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 100 രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. തുടർ ഫണ്ടോ ഭരണാനുമതിയോ നൽകിയിട്ടില്ല.

## കുറ്റിപ്പുറം താലൂക്ക് ആശുപത്രി വികസനം

269(288) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്ക് ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉണ്ടായിരുന്ന പദ്ധതിയുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് മലപ്പുറം ഡി.എം.ഒ., ആരോഗ്യവകുപ്പ് ഡയറക്ടർ എന്നിവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഭരണാനുമതിയുടെ പ്രൊപ്പോസൽ സർക്കാരിൽ എത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ-സി) കുറ്റിപ്പുറം താലൂക്ക് ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പിലാക്കുന്നതിനായി പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുവാൻ കുറ്റിപ്പുറം താലൂക്ക് ആശുപത്രി സൂപ്രണ്ടിന് ആരോഗ്യവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

## മഞ്ചേരിയിൽ ജനറൽ ആശുപത്രി ആരംഭിക്കണമെന്ന ആവശ്യം

270 (289) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറൽ ആശുപത്രികൾ ആരംഭിക്കുന്ന കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വിശദമാക്കാമോ;

(ബി) ജനറൽ ആശുപത്രികൾ ആരംഭിക്കുന്നതിനായി നിലവിൽ ഏതെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത്; വിശദമാക്കാമോ;

(സി) മഞ്ചേരിയിൽ ജനറൽ ആശുപത്രി സ്ഥാപിക്കുന്ന കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) മഞ്ചേരിയിൽ ജനറൽ ആശുപത്രി സ്ഥാപിക്കുന്നതിനായി ലഭിച്ചിട്ടുള്ള നിവേദനങ്ങളുടെയും കത്തുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) നിലവിൽ ഓരോ പ്രദേശങ്ങളുടെയും പ്രത്യേകതകൾ കണക്കിലെടുത്ത് ആരോഗ്യസ്ഥാപനങ്ങളെ ഘട്ടംഘട്ടമായി തെരഞ്ഞെടുത്ത് ഇവിടെ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. മഞ്ചേരിയിൽ ജനറൽ ആശുപത്രി സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

## ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

271 (290) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രികളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഏത് വർഷത്തേതാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) ജീവിതശൈലീരോഗങ്ങളുടെയും രോഗികളുടെ എണ്ണത്തിന്റെയും രോഗത്തിന്റെ തീവ്രതയുടെയും വർദ്ധനവ് കണക്കിലെടുത്ത് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേണിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) കൊച്ചി നിയോജകമണ്ഡലത്തിലെ മഹാരാജാസ് താലൂക്ക് ആശുപത്രിയിലെ അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ; നിലവിലുള്ള ജീവനക്കാർ എത്രയെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ കഴിഞ്ഞ മൂന്ന് വർഷമായി ഇൻപേഷ്യന്റ്, ഔട്ട്പേഷ്യന്റ് വിഭാഗങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ള രോഗികളുടെ എണ്ണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നശേഷം ആരോഗ്യരംഗത്ത് ആധുനികവും നൂതനവുമായ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 2008-ൽ ഈ ഉത്തരവ് ഭേദഗതി വരുത്തിയിട്ടുള്ളതാണ്. നിലവിൽ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും, വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആർദ്രം മിഷന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇതിനകം അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിവരികയാണ്. ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയ ജില്ലാ താലൂക്കുതല ആശുപത്രികളിലും കൂടുതൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) കൊച്ചി നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേണും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രിയിലെ കഴിഞ്ഞ മൂന്നു വർഷങ്ങളിലെ ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | ഐ.പി. | ഒ.പി. |
|---|---|---|
| 2016 | 25650 | 261036 |
| 2017 | 25025 | 267796 |
| 2018 | 26765 | 266890 |

## കരുനാഗപ്പള്ളി താലൂക്കാശുപത്രിയുടെ മാസ്റ്റർ പ്ലാൻ

272 (291) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കാശുപത്രിയുടെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്ലാൻ കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ ;

(സി) മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി ചുമതലപ്പെടുത്തിയ കെ.എസ്.ഇ.ബി.യുടെ സിവിൽ വിഭാഗമാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

(ബി & സി) പ്രസ്തുത മാസ്റ്റർ പ്ലാൻ കിഫ്ബി വഴി നടപ്പിലാക്കുന്നതിന് 28-9-2018-ലെ സ.ഉ. (സാധാ) നമ്പർ 2989/2018/ആ.കു.വ. പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും എസ്.പി.വി. ആയ കെ.എസ്.ഇ.ബി. തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രി

273(292) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 7-11-2018-ൽ സ്ഥലം എം. എൽ. എ നൽകിയ നിവേദനം പരിഗണിച്ച് ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയ A1/396/2018 നമ്പർ കത്ത് പ്രകാരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയെ രോഗീസൗഹൃദ ആശുപത്രി ആക്കുന്നതിനുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ തരത്തിലുള്ള നിർദ്ദേശങ്ങളാണ് ഡി.എച്ച്.എസ്. നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) ഡി.എച്ച്.എസ്.-ന്റെ റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ള നിർദ്ദേശങ്ങൾ എപ്പോൾ പരിഗണിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

## ആശുപത്രികൾക്കായി പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ച തുക

274 (293) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷം ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

2018-19 സാമ്പത്തിക വർഷം ആശുപത്രികൾക്കായി പ്ലാൻ ഫണ്ടിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ആരോഗ്യ വകുപ്പ്

| നമ്പർ | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| I | നിർമ്മാണ പ്രവർത്തനങ്ങൾ | |
| 1 | **തിരുവനന്തപുരം** | |
| | സി.എച്ച്.സി. പള്ളിക്കൽ | 292 |
| 2 | **ആലപ്പുഴ** | |
| | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ആലപ്പുഴ | 170 |
| 3 | **ഇടുക്കി** | |
| | താലൂക്ക് ആശുപത്രി, അടിമാലി | 31.5 |
| 4 | **എറണാകുളം** | |
| | ജി.എച്ച്. മൂവാറ്റുപുഴ | 50 |
| 5 | **തൃശ്ശൂർ** | |
| | താലൂക്ക് ആശുപത്രി, കൊടുങ്ങല്ലൂർ | 200 |
| | മെന്റൽ ഹെൽത്ത് സെന്റർ, തൃശ്ശൂർ | 500 |
| 6 | **പാലക്കാട്** | |
| | പി.എച്ച്. ലാബ്, പാലക്കാട് | 200 |
| 7 | **കോഴിക്കോട്** | |
| | ടി.ബി. സെന്റർ | 85.75 |
| | താലൂക്ക് ആശുപത്രി, നാദാപുരം | 81 |
| II | **ഖരമാലിന്യ സംസ്കരണം** | |
| 1 | **തിരുവനന്തപുരം** | |
| | ജനറൽ ആശുപത്രി, പാറശ്ശാല | 220 |
| | മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം | 21 |
| 2 | **എറണാകുളം** | |
| | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മട്ടാഞ്ചേരി | 74.85 |
| 3 | **തൃശ്ശൂർ** | |

| | | |
|---|---|---|
| | താലൂക്ക് ആശുപത്രി, ചാലക്കുടി | 74 |
| 4 | **കണ്ണൂർ** | |
| | ജനറൽ ആശുപത്രി, തലശ്ശേരി | 110 |
| III | **സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ വികസിപ്പിക്കൽ** | |
| 1 | ജനറൽ ആശുപത്രി, തിരുവനന്തപുരം | 84.44 |
| 2 | ജനറൽ ആശുപത്രി,കോഴിക്കോട് | 314.98 |
| 3 | ജനറൽ ആശുപത്രി, എറണാകുളം | 71.81 |
| IV | **എമർജൻസി മെഡിക്കൽ കെയർ** | |
| 1 | **തിരുവനന്തപുരം** | |
| | ജനറൽ ആശുപത്രി, നെയ്യാറ്റിൻകര | 125.86 |
| | ജില്ലാ ആശുപത്രി, നെടുമങ്ങാട് | 37.46 |
| 2 | **കൊല്ലം** | |
| | ജില്ലാ ആശുപത്രി, കൊല്ലം | 108.48 |
| 3 | **ആലപ്പുഴ** | |
| | ജനറൽ ആശുപത്രി, ആലപ്പുഴ | 153.87 |
| 4 | **പാലക്കാട്** | |
| | ജില്ലാ ആശുപത്രി, പാലക്കാട് | 60 |
| **V** | **താലൂക്ക് ആശുപത്രി, കൊയിലാണ്ടി, പുതിയ മാതൃ-ശിശു ബ്ലോക്കിന്റെ നിർമ്മാണം** | 350 |
| VI | **ലഹരി വിമുക്ത കേന്ദ്രങ്ങൾ** | |
| 1 | **തിരുവനന്തപുരം** | |
| | മെന്റൽ ഹെൽത്ത് സെന്റർ, തിരുവനന്തപുരം | 12 |
| 2 | **കൊല്ലം** | |
| | ജില്ലാ ആശുപത്രി, കൊല്ലം | 1 |
| | താലൂക്ക് ആശുപത്രി, കൊട്ടാരക്കര | 1 |
| | താലൂക്ക് ആശുപത്രി, കരുനാഗപ്പള്ളി | 1 |
| 3 | **മലപ്പുറം** | |

| | | |
|---|---|---|
| | ജില്ലാ ആശുപത്രി, തിരൂർ | 1 |
| 4 | **പാലക്കാട്** | |
| | ജില്ലാ ആശുപത്രി, പാലക്കാട് | 1 |
| 5 | **കോഴിക്കോട്** | |
| | ജില്ലാ ആശുപത്രി, കോഴിക്കോട് | 1 |
| 6 | **കണ്ണൂർ** | |
| | ജില്ലാ ആശുപത്രി, കണ്ണൂർ | 1 |
| VII | **കാത്ത് ലാബുകൾ സ്ഥാപിക്കൽ** | |
| 1 | **തിരുവനന്തപുരം** | |
| | ജനറൽ ആശുപത്രി, തിരുവനന്തപുരം | 128.77 |
| 2 | **ആലപ്പുഴ** | |
| | ജനറൽ ആശുപത്രി, ആലപ്പുഴ | 200 |
| 3 | **എറണാകുളം** | |
| | ജനറൽ ആശുപത്രി, എറണാകുളം | 138.78 |
| 4 | **പാലക്കാട്** | |
| | ജില്ലാ ആശുപത്രി, പാലക്കാട് | 60 |
| VIII | **ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ** | |
| 1 | **തിരുവനന്തപുരം** | |
| | ജില്ലാ ആശുപത്രി, പേരൂർക്കട | 122.47 |
| 2 | **കൊല്ലം** | |
| | താലൂക്ക് ആശുപത്രി, പുനലൂർ | 227.34 |
| 3 | **കോട്ടയം** | |
| | താലൂക്ക് ആശുപത്രി, വൈക്കം | 132 |
| 4 | **തൃശ്ശൂർ** | |
| | താലൂക്ക് ആശുപത്രി, പുതുക്കാട് | 132 |
| IX | **ഫിസിക്കൽ മെഡിസിൻ റീഹാബിലിറ്റേഷൻ യൂണിറ്റുകളുടെ ശാക്തീകരണം** എസ്റ്റാബ്ലിഷ്മെന്റ് ന്യൂ ബ്രെയിൻ & സ്പൈൻ സെന്റർ, ജനറൽ ആശുപത്രി, തിരുവനന്തപുരം | 250 |

| | | |
|---|---|---|
| X | **രോഗീസൗഹൃദ ആശുപത്രി സംവിധാനം വികസിപ്പിക്കൽ** | |
| 1 | **തിരുവനന്തപുരം** | |
| | താലൂക്ക് ആശുപത്രി, ചിറയിൻകീഴ് | 166.72 |
| 2 | **കൊല്ലം** | |
| | താലൂക്ക് ആശുപത്രി, കൊട്ടാരക്കര | 106.27 |
| 3 | **പത്തനംതിട്ട** | |
| | താലൂക്ക് ആശുപത്രി, റാന്നി | 88.82 |
| 4 | **ആലപ്പുഴ** | |
| | താലൂക്ക് ആശുപത്രി, ചേർത്തല | 103.82 |
| 5 | **കോട്ടയം** | |
| | താലൂക്ക് ആശുപത്രി, പാമ്പാടി | 166.16 |
| 6 | **ഇടുക്കി** | |
| | താലൂക്ക് ആശുപത്രി, നെടുങ്കണ്ടം | 114.44 |
| 7 | **എറണാകുളം** | |
| | താലൂക്ക് ആശുപത്രി, കോതമംഗലം | 193.26 |
| 8 | **തൃശ്ശൂർ** | |
| | താലൂക്ക് ആശുപത്രി, ചാവക്കാട് | 106.82 |
| 9 | **പാലക്കാട്** | |
| | താലൂക്ക് ആശുപത്രി, ഒറ്റപ്പാലം | 95.23 |
| 10 | **മലപ്പുറം** | |
| | താലൂക്ക് ആശുപത്രി, പൊന്നാനി | 77.82 |
| 11 | **കോഴിക്കോട്** | |
| | താലൂക്ക് ആശുപത്രി, ഫറൂക്ക് | 82.32 |
| 12 | **വയനാട്** | |
| | താലൂക്ക് ആശുപത്രി, സുൽത്താൻ ബത്തേരി | 129.82 |
| 13 | **കണ്ണൂർ** | |
| | താലൂക്ക് ആശുപത്രി, കൂത്തുപറമ്പ് | 188 |

| | | |
|---|---|---|
| 14 | **കാസർഗോഡ്** | |
| | താലൂക്ക് ആശുപത്രി, നീലേശ്വരം | 130.42 |
| XI | **സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്, തിരുവനന്തപുരം** | 35 |
| XII | **താലൂക്ക് ആശുപത്രി, പാറശ്ശാല, തിരുവനന്തപുരം** | 200.45 |
| XIII | **ഗോത്ര-തീരദേശ-ഒറ്റപ്പെട്ട പ്രദേശങ്ങളിലെ ആരോഗ്യ പരിചരണ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ വികസിപ്പിക്കൽ** | |
| | പ്രാഥമികാരോഗ്യ കേന്ദ്രം, വെള്ളരിക്കുണ്ട്, കാസർഗോഡ് | 200 |
| XIV | **മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽ പുതിയ വർക്ക്ഷോപ്പ് നിർമ്മാണം** | 43 |
| XV | **പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക** | 2855 |
| XVI | **സാംക്രമികേതര രോഗങ്ങൾക്ക് പ്രതിരോധ നടപടി- സ്ട്രോക് ക്ലിനിക്സ്** | |
| 1 | **കണ്ണൂർ** | |
| | ജില്ലാ ആശുപത്രി, കണ്ണൂർ | 10 |
| 2 | **ഇടുക്കി** | |
| | ജില്ലാ ആശുപത്രി, തൊടുപുഴ | 10 |
| 3 | **വയനാട്** | |
| | ജില്ലാ ആശുപത്രി, മാനന്തവാടി | 10 |
| 4 | **കാസർഗോഡ്** | |
| | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് | 10 |
| XVII | **കാൻസർ കെയർ പ്രോഗ്രാം-** ജില്ലാ കാൻസർ കെയർ യൂണിറ്റുകൾ സ്ഥാപിക്കൽ | |
| 1 | **കോട്ടയം** | |
| | ജനറൽ ആശുപത്രി, പാല | 10 |
| 2 | **കണ്ണൂർ** | |
| | ജനറൽ ആശുപത്രി, തലശ്ശേരി | 10 |

| | | |
|---|---|---|
| XVIII | **പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കൽ** | |
| 1 | **മലപ്പുറം** | |
| | നന്നാംമുക്ക്, മലപ്പുറം | 50 |
| 2 | **കണ്ണൂർ** | |
| | പെരിങ്ങളം, കണ്ണൂർ | 50 |

## 2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

| നമ്പർ | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 2800 |
| 2 | മെഡിക്കൽ കോളേജ്, കോഴിക്കോട് | 1700 |
| 3 | മെഡിക്കൽ കോളേജ്, കോട്ടയം | 1450 |
| 4 | മെഡിക്കൽ കോളേജ്, ആലപ്പുഴ | 950 |
| 5 | മെഡിക്കൽ കോളേജ്, തൃശ്ശൂർ | 1550 |
| 6 | മെഡിക്കൽ കോളേജ്, മഞ്ചേരി | 960 |
| 7 | മെഡിക്കൽ കോളേജ്, എറണാകുളം | 1200 |
| 8 | മെഡിക്കൽ കോളേജ്, കൊല്ലം | 1745 |
| | ആകെ | 12355 |

## 3. ആർ.സി.സി., തിരുവനന്തപുരം

| നമ്പർ | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | പുതിയ പതിനാലു നില കെട്ടിടം പൂർത്തിയാക്കുന്നതിനുള്ള പദ്ധതി | 2963 |
| 2 | കാൻസർ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി | 235 |
| 3 | സ്ത്രീകളിലെ കാൻസർ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി | 2000 |
| 4 | പരിശീലന-ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി | 165 |
| | ആകെ | 5363 |

**4. ഐക്കോൺസ്:-**

2018-19 സാമ്പത്തിക വർഷത്തിൽ ഐക്കോൺസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 305 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികൾ**

275 (294) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എത്ര കുടുംബാരോഗ്യകേന്ദ്രങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;

(സി) കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങിയ ശേഷം ദിനംപ്രതി എത്ര രോഗികളാണ് ഇത്തരം കേന്ദ്രങ്ങളിൽ എത്തുന്നത് എന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കുടുംബാരോഗ്യകേന്ദ്രം തുടങ്ങുന്നതിന് മുമ്പും ശേഷവുമുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ (2017-18) തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, അവശ്യതസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്ക് ലഭ്യമായ ഫണ്ട് തുക ഉപയോഗിച്ച് നാഷണൽ ഹെൽത്ത് മിഷൻ മുഖേന അംഗീകൃത ഏജൻസികൾ വഴി നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ട്. 2018-19 കാലയളവിൽ ബ്ലോക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഒഴികെ മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ഉൾപ്പെടുത്തി 504 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുവാൻ സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തുവാൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിതലത്തിലും ആരോഗ്യ വകുപ്പുമന്ത്രിതലത്തിലും, അഡീഷണൽ ചീഫ് സെക്രട്ടറി (ആരോഗ്യം)യുടെ തലത്തിലും സംസ്ഥാനതലത്തിൽ ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാന സ്റ്റിയറിഗ് കമ്മിറ്റിയും ആരോഗ്യമിഷൻ ഡയറക്ടർ ചെയർമാനായ സ്റ്റേറ്റ് ടാസ്ക്ഫോഴ്സും ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ ഇടയ്ക്കിടെ സംസ്ഥാനതലത്തിൽ അവലോകനം ചെയ്യാറുണ്ട്. അതുകൂടാതെ ജില്ലാ പഞ്ചായത്ത്

പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കോ-ചെയർമാനായും ജില്ലാ മെഡിക്കൽ ഓഫീസർ ഉൾപ്പെടുന്ന കമ്മിറ്റി ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്.

(ബി) ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ 170 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും രണ്ടാംഘട്ടത്തിൽ 504 ആരോഗ്യസ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) പ്രതിമാസ മോണിറ്ററിംഗ് റിപ്പോർട്ടുകൾ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ രോഗികളുടെ എണ്ണത്തിൽ പൊതുവിൽ വർദ്ധനവുണ്ടായിട്ടുണ്ട് എന്നുകാണുന്നു.

**മുക്കം സി.എച്ച്.സി.-യുടെ നിലവാരം ഉയർത്തൽ**

276 (295) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയുടെ ആസ്ഥാനമായ മുക്കത്തെ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) താലൂക്ക് ആശുപത്രി നിലവാരത്തിലേക്ക് സി.എച്ച്.സി.യെ ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ മുക്കം സി.എച്ച്.സി. കോഴിക്കോട് താലൂക്കിലാണ് സ്ഥിതിചെയ്യുന്നത്. മഴക്കാലങ്ങളിൽ 750-ഓളം ഒ.പി.-യും സാധാരണ ദിവസങ്ങളിൽ 450 ഓളം ഒ.പി. കേസുകളും ശരാശരി ഉണ്ടാകാറുള്ള മുക്കം സി.എച്ച്.സി.-യിൽ നിലവിൽ 3 അസിസ്റ്റന്റ് സർജൻമാരുടെയും ഒരു സിവിൽ സർജന്റെയും സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ ലാബും എക്സ്റേയും ഫാർമസിയും പ്രവർത്തിക്കുന്ന ഈ ആശുപത്രിയിലെ രണ്ടുനില കെട്ടിടത്തിൽ ഐ.പി.യും പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് താലൂക്കിൽ നിലവിൽ ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, സർക്കാർ ത്വക്ക് രോഗാശുപത്രി എന്നിവ കോഴിക്കോടും, താലൂക്ക് ആശുപത്രി ഫറോക്കിലും

പ്രവർത്തിക്കുന്നുണ്ട്. ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന കണക്കിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കാനാണ് ആർദ്രം പദ്ധതി ലക്ഷ്യമിടുന്നത്.

(ബി) ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി ഉണ്ടാകണം. അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനുള്ള പശ്ചാത്തല സൗകര്യം, ആർദ്രം മാനദണ്ഡമനുസരിച്ചുള്ള തസ്തിക സൃഷ്ടിക്കൽ എന്നിവയാണ് താലൂക്ക് ആശുപത്രി നിലവാരത്തിലേയ്ക്ക് സി.എച്ച്.സി.യെ ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ.

## റാന്നി താലൂക്ക് ആശുപത്രി

277 (296) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ ഏതൊക്കെയാണെന്നും എത്രയെണ്ണമാണെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) റാന്നി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ എത്രയെന്നും ഇപ്പോൾ ഏതൊക്കെ തസ്തികകളിൽ ഒഴിവുകളുണ്ടെന്നും അറിയിക്കുമോ ;

(സി) താലൂക്ക് ആശുപത്രി എന്ന പരിഗണനയിൽ പുതിയ തസ്തികകൾ പ്രസ്തുത ആശുപത്രിയ്ക്കായി അനുവദിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ശബരിമല ഉൾപ്പെടുന്ന താലൂക്ക് ആസ്ഥാനത്തെ ആശുപത്രി എന്ന പരിഗണനയിൽ പ്രത്യേകം തസ്തികകൾ അനുവദിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആർദ്രം പദ്ധതി പ്രകാരം താലൂക്കാശുപത്രിയിൽ നിഷ്കർഷിച്ചിട്ടുള്ള തസ്തികകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) റാന്നി താലൂക്കാശുപത്രിയിൽ നിലവിലുള്ള തസ്തികകൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റാന്നി താലൂക്കാശുപത്രിയിൽ താഴെ പറയുന്ന പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് :

1. സി.എം.ഒ. - 4
2. സ്റ്റാഫ് നഴ്സ് - 5
3. JC (ഇ.എൻ.ടി.) - 1
4. RMO (അസിസ്റ്റന്റ് സർജൻ) - 1
5. ഫാർമസിസ്റ്റ് - 1
6. ലാബ് ടെക്നീഷ്യൻ - 2
7. ആശുപത്രി അറ്റൻഡർ - 2

ഇതുകൂടാതെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ടി ആശുപത്രിയെ ഉൾപ്പെടുത്തി ഇതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## വയനാട് ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ്

278 (297) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത ലാബിൽ ഒരുക്കുന്ന സൗകര്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) 9-10-2017 ലെ സ.ഉ. (സാധാ) നമ്പർ 2778/2017/ആ.കു.വ. പ്രകാരം 823.422 ലക്ഷം രൂപ മാനന്തവാടി ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിനായി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. എസ്റ്റിമേറ്റ് തയ്യാറാക്കി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ അനുമതി വാങ്ങി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ലാബിൽ ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, ഹൃദ്രോഗ തീവ്രപരിചരണ വിഭാഗം എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കും.

## റാന്നി താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം

279 (298) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിക്ക് പുതിയതായി കെട്ടിടം നിർമ്മിക്കുന്ന നടപടികൾ ഏതു ഘട്ടം വരെയായി; ഇതിന്റെ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എത്ര നിലയുള്ള കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; എന്തൊക്കെ സൗകര്യങ്ങളാണ് കെട്ടിടത്തിൽ ഉൾപ്പെടുത്തുക; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പുതിയ കെട്ടിടത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ ;

(സി) പുതിയ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്; ഇത് പൂർത്തിയാക്കി കെട്ടിടം നിർമ്മാണം എന്നാരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) ടി ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## അടിമാലി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കൽ

280(299) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ അടിമാലി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ അടിമാലി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്.

| നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ചിരിക്കുന്ന തുക |
|---|---|---|
| 1 | ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ | 360 ലക്ഷം രൂപ |
| 2 | ഐ.സി.യു. | 376.578 ലക്ഷം രൂപ |
| 3 | അത്യാഹിത വിഭാഗത്തിന് പുതിയ കെട്ടിട നിർമ്മാണവും ജനറൽ വാർഡിന്റെ ബാക്കിയുള്ള പ്രവൃത്തികളും | 31.50 ലക്ഷം രൂപ |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടിമാലി താലൂക്ക് ആശുപത്രിയിൽ പുതിയതായി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് :

| | |
|---|---|
| കൺസൾട്ടന്റ് (ഗൈനക്കോളജി) | - 1 |
| ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II | - 1 |
| ഡെന്റൽ മെക്കാനിക്ക് ഗ്രേഡ് II | - 1 |
| ഫാർമസിസ്റ്റ് ഗ്രേഡ് II | - 1 |
| സ്റ്റാഫ് നഴ്സ് | - 4 |
| ലാബ് ടെക്നീഷ്യൻ | - 4 |

കൂടാതെ തസ്തിക സൃഷ്ടിക്കാനുള്ള ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ട പ്രൊപ്പോസലിൽ ടി ആശുപത്രിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## നാട്ടിക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

281 (300) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാട്ടിക നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നാട്ടിക മണ്ഡലത്തിൽ ഏതെല്ലാം തസ്തികകൾ എത്ര വീതം സൃഷ്ടിച്ചുവെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) അന്തിക്കാട് സി.എച്ച്.സി. യെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി നാട്ടിക മണ്ഡലത്തിലെ പി.എച്ച്. സെന്റർ, പാറളം, തളിക്കുളം എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ഡോക്ടർ-1, നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ നാട്ടിക പി.എച്ച്. സെന്റർ, എഫ്.എച്ച്. സെന്റർ ആക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇവിടെ എൻ.എച്ച്.എം. മുഖേന നിലവിലുള്ള കെട്ടിടങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള മാറ്റങ്ങൾ വരുത്തുന്നതിന് പ്രവൃത്തികൾ നടന്നുവരുന്നു. വലപ്പാട് സി.എച്ച്. സെന്ററിൽ ഒരു അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തിക സൃഷ്ടിക്കുകയും ആരോഗ്യവകുപ്പും ബ്ലോക്ക് പഞ്ചായത്ത് മുഖേനയും ഓരോ ഡെന്റൽ ചെയർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇവിടെ ജെറിയാട്രിക് വാർഡ് ബ്ലോക്ക് പഞ്ചായത്ത് മുഖേന നിർമ്മിച്ചിട്ടുണ്ട്.

എഫ്.എച്ച്. സെന്റർ പാറളത്തിന് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ പദ്ധതി പ്രകാരം ഹെമറ്റോളജി അനലൈസർ അനുവദിച്ചു. ഇത് കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സി.എച്ച്. സെന്റർ, തൃപ്രയാറിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന ഫീമെയിൽ വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) നാട്ടിക മണ്ഡലത്തിലെ പാറളം, തളിക്കുളം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഇവിടെ ചുവടെ ചേർക്കുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

<u>പാറളം എഫ്.എച്ച്. സെന്റർ</u>

ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ- 1, ഫാർമസിസ്റ്റ്- 1.

<u>തളിക്കുളം എഫ്.എച്ച്. സെന്റർ</u>

ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ- 1, ഫാർമസിസ്റ്റ്- 1.

(സി) അന്തിക്കാട് സി.എച്ച്.സി.യിൽ നിലവിൽ രണ്ട് അസിസ്റ്റന്റ് സർജന്റെയും ഒരു സിവിൽ സർജന്റെയും ഒരു എൻ.എച്ച്.എം. ഡോക്ടറുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഫാർമസിയിൽ മരുന്നുകളുടെയും പെയിൻ ആന്റ് പാലിയേറ്റീവ് മരുന്നുകളുടെയും വിതരണവും നടക്കുന്നുണ്ട്. അന്തിക്കാട്

സി.എച്ച്.സി.-യുടെ 6 കി.മീ. ചുറ്റളവിൽ എഫ്.എച്ച്.സി., മുണ്ടൂരും സി.എച്ച്.സി., തൃപ്രയാറും 7 കി.മീ. ചുറ്റളവിൽ സി.എച്ച്.സി., ആലപ്പാട്ടും 16 കി.മീ. ചുറ്റളവിൽ ജനറൽ ആശുപത്രി തൃശ്ശൂർ സ്ഥിതി ചെയ്യുന്നു. സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി നിശ്ചിതമാനദണ്ഡങ്ങളോടെ ആരോഗ്യസ്ഥാപനങ്ങളിൽ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ആർദ്രം പദ്ധതിയുടെ ഭാഗമായി നിലവിൽ മുൻതൂക്കം നൽകി വരുന്നത്.

## കോങ്ങാട് സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ

282 (301) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യവികസനത്തിന് നടപടി സ്വീകരിക്കുമോ;

(ബി) കോങ്ങാട് സി.എച്ച്.സി.-യിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ;

(സി) കോങ്ങാട് സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ഉണ്ടായിരുന്നുവെന്നും ആയത് പിന്നീട് നിർത്തലാക്കുകയാണ് ഉണ്ടായതെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ&സി) നിലവിൽ സംസ്ഥാനത്തെ ആശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗി സൗഹൃദമാക്കുക എന്നതാണ് സർക്കാർ പരിഗണനയിലുള്ളത്. ഇതിന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളെ ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നു. കോങ്ങാട് സി.എച്ച്.സി. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുന്ന ഘട്ടത്തിൽ ഇവിടങ്ങളിലെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിലവിൽ ടി കേന്ദ്രത്തിൽ ഒരു സിവിൽ സർജൻ, രണ്ട് അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ തുടങ്ങിയ തസ്തികകളാണുള്ളത്. ടി കേന്ദ്രത്തിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 6 മണിവരെ പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്.

## കായംകുളം താലൂക്കാശുപത്രിയുടെ വികസനം

283 (302) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതി കിഫ്ബി വഴി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കിഫ്ബി മുഖാന്തിരം കായംകുളം താലൂക്കാശുപത്രിയുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി നിയമിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഈ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് വരികയാണ്.

## പാറശ്ശാല നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് പ്രവൃത്തികൾ

284 (303) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും പാറശ്ശാല നിയോജകമണ്ഡലത്തിൽ ഇതുവരെ ഏതെല്ലാം പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പെരുങ്കടവിള സി.എച്ച്.സി.-യിലെ അടിസ്ഥാന സൗകര്യക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) താലൂക്ക് ആശുപത്രി പാറശ്ശാലയ്ക്ക് മെഡിക്കൽ റെക്കോർഡ് ലൈബ്രറിക്കായി 2016-17 സാമ്പത്തിക വർഷം 2,35,000 രൂപയും, 2017-18-ൽ 18,30,000 രൂപയും അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങൾക്കായി ചെമ്പൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

സ്ഥാപിക്കുന്നതിന് താലൂക്ക് ആശുപത്രി, പാറശ്ശാലയ്ക്ക് 220 ലക്ഷം രൂപയും മെറ്റേണിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിന് 200 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

**താനൂരിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

285 (304) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ആകെ എത്ര പി.എച്ച്.സി. കളെയാണ് എഫ്.എച്ച്.സി. -കളായി ഉയർത്തിയത് എന്ന് അറിയിക്കുമോ;

(ബി) താനൂർ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്;

(സി) താനൂരിൽ അനുവദിച്ച കുടുംബാരോഗ്യകേന്ദ്രങ്ങൾ എല്ലാം പൂർണ്ണമായി പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടോ; നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികളും മറ്റ് പിന്നോക്കവിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന താനൂരിലെ ജനങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ കൂടി പരിഗണിച്ച് കൂടുതൽ കുടുംബാരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ 2017-18, 2018-19 വർഷങ്ങളിൽ 59 കുടുംബാരോഗ്യ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്.

(ബി) താനൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പൊൻമുണ്ടം, താനാളൂർ, തേവർ കടപ്പുറം, ഒഴൂർ എന്നീ 4 കുടുംബാരോഗ്യ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്.

(സി) 2018-19 വർഷങ്ങളിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത പൊൻമുണ്ടം പി.എച്ച്.സി.ക്ക് സ്ഥലപരിമിതിമൂലം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കാൻ തടസ്സമുണ്ട്. 2017-18 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ഒഴൂർ പി.എച്ച്.സി. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട്.

(ഡി) ഭാവിയിൽ തീരദേശ മേഖലയിലെ ബാക്കിയുള്ള ആരോഗ്യസ്ഥാപനങ്ങളും ആർദ്രം പദ്ധതിയുടെ ഭാഗമാകുമ്പോൾ ഈ പ്രദേശത്തെ കുറവുകൾ പരിഹരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

## ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും ആരംഭിക്കാൻ നടപടി

286 (305) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) പ്രസ്തുത ആശുപത്രിയിൽ കാരുണ്യ ഫാർമസിയും ഡയാലിസിസ് കേന്ദ്രവും ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) മലപ്പുറം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ വികസനം

287 (306) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി ആശുപത്രിയോട് ചേർന്നുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

പട്ടാമ്പി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനത്തിനായി ആശുപത്രിയോട് ചേർന്നുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ്

288 (307) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിക്കായി അനുവദിച്ച ട്രോമാകെയർ യൂണിറ്റിന്റെ നിർവ്വഹണ ഏജൻസിയായ കെ.എം.സി.എസ്.എൽ.എന്തെല്ലാം പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് ആശുപത്രിയിൽ നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) എത്ര കോടി രൂപയുടെ മെഡിക്കൽ ഉപകരണങ്ങളാണ് ഇതിന്റെ ഭാഗമായി അനുവദിച്ചിട്ടുള്ളത്; വിശദീകരിക്കുമോ;

(സി) അനുവദിച്ച ഉപകരണങ്ങളിൽ ലഭ്യമാകാൻ ബാക്കിയുള്ള ഉപകരണങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഉപകരണങ്ങൾ ലഭ്യമാക്കാൻ ബാക്കിയുണ്ടെങ്കിൽ ആയത് ലഭ്യമാക്കി പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ട്രോമാകെയർ യൂണിറ്റിന്റെ ഭാഗമായി താഴെപ്പറയുന്ന ഇനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്:

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | Flowers cot | 4 |
| 2 | Criothyrotomy Set | 1 |
| 3 | ET Tube size 4.0 size 8 | 10 each |
| 4 | Oropharyngel Airway Size 1-4 | 10 each |
| 5 | Ambubag Adult & Child | 1 each |
| 6 | Artery Forceps difference sizes | 26 |
| 7 | Direct Ophthalmoscope | 1 |
| 8 | Magill Forceps | 2 |
| 9 | Stethescope | 2 |
| 10 | BP Apparatus | 2 |

| (1) | (2) | (3) |
|---|---|---|
| 11 | Digital Thermometer | 2 |
| 12 | Thomas Splint | 3 |
| 13 | Spine Board | 2 |
| 14 | Cervical Collar | 2 |
| 15 | Mallet | 2 |
| 16 | Steinman pins | 20 |
| 17 | T Handle | 2 |
| 18 | PPE Kit | 1 |
| 19 | Bohlers Stirrup | 2 |
| 20 | A traumatic Forceps | 4 |
| 21 | Trauma Crash Cart | 3 |
| 22 | Trauma Emergency Cot | 2 |
| 23 | Drip Stand SS | 4 |
| 24 | CT Scan | 1 |
| 25 | Thoractomy Set | 1 |
| 26 | Fumigation Dispenses | 1 |
| 27 | Ventilator | 1 |
| 28 | Ventilator Portable | 1 |
| 29 | Tourniquet Electric | 2 |
| 30 | ECG Machine Single Channel | 1 |

(ബി) 4.35 കോടി രൂപയുടെ ഉപകരണങ്ങൾ അനുവദിച്ചിട്ടുണ്ട്.

(സി)

1. Anaesthesia Machine with Monitor
2. Weighing balance Electronic
3. Cranitomy Set
4. Hand Drill
5. Other General Surgical Instruments

6. Cautery Machine- Needle Destroyer
7. Power Drill & Power Saw
8. Shap disposal- Needle destroyer
9. Cleaning & dressing table
10. Cutting scissors
11. OT Trolley
12. Folding Stretcher
13. Centralized Gas System
14. Beds with IV stand with Head raising
15. Patients Trolleys
16. Generator 100 KV
17. Bed Matress plus linen
18. Nebulizer Diaphragram type
19. Computer with accessories including multi utility printer

(ഡി) ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ആശുപത്രിയിൽ ലഭ്യമാകുന്ന മുറയ്ക്ക് ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കും.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

289 (308) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സി.എച്ച്.സി, പി.എച്ച്.സി. എന്നിവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നിയോജകമണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി. കളെയാണ് കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയത്; വിശദാംശം ലഭ്യമാക്കാമോ ;

(സി) പി.എച്ച്.സി.-കളെ കുടുംബാരോഗ്യകേന്ദ്രമാക്കുമ്പോൾ, പ്രവർത്തനത്തിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണുണ്ടാവുക എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ സി.എച്ച്.സി.കൾ, പി.എച്ച്.സി.-കൾ എന്നിവ ചുവടെ ചേർക്കുന്നു:

<u>സി.എച്ച്.സി.-കൾ</u>: അമ്പലപ്പാറ, കടമ്പഴിപ്പുറം.

<u>പി.എച്ച്.സി.-കൾ</u>: ലക്കിടി, പേരൂർ, പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം, തച്ചനാട്ടുകര, എലുമ്പുലാശ്ശേരി, കോട്ടപ്പുറം.

(ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ഒറ്റപ്പാലം മണ്ഡലത്തിലെ പേരൂർ, പൂക്കോട്ടുകാവ്, എലുമ്പുലാശ്ശേരി എന്നീ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പൂക്കോട്ടുകാവ് പി.എച്ച്.സി.-ക്ക് 14 ലക്ഷം രൂപയും പേരൂർ, എലുമ്പുലാശ്ശേരി എന്നീ പി.എച്ച്.സി.കൾക്ക് എൻ.എച്ച്.എം. ഫണ്ടിൽനിന്നും 15.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട ഒ.പി. രജിസ്ട്രേഷൻ സൗകര്യങ്ങൾ, രോഗികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ മുറികൾ, പബ്ലിക്ക് അഡ്രസ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, വിഷാദരോഗത്തിനുള്ള ആശ്വാസ് ക്ലിനിക്ക്, ശ്വാസകോശരോഗ ചികിത്സയ്ക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മൂന്നു ഡോക്ടർമാരുടെ സേവനം, നഴ്സ് പ്രീ ചെക്കും കൗൺസിലിംഗും, വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയ സേവനങ്ങൾ നിലവിൽ ലഭ്യമാക്കിവരുന്നു.

## ഒറ്റപ്പാലം താലൂക്കാശുപത്രിയുടെ മാസ്റ്റർ പ്ലാൻ

290 (309) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയുടെ വികസനത്തിനായി മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) എത്ര തുകയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്;

(സി) മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ പുതിയ തസ്തികകൾ**

291 (310) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഏതെല്ലാം തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ സൃഷ്ടിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു:

1. ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - 1
2. ജൂനിയർ കൺസൾട്ടന്റ് (പി.എം.ആർ.) - 1
3. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 2
4. ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് 2 - 1
5. സ്റ്റാഫ് നഴ്സ് - 2

(ബി) ഉണ്ട്. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ നിലവിൽ ജനറൽ മെഡിസിൻ തസ്തികയിൽ കൺസൾട്ടന്റിന്റെ ഒരു ഒഴിവാണുള്ളത്. ആയത് സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇ.സി.ജി. ടെക്നീഷ്യൻ തസ്തികയിൽ ഒരാളെ നിയമിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സിന്റെ രണ്ട് ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

**കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ട്രോമാകെയർ സംവിധാനം**

292 (311) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിച്ച് പ്രവർത്തനം നടത്തുന്നതിനായി നിലവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ട്രോമാകെയർ സംവിധാനം പ്രാവർത്തികമാക്കാൻ ഇനി എന്തെല്ലാം സജ്ജീകരണങ്ങൾ ആവശ്യമുണ്ടെന്നും ആയത് പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളും വിശദമാക്കുമോ;

(സി) ട്രോമാകെയർ സംവിധാനം എന്നുമുതൽ പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രോമാകെയർ യൂണിറ്റിനായി 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് മൾട്ടി പാരാ മോണിറ്റർ, ഫ്യൂമിഗേഷൻ ഡിസ്പെൻസർ, സയാനെർവി സർജിക്കൽസ്, സി.ആം., ഇ.സി.ജി. മെഷീൻ, സിറിഞ്ച് പമ്പ്, ക്രാഷ് കാർട്ട് ട്രോളി, പൾസ് ഓക്സി മീറ്റർ, ഡിഫിബ്രിലേറ്റർ വിത്ത് മോണിറ്റർ, പവർ ഡ്രില്ലർ, ഇലക്ട്രോണിക് ടോർണി കിറ്റ്, പ്ലാസ്റ്റർ കട്ടർ (ഫാന്റ് കാസ്റ്റ് സോ), അനസ്തേഷ്യ മെഷീൻ, ഫ്ലാഷ് ആട്ടോ ക്ലേവ്, ട്രോമ എമർജൻസി കോട്ട്, പെരിഫറൽ നെർവ് സ്റ്റിമുലേറ്റർ, ലെഡ് ഏപ്രൺ, ആട്ടോ ക്ലേവ്, ഒ.റ്റി. ടേബിൾ, അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ എന്നീ മെഡിക്കൽ ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

(ബി & സി) ട്രോമാ കെയർ യൂണിറ്റിലെ ഓപ്പറേഷൻ തിയറ്റർ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ഒ.റ്റി. ലൈറ്റും, സെൻട്രലൈസ്ഡ് ഓക്സിജൻ സക്ഷൻ എന്നിവ ലഭിക്കുന്നതിനായി കെ.എം.എസ്.സി.എൽ. വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റിലേയ്ക്ക് സി.റ്റി. സ്കാൻ, ഡിജിറ്റൽ എക്സ്റേ എന്നിവ അനുവദിച്ചിട്ടുണ്ട്. യൂണിറ്റിന്റെ രണ്ടാം നിലയിലായി 9 യൂണിറ്റുകളുള്ള ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഒ.റ്റി. ലൈറ്റും സെൻട്രലൈസ്ഡ് ഓക്സിജൻ സക്ഷൻ എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ട്രോമാകെയർ സംവിധാനം പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ആറ്റിങ്ങൽ മണ്ഡലത്തിലെ ആർദ്രം പദ്ധതി

293 (312) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതി പ്രകാരം കുടുബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യവികസനം ഏത് ഘട്ടത്തിലാണ്; അവ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി (2017-18) സാമ്പത്തിക വർഷത്തിൽ കിളിമാനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. പ്രീ ചെക്ക് റൂം, ലബോറട്ടറി, ഡൈനിംഗ് ഹാൾ, ഒബ്സർവേഷൻ റൂം, റെറ്റിനോപ്പതി, ശ്വാസ് ക്ലിനിക്ക്, ആശ്വാസ് ക്ലിനിക്ക്, പാലിയേറ്റീവ് കെയർ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് ടി സ്ഥാപനത്തിലേയ്ക്ക് താഴെ പറയുന്ന അധിക തസ്തികകൾ സൃഷ്ടിക്കപ്പെട്ടു:

1. ഡോക്ടർ - 1
2. സ്റ്റാഫ് നഴ്സ് - 2
3. ലാബ് ടെക്നീഷ്യൻ - 1

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കരവാരം, പുളിമാത്ത്, ചെറുന്നിയൂർ, അടയമൺ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും വക്കം സാമൂഹികാരോഗ്യ കേന്ദ്രവും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടു. അവയിൽ വക്കം സാമൂഹികാരോഗ്യ കേന്ദ്രം, അടയമൺ പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു. മറ്റിടങ്ങളിലെ വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റ് നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യകേന്ദ്രങ്ങൾ അടക്കമുള്ള സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## തിരുവമ്പാടി മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

294 (313) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ, കുടുംബാരോഗ്യകേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട തിരുവമ്പാടി മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവ പൂർണ്ണതോതിൽ എന്നു മുതൽ പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തിരുവമ്പാടി മണ്ഡലത്തിൽനിന്നും പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

കൂടാതെ ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കോടഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രം, കൂടരഞ്ഞി പ്രാഥമികാരോഗ്യ കേന്ദ്രം, തിരുവമ്പാടി പ്രാഥമികാരോഗ്യ കേന്ദ്രം, കാരശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം, കൊടിയത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തിരുവമ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 14 ലക്ഷം രൂപയും എൻ.എച്ച്.എം. ഫണ്ടിൽനിന്നും കോടഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രം, കൂടരഞ്ഞി പ്രാഥമികാരോഗ്യ കേന്ദ്രം, കാരശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം, കൊടിയത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവയ്ക്ക് 15.50 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

## നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ആരോഗ്യവകുപ്പ് പ്രവൃത്തികൾ

295 (314) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ;

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഏതെല്ലാം തസ്തിക സൃഷ്ടിച്ചുവെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ബഹുനില മന്ദിരം എം.എൽ.എ. ഫണ്ടും ആരോഗ്യ വകുപ്പിന്റെ ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ചു. ചുറ്റുമതിൽ നിർമ്മാണവും പവർലോൺട്രി കെട്ടിടവും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഫണ്ടിൽനിന്നും നിർവ്വഹിച്ചു. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കൊട്ടാരം വാർഡ് നവീകരണം നടന്നുകൊണ്ടിരിക്കുന്നു.

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളിൽ മാണിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 50 ലക്ഷം രൂപ മുടക്കി പുതിയ കെട്ടിടം നിർമ്മിച്ചു. മാണിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ 2018-19 ൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി. 27 ലക്ഷം രൂപ വകയിരുത്തി വിപുലീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വെമ്പായം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതി പ്രകാരം പ്രവൃത്തികൾ നടത്തിവരുന്നു. കന്യാകുളങ്ങര സി.എച്ച്.സി.യിലെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുവാൻ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ഫണ്ടിൽനിന്നും തിരുവനന്തപുരം ജില്ലാ കളക്ടർ 145.09344 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിൻപ്രകാരം കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനായുള്ള അനുമതിക്കായി സമർപ്പിച്ച സർവ്വേ റിപ്പോർട്ടും അനുബന്ധ രേഖകളും സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് ഇൻ പീഡിയാട്രിക്സ്- 1, ജൂനിയർ കൺസൾട്ടന്റ് ഇൻ സർജറി- 1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയിൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽനിന്ന് കുടുംബാരോഗ്യകേന്ദ്രമാക്കാനുള്ള സ്ഥാപനങ്ങൾ 2018-19 ലാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇവിടങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## കുഴൽമന്ദം സാമൂഹികാരോഗ്യകേന്ദ്രത്തിൽ ട്രോമാകെയർ യൂണിറ്റ്

296 (315) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ നിർമ്മിക്കാനുദ്ദേശിച്ചിരിക്കുന്ന ട്രോമാകെയർ യൂണിറ്റിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ ;

(ബി) നിലവിലെ അടിയന്തര സാഹചര്യം പരിഗണിച്ച് ട്രോമാകെയർ യൂണിറ്റ് ഉടനെ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ& ബി) കുഴൽമന്ദം സാമൂഹികാരോഗ്യകേന്ദ്രത്തിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണം

297 (316) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിന് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുഖേന സമർപ്പിച്ച ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് കിഫ്ബി വഴി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കാമോ;

(ബി) 24-2-2018-ലെ 627/2018/H നമ്പർ സർക്കാർ ഉത്തരവിലൂടെ ഹൗസിംഗ് ബോർഡിനെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും ഹൗസിംഗ് ബോർഡ് എസ്റ്റിമേറ്റും ഡി.പി.ആറും തയ്യാറാക്കി കോട്ടയം ഡി.എം.ഒ. വഴി ഡി. എച്ച്.എസ്. - ന് സമർപ്പിക്കുകയും ചെയ്തുവെങ്കിലും നാളിതുവരെ ആവശ്യമായ പരിശോധന വകുപ്പുതലത്തിൽ നടത്തി കിഫ്ബിയുടെ ബോർഡ് മീറ്റിംഗിൽ സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് എന്നത്തേയ്ക്ക് സമർപ്പിക്കും എന്നറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഫയലിൽ നിലവിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - സി) കുറവിലങ്ങാട് താലൂക്കാശുപത്രിയുടെ വികസനം കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിന് എസ്.പി.വി.യായി നിശ്ചയിക്കപ്പെട്ട കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ സ്ഥലം 4-5-2019-ൽ പരിശോധിച്ച് പ്ലാനിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഭേദഗതി വരുത്തിയ പ്ലാൻ അടിയന്തരമായി ലഭ്യമാക്കുവാൻ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## തൃക്കരിപ്പൂർ, നീലേശ്വരം താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റ്

298 (317) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രഖ്യാപിച്ച തൃക്കരിപ്പൂർ, നിലേശ്വരം എന്നീ താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

തൃക്കരിപ്പൂർ ഡയാലിസിസ് യൂണിറ്റിന്റെ 90 ശതമാനം ഇൻഫ്രാസ്ട്രക്ചർ പണി പൂർത്തിയായിട്ടുണ്ട്. 2 മാസത്തിനുള്ളിൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നീലേശ്വരം താലൂക്കാശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ അടിസ്ഥാനവികസന സൗകര്യത്തിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റ്

299 (318) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിക്കുന്ന ട്രോമാകെയർ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഉപകരണങ്ങളാണ് ഇതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം നടത്തിയത്; ഇനിയും ഏതൊക്കെ ഉപകരണങ്ങൾ വിതരണം നടത്തേണ്ടതുണ്ടെന്ന് വിശദീകരിക്കാമോ;

(സി) ട്രോമാകെയർ യൂണിറ്റിന് ആവശ്യമായ സർജൻ, ഓർത്തോ, അനസ്തേഷ്യ എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കാമോ; ക്ലിനിക്കൽ വിഭാഗത്തിൽ അധികമായി എത്ര പേരുടെ സേവനമാണ് ലഭിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം 2019 ജൂൺ മാസത്തിൽ ആരംഭിക്കാൻ കഴിയുമോ?

### ഉത്തരം

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിക്കുന്ന ട്രോമാകെയർ യൂണിറ്റിലേയ്ക്ക് അനുവദിച്ച ഉപകരണങ്ങൾക്ക് വിതരണ ഉത്തരവും ഓക്സിജൻ വിതരണത്തിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലികൾക്കുള്ള വർക്ക് ഓർഡറും നൽകിയിട്ടുണ്ട്.

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്ത ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ECG Machine 12 channel- 1 No.
2. OT Table Electric- B- 1 No.

3. Multiparameter Monitor- 4 Nos.
4. Infusion pump- 2 Nos.
5. Spine board- 2 Nos.
6. Weighing machine digital paediatric- 1 No.
7. Patient Trolley- 2 Nos.
8. Laringoscope Adult & Paediatric- 3 Nos.
9. Needle destroyer- 2 Nos.
10. Weighing machine baby electronic- 1 No.
11. Ambu bag adult- 3 Nos.
12. Ambu bag child- 2 Nos.
13. Cervical Collar soft (M)- 5 Nos.
14. Cervical collar soft (S)- 5 Nos.
15. Stretcher trolley with belt- 4 Nos + 2 Nos.
16. Pulse Oxymeter baby- 1 No.
17. Emergency Cot- 10 Nos.
18. Trauma Crash Cart- 2 Nos.

വിതരണം ചെയ്യേണ്ട ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. B.P Apparatus on stand- 5 Nos.
2. Suction machine- 2 Nos.
3. Pulse oxymeter- 3 Nos.
4. Multi parameter monitor with capnogram- 1 No.
5. Multi parameter monitor with tray and attachable to cot- 4 Nos.

6. Broslows Paediatric scale- 1 No.
7. Ventilator Portable- 1 No.
8. Ophthalmoscope direct- 1 No.
9. Wall Monitoring Prodedure light- LED adjustable- 6 Nos.
10. OT light Ceiling mount double domo- 1 No.
11. Centralised Gas System
12. Emergency Resuscitation Trolley- 4 Nos.
13. Urine Toxicology Analyser- 1 No.
14. OT Equipment Set- 1 No.
15. General surgery instrument set- 1 No.
16. Stainless steel patient cot for procedure room- 2 Nos.
17. Sink with elbow tap for procedure room- 2 Nos.
18. Equipment set for injection and dressing room- 1 No.
19. Overhanging double pole drip stand for red area, yellow area and procedure room- 25 Nos.
20. Computer with scanner, printer and internet- 1 No.
21. Curtains with railer- 1 No.
22. Singage- 1 No.
23. Generator 50 KVA- 1 No.
24. False ceiling of red area, fabrication of nurses bay, patient and by stander waiting area & reception- 1 No.

(സി) ട്രോമാകെയർ യൂണിറ്റിന് ആവശ്യമായ സർജൻ, ഓർത്തോ, അനസ്തേഷ്യ എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

(ഡി) ഭൗതിക സാഹചര്യങ്ങളും ഉപകരണങ്ങളും പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

## പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ അധിക തസ്തികകൾക്കായുള്ള പ്രൊപ്പോസൽ

300 (319) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ജിവനക്കാരുടെ അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസലിന്റെ നിലവിലത്തെ സ്ഥിതി അറിയിക്കാമോ ;

(ബി) ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിയ്ക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) അധികമായി ഏതെല്ലാം തസ്തികയിൽ എത്ര ജീവനക്കാരെ അനുവദിക്കുന്നതിനാണ് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രൊപ്പോസലിന്റേ അടിസ്ഥാനത്തിൽ അധിക തസ്തികകൾ അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ & ബി) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ ജൂനിയർ കൺസൾട്ടന്റ്, ഡെന്റൽ മെക്കാനിക് ഗ്രേഡ് 2, മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ, സ്റ്റാഫ് നഴ്സ് എന്നിവയുടെ ഓരോ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിലും പെരിന്തൽമണ്ണ ജില്ലാ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി&ഡി) ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിലും പെരിന്തൽമണ്ണ ജില്ലാ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി 10 അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നിയമനം

301 (320) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ നിലവിലുണ്ടെന്നും ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനതല പ്രൊമോഷൻ തസ്തികയായ ജെ.എച്ച്.ഐ. ഗ്രേഡ്-I ന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും അവ എവിടെയെല്ലാമാണുള്ളതെന്നും ജില്ല തിരിച്ച് അറിയിക്കാമോ;

(സി) ജെ.എച്ച്.ഐ. ഗ്രേഡ്-2 ൽ നിന്ന് ഗ്രേഡ്-1 ലേയ്ക്ക് അവസാനമായി സ്ഥാനക്കയറ്റം നൽകിയത് എപ്പോഴാണ്;

(ഡി) ജെ.എച്ച്.ഐ. ഗ്രേഡ്-2 ൽ നിന്ന് ഗ്രേഡ്-1 ലേയ്ക്ക് സ്ഥാനക്കയറ്റം നടന്നാൽ എത്ര ഗ്രേഡ്-2 ഒഴിവുകൾ സൃഷ്ടിക്കപ്പെടുമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(എഫ്) ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ജി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ബൈട്രാൻസ്ഫർ നിയമനങ്ങൾ, അനുവദിച്ചതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയത്; അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും നിർദ്ദേശം നല്കിയിട്ടുണ്ടോ?

### ഉത്തരം

(എ & ബി) നിലവിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I-ന്റെ 1807-ഉം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-ന്റെ 1812-ഉം തസ്തികകളാണുള്ളത്. ഇവയുടെ ജില്ലതിരിച്ചുള്ള കണക്കും ഒഴിവുകൾ സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 21-1-2019-ലെ ഇ.ജി.2-40/2016/ആ.വ.ഡ. ഉത്തരവ് പ്രകാരമാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-ൽനിന്നും ഗ്രേഡ് I-ലേയ്ക്ക് അവസാനമായി സ്ഥാനക്കയറ്റം നൽകിയത്.

(ഡി-എഫ്) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽനിന്നും ഒഴിവുള്ള ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ എത്ര ഒഴിവുകൾ ഗ്രേഡ് II തസ്തികയിൽ വിവിധ ജില്ലകളിൽ സൃഷ്ടിക്കപ്പെടുമെന്ന് അറിയാൻ കഴിയൂ.

(ജി) തിരുവനന്തപുരം ജില്ലയിൽ ബൈട്രാൻസ്ഫർ ജീവനക്കാരുടെ എണ്ണം അനുവദനീയമായതിലും കൂടുതലാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് അനുവദനീയമായ അനുപാതം ക്രമപ്പെടുത്തുന്നതുവരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലുണ്ടാകുന്ന ഒഴിവുകളിൽ ബൈട്രാൻസ്ഫർ നിയമനം നടത്താൻ പാടില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കൽ**

302 (321) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെപ്രസി-ജനറൽ ഹെൽത്ത് സംയോജനത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറുടെ സൂപ്പർ ന്യൂമററി തസ്തിക ലെപ്രസി വിഭാഗം ജീവനക്കാരുടെ റിട്ടയർമെന്റിനുശേഷം ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഇല്ലാതാകുന്ന പഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ ലെപ്രസി ഇൻസ്പെക്ടർ എന്ന പേരിൽ എൻട്രി കേഡറിൽ തസ്തിക സൃഷ്ടിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് കുഷ്ഠരോഗം റിപ്പോർട്ട് ചെയ്യുന്നതിന്റെ

തോത് ഗണ്യമായി കുറഞ്ഞപ്പോൾ കുഷ്ഠരോഗ നിർമ്മാർജ്ജന വിഭാഗത്തെ പൊതുജനാരോഗ്യ വിഭാഗവുമായി ലയിപ്പിക്കുകയും കുഷ്ഠരോഗ നിർമ്മാർജ്ജന വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ സൂപ്പർ ന്യൂമററിയായി ആരോഗ്യ വകുപ്പിൽ നിലനിർത്തുകയും ടി ജീവനക്കാർ സേവനത്തിൽനിന്നും വിരമിക്കുമ്പോൾ ടി തസ്തിക ഇല്ലാതാകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. ആയതിനാൽ ലെപ്രസി വിഭാഗം ജീവനക്കാരുടെ റിട്ടയർമെന്റിനുശേഷം ടി തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതായി കണക്കാക്കാൻ കഴിയില്ല.

അപ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഇല്ലാതാകുന്ന പഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ആരോഗ്യ വകുപ്പിൽ മലപ്പുറം ജില്ലയിലുള്ള ഒഴിവുകൾ

303 (322) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ മലപ്പുറം ജില്ലയിൽ വിവിധ തസ്തികകളിലുള്ള ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ വിവിധ തസ്തികകളിൽ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ തസ്തികകളിൽ പി.എസ്.സി. വഴി മലപ്പുറം ജില്ലയിൽ എത്ര നിയമനം നടത്തി; ബാക്കിയുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ബാക്കിയുള്ള ഒഴിവുകളിൽ നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) മലപ്പുറം ജില്ലയിൽ വിവിധ തസ്തികകളിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) I. അസിസ്റ്റന്റ് സർജൻ - 8

| | |
|---|---|
| 1. ജനറൽ ആശുപത്രി, മഞ്ചേരി | ശൂന്യവേതന അവധി അനുവദിച്ചതിൻ പ്രകാരംവന്ന ഒഴിവുകൾ |
| 2. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി | |
| 3. താലൂക്ക് ആസ്ഥാന ആശുപത്രി, പൊന്നാനി | |
| 4. പ്രാഥമികാരോഗ്യ കേന്ദ്രം, അമരമ്പലം | |
| 5. സാമൂഹികാരോഗ്യ കേന്ദ്രം, മാറഞ്ചേരി (പഴയത്) | |
| 6. സാമൂഹികാരോഗ്യ കേന്ദ്രം, മാറഞ്ചേരി (പുതിയത്) | |
| 7. സാമൂഹികാരോഗ്യ കേന്ദ്രം, ചുങ്കത്തറ | |

II. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 - 58

ജില്ലാ മെഡിക്കൽ ഓഫീസർ നേരിട്ട് താൽക്കാലികാടിസ്ഥാനത്തിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2-മാരെ നിയമിക്കുന്നില്ല. പ്രസ്തുത ഒഴിവുകൾ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിൽ അതത് സ്ഥാപനങ്ങൾ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നൽകുകയും ആയതിന് ജില്ലാ മെഡിക്കൽ ഓഫീസർ അംഗീകാരം നൽകിയും വരുന്നു. ഈ ഒഴിവുകളിൽ പി.എസ്.സി. വഴി സ്ഥിരം നിയമനം നടത്തുമ്പോൾ താൽക്കാലിക ജീവനക്കാരെ അതത് സ്ഥാപന മേധാവികൾ പിരിച്ചുവിടുകയും ചെയ്യുന്നു.

III. പാർട്ട് ടൈം സ്വീപ്പർ - 9

ഒഴിവുകൾ ആശുപത്രിയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുവെങ്കിൽ അതത് സ്ഥാപനത്തിലെ സ്ഥാപന മേധാവികൾ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നൽകുകയും ആയതിന് ജില്ലാ മെഡിക്കൽ ഓഫീസർ അംഗീകാരം നൽകിയും വരുന്നു. ഈ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. വഴി സ്ഥിരം നിയമനം നടത്തുമ്പോൾ താൽക്കാലിക ജീവനക്കാരെ അതത് സ്ഥാപനമേധാവികൾ പിരിച്ചുവിടുകയും ചെയ്യുന്നു.

(സി) നിയമനം നടത്തിയത്

| | | | |
|---|---|---|---|
| 1. | അസിസ്റ്റന്റ് സർജൻ | - | 38 |
| 2. | ക്ലാർക്ക് | - | 46 |
| 3. | ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ | - | 23 |
| 4. | ക്ലാർക്ക് ടൈപ്പിസ്റ്റ് | - | 3 |
| 5. | എൽ.ഡി. ടൈപ്പിസ്റ്റ് | - | 3 |
| 6. | ജെ.പി.എച്ച്.എൻ. ഗ്രേഡ് 2 | - | 102 |
| 7. | സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 | - | 126 |
| 8. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | - | 50 |
| 9. | ഫീൽഡ് വർക്കർ | - | 11 |
| 10. | ഫാർമസിസ്റ്റ് | - | 26 |
| 11. | ലാബ് ടെക്നീഷ്യൻ | - | 53 |
| 12. | ഡ്രൈവർ | - | 10 |

ഒഴിവുകൾ

| | | | |
|---|---|---|---|
| 1. | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 | - | 38 |
| 2. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | - | 18 |
| 3. | ഫീൽഡ് അസിസ്റ്റന്റ് | - | 2 |
| 4. | ഫീൽഡ് വർക്കർ | - | 2 |

(ഡി) നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന് കീഴിൽ പ്രവർത്തിക്കുന്ന കാത്ത് ലാബുകൾ

304 (323) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-നു കീഴിൽ പ്രവർത്തിക്കുന്ന കാത്ത് ലാബുകൾ ഏതൊക്കെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലുമാണ് പ്രവർത്തിക്കുന്നത് എന്നതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കാത്ത്ലാബുകൾക്കാവശ്യമായ ഉപകരണങ്ങൾ ലഭിക്കാത്തതുമൂലം പല കാത്ത് ലാബുകളും അടച്ചിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സാധാരണക്കാരായ രോഗികൾക്ക് ആശ്വാസമേകുന്ന രീതിയിൽ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കേളേജുകളിലും പ്രവർത്തിക്കുന്ന കാത്ത ലാബുകൾ തടസ്സമില്ലാതെ തുടർന്ന് പ്രവർത്തിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## <u>ഉത്തരം</u>

(എ&ബി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ ആഭിമുഖ്യത്തിൽ നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാത്രമേ കാത്ത്ലാബ് പ്രവർത്തിക്കുന്നുള്ളൂ. കാത്ത്ലാബിന് ആവശ്യമുള്ള കൺസ്യൂമബിൾസ്/റീ-ഏജന്റ് വിതരണം ചെയ്യുന്നതിന് M/s. Haya Associates എന്ന കമ്പനിയുമായിട്ടാണ് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. കരാറിൽ ഏർപ്പെട്ടിരുന്നത്. പ്രസ്തുത കമ്പനി ടി സാധനങ്ങൾ വിതരണം ചെയ്യാത്തതിനാൽ 2 ദിവസം കാത്ത് ലാബ് പ്രവർത്തനരഹിതമായിരുന്നു. M/s. India Medtronic (P) Ltd. എന്ന സ്ഥാപനത്തിൽനിന്നും സാധനങ്ങൾ ലഭ്യമാക്കി കാത്ത്ലാബ് നിലവിൽ പ്രവർത്തിച്ചുവരുന്നു.

(സി) സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും പ്രവർത്തിക്കുന്ന കാത്ത്ലാബുകൾ നിലവിൽ തടസ്സമില്ലാതെ പ്രവർത്തിക്കുന്നുണ്ട്.

## കാത്ത്ലാബ്

305 (324) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം ആശുപത്രികളിലാണ് കാത്ത്ലാബ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട, മഞ്ചേരി, തൃശ്ശൂർ, ആലപ്പുഴ, കാഞ്ഞിരപ്പള്ളി എന്നീ ജനറൽ ആശുപത്രികളിലും, കൊല്ലം, കണ്ണൂർ, കാഞ്ഞങ്ങാട് എന്നീ ജില്ലാ ആശുപത്രികളിലും, എറണാകുളം, മഞ്ചേരി, പാരിപ്പള്ളി എന്നീ മെഡിക്കൽ കോളേജ് ആശുപത്രികളിലും കാത്ത്‌ലാബ് അനുവദിച്ചിരുന്നു. ഇതിൽ ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട, മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ കാത്ത്‌ലാബിന്റെ പ്രവർത്തനമാരംഭിച്ചു. മറ്റ് സ്ഥലങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷം ജനറൽ ആശുപത്രി കോഴിക്കോടിന് 1100 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം ജില്ലാ ആശുപത്രി മാനന്തവാടിക്ക് 1200 ലക്ഷം രൂപയും കാത്ത് ലാബുകൾക്കായി അനുവദിച്ചിരുന്നു. താലൂക്ക് ആശുപത്രി അടിമാലിയിൽ ഐ.സി.യു. സ്ഥാപിക്കുന്നതിനായി തുക അനുവദിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 5,27,56,487 രൂപ കാത്ത് ലാബിന്റെ ശാക്തീകരണത്തിനായി എറണാകുളം, പാലക്കാട്, തിരുവനന്തപുരം എന്നീ ജനറൽ ആശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് നൽകി.

(ബി) തിരുവനന്തപുരം ജില്ലയിൽ ചുവടെ പറയുന്ന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്:

1. ജനറൽ ആശുപത്രി, തിരുവനന്തപുരം
2. താലൂക്ക് ആശുപത്രി, ഫോർട്ട്
3. താലൂക്ക് ആശുപത്രി, പാറശ്ശാല
4. ജനറൽ ആശുപത്രി, നെയ്യാറ്റിൻകര
5. താലൂക്ക് ആശുപത്രി, ചിറയിൻകീഴ്
6. താലൂക്ക് ആശുപത്രി, നെടുമങ്ങാട്.

## സ്വകാര്യ ക്ലിനിക്കൽ ലാബുകളുടെ നിലവാരം ഉറപ്പാക്കൽ

306 (325) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ക്ലിനിക്കൽ ലാബുകൾക്ക് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലെ വ്യവസ്ഥ പ്രകാരം നിലവാരവും യോഗ്യതയുമുള്ള ജീവനക്കാർ ഉണ്ടെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് മനുഷ്യവകാശ കമ്മീഷന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ടോ; ഉത്തരവ് അനുസരിച്ച് ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായ അതോറിറ്റി ഇത്തരം ലാബുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട്, 2018 അനുസരിച്ച് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ ആണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. സ്ഥിരം രജിസ്ട്രേഷൻ രണ്ട് വർഷത്തിനുശേഷമേ ആരംഭിക്കുകയുള്ളൂ. ഈ കാലയളവിനുള്ളിൽ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കാവശ്യമായ നിലവാര മാനദണ്ഡങ്ങളും ജീവനക്കാരുടെ യോഗ്യതകളും നിശ്ചയിക്കുകയും ഇവ ആർജ്ജിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ സ്ഥിരം രജിസ്ട്രേഷൻ നൽകുകയുമുള്ളൂ.

(ബി) മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് ലഭിച്ചിട്ടില്ല.

## ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ നടപടി

307 (326) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിൽ വ്യാപകമായ രീതിയിൽ മായം ചേർക്കുന്നതുമൂലം പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണി വർദ്ധിക്കുന്നു വെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം മായം ചേർക്കുന്നവർക്കെതിരെ എന്താക്കെ നടപടികളാണ് ഭക്ഷ്യസുരക്ഷാവിഭാഗം സ്വീകരിക്കുന്നത്;

(സി) 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര കേസ്സുകളിൽ ശിക്ഷാ നടപടി ഉണ്ടായി; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്ത് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ലാബുകളിൽ പരിശോധന നടത്തി Misbranded/Substandard ആയി ലഭിക്കുന്ന പരിശോധന ഫലങ്ങളിൽ അഡ്ജൂഡിക്കേഷനും Unsafe ആയി ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ പ്രോസിക്യൂഷൻ നടപടിയും സ്വീകരിക്കുന്നുണ്ട്.

പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരം പാലിക്കാത്തതായി കാണുന്ന സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും തുടർപരിശോധനകളിൽ ഇവ പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഓപ്പറേഷൻ സാഗർ റാണിയുടെ ഭാഗമായി മത്സ്യമാർക്കറ്റുകളിലും വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തുന്നുണ്ട്. കൂടാതെ അന്യസംസ്ഥാനത്ത് നിന്നുവരുന്ന മത്സ്യങ്ങൾ പരിശോധിക്കുന്നതിന് ചെക്ക്പോസ്റ്റുകളിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധനനടത്തി മായം ചേർത്തതായി കണ്ടെത്തിയ മത്സ്യം തിരിച്ച് വിടുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്.

(സി) 2017-18 കാലയളവിൽ ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തതിന്റെ പേരിൽ സംസ്ഥാനത്ത് ഒട്ടാകെ 448 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 198 എണ്ണത്തിൽ വിധി വരികയും 58,45,200 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

2018-19 കാലയളവിൽ സംസ്ഥാനത്ത് ഒട്ടാകെ 632 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 199 എണ്ണത്തിൽ വിധി വരികയും 78,96,800 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## വൈപ്പിൻ ഭക്ഷ്യസുരക്ഷാ ഓഫീസർ നടത്തിയ പരിശോധനകൾ

308 (327) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഭക്ഷ്യസുരക്ഷാ ഓഫീസർ 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ നടത്തിയ പരിശോധനകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഏതെങ്കിലും കേസ്സുകളിൽ പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസിന്റെ പരിധിയിൽ 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ 323 പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ 4 അഡ്ജ്യൂഡിക്കേഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(സി) ഒരു കേസ് തീർപ്പാക്കി. അതിൽ 15,000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

**തട്ടുകടകളിലെ ഭക്ഷണത്തിന്റെ ഗുണനിലവാരം**

309 (328) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടുകടകളിലെ ഭക്ഷണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഇവയുടെ പ്രവർത്തനം ഉപഭോക്തൃ സൗഹൃദമാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) ഈ വിഷയത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനയും ബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തട്ടുകടകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള പരിശോധനകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിവരുന്നുണ്ട്. തട്ടുകടകളിൽ പ്രവർത്തിക്കുന്നവർക്ക് വ്യക്തിശുചിത്വവും നിലവാരവും ഉയർത്തുന്നതിന് Food Safety Training and Certification (FoSTaC) പരിശീലനം ലഭ്യമാക്കുന്നതിനുള്ള പരിശ്രമങ്ങളും നടന്നുവരുന്നു. കൂടാതെ കേരള സംസ്ഥാനത്ത് Clean Street Food Hub എന്ന ആശയത്തെ മുൻനിർത്തി ഫുഡ് കോർട്ടുകൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തട്ടുകടകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ

നടത്തുന്നുണ്ട്. എല്ലാ മാസവും മൂന്ന് ദിവസം വൈകുന്നേരം 4.00 മണി മുതൽ രാത്രി 9.00 മണി വരെ എല്ലാ ജില്ലകളിലും സ്ഥിരം പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ വഴിയോരക്കച്ചവടം നവീകരിക്കുകയും അതുവഴി സുരക്ഷിതമായ ആഹാരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതിനുവേണ്ടി വഴിയോരക്കച്ചവടക്കാർക്ക് ഭക്ഷ്യസുരക്ഷയുടെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പെടെ സംഘടിപ്പിച്ചുവരുന്നു.

## ഭക്ഷ്യവസ്തുക്കളിലെ മായം

310 (329) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതും അവ വില്പന നടത്തുന്നതും തടയാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) മായം ചേർന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം വെളിച്ചെണ്ണ കമ്പനികളെയാണ് നിരോധിച്ചിട്ടുള്ളത്;

(സി) പലചരക്ക് വ്യാപാര സ്ഥാപനങ്ങളിൽ വിൽക്കപ്പെടുന്ന വെളിച്ചെണ്ണയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പരിശോധനാ സ്ക്വാഡുകളെ നിയമിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്മസ് തുടങ്ങിയ ആഘോഷ വേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, ചക്കുളത്തുകാവ് പൊങ്കാല, തൃശ്ശൂർപൂരം തുടങ്ങിയ ഉത്സവവേളകളിലും സ്കൂൾ കലോത്സവം തുടങ്ങിയ സമയങ്ങളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ ന്യൂനതകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുശാസിക്കുന്ന പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ മത്സ്യങ്ങളിലെ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് 'ഓപ്പറേഷൻ സാഗർ റാണി' എന്ന പദ്ധതിയും ശർക്കരയിലെ മായം കണ്ടെത്തുന്നതിന് 'ഓപ്പറേഷൻ പനേല'യും വിജയകരമായി നടപ്പിലാക്കിവരുന്നു.

(ബി)

1. പി.കെ. ഓയിൽ മിൽ, ചേവരമ്പലം, കോഴിക്കോട്.
2. എ.എസ്. ഓയിൽ മിൽ, 9/361 ഗണ്ണി സ്ട്രീറ്റ്, ബിഗ് ബസാർ, കോഴിക്കോട്.
3. ശ്രീകൃഷ്ണ ഓയിൽ & ഫ്ളോർ മിൽ, 14/336 എ, കുണ്ടായിതോട്, ചെറുവണ്ണൂർ, കോഴിക്കോട്.
4. അശ്വതി ഫ്ളോർ & ഓയിൽ മിൽ, ബീച്ച് റോഡ്, ബേപ്പൂർ, കോഴിക്കോട്.
5. പാവങ്ങാട് ഓയിൽമിൽ, നടുവിൽ കായലോട്ട്, പാവങ്ങാട് കോഴിക്കോട്.
6. അശ്വതി ഓയിൽ ഇൻഡസ്ട്രീസ്, ബീച്ച് റോഡ്, കോഴിക്കോട് എന്നീ കമ്പനികളുടെ വെളിച്ചെണ്ണയാണ് നിരോധിച്ചിട്ടുള്ളത്.

(സി) പലചരക്ക് വ്യാപാര സ്ഥാപനങ്ങളിൽ ഉൾപ്പെടെ വിൽക്കപ്പെടുന്ന വെളിച്ചെണ്ണയുടെ ഗുണനിലവാരം പരിശോധിച്ച് നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ഞാറക്കൽ സർക്കാർ ആശുപത്രിയിൽ പുതിയ കെട്ടിടം**

311 (330) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ സർക്കാർ ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതിക്കായി ഡി.എച്ച്.എസ്.-ന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലെ ഞാറക്കൽ സർക്കാർ ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഗോശ്രീ ഐലന്റ്സ് ഡെവലപ്മെന്റ് അതോറിറ്റി അനുവദിച്ച 5,95,00,000 രൂപയ്ക്ക്, 7-3-2019-ലെ സ.ഉ.(സാധാ)നമ്പർ 559/ 2019/ത.സ്വ.ഭ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഞാറക്കൽ താലൂക്കാശുപത്രിയുടെ നിലവിലെ പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള ഭരണാനുമതി 17-5-2019-ലെ സ.ഉ.(സാധാ)1140/19/ആകുവ. പ്രകാരം നൽകിയിട്ടുണ്ട്.

**മൂവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ**

312 (331) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പ് മന്ത്രിയായിരുന്ന കാലത്ത് മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ അരംഭിക്കുന്നതിന് സൗജന്യമായി ലഭിച്ച ആറര ഏക്കർ ഭൂമിയും കെട്ടിടങ്ങളും ഉപയോഗപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ മാവൂർ കാൻസർ സെന്ററിനെ, കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിൽ ഒരു കേന്ദ്രമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**മാവേലിക്കര സർക്കാർ ആയുർവേദ ആശുപത്രിയുടെ വികസനം**

313 (332) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര സർക്കാർ ആയുർവ്വേദ ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും എം.എൽ.എ. നൽകിയ കത്തിന്റെയും എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിന് ആയുഷ് വകുപ്പ് സ്വീകരിച്ച നടപടികളും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന വിഷചികിത്സയുമായി ബന്ധപ്പെട്ട ഡോക്ടർ തസ്തിക പുനഃസ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ; ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) 2017-18 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് പ്രകാരം അനുവദിച്ച 2,56,800 രൂപയും 2018-19 സാമ്പത്തിക വർഷത്തെ നഗരസഭ ഫണ്ടും ചേർന്ന

10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

(സി) സുഗമമായ ചികിത്സ ഉറപ്പുവരുത്തുന്നതിനായി ഒരു മെഡിക്കൽ ഓഫീസർ (വിഷ) തസ്തിക മാവേലിക്കര സർക്കാർ ആയുർവേദ ആശുപത്രിയിൽ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## നാച്ചുറോപ്പതി ആന്റ് യോഗ ക്ലിനിക്കുകൾ

314 (333) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ നിയന്ത്രിക്കുവാൻ നാച്ചുറോപ്പതിയും യോഗയും ഫലപ്രദമാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ മേഖലയിൽ എവിടെയെല്ലാമാണ് നാച്ചുറോപ്പതി & യോഗ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കോതമംഗലത്ത് ഒരു നാച്ചുറോപ്പതി & യോഗ ക്ലിനിക്ക് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഭാരതീയ ചികിത്സാ വകുപ്പ് മുഖേന പ്ലാൻ പദ്ധതി പ്രകാരം ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി 14 ജില്ലകളിലെയും ജില്ലാ ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് യോഗ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ടി യൂണിറ്റിന്റെ സുഗമമായ പ്രവർത്തനത്തിനായി ഒരു യോഗ മെഡിക്കൽ ഓഫീസറെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ 50 ബെഡ്ഡുള്ള വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയും കൊല്ലം ജില്ലയിലെ പുനലൂർ സർക്കാർ പ്രകൃതി ചികിത്സാ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു.

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ പ്ലാൻ പ്രോജക്ട് വഴി സംസ്ഥാനത്തെ 14 ജില്ലാ ആയുർവേദ ആശുപത്രികളിലും യോഗ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

(സി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## നെന്മാറ നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം

315 (334) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ എത്ര പി.എച്ച്.സി.-കളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ കൊല്ലങ്കോട് കുടുംബാരോഗ്യകേന്ദ്രത്തിൽ ഒരുക്കിയ സൗകര്യങ്ങൾ എന്തെല്ലാമാണ്;

(സി) നെന്മാറ നിയോജകമണ്ഡലത്തിലെ മറ്റ് കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം എന്നുമുതൽ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് പി.എച്ച്.സി.-യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ എലവഞ്ചേര, വടവന്നൂർ, മുതലമട, അയിരൂർ, പല്ലശ്ശന എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) നിലവിൽ കൊല്ലങ്കോട് പി.എച്ച്.സി.-യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട ഒ.പി. രജിസ്ട്രേഷൻ സൗകര്യങ്ങൾ, ആശ്വാസ് ക്ലിനിക്ക്, ഫ്രീ ചെക്കിംഗ് ക്ലിനിക്ക്, ലബോറട്ടറി സൗകര്യം, വൈകിട്ട് 6 മണി വരെ ഒ.പി. സേവനങ്ങൾ, രോഗികൾക്കുള്ള വെയിറ്റിംഗ് ഏരിയ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

(സി) DPR തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.എം. മുഖേന നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങാൻ സാധിക്കുന്നതാണ്.

**ആർദ്രം പദ്ധതിയിലുൾപ്പെടുത്തി അധിക തസ്തികകൾ**

316 (335) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ജില്ലയിൽ എത്ര അധികതസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) അധികമായി സൃഷ്ടിച്ച തസ്തികകൾ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ 137 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) അധികമായി സൃഷ്ടിച്ച തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

**മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ആധുനീകരണം**

317 (336) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൻെറ ആധുനീകരണത്തിനായി തയ്യാറാക്കിയ 5 കോടി രൂപയുടെ പ്രൊപ്പോസൽ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ആധുനീകരണത്തിനായി തയ്യാറാക്കിയ 5 കോടി രൂപയുടെ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**നെയ്യാറ്റിൻകര കുടുംബാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം**

318 (337) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അനുവദിച്ച കുടുബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കുളത്തൂർ, ചെങ്കൽ, കാരോട്, പൊഴിയൂർ എന്നിവിടങ്ങളിലെ പി.എച്ച്.സി.-കൾ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; നിർമ്മാണപ്രവൃത്തി നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത്;

(സി) കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്നും പരണിയം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി. ആർദ്രം പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

1. ഡോക്ടർ - 1
2. സ്റ്റാഫ് നഴ്സ് - 2
3. ലാബ് ടെക്നീഷ്യൻ - 1

ആർദ്രം പദ്ധതിയുടെ ഭാഗമായി 2018-19-ൽ ചെങ്കൽ, കുളത്തൂർ, കാരോട്, പൊഴിയൂർ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടു. പൊഴിയൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 14,46,101 (പതിനാല് ലക്ഷത്തി നാൽപ്പത്തി ആറായിരത്തി ഒരുന്നൂറ്റി ഒന്ന്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റിടങ്ങളിൽ 15,50,000 (പതിനഞ്ച് ലക്ഷത്തി അൻപതിനായിരം) രൂപയുടെ വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റ് നടപടിക്രമങ്ങൾ എൻ.എച്ച്.എം. മുഖേന പൂർത്തിയാക്കിവരുന്നു.

(ബി) അനുമതി നൽകിയിട്ടുണ്ട്. എൻ.എച്ച്.എം. മുഖേനയാണ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് ജീവനക്കാരുടെ ലഭ്യതയ്ക്ക് അനുസരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണ്ണയം

319 (338) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2018-19 വർഷത്തെ എം.ബി.ബി.എസ്. ഫീസ് നിശ്ചയിച്ചുകൊണ്ട് ഫീസ് നിർണ്ണയ സമിതി എടുത്ത തീരുമാനം കേരള ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിധിയിൽ ഫീസ് പുനർനിർണ്ണയം രണ്ട് മാസത്തിനകം പൂർത്തിയാക്കണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നോ; ഫീസ് പുനർനിർണ്ണയം ഇപ്രകാരം പൂർത്തിയാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ കോളേജിലെയും ഫീസ് പുനർനിർണ്ണയിക്കുന്നതിന് ഏതൊക്കെ ഘടകങ്ങളാണ് പരിഗണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ; 2017-18 ലും 2018-19-ലും എന്ത് തുകയാണ് ഇതിനായി സ്വരൂപിച്ചതെന്നും അതിൽ എന്ത് തുക വിദ്യാർത്ഥികൾക്ക് നൽകിയെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഫീസ് നിർണ്ണയ സമിതിയുടെ മുഴുവൻ അംഗങ്ങളും ഉൾപ്പെട്ട യോഗത്തിലല്ല ഫീസ് നിശ്ചയിച്ചതെന്ന കാരണത്താൽ 2018-19 വർഷത്തെ എം.ബി.ബി.എസ്. ഫീസ് നിശ്ചയിച്ച സമിതിയുടെ തീരുമാനം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അസ്ഥിരപ്പെടുത്തുകയും ഇക്കാര്യത്തിൽ പുതുതായി ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ നിലവിലെ ഫീസ് താൽക്കാലിക ഫീസ് ആയി തുടരുമെന്നും കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നിർദ്ദേശിച്ചിരുന്നു. ഫീസ് പുനർനിർണ്ണയം പൂർത്തിയായിട്ടില്ല. നിലവിലുള്ള 10 അംഗ സമിതിയുടെ ഘടന പുനഃപരിശോധിക്കണമെന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 അംഗ ഫീസ് നിർണ്ണയ സമിതി രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി/ഹൈക്കോടതി ഉത്തരവുകളുടെയും 2017-ലെ 15-ാം നമ്പർ ആക്ടിലെ ഖണ്ഡം-11 പ്രകാരമുള്ള ഘടകങ്ങളും പരിഗണിച്ചാണ് ഫീസ് നിർണ്ണയിക്കുന്നത്.

(ഡി) ഉണ്ട്. 2017-18-ലെ 1-ാം വർഷ എൻ.ആർ.ഐ. പ്രവേശനത്തിൽ നിന്ന് 10,90,00,000 രൂപയും 2-ാം വർഷ എൻ.ആർ.ഐ. പ്രവേശനത്തിൽ നിന്ന് 3,80,00,000 രൂപയും 2018-19-ലെ 1-ാം വർഷ എൻ.ആർ.ഐ. പ്രവേശനത്തിൽ നിന്ന് 12,75,00,000 രൂപയും സ്വരൂപിച്ചിട്ടുണ്ട്. 2017-18-ൽ എം.ബി.ബി.എസ്. പ്രവേശനം നേടിയ വിദ്യാർത്ഥികളിൽനിന്നും അർഹരെന്ന് കണ്ടെത്തി അഡ്മിഷൻ ആൻഡ് ഫീ റെഗുലേറ്ററി കമ്മിറ്റി അംഗീകരിച്ചുനൽകിയ 65 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പായി നൽകേണ്ട 2,85,11,874 രൂപ ഉടൻതന്നെ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2018-19 അധ്യയന വർഷം ലഭിച്ച അപേക്ഷകൾ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി ജില്ലാ കളക്ടർമാർക്ക് അയച്ചുകൊടുക്കുന്നതിനുള്ള നടപടികളിലാണ്.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ബി.പി.എൽ. വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

320 (339) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള ഫണ്ട് എവിടെ നിന്നാണ് കണ്ടെത്തുന്നത്;

(ബി) 2018-19 വർഷത്തിൽ എത്ര തുകയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളതെന്നും സ്കോളർഷിപ്പ്തുക എത്രയാണെന്നും പ്രസ്തുത വർഷം എത്ര പേർ അർഹരായിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) കൂലിവേല ചെയ്യുന്നവരുടെ വിദ്യാർത്ഥികൾക്ക് മാനദണ്ഡമനുസരിച്ച് 20 മാർക്ക് ലഭിക്കുമ്പോൾ വഴിയോരക്കച്ചവടക്കാർ, തട്ടുകടക്കാർ, ഉന്തുവണ്ടി കച്ചവടക്കാർ എന്നിവരുടെ വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുമോ;

(ഡി) വിദേശത്ത് കൂലിപ്പണി വിസയിൽ ജോലി ചെയ്യുന്നവരുടെ വിദ്യാർത്ഥികൾക്ക് 20 മാർക്ക് ലഭിക്കുന്നതിന് അർഹതയുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എം.ബി.ബി.എസ്. കോഴ്സിൽ എൻ.ആർ.ഐ. വിഭാഗത്തിലെ അഡ്മിഷന് ബാധകമായ ഫീസിൽനിന്നും പ്രവേശനവും ഫീസ് നിർണ്ണയവും സമിതി നീക്കിവയ്ക്കുന്ന തുകയാണ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള ഫണ്ടിന്റെ പ്രധാന ധനസ്രോതസ്സ്.

(ബി) 2018-19-ലെ 1-ാം വർഷ എൻ.ആർ.ഐ. പ്രവേശനത്തിൽ നിന്ന് 12,75,00,000 രൂപ സ്കോളർഷിപ്പ് ഫണ്ടിലേയ്ക്ക് സ്വരൂപിച്ചിട്ടുണ്ട്. 2018-19 അധ്യയന വർഷം സ്കോളർഷിപ്പിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി ജില്ലാ കളക്ടർമാർക്ക് അയച്ചുകൊടുക്കുന്നതിനുള്ള നടപടികളിലാണ്.

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പട്ടിക തയ്യാറാക്കുന്നതിനായി അംഗീകരിച്ചിട്ടുള്ള സൂചകങ്ങൾ പ്രകാരം കൂലിവേല ചെയ്യുന്നവർ, തട്ടുകട/പെട്ടിക്കട നടത്തുന്നവർ, വഴിയോര വാണിഭക്കാർ, ഭക്ഷ്യേതര വസ്തുക്കൾ കൊണ്ടുനടന്ന് വിൽക്കുന്നവർ എന്നിവരുടെ കുട്ടികൾ 20 മാർക്ക് വെയിറ്റേജ് ലഭിക്കുന്നതിന് അർഹരാണ്.

(ഡി) കുടുംബത്തിലാർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25,000 രൂപയിൽ അധികം പ്രതിമാസ വരുമാനം ലഭിക്കുന്നുവെങ്കിൽ അത്തരക്കാർ BPL വിഭാഗ കുട്ടികളുടെ പട്ടികയിൽനിന്നും ഒഴിവാക്കപ്പെടുന്നതാണ്.

**മഞ്ചേരിയിൽ സർക്കാർ നഴ്സിംഗ് കോളേജ്**

321 (340) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ സർക്കാർ നഴ്സിംഗ് കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ അതിനുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പ്രസ്തുത കോളേജിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. സ്ഥലം, കെട്ടിടം, പുതിയ തസ്തികകൾ എന്നീ സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് കോളേജ് തുടങ്ങാമെന്നും പ്രതീക്ഷിക്കുന്നു.

(ബി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ജോയിന്റ് ഡയറക്ടർ (നഴ്സിംഗ്), ഫിനാൻസ് ഓഫീസർ എന്നിവർ 9-11-2018-ന് മഞ്ചേരി മെഡിക്കൽ കോളേജ് സന്ദർശിച്ച് പരിശോധന റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സ്ഥല-കെട്ടിട പരിമിതികൾമൂലം മെഡിക്കൽ കോളേജ് ക്യാമ്പസിനുള്ളിൽ താൽക്കാലിക സൗകര്യങ്ങൾ ഒരുക്കുവാൻ നിർവ്വാഹമില്ല. കാമ്പസിനടുത്തായി താൽക്കാലിക മന്ദിരവും (കോളേജ് + ഹോസ്റ്റൽ), ഭൗതിക സൗകര്യങ്ങളും തയ്യാറാക്കുന്നതിലേയ്ക്കായി ഒരു കോടി രൂപയും ഒന്നാം വർഷം ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികളെ അഡ്മിറ്റ് ചെയ്ത് പഠിപ്പിക്കുവാൻ വേണ്ട അദ്ധ്യാപക-അനദ്ധ്യാപക സ്റ്റാഫ് അംഗങ്ങളുടെ തസ്തിക സൃഷ്ടിക്കലും നടത്തുകയാണെങ്കിൽ 2019-20 അദ്ധ്യയന വർഷം കോളേജ് തുടങ്ങുവാൻ സാധിക്കുമെന്ന് പ്രസ്തുത ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിരുന്നു. കോളേജ് ആരംഭിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് KNMC, INC എന്നിവയുടെ അംഗീകാരവും KUHS-ന്റെ അഫിലിയേഷനും നേടേണ്ടതുണ്ട്.

(സി) പ്രസ്തുത കോളേജ് നിലവിൽ വരുന്ന മുറയ്ക്ക് തുടക്കത്തിൽ ബി.എസ്.സി. നഴ്സിംഗ് (4 വർഷം) പ്രോഗ്രാം ആരംഭിക്കുവാൻ സാധിക്കും.

## ആയുർവേദ ഉൽപ്പന്നങ്ങൾ

322 (341) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ ഔഷധ ഉല്പന്നങ്ങൾക്കുമാത്രമായി ഡ്രഗ്സ് കൺട്രോളറെ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത തസ്തികയിൽ നിയമനം നടത്താത്തത് മൂലം ആയുർവേദ ഔഷധ ഉല്പന്നങ്ങളുടെ നിർമ്മാണത്തിലും കയറ്റുമതിയിലും കാലതാമസവും തടസ്സവും ഉണ്ടാകുന്നുണ്ടോ ; വ്യക്തമാക്കുമോ;

(ബി) പേറ്റന്റുള്ള ആയുർവേദ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും മുൻപായി ക്ലിനിക്കൽ സ്റ്റഡിക്ക് പകരം പൈലറ്റ്സ്റ്റഡി നടത്തിയാൽ മതിയെന്ന കേന്ദ്ര സർക്കാർ ഉത്തരവ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൈലറ്റ്സ്റ്റഡി നടത്താൻ സംസ്ഥാനത്ത് വിദഗ്ദ്ധസമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ആയുർവേദ, സിദ്ധ, യുനാനി ഔഷധങ്ങൾക്കായി ഒരു ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറെ നിയമിച്ചിട്ടുണ്ട്. എന്നാൽ പ്രത്യേകമായി ഡ്രഗ്സ് കൺട്രോളർ തസ്തിക അനുവദിച്ചിട്ടില്ല. ആയുർവേദ ഔഷധങ്ങളുടെ നിർമ്മാണത്തിലും കയറ്റുമതിയിലും നിലവിൽ കാലതാമസവും തടസ്സവും ഉണ്ടാകുന്നില്ല.

(ബി&സി) നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് പേറ്റന്റ് പ്രൊപ്രൈറ്ററി മരുന്നുകൾക്ക്, ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസിലെ നിബന്ധനകൾക്ക് വിധേയമായി പൈലറ്റ് സ്റ്റഡി നടത്തി ലൈസൻസ് നൽകുന്നതിന് 16-1-2019-ലെ സ.ഉ.(കൈ)നമ്പർ 6/2019/ആ.കു.വ. പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം പൈലറ്റ് സ്റ്റഡി നടത്തി ലൈസൻസ് നൽകുന്നതിന് തീരുമാനിക്കുന്ന പേറ്റന്റ് & പ്രൊപ്രൈറ്ററി ഔഷധങ്ങളുടെ ഗുണമേന്മ സർക്കാർ നിയമിച്ച വിദഗ്ദ്ധ സമിതി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

## സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കമ്പനി, ബോർഡ്, കോർപ്പറേഷൻ എന്നിവയിലെ ലാസ്റ്റ് ഗ്രേഡ് തസ്തിക

323 (342) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള കമ്പനി, ബോർഡ്, കോർപ്പറേഷൻ എന്നിവയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നാളിതുവരെയുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്നും അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ അവശേഷിക്കുന്നുണ്ടെന്നും സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 31-12-2019 വരെ ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണെന്നും പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ എത്രപേർ കരാർ/ദിവസ വേതന വ്യവസ്ഥയിൽ ജോലിനോക്കുന്നുവെന്ന് സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ലാസ്റ്റ്ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിന് തയ്യാറാകാത്ത സ്ഥാപനമേധാവികളുടെ മേൽ കർശന നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി)

| സ്ഥാപനം | നിലവിലുള്ള ഒഴിവുകളുടെ എണ്ണം | 31-12-2019 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ |
|---|---|---|
| വികലാംഗക്ഷേമ കോർപ്പറേഷൻ | 3 | നിലവിലുള്ള 3 ഒഴിവുകൾ ഉൾപ്പെടെ 5 |
| ഓർഫനേജ് കൺട്രോൾ ബോർഡ് | ഒഴിവില്ല | --- |

ടി സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. വഴിയല്ല നടത്തുന്നത്.

(സി) വികലാംഗ ക്ഷേമ കോർപ്പറേഷൻ - 15

ഓർഫനേജ് കൺട്രോൾ ബോർഡ് - 1

(ഡി) കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ പി.എസ്.സി. വഴിയല്ല നിയമനം നടത്തുന്നത്. സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടി കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം ദിവസ വേതന അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്.

## ഇന്റർനെറ്റ് ദുരുപയോഗം

324 (343) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റ് സൗകര്യം ദുരുപയോഗം ചെയ്ത് സോഷ്യൽ മീഡിയയിലൂടെ കുട്ടികളെ ലൈംഗികമായി ഉൾപ്പെടെ വിവിധ തരത്തിൽ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ജാഗ്രത പാലിക്കാൻ രക്ഷിതാക്കളിലും കുട്ടികളിലും ബോധവൽക്കരണം നടത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്വന്തമായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ആഭ്യന്തരം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ചേർന്ന് രക്ഷിതാക്കളിലും കുട്ടികളിലും ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സോഷ്യൽ മീഡിയയിലൂടെ കുട്ടികളെ ലൈംഗികമായി ഉപയോഗപ്പെടുത്തുന്നതിനെതിരെ ബോധവൽക്കരണം നടത്തുന്നതിന് വനിത ശിശു വികസന വകുപ്പിൽ പ്രത്യേക പദ്ധതി ഇല്ല. എന്നാൽ ജില്ലാ തലത്തിൽ, സ്കൂൾ, കോളേജ് തലങ്ങളിലും പൊതുജനങ്ങളിലും സൈബർ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. സൈക്കോ സോഷ്യൽ പദ്ധതി പ്രകാരം കൗമാരക്കാരായ പെൺകുട്ടികൾക്ക് മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുന്നതിനുമായി സ്കൂൾ കൗൺസിലിംഗ് നടപ്പിലാക്കുന്നുണ്ട്.

(ബി) 2019 ജൂൺ 1 മുതൽ നടപ്പിലാക്കുന്ന 'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി' പദ്ധതിയുടെ ഭാഗമായി ആഭ്യന്തരം, പൊതുവിദ്യാഭ്യാസം മുതലായ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ നടത്തുന്നതാണ്. നിലവിൽ ഒ.ആർ.സി. സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ജില്ലാ തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

## കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ

325 (344) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കു നേരെയുള്ള അക്രമങ്ങളും ലൈംഗിക അതിക്രമങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യം സാമൂഹ്യനീതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം ഇത്തരത്തിൽ 2008-ൽ 549 കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പോൾ 2018-ൽ അത് 4008 ആയി ഉയർന്ന സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാമൂഹ്യനീതി വകുപ്പ് തന്നെ നടത്തിയ സർവ്വേയിൽ സംസ്ഥാനത്ത് 12 ലക്ഷത്തോളം കുടുംബങ്ങളിലെ കുട്ടികൾ സുരക്ഷിതരല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് നിയമിച്ച റഫീഖ് കമ്മിറ്റി റിപ്പോർട്ടിന്റെയും സർവ്വേയിലെ കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ കുഞ്ഞുങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. കുട്ടികൾക്ക് നേരെയുള്ള അക്രമങ്ങൾ, ലൈംഗിക അതിക്രമങ്ങൾ മുതലായവ തടയുന്നതിനായി ബാലാവകാശ സംരക്ഷണത്തെക്കുറിച്ചും ജുവനൈൽ ജസ്റ്റിസ് ആക്ട്, പോക്സോ ആക്ട്, എം.റ്റി.പി. ആക്ട് എന്നിവയെക്കുറിച്ചും സ്കൂൾ കുട്ടികൾക്കും ടീച്ചേഴ്സിനും അവബോധം സൃഷ്ടിക്കുന്നതിനായി 'ഭദ്രം' എന്ന പേരിൽ ബോധവൽക്കരണ പരിപാടി 2019-20 അദ്ധ്യയന വർഷത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 304 സ്കൂളുകളിൽ ഒ.ആർ.സി. പദ്ധതി നടപ്പിലാക്കുന്നതിനാൽ ഇത്തരം കുട്ടികളെ സ്കൂൾ തലത്തിൽത്തന്നെ കണ്ടെത്താൻ സാധിക്കും. ആയിരത്തിൽപ്പരം സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർ മുഖേന ശിശു സംരക്ഷണത്തെക്കുറിച്ച് അവബോധം നൽകിയിട്ടുള്ളതും കുട്ടികൾക്ക് നേരയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ലൈംഗിക അതിക്രമ കേസുകൾ തീർപ്പാക്കുന്നതിനായി 14 പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുകയും 3 കോടതികളെ പോക്സോ കേസുകൾ നടത്തുന്നതിനായി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ എറണാകുളത്ത് ചൈൽഡ് ഫ്രണ്ട്‌ലി പോക്സോ കോർട്ട് നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) അംഗൻവാടികൾ വഴി നടത്തുന്ന വാർഷിക സർവ്വേയുമായി ബന്ധപ്പെട്ട് ഷെഫീക്ക് കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായി വൾണറബിലിറ്റി മാപ്പിംഗ് 2017-18 വർഷത്തിൽ നടത്തിയിരുന്നു. ഇതുപ്രകാരം വനിതാ ശിശു വികസന വകുപ്പ് കുടുംബാധിഷ്ഠിത സർവ്വേയാണ് നടത്തിയിട്ടുള്ളത്. പ്രസ്തുത സർവ്വേയിൽ വിഷമ സാഹചര്യത്തിൽ കഴിയുന്ന 12 ലക്ഷത്തോളം കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിരുന്നു.

വിഷമ സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടികളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി കാവൽ, ശരണബാല്യം, സനാഥബാല്യം, വിജ്ഞാനദീപ്തി, നിയമാനുസൃത ദത്തെടുക്കൽ, ഭദ്രം, ഒ.ആർ.സി. എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

ഷെഫീക്ക് കമ്മിറ്റി റിപ്പോർട്ടിന്റെയും 2017-18-ലെ സർവ്വേയുടെയും അടിസ്ഥാനത്തിൽ 2019 ജൂൺ 1 മുതൽ 'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി' എന്ന പേരിൽ സംസ്ഥാന വ്യാപകമായി ഒരു ബൃഹത്തായ സാമൂഹ്യ ബോധവൽകരണ ക്യാമ്പെയിൻ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം അംഗൻവാടികൾ വഴി വൾണറബിലിറ്റി മാപ്പിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികൾ, ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (ഡി.സി.പി.സി.), വില്ലേജ് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (വി.സി.പി.സി.) എന്നിവ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും എല്ലാ ജില്ലകളിലും 'റസ്പോൺസിബിൾ പേരന്റിംഗ്' എന്ന വിഷയത്തിൽ ബോധവൽക്കരണം നടത്തുവാനും പേരന്റിംഗ് ഗൈഡൻസ് സെന്ററുകൾ സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

## 'എന്റെ കൂട് ' പദ്ധതിയുടെ വിശദാംശങ്ങൾ

326(345) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഗരങ്ങളിൽ, സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത താവളങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'എന്റെ കൂട് ' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## ഉത്തരം

രാത്രികാലങ്ങളിൽ നഗരങ്ങളിൽ എത്തിച്ചേരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായി താമസിക്കാൻ ഒരിടം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ ഒരു രാത്രികാല അഭയകേന്ദ്രം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കോഴിക്കോട്ടും തിരുവനന്തപുരത്തും 'എന്റെ കൂട് ' പദ്ധതി നടപ്പാക്കിയത്. തിരുവനന്തപുരത്ത് തമ്പാനൂർ KTDFC ബസ് ടെർമിനലിൽ എട്ടാം നിലയിലാണ് ഈ രാത്രികാല അഭയകേന്ദ്രം പ്രവർത്തിക്കുന്നത്. നഗരത്തിൽ എത്തിച്ചേരുന്ന വനിതകൾക്ക് കൂടെയുള്ള 12 വയസ്സുവരെയുള്ള കുട്ടികൾക്കും വൈകുന്നേരം 5 മണി മുതൽ രാവിലെ 6 മണി വരെ സുരക്ഷിതമായ വിശ്രമം തികച്ചും സൗജന്യമായി നൽകുന്നു. 50 പേർക്ക് ഒരേ സമയം ഇവിടെ താമസിക്കാൻ സാധിക്കും. സമ്പൂർണ്ണമായും ശീതീകരിച്ച മുറികളാണ് താമസത്തിന് നൽകുക. സൗജന്യ ഭക്ഷണവും ടി.വി.യും മുഴുവൻ സമയ സെക്യൂരിറ്റിയും ഉൾപ്പെടെ താമസം പൂർണ്ണമായും സൗജന്യമാണ്. ഇതോടൊപ്പം അടുക്കളയും ശുചിമുറികളും സജ്ജീകരിച്ചിട്ടുണ്ട്. ജില്ലാ ഭരണകൂടം, പോലീസ് വകുപ്പ്, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടുകൂടി വനിത ശിശുവികസന വകുപ്പിന്റെ മേൽനോട്ടത്തിലാണ് 'എന്റെ കൂട് ' പദ്ധതി നടപ്പിലാക്കുന്നത്. എറണാകുളം ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## 'ആശ്വാസകിരണം' പദ്ധതി ആനുകൂല്യങ്ങൾ

327 (346) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതി നിലവിലുണ്ടോ; പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) 2014 മുതലുള്ള പദ്ധതി ഗുണഭോക്താക്കളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) അർഹതപ്പെട്ടവർക്ക് ആനുകൂല്യം നൽകുന്നതിനായി നടപ്പു വർഷം എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പ്രസ്തുത ഇനത്തിൽ ബജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ഡി) ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക ഉണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഇ) എന്നുവരെയുള്ള ആനുകൂല്യങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

<u>മാനദണ്ഡങ്ങൾ</u>:-

- കുടുംബ വാർഷിക വരുമാനം മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 22,375 രൂപയും പഞ്ചായത്തുകളിൽ 20,000 രൂപയും വരെ.
- മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽപാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാനപരിധി ബാധകമല്ല.
- വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി.പി.എൽ. റേഷൻകാർഡ്/വില്ലേജോഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം.
- അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
- വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും 'ആശ്വാസകിരണം' ആനുകൂല്യം ലഭ്യമാകുന്നതാണ്.

(ബി)

| ക്രമ നമ്പർ | വർഷം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | 2014-15 | 63544 |
| 2 | 2015-16 | 72359 |
| 3 | 2016-17 | 90251 |
| 4 | 2017-18 | 102952 |
| 5 | 2018-19 | 120301 |
| 6 | 2019 ഏപ്രിൽ മാസം വരെ | 113717 |

(സി) നടപ്പുസാമ്പത്തിക വർഷം 15768.27 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത ഇനത്തിൽ ബഡ്ജറ്റിൽ 4160 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഡി) ഉണ്ട്. 2018 ആഗസ്റ്റ് മുതലുള്ള ധനസഹായം നൽകാൻ കുടിശ്ശികയുണ്ട്.

(ഇ) 2018 ജൂലൈ മാസം വരെയുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

## 'ആശ്വാസകിരണം' പദ്ധതി

328 (347) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാമിഷന്റെ ആശ്വാസകിരണം പദ്ധതി മുടങ്ങാനുണ്ടായ കാരണം വ്യക്തമാക്കാമോ:

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹായവിതരണം മുടങ്ങുന്നതിന് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ:

(സി) മാനസികവെല്ലുവിളി നേരിടുന്ന കുട്ടികളെ പരിചരിക്കുന്ന മാതാപിതാക്കൾക്ക് നൽകിവരുന്ന സഹായപദ്ധതിയിൽ ഇപ്പോൾ ആരെയൊക്കെയാണ് അംഗങ്ങളായി ചേർത്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ: പ്രസ്തുത പദ്ധതി അട്ടിമറിക്കുന്നതിനുള്ള ശ്രമം ഇതിനുപിന്നിലുണ്ടോ എന്നറിയിക്കാമോ:

(ഡി) അനർഹരെ ഈ പദ്ധതിയിലേക്ക് കടത്തി യഥാർത്ഥ ഗുണഭോക്താക്കളുടെ ധനസഹായം നിഷേധിക്കുന്നതായി പറയപ്പെടുന്ന നടപടി അവസാനിപ്പിക്കുമോ?

### ഉത്തരം

(എ & ബി) 'ആശ്വാസകിരണം' പദ്ധതി മുടങ്ങിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകിവരുന്നുണ്ട്.

(സി) 'ആശ്വാസകിരണം' ധനസഹായ പദ്ധതിയിൽ ക്യാൻസർ, പക്ഷാഘാതം തുടങ്ങി മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ളവിധം കിടപ്പിലായ വിവിധതരം രോഗികൾ, പ്രായാധിക്യംമൂലം കിടപ്പിലായവർ, 100% അന്ധത ബാധിച്ചവർ, തീവ്രമാനസികരോഗമുള്ളവർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽപാൾസി തുടങ്ങിയവ ബാധിച്ചവരെ പരിചരിക്കുന്നവർക്കാണ് ധനസഹായം അനുവദിക്കുന്നത്.

(ഡി) അനർഹർ സഹായം കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഗുഡ് പേരന്റിംഗ് സെന്ററുകൾ

329 (348) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പൊതു സമൂഹത്തിന്റെ ബോധവൽക്കരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഗുഡ് പേരന്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) 'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി' എന്ന ക്യാമ്പയിൻ 2019 ജൂൺ 1 മുതൽ 2019 നവംബർ 14 വരെ വനിത-ശിശുവികസന വകുപ്പ്, മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, പൊതുസമൂഹം എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 'റെസ്പോൺസിബിൾ പേരന്റിംഗ്, കുട്ടികളുടെ അവകാശം' എന്നിവ സംബന്ധിച്ച് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി' എന്ന ക്യാമ്പയിനിന്റെ ഭാഗമായി 'ഗുഡ് പേരന്റിംഗ്' സെന്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

## വായ്പകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

330 (349) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന വനിത, വികസന കോർപ്പറേഷൻ വായ്പകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ സ്ഥാപനം ഏതൊക്കെ സംരംഭങ്ങൾക്കാണ് വായ്പകൾ അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വായ്പകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ആട് വളർത്തൽ, കോഴി വളർത്തൽ, പശു വളർത്തൽ, ടെക്സ്റ്റൈൽസ്, തയ്യൽ യൂണിറ്റ്, ബ്യൂട്ടി പാർലർ, സാനിട്ടറി നാപ്കിൻ നിർമ്മാണം, ലബോറട്ടറി, മീൻ വളർത്തൽ, ഫലവർഗ്ഗ കൃഷി, പച്ചക്കറി, ബേക്കറി സ്ഥാപനം തുടങ്ങിയ സംരംഭങ്ങൾക്കാണ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ പ്രധാനമായും വായ്പകൾ അനുവദിച്ചിട്ടുള്ളത്.

**മാവേലിക്കര മണ്ഡലത്തിലെ മാതൃകാ അംങ്കണവാടി**

331 (350) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംങ്കണവാടി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) തടസ്സങ്ങൾ ഒഴിവാക്കി പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) 2012-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഉപയോഗിച്ച് 2018-ൽ കെട്ടിടം നിർമ്മിക്കാൻ പറ്റാത്തതിനാൽ പുതുക്കിയ estimate, price software-ൽ ലഭ്യമാക്കുവാനും കൂടാതെ 16-1-2012-ലെ സ.ഉ.(പി)നമ്പർ 23/2012/SJD നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടറുടെ പേരിൽ ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ച് തുകയിൽ ഇനിയും എത്ര രൂപ ബാലൻസ് ഉണ്ടെന്ന് അറിയിക്കുവാനും വനിതാ ശിശു വികസന ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി & ഡി) നിലവിൽ 10 സെന്റ് സ്ഥലമുള്ള അംഗൻവാടികൾക്ക് പുതുക്കിയ പ്ലാൻ പ്രകാരം 4494518 രൂപ യൂണിറ്റ് കോസ്റ്റിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആയതിനാൽ 31-3-2019-ന് മുമ്പ് നിർമ്മാണം തുടങ്ങാനാവാത്ത അംഗൻവാടികളുടെ കെട്ടിട നിർമ്മാണം സ്മാർട്ട് അംഗൻവാടി പ്ലാൻ പ്രകാരം നടത്തുന്നതാണ്.

## 'ആശ്വാസകിരണം' പദ്ധതി പ്രകാരമുള്ള ധനസഹായം

332 (351) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശയ്യാവലംബരായ രോഗികളെയും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരെയും പരിചരിക്കുന്നവർക്ക് ആശ്വാസം നൽകുന്ന പദ്ധതിയായ ആശ്വാസകിരണം പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പരിചരിക്കുന്നവർക്ക് പ്രസ്തുത പദ്ധതി പ്രകാരം പ്രതിമാസം നൽകുന്ന തുകയെത്രയെന്നും നിലവിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും അറിയിക്കുമോ;

(സി) ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾമൂലം ബുദ്ധിമുട്ടുന്നവരെ പരിചരിക്കുന്നവർ ഉൾപ്പെടെയുള്ളവർക്ക് നൽകുന്ന ധനസഹായം കുടിശ്ശിക സഹിതം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) 600 രൂപ. 2018 ആഗസ്റ്റ് മാസം മുതലുള്ള ധനസഹായം കുടിശ്ശികയുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പദ്ധതി

333 (352) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുവാൻ വനിതാ ശിശു വികസന വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് രക്ഷകർത്താക്കൾക്കായി ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ക്യാമ്പയിനുകൾ എന്നുമുതൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. 'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി' എന്ന ക്യാമ്പയിൻ 2019 ജൂൺ 1 മുതൽ നവംബർ 14 വരെ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 'റെസ്പോൺസിബിൾ പേരന്റിംഗ്, കുട്ടികളുടെ അവകാശം' എന്നിവ സംബന്ധിച്ച് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടി സ്കൂൾ ടീച്ചർമാരെയും സ്കൂൾ പി.ടി.എ. പ്രതിനിധികളെയും ഉൾപ്പെടുത്തിയാണ് നടത്തുന്നത്. ഒ.ആർ.സി. പദ്ധതിയുടെ ഭാഗമായും ഉത്തരവാദിത്വരക്ഷകർതൃത്വം സംബന്ധിച്ച് സ്കൂളുകളിൽ രക്ഷകർത്താക്കൾക്ക് ബോധവൽക്കരണം നടത്തുന്നുണ്ട്.

(സി) 'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി' എന്ന ക്യാമ്പയിൻ 2019 ജൂൺ 1 മുതൽ ആരംഭിക്കുന്നതാണ്.

## സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ലാസ്റ്റ് ഗ്രേഡ് നിയമനം

334 (353) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ഏതെല്ലാം കമ്പനി/ബോർഡ്/ കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനങ്ങളാണ് പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തസ്തികയിലെ നിയമനം പി.എസ്.സി.വഴി നടത്തുന്നതിന് നടപടി സ്വീകരിക്കാത്ത ഏതെല്ലാം സ്ഥാപനങ്ങളുണ്ടെന്നും നാളിതുവരെയായിട്ടും നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കാത്തതിന് കാരണമെന്താണെന്നും അറിയിക്കുമോ;

(സി) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള എല്ലാ കമ്പനി/ബോർഡ്/ കോർപ്പറേഷനുകളിലെയും നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ പി.എസ്.സി. വഴിയല്ല നിയമനം നടത്തുന്നത്. സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടി കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം ദിവസ വേതന അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്.

**പ്രളയത്തിൽ ഭക്ഷ്യധാന്യം നശിച്ചതിന്റെ നഷ്ടപരിഹാരം**

335 (354) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഉണ്ടായ പ്രളയത്തിൽ എത്ര കോടി രൂപയുടെ ഭക്ഷ്യധാന്യമാണ് കേടായതെന്ന് വിശദമാക്കാമോ;

(ബി) ഇത് ഇൻഷ്വർ ചെയ്തിരുന്നോ; എങ്കിൽ എത്ര തുകയ്ക്കാണ് ഇൻഷ്വർ ചെയ്തതെന്നും ഏത് ഇൻഷ്വറൻസ് കമ്പനിയിലാണ് ഇൻഷ്വർ ചെയ്തിരുന്നതെന്നും വ്യക്തമാക്കുമോ;

(സി) ധാന്യങ്ങൾ നശിച്ചതിന്റെ ക്ലെയിം ആവശ്യപ്പെട്ട് ഇൻഷ്വറൻസ് കമ്പനിക്ക് എന്നാണ് ക്ലെയിം പെറ്റീഷൻ നൽകിയതെന്നും എത്ര കോടി രൂപയുടെ നഷ്ടപരിഹാരമാണ് ആവശ്യപ്പെട്ടതെന്നും വിശദമാക്കുമോ;

(ഡി) ഇൻഷ്വറൻസ് കമ്പനി ഇതിനകം എന്ത് തുക നഷ്ടപരിഹാരമായി നൽകിയെന്ന് വ്യക്തമാക്കാമോ;

(ഇ) ഇക്കാര്യത്തിൽ സപ്ലൈകോയ്ക്ക് ഉണ്ടായ നഷ്ടം എത്രയാണെന്നും ഈ നഷ്ടത്തിന് ഉത്തരവാദികൾ ആരാണെന്നും കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സപ്ലൈകോ ഡിപ്പോകളിലും വിൽപ്പനശാലകളിലും എൻ.എഫ്.എസ്.എ. ഗോഡൗണുകളിലുമായി ഏകദേശം 5.84 കോടി രൂപയുടെ ഭക്ഷ്യധാന്യവും സപ്ലൈകോയുമായി കരാറുള്ള മില്ലുകളിൽ 131.27 കോടി രൂപയുടെ ഭക്ഷ്യധാന്യവും കേടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) സപ്ലൈകോ ഡിപ്പോകൾ, വിൽപ്പനശാലകൾ, എൻ.എഫ്.എസ്.എ. ഡിപ്പോ ഗോഡൗണുകൾ എന്നിവിടങ്ങളിലെ ഭക്ഷ്യധാന്യം ഇൻഷ്വർ ചെയ്യുന്നില്ല. മില്ലുകളിലെ ഭക്ഷ്യധാന്യം യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിൽ Rs. 273,33,12,784 (ഇരുന്നൂറ്റി എഴുപത്തി മൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തി നാല്) രൂപയ്ക്കാണ് ഇൻഷ്വർ ചെയ്തത്.

(സി) 9-10-2018 ൽ Rs.131,27,63,702 (നൂറ്റി മുപ്പത്തൊന്നുകോടി ഇരുപത്തേഴുലക്ഷത്തി അറുപത്തി മൂവായിരത്തി എഴുന്നൂറ്റി രണ്ട്) രൂപയുടെ നഷ്ടപരിഹാരമാണ് ക്ലെയിം ചെയ്തത്.

(ഡി) 25 കോടി രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഇ) സപ്ലൈകോയുമായി കരാറുള്ള മില്ലുകളിൽ പ്രളയംമൂലം കേടായ ഭക്ഷ്യധാന്യങ്ങളുടെ നഷ്ടം, ഇ-ടെണ്ടർ നടപടികളിലൂടെ നടത്തിയ വിൽപ്പന പൂർത്തിയായതിനുശേഷവും ഇൻഷ്വറൻസ് കമ്പനി ക്ലെയിം സെറ്റിൽ ചെയ്തതിനുശേഷവും മാത്രമേ കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് ഉണ്ടായ നഷ്ടത്തിന് മറ്റാരെയും ഉത്തരവാദികളായി കണക്കാക്കാൻ കഴിയുകയില്ല.

**റേഷൻ വാങ്ങുന്നവരിലെ അനർഹർ**

336 (355) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റേഷൻ വാങ്ങുന്നവരിലെ അനർഹരെ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

മുൻഗണനാ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-2017-ലെ സ.ഉ. (സാധാ)നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.

കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സർവ്വീസ് ചട്ടങ്ങൾ

337 (356) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർവീസ് റൂൾസ് 1974 (മൂലരൂപം) പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണ്, പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെൽപ്പേഴ്സ് സർവീസ് റൂൾസ് 1978 (മൂലരൂപം) പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണ്, പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിയമനവും സ്ഥാനക്കയറ്റവും സംബന്ധിച്ച ചട്ടങ്ങൾ 1997 (മൂലരൂപം) പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണ്, പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർവ്വീസ് റൂൾസ്, 1974 (മൂലരൂപം) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കൺവേയൻസ് അലവൻസ് 5-1-1985-ലെ ഡി.9-4/84 നമ്പർ നടപടിക്രമം പ്രകാരവും ലീവ് സറണ്ടർ 29-4-1991-ലെ ഡി.9-4993/91 നമ്പർ നടപടിക്രമം പ്രകാരവും ഭേദഗതി വരുത്തിയിട്ടുണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഹെൽപ്പേഴ്സ് സർവ്വീസ് റൂൾസ് (മൂലരൂപം) അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം-IV).

(ഡി) ഭേദഗതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| **ഭേദഗതികൾ** | **ഉത്തരവ്** |
|---|---|
| Earned leave account of helpers | 28-7-1989-ലെ ഡി-9-9618/88(1)നമ്പർ നടപടിക്രമം (അനുബന്ധം-V)*. |
| Enhancement of casual leave to Helpers | 28-7-1989-ലെ ഡി-9-968/88(2)നമ്പർ നടപടിക്രമം (അനുബന്ധം-VI)*. |
| Declaration of probation | 13-8-1990-ലെ ഡി-6-11393/90 നമ്പർ നടപടിക്രമം (അനുബന്ധം-VII)* |
| Appointment of Helpers through Employment Exchange | 29-5-1992-ലെ ഡി-6-13352/91(2)നമ്പർ നടപടിക്രമം (അനുബന്ധം-VIII)* |
| Commutation of Half pay leave | 7-2-1985-ലെ ഡി-9-03/1984 നമ്പർ നടപടിക്രമം (അനുബന്ധം-IX) |
| Prevention of private trade or employment of regular employees | 22.03.1995-ലെ ഡി-10-4360/94 നമ്പർ നടപടിക്രമം (അനുബന്ധം-X)* |
| Surrender of earned leave after retirement/ resignation | 21-7-1995-ലെ ഡി-10-4632/1994(1) നമ്പർ നടപടിക്രമം (അനുബന്ധം-XI)*. |

(ഇ) നിയമനവും സ്ഥാനക്കയറ്റവും സംബന്ധിച്ച, 1997-ലെ ചട്ടങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) ഭേദഗതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ഭേദഗതികൾ | ഉത്തരവ് |
|---|---|
| Length of service for promotion from Junior Assistant to SA.II and SA.II to SA.I | 1. G.O(MS)No.30/2009/FCSD dtd, 21-8-2009. (അനുബന്ധം-XIII)* 2. G.O(Rt)No.490/2018/FCSD dtd, 25-9-2018. (അനുബന്ധം-XIV)*. |

**സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി**

338(357) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ അതിന്റെ ലാഭം 6 ശതമാനത്തിൽനിന്നും 15 ശതമാനമായി വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇതിന്റെ ഭാഗമായി ബ്രാൻഡഡ് അരി ഉൽപ്പന്നങ്ങളുടെ വില കൂട്ടിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിറ്റഴിക്കുക വഴി ഭീമമായ തുകയാണ് സപ്ലൈകോയ്ക്ക് ഓരോ വർഷവും ചെലവാകുന്നത്. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷന് കനത്ത സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു. കൂടാതെ നെല്ല് സംഭരണയിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകേണ്ട തുക ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസവും സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നുണ്ട്.

(ബി) ഇല്ല.

(സി) വില നേരിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ബ്രാൻഡഡ് അരിയുടെ വിൽപ്പനവില നിശ്ചയിച്ചിരുന്നത് അരി ഔട്ട്ലെറ്റിൽ വിതരണക്കാരൻ നേരിട്ട് എത്തിക്കുകയാണെങ്കിൽ വിലയുടെ നാല് ശതമാനവും ബന്ധപ്പെട്ട ഡിപ്പോയിലാണെങ്കിൽ ആറ് ശതമാനവും മാർജിൻ കണക്കാക്കിയാണ്. എന്നാൽ ഇത് കൈകാര്യച്ചെലവിനുപോലും പര്യാപ്തമല്ലെന്ന സി.എ.ജി. ഓഡിറ്റിന്റെ ശിപാർശ കണക്കിലെടുത്ത് 1-2-2019 മുതൽ എല്ലാവിധ ബ്രാൻഡഡ് അരികൾക്കും വിതരണക്കാരൻ ഔട്ട്ലെറ്റിൽ നേരിട്ട് എത്തിക്കുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാഹചര്യത്തിൽ വിലയുടെ ഒൻപത് ശതമാനവും ബന്ധപ്പെട്ട ഡിപ്പോയിലാണ് എത്തിക്കുന്നതെങ്കിൽ വിലയുടെ പതിനൊന്ന് ശതമാനവും മാർജിൻ എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി ബ്രാൻഡഡ് അരിയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് വിഭജനം

339 (358) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് വിഭജിച്ച് കൊല്ലത്ത് ഒരു സിറ്റി റേഷനിംഗ് ആഫീസും ചാത്തന്നൂർ ആസ്ഥാനമായി ഒരു താലൂക്ക് സപ്ലൈ ആഫീസും ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത താലൂക്ക് സപ്ലൈ ആഫീസ് വിഭജിക്കണമെന്ന തീരുമാനം പൊതുവിതരണ വകുപ്പിന് ഉണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശങ്ങളെന്തെല്ലാമെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിലുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

## റംസാൻ കാലയളവിലെ പൊതുവിപണി

340 (359) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റംസാൻ കാലയളവിൽ അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾമൂലം പൊതു വിപണിയിലുണ്ടാകുന്ന അമിതമായ വിലക്കയറ്റം സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) റംസാൻ നാളുകളിൽ റേഷൻ കടകളിലും മറ്റ് സപ്ലൈകോ സ്ഥാപനങ്ങളിലും കൂടുതൽ ഭക്ഷ്യ സാധനങ്ങളും മറ്റും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റംസാൻ കാലയളവിൽ അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 27-5-2019 മുതൽ 4-6-2019 വരെ തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പ്രത്യേക ജില്ലാ ഫെയറുകളും തെരഞ്ഞെടുക്കപ്പെട്ട 92 വിൽപ്പനശാലകളോട് ചേർത്ത് റംസാൻ ഫെയറുകളും സപ്ലൈകോ മുഖേന നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവയിലൂടെ പൊതുവിപണിയിലേതിനേക്കാൾ 60 ശതമാനം വരെ വിലക്കുറവിൽ സബ്സിഡി സാധനങ്ങളും 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ മറ്റ് ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നതാണ്.

(ബി) സബ്സിഡി/സബ്സിഡിയേതര സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ ഗണ്യമായ വിലക്കുറവിൽ വിൽപ്പന നടത്തിയും ഉത്സവവേളകളിൽ പ്രത്യേക മേളകൾ സംഘടിപ്പിച്ചും സപ്ലൈകോ മുഖേന വിപണിയിൽ ഇടപെട്ട് പ്രവർത്തിക്കുന്നു. വിലക്കുറവിന്റെ പ്രയോജനം കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി കൂടുതൽ വിൽപ്പനശാലകൾ തുറക്കുകയും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. നിത്യോപയോഗ ഭക്ഷ്യധാന്യങ്ങൾക്ക് പുറമെ, ഗൃഹോപകരണങ്ങൾ ശരാശരി 40% വരെ വിലക്കുറവിലും കുടിവെള്ളം ലിറ്ററിന് 11 രൂപ മാത്രം ഈടാക്കിയും സപ്ലൈകോ വിൽപ്പന നടത്തുന്നു.

(സി) റംസാൻ നാളുകളിൽ അവശ്യ നിത്യോപയോഗ സാധനങ്ങളും കൂടുതൽ ഭക്ഷ്യവസ്തുക്കളും റേഷൻകടകളിലും മറ്റ് സപ്ലൈകോ വിൽപ്പനശാലകളിലും മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനായി ഇ-ടെണ്ടർ, ഇ-ലേലം രീതികൾക്ക് പുറമെ നാഫെഡ് മുതലായ സർക്കാർ ഏജൻസികളിൽ നിന്ന് പർച്ചേസ് നടത്തി പൊതുജനങ്ങൾക്ക് വിതരണം നടത്തിവരുന്നു.

## പ്രളയത്തെത്തുടർന്ന് കേടായ ഭക്ഷ്യധാന്യങ്ങൾ

341 (360) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തെത്തുടർന്ന് എത്ര ടൺ ഭക്ഷ്യധാന്യമാണ് ഭക്ഷ്യയോഗ്യമല്ലാതായതായി കണക്കാക്കിയിട്ടുള്ളത്;

(ബി) ഇപ്രകാരം കേടായ ഭക്ഷ്യധാന്യങ്ങൾ മുഴുവൻ ഗോഡൗണുകളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ടൺ ഇപ്രകാരം നീക്കം ചെയ്തു;

(സി) ഭക്ഷ്യയോഗ്യമല്ലാതായതായി സർക്കാരിന് നൽകിയ റിപ്പോർട്ടിൽ കാണിച്ച അളവിനേക്കാൾ കുറഞ്ഞ അളവിലുള്ള ധാന്യമാണ് നീക്കം ചെയ്തത് എന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സപ്ലൈകോ ഡിപ്പോകളിലും വിൽപ്പനശാലകളിലുമായി ഏകദേശം 316 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളും സപ്ലൈകോ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ 1693.801 ടൺ ഭക്ഷ്യധാന്യങ്ങളും സപ്ലൈകോയുമായി കരാറുള്ള മില്ലുകളിൽ 21780.811 മെട്രിക് ടൺ നെല്ലും 26148.239 മെട്രിക് ടൺ അരിയും ഭക്ഷ്യ യോഗ്യമല്ലാതായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഇല്ല. കേടായ ഭക്ഷ്യ ധാന്യങ്ങളിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്ന് 1406.869 ടൺ ഭക്ഷ്യ ധാന്യങ്ങളും സപ്ലൈകോയുമായി കരാറുള്ള മില്ലുകളിൽ നിന്ന് 21335.484 മെട്രിക് ടൺ നെല്ലും 25257.779 മെട്രിക് ടൺ അരിയും നീക്കം ചെയ്തിട്ടുണ്ട്.

(സി) ആഗസ്റ്റ് 2018-ലെ പ്രളയത്തിൽ സപ്ലൈകോയുമായി കരാറിലുള്ള മില്ലുകളിലെ അരിയും, നെല്ലും ഭക്ഷ്യയോഗ്യമല്ലാതായി, പ്രാഥമിക കണക്കുപ്രകാരം 26131.61 ടൺ അരിയും 24216.19 മെട്രിക് ടൺ നെല്ലും ഉൾപ്പെടെ 50347.80 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ ഭക്ഷ്യയോഗ്യമല്ലാതായതായി സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെയും ഗുണനിലവാര പരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നല്ല അരി പൊതുവിതരണത്തിലേയ്ക്ക് വിതരണം ചെയ്തതിനുശേഷം ഇത് 47929.05 മെട്രിക് ടൺ ആയി കുറഞ്ഞിട്ടുണ്ട്. (നെല്ല് -21780.811 മെട്രിക് ടൺ, അരി -26148.239 മെട്രിക് ടൺ) ഇതിൽ 43 കിലോഗ്രാം, 81 കിലോഗ്രാം എന്നീ വളരെ ചെറിയ അളവ് കേടായ നെല്ല് മാത്രം സ്റ്റോക്കുണ്ടായിരുന്ന 2 മില്ലുകളിലെ പ്രസ്തുത നെല്ലിന്റെ തുക്കം കണക്കാക്കാതെ കുറവ് ചെയ്ത് 47928.926 മെട്രിക് ടൺ കേടായ ഭക്ഷ്യധാന്യത്തിനാണ് റിലീസ് ഓർഡർ നൽകിയത്. കൂടാതെ വിവിധ മില്ലുകളിലായി ആകെ 900 മെട്രിക് ടൺ കേടായ നെല്ലും 15 മെട്രിക് ടൺ കേടായ അരിയും അധികം സ്റ്റോക്കുണ്ടായതായി ബന്ധപ്പെട്ട പാഡി മാർക്കററിംഗ് ഓഫീസർ/പാഡി ക്വാളിറ്റി അഷ്വറൻസ് ഓഫീസർ റിപ്പോർട്ട് ചെയ്തതനുസരിച്ച് ടി അളവ് ഭക്ഷ്യധാന്യം വിട്ടെടുക്കുന്നതിനും റിലീസ് ഓർഡർ നൽകിയിട്ടുണ്ട്. ഇങ്ങനെ അധിക അളവിന് റിലീസ് ഓർഡർ നൽകിയത് ഉൾപ്പെടെ 48843.926 മെട്രിക് ടൺ ഭക്ഷ്യധാന്യം നീക്കം ചെയ്യാൻ റിലീസ് ഓർഡർ നൽകിയതിൽനിന്ന് വിവിധ മില്ലുകളിലായി ഭക്ഷ്യധാന്യത്തിന്റെ സ്റ്റോക്കിൽ ആകെ കുറവുകണ്ട 1859.383 മെട്രിക് ടൺ കിഴിച്ച് 46984.543 മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് ഇ-ടെണ്ടർ മുഖേന നീക്കം ചെയ്തത്.

## സിവിൽ സപ്ലൈസ് വകുപ്പിലെ അഴിമതി

342 (361) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ 2011-2016 സർക്കാർ കാലത്തെ അഴിമതി സംബന്ധിച്ച അന്വേഷണ പുരോഗതിയുടെ വിശദാംശം ഇനം തിരിച്ച് നൽകുമോ;

(ബി) ഇക്കാര്യത്തിൽ എത്ര പേർക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത കാലയളവിൽ ഏതെല്ലാം മന്ത്രിമാരുടെ പേരിലാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സിവിൽ സപ്ലൈസ് വകുപ്പിൽ 2011-2016 സർക്കാർ കാലയളവിൽ ആകെ 10 വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. (എ-യുടെ അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

(സി) 2011-16 വർഷത്തെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ആയിരുന്ന ശ്രീ. അനൂപ് ജേക്കബിന് എതിരെ ബഹുമാനപ്പെട്ട മൂവാറ്റുപുഴ വിജിലൻസ് കോടതി ഉത്തരവ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. ടി കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ Crl MP 1372/2017 dated 12-8-2017 പ്രകാരം എഫ്.ഐ.ആർ. quash ചെയ്തു. ടി കേസ് Further Action Dropped ആയി 27-12-2018-ൽ ബഹുമാനപ്പെട്ട മൂവാറ്റുപുഴ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

## പുതിയ റേഷൻകാർഡുകൾക്ക് മുൻഗണനാ പട്ടിക

343 (362) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിനായി അപേക്ഷിക്കുന്നവരിൽ വരുമാനം കുറഞ്ഞവരെയും പൊതുവിഭാഗത്തിൽപ്പെടുത്തിയാണ് റേഷൻകാർഡ് വിതരണം ചെയ്യുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം അറിയിക്കുമോ;

(ബി) വരുമാനം കുറഞ്ഞവരെ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) രണ്ട് മുൻഗണനാ കാർഡുകളിൽ നിന്നും അംഗങ്ങളെ മാറ്റി പുതിയ റേഷൻ കാർഡുണ്ടാക്കുമ്പോൾ അവർക്ക് മുൻഗണനാ കാർഡ് ലഭിക്കുന്നതാണ്. എന്നാൽ മുൻഗണനേതര കാർഡുകളിൽനിന്നും അംഗങ്ങളെ മാറ്റി പുതിയ കാർഡ് നൽകുമ്പോൾ അവർക്ക് പൊതുവിഭാഗം കാർഡാണ് ലഭ്യമാകുന്നത്. 25,000 രൂപയിൽ കൂടുതൽ മാസവരുമാനമുണ്ടെങ്കിൽ ആ കാർഡ് പൊതുവിഭാഗത്തിലേ ഉൾപ്പെടുകയുള്ളൂ. അല്ലാത്ത പക്ഷം അപേക്ഷ നൽകുന്ന മുറയ്ക്ക് 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/2017/ഭ.പൊ.വി.വ. പ്രകാരം പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി യോഗ്യതയുള്ള പക്ഷം മുൻഗണനാ പട്ടികയിൽ അർഹമായ സ്ഥാനത്ത് ഉൾപ്പെടുത്തി ഒഴിവുണ്ടാകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**റേഷൻ മുൻഗണനാ പട്ടിക**

344 (363) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹരാണെന്ന് കണ്ടെത്തി മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവർക്ക് പകരമായി അർഹരായവരെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നടപടികൾ ഏതു ഘട്ടം വരെ ആയി എന്ന് അറിയിക്കാമോ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഇപ്രകാരം എത്ര അനർഹരെ ഒഴിവാക്കിയെന്നും അർഹരായ എത്രപേരെ ഉൾപ്പെടുത്തിയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയതുപ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-2017-ലെ സ.ഉ.(സാധാ) നം.320/17/ ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

സ്വമേധയാ സറണ്ടർ ചെയ്തതിനുപുറമെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.

ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന പരിശോധനയിൽ 3,71,952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽ നിന്നും സീനിയോരിറ്റി അനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഇപ്രകാരം 2288 അനർഹരെ ഒഴിവാക്കുകയും 2244 അർഹരെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**റേഷൻ വാങ്ങാത്ത മുൻഗണനാ വിഭാഗക്കാർ**

345 (364) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ റേഷൻ കാർഡ് ഉടമകളുടെ എണ്ണം എത്രയാണ്;

(ബി) ഇതിൽ സ്ത്രീകൾ (കുടുംബനാഥ) ഉടമകളായ കാർഡുകൾ പുരുഷൻമാർ (കുടുംബനാഥൻ) ഉടമകളായ കാർഡുകൾ എന്നിവ തിരിച്ച് എണ്ണം വ്യക്തമാക്കുമോ;

(സി) ഭക്ഷ്യഭദ്രതാ നിയമ പ്രകാരം റേഷൻ കാർഡ് ഉടമ സ്ത്രീയാകണം എന്നിരിക്കെ പുരുഷൻമാർ ഉടമകളായി തുടരുന്നതിനെകുറിച്ച് സത്വര അന്വേഷണം നടത്തി തെറ്റ് തിരുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ആകെ റേഷൻ കാർഡുകളിൽ എത്ര കാർഡുകളിലായി എത്ര പേരാണ് നിലവിൽ മുൻഗണന വിഭാഗത്തിലുള്ളത്;

(ഇ) സ്ഥിരമായി റേഷൻ വാങ്ങാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(എഫ്) കുറഞ്ഞ നിരക്കിൽ നൽകുന്ന റേഷൻ സാധനങ്ങൾ സ്ഥിരമായി വേണ്ടാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഇത്തരക്കാരെ അന്വേഷണവിധേയമായി നീക്കം ചെയ്ത് ഒഴിവു വരുന്ന സ്ഥാനത്തേക്ക് മുൻഗണന പട്ടികയ്ക്ക് പുറത്തുള്ള അർഹരായവരെ ഉൾപ്പെടുത്തുവാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 85,60,430 റേഷൻകാർഡ് ഉടമകൾ ഉണ്ട്.

(ബി) സ്ത്രീകൾ (കുടുംബനാഥ) ഉടമകളായ കാർഡുകൾ - 81,39,242

പുരുഷന്മാർ (കുടുംബനാഥൻ) ഉടമകളായ കാർഡുകൾ - 4,21,188

(സി) സംസ്ഥാനത്ത് പ്രായപൂർത്തിയായ സ്ത്രീകൾ അംഗങ്ങളല്ലാത്തവരും സ്ത്രീകൾ ഉൾപ്പെട്ടിട്ടില്ലാത്ത കാർഡുകൾ ഉള്ളതുമായ പുരുഷന്മാർക്കാണ് നിലവിൽ ഉടമയായി കാർഡ് അനുവദിക്കുന്നത്. അങ്ങനെയല്ലാത്ത കാർഡുകളുടെ പട്ടിക പരിശോധിച്ച് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആകെ റേഷൻകാർഡുകളിൽ നിലവിൽ 36,63,681 മുൻഗണനാ കാർഡുകളിലായി 1,54,32,197 പേരാണ് മുൻഗണനാ വിഭാഗത്തിൽ (അന്ത്യോദയ അന്നയോജന + മുൻഗണന) ഉള്ളത്.

(ഇ & എഫ്) 2019 ജനുവരി മുതൽ മാർച്ച് മാസം വരെ സ്ഥിരമായി റേഷൻ വാങ്ങാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട 70,000 കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത റേഷൻകാർഡുകൾ പരിശോധിച്ച് അർഹരായവരെ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റേഷൻകാർഡിനുള്ള അപേക്ഷകൾ**

346 (365) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ഏത് വിധേനയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓൺലൈൻ മുഖേനയല്ലാതെ താലൂക്ക് സപ്ലൈ ഓഫീസുകളിൽ നേരിട്ട് അപേക്ഷ സ്വീകരിക്കരുതെന്ന ഉത്തരവുകൾ ഏതെങ്കിലും നിലവിലുണ്ടോ;

(സി) പുതിയ റേഷൻ കാർഡിന് അപേക്ഷ ലഭിച്ചാൽ എത്ര ദിവസത്തിനുള്ളിൽ കാർഡ് നൽകുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ആയത് പാലിക്കപ്പെടുന്നുണ്ടോയെന്നും ഏതെങ്കിലും ഓഫീസിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പുതിയ റേഷൻകാർഡുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ നിലവിൽ അക്ഷയ കേന്ദ്രങ്ങൾ വഴിയും സിറ്റിസൺ ലോഗിൻ വഴിയും സ്വീകരിക്കുന്നുണ്ട്. എന്നാൽ വിദ്യാഭ്യാസ സംബന്ധമായോ ചികിത്സാ ആനുകൂല്യങ്ങൾക്കോ മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയോ അത്യാവശ്യമായി കാർഡ് ലഭിക്കേണ്ടവരുടെ അപേക്ഷകൾ അതത് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല. എന്നാൽ വിദ്യാഭ്യാസ സംബന്ധമായോ ചികിത്സാ ആനുകൂല്യങ്ങൾക്കോ മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയോ അത്യാവശ്യമായി കാർഡ് ലഭിക്കേണ്ടവരുടെ അപേക്ഷകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സ്വീകരിക്കുന്നതിനും അല്ലാത്ത അപേക്ഷകൾ അക്ഷയ വഴി സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി & ഡി) സംസ്ഥാനത്ത് നാളിതുവരെ റേഷൻകാർഡ് വിതരണവുമായി ബന്ധപ്പെട്ട് ലഭിച്ച 26.68 ലക്ഷം അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് സേവനാവകാശ നിയമപ്രകാരമുള്ള കാലയളവായ ഒരു ദിവസത്തിനുള്ളിൽ പുതിയ കാർഡ് ലഭ്യമാകുന്നതാണ്. നിലവിൽ ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അനർഹമായ ബി.പി.എൽ. കാർഡുകൾ റദ്ദ് ചെയ്ത നടപടി

347 (366) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം എത്ര അനർഹമായ ബി.പി.എൽ. കാർഡുകൾ റദ്ദുചെയ്തു എന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) അനർഹമായി കൈവശം വച്ചിരിക്കുന്ന ബി.പി.എൽ കാർഡ് റദ്ദുചെയ്യുന്ന നടപടികൾ പരിസമാപ്തിയിലെത്തിയോ;

(സി) സർക്കാർ ഇതിനായി നടപടികൾ സ്വീകരിച്ചിട്ടും ഇനിയും അനർഹമായി ബി.പി.എൽ കാർഡുകൾ കൈവശം വച്ചിരിക്കുന്നവർക്കെതിരെ എന്തെങ്കിലും ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അനർഹമാണെന്ന് കണ്ടെത്തിയ മുൻഗണനാ കാർഡുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരമാണ് :

| ജില്ല | അനർഹമാണെന്ന് കണ്ടെത്തിയ കാർഡുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 41107 |
| കൊല്ലം | 46477 |
| പത്തനംതിട്ട | 11496 |
| ആലപ്പുഴ | 12456 |
| കോട്ടയം | 13125 |
| ഇടുക്കി | 5575 |
| എറണാകുളം | 20596 |
| തൃശ്ശൂർ | 42553 |
| പാലക്കാട് | 29951 |
| മലപ്പുറം | 35946 |
| കോഴിക്കോട് | 29117 |
| വയനാട് | 4591 |
| കണ്ണൂർ | 13465 |
| കാസർഗോഡ് | 14989 |
| ആകെ | 321444 |

(ബി& സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയതുപ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ

കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.

ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന പരിശോധനയിൽ 3,71,952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽനിന്നും സീനിയോരിറ്റി അനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**മുൻഗണനാ റേഷൻകാർഡുകളിലെ അനർഹർ**

348 (367) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ റേഷൻ കാർഡുകളിലെ അനർഹരെ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി കണ്ടെത്തിയ അനർഹരുടെ പട്ടിക ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) റേഷൻ കാർഡ് വിതരണത്തിനുശേഷം ഇതുവരെ എത്ര കാർഡുകളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയെന്ന വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡാറ്റായുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.

ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന പരിശോധനയിൽ 3,71,952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽനിന്നും സീനിയോരിറ്റി അനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു.

(ബി&സി) സംസ്ഥാനത്ത് അനർഹമാണെന്ന് കണ്ടെത്തിയതും മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയതുമായ റേഷൻകാർഡുകളുടെ എണ്ണം ജില്ലാ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരമാണ് :

| ജില്ല | അനർഹമാണെന്ന് കണ്ടെത്തിയ കാർഡുകളുടെ എണ്ണം | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയ കാർഡുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 41107 | 37754 |
| കൊല്ലം | 46477 | 33282 |
| പത്തനംതിട്ട | 11496 | 11277 |
| ആലപ്പുഴ | 12456 | 32634 |
| കോട്ടയം | 13125 | 12205 |
| ഇടുക്കി | 5575 | 7588 |
| എറണാകുളം | 20596 | 19735 |
| തൃശ്ശൂർ | 42553 | 32661 |
| പാലക്കാട് | 29951 | 27839 |
| മലപ്പുറം | 35946 | 34008 |
| കോഴിക്കോട് | 29117 | 29051 |
| വയനാട് | 4591 | 9894 |
| കണ്ണൂർ | 13465 | 17607 |
| കാസർഗോഡ് | 14989 | 11425 |
| ആകെ | 321444 | 316960 |

## മാറ്റപ്പെട്ട മുൻഗണനാ വിഭാഗം റേഷൻകാർഡുടമകൾ

349 (368) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാവിഭാഗം റേഷൻ കാർഡ് ലഭിച്ചവരിൽ പലരും അനർഹരാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഒരു ഏക്കറിലധികം ഭൂമി, വിദേശത്ത് ജോലി, നാലു ചക്ര വാഹനം, ആയിരം ചതുരശ്ര അടിയുള്ള വീട് തുടങ്ങിയവയുള്ളവരിൽ എത്ര പേരുടെ മുൻഗണനാ കാർഡ് പ്രസ്തുത വിഭാഗത്തിൽ നിന്നും ഈ സർക്കാർ പരിവർത്തനം ചെയ്യുകയുണ്ടായി ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ കാലയളവിൽ മുൻഗണനാ കാർഡ് അനർഹമായി കൈവശം വച്ചിരുന്ന എത്ര സർക്കാർ ജീവനക്കാർ ഇതിനകം പ്രസ്തുത വിഭാഗത്തിൽ നിന്നും സ്വമേധയാലോ സർക്കാരിന്റെ കർശന ഇടപെടൽ മൂലമോ മാറ്റുകയുണ്ടായി ; വ്യക്തമാക്കുമോ ;

(ഡി) ഇനി എത്ര പേർ ഇത്തരത്തിൽ ഉണ്ടെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഇ) അനർഹമായി മുൻഗണനാവിഭാഗം റേഷൻകാർഡ് കൈവശം വച്ച് റേഷൻ ആനുകൂല്യങ്ങൾ ഉൾപ്പെടെ മറ്റാനുകൂല്യങ്ങൾ കൈപ്പറ്റിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയതുപ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡാറ്റായുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.

ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന പരിശോധനയിൽ ലഭിച്ച 3,71,952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽ നിന്നും സീനിയോരിറ്റി അനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന്

മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ എന്നിവർ ഒഴികെ നാളിതുവരെ 2,19,293 മുൻഗണനാ കാർഡുകൾ പരിവർത്തനം ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ജീവനക്കാരും പെൻഷൻകാരും ഉൾപ്പെടെ 97,667 മുൻഗണനാ കാർഡുകൾ മാറ്റിയിട്ടുണ്ട്.

(ഡി) ഇനി ഇത്തരത്തിൽ സർക്കാർ ജീവനക്കാർ ഉൾപ്പെട്ട കാർഡുകൾ ഉള്ളതായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## രോഗികൾക്കും വികലാംഗർക്കും വിധവകൾക്കും ബി.പി.എൽ. കാർഡുകൾ

350 (369) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.പി.എൽ. കാർഡിൽ ഉൾപ്പെട്ടിട്ടുള്ള പാവപ്പെട്ടവരെ ആയതിൽ നിന്നും ഒഴിവാക്കി ബി.പി.എൽ.-ൽ ഉൾപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) രോഗികൾ, വികലാംഗർ, വിധവകൾ എന്നിവരുടെ കാർഡുകൾ ബി.പി. എൽ. ആക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ എ.പി.എൽ. കാർഡിലുള്ള പാവപ്പെട്ടവർ ബി.പി.എൽ. ആക്കാനായി നൽകിയിട്ടുള്ള അപേക്ഷകളിന്മേൽ തീരുമാനം എടുക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത അപേക്ഷകളിന്മേൽ എന്ന് തീരുമാനം എടുക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയതുപ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡാറ്റായുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.

ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന പരിശോധനയിൽ 3,71,952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽ നിന്നും സീനിയോരിറ്റി അനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു.

മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തവരും എന്നാൽ മാരകമായ രോഗങ്ങളായ എയ്ഡ്സ്, ക്യാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക്

വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും എന്നിവർ ഉൾപ്പെട്ട കുടുംബങ്ങളെ പരിശോധിച്ച് എ.എ.വൈ./മുൻഗണനാ മാനദണ്ഡങ്ങളിൽപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി&ഡി) ഉണ്ട്. ഇപ്പോൾ നിലവിലുള്ള മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെട്ടവരുടെ കാർഡുകൾ മാറ്റി നൽകിയതിനുശേഷം പുതുതായി ലഭിച്ച അപേക്ഷകളിന്മേൽ തീരുമാനം എടുക്കുന്നതിനും ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ഉൾപ്പെടുത്തുന്നതിനും കഴിയും.

## റേഷൻ സാധനങ്ങളുടെ വിതരണക്രമം

351 (370) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വിഭാഗത്തിലുള്ള റേഷൻ കാർഡുടമകൾക്ക് പ്രതിമാസം അനുവദിക്കപ്പെട്ടിട്ടുള്ള റേഷൻ സാധനങ്ങൾ എന്തൊക്കെയാണ് ; പ്രതിമാസ വിതരണക്രമം വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം വിതരണം ചെയ്യുന്ന അരിയുടെ അളവ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

### ഉത്തരം

(എ) റേഷൻകടകൾ വഴി ഓരോ വിഭാഗം റേഷൻകാർഡുടമകൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള പ്രതിമാസ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

എ.എ.വൈ., മുൻഗണനാ വിഭാഗങ്ങൾക്ക് നിയമം അനുശാസിക്കുന്ന അളവിലാണ് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നത്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂല നടപടി ഉണ്ടായില്ല. മുൻഗണനേതര-നോൺ സബ്സിഡി വിഭാഗത്തിന് നൽകിവരുന്ന ടൈഡ് ഓവർ അരി വിഹിതത്തിലെ നീക്കിയിരുപ്പിനനുസൃതമായി ടി വിഭാഗത്തിനുള്ള അരിയുടെ അളവ് വർദ്ധിപ്പിച്ചുനൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**റേഷൻകട ഉടമകൾക്ക് കമ്മീഷൻ**

352 (371) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ മൊത്ത വിതരണം മുഴുവൻ ഇടനിലക്കാരിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ മൊത്തവിതരണം എങ്ങനെയാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കട വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങൾക്ക് കട ഉടമകൾക്ക് ഇപ്പോൾ ക്വിന്റൽ നിരക്കിൽ എത്ര രൂപയാണ് കമ്മീഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതോടുകൂടി റേഷൻ മൊത്ത വിതരണ രംഗത്തുനിന്നും സ്വകാര്യ വ്യക്തികളെ പൂർണ്ണമായും ഒഴിവാക്കി 3-10-2016-ലെ സ.ഉ.(കൈ)നമ്പർ 15/16/ ഭ.പൊ.വി.വ. പ്രകാരം വാതിൽപ്പടി വിതണം സർക്കാർ ഏജൻസിയായ സപ്ലൈകോയെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) റേഷൻകട വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾക്ക് 44 ക്വിന്റൽ വരെ 220 രൂപയും 45 ക്വിന്റലിന് മുകളിലുള്ള ഓരോ ക്വിന്റലിനും 180 രൂപ വീതവും കമ്മീഷൻ നൽകിവരുന്നു. 45 ക്വിന്റൽ വിതരണം ചെയ്യുന്ന വ്യാപാരികൾക്ക് കുറഞ്ഞത് 18,000 രൂപ വരുമാനം ഉറപ്പുവരുത്തിയിട്ടുണ്ട്.

**റേഷൻ സാധനങ്ങളുടെ വിതരണം**

353 (372) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ ഭക്ഷ്യസാധനങ്ങൾ റേഷൻ കടകളിലെത്തുവാൻ പലപ്പോഴും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ മാസവും 15-ാം തീയതിയ്ക്ക് മുമ്പായി ഭക്ഷ്യസാധനങ്ങൾ റേഷൻകടകളിൽ എത്തിച്ചാൽ അവ വിതരണം ചെയ്യുവാൻ ആവശ്യമായ സമയം ലഭിക്കുമെന്നതിനാൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മാസാവസാനം റേഷൻ സാധനങ്ങൾ കടകളിലെത്തുന്നത് മൂലമുള്ള ബുദ്ധിമുട്ട് കാരണം അവ വാങ്ങുവാൻ കഴിയാതെ വരുന്നവർക്ക് തൊട്ടടുത്തമാസം ആയത് വാങ്ങുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) തൊഴിൽ പ്രശ്നങ്ങൾ, അവിചാരിതവും സാങ്കേതികവുമായ മറ്റ് കാര്യങ്ങൾ തുടങ്ങിയവമൂലം റേഷൻ ഭക്ഷ്യസാധനങ്ങൾ റേഷൻകടകളിലെത്തുവാൻ ചിലപ്പോഴൊക്കെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാതിൽപ്പടി വിതരണത്തിലുണ്ടായിരുന്ന പ്രയാസങ്ങൾ പരിഹരിച്ച് സമയബന്ധിതമായി റേഷൻ വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിശ്ചിത മാസത്തിൽത്തന്നെ റേഷൻ സാധനങ്ങളുടെ വിതരണം പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ തൊട്ടടുത്ത മാസം ആയത് വാങ്ങാൻ സമയം ദീർഘിപ്പിച്ചുനൽകുന്നുണ്ട്.

## റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

354 (373) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

റേഷൻകട വഴി വിതരണം ചെയ്യുന്നതിനായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഫ്.സി.ഐ.)-യിൽനിന്നും ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.എ. അധികൃതർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.ഐ. ഗോഡൗണുകളിലേയ്ക്കും അവിടെനിന്നും റേഷൻകടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിൽ ഉള്ള ഭക്ഷ്യധാന്യങ്ങൾ തന്നെയാണ് ലഭ്യമാകുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എ.ആർ.ഡി.-കളും ഉറപ്പു വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻകടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും FIFO(First in First Out Method) കർശനമായി പിന്തുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## അധികമായ റേഷൻ ഭക്ഷ്യധാന്യങ്ങൾ

355 (374) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് മെഷീനുകൾ റേഷൻകടകളിൽ സ്ഥാപിച്ചതിനുശേഷം മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര ക്വിന്റൽ ഭക്ഷ്യധാന്യങ്ങളാണ് റേഷൻ കടകളിൽ അധികമായി രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ റേഷൻ വിതരണം സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു.*

## റേഷൻ വിതരണ രംഗത്തെ നൂതന പദ്ധതികൾ

356 (375) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിന്റെ ഭാഗമായി റേഷൻകാർഡ് ഉടമകളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റേഷൻകടകളുടെ നവീകരണത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) ഇ-പോസ് മെഷീനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വേയിംഗ് ബാലൻസുമായി പ്രസ്തുത മെഷീൻ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു. റേഷൻകാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഉപഭോക്താവിന് തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. റേഷൻകാർഡുകൾ ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. റേഷൻകടകളിൽ വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നുണ്ട്. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു. ഉപഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകിവരുന്നു. മൊബൈൽ ആപ്പ് വഴി റേഷൻകാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാണ്. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) റേഷൻകട നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000 (മൂന്ന് കോടി അൻപത് ലക്ഷം രൂപ) അനുവദിച്ചു. റേഷൻകടകൾ നവീകരണം താഴെ പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്:

(1) ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിക്കുക.

(2) നിശ്ചിത മാതൃകയിൽ ഉള്ള സ്റ്റോക്ക്ബോർഡ്/വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക.

(3) കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക.

(4) ഷട്ടർ/ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക.

(ഡി) ഇ-പോസ് വേയിംഗ് ബാലൻസുമായി യോജിപ്പിക്കുന്നതിന്റെ മുന്നോടിയായി വെയിംഗ് ബാലൻസുകൾ വാങ്ങുന്നതിനായി ടെണ്ടർ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടുണ്ട്.

## റേഷൻ തട്ടിപ്പ്

357 (376) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസിനെ നോക്കുകുത്തിയാക്കി സംസ്ഥാനത്ത് വീണ്ടും റേഷൻ തട്ടിപ്പ് നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെർവർ തകരാർ, വിരലടയാളം പതിയുന്നില്ല, മൊബൈൽ ഒ.ടി.പി. കിട്ടുന്നില്ല തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് ഇ-പോസിനെ മറികടന്ന് ചില വ്യാപാരികൾ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതായുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിക്കുകയുണ്ടായോ;

(സി) ഇത്തരത്തിൽ 2019 ഏപ്രിൽ മാസത്തിൽ മാത്രം 1.56 ലക്ഷം കാർഡ് ഉടമകൾക്ക് വിരലടയാളം സ്വീകരിക്കാതെ നേരിട്ട് റേഷൻ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൽ എത്ര കാർഡ് ഉടമകളുടെ ഭക്ഷ്യധാന്യം കരിഞ്ചന്തയിലേക്ക് കടത്തിയിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച് പരിശോധിക്കുമോ?

ഉത്തരം

(എ & ബി) 2018 മേയ് മാസത്തിൽ 30%-ലധികം മാനുവലായി റേഷൻ വിതരണം നടത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തി ലൈസൻസികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. വിരലടയാളം പതിയുന്നില്ല, OTP ലഭിക്കുന്നില്ല തുടങ്ങിയ കാരണങ്ങളാൽ റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിന് ആതന്റിക്കേഷൻ ഇല്ലാതെതന്നെ റേഷൻ വിതരണം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. നിലവിൽ ഇത്തരത്തിലുള്ള പരാതികൾ താരതമ്യേന കുറവാണ്.

(സി&ഡി) 2019 ഏപ്രിൽ മാസത്തിൽ 194377 കാർഡുകൾക്ക് വിരലടയാളമോ OTP-യോ സ്വീകരിക്കാതെ റേഷൻ വിതരണം നടത്തിയിട്ടുണ്ട്. സാങ്കേതികമായ തകരാറുകൾമൂലം റേഷൻ എന്ന അവകാശം മുടങ്ങാതിരിക്കുന്നതിനാണ് ഇത്തരത്തിൽ മാനുവൽ വിതരണം അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത രീതിയിൽ വിതരണം ചെയ്ത ഭക്ഷ്യധാന്യം കരിഞ്ചന്തയിലേയ്ക്ക് കടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**റേഷൻ വ്യാപാരികൾക്ക് നൽകേണ്ട തുക**

358 (377) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് നൽകേണ്ട തുക ട്രഷറി നിയന്ത്രണങ്ങൾ കാരണം നൽകുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) പ്രളയകാലത്ത് അടക്കം വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ വിലയും പ്രതിഫലവും ലഭ്യമാക്കിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യാപാരികൾക്ക് അവരുടെ തുക ലഭിക്കാത്തതിനാൽ വരും മാസങ്ങളിൽ വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾക്ക് പണം അടയ്ക്കാനാകാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മാർച്ച് മാസത്തിൽ ട്രഷറി ക്യൂവിൽപ്പെട്ട് മാറാൻ സാധിക്കാതെ വന്ന ബില്ലുകൾ 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ട്രഷറി നിയന്ത്രണമുള്ള അവസരങ്ങളിൽ കമ്മീഷൻ ബില്ലുകൾ ക്രമീകരിച്ച് ട്രഷറികളിൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രളയകാലത്ത് വിതരണം ചെയ്ത അരിയുടെ കമ്മീഷൻ പത്ത് ജില്ലകൾക്കും മണ്ണെണ്ണയുടെ കമ്മീഷൻ 4 ജില്ലകൾക്കും അനുവദിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽനിന്നും വിതരണം ചെയ്ത സാധനങ്ങളുടെ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കമ്മീഷൻ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റേഷൻ വ്യാപാരികളുടെ ഏപ്രിൽ മാസം വരെയുള്ള കമ്മീഷൻ വിതരണം ചെയ്യുന്നതിന് അനുവദിച്ച് നൽകിയിട്ടുള്ളതിനാൽ വ്യാപാരികൾക്ക് പണം അടയ്ക്കാനാവാത്ത സാഹചര്യം നിലവിലില്ല.

**സ്ഥിരമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവർ**

359 (378) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവർ റേഷൻ കാർഡ് ഉടമകളിൽ എത്ര ശതമാനമാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരം റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ഭക്ഷ്യവിഹിതം സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി വിട്ടുനല്കണമെന്ന് ഭക്ഷ്യവകുപ്പ് ആവശ്യപ്പെട്ടിരുന്നോ ;

(സി) ഈ പദ്ധതിയിൽ എത്രപേർ റേഷൻ വിഹിതം വിട്ടുനൽകാൻ തയ്യാറായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2019 ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ 5.4% കാർഡുടമകൾ റേഷൻ വിഹിതം കൈപ്പറ്റിയില്ല.

(ബി) റേഷൻ ആവശ്യമില്ലാത്തവർ സർക്കാരിന്റെ റേഷൻ Give Up പദ്ധതിയിലൂടെ റേഷൻ ഉപേക്ഷിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു.

(സി) നാളിതുവരെ 558 കാർഡുടമകൾ Give Up പദ്ധതി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

**മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർ റേഷൻ വാങ്ങാത്ത സ്ഥിതിവിശേഷം**

360 (379) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗത്തിൽപെട്ട പല കുടുംബങ്ങളും സ്ഥിരമായി റേഷൻ വാങ്ങാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറഞ്ഞ നിരക്കിൽ നൽകുന്ന റേഷൻ സാധനങ്ങൾ ഇവർ വാങ്ങാത്തത് എന്തുകൊണ്ടാണെന്ന് അന്വേഷിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ അന്വേഷണം നടത്തുമോ ; ഉണ്ടെങ്കിൽ ഇത്തരത്തിൽപെട്ട എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ സ്ഥിരമായി റേഷൻ വാങ്ങാത്തവരെ മുൻഗണനാ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ അനർഹർ തന്നെയാണ് ഇപ്രകാരം ഒഴിവാക്കപ്പെടുന്നത് എന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി& സി) റേഷൻ വാങ്ങാത്തതിനുള്ള കാരണം പരിശോധിക്കുന്നതിനായി അതത് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകൾക്ക് നിർദ്ദേശം നൽകി നടപടി സ്വീകരിച്ചുവരുന്നു. 2019 ജനുവരി മുതൽ മാർച്ച് മാസം വരെ സ്ഥിരമായി റേഷൻ വാങ്ങാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട 70,000 കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത റേഷൻ കാർഡുകൾ പരിശോധിച്ച് അർഹരായവരെ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പയ്യന്നൂർ താലൂക്കിൽ താലൂക്ക് സപ്ലൈ ഓഫീസ്

361 (380) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ താലൂക്കിൽ പുതുതായി അനുവദിച്ച താലൂക്ക് സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായെന്ന് വിശദമാക്കുമോ?

ഉത്തരം

സർക്കാർ പരിശോധിച്ചുവരുന്നു.

## വിലക്കയറ്റ നിയന്ത്രണത്തിന് നടപടി

362 (381) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മാവേലി സ്റ്റോറിൽ നിന്നും വിതരണം ചെയ്യുന്ന വിലവർദ്ധനവ് ഉണ്ടാവില്ലെന്ന് പ്രഖ്യാപിച്ച പതിമൂന്നിനം സാധനങ്ങൾക്ക് വിലവർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ പതിമൂന്നിനം സാധനങ്ങളും എല്ലാ മാവേലി സ്റ്റോറുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സബ്സിഡി നിരക്കിൽ പതിനാലിനം അവശ്യ സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 10 മുതൽ 20% വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ ശബരി ബ്രാൻഡിലും എം.ആർ.പി.-യേക്കാൾ ശരാശരി 5 മുതൽ 30% വരെ വിലക്കുറവിൽ FMCG (Fast Moving Consumer Goods) സാധനങ്ങളും ലഭ്യമാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ഘട്ടത്തിൽ 13 ഇനം അവശ്യ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നത്. അരി വിലയിലുണ്ടായ കുതിച്ചുകയറ്റം തടഞ്ഞുനിർത്തുന്നതിനായി 'ആന്ധ്ര ഇതര ജയ' എന്ന ഇനം അരി കൂടി സബ്സിഡി പട്ടികയിലുൾപ്പെടുത്തി ഇത് 14 ഇനമാക്കി ഉയർത്തിയിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സബ്സിഡി സാധനങ്ങൾ എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ റേഷൻകാർഡ് ഒന്നിന് പ്രതിമാസ അളവ് നിശ്ചയിച്ച് നൽകുകയും ഓൺലൈൻ സംവിധാനം ഉപയോഗിച്ച് വിതരണം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

**കുപ്പിവെള്ളത്തിന്റെ വില**

363 (382) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്ത് വരുന്ന കുപ്പിവെള്ളത്തിന്റെ വില കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് കുപ്പിവെള്ള കമ്പനി ഉടമകളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് കുപ്പിവെള്ളം എത്ര രൂപയ്ക്ക് വിൽക്കുന്നതിനാണ് കമ്പനി ഉടമകൾ സമ്മതം അറിയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) വില കുറയ്ക്കാൻ തീരുമാനം എടുത്തതിനുശേഷവും എന്തുകൊണ്ടാണ് ആയതിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാകാത്തത്; ഇക്കാര്യത്തിൽ കുപ്പിവെള്ള കമ്പനികൾ തീരുമാനത്തിൽ നിന്നും പിന്നാക്കം പോയിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ കുപ്പിവെള്ളത്തിന്റെ വില കുറച്ചതിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചർച്ച നടത്തിയിരുന്നു. 1986-ലെ കേരള എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ടിന്റെ ക്ലോസ് (എ) സെക്ഷൻ 2 പ്രകാരം കുപ്പിവെള്ളം അവശ്യവസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ബി & സി) ഓരോ നിർമ്മാതാക്കളും അവരവരുടെ നിർമ്മാണച്ചെലവ് അടിസ്ഥാനമാക്കി വ്യത്യസ്തമായ എം.ആർ.പി. ആണ് നിശ്ചയിച്ച് അറിയിച്ചത്. ഒരു ലിറ്റർ ബോട്ടിലിന് പതിനൊന്ന് രൂപ നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി കുപ്പിവെള്ളം വിൽപ്പന നടത്തുന്നതിനാൽ പൊതുവിപണിയിലെ കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) സപ്ലൈകോയുടെ എല്ലാ വിതരണ കേന്ദ്രങ്ങൾ വഴിയും കുപ്പിവെള്ളം മിതമായ നിരക്കിൽ വിതരണം നടത്തുന്നുണ്ട്. റേഷൻകടകൾ വഴിയും കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയത്തിൽ നശിച്ച അരിയും നെല്ലും നീക്കിയതിലെ അപാകത

364 (383) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ നശിച്ച അരിയും നെല്ലും നീക്കിയതിലെ അപാകതകളും അത് സംബന്ധിച്ച ടെൻഡർ നടപടികളും പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധന ആരംഭിച്ചിട്ടുണ്ടോ; അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രളയത്തിൽ നശിച്ച എത്ര ടൺ അരിയും നെല്ലുമാണ് ഇതുവരെ തമിഴ്നാട്ടിലേക്ക് കടത്തിയതെന്നും ഉപയോഗശൂന്യമായ അരി തിരികെ സംസ്ഥാനത്ത് വിതരണത്തിനായി എത്തുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ;

(സി) എറണാകുളം ജില്ലയിലെ ഒരു റേഷൻ കടയിൽ 2019 മേയ് മാസം വിതരണത്തിനെത്തിയ അരിയിൽ പുഴുവും കീടാണുക്കളും കാരണം ഉപയോഗശൂന്യമായിരുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ നശിച്ച അരിയും നെല്ലും നീക്കിയതിലെ അപാകതകളും അത് സംബന്ധിച്ച ടെണ്ടർ നടപടികളും പരിശോധിക്കാൻ നിയോഗിക്കപ്പെട്ട സംഘം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ നശിച്ച അരിയും നെല്ലും ഇ-ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമുള്ള സത്യവാങ്മൂലം ലഭ്യമാക്കിയിട്ടാണ് വിട്ടുകൊടുപ്പിന് അനുമതി നൽകിയത്. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ അരിയും നെല്ലും മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കടത്തിയോ എന്നതിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഉപയോഗശൂന്യമായ അരി തിരികെ സംസ്ഥാനത്ത് വിതരണം ചെയ്യുന്നത് തടയാനായി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഡി.ജി.പി., ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, ചരക്കുസേവന നികുതി കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിതരണത്തിനായി എത്തിയ അരിയിൽ ഉപയോഗശൂന്യമായി കണ്ടെത്തിയ 39 ചാക്ക് അരി റേഷൻ കടയിൽനിന്നും എൻ.എഫ്.എസ്.എ. ഡിപ്പോയിലേക്ക് മാറ്റുകയും പകരം ഭക്ഷ്യ യോഗ്യമായ സാധനങ്ങൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

## ചാലക്കുടിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഹൈപ്പർമാർക്കറ്റ്

365 (384) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഹൈപ്പർ മാർക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ& ബി) കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വേ നമ്പർ 439/1-ൽ ചാലക്കുടി ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിനോടനുബന്ധിച്ച് 0.1568 ഹെക്ടർ ഭൂമി (38.74 സെന്റ്) സപ്ലൈകോയ്ക്ക് അനുവദിക്കുന്നതിനായി റവന്യൂ വകുപ്പ് അധികാരികൾക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഒരു ഹൈപ്പർമാർക്കറ്റ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ

366 (385) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ നിലവിൽ എത്ര സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) മാനന്തവാടി മണ്ഡലത്തിലെ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ പ്രവർത്തന രീതി വിശദമാക്കുമോ ;

(സി) മാനന്തവാടി മണ്ഡലത്തിലെ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ സ്ഥലങ്ങളുടെ സമയ വിവര പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ) മാനന്തവാടി മണ്ഡലത്തിൽ നിലവിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്.

(ബി) മാവേലി സ്റ്റോറുകൾ ഇല്ലാത്തതും നിലവിലെ മറ്റ് സപ്ലൈകോ ഔട്ട്ലെറ്റുകളിൽ നിന്നും വിദൂരമായ പ്രദേശങ്ങളിലും വാഹന സൗകര്യം കുറവായ പ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുക എന്നതാണ് സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ പ്രവർത്തന രീതി. ആദിവാസി മേഖലകൾക്കാണ് കൂടുതൽ പരിഗണന നൽകിവരുന്നത്. ആഴ്ചയിൽ കുറഞ്ഞത് ഒന്നിടവിട്ട ദിവസങ്ങളിൽ ആദിവാസി മേഖലകളിലെ നിശ്ചിത സ്ഥലങ്ങളിൽ മുൻകൂട്ടി അറിയിച്ചിട്ടുള്ള സമയപ്പട്ടിക പ്രകാരം എത്തിച്ചേർന്ന് സാധനങ്ങൾ വിതരണം നടത്തിവരുന്നുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സപ്ലൈകോ ചില്ലറ വിൽപ്പനശാല

367 (386) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൽ സപ്ലൈകോ ചില്ലറ വില്പനശാല ആരംഭിക്കുന്നതിനായി കെട്ടിടം ലഭ്യമാകാത്തതിനാൽ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വനിതാ വ്യവസായകേന്ദ്രത്തിലെ രണ്ടു മുറികൾ താല്ക്കാലികമായി കൈമാറി സപ്ലൈകോ ചില്ലറ വില്പനശാല പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) സപ്ലൈകോ ചില്ലറ വില്പനശാല വനിതാ വ്യവസായകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന പക്ഷം ആയതിന്റെ നടത്തിപ്പ് വനിതകളെ ഏല്പിക്കുന്നതിന് പഞ്ചായത്ത് തയ്യാറാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ചെയ്യുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്ന വിഷയത്തിൽ സാധ്യതാ പഠനം നടത്തിവരുന്നു. മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വനിതാ വ്യവസായ കേന്ദ്രത്തിലെ മുറികൾ സപ്ലൈകോയ്ക്ക് കൈമാറുകയോ ആയത് കൈമാറാമെന്ന് അറിയിച്ചുകൊണ്ടുള്ള വിവരങ്ങളോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലും മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി തീരുമാനം ലഭ്യമാകുന്ന മുറയ്ക്കും ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സപ്ലൈകോ ചില്ലറ വിൽപ്പനശാലകളുടെ നടത്തിപ്പ് മറ്റ് ഏജൻസികളെയോ വ്യക്തികളെയോ ഏൽപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## മണലൂർ മുല്ലശ്ശേരി സപ്ലൈകോ സൂപ്പർ മാർക്കറ്റ്

368 (387) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സപ്ലൈകോ സൂപ്പർമാർക്കറ്റിലെ റാക്കുകൾക്ക് കേടുപാട് സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ മാറ്റി പുതിയ റാക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) പരിശോധിക്കുന്നതാണ്.

## റേഷൻ വ്യാപാരികളുടെ പ്രതിഫലവും കമ്മീഷനും

369 (388) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് നൽകേണ്ട പ്രതിഫലവും കമ്മീഷനും അടിക്കടി കുടിശ്ശികയാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വ്യാപാരികൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുവെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വ്യാപാരികൾക്ക് പ്രതിഫലവും കമ്മീഷനും യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ ഏപ്രിൽ മാസം വരെയുള്ള കമ്മീഷൻ വിതരണം നടത്താൻ ഉത്തരവ് നൽകിയിട്ടുണ്ട്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ട്രഷറി നിയന്ത്രണങ്ങൾ ഉള്ളതിനാൽ ബില്ലുകൾ പാസ്സാകാൻ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രഷറി നിയന്ത്രണമുള്ള അവസരങ്ങളിൽ ബില്ലുകൾ ക്രമീകരിച്ച് വിതരണം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിന് ആവശ്യമായ സ്റ്റേറ്റ്മെന്റ് എല്ലാ മാസവും 10-ാം തീയതിയ്ക്കകംതന്നെ ജില്ലകളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വിഴിഞ്ഞം പദ്ധതി**

370 (389) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുടെ കരാർ അവസാനിച്ചിട്ടുണ്ടോ;

(ബി) ആദ്യകരാർ കാലയളവ് പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നതിന് കഴിയാത്ത സാഹചര്യം വന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പദ്ധതി എന്ന് കമ്മിഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) കരാർ അവസാനിച്ചിട്ടില്ല. 2015 ആഗസ്റ്റ് 17-ന് സർക്കാരും അദാനി കമ്പനിയുമായി ഒപ്പുവച്ച കൺസഷൻ കരാർ പ്രകാരം 2019 ഡിസംബർ 3-ന് ഒന്നാം ഘട്ടം കമ്മീഷൻ ചെയ്യാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. 2015 ഡിസംബർ 5 മുതലുള്ള 40 വർഷത്തേക്ക് തുറമുഖം നിർമ്മിക്കാനും പ്രവർത്തിപ്പിക്കുവാനുമാണ് കരാർ നൽകിയിട്ടുള്ളത്.

(ബി) അദാനി കമ്പനിയുമായി ഒരു കരാറിൽ മാത്രമേ ഏർപ്പെട്ടിട്ടുള്ളൂ. ഈ കരാർ പ്രകാരം പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കാനാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ പുലിമുട്ട് നിർമ്മാണത്തിൽ നേരിടുന്ന കാലതാമസം പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ടെന്ന് പദ്ധതിയുടെ Independent Engineer (IE) വിലയിരുത്തിയിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് ലഭ്യമാക്കാൻ അദാനി കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് കാലതാമസം നേരിടുന്നത്. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് അദാനി കമ്പനിയുടെ ഉത്തരവാദിത്വമാണ്. സ്വന്തമായി ക്വാറികൾ ആരംഭിച്ച് പാറ കണ്ടെത്തുന്നതിനുള്ള അദാനി കമ്പനിയുടെ ശ്രമങ്ങൾക്ക് ആവശ്യമായ സഹായം സർക്കാർ നൽകുന്നുണ്ട്.

(സി) കരാർ പ്രകാരം 2019 ഡിസംബർ 3-നാണ് ഒന്നാം ഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി തുറമുഖം കമ്മീഷൻ ചെയ്യേണ്ടത്. എന്നാൽ നിശ്ചിത സമയത്ത് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ പ്രയാസമുണ്ടെന്ന കാര്യം പദ്ധതിയുടെ Independent Engineer (IE) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അദാനി കമ്പനിയുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ കാലതാമസം പരമാവധി ഒഴിവാക്കി പ്രോജക്ട് പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്.

## വിഴിഞ്ഞം തുറമുഖ പദ്ധതി

371 (390) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വിഴിഞ്ഞം രാജ്യാന്തര തുറമുഖനിർമ്മാണം പൂർത്തിയാക്കാനുള്ള സമയ പരിധി വർദ്ധിപ്പിച്ച് നൽകണമെന്ന് അദാനി ഗ്രൂപ്പ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി അദാനി ഗ്രൂപ്പ് ഉന്നയിച്ചിട്ടുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) കരാർ കാലയളവിനുള്ളിൽ തുറമുഖ നിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പദ്ധതി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ചുനൽകണമെന്ന ആവശ്യവുമായി 4 അവസരങ്ങളിലാണ് അദാനി കമ്പനി സർക്കാരിനെ സമീപിച്ചിട്ടുള്ളത്. ഇവയുടെ കാരണങ്ങൾ താഴെ വിവരിക്കുന്നു:

1. 2017 ഒക്ടോബർ മാസത്തിൽ പദ്ധതി പ്രദേശത്ത് പൈലിംഗ് ടെസ്റ്റ് നടത്തവേ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചെന്ന ആക്ഷേപവുമായി പ്രദേശ നിവാസികൾ പത്ത് ദിവസത്തോളം പദ്ധതി പ്രദേശത്ത് പ്രതിഷേധം നടത്തിയതിനാൽ ടി ദിവസങ്ങളിൽ തുറമുഖ നിർമ്മാണ പ്രവൃത്തികൾ തുടരാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ സമയം ദീർഘിപ്പിച്ച് നൽകണമെന്നും അദാനി കമ്പനി ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം അംഗീകരിക്കാൻ സാധ്യമല്ലായെന്ന് പദ്ധതിയുടെ Independent Engineer (IE) റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യം നിരസിച്ചതായി അദാനി കമ്പനിയെ അറിയിച്ചിട്ടുണ്ട്.

2. 2017 നവംബറിലെ ഓഖി ചുഴലിക്കാറ്റിൽ ഡ്രഡ്ജറുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ അവ നന്നാക്കി പണികൾ പുനരാരംഭിക്കാൻ

കാലതാമസം നേരിട്ടതിനാൽ പദ്ധതിയുടെ നിർമ്മാണ കാലയളവ് 16 മാസം ദീർഘിപ്പിച്ച് നൽകണമെന്ന് നിർമ്മാണ കമ്പനി ആവശ്യപ്പെടുകയുണ്ടായി. പദ്ധതിയുടെ Independent Engineer (IE) ഈ അവകാശവാദം പരിശോധിച്ച് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അദാനി കമ്പനിയുടെ ആവശ്യം നിരസിക്കുകയുണ്ടായി.

3. 2018 ജൂലൈ മാസത്തിൽ ഉണ്ടായ രണ്ട് ദിവസത്തെ കടൽക്ഷോഭം നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിച്ചതിനാൽ കാലാവധി നീട്ടിനൽകണമെന്ന നിർമ്മാണ കമ്പനിയുടെ ആവശ്യത്തിന്മേൽ Independent Engineer (IE)-ടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. അവരുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

4. പാറ ഖനനത്തിനായുള്ള പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട് 2018 ഡിസംബറിൽ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ (NGT) പുറപ്പെടുവിച്ച ഉത്തരവ് കാരണം ഖനനാനുമതികൾ നേടിയെടുക്കുവാൻ കാലതാമസം നേരിടുന്നതിനാൽ പദ്ധതി പൂർത്തീകരിക്കാൻ കൂടുതൽ സമയം വേണ്ടിവരുമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ നിയമവിദഗ്ദ്ധർ പരിശോധിച്ച് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വാദം നിരസിച്ചതായി അദാനി കമ്പനിയെ അറിയിച്ചിട്ടുണ്ട്.

(സി) പദ്ധതിക്കാവശ്യമായ പാറ കണ്ടെത്തേണ്ടത് കൺസഷണയറുടെ ചുമതലയാണ്. എന്നാൽ പ്രതീക്ഷിച്ച അളവ് പാറ ലഭിക്കാത്തതിനാൽ സ്വന്തമായി ക്വാറികൾ സ്ഥാപിച്ച് പാറ സംഭരിക്കുന്നതിനുള്ള നടപടികൾ അദാനി കമ്പനി സ്വീകരിച്ചുവരികയാണ്. ഈ അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് അനുമതികൾ നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന് സമാന്തരമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും അദാനി കമ്പനി നടത്തിവരുന്നു.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം**

372 (391) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത തുറമുഖം 2019 ഡിസംബറിൽ പ്രവർത്തനക്ഷമമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുവാൻ നിലവിലെ സാഹചര്യങ്ങളിൽ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) ഈ തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം ഏത് ഘട്ടത്തിലാണ് ; ഇതിനാവശ്യമായ കരിങ്കല്ല് സംസ്ഥാനത്തിനകത്ത് നിന്നും ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ഒന്നാംഘട്ട പദ്ധതിയുടെ പ്രധാന ഘടകമായ 3100 മീറ്റർ ബ്രേക്ക് വാട്ടറിന്റെ കരയിൽ നിന്നുള്ള 565 മീറ്റർ നീളം നിർമ്മാണം പൂർത്തീകരിച്ചു. ഡ്രെഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. ബെർത്ത് നിർമ്മാണത്തിന്റെ പ്രധാന ഘടകമായ പൈൽ സ്ഥാപിക്കൽ സമയബന്ധിതമായി പൂർത്തിയാക്കി. കണ്ടെയ്നർ യാർഡിന്റെ നിർമ്മാണവും തുറമുഖ പ്രവർത്തനങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും പുരോഗമിക്കുകയാണ്. തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ അനുമതികൾക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം തുടങ്ങുന്നതാണ്. പുലിമുട്ട് നിർമ്മാണം വേണ്ടത്ര പുരോഗതി കൈവരിച്ചാൽ മാത്രമേ ബെർത്തിന്റെയും സൂപ്പർസ്ട്രക്ച്ചറിന്റെയും പണികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) 2019 ഡിസംബർ 3-ാം തീയതി ഒന്നാംഘട്ട നിർമ്മാണം പൂർത്തിയാക്കി തുറമുഖം കമ്മീഷൻ ചെയ്യുമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പദ്ധതിയുടെ നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തി ഇൻഡിപെൻഡന്റ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) തുറമുഖ പദ്ധതിയുടെ പ്രധാന ഘടകമാണ് 3100 മീറ്റർ നീളമുള്ള പുലിമുട്ട്. ഇതിനായി 65 ലക്ഷം ടൺ പാറയാണ് ആവശ്യമായിട്ടുള്ളത്. നാളിതുവരെ 565 മീറ്റർ നീളം പുലിമുട്ട് മാത്രമേ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. പദ്ധതിക്ക് ആവശ്യമായ കല്ല് കണ്ടെത്തേണ്ടത് കരാർ പ്രകാരം അദാനി കമ്പനിയുടെ ചുമതലയാണ്. ഇതിലേക്ക് വേണ്ട അനുമതികൾ നൽകൽ, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക എന്നിവയാണ് സർക്കാർ ചെയ്തുകൊടുക്കേണ്ടത്. പദ്ധതിക്ക് ആവശ്യമായ കരിങ്കല്ല് സംസ്ഥാനത്തിനകത്ത് നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും കണ്ടെത്താനാകുമെന്നാണ് അദാനി കമ്പനി അറിയിച്ചിരിക്കുന്നത്.

കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ നിന്നും പാറ ഖനനം ചെയ്യുന്നതിനുള്ള നടപടികളുമായിട്ടാണ് അദാനി കമ്പനി ഇപ്പോൾ മുന്നോട്ട് പോകുന്നത്. ഇതിൽ കാലതാമസം വരാതിരിക്കുവാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ചും ത്വരിതഗതിയിൽ അനുമതികൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഇതര സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ പാറ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളും അദാനി കമ്പനി നടത്തുന്നുണ്ട്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം**

373 (392) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായുള്ള പുലിമുട്ട് നിർമ്മാണം കരിങ്കല്ല് കിട്ടാത്തതിനാൽ പ്രതിസന്ധിയിലാണെന്ന് കാണിച്ച് അദാനി ഗ്രൂപ്പ് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) ഇത് പൂർത്തിയാക്കുന്നതിന് എത്ര ലക്ഷം മെട്രിക് ടൺ കരിങ്കല്ലാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരത്തിന്റെയും, സമീപ ജില്ലകളിലെയും പാറമടകളിൽ നിന്ന് കരിങ്കല്ല് ഖനനം ചെയ്യുന്നതിന് നൽകിയ അപേക്ഷകളിൽ വിവിധ വകുപ്പുകളിൽ നിന്ന് അനുമതി ലഭിക്കുവാൻ കാലതാമസം നേരിടുന്നു എന്നത് വസ്തുതയാണോ;

(ഡി) പദ്ധതി പൂർത്തീകരിക്കുവാൻ അദാനി ഗ്രൂപ്പ് കൂടുതൽ സമയം ആവശ്യപ്പെട്ടതിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. തുറമുഖ പദ്ധതിക്കായി ആകെ 75 ലക്ഷം ടൺ പാറയാണ് ആവശ്യമുള്ളത്. ഇതിൽ പുലിമുട്ട് നിർമ്മാണത്തിന് മാത്രമായി 65 ലക്ഷം ടൺ പാറ വേണ്ടിവരും. പദ്ധതിക്കാവശ്യമായ പാറ കണ്ടെത്തേണ്ട ചുമതല അദാനി കമ്പനിക്കാണ്. എന്നാൽ ഇതുവരെ 5 ലക്ഷം ടൺ പാറ മാത്രമേ നിർമ്മാണത്തിനായി ലഭ്യമാക്കുവാൻ അദാനി കമ്പനിക്ക് കഴിഞ്ഞിട്ടുള്ളൂ.

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലായി 21 ക്വാറികൾ പ്രവർത്തനക്ഷമമാക്കാനാണ് അദാനി കമ്പനി ശ്രമിക്കുന്നത്. ഇതിനുവേണ്ടി റവന്യൂ, മൈനിംഗ് & ജിയോളജി, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ അനുമതി ആവശ്യമുണ്ട്. മാത്രമല്ല, പല ഘട്ടങ്ങളിലും പൊതുജനാഭിപ്രായം തേടുകയും അവരുടെ അഭിപ്രായങ്ങൾ പരിഗണിക്കേണ്ടതുമായിട്ടുണ്ട്. ഇതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ നിശ്ചിത സമയപരിധി നിഷ്കർഷിച്ചിട്ടുണ്ട്. ഇതുകൂടാതെ കമ്പനി സമർപ്പിച്ച അപേക്ഷകളിൽ പോരായ്മകൾ കണ്ടെത്തിയ അവസരങ്ങളിൽ അവയ്ക്ക് അദാനി കമ്പനിയും അവരുടെ പങ്കാളികളായ സ്വകാര്യ ക്വാറി ഉടമകളും വിശദീകരണങ്ങൾ സമർപ്പിക്കേണ്ട സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. ടി പ്രക്രിയകൾ പൂർത്തിയാക്കാൻ കാലതാമസം വരുന്നുണ്ട്.

(ഡി) ഉണ്ട്. പദ്ധതി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ചു നൽകണമെന്ന ആവശ്യവുമായി 4 അവസരങ്ങളിലാണ് അദാനി കമ്പനി സർക്കാരിനെ സമീപിച്ചിട്ടുള്ളത്. ഇവയുടെ കാരണങ്ങൾ താഴെ വിവരിക്കുന്നു:

1. 2017 ഒക്ടോബർ മാസത്തിൽ പദ്ധതി പ്രദേശത്ത് പൈലിംഗ് ടെസ്റ്റ് നടത്തവേ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചെന്ന ആക്ഷേപവുമായി പ്രദേശ നിവാസികൾ പത്ത് ദിവസത്തോളം പദ്ധതി പ്രദേശത്ത് പ്രതിഷേധം നടത്തിയതിനാൽ ടി ദിവസങ്ങളിൽ തുറമുഖ നിർമ്മാണ പ്രവൃത്തികൾ തുടരാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ സമയം ദീർഘിപ്പിച്ച് നൽകണമെന്നും അദാനി കമ്പനി ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം അംഗീകരിക്കാൻ സാധ്യമല്ലായെന്ന് പദ്ധതിയുടെ Independent Engineer (IE) റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യം നിരസിച്ചതായി അദാനി കമ്പനിയെ അറിയിച്ചിട്ടുണ്ട്.

2. 2017 നവംബറിലെ ഓഖി ചുഴലിക്കാറ്റിൽ ഡ്രഡ്ജറുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ അവ നന്നാക്കി പണികൾ പുനരാരംഭിക്കാൻ കാലതാമസം നേരിട്ടതിനാൽ പദ്ധതിയുടെ നിർമ്മാണ കാലയളവ് 16 മാസം ദീർഘിപ്പിച്ച് നൽകണമെന്ന് നിർമ്മാണ കമ്പനി ആവശ്യപ്പെടുകയുണ്ടായി. പദ്ധതിയുടെ Independent Engineer (IE) ഈ അവകാശവാദം പരിശോധിച്ച് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അദാനി കമ്പനിയുടെ ആവശ്യം നിരസിക്കുകയുണ്ടായി.

3. 2018 ജൂലൈ മാസത്തിൽ ഉണ്ടായ രണ്ട് ദിവസത്തെ കടൽക്ഷോഭം നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിച്ചതിനാൽ കാലാവധി നീട്ടിനൽകണമെന്ന നിർമ്മാണ കമ്പനിയുടെ ആവശ്യത്തിന്മേൽ Independent Engineer (IE)-ടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. അവരുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

4. പാറ ഖനനത്തിനായുള്ള പാരിസ്ഥികാനുമതിയുമായി ബന്ധപ്പെട്ട് 2018 ഡിസംബറിൽ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ (NGT) പുറപ്പെടുവിച്ച ഉത്തരവ് കാരണം ഖനനാനുമതികൾ നേടിയെടുക്കുവാൻ കാലതാമസം നേരിടുന്നതിനാൽ പദ്ധതി പൂർത്തീകരിക്കാൻ കൂടുതൽ സമയം വേണ്ടിവരുമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ നിയമവിദഗ്ദ്ധർ പരിശോധിച്ച് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വാദം നിരസിച്ചതായി അദാനി കമ്പനിയെ അറിയിച്ചിട്ടുണ്ട്.

**തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ**

374 (393) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u>:
<u>ശ്രീ. കെ. ആൻസലൻ</u>:
<u>ശ്രീ. എസ്. ശർമ്മ</u>:
<u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിടേതര തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് രൂപീകരിച്ച കേരള മാരിടൈം ബോർഡ് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) അഴീക്കൽ തുറമുഖ വികസനത്തിനായി രൂപീകരിച്ച പ്രത്യേകോദ്ദേശ്യ സ്ഥാപന (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)ത്തിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമായ പദ്ധതി രേഖ തയ്യാറായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ചരക്കു ഗതാഗതത്തിന്റെ ഒരു ഗണ്യമായ പങ്ക് തീരക്കടലിലൂടെയും കനാലുകളിലൂടെയുമാക്കിത്തീർക്കുകയെന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 16-9-2017-ൽ കേരള മാരിടൈം ബോർഡ് ആക്ട് 2017 നിലവിൽ വന്നു. ജി.ഒ.(എം.എസ്.)നമ്പർ 1/2018/മതുവ തീയതി 2-2-2018 പ്രകാരം കേരള മാരിടൈം ബോർഡ് അംഗങ്ങളെ നിയോഗിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ചെയർമാൻ ഉൾപ്പെടെയുള്ള ബോർഡ് അംഗങ്ങൾ 25-7-2018-ന് ചുമതല ഏൽക്കുകയും ചെയ്തു. 2-5-2019-ലെ S.R.O.315/2019 പ്രകാരം കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷനും കേരള മാരിടൈം സൊസൈറ്റിയും സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ടും S.R.O. 316/2019 പ്രകാരം, തുറമുഖ ഡയറക്ടറേറ്റിന്റെ എല്ലാ ആസ്തികളും ബാദ്ധ്യതകളും കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കിക്കൊണ്ടും തുറമുഖ കാര്യാലയങ്ങളിലെയും തുറമുഖ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും ബോർഡിലേക്ക് കൈമാറ്റം ചെയ്തുകൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചു. കേരള മാരിടൈം ബോർഡ് റൂൾ രൂപീകരണം സംബന്ധിച്ച നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) അഴീക്കൽ തുറമുഖ വികസനത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി അഴീക്കൽ പോർട്ട് ലിമിറ്റഡ് എന്ന പ്രത്യേക കമ്പനി 6-3-2018-ന് രൂപീകരിച്ചു. തുറമുഖ വികസനത്തിനുവേണ്ടി Detailed Project Report തയ്യാറാക്കുന്നതിനായി 2018 മേയ് മാസത്തിൽ കൺസൾട്ടന്റിനെ നിയമിച്ചു. പാരിസ്ഥിതിക അനുമതിയുടെ വിശദമായ പദ്ധതി രേഖയും തയ്യാറാക്കുന്നതിനുവേണ്ടി സാങ്കേതിക കൺസൾട്ടന്റിനെ മെയ് 2018-ൽ നിയമിച്ചു. പ്രാരംഭ പഠനങ്ങളുടെ അടിസ്ഥാനത്തിൽ മാസ്റ്റർപ്ലാനും പദ്ധതിയുടെ പ്ലാനും പ്രാരംഭ റിപ്പോർട്ടും Techno Economic Feasibility Report-ഉം തയ്യാറാക്കിയിട്ടുണ്ട്. പാരിസ്ഥിതിക പഠനവും Soil Investigation-ഉം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ച് ചരക്ക് യാത്രാഗതാഗതം ഗണ്യമായ തോതിൽ ആരംഭിക്കുന്നതിനാണ് സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി 2013 നവംബറിൽ ആരംഭിച്ചത്. ഇത് പ്രാരംഭഘട്ടത്തിൽ കൊല്ലത്തും പിന്നീട് ബേപ്പൂർ അഴീക്കൽ തുറമുഖങ്ങളിലും നടപ്പാക്കിവരുന്നു. അഴീക്കൽ തുറമുഖത്ത് കോസ്റ്റൽ ഷിപ്പിംഗ് ഓപ്പറേഷൻ 24-2-2019-ന് ഫ്ലാഗ് ഓഫ് ചെയ്തു. 2030-ഓടെ നിലവിൽ റോഡ്/റെയിൽ മാർഗ്ഗം നീക്കംചെയ്യുന്ന ചരക്കിന്റെ 50% തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നർ നീക്കത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നൽകിവന്നിരുന്ന ഇൻസെന്റീവ് മെട്രിക് ടണ്ണിന് 3 രൂപ ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികളും വിഭാവന ചെയ്തുവരുന്നുണ്ട്.

ചരക്ക് ഗതാഗതത്തിന്റെ ഒരു പങ്ക് ജലപാതകളിലൂടെയാക്കുക എന്ന ലക്ഷ്യത്തോടെ കോവളം മുതൽ നീലേശ്വരം വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാൽ ചരക്ക് ഗതാഗതം സാധ്യമാകും വിധം നവീകരിക്കുക, ഇതോടനുബന്ധിച്ചുള്ള കാർഗോ ടെർമിനലുകൾ, ബോട്ട് ജെട്ടികൾ എന്നിവ നവീകരിക്കുക, ടൂറിസ്റ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങൾ ഉൾനാടൻ ജലഗതാഗത പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നു. മൂന്ന് ഘട്ടങ്ങളിലായിട്ടാണ് വികസന പരിപാടികൾ നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ നിലവിലുള്ള വീതിയിൽ വെസ്റ്റ് കോസ്റ്റ് കനാൽ നിർമ്മിക്കുക, 2022-ഓടെ രണ്ടാം ഘട്ടത്തിൽ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ച് നിലവിലുള്ള കനാലുകളുടെ വീതിയും ആഴവും കൂട്ടി ദേശീയപാത നിലവാരത്തിലാക്കുകയും നിലവിൽ കനാലുകളില്ലാത്ത മാഹി - വളപട്ടണം റീച്ച് കനാൽ നിർമ്മിക്കുക എന്നിവയും ലക്ഷ്യമിടുന്നു. 2025-ൽ അവസാനിക്കുന്ന മൂന്നാം ഘട്ടത്തിൽ ടൂറിസം കമ്മ്യൂണിറ്റി സെന്ററുകൾ, കാർഗോ ടെർമിനലുകൾ, സ്മാർട്ട് വാട്ടർ വേകൾ, കാര്യക്ഷമമായ സിഗ്നലുകൾ, ബോയകൾ തുടങ്ങിയവ സ്ഥാപിക്കുക വഴി കാര്യക്ഷമമായ ചരക്ക് ഗതാഗതം സാധ്യമാക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഒന്നാം ഘട്ടത്തിലെ നിർമ്മാണ പ്രവർത്തനങ്ങളും രണ്ടാം ഘട്ടത്തിനാവശ്യമായ ലാന്റ് അക്വിസിഷൻ നടപടികളും നടപ്പിലാക്കിവരുന്നു.

## തെയ്യം മ്യൂസിയം

375 (394) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ മ്യൂസിയം വകുപ്പിന് കീഴിൽ ഒരു തെയ്യം മ്യൂസിയം ആരംഭിക്കുന്നതിന് 2016-17 സാമ്പത്തിക വർഷത്തിലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. 20-8-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 308/2018/റ.വ. ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന 90 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിക്കൊണ്ട് പ്രസ്തുത ഭൂമി മ്യൂസിയം സ്ഥാപിക്കുന്നതിനായി മ്യൂസിയം വകുപ്പിന് അനുവദിച്ച് നൽകുകയും 28-2-2019-ൽ ശിലാസ്ഥാപന കർമ്മം നടത്തുകയും ചെയ്തു. തെയ്യം മ്യൂസിയത്തിന്റെ പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് 8,85,885 രൂപ സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയത്തിന്

നൽകുന്നതിനായി 14-11-2018-ലെ സ.ഉ.(സാധാ)നമ്പർ 635/2018/സാം.കാ.വ. പ്രകാരം മ്യൂസിയം വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർനടപടികൾ മ്യൂസിയം വകുപ്പ് സ്വീകരിച്ചുവരുന്നു.

## മൂന്നാറിൽ പുരാവസ്തു വകുപ്പ് മ്യൂസിയം

376 (395) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദ സഞ്ചാര മേഖലയായ മൂന്നാറിൽ മ്യൂസിയം/പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മൂന്നാറിൽ പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് മ്യൂസിയം പദ്ധതികൾ ഒന്നുംതന്നെയില്ല.

ഇടുക്കി ജില്ലയിലെ ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാറിൽ മെഴുക് മ്യൂസിയവും സാംസ്കാരിക സെന്ററും ആരംഭിക്കുവാൻ 2012-ൽ മ്യൂസിയം വകുപ്പ് നടപടികൾ ആരംഭിച്ചിരുന്നു. ഇടുക്കി ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡുമായി ആശയ വിനിമയം നടത്തുകയും തുടർന്ന് 25-2-2013-ൽ മൂന്നാറിലെ നിർദ്ദിഷ്ട സ്ഥലത്ത് പരിശോധന നടത്തുകയും തുടർന്ന് പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ നിർമ്മാണം നടത്തി മ്യൂസിയവും സാംസ്കാരിക സെന്ററും ആരംഭിക്കുന്നതിന് ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## ഉദ്ഖനന ഗവേഷണരംഗം

377 (396) ശ്രീ. രാജു എബ്രഹാം :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉദ്ഖനന ഗവേഷണരംഗത്ത് കൈവരിച്ച നിർണായക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് നിലവിൽ ഉദ്ഖനന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്;

(സി) ഉദ്ഖനനത്തിലൂടെ ലഭിക്കുന്ന ചരിത്രാവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ചരിത്രരേഖകൾ കണ്ടെത്തുന്നതിന് സംസ്ഥാന സാക്ഷരതാ മിഷനുമായി ചേർന്ന് നടത്തുന്ന ചരിത്രരേഖാസർവ്വേയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ പൂവമ്പായി, വിയ്യൂർ, ഇച്ചന്നൂർ, നെല്ലൂർ എന്നീ സ്ഥലങ്ങളിൽ കണ്ടെത്തിയ മഹാശിലായുഗ സ്മാരകങ്ങളിൽ ശ്രദ്ധേയമായ ഉദ്ഖനനങ്ങൾ വകുപ്പ് നടത്തുകയുണ്ടായി. 2000 വർഷത്തിലധികം പഴക്കമുള്ള മഹാശിലായുഗ സ്മാരകങ്ങളിൽ നിന്നും കറുപ്പും ചുവപ്പും കലർന്ന വിവിധ തരത്തിലുള്ള മൺപാത്രങ്ങൾ, ഇരുമ്പായുധങ്ങൾ, മുത്തുമണികൾ, വെള്ളാരംകല്ലിൽ നിർമ്മിച്ച മദ്ധ്യശിലായുഗത്തിലെ സൂക്ഷ്മശിലായുധങ്ങൾ എന്നിവ ലഭിക്കുകയുണ്ടായി. പിന്നീട് കൊച്ചി രാജവംശമെന്ന് അറിയപ്പെട്ട മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആസ്ഥാനമായ പെരുമ്പടപ്പിലെ ഏക ശേഷിപ്പായ വലിയ കിണറിൽ വിപുലമായ ഉദ്ഖനനം വകുപ്പ് നടത്തുകയുണ്ടായി. പത്തനംതിട്ട ജില്ലയിലെ ആറന്മുള പഞ്ചായത്തിൽ പമ്പ നദീതട തീരത്ത് വിവിധ തരത്തിലുള്ള കളിമൺ ശിൽപ്പങ്ങൾ വകുപ്പ് ഉദ്ഖനനം നടത്തി കണ്ടെത്തിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് സെമിനാറും നടത്തി.

(ബി) നിലവിൽ ഒരു സ്ഥലത്തും ഉദ്ഖനനം നടത്തുന്നില്ല.

(സി) ഉദ്ഖനനത്തിലൂടെ ലഭിക്കുന്ന ഒട്ടുമിക്ക പുരാവസ്തുക്കളും അതത് പ്രദേശങ്ങളുടെ പരിധിയിൽ വരുന്ന മ്യൂസിയങ്ങളിൽ സൂക്ഷിക്കാറുണ്ട്. ആറന്മുളയിൽ നിന്നും ലഭിച്ച വസ്തുക്കൾ അവിടെ പ്രാദേശിക മ്യൂസിയം സജ്ജീകരിച്ച് സൂക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കേരളത്തിന് അതിവിശാലമായ ഒരു ചരിത്ര ശേഖരമുണ്ട്. കേരളത്തിന്റെ ഈ ചരിത്ര പൈതൃകങ്ങളെ സംരക്ഷിക്കേണ്ടത് അനിവാര്യമായ ഒരു സാംസ്കാരിക ദൗത്യമാണ്. എന്നാൽ നമ്മുടെ സംസ്കൃതിയുടെ ഓർമ്മകളായ ഈ ചരിത്രരേഖകൾ ശേഖരിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം ജനങ്ങൾ വേണ്ടവിധം മനസ്സിലാക്കുന്നില്ല. ഇത് മറികടക്കുന്നതിനായി സംസ്ഥാന പുരാരേഖാ വകുപ്പ് ജനകീയ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി കേരളത്തിലുടനീളം ചരിത്ര രേഖാ സർവ്വേയും വിവിധ ബോധവത്കരണ

പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന സാക്ഷരതാമിഷന്റെ സഹകരണത്തോടെ സംഘടപ്പിച്ച ചരിത്രരേഖാ സർവ്വെ പദ്ധതിയുടെ ഉദ്ഘാടനം 2019 മേയ് 9-ാം തീയതി പ്രശസ്ത കവിയും ജ്ഞാനപീഠ ജേതാവുമായ ശ്രീ. ഒ. എൻ. വി. കുറുപ്പിന്റെ വസതിയിൽ വച്ച് അദ്ദേഹത്തിന്റെ സ്വകാര്യ ശേഖരത്തിലെ കൈയെഴുത്ത് പ്രതികളും അപൂർവ്വങ്ങളായ പുസ്തകങ്ങളും ഏറ്റുവാങ്ങിക്കൊണ്ട് നിർവ്വഹിക്കുകയുണ്ടായി.

ചരിത്രരേഖാ സർവ്വേ നടത്തുക, ചരിത്രരേഖാ സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുക, ചരിത്രരേഖാ സംരക്ഷണത്തെക്കുറിച്ച് പ്രേരക്മാർക്കും തുടർവിദ്യാഭ്യാസ പ്രവർത്തകർക്കും പരിശീലനം നൽകുക, ജനകീയ പങ്കാളിത്തത്തോടെ ചരിത്രരേഖാ സർവ്വേയും ചരിത്രരേഖാ സംരക്ഷണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള ചരിത്രരേഖാ സർവ്വേ സാക്ഷരതാ മിഷന്റെ 642 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുകയുണ്ടായി. അതിലേയ്ക്കായി സെന്റർ കോ-ഓർഡിനേറ്റർമാരായ പ്രേരക്മാർക്കും തുടർവിദ്യാഭ്യാസ പ്രവർത്തകർക്കും പരിശീലനം, ജനകീയ സംഘാടക സമിതികളുടെ രൂപീകരണം, സർവ്വേ ഫോറം അച്ചടി വിതരണം, സർവ്വേ സംഘാടനവും ചരിത്രരേഖാ പ്രദർശനവും ചരിത്രരേഖാ സർവ്വെ, അവലോകന യോഗങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സമയബന്ധിതമായി നടത്തിയിട്ടുണ്ട്. പുരാരേഖാ വകുപ്പ് സാക്ഷരതാ മിഷനുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ചരിത്ര രേഖകളുടെ രജിസ്റ്റർ തയ്യാറാക്കൽ, പ്രാഥമിക സംരക്ഷണ പ്രവർത്തനങ്ങൾ നൽകൽ തുടങ്ങിയ തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നു.

## മാനന്തവാടി പഴശ്ശി കുടീരം

378 (397) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി പഴശ്ശി കുടീരത്തിന് നിലവിൽ എത്ര ഭൂമിയാണ് കൈവശമുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇവിടെ എത്ര ജീവനക്കാരുണ്ട്;

(സി) പഴശ്ശി കുടീരത്തിന്റെ പ്രവർത്തനം വൈവിധ്യവത്കരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) വയനാട് ജില്ലയിലെ മാനന്തവാടി പഴശ്ശി കുടീരവും ചുറ്റുമുള്ള 1.9146 ഹെക്ടർ ഭൂമിയും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്.

(ബി) മാനന്തവാടി പഴശ്ശി കുടീരത്തിൽ 3 സ്ഥിരം ജീവനക്കാരും 9 താൽക്കാലിക ജീവനക്കാരും ഉണ്ട്.

(സി) സന്ദർശകർക്ക് പുതിയ ഒരു അനുഭവം ഉണ്ടാകുന്ന തരത്തിൽ പഴശ്ശി കുടീരം മ്യൂസിയത്തിലാണ് വയനാട് ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്നത്. അതുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവർത്തനങ്ങളെന്ന നിലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പരിസര വികസന പദ്ധതി ആവിഷ്കരിച്ചു. പ്രദർശന വസ്തുക്കളുടെ വൈവിദ്ധ്യവത്കരണം നടത്തി നവീന രീതിയിലുള്ള മ്യൂസിയമായി സജ്ജീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോയിക്കൽ കൊട്ടാരം നവീകരണം

379 (398) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കോയിക്കൽ കൊട്ടാരം നവീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

കോയിക്കൽ കൊട്ടാരത്തെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുകയാണുണ്ടായത്.

ഇതിലേയ്ക്കായി കേന്ദ്ര സർക്കാർ ഒന്നാം ഗഡുവായി അനുവദിച്ചിരുന്ന തുക മുഴുവനും ഉപയോഗിച്ചിട്ടുള്ള സാഹചര്യത്തിൽ വകുപ്പിന്റെ തനത് ഫണ്ടിൽ നിന്നും 35,46,288 രൂപ ചെലവഴിച്ചാണ് മ്യൂസിയം പുനരുദ്ധാരണ പണികൾ പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുള്ളത്.

പ്രദർശന വസ്തുക്കൾ പ്രദർശിപ്പിക്കുന്ന ഷോകേസുകളിൽ ലൈറ്റിംഗ് സംവിധാനം കെൽട്രോൺ മുഖേന സജ്ജീകരിച്ചു. പ്രദർശന വസ്തുക്കളുടെ കൺസർവേഷൻ പണികൾ നടത്തി. പ്രദർശന വസ്തുക്കളുടെ ഡിസ്പ്ലേ, താഴത്തെയും മുകളിലത്തെയും നിലകളിൽ കാർപ്പെറ്റ് വിരിക്കൽ എന്നീ പണികളും പൂർത്തിയാക്കി. വീഡിയോ ഡോക്യുമെന്ററി (ഫോക് ആട്സ്) ലേബൽ, ഡിസ്ക്രിപ്ഷൻ ബോർഡുകൾ എന്നിവയുടെ സജ്ജീകരണം, ഡോക്യുമെന്റേഷൻ, പെയിന്റിംഗ്, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവയും നിർവ്വഹിച്ചിട്ടുണ്ട്. പ്രദർശന വസ്തുക്കളുടെ രാസസംരക്ഷണം നടത്തിയിട്ടുണ്ട്. കോയിക്കൽ

കൊട്ടാരത്തിന്റെ പ്രധാന കവാടത്തിന്റെ പണി തീർന്നിട്ടുമുണ്ട്. കൊട്ടാരത്തിലെ നീരാഴി അറ്റകുറ്റപ്പണി തീർത്തിട്ടുമുണ്ട്. കൊട്ടാരത്തിന് ചുറ്റും മനോഹരമായ ഗാർഡൻ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. അതുപോലെ കൊട്ടാരത്തിന്റെ ചുറ്റുമതിലിന്റെ പ്രവൃത്തികളും പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. 30-5-2018-ന് മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുണ്ട്.

## മട്ടാഞ്ചേരി കോടതി കെട്ടിട സംരക്ഷണം

380 (399) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ സംരക്ഷണ പ്രവൃത്തികൾക്കായി എൻ.ഒ.സി. നൽകുന്നതിനുള്ള അധികാരം എ.എം.എ.എസ്.ആർ.ആക്ട്-ന്റെ 2010-ലെ ഭേദഗതി പ്രകാരം കോംപീറ്റന്റ് അതോറിറ്റിയായ പുരാവസ്തു വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണെന്ന ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ തൃശ്ശൂർ സർക്കിളിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

### ഉത്തരം

AMASR - Act, 2010 ഭേദഗതി പ്രകാരം ASI-യുടെ സംരക്ഷിത സ്മാരകങ്ങൾക്ക് ചുറ്റുമുള്ള നിരോധിത/നിയന്ത്രിത പ്രദേശങ്ങളിൽ റിപ്പയർ, റിനവേഷൻ, റീകൺസ്ട്രക്ഷൻ, കൺസ്ട്രക്ഷൻ എന്നിവയ്ക്ക് അനുമതിക്കായുള്ള (NOC) അപേക്ഷ നിർദ്ദിഷ്ട മാതൃകയിൽ സ്വീകരിച്ച് സൈറ്റ് പരിശോധന നടത്തി റിപ്പോർട്ട് സഹിതം ന്യൂഡൽഹിയിലുള്ള നാഷണൽ മോണുമെന്റ് അതോറിറ്റിക്ക് മുന്നിൽ സമർപ്പിക്കേണ്ട ഉത്തരവാദിത്തം കോമ്പീറ്റന്റ് അതോറിറ്റിയിൽ നിക്ഷിപ്തമാണ്. നാഷണൽ മോണുമെന്റ് അതോറിറ്റിയിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട കക്ഷികൾക്ക് കോമ്പീറ്റന്റ് അതോറിറ്റി എന്ന നിലയിൽ പുരാവസ്തു വകുപ്പ് ഡയറക്ടർ അനുമതി നൽകുന്നതാണ്. നിലവിൽ മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ സംരക്ഷണ പ്രവർത്തികൾക്കായി NOC-ക്ക് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ കോമ്പീറ്റന്റ് അതോറിറ്റിയുടെ ഓഫീസിൽ ലഭ്യമായിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2, 9, 14, 16, 25, 65, 74, 89, 104, 105, 111, 135, 148, 166, 201, 210, 212, 242, 262 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് വിഭാഗത്തിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 a.m.]

## II തിരുത്തിയ ഉത്തരം

### നക്ഷത്രചിഹ്നമിടാത്ത 385-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ 28-11-2018-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 385-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ 28-11-2018-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 385-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III ചരമോപചാരം

### വി.ജെ. തങ്കപ്പൻ, വി. വിശ്വനാഥ മേനോൻ, കടവൂർ ശിവദാസൻ, റോസമ്മ ചാക്കോ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ മന്ത്രിയും സി.പി.ഐ.(എം.) നേതാവുമായ വി. ജെ. തങ്കപ്പൻ, ആദ്യകാല കമ്മ്യൂണിസ്റ്റും മുൻ മന്ത്രിയും എം.പി.യുമായിരുന്ന വി. വിശ്വനാഥമേനോൻ, മുൻമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന കടവൂർ ശിവദാസൻ, മുൻ നിയമസഭാംഗം റോസമ്മ ചാക്കോ എന്നിവർ അടുത്തിടെ നിര്യാതരായി.

### വി. ജെ. തങ്കപ്പൻ

മുൻ മന്ത്രിയും സി.പി.ഐ.(എം.) നേതാവുമായ വി. ജെ. തങ്കപ്പൻ 2019 മാർച്ച് 9-ന് നിര്യാതനായി.

1934 ഏപ്രിൽ 20-ന് തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്ത് ജനിച്ചു. ബാലരാമപുരം സർക്കാർ സ്കൂളിൽനിന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് എം.ജി. കോളേജിലും യൂണിവേഴ്സിറ്റി കോളേജിലുമായി കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി. ലാ കോളേജിൽനിന്നും ബി.എൽ. ബിരുദം നേടിയശേഷം തിരുവനന്തപുരം, നെയ്യാറ്റിൻകര കോടതികളിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്തു.

---

* അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

1963-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിലൂടെ പൊതുരംഗത്തെത്തി. 1968-ൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട തോടെയാണ് സജീവ രാഷ്ട്രീയത്തിലേക്ക് ചുവടുവച്ചത്. 1979 മുതൽ 1983 വരെ നെയ്യാറ്റിൻകര നഗരസഭ ചെയർമാനായി പ്രവർത്തിച്ചു. 1983-ൽ നടന്ന ഉപതെരഞ്ഞെടുപ്പിലും 1987, 1991-ലെ തെരഞ്ഞെടുപ്പുകളിലും യഥാക്രമം ഏഴ്, എട്ട് കേരള നിയമസഭകളിൽ നേമം മണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗമായി. 2006-ൽ നെയ്യാറ്റിൻകര മണ്ഡലത്തിൽനിന്നും വിജയിച്ച് പന്ത്രണ്ടാം കേരള നിയമസഭയിലെത്തിയ അദ്ദേഹം പ്രോട്ടെം സ്പീക്കറായി പ്രവർത്തിച്ചു. 1987-ലെ ഇ. കെ. നായനാർ മന്ത്രിസഭയിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്നു. 1995-96 കാലഘട്ടത്തിൽ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി ചെയർമാൻ, 1998 മുതൽ 2001 വരെ മൂന്നാമത് ഭരണ പരിഷ്കാര കമ്മിറ്റി വൈസ് ചെയർമാൻ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചു.

ഭരണഘടനാ ഭേദഗതിയിലൂടെ നിലവിലുള്ള പഞ്ചായത്ത് ഭരണ സംവിധാനം നിലവിൽ വരുന്നതിനുമുമ്പ് തന്നെ കേരളത്തിൽ അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനായി ജില്ലാ കൗൺസിൽ സംവിധാനം നിലവിൽ വന്നത് 1991-ൽ നായനാർ മന്ത്രിസഭയിൽ വി. ജെ. തങ്കപ്പൻതദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയായപ്പോഴായിരുന്നു. എല്ലാ പഞ്ചായത്തുകളിലും ഗ്രന്ഥശാല, കളിക്കളം, ശിശുമന്ദിരം, ശ്മശാനം, ജലവിതരണ പദ്ധതികൾ എന്നിവ ഉൾപ്പെടുത്തിയുള്ള പതിനൊന്നിന പരിപാടി ഏറ്റവും ഫലപ്രദമായി നടപ്പിലാക്കിയതും അദ്ദേഹം മന്ത്രിയായിരുന്നപ്പോഴായിരുന്നു. സമ്പൂർണ്ണ സാക്ഷരതാ യജ്ഞം വിജയിപ്പിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പങ്കാളിയാക്കുന്നതിൽ അദ്ദേഹം കാട്ടിയ ശുഷ്കാന്തി അവിസ്മരണീയമാണ്. പുതിയ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നപ്പോൾ കേരളത്തിൽ അത് നടപ്പാക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ച ഡോ. എസ്. ബി. സെൻ കമ്മീഷന്റെ ഉപാദ്ധ്യക്ഷനായിരുന്നു വി. ജെ. തങ്കപ്പൻ. കമ്മിറ്റിയിലെ എല്ലാ അംഗങ്ങളുടെയും അഭിപ്രായങ്ങൾ ക്രോഡീകരിച്ച് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന അത്യന്തം സൂക്ഷ്മതയോടും ഭാവനയോടും കൂടിയ പഠനങ്ങളുടെയും നിരീക്ഷണങ്ങളുടെയും ഫലമായാണ് അധികാര വികേന്ദ്രീകരണത്തിൽ ദേശീയ മാതൃകയായി മാറിയ

ജനകീയാസൂത്രണം ഉരുത്തിരിഞ്ഞ് വന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശരിയായ പ്രാദേശിക സർക്കാരുകളാക്കി മാറ്റാൻ തടസ്സമായി നിന്ന മുപ്പതിൽപ്പരം നിയമങ്ങളെയും ചട്ടങ്ങളെയും ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് എന്ന ഒറ്റ നിയമത്തിലൂടെ ഭേദഗതി ചെയ്തതിന്റെ മുഖ്യ സൂത്രധാരൻ വി. ജെ. തങ്കപ്പൻ ആയിരുന്നു. 1997-ൽ ഇ. കെ. നായനാർ അദ്ധ്യക്ഷനായ ഭരണപരിഷ്കാര കമ്മീഷനിലെ ഉപാദ്ധ്യക്ഷനായരുന്നു വി. ജെ. തങ്കപ്പൻ. ഇപ്പോൾ പ്രാവർത്തികമാക്കാൻ പോകുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പ്രസ്തുത കമ്മീഷന്റെ ശിപാർശയായിരുന്നു.

വി. ജെ. തങ്കപ്പന്റെ നിര്യാണത്തോടെ വിനയപൂർവ്വമായ പെരുമാറ്റംകൊണ്ട് രാഷ്ട്രീയ പ്രതിയോഗികളുടെപോലും മനം കവർന്ന ഒരു ജനകീയ നേതാവിനെയും കർമ്മയോഗിയെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

**വി. വിശ്വനാഥ മേനോൻ**

ആദ്യകാല കമ്മ്യൂണിസ്റ്റും മുൻമന്ത്രിയും എം.പി.യുമായിരുന്ന വി. വിശ്വനാഥമേനോൻ 2019 മേയ് 3-ന് അന്തരിച്ചു.

അഭിഭാഷകനായിരുന്ന അമ്പാടി നാരായണ മേനോന്റെയും വടക്കൂട്ട് ലക്ഷ്മിക്കുട്ടി അമ്മയുടെയും മകനായി 1927 ജനുവരി 15-ന് എറണാകുളം ജില്ലയിൽ ജനിച്ചു. ശ്രീരാമവർമ്മ ഹൈസ്കൂൾ, മഹാരാജാസ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം, 1956-ൽ കേരള ഹൈക്കോടതിയിൽ അഭിഭാഷകനായി.

വിദ്യാർത്ഥിയായിരിക്കെ സ്വാതന്ത്ര്യ സമരത്തിലും രാഷ്ട്രീയ പ്രവർത്തനത്തിലും സജീവമായി. അഖിലകൊച്ചി വിദ്യാർത്ഥി ഫെഡറേഷന്റെ ജനറൽ സെക്രട്ടറിയായിരുന്നു. 1940-ൽ യുദ്ധഫണ്ട് ശേഖരണാർത്ഥം ബ്രിട്ടന്റെ ദേശീയപതാകയായ യൂണിയൻ ജാക്ക് എറണാകുളത്തെ സ്കൂളുകളിൽ വിൽക്കുവാൻ തീരുമാനിച്ചതിനെതിരെ പ്രവർത്തിച്ച് 13-ാം വയസ്സിൽ അറസ്റ്റ് വരിച്ചു. 1947-ൽ സ്വാതന്ത്ര്യദിനത്തിൽ മഹാരാജാസ് കോളേജിൽ ദേശീയ പതാകയ്ക്കൊപ്പം കൊച്ചിരാജാവിന്റെ പതാകകൂടി ഉയർത്തണമെന്ന തീരുമാനത്തിൽ പ്രതിഷേധിച്ച് രാജാവിന്റെ പതാക കത്തിച്ചതിനെത്തുടർന്ന് മഹാരാജാസ് കോളേജിൽ നിന്നും പുറത്താക്കി. 1945-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായി. 1950 ഫെബ്രുവരി 28-ന്

നടന്ന ഇടപ്പള്ളി പോലീസ് സ്റ്റേഷൻ ആക്രമണകേസിൽ പ്രതിയായ വിശ്വനാഥമേനോൻ ഡൽഹിയിൽ അറസ്റ്റിലാകുകയും തിഹാർ ജയിലിൽ ഏകാന്ത തടവ് അനുഭവിക്കുകയും ചെയ്തു. സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി അംഗം, സി.ഐ.ടി.യു. അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം, കൊച്ചിൻ യൂണിവേഴ്സിറ്റി സെനറ്റംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 1956-ൽ എറണാകുളം മുനിസിപ്പൽ കൗൺസിൽ അംഗമായി. 1967-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എറണാകുളം മണ്ഡലത്തിൽ നിന്നും പാർലമെന്റംഗമായി. 1974-ൽ രാജ്യസഭാംഗമായി. 1987-ൽ തൃപ്പൂണിത്തുറ മണ്ഡലത്തിൽ നിന്ന് വിജയിച്ച് ഇ. കെ. നായനാർ മന്ത്രിസഭയിൽ ധനകാര്യ വകുപ്പുമന്ത്രിയായി. ധനകാര്യ വകുപ്പുമന്ത്രിയായിരിക്കെ 5 ബഡ്ജറ്റുകൾ അവതരിപ്പിച്ചു. വരവിനനുസരിച്ച് ചെലവ് വരുന്ന ബാലൻസ്ഡ് ബഡ്ജറ്റുകളായിരുന്നു അദ്ദേഹം അവതരിപ്പിച്ചിരുന്നത്. കാർഷിക നികുതിക്ക് കോമ്പൗണ്ടിംഗ് ഏർപ്പെടുത്തിയതും ലോട്ടറി വിൽപ്പനക്കാർക്കുള്ള ക്ഷേമനിധി നടപ്പിലാക്കിയതും ട്രഷറി അടച്ചുപൂട്ടൽ നിർത്തലാക്കിയതും അദ്ദേഹത്തിന്റെ കാലത്തായിരുന്നു.

കേരള നിയമസഭയിലും രാജ്യസഭയിലും ലോക്സഭയിലും അംഗമാകാൻ അവസരം ലഭിച്ച ചുരുക്കം ചില നേതാക്കളിൽ ഒരാളായിരുന്നു വി. വിശ്വനാഥമേനോൻ. 'കാലത്തിനൊപ്പം മായാത്ത ഓർമ്മകൾ' ആത്മകഥയാണ്. ഗാന്ധിജിയുടെ പീഡാനുഭവങ്ങൾ (നാടക വിവർത്തനം), മറുവാക്ക് (ലേഖന സമാഹാരം) എന്നിവയുടെ രചയിതാവാണ്.

വി. വിശ്വനാഥമേനോന്റെ നിര്യാണത്തോടെ സ്വാതന്ത്ര്യസമരത്തിന് കേരളം സംഭാവന ചെയ്ത ഒരു പോരാളിയേയും ഒരു മാതൃകാ പൊതുപ്രവർത്തകനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## കടവൂർ ശിവദാസൻ

മുൻമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന കടവൂർ ശിവദാസൻ 2019 മേയ് 17-ന് അന്തരിച്ചു.

കടവൂർ ശ്രീമംഗലത്ത് മുതലകത്ത് എം. കേശവന്റെയും ലക്ഷ്മിയുടെയും മകനായി 1932 മാർച്ച് 11-ന് ജനിച്ചു. കൊല്ലം എസ്.എൻ. കോളേജിൽ നിന്ന്

ബിരുദം നേടി, എറണാകുളം ലാ കോളേജിൽ നിന്ന് നിയമബിരുദം നേടുകയും തുടർന്ന് കൊല്ലം ജില്ലാ കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുകയും ചെയ്തു. ആർ.എസ്.പി.-യുടെ വിദ്യാർത്ഥി വിഭാഗമായ പ്രോഗ്രസീവ് സ്റ്റുഡന്റ് യൂണിയനിലൂടെ രാഷ്ട്രീയ ജീവിതം തുടങ്ങി. എറണാകുളം ലാ കോളേജിൽ പഠിക്കുമ്പോൾ പി.എസ്.യു. സംസ്ഥാന പ്രസിഡന്റായി. കെ.പി.യു.ടി.യു.സി. സംസ്ഥാന ജനറൽ സെക്രട്ടറി, ആർ.എസ്.പി.(എസ്) സംസ്ഥാന ജനറൽ സെക്രട്ടറി പദവികളും വഹിച്ചു. പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്ന അദ്ദേഹം 2 തവണ കെ.പി.സി.സി. ജനറൽ സെക്രട്ടറിയായും 6 വർഷം കൊല്ലം ഡി.സി.സി. പ്രസിഡന്റായും പ്രവർത്തിച്ചു. കെ.പി.സി.സി. നിർവ്വാഹക സമിതി അംഗവും എ.ഐ.സി.സി. അംഗവുമായി പ്രവർത്തിച്ചുവരികയായിരുന്നു.

1980-ൽ കൊല്ലം നിയമസഭാ മണ്ഡലത്തിൽ നിന്നും ആർ.എസ്.പി. പ്രതിനിധിയായാണ് കടവൂർ ശിവദാസൻ ആറാം കേരള നിയമസഭയിലെത്തുന്നത്. തുടർന്ന് 7, 9, 11 നിയമസഭകളിൽ അംഗമായിരുന്നു. കെ. കരുണാകരൻ, ശ്രീ. എ. കെ. ആന്റണി മന്ത്രിസഭകളിൽ 4 തവണ മന്ത്രിയായിരുന്നു. തൊഴിൽ, എക്സൈസ്, വൈദ്യുതി, ആരോഗ്യം, വനം, ഗ്രാമവികസനം, ഭവനനിർമ്മാണം എന്നീ വകുപ്പുകൾ അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്. കടവൂർ ശിവദാസൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് രാജ്യത്ത് ആദ്യമായി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്. വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നപ്പോൾ ബോർഡിൽ വരുത്തിയ പരിഷ്കാരങ്ങൾ വൈദ്യുതി വിതരണ രംഗത്ത് കാര്യമായ മാറ്റങ്ങൾക്ക് വഴിതെളിച്ചു. കശുവണ്ടി മേഖലയിലെ സഹകരണ സ്ഥാപനമായ കാപ്പെക്സ് രൂപീകരിച്ചതും അദ്ദേഹമാണ്. 1985-ൽ ജനീവയിൽ നടന്ന രാജ്യാന്തര ലേബർ കോൺഗ്രസ്സിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ച കടവൂർ വിവിധ സെഷനുകളിലായി 41 പ്രസംഗങ്ങൾ നടത്തുകയുണ്ടായി.

രാഷ്ട്രീയത്തിൽ മാത്രമല്ല, ആത്മീയ കാര്യങ്ങളിലും അറിവ് പ്രകടിപ്പിച്ച ആളായിരുന്നു കടവൂർ ശിവദാസൻ. മികച്ച സംസ്കൃത പണ്ഡിതനും ശ്രീനാരായണ ദർശനങ്ങളിൽ അഗാധ പാണ്ഡിത്യവുമുള്ള അപൂർവ്വം രാഷ്ട്രീയ നേതാക്കളിൽ ഒരാളായിരുന്നു അദ്ദേഹം. രാഷ്ട്രീയവും, സാംസ്കാരികവും ആദ്ധ്യാത്മികവുമായ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനുള്ള ഉൾക്കാഴ്ച അദ്ദേഹത്തിനുണ്ടായിരുന്നു.

കടവൂർ ശിവദാസന്റെ നിര്യാണത്തോടെ മികവുറ്റ ഒരു സാമൂഹ്യ പ്രവർത്തകനെയും ട്രേഡ് യൂണിയൻ നേതാവിനെയും ഭരണ തന്ത്രജ്ഞനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

**റോസമ്മ ചാക്കോ**

മുൻ നിയമസഭാംഗം റോസമ്മ ചാക്കോ 2019 മാർച്ച് 14-ന് അന്തരിച്ചു. 8, 9, 10 നിയമസഭകളിൽ അംഗമായിരുന്നു. കോട്ടയം ജില്ലയിലെ തോട്ടയ്ക്കാട്, കൊണ്ടോടിക്കൽ, സി. ചാക്കോയുടെയും മറിയാമ്മ ചാക്കോയുടെയും മകളായി 1927 മാർച്ച് 17-ന് റോസമ്മ ചാക്കോ ജനിച്ചു. സ്വാതന്ത്ര്യസമര സേനാനിയും കോൺഗ്രസ് പ്രവർത്തകനുമായ പിതാവിന്റെ വഴി തെരഞ്ഞെടുത്ത റോസമ്മ ചാക്കോ അദ്ധ്യാപകവൃത്തിയിൽ നിന്നും മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകയായി മാറി. കേരള രാഷ്ട്രീയത്തിൽ വനിതകൾ സജീവമാകുന്നതിന് മുമ്പെ രാഷ്ട്രീയ പ്രവർത്തനം നടത്തിയ നേതാവാണ് റോസമ്മ ചാക്കോ. 1987-ൽ ഇടുക്കി നിയോജകമണ്ഡലത്തിൽ നിന്ന് ആദ്യമായി നിയമസഭാംഗമായി. തുടർന്ന് 9-ാം കേരള നിയമസഭയിൽ ചാലക്കുടിയിൽ നിന്നും 10-ാം കേരള നിയമസഭയിൽ മണലൂര് നിന്നും നിയമസഭയിലെത്തി. എ.ഐ.സി.സി. അംഗം, കെ.പി.സി.സി. വൈസ് പ്രസിഡന്റ്, കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ, മഹിള കോൺഗ്രസ് ജനറൽ സെക്രട്ടറി, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സൺ, ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ്, സോഷ്യൽ വെൽഫെയർ ബോർഡ് ചെയർപേഴ്സൺ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡ് ചെയർ പേഴ്സണായിരിക്കെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ഒട്ടനവധി പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ ശ്രമിച്ചു.

റോസമ്മ ചാക്കോയുടെ നിര്യാണത്തോടെ മികവുറ്റ ഒരു സാമാജികയെയും ഒരു മാതൃകാ സാമൂഹ്യ പ്രവർത്തകയെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## IV ചെയർമാൻമാരുടെ പാനൽ

<u>മി. സ്പീക്കർ</u>: സർവ്വശ്രീ റ്റി. വി. രാജേഷ്, ചിറ്റയം ഗോപകുമാർ, എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## V അടിയന്തരപ്രമേയം

### കിഫ്ബി മസാലബോണ്ട്

മി. സ്പീക്കർ: കിഫ്ബി ധനസമാഹരണത്തിനായി പുറത്തിറക്കിയ മസാല ബോണ്ട് സംബന്ധിച്ച ദുരൂഹതയും വ്യക്തതയില്ലായ്മയും ഇതിന് നൽകേണ്ട ഉയർന്ന പലിശ കാരണം സംസ്ഥാനത്തിനുണ്ടാകുന്ന കടുത്ത സാമ്പത്തിക ഭാരവുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എസ്. ശബരീനാഥൻ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഈ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകിക്കൊണ്ട് വിഷയം സഭ ചർച്ച ചെയ്യുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സന്തോഷകരമായ കാര്യം, അത് നമുക്കെല്ലാവർക്കും ആശയ വ്യക്തത വരുത്താൻ സഹായിക്കും.

മി. സ്പീക്കർ: അടിയന്തരപ്രമേയം ചർച്ച ചെയ്യുന്നത് നല്ലതാണ്. സബ്മിഷനും ശ്രദ്ധ ക്ഷണിക്കലും കഴിഞ്ഞതിനുശേഷം അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാം.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## VI ശ്രദ്ധ ക്ഷണിക്കൽ

### (1) പ്രളയാനന്തര പുനർനിർമ്മാണം

ശ്രീ. എസ്. ശർമ്മ: സർ, പ്രളയാനന്തര പുനർനിർമ്മാണ നടപടികൾ സത്വരമായും പരാതിരഹിതമായും നിർവ്വഹിക്കുന്നതിലെ ആവശ്യകതയിലേയ്ക്കുള്ള ശ്രദ്ധ ക്ഷണിക്കലാണ് സഭയുടെ മുമ്പാകെ കൊണ്ടുവരുന്നത്. പ്രളയം നമ്മുടെ രാജ്യത്തെ വേട്ടയാടിയ ഒരു ദുരന്തമായിരുന്നു. വൻതോതിൽ നാശനഷ്ടങ്ങളും വിവരണാതീതമായ പ്രയാസങ്ങളും സൃഷ്ടിക്കപ്പെട്ട ആ സാമൂഹിക ദുരന്തത്തിൽ

നിന്നും കരകയറിയതിനുശേഷം കേരളത്തിന്റെ പുനർനിർമ്മാണ പ്രക്രിയയ്ക്ക് മാതൃകാപരമായി നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്ന എന്നുള്ള കാര്യം ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുകയാണ്. ഐക്യരാഷ്ട്രസഭയും യൂറോപ്യൻ കമ്മീഷനും ലോകബാങ്കും ജനീവയിൽ വച്ച് നടത്തിയ ലോക പുനർനിർമ്മാണ കോൺഗ്രസ്സിൽ സംസ്ഥാന മുഖ്യമന്ത്രിക്ക് മുഖ്യ പ്രഭാഷകനാകാൻ കഴിഞ്ഞത് പ്രളയ രക്ഷാദൗത്യത്തിന് നേതൃത്വം നൽകിയ സർക്കാരിന്റെ പ്രവർത്തന മികവിനും സമഗ്ര പുനർനിർമ്മാണ ലക്ഷ്യം മുന്നോട്ടുവച്ചുകൊണ്ടുള്ള നടപടികൾക്കും കേരള ചരിത്രത്തിൽ ആദ്യത്തെ അംഗീകാരമാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് ഈ പ്രവർത്തനത്തിലൂടെ ആർജ്ജിക്കാൻ കഴിഞ്ഞത്. ജനീവ സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിന് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കഴിഞ്ഞ വർഷം ആഗസ്റ്റ് 15 മുതൽ 17 വരെയുള്ള തീയതികളിൽ 4000 മില്ലിമീറ്ററോളം പെയ്ത അതിതീവ്ര മഴ സൃഷ്ടിച്ച കൊട്ടംപ്രളയം സംസ്ഥാനത്തെ 1259 വില്ലേജുകളിലെ ജനങ്ങളുടെ ജീവിത സ്വപ്നങ്ങളാണ് തകർത്തെറിഞ്ഞത്. ഭരണനേതൃത്വം സമാനതകളില്ലാത്ത ജനകീയ കൂട്ടായ്മ ഉപയോഗിച്ചും നേതൃത്വം കൊടുത്തും നടത്തിയ രക്ഷാ പ്രവർത്തനം ലോക മാതൃകയായി തീർന്നിട്ടുണ്ട്. മാതൃകാ പ്രവർത്തനത്തിലൂടെ പുനരധിവാസം കാര്യക്ഷമമായി പൂർത്തീകരിച്ച് വരികയാണ്. കൃഷി, കന്നുകാലികൾ, വ്യാപാര സ്ഥാപനങ്ങൾ, തൊഴിൽ മേഖലകൾ, തൊഴിൽ ഉപകരണങ്ങൾ തുടങ്ങിയ ജീവനോപാധികൾ നഷ്ടപ്പെട്ടത് പുനഃസ്ഥാപിക്കാനായി നടത്തിയ ഇടപെടൽ പ്രശംസനീയമായി തുടരുകയാണ്. പൂർണ്ണമായും തകർന്ന 13362 വീടുകളിൽ 9341 വീടുകൾക്ക് ധനസഹായം നൽകി. സഹകരണ സ്ഥാപനങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സഹായത്തോടെ മറ്റുള്ളവയുടെ നിർമ്മാണം നടത്തിവരുന്നു. ഭാഗീകമായി തകർന്ന 242602 വീടുകളിൽ പകുതിയോളം കുടുംബങ്ങൾക്കും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സഹായങ്ങൾ നൽകിയിട്ടുണ്ട്. ഒരു ലക്ഷത്തോളം പേർക്കാണ് കുടുംബശ്രീ മുഖേന പലിശരഹിത വായ്പ ലഭ്യമാക്കിയത്. 687843 പേർക്ക് അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്.

വിളകൾക്കുള്ള നഷ്ടപരിഹാര തുക ഇരട്ടിയാക്കിയതും കാർഷിക പുനരുദ്ധാരണത്തിന് സർക്കാർ നടത്തിയ ഇടപെടലിന്റെ ഫലമായി പ്രളയാനന്തര നെല്ലുൽപ്പാദനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർദ്ധിച്ചിരിക്കുന്നു എന്നുള്ളതും അഭിമാനകരമായ നേട്ടമാണ്. പ്രളയം തകർത്ത കേരളത്തിന്റെ സ്ഥായിയായ പുനർനിർമ്മാണമെന്നത് അതിബൃഹത്തായ പ്രവർത്തനമാണ്. ഇതിന് വേണ്ടിവരുമെന്ന് കണക്കാക്കുന്ന 36,000 കോടിയിലധികം തുക കണ്ടെത്തുകയെന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ബാഹ്യസഹായം കൂടാതെ സാധ്യമല്ല. അതിനായുള്ള സർക്കാരിന്റെ കഠിന യജ്ഞത്തിൽ വിഘ്നം സൃഷ്ടിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാർ അർഹമായ സഹായം ലഭ്യമാക്കിയില്ലെന്ന് മാത്രമല്ല, വിദേശ മലയാളികളുടെ സഹായം തേടാൻ പോലും സംസ്ഥാന സർക്കാരിനെ അനുവദിച്ചില്ല. വായ്പാ പരിധി ഉയർത്താൻ അനുമതി നൽകാതെ, കടമെടുത്തുള്ള പുനർനിർമ്മാണവും അസാധ്യമാക്കിത്തീർക്കുന്ന ദേശദ്രോഹകരമായ നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സാഹചര്യത്തിലും സമൃദ്ധമായ ഭാവി കേരളം വാർത്തെടുക്കാൻ എല്ലാ വിഭാഗം ജനങ്ങളുടേയും ജീവിത നിലവാരം മെച്ചപ്പെടുത്തി 'റീബിൽഡ് കേരള്' പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുന്നത് അഭിമാനകരമാണ്. ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്ത പ്രതിഭാസങ്ങളെ അതിജീവിക്കുന്ന തരത്തിൽ നൂതന ആശയങ്ങളും പരിസ്ഥിതി സൗഹൃദ നിർമ്മാണരീതികൾ അനുവർത്തിക്കുന്നതിനും ലോകത്തെമ്പാടുമുള്ള വിദഗ്ദ്ധരായ കേരളീയരുടെ സഹായം തേടിക്കൊണ്ടും ഇതോടൊപ്പം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ വിദേശയാത്രാ പര്യടനത്തിന്റെ ഭാഗമായി ജനീവയിൽ ചേർന്ന പ്രത്യേക സമ്മേളനത്തിൽ ക്ഷണിതാവായി പങ്കെടുത്ത് മുഖ്യാതിഥിയായി കേരളത്തിന്റെ രക്ഷാപ്രവർത്തനത്തിന്റെ അനുഭവങ്ങളെയും തുടർന്നുള്ള നിർമ്മാണ മേഖലയുടെ പങ്കുവഹിക്കാൻ ഉദ്ദേശിക്കുന്ന കാഴ്ചപ്പാടും അഭിമാനപുരസ്സരം അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളതും മലയാളികളെ സംബന്ധിച്ച് അഭിമാനകരമായ പ്രക്രിയയാണ്. പുനരധിവാസ പ്രവർത്തനത്തിന് പ്രകടമാക്കിയ ആ ചടുലതയും അതിന്റെ മാതൃകാപരമായ നേതൃത്വവും തുടർന്നും മുമ്പോട്ടുപോകേണ്ടതുണ്ട്. ഭാഗികമായി വീടുകൾ തകർന്നവർ ഉൾപ്പെടെ നാശനഷ്ടങ്ങൾ സംഭവിച്ച പലർക്കും യഥാസമയം അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ പോയിട്ടുണ്ട്. അർഹരായ ചിലർക്ക് ധനസഹായം ലഭിക്കാതെ പോയിട്ടുണ്ടെന്ന പരാതിയുമുണ്ട്. ഇത്തരം പരാതികൾക്ക് മനുഷ്യത്വപരമായ പരിഗണന നൽകി അദാലത്തുകൾ സംഘടിപ്പിച്ചുകൊണ്ടോ പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ ഏർപ്പെടുത്തിക്കൊണ്ടോ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനും പരാതിരഹിതമായി നടപടികൾ പൂർത്തീകരിക്കുന്നതിനും ഗവൺമെന്റ് മുൻകയ്യെടുക്കുമെന്ന പ്രത്യാശയോടുകൂടി ഉപസംഹരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവമായ പ്രശ്നമാണ് ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. 2018 ആഗസ്റ്റ് മാസം നമ്മുടെ സംസ്ഥാനത്തിന് നേരിടേണ്ടിവന്നത് സമാനതകളില്ലാത്ത പ്രളയമായിരുന്നു. സമസ്തമേഖലകളിലും അത് പ്രത്യാഘാതങ്ങളുണ്ടാക്കുകയും ജനജീവിതത്തെ സാരമായി ബാധിക്കുകയും ചെയ്തു. പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി, ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി കണ്ടെത്താൻ നടപടി തുടങ്ങിയവ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ലഭ്യമാക്കിയതുൾപ്പെടെ 98181 അപ്പീൽ അപേക്ഷകൾ ലഭിച്ചതിൽ 85141 എണ്ണം തീർപ്പാക്കിക്കഴിഞ്ഞു. ഇനിയും തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകൾ 2019 മേയ് മാസം അവസാനത്തോടെ തീർപ്പാക്കണമെന്ന കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ പരാതിരഹിതമായും സത്വരമായും പൂർത്തിയാക്കുന്നതിനായി സഹകരണം, തദ്ദേശസ്വയംഭരണം, റവന്യൂ മുതലായ വകുപ്പ് അധികൃതർ, ലൈഫ് മിഷൻ കോ-ഓർഡിനേറ്റർ തുടങ്ങിയവർ ഉൾപ്പെട്ട യോഗങ്ങൾ ജില്ലാതലത്തിൽ വിളിച്ചുചേർക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ ചേരുകയും പുരോഗതി നിരീക്ഷിച്ചുവരികയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തൊട്ടാകെ പ്രളയത്തിൽ തകർന്ന 15079 വീടുകളിൽ 9329 വീടുകൾ ഗുണഭോക്താക്കൾതന്നെ നിർമ്മാണം നടത്തുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇവർക്കുള്ള ധനസഹായം നിർമ്മാണം പൂർത്തിയാക്കുന്നതിന്റെ തോതനുസരിച്ച് ഗഡുക്കളായി വിതരണം ചെയ്തുവരുന്നു. 'കെയർഹോം' പദ്ധതി പ്രകാരം 1990 വീടുകളുടെ പുനർനിർമ്മാണം ഏറ്റെടുത്തതിൽ 937 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രാദേശിക സ്പോൺസർഷിപ്പുവഴി 1225 വീടുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) പ്രകാരം 245 വീടുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ഭാഗികമായി തകർന്ന 251227 വീടുകളിൽ 221718 കുടുംബങ്ങൾക്കായി 1163.31 കോടി രൂപ ദുരിതാശ്വാസ സഹായമായി നൽകിയിട്ടുണ്ട്. ഭാഗികമായി നാശം സംഭവിച്ച വീടുകളുടെ കേടുപാടിന്റെ തോതനുസരിച്ച് നാല് വിഭാഗങ്ങളായി നിശ്ചയിച്ചാണ് ധനസഹായം അനുവദിക്കുന്നത്. 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ എന്നീ നിരക്കുകളിലാണ് ആനുകൂല്യം നൽകുന്നത്. പൂർണ്ണമായും തകർന്ന വീടുകൾക്ക് 4,00,000 രൂപയും അനുവദിക്കുന്നുണ്ട്. കളക്ടർമാർ അപ്പീലുകൾ തീർപ്പാക്കുന്നതിനനുസൃതമായി ആനുകൂല്യം ലഭ്യമാക്കേണ്ടവരുടെ എണ്ണത്തിൽ ഇനിയും വ്യത്യാസം വരുന്നതായിരിക്കും. 7602.3 കി.മീ. റോഡ് പുനർനിർമ്മിച്ചുകഴിഞ്ഞു. റീസർജന്റ് കേരള ലോൺ (Resurgent Kerala Loan

Scheme)മുഖേന കുടുംബശ്രീ വഴി 144947 വനിതകൾക്കായി 1273.98 കോടി രൂപ വായ്പ അനുവദിച്ചു. ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ദുരന്തങ്ങൾ അതിജീവിക്കാനുതകുന്ന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി, പരിസ്ഥിതി സൗഹാർദ്ദമായ കേരള പുനർനിർമ്മാണം സാധ്യമാക്കുന്നതിനുമാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. അടിയന്തര ആശ്വാസ നടപടികളും ജീവനോപാധികൾ ലഭ്യമാക്കാനുള്ള നടപടികളും പുനരധിവാസ പ്രവർത്തനങ്ങളും ഇതിനുപുറമേ നടത്തിയിട്ടുണ്ട്. നീതിപൂർവ്വവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, ആസ്തിപരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, കാര്യക്ഷമത ഉറപ്പാക്കൽ, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ സമീപനങ്ങളാണ് 'റീബിൽഡ് കേരള ഇനീഷ്യേറ്റീവ് '-ൽ സ്വീകരിച്ചിട്ടുള്ളത്. കേരള പുനർനിർമ്മാണ വികസന പരിപാടിക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. ലോകബാങ്കിൽ നിന്നും ജർമൻ ബാങ്കായ 'കെ.എഫ്.ഡബ്ല്യൂ.'-ൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള ധാരാണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ഇലക്ഷൻ ഡിക്ലറേഷനുശേഷം രണ്ട്-രണ്ടര മാസക്കാലം പ്രത്യേകിച്ച് അപേക്ഷകൾ സ്വീകരിക്കുന്നതിനും നടപടികൾ കൈക്കൊള്ളുന്നതിനും പരിമിതികളുണ്ടായിരുന്നു. കളക്ടർമാരുമായി അന്ന് സംസാരിച്ചപ്പോൾ പറഞ്ഞത് ഇലക്ഷൻ കഴിയട്ടെ എന്നായിരുന്നു. ഇലക്ഷൻ കഴിഞ്ഞശേഷം അവരുമായി സംസാരിച്ചപ്പോൾ ഗവൺമെന്റ് ഡയറക്ഷനുണ്ടെങ്കിലേ വീണ്ടും അപേക്ഷകൾ സ്വീകരിക്കാൻ പറ്റുകയുള്ളൂവെന്നാണ് പറഞ്ഞത്. വ്യാപകമായ രൂപത്തിൽ അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല. യഥാർത്ഥത്തിൽ വെള്ളം കയറി നാശനഷ്ടങ്ങൾ സംഭവിക്കുകയും അപേക്ഷ നൽകുന്നതിനെക്കുറിച്ച് അറിയാതെ യഥാസമയം അപേക്ഷ കൊടുക്കാതിരിക്കുകയും ചെയ്ത ചില പാവപ്പെട്ട ആളുകളുണ്ട്. അത്തരം കേസ്സുകൾ വന്നാൽ മനുഷ്യത്വപരമായ പരിഗണന നൽകി, ആ അപേക്ഷകളെ അപ്പീലായി പരിഗണിച്ച് തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നത് നന്നായിരിക്കും.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പ്രളയബാധിത പ്രദേശങ്ങളിലെ കളക്ടർമാരുമായി കഴിഞ്ഞ ദിവസം വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. നിലവിലുള്ള അപ്പീലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇനിയും പുതിയ അപേക്ഷകൾ കൊടുക്കാനുണ്ടെങ്കിൽ ആ പ്രശ്നവും പരിഗണിക്കാവുന്നതാണ്.

## (2) കോന്നി മെഡിക്കൽ കോളേജ്

ശ്രീ. അടൂർ പ്രകാശ്: സർ, പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഞാനടക്കമുള്ള ആളുകളെ ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കർ അഭിനന്ദിക്കുകയുണ്ടായി. അതിന് അങ്ങയോടുള്ള നന്ദി ഞാൻ ആദ്യമായി അറിയിക്കുകയാണ്.

മി. സ്പീക്കർ: ഇവിടെ കാണിക്കുന്ന ഊർജ്ജം അവിടെയും പ്രകടിപ്പിക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, എന്നാൽ പാർലമെന്റിലേയ്ക്ക് മത്സരിച്ച എന്നെ രാഷ്ട്രീയ അന്ധതമൂലം വ്യക്തിപരമായി ധാരാളം അധിക്ഷേപിച്ച കാര്യം ഈ അവസരത്തിൽ ഓർത്തുപോകുകയാണ്. ആറ്റിങ്ങലിലെ ജനങ്ങൾ 38247 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് എന്നെ വിജയിപ്പിച്ചത്. ഇത്രയും വിലകുറഞ്ഞ പ്രചരണങ്ങൾക്ക് മറുപടി നൽകിയതിൽ ഞാൻ അവരോടും നന്ദി പറയുകയാണ്. എന്നോട് കാണിച്ചതുപോലെ ഇത്തരം മോശപ്പെട്ട പ്രവർത്തനങ്ങൾ ഇനിയെങ്കിലും മറ്റൊരാളോടും കാണിക്കാൻ പാടില്ല എന്നൊരു നിർദ്ദേശം അങ്ങ് നൽകണമെന്നാണ് ബഹുമാനപ്പെട്ട സ്പീക്കറോട് സൂചിപ്പിക്കാനുള്ളത്. ഞാൻ വിഷയത്തിലേയ്ക്ക് കടക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശൈലജ ടീച്ചറുടെ മുമ്പിൽ കോന്നിയിലെ ജനങ്ങൾക്കുവേണ്ടിയാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ഞാൻ ആരോഗ്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന കാലത്തെ ആദ്യ ബഡ്ജറ്റിൽ തന്നെ 4 മെഡിക്കൽ കോളേജുകൾ ആരംഭിക്കാനുള്ള ബഡ്ജറ്റ് പ്രൊപ്പോസലാണ് സഭയിൽ വച്ചത്. കാസർഗോഡ്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ മെഡിക്കൽ കോളേജുകൾ തുടങ്ങാനുള്ള നടപടികൾ അന്നത്തെ സർക്കാർ സ്വീകരിക്കുകയും അതിനാവശ്യമായ ബഡ്ജറ്റ് വിഹിതം വയ്ക്കുകയും ചെയ്തു. അതിനുശേഷം നബാർഡിൽ നിന്നും പണം കണ്ടെത്തുകയും പ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. മലപ്പുറം ജില്ലയിൽ ജനറൽ ആശുപത്രിയായി പ്രവർത്തിച്ച ഹോസ്പിറ്റലിനെ ഇതിനായി തെരഞ്ഞെടുത്ത് മലപ്പുറം ജില്ലയിൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഏതാണ്ട് 142.5 കോടി രൂപ നബാർഡിൽ നിന്നും കടമെടുത്തും അതോടൊപ്പം 25 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയത് വിനിയോഗിച്ചുകൊണ്ടും 300 കിടക്കകളുള്ള ഏതാണ്ട് 330000 sq.ft. ഏരിയയുള്ള ഹോസ്പിറ്റൽ ബിൽഡിംഗ് കോന്നിയിൽ പൂർത്തീകരിച്ചുകഴിഞ്ഞു. 110000 sq.ft. വിസ്തൃതിയുള്ള അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനവും പൂർത്തീകരിച്ചുകഴിഞ്ഞു. കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ ചരിത്രത്തെക്കുറിച്ചും

ആരോഗ്യരംഗത്ത് ഉണ്ടാക്കിയ വലിയ നേട്ടങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പമന്ത്രി ഇവിടെ ചോദ്യോത്തരവേളയിൽ പറഞ്ഞു. ആ സമയത്ത് ഒരു ചോദ്യം ചോദിക്കാനായി ഞാൻ കൈ ഉയർത്തിയെങ്കിലും ചോദ്യങ്ങൾ നീണ്ടുപോയതിനാൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് അനുവദിക്കാൻ സാധിച്ചില്ല. ഞാൻ അക്കാര്യത്തിൽ സ്പീക്കറെ കുറ്റം പറയുന്നില്ല. പണി പൂർത്തീകരിച്ച ആ ആശുപത്രി കെട്ടിടവും സ്ഥലവും സന്ദർശിക്കണമെന്നും പരിശോധന നടത്തണമെന്നും അങ്ങനെ ചെയ്താൽ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുമെന്നും പല പ്രാവശ്യം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പമന്ത്രിയോട് പറഞ്ഞെങ്കിലും ഈ മൂന്ന് വർഷക്കാലത്തിനിടയ്ക്ക് ഒരിക്കൽ പോലും മന്ത്രി അതിന് മനസ്സുകാണിച്ചില്ല

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അത് അങ്ങയുടെ ജോലിത്തിരക്കുമൂലമാണെന്ന് ഞാൻ കരുതുന്നു. ആരോഗ്യവകുപ്പിന്റെ ചുമതല വഹിക്കുന്ന സംസ്ഥാനത്തിന്റെ മന്ത്രിയെന്നുള്ള നിലയിൽ അങ്ങയുടെ ചുമതലയിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്ന ഈ മെഡിക്കൽ കോളേജ് വിസിറ്റ് ചെയ്താൽ ചില കാര്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പക്ഷെ എന്തുകൊണ്ടോ അതിന് സാധിച്ചില്ല. ഇവിടെയുള്ള നേതാക്കളെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ചിലപ്പോൾ ജില്ലാതലത്തിലുള്ള നേതാക്കളുടെ അനുമതി അങ്ങേയ്ക്ക് ലഭിച്ചിട്ടില്ല എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കേരള സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് മന്ത്രിയെന്നുള്ള നിലയിൽ അങ്ങ് ഈ ചുമതല വഹിച്ചുകൊണ്ടുപോകുന്നത്. എന്തായാലും അവിടെ വരാൻ ഇതുവരേയും മനസ്സുകാണിച്ചിട്ടില്ല എന്നുള്ള കാര്യം വ്യസനത്തോടെ ഈ സഭയിൽ പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങയുടെ നിർദ്ദേശപ്രകാരം ഒന്നോ രണ്ടോ ആളുകൾ അവിടെ വന്ന് പരിശോധന നടത്തിപ്പോയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു. ഞാനൊന്നും അറിഞ്ഞിട്ടില്ല. ഞാൻ മിക്കവാറും എല്ലാ മാസങ്ങളിലും അവിടെ ഒന്നോ രണ്ടോ തവണപോയി പരിശോധന നടത്തുന്ന ആളാണ്. എം.എൽ.എ. എന്ന നിലയ്ക്ക് എന്നെ അറിയിക്കാത്തതിലോ അങ്ങ് ഉദ്യോഗസ്ഥരെ വിട്ട് പരിശോധന നടത്തിയെന്ന് പറയുന്നതിലോ എനിക്ക് യാതൊരു പരാതിയുമില്ല. പക്ഷെ പരിശോധനകൾ കഴിഞ്ഞുവെങ്കിലും ഒരു നടപടിയുമുണ്ടായില്ല; മാത്രമല്ല കെട്ടിടം പണി പൂർത്തീകരിച്ച് കഴിഞ്ഞിരിക്കുകയാണ്. കെട്ടിടം പണി പൂർത്തീകരിച്ച് കഴിഞ്ഞിരിക്കുന്നതിനാൽ അവിടെ ഹോസ്പിറ്റൽ സമുച്ചയത്തിന്റെ പ്രവർത്തനത്തിന് ആരംഭം കുറിക്കാനുള്ള നടപടികളുണ്ടാകണം. അതിനുവേണ്ടി മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയ്ക്ക് ആവശ്യമായ അപേക്ഷകൾ നൽകണം. 2021-ലേ ഇത് തുടങ്ങാൻ സാധിക്കുകയുള്ളൂവെന്ന് അങ്ങും അങ്ങയുടെ

സെക്രട്ടറിയുമൊക്കെ പ്രഖ്യാപിക്കുന്നത് കേൾക്കുമ്പോൾ സത്യം പറഞ്ഞാൽ വിഷമമുണ്ട്. കോന്നിക്കാരോട് എന്തിനാണ് ഇത്രയും ക്രൂരത കാണിക്കുന്നതെന്ന് എനിക്ക് ഈ അവസരത്തിൽ ചോദിക്കേണ്ടതായിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ് ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത്. പണി പൂർത്തീകരിച്ചത് കൂടാതെ ബാക്കിയുള്ള പണികൾ കൂടി പൂർത്തീകരിക്കുന്നതിന് നടപടികളെടുക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് പലവട്ടം ഞാൻ കത്തയച്ചിരുന്നു. അഡീഷണൽ ചീഫ് സെക്രട്ടറിക്ക് എല്ലാ കത്തും അയച്ചുകൊടുത്തിട്ടുണ്ടെന്ന മറുപടി എനിക്ക് കിട്ടിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽ കണ്ട് കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ച് കഴിഞ്ഞിരിക്കുന്നു, അതിൽ എന്തെങ്കിലും നടപടികളെടുക്കണമെന്ന് അദ്ദേഹത്തോടും പറഞ്ഞു. വളരെ പെട്ടെന്നുതന്നെ ആരംഭിക്കാമെന്ന് അദ്ദേഹവും പറഞ്ഞു. പിന്നീട് എന്താണ് സംഭവിച്ചതെന്ന് എനിക്കറിയില്ല. എന്തായാലും പിന്നീടൊരു കത്തുകൂടി കൊടുത്തപ്പോൾ അതിനൊരു മറുപടി തന്നിരുന്നു. അതും അഡീഷണൽ ചീഫ് സെക്രട്ടറിക്ക് കത്ത് അയച്ചിട്ടുണ്ട് എന്നുള്ളതാണ്. പക്ഷെ അഡീഷണൽ ചീഫ് സെക്രട്ടറി ഈ കത്തുകളെല്ലാം എന്തുചെയ്യുകയാണ് എന്നതിനെക്കുറിച്ച് ഒരു വിവരവുമില്ല. കഴിഞ്ഞ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് രണ്ടാം ഘട്ടത്തിലുള്ള പണികൾക്ക് ആരംഭം കുറിക്കുന്നതിനുള്ള ഫണ്ട് നൽകണമെന്ന് പറഞ്ഞിരുന്നതാണ്. അതിന് നബാർഡിൽ നിന്നും പണം കടമെടുക്കുന്നതിനുള്ള നടപടികൾ എടുത്താൽ മതി. ആരോഗ്യ വകുപ്പുമന്ത്രിയുമായി ആലോചിച്ചതിനുശേഷം ഇക്കാര്യത്തിൽ നടപടിയെടുക്കാമെന്ന് കഴിഞ്ഞ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്തുപറഞ്ഞാലും ഇത്തരം കാര്യങ്ങൾ മറുപടിയിൽ മാത്രമേ കേൾക്കാൻ കഴിയുന്നുള്ളുവെന്ന് ആശ്വസിച്ച് പോകാൻ മാത്രമുള്ള അവസരമാണ് ഞങ്ങളെപ്പോലെയുള്ള ആളുകൾക്ക് ലഭ്യമാകുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ മുമ്പിൽ വിനീതമായ ഒരപേക്ഷയാണ് എനിക്കുള്ളത്. കേരള സംസ്ഥാനത്തിന്റെ ആരോഗ്യവകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിയെന്നുള്ള നിലയിൽ അങ്ങ് പെരുമാറണം, അങ്ങത് കാണണം, കോന്നിയിലെ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എത്രയും വേഗത്തിൽ, ഈ വരുന്ന അദ്ധ്യയന വർഷത്തിലെങ്കിലും ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണമെന്നാണ് കോന്നിക്കാർക്കുവേണ്ടി എനിക്ക് ഈ സഭയിൽ പറയാനുള്ളത്. എന്റെ അവസാനത്തെ പ്രസംഗമെന്ന് പറഞ്ഞാൽ ഇനി ഞാൻ ഇവിടെ വന്നുകൂടായ്കയുണ്ടോ; പതിനാലാം കേരള നിയമസഭയുടെ അവസാന സമയമാണ്. അങ്ങ് ഈ അപേക്ഷ സ്വീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഇനി ഞാൻ ഇവിടെ നിന്ന് പോകുമല്ലോ; രാജിയൊക്കെ സമർപ്പിച്ച്

ആറ്റിങ്ങൽക്കാരനായി കോന്നിക്കാർക്ക് എന്തുചെയ്യണമെന്ന് ചോദിച്ചാൽ, അങ്ങ് കോന്നി മെഡിക്കൽ കോളേജിന്റെ കാര്യം പരിഗണിക്കുമെന്ന് ഞാൻ കരുതുന്നു. ഇതിന് അനുകൂലമായി മറുപടി പറയണം. അല്ലാതെ ജില്ലാ കമ്മിറ്റിയിൽ ചോദിച്ചിട്ട് അവരുടെകൂടി അനുമതി കിട്ടട്ടേയെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെയുണ്ട്. അങ്ങ് കൂടി ഇതിനകത്ത് ഇടപെട്ട് ഇക്കാര്യങ്ങൾക്കുവേണ്ട നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറ്റെല്ലാ മന്ത്രിമാരും കൂടി ഇടപെട്ട് ഈ മെഡിക്കൽ കോളേജ് തുടങ്ങിക്കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരളത്തിന്റെ ആരോഗ്യ മേഖലയിലെ അടിയന്തര ആവശ്യകതകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ജനങ്ങളെ ആരോഗ്യവാന്മാരായി സംരക്ഷിക്കുക എന്നതാണ് ഏറ്റവും പ്രധാനം. നേരത്തെ മറുപടി പറഞ്ഞ വിഷയങ്ങളെല്ലാം ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. ഒരുപാട് മറുപടി പറഞ്ഞുവെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ തമാശയായിട്ടെങ്കിലും ഇവിടെ സൂചിപ്പിച്ചു. ഏതായാലും ആ രീതിയിലാണ് ഗവൺമെന്റ് ഇതിനെ കാണുന്നത്. അതുപോലെതന്നെ ആളുകളെ ശുശ്രൂഷിക്കുന്നതിനാവശ്യമായിട്ടുള്ള ഡോക്ടർമാരും അനുബന്ധ സ്റ്റാഫും നമുക്കാവശ്യമാണ്. അവരെയൊക്കെ വാർത്തെടുക്കാനുള്ള മെഡിക്കൽ കോളേജുകളും ആവശ്യമാണ്. ചെറിയ സംസ്ഥാനത്ത് നമുക്ക് നേരത്തെ തന്നെ എസ്റ്റാബ്ലിഷ്ഡായിട്ടുള്ള അഞ്ച് മെഡിക്കൽ കോളേജുകളുണ്ട്, അവയുടെ സീറ്റുകൾ ഇടയ്ക്കിടെ വർദ്ധിപ്പിച്ചിട്ടുണ്ട്. അവയെത്തന്നെ ലോകോത്തര സ്ഥാപനമായി മാറ്റിയെടുക്കാനുള്ള പ്രവർത്തനമാണ് മുൻഗണനാക്രമത്തിൽ ഇപ്പോൾ നമ്മൾ ചെയ്യുന്നത്. ഒരുപാട് പോരായ്മകൾ ഇത്തരം മെഡിക്കൽ കോളേജുകളിലുണ്ട്. അവയെ ഒരു സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റിയെടുക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പ്രയോറിറ്റി എന്ന് നേരത്തെ തന്നെ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വളരെ പരിമിതമായിട്ടുള്ള സ്ഥലസൗകര്യവും സാഹചര്യവുമെല്ലാമുള്ളിടത്ത് മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞിട്ടുള്ളതുപോലെ പ്രാഥമികമായി കുറച്ച് പൈസ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഒരു മെഡിക്കൽ കോളേജ് എന്നുള്ള സങ്കല്പം അതിനെക്കാളുമൊക്കെ വലുതാണ്. അത്രയുമായി മാറ്റിയെടുക്കാൻ നിരന്തരമായ പരിശ്രമം ആവശ്യമാണ്. ഭൗതിക സാഹചര്യങ്ങളും അതുപോലതന്നെ മനുഷ്യ

വിഭവശേഷിയുമൊക്കെ ആവശ്യമാണ്. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് വേണമോ എന്ന കാര്യത്തിൽ രണ്ടഭിപ്രായമുണ്ട്. അതിന്റെ ആവശ്യമില്ലെന്നാണ് പലരും പറയുന്നത്. പക്ഷെ ജില്ലയ്ക്കായി അനുവദിച്ച സ്ഥാപനം ഞങ്ങൾ നിരുത്സാഹപ്പെടുത്തി എന്നുവേണ്ട. അതുകൊണ്ട് പ്രയോറിറ്റി അനുസരിച്ച് അത് ചെയ്തുതീർക്കാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ എച്ച്.എൽ.എൽ-നെ ചുമതലപ്പെടുത്തിക്കൊണ്ട് 300 കിടക്കകൾ കോന്നി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയതായി ലഭ്യമാക്കണം. ഇടുക്കി, മലപ്പുറം ജില്ലകളിലെ ജനറൽ ഹോസ്പിറ്റലുകളെ മെഡിക്കൽ കോളേജ് ആശുപത്രിയാക്കി ഉയർത്തിത്തുടങ്ങിയ കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. എന്നിട്ടും എം.സി.ഐ.-യുടെ അംഗീകാരം കിട്ടാൻ വളരെയധികം പ്രയാസപ്പെടുകയുണ്ടായി. മെഡിക്കൽ കോളേജായി അംഗീകരിക്കപ്പെടണമെങ്കിൽ എം.സി.ഐ.-യുടെ അംഗീകാരം നമുക്ക് കിട്ടണം. അവിടെ എത്തിച്ചേരുക എന്നുള്ളത് വളരെ എളുപ്പമുള്ള കാര്യമല്ല. ഇവിടെയാണെങ്കിൽ ആശുപത്രിയില്ല. 300 കിടക്കകളുള്ള ആശുപത്രി മെഡിക്കൽ കോളേജായി ഉയർത്തണമെന്നുള്ളതാണ്. ഏതായാലും ആ പ്രഖ്യാപനം വന്നു. നബാർഡ് വായ്പയോടുകൂടി സ്ഥാപനം ഏറ്റെടുക്കാൻ വേണ്ടിയിട്ടുള്ള ആലോചന വന്നത് ആദ്യത്തെ ഒരു ഘട്ടമാണ്. 142.2 കോടി രൂപയുടെ നബാർഡ് സഹായമാണ് ആദ്യഘട്ടത്തിൽ ഭരണാനുമതി നൽകിയത്. അതിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചിരുന്നു. എന്നാൽ 77.22 കോടി രൂപ വകയിരുത്തിയത് ഈ ഗവൺമെന്റ് വന്ന സമയത്ത് അതിനുവേണ്ടി ചെലവഴിക്കുകയായിരുന്നു. ഗവൺമെന്റ് അതിനെ തടസ്സപ്പെടുത്തുകയല്ല മുന്നോട്ടുകൊണ്ടുപോകുകയാണ് ചെയ്തതെന്ന് സൂചിപ്പിക്കാനാണ് ഞാനത് പറഞ്ഞത്. ഒന്നാം ഘട്ടത്തിൽ ഹോസ്പിറ്റൽ ബ്ലോക്കിന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ 85 ശതമാനം പൂർത്തിയായിട്ടുണ്ട്. അതുപോലെ തന്നെ അക്കാദമിക് ബ്ലോക്കിന്റെ കെട്ടിട നിർമ്മാണം 75 ശതമാനം പൂർത്തിയായിട്ടുണ്ട്. ഇതിന്റെ കൂടെ വട്ടമൺ ജംഗ്ഷൻ മുതൽ മെഡിക്കൽ കോളേജ് വരെ പി.ഡബ്ല്യൂ.ഡി. റോഡ് നിർമ്മാണവും 75 ശതമാനത്തിലേറെ പൂർത്തിയായിട്ടുണ്ട്. എനിക്കവിടെ പോകാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളതും വസ്തുതയാണ്. മനഃപൂർവ്വമല്ല, മറ്റു ചില പ്രയോറിറ്റികൾ വന്നപ്പോൾ പോകാൻ സാധിക്കാത്തതാണ്. അവിടെ വരണമെന്ന് മെമ്പർ പറഞ്ഞിട്ടുണ്ട്. എന്തായാലും അവിടെ പോകും. താങ്കളല്ലെങ്കിൽ വേറൊരു ജനപ്രതിനിധി അവിടെ വരുമല്ലോ; അത് തുടർച്ചയാണ്. അതൊരു തർക്കവിഷയമല്ല വരേണ്ട എന്ന് വിചാരിച്ചിട്ടല്ല, പക്ഷെ പ്രയോറിറ്റി നിശ്ചയിച്ചപ്പോൾ മറ്റ് പലയിടത്തും പോകാൻ സമയമെടുക്കുകയാണ് ചെയ്തത്. മാത്രമല്ല എനിക്ക് പോകാൻ

കഴിയാത്തതുകൊണ്ടുതന്നെ എന്റെ സ്റ്റാഫിനേയും ഉദ്യോഗസ്ഥരേയും അയയ്ക്കുകയും ചെയ്തിട്ടുണ്ട്. അവിടെ മേൽപ്പറഞ്ഞ പ്രവൃത്തികളൊക്കെ പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇതുകൊണ്ടൊന്നും മെഡിക്കൽ കോളേജാകില്ല. റസിഡൻഷ്യൽ ക്വാർട്ടേഴ്സ്, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സംവിധാനം, കളിസ്ഥലം, ആഡിറ്റോറിയം, മെഡിക്കൽ കോളേജിന് ആവശ്യമായി എം.സി.ഐ. നിർദ്ദേശിച്ചിട്ടുള്ള മറ്റെല്ലാ കെട്ടിടങ്ങളും ഇതൊക്കെ ഇനി നിർമ്മിക്കേണ്ടിയിരിക്കുന്നു. അത് വളരെ പെട്ടെന്ന് നടക്കുന്ന ഒരു കാര്യമല്ല. ഇത്രയും പൂർത്തിയായെങ്കിൽ മാത്രമേ എം.സി.ഐ.-യുടെ അംഗീകാരം ലഭിക്കുകയുള്ളു. അവിടെ തുടക്കം കുറിച്ചു എന്നുള്ളതേയുള്ളൂ. സ്വാഭാവികമായ സമയമാണ് അതിനുവേണ്ടി ചെലവഴിക്കുന്നതെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കണം, നാട്ടുകാർക്ക് അതെല്ലാം മനസ്സിലാകും. ഇതുകൂടാതെ ആശുപത്രിക്കും കോളേജിനും ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിന് 90 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ എച്ച്.എൽ.എൽ.-നെക്കൊണ്ട് തയ്യാറാക്കി ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം റവന്യൂ വകുപ്പിൽ നിന്നും കെ.എസ്.ഇ.ബി.-ക്ക് കൈമാറാനാവശ്യമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് വിവിധ തലങ്ങളിൽ കൃത്യമായ വിലയിരുത്തലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അനുവദിക്കപ്പെട്ടതിന് പുറമേ അധിക തുക വേണ്ടിവന്നാൽ കണ്ടെത്തുന്നതിനാണ് നേരത്തേ പറഞ്ഞതുപോലുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുള്ളത്. അത് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ നമുക്ക് നടത്താൻ സാധിക്കും. ആദ്യ ഘട്ടത്തിൽ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് 300 കിടക്കകളുള്ള മെഡിക്കൽ കോളേജ് ആശുപത്രി സ്ഥാപിക്കുക എന്നുള്ളതാണ്. അതുവഴി 50 കുട്ടികൾക്ക് പഠന സൗകര്യം ലഭ്യമാക്കാൻ കഴിയുന്ന രീതിയിലാണ് പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇടുക്കിയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ രണ്ടുതവണ അഷ്വറൻസ് കൊടുത്തിട്ടും എം.സി.ഐ. അംഗീകാരം കിട്ടിയിട്ടില്ല. ഈ സർക്കാർ വന്നതിനുശേഷം അവിടെ വലിയ തോതിലുള്ള നിർമ്മാണ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞു. എം.സി.ഐ. പറയുന്ന കാര്യങ്ങളെല്ലാം ഏകദേശം പൂർത്തിയാക്കി. എന്നിട്ടും എം.സി.ഐ.-യുടെ പൂർണ്ണമായ അംഗീകാരം ലഭിക്കാൻ പ്രയാസം അനുഭവപ്പെടുകയാണ്. ഇപ്പോൾ നിലനിൽക്കുന്ന കോളേജുകൾക്കും അതത് വർഷം എം.സി.ഐ.-യുടെ അംഗീകാരം ലഭിക്കാൻ പ്രയാസം അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്. ഇതെല്ലാം ഈ കേരളത്തിന്റെ ബഡ്ജറ്റ് വിഹിതത്തിലും നമുക്ക് ചെയ്യാൻ കഴിയുന്ന സാമ്പത്തിക പരിമിതിക്കുള്ളിലും ഒതുങ്ങിയാണ്

ചെയ്യേണ്ടത്. പക്ഷേ ഗവൺമെന്റ് അത് ഡ്രോപ്പ് ചെയ്തിട്ടില്ല, അത് ചെയ്തുകൊണ്ടിരിക്കുകയാണ്. 108 തസ്തികകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് പല കോളേജുകളേക്കാളും മെച്ചമാണ്. ബാക്കിയുള്ളിടത്തൊന്നും ഒറ്റ തസ്തിക പോലും സൃഷ്ടിച്ചിരുന്നില്ല. ഇടുക്കിയിലും കുറച്ച് തസ്തിക ഉണ്ടായിരുന്നു. എന്നാൽ അത് പോരാ. 750 തസ്തികകളെങ്കിലും ഉണ്ടായാലേ നമുക്ക് 50 കുട്ടികളെ പ്രവേശിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിന്റെ നടപടിയും ചെയ്യേണ്ടതായിട്ടുണ്ട്. ഇതിന്റെ രണ്ടാം ഘട്ടത്തിൽ അക്കാദമിക് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ തുടങ്ങി നിരവധി കാര്യങ്ങൾ തയ്യാറാക്കണം. അതിന് എച്ച്.എൽ.എൽ.-നെ ചുമതലപ്പെടുത്തി 351 കോടി രൂപയുടെ വിശദമായ ഡി. പി. ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള ധാരണയായിക്കഴിഞ്ഞിട്ടുണ്ട്. അത് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വരുമ്പോൾ അവിടെ ഒരു നിർമ്മാണ പ്രവർത്തനവും മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത പ്രതിസന്ധിയായിരുന്നു. ഞാൻ കഴിഞ്ഞ തവണ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മെമ്പർക്ക് എന്നോട് ദേഷ്യം വന്നു. ഞാൻ ആ അർത്ഥത്തിൽ പറയുന്നതല്ല. ഒരുപാട് പാറക്കെട്ടുകൾ ഉള്ള സ്ഥലമാണത്. ആ പാറ മുഴുവൻ പൊട്ടിച്ച് ഡമ്പ് ചെയ്തിട്ട്, അത് മാറ്റാതെ അവിടെ ഒരു നിർമ്മാണ പ്രവർത്തനവും നടത്താൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട മെമ്പറും ഗവൺമെന്റും നമ്മളെല്ലാവരും ഇടപെട്ടതിന്റെ ഫലമായി കുറച്ച് പാറ നീക്കം ചെയ്യാൻ സാധിച്ചു. എങ്കിലും ഇപ്പോഴും ആ പാറ അവിടെ കെട്ടിക്കിടക്കുകയാണ്. അത് മാറ്റാൻപോലും ആളെ കിട്ടുന്നില്ല. അത്രയധികം പാറയാണ് പൊട്ടിച്ചുകൂട്ടിയിട്ടുള്ളത്. ഇതെല്ലാം കോന്നി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ അനുഭവപ്പെടുന്ന പ്രയാസങ്ങളാണ്. ഞാൻ അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഏതായാലും അത് നിർത്തിവയ്ക്കുകയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും എന്നോട് നിർദ്ദേശിച്ചത് ഇതിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകാനാണ്. അത് സാധ്യമായ വേഗതയിൽ മുന്നോട്ടുപോയിട്ടുണ്ട്. ഇനിയും നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി ഈ വിഷയത്തിൽ ഇടപെടണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. പതിനാലാം കേരള നിയമസഭയിലെ അവസാന പ്രസംഗമാണ് ഞാൻ ഇവിടെ നടത്തുന്നത്. അങ്ങുകൂടി ഇതിൽ ഇടപെട്ട് ഞങ്ങളെ സഹായിക്കണം. കോന്നിക്കാർ പാവങ്ങളാണ്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി പറഞ്ഞതിനെ ഞാൻ നിഷേധിക്കുകയല്ല. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിക്ക് കിട്ടിയ റിപ്പോർട്ട് തെറ്റാണ്. അവിടെ 85 ശതമാനമേ പണി കഴിഞ്ഞിട്ടുള്ളൂ എന്ന് പറയുന്നത്

ശരിയല്ല. അങ്ങ് പോയി പരിശോധന നടത്തിയാൽ അങ്ങേയ്ക്ക് കൃത്യമായി മനസ്സിലാക്കാൻ കഴിയും. ഞാൻ അവിടെ വല്ലപ്പോഴുമൊക്കെ പോയിക്കൊണ്ടിരിക്കുന്നതാണ്. ഇപ്പോഴും പോകുന്ന ഒരാളാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത്. അങ്ങ് പറഞ്ഞതിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ആ 300 കിടക്കകളുള്ള ഹോസ്പിറ്റൽ ബിൽഡിംഗ് പൂർത്തീകരിച്ച് അക്കാദമിക് ബ്ലോക്കിന്റെയും പണി പൂർത്തീകരിച്ചു. ആ ഹോസ്പിറ്റൽ എന്നേയ്ക്ക് തുടക്കം കുറിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് അങ്ങേയ്ക്ക് മറുപടി പറയാൻ പറ്റുമോ? ഇത് 2021-ൽ ആകട്ടെ എന്ന് അങ്ങേയ്ക്ക് ചില റിപ്പോർട്ടുകളൊക്കെ കിട്ടിയിട്ടുണ്ട് എന്നെനിക്കറിയാം. അതുകൊണ്ടാണ് ഞാനത് സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി ഇടപെട്ട് സഹായിക്കണം എന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ദുഃസൂചനകൾക്കൊന്നും മറുപടി പറയേണ്ടതില്ല. ഞങ്ങൾ എവിടെയെങ്കിലും വിസിറ്റ് ചെയ്യാൻ പോകുന്നത് കമ്മിറ്റിയോടൊന്നും ചോദിച്ചിട്ടല്ല. ഹോസ്പിറ്റൽ ബ്ലോക്കിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ 85 ശതമാനം പൂർത്തിയായിട്ടുണ്ട് എന്ന് ഞാൻ പറഞ്ഞത് ശരിയാണ്. ഇതുകൂടാതെ ആശുപത്രിക്കും കോളേജിനും ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിന് 90 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ ഇപ്പോൾ ഗവൺമെന്റ് കൊടുത്തിട്ടുണ്ട് എന്നാണ് ഞാൻ പറഞ്ഞത്. അങ്ങയുടെ കാലത്തുള്ളതല്ല അത്. കണ്ടിന്യൂവേഷനാണ് ഗവൺമെന്റ്. പകുതി വഴിക്കിട്ട് ഉദ്ഘാടനം ചെയ്യുന്ന ഒരേർപ്പാട് ഈ ഗവൺമെന്റിനില്ല. പൂർത്തിയാകാത്തവയെ ഉദ്ഘാടനം ചെയ്യുക എന്നുള്ളത് ശരിയായ രീതിയല്ല. അപ്പോഴേ 100 ശതമാനം പണി പൂർത്തിയാകൂ. അതിനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

## VII സബ്മിഷൻ

### (1) വിമാന കമ്പനികളുടെ യാത്രാനിരക്ക്

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്. ചെറിയ പെരുന്നാളിന്റെ സമയമാണിത്. ഗൾഫിലുള്ള നമ്മുടെ സഹോദരീ-സഹോദരന്മാർക്ക് നാട്ടിലേയ്ക്ക് വരാൻ ആഗ്രഹമുണ്ട്. വിമാന കമ്പനികൾ ഏർപ്പെടുത്തുന്ന വൻതോതിലുള്ള ടിക്കറ്റ് ചാർജ്ജ് കാരണം അവർക്കൊന്നും കേരളത്തിലേയ്ക്ക് വരാൻ കഴിയാത്ത അവസ്ഥ ഉണ്ടായിരിക്കുകയാണ്. ഇന്നലെ നാലുപേർ ദുബായിൽ നിന്നും രണ്ട് പേർ

കുവൈറ്റിൽ നിന്നും ഒരാൾ ബഹ്റൈനിൽ നിന്നും എന്നെ വിളിക്കുകയുണ്ടായി. സാധാരണഗതിയിൽ എറണാകുളത്തേയ്ക്ക് ഒരാൾക്ക് വരണമെങ്കിൽ 11,000 രൂപയാണ് ടിക്കറ്റ് ചാർജ്ജ്. ഇപ്പോൾ അത് 80 ശതമാനം വർദ്ധിപ്പിച്ചിരിക്കുകയാണ്. മൊത്തം കണക്ക് കൂട്ടിയാൽ ഒരു നാലംഗ കുടുംബത്തിന് - ഭർത്താവും ഭാര്യയും അതോടൊപ്പം രണ്ട് കുട്ടികളും - വരണമെങ്കിൽ രണ്ട് ലക്ഷത്തിലധികം രൂപ ടിക്കറ്റ് ചാർജ്ജായി കൊടുക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. ഒരു കാരണവുമില്ലാതെ വളരെ പെട്ടെന്നാണ് വിമാന കമ്പനികൾ ഗൾഫിൽ നിന്നുള്ള ആളുകൾക്കുള്ള ടിക്കറ്റ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഒരു കാരണവശാലും ന്യായീകരിക്കാൻ കഴിയുന്ന നടപടിയല്ല ഇത്. പെരുന്നാൾ സമയമായതിനാൽ ധാരാളമാളുകൾ കുടുംബത്തോടൊപ്പം പെരുന്നാൾ ആഘോഷിക്കാനായി നാട്ടിലേക്ക് വരുന്നുണ്ട്. നൊയമ്പ് കാലം കഴിഞ്ഞ് അവർ നാട്ടിലേക്ക് വരുന്ന സന്ദർഭത്തിൽ ഇതാണ് അവസരമെന്നുകണ്ട് വലിയ തോതിലുള്ള എക്സ്പ്ലോയിറ്റേഷനാണ് നടക്കുന്നത്. ഇപ്പോൾ വിമാന കമ്പനികൾ ഒരു ഉത്തരവാദിത്തവുമില്ലാതെയാണ് പെരുമാറിക്കൊണ്ടിരിക്കുന്നത്. അത് എയർ ഇന്ത്യയായാലും എമിറേറ്റ്സായാലും മറ്റ് വിമാന കമ്പനികളെല്ലാം തന്നെയും വൻതോതിലുള്ള ചൂഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രവാസികൾക്ക് കേരളത്തിലേക്ക് ഇപ്പോൾ വരാൻ കഴിയാത്ത അവസ്ഥയാണ്. അടുത്ത ഒരു മാസം കൂടി ഈ ഒരവസ്ഥ ഉണ്ടാകുമെന്നാണ് അവർ പറയുന്നത്. പെരുന്നാളിന്റെ ഈ സന്ദർഭത്തിൽ ഗൾഫിൽ അവധിയുമാണ്. ഇത് രണ്ടും ഒത്തുവന്നതോടുകൂടി ഇതാണ് ഏറ്റവും നല്ല അവസരമെന്ന് കരുതി വിമാന കമ്പനികൾ ആളുകളെ കടുത്ത ചൂഷണത്തിന് വിധേയരാക്കുകയാണ്. ഇപ്പോൾ അവിടെ കേന്ദ്ര വ്യോമയാന മന്ത്രിയൊന്നുമില്ല. മന്ത്രി ഇനി ആരാണെന്നോ എന്നുവരുമെന്നോ അറിയില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, കേന്ദ്ര വ്യോമയാന സെക്രട്ടറിയുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും മുഖ്യമന്ത്രി എന്ന നിലയിൽ അങ്ങ് ഇടപെടണമെന്നാണ്. പെരുന്നാൾ സമയത്ത് മിതമായ നിരക്കിൽ ടിക്കറ്റ് ചാർജ്ജ് ഈടാക്കി ആളുകൾക്ക് നാട്ടിലേയ്ക്ക് വരാനുള്ള സൗകര്യം ഒരുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവമായ, അതേ സമയം കാലികവുമായ ഒരു പ്രശ്നമാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉന്നയിച്ചിരിക്കുന്നത്. പക്ഷേ ഈ ഒരു സീസണിൽ മാത്രം ഉണ്ടാകുന്ന കാര്യമല്ല ഇത്. മലയാളിയുടെ ദുരിതമാണ് എല്ലാ കാലത്തും ഇതിന്റെ ഭാഗമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഒരു ന്യായീകരണവും ഇല്ലാത്ത ചൂഷണമാണ് ഗൾഫ്

മേഖലയിലുള്ള വിമാന യാത്രക്കാരുടെ നേരെ വിമാനക്കമ്പനികൾ സ്വീകരിക്കുന്നത്. നമ്മുടെ നാട്ടിൽ വിവിധ സെക്ടറുകളിൽ സഞ്ചരിക്കുന്നവരുണ്ട്. മറ്റു സെക്ടറുകളിലൊന്നും ഇത് ബാധകമല്ല. ഗൾഫ് മേഖലയിൽ മാത്രമാണ് ഈ തരത്തിലുള്ള വിമാന നിരക്ക് വർദ്ധനവുണ്ടാകുന്നത്. ഇതുമായി ബന്ധപ്പെട്ട് എല്ലാവരും ഓരോ ഘട്ടത്തിലും കേന്ദ്ര ഗവൺമെന്റിനെ സമീപിക്കാറുണ്ട്. എയർ ഇന്ത്യയെ സമീപിക്കാറുണ്ട്. എന്നാൽ ഒരു പരിഹാരവുമില്ല. സിവിൽ വ്യോമയാന വകുപ്പുമന്ത്രിയെ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് നേരത്തെ നേരിട്ട് കാണുകയും ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്തതാണ്. എന്നിട്ടും പരിഹാരമുണ്ടായില്ല. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സിവിൽ വ്യോമയാന സെക്രട്ടറി അടക്കമുള്ളവരോട് സംസ്ഥാന സർക്കാർ നേരത്തെ ഒരു യോഗത്തിൽ ചർച്ച ചെയ്തിരുന്നു. അതിൽ വിമാനക്കമ്പനികളുമുണ്ടായിരുന്നു. അന്ന് ഇത്തരം ഉത്സവ സീസണുകൾ വരുമ്പോൾ നല്ല രീതിയിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് കൊടുക്കാം എന്ന് അവർ പറഞ്ഞിരുന്നു. അത് യാത്രയുടെ തിരക്ക് കുറയ്ക്കാൻ മാത്രമാണ്. എന്നാൽ ചാർജ്ജിന്റെ കാര്യത്തിൽ ഒരു മാറ്റവും വന്നില്ല. ചാർജ്ജ് പിന്നെയും വർദ്ധിപ്പിക്കുകയാണുണ്ടായത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്ന നിലയ്ക്ക് വിവിധ ഘട്ടങ്ങളിൽ ഇടപെട്ടിട്ടുണ്ട്. നേരത്തെയുള്ള സർക്കാരും ഇതിൽ ഇടപെടേണ്ട നിലയുണ്ടായിട്ടുണ്ട്. ഇത് മലയാളികളെ കൊള്ള ചെയ്യുന്ന അവസ്ഥയാണുണ്ടാക്കുന്നത്. യാതൊരു ന്യായീകരണവുമില്ലാത്ത ഒരു നടപടിയാണിത്. സിവിൽ വ്യോമയാന സെക്രട്ടറിയെ ബന്ധപ്പെടേണ്ട കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. അതിനൊരു തടസ്സവുമില്ല. നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കുന്നതാണ്. ഇനിയും ബന്ധപ്പെടാം. ഇക്കാര്യത്തിൽ നിയമസഭയുടെ പൊതുവായ വികാരം അടുത്ത ദിവസങ്ങളിൽ ഒരു പ്രമേയമായി കൊണ്ടുവന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്ന നിലപാടെടുക്കാം. അതായിരിക്കും നല്ലത്.

മി. സ്പീക്കർ: എയർ കേരളയുടെ സാധ്യതയെപ്പറ്റി എന്താണ് പറയാനുള്ളത് ?

ശ്രീ. പിണറായി വിജയൻ: സർ, അത് നമ്മൾ വിശദമായി ചർച്ച ചെയ്യേണ്ട പ്രശ്നമാണ്. ചർച്ച ചെയ്യാവുന്നതാണ്; അതാണ് നല്ലതെന്നാണ് തോന്നുന്നത്.

## (2) സർഫാസി-സിബിൽ നിയമം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, അടിയന്തര ശ്രദ്ധ ലഭിക്കേണ്ട ഒരു വിഷയത്തെക്കുറിച്ചാണ് ഞാൻ പരാമർശിക്കുന്നത്. ബാങ്കുകളെ ദേശവത്കരിച്ച് സാധാരണക്കാരെ വട്ടിപ്പലിശക്കാരിൽനിന്നും രക്ഷിക്കുകയെന്ന നയത്തിന്

വിപരീതമായി ആഗോളവത്കരണത്തിന് യാതൊരു കരുണയുമില്ലാത്ത തേരോട്ടം നടത്താൻ വഴിയൊരുക്കാനാണ് 2002-ൽ എൻ.ഡി.എ. സർക്കാരിന്റെ കാലത്ത് സർഫാസി എന്ന കരിനിയമം കൊണ്ടുവന്നത്. ആ നിയമത്തിന്റെ ഭീകരത വ്യക്തമാക്കുന്ന റിപ്പോർട്ടുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലവും വലിയൊരു ദുരന്തത്തിന് സാക്ഷ്യം വഹിക്കുകയുണ്ടായി. കൊല്ലയിൽ പഞ്ചായത്തിൽ മലയിൽക്കടയിൽ കുടുംബനാഥയായിട്ടുള്ള ലേഖയും വിദ്യാർത്ഥിനിയായ മകൾ വൈഷ്ണവിയും ആത്മഹത്യ ചെയ്തു. അന്വേഷണത്തിൽ കുടുംബപ്രശ്നങ്ങൾ നിലനിന്നിരുന്നതിന്റെ തെളിവുകൾ പുറത്തുവന്നിട്ടുണ്ട്. ആഭിചാരക്രിയകളും അന്ധവിശ്വാസവും കുടുംബത്തെ ഏറെക്കാലമായി സ്വാധീനിച്ചിരുന്നതായി കാണുന്നുണ്ടെങ്കിലും കാനറാ ബാങ്കിൽനിന്നും എടുത്ത 5 ലക്ഷം രൂപ ലോൺ പല പ്രാവശ്യമായി 8 ലക്ഷത്തോളം രൂപയായി തിരിച്ചടച്ചു. എന്നിട്ടും വീണ്ടും 7 ലക്ഷത്തോളം രൂപ അടയ്ക്കാനുണ്ടെന്ന് കാണിച്ച് കോടതി ഉത്തരവ് വാങ്ങി ബാങ്ക് ജാമ്യവസ്തുവും വീടും കൈവശപ്പെടുത്താൻ ശ്രമിച്ചിരുന്നുവെന്നതും വസ്തുതയാണ്. ചെറിയ വായ്പകളെടുത്ത നിരവധി ആളുകളെ ആത്മഹത്യയിലേക്ക് നയിക്കുന്നതിനോ വാസസ്ഥലം നഷ്ടപ്പെട്ട് തെരുവിൽ ഇറങ്ങുന്നതിനോ നിർബന്ധിതരാക്കിയ നിയമമാണിത്. ചെറുകിട കച്ചവടക്കാർ, കർഷകർ തുടങ്ങിയ സാധാരണക്കാർ ചികിത്സ, വീടുനിർമ്മാണം, മക്കളുടെ വിവാഹ ആവശ്യങ്ങൾ, കൃഷി, കച്ചവടം തുടങ്ങിയ ആവശ്യങ്ങൾക്കായി എടുക്കുന്ന ലോണുകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന പതിവുണ്ട്. എന്നാൽ നിലവിലുള്ള സാമ്പത്തിക നയം കാരണമുണ്ടാകുന്ന പ്രതിസന്ധി തിരിച്ചടവ് പലപ്പോഴും മുടക്കുന്നുണ്ട്. രാജ്യത്ത് വർദ്ധിച്ചുവരുന്ന കർഷക ആത്മഹത്യകളുടെ പശ്ചാത്തലത്തിൽ സാധാരണക്കാരുടെ ജീവിക്കാനുള്ള മൗലിക അവകാശം സംരക്ഷിക്കാനായി കാർഷിക വായ്പകൾ, ചെറുകിട വ്യാപാര വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ, നിശ്ചിത തുകവരെയുള്ള ഭവന വായ്പകൾ, ഗൃഹോപകരണ വായ്പ, പണിയായുധ വായ്പകൾ, പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വായ്പകൾ മുതലായവ സിവിൽ നിയമങ്ങളുടെ പരിധിയിൽ കൊണ്ടുവന്ന് ഗുണ്ടാ ഭീഷണിയിൽനിന്നും പാവപ്പെട്ടവരെ വിമുക്തമാക്കാൻ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. വൻകിട ലോണെടുക്കുന്ന ധനാഢ്യന്മാർ എടുത്ത ലോണുകൾക്ക് പലിശ കുറച്ച് റീ-ഷെഡ്യൂൾ ചെയ്തുകൊടുത്ത് കേന്ദ്ര ഗവൺമെന്റ് സഹായിക്കുന്നുണ്ട്. വിജയ് മല്യയെപ്പോലുള്ളവർക്ക് എല്ലാ സൗകര്യവും ചെയ്തുകൊടുക്കുന്ന രീതിയാണ് കാണുന്നത്. പാവപ്പെട്ടവരെ സംരക്ഷിക്കാനുള്ള ശക്തമായ സമ്മർദ്ദം കേന്ദ്ര സർക്കാരിൽ ചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഇതേ വിഷയത്തിൽ ശ്രീ. പി. സി. ജോർജ് നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, സർഫാസി നിയമം ഈ നാട്ടിൽ ആവശ്യമില്ല. ഈ നിയമത്തിന് മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം ഈ സഭയിലെ നേതാക്കന്മാർ എല്ലാവരും ഏകകണ്ഠമായി അംഗീകരിച്ച് പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചതാണ്. പക്ഷേ ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റ് അനങ്ങിയിട്ടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഈ നിയമത്തെയല്ല ഞാൻ എതിർക്കുന്നത്. സർഫാസി നിയമം നിലനിൽക്കട്ടെ. സിവിൽ നിയമത്തിൽ അത് ഉൾപ്പെടുത്താം. കാരണം സമ്പന്നന്മാർ കോടിക്കണക്കിന് രൂപയുംകൊണ്ട് പോകാനുള്ള സാധ്യത സൃഷ്ടിക്കാൻ കഴിയില്ല. എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്, വിദ്യാഭ്യാസ ലോണുകളും പാവപ്പെട്ട ചെറുകിട കർഷകരുടെ കാർഷിക ലോണുകളും 20 ലക്ഷം രൂപയിൽ താഴെയുള്ള ലോണുകളും സർഫാസി നിയമത്തിൽപ്പെടുത്താൻ പാടില്ല എന്ന ശക്തമായ നിലപാട് നിയമസഭയ്ക്കും ഗവൺമെന്റിനും സ്വീകരിക്കാൻ കഴിഞ്ഞാൽ കേന്ദ്ര ഗവൺമെന്റിനെ ഇക്കാര്യത്തിൽ ശക്തമായി ഇടപെടുത്താൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്. ആ നിയമത്തിൽ ചെറിയ മാറ്റം വരുത്തിക്കൊണ്ട് ഇപ്പോൾ നിലനിൽക്കുന്നതുപോലെ തുടരാം. 20 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഏത് ലോണിനെയും സർഫാസിയിൽ ഉൾപ്പെടുത്തിക്കോട്ടെ. അതിനു താഴെ വരുന്ന കാർഷിക ലോൺ, ചെറുകിട കച്ചവടക്കാരുടെ ലോൺ, വിദ്യാഭ്യാസ ലോൺ എന്നിവയെക്കുറിച്ചാണ് ഞാൻ പറയുന്നത്. വിദ്യാഭ്യാസ ലോൺ എന്താണ്? നമ്മുടെ വിദ്യാർത്ഥികൾ ആരെങ്കിലും പണം വാങ്ങുന്നുണ്ടോ? വിദ്യാർത്ഥികളുടെ മാതാപിതാക്കൾ പണം വാങ്ങുന്നുണ്ടോ? വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് വാങ്ങുന്നത്. വിദ്യാഭ്യാസം പൂർത്തീകരിക്കുന്നു. ജോലി കിട്ടുന്നില്ല. അത് എവിടെ നിന്ന് തിരിച്ചടയ്ക്കും. അതാണ് ആത്മഹത്യയിലേക്ക് നയിക്കുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഇപ്പോഴത്തെ സ്ഥിതി വച്ച് കേന്ദ്ര ഗവൺമെന്റുമായി അങ്ങേയ്ക്ക് ഒന്ന് ബന്ധപ്പെടാമോ?

ശ്രീ. പി. സി. ജോർജ്: സർ, ഈ ചോദ്യം ആരെങ്കിലും ഒന്ന് ചോദിച്ച് കിട്ടാൻ ഞാൻ കാത്തിരിക്കുകയായിരുന്നു.

മി. സ്പീക്കർ: അത്രയ്ക്ക് സ്വാധീനമുണ്ടോ?

ശ്രീ. പി. സി. ജോർജ്: സർ, യാതൊരു സംശയവുമില്ല. നാളെ പ്രധാനമന്ത്രിയുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ ഞാൻ പോകുന്നുണ്ട്. അവിടെ വച്ച് രണ്ട് നിവേദനങ്ങളാണ് ഞാൻ കൊടുക്കാൻ പോകുന്നത്. ഒന്നാമത്തേത്, റബ്ബർ കർഷകരെക്കുറിച്ചുള്ളതാണ്. രണ്ടാമത്തേത് ഈ സർഫാസി നിയമത്തെ സംബന്ധിച്ചാണ്. 20 ലക്ഷം രൂപ എന്ന മാനദണ്ഡം വയ്ക്കണമെന്ന് അതുകൊണ്ടാണ് പറഞ്ഞത്. ഞാൻ തീർച്ചയായും സത്യപ്രതിജ്ഞാ ചടങ്ങിനുശേഷം നിവേദനങ്ങൾ കൊടുത്തിരിക്കും. യാതൊരു സംശയവും വേണ്ട. അത് പ്രാവർത്തികമാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുക മാത്രമല്ല, ഈ നിയമം പ്രാവർത്തികമാക്കാനുള്ള നടപടികളുമുണ്ടാകും എന്ന് ഈ സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. (....ബഹളം.....) ഞാൻ കേരള ജനപക്ഷം സെക്കുലർ പാർട്ടിയുടെ രക്ഷാധികാരിയാണ്. എൻ.ഡി.എ. എന്ന കക്ഷിയോടൊപ്പം നിൽക്കുകയാണ്. അതിന് ബി.ജെ.പി. യുടെ അംഗത്വം ഇല്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സർഫാസി ആക്ട്, 2002 പ്രകാരം ബാങ്കുകൾക്ക് നിഷ്ക്രിയ ആസ്തികൾ തിരിച്ചുപിടിക്കുന്നതിന് റിസർവ് ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സെക്യൂരിറ്റൈസേഷൻ കമ്പനികൾ അല്ലെങ്കിൽ അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനികളെ ചുമതലപ്പെടുത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. സർഫാസി നിയമം നടപ്പാക്കി വരുന്നതുകൊണ്ടുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിലാണ് സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും 5 സെന്റിൽ കവിയാതെ ഭൂമിയും വീടുമുള്ളവരെ ഒഴിവാക്കണമെന്ന് കേരള നിയമസഭ 2017 ആഗസ്റ്റ് 21-ലെ പ്രമേയം മുഖേന ഏകകണ്ഠമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രമേയം 20-11-2017-ന് ധനമന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവപൂർവ്വമായ സമീപനമുണ്ടാകണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. സർക്കാരിന്റെ റസിഡന്റ് കമ്മീഷണർ മുഖേന കേന്ദ്ര മന്ത്രാലയവുമായി ബന്ധപ്പെട്ട് ഇതിന്മേൽ തുടർ നടപടികൾ കൈക്കൊള്ളാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ല. തുടർന്നും ശക്തമായ സമ്മർദ്ദം ചെലുത്തി കേന്ദ്ര സർക്കാരിനെക്കൊണ്ട് അനുകൂല തീരുമാനമെടുപ്പിക്കാൻ സാധ്യമായ എല്ലാ മാർഗ്ഗവും സർക്കാർ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച് 12-10-2018-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വായ്പകളുടെ ജപ്തി

നടപടികൾക്ക് മൊറട്ടോറിയം നടപ്പാക്കിയിരുന്നു. പൊതുമേഖലാ/ വാണിജ്യ/ സഹകരണ ബാങ്കുകളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കാനും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും മൊറട്ടോറിയം ബാധകമാക്കിക്കൊണ്ടും 5-3-2019-ലെ മന്ത്രിസഭാ യോഗം തീരുമാനമെടുക്കുകയും ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ച് വരുന്നതാണ്. പരാമർശ വിഷയത്തിന്മേലുള്ള പരാതികൾ അടിക്കടി വർദ്ധിക്കുന്ന സാഹചര്യത്തിൽ ജാഗ്രതാ പൂർണ്ണമായ സമീപനം സ്വീകരിക്കാൻ സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖേന ബാങ്ക് അധികാരികളെ സർക്കാർ പ്രേരിപ്പിക്കുന്നതാണ്.

[11.00 a.m]

## (3) വേങ്ങര പോലീസ് സ്റ്റേഷന് കെട്ടിടം

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ ഇതിനുമുമ്പ് ഒരു ചോദ്യമായിട്ടും സബ്മിഷനായിട്ടും അവതരിപ്പിച്ച അതേ വിഷയം തന്നെയാണ് സബ്മിഷനായി വീണ്ടും അവതരിപ്പിക്കുന്നത്. എന്റെ നിയോജകമണ്ഡലമായ വേങ്ങരയിൽ 1977-ലാണ് ഒരു പോലീസ് സ്റ്റേഷൻ ആരംഭിച്ചത്. സുമാർ നാല്പത്തിരണ്ടിലേറെ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ഈ പോലീസ് സ്റ്റേഷൻ വാടക കെട്ടിടങ്ങളിൽ മാറി മാറി പ്രവർത്തിച്ച് ഇപ്പോൾ മൂന്നാമത്തെ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനുമുമ്പുണ്ടായിരുന്ന വാടക കെട്ടിടം ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം ഉടമസ്ഥന് അനുകൂലമായി വിധി പറഞ്ഞ് സ്റ്റേഷൻ ഒഴിപ്പിക്കുകയാണ് ചെയ്തത്. ഇതിനുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ പോസിറ്റീവായി മറുപടി പറഞ്ഞ ഒരു സംഗതിയാണിത്. സ്ഥലം വിട്ടുകിട്ടിയാൽ കെട്ടിടം നിർമ്മിച്ചുതരാമെന്ന് കഴിഞ്ഞ പ്രാവശ്യം സബ്മിഷൻ അവതരിപ്പിച്ചപ്പോൾ മറുപടി പറഞ്ഞിരുന്നു. ഇപ്പോൾ സ്ഥലം വിട്ടുകിട്ടിയ സാഹചര്യത്തിൽ പ്രസ്തുത പോലീസ് സ്റ്റേഷന് ഒരു പുതിയ കെട്ടിടം നിർമ്മിച്ചുതരണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അപേക്ഷിക്കാനുള്ളത്. വേങ്ങര നിയോജകമണ്ഡലത്തിലെ വേങ്ങര പഞ്ചായത്ത് വളരെ വികാസം പ്രാപിച്ചുവരുന്ന, ധാരാളം ജനത്തിരക്കും പോലീസിന് ധാരാളം ജോലിയുമുള്ള ഒരു സ്ഥലമാണ്. പോലീസ് വകുപ്പിന്റെ ഒരു സ്റ്റേഷൻ അപമാനകരമായ രീതിയിൽ നഗരത്തിലെ ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് വളരെ മോശമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദയവുണ്ടായി അടിയന്തര നടപടി സ്വീകരിക്കണം. ഇതിനായി വിട്ടുകിട്ടിയ 25 സെന്റ് സ്ഥലമുണ്ട്, അത്

ഐഡന്റിഫൈ ചെയ്ത് ഡീമാർക്കേറ്റ് ചെയ്തിട്ടുണ്ട്. പോലീസ്, റവന്യൂ വകുപ്പുകൾ ആ സ്ഥലം പോയി കണ്ടിട്ടുണ്ട്. എല്ലാവർക്കും തൃപ്തികരമായിട്ടുള്ള സ്ഥലമാണ്. ആ സ്ഥലത്ത് പോലീസ് സ്റ്റേഷന് ഒരു കെട്ടിടം നിർമ്മിച്ചുതരാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം ജില്ലയിലെ വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ വേങ്ങര വില്ലേജിൽ 25 സെന്റ് ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തുകയും പ്രസ്തുത ഭൂമി കൈമാറുന്നതിന് നടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലാ കളക്ടർക്ക് റവന്യൂ വകുപ്പ് നിർദ്ദേശം നൽകിയിട്ടുമുണ്ട്. പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന്റെ ആവശ്യത്തിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ അധികൃതരുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുനൽകുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (4) സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കേരള സർക്കാരിന്റെ കീഴിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏക ഉരുക്ക് നിർമ്മാണശാലയായ സ്റ്റീൽ കോംപ്ലക്സ് എന്റെ നിയോജകമണ്ഡലത്തിലാണ്. ഈ കമ്പനി 2010 ഡിസംബറിൽ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്ന് സെയിൽ-എസ്.സി.എൽ. എന്ന ജോയിന്റ് വെഞ്ച്വർ കമ്പനിയായി മാറി. കരാറിന്റെ ഭാഗമായി കമ്പനിയുടെ പ്രവർത്തനത്തിനാവശ്യമായ സ്റ്റീൽ ബില്ലറ്റുകൾ സെയിൽ ലഭ്യമാക്കണം. അതിവിടെ വച്ച് റ്റി.എം.റ്റി. കമ്പികളാക്കി വിൽപ്പന നടത്താനാണ് പദ്ധതിയുണ്ടായിരുന്നത്. ഇതിനായി വലിയ തുക മുടക്കി പുതിയ റോളിംഗ് മിൽ സ്ഥാപിച്ച് 2015 ജൂണിൽ കമ്മീഷൻ ചെയ്തു. എന്നാൽ 2017 ജൂണിൽ കേന്ദ്ര ഉരുക്ക് മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരുടെ യോഗതീരുമാനപ്രകാരം കമ്പനിക്ക് ബില്ലറ്റുകൾ നൽകണമെങ്കിൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന റ്റി.എം.റ്റി. കമ്പികൾക്ക് പ്രൈസ് പ്രിഫറൻസും മാർക്കറ്റിംഗും സംബന്ധിച്ച ഉറപ്പ് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിനായി കേരള സർക്കാരിന്റെ കീഴിൽ നടക്കുന്ന വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സ്റ്റീലിന്റെ ഒരു നിശ്ചിത ശതമാനം സെയിൽ-എസ്.സി.എൽ.-ൽ നിന്നും വാങ്ങണമെന്ന് നിഷ്കർഷിക്കാൻ കഴിയുമോ എന്ന് പരിശോധിച്ചിരുന്നു. ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 2018 ജൂൺ 7-ന് മന്ത്രിതല യോഗം നടന്നുവെങ്കിലും ആവശ്യമായ തീരുമാനങ്ങൾ നടപ്പിലായിട്ടില്ല. ഈ കാര്യത്തിൽ അടിയന്തര

നടപടികൾ ഉണ്ടാകേണ്ടതുണ്ട്. ഏതാണ്ട് അര നൂറ്റാണ്ടിന്റെ ചരിത്രമുള്ള ഈ പൊതുമേഖലാ സ്ഥാപനത്തിന്റെ പ്രതിമാസ ഉൽപ്പാദനശേഷി 5500 ടൺ റ്റി.എം.റ്റി.ആണ്. എന്നാൽ കേരള സർക്കാരിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രം ഏതാണ്ട് എഴുപത്തി അയ്യായിരം മുതൽ ഒരു ലക്ഷം ടൺ വരെ റ്റി.എം.റ്റി. ഉപയോഗിക്കുന്നുണ്ട്. നിലവിൽ ഈ സ്ഥാപനത്തിൽ 51 ജീവനക്കാരുണ്ട്. ഇവർക്ക് ശമ്പളം കൊടുക്കാൻ നിർവ്വാഹമില്ല, കറന്റ് ചാർജ്ജ് കുടിശ്ശികയാണ്. ഏതുസമയത്തും അടച്ചുപൂട്ടലിന്റെ വക്കിലുള്ള ഈ കമ്പനിയെ രക്ഷിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാന്യനായ എം.എൽ.എ. ശ്രീ. വി. കെ. സി. മമ്മത് കോയ പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. ഇത് കേരള സർക്കാരിന്റെയും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡിന്റെയും ഒരു സംയുക്ത സംരംഭമാണ്. 2010-ലാണ് ഈ സംയുക്ത സംരംഭം ആരംഭിച്ചത്. സ്റ്റീൽ കമ്പികളുണ്ടാക്കി മാർക്കറ്റ് ചെയ്യുന്നതാണ് പ്രധാന ജോലി. പക്ഷെ അവരുടെ മാർക്കറ്റിംഗ് ദുർബലപ്പെടുകയും പ്രൊഡക്ഷൻ സ്തംഭിക്കുകയും ചെയ്യുന്ന അവസ്ഥയിലേയ്ക്കെത്തി. അതിനെത്തുടർന്ന് 2015-ൽ കഠിനമായ പരിശ്രമം നടത്തിയിട്ടാണ് അവിടെ റോളിംഗ് മിൽ കമ്പനി സ്ഥാപിച്ചത്. അവിടെനിന്നും ഉൽപ്പാദിപ്പിക്കുന്നത് റ്റി.എം.റ്റി. ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള റ്റി.എം.റ്റി. കമ്പിയാണ്. സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡ് ഉൽപ്പാദിപ്പിക്കുന്ന റ്റി.എം.റ്റി. കമ്പികളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുകയെന്നുള്ളതാണ് പരിഹാരമാർഗ്ഗം. കമ്പനി ഉൽപ്പാദിപ്പിക്കുന്ന റ്റി.എം.റ്റി. കമ്പികൾ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുക എന്നുള്ളതാണ് അതിനുള്ള ഒരു മാർഗ്ഗം. 2018-ൽ പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ടി കമ്പികൾ വാങ്ങാമെന്നുള്ളൊരു അനുമതി നൽകിയിരുന്നു. അതുകൊണ്ടുതന്നെ പ്രസ്തുത ഉത്തരവനുസരിച്ച് റ്റി.എം.റ്റി. കമ്പികൾ മാർക്കറ്റ് ചെയ്യപ്പെടുന്ന അവസ്ഥയില്ലാതായി. ഇങ്ങനെയൊരു സ്തംഭനാവസ്ഥയിലേക്ക് വന്നപ്പോൾ കമ്പനി അടച്ചുപൂട്ടേണ്ട സ്ഥിതിയിലെത്തി. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പാകെ ഈ കാര്യങ്ങളെല്ലാം അറിയിക്കുകയും അദ്ദേഹം ഒരു സംയുക്ത യോഗം വിളിച്ചുചേർക്കുകയും ചെയ്തു. 7-6-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗം ഇതുസംബന്ധിച്ച് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റ്റി.എം.റ്റി. കമ്പികളുടെ 30 ശതമാനം സെയിൽ-എസ്.സി.എൽ. ലിമിറ്റഡിൽ നിന്നും പൊതുമരാമത്ത് വകുപ്പ് വാങ്ങണമെന്നും രണ്ട്

വർഷത്തേക്ക് അതിന്റെ വിലയ്ക്ക് പ്രൈസ് പ്രിഫറൻസ് കൊടുക്കണമെന്നും തീരുമാനിക്കുകയുണ്ടായി. എന്നാൽ ധനകാര്യ-നിയമ വകുപ്പുകൾ ഇത് പരിശോധിക്കണമെന്നാണ് ഇതുസംബന്ധിച്ച് അന്ന് പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചത്. സ്റ്റോർ പർച്ചേസിംഗ് വകുപ്പുമായിട്ടും കൂടിയാലോചിക്കണമെന്ന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയ കാര്യം, പൊതുമരാമത്ത് പ്രവൃത്തികൾക്കാവശ്യമായ റ്റി.എം.റ്റി. കമ്പികളുടെ 20 ശതമാനം എസ്.സി.എൽ. കമ്പനിയിൽ നിന്നും നിർബന്ധമായും വാങ്ങണമെന്ന് പൊതുമരാമത്ത് വകുപ്പിനോട് അഭ്യർത്ഥിക്കുകയും എന്നാൽ ടെണ്ടർ നോട്ടീസിൽ, നോട്ടീസ് ഇൻവൈറ്റിംഗ് ടെണ്ടർ എന്ന വ്യവസ്ഥയിൽ ഇത് ഉൾക്കൊള്ളിച്ചാൽ മാത്രമേ കമ്പി വാങ്ങാൻ സാധിക്കുകയുള്ളൂ എന്നുമാണ്. എന്നാൽ കമ്പി വാങ്ങി സംഭരിച്ച് കരാറുകാർക്ക് കൊടുക്കാൻ പൊതുമരാമത്ത് വകുപ്പിൽ സ്റ്റോറുകളില്ല. അതിന്റെ ഫലമായി അവർക്ക് സംഭരിക്കാനും കൊടുക്കാനുമുള്ള സാധ്യതയില്ലാതായി. കൂടാതെ പൊതുമരാമത്ത് വകുപ്പിൽ ബി.ഐ.എസ്.-ന്റെ പൂർണ്ണമായ പരിശോധനയ്ക്ക് വിധേയമായിട്ടുള്ള മെറ്റീരിയൽ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്നാണ്. അതുകൊണ്ട് അവർക്ക് ടെണ്ടർ ചെയ്യുമ്പോൾ ബ്രാൻഡ് ഐറ്റം പ്രിഫർ ചെയ്യാനോ റ്റി.എം.റ്റി. കമ്പി വാങ്ങണമെന്ന് നിഷ്കർഷിക്കാനോ നിയമപരമായി സാധ്യതയില്ല. ഇതാണ് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ളത്. അതിന്റെ ഫലമായി ഉൽപ്പാദിപ്പിച്ചിരിക്കുന്ന കമ്പികൾ മാർക്കറ്റ് ചെയ്യാൻ കഴിയാതെ 2016 മുതൽ കമ്പനി സ്തംഭനാവസ്ഥയിലാണ്. അവിടെ തൊഴിലാളികളും ജീവനക്കാരു മെല്ലാമായി ഏതാണ്ട് 58 പേരുണ്ടെന്ന് ഇവിടെ പറഞ്ഞത് ശരിയാണ്. അവർക്കിപ്പോൾ ശമ്പളം കൊടുക്കാൻ കാശില്ല. 2017, 2018, 2019 വർഷങ്ങളിലായി ഗവൺമെന്റ് 7,35,00,000 രൂപ അനുവദിച്ചാണ് ശമ്പളം കൊടുത്തിരിക്കുന്നത്. ഇപ്പോൾ കമ്പനി പൂർണ്ണമായും പ്രവർത്തനരഹിതമാണ്. ഇനി തുറന്ന് പ്രവർത്തിക്കണമെങ്കിൽ ആറേഴ് കോടി രൂപയെങ്കിലും വേണ്ടിവരും. തുറന്ന് പ്രവർത്തിച്ചാൽപ്പോലും ഇന്നത്തെ നിയമവ്യവസ്ഥയനുസരിച്ച് പരിശോധിച്ചാൽ പൊതുമരാമത്ത് വകുപ്പിന്റെ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് പ്രത്യേകം സമ്മർദ്ദം ചെലുത്തി എടുപ്പിക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഇങ്ങനെയുള്ള ഒരു പ്രതിസന്ധിയിലാണ് കമ്പനി. ഇനി എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത സംരംഭമാണിത്. തുല്യ ഷെയറാണ്. പക്ഷെ മറ്റ് തരത്തിലുള്ള സഹായങ്ങളൊന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നില്ല. നിയമമനുസരിച്ച് സ്റ്റീൽ ബില്ലറ്റ്സ് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയാണ് സപ്ലൈ ചെയ്യേണ്ടത്. അവർ സപ്ലൈ ചെയ്യുന്നില്ല.

പൊതുമരാമത്ത് വകുപ്പ് കമ്പി വാങ്ങുമെന്ന് എഗ്രിമെന്റ് ചെയ്താൽ മാത്രമേ സെയിൽ സ്റ്റീൽ ബില്ലറ്റ്സ് തരികയുള്ളൂ എന്നുള്ള നില സ്വീകരിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇതൊരു പ്രതിസന്ധിയിലാണ്. ഇതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് വ്യവസായ വകുപ്പ് ഗൗരവപൂർവ്വം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

## (5) ഡിപ്പോ നിർമ്മാണം

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, ഈ സഭയിലും ഇതിനുമുമ്പ് ഗതാഗത വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിയുടെ മുമ്പാകെയും ഒരുപാട് തവണ ഞാൻ പറഞ്ഞിട്ടുള്ള ഒരു കാര്യമാണിത്. അദ്ദേഹത്തിന്റെ തൊട്ടടുത്ത് പാലക്കാട് ജില്ലയിൽ നിന്നുള്ള മന്ത്രിയുമുണ്ട്. പാലക്കാട് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽ ബസ് കയറാൻ വരുന്ന ഒരു സാധാരണക്കാരൻ വെയിലും മഴയും കൊള്ളാൻ തുടങ്ങിയിട്ട് മൂന്നുനാല് വർഷങ്ങളായി. വികസന പ്രവർത്തനത്തിന് തടസ്സം ഒന്നുകിൽ പണമാണ് അല്ലെങ്കിൽ സ്ഥലമാണ്. ഇത് രണ്ടും വകുപ്പിന് നൽകാൻ തയ്യാറാണ്. 7.10 കോടി രൂപ എം.എൽ.എ. ഫണ്ടിൽ നിന്ന് പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ പുനർനിർമ്മാണത്തിന് അനുവദിച്ചുകൊണ്ടും അത് നൽകാൻ തയ്യാറാണെന്ന് പറഞ്ഞുകൊണ്ടുമുള്ള കത്ത് നൽകിയിട്ട് മാസങ്ങളായി. അതിന്റെ നിർമ്മാണം തുടങ്ങാനുള്ള അവസരം ഇതുവരെ ഉണ്ടായിട്ടില്ലെന്നുള്ളത് ഖേദത്തോടെ അറിയിക്കുകയാണ്. ഞാൻ ആരെയും കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. എം.എൽ.എ. എന്നുള്ള നിലയ്ക്ക് ഞാൻ എന്തെങ്കിലും കാര്യം അതിൽ ചെയ്യാത്തതുണ്ടെങ്കിൽ അതങ്ങ് പറഞ്ഞാൽ മതി, ഞാനത് ചെയ്യാൻ തയ്യാറാണ്. ഒരു രൂപപോലും കെ.എസ്.ആർ.ടി.സി. ഫണ്ട് വയ്ക്കണമെന്നുള്ള ആവശ്യം ഇപ്പോൾ മുന്നോട്ടുവച്ചിട്ടില്ല. മഴയും വെയിലും കൊള്ളാതെ അവിടത്തെ സാധാരണക്കാരന് ബസ് കയറാനുള്ള അവസരമുണ്ടാകണം. അത് പൊളിച്ചതുമുതൽ ഈ ദിവസം വരെ മുഴുവൻ പഴിയും ഞാൻ ഒറ്റയ്ക്ക് കേട്ടുകൊണ്ടിരിക്കുകയാണ്. എനിക്ക് അതിലും പരാതിയില്ല. ഞാൻ ഇനിയും കേൾക്കാൻ തയ്യാറാണ്. പക്ഷേ ഇതിനൊരു തീരുമാനമുണ്ടാകണം. ആദ്യം ട്രാൻസ്പോർട്ട് സോണാണ്, കൊമേഴ്സ്യൽ കെട്ടിടം കെട്ടാൻ സാധിക്കില്ല, സോണൽ എക്സംപ്ഷൻ വരുത്തണമെന്ന് പറഞ്ഞു, അത് വരുത്തി. റെന്റ് അഡ്വാൻസ് സ്കീമിലൂടെ പണം കണ്ടെത്താമെന്ന് തീരുമാനിച്ച് ടെൻഡർ ചെയ്തു. നിർമ്മാണ പ്രവർത്തനം തുടങ്ങാൻ കോൺട്രാക്ടർ വന്നപ്പോൾ അവിടത്തെ ജീവനക്കാരുടെ സൊസൈറ്റിയുടെ ചെറിയൊരു കെട്ടിടം പൊളിച്ചുമാറ്റാൻ സമ്മതിക്കാതെ അവിടെ നിർമ്മാണം തുടങ്ങാൻ സാധിക്കില്ലെന്ന് പറഞ്ഞ് നിർമ്മാണത്തെ തടസ്സപ്പെടുത്തി, കോൺട്രാക്ടർ അത് ഇട്ടിട്ടുപോയി. കരാറിലെ രണ്ടാമത്തെ ആൾക്ക് കൊടുക്കുവാനുള്ള തീരുമാനവുമായി ഗവൺമെന്റ് മുമ്പോട്ടുപോകുമ്പോൾ സെൻട്രൽ

വിജിലൻസ് കമ്മീഷന്റെ തീരുമാനപ്രകാരം റീ-ടെൻഡർ വേണമെന്ന് പറഞ്ഞു. രണ്ട് വർക്ക്, ഒരു വർഷത്തെ 5 കോടി രൂപ പൂർണ്ണമായിട്ടും മറ്റൊരു വർഷത്തെ 2.10 കോടി രൂപയും കൊടുക്കുന്നതിനുമുമ്പേ റെന്റ് അഡ്വാൻസ് സ്കീമിലും കുറച്ച് ബോർഡിന്റെ പൈസയുംവച്ച് രണ്ട് കരാറായി റീ-ടെൻഡർ ചെയ്തു. 14 കരാറുകാർ പങ്കെടുത്തു. രണ്ടിലെയും L1 തീരുമാനിച്ച് ഗവൺമെന്റിലേയ്ക്കുവന്നു. ആ തീരുമാനമെടുത്തിട്ട് പണി തുടങ്ങുവാൻ തീരുമാനിച്ചു. L1 അംഗീകരിച്ചുവന്നിട്ട് ഓർഡർ കൊടുക്കുന്നില്ല. കുറെക്കാലം കാത്തിരുന്നിട്ട് കൊടുക്കാൻ പണമില്ലാത്തതുകൊണ്ട് കൊടുക്കാൻ കഴിയില്ലെന്ന് ടെൻഡർ കഴിഞ്ഞതിനുശേഷം വകുപ്പ് പറഞ്ഞു. ആ കരാറുകാരും മടങ്ങിപ്പോയി. പിന്നെ പണമില്ല എന്നുപറഞ്ഞപ്പോൾ മറ്റനേകം പ്രവർത്തനങ്ങൾ നടത്തേണ്ട ഒരു വർഷത്തെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടായ 5 കോടി രൂപ പൂർണ്ണമായും ഇതിനുവേണ്ടി മാറ്റിവച്ചു. മുൻവർഷത്തെ 2.10 കോടി രൂപയും വച്ചു. 7.10 കോടി രൂപ കേരളത്തിലെ ഒരു എം.എൽ.എ.-യ്ക്കും ഒരു ഡിപ്പോ നിർമ്മിക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കേണ്ടി വന്നിട്ടില്ല. അമ്പത് പൈസ പോലും ഡിപ്പാർട്ടുമെന്റ് നൽകണമെന്ന് പറഞ്ഞിട്ടില്ല. അവസാനം നിർമ്മാണ പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കാൻ തീരുമാനിച്ചു. കഴിഞ്ഞ എം.ഡി. അതിന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ തീരുമാനമെടുത്തു. താൽക്കാലികമായി എ.എസ്.-ന് ധനകാര്യ വകുപ്പ് എഗ്രി ചെയ്ത് കളക്ടറേറ്റിലേയ്ക്ക് കത്തയച്ചു. നിർമ്മാണം തുടങ്ങുന്നതിന് 10 ദിവസം മുമ്പേ അംഗീകരിച്ച ഡിസൈനിൽ എന്തൊക്കെയോ കുഴപ്പമുണ്ടെന്ന് പറഞ്ഞ് വീണ്ടും കത്തുവന്നു. എസ്റ്റിമേറ്റ് എടുക്കുമ്പോൾ ഡിസൈനും കാൽക്കുലേഷനും നടത്തിയിട്ടല്ലേ ഭരണാനുമതി കൊടുക്കുന്നത്. അതും അംഗീകരിച്ച് ഇപ്പോൾ രണ്ടാമതും ഡിസൈൻ ചെയ്യണമെന്ന് പറഞ്ഞു. ആ ഡിസൈനും സമർപ്പിച്ചിട്ടുണ്ട്. പുതിയ എം.ഡി. പാലക്കാടിനെ അറിയുന്ന ആളാണ്. അദ്ദേഹം അത് എത്രയും വേഗം നടപ്പാക്കിത്തരാമെന്ന് പറഞ്ഞിട്ടുണ്ട്. എനിക്ക് രണ്ട് കാര്യങ്ങളിൽ അങ്ങ് ഉറപ്പ് തന്നാൽ മതി. യാർഡ് നേരെയാക്കുവാൻ പോലും ഡിപ്പാർട്ടുമെന്റിന് കാശില്ല അതും എം.എൽ.എ. ഫണ്ടിൽ തന്നെ വയ്ക്കണമെന്ന് പറഞ്ഞു. അവിടെ കെട്ടിടം കെട്ടുവാനും ബസ് വെയിറ്റിംഗ് ഏരിയ നിർമ്മിക്കുവാനും മറ്റും എം.എൽ.എ. ഫണ്ടിൽ തുക വച്ചിട്ടുണ്ട്. എന്നാൽ അതിന്റെ മുറ്റം ശരിയാക്കാനും ടൈൽ ഇടാനും കാശില്ലായെന്നും അതും ഇതിൽ നിന്ന് കണ്ടെത്തണമെന്നാണ് പറഞ്ഞത്. നിങ്ങൾ കൊമേഴ്സ്യൽ ഏരിയയിൽ കോംപ്രമൈസ് ചെയ്യണമെന്ന് ഞാൻ പറഞ്ഞു. അവിടെ വേറെ ഒന്നുമില്ലെങ്കിലും വേണ്ട ജനങ്ങൾ ബസ് കയറാൻ നിൽക്കുമ്പോൾ വെയിലും മഴയും ഏൽക്കുന്ന സാഹചര്യമെങ്കിലും ഒഴിവാക്കി കൊടുക്കണമെന്ന്

പറഞ്ഞു. അതിനുള്ള പണം ഇതിൽ നിന്നും കണ്ടെത്തി. ഇപ്പോൾ അത് വീണ്ടും എസ്റ്റിമേറ്റെടുത്ത് തത്വത്തിൽ അതിന്റെ ഡിസൈനിനും അംഗീകാരം തന്നിരിക്കുകയാണ്. പണവും സ്ഥലവുമുണ്ട്. എം.എൽ.എ. എന്നുള്ള നിലയ്ക്ക് ഞാൻ രണ്ട് കാര്യങ്ങൾ ചോദിക്കുവാൻ ആഗ്രഹിക്കുന്നു. ഒന്ന്, ഞാൻ എന്തെങ്കിലും ഈ കാര്യത്തിൽ ചെയ്യാത്തതായിട്ടുണ്ടോ? രണ്ട്, ഇനിയെങ്കിലും പ്രയാസങ്ങളും തടസ്സങ്ങളും അകാരണമായ നീട്ടിവയ്ക്കലുമില്ലാതെ പാലക്കാട്ടെ ജനങ്ങളുടെയും പാലക്കാടിന്റെ സുരക്ഷയ്ക്കുമായി ഇതിന്റെ നിർമ്മാണം തുടങ്ങാൻ ഈ ഗവൺമെന്റ് അടിയന്തരമായി തീരുമാനമെടുക്കുമെന്ന് ഈ സഭയിൽ അങ്ങ് ഉറപ്പുതരുമോ; ഇതാണ് ഈ സബ്മിഷനിലൂടെ ഞാൻ ചോദിക്കുവാനാഗ്രഹിക്കുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട പാലക്കാട് എം.എൽ.എ. ശ്രീ. ഷാഫി പറമ്പിൽ ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ എന്തുകൊണ്ടാണ് കാലതാമസമുണ്ടായതെന്ന് അദ്ദേഹം തന്നെ വിശദീകരിക്കുകയുണ്ടായി. 2015-ലാണ് ആദ്യമായി ഇ-ടെൻഡർ വിളിച്ചത്. അതിനുള്ള പ്രത്യേക അനുമതി കൊടുക്കുന്നതിന് രണ്ട് വർഷത്തെ കാലതാമസമുണ്ടായി. അതുകഴിഞ്ഞ് കെട്ടിടമൊക്കെ പൊളിച്ചുനീക്കി ഒരു ഘട്ടത്തിലായപ്പോൾ 2017-ൽ കരാറുകാരൻ പിൻമാറി. അതിനെത്തുടർന്ന് എം.എൽ.എ. തന്നെ ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. ആ യോഗത്തിൽ രണ്ടാമത്തെ കരാറുകാരന് കൊടുക്കുവാനുള്ള ധാരണയുണ്ടായി. അപ്പോഴാണ് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ സെൻട്രൽ വിജിലൻസ് കമ്മീഷന്റെ ശിപാർശ നടപ്പിലാക്കേണ്ട ഉത്തരവാദിത്വം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായത്. അങ്ങനെ വീണ്ടും ടെൻഡറിന് നിർദ്ദേശം നൽകുകയും ടെൻഡർ വിളിക്കുകയും ഒരു പ്രത്യേക കമ്പനിക്ക് ടെൻഡർ അനുവദിക്കുവാനും തീരുമാനിച്ചു. പിന്നീടാണ് അതിനൊരു മാറ്റം വേണമെന്ന നിഗമനത്തിലെത്തിയത്.

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട കാര്യമാണ് മന്ത്രി പറയുന്നത്. അദ്ദേഹം പറഞ്ഞുതീർക്കട്ടെ. ഇരിക്കു...

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പണമില്ലെന്ന് പറഞ്ഞ അവസരത്തിലെല്ലാം പണത്തിന്റെ പ്രശ്നം എം.എൽ.എ. പരിഹരിച്ചു. അപ്പോൾ പണത്തിന്റെ പ്രശ്നമല്ല കാരണം. 5 കോടി രൂപയും 2.10 കോടി രൂപയും തന്നെന്ന് എം.എൽ.എ. തന്നെ പറഞ്ഞു. ഏതായാലും ഏറ്റവും ഒടുവിലത്തെ സ്ഥിതി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അനുവാദം നൽകുകയും അവർ കഴിഞ്ഞ 13-5-2019-ൽ മാറ്റം വരുത്തിയ വിധത്തിലുള്ള ഡിസൈനും പ്ലാനും അംഗീകരിച്ചിട്ടുമുണ്ട്. ഈ പ്ലാനിന് മുനിസിപ്പാലിറ്റിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. അങ്ങയുടെ

വികാരത്തോട് വിയോജിപ്പല്ല. ഒരു ജനപ്രതിനിധിയെന്ന നിലയിൽ താങ്കൾ കാണിച്ചിട്ടുള്ള ശുഷ്കാന്തിയും താല്പര്യവും എല്ലാവർക്കും ബോധ്യമുള്ളതാണ്. പക്ഷേ ഓരോ കാരണങ്ങളാൽ കുരുക്കിൽപ്പെട്ട് അങ്ങനെയായി പോയതാണ്. എന്നിരുന്നാലും നമുക്ക് ആ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി ജനങ്ങളുടെ പ്രയാസം പരിഹരിക്കേണ്ടതുണ്ട്. അതാണ് നമ്മുടെയെല്ലാം ഉദ്ദേശ്യം. ഇതിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലനും ശ്രീ. കൃഷ്ണൻകുട്ടിയും നിർദ്ദേശിച്ചത് ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടണമെന്നാണ്. ഇനിയിപ്പോൾ നാളെ യോഗം വിളിക്കാൻ സാധിക്കില്ല. ഇടവേളയ്ക്കുശേഷം നിയമസഭാ സമ്മേളനം തുടങ്ങുന്ന ദിവസം തന്നെ ടൗൺ പ്ലാനിംഗിന്റെയും മുനിസിപ്പാലിറ്റിയുടെയും എം.എൽ.എ.-യുടെയും ഇതുമായി ബന്ധപ്പെട്ട രണ്ട് മന്ത്രിമാർക്ക് പങ്കെടുക്കാൻ കഴിയുമെങ്കിൽ അവരുടെയും കൂടി സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുകൂട്ടി എത്രയും പെട്ടെന്ന് ഈ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ് പ്ലീസ്...

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് ഞാൻ ഉൾക്കൊണ്ടിട്ടുണ്ട്. പക്ഷേ ഇവിടെ കിട്ടിയ റിപ്പോർട്ടനുസരിച്ച് മുനിസിപ്പാലിറ്റിയുടെ പ്ലാൻ സമർപ്പിച്ച് അനുമതി ലഭ്യമായി കഴിഞ്ഞിട്ടില്ലായെന്നാണ്. ഏതായാലും അക്കാര്യം പരിശോധിക്കാം. നമുക്ക് കൂട്ടായാലോചിച്ച് എത്രയും പെട്ടെന്ന് ഇതിനൊരു പരിഹാരം കാണുകയെന്നതാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും പാലക്കാട്ടെ ജനങ്ങളുടെയും ആവശ്യം. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ പ്രതിനിധിയെയും വിളിക്കാം. ഈ ആവശ്യത്തോട് ചേർന്നുനിന്നുകൊണ്ട് എത്രയും പെട്ടെന്ന് ഈ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ഒരു കാര്യം പറയാനുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. ഷാഫി പറമ്പിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം ഇവിടെ പറഞ്ഞു. ഒരു യോഗത്തിന്റെയും ആവശ്യമില്ല. അങ്ങ് എം.ഡി.-യോട് വർക്ക് തുടങ്ങാൻ ആവശ്യപ്പെട്ടാൽ മതി. മുനിസിപ്പാലിറ്റിയുടെ അനുവാദം വരെ കിട്ടി. പിന്നെ എന്തിനാണ് യോഗം വിളിക്കുന്നത്. You should give instructions to the MD to start the work. ഇതെന്താണ് നടക്കുന്നത്; എന്തിനാണ് യോഗം വിളിക്കുന്നത്?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നിർദ്ദേശം സ്വീകരിക്കുന്നതിന് ഒരു വിരോധവുമുള്ള ആളല്ല ഞാൻ. പക്ഷേ ഇവിടെ ഇനിയും ആ അംഗീകാരം കിട്ടിയിട്ടില്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, ആ അംഗീകാരത്തിന് തടസ്സമില്ല... (മൈക്ക് ഓഫ്)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഏതായാലും എത്രയും പെട്ടെന്ന് പണി തുടങ്ങണമെന്നതല്ലേ ഉദ്ദേശ്യം.

മി. സ്പീക്കർ: പണി ആരംഭിക്കാം എന്നാണ് പറയുന്നത്. ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുണ്ട്. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട പരാതികൾ വീണ്ടും വ്യാപകമായി ഉയർന്നു കൊണ്ടിരിക്കുകയാണ്. പ്രാദേശിക വികസന ഫണ്ടിൽനിന്നും സ്കൂളുകളിലേക്ക് ബസ് അനുവദിച്ചതിനുശേഷം രണ്ട് വർഷം കഴിഞ്ഞിട്ടും ബസ് സ്കൂളുകളിൽ എത്താത്തതിന്റെയും കമ്പ്യൂട്ടറുകൾ ലഭിക്കാത്തതിന്റെയും പരാതികൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ സമീപനം പരിഹരിക്കാനാവശ്യമായ നിർദ്ദേശം പല തവണ ഉണ്ടായിട്ടും അത് പ്രായോഗികമാകുന്നില്ല. എം.എൽ.എ.-മാരുടെ നിർദ്ദേശങ്ങൾ അടിയന്തര പ്രാധാന്യമുള്ളതായതുകൊണ്ടാണ് ഓരോ വകുപ്പിലും അവർ പ്രത്യേകം എഴുതിക്കൊടുക്കുന്നത്. ആ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് അത് പ്രയോഗത്തിലെത്തുമെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം എല്ലാ വകുപ്പിനും ഉണ്ടാക്കാൻ ഒരു തീരുമാനമെടുക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ:സർ, ചെയർ പറഞ്ഞതനുസരിച്ച് നാളെ രാവിലെ തന്നെ ഇതുമായി ബന്ധപ്പെട്ട യോഗം കൂടാം.

മി. സ്പീക്കർ: എല്ലാ വകുപ്പിലും ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. അതിനൊരു സംവിധാനമുണ്ടാക്കണം.

## (6) കോളനി നിവാസികളുടെ പുനരധിവാസം

ശ്രീ. ബി. ഡി. ദേവസ്സി: സർ, 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തോടൊപ്പമുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് അതിരപ്പിള്ളി പഞ്ചായത്തിലെ ആനക്കയം ട്രൈബൽ കോളനിയിലെ 24 കുടുംബങ്ങൾ പ്രാണഭീതിയിൽ താമസയോഗ്യമല്ലാതായ വീടും സ്ഥലവും ഉപേക്ഷിച്ച് തൊട്ടടുത്ത് പാറപ്പുറത്ത് പ്ലാസ്റ്റിക്ക് ഷീറ്റ് കെട്ടി താമസമാക്കി. പിന്നീട് കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഷെഡ്ഡുകളിൽ കഴിഞ്ഞ 9 മാസക്കാലമായി താമസിച്ച് വന്നിരുന്നു. ഈ കുടുംബങ്ങൾ ഇപ്പോൾ ആനക്കയം ഫോറസ്റ്റ് സ്റ്റേഷനോട് ചേർന്ന മയിലാടുംപാറയിലെ വനംവകുപ്പ് വക സ്ഥലത്ത് കുടിൽകെട്ടി താമസിക്കുകയാണ്. ഇവിടെ കുടിവെള്ളം, വൈദ്യുതി തുടങ്ങിയ യാതൊരു

അടിസ്ഥാന സൗകര്യങ്ങളുമില്ല. മാത്രമല്ല, ആദ്യമുണ്ടായിരുന്ന സ്ഥലം സുരക്ഷാപ്രശ്നംമൂലം ഉപേക്ഷിച്ചതിനാൽ, സ്വന്തം സ്ഥലം നഷ്ടപ്പെട്ടതിനാൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ലഭിക്കാതെ ഇവരുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടിരിക്കുകയാണ്. ആനക്കയം ട്രൈബൽ കോളനിയിലെ 24 കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടും സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. ഇതിനുപുറമേ, അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി കോളനികളിലെ ഭൂരഹിതരായ 118-ഓളം കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും അനുയോജ്യമായ ഭൂമി അതാത് കോളനികളോട് ചേർന്ന് നൽകേണ്ടതുണ്ട്. ആയതുകൊണ്ട് അതിരപ്പിള്ളി പഞ്ചായത്തിലെ ആനക്കയം ട്രൈബൽ കോളനി നിവാസികളുടെ പുനരധിവാസവും വാഴച്ചാൽ, വാച്ച്മരം, ഷോളയാർ, മലക്കപ്പാറ ഉൾപ്പെടെയുള്ള മറ്റ് കോളനികളിലെ ഭൂരഹിതരായ ആദിവാസി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ഭൂമിയുടെ പ്രശ്നവും പരിഹരിക്കുന്നതിന് വനം, ട്രൈബൽ, റവന്യൂ വകുപ്പുകളുടെ സംയുക്ത യോഗം വിളിച്ചുചേർക്കുന്നതിനും കാലങ്ങളായി നിലനിൽക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, തൃശ്ശൂർ ജില്ലയിൽ ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട ആനക്കയം പട്ടികവർഗ്ഗ സങ്കേതത്തിൽ പ്രാക്തനഗോത്ര വിഭാഗത്തിൽപ്പെട്ട 23 കുടുംബങ്ങളിലായി കാടർ സമുദായത്തിൽപ്പെട്ട 84 പേരാണ് താമസിക്കുന്നത്. ഇതിൽ 18 കുടുംബങ്ങൾക്കും വനാവകാശ നിയമപ്രകാരം 2010-ൽ തന്നെ 4 ഏക്കർ 39 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ കാലവർഷക്കെടുതിയിൽ ഈ കോളനിക്കടുത്തുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് അവിടെയുള്ള 23 കുടുംബങ്ങളെ താൽക്കാലികമായി ഷോളയാർ കെ.എസ്.ഇ.ബി. ക്വാർട്ടേഴ്സിലേക്ക് മാറ്റി പാർപ്പിച്ചു. എന്നാൽ ഉരുൾപൊട്ടലിന്റെ ഭാഗമായി കോളനികളുടെ സമീപപ്രദേശത്തുനിന്ന് നീരൊഴുക്കുണ്ടായതല്ലാതെ കോളനിയിൽ നാശനഷ്ടങ്ങളൊന്നും ഉണ്ടായിട്ടില്ല. അവിടെ താമസിക്കുന്ന കുടുംബങ്ങളുടെ ആശങ്കയെത്തുടർന്ന് ഉരുൾപൊട്ടൽ ഭീഷണിയെ സംബന്ധിച്ച് വിദഗ്ദ്ധ സമിതി പരിശോധിക്കുകയും ഈ കോളനി പ്രദേശത്ത് സുരക്ഷാഭീഷണി ഇല്ലെന്ന് വിദഗ്ദ്ധ സമിതി തൃശ്ശൂർ ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ കോളനിയിൽ 21 വാസയോഗ്യമായ വീടുകളുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 18 വീടുകളുടെ പുനരുദ്ധാരണം, കുടിവെള്ള പദ്ധതി, കമ്മ്യൂണിറ്റി ഹാൾ, അംഗനവാടി നിർമ്മാണം, ഫർണിച്ചർ നൽകൽ

തുടങ്ങിയ പ്രവൃത്തികൾക്ക് ഒരു കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ ഏജൻസിയായ തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് മുൻകൂറായി 20 ലക്ഷം രൂപ അനുവദിക്കുകയും 6 വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഉരുൾപൊട്ടൽ ഭീഷണിയില്ല എന്ന വിദഗ്ദ്ധ സമിതി റിപ്പോർട്ടിനെത്തുടർന്ന് കോളനികളിലേക്ക് തിരിച്ചുപോകാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇവർ അതിന് തയ്യാറായിട്ടില്ല. പകരം കെ.എസ്.ഇ.ബി. ക്വാർട്ടേഴ്സിൽനിന്നും മാറി ആനക്കയം ഫോറസ്റ്റ് സ്റ്റേഷന് സമീപമുള്ള താൽക്കാലിക ഷെഡ്ഡിൽ താമസിക്കുകയാണ്. യഥാർത്ഥത്തിൽ സുരക്ഷാ ഭീഷണി ഇല്ലാത്തതിനാൽ കോളനികളിലേക്ക് മാറി താമസിപ്പിക്കേണ്ടതാണെന്ന് കോളനി നിവാസികളെ ബഹുമാനപ്പെട്ട ജനപ്രതിനിധി ഇടപെട്ട് ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞാൽ നമുക്ക് ഈ പ്രശ്നം കുറെ പരിഹരിക്കുവാൻ സാധിക്കും. വാഴച്ചാൽ കോളനിയിൽ 74 കുടുംബങ്ങളിലായി 245 പേരാണ് താമസിക്കുന്നത്. കാടർ വിഭാഗത്തിൽപ്പെട്ട ഇവരിൽ 36 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഇതിനകം തന്നെ 4 ഏക്കർ 54 സെന്റ് ഭൂമി അനുവദിച്ചിട്ടുണ്ട്. വാച്ച്മരം കോളനിയിൽ 45 കുടുംബങ്ങളിലായി മലയർ, കാടർ വിഭാഗത്തിൽപ്പെട്ട 120 പേർ താമസിക്കുന്നുണ്ട്. 43 പേർക്ക് വനാവകാശ നിയമപ്രകാരം 12.19 ഏക്കർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ കാടർ വിഭാഗത്തിൽപ്പെട്ടവർക്ക് നാമമാത്രമായ ഭൂമിയാണ് ലഭ്യമായിട്ടുള്ളത് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഷോളയാർ കോളനിയിൽ 23 കുടുംബങ്ങളിലായി കാടർ വിഭാഗത്തിൽപ്പെടുന്ന 74 പേരാണ് താമസിക്കുന്നത്. ഇതിൽ 21 പേർക്ക് വനാവകാശ നിയമപ്രകാരം 6.39 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. മലക്കപ്പാറയിൽ കാടർ വിഭാഗത്തിൽപ്പെട്ട 220 പേർ 70 കുടുംബങ്ങളിലായി താമസിക്കുന്നുണ്ട്. ഇവരിൽ 45 കുടുംബങ്ങൾക്ക് 14.08 ഏക്കർ ഭൂമിയാണ് വനാവകാശ നിയമപ്രകാരം അനുവദിച്ചത്. അതിരപ്പിള്ളി മേഖലയിൽ പ്രധാനമായും വനാന്തർഭാഗത്ത് താമസിക്കുന്ന കാടർ വിഭാഗത്തിൽപ്പെട്ടവരാണുള്ളത്. ഇവർ മുഖ്യമായും വനവിഭവങ്ങൾ ശേഖരിച്ചും മത്സ്യബന്ധനം നടത്തിയും വനംവകുപ്പിന് കീഴിൽ വനസംരക്ഷണത്തിനായുള്ള കൂലിപ്പണിയും ചെയ്താണ് ഉപജീവനം നടത്തുന്നത്. ഇക്കാരണത്താൽ കൃഷി ചെയ്ത് കൈവശം വയ്ക്കുന്ന ഭൂമിയില്ലാത്തതിനാൽ പലർക്കും താമസിച്ചുവരുന്ന 10 സെന്റിനടുത്ത ഭൂമിക്ക് മാത്രമേ കൈവശാവകാശ രേഖ നൽകാൻ സാധിക്കുകയുള്ളൂ. ഇവരെ വനാന്തർ ഭാഗത്തുനിന്നും പുറത്തുകൊണ്ടുവന്ന് മറ്റ് സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കുന്നത് പ്രായോഗികവുമല്ല. അതുകൊണ്ട് താമസ സ്ഥലത്തോട് ചേർന്ന് കൂടുതൽ ഭൂമി ലഭ്യമാക്കുവാൻ കഴിയുമോ എന്ന പരിശോധനയാണ് ഇപ്പോൾ വനംവകുപ്പുമായി ബന്ധപ്പെട്ട് ആലോചിച്ചു കൊണ്ടിരിക്കുന്നത്. എന്തായാലും 8-9 മാസംകൊണ്ട് ആദിവാസികളുടെ ഭൂപ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3218 പേർക്ക് 3385 ഏക്കർ ഭൂമി നൽകി. ഇപ്പോൾ ആകെ 11474 കുടുംബങ്ങൾക്കാണ് ഭൂമി ഇല്ലാത്തത്. അത് സുപ്രീംകോടതി വിധിപ്രകാരം ലഭ്യമായി. വനംവകുപ്പിന്റെ കയ്യിലുള്ള ഏതാണ്ട് 14930 ഏക്കർ ഭൂമിയിൽ 8000 ഏക്കർ ഭൂമി ഹാബിറ്റബിളാണ്. അത് വനം വകുപ്പ് വിട്ടുതരുന്നതിനുള്ള നടപടി ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. RoR (Record of Right) പ്രകാരം 6200 ഏക്കർ ഭൂമിയേ നമുക്ക് കൊടുക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെ വരുമ്പോൾ ശാശ്വതമായി ആദിവാസികളുടെ ഭൂപ്രശ്നം 8-9 മാസം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്ന് പ്രാവശ്യം യോഗം വിളിച്ചു. റവന്യൂ, വനം, പട്ടികജാതി പട്ടികവർഗ്ഗം എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥന്മാരെയും മന്ത്രിമാരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു യോഗം ചേരാൻ പോകുന്നുണ്ട്. ഇന്ത്യാ രാജ്യത്ത് ആദിവാസി ഭൂപ്രശ്നം ശാശ്വതമായി പരിഹരിക്കുന്ന ആദ്യത്തെ സംസ്ഥാനമായി കേരളം മാറാൻ പോവുകയാണ്. അതുകൊണ്ട് ബാക്കിയുള്ള ആൾക്കാർക്കുകൂടി ഇതിന്റെ ഭാഗമായി ഭൂമി ലഭ്യമാകുന്നതാണ്.

## (7) സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം

ശ്രീ. എം. ഉമ്മർ: സർ, 2013 സെപ്റ്റംബർ മാസം 1-ാം തീയതി പ്രവർത്തനം ആരംഭിച്ച മഞ്ചേരി മെഡിക്കൽ കോളേജ് 5 വർഷം പിന്നിടുകയാണ്. പഠനം പൂർത്തിയാക്കിയ ഒന്നാമത്തെ ബാച്ച് വളരെ വിജയകരമായി ഈ വർഷം പുറത്തിറങ്ങുകയുണ്ടായി. ഹൗസ് സർജൻസി കൂടി കഴിഞ്ഞ് അവരൊക്കെ ഡോക്ടർമാരായി മാറിയിട്ടുണ്ട്. നീണ്ട പരിശ്രമങ്ങൾക്കൊടുവിൽ മഞ്ചേരി മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അന്തിമ അംഗീകാരവും ലഭിക്കുകയുണ്ടായി. മെഡിക്കൽ കോളേജിന്റെ ഈ അംഗീകാരത്തിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടൽ ഞാൻ അഭിമാനപൂർവ്വം ഓർക്കുകയാണ്. മെഡിക്കൽ കോളേജിൽ കാർഡിയോളജി, ന്യൂറോളജി വിഭാഗങ്ങൾക്ക് ഡോക്ടർമാരുണ്ട്. എന്നാൽ ഇവയ്ക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടങ്ങളോ മറ്റ് സൗകര്യങ്ങളോ ഇപ്പോഴില്ല. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിനുവേണ്ടി കാർഡിയോളജി, കാർഡിയോ തൊറാസിക് സർജറി, ന്യൂറോളജി, ന്യൂറോ സർജറി, പ്ലാസ്റ്റിക്ക് സർജറി, നെഫ്രോളജി, യൂറോളജി, ഗ്യാസ്ട്രോഎൻട്രോളജി എന്നിവകൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. കീമോതെറാപ്പി വാർഡിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. വേണ്ടത്ര ശ്രദ്ധിക്കപ്പെടാത്തതു കൊണ്ട് രോഗികൾ വളരെ വിഷമത്തിലാണ്. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് സൂപ്പർസ്പെഷ്യാലിറ്റി കോംപ്ലക്സ് ആരംഭിക്കുന്നതിനാവശ്യമായ കാര്യങ്ങൾ

ചെയ്യണം. അതോടൊപ്പം വളരെ നിർഭാഗ്യകരമായൊരു കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ 21-ാം തീയതി മഞ്ചേരി മെഡിക്കൽ കോളേജിൽ ഡാനിഷ് എന്ന ഏഴ് വയസ്സുള്ള കുട്ടിക്ക് മൂക്കിലെ ദശയ്ക്ക് ഓപ്പറേഷൻ ചെയ്യുന്നതിന് പകരമായി ഹെർണിയയ്ക്കാണ് ഓപ്പറേഷൻ നടത്തിയത്. വളരെ ഗുരുതരമായൊരു വീഴ്ചയാണ്. കൂലിപ്പണിക്കാരനായ ഒരു വ്യക്തിയുടെ മകനായ ഈ കുട്ടി ഇപ്പോഴും മഞ്ചേരി മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ഡോക്ടർമാരുടെയും ബന്ധപ്പെട്ട ആളുകളുടെയും ഭാഗത്തുനിന്നുള്ള വളരെ ഗുരുതരമായ വീഴ്ചയാണിത്. മൂക്കിന് സർജറി നടത്തുന്നതിനുപകരം ഹെർണിയയ്ക്ക് സർജറി ചെയ്തു, രക്ഷിതാവ് അത് മനസ്സിലാക്കുകയും ഹെർണിയയ്ക്കല്ല സർജറി ചെയ്യേണ്ടിയിരുന്നതെന്ന് അറിയിക്കുകയും ചെയ്തപ്പോൾ വീണ്ടും ഓപ്പറേഷൻ തിയേറ്ററിൽ കൊണ്ടുപോയി ആദ്യം നൽകിയ അനസ്തേഷ്യയിൽ തന്നെ മൂക്കിന് സർജറി നടത്തുകയുമാണുണ്ടായത്. ഇപ്പോഴും ആ കുട്ടി ചികിത്സയിലാണ്. അതിനാൽ അവർക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും നിരുത്തരവാദപരമായി പ്രവർത്തിച്ച ബന്ധപ്പെട്ട ആളുകളുടെമേൽ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, അവിടത്തെ ജനറൽ ആശുപത്രിയെ 2013-ൽ മെഡിക്കൽ കോളേജാക്കി ഉയർത്തിക്കൊണ്ടാണ് മഞ്ചേരി മെഡിക്കൽ കോളേജ് ആരംഭിച്ചത്. മതിയായ സൗകര്യമില്ലാത്തതിനാൽ മഞ്ചേരി മെഡിക്കൽ കോളേജിന്റെ അംഗീകാരം നഷ്ടമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. സർക്കാർ അധികാരത്തിൽ വന്നയുടൻ തന്നെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കൂടി നിർദ്ദേശം അനുസരിച്ച് എം.സി.ഐ. ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് അംഗീകാരം നിലനിർത്തുന്നതിനായി പരിശ്രമിച്ചു. ആവശ്യമായ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചും നിലവിലുണ്ടായിരുന്ന ഫാക്കൽറ്റി ഒഴിവുകൾ, പുതിയ നിയമനം, ഡെപ്യൂട്ടേഷൻ എന്നിവ വഴി നികത്തുകയും ചെയ്തുകൊണ്ടാണ് എം.സി.ഐ.-യുടെ അംഗീകാരത്തിന് ശ്രമിച്ചത്. അത്യന്താധുനികമായ രീതിയിൽ ഒരു സെൻട്രൽ ലൈബ്രറി നവീകരിച്ചും ആവശ്യമായ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചും കോളേജിന്റെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഓരോ വർഷവും അംഗീകാരം നിലനിർത്താൻ സാധിച്ചത് എം.സി.ഐ. നിർദ്ദേശിക്കുന്ന ഇത്തരം കാര്യങ്ങൾ അതാത് സമയങ്ങളിൽ ചെയ്യുന്നതുകൊണ്ടാണ്. ഇപ്പോൾ

500 മെഡിക്കൽ വിദ്യാർത്ഥികൾ പഠനം നടത്തുന്ന മഞ്ചേരി മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ സ്ഥിരാംഗീകാരം (അഞ്ച് കൊല്ലം തുടർച്ചയായി അംഗീകാരം) ലഭിക്കാനുള്ള നടപടികൾ ഏകദേശം പൂർത്തിയാക്കി ക്കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തുകയും ചെയ്തുകഴിഞ്ഞു. മഞ്ചേരി മെഡിക്കൽ കോളേജിൽ എം.സി.ഐ. ചൂണ്ടിക്കാണിച്ച പ്രധാന പോരായ്മയായ റസിഡൻഷ്യൽ സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ, ആഡിറ്റോറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. 103 കോടി രൂപയാണ് ഇതിനുവേണ്ടി വകയിരുത്തിയത്. ഇത്തരത്തിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനോടൊപ്പംതന്നെ സ്ഥിരമായി സ്ഥലപരിമിതിയുള്ള മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഭാവി വികസനത്തിനായി അധികം സ്ഥലം ലഭ്യമാകുമോയെന്ന് നോക്കുകയും ബഹുമാനപ്പെട്ട എം.എൽ.എ. അടക്കമുള്ളവരുടെ പരിശ്രമ ഫലമായി ഏഴേക്കർ സ്ഥലം കണ്ടെത്തുകയും ആ സ്ഥലം ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് ഭരണാനുമതി നൽകിയിരിക്കുകയുമാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടുകൂടിയ വെന്റിലേറ്റർ, കളർ ഡോപ്ളർ, ഇക്കോ കാർഡിയോഗ്രാഫി, അൾട്രാ സൗണ്ട് സ്കാനർ, മാമോഗ്രാഫി മെഷീൻ തുടങ്ങിയ ഉപകരണങ്ങളും സി.റ്റി. സ്കാനർ, ഹൈ എൻഡ് അൾട്രാ സോണോഗ്രാം, ഇ.ഇ.ജി., ഇ.എം.ജി., ഫീറ്റൽ റേഡിയോളജി യൂണിറ്റ് തുടങ്ങിയ ഒട്ടനവധി ഉപകരണങ്ങൾ അവിടെ സ്ഥാപിച്ചിട്ടുമുണ്ട്. ജില്ലയിലെ മികച്ച ആശുപത്രിയെന്ന നിലയിലും മലയോര തീരദേശ മേഖലയിൽ നിന്നുള്ള രോഗികൾക്ക് ഒരുപോലെ പ്രാപ്യമെന്ന നിലയിലും മഞ്ചേരി മെഡിക്കൽ കോളേജാശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗം ശക്തമാക്കിയിട്ടുണ്ട്. ഗവൺമെന്റ് 8 കോടി രൂപ മുതൽമുടക്കി പുതിയ കാത്ത് ലാബ് അനുവദിക്കുന്നതിൽ ഒരെണ്ണം മഞ്ചേരി മെഡിക്കൽ കോളേജിനാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത കാത്ത് ലാബ് സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. ന്യൂറോളജി വിഭാഗം ഡോക്ടറുടെ സേവനവും ഇവിടെ ആദ്യമായി ലഭ്യമാക്കിയിട്ടുണ്ട്. 2.85 കോടി രൂപ ചെലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി.ഡി. ട്രാൻസ്ഫർമേഷൻ നടത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിൽ എം.ബി.ബി.എസ്. കോഴ്സ് മാത്രമാണുള്ളത്.

പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. ആശുപത്രിയുടേയും കോളേജിന്റേയും സുഗമമായ നടത്തിപ്പിനാവശ്യമായ തസ്തിക ഇനിയും സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേക്ക് സമർപ്പിച്ചിട്ടുണ്ട്. മറ്റെല്ലാ കോളേജുകളെയും പോലെ മഞ്ചേരി മെഡിക്കൽ കോളേജിനേയും മികവിന്റെ കേന്ദ്രമാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ കാര്യങ്ങളടക്കം പരിഗണനയിലുണ്ട്. കീമോ വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കാം.

സബ്മിഷനിൽ ഉന്നയിച്ച വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യത്തിനും കൂടി ഞാൻ മറുപടി പറയുകയാണ്. വളരെ അപൂർവ്വമായാണ് ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ ഇത്തരത്തിലുള്ള മെഡിക്കൽ നെഗ്ലിജൻസ് സംഭവിക്കാറുള്ളത്. എന്നാൽ അങ്ങനെ സംഭവിക്കുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. വളരെ ഗൗരവത്തിൽ തന്നെ ഇത്തരം കാര്യങ്ങൾ കാണേണ്ടതായിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരു കുട്ടിയുടെ മൂക്കിന് നടത്തേണ്ടിയിരുന്ന ശസ്ത്രക്രിയ ഹെർണിയയാണെന്ന് ധരിച്ച് തെറ്റായി ശസ്ത്രക്രിയ ചെയ്യുകയുണ്ടായി. പേരിൽ സാമ്യമുള്ള രണ്ട് കുട്ടികൾ ശസ്ത്രക്രിയയ്ക്കുണ്ടായിരുന്നു. പേര് മാത്രം നോക്കിയല്ല ശസ്ത്രക്രിയ നടത്തേണ്ടത്. അതിനാവശ്യമായ മറ്റ് നടപടിക്രമങ്ങളുണ്ട്. കുട്ടിക്ക് നടത്തിയ ഓപ്പറേഷൻ മാറി എന്നുള്ളത് വസ്തുതയാണ്. കുട്ടിക്ക് ഹെർണിയയുണ്ടായിരുന്നു എന്ന് ഡോക്ടർ പറഞ്ഞു. പക്ഷെ അത് വിശ്വസിക്കാൻ കഴിയില്ല. ഉടനെ തന്നെ ഡോക്ടറെ സസ്പെന്റ് ചെയ്യുകയും വിശദമായ അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ബാക്കി നടപടിക്രമങ്ങൾ തീരുമാനിക്കും. കുട്ടിക്കാവശ്യമായ എല്ലാ വിദഗ്ദ്ധ ചികിത്സയും ലഭ്യമാക്കും. അത് മഞ്ചേരിയിൽ ലഭ്യമല്ലെങ്കിൽ ഏത് പ്രധാനപ്പെട്ട ഹോസ്പിറ്റലിൽ കൊണ്ടുപോയിട്ടാണെങ്കിലും കുട്ടിയുടെ ആരോഗ്യ സംരക്ഷണത്തിനുള്ള ചികിത്സ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. നഷ്ടപരിഹാരം എന്നുപറയുമ്പോൾ കുട്ടിക്കാവശ്യമായ എല്ലാ ചികിത്സയും ലഭ്യമാക്കി കുട്ടിയെ സാധാരണ നിലയിലാക്കാനുള്ള നടപടികളാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. മറ്റ് കാര്യങ്ങൾ ആലോചിച്ച് തീരുമാനിക്കാം.

## (8) എ.പി.എൽ. - ബി.പി.എൽ. ലിസ്റ്റ്

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്ത് ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെടേണ്ട, റേഷൻ വിതരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന എ.പി.എൽ/ബി.പി.എൽ. ലിസ്റ്റ് സംബന്ധിച്ച പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽ

കൊണ്ടുവരാനുള്ളത്. സാധാരണക്കാരുടെ ആവശ്യമെന്ന നിലയ്ക്ക് ജനപ്രതിനിധി കളുടെ അടുത്ത് ഏറ്റവും കൂടുതൽ വരുന്നത് ഈ വിഷയമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'റേഷൻ അർഹർക്ക് മാത്രമാകട്ടെ' എന്ന തലക്കെട്ടോടെ 2019 മേയ് 14-ാം തീയതി മാതൃഭൂമി ദിനപത്രം എഡിറ്റോറിയൽ പ്രസിദ്ധീകരിക്കുകയുണ്ടായി. വലിയ ചർച്ചയാണ് സമൂഹത്തിൽ നടക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ അവശ്യ സാധനങ്ങൾ ചുരുങ്ങിയ ചെലവിൽ എത്തിക്കുകയെന്ന വലിയ ദൗത്യമാണ് റേഷൻ വിതരണത്തിലൂടെ നമ്മുടെ സംസ്ഥാനം നിർവ്വഹിക്കുന്നത്. സംസ്ഥാനത്ത് സ്ഥിരമായി റേഷൻ വാങ്ങാത്ത 70,000 കുടുംബാംഗങ്ങൾ മുൻഗണനാ വിഭാഗത്തിൽ തുടരുന്നത് റേഷൻ സമ്പ്രദായത്തെ തന്നെ പരിഹാസ്യമാക്കുന്നുവെന്ന വാർത്തകളാണ് വരുന്നത്. ഇതിന്മേൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന അന്വേഷണം വളരെ പ്രസക്തമാണ്. തെറ്റായ വിവരങ്ങൾ നൽകി മുൻഗണനാ വിഭാഗത്തിൽ ഇടം നേടുന്നവർ മറ്റേതെങ്കിലും ആനുകൂല്യങ്ങൾക്കായി റേഷൻ കാർഡ് ദുരുപയോഗപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. സംസ്ഥാനത്തെ 85,54,695 കാർഡുടമകളിൽ 36,63,955 എണ്ണമാണ് മുൻഗണനാ വിഭാഗത്തിലുള്ളത്. അന്നപൂർണ്ണ ബി.പി.എൽ. പദ്ധതിപ്രകാരം സംസ്ഥാനത്ത് റേഷൻ കടകളിലൂടെ നൽകുന്ന സൗജന്യ അരി വാങ്ങുന്നവരിൽ നല്ലൊരു ശതമാനം അനർഹരാണെന്ന കടയുടമകളുടെ സംഘടനയുടെ ആരോപണം ഉയർന്നുവന്നിരിക്കുകയാണ്. ഇക്കാര്യത്തിൽ വാസ്തവമുണ്ടോയെന്നുള്ള കാര്യവും സർക്കാർ പരിശോധിക്കേണ്ടതാണ്. അനർഹർ ഈ സംവിധാനം ദുരുപയോഗം ചെയ്യുന്നുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. അർഹതയില്ലാത്തവർക്കും വ്യാജൻമാർക്കും റേഷൻ അരിയും മണ്ണെണ്ണയും നൽകുന്നതുവഴി സർക്കാരിന് പ്രതിമാസം 20 കോടിയോളം രൂപ നഷ്ടം സംഭവിക്കുന്നുണ്ടെന്ന് ആൾ ഇന്ത്യ റേഷൻ ഡീലേഴ്സ് അസോസിയേഷന്റെ പ്രസ്താവന വന്നിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ച് സംസ്ഥാനത്തെ റേഷൻ വിതരണത്തിലെ എ.പി.എൽ/ബി.പി.എൽ. ലിസ്റ്റ് സംബന്ധിച്ചുള്ള സങ്കീർണ്ണതകൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അപാകതകൾ പരിഹരിക്കുന്ന തോടൊപ്പം അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കാനും കഴിയണം. പട്ടികയിൽനിന്നും പുറത്തായിട്ടുള്ള പട്ടികജാതിക്കാർ, മത്സ്യത്തൊഴിലാളികൾ, ഭർത്താവ് മരിച്ച സ്ത്രീകൾ, ആലംബഹീനർ എന്നിവർക്കും അതുപോലെതന്നെ സമൂഹത്തിൽ കാൻസർ, കിഡ്നി സംബന്ധമായ ഗുരുതരമായ രോഗങ്ങൾ ബാധിച്ച് കഴിയുന്നവർക്കും പരിഗണന ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൂടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണന പട്ടികയിലുൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണന-മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18.09.2017-ലെ സർക്കാർ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്താകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻ കടകൾ കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്. സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻ കാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. PDS Control Order 2015, clause 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ നടന്നുവരുന്നു. തദ്ദേശസ്വയംഭരണം, മോട്ടോർവാഹന വകുപ്പ് തുടങ്ങിയവയുടെ ഡാറ്റയുമായി RCMS data mapping നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ 30 മാർക്കോ അതിൽ കൂടുതലോ ലഭിച്ച 371952 കുടുംബങ്ങളുൾപ്പെട്ട പട്ടികയിൽനിന്നും സീനിയോറിറ്റിയനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ 3 മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റെടുത്ത് ഫീൽഡ്തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിലുൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തവരും എന്നാൽ മാരകമായ രോഗങ്ങളായ എയ്ഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി-

ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും ഉൾപ്പെട്ട കുടുംബങ്ങളെ പരിശോധിച്ച് AAY മുൻഗണനാ മാനദണ്ഡങ്ങളിൽപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### (9) വനം വകുപ്പ് ഉദ്യോഗസ്ഥരുടെ മർദ്ദനം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, സബ്മിഷൻ അവതരിപ്പിക്കുന്നതിന് മുമ്പായി ഒരു പ്രധാന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുണ്ട്. പ്രതികളെ സംരക്ഷിക്കണമെന്ന യാതൊരാഗ്രഹവും ഈ സബ്മിഷന്റെ ഭാഗമായി ഞങ്ങൾക്കാർക്കുമില്ല എന്നുള്ളതാണ്. വന്യജീവികളെ വേട്ടയാടിയ പ്രതികളെ വനംവകുപ്പ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുക്കുകയും മൂന്നാംമുറ പ്രയോഗിക്കുകയും ചെയ്തുവെന്നതാണ് സബ്മിഷന്റെ ഭാഗമായി പറയുവാനുള്ളത്. മൂന്നാംമുറ എന്നത് ഈ ഗവൺമെന്റിന്റെ നയമാണെന്ന് ഞാൻ കരുതുന്നില്ല. പങ്കാളിത്ത വനസംരക്ഷണമാണ് ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന മുദ്രാവാക്യം. ജനങ്ങളുടെ സഹകരണത്തോടുകൂടി വനം സംരക്ഷിക്കുന്നതിനുവേണ്ടി നിലപാട് സ്വീകരിക്കേണ്ട വനം വകുപ്പിലെ ഉദ്യോഗസ്ഥർ അതിന് വിരുദ്ധമായിട്ടുള്ള നിലപാടുകൾ സ്വീകരിക്കുന്നുവെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവിടെ എതാണ്ട് എല്ലാ മേഖലകളിലും വനംവകുപ്പുമായി ബന്ധപ്പെട്ട് ശക്തമായ വിയോജിപ്പുകൾ പല രംഗങ്ങളിലും ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. സറണ്ടറായ പ്രതിയെ വനംവകുപ്പിന്റെ നായ കടിച്ചു. നായ കടിച്ചുവെന്നുള്ളത് ആരോപണമല്ല. നായയുടെ കടിയേറ്റയാൾ താലൂക്കാശുപത്രിയിൽ ചികിത്സയ്ക്കെത്തുകയും അവിടെ ചികിത്സ ലഭ്യമല്ലാതിരുന്നതിനെത്തുടർന്ന് മെഡിക്കൽ കോളേജിൽ പേവിഷബാധയ്ക്കെതിരെയുള്ള ചികിത്സ തേടുകയും ചെയ്തു. ഇത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. മൂന്നാംമുറ പ്രയോഗത്തെത്തുടർന്ന് പഞ്ചായത്ത് പ്രസിഡന്റുമാരുടേയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ റേഞ്ച് ഓഫീസറുടെ ഓഫീസ് ഉപരോധിക്കുന്ന സാഹചര്യമുണ്ടായി. ആ ഉപരോധ സമരത്തിൽ പങ്കെടുത്ത ഒരാളും പ്രതികളുടെ ബന്ധുക്കളല്ല; അങ്ങയെ ആരൊക്കെയോ തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. പ്രതികളുടെ ബന്ധുക്കളാണ് അവിടെ ഉപരോധിച്ചതെന്നും ആ ഉപരോധസമരം അവസാനിപ്പിക്കുന്നതിനുവേണ്ടി എം.എൽ.എ. പോയി ചർച്ച ചെയ്യണമെന്നും കുറ്റക്കാരുടെ പേരിൽ കർശന നടപടിയുണ്ടാകുമെന്നും ഈ ഗവൺമെന്റിന്റെ നയം മൂന്നാംമുറയല്ല എന്നുമുള്ള അങ്ങയുടെ ഉറപ്പിന്റെ

അടിസ്ഥാനത്തിലാണ് അവിടെ സമരം അവസാനിപ്പിച്ചിട്ടുള്ളത്. 9-ാം തീയതി ആദ്യത്തെ ഉപരോധം നടന്നിരുന്നു. എന്നാൽ പ്രതികളായ ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നതിനുള്ള നിലപാടെടുത്തതിനെത്തുടർന്ന് 14-ാം തീയതി വീണ്ടും ബഹുജനങ്ങളുടെ ഉപരോധമുണ്ടായിട്ടുപോലും കുറ്റക്കാരായിട്ടുള്ള ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാത്തതിനെത്തുടർന്നാണ് ഈ സബ്മിഷൻ നിയമസഭയിൽ കൊണ്ടുവന്നത്. ഐ.പി.സി. 308-ാം വകുപ്പ് ചേർത്ത് പോലീസും മനുഷ്യാവകാശ കമ്മീഷനും കേസെടുത്തിട്ടുണ്ട്. മജിസ്ട്രേറ്റ് നേരിട്ട് ഇവരുടെ മൊഴി രേഖപ്പെടുത്തി കേസെടുത്തിട്ടുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വരുമ്പോൾ പ്രതികളെ സംരക്ഷിക്കാൻ വേണ്ടിയാണ്, പ്രതികളുടെ ബന്ധുക്കളാണ് എന്ന രൂപത്തിൽ ഉദ്യോഗസ്ഥന്മാർ പറയുന്ന നിലപാടുകളോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. മൂന്നാംമുറ ഈ ഗവൺമെന്റിന്റെ നയമല്ലെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. പ്രതികളായ ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ അവസരത്തിൽ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, പെരിയാർ ടൈഗർ റിസർവ് വെസ്റ്റ് ഡിവിഷന്റെ അധികാരപരിധിയിൽ അഴുത റേഞ്ച് സത്രം സെക്ഷൻ അർജ്ജുനൻകോട്ട എന്നുപറയുന്ന ഭാഗത്ത് ഒരു കാട്ടുപോത്തിനെ വേട്ടയാടിയതുമായി ബന്ധപ്പെട്ട് ഒ. ആർ. 04/2019-ാം നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നുണ്ട്. പ്രസ്തുത കേസന്വേഷണത്തിന്റെ ഭാഗമായി പത്ത് പ്രതികളെ അറസ്റ്റ് ചെയ്യുകയും മൂന്ന് നാടൻ തോക്കുകൾ, കൃത്യത്തിനുപയോഗിച്ച ഒരു ജീപ്പ്, ഒരു ആട്ടോറിക്ഷ എന്നിവ പിടിച്ചെടുക്കുകയും ചെയ്തു. തുടരന്വേഷണത്തിൽ പെരിയാർ ടൈഗർ റിസർവ്വിനോട് ചേർന്ന് കിടക്കുന്ന കോട്ടയം വനം ഡിവിഷൻ അധികാര പരിധിയിലെ കണയങ്കവയൽ, മതംബ, കൊയ്നാട് എന്നീ പ്രദേശങ്ങളിലും വന്യമൃഗ വേട്ട നടന്നുവരുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ഡിവിഷനിലെ എരുമേലി റേഞ്ച് മുറിഞ്ഞപുഴ ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ. 04/2019, ഒ.ആർ. 05/2019 എന്നീ നമ്പറുകളായി കേസ്സുകൾ രജിസ്റ്റർ ചെയ്ത് തുടരന്വേഷണം പുരോഗമിച്ചുവരികയാണ്. നിരവധി പ്രതികളുൾപ്പെട്ടിട്ടുള്ള പ്രസ്തുത കേസിന്റെ അടിയന്തര പ്രാധാന്യം പരിഗണിച്ച് കേസിന്റെ മേൽനോട്ടത്തിനായി പ്രത്യേക അന്വേഷണ സംഘത്തെയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കേസ്സുകളുടെ അന്വേഷണം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിനിടയിൽ പ്രതികളെ വനംവകുപ്പ് കസ്റ്റഡിയിൽ മർദ്ദനത്തിനിരയാക്കിയെന്ന് ആരോപിച്ച് പ്രതികളും

അവരുടെ ബന്ധുക്കളും നൽകിയ പരാതിയിന്മേൽ വനംവകുപ്പ് ജീവനക്കാർക്കെതിരെ പീരുമേട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 275/19, 277/19 എന്നിവയും പെരുവന്താനം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 85/19 ആയി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത പരാതിയിന്മേൽ പോലീസ് അന്വേഷണം നടന്നുവരുന്നതുമാണ്. 9-5-2019, 14-5-2019 എന്നീ തീയതികളിൽ അഴുത റേഞ്ച് ഫോറസ്റ്റ് ഓഫീസ് ഉപരോധിക്കപ്പെടുകയുണ്ടായി. എരുമേലി, പീരുമേട്, മതംബ തുടങ്ങിയ വനമേഖലകളിൽനിന്ന് കാട്ടുപോത്തിനെ വേട്ടയാടിക്കൊന്ന് കാട്ടിറച്ചി വിൽപ്പനയിലേർപ്പെട്ടിരിക്കുന്ന സംഘത്തിനെയാണ് പ്രസ്തുത കേസന്വേഷണത്തിന്റെ ഭാഗമായി അറസ്റ്റ് ചെയ്യുകയും കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്യുകയും ചെയ്തിട്ടുള്ളത്. വന്യമൃഗവേട്ട സംബന്ധമായി നിയമാനുസൃതമായ നടപടികളാണ് വനംവകുപ്പ് സ്വീകരിച്ചത്. പെരിയാർ ടൈഗർ റിസർവ് വെസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടുപ്രകാരം ഒരു പ്രതിയോട് മോശമായി പെരുമാറിയെന്ന ആരോപണം വാസ്തവ വിരുദ്ധമാണ്. പ്രസ്തുത കേസിലെ പ്രതികളെ വനംവകുപ്പ് ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ മർദ്ദിച്ചുവെന്ന പരാതിയിൽ പോലീസ് അന്വേഷണം നടത്തിവരുന്നുണ്ട്. ഈ വിഷയത്തിൽ സർക്കാരിന് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വനംവകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (10) സ്ഥിര അദ്ധ്യാപക നിയമനം

ശ്രീ. റ്റി. വി. രാജേഷ്: സർ, കണ്ണൂർ സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇത്തരമൊരു സബ്മിഷൻ നേരത്തെ ഈ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഉത്തര മലബാറിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുവാനാണ് കാൽ നൂറ്റാണ്ടുമുമ്പ് കണ്ണൂർ യൂണിവേഴ്സിറ്റി ആരംഭിച്ചത്. ഇപ്പോൾ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ 28 പഠന വകുപ്പുകളാണുള്ളത്. ഈ പഠന വകുപ്പുകളിൽ പഠിപ്പിക്കാനും ഗവേഷണ ഗൈഡുമാരാകുവാനും ആകെയുള്ളത് 59 അദ്ധ്യാപകരാണ്. 59 തസ്തികകൾ മാത്രമാണ് അവിടെയുള്ളത്. അതിൽത്തന്നെ അനുവദിക്കപ്പെട്ട അഞ്ച് പ്രൊഫസർ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. നിരവധി ഡിപ്പാർട്ടുമെന്റുകളിൽ രാഷ്ട്രഭാഷയായ ഹിന്ദിയും ജേർണലിസം/മാസ് കമ്മ്യൂണിക്കേഷനുമുൾപ്പെടെയുള്ള ഡിപ്പാർട്ടുമെന്റുകളിൽ ഒരൊറ്റ അദ്ധ്യാപകർ പോലുമില്ല. ചുരുങ്ങിയത് 23 സ്ഥിര അദ്ധ്യാപക തസ്തിക കൂടി അവിടെ അനുവദിക്കേണ്ടതായിട്ടുണ്ട്. കെട്ടിടത്തിന്റെ കാര്യത്തിലും അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിലും ഗവൺമെന്റ് വളരെയേറെ

താൽപ്പര്യമെടുത്തിട്ടുണ്ട്. 37 അദ്ധ്യാപക തസ്തികകളിൽ നിയമനത്തിന് നേരത്തെ വിജ്ഞാപനം പരസ്യപ്പെടുത്തിയിരുന്നു. എന്നാൽ സംവരണവുമായി ബന്ധപ്പെട്ട കേസുണ്ടായതിനാൽ അതിന്റെ നടപടികൾ മുന്നോട്ടുപോയിട്ടില്ല. അതുകൊണ്ട് ആ 37 തസ്തികകളിലെ വിജ്ഞാപനം എത്രയും വേഗം പുറപ്പെടുവിക്കാനും നിയമനം നടത്തുവാനും അതോടൊപ്പം അത്യാവശ്യമായി യൂണിവേഴ്സിറ്റിക്കാവശ്യമായ എല്ലാ വകുപ്പുകളിലും അദ്ധ്യാപക തസ്തിക സൃഷ്ടിക്കുവാനും അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുകയാണ്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കണ്ണൂർ സർവ്വകലാശാലയിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥിരാദ്ധ്യാപക തസ്തികകൾ നികത്തുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്. ഏറ്റവുമൊടുവിൽ സംജാതമായ റിട്ടയർമെന്റ് വേക്കൻസിയുൾപ്പെടെ ഒഴിഞ്ഞുകിടക്കുന്ന മുഴുവൻ അദ്ധ്യാപക തസ്തികകളും ഉടനെ വിജ്ഞാപനം ചെയ്യും. ഇതുസംബന്ധിച്ച നടപടികൾ സർവ്വകലാശാലയിൽ അന്തിമഘട്ടത്തിലാണ്. 31-12-2015-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിനെതിരെ ഹൈക്കോടതിയിൽ കേസ് നിലനിന്നിരുന്നതു കൊണ്ടാണ് ഒഴിവുകൾ യഥാസമയം നികത്തുവാൻ കഴിയാതെ വന്നത്. എന്നാൽ ഹൈക്കോടതി പ്രസ്തുത കേസിൽ തീർപ്പ് കൽപ്പിച്ച സാഹചര്യത്തിൽ എല്ലാ സർവ്വകലാശാലകളിലും കാലതാമസമൊഴിവാക്കി ഒഴിവുള്ള തസ്തികകളിലേക്ക് പുനർവിജ്ഞാപനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളും അക്കാര്യത്തിൽ ദ്രുതഗതിയിൽ നടപടികൾ പൂർത്തിയാക്കിവരികയാണ്. ഈ അദ്ധ്യയന വർഷമാരംഭിക്കുന്നതിനുമുമ്പ് എല്ലാ സർവ്വകലാശാലകളിലും അദ്ധ്യാപക തസ്തികകളിലെ നിയമനം പൂർത്തിയാക്കാനാകുമെന്നാണ് കരുതുന്നത്.

## (11) പ്ലസ് ടു പരീക്ഷയുടെ മാർക്ക് ചേർക്കുന്നതിനുള്ള തീയതി നീട്ടിനൽകൽ

ശ്രീ. പി. ടി. തോമസ്: സർ, എഞ്ചിനീയറിംഗ് എൻട്രൻസ് മാർക്കിന്റെ കൂടെ പ്ലസ്ടുവിന്റെ മാർക്ക് ചേർക്കുവാനുള്ള സമയം ഇന്ന് വൈകുന്നേരം 5.00 മണിക്ക് അവസാനിക്കുകയാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിന്റെ പ്ലസ് ടു പരീക്ഷയുടെ റിസൾട്ട് ഇതുവരെയും പ്രസിദ്ധീകരിക്കാത്ത സാഹചര്യത്തിൽ എഞ്ചിനീയറിംഗ് എൻട്രൻസ് മാർക്കിനൊപ്പം പ്ലസ്ടു പരീക്ഷയുടെ മാർക്ക് ചേർക്കുന്നതിനുള്ള തീയതി നീട്ടിനൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, നമ്മുടെ സംസ്ഥാനത്ത് മൊത്തം 71,660 പേരാണ് എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയെഴുതിയത്. അതിൽ 51,665 പേർ ക്വാളിഫൈ ചെയ്യപ്പെട്ടിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിൽ പരീക്ഷയെഴുതിയ 110 കുട്ടികളിൽ 25 പേർ മാത്രമാണ് എൻട്രൻസിന് ക്വാളിഫൈ ചെയ്തിരിക്കുന്നത്. ഇവരുടെ മാർക്ക് കോൺഫിഡൻഷ്യലായി തരണമെന്നുപറഞ്ഞ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിന് കത്തെഴുതിയിട്ടുണ്ട്. രണ്ട് ദിവസത്തിനകം അത് കിട്ടുമെന്നാണ് കരുതുന്നത്. റാങ്ക് ലിസ്റ്റിൽ അവരെ ഉൾപ്പെടുത്തുവാൻ കഴിഞ്ഞില്ലെങ്കിലും ഫസ്റ്റ് അലോട്ടുമെന്റിനുമുമ്പ് അവരെക്കൂടിയുൾപ്പെടുത്തി യോഗ്യതയുണ്ടെങ്കിൽ അവർക്കുകൂടി പ്രവേശനം നൽകുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. 25 കുട്ടികൾക്കുവേണ്ടി കാത്ത് നിൽക്കുക എന്നുള്ളതിനുപകരം 7-6-2019-ന് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അവരെക്കൂടിയുൾപ്പെടുത്തി അലോട്ട്മെന്റ് നൽകുകയും ചെയ്യും.

## VIII മേശപ്പുറത്തുവച്ച കടലാസ്സുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2019 | 9 | കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2 | 2019 | 10 | ദി കേരള പ്രിവൻഷൻ ഓഫ് ഡാമേജ് ടു പ്രൈവറ്റ് പ്രോപ്പർട്ടി ആൻഡ് പേമെന്റ് ഓഫ് കോമ്പൻസേഷൻ ഓർഡിനൻസ് | അല്ല |
| 3 | 2019 | 15 | പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് | അല്ല |

II. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി

(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ പേര് | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | | |
| 1 | 2019 | 16 | കേരള അങ്കണവാടി വർക്കർ മാരുടെയും അങ്കണവാടി ഹെൽപ്പർ മാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2 | 2019 | 20 | കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ഓർഡിനൻസ് | അല്ല |

III. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ പേര് | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | | |
| 1 | 2019 | 18 | കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2 | 2019 | 19 | കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 3 | 2019 | 23 | കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് | അല്ല |

IV.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ പേര് | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | | |
| 1 | 2019 | 17 | ദി കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ് | അല്ല |

V. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ പേര് | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | | |
| 1 | 2019 | 14 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് | അല്ല |

VI. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ പേര് | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | | |
| 1 | 2019 | 11 | കേരളസർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് | അല്ല |
| 2 | 2019 | 12 | കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസ് | അല്ല |
| 3 | 2019 | 13 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ് | അല്ല |
| 4 | 2019 | 21 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ് | അല്ല |
| 5 | 2019 | 22 | സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ് | അല്ല |

# IX റിപ്പോർട്ടുകളുടെ സമർപ്പണം

## I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ റ്റി. വി. രാജേഷ്: സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അംഗമായ ഞാൻ സമർപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. കെ. ദാസൻ: സർ, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അംഗമായ ഞാൻ സമർപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ സമർപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

# X പ്രമേയം

## സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കണമെന്ന പ്രമേയം

മി. സ്പീക്കർ: 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സംബന്ധിച്ച് സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കണമെന്ന പ്രമേയവുമായി ബന്ധപ്പെട്ട് ശ്രീ. വി. ഡി. സതീശൻ ഒരു ക്രമപ്രശ്നം ഉന്നയിച്ചിട്ടുണ്ട്. റൂൾ 230 അനുസരിച്ച് സമയ ദൈർഘ്യമാവശ്യപ്പെട്ട് പ്രമേയം അവതരിപ്പിക്കുന്ന കാര്യം കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്താതെ പോയി എന്നുള്ളതാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. അതു ശരിയാണ്. ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ അതുൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ കാര്യ വിവരപ്പട്ടികയിൽ അതുൾപ്പെട്ടതായി കാണുന്നില്ല. ഇതെങ്ങനെ സംഭവിച്ചു എന്നുള്ളതിനെ സംബന്ധിച്ച് പരിശോധിക്കുന്നതും മേലിൽ ആവർത്തിക്കാതി രിക്കാനുള്ള കർശന നടപടി സ്വീകരിക്കുന്നതുമാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2019 മേയ് 28-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## റിപ്പോർട്ടുകളുടെ സമർപ്പണം (തുടർച്ച)

### 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# XI അടിയന്തരപ്രമേയ ചർച്ച

## കിഫ്ബി മസാലബോണ്ട്

മി. സ്പീക്കർ: അടിയന്തരപ്രമേയ ചർച്ച ആരംഭിക്കുകയാണ്. ശ്രീ. കെ. എസ് ശബരീനാഥന് പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, കിഫ്ബിയെക്കുറിച്ചും മസാല ബോണ്ടുകളെക്കുറിച്ചും സഭ നിർത്തിവച്ച് അടിയന്തരപ്രമേയം ചർച്ച ചെയ്യുന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്.

ലോകത്തിലെ ഏറ്റവും പ്രശസ്തരായ സൈദ്ധാന്തികരിൽ ഒരാളാണ് കാറൽമാക്സ്. കാറൽമാക്സിന്റെ രചനകളിൽ ഏറ്റവും വിശിഷ്ടമായി കമ്മ്യൂണിസ്റ്റുകളും മറ്റാളുകളും കാണുന്നത് 'ദാസ് ക്യാപിറ്റൽ' എന്ന പുസ്തകമാണ്. 1849-ലാണ് 'ദാസ് ക്യാപിറ്റൽ' എന്ന ഗ്രന്ഥം കാറൽമാക്സ് എഴുതിയത്. 1849-ൽ ലണ്ടനിലെ വിഖ്യാതമായ ബ്രിട്ടീഷ് മ്യൂസിയത്തിലെ വിശാലമായ റീഡിംഗ് റൂമിൽ ഇരുന്നുകൊണ്ടാണ് ദാസ് ക്യാപിറ്റലിന്റെ ആശയങ്ങൾ കാറൽമാക്സ് രചിച്ചത്. 1849-ൽ കാറൽമാക്സ് ദാസ് ക്യാപിറ്റൽ എഴുതിയതിനുശേഷം 2019-ൽ ഏകദേശം 120 വർഷം കഴിയുമ്പോൾ അതേ ബ്രിട്ടീഷ് മ്യൂസിയത്തിൽനിന്ന് വെറും രണ്ട് മൈൽ മാത്രം ദൂരമുള്ള ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ വന്ന് നവ ലിബറൽ ആശയങ്ങൾ വാരി പുണർന്നുകൊണ്ട് ഇന്ത്യയിലെ ഏക കമ്യൂണിസ്റ്റ് മുഖ്യമന്ത്രി മസാലാ ബോണ്ടിന് വേണ്ടി മണിയടിച്ചു. ആ മസാല ബോണ്ടുകൾക്കുവേണ്ടി മണിയടിച്ച് തിരികെ കേരളത്തിൽ വന്നപ്പോഴാണ് അത് കേരളത്തിലും ഇന്ത്യയിലും കമ്മ്യൂണിസത്തിനുള്ള മരണമണിയാണെന്നുള്ള കാര്യം അദ്ദേഹത്തിനും കൂട്ടാളികൾക്കും മനസ്സിലാക്കാൻ കഴിഞ്ഞത്. ഇന്നത്തെ അടിയന്തരപ്രമേയത്തിലെ പ്രധാന വിഷയം കിഫ്ബിയുടെ ധനസമാഹരണത്തിനായി പുറത്തിറക്കിയിട്ടുള്ള മസാല ബോണ്ടുകളുടെ കാര്യങ്ങളിൽ ചില ദുരൂഹതകളുണ്ട്, വ്യക്തതക്കുറവുണ്ട് എന്നതാണ്. മസാല ബോണ്ടുകൾ നൽകേണ്ട ഉയർന്ന പലിശ കാരണം നമ്മുടെ സംസ്ഥാനത്തിന്റെ ധനസ്ഥിതി തന്നെ താഴേയ്ക്ക് പോകുന്ന എന്നുള്ള ഭയം ഓരോ മലയാളിക്കുമുണ്ട്. മസാല ബോണ്ടിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നതിനുമുമ്പ് ചില ചോദ്യങ്ങൾ എനിക്ക് ഭരണപക്ഷത്തോട് ചോദിക്കാനുണ്ട്.

കേരളത്തിന്റെ വികസന ആവശ്യങ്ങൾ തീരുമാനിക്കുന്നത് കേരളത്തിന്റെ നിയമസഭയാണ്, കേരളത്തിന്റെ കാബിനറ്റ് ആണ്. കേരളത്തിൽ ഏതൊക്കെ പ്രധാനപ്പെട്ട പദ്ധതികളാണ് വേണ്ടത്, കേരളത്തിലെ പദ്ധതികൾക്ക് പണം എങ്ങനെ സമാഹരിക്കണം എന്നുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടത് സെക്രട്ടറിയേറ്റിലെ മൂന്നാം നിലയിൽ കാബിനറ്റ് കൂടുമ്പോഴാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ നിർഭാഗ്യവശാൽ സെക്രട്ടറിയേറ്റിലെ മൂന്നാം നിലയിൽ കാബിനറ്റ് കൂടുമ്പോൾ ഈ കാര്യമൊന്നും ചർച്ച ചെയ്യുന്നില്ല. പക്ഷേ സെക്രട്ടേറിയറ്റിന് എതിർവശമുള്ള ദന്തഗോപുരത്തിൽ പ്രവർത്തിക്കുന്ന കിഫ്ബി എന്ന് പറയുന്ന കിച്ചൺ കാബിനറ്റിലെ നാലോ അഞ്ചോ ആളുകൾ ചേർന്നാണ് ഇന്ന് കേരളത്തിൽ എങ്ങനെ പണം വരണമെന്നുള്ള കാര്യം തീരുമാനിക്കുന്നത്. പല ആക്ഷേപങ്ങളുമുണ്ട്; ഞാൻ അതിലേയ്ക്ക് കടക്കാം.

12.00 Noon]

ഡോ. ടി. എം. തോമസ് ഐസക് മാതൃഭൂമി പത്രത്തിൽ 'എന്തുകൊണ്ട് കിഫ്ബി; പശ്ചാത്തലസൗകര്യ വികസനത്തിന് കേരളത്തിന് ഇനി കാത്തുനിൽക്കാനാവില്ല' എന്നുപറഞ്ഞ് ഒരു ലേഖനം 2017 മാർച്ച് 10-ന് എഴുതിയിട്ടുണ്ട്. അതിൽ ഒട്ടേറെ കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. നിയമസഭയിലും അദ്ദേഹം ആ കാര്യങ്ങൾ പറഞ്ഞതാണ്. അദ്ദേഹത്തിന്റെ ലേഖനത്തിലെ പ്രധാനപ്പെട്ട മൂന്ന് വരികൾ ഞാൻ വായിക്കാം. 'മർച്ചന്റ് ബാങ്കർ ഏജന്റുമാരെ നിശ്ചയിച്ച് പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടിയുള്ള ബോണ്ട് ഇറക്കിയും വായ്പ എടുക്കാം. അവസാനമായി വിദേശപണ കമ്പോളത്തിൽനിന്നും ഒന്നര ശതമാനം മുതൽ മൂന്ന് ശതമാനം വരെ പലിശയ്ക്ക് വായ്പ നൽകാനായി പലരും താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പലിശ കുറവാണെന്നതുമാത്രമല്ല ഏഴുമുതൽ പത്ത് വർഷത്തെ മോറട്ടോറിയവും 30 വർഷത്തെ തിരിച്ചടവ് കാലാവധി ലഭിക്കുകയും ചെയ്യും. പണമല്ല പ്രശ്നം, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ് പ്രശ്നം' എന്ന് മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയലിൽ എഴുതുകയും നിയമസഭയിൽ പറയുകയും ചെയ്തതിനുശേഷം നമ്മൾ മനസ്സിലാക്കുന്നത് ഒരു സംസ്ഥാന സർക്കാർ ആദ്യമായി പുറത്തുവിട്ടിട്ടുള്ള മസാല ബോണ്ടുകളുടെ പലിശ നിരക്ക് ഏറ്റവും ഉയർന്ന നിരക്കായ 9.723 ശതമാനമാണ് എന്നതാണ്. അത് ഉയർന്ന റേറ്റാണ്. വേറൊരു കാര്യമുണ്ട്, മസാല ബോണ്ടിന്റെ പലിശ, എന്താണ് ഇതിന്റെ ഓഫർ സർക്കുലർ എന്നിവ ഞാൻ അറിഞ്ഞതും പഠിച്ചതും കേരളത്തിൽ നിന്ന് ലഭിച്ച വിവരങ്ങൾ വച്ചല്ല. കിഫ്ബിയുടെ വെബ്സൈറ്റ് നോക്കുകയാണെങ്കിൽ കിഫ്ബിക്ക് ആവശ്യമുള്ള രേഖകൾ മാത്രമാണ് ആ വെബ്സൈറ്റിലുള്ളത്. കിഫ്ബിയിൽനിന്നോ ധനകാര്യ വകുപ്പിൽനിന്നോ മസാല ബോണ്ടിനെപ്പറ്റിയുള്ള

വിവരങ്ങൾ ലഭിക്കുന്നതിനേക്കാൾ എളുപ്പമാണ് ഇന്റലിജൻസ് ഏജൻസികളായ സി.ഐ.എ.-യിൽനിന്നും മൊസാദിൽനിന്നും റോയിൽനിന്നും രേഖകൾ ശേഖരിക്കുന്നത്. ഇന്ന് മൊസാദിനെപ്പോലെയാണ് കേരളത്തിൽ കിഫ്ബി പ്രവർത്തിക്കുന്നത്. കിഫ്ബിയുടെ ഓഫർ സർക്കുലർ ഡോക്യുമെന്റ് കേരളത്തിലെ ഒരു വെബ്സൈറ്റിലും ഇല്ല. പി.ആർ.ഡി.-യുടെ വെബ്സൈറ്റിലോ നിയമസഭയുടെ രേഖയിലോ കിഫ്ബിയുടെ വെബ്സൈറ്റിലോ ഒന്നും ഈ രേഖകൾ ഇല്ല. ഈ രേഖകൾ ഇത് പഠിക്കുന്ന ആളുകൾക്ക് ലഭിച്ചത് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ വെബ്സൈറ്റിൽനിന്നാണ്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ വെബ്സൈറ്റ് നോക്കുകയാണെങ്കിൽ മസാല ബോണ്ടുകളെക്കുറിച്ച് മനസ്സിലാകും. 49 മസാല ബോണ്ടുകളാണ് കഴിഞ്ഞ രണ്ടുവർഷമായി ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തിട്ടുള്ളത്. അതിൽ ഏറ്റവും കൂടിയ പലിശ നിരക്ക് കേരളത്തിന്റെ കിഫ്ബിയുടെ മസാല ബോണ്ടിനാണ്. ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (എച്ച്.ഡി.എഫ്.സി.) 2007 മാർച്ചിൽ എടുത്ത മസാല ബോണ്ടിന്റെ കൂപ്പൺ റേറ്റ് 6.875 ശതമാനവും ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ 2017 മാർച്ചിൽ എടുത്ത മസാല ബോണ്ടിന്റെ റേറ്റ് 4.85 ശതമാനവും യൂറോപ്യൻ ബാങ്ക് ഫോർ റീ-കൺസ്ട്രക്ഷൻ ആന്റ് ഡെവലപ്മെന്റ് 2017 ജനുവരിയിലെടുത്ത മസാല ബോണ്ടിന്റെ റേറ്റ് 5.15 ശതമാനവും മാത്രമാണ്. സർക്കാർ സ്ഥാപനമായ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ 2018-ലെടുത്ത മസാല ബോണ്ടിൽ പലിശ 7.3 ശതമാനവും നാഷണൽ തെർമൽ പവർ കോർപ്പറേഷൻ (എൻ.റ്റി.പി.സി.) എടുത്ത മസാല ബോണ്ടുകളുടെ റേറ്റ് 7.37 ശതമാനവും സർക്കാർ സ്ഥാപനമായ ഐ.ആർ.ഇ.ഡി.എ. എടുത്ത മസാല ബോണ്ടിന്റെ റേറ്റ് 7.12 ശതമാനവുമാണ്. ഇവയിൽനിന്ന് 2 ശതമാനത്തിൽ കൂടുതൽ പണമെടുത്തുകൊണ്ട് 2150 കോടി രൂപയുടെ മസാല ബോണ്ടിന് ഒരു വർഷം ഏകദേശം 210 കോടി രൂപ പലിശയായി കൊടുക്കുമ്പോൾ 5 വർഷം കഴിഞ്ഞ് മന്ത്രി പറഞ്ഞതുപോലെ മോറട്ടോറിയം ഇല്ലാതെ 3300 കോടി രൂപ കൊടുക്കേണ്ടിവരുന്ന അവസ്ഥയാണ് ഇന്ന് കേരളത്തിൽ നിലവിലുള്ളത്. അതുമാത്രമല്ല, മസാല ബോണ്ടുകളുടെ റേറ്റിംഗും വിചിത്രമാണ്. ഈ നിയമസഭയിലുള്ള പല ആളുകൾക്കും റേറ്റിംഗിനെക്കുറിച്ചുള്ള കാര്യങ്ങൾ ഒരുപക്ഷെ അറിയാൻ സാധ്യതയില്ല. ഇന്റർനാഷണൽ മാർക്കറ്റുകളിൽ ഇതുപോലുള്ള ബോണ്ടുകൾക്കുവേണ്ടിയുള്ള റേറ്റിംഗ് സംവിധാനമുണ്ട്. 9 തലത്തിലുള്ള റേറ്റിംഗ് സംവിധാനമാണ്. ബോണ്ടുകൾ മാർക്കറ്റിൽ പോകുമ്പോൾ അതിന് ഏറ്റവും നല്ല റേറ്റിംഗ് കിട്ടുന്നത് AAA റേറ്റിംഗാണ്. Highest Credit Quality എന്നാണ് AAA റേറ്റിംഗിനെ പറയുന്നത്. AA റേറ്റിംഗിനെ Very High Credit Quality എന്നും A റേറ്റിംഗിനെ High Credit Quality എന്നുമാണ്

പറയുന്നത്. അതുകഴിഞ്ഞത് താഴേയ്ക്കുവരുമ്പോൾ BBB റേറ്റിംഗുണ്ട്. അതിനെ Good Credit Quality എന്നാണ് പറയുന്നത്. അതിനും താഴേയ്ക്കുള്ള BB റേറ്റിംഗിനെ വിളിക്കുന്നത് Speculative എന്നാണ്. Speculative-ന്റെ മലയാളം ഊഹാപോഹ കച്ചവടം എന്നതാണ്. അന്താരാഷ്ട്രരംഗത്ത് വർക്ക് ചെയ്യുന്ന കുറേ ആളുകളുമായും ഇക്കണോമിസ്റ്റുകളുമായും സംസാരിച്ചു. BB റേറ്റിംഗുള്ള മസാല ബോണ്ടല്ല ഏത് ബോണ്ടും ഒരു കമ്പനിയും നിക്ഷേപിക്കാൻ താൽപ്പര്യപ്പെടുകയില്ല. കാരണം BBB റേറ്റിംഗാണ് ഇൻഡ്യയുടെ പല ബോണ്ടുകൾക്കുമുള്ളത്. ഇൻഡ്യൻ സർക്കാരിന്റെയും BBB റേറ്റിംഗാണ്. ഇപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞ സമയമായതുകൊണ്ട് മനസ്സിലാകും, ഒരുപക്ഷെ എല്ലാ വിഷയത്തിനും C+ കിട്ടിയ ഒരാളുടെ റേറ്റിംഗാണ് BB എന്ന റേറ്റിംഗ്. അങ്ങനെ BB റേറ്റിംഗുള്ള മസാല ബോണ്ടുകളെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഭൂരിഭാഗവും വാങ്ങിയിട്ടുള്ളത് കാനഡയിലെ ക്യൂബെക് ആസ്ഥാനമായ എസ്.എൻ.സി. ലാവ്ലിനുമായി ബന്ധമുള്ള സി.ഡി.പി.ക്യൂ. എന്ന കമ്പനിതന്നെയാണ്. ഇതിലേക്ക് വരുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ കേരള കൗമുദിയിലെ ഒരു ഇന്റർവ്യൂ ഞാൻ വായിക്കുകയാണ്. അതിൽ ലേഖകൻ ചോദിക്കുന്നു, 'ലാവ്ലിൻ ഏറ്റവും കൂടുതൽ നിക്ഷേപിച്ച കമ്പനിയാണല്ലോ സി.ഡി.പി.ക്യൂ'., അപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്ന മറുപടി '114 രാജ്യങ്ങളിൽനിന്ന് ബോണ്ടുകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നവരാണ് അവർ. ലാവ്ലിൻ ഷെയർ വാങ്ങിച്ചിട്ടുണ്ടാകാം' എന്നാണ്. പക്ഷെ നമ്മൾ മനസ്സിലാക്കേണ്ടത് സി.ഡി.പി.ക്യൂ. എന്ന കമ്പനി അദ്ദേഹം വളരെ എളുപ്പത്തിൽ പറയുന്നതുപോലെ വെറുമൊരു പെൻഷൻ ഫണ്ടല്ല. ഇൻഡ്യയിൽ റിയൽ എസ്റ്റേറ്റ്, പവർ താൽപ്പര്യങ്ങളുള്ള ഏറ്റവും വലിയ ഒരു conglomerate ആയിട്ടുള്ള സി.ഡി.പി.ക്യൂ. എന്ന കമ്പനിയിലാണ് ലാവ്ലിന്റെ 20 ശതമാനം ഓഹരിയുമുള്ളത്. തീർന്നിട്ടില്ല, ഫെബ്രുവരി മാസത്തിലെ കനേഡിയൻ പത്രങ്ങൾ നോക്കുകയാണെങ്കിൽ കാനഡയിലെ പ്രൈം മിനിസ്റ്ററായ ജസ്റ്റിൻ ട്രൂഡോയുടെ കാബിനറ്റിൽ അദ്ദേഹത്തിന്റെ അറ്റോർണി ജനറൽ അടക്കമുള്ള ആളുകളുടെ നേരെ വിരൽ ചൂണ്ടിയത് എസ്.എൻ.സി. ലാവ്ലിനിലുള്ള ഒരു വലിയ നിക്ഷേപത്തിന്റെ പേരിലാണ്. അങ്ങനെ എസ്.എൻ.സി. ലാവ്ലിനും ജസ്റ്റിൻ ട്രൂഡോയുടെ ഓഫീസുമൊക്കെ വലിയ പ്രശ്നങ്ങളിൽ വന്നപ്പോൾ എസ്.എൻ.സി. ലാവ്ലിന് എന്തു പ്രശ്നമുണ്ടെങ്കിലും അവരെ കാത്തുകൊള്ളാമെന്ന് പ്രസ് റിലീസ് കൊടുത്തത് 20 ശതമാനം എസ്.എൻ.സി. ലാവ്ലിനിൽ ഓഹരിയുള്ള സി.ഡി.പി.ക്യൂ. എന്നുപറഞ്ഞ നമ്മുടെ മസാല ബോണ്ടുകളിൽ ഇൻവെസ്റ്റ് ചെയ്ത കമ്പനിയാണ്. ഈ പലിശ നിരക്ക് അടക്കമുള്ള കാര്യങ്ങൾ വന്നിട്ടുള്ളത് സി.ഡി.പി.ക്യൂ.-വിന്റെ റൂട്ടിൽനിന്നാണ്. ഇതിൽ സി.ഡി.പി.ക്യൂ.-യുമായുള്ള രേഖകൾ നോക്കുകയാണെങ്കിൽ ഒട്ടും സുതാര്യമല്ലാതെയുള്ള ചില കോൺഫിഡൻഷ്യൽ എഗ്രിമെന്റുകൾ

ഇവരുമായി ചെയ്തിട്ടുണ്ട്. സി.ഡി.പി.ക്യൂ.-യുമായുള്ള എഗ്രിമെന്റിൽ പറയുന്നത് 'No person has been authorised to issue any advertisement or to give any information or to make any representations in connection with the offering' എന്നാണ്. 'യാതൊരുവിധമായ വിവരങ്ങളോ പ്രതിനിധീകരണമോ പുറത്തേക്ക് വിടാനോ വെളിപ്പെടുത്തുവാനോ ആർക്കും നമ്മൾ അധികാരം നൽകുന്നില്ല' എന്നുള്ളതാണ് മുദ്രപത്രത്തിൽ ഒപ്പിട്ട് സി.ഡി.പി.ക്യൂ.-വിന്റെ പ്രൈവറ്റ് പ്ലേസ്മെന്റിൽ കേരള സർക്കാർ പറഞ്ഞിരിക്കുന്നത്. തീർന്നിട്ടില്ല, കിഫ്ബിയുടെ പലിശനിരക്കുകളും കാര്യങ്ങളുമൊക്കെ നോക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ്. BB റേറ്റിംഗുള്ള, 9.723 ശതമാനം പലിശ നിരക്കിലുള്ള മസാല ബോണ്ടുകൾ ഒരു ഇൻവെസ്റ്ററും വാങ്ങാൻ സാധ്യതയില്ല. നമ്മുടെ മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് പബ്ലിക് ലിസ്റ്റിംഗ് നടത്തുന്നതിന് മുമ്പുതന്നെ പ്രൈവറ്റ് പ്ലേസ്മെന്റിന്റെ ഭാഗമായി ഒരുപക്ഷെ 90 ശതമാനത്തിൽ കൂടുതൽ വാങ്ങിയിട്ടുള്ളത് സി.ഡി.പി.ക്യൂ. എന്ന ഒറ്റ കമ്പനിതന്നെയാണ്. അടുത്ത കാലത്തിറങ്ങിയ ഒരു സിനിമയിൽ 'എന്തൊരു പ്രഹസനമാണ് സജി' എന്ന് പറഞ്ഞതുപോലെ വെറുതെ ഒരു പ്രഹസനമായി മലയാളികളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടിയാണ് അന്ന് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മണിയടിച്ചതെന്നുള്ള കാര്യം നമ്മൾ ഒരോരുത്തരും മനസ്സിലാക്കണം. ഞാൻ ഈ പറയുന്നതിൽ എതിരഭിപ്രായമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മിനിസ്റ്റർ ഈ സഭയിൽ എത്ര ശതമാനം മസാല ബോണ്ടുകൾ സി.ഡി.പി.ക്യൂ. വാങ്ങി, എത്ര ശതമാനം മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചുവഴി ഇപ്പോൾ ട്രാൻസാക്ഷൻ നടക്കുന്നുവെന്നുള്ള കാര്യങ്ങൾ അദ്ദേഹം നമ്മളെ അറിയിക്കുകയാണെങ്കിൽ ആ കാര്യത്തിൽ കൂടുതൽ ചർച്ചകൾ ഉണ്ടാകാം. ഞാൻ ദീർഘിപ്പിക്കുന്നില്ല. പക്ഷെ മസാല ബോണ്ടുകളെക്കുറിച്ച് പഠിച്ചപ്പോൾ സുതാര്യതയില്ലാത്തത് മസാല ബോണ്ടിന്റെ പലിശ നിരക്കിലും റേറ്റിംഗിലും ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ റിംഗിംഗിലും മാത്രമല്ല, മസാല ബോണ്ടിന്റെ ഭാഗമായുള്ള കിഫ്ബിയുടെ ഭാഗമായി ഡിസൈൻ ചെയ്യുന്ന പ്രോജക്ടുകളിൽപ്പോലും ഇത്തരത്തിലുള്ള വലിയ അപര്യാപ്തതകളും ദുരൂഹതകളുമുണ്ട്. നേരത്തെ ഞാൻ പറഞ്ഞതുപോലെ 2018 സെപ്റ്റംബറിൽ നമ്മൾ ലിസ്റ്റിംഗിനും റോഡ് ഷോയുമൊക്കെ പോകുന്നതിനുമുമ്പ് ഒരു ഓഫറിംഗ് സർക്കുലർ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് വെബ്സൈറ്റിലും മറ്റ് സ്ഥലങ്ങളിലും നൽകിയിരുന്നു. അതിനുശേഷം ലിസ്റ്റിംഗിനോടനുബന്ധിച്ച് ഈ ഇലക്ഷന്റെ സമയത്ത് 2019 മാർച്ച് 29-ൽ അതിന്റെ ഫൈനലായി ഒരു നോട്ട് ഓഫറിംഗ് സർക്കുലർ കൊണ്ടുവന്നു. ഈ രണ്ട് ഡോക്യുമെന്റുകളും വിശദമായി പഠിച്ചു. പഴയ ഡോക്യുമെന്റിലും പുതിയ ഡോക്യുമെന്റിലുമുള്ളത് രണ്ട് സുപ്രധാന വ്യത്യാസങ്ങളാണ്. ഒന്ന്, 2018 സെപ്റ്റംബറിലുള്ള ഡോക്യുമെന്റിൽ ഈ

പറയുന്ന പ്രൈവറ്റ് പ്ലേസ്മെന്റിനെക്കുറിച്ചോ സി.ഡി.പി.ക്യൂ.-വിനെക്കുറിച്ചോ ക്യൂബെക്കിനെക്കുറിച്ചോ ഒന്നും പറയുന്നില്ല. പക്ഷെ ആറുമാസം കഴിഞ്ഞ് ഇലക്ഷൻ സമയം അടുത്തുള്ള ഈ പറഞ്ഞ നോട്ട് ഓഫറിംഗ് സർക്കുലറിനകത്ത് വ്യക്തമായി പ്രൈവറ്റ് പ്ലേസ്മെന്റിനെക്കുറിച്ച് പറയുന്നുണ്ട്. ആറുമാസംകൊണ്ട് എന്ത് നയമാണ് മാറിയത്? അതിനോടൊപ്പം വളരെ സുപ്രധാനമായ ചില കണക്കുകളുണ്ട്. ഇതിനുള്ള മറുപടി നൽകിയേ മതിയാകൂ. 2018 സെപ്റ്റംബറിൽ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നൽകിയ ഡോക്യുമെന്റിൽ കിഫ്ബിയുടെ ഭാഗമായി കേരളം ചെയ്യുന്ന പ്രധാന പ്രോജക്ടുകളായി പറഞ്ഞത് മലയോര ഹൈവേ- 1425 കോടി രൂപ, സമ്മതിക്കുന്നു, എന്റെ നിയോജകമണ്ഡലത്തിലടക്കം വർക്ക് തുടങ്ങുകയാണ്. കോസ്റ്റൽ ഹൈവേ-Construction of new highway to link the north and south of Kerala under appraisal എന്നുപറയുന്നു. ട്രാൻസ് ഗ്രിഡ്- 5200 കോടി രൂപ, K-FON പദ്ധതി 823 കോടി രൂപ, കാൻസർ ഹോസ്പിറ്റലുകൾക്ക് 554 കോടി രൂപ, Upgradation of State hospitals 764 കോടി രൂപ, City and town road development 7264 കോടി രൂപ എന്നിവയാണ്. 2018 സെപ്റ്റംബറിൽ പറഞ്ഞ ഇതേ കണക്കുകൾതന്നെയാണ് 2019-ലെ നോട്ട് ഓഫറിംഗ് സർക്കുലറിലും പറയുന്നത്. പക്ഷെ ഇതിലൊന്നും പറയാത്ത അതിഭീമമായ പുതിയൊരു പ്രോജക്ടുകൂടി നോട്ട് ഓഫറിംഗ് സർക്കുലറിൽ വന്നിട്ടുണ്ട്. ആ പ്രോജക്ടിന്റെ കണക്കുകേട്ടാൽ നമ്മൾ ഞെട്ടും. കേരളത്തിന്റെ മൊത്തം നോൺ ടാക്സ് റവന്യൂ ഏകദേശം 40,000 കോടി രൂപയാണ്. 2018 ഡിസംബറിനുശേഷം മൂന്നുമാസം കഴിഞ്ഞ് ഫൈനൽ ഡോക്യുമെന്റ് ഇറക്കിയപ്പോൾ പുതിയതായി വന്ന പദ്ധതിയുടെ പേര് 12240 കോടി രൂപയുടെ 'കണ്ണൂർ ഇൻഡസ്ട്രിയൽ പാർക്ക് ' എന്നാണ്. 12240 കോടി രൂപയ്ക്ക് ഒരു ഇൻഡസ്ട്രിയൽ പാർക്കിന്റെ പ്രോജക്ട് വരികയാണെങ്കിൽ കണ്ണൂരിന്റെ മുഖച്ഛായതന്നെ മാറില്ലേ? ഇതിനെക്കുറിച്ച് ഞാൻ കണ്ണൂരിൽനിന്നുള്ള കോൺഗ്രസ്സ് എം.എൽ.എ.-മാരോട് ചോദിച്ചപ്പോൾ അവരുടെ മണ്ഡലങ്ങളിൽ 12000 കോടി രൂപയുടെ ഒരു പ്രോജക്ടിന്റെ പേപ്പർ വർക്കുപോലും തുടങ്ങിയിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. കണ്ണൂരിൽനിന്നാണ് ഏറ്റവും കൂടുതൽ മന്ത്രിമാരും എം.എൽ.എ.-മാരും ഇടതുപക്ഷത്തിനുള്ളത്. 12240 കോടി രൂപയുള്ള ഇൻഡസ്ട്രിയൽ പാർക്ക് പ്രോജക്ടിന്റെ ഇനിഷ്യൽ മിനിട്സെങ്കിലും വന്നിട്ടുണ്ടോയെന്ന് കണ്ണൂരുള്ള എം.എൽ.എ.-മാരോട് ഞാൻ ചോദിക്കുകയാണ്. നമ്മുടെ മണ്ഡലത്തിലൊരു കിഫ്ബി പ്രോജക്ട് വരുമ്പോൾ ഒരു സെന്റ് ലാൻഡ് അക്വയർ ചെയ്യണമെങ്കിൽ അഞ്ചുമാസമെങ്കിലും അതിന്റെ പുറകേ നടക്കണം. അത് പ്രതിപക്ഷ-ഭരണപക്ഷ എം.എൽ.എ.-മാർക്കെല്ലാം അറിയാവുന്ന കാര്യമാണ്. 40 കോടി രൂപയുടെ വലിയ റോഡ് പ്രോജക്ടുപോലും രണ്ട് വർഷമായി ലാൻഡ് അക്വിസിഷൻ ഇല്ലാതെ കിടക്കുകയാണ്. 12240 കോടി രൂപയുടെ കണ്ണൂർ

ഇൻഡസ്ട്രിയൽ പാർക്കെന്നുള്ള മെഗാ പ്രോജക്ട് തുടങ്ങാൻ പോകുന്നവെന്ന് ആ സമയത്താണ് ഇവർ പറയുന്നത്. എത്ര വില്ലേജുകളിലുണ്ട്; എത്ര നിയമസഭാ മണ്ഡലങ്ങളിലുണ്ട്; എത്ര പഞ്ചായത്തുകളിലുണ്ട്? ഇന്ത്യയിലുള്ള ഏറ്റവും വലിയ ഇൻഡസ്ട്രിയൽ പാർക്കുകൾക്കുപോലും 5,000 കോടി രൂപയിൽ കൂടുതലുള്ള ലാൻഡ് അക്വിസിഷന്റെ ആവശ്യമില്ലല്ലോ; 2018 ഡിസംബറിലെ രേഖയിലും 2019 മാർച്ചിലെ രേഖയിലുമുള്ള രണ്ട് വ്യത്യാസങ്ങളിൽ ഒന്ന്, സി.ഡി.പി.ക്യു.-വിന്റെ പ്രൈവറ്റ് പ്ലേസ്മെന്റുമായി ബന്ധപ്പെട്ട വ്യത്യാസം. രണ്ട്, നമ്മൾ ഒരിടത്തും കാണാത്ത 12240 കോടി രൂപയുടെ പദ്ധതി. 12240 കോടി രൂപയുടെ പദ്ധതിയും സി.ഡി.പി.ക്യു.-വിന്റെ പ്രൈവറ്റ് ലിസ്റ്റിംഗുമായി എന്തെങ്കിലും ബന്ധമുണ്ടോയെന്ന് ചോദിക്കുകയാണെങ്കിൽ അതിന് മറുപടി പറയേണ്ടത് ഭരണപക്ഷം തന്നെയാണെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. നമ്മുടെ അയൽ രാജ്യമാണ് ശ്രീലങ്ക. മലയാളികളെപ്പോലെ സാധാരണക്കാരായ ആളുകളുള്ള ഒരു സ്ഥലമാണ് ശ്രീലങ്ക. അവിടത്തെ മുൻ പ്രസിഡന്റായിരുന്ന ശ്രീ. മഹേന്ദ്ര രാജപക്സെ അവിടെ Hambantota Port എന്ന വലിയൊരു പ്രോജക്ട് തുടങ്ങി. ആ പ്രോജക്ട് വലിയൊരു ആശയമായി ശ്രീ. മഹേന്ദ്ര രാജപക്സെ കൊണ്ടുവന്നപ്പോൾ അദ്ദേഹത്തെ സഹായിക്കാൻവേണ്ടി ചൈനീസ് കമ്പനികൾ വന്നുകൊണ്ടിരുന്നു. പണം ഒരു പ്രശ്നമല്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നതുപോലെ എപ്പോൾ ചോദിച്ചാലും പണം വന്നുകൊണ്ടിരുന്നു. Hambantota Port ചൈനീസ് സർക്കാരിന്റെയും ചൈനീസ് ആളുകളുടെയും സഹായത്തോടെ പണിതുകഴിഞ്ഞു. അവസാനം ഏകദേശം ഒന്നര വർഷങ്ങൾക്കുമുമ്പ് ഗൺമെന്റ് ഓഫ് ശ്രീലങ്കയ്ക്ക് സ്ട്രാറ്റജിക്കായിട്ടുള്ള Hambantota Port ചൈനീസ് കമ്പനികൾക്കും സർക്കാരുകൾക്കും 99 വർഷം ലീസിന് കൊടുക്കേണ്ട അവസ്ഥയായി.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, നമ്മൾ ഇങ്ങനെ പോകുകയാണെങ്കിൽ തീർച്ചയായും ഇത്തരത്തിലുള്ള രീതിയിലേക്ക് കാര്യങ്ങൾ പോകും. ഞാൻ മറ്റൊന്നിലേക്കും കടക്കുന്നില്ല. ഒരു കാര്യം മാത്രം പറഞ്ഞ് അവസാനിപ്പിക്കാം.

മി. സ്പീക്കർ: ചർച്ചയ്ക്കെടുത്താൽ സമയത്തിന് അവസാനിപ്പിക്കണം. പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. എസ്. ശബരീനാഥന്‍: സര്‍, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കിഫ്ബിയെ മസാല ബോണ്ടാക്കുമോയെന്ന് ചോദിച്ചപ്പോള്‍ വളരെ പരിഹാസ രൂപേണ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, കടയില്‍ ചെന്ന് മീന്‍ വാങ്ങുന്നതുപോലെയല്ല മസാല ബോണ്ട്, അറിയാത്തതുകൊണ്ടാണ് പ്രതിപക്ഷനേതാവ് ഇങ്ങനെ പറയുന്നതെന്ന്. മീന്‍ വാങ്ങാന്‍ പോകുകയാണെങ്കില്‍ മീന്‍ വില്‍ക്കുന്നവനും മീന്‍ വാങ്ങുന്നവനും അറിയാം അതിന്റെ റേറ്റ് എന്താണെന്ന്. പക്ഷെ മൂന്നേകാല്‍ കോടി മലയാളികളെ, ഈ നിയമസഭയെ, ഇരുപതോളം മന്ത്രിമാരെയും എം.എല്‍.എ.മാരെയും ഇരുട്ടിലാക്കിക്കൊണ്ട് ഈ മസാല ബോണ്ടിന് പിന്നിലുള്ള ദുരൂഹതകള്‍ നിയമസഭ ചര്‍ച്ച ചെയ്യണം. അതിനെക്കുറിച്ചുള്ള (മൈക്ക് ഓഫ്).....(ബഹളം)......

മി. സ്പീക്കര്‍: അടിയന്തരപ്രമേയം ചര്‍ച്ചയ്ക്കെടുത്തു, സമയം അനുവദിച്ചു. നിങ്ങള്‍ ബഹളം വച്ചിട്ട് ഒരു കാര്യവുമില്ല. അടുത്ത ആള്‍ സംസാരിക്കട്ടെ. ഒരാള്‍ തുടങ്ങിവച്ചാല്‍ പിന്നീടെല്ലാവരും അത് ആവര്‍ത്തിക്കും. .....(ബഹളം).... പ്രതിപക്ഷനേതാവിന്റെ സമയം കൊടുക്കണോ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഒരു മിനിട്ട് കൊടുക്കാം.

ശ്രീ. കെ. എസ്. ശബരീനാഥന്‍: സര്‍, അതോടൊപ്പം വളരെ വിചിത്രമായ ചില കണക്കുകള്‍ കിഫ്ബിയുടെ വെബ്സൈറ്റില്‍ കിടപ്പുണ്ട്. ഈ കാര്യത്തിന്റെ പുറകേ കുറച്ചുദിവസമായി നടക്കുന്നതുകൊണ്ട് വെബ്സൈറ്റ് മൊത്തം പരിശോധിച്ച ഒരാളാണ് ഞാന്‍. കാരണം, ഉദ്യോഗസ്ഥരോട് ചോദിച്ചാല്‍ ഒന്നും കിട്ടില്ല. 12000 കോടി രൂപയുടെ കണ്ണൂര്‍ ഇന്‍ഡസ്ട്രിയല്‍ പാര്‍ക്കെന്ന് ലണ്ടന്‍ സ്റ്റോക്ക് എക്സ്ചേഞ്ചിലെ ഓഫര്‍ സര്‍ക്കുലറില്‍ പറഞ്ഞു. കിഫ്ബി വെബ്സൈറ്റില്‍ 12710, Development of industrial infrastructure in Kannur and Palakkad District land acquisition എന്നുപറയുന്നു. ഇതില്‍ ഏറ്റവും മ്ലേച്ഛമായിട്ടുള്ള കാര്യം, കിഫ്ബി വെബ്സൈറ്റിന്റെ മുന്നില്‍ 12710 കോടി രൂപയെന്ന് കാണിക്കുന്നു. താഴെയുള്ള എക്സല്‍ഷീറ്റില്‍ 12710 കോടി രൂപയുടെ കൂട്ടത്തില്‍ ഒരു പൂജ്യംകൂടി കൂട്ടി 1,27,000 കോടി എന്നാണ് എഴുതിയിരിക്കുന്നത്. ഒരു കോടിയില്‍ എത്ര പൂജ്യമുണ്ടെന്നറിയാത്ത ആളുകളാണ് ഇന്ന് കേരളത്തിന്റെ ധനകാര്യ കാര്യങ്ങള്‍ നോക്കുന്നതെന്ന കാര്യം മനസ്സിലാക്കണം. ഇത് വെറുമൊരു ചെറിയ തെറ്റായി കാണുന്നില്ല. ഇതിന്റെ പേരില്‍ നമുക്ക് നാളെ കോടതിയില്‍ പോകാം. തെറ്റായ കണക്കുകള്‍ ലണ്ടന്‍ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ മുന്നില്‍ കൊടുത്തുവെന്നു പറഞ്ഞുകൊണ്ട് നാളെ ഹേഗിലോ ഇംഗ്ലണ്ടിലോ മറ്റെവിടെയെങ്കിലുമുള്ള കോടതിയില്‍പോയാലും കേരളത്തിലെ സാധാരണക്കാരായ ആളുകള്‍ കോടതി കയറേണ്ടിവരും. അതിനുള്ള മറുപടി പറയണമെന്നും കിഫ്ബിയുമായി ബന്ധപ്പെട്ട എല്ലാ പേപ്പറുകളും നിയമസഭയുടെ മേശപ്പുറത്തുവയ്ക്കണമെന്നും ഞാന്‍ അഭ്യര്‍ത്ഥിക്കുകയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, കേരളത്തിന്റെ സമഗ്ര വികസന പുരോഗതിക്കുതകുന്ന നിരവധി വികസന പദ്ധതികളാണ് 2016-ൽ അധികാരമേറ്റെടുത്ത സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിത്തന്നെയാണ് കിഫ്ബി എന്ന പദ്ധതിയും ഇവിടെ നടപ്പിലാക്കിയിട്ടുള്ളത്. നിയമസഭയാണ് കിഫ്ബി എന്ന പദ്ധതി ഇവിടെ നടപ്പിലാക്കിയത്. കിഫ്ബി നടപ്പിലാക്കാൻ ഈ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങളെന്താണെന്ന് പൊതുസമൂഹത്തിനും നിയമസഭയ്ക്കും ബോധ്യമുള്ളതാണ്. എന്റെ സുഹൃത്ത് ബഹുമാന്യനായ കെ. എസ്. ശബരീനാഥനെ എഫ്.ബി.ഐ.-യ്ക്കോ മറ്റോ വിട്ടുകൊടുത്തി രുന്നുവെങ്കിൽ അദ്ദേഹം നല്ലൊരു അന്വേഷണ ഉദ്യോഗസ്ഥനാകുമായിരുന്നു. അദ്ദേഹം വളരെ ഗവേഷണം നടത്തി കണ്ടെത്തിയ കുറേ രേഖകളെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ആ രേഖകളെല്ലാം നുണയാണെന്ന് അദ്ദേഹത്തിനുതന്നെ ബോധ്യമാകും. കേരളത്തിൽ വികസനം നടക്കണ്ടേ? ഇവിടെ ഒന്നും നടക്കില്ല എന്നതല്ലേ ഇവിടത്തെ സന്ദേശം. ഇവിടെ വികസനം വേണ്ട, കേരളം കേരളമായി ഇങ്ങനെ എല്ലാ കാലത്തും പോയാൽ മതി എന്ന വരട്ടുവാദവുമായി പോയവർ നിരാശയിലാണ്. ആ നിരാശയുടെ ഭാഗമായി ഇവിടെ വലിയ മാറ്റമുണ്ടാകുമ്പോൾ എന്തിനാണ് ഈ അസൂയയും കുശുമ്പും. വികസിക്കുന്നത് ഇടതുപക്ഷത്തിന്റെ എം.എൽ.എ.-മാരുടെ മണ്ഡലങ്ങൾ മാത്രമല്ലല്ലോ. വികസിക്കുമ്പോൾ കേരളത്തിന്റെ 140 മണ്ഡലങ്ങളും ഒരുപോലെ വികസിക്കുന്നതിനുള്ള പ്രക്രിയയ്ക്കാണ് നേതൃത്വം കൊടുക്കുന്നത്. ഞങ്ങൾ പക്ഷപാതപരമായി (biased) വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവരല്ല. തെരഞ്ഞെടുത്ത 141 അംഗങ്ങൾക്കും ഒരുപോലെ വികസന പ്രവർത്തനം നടപ്പിലാക്കാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നൊരു സർക്കാരാണ് ഞങ്ങളുടേത്. ഇവിടെ ദേശീയപാത വികസനം നടപ്പിലായില്ലേ; ഇവിടെ ഗെയിൽ പൈപ്പ് ലൈൻ യാഥാർത്ഥ്യമായില്ലേ; ഹിൽ ഹൈവേയെക്കുറിച്ച് ബഹുമാനപ്പെട്ട കെ. എസ്. ശബരീനാഥൻ സൂചിപ്പിച്ചു. ഹിൽ ഹൈവേ മാത്രമല്ല, കോസ്റ്റൽ ഹൈവേയുടെ കാര്യത്തിലും ഇവിടെ പണം നീക്കിവയ്ക്കുകയുണ്ടായി. ആശുപത്രി നവീകരണത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ എത്ര നവീകരണ പ്രവർത്തനങ്ങൾ ഇവിടെ നടന്നു. 44 ഡയാലിസിസ് യൂണിറ്റുകളിൽ 38 എണ്ണം കിഫ്ബിയിലൂടെ യാഥാർത്ഥ്യമാക്കാനും ആറ് കാത്ത് ലാബുകൾ യാഥാർത്ഥ്യമാക്കാനും ഈ സർക്കാരിന് കഴിഞ്ഞു. ....... (ബഹളം)......

<u>മി. സ്പീക്കർ</u> : ശ്രീ. കെ. എസ്. ശബരീനാഥൻ സംസാരിക്കുമ്പോൾ ആരെങ്കിലും ബഹളമുണ്ടാക്കിയോ? ഇനി അവിടെനിന്നും കമന്റ് പറയുമ്പോൾ നിങ്ങൾ പരാതി പറയരുത്.

ശ്രീ. എ. എൻ. ഷംസീർ : സർ, എന്തിനാണ് ഈ അസഹിഷ്ണത. നിങ്ങൾ പറയുമ്പോൾ തിരിച്ചുപറയാതെ ഞങ്ങൾ കേട്ടിരുന്നത് ഞങ്ങൾക്ക് മറുപടി പറയാൻ അറിയാത്തതുകൊണ്ടല്ല. ഇത് ഡിബേറ്റ് ചെയ്യപ്പെടണമെന്നുള്ളതുകൊണ്ടാണ്. കേരളത്തിലെ പൊതുസമൂഹത്തിനകത്ത് ചില പത്രമാധ്യമങ്ങളും പ്രതിപക്ഷവും ഉണ്ടാക്കിത്തീർത്ത കൺഫ്യൂഷൻ പൂർണ്ണമായും പരിഹരിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. അതുകൊണ്ടാണ് ഇക്കാര്യം നിയമസഭയ്ക്കകത്ത് ചർച്ച ചെയ്യാമെന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ പ്രോജക്ടുകളെക്കുറിച്ച് പറഞ്ഞു. ഞാനൊരു കാര്യംകൂടി സൂചിപ്പിക്കാം, കിഫ്ബിയിലെ ആകെ പ്രോജക്ടുകൾ 1685 ആണ്. Approved projects - 536 (42,306 crores); Projects tendered - 318 (10,600 crores); Agreement executed - 241; Works started - 228; Payment released - 167; Under appraisal projects - 195; അങ്ങനെ 1685 പ്രോജക്ടുകളുണ്ട്. നിയമസഭയ്ക്കകത്ത് നുണപറഞ്ഞ് പോകുന്നയാൾ നിയമസഭയ്ക്കകത്ത് ഞങ്ങൾ പറയുന്നതുകൂടി കേൾക്കാൻ തയ്യാറാകണ്ടേ; എവിടെ പോയി; എന്താണ് കേൾക്കാൻ നിൽക്കാത്തത്? അവനവനുതന്നെ ബോധ്യമില്ലാത്ത കാര്യം സഭയ്ക്കുള്ളിൽ പറയുമ്പോൾ അതിന് മറുഭാഗം ഞങ്ങൾ അവതരിപ്പിക്കുന്നത് കേൾക്കാനുള്ള മനഃസാക്ഷിക്കുത്ത് ഉള്ളതുകൊണ്ടാണ് അദ്ദേഹം ഇറങ്ങിപ്പോയത്. നിയമസഭയ്ക്കുള്ളിൽ പ്രമേയം അവതരിപ്പിച്ച പ്രമേയാവതാരകൻ ആ കാര്യം കേൾക്കാൻ തയ്യാറാകണ്ടേ. ഭരണപക്ഷം പറയുന്നത് കേൾക്കാനുള്ള മനസ്സെങ്കിലും കാണിക്കണ്ടേ; അതിനർത്ഥം വളരെ ക്ലിയറാണ്. .....(ബഹളം)...

മി. സ്പീക്കർ: ഇരിക്കൂ.... പ്ലീസ്..... നിങ്ങൾക്ക് അടുത്ത ആൾ സംസാരിക്കുമ്പോൾ മറുപടി പറഞ്ഞാൽ പോരേ?

ശ്രീ. എ. എൻ. ഷംസീർ: .....(ബഹളം)..... വലതുപക്ഷ രാഷ്ട്രീയവും വളരെ ആസൂത്രിതമായി ഇടതുപക്ഷത്തെ കരിവാരിത്തേയ്ക്കുന്ന അജണ്ടയുടെ ഭാഗവുമായാണ് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. 'മടിയിൽ കനമുള്ളവന് മാത്രമേ വഴിയിൽ ഭയക്കേണ്ട' കാര്യമുള്ളൂ. ഇവർ പ്രചരിപ്പിക്കുന്ന കാര്യമെന്താണ്; ഈ പറയുന്ന പ്രോജക്ടുകളെല്ലാം സർക്കാർ ഇതര പ്രോജക്ടുകൾക്കുവേണ്ടി വിനിയോഗിക്കുന്നു എന്നുള്ളതാണ്. അഗ്രിക്കൾച്ചർ സെക്ടറിൽ 48 കോടി രൂപ നീക്കിവച്ചു. അതിൽ പ്രോജക്ട് അപ്രൂവ് ചെയ്തത് 15 കോടി രൂപയ്ക്കുടുത്താണ്. സാംസ്കാരിക മേഖലയിൽ 333 കോടി രൂപ നീക്കിവച്ചു. അതിൽ അപ്രൂവ് ചെയ്തത് 194 കോടി രൂപ. ഇങ്ങനെ 22 ഹെഡ്ഡുകളിലായി ഈ സർക്കാർ നീക്കിവച്ച കിഫ്ബി പ്രോജക്ടുകളുടെ പദ്ധതി ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് നൽകാൻ ഞങ്ങൾ തയ്യാറാണ്. ഇവിടെ കിഫ്ബിയെ വിമർശിക്കുന്നവരോട് വിനയത്തോടെ ചോദിക്കാനുള്ള

ചോദ്യം ഈ കിഫ്ബി പ്രോജക്ടുകളൊന്നും ഞങ്ങൾക്ക് വേണ്ടെന്ന് നെഞ്ചത്ത് കൈ വച്ചുകൊണ്ട് പറയാൻ നിങ്ങൾ തയ്യാറുണ്ടോ. ...(ബഹളം)... കിഫ്ബിയിൽ മസാല ബോണ്ട് മോശമാണ്, കിഫ്ബി പാടില്ല എന്നുപറയുന്ന നിങ്ങൾ ഞങ്ങൾക്ക് ഇന്നയിന്ന പ്രോജക്ടുകൾ വേണ്ടെന്ന് പറയാൻ തയ്യാറുണ്ടോ? അപ്പോൾ നിങ്ങൾക്കെല്ലാം വേണം. മന്ത്രിയെപ്പോയി കാണും, മുഖ്യമന്ത്രിയെ പോയി കാണും, സ്വകാര്യമായി പോയിക്കണ്ട് കാര്യങ്ങൾ നേടും. ...(ബഹളം)...

മി. സ്പീക്കർ: ഇരിക്കൂ.... അടുത്ത ആൾ സംസാരിക്കുമ്പോൾ മറുപടി പറയാമല്ലോ.

ശ്രീ. എ. എൻ. ഷംസീർ: ഈ പറയുന്ന നിയമസഭാ സാമാജികരുടെ മണ്ഡലങ്ങളിൽ പോയാൽ തെങ്ങിന്റെ മുകളിലും കിടങ്ങിന്റെ മുകളിലും ഫ്ലക്സ് ബോർഡുകൾ കാണാം. എന്താണ്; കിഫ്ബിയിലൂടെ ഞങ്ങൾ ഇന്ന പാലം നിർമ്മിച്ചിരിക്കുന്നു. അതിന് എം.എൽ.എ.-യ്ക്ക് അഭിവാദ്യം. എം.എൽ.എ. ആണോ നൽകിയത്, ഗവൺമെന്റ് നൽകിയതല്ലേ. നിങ്ങളെ വിമർശിക്കുമ്പോൾ എന്തിനാണിത്ര അസഹിഷ്ണുത. നിങ്ങൾ വിമർശനങ്ങൾക്ക് അതീതരാണോ; അതീതരല്ലല്ലോ. നിങ്ങളെക്കുറിച്ചുള്ള വിമർശനം ഞങ്ങൾ ഉന്നയിക്കുമ്പോൾ എന്തിനാണ് ഈ അസഹിഷ്ണുത. ഇവിടെ സി.ഡി.പി.ക്യൂ.-വിനെക്കുറിച്ച് ബഹുമാന്യനായ ശബരീനാഥൻ വിമർശനം ഉന്നയിക്കുമ്പോൾ അതിന്റെ വസ്തുതകൾ പരിശോധിക്കേണ്ടേ. C.D.P.Q has also purchased 130 million worth of securities issued by the Government of India. ഇത് ഞാൻ ഗവേഷണം നടത്തി കണ്ടെത്തിയതല്ല. ഞാൻ സി.ഐ.ഡി. ഒന്നുമല്ല. സി.ഐ.ഡി. ശബരിനാഥൻ കണ്ടെത്തിയല്ലോ. സി.ഡി.പി.ക്യൂ. മാത്രമല്ല, 16 മറ്റ് കമ്പനികളും മസാല ബോണ്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിങ്ങൾക്ക് നാണമുണ്ടോ? നിങ്ങളുടെ മുഖ്യമന്ത്രിയെ എവിടെയാണ് ക്ഷണിച്ചത്? കേരളത്തിന്റെ യശസ്സുയർത്തിക്കൊണ്ട് കേരളത്തിന്റെ മുഖ്യമന്ത്രി രാഷ്ട്രത്തലവന് സമാനമായി ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മണി മുഴക്കുമ്പോൾ നിങ്ങൾക്കത് മരണമണിയായി തോന്നും. എന്താണ് ഇപ്പോൾ നടക്കുന്നത്; ഞങ്ങൾ കാലഹരണപ്പെട്ടുവെന്ന് നിങ്ങൾ ഞങ്ങളെ ആക്ഷേപിച്ചോ; എന്നാൽ നമ്പർ 10, ജൻപഥിൽ നടക്കുന്നത് 'അയ്യോ അച്ഛാ പോകല്ലേ, അയ്യോ അച്ഛാ പോകല്ലേ' എന്നാണ്. ഞങ്ങൾ രാഷ്ട്രീയം പറയാൻ ഉദ്ദേശിച്ചതല്ല. പക്ഷെ ...(ബഹളം)...

മി. സ്പീക്കർ: നിങ്ങൾ ഇപ്പോൾ കമന്റ് ചെയ്യുന്നത് ശരിയാണോ. ഇതുപോലെ കമന്റ് തിരിച്ചുപറഞ്ഞാൽ നിങ്ങൾ പ്രതികരിക്കില്ലേ. അടുത്ത് സംസാരിക്കുമ്പോൾ നിങ്ങൾ മറുപടി പറയൂ.

ശ്രീ. എ. എൻ. ഷംസീർ: ...(ബഹളം).... ഇടതുപക്ഷത്തെ കടന്നാക്രമിക്കാൻ ശ്രമിക്കുമ്പോൾ മറുപടി പറയാതെ പോയാൽ .......(ബഹളം).... അതുകൊണ്ട് മറുപടി പറയുന്നുവെന്ന് മാത്രമേയുള്ളൂ. നിങ്ങൾക്ക് മറുപടി പറയാൻ രാഷ്ട്രീയമായി ഞങ്ങൾ തയ്യാറാണ്. ഞങ്ങൾക്ക് കെൽപ്പുണ്ട്, ഞങ്ങൾക്ക് കരുത്തുണ്ട്, ഞങ്ങളുടെ രാഷ്ട്രീയത്തിന് ഒരു പോറൽപോലും ഏറ്റിട്ടില്ല. ആ സംവാദത്തിന് ഞങ്ങൾ തയ്യാറാണെന്ന് മാത്രമേ ഈ വേളയിൽ ഓർമ്മിപ്പിക്കാനുള്ളൂ. ഇവിടെ സൂചിപ്പിക്കാനുള്ള മറ്റ് കാര്യങ്ങൾ, ഇവിടെ വികസനം വരണ്ടേ; കണ്ണൂർ എയർപോർട്ട് യാഥാർത്ഥ്യമായി. എന്തിനാണ് കണ്ണൂരിനോട് ഇത്ര വെറുപ്പ്? കണ്ണൂർ ഇൻഡസ്ട്രിയൽ പാർക്ക് വരണ്ടേ; കണ്ണൂർ മേഖലയിൽ വികസനം വരണ്ടേ; കണ്ണൂർ മേഖലയിൽ വികസനം വരുമ്പോൾ, കണ്ണൂരിൽ ജീവിക്കുന്നവരെല്ലാം ഇടതുപക്ഷ രാഷ്ട്രീയക്കാർ മാത്രമാണോ; അല്ലല്ലോ. മലബാർ മേഖലയിൽ വികസനം വരുമ്പോൾ എന്തിനാണ് ഇങ്ങനെ പകയോടുകൂടി കാണുന്നത്. ഇൻഡസ്ട്രിയൽ പാർക്ക് വരുന്നു. അതിനെക്കുറിച്ച് ഞങ്ങൾ മനസ്സിലാക്കിയില്ല എന്ന രീതിയിൽ എന്തിനാണ് ആക്ഷേപം ഉന്നയിക്കുന്നത്. പലിശ നിരക്കിനെക്കുറിച്ച് സൂചിപ്പിച്ചു. ഏറ്റവും കുറഞ്ഞ പലിശ നിരക്ക് തന്നെയാണ് ഇവിടെ ലഭിച്ചിട്ടുള്ളത്. 50,000 കോടി രൂപയുടെ പ്രോജക്ടാണ്, ബഡ്ജറ്റിൽ നിന്നുള്ള വരുമാനംകൊണ്ട് മാത്രം വികസനം നടപ്പിലാക്കാൻ സാധിക്കുകയില്ല. ഞങ്ങളുടെ പാർട്ടിക്കും ഞങ്ങളുടെ ഗവൺമെന്റിനും എൽ.ഡി.എഫ്.-നും വളരെ വ്യക്തമായ കാഴ്ചപ്പാടുണ്ട്. Untied fund - കെട്ടുപാടുകളില്ലാത്ത ഫണ്ട് വാങ്ങുന്നതിന് ഞങ്ങൾക്ക് ഒരു തടസ്സവുമില്ല. 15 കൊല്ലം കഴിഞ്ഞാൽ അടയ്ക്കുന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കുന്നു. നിങ്ങൾ ബേജാറാകേണ്ട, 15 കൊല്ലം കഴിഞ്ഞാൽ എൽ.ഡി.എഫ്. ഗവൺമെന്റ് തന്നെ അത് തിരിച്ചടയ്ക്കും. അതിനെക്കുറിച്ച് നിങ്ങൾ ആശങ്കപ്പെടണ്ട. 15 കൊല്ലം കഴിഞ്ഞാൽ അത് തിരിച്ചടയ്ക്കുന്നത് എങ്ങനെ; നിങ്ങളും ഞങ്ങളും ചേർന്നിരുന്ന് അംഗീകരിച്ച ഒരു പ്രൊപ്പോസലുണ്ട്. പെട്രോൾ സെസ്സിൽ നിന്നും ഒരു രൂപ, മോട്ടോർ വാഹന സെസ്സിൽ നിന്നും പകുതി, ഈ രീതിയിൽ പണം തിരിച്ചടയ്ക്കാൻ സാധിക്കുമെന്നേ ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളൂ. സാധാരണ നിലയിലാണെങ്കിൽ വികസന പ്രവർത്തനം എങ്ങനെയാണ് നടക്കുന്നത്. പ്രതിവർഷം 5000 കോടി രൂപയുടെ വികസനം മാത്രമേ നടക്കുകയുള്ളൂ. ഇപ്പോൾ എന്താണ്, പ്രതിവർഷം 50,000 കോടി രൂപയുടെ വികസന പ്രവർത്തനം ഇവിടെ നടക്കുന്നു, പുതിയ പാലങ്ങളും റോഡുകളും വരുന്നു. വിദ്യാഭ്യാസ മേഖലയിൽ 140 എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂളിന്റെ പ്രവൃത്തി നടക്കുന്നില്ലേ; 140 എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളില്ലേ; 140 എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിൽ ഫാമിലി ഹെൽത്ത്

സെന്ററില്ലേ; 140 അസംബ്ലി മണ്ഡലങ്ങളിലും സെലക്ടീവായ താലൂക്ക്/ ജില്ലാ/ജനറൽ ആശുപത്രികളിൽ കാത്ത് ലാബും ഡയാലിസിസ് യൂണിറ്റുമില്ലേ; ഞങ്ങളെ സംബന്ധിച്ചിടത്തോളം വികസനത്തിനാണ് ഊന്നൽ. വികസനത്തിന് കാത്തുനിൽക്കാൻ കഴിയില്ല. കേരളം ബഹുദൂരം മുന്നോട്ട് പോകും. വികസനത്തിന്റെ വണ്ടി തടയാൻ ആര് ശ്രമിച്ചാലും അവർ ചരിത്രത്തിൽ ഒറ്റപ്പെടുമെന്ന് മാത്രമേ സൂചിപ്പിക്കാനുള്ളൂ. ഇവിടെ വികസനമുണ്ടാകണം. വരുംതലമുറയ്ക്ക് മുന്നിൽ തലയുയർത്തി നിൽക്കാൻ നമുക്ക് സാധിക്കണം. കേരളം അതിവേഗം മുന്നോട്ടുപോയത് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന സർക്കാർ ഭരിച്ച കാലത്താണെന്നുള്ള രീതിയിൽ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ശ്രമിക്കുമ്പോൾ വികസനത്തിന്റെ വണ്ടിയെ തടയാനും അട്ടിമറിക്കാനുമുള്ള ആസൂത്രിതമായ നീക്കം നിങ്ങൾ ചില മാധ്യമങ്ങളെ കൂട്ടുപിടിച്ച് നടത്തുന്നു. നിങ്ങൾ വലതുപക്ഷ രാഷ്ട്രീയം പ്രചരിപ്പിക്കുന്നു. നിങ്ങളുടെ ഉപദേശകന്മാർ ആരാണ്; നിങ്ങൾക്ക് ഉപദേശം തരുന്നത് ചാനലുകളും പത്രക്കാരുമാണ്. അവർ നിങ്ങളെക്കൊണ്ടുപോയി കുഴിയിൽ ചാടിക്കുകയാണ്. അവർ പറയുന്ന കാര്യങ്ങൾ കേട്ട് നിയമസഭയ്ക്കുള്ളിൽവന്ന് അവതരിപ്പിക്കുമ്പോൾ നിങ്ങൾ ഒരു നാടിനെ തകർക്കാനുള്ള പ്രക്രിയയ്ക്കാണ് കൂട്ടുനിൽക്കുന്നതെന്ന കാര്യം മറന്നുപോകരുതെന്ന് മാത്രമേ സൂചിപ്പിക്കാനുള്ളൂ.

ശ്രീ. പി. ടി. തോമസ്: സർ, ......

ശ്രീ. എ. എൻ. ഷംസീർ: ശ്രീ. പി. ടി. തോമസ്, അങ്ങേയ്ക്ക് വഴങ്ങാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കാരണം നിങ്ങൾക്ക് വഴങ്ങിയപ്പോഴെല്ലാം ഗൗരവമുള്ള കാര്യങ്ങളായിരുന്നില്ല ചോദിച്ചത്. ഗൗരവമുള്ള ചോദ്യങ്ങൾ ചോദിക്കുന്നവർക്ക് മുന്നിൽ മാത്രമേ വഴങ്ങാൻ ഞങ്ങളുള്ളൂ എന്നതാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഇതൊരു സ്റ്റേറ്റ് ഗവൺമെന്റാണ്. സ്റ്റേറ്റ് ഗവൺമെന്റ് പ്രവർത്തിക്കുന്നത് സെൻട്രൽ-സ്റ്റേറ്റ് റിലേഷൻഷിപ്പ് അനുസരിച്ചാണ്. ശ്രീ. പിണറായി വിജയനും ഡോ. തോമസ് ഐസക്കിനും തോന്നിയതുപോലെ കടം വാങ്ങാൻ സാധിക്കില്ല. ആർ.ബി.ഐ.-യുടെ നോംസ് പ്രകാരം മാത്രമേ ഈ സർക്കാരിന് കടം വാങ്ങാൻ സാധിക്കുകയുള്ളൂ. ഇവിടെ 2150 കോടി രൂപ മസാല ബോണ്ടിലൂടെ വന്നു. മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം മസാല ബോണ്ട മാത്രമേ അറിയുകയുള്ളൂ, മസാല ബോണ്ട് അറിയില്ല. അതുകൊണ്ട് അവർ ചിലപ്പോൾ അതിനെ വിമർശിച്ചേക്കാം. ...(ബഹളം)... ഞങ്ങൾ ഒരു കാര്യം പറയാം. കേരളം ബഹുദൂരം മുന്നോട്ടുപോകേണ്ട പ്രക്രിയയാണിത്. നിങ്ങൾ ഉന്നയിക്കുന്ന എല്ലാ ചോദ്യങ്ങളും, മസാല ബോണ്ട് ഉൾപ്പെടെ എല്ലാ കാര്യങ്ങളും ഇവിടെ ഡിബേറ്റ് ചെയ്യപ്പെടട്ടെ.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ...., ഇരിക്കൂ.....

ശ്രീ. എ. എൻ. ഷംസീർ: മസാല ബോണ്ട് ഉൾപ്പെടെ എല്ലാ കാര്യങ്ങളും ഇവിടെ ഡിബേറ്റ് ചെയ്യപ്പെടട്ടെ. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മടിയും ഇതുമായി ബന്ധപ്പെട്ടില്ല എന്നുള്ളതാണ്. ഇന്ത്യൻ ഭരണഘടന അനുസരിച്ച് പ്രവർത്തിക്കുന്നവരാണ് ഞങ്ങൾ. ...(ബഹളം)... ഭരണഘടന അനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ് എന്ന നിലയിൽ ഭരണഘടനയ്ക്കകത്ത് നിന്നുകൊണ്ട് ഏത് സർക്കാരും എങ്ങനെയെല്ലാം ഫണ്ട് സ്വരൂപിക്കുന്നുവോ ആ രീതിയിൽ സ്വീകരിക്കേണ്ട സമീപനങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ, 'മസാല' എന്ന് പറഞ്ഞതാണോ. ചർച്ച നടക്കുമ്പോൾ അങ്ങോട്ടും ഇങ്ങോട്ടും പറയുന്നതല്ലേ. അടുത്തയാൾ സംസാരിക്കുമ്പോൾ മറുപടി പറഞ്ഞാൽ പോരേ. 'മസാല' പോയിന്റല്ല.

ശ്രീ. എ. എൻ. ഷംസീർ: പ്രസംഗം തടസ്സപ്പെടുത്താൻ ശ്രമിക്കുകയാണ്. ഇവിടെ സഹിഷ്ണുതയെക്കുറിച്ച് പുരപ്പുറത്തുനിന്ന് കൂവുന്നവർ പ്രസംഗത്തെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്നത് നിങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങൾക്ക് നിങ്ങൾക്കുതന്നെ ഒരടിസ്ഥാനവുമില്ല എന്നതുകൊണ്ടാണ്. അത് മാത്രമല്ല, ഇവിടെ പറയുന്ന ധനഉത്തരവാദിത്ത ബിൽ ആരാണ് കൊണ്ടുവന്നത്; ഞങ്ങളാണോ? ധനഉത്തരവാദിത്ത ബിൽ കൊണ്ടുവന്നതുകൊണ്ടുള്ള തടസ്സമെന്താണ്. .. (ബഹളം)... 3 ശതമാനത്തിനപ്പുറത്ത് വായ്പ എടുക്കാനാവാത്ത അവസ്ഥ വന്നില്ലേ. നിങ്ങൾ തന്നെ ഓരോ സ്ഥലത്തും ഓരോ ഘട്ടത്തിലും പണം സ്വരൂപിച്ചിട്ടുണ്ടല്ലോ. നിങ്ങൾ കൊച്ചി മെട്രോയ്ക്ക് തുക കാനറാബാങ്കിൽ നിന്നും ഡി.സി.ബി.-യിൽ നിന്നും എത്ര പലിശയ്ക്കാണ് വാങ്ങിയിട്ടുള്ളത്?

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറിൽ പോയിന്റുണ്ടായിരിക്കണം. പ്രസംഗം തടസ്സപ്പെടുത്താൻവേണ്ടി ക്രമപ്രശ്നം ഉന്നയിക്കരുത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ, ഇവിടെ ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കുന്നതിനിടയിൽ ഒരു പാർട്ടിയെ മുഴുവനും അപമാനിച്ചുകൊണ്ട്, മുസ്ലീം ലീഗിന് മസാല ബോണ്ട് എന്താണെന്ന് അറിയില്ല, അവർക്ക് മസാല ബോണ്ടയേ അറിയൂവെന്ന് പറയുന്നത് ഒരു പാർട്ടിയെ അപമാനിക്കലാണ്. അത് രേഖയിലുണ്ടാകാൻ പാടില്ല. പിന്നെ വിവരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പരിജ്ഞാനത്തിന്റെയും അടിസ്ഥാനത്തിലാണെങ്കിൽ നിങ്ങളെക്കാൾ ഒട്ടും പുറകിലല്ല ഞങ്ങളെന്ന് തെളിയിച്ചിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: പാർട്ടികൾ ഡിബേറ്റ് ചെയ്യുമ്പോൾ എല്ലാ ചർച്ചയിലും അങ്ങോട്ടും ഇങ്ങോട്ടും പറയുന്നതാണ്. അത് പുതിയ കാര്യമൊന്നുമല്ല. പ്രസംഗം തടസ്സപ്പെടുത്തുന്നതിനുവേണ്ടി വെറുതെ ക്രമപ്രശ്നം ഉന്നയിക്കരുത്. പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുമ്പോൾ അതിൽ പോയിന്റുണ്ടായിരിക്കണം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, 'മസാല ബോണ്ട' എന്ന പദം ഇത്രമാത്രം മോശപ്പെട്ടതാണെന്നും അൺപാർലമെന്ററിയാണെന്നും എനിക്ക് അറിയില്ലായിരുന്നു. സാധാരണ നാട്ടിലുണ്ടാക്കുന്ന സാധനമാണ്. നിങ്ങൾക്ക് ചിക്കനാണ് ഇഷ്ടമെങ്കിൽ ചിക്കൻ ബോണ്ടയെന്ന് വേണമെങ്കിൽ പറയാം. ഇതുമാത്രമേ അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളൂ. നിങ്ങൾ കിഫ്ബിയെക്കുറിച്ച് വിമർശിക്കുമ്പോൾ ഇവിടെ National Infrastructure & Investment Fund (NIIF) ഉണ്ട്. സംസ്ഥാന സർക്കാർ കിഫ്ബി നടപ്പിലാക്കിയതുപോലെ ദേശീയതലത്തിൽ NIIF ഉണ്ട്. നേരത്തെ ശ്രീ. ശബരീനാഥൻ സൂചിപ്പിച്ചപോലെ എന്തിനാണ് ശ്രീ. നിതിൻ ഗഡ്കരി NHAI-യുമായി ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയത്. ഇന്ത്യയുടെ ഇതുവരെയുള്ള ചരിത്രത്തിൽ ആദ്യമായാണ് ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ക്ഷണം സ്വീകരിക്കുന്നത്. അത് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ്. അത് നിങ്ങളിൽ അൽപ്പം അസൂയ ഉളവാക്കും. അത് അംഗീകരിച്ചാൽ പോരെ. അദ്ദേഹം പറയുന്നത് ഇടതുപക്ഷത്തിന്റെ മണ്ഡലങ്ങൾക്കുവേണ്ടിയല്ല, കേരളം പ്രളയത്തെയും നിപയെയും മഹാദുരന്തങ്ങളെയും അതിജീവിച്ച നാടാണ്. ആ നാടിനെ മുന്നോട്ടുനയിക്കാൻ ഇച്ഛാശക്തിയോടുകൂടി ഒരു ഭരണകൂടം പ്രവർത്തിക്കുമ്പോൾ അതിനോട് പിന്തുണ പ്രഖ്യാപിക്കേണ്ട നിങ്ങൾ എല്ലാ കാര്യത്തിനും പാര വയ്ക്കുന്ന സമീപനമല്ലേ സ്വീകരിച്ചത്. പ്രളയം വന്നപ്പോൾ അതിന് നിങ്ങൾ പാര വച്ചില്ലേ? പ്രളയത്തിന്റെ രക്ഷാപ്രവർത്തന ഘട്ടത്തിൽ നിങ്ങൾ പലതും വിളിച്ചുപറഞ്ഞു. അതിനപ്പുറത്ത് പ്രളയത്തിൽ നിന്നും കേരളത്തെ രക്ഷിക്കാൻ വേണ്ടി കേരളത്തെ റിഹാബിലിറ്റേറ്റ് ചെയ്യുന്നതിനുള്ള ഫണ്ടിനുവേണ്ടി ചോദിച്ചപ്പോൾ അവിടെ നിങ്ങൾ പാര വച്ചു. കേരളത്തോട് എന്തിനാണ് ഈ ക്രൂരത? എന്തിനാണ് ഇങ്ങനെയൊരു സമീപനം? നിയോലിബറൽ പോളിസിയെക്കുറിച്ചാണെങ്കിൽ അതിനും ഞങ്ങൾ ചർച്ചയ്ക്ക് തയ്യാറാണ്. നിയോലിബറൽ പോളിസിയുടെ വക്താക്കളാരാണ്? നിങ്ങൾ ഞങ്ങളെ വിമർശിച്ചല്ലോ; എന്തുകൊണ്ടാണ് നിങ്ങൾ ഈ നിലയിലേക്ക് എത്തിയത്? ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ പേരിന്റെ കൂടെ രണ്ടക്ഷരമോ മൂന്നക്ഷരമോ ഇല്ലെങ്കിലും ഞങ്ങൾ ഇങ്ങനെയൊക്കെ തന്നെയുണ്ടാകും. മറിച്ച് നിങ്ങളുടെ പേരിന്റെകൂടെ രണ്ടോ മൂന്നോ

അക്ഷരമില്ലെങ്കിൽ നിങ്ങളെന്ന രാഷ്ട്രീയ പ്രസ്ഥാനം തന്നെ അപ്രസക്തമാകും. അതുകൊണ്ടാണ് ദേശീയ അദ്ധ്യക്ഷ സ്ഥാനത്ത് തുടരാൻ തയ്യാറല്ലെന്ന് നിങ്ങളുടെ ദേശീയ അദ്ധ്യക്ഷൻ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞങ്ങൾ ഈ ഡിബേറ്റിൽ രാഷ്ട്രീയം പറയാൻ ആഗ്രഹിച്ചതല്ല. പക്ഷെ എന്റെ പ്രിയ സുഹൃത്ത് ശ്രീ. ശബരീനാഥൻ രാഷ്ട്രീയം ഇവിടെ കൊണ്ടുവരാനും മാർക്സിസം കാലഹരണപ്പെട്ടതാണെന്ന് സ്ഥാപിച്ചെടുക്കാനും ശ്രമിച്ചു. മാർക്സിസം കാലഹരണപ്പെടില്ല. കാരണം ചൂഷണമുള്ളിടത്തോളം കാലം, പട്ടിണിയുള്ളിടത്തോളം കാലം മാർക്സിസം അജയ്യമായി നിലനിൽക്കും. ഇതൊരു താത്കാലിക തിരിച്ചടി മാത്രമാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അതിനെ അതിജീവിച്ച് മുന്നോട്ടുവരാനുള്ള കരുത്ത് ഞങ്ങൾക്കുണ്ട്. മറിച്ച് നിങ്ങൾ പരാജയപ്പെട്ടിടത്ത് എവിടെയെങ്കിലും നിങ്ങൾ തിരിച്ചുവന്നിട്ടുണ്ടോ? ഇല്ല. അതുകൊണ്ട് കിഫ്ബിയുടെ പേരിൽ ഇവിടെ നടത്തുന്ന ഈ പ്രചരണങ്ങൾ അനാവശ്യ വിവാദങ്ങളാണ്. അനാവശ്യ വിവാദങ്ങളുണ്ടാക്കി കേരള ഗവൺമെന്റിന്റെ കുതിപ്പിന്റെ വേഗത തടയാനാണ് നിങ്ങൾ ശ്രമിക്കുന്നതെങ്കിൽ ഒരുകാര്യം ഞങ്ങൾ ഉറപ്പിച്ചുപറയാം. ഈ സർക്കാർ അതിവേഗത്തിൽ മുന്നോട്ടുപോകും അതിന് തടസ്സം നിൽക്കുന്നവർ നിരാശരാകുമെന്ന് മാത്രമല്ല, തടസ്സം നിൽക്കുന്നവർ ജനങ്ങൾക്കിടയിൽ ഒറ്റപ്പെടുമെന്നുമാത്രമേ ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളൂ.

ടൂറിസം മേഖലയിൽ കിഫ്ബിയുടെ പ്രോജക്ടില്ലേ? അത് ഞങ്ങൾക്ക് വേണ്ടി മാത്രമല്ലല്ലോ? എല്ലാ കാര്യങ്ങളും നടപ്പിലാക്കപ്പെടുമ്പോൾ അത് കേരളത്തിന്റെ സമഗ്ര പുരോഗതിക്കുവേണ്ടിയും ദീർഘ വീക്ഷണത്തോടുകൂടിയുമുള്ളതാണ്. അവ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുമ്പോൾ അതിന്റെ നേട്ടം ഒരു തലമുറയ്ക്കാണ്. അതിന്റെ ഭാഗമായല്ലേ വിദ്യാഭ്യാസ സ്ഥാപനങ്ങളും അവരുടെ ഭൗതിക പശ്ചാത്തലവും മെച്ചപ്പെട്ടത്. നിങ്ങൾ തന്നെ പറഞ്ഞല്ലോ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പുരോഗതിയുണ്ടായി എന്ന്. ഇടത് വലത് വ്യത്യാസമില്ലാതെ സ്കൂളുകൾ നവീകരിക്കപ്പെട്ടിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ നവീകരിക്കപ്പെട്ടിട്ടുണ്ട്. രാവിലെ ചോദ്യോത്തരവേളയിൽ പൊതുജനാരോഗ്യ സംവിധാനത്തെക്കുറിച്ച് നാം ഡിബേറ്റ് നടത്തിയതാണ്. പൊതുജനാരോഗ്യ മേഖലയിൽ ഇന്നലെകളിൽ കോർപ്പറേറ്റ് ആശുപത്രികളിലാണ് ജനങ്ങൾ അഭയം പ്രാപിച്ചതെങ്കിൽ ഇപ്പോൾ റിവേഴ്സ് ഫ്ലോ വന്നില്ലേ? അതിന് കാരണമെന്താണ്? കിഫ്ബിയിൽ ഉൾപ്പെടുത്തിക്കൊണ്ട് നമ്മുടെ മെഡിക്കൽ കോളേജുകൾ, ജനറൽ ഹോസ്പിറ്റലുകൾ, ജില്ലാ ആശുപത്രികൾ ഇവ മെച്ചപ്പെടാൻ തുടങ്ങിയതാണ്. അവിടെ പല ആധുനിക സംവിധാനങ്ങളും വന്നുതുടങ്ങിയതിന്റെ ഭാഗമായാണ്

റിവേഴ്സ് ഫ്ലോ പൊതുജനാരോഗ്യ മേഖലയിലുണ്ടായിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ കാലാവധി 2021-ൽ പൂർത്തിയാകും. അതിനകം 50,000 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന് മാത്രമല്ല ഈ ഗവൺമെന്റിന് തുടർച്ചയുമുണ്ടാകും. കാരണം ഈ ഗവൺമെന്റിന്റെ നേട്ടമെത്താത്ത ഒരു പ്രദേശങ്ങളുമില്ല. ഏത് ഗ്രാമത്തിലേക്കും കുഗ്രാമത്തിലേക്കും പോയാൽ രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ മേഖലകളിലും വികസനം വന്ന കാലമായിരുന്നു കഴിഞ്ഞ മൂന്ന് വർഷം. അതോടൊപ്പം തന്നെ ഇനിയും ഞങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നതും നമ്മുടെ പ്രകടനപത്രികയിൽ സൂചിപ്പിച്ചിരിക്കുന്നതുമായ കാര്യങ്ങൾ അതിവേഗം നടപ്പിലാക്കി മുന്നോട്ടുപോകും. അതിന് ഈ നിയമസഭയിൽ ഇടതു-വലതു വ്യത്യാസമില്ലാതെ എല്ലാ നിയമസഭാ സാമാജികരും രാഷ്ട്രീയത്തിനപ്പുറത്ത് ഒന്നിക്കണം. ഇത് നാടിന്റെ വികസനത്തിനുവേണ്ടിയാണ്. പകരം തൊടുന്യായങ്ങളുയർത്തിക്കൊണ്ടുവന്ന് ഇതിനെ അട്ടിമറിക്കാൻ ഇവിടെ ചില മാധ്യമങ്ങൾ ശ്രമിക്കുമ്പോൾ അതിന്റെ കൂടെ വലതുപക്ഷ രാഷ്ട്രീയം ഒഴുകിപ്പോകുന്നത് ഉത്തരവാദപ്പെട്ട രാഷ്ട്രീയ നേതൃത്വങ്ങൾക്ക് യോജിച്ചതല്ലെന്നേ ഈ വേളയിൽ ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളൂ. നിങ്ങൾ തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ ചിലത് ലക്ഷ്യമിട്ടു, ഞാനത് സൂചിപ്പിക്കുന്നില്ല. എത്രകാലമായി ഒരു കേസ്സിന്റെ പേരിൽ നിങ്ങൾ ഒരു മനുഷ്യനെ വേട്ടയാടുന്നു. ഇവിടെ അത് ശ്രീ. ശബരീനാഥൻ ഉന്നയിക്കുമ്പോൾ അദ്ദേഹം ചരിത്രമൊന്ന് മറിച്ചുനോക്കുന്നത് നന്നായിരിക്കുമെന്നേ എനിക്ക് അദ്ദേഹത്തെ ഓർമ്മപ്പെടുത്താനുള്ളൂ. ആരായിരുന്നു കരാറിൽ ഒപ്പുവച്ചതെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ. അതുകൊണ്ട് അനാവശ്യമായ കാര്യങ്ങളിലേക്ക് പോകണ്ട. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നിനെയും ഞങ്ങൾ ഭയപ്പെടുന്നില്ല. കാരണം ജനങ്ങൾക്കിടയിൽ ജീവിക്കുന്നവരാണ് ഞങ്ങൾ. മടിശ്ശീലയിൽ കനമുള്ളവന് മാത്രമേ വഴിയിൽ ഭയക്കേണ്ടതുള്ളൂ. അതുകൊണ്ട് മസാല ബോണ്ടാകട്ടെ, കിഫ്ബി പദ്ധതികളാകട്ടെ ഇതിനകത്ത് ഒരു ഒളിച്ചുകളിയും ഞങ്ങൾക്കില്ല. എല്ലാ കാര്യങ്ങൾക്കും നിങ്ങൾ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾക്കുമുൾപ്പെടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ സൂചിപ്പിക്കുമെന്നുള്ളതുകൊണ്ട് മറ്റ് കാര്യങ്ങളിലേക്ക് കടക്കാതെ ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ശ്രീ. ഷംസീർ ഇവിടെ വികസന കാര്യങ്ങളിൽ ഊന്നിനിന്നുകൊണ്ടാണ് സംസാരിച്ചത്. വികസന പദ്ധതികൾക്ക് ഞങ്ങളാരും എതിരല്ല. വികസനം വേണം, ഈ സംസ്ഥാനത്ത് മാറ്റങ്ങൾ വേണം, 140 നിയോജകമണ്ഡലങ്ങളിലും അതുണ്ടാകട്ടെ. മസാല ബോണ്ടുകൾ സംബന്ധിച്ച ദുരൂഹതയും വ്യക്തതയില്ലായ്മയും ഉയർന്ന പലിശ നൽകുന്നതുവഴി

സംസ്ഥാനത്തിനുണ്ടാകുന്ന അമിതമായ സാമ്പത്തിക ബാധ്യതയുമാണ് ഞങ്ങൾ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. മസാല ബോണ്ടിന് ഉയർന്ന പലിശയാണെന്നത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിപോലും നിഷേധിക്കുമെന്ന് ഞാൻ കരുതുന്നില്ല. രാജ്യത്തിനകത്ത് ഇതിനുവേണ്ടി നോക്കിയപ്പോൾ പത്തേകാൽ ശതമാനം വരെയാണ് ലഭിച്ച ക്വട്ടേഷനുകളെന്ന് ചീഫ് സെക്രട്ടറിയുടെ വാർത്താക്കുറിപ്പിൽ അദ്ദേഹം പറഞ്ഞതായി വായിക്കാനിടയായി. അത് അദ്ദേഹം പറയുമ്പോഴും ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിന്ന് 9.72 ശതമാനം പലിശയ്ക്ക് നമ്മൾ മസാല ബോണ്ടിന് തയ്യാറായ സാഹചര്യമാണ് നിലനിൽക്കുന്നത്. രാജ്യത്ത് 2015 മുതൽ പതിനാറോളം ഇന്ത്യൻ കമ്പനികൾ 93,000 കോടി രൂപയുടെ മസാല ബോണ്ടുകൾ ഇറക്കിയിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിലുണ്ടാകും. HDFC, NHAI, National Thermal Power Corporation Ltd. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളും വൻകിട സ്വകാര്യ സ്ഥാപനങ്ങളുമാണ് മസാല ബോണ്ടിറക്കി പണം സ്വരൂപിച്ചത്. ഇവർ നൽകുന്ന പലിശയും നമ്മൾ നൽകുന്ന പലിശയും തമ്മിൽ വലിയ അന്തരമുണ്ട്. HDFC-6.8%-ഉം NHAI-7.3%-ഉം പലിശയാണ് നൽകുന്നത്. ആ സ്ഥാനത്ത് നമ്മുടെ ഗവൺമെന്റ് നൽകുന്നത് 9.72% പലിശയാണ്. ഇത് സംസ്ഥാനത്തിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. സാമ്പത്തിക ബാധ്യതയില്ലെന്ന് സ്ഥാപിക്കാൻ നിങ്ങൾ എത്ര ശ്രമിച്ചാലും അത് വിലപ്പോകില്ല. ഈ പദ്ധതിയുമായി മുന്നോട്ടുപോകുമ്പോൾ നിങ്ങൾ ചർച്ച ചെയ്ത മേഖലകളേതൊക്കെയാണ്? മന്ത്രിസഭയിൽ ഈ വിഷയം വന്നിരുന്നോ? ഇതുസംബന്ധിച്ച് ഇടതുമുന്നണിയിൽ പൊതുവായ നയം സ്വരൂപിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? കുറച്ചുപേർ മാത്രം അറിഞ്ഞുകൊണ്ട് പൊതുസമൂഹത്തെ ഇരുട്ടിൽ നിർത്തി മുന്നോട്ടുപോയെന്ന് സ്വാഭാവികമായും അനുമാനിക്കേണ്ടി വരും. കിഫ്ബി ഇറക്കിയ മസാല ബോണ്ടുകൾ വാങ്ങാൻ താത്പര്യം പ്രകടിപ്പിച്ച കമ്പനികൾ ഏതൊക്കെയാണെന്നും അവ ആവശ്യപ്പെട്ട പലിശ നിരക്ക് എത്രയാണെന്നും വ്യക്തമാക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതുകൊണ്ടാണ് ഈ വിഷയം സംബന്ധിച്ച അടിയന്തരപ്രമേയം കൊണ്ടുവന്നത്. ഈ വിഷയം ചർച്ച ചെയ്യാമെന്ന ഗവൺമെന്റ് സമീപനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്നാൽ ഇതിലെ ദുരൂഹതകൾ നീക്കാൻ ഗവൺമെന്റ് തയ്യാറാകണം. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അക്കാര്യമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, സംസ്ഥാനത്ത് വികസന പ്രവർത്തനം നടക്കുന്നില്ലെന്ന് പറയാൻ ആർക്കും കഴിയില്ല. ഇന്ന് രാവിലെ ചോദ്യോത്തരവേളയിലെ ആരോഗ്യ വകുപ്പുമന്ത്രിയുടെയും മറ്റുള്ളവരുടെയും

പ്രസ്താവനകൾ പരിശോധിക്കുമ്പോൾ വികസന രംഗത്ത് വളരെയേറെ മുന്നേറ്റമുണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നുള്ള കാര്യം നിഷേധിക്കുന്നില്ല. അതിനെ അനുകൂലിക്കുകയാണ്. പക്ഷെ ഒരു പ്രശ്നമുള്ളത് ഇപ്പോൾ നമ്മുടെ കടം ഒന്നര ലക്ഷം കോടി രൂപയാണ്. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ആ കണക്ക് പറയണം. ഈ 50,000 കോടി രൂപകൂടി വന്നാൽ കടം രണ്ട് ലക്ഷം കോടി രൂപ കവിയും. ഇതെങ്ങനെ തീർക്കും. ഇവ മുഴുവൻ വിറ്റ് തീർക്കാൻ കഴിയുമോ, ആര് വാങ്ങിക്കും? വലിയ അപകടകരമായ സ്ഥിതിയാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മണിയടിച്ചുവെന്നറിഞ്ഞപ്പോൾ എനിക്ക് സന്തോഷം തോന്നി. കാരണം അതിന് ഇന്ത്യയിൽ ആകെ അവസരം ലഭിച്ചത് നമ്മുടെ മുഖ്യമന്ത്രിക്കാണ്. ആ ഒരു അഭിമാനബോധം നമുക്കുണ്ട്. പക്ഷെ ഈ കടം എങ്ങനെ തീർക്കുമെന്ന് ചോദിച്ചാൽ ഉത്തരം കയ്യിലില്ല. 15 കൊല്ലം കൊണ്ട് തീർക്കുമെന്ന് പറഞ്ഞത് 30 കൊല്ലം കൊണ്ടെങ്കിലും തീർക്കാൻ കഴിയുമോ? നമ്മുടെ മക്കളുടെ കാലത്തെങ്കിലും ഇത് തീരുമോ? നമ്മുടെ മക്കളുടെ കാലത്തും വികസന പ്രവർത്തനം വേണ്ടേ? അതിന് എവിടെ നിന്ന് പണം കിട്ടും? അതിന് ഉത്തരം പറയണ്ടേ? പക്ഷേ ഒരു കാര്യത്തിൽ എനിക്ക് സന്തോഷം തോന്നി. എൻ.ഡി.എ.-യെപ്പറ്റി സി.പി.ഐ.(എം)-ന്റെ സമീപനം എപ്പോഴും പറയും. നമ്മുടെ പ്രിയങ്കരനായ ശ്രീ. എ. എൻ. ഷംസീർ ഇന്നും ആ വാക്ക് പറഞ്ഞു, 'നവലിബറൽ സമീപനം'. ഇപ്പോൾ നിങ്ങളും ആ സമീപനം സ്വീകരിക്കുകയാണോ? സന്തോഷമുണ്ട്. ഡോ. ടി. എം. തോമസ് ഐസക് ഇതിന് ഉത്തരം പറയണം. കാരണം ഇടതുപക്ഷം എപ്പോഴും പറയുന്നത് നവലിബറൽ സമീപനമാണ് എൻ.ഡി.എ.-യുടേതെന്നാണ്. ഈ സമീപനം രാജ്യത്തെ കുട്ടിച്ചോറാക്കുമെന്ന് പറഞ്ഞ നിങ്ങൾ അതിന്റെ ഉസ്താദുമാരായി മാറിയതിൽ സന്തോഷമുണ്ട്. അതിന് നിങ്ങളെ ബഹുമാനിക്കുന്നു. ഏതായാലും കേന്ദ്ര ഗവൺമെന്റ് നയത്തോട് അനുകൂലമായ നിലപാട് സ്വീകരിക്കാനുള്ള മാനസിക നിലയിലാണ് ഇടതുപക്ഷമെന്ന് കാണുന്നതിലുള്ള സന്തോഷം അറിയിക്കുകയാണ്. പക്ഷേ ഒരു കാര്യം, പണം മുടക്കുമ്പോൾ പ്രത്യേകിച്ച് സ്കൂളിന് പണം മുടക്കുമ്പോൾ സ്കൂൾ നന്നാവണം. പക്ഷെ സ്കൂൾ നന്നാവുന്നതിന് ഈ പണം വേണോ? ബഡ്ജറ്റിൽ അനുവദിച്ചാൽ പോരേ; അല്ലെങ്കിൽ പ്രസ് ഉണ്ടാക്കണം. അതിന് ഈ പണം വേണോ; ബഡ്ജറ്റിൽ ചെയ്യാമല്ലോ, നമ്മുടെ പണംകൊണ്ട് ചെയ്യാമല്ലോ? സ്കൂളിൽ കുട്ടികൾക്ക് വിദ്യാഭ്യാസം നല്ലതാണ്. പക്ഷെ അതിനൊക്കെയുള്ള പണം ബഡ്ജറ്റിൽ നിന്നും നീക്കിവയ്ക്കുകയായിരിക്കും നല്ലത്. ഈ മസാല ബോണ്ടിൽപ്പെടുത്താതെ ആ സ്ഥാപനങ്ങളെയൊക്കെ രക്ഷിക്കാനുള്ള നടപടി കൂടി സ്വീകരിച്ചാൽ നന്നായിരിക്കും എന്നുമാത്രം സൂചിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. റ്റി.വി. രാജേഷ്]

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഈ വിഷയം സഭ ചർച്ച ചെയ്ത് മന്ത്രിയുടെ വിശദീകരണത്തിന്റെയുമെല്ലാം അടിസ്ഥാനത്തിൽ ഒരു പൊതു ധാരണയിലെത്തുന്നത് വളരെ നല്ലതാണ്. എന്തുകൊണ്ടാണ് നമ്മളെപ്പോലെ ഒരു ഗവൺമെന്റിന് ലോക വാണിജ്യ നാണയ സമ്പാദനത്തിനുള്ള സംവിധാനത്തിൽത്തന്നെ പോയി കടമെടുക്കേണ്ടിവന്നത് എന്നുള്ളത് ഇപ്പുറത്തും അപ്പുറത്തുമുള്ളവർ ആലോചിക്കേണ്ട ഒരു കാര്യമാണ്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. പി. സി. ജോർജ് പറഞ്ഞതെന്താണെന്ന് വച്ചാൽ, ഒരുപാട് കോടികളുടെ കടം കേരളത്തിനുണ്ടെന്നാണ്. സത്യമാണ്. പക്ഷെ നമുക്ക് വികസനത്തിന്റെ വാതിൽ തുറക്കാതിരിക്കാൻ സാധിക്കുകയില്ല. അത് ചെറുതായി തുറക്കാനല്ല, വലുതായി തുറന്നാലേ ലോകത്തിന്റെ മുമ്പിൽ കേരളം നേടിയ അന്തസ്സ്, ആ അടയാളപ്പെടുത്തൽ മായാതെ സൂക്ഷിച്ച് മുന്നോട്ടുപോകാൻ സാധിക്കൂ. ഇവിടെ പറഞ്ഞതുപോലെ ബഡ്ജറ്റിൽ നമുക്ക് അത്രയും തുക കണ്ടെത്താനുള്ള എന്തെങ്കിലും സംവിധാനമുണ്ടോ? അതിനുള്ള സ്വാതന്ത്ര്യം ഒരു സംസ്ഥാനത്തിനുണ്ടോ? കേരളമെന്നല്ല, മറ്റേതെങ്കിലും സംസ്ഥാനത്തിനുണ്ടോ? ആ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തിയതാരാണ്? അതിൽ കോൺഗ്രസ്സിന് പങ്കില്ലേ? ഇപ്പോഴുള്ള എൻ.ഡി.എ.-യ്ക്ക് മാത്രമാണോ പങ്ക്? നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളുടെ അധികാരങ്ങളെല്ലാം മിക്കവാറും വിലങ്ങിട്ട് വച്ചിരിക്കുന്ന ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. അവസാനം ജി.എസ്.ടി. കൂടി വരുമ്പോൾ നമുക്കേതെങ്കിലും തരത്തിൽ തുക സംഭരിക്കാനുള്ള സംവിധാനങ്ങളുടെ വാതിലുകളെല്ലാം അടഞ്ഞുപോകുകയാണ്. ആ അടഞ്ഞുപോയിടത്താണ്; നമുക്ക് കടമെടുക്കാൻ പറ്റാത്തിടത്താണ്; നമുക്ക് മറ്റേതെങ്കിലും തരത്തിൽ സംഭരിക്കാൻ പറ്റാത്തിടത്താണ് ഇന്ത്യയിൽ മറ്റൊരു സംസ്ഥാനവും ആലോചിക്കാത്ത ഒരു പുതിയ സംവിധാനം ഇവിടെ ആലോചിക്കേണ്ടിവന്നത്. അതാണ് കിഫ്ബി. ആ സംവിധാനത്തിന്റെ സ്വാതന്ത്ര്യത്തിലാണ് മസാല ബോണ്ട് പുറത്തിറക്കാൻ തീരുമാനിച്ചത്. അല്ലെങ്കിൽ സാധിക്കുകയില്ല. അപ്പോൾ ഇവിടെ എത്തിയത് എങ്ങനെയാണെന്ന് തീർച്ചയായും ആലോചിക്കണം. ഇപ്പോൾ 50000 കോടി രൂപയുടെ പുതിയ വികസന പദ്ധതികൾ പെട്ടെന്ന് പ്രഖ്യാപിച്ചപ്പോൾ നല്ലതാണെന്ന് എല്ലാവരും പറഞ്ഞു. പക്ഷെ നടക്കുമെങ്കിൽ നല്ലതാണെന്ന ആശങ്ക യു.ഡി.എഫ്. പ്രകടിപ്പിച്ചു. നടക്കാൻ വേണ്ടിയാണ് ഇത് ചെയ്യുന്നത്. ഇത് നടപ്പാക്കുന്നത് എൽ.ഡി.എഫ്. എം.എൽ.എ.മാരുടെ മണ്ഡലങ്ങളിലോ കേരളത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തോ കേരളത്തെ തരം തിരിച്ചോ അല്ല, മറിച്ച് കേരളത്തിലെ മൊത്തം മണ്ഡലങ്ങളുടെയും വികസനം സാധ്യമാകുന്ന തരത്തിൽ വളരെ പെട്ടെന്ന് മുന്നോട്ടുകൊണ്ടുപോകാനാണ് തീരുമാനിച്ചത്.

അങ്ങനെ തീരുമാനിച്ചപ്പോൾ ഇന്നത്തെ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ വന്ന പരിമിതികളെല്ലാംകൊണ്ട് കടമെടുക്കാനുള്ള അധികാരവും അവകാശവും കൂടി നിഷേധിക്കപ്പെട്ടതുകൊണ്ടാണ് ഒരു പുതിയ വഴി സ്വീകരിച്ചത്. ആ പുതിയ വഴിയിലാണ് ഇങ്ങനെ കണ്ടെത്താൻ തീരുമാനിച്ചത്. അതിൽ ആശങ്കയുണ്ടായേക്കാം. നാളെ ഇതെങ്ങനെ തിരിച്ചടയ്ക്കുമെന്ന് വേണമെങ്കിൽ സംശയമുന്നയിക്കാം. പക്ഷെ ഒരു പ്രശ്നം, ഈ വികസനപ്രക്രിയ മുന്നോട്ടുപോകാതെ സാധിക്കുകയില്ല. അതിനിടയിലാണ് ഇവിടെ പ്രളയം വന്നത്. പ്രളയം വന്നപ്പോൾ ഒരാൾ ഒരു ഗർഭിണിക്ക് സ്വന്തം ചുമലാണ് കൊടുത്തത്. സത്യത്തിൽ ഇവിടെ നമ്മൾ ചുമൽ കൊടുക്കുകയാണ്. ഇപ്പോൾ ചുമൽ കൊടുക്കാൻ ബാദ്ധ്യതപ്പെട്ട ശ്രീ. പിണറായി വിജയൻ ഗവൺമെന്റും ധനകാര്യ വകുപ്പുമന്ത്രിയും ചുമൽ കൊടുക്കുകയാണ്. ചുമൽ കൊടുത്തേ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇത്തരമൊരു സാഹചര്യം സൃഷ്ടിച്ചതിനെതിരെക്കൂടി പറയാനുള്ള ഉത്തരവാദിത്വം യു.ഡി.എഫ്.-നുണ്ട്. ഇങ്ങനെ വിഷമിപ്പിക്കുന്ന പ്രളയം വന്നാലും മറ്റേത് തകർച്ച വന്നാലും നമ്മളെ സാമ്പത്തികമായി വരിഞ്ഞുമുറുക്കുന്ന, നമ്മുടെ കഴുത്തിൽ കുരുക്കിട്ട് കടൽകിഴവൻ ഇരിക്കുന്നതുപോലെ ഇരിക്കുന്ന ഒരു കേന്ദ്രഭരണ സംവിധാനം ശ്വാസം മുട്ടിക്കുമ്പോൾ പുറത്തേക്ക് കടക്കാനുള്ള വഴി അന്വേഷിക്കുകയാണ്. ആ വഴിയാണ് കേരളത്തിന്റെ മുഖ്യമന്ത്രി ലണ്ടനിൽ പോയി മണിയടിച്ചത്. അത് സത്യത്തിൽ മരണത്തിൽ നിന്ന് കേരളത്തെ പുതിയൊരു വികസനത്തിന്റെ ജനനത്തിലേക്ക് കൊണ്ടുപോകാനുള്ള മണിയടിയാണ്. അതിനെ അങ്ങനെ കാണണം. അതായത് നമുക്ക് നമ്മളെക്കുറിച്ച് വിമർശനബുദ്ധിയാൽ ചർച്ച ചെയ്യാം, പരസ്പരം ആക്രമിക്കാം, സംവാദം നടത്താം. അത് ജനാധിപത്യത്തിന് ആവശ്യമാണ്. പക്ഷെ ജനാധിപത്യത്തിന്റെ ഏറ്റവും പരമമായ ആവശ്യം നാളത്തെ കേരളത്തെ മുരടിക്കാതെ നോക്കുന്നതിന് ഇന്ന് വേണ്ടത്ര വെള്ളവും വളവും കൊടുക്കുക എന്നതാണ്. അത് കൊടുക്കാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് മൂന്നുവർഷം കൊണ്ട് നിങ്ങൾക്കെല്ലാമറിയാം. ജനങ്ങൾക്കുമറിയാം. പണ്ട് ഒരു കുഞ്ഞിനുവേണ്ടി രണ്ട് അമ്മമാർ തമ്മിൽ തർക്കമുണ്ടായി. രാജാവിന്റെ മുമ്പിൽ പോയി ഈ കുഞ്ഞ് എന്റേതാണെന്ന് ഓരോ അമ്മയും പറഞ്ഞു. വലിയ തർക്കമായപ്പോൾ വേറെ തെളിവുകളൊന്നുമില്ല. രണ്ട് അമ്മമാരും പറയുന്നത് ഇത് എന്റെ കുഞ്ഞെന്നാണ്. അവസാനം മറ്റ് സാക്ഷികളില്ലാത്തതിനാലും തർക്കം തീരാത്തതിനാലും കുഞ്ഞിനെ കൊന്ന് പകുതി പകുതി എടുത്തുകൊള്ളാൻ രാജാവ് പറഞ്ഞു. അപ്പോൾ ഒരമ്മ പറഞ്ഞു. ഇത് എന്റെ കുഞ്ഞാണ്, കുഞ്ഞ് ജീവിക്കണം അതുകൊണ്ട് കുഞ്ഞിനെ മറ്റേ അമ്മയ്ക്ക് കൊടുത്തുകൊള്ളൂ എന്നാണ്. അപ്പോൾ കുഞ്ഞിന്റെ യഥാർത്ഥ അമ്മ ആരാണെന്ന് രാജാവിന് മനസ്സിലായി. അതുപോലെ

കേരളത്തിന്റെ ജനങ്ങൾക്ക് ഇപ്പോൾ മനസ്സിലായില്ലെങ്കിലും പിന്നീട് മനസ്സിലാകും, കേരളത്തിലെ യഥാർത്ഥ അവകാശി ആരാണെന്ന്. അതുകൊണ്ട് നമുക്കിപ്പോൾ തർക്കിക്കേണ്ട കാര്യമില്ല. കേരളം ഇന്ത്യക്ക് മാതൃകയായി നിൽക്കണമെന്നും വികസനത്തിൽ മുന്നിൽ നിൽക്കണമെന്നും മതേതരത്വത്തിന്റെ കാര്യത്തിൽ വടക്കേ ഇന്ത്യ പാളിയാലും കേരളം പാളരുതെന്നും നിങ്ങൾ ജയിച്ചാലും ബി.ജെ.പി. ജയിക്കരുതെന്നുമെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ആഗ്രഹമുണ്ട്. പക്ഷെ നിങ്ങൾക്ക് അത്രത്തോളം ആഗ്രഹമില്ല. നമ്മുടെ മുന്നിൽ തടസ്സമായി വന്ന ഒരുപാട് ഘടകങ്ങൾ കേരളത്തിന്റെ മുന്നിലുണ്ട്. ആ തടസ്സങ്ങൾ കൊണ്ട് നമ്മുടെ വികസനം മുരടിക്കാൻ പാടില്ല. ക്ഷേമ പദ്ധതികൾ ഇല്ലാതാകാൻ പാടില്ല. കർഷകത്തൊഴിലാളികളുടെ പെൻഷൻ മുടങ്ങാൻ പാടില്ല. മറ്റു കാര്യങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ നിലയ്ക്കാൻ പാടില്ല. ഇൻഫ്രാസ്ട്രക്ചർ മേഖല ഏതെങ്കിലും തരത്തിൽ തടസ്സപ്പെടാൻ പാടില്ല.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ ഈ സഭയിൽ ആലങ്കാരികമായി വളരെ മനോഹരമായി സംസാരിക്കുന്ന നല്ലൊരു പ്രാസംഗികൻകൂടിയാണ്. മസാല ബോണ്ടിനെ സംബന്ധിച്ച് ബഹുമാന്യനായ യുവ മെമ്പർ ശ്രീ. കെ. എസ്. ശബരീനാഥൻ വളരെ മനോഹരമായി, സരളമായി, യുക്തിഭദ്രമായി ചില കാര്യങ്ങൾ അവതരിപ്പിച്ചു. നിങ്ങൾ പറഞ്ഞ വികസനത്തിനോ എങ്ങനെ ചെലവഴിക്കുമെന്നതിനെ സംബന്ധിച്ചോ അദ്ദേഹം തടസ്സം പറഞ്ഞില്ല. അതിനകത്തെ പലിശ നിരക്കിനെ സംബന്ധിച്ചും ദുരൂഹതയെ സംബന്ധിച്ചും ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി ലണ്ടൻ എക്സ്ചേഞ്ചിൽ പോയി ഊഹാപോഹ കച്ചവടത്തിന് മണി അടിച്ചു എന്ന് പറഞ്ഞതിനകത്തുള്ള താത്വികമായ പ്രശ്നങ്ങളെ സംബന്ധിച്ച് സി.പി.ഐ.-ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ശ്രീ. പി. ടി. തോമസിന് ഒരു ചോദ്യം ചോദിക്കാനുള്ള അവസരം കിട്ടിയാൽ പ്രസംഗം നടത്തുന്ന ആളാണെന്ന് എനിക്കറിയാം. അത് പി. ടി. തോമസിന്റെ പ്രത്യേകതയാണ്. ശ്രീ. കെ. എസ്. ശബരീനാഥൻ പ്രസംഗിച്ചപ്പോൾ 'ദാസ് ക്യാപിറ്റൽ'-നെയും കാറൽ മാർക്സിനെയും കുറിച്ച് പറഞ്ഞു. ശ്രീ. ശബരീനാഥനോട് തീർച്ചയായും നന്ദിയുണ്ട്. അദ്ദേഹം അത് വായിക്കുന്നത് നല്ലതാണ്. എല്ലാവരും അത് വായിക്കുന്നത് നല്ലതാണ്. അവ അതുപോലെ നടപ്പിലാക്കനല്ല, മാറിയ ലോകത്ത് മാറിയ തരത്തിൽ മാർക്സിസം നിൽക്കും. അങ്ങനെ നിന്നേ പറ്റൂ. ഇതൊരു മാറിയ ലോകമാണ്. രോഗിയായ അമ്മയ്ക്ക് മരുന്ന് കൊടുക്കുന്നത് അപ്പോൾ കൊടുക്കാനാണ്. ആ മരുന്ന് അപ്പോൾ കിട്ടാൻ വേണ്ടി നമ്മൾ കടം വാങ്ങിക്കും, ചിലപ്പോൾ സ്വന്തം രക്തം വിറ്റ് ആ മരുന്ന് വാങ്ങിക്കും. ഈ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നേ പറ്റൂ. ആ പ്രവർത്തനങ്ങൾ ഇപ്പോൾ നടത്താൻ

മസാല ബോണ്ട് വഴി മാത്രമേ ധനസമാഹരണം നടത്താൻ സാധിക്കുകയുള്ളൂ എങ്കിൽ അത് ചെയ്യണം. മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ പണം എടുക്കാൻ സാധിക്കുമെങ്കിൽ നിങ്ങൾ പറയണം. ഒരു പ്രോജക്ടിന് മാത്രം പണം കിട്ടാൻ സാധ്യതയുണ്ട്. ആ പ്രോജക്ട് നടപ്പിലാക്കുകയും ചെയ്യാം എന്നാൽ ആ പ്രോജക്ടിന് മാത്രമല്ല കേരളത്തിൽ കിഫ്ബി വഴി രൂപീകരിക്കപ്പെട്ട എല്ലാ മേഖലകളിലെയും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഏതെങ്കിലും കെട്ടുപാടുകളില്ലാത്ത ഫണ്ട് സ്വീകരിച്ച് കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, ഇൻഫ്രാസ്ട്രക്ച്ചർ തുടങ്ങിയ എല്ലാ മേഖലകളും മുന്നോട്ടുപോകുന്നതിന് നമുക്ക് പണം വേണം. ആ പണമാണ് കണ്ടെത്തുന്നത്. ഇതിനേക്കാൾ മെച്ചപ്പെട്ട തരത്തിൽ ഏതെങ്കിലും ഫണ്ട് കിട്ടാനുള്ള മാർഗ്ഗമുണ്ടെങ്കിൽ പറഞ്ഞാൽ മതി. കേന്ദ്രത്തോട് സമ്മർദ്ദം ചെലുത്താൻ സാധിക്കുമെങ്കിൽ പറഞ്ഞാൽ മതി. ഒറീസയിൽ പ്രളയം വന്നപ്പോഴും കേരളത്തിൽ പ്രളയം വന്നപ്പോഴും ഒരേ സമീപനമല്ല കേന്ദ്രം സ്വീകരിച്ചത്. കേരളത്തിൽ മഹാഭീകരമായ പ്രളയം വന്നപ്പോഴും ചെറിയ തുക മാത്രമാണ് കേന്ദ്രം നൽകിയത്. പലർക്കും വലിയ തോതിലുള്ള ധനസഹായമാണ് നൽകുന്നത്. കേരളത്തിന് ധനസഹായം ചെറിയ രീതിയിൽ കിട്ടിയാലും വലിയ രീതിയിൽ കിട്ടിയാലും പ്രളയത്തിന്റെ ദുരിതങ്ങളെ അതിജീവിച്ചേ പറ്റൂ. നമ്മുടെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയേ പറ്റൂ. നമ്മുടെ ക്ഷേമ പ്രവർത്തനങ്ങളെ നിലനിർത്തിയേ പറ്റൂ. അതിന് നമ്മുടെ മുമ്പിൽ വളരെ വലിയ വഴികൾ ഇപ്പോഴില്ല. ഇതല്ലാതെ മറ്റ് വഴികളിലൂടെ പണം കണ്ടെത്താൻ സാധിക്കുമോയെന്ന് ശ്രീ. വി. ഡി. സതീശൻ ചോദിക്കുകയുണ്ടായി. അങ്ങനെ കണ്ടെത്തിയ വഴിയാണ് കിഫ്ബി. ഇന്ത്യയിലെ ഒരു സംസ്ഥാനവും ചെയ്യാത്തതാണ് കേരളം ചെയ്തത്. ഈ ഗവൺമെന്റ് തന്നെ തുറന്നുകിട്ടിയ വഴിയിലൂടെയാണ് മുന്നോട്ടുപോകുന്നത്. അങ്ങനെ മുന്നോട്ടു പോകുമ്പോൾ പെരുവഴിയാകാതിരിക്കാനാണ് ഈ പുതുവഴി കേരളം ഇന്ത്യക്ക് കാണിച്ചുകൊടുത്തത്. ആ പുതുവഴിയിലൂടെയാണ് നമുക്ക് ആ സാധ്യത മുന്നിലുണ്ടാകുന്നത്. ആ സാധ്യതയാണ് ഉപയോഗിക്കുന്നത്. ശ്രീ. കെ. എസ്. ശബരീനാഥൻ ആശ്രയിക്കാൻ ശ്രമിക്കുന്ന ഉത്തരവാദിത്വപൂർണ്ണമായ ഉത്തരങ്ങളെല്ലാം തീർച്ചയായും ലഭിക്കും. ജനാധിപത്യത്തിൽ എല്ലാത്തിനും ഉത്തരം കിട്ടാനുള്ള വഴികൾ നിങ്ങൾക്ക് ചോദിക്കാം, സംവാദങ്ങൾ ഉന്നയിക്കാം. ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിനുവേണ്ടി മുന്നിൽ വയ്ക്കുന്ന പ്രകാശപൂർണ്ണമായ വികസന പദ്ധതികൾ നമുക്കെല്ലാവർക്കും വേണ്ടിയുള്ളതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് മാത്രം വേണ്ടിയുള്ളതല്ല. അത് കേരളത്തിന് മൊത്തം വേണ്ടിയുള്ളതാണ്. നമ്മുടെ മുന്നിൽ പണത്തിന് മുട്ടുണ്ട്. ആ മുട്ടുള്ളതുകൊണ്ട് ഇതൊന്നും അടച്ചിടാൻ പറ്റില്ല. അതിന് മുന്നിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ആവിഷ്കരിച്ച പുതിയ തരത്തിൽ എല്ലാ പരിമിതികളും

വിലങ്ങുകളും ഉണ്ടെങ്കിലും അതിനെയെല്ലാം അതിജീവിച്ച് പണം കണ്ടെത്താനുള്ള വഴിയാണ് കിഫ്ബിയിലൂടെ ശ്രമിച്ചത്. അങ്ങനെയുള്ള ഗവൺമെന്റിന്റെ പദ്ധതിയെയും സംവിധാനത്തെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരന്റെ പ്രസംഗം കൂടി കഴിഞ്ഞപ്പോൾ സി.പി.ഐ.(എം) പാർട്ടി മാത്രമല്ല സി.പി.ഐ.-യും പ്രത്യയശാസ്ത്രപരമായ നിലപാടുകളെല്ലാം തൽക്കാലം മാറ്റിവച്ച് മുന്നോട്ടുപോകാൻ തീരുമാനിച്ചു എന്നുള്ളത് ഏതാണ്ട് വ്യക്തമാകുകയാണ്. ഇന്ത്യ ചർച്ച ചെയ്യാൻ പോകുന്ന വിഷയമാണ്. നവലിബറൽ നയങ്ങളെ സി.പി.ഐ.(എം)-ഉം സി.പി.ഐ.-യും എതിർക്കുന്നു. ഇവിടെയും എതിർക്കുന്നു. പക്ഷേ തൽക്കാലം അതെല്ലാം മറക്കുന്ന എന്നൊക്കെയുള്ള പുതിയ നല്ലൊരു ഐക്യത്തിന്റെ ലക്ഷണം ഇവിടെ കാണുന്നുണ്ട്. കേരള കോൺഗ്രസ് ആ ഐക്യത്തെ സ്വാഗതം ചെയ്യുകയാണ്. ഞങ്ങൾ പാർട്ടിക്കുള്ളിലും ഐക്യത്തിനുംവേണ്ടി നിൽക്കുകയാണ്. മുന്നണിക്കതീതമായി കേരളം യോജിച്ചുനിൽക്കേണ്ട ചില വിഷയങ്ങളാണ്. ഇന്ത്യയിലും ചർച്ച ചെയ്യപ്പെടുന്നു, കേരളത്തിലും ചർച്ച ചെയ്യപ്പെടുന്നു. ഇതിനിടയിൽ നമ്മൾ കൂടുതൽ പാപ്പരാകാതെ നോക്കണം എന്ന പ്രധാനപ്പെട്ട പ്രശ്നമാണ് പ്രതിപക്ഷം ഉയർത്തിക്കൊണ്ടു വന്നിരിക്കുന്നത്.

ഇവിടെ ശ്രീ. എ. എൻ. ഷംസീറടക്കം വികസനത്തെക്കുറിച്ച് പറഞ്ഞു. വികസന കാര്യങ്ങളിൽ കേരളം മുന്നോട്ടുപോയതാണ് ഏറ്റവും വലിയ അനുഗ്രഹമായി നമ്മൾ കരുതുന്നത്. ഒരു സംശയവും അക്കാര്യത്തിലില്ല. കേരളത്തെ ഇനിയും പുരോഗതിയിലേക്ക് നയിക്കണം എന്നതിൽ യാതൊരു സംശയവുമില്ല. കാലാകാലങ്ങളിൽ വന്ന ഗവൺമെന്റുകൾ അതിനുവേണ്ടിയുള്ള പരിശ്രമങ്ങളാണ് നടത്തിയിട്ടുള്ളത്. ഇപ്പോൾ ഗവൺമെന്റ് നടത്തുന്ന ഈ പരിശ്രമത്തിലും വികസന കാര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നു എന്നുള്ളത് സ്വാഗതാർഹമാണ്. പക്ഷേ അതിനുവേണ്ടി നമുക്ക് ഏത് മാർഗ്ഗവും സ്വീകരിക്കാമോ; ഏത് മാർഗ്ഗത്തിലേക്കും പോകാമോ എന്ന പ്രധാനപ്പെട്ടൊരു വിഷയം ഇവിടെ ചർച്ചയ്ക്ക് വരികയാണ്. ഈ വിഷയത്തിൽ ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറായതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. കാരണം അതൊരു നല്ല കാര്യമാണ്. പക്ഷേ ഈ ചർച്ചയിലൂടെ തെറ്റ് തിരുത്താൻ ഗവൺമെന്റ് തയ്യാറാകണം. ഇന്ററസ്റ്റിന്റെ കാര്യത്തിലും റേറ്റിംഗിന്റെ കാര്യത്തിലും നിലനിൽക്കുന്ന സംശയങ്ങളും ദുരൂഹതകളും പരിഹരിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് മറുപടി പറയാൻ തയ്യാറാകണം. മസാല ബോണ്ടിലൂടെ

ഉയർന്നുവന്നിരിക്കുന്ന വിഷയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം highest rate of interest ആണ്. 9.72 ശതമാനം പലിശ എന്നുപറയുന്നത് നമുക്ക് കേട്ടുകേൾവിയില്ലാത്തതാണ്. കേന്ദ്ര ഗവൺമെന്റുപോലും 4.5 ശതമാനം, 5 ശതമാനം എന്ന നിലയിലൊക്കെ നിൽക്കുമ്പോൾ 9.72 ശതമാനം പലിശ നിരക്കിലേക്ക് പോയാൽ കേരളത്തിന്റെ അവസ്ഥ എത്ര ഗുരുതരമായ സ്ഥിതിയിലേയ്ക്ക് പോകും എന്നതാണ് പ്രധാനപ്പെട്ട വിഷയം.

പെൻഷൻകാരുടെ പ്രധാനപ്പെട്ടൊരു പ്രസ്താവന ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കാനിടയായി. സീനിയർ സിറ്റിസൺസിന് ട്രഷറിയിൽ സ്ഥിര നിക്ഷേപത്തിന് പരമാവധി 8 ശതമാനവും സാധാരണക്കാർക്ക് 7.5 ശതമാനവും പലിശയാണ് കൊടുക്കുന്നത്. വിദേശത്തുനിന്ന് മസാല ബോണ്ട് വഴി 9.5 ശതമാനം പലിശക്ക് പണം എടുക്കുന്നു എന്നുപറയുന്നതിൽ എന്ത് യുക്തിയാണുള്ളത്; എന്ത് ന്യായമാണുള്ളത്? ഇതിന് ബദൽ എന്താണെന്ന് നിങ്ങൾ ചോദിച്ചു; ബദലുണ്ട്. എന്തിനാണ് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽപ്പോയി മസാല ബോണ്ട് വഴി 9.72 ശതമാനം പലിശയ്ക്ക് പണം എടുക്കുന്നത്? ഇത് അവസാനം സായിപ്പ് എടുത്തില്ലെങ്കിൽ ഇവിടത്തെ ജീവനക്കാരന്റെ പിടലിക്ക് വയ്ക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വരില്ലെന്ന് ആർക്കാണ് ഉറപ്പ്? ഇക്കാര്യത്തിൽ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽനിന്ന് എന്ത് ഉറപ്പാണുള്ളത്? ഇതൊന്നുമില്ല. ഓഹരി വിപണിയിൽ ഊഹക്കച്ചവടത്തിന്റെ തലത്തിൽ നമ്മൾ നിൽക്കുകയാണ്. അതിനുപകരം കേരളത്തിൽ തന്നെ ആകർഷകമായ വിധത്തിൽ ബോണ്ട് പുറപ്പെടുവിച്ചുകൊണ്ട് ഈ പദ്ധതി പുനരാവിഷ്കരിക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് സർക്കാർ പരിശോധിക്കാൻ തയ്യാറാകണം. ഇത്തരത്തിലുള്ള ദുരൂഹതകളും അഴിമതിയുടെ സാഹചര്യങ്ങളും അവ്യക്തതകളും പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സമീപനം പുലർത്തണം. ഇത് കേരളത്തിന്റെ നന്മയ്ക്ക് ഉപകരിക്കുന്ന വിധത്തിൽ കൊണ്ടുവരുമെങ്കിൽ ഏറ്റവും നല്ലതാണ്. പക്ഷെ കേരളത്തെ കൂടുതൽ കടബാധ്യതയിലേക്കും കേരളത്തിലെ ജനങ്ങൾക്ക് അപമാനകരമായ നിലയിലേയ്ക്കും ഈ പദ്ധതി കൊണ്ടുപോകാൻ ഇടവരരുത് എന്നുള്ളതാണ് ഇക്കാര്യത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

<u>ഡോ. എം. കെ. മുനീർ</u>: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ചർച്ചയ്ക്ക് തയ്യാറായതിൽ ഞങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. പക്ഷേ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലേക്ക് പോകുന്നതിന് മുമ്പ് ഈ വിഷയം ചർച്ച ചെയ്തിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള ഒരു അപകടത്തിൽ നമ്മൾ പെടില്ലായിരുന്നു. മേയ് മാസം 17-ാം തീയതി വെള്ളിയാഴ്ച ലണ്ടൻ സ്റ്റോക്ക്

എക്സ്ചേഞ്ചിൽ മണിമുഴക്കിക്കൊണ്ട് അന്നത്തെ ദിവസത്തെ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. പക്ഷെ ഇതിൽ വലുതായി അഭിമാനിക്കാൻ എന്തെങ്കിലും കാര്യമുണ്ടോയെന്ന് എനിക്കറിയില്ല. കാരണം എല്ലാ ദിവസവും രാവിലെ 8.00 മണിക്ക് പുതുതായി ലിസ്റ്റ് ചെയ്യാൻ വരുന്ന ഒരാൾ മണിയടിക്കാറുണ്ട്. അത് എന്തോ ഭൂലോക സംഭവമാണ് എന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഏതായാലും മോദി മോഡൽ തള്ളൽ നമ്മുടെ മുഖ്യമന്ത്രി ചെയ്യുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇതൊക്കെ അവിടെ സ്ഥിരം നടക്കുന്ന കാര്യമാണ്.

എനിക്ക് ശ്രീ. എ. എൻ. ഷംസീറിനോട് പറയാനുള്ളത്, അഭിമാനത്തോടുകൂടി കേരളം അവിടെ പോയി എന്ന് അങ്ങ് പറയുന്നുണ്ടല്ലോ, നമ്മൾ മനസ്സിലാക്കേണ്ടത് മറ്റൊരു സംസ്ഥാനവും പോയില്ല കേരളത്തിന് പോകേണ്ടിവന്നു എന്നാണ്. അതിൽ അഭിമാനിക്കുകയല്ല, അപമാനിതരാവുകയാണ് നമ്മൾ വേണ്ടത്. ഈ രാജ്യത്തെ ഇൻഫ്രാസ്ട്രക്ചറിനുവേണ്ടി 9.72 ശതമാനത്തിന് കിഫ്ബി എന്ന കമ്പനി പോയി ബോണ്ട് ഇഷ്യൂ ചെയ്തു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

1.00 p.m]

കേരളം AAA റേറ്റിംഗിലേയ്ക്ക് വരാതിരുന്നതിനും ഇത്രയും വലിയ പലിശ കൊടുക്കേണ്ടിവന്നതിനുമുള്ള കാരണം 'കിഫ്ബി' എന്ന കമ്പനി പോയതുകൊണ്ടാണ്. കിഫ്ബിയുടെ റേറ്റിംഗ് 4 notches താഴോട്ടുള്ള BB റേറ്റിംഗിലേയ്ക്ക് വന്നു. വേൾഡ് ബാങ്കൊക്കെ നിങ്ങൾക്കിപ്പോൾ കുഴപ്പമില്ല; ദേശീയതലത്തിൽ സെൻട്രൽ ഗവൺമെന്റിന്റെ ഇൻഫ്രാസ്ട്രക്ചറിനുവേണ്ടി 2014-ൽ പണം എടുത്തിട്ടുള്ളത് വേൾഡ് ബാങ്ക് വഴിയാണ്. AAA റേറ്റിംഗുള്ള മറ്റേതെങ്കിലും ഇൻസ്റ്റിറ്റ്യൂഷൻ വഴിയാണ് നിങ്ങൾ പോയിരുന്നതെങ്കിൽ വളരെ കുറഞ്ഞ റേറ്റിൽ ഇത് ലഭിക്കുമായിരുന്നു. ആരാണിത് റേറ്റ് ചെയ്യുന്നത്? S&P/FITCH എന്ന ഏജൻസികളാണ് ഇത് റേറ്റ് ചെയ്യുന്നത്. കടമെടുക്കാൻ കൊള്ളാവുന്ന കമ്പനിയാണോ കിഫ്ബിയെന്ന് അവർ പരിശോധിച്ചപ്പോൾ ഇതൊരു BB റേറ്റിംഗിൽ കിടക്കുന്ന കമ്പനിയാണ്. ഇവർക്ക് ഇതൊക്കെ മതിയെന്നുള്ള രീതിയിൽ വളരെ തരംതാഴ്ന്ന രീതിയിൽ BB റേറ്റിംഗിൽ കൊണ്ടുവന്ന് കേരളത്തിന്റെ പലിശ 9.72 ശതമാനമാക്കി. അതിനർത്ഥം ഇപ്പോൾ 2150 കോടി രൂപയാണ് എടുക്കുന്നതെങ്കിൽ ഓരോ വർഷവും 210 കോടി രൂപയുടെ പലിശ കൊടുക്കണം. അതായത് 2000 കോടി രൂപ എടുക്കുകയാണെങ്കിൽ

1000 കോടി രൂപ 5 വർഷം കൊണ്ട് പലിശയായി കൊടുക്കണം. ഇങ്ങനെ പോകേണ്ട ഗതികേട് കേരളത്തിനുണ്ടോ? മറ്റേതെല്ലാം മാർഗ്ഗത്തിൽ ഇവിടെ പണം എടുത്തിട്ടുണ്ട്. മെട്രോയ്ക്കുവേണ്ടി പണം എടുത്തിട്ടില്ലേ; ജർമ്മൻ കമ്പനിയിലൂടെ പണം എടുത്തിട്ടില്ലേ: 1.5 ശതമാനത്തിനും 1.3 ശതമാനത്തിനും പണം എടുത്തിട്ടില്ലേ? ഇപ്പോഴും എത്രയോ ആളുകൾ ചുരുങ്ങിയ പലിശയ്ക്ക് ഇൻഫ്രാസ്ട്രക്ചറിനുവേണ്ടി പണമെടുത്തിട്ടുണ്ട്. നിങ്ങൾ ഇത് എവിടെയാണ് ഇൻവെസ്റ്റ് ചെയ്യാൻ പോകുന്നത്; ഇതിലധികവും സോഷ്യൽ ഹെഡ്ഡിലല്ലേ പോകുക? ഇതിൽ പറഞ്ഞിട്ടുള്ള പദ്ധതികളിലെല്ലാം അവസാനം ഞങ്ങൾ റിട്ടേൺ ചെയ്യുമെന്ന് കാണിക്കാൻവേണ്ടി മാത്രമാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നുപറഞ്ഞുകൊണ്ട് 12000 കോടി രൂപയുടെ പ്രോജക്ടുകളെന്നുള്ളത് വെറുമൊരു കടലാസ്സിലുണ്ടാക്കിയിട്ടുള്ള എഴുത്ത് മാത്രമല്ലേ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്ന് മറുപടി പറയുമ്പോൾ 12000 കോടി രൂപയുടെ പ്രോജക്ടുകളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ? ആ പ്രോജക്ടുകളുടെയെല്ലാം ഡി.പി.ആർ. തയ്യാറാക്കിയോ? ഡി.പി.ആർ. പോലും തയ്യാറാക്കാതെ 12000 കോടി രൂപയുടെ പ്രോജക്ടുകൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുവേണ്ടി കണ്ണൂരിൽ ചെലവഴിക്കാൻ പോകുന്നുവെന്ന് വെറുതെ കടലാസ്സിൽ എഴുതിക്കൊടുത്ത് ആളുകളെ പറ്റിക്കുന്ന രീതിയിൽ കേരളത്തെ മാറ്റാൻ കഴിയുമോ? ഇതിന്റെ പേരുതന്നെ 'മസാല' എന്നാണ്. ഇന്ത്യൻ റുപ്പിയുടെ അടിസ്ഥാനത്തിൽ അതിനെ ഇന്റർനാഷണലൈസ് ചെയ്യുന്നതിനുവേണ്ടിയാണ് 'മസാല' എന്ന പേര് ഇന്ത്യയുടെ ബോണ്ടിന് കിട്ടിയിട്ടുള്ളത്. Chinese Yuan-ന് Dim Sum Bond എന്നും ജപ്പാന് Samurai Bond എന്നുമാണ് കിട്ടിയിരിക്കുന്നത്. ഇന്റർനാഷണൽ ഫിനാൻഷ്യൽ കോർപ്പറേഷനാണ് ഇന്ത്യക്ക് 'മസാല ബോണ്ട്' എന്ന് പേരിട്ടിരിക്കുന്നത്. സ്പൈസസ് ഉപയോഗിക്കുന്നതുകൊണ്ടായിരിക്കാം ഇന്ത്യക്ക് മസാല എന്ന പേര് ലഭിച്ചിരിക്കുന്നത്. പക്ഷേ കേരളത്തിൽ 'മസാല' എന്നുപറയുന്നത് ഏതെങ്കിലുമൊരു സിനിമ പൊളിഞ്ഞാൽ അതൊരു മസാല പടമായതുകൊണ്ട് പൊളിഞ്ഞതാണെന്ന രീതിയിൽ തരംതാഴ്ത്തുന്നതിനാണ് ഈ പേര് ഉപയോഗിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പേരും ഭാവിയിൽ 'ഡോ. മസാല ഐസക് ' എന്ന് ആകാതിരിക്കട്ടെയെന്ന് ആഗ്രഹിക്കാനാണ് ഞാൻ ഈ സമയം വിനിയോഗിക്കുന്നത്.

രണ്ടാമത്തെ കാര്യം, നിങ്ങൾ കൊടുത്തത് ആർക്കാണെന്നുള്ളതാണ്? ഞാൻ ആ കമ്പനിയിലെ വിഷയത്തെക്കുറിച്ചൊന്നും പറയുന്നില്ല. ഈ കമ്പനിയുടെ ക്രെഡിബിലിറ്റി എന്താണ്; എസ്.എൻ.സി. ലാവ്ലിൻ കമ്പനിയുമായി ഇതിനുള്ള ബന്ധമെന്താണ്; അല്ലെങ്കിൽ പല തരത്തിലും ബ്ലാക്ക് ലിസ്റ്റഡായിട്ടുള്ള ഒരു

കമ്പനിക്ക് നല്ല സ്റ്റേക്കുള്ള സി.ഡി.പി.ക്യു. എന്ന കമ്പനിയുമായി എങ്ങനെയാണ് ഒരുമിച്ച് പോകാൻ സാധിക്കുക? കിഫ്ബി, സി.ഡി.പി.ക്യു., ഇന്ററസ്റ്റ് റേറ്റ് തുടങ്ങി മറ്റ് പല മാർഗ്ഗങ്ങളുമുള്ളപ്പോൾ എന്തിനാണ് ഇങ്ങനെയുള്ള മാർഗ്ഗത്തിലേയ്ക്ക് അങ്ങ് പോയത്. അങ്ങയുടെ ലിബറലിസമൊക്കെ എവിടെപ്പോയി? മോഡേൺ സോഷ്യലിസ്റ്റ് ഇക്കോണമി, ക്രോണി ക്യാപിറ്റലിസ്റ്റ് ഇക്കോണമി, ക്യാപിറ്റലിസ്റ്റ് ഇക്കോണമി ഇതിൽ ഏത് സാമ്പത്തിക രീതിയാണ് കിഫ്ബിയുടെ മസാല ബോണ്ടിലൂടെ ധനാഗമ മാർഗ്ഗവുമായി ബന്ധപ്പെട്ടിരിക്കുന്നതെന്ന് അങ്ങ് വ്യക്തമാക്കുമോ? അതുപോലെ മുതലാളിത്ത-സാമ്രാജ്യത്വ-സാമ്പത്തിക വിദേശ നയങ്ങൾക്കെതിരെ ഒരു ബദൽ സാമ്പത്തിക നയം പ്രഖ്യാപിച്ചിട്ടുള്ള രാഷ്ട്രീയ പ്രസ്ഥാനമെന്നുള്ള നിലയ്ക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി ഇതിനോട് എന്ത് സമീപനമാണ് സ്വീകരിക്കുന്നത്? ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതിനോട് എനിക്ക് വലിയ അത്ഭുതം തോന്നുകയാണ്. നിങ്ങൾ മാർക്സിസം വായിക്കണം, അതേസമയം കാലത്തിന്റെ ചുവരെഴുത്ത് മാറ്റവും വായിക്കണം എന്നാണ് അദ്ദേഹം പറഞ്ഞത്. പിന്നെ എന്തിനാണ് മാർക്സിസം വായിക്കുന്നത്; ഏതെങ്കിലുമൊന്ന് വായിച്ചാൽ പോരേ? എല്ലാ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും കൂടിയിരുന്നുകൊണ്ട് ഒരു തീരുമാനമെടുക്കാം. കാലത്തിന്റെ ചുവരെഴുത്ത് കാരണം ഞങ്ങൾ മാർക്സിസം മാറ്റിവച്ചിരിക്കുന്നു, ചുവരെഴുത്ത് വായിക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്ന് സമ്മതിക്കാനെങ്കിലും തയ്യാറാകണം. അങ്ങയുടെ മറുപടിയിൽ ഞങ്ങൾക്ക് ധാരാളം ടെർമിനോളജി കേൾക്കാൻ കഴിയും. ഞങ്ങൾക്കും രണ്ടുമൂന്ന് പുസ്തകം വായിച്ചാൽ അതേ രീതിയിലുള്ള ടെർമിനോളജി ഉപയോഗിക്കാൻ കഴിയും. പക്ഷേ യാഥാർത്ഥ്യം അങ്ങ് മനസ്സിലാക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ബഹുമാനപ്പെട്ട എം. കെ. മുനീർ, എം.എൽ.എ.-യുടെ പ്രസംഗം എപ്പോഴും ശ്രദ്ധിക്കുന്ന ആളാണ് ഞാൻ. മാർക്സിസമെന്ന് പറയുന്നതുതന്നെ മാറ്റമാണ്. എല്ലാക്കാലത്തുമുള്ള കാലദേശാദികളുടെ വർഗ്ഗസ്വഭാവവും സമരസ്വഭാവവും മാറും. അതിനനുസരിച്ച് മാറുന്നവരെയാണ് മാർക്സിസ്റ്റുകാരെന്ന് പറയുന്നത്.

ഡോ. എം. കെ. മുനീർ: സർ, ഞാനൊരു പുതിയ പാഠം പഠിച്ചിരിക്കുന്നു. ഒരർത്ഥത്തിൽ അങ്ങ് ഈ പറഞ്ഞിട്ടുള്ള സാമ്രാജ്യത്വ ആഗോള കുത്തക ബൂർഷ്വാസികൾ എന്നൊക്കെപ്പറയുന്ന ആ മാറ്റത്തെ ഉൾക്കൊള്ളാൻ കമ്മ്യൂണിസ്റ്റുകൾ തയ്യാറായിരിക്കുന്നു എന്നതാണ് നിങ്ങളുടെ നയമെങ്കിൽ നിങ്ങൾ ലണ്ടൻ എക്സ്ചേഞ്ചിൽ പോയി എത്ര മണിയടിച്ചാലും ഞങ്ങൾക്ക് പ്രശ്നമില്ല. ഏതായാലും ഇടവകയിൽ ആരെങ്കിലും മരിച്ചാൽ മുഴങ്ങുന്ന ആ മണി ലണ്ടൻ എക്സ്ചേഞ്ചിൽനിന്ന് കേൾക്കേണ്ടിവന്നതിൽ കേരളം പരിതപിക്കുന്നുവെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം. സ്വരാജ്</u>: സർ, അടിയന്തരപ്രമേയം ചർച്ചയ്ക്കെടുത്തതുവഴി കുറച്ചുനാളായി പ്രതിപക്ഷം കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്ന പുകമറ ഇവിടെ തകർന്നുവീഴുകയാണ്. അതിനുള്ള അവസരമുണ്ടായതിൽ അതിയായ സന്തോഷമുണ്ട്. സത്യത്തിൽ പ്രതിപക്ഷം ഇപ്പോൾ കുടുങ്ങിയിരിക്കുകയാണ്. ഇത് ചർച്ചയ്ക്കെടുക്കില്ലെന്നായിരുന്നു അവർ കരുതിയിരുന്നത്. പ്രമേയാവതാരകൻ കാര്യങ്ങൾ വിശദീകരിച്ചപ്പോൾ ഞങ്ങൾ ശ്രദ്ധയോടെ അത് കേട്ടിരിക്കുകയായിരുന്നു. അദ്ദേഹം പറയാൻ ശ്രമിക്കുന്ന കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ വിദ്യാർത്ഥി മനസ്സോടെയാണ് ഞങ്ങളിരുന്നത്. അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞതിനുശേഷം ശ്രീ. എ. എൻ. ഷംസീറും ശ്രീ. മുല്ലക്കര രത്നാകരനും സംസാരിച്ചപ്പോൾ എന്തൊരു അസഹിഷ്ണുതയും ബഹളവുമായിരുന്നു. ഇത് ചർച്ച ചെയ്യുക, കാര്യങ്ങളിൽ വ്യക്തത വരുത്തുക എന്നുള്ളതല്ല നിങ്ങളുടെ ഉദ്ദേശ്യം. ആരോപണത്തിന്റെയും സംശയത്തിന്റെയും പുകമറ സൃഷ്ടിച്ചുകൊണ്ട് കേരളത്തെ പുറകിലേയ്ക്ക് നയിക്കുകയെന്ന ദുഷ്ടലാക്കാണ് നിങ്ങൾക്കുള്ളതെന്ന് തുടക്കത്തിൽത്തന്നെ വ്യക്തമാണ്. കാറൽ മാർക്സ്, മൂലധനം, മാർക്സിസം തുടങ്ങിയ കാര്യങ്ങളൊക്കെ ഉന്നയിച്ചുകൊണ്ടാണ് ബഹുമാന്യനായ പ്രമേയാവതാരകൻ പ്രസംഗം ആരംഭിച്ചത്. 1849-ൽ കാറൽ മാർക്സ് എഴുതിയ മൂലധനത്തെക്കുറിച്ച് അദ്ദേഹം ഇവിടെ വിശദീകരിച്ചു. ആ മൂലധനത്തെക്കുറിച്ച് എനിക്കറിയില്ല. 1867-ൽ കാറൽ മാർക്സ് എഴുതിയ മൂലധനത്തെക്കുറിച്ച് അറിയാം. ആ മൂലധനത്തിൽ " My theory is not a dogma" എന്ന് തുടങ്ങുന്നൊരു ഭാഗമുണ്ട്. ബഹുമാന്യനായ എം. കെ. മുനീർ സാഹിബും ഏത് മാർക്സിസത്തെക്കുറിച്ചാണ് ഇവിടെ പറഞ്ഞതെന്ന് എനിക്കറിയില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

"എന്റെ സിദ്ധാന്തം അന്ധവിശ്വാസമല്ല, മൂഢവിശ്വാസമല്ല, അതൊരു തുറന്ന വാതിലാണ് അതിനപ്പുറമുള്ള ലോകങ്ങളെയും വ്യവസ്ഥകളെയും നിങ്ങൾ കണ്ടെത്തുകയാണ് വേണ്ടത്" എന്നാണ് മാർക്സ് പറഞ്ഞത്. മാർക്സിസം ഒരു മതമല്ല, മാർക്സ് പറഞ്ഞതുകൊണ്ട് ആ വരയ്ക്ക് അപ്പുറം പോകരുത് എന്ന് ചിന്തിക്കുന്നത് മാർക്സിസമല്ല, നിങ്ങളെപ്പോലെ തെറ്റായി മാർക്സിസത്തെ വ്യാഖ്യാനിക്കുന്നവരെ കണ്ടപ്പോഴാണ് സാക്ഷാൽ മാർക്സ് ഇങ്ങനെ പറയുകയുണ്ടായത്, 'Thank God, I was not a Marxist'. പ്രമേയാവതാരകന്റെയും മുസ്ലീം ലീഗ് നേതാവിന്റെയും പ്രസംഗം മാർക്സ് കേട്ടിരുന്നുവെങ്കിൽ ഇതുതന്നെ പറയുമായിരുന്നുവെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. 1917-ലെ മഹത്തായ ഒക്ടോബർ വിപ്ലവത്തിനുശേഷം കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് സോവിയറ്റ് യൂണിയന്റെ

പോളിറ്റ് ബ്യൂറോ യോഗത്തിൽ മഹാനായ ലെനിൻ, സോവിയറ്റ് നിർമ്മാണ പ്രക്രിയയിൽ വൈദേശിക കുത്തകകളുമായി സഹകരിക്കാമോയെന്ന നയ പ്രശ്നത്തിന് മറുപടിയായി പറഞ്ഞത് "സോവിയറ്റ് നിർമ്മാണ പ്രക്രിയയിൽ കുത്തകകളുമായി സഹകരിക്കാമോ എന്ന ചോദ്യത്തിന് 'ഇല്ല' എന്ന ഉത്തരമല്ല ഞങ്ങളുടെ പക്കലുള്ളത്. ആരുമായും സഹകരിക്കാം എന്നാൽ നയപരമായ തീരുമാനങ്ങളെടുക്കുന്നതും നടപ്പാക്കുന്നതും സംബന്ധിച്ച അധികാരം തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിനായിരിക്കണം" എന്നാണ്. വിദേശ ഫണ്ടെന്ന് കേട്ടാൽ ബോധംകെട്ട് വീഴുന്നവരോ വിദേശനിക്ഷേപമെന്ന് കേട്ടാൽ ഹാലിളകുന്നവരോ അല്ല ഞങ്ങൾ. ക്യൂബയിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ ലോകത്ത് ചൈനയെക്കുറിച്ച് വലതുപക്ഷ വ്യതിയാന ആരോപണങ്ങൾ വലതുപക്ഷ മാധ്യമങ്ങൾ ഉയർത്തുമ്പോഴും ക്യൂബയ്ക്കെതിരെ ആരും ഒന്നും പറഞ്ഞിട്ടില്ല. ക്യൂബയിൽ ഫിഡൽ കാസ്ട്രോയുടെ കാലത്ത് പ്രവർത്തിച്ച ആ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാനപ്പെട്ട ദൗത്യം വിദേശ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കാനായിരുന്നു. പ്രതിരോധം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ഒഴികെയുള്ള മേഖലകളിൽ വിദേശ നിക്ഷേപം ആകർഷിക്കാനുള്ള നടപടികളാണ് ആ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിച്ചിട്ടുള്ളത്. ഐ.എം.എഫ്.-ന്റെയും വേൾഡ് ബാങ്കിന്റെയും വായ്പകൾ എടുക്കുന്നതിനോട് ഞങ്ങൾ എതിർപ്പ് കാണിച്ചിട്ടുണ്ട്. എന്തുകൊണ്ടാണ് എതിർത്തത്? ഞങ്ങൾ അതിന്റെ പിന്നിലുള്ള ചരടുകളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പ്രത്യുൽപ്പാദനക്ഷമമല്ലാത്ത മേഖലകളിൽനിന്ന്, സേവന മേഖലകളിൽനിന്ന് സർക്കാരിന്റെ വ്യയം ഒഴിവാക്കണമെന്നതുൾപ്പെടെയുള്ള മൗലികമായ വ്യതിയാനത്തെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ വന്നപ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങളെ മുൻനിർത്തിക്കൊണ്ട് ഞങ്ങൾ അതിനെ എതിർത്തു. അതിന്റെ അർത്ഥം വിദേശ നിക്ഷേപത്തിനോ വായ്പയ്ക്കോ ഞങ്ങൾ എതിരാണെന്നല്ല. ദയവായി നിങ്ങൾ അങ്ങനെ തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ അത് നിങ്ങൾ മാറ്റണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇതൊന്നും പുതിയ കാര്യവുമല്ല.

1957-ൽ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് വ്യവസായം നടത്താൻ ബിർളയെ ഇവിടേയ്ക്ക് ക്ഷണിച്ചത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയാണെന്ന തെറ്റിദ്ധാരണ കൊണ്ടല്ല ബിർളയെ കേരളത്തിലേയ്ക്ക് ക്ഷണിച്ചുകൊണ്ടുവന്നത്. കുത്തകയാണെന്നും മുതലാളിയാണെന്നും അറിയാം. ആ കുത്തകയെ, ആ മുതലാളിയെ കേരളത്തിന്റെ വ്യാവസായിക വികസനത്തിനുവേണ്ടി കേരളീയ

സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനുവേണ്ടി നമ്മുടെ കാഴ്ചപ്പാടുകൾക്കനുസരിച്ച് ഉപയോഗിക്കാനാകുമോ എന്ന പരീക്ഷണമാണ് നടത്തിയിട്ടുള്ളത്. അതിന്റെ സയുക്തികമായ പരിണാമത്തിന്റെ തുടർച്ചയാണ് ഇപ്പോഴുമുള്ളത്. നമുക്ക് വിഷയത്തിലേയ്ക്ക് വരാം.

2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി തെരഞ്ഞെടുപ്പിനെ നേരിട്ടത് വ്യക്തമായ ഒരു മാനിഫെസ്റ്റോ മുന്നോട്ടു വച്ചുകൊണ്ടാണ്. ആ മാനിഫെസ്റ്റോയിൽ കേരളീയ വികസനത്തിന്റെ ദൗർബല്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. വ്യവസായ മേഖലയിൽ സ്വകാര്യ നിക്ഷേപകരെ നമുക്ക് ആകർഷിക്കാൻ കഴിയുന്നില്ല. അത് കേരളത്തിന്റെ വളർച്ചയുടെയും വികസനത്തിന്റെയും മേഖലയിലുള്ള ഒരു പ്രധാനപ്പെട്ട കുറവായിട്ടാണ് ചൂണ്ടിക്കാണിച്ചത്. അതിന്റെ കാരണം ഞങ്ങൾ വിലയിരുത്തിയത് റോഡുകൾ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ ഇവിടെ പരിമിതമാണ്. ലോകത്തിന്റെ മുമ്പാകെ കേരളത്തിന്റെ നിരവധി നേട്ടങ്ങൾ ഉയർത്തിക്കാണിക്കാൻ നമുക്ക് കഴിയുമ്പോഴും അടിസ്ഥാനസൗകര്യ വികസനത്തിൽ നമ്മൾ പിറകിലാണ്. അത് പരിഹരിച്ചാൽ മാത്രമേ പുതിയ സ്വകാര്യ നിക്ഷേപകരെ കേരളത്തിന്റെ വ്യവസായ മേഖലയിലേയ്ക്ക് ആകർഷിക്കാൻ കഴിയൂ. നമ്മുടെ പശ്ചാത്തല സൗകര്യ മേഖലയിലെല്ലാം വലിയ വളർച്ച വേണം, കുതിച്ചുചാട്ടം വേണം; വലിയ മുന്നേറ്റം ഉണ്ടാവണം. നിർഭാഗ്യവശാൽ ഇതെല്ലാം കേരളത്തിൽ വളരെ സാവധാനമാണെന്നുള്ള കാര്യം നമ്മൾ കാണണം. 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കേരളത്തിൽ സാധ്യമാക്കണമെന്ന കാഴ്ചപ്പാട് വച്ച് നമ്മൾ പ്രവർത്തിച്ചു. അതിന്റെ ഭാഗമായി കിഫ്ബി യാഥാർത്ഥ്യമായി. നമ്മൾ കിഫ്ബി വഴി 50,000 കോടി രൂപയുടെ വായ്പയെടുത്ത് വികസനം നടത്താൻ തീരുമാനിച്ചു. ഇതെല്ലാം ഈ നിയമസഭ ചർച്ച ചെയ്തതല്ലേ; കിഫ്ബി എന്നത് ഞങ്ങൾ മാത്രം നൂതനമായി കൊണ്ടുവന്ന ആശയമൊന്നുമല്ലല്ലോ; അതിന്റെ ഭൂതകാലത്തെക്കുറിച്ച് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ? സർക്കാരിന് വായ്പയെടുക്കാൻ പരിധിയുണ്ടെന്ന് നമുക്കറിയാം. ആ പരിധി എങ്ങനെ വന്നുവെന്ന് നമുക്കറിയാം. അതിനെക്കുറിച്ചൊന്നും ഞാൻ കൂടുതൽ ഓർമ്മിപ്പിക്കുന്നില്ല. കിഫ്ബിയെ സംബന്ധിച്ചുള്ള തീരുമാനമെടുത്തപ്പോൾ, ഈ ദിശയിൽ നാം മുമ്പോട്ടുപോകുമെന്ന് പ്രഖ്യാപിച്ചപ്പോൾ എന്തെല്ലാം പരിഹാസങ്ങളായിരുന്നു. "ഒന്നും നടക്കില്ലായെന്ന് " നിങ്ങൾ ഈ സഭയിൽ ആക്ഷേപിച്ചു. "ആരും നിക്ഷേപിക്കില്ല, ഇതൊരു സ്വപ്ന ബഡ്ജറ്റാണ്," നിങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയെ ചൂണ്ടി പരിഹസിച്ചു. 'കിഫ്ബി ബഡ്ജറ്റ്' എന്ന് നിങ്ങൾ ആക്ഷേപിച്ചു. ഇനി അഥവാ പണം കിട്ടിയാൽ എങ്ങനെ തിരിച്ചടയ്ക്കുമെന്ന്

നിങ്ങൾ ചോദിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദമായി ഈ സഭയിൽ മറുപടി പറഞ്ഞു. പെട്രോൾ സെസ്സ് - ഒരു ലിറ്റർ പെട്രോളിന് ഒരു രൂപ സെസ്സ്, മോട്ടോർ വാഹന നികുതിയുടെ പകുതി. അതിന്റെ വിശദമായ കണക്കുകൾ അവതരിപ്പിച്ചു. നാം എടുക്കുന്ന പണം പലിശ സഹിതം തിരിച്ചടയ്ക്കാൻ നമുക്ക് സാധിക്കും. ആത്മവിശ്വാസത്തോടെ നാം മുന്നോട്ടുപോകണം. 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കേരളത്തിന്റെ മണ്ണിലുണ്ടായാൽ കേരളത്തിന്റെ മുഖച്ഛായ മാറും എന്ന് നമ്മൾ പറഞ്ഞു. ഒന്നും നടക്കില്ലെന്ന് ആക്ഷേപിച്ചവർക്ക് ഇപ്പോൾ കാര്യം പന്തിയല്ലായെന്ന് മനസ്സിലായി. 536 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം കൊടുത്തു. 318 എണ്ണം ടെണ്ടർ ചെയ്തു. 228 പ്രവൃത്തികൾ തുടങ്ങി. ഞാൻ അനുഭവസ്ഥനാണ്.

എന്റെ നിയോജകമണ്ഡലത്തിൽ ദേശീയപാതയിൽ കൂടി യാത്ര ചെയ്യുമ്പോൾ നിങ്ങളും കണ്ടിട്ടുണ്ടാകും കുണ്ടന്നൂർ ഫ്ലൈ ഓവറിന്റെ 40 ശതമാനം പണി കഴിഞ്ഞ് ഉടൻ പൂർത്തീകരിക്കാൻ പോകുകയാണ്. 100 കോടി രൂപയ്ക്കടുത്താണ് ചെലവ്. എന്റെ നിയോജകമണ്ഡലത്തിൽ കുമ്പളം-തേവര പാലം ടെണ്ടർ ചെയ്യാൻ പോകുന്നു, എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചു. 100 കോടി രൂപയാണ് ചെലവ്. തൃപ്പൂണിത്തുറയുടെ മുഖച്ഛായ മാറ്റാൻ കഴിയുന്ന റോഡ് നവീകരണ പ്രവൃത്തിയായിരുന്ന വൈക്കം റോഡ്. വൈക്കം റോഡ് പദ്ധതി അംഗീകരിക്കപ്പെടുന്നത് 1991-ലാണ്. ഞാൻ അന്ന് 6-ാം ക്ലാസ് വിദ്യാർത്ഥിയാണ്. ഞാൻ 6-ാം ക്ലാസിൽ പഠിക്കുമ്പോൾ തൃപ്പൂണിത്തുറയുടെ വികസനത്തിനുവേണ്ടി വിഭാവനം ചെയ്ത ആ പദ്ധതി ഇന്നുവരെ യാഥാർത്ഥ്യമായിട്ടില്ല. അതാണ് കേരളത്തിന്റെ പ്രശ്നം. നാം മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ നമുക്ക് കഴിയാതെ പോകുന്നു. നമുക്ക് പണമില്ല; ഇപ്പോഴിതാ കിഫ്ബി വഴി 300 കോടി രൂപ അതിനുവേണ്ടി അനുവദിച്ചു. ആ റോഡിന്റെ ഇരുവശങ്ങളിലും ഏറ്റെടുക്കേണ്ട സ്ഥലം അളന്നുതിരിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇത് എന്റെ അനുഭവത്തിൽനിന്ന് പറഞ്ഞതാണ്. ബഹുമാന്യനായ പ്രമേയാവതാരകന്റെ അനുഭവത്തിലുള്ള കാര്യം അദ്ദേഹവും അറിയാതെ സൂചിപ്പിച്ചുപോയി. അദ്ദേഹത്തിന്റെ മണ്ഡലത്തിലും ഹിൽ ഹൈവേ പണി തുടങ്ങാൻ പോകുകയാണെന്നുള്ള കാര്യം. ബഹുമാന്യനായ മെമ്പർ, ഇതുതന്നെയാണ് കിഫ്ബിയുടെ നേട്ടം. കേരളം മാറുകയാണ്. മലയോര ഹൈവേ വരുന്നു, തീരദേശ ഹൈവേ വരുന്നു, നമ്മുടെ ക്ലാസ് മുറികൾ ഹൈടെക് ആയി മാറുന്നു, കേരളത്തിലെ ക്ലാസ് മുറികൾ 98 ശതമാനവും ഹൈടെക് ആയി മാറി, പാവപ്പെട്ടവന്റെ കുട്ടികൾ കമ്പ്യൂട്ടർ കാണുന്നു, പ്രൊജക്ടറിന്റെ സഹായത്തോടുകൂടി പഠിക്കുന്നു, ഡിജിറ്റൽ സ്ക്രീൻ കാണുന്നു. ഇതൊന്നും

നിങ്ങൾക്ക് ഇഷ്ടപ്പെടില്ല. കേരളം മാറുകയാണ്. ഇതാണ് നിങ്ങളെ അലോസരപ്പെടുത്തുന്നത്. കേരളം ഇങ്ങനെ മാറിക്കഴിഞ്ഞാൽ നിങ്ങളുടെ സ്ഥിതിയെന്താകുമെന്ന ആശങ്കയാണ് നിങ്ങളുടെ മുമ്പാകെയുള്ളത്.

ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ചെല്ലുന്നു. എന്താ ഇവിടെ പറഞ്ഞത്; എന്തൊക്കെ ആക്ഷേപങ്ങളാണ് നിങ്ങൾ കൊണ്ടുവന്നത്? കേരളത്തിലെ എന്നല്ല ഇൻഡ്യൻ സംസ്ഥാനത്തെ ഒരു മുഖ്യമന്ത്രിക്കും ഇതുവരെ ലഭിക്കാത്ത ആദരവും സ്വീകാര്യതയുമാണ് അവിടെ കിട്ടിയത്. അതിനെ ആക്ഷേപിച്ചുകൊണ്ട് ബഹുമാന്യനായ മുസ്ലീം ലീഗിന്റെ നേതാവ് മറ്റാർക്കും ഇങ്ങനെയൊരു ആവശ്യം വന്നില്ലായെന്ന് ഇവിടെ പറഞ്ഞു. നമ്മളൊക്കെ രാഷ്ട്രീയ പ്രവർത്തകരാണ്; പറയുന്നതിനൊക്കെ ഒരു പരിധി വേണ്ടേ? ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഒരു കാര്യം, ആന്ധ്രാപ്രദേശിന്റെ തലസ്ഥാനനഗരി വികസിപ്പിക്കാൻ ആന്ധ്രാപ്രദേശ് ഗവൺമെന്റ് ഇപ്പോൾ ഒരു കടപ്പത്രം പുറത്തിറക്കിയിട്ടുണ്ട്. അതിന്റെ പലിശ നിരക്ക് എത്രയാണെന്ന് മുസ്ലീം ലീഗിന്റെ നേതാവിന് അറിയുമോ; 10.5 ശതമാനമാണ്. ഈ യാഥാർത്ഥ്യം നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലേയ്ക്ക് പോകാൻ ആഗ്രഹമില്ലാത്തതുകൊണ്ടല്ല; ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലേയ്ക്ക് പോകാൻ കഴിയുംവിധം കുറ്റമറ്റ രീതിയിലുള്ള ഒരു പദ്ധതി ആവിഷ്കരിച്ചുകൊണ്ടുവരാൻ മറ്റു സംസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

ഡോ. എം. കെ. മുനീർ: സർ, സ്റ്റോക്ക് എക്സ്ചേഞ്ചുകളെക്കുറിച്ച് മാർക്സിസം പറഞ്ഞിട്ടുള്ളത് എന്താണെന്ന് അറിയാമോ?

ശ്രീ. എം. സ്വരാജ്: സർ, ഞാൻ ഈ പറഞ്ഞ കാര്യം പൂർത്തീകരിക്കുന്നതിന്റെ കൂട്ടത്തിൽ അങ്ങയുടെ ചോദ്യത്തിനുള്ള മറുപടിയും പറയാം. അങ്ങയുടെ ഉദ്ദേശ്യം മറുപടിയല്ലായെന്ന് എനിക്ക് മനസ്സിലായതുകൊണ്ടാണ്. ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ബഹുമാന്യനായ കേരള മുഖ്യമന്ത്രി പങ്കെടുക്കുന്ന പരിപാടിയുടെ സമയത്ത് മലയാളത്തിലെ പ്രമുഖ ചാനലായ മാതൃഭൂമി ടെലിവിഷൻ ചാനലിൽ എഴുതിക്കാണിച്ച വാർത്ത "പ്രധാനമന്ത്രി പിണറായി വിജയൻ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ" എന്നാണ്. അത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. അവർക്ക് പിശക് പറ്റിയതാണ്. അത് പിശക് പറ്റിയതാണെന്ന് എനിക്കുമറിയാം, നിങ്ങൾക്കുമറിയാം. പക്ഷേ പിശക് പറ്റുന്നതിന്റെ പിന്നിലുള്ള ഒരു ബോധമുണ്ട്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് പോലുള്ള ഒരിടത്ത് ഇത്തരമൊരു ചടങ്ങിൽ ഒരു മുഖ്യമന്ത്രി വരാനിടയില്ലായെന്നും അങ്ങനെ വരുന്നുണ്ടെങ്കിൽ അത് പ്രധാനമന്ത്രിയോ കേന്ദ്രമന്ത്രിയോ ആയിരിക്കുമെന്നുമുള്ള ഒരു ബോധം ആ വാർത്ത തയ്യാറാക്കിയ ആളെ സ്വാധീനിച്ചിട്ടുണ്ടാകുമെന്നും നിങ്ങൾ കരുതണം. നിങ്ങൾക്ക്

കുറച്ച് പ്രയാസമുണ്ടാകും. കാരണം കേരളത്തിന്റെ മുഖ്യമന്ത്രി അവിടെ പോയി ചടങ്ങിൽ പങ്കെടുത്തു. വല്ലാത്ത മനഃപ്രയാസം. ശ്രീ. നിതിൻ ഗഡ്കരി അവിടെ പോയ സമയത്ത് ആർക്കും ഒരു പ്രയാസവുമില്ല; ഞങ്ങളുടെ ഗഡ്കരി പോയാൽ ഞങ്ങൾക്ക് സന്തോഷം. നിങ്ങളുടെ പിണറായി പോയാൽ ഞങ്ങൾക്ക് പ്രയാസം; ഇതിന്റെ പേരാണ് കുശുമ്പ്, അസൂയ; കേരളം വളരുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രിക്ക് നല്ല ആദരവ് ലഭിക്കുന്നുണ്ട്. അദ്ദേഹം അന്താരാഷ്ട്ര വേദികളിൽ കേരളത്തിന്റ യശസ്സ് ഉയർത്തിപ്പിടിക്കുന്നുണ്ട്. അത് നിങ്ങൾക്ക് സഹിക്കുന്നില്ല; എന്തെല്ലാം സംശയങ്ങളുടെ പുകമറ സൃഷ്ടിക്കാനാണ് നിങ്ങൾ ശ്രമിച്ചത്. സി.ഡി.പി.ക്യൂ. നിക്ഷേപിച്ചത് നിങ്ങൾക്ക് ഇഷ്ടപ്പെട്ടില്ല. സി.ഡി.പി.ക്യൂ. എന്താണെന്ന് പ്രമേയാവതാരകനോ തുടർന്ന് സംസാരിച്ച അംഗങ്ങളോ പറയുന്നുണ്ടോയെന്ന് ഞാൻ ശ്രദ്ധിക്കുകയായിരുന്നു. ഇതൊരു തട്ടിപ്പ് കമ്പനിയാണ്, ഇതൊരു പ്രൈവറ്റ് കമ്പനിയാണ് എന്നൊക്കെ നിങ്ങൾക്ക് ആരോപണമുണ്ടോ; കനേഡിയൻ ഗവൺമെന്റിന്റെ പെൻഷൻ ഫണ്ടല്ലേ സി.ഡി.പി.ക്യൂ.; അതൊരു മോശപ്പെട്ട കമ്പനിയാണോ; കേരളത്തിലെ ജനങ്ങളോട് നിങ്ങൾ എന്ത് അന്യായമാണ് കാണിക്കുന്നത്; സി.ഡി.പി.ക്യൂ മസാല ബോണ്ടിൽ പണം നിക്ഷേപിച്ചുവെന്നത് കേരളത്തിന് അഭിമാനമാണ്. നിങ്ങൾ കരുതുന്ന രീതിയിലുള്ള കമ്പനിയല്ല. ലണ്ടനിലെ ഹീത്രൂ വിമാനത്താവളത്തിന്റെയും ആസ്ട്രേലിയയിലെ ബ്രിസ്ബെയിൻ തുറമുഖത്തിന്റെയും നിക്ഷേപകർ ആരായിരുന്നു; ന്യൂയോർക്കിലെ വാസകേന്ദ്ര പദ്ധതിയായ സ്റ്റുയിവെസന്റ് ടൗൺ ആരുണ്ടാക്കിയതാണ്; ഇന്ത്യയിൽ ആദ്യമായിട്ടാണോ സി.ഡി.പി.ക്യൂ വരുന്നത്; യു.പി.എ. ഗവൺമെന്റ് ഭരിക്കുമ്പോൾ ഈ രാജ്യത്തെ ഗവൺമെന്റ് പദ്ധതികളിൽ സി.ഡി.പി.ക്യൂ. നിക്ഷേപിച്ചിട്ടില്ലേ; നിങ്ങൾ ആ ചരിത്രത്തെ തള്ളിപ്പറയുകയാണോ; ഇവിടെ എത്ര കോടി രൂപയുടെ നിക്ഷേപം നടത്തിയിട്ടുണ്ട്? എൻ.ഐ.ഐ.എഫ് (നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്) 130 മില്ല്യൺ ഡോളറാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന് ശ്രീ. എ. എൻ. ഷംസീർ സൂചിപ്പിച്ചു. നമ്മുടെ രാജ്യത്ത് ആർ.ബി.ഐ.-യുടെ റെഗുലേഷൻ അനുസരിച്ച് പ്രവർത്തിക്കുന്ന എത്ര ധനകാര്യ സ്ഥാപനങ്ങളിൽ സി.ഡി.പി.ക്യൂ.-വിന്റെ നിക്ഷേപമുണ്ട്; എഡിൽവെയ്സ്, കൊട്ടക് ബാങ്ക്, ടി.വി.എസ് ലോജിസ്റ്റിക്സ്, അസ്യൂർ പവർ എന്നിവിടങ്ങളിലും സി.ഡി.പി.ക്യൂ.-വിന്റെ നിക്ഷേപമുണ്ട്. നിങ്ങൾക്ക് ഇങ്ങനെയൊരു കമ്പനിയെക്കുറിച്ച് പെട്ടെന്ന് ബോധോദയമുണ്ടായതാണോ? എസ്.എൻ.സി. ലാവ്ലിനിൽ നിക്ഷേപിച്ചു എന്നതാണ് നിങ്ങളുടെ ആക്ഷേപം. എസ്.എൻ.സി. ലാവ്ലിൻ സി.ഡി.പി.ക്യൂ. നിക്ഷേപിച്ചിട്ടുള്ള കാനഡയിലെ 775 കമ്പനികളിൽ ഒരു കമ്പനിയാണ്. ആ കമ്പനിയിൽ പണം നിക്ഷേപിച്ചപ്പോൾ ഇവർ പുകമറ സൃഷ്ടിക്കുകയാണ്. എസ്.എൻ.സി. ലാവ്ലിൻ എന്നുപറഞ്ഞാൽ ഞങ്ങളുടെ മുട്ട് വിറച്ചുപോകുമെന്നാണോ നിങ്ങൾ കരുതിയത്? കേരളത്തിലുൾപ്പെടെയുള്ള എസ്.എൻ.സി. ലാവ്ലിന്റെ പ്രവർത്തന ഭൂതകാലത്തെ തള്ളിപ്പറയാൻ നിങ്ങൾക്ക്

സാധിക്കുമോ? ഇടുക്കി അണക്കെട്ടിന്റെ പവർ ഹൗസിൽ എസ്.എൻ.സി. ലാവ്‌ലിന്റെ മേധാവിയായ ക്രോസ് ടെന്റലും നിങ്ങളുടെ നേതാവും പ്രധാനമന്ത്രിയുമായിരുന്ന ഇന്ദിരാഗാന്ധിയും ഒരുമിച്ച് നിൽക്കുന്ന ചിത്രം ഫ്രെയിം ചെയ്ത് ഇപ്പോഴും തൂക്കിയിട്ടുണ്ട്. അതൊക്കെ തകർത്ത് കളയാൻ കഴിയുമോ? എസ്.എൻ.സി. ലാവ്‌ലിനുമായി ബന്ധപ്പെട്ട് നിങ്ങൾ ഉയർത്തിക്കൊണ്ടുവന്ന ഒരു കള്ളക്കേസുണ്ട്. ആ കള്ളക്കേസിനെക്കുറിച്ച് ബഹുമാന്യനായ അരുവിക്കര എം.എൽ.എ. സാന്ദർഭികമായെങ്കിലും ഇവിടെ പരാമർശിച്ചത് കാലത്തിന്റെ കാവ്യനീതിയാണെന്ന് ഞാൻ കരുതുന്നു. അത് ആരോപണമല്ല, നിങ്ങൾ തട്ടിക്കൂട്ടിയുണ്ടാക്കിയ കള്ളക്കേസാണെന്നാണ് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ ഓർമ്മിപ്പിക്കുന്നത്. നിങ്ങളുടെ രാഷ്ട്രീയ താൽപ്പര്യം സംരക്ഷിക്കാനായി ആ കള്ളക്കേസിൽ നിങ്ങളുടെ സി.ബി.ഐ. തയ്യാറാക്കിയ റിപ്പോർട്ടിന്റെ ആദ്യഭാഗത്ത് 'There is a criminal conspiracy. The conspiracy hatched on 1995....' പിന്നെ ഒരാളുടെ പേര് പറഞ്ഞിട്ട് അയാളാണ് ഈ ഗൂഢാലോചനയുടെ സ്ഥാപകനെന്നും പറയുന്നുണ്ട്. അതങ്ങ് മറന്നുപോകരുത്. ഇത് എന്റെ ആരോപണമല്ലെന്ന് വീണ്ടും ഞാൻ പറയുന്നു. നിങ്ങൾ തട്ടിക്കൂട്ടിയുണ്ടാക്കിയ കള്ളക്കേസിൽ സി.ബി.ഐ. എഴുതിയ റിപ്പോർട്ടിൽ അവർ പോലും ശ്രദ്ധിക്കാതെ വന്നുപോയൊരു കാര്യമാണിത്. അതൊക്കെയിട്ട് അലക്കി അനാവശ്യ കാര്യങ്ങൾ ഇപ്പോൾ ചർച്ചയിലേയ്ക്ക് കൊണ്ടുവരാനിടയായത് അങ്ങയുടെ തന്നെ അനുചിതമായ പരാമർശമാണെന്ന് മാത്രം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എസ്.എൻ.സി. ലാവ്‌ലിനിൽ സി.ഡി.പി.ക്യൂ. പണം നിക്ഷേപിച്ചാൽ ആകാശം ഇടിഞ്ഞുവീഴുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതിനിടയിൽപ്പോയി അബദ്ധത്തിൽ ചാടുകയാണ് ചെയ്തത്. അല്ലെങ്കിൽ അദ്ദേഹം ആലോചിക്കാതെ ഒരു യുവമോർച്ചാ നേതാവിന്റെ ആരോപണം ഏറ്റുപിടിച്ചതാണ്. ഞങ്ങളൊക്കെ ബഹുമാനത്തോടെയാണ് പ്രതിപക്ഷനേതാവിനെ കാണുന്നത്. അങ്ങയെപ്പോലെ ഉയർന്ന ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്ന ഒരാൾ ഉത്തരവാദിത്തരഹിതമായ ഇത്തരം ആരോപണങ്ങളിൽപ്പെടാൻ പാടില്ലാത്തതായിരുന്നു. എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയുടെ ഡയറക്ടർ ശ്രീ. എറിക് സ്വീഗൽ തിരുവനന്തപുരത്തുവന്ന് ചർച്ച നടത്തിയെന്നാണ് പറഞ്ഞത്. എന്തൊരു പുകമറയാണുണ്ടാക്കുന്നത്; യഥാർത്ഥത്തിൽ സി.ഡി.പി.ക്യൂ. ഡയറക്ടർ ശ്രീ. എറിക് ലെമിക്സാണ് (Eric Lemieux) വന്നത്. എറിക് ലെമിക്സ് വന്നതിനെ എറിക് സ്വീഗൽ എന്ന് ആരോ അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചു. പേരിലുള്ളൊരു സാദൃശ്യമാണ്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയോട് എനിക്ക് വിമർശനമുണ്ടെങ്കിൽ കോഴിക്കോട് അങ്ങാടിയിലെ രമേശൻ നായരുടെ പേരിലുള്ള ആരോപണം വിളിച്ചുപറഞ്ഞാൽ മതിയാകുമോ; അങ്ങനെയാരെങ്കിലും തെറ്റിദ്ധരിപ്പിച്ചാൽ ഞാൻ നിന്നുകൊടുക്കാൻ പാടുണ്ടോ; യാഥാർത്ഥ്യങ്ങളല്ലേ നമ്മുടെ മുമ്പിലുള്ളത്. സി.ഡി.പി.ക്യൂ.-വിന് എസ്.എൻ.സി. ലാവ്‌ലിനുള്ള നിക്ഷേപത്തിന്റെ തോത് എത്രയാണ്? ക്യൂബെക് സെക്യൂരിറ്റീസ് നിയമപ്രകാരം ഒരു കമ്പനിയുടെ താൽപ്പര്യങ്ങളിൽ

നിയന്ത്രണമുണ്ടെന്ന് കരുതാവുന്ന ശതമാനം നിക്ഷേപം അവർക്കില്ല. വേണമെങ്കിൽ അവർക്കുണ്ടാക്കാമായിരുന്നു. ഒരു ശതമാനം കൂടിയുണ്ടാക്കിയാൽ ആ ശതമാനത്തിലെത്തും. പക്ഷെ അവർ അതിന് നിന്നിട്ടില്ല. അതിനർത്ഥം എന്താണ്? സി.ഡി.പി.ക്യു. കമ്പനി നടത്താൻ ഉദ്ദേശിക്കുന്നവരോ കമ്പനി താൽപ്പര്യങ്ങളിൽ ഇടപെടാൻ ആഗ്രഹിക്കുന്നവരോ അല്ല. അവർ അവരുടേതായ പണം ലാഭകരമായി നിക്ഷേപിക്കുക മാത്രമാണ് ചെയ്യുന്നത്. അതല്ലാതെ എസ്.എൻ.സി. ലാവ്‌ലിൻ എന്നുപറഞ്ഞ് ആരും പേടിപ്പിക്കാൻ നോക്കണ്ട. എസ്.എൻ.സി. ലാവ്‌ലിൻ എന്ന കുപ്രസിദ്ധമായ കേസായാലും ഇനിയും ചർച്ച ചെയ്യാൻ ഞങ്ങൾ സന്നദ്ധമാണ്. അതൊന്നും പറഞ്ഞ് കേരളത്തിന്റെ മുമ്പോട്ടുള്ള പ്രയാണത്തെ തടസ്സപ്പെടുത്തുന്ന സമീപനം ശരിയല്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷത്തെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

മറ്റൊന്ന്, പലിശ നിരക്കിനെ സംബന്ധിച്ചുള്ളതാണ്. ഇതിനെ സംബന്ധിച്ച് ഇവിടെ പ്രസംഗിച്ചിട്ടുള്ള ആളുകൾ കുറെയേറെ കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ട്. ഇതിലും കുറഞ്ഞ നിരക്കിൽ മെട്രോയ്ക്ക് പണം എടുത്തിട്ടുണ്ടല്ലോ; മെട്രോയ്ക്ക് നിങ്ങൾ മാത്രമല്ല ഞങ്ങളും പണം എടുത്തിട്ടുണ്ടല്ലോ. വാട്ടർ മെട്രോയ്ക്ക് കുറഞ്ഞ പലിശ നിരക്കിൽ പണം എടുത്തിട്ടില്ലേ? വൈദേശിക രാജ്യങ്ങളുമായി അത്തരം ധനവിനിമയത്തിലേർപ്പെടുന്ന സമയത്തെല്ലാം ഡോളറിലോ യൂറോയിലോ ആണ് ഇത് കണക്കാക്കുന്നതെന്നും വർഷങ്ങൾ കഴിഞ്ഞ് തിരിച്ചടയ്ക്കേണ്ടിവരുന്ന സമയത്ത് ഇന്ത്യൻ രൂപയുടെ മൂല്യം സമീപ ഭൂതകാല ഇന്ത്യൻ സാമ്പത്തിക അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കുത്തനെ താഴേയ്ക്ക് ഇടിഞ്ഞുവരുമെന്നും അങ്ങനെ വരുന്ന സമയത്തുണ്ടാകുന്ന അധിക ബാദ്ധ്യത കണക്കാക്കാതെയാണ് ഈ ആരോപണം ഉന്നയിക്കുന്നതെന്നും എന്നാൽ മസാല ബോണ്ടിന്റെ കാര്യത്തിൽ ഇന്ത്യൻ രൂപയിലാണ് വിനിമയങ്ങൾ കണക്കാക്കുന്നതെന്നുമുള്ള വ്യത്യാസം എന്തുകൊണ്ടാണ് നിങ്ങൾ കാണാതിരിക്കുന്നത്? ആന്ധ്രാപ്രദേശിൽ അമരാവതിയുടെ വികസനത്തിന് വായ്പയെടുക്കുന്നതിലെ പലിശ നിരക്കിന്റെ കാര്യം ഞാൻ സൂചിപ്പിച്ചു. കേരളം കഴിഞ്ഞ രണ്ട് കൊല്ലം മുമ്പുവരെ നാഷണൽ സേവിംഗ്സ് ബാങ്കിൽ നിന്നും 9 മുതൽ 11 ശതമാനം വരെ പലിശ നിരക്കിൽ വായ്പയെടുത്തിട്ടില്ലേ? പലിശ നിരക്കിന്റെ കാര്യത്തിൽ ഇത്തരത്തിലുള്ള പുകമറ സൃഷ്ടിക്കുന്നതിന് വസ്തുതകളുടെ പിൻബലമില്ലെന്ന് ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

ബഹുമാന്യനായ മുസ്ലീം ലീഗ് നേതാവ് മാർക്സിസത്തെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. മാർക്സിസത്തെ സംബന്ധിച്ച് അദ്ദേഹം മാത്രമല്ല തുടങ്ങിയത്. മുസ്ലീം ലീഗ് മാത്രം അതിനെക്കുറിച്ച് കാര്യമായിട്ടൊന്നും പറയില്ല. ഞാൻ ഇപ്പോൾ അതിനെക്കുറിച്ച് കമന്റ് പറയുന്നില്ല. അവരെക്കുറിച്ച് എന്ത് പറഞ്ഞാലും അവർക്ക് പ്രയാസമാണ്. ബഹുമാന്യനായ മുല്ലക്കര രത്നാകരൻ മാർക്സിസത്തെക്കുറിച്ച് ഒറ്റവാക്കിൽ പറഞ്ഞു. അന്ധൻ ആനയെ

കാണുന്നതുപോലെ ദയവായി മാർക്സിസത്തെ സമീപിക്കരുതെന്ന്. 'മാനുഷികമായതൊന്നും എനിക്ക് അന്യമല്ല' എന്ന് കാറൽ മാർക്സ് ഒരിക്കൽ പറഞ്ഞു. സാമൂഹ്യ വികാസത്തിനും വളർച്ചയ്ക്കുംവേണ്ടി തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിൽ എല്ലാ സാധ്യതകളെയും പ്രയോജനപ്പെടുത്തുകയെന്ന നിലയിലാണ് ആദ്യന്തം ലോക രാജ്യങ്ങളിലാകെ ഇടതുപക്ഷ സ്വഭാവമുള്ള ഗവൺമെന്റുകൾ മുന്നോട്ടുപോയിട്ടുള്ളത്. അതിൽ പോരായ്മകൾ സംഭവിച്ചിട്ടുണ്ടാകാം, മുന്നോട്ട് പോയിട്ടുണ്ടാകാം. ഞങ്ങൾ അന്ധവിശ്വാസികളോ ഒരു മതത്തെപ്പോലെ മാർക്സിസത്തെ കാണുന്നവരോ അല്ല. ഞാൻ തുടക്കത്തിൽ കാറൽ മാർക്സ് പരാമർശിച്ച കാര്യം പറഞ്ഞത് ലീഗ് നേതാവ് ശ്രദ്ധിക്കാത്തതാണെന്ന് തോന്നുന്നു. 'My theory is not a dogma' - എന്റെ സിദ്ധാന്തം മൂഢവിശ്വാസമല്ല എന്നാണ് കാറൽ മാർക്സ് പറഞ്ഞത്. പുതിയ വാതിലുകൾപ്പുറമുള്ള ലോകങ്ങളിലേയ്ക്ക് കടക്കാനുള്ള ധീരതയും ഊർജ്ജവും പ്രചോദനവുമാണ് മാർക്സിസം ഞങ്ങൾക്ക് പകർന്ന് നൽകുന്നത്. ഞങ്ങൾ എല്ലാ സാധ്യതകളെയും ഉപയോഗിക്കും. ഇന്നലെ വരെ കണ്ട കേരളമായിരിക്കില്ല രണ്ട് വർഷം കഴിഞ്ഞാൽ കാണുന്ന കേരളം. നമുക്ക് ഒരുപാട് പുതിയ സൗകര്യമുള്ള റോഡുകൾ, പാലങ്ങൾ, പുതിയ വ്യവസായ പാർക്കുകൾ, ലോകോത്തര നിലവാരമുള്ള സ്കൂളുകൾ, ആശുപത്രികൾ, ചികിത്സാ സൗകര്യങ്ങൾ ഇതെല്ലാം വരും. ഇതിനെല്ലാം നിങ്ങളും നിങ്ങളുടെ പടം വച്ച് ഫ്ലക്സ് അടിക്കുന്നുണ്ട്. ഇവിടെ പ്രമേയാവതാരകന്റെയും ചർച്ച ചെയ്തവരുടെയുമെല്ലാം മുഖം വച്ച ഫ്ലക്സുകൾ മണ്ഡലത്തിലെ പല ഭാഗങ്ങളിലും ഇരിക്കുന്നുണ്ട്.

ഡോ. എം. കെ. മുനീർ: അത് എ. കെ. ജി. സെന്ററിൽ നിന്നും നൽകുന്ന പണമല്ലല്ലോ?

ശ്രീ. എം. സ്വരാജ്: സർ, അങ്ങയെപ്പോലെ ബഹുമാന്യനായ നേതാവ്, മുതിർന്ന ഒരംഗം അസഹിഷ്ണുതയിൽ പതറിപ്പോകുമെന്ന് ഞാൻ കരുതിയതേയില്ല. എന്റെ വിമർശനമെന്തായിരുന്നു? അങ്ങ് ചൂണ്ടിക്കാണിച്ചതിലും വസ്തുതാപരമായ പിശകുണ്ട്. അങ്ങ് പറഞ്ഞതുകൊണ്ട് മാത്രം അതുകൂടി സൂചിപ്പിക്കുകയാണ്. ഓരോ കാലത്തും വിവിധ മണ്ഡലങ്ങളിൽ............ . (ബഹളം )..............

മി. സ്പീക്കർ: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ തുടക്കം മുതൽ സ്വീകരിച്ച സമീപനം ഏത് പ്രതിപക്ഷാംഗം എന്നോട് വഴങ്ങുമോയെന്ന് ചോദിച്ചാലും ഞാൻ വഴങ്ങാറുണ്ട്. .......(ബഹളം )..............

മി. സ്പീക്കർ: നിങ്ങൾ ഇടയ്ക്കിടെ എന്നെ ഭീഷണിപ്പെടുത്തണ്ട, എല്ലാത്തിനും ഒരു പരിധിയുണ്ട്. ഡോ. എം. കെ. മുനീർ എഴുന്നേറ്റ് നിന്ന് ആവശ്യപ്പെട്ടപ്പോഴല്ല ... (ബഹളം)... അദ്ദേഹം പ്രതിപക്ഷ ഉപനേതാവാണ്. ഇവിടെ ആർക്കും അധികസമയം നൽകിയിട്ടില്ല. ഇവിടെ ആരോടും പക്ഷപാതം കാണിക്കുന്നില്ല, മര്യാദയേ കാണിക്കാറുള്ളൂ. എന്നെ മര്യാദ പഠിപ്പിക്കണ്ട. നിങ്ങൾ കൈതമുള്ളിന്റെ

സ്വഭാവമെടുക്കരുത്. അദ്ദേഹത്തിന് വഴങ്ങിയാലും കുഴപ്പം, വഴങ്ങിയില്ലെങ്കിലും കുഴപ്പം. അങ്ങ് പ്രസംഗം അവസാനിപ്പിക്കൂ.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ കൂടുതൽ സമയമെടുക്കാനോ പ്രകോപനം സൃഷ്ടിക്കാനോ ശ്രമിക്കുന്നില്ല. മുൻകാലങ്ങളിലുള്ള എന്റെ നിയമസഭാ പ്രസംഗങ്ങൾ പരിശോധിച്ചാൽ കൃത്യസമയത്ത് പ്രസംഗം അവസാനിപ്പിക്കുന്ന ആളാണ് ഞാൻ എന്ന് മനസ്സിലാകും. ഈ പ്രസംഗം ആരംഭിച്ചതുമുതൽ ഏത് പ്രതിപക്ഷാംഗം ചോദിച്ചാലും ഞാൻ വഴങ്ങുമെന്ന് പറഞ്ഞിട്ടുണ്ട്. പ്രതിപക്ഷ ഉപനേതാവ് ചോദിച്ചു ഞാൻ വഴങ്ങിയതാണ്. അതിന് മറുപടിയും പറഞ്ഞു.

മി. സ്പീക്കർ: പ്ലീസ്....... കൺക്ലൂഡ്.....

ശ്രീ. എം. സ്വരാജ്: ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു. അദ്ദേഹം ചോദിച്ചതുകൊണ്ടുമാത്രം ഞാൻ പറയുന്നു. അങ്ങ് സൂചിപ്പിച്ചതിൽ വസ്തുതാപരമായ പിശകുണ്ട്. മുൻകാലങ്ങളിലെല്ലാം വിവിധ മണ്ഡലങ്ങളിൽ എം.എൽ.എ.മാർക്ക് ഫണ്ട് അനുവദിക്കുന്നതുപോലെയല്ല ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. മുൻകാലങ്ങളിൽ എല്ലാ മണ്ഡലങ്ങളിലും ഒരുപോലെയായിരുന്നില്ല, ഉച്ചനീചത്വമുണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിൽ ഫണ്ട് അനുവദിച്ചിരുന്നില്ല എന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കിഫ്ബി വഴിയുള്ള വികസനപ്രവർത്തനത്തെ മണ്ഡലത്തിൽ ആഘോഷിക്കുന്നവർ കിഫ്ബിയെ എതിർക്കുന്നു. ആ വൈരുദ്ധ്യം മാത്രമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അങ്ങ് ദേഷ്യപ്പെടരുത് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇത്തരത്തിൽ തെറ്റിദ്ധരിക്കരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് എഴുന്നേറ്റ് നിന്ന് ചോദ്യം ചോദിച്ചപ്പോൾ ഞാൻ അതിനെ തടസ്സപ്പെടുത്തിയിട്ടില്ല. അദ്ദേഹം ചോദിച്ചതുകൊണ്ടാണ്. അത് ഒരു പ്രതിപക്ഷ ഉപനേതാവിനോട് കാണിക്കുന്ന മര്യാദയാണ്. എത് സമയത്തും പ്രതിപക്ഷ ഉപനേതാവ് എഴുന്നേറ്റ് സംസാരിക്കാൻ സമയം ചോദിച്ചാൽ കൊടുക്കാറുണ്ട്. അദ്ദേഹത്തിന് ചോദ്യം ചോദിക്കാം എന്നാൽ അതിന് മറുപടി പറയാൻ പാടില്ല എന്നാണോ നിങ്ങൾ പറയുന്നത്......(ബഹളം)......... ആരോടും ഒരു പക്ഷപാതവും ഇവിടെ കാണിക്കാറില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എന്താണ് മസാല ബോണ്ട്? നരേന്ദ്ര മോദി ഗവൺമെന്റ് ആവിഷ്കരിച്ച ഒരു നവലിബറൽ സമീപനത്തിന്റെ ഭാഗം തന്നെയാണ് മസാല ബോണ്ട്. 2015-ൽ ലണ്ടനിലെ ഡൗൺസ്ട്രീറ്റ് പ്രസംഗത്തിലാണ് ആദ്യമായി മസാല ബോണ്ടിനെ സംബന്ധിച്ച്

ശ്രീ. നരേന്ദ്ര മോദി പ്രഖ്യാപനം നടത്തുന്നത്. ആ പ്രഖ്യാപനത്തെ അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി സ്വാഗതം ചെയ്യുകയുണ്ടായി. നമ്മുടെ രാജ്യത്ത് ഇന്ത്യൻ രൂപയിൽത്തന്നെ കടപ്പത്രങ്ങൾ ഇറക്കി പണം സമാഹരിക്കുന്ന ഈ മസാല ബോണ്ടിനെ സംബന്ധിച്ചിടത്തോളം ധാരാളം വിവാദങ്ങൾ പുറത്തുവന്നിരിക്കുന്ന ഒരു കാലഘട്ടമാണ്. ഇന്ത്യൻ റെയിൽവേയിൽ പൂർണ്ണമായി വിദേശനിക്ഷേപം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചതിനോടൊപ്പമാണ് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഇത്തരം ഒരു മസാല ബോണ്ടിന്റെ പ്രഖ്യാപനം ശ്രീ. നരേന്ദ്ര മോദി നടത്തിയത്. അതിനെത്തുടർന്ന് ഇന്ത്യയിലെ മിക്കവാറും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യവത്കരിക്കാനുള്ള നീക്കമാണ് ശ്രീ. നരേന്ദ്ര മോദി 2015-നുശേഷം വ്യക്തമായി നടത്തിയത്. ആ നയങ്ങൾക്ക് കുടപിടിക്കുന്ന സമീപനം സ്വീകരിക്കുന്നത് ശരിയാണോ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. ഇക്കാര്യത്തിൽ ഒരു സമീപനം ഞങ്ങൾക്കുണ്ട്. ഗ്ലോബലൈസേഷന്റെയും ലിബറലൈസേഷന്റെയും കാര്യത്തിൽ ഞങ്ങൾക്കും നിങ്ങൾക്കും ഒരു സമീപനമുണ്ടായിരുന്നു. അതിനെയെല്ലാം എതിർത്തവരാണ് നിങ്ങൾ. പാർട്ടി കോൺഗ്രസ്സിനകത്താണെങ്കിലും പുറത്താണെങ്കിലും അതിനെ ശക്തമായി എതിർത്ത് നവലിബറൽ സമീപനങ്ങൾക്കെതിരായി നിലപാട് സ്വീകരിച്ച ഒരു പാർട്ടിയുടെ ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് ചർച്ച വരില്ല. ഇവിടെ റീസ്ട്രക്ച്ചറിംഗ് എന്ന ഓമനപ്പേരിൽ വൻകിട പൊതുമേഖലാ സ്ഥാപനങ്ങളെ ബി.ജെ.പി. ഗവൺമെന്റ് സ്വകാര്യവൽക്കരിച്ചുകൊണ്ട് നടത്തിയ ഭ്രാന്തൻ നടപടിയുടെ ഭാഗമായിരുന്നു ഈ മസാല ബോണ്ട്. ആ ബോണ്ടിനെയാണ് ബി.ജെ.പി. ഗവൺമെന്റ് പോലും സ്വീകരിക്കാത്ത ആവേശത്തോടെ ഇവിടത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വാരിപ്പുണരുന്നതെന്നുള്ളത് ചരിത്രത്തിലെ ഏറ്റവും വലിയ അപചയമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ കോൺഗ്രസ്സിന്റെ ഉദാരവൽക്കരണ നയങ്ങളെ നഖശിഖാന്തം എതിർക്കുന്ന, കോൺഗ്രസ്സുമായി ഞങ്ങൾക്കുള്ള അഭിപ്രായവ്യത്യാസം അതാണെന്നാണ് നിങ്ങൾ എപ്പോഴും പറയുന്നത്. ഈ നയങ്ങളെ നഖശിഖാന്തം, ഇതപര്യന്തം എതിർത്ത ഒരു പാർട്ടിയുടെ ഗവൺമെന്റ് ആ നയങ്ങൾ പിന്തുടരുമ്പോൾ ഇടയ്ക്കിടെ ഞങ്ങൾ ബദൽ, ബദൽ എന്ന് പറഞ്ഞതുകൊണ്ടായില്ല. ഒരു ബദൽ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞിട്ടില്ല. ഇടയ്ക്കിടെ ബദൽ സമീപനം, ബദൽ സാമ്പത്തിക നയം എന്ന് നിങ്ങൾ പറയുകയും അതിന്റെ മറവിൽ ഉദാരവൽക്കരണത്തെ വാരിപ്പുണരുകയും ചെയ്യുന്ന കാഴ്ചയാണ് മസാല ബോണ്ടിലൂടെ നിങ്ങൾ ചെയ്തിട്ടുള്ളത്. എനിക്ക് വളരെ വിഷമമുണ്ട്. പ്രതിപക്ഷ നേതാവെന്ന നിലയിൽ ഈ വിഷയം പൊതുസമൂഹത്തിൽ ഞാൻ ആദ്യമായി

ഉന്നയിച്ചപ്പോൾ അതിന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത പ്രതികരണങ്ങളാണുണ്ടായത്. ഞാൻ വിഡ്ഢിയാണ്, മണ്ടനാണ്. അദ്ദേഹത്തിന്റെ ഫെയ്സ്ബുക്ക് പോസ്റ്റുകൾ പരിശോധിച്ചാൽ ഒരു പ്രതിപക്ഷ നേതാവിനെതിരെ ഒരു ധനകാര്യ വകുപ്പുമന്ത്രി പറയാൻ പാടില്ലാത്ത വാചകങ്ങൾ ധാരാളം വന്നു. ഞാൻ കയറിൽ ഡോക്ടറേറ്റ് എടുത്തിട്ടില്ലെന്നേയുള്ളൂ. ഞാൻ ഇക്കണോമിക്സിൽ ബിരുദധാരി തന്നെയാണ്. എന്നെ സാമ്പത്തികശാസ്ത്രം പഠിപ്പിക്കാമെന്ന് പറഞ്ഞു. അതൊക്കെ ഞാൻ വിട്ടുകളയുകയാണ്. വളരെ നിലവാരമില്ലാത്ത മറുപടിയാണ് അദ്ദേഹം എനിക്ക് നൽകിയത്. ഇവിടെ മസാല ബോണ്ട് വിൽക്കുന്നതിനെപ്പറ്റി കേരളത്തിലെ പ്രതിപക്ഷം അറിയണ്ടേ; കേരളത്തിലെ ജനങ്ങൾ അറിയണ്ടേ; ക്യാബിനറ്റ് അറിയണ്ടേ; ഇടതുമുന്നണി അറിയണ്ടേ; നിയമസഭ അറിയണ്ടേ; ഇത്രയും വലിയ രീതിയിൽ ഒരു സാമ്പത്തിക ബുദ്ധിമുട്ട് കേരളത്തിലുണ്ടാകുമ്പോൾ അത് ഞങ്ങളാരും അറിയണ്ടേ? ഇവിടെ സൂചിപ്പിച്ചതുപോലെ ഏതാനും ആളുകൾ ചേർന്ന്, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയും കിഫ്ബിയുടെ സി.ഇ.ഒ.യും ഉൾപ്പെടെ മൂന്നോ നാലോ പേർ മാത്രമിരുന്ന് തീരുമാനിക്കേണ്ട പ്രധാനപ്പെട്ട കാര്യമാണോ ഇത്? കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? കേരളത്തിന്റെ ഇപ്പോഴത്തെ മൊത്തം കടം 2,37,265.78 കോടി രൂപയാണ്. യു.ഡി.എഫ്. അധികാരമൊഴിയുമ്പോൾ 1,57,370.33 കോടി രൂപയായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മൂന്നുവർഷം കൊണ്ട് വരുത്തിവച്ച കടമെത്രയാണ്; 79,895.45 കോടി രൂപ. മൂന്ന് വർഷമേ ആയിട്ടുള്ളൂ. കേരളത്തിലെ ജനങ്ങളെ വൻതോതിലുള്ള കടബാധ്യതയിലേയ്ക്ക് തള്ളിവിടുന്ന ഒരു കാര്യം നിങ്ങൾ ഏറ്റെടുക്കുമ്പോൾ അത് ഞങ്ങൾ അറിയേണ്ട ബാധ്യതയില്ലേ; പ്രതിപക്ഷം അറിയണ്ടേ; ഗവൺമെന്റ് ചെയ്യുന്ന നടപടികൾ ജനങ്ങൾ അറിയണ്ടേ? ആ കാര്യം ഞങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ വസ്തുതാപരമായി മറുപടി പറയാൻ നിങ്ങൾക്ക് കഴിയുന്നില്ലല്ലോ? മസാല ബോണ്ടുമായി ബന്ധപ്പെട്ട് ഞാൻ പുറത്തുകൊണ്ടുവന്ന ഓരോ കാര്യങ്ങൾക്കും എന്തുകൊണ്ട് ഗവൺമെന്റ് മറുപടി പറഞ്ഞില്ല. ഞങ്ങൾ 2150 കോടി രൂപ എടുക്കാൻ പോകുന്നു. ഇന്നയിന്ന കാര്യങ്ങളാണ് ഞങ്ങൾ ചെയ്യുന്നത്; എന്തിനാണ് ഇത്ര ദുരൂഹത; എന്തിനാണ് ഇത്ര രഹസ്യമായ നടപടികൾ; എന്തിനാണ് ഇതെല്ലാം മറച്ചുവയ്ക്കുന്നത്.

ഓരോ ഘട്ടത്തിലും നാല് കള്ളങ്ങൾ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ഒന്ന്, സി.ഡി.പി.ക്യൂ.-വിന് എസ്.എൻ.സി.ലാവ്‌ലിനുമായി യാതൊരു ബന്ധവുമില്ല. ഞാൻ ആധികാരകമായി പറയുന്ന എന്റെ കൈവശം രേഖയുണ്ട്. 20 ശതമാനം ഷെയർ എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയിൽ സി.ഡി.പി.ക്യൂ.-വിനുണ്ട്. ഞാൻ

അത് പറഞ്ഞപ്പോൾ വൈകുന്നേരം ഫെയ്സ്ബുക്ക് പോസ്റ്റിൽ നേരിയ ബന്ധമുണ്ടെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ലാവ്‌ലിനുമായി ബന്ധമുണ്ടെന്ന് പിന്നീട് സമ്മതിച്ചു.

രണ്ട്, മസാല ബോണ്ടിന് ചെറിയ പലിശയേ ഉള്ളൂവെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ഏറ്റവും ചെറിയ പലിശയ്ക്കാണ് വാങ്ങുന്നതെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി തിരൂരിലെ പൊതുയോഗത്തിൽ പറഞ്ഞു. പക്ഷേ ഞാൻ അതിന്റെ വ്യക്തമായ കണക്കുകൾ പറഞ്ഞു 9.723% എന്നത് കൊള്ളപ്പലിശയാണ്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മസാല ബോണ്ടിനു വേണ്ടി ലിസ്റ്റ് ചെയ്തിരിക്കുന്ന കമ്പനികളുടെ കാര്യം ഇവിടെ ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞു. 9.723 ശതമാനം കൊള്ളപ്പലിശ മസാല ബോണ്ടിനുവേണ്ടി കിഫ്ബി കൊടുത്തതാണ്. 2150 കോടി രൂപയുടെ പലിശ മാത്രം എത്രയുണ്ടാകും; 1045 കോടി രൂപ പലിശ മാത്രമാണ്. മൊത്തമുള്ള പലിശയുടെ കണക്കാണിത്.

മൂന്ന്, പ്രൈവറ്റ് പ്ലെയ്സ്മെന്റ് എന്ന കാര്യം മറച്ചുവച്ചു. ഇത് പ്രൈവറ്റ് പ്ലെയ്സ്മെന്റ് എന്ന് ഞാൻ പറഞ്ഞ കാര്യം മറച്ചുവച്ചു. അതിന് രേഖയുണ്ട്. നിങ്ങൾ കാനഡയിലെ ക്യുബെക് പ്രവിശ്യയിൽ ഈ ബോണ്ട് പ്രൈവറ്റ് പ്ലെയ്സ്മെന്റായി വച്ചിരിക്കുന്നു. ധനകാര്യ വകുപ്പുമന്ത്രി എന്നെപ്പറ്റി പറഞ്ഞതെന്താണ്; വിവാദമുണ്ടാക്കുന്നവർക്ക് പ്രൈവറ്റ് ഇഷ്യൂവും പബ്ലിക് ഇഷ്യൂവും തമ്മിലുള്ള വ്യത്യാസമറിയില്ലെന്നാണ്. പ്രൈവറ്റ് ഇഷ്യൂവിൽ മാത്രമേ വിലപേശി പലിശയും മറ്റും തീരുമാനിക്കൂ. പബ്ലിക് ഇഷ്യൂവിൽ ആകട്ടെ ഷെയർ ആണെങ്കിലും ക്ലിയറിംഗ് ഹൗസ് വഴിയാണ് നടത്തുന്നത്. എന്തിനാണ് സി.ഡി.പി.ക്യൂ.വിന്റെയും ലാവ്‌ലിൻ കമ്പനിയുടെയും ഉദ്യോഗസ്ഥർ കേരളത്തിൽ വന്നത്; അവർ ആരുമായി ചർച്ച നടത്തി; ആരോടൊക്കെ ചർച്ച നടത്തി; എന്തിനാണ് അവർ വന്നത്; ക്ലിയറിംഗ് ഹൗസ് വഴിയല്ല ഈ ബോണ്ട് തീരുമാനിക്കപ്പെട്ടത്. ലാവ്‌ലിൻ കമ്പനിയുടെയും സി.ഡി.പി.ക്യൂ.-വിന്റെയും ഉദ്യോഗസ്ഥർ ഇവിടെ വന്ന് താജ് വിവാന്തയിൽ താമസിച്ച് ചർച്ച നടത്തിയത് ആരോടൊക്കെയാണ്; ആ ചർച്ചയുടെ ഫലമായി എന്തുണ്ടായി; ഇതെല്ലാം ജനങ്ങൾക്കറിയാൻ താൽപ്പര്യമില്ലേ; എന്തിനാണ് ഇത് മറച്ചുവയ്ക്കുന്നത്; പേര് തെറ്റിയെന്ന് ശ്രീ. എം. സ്വരാജ് പറഞ്ഞത് ശരിയാണ്. ഞാൻ ഈ വിവരം പറഞ്ഞപ്പോഴാണ് അതിനെപ്പറ്റി പിന്നീട് മറുപടി വന്നത്. അതും മറച്ചുവച്ചു. കാനഡയിലെ ക്യുബെക് പ്രവിശ്യയിൽ പ്രൈവറ്റായി ഇഷ്യൂ ചെയ്ത് എല്ലാ കരാറും ഉറപ്പിച്ച് ബോണ്ട് വിറ്റശേഷമാണ് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പബ്ലിക്കായി ലിസ്റ്റ് ചെയ്യുന്നത്. നമ്മൾ അത് കാണണം. കാനഡയിലെ ക്യുബെക് പ്രവിശ്യയിൽ

മാർച്ച് 26-നും 29-നുമിടയിൽ പ്രൈവറ്റ് പ്ലെയ്സ്മെന്റ് നടത്തി 29-ന് വിറ്റു. കാശും വാങ്ങി. അതുകഴിഞ്ഞാണ് പാവപ്പെട്ട മുഖ്യമന്ത്രിയെ വിളിച്ചുകൊണ്ടുപോയി മണി അടിപ്പിച്ചത് എന്നുള്ളത് എത്ര വിചിത്രമായ കാര്യമാണ്. കല്ല്യാണം കഴിഞ്ഞ് കുട്ടിയും ജനിച്ചശേഷം താലികെട്ട് എന്ന് പറഞ്ഞതുപോലെയായിരുന്നു അദ്ദേഹത്തെ കൊണ്ടുപോയി ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മണി അടിപ്പിച്ചത്. മുഖ്യമന്ത്രി എന്തോ മഹാത്ഭുതം കാട്ടിയെന്ന് ഇവിടെ ആരോ പറഞ്ഞു. അവിടെ ലിസ്റ്റ് ചെയ്യുന്ന എല്ലാ കമ്പനിക്കും രാവിലെ 7.00 മണി മുതൽ 9.30 വരെ മണി അടിക്കാനുള്ള അവസരമുണ്ട്. അല്ലാതെ പ്രധാനമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ എന്ന് തെറ്റിദ്ധരിച്ചല്ല എന്നുള്ളത് ശ്രീ. എം. സ്വരാജ് മനസ്സിലാക്കണം. അവിടെ എല്ലാവർക്കും മണി അടിക്കാൻ പറ്റും. അദ്ദേഹം പ്രധാനമന്ത്രിയാകുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. അത് വേറെ കാര്യം. അവിടെ എല്ലാവർക്കും മണി അടിക്കാം. നാഷണൽ ഹൈവേയുടെ ചുമതലയുള്ള ശ്രീ. നിതിൻ ഗഡ്കരിയും മണി അടിച്ചു. ശ്രീ. പീയൂഷ് ഗോയലും മണി അടിച്ചു. കാരണം അവരുടെ കീഴിലുള്ള കമ്പനികൾ ലിസ്റ്റ് ചെയ്യുമ്പോൾ അടിക്കുന്നതാണ്. ലോകത്തിലെ എന്തോ മഹാത്ഭുതം നടന്നുവെന്നാണ് പാർട്ടി പത്രങ്ങൾ എഴുതിയത്. മുഖ്യമന്ത്രി എന്ന നിലയിലല്ല കിഫ്ബിയുടെ ചെയർമാൻ എന്നുള്ള നിലയിലാണ് ശ്രീ. പിണറായി വിജയൻ അവിടെ പോയത് എന്നുള്ള കാര്യം മറക്കരുത്. അല്ലാതെ കേരളത്തിലെ, ഇന്ത്യയിലെ ആദ്യത്തെ മുഖ്യമന്ത്രി എന്നുള്ള നിലയിലല്ല. കിഫ്ബി ചെയർമാൻ എന്നുള്ള നിലയിലാണ്. കിഫ്ബിയെയാണ് ലിസ്റ്റ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ പറയുമ്പോൾ ഇതൊക്കെ നിങ്ങൾ മനസ്സിലാക്കണം. നാല്, സി.ഡി.പി.ക്യൂ. പെൻഷൻ ഫണ്ട് ഇൻവെസ്റ്റർ മാത്രമാണെന്ന് പറഞ്ഞു. എന്റെ കയ്യിൽ അതിന്റെ കണക്കുണ്ട്. സി.ഡി.പി.ക്യൂ.വിൽ എന്തൊക്കെയുണ്ട്; ഇക്വിറ്റി മാർക്കറ്റ്, പ്രൈവറ്റ് ഇക്വിറ്റി, റിയൽ എസ്റ്റേറ്റ്, ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയവ. അവർ പെൻഷൻ ഫണ്ട് മാത്രം കൈകാര്യം ചെയ്യുന്നവരല്ല. നാല് കള്ളങ്ങളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഇത്രയും വലിയ രഹസ്യമായി ഇത് ചെയ്യുന്നത് എന്തിനാണ്; ഞങ്ങൾ ഇൻവെസ്റ്റ്മെന്റിന് എതിരാണോ; നാട്ടിൽ ഇൻവെസ്റ്റ്മെന്റ് വരുന്നതിന് ഞങ്ങളാരും എതിരല്ല. Investment is the Mantra of today. ഇന്നത്തെ ലോകത്ത് ഇൻവെസ്റ്റ്മെന്റ് എന്നുപറയുന്നത് ഏറ്റവും ആവശ്യമാണ്. പക്ഷേ investment for whom, investment for how എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഇവിടെ ഇൻവെസ്റ്റ്മെന്റ് എന്തിനുവേണ്ടിയാണ്; ക്ലാസ് മുറി പണിയുന്നത് നല്ലതാണ്. അത് ബഡ്ജറ്റിൽ ചേർത്താൽ മതി. മെട്രോ റെയിൽവേ ഇൻവെസ്റ്റ്മെന്റ് നമുക്ക് മനസ്സിലാകും, ഒരു പോർട്ട് നിർമ്മാണം നമുക്ക് മനസ്സിലാകും. ഇൻവെസ്റ്റ്മെന്റ് എവിടെ നടത്തണം; എങ്ങനെ നടത്തണം

എന്നുള്ളത് സംബന്ധിച്ച് വ്യക്തമായ ധാരണ നിങ്ങൾക്ക് ഇല്ലാത്തതുകൊണ്ടാണ് അവസാനം 12,000 കോടി രൂപ എഴുതി ചേർക്കേണ്ടി വന്നത്. കണ്ണൂരിൽ ഇൻഡസ്ട്രിയൽ പാർക്ക് വരുന്നതിനൊന്നും ഞങ്ങൾ എതിരല്ല. എന്തിനാണ് ഇത്ര രഹസ്യമായി ചെയ്യുന്നത്; ക്യാബിനറ്റ് അറിഞ്ഞോ; ഇവിടെ മന്ത്രിമാർ ഉണ്ടല്ലോ; ഇത്രയും വലിയ പലിശ കൊടുത്ത് കടമെടുക്കുമ്പോൾ അത് ക്യാബിനറ്റ് അറിയണ്ടേ; എൽ.ഡി.എഫ്. അറിയണ്ടേ; മുഖ്യമന്ത്രിയെപ്പോലും തെറ്റിദ്ധരിപ്പിച്ചു വെന്നുള്ള ഗുരുതരമായ കാര്യം ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ പലിശയ്ക്കാണ് വാങ്ങിയതെന്ന് അദ്ദേഹം തിരൂരിൽ വച്ച് പറയുകയില്ല. നമ്മൾ ഒരു കാര്യം മനസ്സിലാക്കണം. സ്വന്തം നാടിനെ പണയപ്പെടുത്താൻ ലണ്ടനിൽ പോയി മണി മുഴക്കിയ മുഖ്യമന്ത്രിയാണെന്ന് ശ്രീ. പിണറായി വിജയന് അഭിമാനിക്കാൻ കഴിയുമെന്ന് മാത്രമേ എനിക്ക് അതിനെപ്പറ്റി പറയാനുള്ളൂ. സ്വന്തം നാട്ടുകാരെയും തലമുറയെയും കടപ്പെടുത്തിയ കർമ്മത്തിന് നമുക്ക് കൂട്ടുനിൽക്കാൻ കഴിയുമോ; 2150 കോടി രൂപയുടെ ബോണ്ടിന് 5 വർഷം കൊണ്ട് പലിശയായി കൊടുക്കേണ്ടിവരുന്നത് 1045 കോടി രൂപയാണ്. 5 വർഷം കഴിയുമ്പോൾ മുതലും പലിശയും കൊടുക്കണം. 5 വർഷം എന്നുപറയുന്നത് ഒരു പദ്ധതി തുടങ്ങി വരുന്നതിനുമുമ്പ് തന്നെ തിരിച്ചടയ്ക്കണം. കൊച്ചി മെട്രോയ്ക്കുവേണ്ടി കടം എടുത്തുവെന്ന് ഇവിടെ ശ്രീ. എം. സ്വരാജ് പറഞ്ഞു. മന്ത്രിയും അതിനെക്കുറിച്ച് പറയാൻ പോകുകയാണ്. ഞാൻ ആദ്യമേ അത് പറയാം. ഞാൻ പരിശോധിച്ചു. കൊച്ചി മെട്രോയ്ക്ക് കാനറാ ബാങ്കിൽ നിന്നും 10.5 ശതമാനം പലിശ നിരക്കിൽ 3500 കോടി രൂപ കടമെടുത്തു. എന്നാൽ മസാല ബോണ്ടും ഈ ലോണും തമ്മിൽ യാതൊരു താരതമ്യവുമില്ല. വളരെ അത്യാവശ്യ ഘട്ടത്തിൽ ഭൂമി ഉൾപ്പെടെ ഏറ്റെടുക്കാൻ വേണ്ടിയായിരുന്നു അന്നത് ചെയ്തത്. തിരിച്ചടവിന്റെ കാലാവധി 25 വർഷമാണ്. 7 വർഷം കഴിഞ്ഞ് തിരിച്ചടവ് തുടങ്ങിയാൽ മതി. 7 വർഷത്തെ മൊറട്ടോറിയമുണ്ട്. ഫലത്തിൽ 5.25 ശതമാനം മാത്രമായിരിക്കും ഇതിന്റെ പലിശയെന്നാണ് മെട്രോ റെയിൽവേയുടെ ഉദ്യോഗസ്ഥന്മാർ എന്നോട് പറഞ്ഞത്. നിങ്ങളുടെ കയ്യിലാണല്ലോ ഇപ്പോൾ മെട്രോ ഭരണം. നിങ്ങൾ വെരിഫൈ ചെയ്യണം. കൊച്ചി മെട്രോയ്ക്ക് ഞങ്ങൾ എടുത്തതും ഈ ബോണ്ടും തമ്മിൽ നിങ്ങൾ താരതമ്യപ്പെടുത്തുന്നത് ശരിയല്ല. വാഹന നികുതി, ഇന്ധന നികുതി എന്നിവയിൽ നിന്നാണ് ഈ പണം കിഫ്ബിക്ക് ലഭിക്കുന്നത്. കേരളത്തിലെ ഓരോ വ്യക്തിയും ഓരോ ലിറ്റർ പെട്രോൾ അടിക്കുമ്പോഴും അതിന്റെ പണം പോകുകയാണ്. അത് ജനങ്ങളുടെ പണമാണ്. നിങ്ങൾ അത് ചെയ്യുമ്പോൾ അതിൽ കൂടുതൽ കൃത്യതയുണ്ടാകണം. ഇത് സി.ഡി.പി.ക്യൂ. എന്നുപറയുന്ന, ലാവ്‌ലിനുമായി ബന്ധമുള്ള ഒരു കമ്പനിക്ക് കൊടുക്കേണ്ട പണമല്ല. ജനങ്ങൾക്ക് ഉപയോഗിക്കേണ്ട പണമാണ്.

സംസ്ഥാനത്തിന്റെ ഉറച്ച വരുമാന മാർഗ്ഗങ്ങൾ കൊള്ളപ്പലിശയ്ക്കായി കൊടുക്കേണ്ടി വരുമ്പോൾ അത് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ എങ്ങനെ ബാധിക്കുമെന്ന് എന്തുകൊണ്ട് നിങ്ങൾ കണക്കാക്കുന്നില്ല; കിഫ്ബി ബഡ്ജറ്റിന് പുറത്തുള്ള ഒരു സംവിധാനമാണെന്നത് ഞാൻ സമ്മതിക്കുന്നു. ഇൻവെസ്റ്റ്മെന്റ് സ്വീകരിക്കുന്നതിന് ഞങ്ങൾ എതിരല്ല. പക്ഷേ നിയമസഭ ഇതറിയണ്ടേ; ഇക്കാര്യം എന്തുകൊണ്ട് ഇതിന് മുമ്പ് നിങ്ങൾ ചർച്ച ചെയ്തില്ല; ഡോ. എം. കെ. മുനീർ ചോദിച്ച ചോദ്യം ഏറ്റവും പ്രസക്തമാണ്. ഇത് ഭരണഘടനാ വിരുദ്ധമെന്നാണ് ഒരു സാമ്പത്തിക വിദഗ്ദ്ധൻ എന്നോട് പറഞ്ഞത്. ഭരണഘടനയുടെ 293-ാം അനുച്ഛേദത്തിൽ ഒരു സംസ്ഥാനം അതിന്റെ കൺസോളിഡേറ്റഡ് ഫണ്ട് സെക്യൂരിറ്റിയിൽ നിന്ന് കടമെടുക്കുമ്പോൾ അത് രാജ്യത്തിനുള്ളിൽ നിന്ന് മാത്രമേ എടുക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. അത് പരിശോധിക്കേണ്ട കാര്യമാണ്. നിയമ വിദഗ്ദ്ധരുമായി ആലോചിക്കേണ്ട കാര്യമാണ്. ഇതിന് ആർ.ബി.ഐ.യുടെ സാംഗ്ഷനുണ്ടെന്ന് കരുതി മാത്രം ഇത്തരം നടപടിയുമായി മുന്നോട്ടുപോകാൻ കഴിയുമോ; സെബിയുടെ സാംഗ്ഷനുണ്ടോയെന്ന് എനിക്കറിയില്ല. ഇക്കാര്യത്തിൽ നമ്മളൊക്കെ അജ്ഞരാണ്. കാരണം ഇവിടെ നമ്മൾ ഒന്നും അറിയുന്നില്ലല്ലോ; നിയമസഭ അറിയുന്നില്ല. മന്ത്രിമാരോട് ചോദിച്ചാൽ അവർക്കറിയില്ല. ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായ ആർ.ബി.ഐ.-യുടെ അനുവാദം ഉണ്ടെന്ന് കരുതി ഇത്തരം സാമ്പത്തിക ഇടപാടുകൾ നടത്തുന്നത് എത്രമാത്രം ശരിയാണ്; ഒരു സുതാര്യതയും മസാല ബോണ്ടിന്റെ കാര്യത്തിൽ ഗവൺമെന്റ് കാട്ടിയില്ല. ദുരൂഹമായ ഇത്തരമൊരു ഇടപാട് സംസ്ഥാനം ഇതുവരെ കണ്ടിട്ടില്ല. ഇവിടെ എസ്.എൻ.സി. ലാവ്‌ലിനെപ്പറ്റി എന്താണ് പറഞ്ഞത്; എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയിൽ സി.ഡി.പി.ക്യു.-വിന് 20 ശതമാനം ഓഹരിയുണ്ട്. അത് ചെറിയ കാര്യമാണോ; പരിശോധിച്ചാൽ നമുക്ക് ഒരു കാര്യം മനസ്സിലാകും. ലാവ്‌ലിന്റെ മുൻ വൈസ് പ്രസിഡന്റാണ് സി.ഡി.പി.ക്യു.-വിന്റെ ഇപ്പോഴത്തെ വൈസ് പ്രസിഡന്റ്. ലാവ്‌ലിനെ നിയന്ത്രിക്കുന്നത് സി.ഡി.പി.ക്യു. ആണ്. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലും ലോകത്തെമ്പാടും കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുള്ള കമ്പനിയാണിത്. ലാവ്‌ലിൻ ഗദ്ദാഫിയുടെ നാട്ടിൽ, ഗദ്ദാഫി ഭരണകൂടം ഏറ്റവും കൂടുതൽ അഴിമതി നടത്തിയെന്ന് പറഞ്ഞതാണ്. അതുപോലെ കാനഡയിലെ ഗവൺമെന്റിനെ ഇപ്പോൾ അധികാരത്തിൽ നിന്ന് പുറത്തുപോകത്തക്ക വിധത്തിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയവരാണ് ഇവർ. അവരുടെ സംരക്ഷണത്തിനുവേണ്ടി മുന്നോട്ട് വന്നത് ആരാണ്; സി.ഡി.പി.ക്യു. ആണ്. ഇത്രയും ദുരൂഹമായ നടപടി, ഇവിടെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉണ്ടായിരുന്നല്ലോ; ലാവ്‌ലിൻ കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തണമെന്ന്

പറഞ്ഞ് ഹൈക്കോടതിയിൽ അദ്ദേഹത്തിന്റെ കേസ് ഇപ്പോഴും നിലനിൽക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത്രയും ദുരൂഹമായ ഇടപാടുകൾ നടത്തിയ ലാവ്ലിൻ കമ്പനിയുമായി ഈ ഗവൺമെന്റ് എന്തിനാണ് ഇത്രയും വലിയ ഇടപാടുകൾ നടത്തുന്നത്; സി.ഡി.പി.ക്യൂ. എന്നുപറയുന്നത് ലാവ്ലിന്റെ മറ്റൊരു പ്രതിരൂപം തന്നെയാണ്. അവരുമായി ഇടതുമുന്നണി ഗവൺമെന്റിന് എന്താണിത്ര വലിയ ബന്ധം? ലാവ്ലിൻ കമ്പനിയെ സഹായിക്കേണ്ട എന്ത് ബാധ്യതയാണ് പിണറായി വിജയൻ സർക്കാരിനുള്ളത്; ഈ കാര്യങ്ങൾ അറിയാൻ കേരളത്തിന് ബാധ്യതയില്ലേ; ഉത്തരവാദിത്വമില്ലേ; കാനഡയിലെ ക്യൂബക്കിൽനിന്നും അവർ ഇവിടെ വന്ന് ചർച്ച ചെയ്ത്, അവർക്ക് എല്ലാ സൗകര്യവും ചെയ്തുകൊടുത്ത് കേരളത്തെ കൊള്ളയടിക്കാൻ അവസരം കൊടുത്ത ഈ ഗവൺമെന്റിനോട് കേരള ജനത പൊറുക്കില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഫെയ്സ്ബുക്ക് പോസ്റ്റുകൂടി വായിച്ച് ഞാൻ അവസാനിപ്പിക്കാം. ശ്രീ. കെ. എസ്. ശബരീനാഥൻ മാതൃഭൂമിയിൽ വന്ന ലേഖനത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. 1.3 ശതമാനം പലിശയ്ക്ക് അന്താരാഷ്ട്ര വിപണിയിൽനിന്നും ലഭിക്കും, അതിൽ കുറഞ്ഞ പലിശയ്ക്കും ലഭിക്കും എന്നെല്ലാം പറഞ്ഞ ഡോ. ടി. എം. തോമസ് ഐസക് ഇപ്പോൾ കൊള്ളപ്പലിശയ്ക്ക്, വട്ടിപ്പലിശയ്ക്ക് ഇത്രയും വലിയ തുക ബോണ്ടായി വിറ്റത് കേരളത്തിലെ ജനങ്ങൾ അറിയേണ്ടെന്നാണോ പറയുന്നത്; ഞാൻ ഈ രഹസ്യങ്ങളെല്ലാം പുറത്താക്കി എന്നുള്ളതാണ് അദ്ദേഹത്തിന് എന്നോടുള്ള വിരോധം. അത് എന്റെ ഉത്തരവാദിത്വമാണ്. നാളെ നിങ്ങൾ എന്ത് പറഞ്ഞാലും ശരി കേരളത്തിന്റെ പ്രതിപക്ഷ നേതാവെന്ന നിലയിൽ ഞാൻ ഈ ഗവൺമെന്റിന്റെ കള്ളത്തരങ്ങളും തെറ്റുകളും തുറന്നുതന്നെ കാണിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം എന്റെ ഉത്തരവാദിത്വങ്ങളാണ് ഞാൻ നിറവേറ്റുന്നത്. സി.ഡി.പി.ക്യൂ.-മായി നേരിട്ട് ചർച്ചയും വിലപേശലും നടത്തി അവരുടെ സൗകര്യാർത്ഥം നിങ്ങൾ ഇന്ററസ്റ്റ് റേറ്റ് ഫിക്സ് ചെയ്തുകൊടുത്ത് കേരള സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യങ്ങളെ ബലി കഴിച്ച ഒരു ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങയെ നാളെ ജനങ്ങൾ വിലയിരുത്തുമെന്ന കാര്യത്തിൽ സംശയമില്ല. ലാവ്ലിൻ കേസ് അവസാനിച്ചിട്ടില്ല. സുപ്രീംകോടതിയിൽ കിടക്കുകയാണ്. ആ ലാവ്ലിൻ കേസിന്റെ വിധി എന്തുമാകട്ടെ, അത് ഞങ്ങളെ ബാധിക്കുന്ന പ്രശ്നമല്ല. പക്ഷെ നിങ്ങൾ അധികാരത്തിൽ വരുമ്പോൾ മാത്രമെന്തിനാണ് ഈ ലാവ്ലിന് ഇത്രയും വലിയ ആനുകൂല്യമെന്ന് ഞങ്ങൾ ചോദിച്ചാൽ ഞങ്ങളെ തെറ്റുപറയാൻ കഴിയുമോ; എന്തുകൊണ്ട് നിങ്ങൾ അത് പറയുന്നില്ല; എല്ലാം മൂടിവയ്ക്കുന്നു. നിങ്ങൾ എല്ലാം മറച്ചുവയ്ക്കുന്നു. കേരളത്തിൽ ഈ ഗവൺമെന്റിന്റെ കാലത്തെന്നല്ല, എല്ലാ

ഗവൺമെന്റിന്റെ കാലത്തും വികസനമുണ്ടായിട്ടുണ്ട്. ഇ.എം.എസ്.ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് മുതൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വരെയുള്ള എല്ലാ ഗവൺമെന്റിന്റെയും കാലത്ത് വികസനം ഉണ്ടായിട്ടുണ്ട്. ഇങ്ങനെ കേരളത്തെ പണയപ്പെടുത്തിയായിരുന്നില്ല വികസനം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ് കേരള ചരിത്രത്തിലെ ഏറ്റവും വലിയ വികസനം നടത്തിയ ഗവൺമെന്റ്. അന്നൊന്നും ഞങ്ങളാരും കേരളത്തെ പണയപ്പെടുത്തിയായിരുന്നില്ല വികസനം നടത്തിയത്. കാറൽ മാർക്സിനെ ഉദ്ധരിച്ചതും ദാസ് ക്യാപിറ്റലിനെപ്പറ്റി പറഞ്ഞതുമാണ് ഇപ്പോൾ വിഷമം. നിങ്ങൾ വിഷമിക്കും, ഞങ്ങൾക്കറിയാം. ദാസ് ക്യാപിറ്റലിലെ മൂന്നാം വോളിയത്തിലെ ക്രെഡിറ്റ് എന്ന 27-ാം അദ്ധ്യായത്തിൽ സ്റ്റോക്ക് എക്സ്ചേഞ്ചിനെപ്പറ്റി പറയുന്നത്, “ Since property here exists in the form of stock, its movement and transfer become purely a result of gambling on the stock exchange, where the little fish are swallowed by the sharks and the lambs by the stock-exchange wolves.” എന്നാണ്. അതിൽ പറയുന്നത്, ഓഹരികളുടെ കൈമാറ്റം ഒരു ചൂതാട്ടമാണ്. ചെറുമത്സ്യങ്ങളെ വലിയ മത്സ്യങ്ങൾ വിഴുങ്ങുന്നതു പോലെയാണെന്നാണ് പറയുന്നത്. സാങ്കൽപ്പിക മൂലധനത്തെ ഇല്ലാതാക്കുന്ന കടമയാണ് ലോക തൊഴിലാളി വർഗ്ഗത്തിന്റേതെന്ന് പറയുന്നു. സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഊഹ ബിസിനസ് ആരംഭിക്കാൻ കാറൽ മാർക്സിന്റെ പേരിലുള്ള നേതാക്കന്മാർ പോയതിന് കേരള ജനത മൂക്കത്ത് വിരൽ വയ്ക്കുകയാണ്. സാങ്കൽപ്പിക മൂലധനമെന്ന ആശയം ഉപയോഗിച്ച് കെട്ടിപ്പൊക്കിയ ഫിനാൻസ് സ്ഥാപന ഉടമയായ ഐസക് പെരേരയെക്കുറിച്ച് ദാസ് ക്യാപിറ്റൽ ചർച്ച ചെയ്താണ് അദ്ധ്യായം അവസാനിപ്പിക്കുന്നത്. പ്രവചനാത്മകമായ ഉദാഹരണമാണ്. കാരണം, കെട്ടിപ്പൊക്കിയ സാങ്കൽപ്പിക മൂലധനം ഇടിഞ്ഞപ്പോൾ ഐസക് പെരേരയുടെ ധനകാര്യ സ്ഥാപനം തകർന്നു. കാറൽ മാർക്സിന്റെ താക്കീത് വകവയ്ക്കാതെ തകർന്നടിയാൻ പോകുന്ന അടുത്ത ഐസക് അങ്ങ് ആയിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. കേരള ചരിത്രത്തിൽ ഈ സംസ്ഥാനത്തെ പണയപ്പെടുത്തിയ ധനകാര്യ വകുപ്പുമന്ത്രിയെന്ന പേര് നിങ്ങൾക്ക് ലഭിക്കുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ ശക്തമായി എതിർക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇവിടെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ച എല്ലാവരുടെയും വികാരം കമ്മ്യൂണിസത്തിന് എന്ത് പറ്റും; കാറൽ മാർക്സിന്റെ ആദർശങ്ങൾക്ക് എന്ത് പറ്റും തുടങ്ങിയ വേവലാതികളാണ്. ശ്രീ. അനൂപ് ജേക്കബ് മാത്രം അതിൽനിന്നും

വേറിട്ടുനിന്നു. ബാക്കി ശ്രീ. മോൻസ് ജോസഫ് അടക്കമുള്ളവർക്കൊക്കെ പ്രശ്നം കമ്മ്യൂണിസ്റ്റുകാർക്ക് ഇങ്ങനെയൊരു അധഃപതനം വരുമല്ലോ എന്നുള്ളതാണ്. ഇവിടെ ചർച്ച തുടങ്ങിയതും പ്രതിപക്ഷ നേതാവ് ചർച്ച അവസാനിപ്പിക്കുന്നതും കാറൽ മാർക്സിനെ ഉദ്ധരിച്ചുകൊണ്ടാണ്. വേവലാതി കുറച്ച് മനസ്സിലാകുന്നുണ്ട്. നാലാം ലോകവിരുദ്ധ കുരിശുയുദ്ധക്കാരിൽ ചിലർ അങ്ങയോടൊപ്പം ചേക്കേറിയതിൽപ്പിന്നെ ഈ വികാരം പലപ്പോഴും ലേഖനങ്ങളിലും കാര്യങ്ങളിലുമൊക്കെ വരുന്നത് നമുക്ക് മനസ്സിലാക്കാം. ഏതായാലും പ്രതിപക്ഷനേതാവ് ഇവിടെ പരാമർശിച്ച കള്ളങ്ങളെക്കുറിച്ച് ഞാൻ ഇപ്പോൾ പറയുന്നില്ല. അത് വഴിയേ പറയാം. നാല് കള്ളങ്ങളെപ്പറ്റിയാണല്ലോ പറഞ്ഞത്. അങ്ങ് പറഞ്ഞുവെന്ന് പറഞ്ഞതെല്ലാം ശരി. ഞാൻ പറഞ്ഞുവെന്ന് അങ്ങ് പറഞ്ഞതെല്ലാം തെറ്റ്. ഞാൻ എന്താണ് പറഞ്ഞതെന്ന് ഓരോന്നും വഴിയേ പറയാം. തർക്കിക്കേണ്ട കാര്യമില്ലല്ലോ; അങ്ങ് എഴുതിയ ഫെയ്സ്ബുക്ക് പോസ്റ്റുണ്ട്, ഞാൻ എഴുതിയ ഫെയ്സ്ബുക്ക് പോസ്റ്റുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള ഒരു തർക്കമല്ല. ആദ്യം നമുക്ക് ഇത് നിയോ ലിബറൽ ആണോ എന്നുള്ളതാണ് നോക്കേണ്ടത്. നിയോ ലിബറലെന്ന് അങ്ങും പറഞ്ഞു. ഇന്നത്തെ കേരളത്തിന്റെ സാമ്പത്തിക അവസ്ഥയെന്താണ്; അതിനോട് എങ്ങനെയാണ് ഒരു നിയോ ലിബറൽ ആയ ആളും അല്ലാത്ത ഒരാളും പ്രതികരിക്കുക; ഇന്ന് നമ്മുടെ സംസ്ഥാനം സാമ്പത്തിക മാന്ദ്യത്തെ അഭിമുഖീകരിക്കുകയാണ്. അതിലേയ്ക്ക് വഴുതി വീഴുകയാണ്. 2008-നേക്കാൾ ഗൗരവമാണ്. 2008-ലെ തകർച്ച നമ്മളെ അങ്ങനെ ബാധിച്ചില്ല. കാരണം ഗൾഫിൽനിന്നുള്ള പണവരുമാനമാണ്. അവിടെ ബാങ്കുകൾ പൊളിയുമ്പോൾ ആളുകൾ പേടിച്ചിട്ട് പണം ഇങ്ങോട്ട് കൊണ്ടുവരികയാണ് ചെയ്യുന്നത്. ഇന്ന് അങ്ങനെയല്ല. ഗൾഫ് പണവരുമാനം കുറയുന്നു, നമ്മുടെ നാണ്യവിളകൾക്ക് വില ഉയരുന്നില്ല തുടങ്ങിയ കാര്യങ്ങളുടെ ഫലമായി കമ്പോളത്തിൽ ആകെയൊരു ഭയപ്പാട് വന്നിരിക്കുകയാണ്. കച്ചവടം നടക്കുന്നില്ല, റിയൽ എസ്റ്റേറ്റ് നീങ്ങുന്നില്ല. പണം ഇല്ലാത്തതുകൊണ്ട് മാത്രമല്ല, പണം ഉണ്ടെങ്കിലും ചെലവാക്കുന്നില്ല. പെട്രോൾ നികുതിയുടെ വർദ്ധനയാണ് ഇതിന് ഏറ്റവും നല്ല തെളിവായി എനിക്ക് തോന്നുന്നത്. അതിന് ഏതായാലും ചോർച്ചയില്ലല്ലോ; പെട്രോളിയം കമ്പനികൾ തന്നെ തരുന്നതല്ലേ; അത് 12-13 ശതമാനം മാത്രമേ കൂടുന്നുള്ളൂ. പെട്രോളിന്റെ വിലക്കയറ്റംകൂടി മാറ്റി നിർത്തിയിട്ടുണ്ടെങ്കിൽ കേരളത്തിന്റെ പെട്രോളിന്റെ ഉപഭോഗം വർദ്ധിക്കുന്നത് വളരെ പതുക്കെയാണ്. അതാണ് ഇന്നത്തെ ഗൗരവമായിട്ടുള്ള സ്ഥിതിവിശേഷം. 2008-ൽ ഇങ്ങനെ ഒരു സംഭവം വന്നപ്പോൾ 5000 കോടി രൂപയുടെ സ്റ്റിമുലസ് പാക്കേജ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. കേന്ദ്ര സർക്കാരിനും ഇതുപോലെതന്നെ 6 ശതമാനം ഫിസ്കൽ ഡെഫിസിറ്റ് വന്നു. ഇന്ത്യൻ ഫെഡറൽ

സംവിധാനത്തിനുള്ളിൽ ഇങ്ങനെ പ്രാദേശികമായി ഒരു മാന്ദ്യത്തെ അഭിമുഖീകരിക്കുമ്പോൾ, എങ്ങനെയാണ് 2009-ലും 2010-ലുമൊക്കെ യു.പി.എ. സർക്കാർ സ്വീകരിച്ചതുപോലെ ഒരു ഫിസ്കൽ സ്റ്റിമുലസ് പാക്കേജ് സംസ്ഥാനത്ത് സൃഷ്ടിക്കാൻ കഴിയുന്നതെന്ന് നിങ്ങൾ ആരെങ്കിലും പറഞ്ഞോ? എഫ്.ആർ.ബി.എം. ആക്ടിന്റെ അടിസ്ഥാനത്തിൽ 3 ശതമാനത്തിനപ്പുറം വായ്പയെടുക്കാനോ ചെലവ് ഉയർത്താനോ കഴിയില്ല. ഇതാണ് നിയോ ലിബറലിസം. ഇങ്ങനെയൊരു മാന്ദ്യം നേരിട്ടാലും നിങ്ങൾ ഒന്നും ചെയ്യേണ്ടെന്നും മണി സപ്ലൈ കോൺസ്റ്റന്റായി നിർത്തിയാൽ മതിയെന്നുമാണ് നിയോ ലിബറലിസം പറയുന്നത്. അതാണ് മോണിറ്ററീസെന്ന് വിളിക്കുന്നത്. അങ്ങനെ 3 ശതമാനത്തിനപ്പുറം വായ്പയെടുക്കാനോ ചെലവ് ഉയർത്താനോ കഴിയില്ല എന്നതിന് വഴങ്ങണോ; എന്നിട്ട് കേരളത്തിൽ സാമ്പത്തിക തകർച്ച വന്നോട്ടെ എന്ന് വയ്ക്കണോ; ഞങ്ങൾ ആ നിയോ ലിബറൽ നിലപാടല്ല സ്വീകരിക്കാനുദ്ദേശിക്കുന്നത്. അതിനെ മറികടക്കാൻ എന്ത് ചെയ്യണം; ബഡ്ജറ്റിലൂടെ ഈ ധന ഉത്തരവാദിത്വ നിയമത്തിന്റെ പശ്ചാത്തലത്തിൽ വായ്പ എടുക്കുന്നതിന് കഴിയില്ല. ബഡ്ജറ്റിന് പുറത്തായിക്കോട്ടെ എന്നുവച്ചു. കിഫ്ബിയെന്ന ധനകാര്യ സ്ഥാപനത്തിന് എടുക്കാം. ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട്, ആ ബോണ്ടിൽ സി.ഡി.പി.ക്യൂ. നിക്ഷേപിച്ചിട്ടില്ലേ; അത് ഇപ്പോൾ തുടങ്ങിയതല്ല. നേരത്തെയുള്ളതാണ്. അപ്പോൾ നമ്മൾ പുറത്തുനിന്നും വായ്പയെടുത്തിട്ടാണെങ്കിലും 50,000 കോടി രൂപ 3 വർഷംകൊണ്ട് കേരളത്തിൽ നിക്ഷേപിക്കുന്നു. ആ പദ്ധതി നിങ്ങൾ പറയുന്ന നിയോ ലിബറൽ അല്ല, ശുദ്ധ കെയ്നീഷ്യനാണ്. മാർക്സിസ്റ്റ് ആണെന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. പക്ഷെ ഈ നിയോ ലിബറൽ നിലപാടിനെ തള്ളിക്കളഞ്ഞുകൊണ്ട് കേരളത്തിലെ ഇന്നത്തെ സാമ്പത്തിക വെല്ലുവിളിക്ക് നമ്മൾ ഒരു ഉത്തരം കാണുകയാണ്. അത് ശുദ്ധ കെയ്നീഷ്യനാണ്. എന്തിനാണ് നിങ്ങൾ ഈ സാമ്പത്തിക ശാസ്ത്രത്തെ നിയോ ലിബറൽ എന്നുപറയുന്നത്. പണ്ടും ഈ രൂപഭദ്രതാ ബാധ്യതകളുണ്ടായിരുന്നല്ലോ; രൂപമാണ് പ്രശ്നം. ഉള്ളടക്കമല്ല.

2.00 p.m]

അതുപോലെ സ്റ്റോക്ക് എക്സ്ചേഞ്ച്, ബോണ്ട് എന്നീ പേരുകൾ കേട്ടാൽ നിയോ ലിബറലെന്നാണ് പറയുന്നത്. ഇതിന്റെ ഉള്ളടക്കമെന്താണ്? ഉള്ളടക്കം വലിയൊരു stimulus package കേരളത്തിൽ നടപ്പാക്കാൻ സർക്കാർ ഇടപെടുകയാണ്. സർക്കാർ മാറി നിൽക്കുകയല്ല. വിമർശനപരമായി പറയുകയാണെങ്കിൽ ഇത് നിയോ ലിബറലല്ല, കെയ്നീഷ്യനാണ്. അപ്പോൾ

എന്ത് വന്നാലും ഇന്നത്തെ നിയോ ലിബറൽ സമീപനത്തിന്, കേരളത്തിന്റെ ഫെഡറൽ പരിമിതി ഉൾക്കൊള്ളുന്നതിന്, ഒരു ബദൽ ധനകാര്യ ഇടപെടൽ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അപ്പോഴാണ് മസാല ബോണ്ട് പ്രഖ്യാപിച്ചതിനുശേഷമാണ് റെയിൽവെയുടെ സ്വകാര്യവൽക്കരണത്തിന് തുടക്കം കുറിച്ചതും കമ്പനികൾ വിൽക്കാൻ തുടങ്ങിയതും എന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ആരോപണം വന്നത്. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് കമ്പനികൾ വിൽക്കാൻ തുടങ്ങിയിരുന്നോ? അന്ന് വിൽക്കാനായി കുറെ പ്രയാസം നേരിടേണ്ടിവന്നു. ഒന്നാം യു.പി.എ. ഗവൺമെന്റിൽ ഇടതുപക്ഷം ശക്തമായി എതിർത്തു. രണ്ടാം യു.പി.എ. അധികാരത്തിൽ വന്നപ്പോഴേയ്ക്കും കാലം മാറിത്തുടങ്ങി. ഇവിടെ എന്താണ് ചെയ്യുന്നത്; മസാല ബോണ്ടുകൾ വഴി പണം സമാഹരിച്ചിട്ട് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കുകയാണോ ചെയ്യുന്നത്? ഈ പണം സമാഹരിക്കുക വഴി സംസ്ഥാന സർക്കാരിന്റെ എസ്.പി.വി.കൾ നടപ്പാക്കുകയാണ് ഇന്ന് ചെയ്യുന്നത്. ഇത് എങ്ങനെയാണ് നിയോ ലിബറൽ ആകുന്നത്? നമ്മൾ സ്കൂളുകളുടെ സൗകര്യങ്ങൾ ഇതുപയോഗിച്ച് നടത്തിയിട്ട് അതിനൊരു പുതുജീവൻ നൽകുകയാണ് ചെയ്യുന്നത്. ഇത് എങ്ങനെയാണ് നിയോ ലിബറൽ ആകുന്നത്? ശ്രീ. നരേന്ദ്ര മോദിയും കൂട്ടരും പറയുന്നത് ഇനിയിപ്പോൾ പൊതു ആരോഗ്യ സംവിധാനങ്ങൾ വേണ്ട, മറിച്ച് ഇൻഷ്വറൻസ് മാത്രം മതി എന്നാണ്. ആ അമേരിക്കൻ മോഡൽ ഇൻഷ്വറൻസിലേയ്ക്ക് പോകുന്നില്ല മറിച്ച് നമ്മുടെ പൊതുമേഖലാ, ആരോഗ്യ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നു. അതിനുവേണ്ടി വായ്പയെടുത്ത് മുടക്കുന്നു. അത് എങ്ങനെയാണ് നിയോ ലിബറൽ ആകുന്നത്? അതുകൊണ്ട് സത്യം പറഞ്ഞാൽ എത്ര ബാലിശമായ രീതിയിലാണ് ഇത് കൈകാര്യം ചെയ്യുന്നത്. പ്രതിപക്ഷ നേതാവിന്റെ വേവലാതി മുഴുവനും ഇനിയിപ്പോൾ മസാല ബോണ്ടിൽനിന്നും പോയി, ഇനി ഇ.ആർ.പി.യുടെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ പോകുന്നുവെന്ന് പറയുന്നു; നേരെ എതിരാണ്. അതുകൊണ്ട് ഞങ്ങളുടെ സമീപനം തികച്ചും വ്യത്യസ്തമാണ്.

ഇവിടെ ശ്രീ. എം. സ്വരാജ് പറഞ്ഞു പശ്ചാത്തല സൗകര്യങ്ങൾ വന്നുകഴിഞ്ഞാൽ രണ്ട് ഗുണങ്ങളാണുള്ളതെന്ന്. അതിൽ ഒന്ന്, ഇത് സ്വകാര്യ നിക്ഷേപത്തെ കേരളത്തിലേയ്ക്ക് ആകർഷിക്കും. അത് വേണം. നമ്മൾ കോംപ്രമൈസ് ചെയ്യുകയാണ്. കേരളത്തിലെ തൊഴിൽ നിയമങ്ങളിൽ ഭേദഗതി വരുത്തുവാൻ തയ്യാറാണോ; കേരളത്തിലെ പരിസ്ഥിതി നിയമങ്ങളിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറാണോ; ഇല്ലെങ്കിൽ പിന്നെ എന്തിന് നിങ്ങളുടെ സംസ്ഥാനത്തിലേയ്ക്ക് വരണമെന്ന് വ്യവസായ ലോകം ചോദിച്ചാൽ അവരോടുള്ള ഉത്തരമാണ് ഇന്ത്യയിലെ തന്നെ ഏറ്റവും നല്ല ഇൻഫ്രാസ്ട്രക്ചർ ഇവിടെയുണ്ട് എന്നുള്ളത്. ഇതാണ് ഒരു കാര്യം.

രണ്ടാമതായി 5000 കോടി രൂപ ബഡ്ജറ്റിൽ മിച്ചംപിടിച്ച് കാര്യം ചെയ്തുകൊണ്ടിരുന്നാൽ 20 വർഷം കഴിഞ്ഞാൽ നമുക്ക് ഇതൊക്കെ ചെയ്യാൻ സാധിക്കും. 20 വർഷം കഴിയുമ്പോൾ ഉണ്ടാകുന്ന നിർമ്മാണ ചെലവ് എത്രയാണ്? ഇന്നേ കടം വാങ്ങി അതെല്ലാം ചെയ്താൽ വരുന്ന പലിശയുടെ ഭാരത്തേക്കാൾ എത്രയോ വലുതായിരിക്കും? ആ ഒറ്റ കാര്യം മാത്രം നോക്കിയാൽ പോരെ. അതുകൊണ്ട് ഇന്നേ കടം വാങ്ങി, നമ്മളൊക്കെ ജീവിച്ചിരിക്കുമ്പോൾ ഈ കാര്യങ്ങളെല്ലാം നടന്ന് കേരളത്തിൽ മാറ്റങ്ങളുണ്ടാകട്ടെ. അപ്പോൾ ഗൗരവതരമായ പ്രശ്നങ്ങൾ വീണ്ടും വീണ്ടും ഇവിടെ ഉന്നയിച്ചത് പ്രതിപക്ഷ നേതാവാണ്. പ്രതിപക്ഷ നേതാവ് ചോദിക്കേണ്ട ചോദ്യം തന്നെയാണ് ചോദിച്ചത്. ഇതിങ്ങനെ കേരളത്തെ കടക്കെണിയിൽപ്പെടുത്തുമോ? കേരളത്തെ ഇത് തകർച്ചയിലേയ്ക്ക് കൊണ്ടുപോകുമോ? രണ്ടിനേയും വേറിട്ട് കാണേണ്ടതാണ്. ഒന്ന് നമ്മൾ ബഡ്ജറ്റിൽ എടുക്കുന്ന വായ്പ; ഈ സർക്കാർ അധികാരത്തിൽ വന്നതിനേക്കാൾ പൊതുകടം കൂടിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. കേരളത്തിലെ സമ്പദ് ഘടനയും അതോടൊപ്പം വളർന്നിട്ടുണ്ട്. കടത്തിന്റെ വലുപ്പമല്ല നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തിന് ആപേക്ഷികമായി കടം കൂടുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണ് നോക്കേണ്ടത്. ഈ കടം സ്ഥായിയാണോ? ഏതായാലും നമുക്ക് 3 ശതമാനത്തിനപ്പുറം പലിശയ്ക്ക് വായ്പ എടുക്കാൻ കഴിയില്ല. ആ 3 ശതമാനത്തിനെ മറികടക്കാൻ നിങ്ങളുടെ കാലത്തും ഞങ്ങളും ചെയ്തതുപോലെ, ഡോ. എം. കെ. മുനീർ ചെയ്യണമെന്ന് പറഞ്ഞതുപോലെ ട്രഷറിയിലെ പലിശ വർദ്ധിപ്പിച്ച് അവിടെ ഡെപ്പോസിറ്റ് സ്വീകരിക്കാൻ പോയാൽ എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന് അറിയാമോ? അങ്ങനെ ശേഖരിച്ച ഡെപ്പോസിറ്റ് മുഴുവനും ഈ വർഷത്തെ വായ്പയിൽനിന്നും വെട്ടിച്ചുരുക്കും. നിങ്ങളുടെ പൊതു കടമെടുപ്പിൽനിന്നും 12,000 കോടി രൂപ കുറയ്ക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് പറയുകയാണ്. അപ്പോൾ എങ്ങനെയാണ് ഡോ. എം. കെ. മുനീർ ഇവിടെ പലിശ വർദ്ധിപ്പിച്ച് ട്രഷറിയിൽ ഡെപ്പോസിറ്റ് വാങ്ങി കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുന്നത്? ആ ഓപ്ഷൻ നമുക്കില്ല. അതുകൊണ്ട് നമ്മുടെ ബഡ്ജറ്റിലെ വായ്പയെന്ന് പറയുന്നത് 3 ശതമാനമാണ്, നിയമത്തിൽ പറയുന്നതുപോലെ സസ്റ്റയിനബിളായിട്ടുള്ള വായ്പയാണ്. നിങ്ങളുടെ കാലം കഴിഞ്ഞപ്പോൾ നിങ്ങളുടെ ഭരണം തുടങ്ങിയപ്പോൾ ഉണ്ടായതിന്റെ ഇരട്ടിയായി. അപ്പോൾ ഞങ്ങൾ പറയും ഇതുവരെ വാങ്ങിയ അത്രയും തുക നിങ്ങളുടെ അഞ്ച് വർഷക്കാലത്ത് എടുത്തു, ഇതിപ്പോൾ നിങ്ങളും പറയും. അതിൽ പരിഭ്രമിക്കാനൊന്നുമില്ല. പ്രശ്നമെന്ന് പറയുന്നത് ഇപ്പോൾ എടുക്കുന്ന 50,000 കോടി രൂപയുടെ പലിശയും മുതലും തിരിച്ചടയ്ക്കാൻ പണം ഉണ്ടാകുമോ ഇല്ലയോ എന്നുള്ളതല്ല. തിരിച്ചടച്ചേ മതിയാകൂ. അക്കാര്യം നമ്മളെല്ലാവരുംകൂടി തീരുമാനിച്ചതാണ്. ഈ നിയമസഭയിൽ നമ്മൾ

പാസ്സാക്കിയതാണ്. മോട്ടോർ വാഹന നികുതിയുടെ പത്ത് ശതമാനം, ഇരുപത് ശതമാനം, മുപ്പത് ശതമാനം, ഈ വർഷം മുതൽ അൻപത് ശതമാനം വരെ. നിങ്ങളുടെ കാലത്ത് ഒരു ലിറ്റർ പെട്രോളിന് നിശ്ചയിച്ചിരുന്ന ഒരു രൂപ സെസ്സ്, ആ പണവും കിഫ്ബിക്ക് ഗ്രാന്റായി നൽകാൻ നമ്മളാണ് തീരുമാനിച്ചത്. ഈ നിയമസഭയിൽ ഞാൻ അതിന്റെ കണക്ക് വിതരണം ചെയ്തിരുന്നതാണ്. പതിനഞ്ച് ശതമാനം വച്ച് നികുതി കൂടുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും കിഫ്ബിയിൽ നിന്നും കിട്ടുന്ന ഈ തുകയും എഴുതാവുന്നതാണ്. ഇപ്പോൾ എടുക്കുന്ന വായ്പയുടെ പലിശയും മുതലും 2030-ഓടുകൂടി കൊടുത്തുതീർക്കേണ്ടതാണ്. കൃത്യമായി ആ കണക്ക് കാണിച്ചില്ലെങ്കിൽ ഇങ്ങനെ കിട്ടുന്ന ഗ്രാന്റും ഈ പലിശയും മുതലും തിരിച്ചടയ്ക്കാൻ മതിയാകും. സംസ്ഥാനം ഇതെങ്ങനെയും മറികടക്കും. അതുകൊണ്ട് നിയമം പാസ്സാക്കിയതനുസരിച്ച് ഈ പണം കൊടുത്താൽ മതി. നമ്മൾ പാസ്സാക്കിയ നിയമമാണ്. ഞാൻ തനിച്ചല്ല, ഭരണകക്ഷി മാത്രവുമല്ല, ഐകകണ്ഠ്യേന പാസ്സാക്കിയ നിയമമാണ്. ഇങ്ങനെ പറ്റുമോ ഇല്ലയോ; ശ്രീ. വിനോദ് റായ് അദ്ധ്യക്ഷനായ ഫണ്ട് ട്രസ്റ്റി ആൻഡ് അഡ്വൈസറി കമ്മിറ്റിയുണ്ട്, ഉഷാ തോറാട്ട് തുടങ്ങിയവരുടെ റിപ്പോർട്ട് ഈ സഭയിൽ സമർപ്പിച്ചതാണ്. ആ റിപ്പോർട്ടിൽ അവരുടെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റിന്റെ ഒരു കണക്ക് വച്ച് ഇതിന് സാധിക്കുമെന്ന് എഴുതിത്തന്നില്ലേ; അത് ചോദ്യം ചെയ്തിട്ടില്ല. അപ്പോൾ പെട്ടെന്ന് ഈ പേടി വരാൻ കാരണമെന്താണ്? ഈ ഭയപ്പാട് ഇപ്പോൾ പുതിയതായി ഉണ്ടാകാൻ കാരണം എന്താണ്? അതുകൊണ്ട് അടുത്ത മൂന്ന് വർഷംകൊണ്ട് 50,000 കോടി രൂപ വായ്പ എടുക്കേണ്ടി വരും. അഞ്ച് വർഷത്തെ ബോണ്ടുകളോ വായ്പകളോ ഉണ്ടാകും. പതിനഞ്ച് വർഷത്തെ ഉണ്ടാകും, ഇരുപത് വർഷത്തെ ഉണ്ടാകും. അതിനനുസരിച്ചാണ് മാനേജ് ചെയ്യുന്നത്. തിരിച്ചടവ് ഉറപ്പാക്കുവാൻ വേണ്ടി ഓരോ വർഷവും കിഫ്ബിയുടെ വരുമാനം എത്രയുണ്ടാകും; അതിനനുസരിച്ചുള്ള വായ്പകളാണ് എടുക്കുന്നത്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ വന്നാൽ നമുക്ക് ഒന്നിച്ചിരുന്ന് കണക്ക് പരിശോധിക്കാം. അതുകൊണ്ട് ഇതിനെ കടക്കെണിയെന്നൊന്നും പറയേണ്ട. അദ്ദേഹത്തിന്റെ ചോദ്യം പ്രസക്തമാണ്. 9.723 ശതമാനം താഴ്ന്ന പലിശയല്ല. ഇത് ഏറ്റവും കുറഞ്ഞ പലിശയാണെന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. കമ്പോളത്തിൽനിന്നും ഇന്ന് നിങ്ങൾക്ക് വായ്പയെടുക്കണമെങ്കിൽ 9.723 ശതമാനം പലിശ കൊടുക്കേണ്ടിവരും. കിഫ്ബിയുടെ വായ്പ മുഴുവനും 9.723 ശതമാനം നിരക്കിൽ പലിശ കൊടുക്കേണ്ടിവരും. കിഫ്ബിയുടെ വായ്പ മുഴുവനും 9.723 ശതമാനം പലിശയിൽ എടുക്കാൻ പോകുകയാണെന്നാണോ നിങ്ങളുടെ ധാരണ? കെ.എസ്.എഫ്.ഇ.-യിൽനിന്ന് ചിട്ടി പിടിച്ചുകഴിഞ്ഞാൽ പണം കൊടുക്കാൻ ഒരു മാസമെങ്കിലും വേണ്ടിവരും. അപ്പോൾ ബാക്കിവരുന്ന ആ ഒരു മാസത്തെ ഫ്ലോട്ട്, അത് കിഫ്ബി

ബോണ്ടിൽ പോയാൽ കൊടുക്കുന്നത് 3.5 ശതമാനമാണ്. ബാക്കിയുള്ള കെ.എസ്.എഫ്.ഇ.-യുടേത് 8 ശതമാനമാണ്. ഇന്ത്യൻ മാർക്കറ്റിൽനിന്ന് നമ്മൾ എടുക്കുന്നത് 8.50 മുതൽ 9 ശതമാനം വരെയുള്ളതാണ്, ബാങ്കിൽനിന്ന് ടേം ലോൺസ്. ഇനി ഒരുപക്ഷേ ഡോളർ ബോണ്ടിലേയ്ക്ക് പോകുമ്പോൾ ഈ പറയുന്നതുപോലെ 2 ശതമാനത്തിൽ വന്നേയ്ക്കാം. നമ്മൾ നെഗോഷിയേറ്റ് ചെയ്തിട്ട് സോവറിൻ ഇൻവെസ്റ്റ്മെന്റ് ഫണ്ടിനെക്കൊണ്ട് നമ്മുടെ ബോണ്ടിൽ പ്രൈവറ്റ് പ്ലേസ്മെന്റ് നടത്തിയാൽ ഒരുപക്ഷേ 1.5 ശതമാനത്തിന് കിട്ടിയേക്കാം. ഞാൻ കുറ്റം പറയുന്നൊന്നുമില്ല. കൊച്ചി മെട്രോയ്ക്ക് വായ്പയെടുത്തപ്പോൾ ഒറ്റ വർഷം എടുത്തത് 2.50 ശതമാനം പലിശയ്ക്കാണ്. പക്ഷേ നിങ്ങൾക്ക് ആ വർഷം ആവശ്യമുള്ള തുക മുഴുവൻ 2.5 ശതമാനം പലിശയ്ക്ക് എടുക്കാൻ പാടില്ലായിരുന്നോ; പറ്റില്ല. ഈ 2.5 ശതമാനം മൾട്ടി ലാറ്ററൽ ഏജൻസികളിൽനിന്ന് വരുന്നത് കേന്ദ്ര സർക്കാർ പാസ്ത്രൂ വായ്പകളാണ്. നമ്മുടെ ആന്വൽ ബോറോയിംഗിന്റെ ഭാഗമായിട്ടാണ് അത് വരുന്നത്. അതുകൊണ്ട് നിങ്ങൾക്ക് കിട്ടിയ അത്രയേ വാങ്ങിക്കാൻ പറ്റുകയുള്ളൂ. അതുവച്ച് കൊച്ചി മെട്രോ പണിയാൻ പറ്റില്ല. അതുകൊണ്ട് എന്ത് ചെയ്തു; എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് 8.50 ശതമാനം പലിശയ്ക്ക് എടുത്തു. അതുകൊണ്ടും തികയില്ല. അപ്പോൾ 10.50 ശതമാനം പലിശയ്ക്ക് കനറാ ബാങ്കിൽനിന്ന് എടുത്തു. പലിശ എന്നുപറയുന്നത് പല ഘടകങ്ങൾകൊണ്ട് നിർണ്ണയിക്കപ്പെടുന്ന ഒന്നാണ്. ശരാശരി 9 ശതമാനം പലിശനിരക്ക് വച്ചിട്ടാണ്. ഇവിടെ നിയമസഭയിൽ കിഫ്ബിയുടെ അസറ്റ് ലയബിലിറ്റി മാച്ചിംഗാണ് നടത്തിയത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങ് കനറാ ബാങ്കിന്റെ കാര്യം പറഞ്ഞു. 25 വർഷമാണ് അതിന്റെ തിരിച്ചടവ് കാലാവധി. 7 വർഷം മൊറട്ടോറിയം. ഫലത്തിൽ മെട്രോ അധികൃതർ തന്നെ പറയുന്നത് 5.25 ശതമാനം മാത്രമേ പലിശയിനത്തിൽ വരുന്നുള്ളൂ എന്നാണ്. അങ്ങ് സി.ഡി.പി.ക്യൂ. വാങ്ങിയിട്ടുള്ള ബോണ്ടുകൾക്ക് ഇതൊന്നും ബാധകമല്ല. 5 വർഷത്തിനുള്ളിൽ തിരിച്ചുകൊടുക്കണം. പദ്ധതി ആരംഭിക്കുന്നതിന് മുമ്പേ തിരിച്ചുകൊടുണം. അതാണ് വ്യത്യാസം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, വ്യത്യാസങ്ങളുണ്ട് എന്നതിൽ യാതൊരു സംശയങ്ങളുമില്ല. പക്ഷേ 25 വർഷവും പലിശ കൊടുക്കണം. 5 വർഷം കൊടുത്താൽപോര. പലിശനിരക്ക് കൂടുകയാണെങ്കിൽ അതനുസരിച്ച് കൊടുക്കേണ്ട പലിശയും കൂടും. ബോണ്ടിൽ അങ്ങനെയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഇൻസ്ട്രുമെന്റ് വ്യത്യസ്തങ്ങളാണ്. അതിനൊക്കെ ഓരോ characteristics ഉണ്ട്. അതൊക്കെ നോക്കി തെരഞ്ഞെടുക്കേണ്ടതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, Cochin Metro is generating revenue. അങ്ങ് പറയുന്ന ഏതാണ് ഇവിടെ റവന്യൂ ജെനറേറ്റ് ചെയ്യുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ എന്റെ വാദത്തിൽനിന്ന് ഒരുപാട് മാറാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അങ്ങ് ചോദിച്ചതിന് മറുപടി പറയാം. ഈ നിയമസഭയിലല്ലേ കിഫ്ബിയിൽ എടുക്കുന്ന പ്രോജക്ടുകളൊക്കെ പ്രഖ്യാപിച്ചത്; ഇവിടത്തെ നിയമസഭാംഗങ്ങളല്ലേ ഇന്നയിന്ന പ്രോജക്ടുകൾ വേണമെന്ന് എഴുതിത്തന്നത്; എന്തുകൊണ്ടാണ് നമ്മുടെ മോട്ടോർ വാഹന നികുതിയും പെട്രോൾ സെസ്സും കിഫ്ബിക്ക് കൊടുക്കണമെന്ന നിയമം ഉണ്ടാക്കിയത്; കാരണം ഇത്തരത്തിലുള്ള പ്രോജക്ടിലാണ് വയ്ക്കുന്നത്. ആ പ്രോജക്ടുകളിൽനിന്നുള്ള വരുമാനം കൊണ്ടല്ല തിരിച്ചടവ്. പക്ഷേ ബഡ്ജറ്റിൽ നൽകുന്ന ഇ-ഗ്രാന്റ് വഴിയാണ് തിരിച്ചടയ്ക്കുന്നതെന്ന് നിയമസഭ തീരുമാനിച്ചതല്ലേ; കാരണം കേരളത്തിലെ ടോൾ വച്ചുകൊണ്ട് 30,000 കോടി രൂപയുടെ റോഡും പാലവും ഫ്ലൈഓവറും നിർമ്മിക്കാൻ പറ്റില്ല. അപ്പോൾ ഇതുമാത്രമാണ് മാർഗ്ഗം. ടോൾ പിരിക്കുന്നതിന് പകരം നാട്ടിൽ നികുതിയായി കിട്ടിയതിന്റെ ഒരുഭാഗം ഇതിന്റെ തിരിച്ചടവിനുവേണ്ടി കൊടുക്കുന്നു. ടോൾ പാടില്ലെന്നതാണ് എല്ലാവരുടെയും ഡിമാന്റ്. കേരളത്തിൽ പറ്റാത്ത ഒരു വരുമാന രീതി. ഇപ്പോൾ അങ്ങ് അവസാനം പറഞ്ഞുനിർത്തിയത് അനുച്ഛേദം 293 (1)-ന് എതിരാണ്, സൂക്ഷിക്കണം, പരിശോധിക്കണം എന്നാണ്. നമ്മുടെ സംസ്ഥാനങ്ങൾക്ക് ഇപ്പോഴുള്ളൊരു സാവകാശമാണ്. ബഡ്ജറ്റ് വഴി സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ വയ്യ. എന്നാൽ സംസ്ഥാന പബ്ലിക് സെക്ടറിന് വായ്പയെടുക്കാം. ഇദ്ദേഹം പറഞ്ഞുവരുന്നത് അതും അവസാനിപ്പിക്കണമെന്നാണ്. ശ്രീ. നരേന്ദ്ര മോദി നാളെ ഇങ്ങനെയൊരു നിയമം കൊണ്ടുവന്നാൽ കൈപൊക്കാനായിരിക്കും 19 പേർ പോകുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പറഞ്ഞത് സംബന്ധിച്ച് അങ്ങ് ആളുകളെ തെറ്റിദ്ധരിപ്പിക്കണ്ട. ഇന്ത്യൻ ഭരണഘടനയിലുള്ള Article 293 (1) ബാധകമാകുമോയെന്ന് പരിശോധിക്കണമെന്ന് ഞാൻ പറഞ്ഞതുകൊണ്ട് ഞാൻ അതിനെ പിന്തുണയ്ക്കുന്നു എന്നാണോ അങ്ങ് പറഞ്ഞുവരുന്നത്. അത് ശരിയായില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, സംസ്ഥാന സർക്കാരിന് ഇങ്ങനെയൊരു സംശയം വന്നാൽ ചോദിക്കുക നിയമ വകുപ്പിനോടാണ്. നിയമ വകുപ്പിനോട് ചോദിച്ചു, ചർച്ച ചെയ്യുകയും പരിശോധിക്കുകയും ചെയ്തു. ആകാം എന്നുവച്ചു. കൊച്ചി മെട്രോയ്ക്ക് വായ്പയെടുത്തു. ഗ്യാരണ്ടിയില്ലേ; ഏത് ആർട്ടിക്കിളിന്റെ അടിസ്ഥാനത്തിലാണ് എടുത്തത്; നമ്മുടെ വിഴിഞ്ഞത്തിന് വായ്പയെടുത്തു. ഏത് ഭരണഘടനാ വകുപ്പ് അനുസരിച്ചാണ് എടുത്തത്; ഇത് നടക്കുന്നതാണ്. ഇത് പാടില്ല എന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ ശക്തമായ വാദങ്ങൾ കൊണ്ടുവന്നിട്ട് അത് നടപ്പാക്കാനുള്ള നീക്കങ്ങൾ

നടന്നുകൊണ്ടിരിക്കുമ്പോൾ ഈ നിയമസഭയിൽ അതുതന്നെ ശരിയെന്ന് പറഞ്ഞുപോകുന്നത് കഷ്ടമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ധനകാര്യ കമ്മീഷന്റെ മുമ്പിൽ ഞങ്ങളും നിങ്ങളും അവതരിപ്പിച്ച അഭിപ്രായങ്ങൾ ഒന്നുതന്നെ ആയിരുന്നില്ലേ; അങ്ങ് വിളിച്ച ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ ഞാനും പങ്കെടുത്തതല്ലേ; പിന്നെ ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ പറയരുത്. ചില സാമ്പത്തിക വിദഗ്ദ്ധൻമാർ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾക്ക് ഗവൺമെന്റിന് ക്ലാരിഫിക്കേഷനുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശരി. അഭിപ്രായമില്ലെങ്കിൽ എനിക്ക് തർക്കമില്ല. സന്തോഷമുള്ള കാര്യം. നമ്മൾ ഇതിൽ കുറഞ്ഞ വായ്പ ബോണ്ടുവഴി എടുക്കാമായിരുന്നില്ലേ; അഭ്യന്തര മാർക്കറ്റിൽ ഇറക്കി. ആദ്യം ഇറക്കിയപ്പോൾ 10.20 ശതമാനം. നമ്മൾ വാങ്ങിയില്ല. രണ്ടാമത് ഇറക്കി. അപ്പോൾ 10.25 ശതമാനം. ഇപ്പോൾ കിഫ്ബി മസാല ബോണ്ടുവഴി 9.72 ശതമാനം എന്നുമാത്രമല്ല, 0.1 ശതമാനം വിത്ത്ഹോൾഡിംഗ് ടാക്സ് ഉണ്ടായിരുന്നു. മാർച്ച് 31 വരെയും ഉണ്ടെങ്കിൽ അതിനെ ഒഴിവാക്കണം. മാർച്ച് 31-ന് ശേഷമാണെങ്കിൽ അതിന് 0.1 ശതമാനം വിത്ത്ഹോൾഡിംഗ് ടാക്സ് വരും. അപ്പോൾ അഞ്ച് വർഷത്തേയ്ക്കാകുമ്പോൾ 0.5 വിത്ത്ഹോൾഡിംഗ് ടാക്സിന്റെയും ലാഭം നമുക്ക് വന്നിട്ടുണ്ട്. അത് പ്രയോജനപ്പെടുത്താൻ വേണ്ടിയാണ് ഈ മാർച്ച് 31-നകംതന്നെ വായ്പ എടുക്കുന്നത്. ഈ വായ്പ ലാഭമാണോ, ന്യായമാണോ അല്ലയോ; മുൻ സെബി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ജെ.എൻ. ഗുപ്ത, മുൻ സെബി എക്സിക്യൂട്ടീവ് ഡയറക്ടർ (മെമ്പർ ആർ.ഡി.എ.) ശ്രീ. രാധാകൃഷ്ണൻ നായർ, പതിനാലാം ധനകാര്യ കമ്മീഷൻ അംഗം ശ്രീ. സുധിപ്തോ മണ്ഡൽ, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ മുൻ പ്രിൻസിപ്പൽ സി.ജി.എം. ശ്രീ. സലിം ഗംഗാധരൻ എന്നിവരെല്ലാം കൂടിയാണ് ഇത് ഇന്നത്തെ സാഹചര്യത്തിൽ ന്യായമാണെന്ന് പറഞ്ഞത്. നമുക്ക് നല്ല കൂപ്പൺ റേറ്റാണ് എന്ന് അഭിപ്രായപ്പെട്ടത്.

ഇവിടെ ഒരു പ്രശ്നം വന്നത്, ഇന്ത്യ ഇന്ന് മസാല ബോണ്ട് വാങ്ങി വിറ്റിട്ടുള്ളത് ഇതിനേക്കാൾ താഴ്ന്ന കൂപ്പൺ റേറ്റിലാണല്ലോ. ഈ കൂപ്പൺ റേറ്റ്, പലിശനിരക്ക് എന്തിനെ ആശ്രയിച്ചിരിക്കുന്നു; ഒന്ന്, കമ്പനിയുടെ റേറ്റിംഗ്, രണ്ട്, ഇതിന്റെ ട്രാക്ക് റെക്കോർഡ്. ഇവർ ഇറക്കുന്ന ബോണ്ടുകളുടെ ട്രാക്ക് റെക്കോർഡ്. മൂന്ന്, മാക്രോ ഇക്കണോമിക് ആയിട്ടുള്ള പൊതുവായ അപ്പോഴത്തെ അന്തരീക്ഷം. പൊതു അന്തരീക്ഷത്തിൽ മാറ്റം വരുന്നതിനനുസരിച്ച് പലിശയിൽ മാറ്റം വരും. ഇന്ന് കിട്ടുന്നതുപോലെ നാളെ കിട്ടില്ല. അമേരിക്ക quantitative easing ശക്തിപ്പെടുത്തുന്ന കാലത്താണെങ്കിൽ പലിശനിരക്ക് ഉയരും. പക്ഷേ അങ്ങനെ ഏതെങ്കിലും ഒരു നിരക്കായാൽപ്പോലും റേറ്റിംഗ് അനുസരിച്ച്, ട്രാക്ക് റെക്കോർഡ് അനുസരിച്ച് പലിശനിരക്കിൽ മാറ്റം വരും. അപ്പോൾ നമ്മുടെ റേറ്റിംഗ് എവിടെയാണ്. നമ്മുടെ റേറ്റിംഗ്, ബി.ബി. ആണ്. ഇന്ത്യാ സർക്കാരിന്റെ റേറ്റിംഗ് എത്രയാണ്.

ബി.ബി.ബി. മൈനസ്. രണ്ട് നോച്ച് താഴെ. ബി.ബി. എങ്കിലുമില്ലെങ്കിൽ നമുക്ക് പോകാൻ കഴിയില്ല. International market-ൽ മസാല ബോണ്ട് ഇറക്കിയപ്പോൾ ഐ.എഫ്.സി.-ക്ക് 6.5 ശതമാനത്തിന് കിട്ടി. ഐ.എഫ്.സി. എന്നത് വേൾഡ് ബാങ്കിന്റെ സബ്സിഡറിയാണ്. Internationally ട്രിപ്പിൾ റേറ്റഡാണ്. അതുകൊണ്ട് കിട്ടും. ഇന്ത്യാ സർക്കാരിന്റെ ബി.ബി.ബി. മൈനസ് വച്ചിട്ടുള്ളതാണെങ്കിലോ; നമ്മൾ നഹായിൽ പോയി. എൻ.റ്റി.പി.സി.യിൽ പോയി. അവർക്കൊക്കെ വരുന്നത് 7.8 ശതമാനമാണ്. നമ്മൾ അവരേക്കാളും രണ്ട് നോച്ച് താഴെയാണ്. അപ്പോൾ ഇത്രയും ബേസിസ് പോയിന്റ് കൂടും. പ്രധാനപ്പെട്ട കാര്യം ഇത് നെഗോഷിയേറ്റ് ഇൻസിസ്റ്റ് ചെയ്യുന്നതല്ല. കമ്പോളത്തിൽ ബിഡ് ചെയ്ത് തീരുമാനിക്കുന്നതാണ്. അങ്ങനെ ബിഡ് ചെയ്ത് തീരുമാനിക്കുന്നതാണെന്ന് പറയുമ്പോഴാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉയർത്തിയ പ്രശ്നം വരുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അപ്പോൾ നെഗോഷിയേറ്റ് ചെയ്തിട്ടില്ലേ? അതാണ് ബേസിക്കായിട്ടുള്ള പ്രശ്നം. അങ്ങ് പറഞ്ഞത് ബിഡ് ചെയ്തതാണ്. ഞങ്ങൾ പറയുന്നത് നെഗോഷിയേറ്റ് ചെയ്തതാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: അതിലേയ്ക്ക് വരികയാണ്. അങ്ങ് പറയുന്നത് ബിഡ് അല്ല നെഗോഷിയേഷൻ ആണെന്നാണ്. നെഗോഷിയേഷൻ ഉണ്ടാകും, എങ്ങനെ ബോണ്ട് ഇന്റർനാഷണൽ മാർക്കറ്റിൽ ഇറക്കുന്നത്, സ്റ്റെപ്പ് 1, നിങ്ങൾ ഇതിന്റെ രേഖകൾ തയ്യാറാക്കി സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യും, അതോടുകൂടി എല്ലാപേരും ഇങ്ങനെയൊരാൾ ബോണ്ട് ഇറക്കുന്നുവെന്ന് അറിയുന്നു. സ്റ്റെപ്പ് 2, ഇതിന്റെ അടിസ്ഥാനത്തിൽ ആർക്കൊക്കെ നിക്ഷേപത്തിന് താൽപ്പര്യമുണ്ടോ അവരോടൊക്കെ 'നിങ്ങൾ എങ്ങനെ തിരിച്ചടയ്ക്കും, നിങ്ങളുടെ സാമ്പത്തിക സ്ഥിതി എന്ത്?' എന്ന് അവർ വന്ന് അന്വേഷിക്കും, അത് വിശദീകരിക്കണം. അതിന് ഇങ്ങോട്ടുവന്നില്ലെങ്കിൽ അങ്ങോട്ടുപോകണം. അതിനാണ് ദുബായിലും സിങ്കപ്പൂരിലും ലണ്ടനിലും റോഡ് ഷോ നടത്തിയതും. നിക്ഷേപകരെ വിളിച്ചതും. ഇന്ത്യൻ മസാല ബോണ്ടുകൾ വാങ്ങിച്ചിട്ടുള്ള മുഴുവൻ നിക്ഷേപകരേയും ക്ഷണിച്ചുവരുത്തി ചർച്ച ചെയ്യുന്നു. അങ്ങനെ ചർച്ച ചെയ്യുന്നതിനുമുമ്പ് ലിസ്റ്റ് ചെയ്തപ്പോൾ സെപ്റ്റംബർ മാസത്തിൽ അങ്ങ് പറഞ്ഞ, ശ്രീ. കെ. എസ്. ശബരീനാഥൻ ആദ്യം ചൂണ്ടിക്കാണിച്ച ഓഫർ സർക്കുലർ വച്ചിരുന്നു. ആ ഓഫർ സർക്കുലറിന്റെ പ്രത്യേകത ഇൻസ്റ്റിറ്റ്യൂഷണൽ ഇൻവെസ്റ്റേഴ്സിനേ ഓപ്പൺ ഉള്ളൂ. റീട്ടെയിലായി ഇൻവെസ്റ്റേഴ്സിന്, വ്യക്തികൾക്ക് പോയി വാങ്ങാൻ പറ്റുകയില്ല. വ്യക്തികൾക്ക് നൽകിയാൽ അത് മാനേജ് ചെയ്യാൻ വളരെ പ്രയാസമാണ്. കൂടുതൽ കർശന നിബന്ധനകൾ ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ ഈ ഓഫർ സർക്കുലറിൽ ഞങ്ങൾ ഡിസ്ക്ലൈമേഴ്സ് വച്ചിട്ടുണ്ട്. ഓരോ രാജ്യത്തേയും നിയമം നോക്കി ചെയ്യുന്നതുകൊണ്ടാണ് 100 പേജ് വരുന്നത്. ബ്രിട്ടനിലും യൂറോപ്പിലും ഇൻസ്റ്റിറ്റ്യൂഷണൽ ഇൻവെസ്റ്റേഴ്സിന്

മാത്രമേയുള്ളൂ. ഇങ്ങനെ ഡിസ്ക്ലെയിം ചെയ്തതിൽ കാനഡയെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ കനേഡിയൻ ഇൻവെസ്റ്റേഴ്സ് താൽപ്പര്യം കാണിച്ചു. വേറെ പ്രോസ്പെക്ടസ് ഇറക്കാമെന്ന് പറഞ്ഞാൽ ഇരട്ടി പണിയാണ്. അതുകൊണ്ട് ഒരു അഡന്റം, നോട്ട് ടു ഓഫർ സർക്കുലർ പുറപ്പെടുവിച്ചു. അതിന് വിളിക്കുന്നതാണ് പ്രൈവറ്റ് പ്ലേസ്മെന്റ്, It is a private placement only for Institutional Investors, this issues not open to Private Retail Investors; എന്നാണ് അതിനർത്ഥം. കാനഡയിൽ കരാർ വച്ചിട്ട് പൈസ വാങ്ങാൻ പറ്റുമോ, അല്ല, ഇതിന്റെ അടിസ്ഥാനത്തിൽ ഇവർ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റു ചെയ്ത പ്രകാരം ഇന്റർനാഷണൽ ക്യാപിറ്റൽ മാർക്കറ്റ് അസോസിയേഷന്റെ യൂറോ ക്ലിയർ പ്ലാറ്റ്ഫോമിൽ പ്ലെയ്സ് ചെയ്തിരിക്കുന്ന ബോണ്ടുകളിൽ സബ്സ്ക്രൈബ് ചെയ്യുകയാണ്. ഇത്ര പലിശ തരാം, ഇത്ര ബോണ്ട് ഞങ്ങൾക്ക് വേണം. അങ്ങനെയാണ് സി.ഡി.പി.ക്യൂ. വന്നിട്ടുള്ളത്. ഒരാളോടും ചർച്ച ചെയ്ത് എഗ്രിമെന്റ് ഉണ്ടാക്കിയിട്ടില്ല, എവിടെ എഗ്രിമെന്റ്? എന്താണ് നിങ്ങൾ ഈ പറയുന്നത്; പബ്ലിക് ഇഷ്യൂ ആണെന്ന് പറയുക, എന്നിട്ട് സ്വകാര്യ പ്ലേസ്മെന്റ് ഒരു കമ്പനിക്ക് വിൽക്കുക, എന്നിട്ട് അത് മറച്ചുവയ്ക്കാൻ വേണ്ടി മുഖ്യമന്ത്രി ലണ്ടനിൽ പോയി; ഇങ്ങനെയൊന്നും നിങ്ങൾ പറയരുത്, ഈ പറയുന്ന ഡിബേറ്റ്സ് ഇന്റർനാഷണൽ ഫിനാഷ്യൽ ജേർണലിസത്തിൽ എല്ലാപേരും വായിക്കുകയാണ്. നാളെ നമ്മൾ മാർക്കറ്റിൽ പോകുമ്പോൾ ഇതാണ് ഇവിടത്തെ അവസ്ഥയെന്ന് ചിന്തിക്കും.

ശ്രീ. കെ. എസ്. ശബരീനാഥൻ ബാങ്കോക്കിലും മറ്റും ബാങ്കിൽ ജോലി ചെയ്തതുകൊണ്ട്, I expected some more; എന്താണ് പറയേണ്ടത്, കരുതലും ഉൾക്കാമ്പുമുള്ള ഒരു ചർച്ച. പക്ഷെ എന്താണ് നിങ്ങൾ ഇപ്പോൾ പറയുന്നത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: നമ്മൾ ആദ്യം ഇൻസ്റ്റിറ്റ്യൂഷണൽ ഇൻവെസ്റ്റേഴ്സിന് മാത്രം കൊടുത്തു. അപ്പോൾ പല രാജ്യങ്ങളിലും പോയി, ആ രാജ്യങ്ങളിലൊന്നും ഇത് സബ്സ്ക്രൈബ് ചെയ്യാൻ ആരും തയ്യാറായിരുന്നില്ല. അപ്പോഴാണ് നമുക്ക് കാനഡയിലെ ക്യൂബക്കിൽ നിന്ന് ഇന്ററസ്റ്റ് വന്നത്. ഓഫർ വന്നപ്പോൾ അത് അഡന്റം ആയി. കാനഡക്ക് മാത്രം കൊടുക്കുന്നുവെന്ന ഒരു സിൻവെസ്റ്റിക്കായിട്ടുള്ള അസംപ്ഷൻ, ഞാൻ അത്യാവശ്യം ഈ രംഗത്ത് വർക്ക് ചെയ്തിട്ടുള്ളതുകൊണ്ട്, സിൻവെസ്റ്റിക്കായിട്ട് കാര്യങ്ങൾ നടക്കുകയില്ലെന്ന് അറിയാമെന്നുള്ളതുകൊണ്ടാണ് പറയുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: പബ്ലിക് ഇഷ്യൂ നടത്തിയിട്ട് പ്രൈവറ്റായി ചെയ്യാൻ പറ്റുകയില്ലല്ലോ. പ്രൈവറ്റ് ഇഷ്യൂ എന്താണ്, കെ.എസ്.എഫ്.ഇ.യും കിഫ്ബിയും തമ്മിൽ എഗ്രിമെന്റുണ്ട്. ആ എഗ്രിമെന്റിൽ നിങ്ങൾ ഇങ്ങനെയുള്ള ഫ്രീ ഫ്ലോട്ടാണെങ്കിൽ 3 ശതമാനം, നിങ്ങളുടെ ഡെപ്പോസിറ്റ് ആണെങ്കിൽ 8 ശതമാനം, അവർ 8.5 വേണമെന്ന് പറഞ്ഞു,

8 ശതമാനം. ഇങ്ങനെ ഓരോന്നിനും റേറ്റ് നിശ്ചയിച്ച് എഗ്രിമെന്റുണ്ട്. വേറെ ആർക്കും ഈ പ്രവാസി ബോണ്ട് കിട്ടുകയില്ല, നേരെ കിഫ്ബിയിൽ അടയ്ക്കാം, കിഫ്ബി തിരിച്ചുകൊടുക്കാം. This is private issue; പ്രൈവറ്റ് പ്ലേസ്മെന്റെന്നു പറയുന്നത് ചില കാറ്റഗറീസിനെ മാറ്റി നിർത്തുന്നതാണ്. കാനഡയിലെ ക്യൂബക്കിൽ, റീട്ടെയിൽ ഇൻവെസ്റ്റേഴ്സിനെ രക്ഷിക്കാൻ വേണ്ടി വളരെ കർശനമായ നിലപാടുകളുണ്ട്. അതുകൊണ്ട് നമ്മൾ ഈ അഡന്റമിറക്കി, തുറന്നുവച്ചു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സി.ഡി.പി.ക്യൂ.വിന്റെ പ്രതിനിധികൾ 2019 ഫെബ്രുവരി 23 മുതൽ 27 വരെ തിരുവനന്തപുരത്ത് ഉണ്ടായിരുന്നു. അവരും ഇവിടെ ചർച്ച നടത്തി, ആരോട് ചർച്ച നടത്തി; അങ്ങ് പറഞ്ഞുവല്ലോ, നെഗോസിയേഷനായിട്ടല്ല ബോണ്ട് വരുന്നത്, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്താൽ അത് ആളുകൾക്ക് വാങ്ങാമെന്നാണല്ലോ അങ്ങു പറഞ്ഞ കൺസെപ്റ്റ്, ബിഡ്സ് ചെയ്യാമെന്നല്ലേ പറഞ്ഞത്, എന്തിനാണ് അവർ ഇവിടെ വന്നത്? അവർ ആരെക്കണ്ടു, ആരോട് സംസാരിച്ചു.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: അങ്ങ് കള്ളം പറഞ്ഞുവെന്ന് പറയരുത്. ഞാൻ ഇപ്പോൾ പറഞ്ഞ കാര്യങ്ങളാണ്, ഞാൻ പറഞ്ഞത് ബോണ്ടാക്കണമെങ്കിൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റു ചെയ്യണം, അതിന്റെ ഓഫർ ലെറ്റർ വാങ്ങണം. അതുകഴിഞ്ഞാൽ ആളുകൾ ഇങ്ങോട്ട് വരുന്നില്ലെങ്കിൽ അങ്ങോട്ട് പോയി സംസാരിക്കും. ആ സംസാരത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ ദിവസം നിശ്ചയിക്കുന്നു. നമ്മുടെ ഇഷ്യൂ ഓപ്പൺ ചെയ്യുന്ന ദിവസം; ആ ദിവസം യൂറോ ക്ലിയർ പ്ലാറ്റ്ഫോമിൽ നമ്മുടെ ബോണ്ട് അറേഞ്ചു ചെയ്ത് വയ്ക്കുന്നു. അവർ സബ്സ്ക്രൈബ് ചെയ്യുന്നു, ബിഡ്സ് നമ്മളോടല്ല പറയുന്നത്. അങ്ങനെയാണ്. ഇവിടെ ചർച്ച ചെയ്ത് വേറെ എന്തോ ചെയ്യാനാണെന്നുള്ള രീതിയിൽ വന്നുകഴിഞ്ഞാലോ? അടുത്ത പ്രശ്നം സി.ഡി.പി.ക്യൂ. എന്താണ്, അങ്ങ് പറയുന്നത് അത് ഇക്വിറ്റി നിക്ഷേപം നടത്തുന്നവർ, ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കുന്നവർ, അങ്ങനെയുള്ള കമ്പനികളല്ല, ഇത് പെൻഷൻ ഫണ്ടാണ്. ഈ പെൻഷൻ ഫണ്ട് ബോണ്ടിൽ നിക്ഷേപിക്കും, ഇക്വിറ്റിയിൽ നിക്ഷേപിക്കും, ഇൻഫ്രാസ്ട്രക്ചറിന് നമുക്ക് തരുന്നതുപോലെ വായ്പ കൊടുക്കുന്നതാണ്. അതുകൊണ്ട് സി.ഡി.പി.ക്യൂ. വിന് ഇൻഫ്രായുണ്ട്. അഡീഷണലായി ഒരേ ഒരു കാര്യം ഞാൻ കൺസീൽ ചെയ്യുന്നത് അവർക്ക് റിയൽ എസ്റ്റേറ്റ് ഉണ്ട്. അത് എങ്ങനെ ചേർത്തുവെന്ന് എനിക്കറിഞ്ഞുകൂടാ. റിയൽ എസ്റ്റേറ്റിന് വാടകയ്ക്ക് കൊടുക്കുന്നുണ്ട്, അത് വർഷമാദ്യം ഹോൾഡിംഗ്സ് ഉണ്ട് അല്ലാതെ ഇത് കൺസ്ട്രക്ഷൻ കമ്പനിയോ മറ്റ് കാര്യങ്ങളോ ഒന്നുമല്ല. പെൻഷൻ ഫണ്ടാണെന്നുള്ളത് ഞാൻ കള്ളം പറഞ്ഞതല്ല. കനേഡിയൻ പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ

രൂപീകരിച്ചിട്ടുള്ള ഒരു പെൻഷൻ ഫണ്ടാണ്. അവർ 68 രാജ്യങ്ങളിലോളം, ഇതുപോലെ ഇൻവെസ്റ്റ്മെന്റ് നടത്തിയിട്ടുണ്ട്. നമ്മുടെ 15.4 ലക്ഷം കോടി രൂപയാണ്, ആ 15.4 ലക്ഷം കോടി രൂപയിൽ ഒരു ചെറിയ ശതമാനം ലാവലിനിലും ഉണ്ട്. കാനഡ മാത്രം എടുത്താൽ 775 കമ്പനികളിൽ അവർ നിക്ഷേപം നടത്തിയിട്ടുണ്ട്. ഇന്ത്യയിൽ അവർ 32,000 കോടി രൂപയാണ് എൻ.ഐ.എഫ്.ബി.-യിലും, എൻ.ഐ.എഫ്.-ലും അതുപോലുള്ള കമ്പനി ബോണ്ടുകളിൽ മുടക്കിയിട്ടുള്ളത്. അതിന്റെ ഒരു ഭാഗം ഇവിടെയും മുടക്കുന്നു. ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല ലാവലിനുമായി നിക്ഷേപമുണ്ടോ ഇല്ലയോ എന്ന്. ലാവലിനിൽ 19.9 ശതമാനം ഉണ്ട്. പ്രതിപക്ഷനേതാവിന് അറിയാമോ എന്തുകൊണ്ട് 20 ശതമാനമാക്കിയില്ല എന്നത്. അവർ 20 ശതമാനം ആക്കാത്തതിനു കാരണം they don't want a control; they don't want to manage it. അതുകൊണ്ട് 19.9 ശതമാനത്തിൽ നിർത്തുന്നു. അതിന്റെ ഡയറക്ടർ ബോർഡിൽ, ലാവലിന്റെ ഡയറക്ടർ ബോർഡിൽ ഇവർ ഒരാൾപോലും ഇല്ല. സി.ഡി.പി.ക്യൂ.-വിന്റെ പ്രതിനിധി ഇല്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സി.ഡി.പി.ക്യൂ.വിന്റെ വൈസ് പ്രസിഡന്റ് ലാവലിന്റെ വൈസ് പ്രസിഡന്റായിരുന്ന കാര്യം അറിയാമോ; അങ്ങ് വെറുതെ ആളുകളെ തെറ്റിദ്ധരിപ്പിക്കരുത്. ഇന്ത്യൻ നിയമങ്ങളുടെ അടിസ്ഥാനത്തിലേ ഇവിടെ കമ്പനി രജിസ്റ്റർ ചെയ്യാൻ പറ്റുകയുള്ളൂ. അത് സി.ഡി.പി.ക്യൂ. അല്ല ഏത് കമ്പനിയായാലും കാനഡയിൽ രജിസ്റ്റർ ചെയ്യാൻ പറ്റും. അങ്ങ് എന്താണ് പറഞ്ഞുകൊണ്ടിരിക്കുന്നത്, ഒരു കമ്പനി രജിസ്റ്റർ ചെയ്യണമെങ്കിൽ ഇന്ത്യൻ നിയമമനുസരിച്ചല്ലേ പറ്റുകയുള്ളൂ, കാനഡയിൽ സി.ഡി.പി.ക്യൂ. എന്ന കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതുപോലെ ആയിരക്കണക്കിന് കമ്പനികൾ അവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവിടെ പ്രശ്നമെന്താണ്; എന്തുകൊണ്ട് സി.ഡി.പി.ക്യൂ., ലാവലിനുമായി ബന്ധമുള്ള ഒരു കമ്പനിയുമായി നിങ്ങൾ നെഗോഷ്യേറ്റ് ചെയ്തു?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, എത് കമ്പനിക്കാണ് നമ്മുടെ ബോണ്ടിൽ നിക്ഷേപിക്കാൻ അധികാരമുള്ളത്; അവരുടെ ഇടപാടുകാരെല്ലാം അനഭിമതരായതുകൊണ്ട് ഈ കമ്പനി അഭിമതർ അല്ലാതായിത്തീരുന്നില്ല. ആർ.ബി.ഐ. അംഗീകരിച്ചിട്ടുള്ള ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സിന്റെ യോഗ്യതാ നിബന്ധനകൾ, ആ യോഗ്യതാ നിബന്ധനകളുള്ള ആർക്കും നമ്മുടെ ബോണ്ടിൽ നിക്ഷേപിക്കാം. അതുകൊണ്ട് എന്തുകൊണ്ട് അവിടെപ്പോയി വാങ്ങിച്ചു, നിങ്ങൾ ബോണ്ട് ക്ലിയറിംഗ് ഹൗസിൽ വച്ചുകഴിഞ്ഞാൽ ഈ യോഗ്യതയുള്ള ആർക്കും പണം നിക്ഷേപിക്കാം. ആ നിക്ഷേപത്തെ തടയാൻ നമുക്ക് അവകാശമില്ല. ലാവലിനെക്കുറിച്ച് അങ്ങയുടെ വേവലാതി കാണുമ്പോൾ

പ്രത്യേകിച്ച് ശ്രീ. കെ. എസ്. ശബരീനാഥൻ കേട്ടോളൂ, ശ്രീ. എം. സ്വരാജ് പറഞ്ഞത് ഞാനൊന്ന് ഓർമ്മിപ്പിക്കാം; അങ്ങ് ഇത് പറയാൻ പാടില്ലായിരുന്നു. ജി. കാർത്തികേയനുമായിട്ട് ഈ നിയമസഭയിൽ തന്നെ പലപ്രാവശ്യം വർത്തമാനം ഉണ്ടായിട്ടുള്ളതാണ്. പ്രതിപക്ഷനേതാവേ, ഞാൻ അങ്ങോട്ട് ചോദിക്കാം, ഇടുക്കി പദ്ധതിയും തീർത്ത് പൊടിയും തട്ടിക്കൊണ്ടുപോയ ലാവലിനെ കുറ്റ്യാടി പദ്ധതിക്കുവേണ്ടി പത്മരാജനല്ലേ വിളിച്ചുകൊണ്ടുവന്ന് കൊടുത്തത്? ഇല്ലെങ്കിൽ പറയുക; അതിനുശേഷം ജി. കാർത്തികേയൻ വൈദ്യുതി വകുപ്പുമന്ത്രിയായി. അദ്ദേഹമല്ലേ പള്ളിവാസൽ-ചെങ്കുളം-പന്നിയാർ പദ്ധതിക്കുവേണ്ടി എം.ഒ.യു. വച്ചത്; കൺസൾട്ടൻസി കരാർ വച്ചത്? ജി. കാർത്തികേയൻ തന്നെ കേരളത്തിൽ ഇടുക്കിയടക്കമുള്ള എല്ലാ ഹൈഡ്രോ ഇലക്ട്രിക് പവർ സ്റ്റേഷനുകളും നവീകരിക്കുന്നതിന് ഈ ലാവലിനുമായി എം.ഒ.യു. ഒപ്പുവച്ചില്ലേ. വസ്തുതയാണ്, നിങ്ങൾക്ക് മിണ്ടാട്ടമുണ്ടാകുകയില്ല. ശ്രീ. പിണറായി വിജയൻ എന്താണ് ചെയ്തത്; വൈദ്യുതി വകുപ്പുമന്ത്രിയായപ്പോൾ നിങ്ങൾ ടെണ്ടർ വിളിക്കാതെയുണ്ടാക്കിയ എല്ലാ കരാറുകളും റദ്ദാക്കി. അതിന്റെ അടിസ്ഥാനത്തിൽ അന്ന് അനുവദനീയമായിരുന്നു. പക്ഷെ ശ്രീ. പിണറായിക്കും തുടരാമായിരുന്നു. പക്ഷെ തുടർന്നില്ല; ലോവർ പെരിയാറിന്റെ പേരിൽ കേസ്സ് കൊടുത്തു. പിന്നീട് നിങ്ങളുടെ കാലത്ത് അത് ജയിക്കുകയും ചെയ്തു. അങ്ങനെ കേസ്സിൽ പോയിട്ട് പള്ളിവാസൽ-ചെങ്കുളം-പന്നിയാർ പദ്ധതി അനന്തമായി കോൾഡ് സ്റ്റോറേജിൽ പോകരുതെന്നുള്ളതുകൊണ്ട് നിങ്ങൾ എം.ഒ.യു. വച്ചു, നിങ്ങൾ കൺസൾട്ടൻസി കരാർ വച്ചു. അതുകൊണ്ട് ഫൈനൽ കരാറിൽ ഇത് മുന്നോട്ട് പോകട്ടെ എന്നുവച്ചു. ഇതുകൊണ്ടുമാത്രമാണ് കേരളത്തിലെ മുഴുവൻ ജല വൈദ്യുത പദ്ധതികളേയും ലാവലിന് തീറെഴുതാൻ നടന്നത്. ടെണ്ടർ വിളിക്കാതെ 8 തെർമൽ സ്റ്റേഷനുകൾക്ക് അനുവാദം കൊടുത്തവർ ഇവിടെ വന്ന് ലാവ്‌ലിനെ തൊട്ടു, ലാവ്‌ലിനെ തൊട്ടു എന്നുപറഞ്ഞ് നടക്കുകയാണ്. അന്ന് ഈ വശത്ത് മന്ത്രിയായി നിൽക്കുന്ന ജി. കാർത്തികേയനോട് ഞാൻ അവിടെ പ്രതിപക്ഷത്തുനിന്ന് ചോദിച്ച കാര്യങ്ങൾ റെക്കോർഡിലുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിക്കടക്കം സി. വി. പത്മരാജൻ എം.ഒ.യു. കൺസൽട്ടൻസി കരാർ വച്ചു കഴിഞ്ഞതിനുശേഷമാണ് അദ്ദേഹം വൈദ്യുതി വകുപ്പുമന്ത്രിയായി എത്തിയത്. അതുപോലെ ശ്രീ. പിണറായി വിജയന് സ്വാതന്ത്ര്യമുണ്ടായിരുന്നോ? രണ്ടും കഴിഞ്ഞുപോയതുകൊണ്ട് എനിക്കും ഒപ്പിടേണ്ടി വന്നുവെന്നാണ് ജി. കാർത്തികേയൻ പറഞ്ഞത്. എം.ഒ.യു.വും കൺസൾട്ടൻസി കരാറും വച്ചതിനുശേഷം ശ്രീ. പിണറായി വിജയന് ആ കരാർ തള്ളിപ്പറയാനുള്ള സ്വാതന്ത്ര്യമുണ്ടോ എന്ന് ചോദിച്ചതിനുള്ള മറുപടിയും നിയമസഭാ രേഖകളിലുണ്ട്. എന്നിട്ട് ഇവിടെ വന്ന് ലാവ്‌ലിൻ, ലാവ്‌ലിൻ എന്നുപറയുകയാണ്. എന്ത് ലാവ്‌ലിൻ? സത്യം ഇതാണ്. പുതിയ കാര്യമാണ് നമ്മൾ ചെയ്യുന്നതെന്നാണ്

ഞാൻ പറയുന്നത്. അതുകൊണ്ട് ഇതെങ്ങനെയാണ്, എന്താണ് എന്നുള്ള സംശയങ്ങളെല്ലാം വരാം. നിങ്ങൾക്ക് ചോദിക്കാം, ഞാൻ എന്തും വിവരിക്കാം. ആർക്കും എന്തു സംശയവും വന്നാൽ പറഞ്ഞുതരാം. കിഫ്ബിയിൽ പോയി അന്വേഷിക്കാം. ഈ സംസ്ഥാനത്തിന്റെ സർക്കാർ ഇന്ന് ഞങ്ങളാകും, പിന്നീട് വേറൊന്നാകാം, പക്ഷേ, ഈ കാണിക്കുന്ന കോപ്രായങ്ങൾ സംസ്ഥാനത്തിന്റെ ക്രെഡിബിലിറ്റിയെയാണ് കളയുന്നത്. We are made the laughing stock of entire financial world എന്ന സ്ഥിതിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ശ്രീ. പിണറായി വിജയൻ അവിടെ ചെന്നതിനെക്കുറിച്ച് പറയാം. ആരുചെന്നാലും മണിയടിക്കാൻ പറ്റുന്ന കേന്ദ്രമൊന്നുമല്ല ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച്. ഇപ്പോൾ മണിയടിക്കലുമില്ല. അത് പണ്ടായിരുന്നു. പണ്ട് സ്റ്റോക്ക് എക്സ്ചേഞ്ച് തുടങ്ങുമ്പോൾ മണിയടി ഉണ്ടായിരുന്നു. പിന്നീടത് ബെല്ലാക്കി. ഇപ്പോൾ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ബഹളംവയ്ക്കുന്ന ആളുകളൊന്നുമില്ല. എല്ലാവരും കംപ്യൂട്ടറിന് മുമ്പിൽ, വീട്ടിലും ഓഫീസിലും ഇരിക്കുകയാണ്. അതുകൊണ്ട് ആകെയുള്ളത് വലിയ ബോർഡ് മാത്രമാണ്. അപ്പോൾ അവിടെ ചെന്ന് നിന്ന് ഒരു പ്ലേഖ് വച്ച് കഴിഞ്ഞാൽ തെളിയും. അവിടെ ആർക്കും അങ്ങനെ കയറി ചെല്ലാൻ കഴിയില്ല. അവർ ക്ഷണിക്കണം. അവിടെ ചെന്നിട്ട്, 'ദേ ഞാനിതാ വന്നിരിക്കുന്നു എനിക്ക് മണിയടിക്കണം' എന്നുപറഞ്ഞാൽ നടക്കുന്ന കാര്യമല്ല. അവർ നമ്മളെ ക്ഷണിച്ചു. എന്തുകൊണ്ട് ക്ഷണിച്ചുവെന്ന് അറിയാമോ? കിഫ്ബിയുടെ ഇൻവെസ്റ്റ്മെന്റ് മാതൃകകൊണ്ടാണ് അതുണ്ടായത്. ഒരു ഫെഡറൽ സംസ്ഥാനത്ത് എങ്ങനെയാണ് 50000 കോടി രൂപ ഈ രീതിയിൽ മുടക്കുന്നത്, അതിനായി ഇവിടെയുണ്ടാക്കിയ കിഫ്ബിയുടെ സംവിധാനം ഇവയെല്ലാം കണ്ടിട്ടാണ് അവർ ക്ഷണിച്ചത്. അവിടെയിരിക്കുന്നത് മാർക്സിസ്റ്റ് പാർട്ടിക്കാരല്ല, നല്ല ഉദ്യോഗസ്ഥരാണ്. ഇതെല്ലാം കണ്ടുകഴിഞ്ഞപ്പോൾ ഏഷ്യയിലെ ഈ വർഷത്തെ ഏറ്റവും നല്ല ഇഷ്യൂകളിൽ ഒന്നായി നോമിനേറ്റ് ചെയ്യപ്പെട്ടു, അവാർഡ് കിട്ടിയിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ കേരള മുഖ്യമന്ത്രിയെ ഓണർ ചെയ്യാൻവേണ്ടി വിളിച്ചതാണ്. എന്തുകൊണ്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഓണറിനുവേണ്ടി പോയി? കാരണമെന്താണെന്നാൽ, ഇന്ന് ലോക ഫിനാൻഷ്യൽ വേൾഡിൽ കേരളത്തെ അറിയാം. അവിടെവച്ച് ഞങ്ങൾ കൊടുത്ത ഇന്റർവ്യൂ, ഡോക്യുമെന്റ്, ചർച്ചാ വിഷയം ഇവയെല്ലാം കാരണമാണ്. അതിനുശേഷം എത്രയോപേർ എന്റെയടുത്ത് വന്നു. അവിടെയുള്ള ചാർട്ടേഡ് അക്കൗണ്ടന്റ് അസോസിയേഷൻ called for a meeting. എങ്ങനെയാണ് ഈ പണി നടത്തുന്നതെന്നും ഇതിലെ ഏർപ്പാടെന്തെന്നും അവർക്കറിയണമായിരുന്നു. കേരളം ഫിനാൻഷ്യൽ വേൾഡിൽ മുന്നേറുകയാണ്. അതിന്റെ ഗുണമെന്താണ്? നാളെ 50000 കോടി രൂപ വേണമല്ലോ, പദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

50000 കോടി രൂപ ഉണ്ടാക്കും, ആരെതിർത്താലും ഉണ്ടാക്കും, പദ്ധതികളുമായി മുന്നോട്ടുപോകും. അതിനുവേണ്ടി നാളെ പോകുമ്പോൾ നമുക്ക് ഇത്രയും പണി വേണ്ടിവരില്ല. ആളുകൾക്ക് കാര്യങ്ങളെല്ലാം അറിയാം. കിഫ്ബി എന്താണെന്നും കേരളമെന്താണെന്നും എല്ലാവർക്കും അറിയാം. ശ്രീ. നരേന്ദ്ര മോദി പോയതുപോലെ തള്ളാൻ പോയി എന്നെല്ലാം പ്രതിപക്ഷനേതാവ് പറയരുത്. നേരത്തേ ഞാൻ പറഞ്ഞതുപോലെ ആ രാഷ്ട്രീയമൊക്കെ മറന്നാലെങ്ങനെയാണ്; നിങ്ങളിരിക്കുന്നത് എവിടെയാണ്; ശ്രീ. നരേന്ദ്ര മോദി ഇരിക്കുന്നത് എവിടെയാണ്; അതുപോലെയാണോ ഞങ്ങൾ പോയത്? ശ്രീ. നരേന്ദ്ര മോദിയുടെ നയങ്ങൾക്ക് ബദലായി, ഈ സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്ക് വേണ്ടി ഞങ്ങൾ ഒരു ബദൽ പദ്ധതി ഉയർത്തുകയാണ്. നമുക്ക് ഒരുമിച്ച് നിൽക്കാം. തെറ്റോ കുറവോ ഉണ്ടെങ്കിൽ പരിഹരിക്കാം. ഒരുമിച്ച് നിന്ന് ഈ സംസ്ഥാനത്തിന്റെ വികസനത്തിനായി കൈകോർക്കാൻ കഴിയണം. ഇനിയെങ്കിലും ആ തിരിച്ചറിവ് വരണം. അല്ലാതെ പാർലമെന്റിലെ 19 അംഗങ്ങളുടെ ആവേശം വച്ചിട്ടൊന്നും വർത്തമാനം പറയരുത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ലാവ്‌ലിനെപ്പറ്റി നമുക്ക് വേറെ ചർച്ചയാവാം. എം.ഒ.യു. സൈൻ ചെയ്തതിനെ കരാറാക്കി മാറ്റിയത് ആരാണെന്നൊക്കെ എല്ലാവർക്കും അറിയാം, ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. കേസ് കോടതിയിലാണല്ലോ! അതിന്റെ ഉത്തരവാദി ആരാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി തീരുമാനിക്കട്ടെ. ഒരുമിച്ച് പോകാമെന്ന് അങ്ങ് പറഞ്ഞല്ലോ, ഞാൻ അങ്ങേയ്ക്കും മുഖ്യമന്ത്രിക്കും കത്തെഴുതി. ഡോ. എം. കെ. മുനീർ, ശ്രീ. വി. ഡി. സതീശൻ, ശ്രീ. അനൂപ് ജേക്കബ്, ശ്രീ. റോഷി അഗസ്റ്റിൻ എന്നീ നാല് എം.എൽ.എ.-മാരും കത്തെഴുതി. പ്രതിപക്ഷത്തുള്ള ഈ നാല് എം.എൽ.എ.മാരെയും ചർച്ചയ്ക്ക് വിളിക്കാതിരുന്നത് എന്തുകൊണ്ടാണ്; അവരെ കാണിക്കാതെയും കാര്യങ്ങൾ അവതരിപ്പിക്കാതെയുമിരുന്നത് എന്തുകൊണ്ടാണ്? കിഫ്ബിയുമായി ബന്ധപ്പെട്ട ദുരൂഹത ഇപ്പോഴും മാറിയിട്ടില്ല. അങ്ങ് ഈ ഫയലുകൾ പ്രതിപക്ഷത്തെ കാണിക്കാൻ തയ്യാറുണ്ടോ എന്ന് ഞാൻ അങ്ങയോട് ചോദിക്കാൻ ആഗ്രഹിക്കുകയാണ്.

Dr. T. M. Thomas Issac: See, You cannot open it to a rowing examination. ബഹുമാനപ്പെട്ട ഈ നാല് എം.എൽ.എ.-മാർക്ക് മാത്രമല്ല, മറ്റ് ഏത് എം.എൽ.എ.-യ്ക്കും വന്ന് എത്ര സമയം വേണമെങ്കിലും ചെലവഴിക്കാം. ഇന്ന ഡോക്യുമെന്റ് കാണണമെന്ന് പറഞ്ഞാൽ ആ ഡോക്യുമെന്റ് കാണിക്കാം, അതിന് ഒരു തടസ്സവുമില്ല. But you cannot constitute yourself into the commission of inquiry. That cannot be accepted. അതേസമയം അങ്ങെന്തിനാണ്

പരസ്യത്തിനായി പുറത്ത് പോകുന്നത്? ഇങ്ങനെയൊരു സംശയം ഉണ്ടെന്ന് പറഞ്ഞ് ഒന്ന് ഫോൺ ചെയ്തിരുന്നുവെങ്കിൽ ഞാൻ അവിടെ വന്ന് വിശദീകരിക്കുമായിരുന്നു. അതിനുപകരം ഇലക്ഷൻ കാലത്ത് കേരള വിജയമൊക്കെ വന്നപ്പോൾ മാതൃഭൂമിയിൽ ഒന്ന് കുത്തിപ്പൊട്ടിക്കാനാണ് തീരുമാനിച്ചത്. ഇലക്ഷൻ കഴിഞ്ഞല്ലോ, ഇനിയത് കളയൂ, കൂടെ കൊണ്ടുനടക്കേണ്ട കാര്യമെന്താണ്? എന്ത് സംശയമുണ്ടെങ്കിലും എവിടെ വച്ചുവേണമെങ്കിലും ചർച്ച ചെയ്യാം, നാല് എം.എൽ.എ.മാരല്ല, ഏത് എം.എൽ.എ. വന്നാലും ചർച്ച ചെയ്യാം.

<u>മി. സ്പീക്കർ</u>: യെസ്, കൺക്ലൂഡ്... ഓർഡർ....ഓർഡർ... (ബഹളം).... ഇല്ല.. ഇല്ല്.. പ്ലീസ്..... പ്ലീസ്...അങ്ങ് ഉന്നയിച്ച കാര്യം ഇവിടെ വിശദമായി ചർച്ച ചെയ്തു. ഇനിയും എന്ത് സംശയങ്ങളുണ്ടെങ്കിലും അദ്ദേഹം നേരിട്ടുവന്ന് പറയാമെന്നും അറിയിച്ചിട്ടുണ്ട്. ..(ബഹളം).......അദ്ദേഹം കൺക്ലൂഡ് ചെയ്ത് കഴിഞ്ഞു... പറയൂ...

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, അങ്ങ് വ്യക്തിപരമായി പറഞ്ഞ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല, ഒരു വ്യക്തിയല്ല നിയമസഭ. അതെന്താണ് എന്നത് നമുക്ക് ഈ വിഷയത്തിലല്ലാതെ ചർച്ച ചെയ്യാം. പക്ഷെ ഇന്ന് ഞാൻ പറഞ്ഞതിലെ പ്രധാനപ്പെട്ട ആശയമായ 12240 കോടി രൂപയുടെ കണ്ണൂർ ഇൻഡസ്ട്രിയൽ പാർക്കിന്റെ കാര്യം മറുപടിയിൽ അങ്ങ് വിട്ടുപോയിട്ടുണ്ട്. ആ വിഷയത്തിൽ വ്യക്തമായ മറുപടി ആവശ്യമാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അത് തിരക്കിൽ വിട്ടുപോയതാണ്. ക്യാബിനറ്റ് അംഗീകരിച്ച നമ്മുടെ ഇൻഡസ്ട്രിയൽ പോളിസിയിൽ ഇത്തരം പാർക്കുകളുടെ പ്രാധാന്യമെല്ലാം എടുത്തുപറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 27-2-2019-ൽ കിൻഫ്ര ഈ രീതിയിൽ 12710 കോടി രൂപയുടെ ഇൻഡസ്ട്രിയൽ പാർക്കിനായുള്ള പ്രൊപ്പോസൽ വച്ചിട്ടുണ്ട്. അതിന് ഏതൊക്കെ സ്ഥലം; ഓരോ സ്ഥലത്തും എത്ര ഏക്കർ വീതം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്; അതുതന്നെ നാല് ഘട്ടങ്ങളായുള്ള പദ്ധതിയാണ്. ആദ്യഘട്ടത്തിന് 1800, രണ്ടാമത്തെ ഘട്ടത്തിന് 5000 എന്നുള്ള രീതിയിൽ കൃത്യമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (..ബഹളം..) ഇതുകൂടി പറഞ്ഞോട്ടേ.. ബഹളം എന്തിനാണ്?..12000 കോടി രൂപ ഇങ്ങനെ.... (ബഹളം...)

<u>മി. സ്പീക്കർ</u>: കിൻഫ്ര ഓർഡർ ഇറക്കിയിട്ടുണ്ട്.....എല്ലാ സർക്കാർ ഉത്തരവുകളും എല്ലാവർക്കും കിട്ടാറുണ്ടോ....എന്താണിത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഉത്തരവ് ഞാൻ മേശപ്പുറത്ത് വയ്ക്കാം. ഇത് രഹസ്യമൊന്നുമല്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഉത്തരവ് മേശപ്പുറത്ത് വയ്ക്കും.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ബഹുമാനപ്പെട്ട കെ. എസ്. ശബരീനാഥൻ ഇരിക്കുകയാണെങ്കിൽ ഞാൻ പറയാം അല്ലെങ്കിൽ ഞാൻ നിർത്താം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഉത്തരവ് ടേബിൾ ചെയ്യുകൂടെ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഉത്തരവ് ടേബിൾ ചെയ്യുന്നു.* ആദ്യം സെപ്റ്റംബറിൽ ഇറക്കിയ ഓഫർ ലെറ്ററിൽ ഉണ്ടായിരുന്നില്ല, പിന്നീട് ഒക്ടോബറിൽ ഇറക്കിയ നോട്ടിൽ വന്നതെന്തുകൊണ്ട് എന്ന ചോദ്യമുണ്ടാകും. കാരണം ഇതിനിടയ്ക്കാണ് കിഫ്ബി ബോർഡ് അത് അംഗീകരിച്ചത്. ആദ്യത്തെ ഓഫർ ലെറ്റർ ഇറക്കിയപ്പോൾ കിഫ്ബി ബോർഡ് അംഗീകരിച്ചിരുന്നില്ല. അതിനുശേഷം കിഫ്ബിയുടെ ബോർഡ് യോഗം ചേർന്നപ്പോൾ ഇത് അംഗീകരിച്ചു. അതുകൊണ്ട് അഡൻഡം നോട്ട് ഇറക്കിയപ്പോൾ ഇതുകൂടി ചേർത്തു, അത്രയേയുള്ളൂ ശ്രീ. കെ. എസ്. ശബരീനാഥൻ. ഇതിൽ മറ്റ് ഗൂഢാലോചനകളൊന്നുമില്ല.

<u>മി. സ്പീക്കർ</u>: പ്രസ്തുത വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന പ്രമേയം ശ്രീ. കെ. എസ്. ശബരീനാഥൻ പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: ഇല്ല.

<u>മി. സ്പീക്കർ</u>: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## XII നിയമനിർമ്മാണകാര്യം

<u>2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.</u>

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

---

* അനുബന്ധം IV ആയി ചേർക്കുന്നു.

## XIII ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടം പുന:പരിശോധിക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിന്മേലുള്ള ക്രമപ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. മേൽപ്പറഞ്ഞ ബിൽ പ്രകാരം പ്രവേശന മേൽനോട്ട സമിതിയും ഫീസ് നിയന്ത്രണ സമിതിയും രണ്ട് പ്രത്യേക സമിതികളായി രൂപവൽക്കരിക്കാനാണ് ബില്ലിൽ നിബന്ധന ചെയ്തിട്ടുള്ളത്. രണ്ട് സമിതികളുടെയും അദ്ധ്യക്ഷന്മാർ ഹൈക്കോടതിയിൽ നിന്നും വിരമിച്ച ഒരു ജഡ്ജി ആയിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഒറിജിനൽ ബില്ലിൽ പ്രവേശനവും ഫീസും നിയന്ത്രണവും സമിതിയുടെ ചെയർപേഴ്സൺ സുപ്രീംകോടതിയിൽ നിന്നോ ഹൈക്കോടതിയിൽ നിന്നോ വിരമിച്ച ഒരു ജഡ്ജി ആയിരിക്കണമെന്നായിരുന്നു വ്യവസ്ഥ. ഈ ഭേദഗതി ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ബിൽ പ്രാബല്യത്തിൽ കൊണ്ടുവന്നാൽ സഞ്ചിത നിധിയിൽനിന്ന് യാതൊരു അധിക ചെലവും ഉണ്ടാകുന്നില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. 2-11-2017-ലെ ഹൈക്കോടതി വിധിപ്രകാരം രണ്ട് പ്രത്യേക സമിതികൾ രൂപീകരിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഭേദഗതികൾ കൊണ്ടുവന്നത്. രണ്ട് സമിതികളുടെയും ചെയർപേഴ്സൺമാരായി നിയോഗിക്കുന്ന സാഹചര്യത്തിൽ അവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി സഞ്ചിത നിധിയിൽ നിന്നും തുക ചെലവാകും. ഇക്കാര്യം മറച്ചുവച്ചാണ് ധനകാര്യ മെമ്മോറാണ്ടം നൽകിയിട്ടുള്ളത്. ഇത് നിയമസഭാ ചട്ടം 73-ന്റെ ലംഘനമാണ്. ആയതിനാൽ ഈ ബിൽ കറക്ട് ചെയ്യാൻ അങ്ങ് റൂളിംഗ് നൽകണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2-11-2017-ലെ ഹൈക്കോടതി വിധിന്യായത്തിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനാണ് പ്രവേശന മേൽനോട്ടത്തിനും ഫീസ് നിയന്ത്രണത്തിനുമായി രണ്ട് വ്യത്യസ്ത സമിതികൾ രൂപീകരിക്കുന്നതിനായി 2017-ലെ ആക്ടിൽ ഭേദഗതികൾ കൊണ്ടുവരാൻ നിശ്ചയിച്ചിരിക്കുന്നത്. സമിതികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രസ്തുത മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതികളിലെ അദ്ധ്യക്ഷനായി നിശ്ചയിച്ചിട്ടുള്ളത് ഹൈക്കോടതിയിൽനിന്നും വിരമിച്ച ഒരു ജഡ്ജിയെ ആണ്.

സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് നീതിയുക്തമായ തീരുമാനം കൈക്കൊള്ളുന്നതിന് രണ്ട് സമിതികളിലേയും അദ്ധ്യക്ഷനായി ഒരേ ജഡ്ജി തന്നെ ആയിരിക്കുന്നതായിരിക്കും അഭികാമ്യമെന്ന് സർക്കാർ ഉദ്ദേശിക്കുന്നു. 2006-ലെ ആക്ട് അനുസരിച്ചുള്ള രണ്ട് കമ്മിറ്റികളുടെയും അദ്ധ്യക്ഷൻ ഒരേ ആളായി പ്രവർത്തിച്ച അനുഭവമാണ് ഇവിടെയുള്ളത്.

## റൂളിംഗ്

മി. സ്പീക്കർ: ധനകാര്യ മെമ്മോറാണ്ടം വസ്തുതാപരമല്ലെന്നും മാതൃനിയമം ഭേദഗതി ചെയ്യുമ്പോൾ രണ്ട് സമിതികൾ രൂപീകരിക്കേണ്ടി വരുമെന്നും അതിനാൽ അധിക സാമ്പത്തിക ബാധ്യത വരുമെന്നും അക്കാരണം കൊണ്ടുതന്നെ ധനകാര്യ മെമ്മോറാണ്ടം പുന:പരിശോധിക്കേണ്ടിവരുമെന്നുമാണ് ശ്രീ. വി. പി. സജീന്ദ്രന്റെ ക്രമപ്രശ്നം. എന്നാൽ ഭേദഗതി ചെയ്യുന്നതോടുകൂടി രൂപീകരിക്കപ്പെടുന്ന രണ്ട് സമിതികളുടെയും അദ്ധ്യക്ഷന്മാരായി ഒരേ ജഡ്ജിയെത്തന്നെ നിയോഗിക്കും എന്ന നിലപാടാണ് ബഹുമാനപ്പെട്ട മന്ത്രി സർക്കാരിനുവേണ്ടി ഇവിടെ പറഞ്ഞിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ അധികചെലവ് പ്രതീക്ഷിക്കുന്നില്ല എന്നാണ് മന്ത്രിയുടെ വിശദീകരണം. ഇതിന് വിശദമായി പരിശോധിച്ചതിൽ ശ്രീ. വി. പി. സജീന്ദ്രന്റെ ക്രമപ്രശ്നത്തിൽ അല്പം യുക്തിയുണ്ടെന്നാണ് ചെയറിന് തോന്നുന്നത്. ഗവൺമെന്റിന്റെ വിശദീകരണം തൃപ്തികരമാണെന്ന് കാണാൻ കഴിയില്ല. ഭേദഗതി ബില്ലിൽ രണ്ട് സമിതികളും രണ്ട് ചെയർമാന്മാരുമുണ്ടാകണമെന്നാണ് വ്യക്തമായി വ്യവസ്ഥ ചെയ്തിരിക്കുന്നത്. രണ്ട് സമിതികളുടെയും ചെയർപേഴ്സൺമാർ ഒരാളായിരിക്കുമെന്ന വ്യവസ്ഥ ബില്ലിൽ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ രണ്ട് സമിതികളുടെയും പ്രവർത്തന ചെലവിനാവശ്യമായ തുക വകയിരുത്തേണ്ടി വരുമെന്ന് തന്നെയാണ് സാധാരണഗതിയിൽ വിലയിരുത്താൻ കഴിയുക. അത്തരത്തിലുള്ള ഒരു ധനകാര്യ മെമ്മോറാണ്ടം ബില്ലിൽ ഉൾപ്പെടുത്തുന്നതായിരിക്കും അഭികാമ്യമെന്ന് കരുതുന്നു. ഈ സാഹചര്യത്തിൽ ക്രമപ്രശ്നത്തോട് ഉന്നയിക്കപ്പെട്ട കാര്യം വീണ്ടും പരിശോധനാ വിധേയമാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം ഈ ബിൽ അന്തിമമായി പാസ്സാക്കുന്ന തീയതിയ്ക്കുമുമ്പായി സഭയ്ക്ക് ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി (ശ്രീമതി ഇ. എസ്. ബിജിമോൾ): സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-6-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കഴിഞ്ഞ കാൽനൂറ്റാണ്ടായി കേരളം വളരെ ഗൗരവതരമായി ആവർത്തിച്ച് ചർച്ച ചെയ്യുന്ന വിഷയമാണ് മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ. ഗവൺമെന്റുകൾ മാറിമാറി വരികയും മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒട്ടനവധി വിഷയങ്ങളിൽ പലരൂപത്തിൽ ഇടപെടുകയും ചെയ്തിട്ടുണ്ട്. ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജിന് തുല്യമാണ് രണ്ട് പ്രൈവറ്റ് കോളേജുകളെന്ന് പറയുന്ന ആശയം നമ്മളാവർത്തിച്ച് നിയമസഭയ്ക്കുള്ളിലും പുറത്തും ഗൗരവതരമായി ചർച്ച ചെയ്തതാണ്. നിരവധി ഇടപെടലുകൾ ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുണ്ട്. നടത്തിയിട്ടുള്ള ഇടപെടലുകളെ മോശമെന്ന തരത്തിൽ നമുക്ക് പറയാൻ കഴിയില്ല. കാരണം എതിർഭാഗത്ത് നിൽക്കുന്നവർ പലതരത്തിൽ ശക്തന്മാരാണ്. അതുകൊണ്ടുതന്നെ പല സന്ദർഭങ്ങളിലും ഗവൺമെന്റ് നടത്തുന്ന ഇടപെടലുകളെ പല രൂപത്തിൽ ചെറുത്ത് തോൽപ്പിക്കാൻ അവർക്ക് കഴിയുന്നുണ്ട്. തന്നിഷ്ടപ്രകാരം സ്വകാര്യ മെഡിക്കൽ മാനേജ്മെന്റുകൾ നിലപാടെടുക്കുകയും ആ നിലപാടുകൾ നിരവധി കുട്ടികളുടെ ഭാവിയെ ബാധിക്കുകയും കുട്ടികളും രക്ഷകർത്താക്കളുമടക്കം നിയമസഭയ്ക്കകത്തും പുറത്തുമൊക്കെയായി നടത്തിയിട്ടുള്ള ഇടപെടലുകളും നിരവധി തവണ വിദ്യാഭ്യാസം എങ്ങനെ മുന്നോട്ടു പോകുമെന്നറിയാതെ കുട്ടികൾ വലഞ്ഞുപോയ പല സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. ആ സന്ദർഭങ്ങളെയൊക്കെ അതിജീവിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസത്തിൽ

ഇടപെടുന്നതിനും വേണ്ടിയാണ് 2017-ൽ കേരള മെഡിക്കൽ വിദ്യഭ്യാസവുമായി ബന്ധപ്പെട്ട് ഈ ബിൽ പൈലറ്റ് ചെയ്തത്. ശുദ്ധമായ ഉദ്ദേശ്യത്തോടു കൂടിയാണ് ഗവൺമെന്റ് ഇതിനകത്ത് എല്ലാതരത്തിലുമുള്ള ഇടപെടലുകൾ നടത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച് നിയമസഭയ്ക്കകത്തും സബ്ജക്ട് കമ്മിറ്റിക്കകത്തും നിരവധി ചർച്ചകളുണ്ടായിട്ടുണ്ട്. ഓരോ ഘട്ടങ്ങളിലും വന്നിട്ടുള്ള ചർച്ചകൾ പരിശോധിക്കുമ്പോഴും മെഡിക്കൽ വിദ്യാഭ്യാസത്തെ സ്ഥടംചെയ്യുന്നതിനുവേണ്ടി അതിന്റെ കുറവുകളും കുറ്റങ്ങളും പരിഹരിക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള എല്ലാ ഡിബേറ്റുകളും മെച്ചപ്പെട്ട നിലയിൽ തന്നെയാണ് ഓരോ സന്ദർഭത്തിലും എത്തിച്ചിട്ടുള്ളത്. 2017-ലെ ബിൽ പാസ്സാക്കിയതിനുശേഷം അതിന്റെ നിർവ്വഹണഘട്ടത്തിൽ കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാട്ടി ഇരുപതോളം ഹർജികളാണ് കോടതിക്ക് മുമ്പിൽ എത്തിച്ചേർന്നത്. ഈ ഘട്ടത്തിലാണ് ബില്ലിന്റെ കുറവുകൾ എന്താണെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവതരമായ കോടതി ഇടപെടലുകളുണ്ടാകുകയും ഗവൺമെന്റിന്റെ നയമെന്താണെന്ന് ഗവൺമെന്റ് കോടതിയിൽ വ്യക്തമാക്കുകയും ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയോട് ഈ അവസരത്തിൽ പറയാനുള്ളത് നമുക്ക് ആരോഗ്യ നയമുണ്ട്, അതുപോലെ മെഡിക്കൽ വിദ്യാഭ്യാസ നയം ഉണ്ടാകേണ്ടതുണ്ട്. ഡോക്ടർമാരുടെ മാത്രം പ്രശ്നമല്ല, പാരാമെഡിക്കൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രശ്നങ്ങളുണ്ട്. കുട്ടികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ കയറിയിറങ്ങി നടക്കുന്നുണ്ട്. പല കോഴ്സുകൾക്കും അംഗീകാരം കിട്ടാത്തതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. ഓട്ടോണമസായി കൊടുക്കുന്ന ഡിഗ്രികൾക്ക്, മറ്റ് പല സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഡിഗ്രികൾക്ക് തത്തുല്യ യോഗ്യതാ പരീക്ഷ എഴുതേണ്ട സാഹചര്യം ഉണ്ടാകുന്നുണ്ട്. പി.എസ്.സി.-യുടെ നോട്ടിഫിക്കേഷൻ വരുമ്പോൾ അതിന്റെ വിജ്ഞാപനത്തിൽ ഇവർ പഠിച്ചിട്ടുള്ള കോഴ്സുകൾകൂടി അംഗീകരിക്കുന്നതിനുവേണ്ടി കുട്ടികളും മാതാപിതാക്കളും നിരവധി വാതിലുകൾ കയറിയിറങ്ങേണ്ട സാഹചര്യമുണ്ടാകുന്നുണ്ട്. പുതിയ ഡിഗ്രികൾ വരുമ്പോൾ പഴയ ഡിഗ്രികൾക്ക് അർഹിക്കുന്ന പ്രാധാന്യം ഇല്ലാതെ പോകുന്നതിന്റെ ഭാഗമായി B.Sc. M.L.T., ലാബ് ടെക്നീഷ്യൻ പോലെയുള്ള കോഴ്സുകൾ പാസ്സായി നിൽക്കുന്ന കുഞ്ഞുങ്ങളുടെ അവസരം നഷ്ടപ്പെട്ടുപോകുന്നതിന് ഇടയാകുന്നു. അങ്ങനെ നിരവധി പ്രശ്നങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ഉണ്ട്. ഡോക്ടർ ഓഫ് ഫാർമസി (Pharm. D)-യുമായി ബന്ധപ്പെട്ട് ഞാൻ തന്നെ നിയമസഭയിൽ ഒരു സബ്മിഷൻ ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ഡോക്ടർ ഓഫ് ഫാർമസി കോഴ്സിന് മറ്റ് രാജ്യങ്ങളിൽ കിട്ടുന്ന പ്രാധാന്യവും അംഗീകാരവും നമ്മുടെ സംസ്ഥാനത്ത് കൊടുക്കാൻ കഴിയുന്നില്ല. അവർ പഠിക്കുന്ന ആ കോഴ്സിന്റെ തീവ്രതയ്ക്കും സിലബസ്സിനും അനുസരിച്ചുള്ള അംഗീകാരം നമ്മുടെ രജ്യത്ത് ലഭിക്കുന്നില്ല. ഓരോ വിദ്യാർത്ഥികളും ലക്ഷങ്ങൾ മുടക്കിയാണ് ഈ കോഴ്സ് പാസ്സായി വരുന്നത്. എന്നാൽ ഈ നയത്തിന്റെ

അപര്യാപ്തതമൂലം വേണ്ടതുപോലെ നമുക്ക് ആ വിഷയങ്ങളിൽ ഇടപെടാൻ കഴിയാതെ പോകുന്നുണ്ട്. അന്ന് ആ സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ നമുക്കതിനെ സംബന്ധിച്ച് പിന്നീട് ആലോചിക്കാം, ഗവൺമെന്റിന്റെ പരിഗണനയിൽ ആ വിഷയമുണ്ട് എന്നുപറഞ്ഞുകൊണ്ടാണ് അവസാനിപ്പിച്ചത്. മറ്റ് മേഖലകളിൽ നിന്നൊക്കെ വ്യത്യസ്തമായി നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ആരോഗ്യകരമായ ഒരു സ്ഥിതി നിലനിർത്തുന്നതിന് എല്ലാ ഘട്ടങ്ങളിലും ഇടപെടലുണ്ടാകുന്നുണ്ട്. ഈ ഗവൺമെന്റിനും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനും കഴിഞ്ഞ മൂന്ന് വർഷത്തെ മെഡിക്കൽ രംഗത്തെ പ്രവർത്തനങ്ങളിൽ മാതൃകാപരമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റിന് പറ്റിയിട്ടുള്ള വീഴ്ചകളെന്ന് കോടതി സൂചിപ്പിച്ച കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ യഥാർത്ഥത്തിൽ ഇന്ന് പൈലറ്റ് ചെയ്യുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോയി തിരിച്ചുവരുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ റൂൾ ചെയ്ത കാര്യങ്ങളടക്കം ഉൾക്കൊള്ളിച്ചുകൊണ്ട് ഇതിനെ കുറ്റമറ്റതാക്കി മാറ്റാൻ കഴിയുമെന്ന വിശ്വാസമാണുള്ളത്. ഇപ്പോൾ നടത്തുന്ന ഇടപെടലുകളിലുണ്ടാകുന്ന കുറവുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അതിൽ വരുത്തുന്ന പരിഹാരം കൂടി ആകുമ്പോൾ ഈ ബിൽ കുറച്ചുകൂടി മെച്ചപ്പെട്ടതായി മാറും. അതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ഒരു നയം കൊണ്ടുവരുന്നതിനുള്ള ശക്തമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അതുപോലെ 8(1)(ബി) വകുപ്പുമായി ബന്ധപ്പെട്ട് രണ്ട്, മൂന്ന് കാര്യങ്ങൾ കോടതി ചൂണ്ടിക്കാണിച്ചത് റെഗുലറൈസ് ചെയ്യാൻ വേണ്ടി നമ്മൾ ശ്രമിക്കുമ്പോൾ, ഒരു കാരണവശാലും ബി.പി.എൽ., എസ്.സി./എസ്.റ്റി. വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടരുത്. അതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം. സമ്പത്തില്ലാത്ത, പഠിക്കാൻ കഴിവുള്ള മിടുക്കരായ കുഞ്ഞുങ്ങളെക്കൂടി സ്വകാര്യ കോളേജുകളുടെ സഹായത്തോടുകൂടി പഠിപ്പിക്കുന്നതിന് ഫീസ് നിർണ്ണയിക്കുന്ന സമിതി ഒരു ഗുഡ് സ്പിരിറ്റിലാണ് കാര്യങ്ങളിൽ ഇടപെട്ടിട്ടുള്ളത്. താൽക്കാലികമായി ഫീസ് നിർണ്ണയിക്കുക, അതോടൊപ്പം തൊണ്ണൂറ് ദിവസത്തിനകം റെഗുലറൈസ് ചെയ്യുന്ന കാര്യങ്ങളിലൊക്കെ കോടതി ഇടപെടൽ നടത്തി. നമ്മൾ പുതിയ സംവിധാനങ്ങൾ കൊണ്ടുവരുമ്പോൾ ഇപ്പോൾ നമ്മുടെ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്ന നല്ല സ്പിരിറ്റ് നിലനിർത്തിക്കൊണ്ടുതന്നെ അതുമായി ബന്ധപ്പെട്ട ചർച്ചകളുണ്ടാകണം. ബിൽ സബ്ജക്ട് കമ്മിറ്റിയിൽ പോയി തിരിച്ചുവരുമ്പോൾ അതിന്റെ സ്പിരിറ്റ് നഷ്ടപ്പെട്ടുപോകാതിരിക്കുന്നതിനുള്ള ഇടപെടലും ശ്രദ്ധയും ഉണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. കാരണം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക്

നിലനിൽക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ ചെറിയ ഫീസിൽ പഠിക്കാനുള്ള അവസരങ്ങൾ റെഗുലർ കോളേജിലെന്നതുപോലെ തന്നെ സ്വാശ്രയ കോളേജിലും ലഭ്യമാകുന്നുണ്ട്. എന്നാൽ ഏതെങ്കിലും കാലഘട്ടത്തിൽ അത്തരം അവസരങ്ങൾ കുഞ്ഞുങ്ങൾക്ക് നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമുണ്ടായാൽ നമ്മൾ പത്തിരുപത്തിയഞ്ച് വർഷക്കാലം ആവർത്തിച്ച് ചർച്ച ചെയ്ത് കൊണ്ടുവരുമ്പോൾ അതിന്റെ യഥാർത്ഥ സ്പിരിറ്റ് നഷ്ടപ്പെട്ടുപോകുന്ന ഒരു സാഹചര്യവും ഉണ്ടാകരുത്. പത്ത് പേരടങ്ങുന്ന ജമ്പോ കമ്മിറ്റിക്ക് പകരമായി രണ്ട് സമിതികൾ രൂപീകരിക്കുകയും മെച്ചപ്പെട്ട ഫീസ് നിയന്ത്രണ സമിതിയും അതോടൊപ്പം മേൽനോട്ട സമിതിയും രണ്ടും രണ്ടാക്കി അതിന്റെ പ്രവർത്തനങ്ങളുമായി പോകുമ്പോൾ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ എല്ലായിടത്തും ഉണ്ടാകണം. പല മെഡിക്കൽ കോളേജുകളിലും വേണ്ടത്ര സൗകര്യങ്ങളില്ല. വ്യത്യസ്തങ്ങളായി നിലനിൽക്കുന്ന മെഡിക്കൽ കോളേജുകളുണ്ട്. അവർക്കൊക്കെ എങ്ങനെയാണ് എം.സി.ഐ.യുടെ അംഗീകാരം കിട്ടുന്നതെന്ന സന്ദേഹം പലപ്പോഴും കുട്ടികളുടെ ചർച്ചകളിൽ നിന്നും നമുക്ക് തോന്നിപ്പോകും. മേൽനോട്ട സമിതിയെപ്പോലും കബളിപ്പിച്ച് ഇവർ എങ്ങനെയാണ് ഈ അംഗീകാരമൊക്കെ നേടിയെടുക്കുന്നതെന്ന സംശയം നമുക്ക് തോന്നിപ്പോകും. സിലബസ് പൂർത്തീകരിക്കുന്ന കാര്യത്തിൽ, ഫീസ് ഘടനയുമായി ബന്ധപ്പെട്ട് നമ്മുടെ മേൽനോട്ട സമിതി നിർണ്ണയിച്ചുകൊടുക്കുന്ന ഫീസ് ഘടനയ്ക്ക് അപ്പുറത്തുനിന്നുകൊണ്ട് കുട്ടികളോട് പണം വാങ്ങുന്നതിന് മാനേജ്മെന്റ് എടുക്കുന്ന പല തന്ത്രപരമായിട്ടുള്ള സമീപനങ്ങളുമുണ്ട്. അത് പല രൂപത്തിലാണ്. എല്ലാം ഒറ്റ ഫീസ് ഘടനയിൽ ഉൾപ്പെടുത്തണമെന്ന് പറയുമ്പോഴും ആദ്യം അടയ്ക്കുന്ന ഫീസിനപ്പുറത്ത് മറ്റ് പല കാര്യങ്ങളും പറഞ്ഞ് മാതാപിതാക്കളോടും കുട്ടികളോടും ഫീസ് ഈടാക്കുന്ന നിലപാടിൽക്കൂടി ഫീസ് നിയന്ത്രണ സമിതിക്ക് ഇടപെടാൻ കഴിയണം. കാരണം പല രൂപത്തിലാണ് അവർ ഫീസ് ഈടാക്കുന്നത്. അതിൽ ഏറ്റവും പ്രധാനം, ഹോസ്റ്റൽ ഫീ, കുട്ടികളുടെ മറ്റ് ആക്ടിവിറ്റീസ് തുടങ്ങിയവയുമായിട്ടാണ് അമിതമായ ഫീസ് കുട്ടികളിൽ നിന്ന് ഈടാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുന്നത്. കുട്ടികളും മാതാപിതാക്കളും ഒരുപോലെ നിസ്സഹായരായിപ്പോകുന്ന സന്ദർഭങ്ങളാണിത്. ഒരുപക്ഷേ, റിട്ടൺ ആയിട്ടുള്ള പരാതികൾ ഇതുവരെ വരാത്തതുകൊണ്ടാകാം ഗവൺമെന്റിന് അക്കാര്യത്തിൽ ഇടപെടാൻ കഴിയാത്തതെന്ന് ഞാൻ വിചാരിക്കുന്നു. അത്തരം കാര്യങ്ങളിലേയ്ക്കുകൂടി മേൽനോട്ട സമിതിയുടെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് വിശദമായ രണ്ട് പേജോളം വിവരങ്ങൾ ഇതിൽ വരുന്നുണ്ട്. പക്ഷേ, ആ സംവിധാനത്തിൽ എങ്ങുംതന്നെ കുട്ടികളേയും മാതാപിതാക്കളേയും ചൂഷണം ചെയ്യുന്നതിനുവേണ്ടി ഇവർ നടത്തുന്ന ഇത്തരം തന്ത്രപരമായ ഇടപെടലുകളെ സംബന്ധിച്ച് മേൽനോട്ട സമിതിയുടെ അധികാരങ്ങൾക്കകത്തും ചുമതലകൾക്കകത്തും വരാത്ത ഒരു സാഹചര്യത്തിൽ, റദ്ദാക്കുന്നതിനുവേണ്ടിയും

ഇടപെടുന്നതിനു വേണ്ടിയുമൊക്കെ വലിയ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. എങ്കിൽപ്പോലും ഇത്തരം കാര്യങ്ങൾ എങ്ങനെയാണ് ഇതിൽ ഉൾപ്പെടുത്താൻ കഴിയുക എന്നതിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി ആലോചിക്കണമെന്ന് വിനീതമായി ഈ അവസരത്തിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതോടൊപ്പം തന്നെ നമുക്ക് പ്രവേശന സമിതിയുടെ അധികാരങ്ങളും ചുമതലകളുമായി ബന്ധപ്പെട്ടുവരുന്ന നിർദ്ദേശങ്ങളിൽ, രണ്ട് സമിതികളാകുമ്പോൾ കുറച്ചുകൂടി വിശാലമായി ഇവരുടെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്താൻ കഴിയും. അതിൽ മൈനോരിറ്റി വിഭാഗത്തിൽപ്പെട്ട ഒരു കുട്ടി സമയത്ത് അഡ്മിഷൻ എടുക്കുന്നില്ലെങ്കിൽ ആ സീറ്റ് വേക്കന്റായി കിടക്കുകയും അത് ഗവൺമെന്റിലേയ്ക്ക് പോകുകയും ചെയ്യും. പിന്നെ ഗവൺമെന്റിൽ നിന്നാണ് അലോട്ട്മെന്റ് വരേണ്ടത്. ആ കുട്ടിക്ക് ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസിന്റെ അടിസ്ഥാനത്തിൽ പഠിക്കാം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിൽപ്പോലും ഏതെങ്കിലും സീറ്റുകൾ അത്തരത്തിൽ വന്നിട്ടുണ്ടോ എന്ന് അറിയില്ല. ഇപ്പോൾ എൻട്രൻസ് കമ്മീഷണറെക്കൂടി ഇതിന്റെ എക്സ്-ഒഫിഷ്യോ മെമ്പറാക്കുമ്പോൾ ആ പ്രശ്നത്തിൽ നമുക്ക് ഇടപെടാൻ കഴിയും. അലോട്ട്മെന്റ് കൊടുക്കുന്നത് എൻട്രൻസ് കമ്മീഷണർ ആണെങ്കിൽപ്പോലും എൻട്രൻസ് കമ്മീഷണർ പോലും അറിയാതെയാണ് ഇത്തരം കാര്യങ്ങളിൽ വലിയ കൃത്രിമങ്ങൾ നടക്കുന്നത്. സ്പോട്ട് അഡ്മിഷൻ എന്ന് പറഞ്ഞ് ആയിരക്കണക്കിന് കുട്ടികൾക്കാണ് കത്തയയ്ക്കുന്നത്. സ്പോട്ട് അഡ്മിഷനുവേണ്ടി അയയ്ക്കുന്ന കത്തുകളിൽ പലപ്പോഴും ഉണ്ടാകുന്ന പ്രശ്നം സമയബന്ധിതമായി കുട്ടികൾക്ക് അറിയാൻ കഴിയുന്നില്ല എന്നതാണ്. അറിഞ്ഞെത്തുന്ന ആളുകളിൽ പലർക്കും ഇവർ പറയുന്ന മാനദണ്ഡങ്ങളും നിബന്ധനകളും പാലിക്കാൻ കഴിയാതെ പോകുന്ന പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. സ്പോട്ട് അഡ്മിഷനിൽ ഒരു മൈനോരിറ്റി സീറ്റിനുവേണ്ടി അഞ്ഞൂറുപേരെയും ആയിരംപേരെയും വിളിച്ചുവരുത്തേണ്ട യാതൊരു കാര്യവുമില്ല. ഏതെങ്കിലും ഒരു സീറ്റിലെങ്കിലും തങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാണിക്കാൻ കഴിയും എന്നുണ്ടെങ്കിൽ അത്തരത്തിൽ കൃത്രിമം കാണിക്കുന്നതിനുവേണ്ടിയുള്ള ഒരു ജാഗ്രത പലപ്പോഴും ഇവരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്. അത് കുട്ടികൾക്കും മാതാപിതാക്കൾക്കും ഉണ്ടാക്കുന്ന ബുദ്ധിമുട്ട് ചെറുതല്ല. ഏതെങ്കിലും ഒരു കോഴ്സിൽ ചേർന്ന് പഠിച്ചുകൊണ്ടിരിക്കുന്ന ഒരു കുട്ടിക്ക് സ്പോട്ട് അഡ്മിഷന്റെ കോൾ വരുമ്പോൾ അഡ്മിഷൻ കിട്ടുമെന്ന പ്രതീക്ഷയിൽ പതിനായിരക്കണക്കിന് രൂപ ചെലവാക്കിയാണ് എത്തിച്ചേരുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കാണ് പലപ്പോഴും ഇതുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, വളരെയേറെ ആളുകൾക്ക് സ്പോട്ട് അഡ്മിഷന്റെ പേരിൽ അവർ വിളിച്ചുപറയുകയോ ചെറിയ സമയം കൊണ്ട് അറിയിപ്പ് കൊടുക്കുകയോ ചെയ്യും. അവിടെ വേക്കന്റ് ആകുന്ന സീറ്റ് ഒന്നോ

രണ്ടോ ആയിരിക്കും. പക്ഷേ, ഇപ്പോൾ നിലനിൽക്കുന്ന നിയമമനുസരിച്ച് അവരെ അറിയിക്കരുത് എന്ന് പറയാൻ നമുക്ക് മാർഗ്ഗമില്ല. പക്ഷേ, അതിനൊരു മാനദണ്ഡം ഈ ബിൽ രൂപപ്പെടുത്തുന്ന സമയത്ത് നമ്മൾ കൃത്യതയോടുകൂടി ഉണ്ടാക്കിയെടുത്താൽ മാത്രമേ അത് പരിഹരിക്കാൻ കഴിയുകയുള്ളൂ. ഒരു സീറ്റിനുവേണ്ടിയാണെങ്കിലും സ്പോട്ട് അഡ്മിഷനുവേണ്ടി വിളിക്കുമ്പോൾ മറ്റ് കുട്ടികളെ അറിയിക്കാതിരിക്കാൻ പറ്റില്ല. പക്ഷേ, പ്രയോജനമില്ലാതെ ധാരാളമാളുകൾ കാശ് മുടക്കി വരികയും അവർ വിഷമിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. അതിനൊരു മാനദണ്ഡം രൂപപ്പെടുത്തി അത്തരത്തിലുള്ളവർക്ക് മാത്രം സ്പോട്ട് അഡ്മിഷനുവേണ്ടിയുള്ള നിർദ്ദേശവും അറിയിപ്പും കൊടുക്കാൻ ശ്രമിക്കണം. അതിനൊരു മാനദണ്ഡം ഈ ബില്ലിൽ കൊണ്ടുവരുന്നത് നന്നായിരിക്കും.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ പറഞ്ഞ കാര്യം ശ്രദ്ധിക്കണമെന്നതാണ് ബഹുമാനപ്പെട്ട മന്ത്രിയോടുള്ള അഭ്യർത്ഥന. സബ്ജക്ട് കമ്മിറ്റി കൂടുന്ന സമയത്ത് അതിൽ എങ്ങനെയാണ് ഇതിനൊരു പ്രൊവിഷൻ ചേർക്കാൻ കഴിയുക എന്നുള്ളതിനെ സംബന്ധിച്ച് വളരെ ഗൗരവമായി ആലോചിക്കുന്നത് നന്നായിരിക്കും. അതോടൊപ്പംതന്നെ മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന വലിയ തട്ടിപ്പുകൾ ഇപ്രാവശ്യവും ആരംഭിച്ചിട്ടുണ്ട്. വലിയ ഇടപെടൽ നടത്തുകയും ജാഗ്രത കാണിക്കുകയും ചെയ്തു എന്നുള്ളതുകൊണ്ട് ഈ വർഷം ഒരുപാടുപേർ അത്തരം അബദ്ധങ്ങളിലേയ്ക്ക് ചാടിയിട്ടില്ല. കാരണം ഇക്കാര്യങ്ങളിൽ നമ്മൾ കുറേക്കൂടി തയ്യാറെടുപ്പ് നടത്തിയിരുന്നു. സമയബന്ധിതമായ ഇടപെടൽ വകുപ്പിന് നടത്താൻ കഴിഞ്ഞു. മുൻ വർഷങ്ങളിലൊക്കെ ഉണ്ടായതുപോലെയുള്ള വിവാദങ്ങൾ ഉണ്ടാകാതെ നമുക്ക് നല്ല ജാഗ്രത കാണിക്കാനും കഴിഞ്ഞു. കുറേക്കാര്യങ്ങളിൽ വകുപ്പ് മാതൃകാപരമായ ഇടപെടൽ നടത്തിയിട്ടുണ്ട്. പക്ഷേ, ഏജന്റുമാരെ ഉപയോഗിച്ചുള്ള വലിയ തട്ടിപ്പുകൾ വീണ്ടും ശ്രദ്ധയിൽപ്പെട്ടുതുടങ്ങുന്നുണ്ട്. അത് ഗുണകരമാണെന്ന് നമുക്ക് ഒരിക്കലും പറയാൻ കഴിയില്ല. അതുകൊണ്ട് അന്യസംസ്ഥാന ലോബിയുമായി ബന്ധപ്പെട്ട് ഈ രംഗത്ത് നടക്കുന്ന, എൻട്രൻസ് കമ്മീഷണർ ആണ് അലോട്ട്മെന്റ് കൊടുക്കുന്നതെങ്കിൽപ്പോലും ഈപ്പറയുന്ന പല ഓപ്ഷനുകളും ഉപയോഗിച്ചുകൊണ്ട് വീണ്ടും തലവരിപ്പണം വാങ്ങുന്നതിനും തട്ടിപ്പ് നടത്തുതിനുമുള്ള വലിയ ശ്രമങ്ങൾ ഈ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. അതുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുകയാണ്. രണ്ട് സമിതികളാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങളേയും അതോടൊപ്പം തന്നെ കോടതി ചൂണ്ടിക്കാട്ടിയിട്ടുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഇതിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ള

വകുപ്പുകളേയും നിലപാടുകളേയും ഈ അവസരത്തിൽ പ്രത്യേകമായി അംഗീകരിക്കുന്നു. വകുപ്പ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും ഈ അവസരത്തിൽ ഒരിക്കൽക്കൂടി അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ ഈ വിഷയങ്ങളിൽ ഗൗരവതരമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

3.00 p.m]

ശ്രീ. എ. പി. അനിൽ കുമാർ: സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

യഥാർത്ഥത്തിൽ ഈ ബിൽ ചർച്ച ചെയ്യുന്നതിൽ യാതൊരു പ്രസക്തിയുമില്ല എന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും എതിരായിട്ടാണ് ഞാനും ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ.-യും ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. കാരണം ഒരു നിയമം കൊണ്ടു വരുമ്പോൾ അതിൽ അനുശാസിക്കുന്ന കാര്യങ്ങളും നിയമം സഭയിൽ അവതരിപ്പിക്കുമ്പോഴുണ്ടാകേണ്ട കാര്യങ്ങളും നിയമത്തിൽ ഉണ്ടായിരിക്കണം. അതുമായി ബന്ധപ്പെട്ട് ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ. ഉന്നയിച്ച ക്രമപ്രശ്നത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ റൂളിംഗും എത്രമാത്രം ഗൗരവമുള്ളതാണെന്ന് ഞാൻ സൂചിപ്പിക്കേണ്ട കാര്യമില്ല. ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ചട്ടം 73-ൽ വളരെ വ്യക്തമായി പറയുന്ന ഒരു കാര്യമുണ്ട്. "73. ബില്ലിനോടൊപ്പം ധനകാര്യ മെമ്മോറാണ്ടം ഉണ്ടായിരിക്കണമെന്ന് - പണചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതാണ്." എന്ന് ചട്ടം 73-ൽ പറയുന്നുണ്ട്. അത് ഇല്ല എന്നതിന്റെ പേരിലാണ് യഥാർത്ഥത്തിൽ സ്പീക്കർ റൂളിംഗ് നൽകിയത്. പക്ഷേ അത് തെറ്റായിപ്പോയി. കാരണം ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ. നൽകിയ ക്രമപ്രശ്നം ശരിയാണ്. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയിലോ സെലക്ട് കമ്മിറ്റിയിലോ പോയി തിരിച്ചുവരുമ്പോൾ തെറ്റ് തിരുത്തണം. യഥാർത്ഥത്തിൽ ഞാൻ സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ നമ്മുടെ ചട്ടങ്ങൾക്കെതിരായ ഒന്നായി അതിനെ കാണാൻ കഴിയും. നമ്മുടെ നിയമസഭ മുന്നോട്ടുപോകുന്നത് അത്തരത്തിലുള്ള ചട്ടങ്ങളിൽക്കൂടി മാത്രമല്ല കീഴ്വഴക്കങ്ങളിൽക്കൂടിയുമാണ്. പക്ഷേ എനിക്ക് തോന്നുന്നത് അപൂർവ്വമായിട്ടാണെങ്കിൽപ്പോലും ഇത്തരത്തിലുള്ള ഒരു കീഴ്വഴക്കം മുമ്പ് ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കാരണം, ബിൽ അവതരിപ്പിക്കുന്ന കാര്യത്തിൽ

ഇത്തരത്തിലുള്ള വീഴ്ച വന്നുകഴിഞ്ഞാൽ നിലവിലുള്ള ചട്ടം അനുസരിച്ച് സ്വാഭാവികമായും ബില്ലുകൾ പിൻവലിച്ച് തെറ്റ് തിരുത്തി വരികയാണ് വേണ്ടത്. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ വളരെ ഗൗരവതരമായ വീഴ്ചയാണ് ഈ ബിൽ അവതരിപ്പിക്കുന്ന കാര്യത്തിലുണ്ടായിട്ടുള്ളതെന്ന് പറയാതിരിക്കാൻ വയ്യ. ഇത്തരത്തിലുള്ള ഒരു പ്രധാനപ്പെട്ട ബിൽ അവതരിപ്പിക്കുമ്പോൾ ഇങ്ങനെയൊരു വീഴ്ചയുണ്ടാകുന്നതിനെ എങ്ങനെയാണ് നമുക്ക് ന്യായീകരിക്കാൻ കഴിയുന്നത്? എത്ര ലാഘവത്തോടുകൂടിയാണ് കാര്യങ്ങൾ കാണുന്നത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. നിയമസഭ 2017-ൽ ഈ ബിൽ ചർച്ച ചെയ്തപ്പോൾ ഒരുമിച്ച് എടുത്ത തീരുമാനങ്ങളിൽ ഞങ്ങൾക്ക് വ്യത്യസ്ത നിലപാടും കാഴ്ചപ്പാടുമുണ്ടായിരുന്നു. പക്ഷേ കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രശ്നമാണെന്നുള്ളതുകൊണ്ട് ഞങ്ങൾ ആ നിയമത്തെ പിന്തുണച്ചു. അപ്പോഴും ഞങ്ങൾ പറഞ്ഞ ഒരു കാര്യമുണ്ട്. നിങ്ങൾ ഇപ്പോൾ ഞങ്ങളുടെ പിന്തുണയോടുകൂടി ബിൽ പാസ്സാക്കുകയാണെങ്കിലും ഇത് കോടതിയിൽ നിലനിൽക്കുന്ന ഒന്നല്ല എന്ന ഒരു വാദം പറഞ്ഞുകൊണ്ടാണ് ഞങ്ങൾ ഇത് അംഗീകരിച്ചത്. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ, ഏതാനും കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടും കുറേയേറെ കാര്യങ്ങൾ തള്ളിക്കളഞ്ഞുകൊണ്ടും 2017-ൽത്തന്നെ ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി വിധി വന്നു. ഭേദഗതി കൊണ്ടുവരാനുള്ള സാഹചര്യമുണ്ടാക്കിയത് അതാണ്. ഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ നിലവിലുള്ള 10 അംഗങ്ങളുള്ള സമിതി പോരെന്നും അത് രണ്ട് കമ്മിറ്റികളാക്കി മാറ്റി ആ രണ്ട് കമ്മിറ്റികൾക്കും പ്രത്യേക അധികാരങ്ങൾ കൊടുക്കണമെന്നും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യണമെന്നുമൊക്കെ 2017-ൽ ഉത്തരവ് വന്നതാണ്. പക്ഷേ നമുക്ക് ഒരു ഓർഡിനൻസുപോലും കൊണ്ടുവരാൻ കഴിഞ്ഞില്ല. ഇലക്ഷനുമായി ബന്ധപ്പെട്ട് പരിപാടികളുണ്ടായിരുന്നതിനാൽ ഓർഡിനൻസ് കൊണ്ടുവരാൻ സാവകാശം ലഭിച്ചില്ല എന്നുള്ള ന്യായം പറയുന്നത് ശരിയല്ല. അതിനുമുമ്പ് എത്രയോ സമയം കിട്ടി. ഓർഡിനൻസ് അല്ല നിയമം തന്നെ കൊണ്ടുവരാമായിരുന്നു. ഓർഡിനൻസിനെക്കുറിച്ച് സഭയിൽ പറയുന്നത് ശരിയല്ല. പക്ഷേ എന്തൊരു ലാഘവത്തോടുകൂടിയാണ് ഇത് എടുത്തത്. കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇങ്ങനെയാണോ കൈകാര്യം ചെയ്യേണ്ടത്; കേരളത്തിൽ ലക്ഷക്കണക്കിന് രക്ഷിതാക്കൾ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന കാര്യങ്ങളാണ് നിയമത്തിൽ കൊണ്ടുവരേണ്ടത്. ബില്ലുമായി ബന്ധപ്പെട്ട മറ്റ് ചർച്ചകളിലേയ്ക്ക് പോകുന്നതുതന്നെ എനിക്ക് അനൗചിത്യമായി തോന്നുന്നു. കാരണം ഒരു പ്രസക്തിയില്ലാത്ത കാര്യമാണത്. ചിലപ്പോൾ നമ്മുടെ സഭയുടെ ചരിത്രത്തിലാദ്യമായിട്ടായിരിക്കും ഇത്തരത്തിലൊരു ബിൽ ചർച്ചയ്ക്ക് വരുന്നത്. ധനകാര്യ മെമ്മോറാണ്ടവുമായി ബന്ധപ്പെട്ട് അധിക ചെലവ് വരുന്നില്ലെന്ന് ന്യായം പറയുന്നത് രണ്ടു

കമ്മിറ്റികളുടെയും ചെയർമാൻ ഒരാളായിരിക്കുന്നതുകൊണ്ടാണ്. പത്തംഗ കമ്മിറ്റിയാണ് നേരത്തെ ഉണ്ടായിരുന്നത്. ഹൈക്കോടതി അതിനെ രണ്ടംഗ കമ്മിറ്റിയാക്കി മാറ്റാൻ നിർദ്ദേശിച്ചു. എന്നാൽ ആ രണ്ട് കമ്മിറ്റിക്കും ഒരേ ചെയർമാനെ തന്നെ വയ്ക്കുമ്പോൾ പിന്നെ ഹൈക്കോടതി പറഞ്ഞതിൽ എന്ത് ന്യായീകരണമാണുള്ളത്. മറ്റ് അംഗങ്ങളൊക്കെ ഏതാണ്ട് ഒരു പോലെയാണ്. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുപോലും ഗൗരവത്തിലെടുക്കാതെ ആ പത്തംഗ കമ്മിറ്റിയെ രണ്ടായി വിഭജിച്ച് ഒരു ചെയർമാനെ തന്നെ രണ്ട് കമ്മിറ്റിയിലും ചെയർമാനാക്കി. ഹൈക്കോടതി പറഞ്ഞതാണല്ലോ എന്ന് കരുതി എങ്ങനെയെങ്കിലും ഒരു ഭേദഗതി വരുത്താമെന്ന് തീരുമാനിക്കുന്നത് ശരിയാണോ? വെക്കേഷൻ കഴിഞ്ഞ് ഹൈക്കോടതി തുറന്നുകഴിഞ്ഞാൽ വീണ്ടും ഇത് കോടതിയുടെ പരിഗണനയ്ക്ക് പോകും. അപ്പോൾ എങ്ങനെ ഇത് നിലനിൽക്കും. ഒരു ഗവൺമെന്റ് ഇങ്ങനെയാണോ കാര്യങ്ങൾ കാണേണ്ടത്. ഞാൻ രാഷ്ട്രീയമായി വിമർശിക്കുകയല്ല. പക്ഷേ ഇതിനകത്ത് വലിയ വീഴ്ചയുണ്ടാകുന്നു. വളരെ ദീർഘവീക്ഷണത്തോടുകൂടി കാര്യങ്ങൾ കാണേണ്ടിയിരിക്കുന്നു. കുട്ടികൾ കാര്യങ്ങൾ വേഗത്തിലാകാൻ ആഗ്രഹിക്കുമ്പോൾ ഗവൺമെന്റിന് ഇതിലൊക്കെ തീരുമാനമെടുക്കാൻ ഇത്ര സമയമെന്തിനാണ്? എങ്ങനെ ഇതിനെയൊക്കെ ന്യായീകരിക്കാൻ കഴിയും. ഇതൊക്കെ വേണമെങ്കിൽ പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങൾ പറയുന്ന കാര്യങ്ങളായതിനാൽ ഞങ്ങളുടെ എതിർപ്പായി നിങ്ങൾക്ക് കാണാം. ഞാൻ ആ അർത്ഥത്തിലല്ല കാണുന്നത്. ഇതിനകത്ത് ചില കാര്യങ്ങളിൽ ഏത് ഗവൺമെന്റും കാണിക്കേണ്ട ചില ചട്ടുലതകളുണ്ട്. ഇത് ജനങ്ങളുടെ പ്രശ്നങ്ങളാണ്. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പ്രശ്നങ്ങളാണ്. ആ പ്രശ്നങ്ങളെ ഗൗരവപൂർവ്വം കണ്ട് നേരത്തെ കാര്യങ്ങൾ ചെയ്യണ്ടേ? പക്ഷേ വൈകിയാണ് കാര്യങ്ങൾ ചെയ്യുന്നത്. വൈകി ചെയ്താലും കുറ്റമറ്റ രീതിയിൽ ചെയ്യണ്ടേ; ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇങ്ങനെയൊരു റൂളിംഗ് കൊടുക്കേണ്ടി വന്നുവെന്ന് പറഞ്ഞുകഴിഞ്ഞാൽ അത് എങ്ങനെയാണ് ശരിയാകുന്നത്? ഈ നിയമവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ പോയാൽ ഈ ബില്ലിനെ എതിർക്കുവാനുള്ള കാരണം ഇത് മാത്രം പോരേ? ബില്ലിനകത്തുള്ള വ്യവസ്ഥകളുമായി ബന്ധപ്പെട്ട് മാനേജ്മെന്റിന് ഒരുപാട് തർക്കങ്ങൾ വരുമെന്ന് സ്വാഭാവികമായും ഗവൺമെന്റിന് അറിയാം. അങ്ങനെ മാനേജ്മെന്റ് തർക്കങ്ങളുമായി വരുമ്പോൾ ഇത്തരത്തിൽ ലാഘവത്തോടുകൂടി കാര്യങ്ങൾ കാണുന്നുവെന്ന് കണ്ടാൽ വീണ്ടും നമുക്ക് ഇതേ ബിൽ ഈ സഭയിൽ കൊണ്ടുവരേണ്ടി വരും. കാരണം വീണ്ടും ഇതിനകത്ത് ഭേദഗതികൾ കൊണ്ടുവരാനോ വിമർശനങ്ങൾ പറയുവാനോ ഉള്ള ഒരു അവസരം ഗവൺമെന്റ് തന്നെ ഹൈക്കോടതിക്ക് ഒരുക്കിക്കൊടുക്കുന്ന സാഹചര്യമുണ്ടാകും. ഞാൻ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലേയ്ക്ക് കൂടുതൽ പോകുന്നില്ല. പക്ഷേ ഏത് കാര്യങ്ങളിലും നമ്മൾ കോടതിയിൽ

പരാജയപ്പെടുകയാണ്. മാനേജ്മെന്റുകളാണ് എല്ലാ കാര്യങ്ങളിലും വിജയിക്കുന്നത്. നമുക്കറിയാം ഒരു കാലത്ത് സ്വാശ്രയ വിദ്യാഭ്യാസം കൊണ്ടുവന്നത് 50% പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള അവസരം സൃഷ്ടിക്കാനാണ്. ഗവൺമെന്റ് കോളേജുകളിൽ ആവശ്യത്തിന് സീറ്റ് ഇല്ലാത്തതിനാൽ 50% സീറ്റ് സ്വാശ്രയ കോളേജുകളിൽ പാവപ്പെട്ട കുട്ടികൾക്ക് കിട്ടും എന്നുള്ള വലിയ ആശയവുമായാണ് നിയമം നിലവിൽ വന്നത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ കഴിഞ്ഞ ഗവൺമെന്റ് പോകുമ്പോൾ 1,85,000 രൂപയായിരുന്നു 50% മെരിറ്റടിസ്ഥാനത്തിൽ വരുന്ന കുട്ടികൾക്ക് ഫീസ് ഉണ്ടായിരുന്നത്. ഇപ്പോൾ എത്രയാണത്? 2.5 ലക്ഷം രൂപയാക്കി ഗവൺമെന്റ് അതിനെ ഉയർത്തി. പിന്നീട് കോടതി ഇടപെട്ട് അത് 5.5 ലക്ഷം രൂപയാക്കി. അപ്പോൾ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കുവാനുള്ള അവസരത്തിനുവേണ്ടി കൊണ്ടുവന്ന വലിയൊരു ആശയം ഫലം കാണാതെ പോയി. ഒരു വർഷം 5.5 ലക്ഷം രൂപ കൊടുത്ത് പഠിക്കുന്നവനെ ഇന്ന് കേരളത്തിൽ പാവപ്പെട്ടവന്റെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയുമോ; ഇതൊക്കെ എങ്ങനെ സംഭവിക്കുന്നു? നമ്മുടെ ഉദ്ദേശ്യം കോടതികളെ ബോദ്ധ്യപ്പെടുത്താൻ കഴിയുന്നില്ലെന്ന് മാത്രമല്ല ഗവൺമെന്റ് ലാഘവത്തോടുകൂടിയാണ് കാര്യങ്ങൾ കാണുന്നത്. നന്നായി പഠിച്ച് മാർക്ക് വാങ്ങിയാൽ പോരാ, മറിച്ച് 5.5 ലക്ഷം രൂപ കൂടി കൊടുക്കാൻ കഴിഞ്ഞെങ്കിലേ ഇന്ന് ഇത്തരത്തിലുള്ള കുട്ടികൾക്ക് പ്രവേശനം ലഭിക്കുകയുള്ളൂ. ആ രീതിയിലേയ്ക്ക് കാര്യങ്ങൾ മാറി. നമ്മുടെ ആശയം തന്നെ മാറി. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നമ്മൾ കൊണ്ടുവന്നതും അതിലൂടെ കുട്ടികൾക്ക് അവസരം കൊടുത്തതിനുമൊക്കെ ഒരു ലക്ഷ്യം നമുക്കുണ്ടായിരുന്നു. പാവപ്പെട്ടവർക്ക് പഠിക്കാനുള്ള അവസരം, കൂടുതൽ കുട്ടികൾക്ക് പഠിക്കാനുള്ള അവസരം, അന്യസംസ്ഥാനങ്ങളിൽ പോയി കുട്ടികൾ പഠിക്കുന്നതിനുപകരം നമ്മുടെ സംസ്ഥാനത്തുതന്നെ അവർക്ക് പഠിക്കാനവസരം കൊടുക്കുന്ന സാഹചര്യം, ഈ ഒരു ആശയം തന്നെ ഇന്ന് തകർന്നുകഴിഞ്ഞിരിക്കുകയാണ്. ഞാൻ കൂടുതൽ കാര്യങ്ങളൊന്നും സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ ഈ ഒരു കാര്യത്തിൽ നമ്മുടെ ഗവൺമെന്റിന്റെ വീഴ്ച ഒരിക്കൽക്കൂടി ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. അത് ഒരിക്കലും ഉണ്ടാകരുത്. എനിക്ക് പറയുവാനുള്ളത് അതാണ്. ഇത് ഒരു ലളിതമായ കാര്യമല്ല. ഈ ബിൽ തയ്യാറാക്കുമ്പോൾ അറിയില്ലേ ഇതിനകത്ത് രണ്ട് ചെയർമാൻമാർ വരുമ്പോൾ, രണ്ടിനുംകൂടി ഒരു കമ്മിറ്റി രൂപീകരിച്ചു കൊടുത്തതല്ലെ; അതല്ലേ ഹൈക്കോടതി തള്ളിയത്. എന്നിട്ട് രണ്ട് കമ്മിറ്റി ഉണ്ടാക്കുമ്പോൾ രണ്ട് കമ്മിറ്റിയുടെയും ചെയർമാൻ ഒരാൾ എന്നുപറയുന്നത് ഈ സഭയെ പരിഹസിക്കുകയല്ലേ; ഹൈക്കോടതിയെ പരിഹസിക്കുകയല്ലേ; ഏത് ഉദ്യോഗസ്ഥന്മാരാണ് ഇത് തയ്യാറാക്കിയത്; ഇത് ഗവൺമെന്റും ഉത്തരവാദപ്പെട്ട മന്ത്രിയും കണ്ടിട്ടാണല്ലോ

ഇവിടെ വരുന്നത്; അവിടെവച്ച് ആരെങ്കിലും ഇത് ചോദ്യം ചെയ്യുണ്ടെ? അല്ലെങ്കിൽ ഇതും കോടതിയിൽ പോയി അടുത്ത ദിവസം തള്ളിക്കളഞ്ഞ് വീണ്ടും ഒരു പുതിയ ഭേദഗതി കൊണ്ടുവരാനുള്ള അവസരം സൃഷ്ടിക്കലാകും. മെഡിക്കൽ വിദ്യാഭ്യാസം എന്നുപറയുന്നത് ഏറ്റവും ഗൗരവതരമായ കാര്യമാണ്. പിന്നെ ഇതിനകത്ത് എല്ലാ വ്യക്തമായ നിർദ്ദേശങ്ങളും ഹൈക്കോടതി കൊടുത്തുകഴിഞ്ഞു. സമയബന്ധിതമായി കാര്യങ്ങൾ ചെയ്യണമെന്നും പറഞ്ഞു. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഓരോ വർഷവും നവംബർ 15-ാം തീയതിക്ക് മുമ്പ് എന്ന ഒരു തീയതി നിശ്ചയിച്ചിട്ട് ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു. ഞാൻ ചോദിക്കട്ടെ 2017-ലാണ് വിധി വന്നത്. ഇപ്പോൾ 2019 ആയില്ലേ; സമയബന്ധിതമായി എന്തെങ്കിലും കാര്യങ്ങൾ ഗവൺമെന്റ് ചെയ്തോ? ഗവൺമെന്റിനെ വിമർശിക്കാൻ വേണ്ടി പറയുകയല്ല. പക്ഷേ പറയേണ്ട കാര്യങ്ങൾ പറയാതെ പോകുന്നത് തെറ്റാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. വിധി വന്നിട്ട് ഏതാണ്ട് രണ്ട് വർഷമാകാൻ പോകുന്നു. ഇതിനിടയിൽ ഗവൺമെന്റ് ഹൈക്കോടതിയിൽ പറഞ്ഞ കാര്യങ്ങൾ സമയബന്ധിതമായി ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇപ്പോൾ പറയാനുള്ള മറുപടി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നമുക്ക് നഷ്ടപ്പെട്ടത് മൂന്നോ നാലോ മാസങ്ങളാണ്. പക്ഷേ 2017-ൽ അല്ലേ ഹൈക്കോടതി നിർദ്ദേശം നൽകിയത്. 2019-ലെ നാല് മാസങ്ങൾ കുറച്ചാലും നിങ്ങൾക്ക് സമയമുണ്ടായിരുന്നല്ലോ; അപ്പോൾ ഇതൊക്കെ ചെയ്യാൻ ഇത്രയും സമയം കിട്ടിയിട്ടും നിയമസഭയിൽ ബിൽ കൊണ്ടുവരുമ്പോൾ ആ ബില്ലിനകത്തും ലാഘവത്തോടുകൂടി ഇത്തരം കാര്യങ്ങൾ കൊണ്ടുവരുന്നത് യഥാർത്ഥത്തിൽ വളരെ വേദനാജനകമായ കാര്യമാണ്. കേരളത്തിലെ രക്ഷിതാക്കളോടും കുട്ടികളോടും ഈ ഗവൺമെന്റ് കാണിക്കുന്ന അലംഭാവമാണ് ഇതെന്ന് മാത്രം ഞാൻ സൂചിപ്പിക്കുന്നു. ഞാൻ വേറെ രാഷ്ട്രീയ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ശ്രീ. എ. എൻ. ഷംസീർ സംസാരിച്ചപ്പോൾ കിഫ്ബിയുമായി ബന്ധപ്പെട്ട് ഞങ്ങൾ ഒരു പുതിയ ഏജൻസിയുമായി പണം സ്വീകരിക്കുന്നതിനുമുമ്പ് ഇ.എം.എസ്. നമ്പൂതിരിപ്പാട് ബിർളയെ ക്ഷണിച്ചതിനെക്കുറിച്ച് പറഞ്ഞു. അങ്ങനെയാവരുത് ഇതെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം കോഴിക്കോട്ടുകാർക്കും മലപ്പുറത്തുകാർക്കു മൊക്കെ അറിയാം, ബിർള ഇവിടെ മാവൂർ ഗ്വാളിയാർ റയോൺസിൽ വന്നതും ഒരു രൂപയ്ക്ക് മുള കൊടുക്കാൻ തീരുമാനിച്ചതും പിന്നീട് നമ്മുടെ കാടുകൾ ഇല്ലാതായതും ചാലിയാർ നശിച്ചതും മനുഷ്യർ കാൻസർ വന്ന് മരിച്ചതും ചരിത്രത്തിന്റെ ഭാഗമാണ്. അതുകൊണ്ട് അത്തരത്തിലാകരുത് പുതിയ വികസനവും എന്ന ഒരു ആശയം മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇതിന്റെ വിശദമായ ചർച്ചയും മറുപടിയുമെല്ലാം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തതിനുശേഷം ബിൽ തിരിച്ചുവരുമ്പോൾ ആകാം. ഇതിൽ ഒരു കാര്യം മാത്രമേ ഞാൻ സൂചിപ്പിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും നോട്ട് ചെയ്തിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി കൂടി അത്തരം കാര്യങ്ങൾ ചർച്ചയ്ക്ക് വിധേയമാകും. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് വന്ന കാര്യത്തെക്കുറിച്ചും എല്ലാംതന്നെ ഉൾക്കൊണ്ടുകൊണ്ട് കാര്യങ്ങൾ ചെയ്യാം. ഒരു കാര്യം മാത്രം ഞാൻ പറയുന്നു, എത്രയോ വർഷങ്ങളായി ഈ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ അഡ്മിഷനും അതിന്റെ കാര്യങ്ങളും കുഴഞ്ഞുമറിഞ്ഞ് കിടക്കുന്ന ഒരവസ്ഥ കേരളത്തിലുണ്ടായിരുന്നു. വമ്പിച്ച തോതിലുള്ള ചൂഷണമാണുണ്ടായിട്ടുള്ളത്. കോടിക്കണക്കിന് രൂപ ക്യാപിറ്റേഷൻ ഫീ വാങ്ങുന്നതിനുള്ള ഒരു സംവിധാനമാണ് ഇവിടെയുണ്ടായിരുന്നത്. എന്നാൽ ഇന്ന് മറ്റ് സംസ്ഥാനങ്ങളടക്കം കേരളത്തെ വളരെ ആകാംക്ഷയോടും പ്രശംസയോടുംകൂടി നോക്കിക്കാണുന്ന ഒരു വിഷയമാണിത്. ഈ പ്രശ്നങ്ങളൊക്കെ പരിഹരിച്ച് നിയതമായിട്ടുള്ള ഒരു രീതി ഈ മേഖലയിൽ കൊണ്ടുവരാൻ സാധിച്ചിരിക്കുന്നു. അതിനുള്ള നിയമനിർമ്മാണം നമ്മൾ നടത്തിയിരിക്കുന്നു. ഇപ്പോൾ 2006-ലെ മാതൃ ആക്ട് നിലവിലുണ്ട്. ആ ആക്ടിന്റെ വ്യവസ്ഥകളും ഇപ്പോൾ തന്നെ പ്രാബല്യത്തിലുള്ളതാണ്. അതെല്ലാം വച്ചിട്ടാണ് ബിൽ ഡ്രാഫ്റ്റ് ചെയ്യുമ്പോൾ ധനകാര്യ മെമ്മോറാണ്ടത്തിന്റെ കാര്യത്തിൽ ഒരു ചെറിയ സംശയം വന്നിരുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഒരു റൂളിംഗ് നൽകിയിട്ടുണ്ട്. അതുകൊണ്ട് അതൊരു വലിയ അപരാധമായിട്ടല്ല കാണുന്നത്. റൂളിംഗ് അനുസരിച്ച് നമുക്ക് കാര്യങ്ങൾ ചെയ്യാവുന്നതാണ്. മറ്റ് കാര്യങ്ങൾ ഞാൻ പറഞ്ഞു. ഏറ്റവും ഭംഗിയായി ഇപ്പോൾ അലോട്ട്മെന്റും അഡ്മിഷനുമൊക്കെ നടക്കുന്നു. ക്യാപിറ്റേഷൻ ഫീ പൂർണ്ണമായി ഒഴിവാക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ചൂഷണം പൂർണ്ണമായി ഒഴിവാക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. നിയമനിർമ്മാണമെല്ലാം കൂടി വരുമ്പോൾ കൂടുതൽ നല്ല രീതി ഈ മേഖലകളിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്ന പ്രതീക്ഷ തന്നെയാണ് ഈ ഗവൺമെന്റിനുള്ളത്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത് തിരിച്ചുവരുന്നതിനനുസരിച്ച് കൂടുതൽ ചർച്ചയാകാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതാണ്.

(2019 മേയ് 29-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.14-ന് പിരിഞ്ഞു.)

# അനുബന്ധം I

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 (*1)

## സർക്കാർ ആശുപത്രികളുടെ നവീകരണം

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സർക്കാർ ആശുപത്രികളിലെ അടിസ്ഥാനസൗകര്യം ശക്തിപ്പെടുത്തുന്നതിനും ആധുനിക രീതിയിലുള്ള ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരടക്കമുള്ള അധിക ജീവനക്കാരെ നിയമിച്ച് ആരോഗ്യ സേവനങ്ങൾ വിപുലപ്പെടുത്തുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നത് വഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ തന്നെ ലഭ്യമാക്കുന്നതിനും ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനും തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടുകൂടിയ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ മാത്രം ലഭ്യമായിരുന്ന കാത്ത് ലാബ് സൗകര്യങ്ങൾ ജില്ലാ/ജനറൽ ആശുപത്രികളിൽ തുടങ്ങി. താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ കൂടുതലായി ആരംഭിച്ചു.

കാൻസർ സെന്ററുകളിൽ മാത്രം ലഭ്യമായിരുന്ന ചികിത്സ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കുംവിധം മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി, ഓങ്കോ പത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും ഇതിലേയ്ക്കായി അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

കൊച്ചി കാൻസർ സെന്ററിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ഇതോടൊപ്പം അടിസ്ഥാനസൗകര്യ വികസനത്തിനുമായുള്ള (385 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടുകൂടിയുള്ള നിർമ്മാണ പ്രവൃത്തികൾ) നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ജില്ലാ കാൻസർ കെയർ പ്രോഗ്രാം നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഫലമായി ജില്ലാ/ജനറൽ ആശുപത്രികളിൽ കീമോ തെറാപ്പി സൗകര്യം രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്.

മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി ഓരോ മെഡിക്കൽ കോളേജിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചും MRI ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചും പുതിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചും പി.ജി. സീറ്റുകൾ വർദ്ധിപ്പിച്ചും മെഡിക്കൽ കോളേജുകളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാരിപ്പള്ളിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിച്ചു. കൂടാതെ കണ്ണൂർ പരിയാരത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു.

സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ കൈക്കൊണ്ടുവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, നബാർഡ്, ദേശീയ ആരോഗ്യ മിഷൻ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് തുടങ്ങിയവ വഴി മാസ്റ്റർപ്ലാന് ഊന്നൽ കൊടുത്തുകൊണ്ടുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങളാണ് വിവിധ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നത്.

- എം.ആർ.ഐ., സി.റ്റി. സ്കാനുകൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയ ആധുനിക ആശുപത്രി ഉപകരണങ്ങളും ചികിത്സാ സംവിധാനങ്ങളും ആരോഗ്യ വകുപ്പിന്റെ വിവിധ പ്ലാൻ ഫണ്ടുകൾ, കിഫ്ബി, എൻ.എച്ച്.എം. ഫണ്ട് തുടങ്ങിയവ വഴി ലഭ്യമാക്കി ചികിത്സാ സംവിധാനങ്ങൾ ആധുനികവൽക്കരിച്ചുവരുന്നു.

- മാതൃശിശു ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളും ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് വഴിയും, എൻ.എച്ച്.എം. ഫണ്ട് വഴിയും നടത്തിവരുന്നു.

- ആർദ്രം മിഷന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടേതടക്കം വിവിധ വിഭാഗം ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചും ആവശ്യമായ പരിശീലനങ്ങൾ നൽകിക്കൊണ്ടും ആശുപത്രി സേവനങ്ങൾ ശക്തിപ്പെടുത്തിവരുന്നു.
- ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ/താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തനങ്ങളും (സ്റ്റാന്റൈഡെസേഷൻ ഓഫ് ഹോസ്പിറ്റൽസ്) മെഡിക്കൽ കോളേജ്/ ജില്ലാ/താലൂക്ക് ആശുപത്രികളിലെയും ഒ.പി. വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും (ഒ.പി. ട്രാൻസ്ഫോർമേഷൻ) നടന്നുവരുന്നു.

ലിംബ് ഫിറ്റിംഗ് സെന്ററുകൾ

സർക്കാർ ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലിംബ് ഫിറ്റിംഗ് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനായി 2018-2019 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ അനുവദിക്കുകയും ഇത് അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ വഴി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ ശാക്തീകരണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപ അനുവദിച്ചതിൽ 250 ലക്ഷം രൂപ വിവിധ പി.എം.ആർ. യൂണിറ്റുകളിൽ പി.എം.ആർ. ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് വകയിരുത്തുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഉപകരണങ്ങൾ വാങ്ങി നൽകിയും വരുന്നു. ഇത് കൂടാതെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പി.എം.ആർ. യൂണിറ്റിനോടനുബന്ധിച്ച് പുതിയ ബ്രെയിൻ ആന്റ് സ്പൈൻ സെന്റർ തുടങ്ങുന്നതിന് 250 ലക്ഷം രൂപ അനുവദിക്കുകയും ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി തുക നാഷണൽ ഹെൽത്ത് മിഷന് നൽകുകയും ചെയ്തിട്ടുണ്ട്.

ലബോറട്ടറികൾ

2018-2019 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് ആശുപത്രികളിൽ 40.26 കോടി രൂപയുടെ വിവിധ ലാബ് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനം

സർക്കാർ ആശുപത്രികൾ പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ പരിപാലിക്കുന്നതിനായി ചിട്ടയോടുകൂടിയതും ശാസ്ത്രീയവുമായ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി ഒരു സ്കീം 2018-2019 സാമ്പത്തിക വർഷത്തിൽ ആരോഗ്യവകുപ്പിന്റെ ബഡ്ജറ്റിന്റെ ഭാഗമായി അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം ജനറൽ ആശുപത്രി തലശ്ശേരി, താലൂക്ക് ആശുപത്രി ചാലക്കുടി, ജനറൽ ആശുപത്രി പാറശ്ശാല, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി മട്ടാഞ്ചേരി എന്നിവിടങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റ് ആരംഭിക്കുന്നുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം ആശുപത്രിയിൽ ഒരു ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനും ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

കാത്ത് ലാബ്-ഹൃദ്രോഗ ചികിത്സ

സർക്കാർ ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ആശുപത്രി പത്തനംതിട്ട, മഞ്ചേരി, തൃശ്ശൂർ, ആലപ്പുഴ, കാഞ്ഞിരപ്പള്ളി, ജില്ലാ ആശുപത്രി കൊല്ലം, കണ്ണൂർ, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ കാത്ത് ലാബ് നിർമ്മിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിൽ ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട, മഞ്ചേരി എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ പ്രവർത്തനം ഇതിനോടകം തന്നെ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-2017 സാമ്പത്തിക വർഷത്തിൽ കാത്ത് ലാബിനായി 1,100 ലക്ഷം രൂപ ജനറൽ ആശുപത്രി കോഴിക്കോടിനും 2017-2018 സാമ്പത്തിക വർഷത്തിൽ 1,200 ലക്ഷം രൂപ കാത്ത് ലാബിനായി ജില്ലാ ആശുപത്രി മാനന്തവാടിക്കും ഐ.സി.യു. സ്ഥാപിക്കുന്നതിനായി താലൂക്ക് ആശുപത്രി അടിമാലിക്കും അനുവദിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. 2018-2019 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 5,27,56,487 രൂപ കാത്ത് ലാബിന്റെ ശാക്തീകരണത്തിനായി ജനറൽ ആശുപത്രി എറണാകുളം, പാലക്കാട്, തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് നൽകിയിട്ടുണ്ട്.

വൃക്കരോഗ ചികിത്സ-ഡയാലിസിസ്

പൊതുജനാരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതിന് കേരളത്തിൽ 84 സർക്കാർ ആശുപത്രികളിൽ ഇപ്പോൾ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 2019-ഓടെ കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ കൂടി പ്രവർത്തന സജ്ജമാക്കും. ഈ സ്ഥാപനങ്ങളിൽ വളരെ കുറഞ്ഞ ചെലവിൽ 400-600 രൂപ വരെ നിരക്കിൽ ഡയാലിസിസ് സൗകര്യം ലഭ്യമാക്കുന്നുണ്ട്.

കൂടാതെ 2018-2019 സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രധാനപ്പെട്ട താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയുണ്ട്.

2017-2018 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതി പ്രകാരം താലൂക്ക് ആശുപത്രി നെടുങ്ങോലം, താലൂക്ക് ആശുപത്രി വർക്കല, താലൂക്ക് ആശുപത്രി കട്ടപ്പന, താലൂക്ക് ആശുപത്രി അടിമാലി, താലൂക്ക് ആശുപത്രി ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2019-ഓടുകൂടി ഇത് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് ആകെ ജനസംഖ്യയുടെ 5 - 7 ശതമാനം പേർ ക്രോണിക് കിഡ്നി ഡിസീസ് ഉള്ളവരാണ്. അനിയന്ത്രിതമായ ഡയബെറ്റിക്സ്, രക്തസമ്മർദ്ദം എന്നിവയാണ് പ്രധാന കാരണം. ഇത് ക്രോണിക് കിഡ്നി ഡിസീസ് എന്ന അവസ്ഥയുണ്ടാക്കുന്നു. ഇവർക്ക് കിഡ്നി മാറ്റിവയ്ക്കേണ്ട അവസ്ഥയുണ്ടാക്കുന്നു. അനുയോജ്യമായ കിഡ്നി ലഭിക്കാത്തതുകൊണ്ടും സാമ്പത്തിക പരാധീനത കൊണ്ടും ഇതിൽ അധികം പേർക്കും ഡയാലിസിസ് എന്ന ചികിത്സാ രീതി സ്വീകരിക്കേണ്ടിവരുന്നു. ഇപ്പോൾ പ്രവർത്തനത്തിലുള്ള ഡയാലിസിസ് സെന്റർ മുഖേന 2994 പേർക്ക് ചികിത്സ ലഭ്യമാക്കുന്നു. 2019-ൽ കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കുന്നതോടുകൂടി 6000 പേർക്ക് ഡയാലിസിസ് നൽകാൻ സാധിക്കുന്നതാണ്. സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ (നെഫ്രോളജിസ്റ്റ്) ലഭ്യതയുള്ളതുകൊണ്ട് ഇപ്പോൾ Acute kidney injury-ക്ക് Nephrologists-നെ നിയമിച്ചിട്ടുള്ള ജനറൽ ആശുപത്രികൾ വഴി ഡയാലിസിസ് നൽകാൻ സാധിക്കുന്നുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ 44 ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കാൻ നിശ്ചയിച്ചതിൽ 37 കേന്ദ്രങ്ങളുടെ പ്രവൃത്തി പൂർത്തിയായി. മറ്റുള്ളവയുടെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ഇതിന് പുറമെ 22 ആശുപത്രികളിലായി 100 ഡയാലിസിസ് യൂണിറ്റുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ട്രോമാകെയർ

വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന് പ്രധാനപ്പെട്ട ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി അത്യാഹിത വിഭാഗം

ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തിവരുന്നു. 2015-2016 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ട് 249.953 ലക്ഷം രൂപ ഉപയോഗിച്ച് ചുവടെ പരാമർശിച്ചിരിക്കുന്ന ആശുപത്രികളിൽ ട്രോമ കെയർ ഉൾപ്പെട്ട അത്യാഹിത വിഭാഗം-മറ്റ് അത്യാഹിതങ്ങളായ Heart attack, Pulmonary edema, Acute severe Asthmas, Snake bite, Poisoning, Drowning എന്നിവ കൈകാര്യം ചെയ്യുന്നതിനും അത്യാഹിത വിഭാഗം ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2015-2016-ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന ആശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് തുക അനുവദിച്ചു:

1. ജനറൽ ആശുപത്രി, ആറ്റിങ്ങൽ

2. താലൂക്ക് ആശുപത്രി, നെയ്യാറ്റിൻകര

3.താലൂക്ക് ആശുപത്രി, കാഞ്ഞങ്ങാട്

4. താലൂക്ക് ആശുപത്രി, പുനലൂർ

5. താലൂക്ക് ആശുപത്രി, കൊല്ലം

6. താലൂക്ക് ആശുപത്രി, കായംകുളം - സി.റ്റി. സ്കാൻ വാങ്ങുന്നതിന് തുക അനുവദിച്ചു.

2016-2017-ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച്

| | |
|---|---|
| താലൂക്ക് ആശുപത്രി, കൊട്ടാരക്കര | 88.3 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിന് |
| താലൂക്ക് ആശുപത്രി, ചാലക്കുടി | സി.റ്റി. സ്കാൻ വാങ്ങുന്നതിന് 11.42 കോടി രൂപ അനുവദിച്ചു. |
| ജില്ലാ ആശുപത്രി, കൊല്ലം | 4,03,576 രൂപ ഉപകരണങ്ങൾ വാങ്ങുന്നതിന് |

2017-2018 -ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച്

| | |
|---|---|
| ജനറൽ ആശുപത്രി, അടൂർ | 70,00,000 രൂപ (ഇൻഫ്രാസ്ട്രക്ചർ) |
| താലൂക്ക് ആശുപത്രി, കൊയിലാണ്ടി | 4,35,35,480 (സി.റ്റി. സ്കാനർ |

| | |
|---|---|
| | ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും) |
| താലൂക്ക് ആശുപത്രി, നീണ്ടകര | 1,55,37,758 (കാഷ്വാലിറ്റി ബ്ലോക്ക്) |
| താലൂക്ക് ആശുപത്രി, കൊട്ടാരക്കര | 1,93,86,762(സി.റ്റി. സ്കാനർ) |
| താലൂക്ക് ആശുപത്രി, കൊയിലാണ്ടി | 65,00,000 (ഫാബ്രിക്കേഷൻ വർക്ക്) |

2018-2019- ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന്

ജില്ലാ ആശുപത്രി, കൊല്ലം - 1,80,48,800

ജനറൽ ആശുപത്രി, നെയ്യാറ്റിൻകര - 1,25,86,820

ജില്ലാ ആശുപത്രി, നെടുമങ്ങാട് - 37,46,400

ജനറൽ ആശുപത്രി, ആലപ്പുഴ - 1,53,87,980

ജില്ലാ ആശുപത്രി, പാലക്കാട് - 1,60,00,000

റോഡ് സേഫ്റ്റി ഫണ്ട് തുക ഉപയോഗിച്ച് (2.56 കോടി രൂപ) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഉപകരണങ്ങൾ, ആംബുലൻസ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട് :

താലൂക്ക് ആശുപത്രി, ഹരിപ്പാട് - ഉപകരണങ്ങൾ

താലൂക്ക് ആശുപത്രി, പയ്യന്നൂർ - ഉപകരണങ്ങൾ

താലൂക്ക് ആശുപത്രി, വടകര - ആംബുലൻസ്

താലൂക്ക് ആശുപത്രി, കോട്ടപ്പുറം - ആംബുലൻസ്

താലൂക്ക് ആശുപത്രി, പത്തനംതിട്ട - ആംബുലൻസ്

താലൂക്ക് ആശുപത്രി, ചാലക്കുടി - ആംബുലൻസ്

താലൂക്ക് ആശുപത്രി, ആലത്തൂർ - ആംബുലൻസ്

താലൂക്ക് ആശുപത്രി, കരുനാഗപ്പള്ളി - ആംബുലൻസ്

ജനറൽ ആശുപത്രി, അടൂർ - ഉപകരണങ്ങൾ

താലൂക്ക് ആശുപത്രി, അടിമാലി - ഉപകരണങ്ങൾ

| | | |
|---|---|---|
| താലൂക്ക് ആശുപത്രി, ആലുവ | - | ഉപകരണങ്ങൾ |
| താലൂക്ക് ആശുപത്രി, കുഴൽമന്ദം | - | ഉപകരണങ്ങൾ |
| താലൂക്ക് ആശുപത്രി, മഞ്ചേരി | - | ഉപകരണങ്ങൾ |
| താലൂക്ക് ആശുപത്രി, കാസർഗോഡ് | - | ഉപകരണങ്ങൾ |
| താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ | - | ഉപകരണങ്ങൾ |

2015-2016-ലെ ഫണ്ടുപയോഗിച്ച് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർക്ക് എമർജൻസി മെഡിക്കൽ കെയർ എന്ന വിഷയം സംബന്ധിച്ച് ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

National Trauma Care Fund ഉപയോഗിച്ച് ജനറൽ ആശുപത്രി എറണാകുളം, കണ്ണൂർ എന്നിവിടങ്ങളിൽ ട്രോമാകെയർ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.

ഇതുകൂടാതെ KSTP മുഖേന Safe Corridor പദ്ധതി പ്രകാരം എം.സി. റോഡിലെ അടൂർ-കഴക്കൂട്ടം റോഡിൽ ജനറൽ ആശുപത്രി അടൂർ, താലൂക്ക് ആശുപത്രി കൊട്ടാരക്കര, പ്രാഥമികാരോഗ്യകേന്ദ്രം വാമനപുരം, സാമൂഹികാരോഗ്യകേന്ദ്രം, കന്യാകുളങ്ങര എന്നീ സ്ഥാപനങ്ങളിൽ 7.44 കോടി രൂപയുടെ ഉപകരണങ്ങൾക്കും രണ്ട് ആംബുലൻസുകൾക്കും അനുമതി നൽകിയിട്ടുണ്ട്.

<u>മാതൃശിശു ക്ഷേമം</u>

പ്രസവം നടക്കുന്ന ആശുപത്രികളിൽ മാതൃമരണ നിരക്ക് കുറയ്ക്കുന്ന പദ്ധതിയുടെ ഭാഗമായി സർക്കാർ ആശുപത്രികളിലെ പ്രസവമുറിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും ഗൈനക്കോളജിസ്റ്റിനും പരിശീലനം നൽകി നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ പ്രസവം നടത്തുന്ന ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി വരുന്നു. ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, സിസേറിയൻ കിറ്റ് എന്നിവ നടപ്പിലാക്കി.

ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള പദ്ധതി - നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ പ്രസവം നടക്കുന്ന ആശുപത്രികളിൽ ആധുനിക മെഡിക്കൽ ഉപകരണങ്ങൾ നൽകി.

2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ കേരളമൊട്ടാകെയുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് എൻ.എച്ച്.എം. മുഖേന 315.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിന് 213.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ നിർമ്മാണ പ്രവൃത്തികളും ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തോടെ എല്ലാ ജില്ലകളിലും മാനസികാരോഗ്യ പരിപാടി നടപ്പിലാക്കി. ഇതുവഴി 25,000-ൽ പരം രോഗികൾക്ക് അവരുടെ വീടിന് അടുത്തുത്തന്നെ മാനസികരോഗ ചികിത്സ ലഭ്യമാക്കുന്നു.

ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായ സമഗ്ര മാനസികാരോഗ്യ പദ്ധതിയിൻ കീഴിൽ മാനസിക രോഗികൾക്കുള്ള 29 പകൽ വീടുകൾ പ്രവർത്തിച്ചുവരുന്നു. അവർക്കുള്ള ചികിത്സ തൊഴിലധിഷ്ഠിത പുനരധിവാസം എന്നിവ ഇവിടെ നൽകിവരുന്നു.

ഇതിനുപുറമെ 'സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി' വഴി ആശാവർക്കർമാരുടെ സേവനം ഉപയോഗിച്ച് മാനസിക പ്രശ്നങ്ങൾ, വൈകല്യങ്ങൾ, രോഗങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം, കുട്ടികളുടെയും കൗമാരക്കാരുടെയും മാനസിക പ്രശ്നങ്ങൾ, ആത്മഹത്യ പ്രവണത, മറവിരോഗം, വിഷാദരോഗം തുടങ്ങിയവയ്ക്കെല്ലാം ചികിത്സ ലഭ്യമാക്കുന്നതിനായി ഓരോ പഞ്ചായത്തിലും 50 മുതൽ 120 രോഗികളെ വരെ ഈ പദ്ധതിയിലൂടെ ചികിത്സയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നുണ്ട്. ഈ പദ്ധതി വഴി രോഗികൾക്ക് അവരുടെ പഞ്ചായത്തിൽ തന്നെ മനോരോഗ ചികിത്സ ഉറപ്പാക്കുന്നു.

സമൂഹത്തിൽ 5-10 ശതമാനം വരെ ജനങ്ങൾക്ക് വിഷാദരോഗം ഉണ്ടെന്ന് പഠനങ്ങൾ പറയുന്നു. ഇത് പ്രാഥമികാരോഗ്യ തലത്തിൽ തന്നെ കണ്ടെത്തി ചികിത്സ നൽകാൻ 'ആശ്വാസം' എന്ന പേരിൽ 2017 ലോകാരോഗ്യ ദിനത്തിൽ സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിഷാദ ചികിത്സാ പദ്ധതി നടപ്പിലാക്കി. കൂടാതെ സർക്കാർ മാതൃ-ശിശു മാനസികാരോഗ്യ സംരക്ഷണ പദ്ധതി-'അമ്മ മനസ്സ്' എന്ന പേരിൽ നടപ്പിലാക്കാൻ വേണ്ട പ്രാരംഭ നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

<u>അമൃതം ആരോഗ്യം പദ്ധതി</u>

ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ മാത്രം

ലഭിച്ചിരുന്ന സേവനങ്ങൾ ഉൾപ്പെടുത്തി സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഏറെ സങ്കീർണ്ണവും ചെലവേറിയതുമായ പക്ഷാഘാത ചികിത്സ സൗജന്യമായി നൽകുന്നതിന് സ്ട്രോക്ക് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഹൃദ്രോഗ ചികിത്സയ്ക്ക് കൊറോണറി കെയർ യൂണിറ്റുകൾ ജില്ലാ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. നേത്രപടലാന്ധത കണ്ടെത്തുന്നതിന് നോൺമെഡിയാട്രിക് ക്യാമറകൾ എല്ലാ ജില്ലാ ആശുപത്രികളിലും പ്രവർത്തനക്ഷമമാണ്. പെരിറ്റോണിയൽ ഡയാലിസിസ് (സി.എ.പി.ഡി.) യൂണിറ്റുകൾ മൂന്ന് ജില്ലാ ആശുപത്രികളിൽ ആരംഭിക്കുകയും മറ്റ് ജില്ലകളിൽ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഗുരുതര ശ്വാസകോശരോഗമായ സി.ഒ.പി.ഡി. നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ശ്വാസ് ക്ലിനിക്കുകൾ ജില്ലാ ആശുപത്രികളിലും തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിലും ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ, ഡയബറ്റിക് ഫുട്ട് ക്ലിനിക്ക്, വൃക്കരോഗനിർണ്ണയ ക്ലിനിക്, ഫിസിയോതെറാപ്പി, പുകയില വിമുക്ത സേവനം എന്നിവയും ജില്ലാ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നു.

ദേശീയ ബധിരത നിവാരണ നിയന്ത്രണ പദ്ധതി

എൻ.പി.പി.സി.ഡി. (നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആൻഡ് കൺട്രോൾ ഓഫ് ഡെഫ്നെസ്സ്) എന്ന പദ്ധതി നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ചെവിയും കേൾവിയുമായി ബന്ധപ്പെട്ട രോഗങ്ങൾ നിർണ്ണയിക്കാനും നിയന്ത്രിക്കാനും ഉള്ളതാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഫണ്ടുപയോഗിച്ച് ഇത് പ്രവർത്തിച്ചുവരുന്നു. എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട ഒരു ജനറൽ ആശുപത്രിയോ ഒരു ജില്ലാ ആശുപത്രിയോ കേന്ദ്രമാക്കി ഈ പദ്ധതി പ്രവർത്തിച്ചു വരുന്നു. 14 കേന്ദ്രങ്ങളിലും നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആൻഡ് കൺട്രോൾ ഓഫ് ഡെഫ്നെസ്സ് എന്ന പ്രോഗ്രാമിനുവേണ്ടി നിയമിതരായ ഉദ്യോഗസ്ഥരുണ്ട്. ചെവിയുടെ ശസ്ത്രക്രിയയിൽ വിദഗ്ദ്ധരായ ഒരു ഇ.എൻ.ടി. സ്പെഷ്യലിസ്റ്റ് ഡോക്ടറും 3 ഓഡിയോളജി സ്റ്റാഫും ആണ് ഉദ്യോഗസ്ഥരായിട്ടുള്ളത്. ഈ പ്രോഗ്രാമിന്റെ ശരിയായ പ്രവർത്തനത്തിനുവേണ്ടിയുള്ള ഉപകരണങ്ങൾ നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) ഫണ്ട് മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) വഴി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വിതരണം പൂർത്തീകരിക്കുകയും താലൂക്ക് ആശുപത്രികളിലേയ്ക്കും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി.), പ്രൈമറി ഹെൽത്ത് സെന്റർ (പി.എച്ച്.സി.)-കളിലേയ്ക്കും വേണ്ട ഉപകരണങ്ങളുടെ കൈമാറ്റം നടത്തുകയും ചെയ്തുവരുന്നു.

പ്രാഥമികാരോഗ്യ തലത്തിൽ മാതൃ-ശിശു ആരോഗ്യ സേവനങ്ങളുമായി പ്രവർത്തിക്കുന്ന ജെ.പി.എച്ച്.എൻ., പി.എച്ച്.എൻ., സ്റ്റാഫ് നഴ്സുമാർ, ഡോക്ടർമാർ എന്നിവർക്ക് ഈ പദ്ധതിയിൻപ്രകാരം പരിശീലനം നൽകുന്നു. അതിൻപ്രകാരം ഗർഭിണിയായിരിക്കുമ്പോഴും പ്രസവാനന്തരം കുഞ്ഞിന്റെ പ്രതിരോധ കുത്തി വയ്പ്പിന്റെ സമയങ്ങളിലും അമ്മമാർക്ക് മാനസിക പ്രശ്നങ്ങളുടെ പരിശോധന പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നടത്തുന്നു. മാനസിക പ്രശ്നങ്ങൾ ഉള്ളവരെ കണ്ടെത്തുന്ന പക്ഷം അവർക്ക് അതിനുള്ള ചികിത്സ നൽകുകയും കൂടുതൽ ബുദ്ധിമുട്ടുള്ളവരെ മാനസികാരോഗ്യ ചികിത്സയ്ക്കായി ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ നടത്തുന്ന ക്ലിനിക്കുകൾ റഫർ ചെയ്യുകയും ചെയ്യുന്നു.

(ബി) നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അക്രെഡിറ്റേഷൻ ലഭിച്ച പി.എച്ച്.സി.-കൾ താഴെപ്പറയുന്നു:

| | | | | |
|---|---|---|---|---|
| 1 | PHC Chittarikkal | Kasargod | 92% | NQAS Accredited |
| 2 | PHC Narkilakkad | Kasargod | 93% | |
| 3 | FHC Thirunavaya | Malappuram | 89% | |
| 4 | FHC Kanchiyar | Idukki | 91% | |
| 5 | FHC Mutholi | Kottayam | 90% | |
| 6 | FHC Noolpuzha | Wayanad | 98% | |
| 7 | FHC Purakkad | Alappuzha | 96% | |
| 8 | FHC Peruvemba | Palakkad | 81% | |
| 9 | FHC Chemmaruthy | Trivandrum | 88% | |
| 10 | FHC Karindalam | Kasargod | 96% | |
| 11 | FHC Valiyaparamba | Kasargod | 97% | |
| 12 | FHC Kayyur | Kasargod | 99% | |
| 13 | FHC Valapattanam | Kannur | 97% | |
| 14 | FHC Therthally | Kannur | 95% | |

പ്രസ്തുത അംഗീകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച എൻ.ക്യൂ.എ.എസ്. ചെക്ക് ലിസ്റ്റ് പ്രകാരം സെൽഫ് അസ്സസ്മെന്റ്, ജില്ലാതല അസ്സസ് മെന്റ്, സംസ്ഥാനതല അസ്സസ്മെന്റ് എന്നിവ എൻ.ക്യൂ.എ.എസ്. ചെക്ക്ലിസ്റ്റ് ഉപയോഗിച്ച് നടത്തേണ്ടതാണ്. എൻ.ക്യൂ.എ.എസ്. ചെക്ക്ലിസ്റ്റിൽ 8 ഏര്യകളായി തിരിച്ചിരിക്കുന്നു.

1. സർവ്വീസ് പ്രൊവിഷൻ
2. പേഷ്യന്റ് റൈറ്റ്സ്
3. ഇൻപുട്ട്സ് അഥവാ പശ്ചാത്തല സൗകര്യം
4. സപ്പോർട്ടീവ് സർവ്വീസസ്
5. ക്ലിനിക്കൽ സർവ്വീസസ്
6. ഇൻഫെക്ഷൻ കൺട്രോൾ
7. ക്വാളിറ്റി മാനേജ്മെന്റ്
8. ഔട്ട്കം ഇൻഡിക്കേറ്റേഴ്സ്.

മേൽപ്പറഞ്ഞ അസ്സസ്മെന്റ് എല്ലാ വിഭാഗങ്ങൾക്കും 70 ശതമാനം മാർക്കിൽ കൂടുതൽ ലഭിക്കുകയാണെങ്കിൽ സ്ഥാപനത്തെ നാഷണൽ ലെവൽ അസ്സസ്മെന്റിലേയ്ക്കായി പരിഗണിക്കുന്നതാണ്. എൻ.എച്ച്.എസ്.ആർ.സി. നിയമിക്കുന്ന 2 അംഗ പരിശോധനാ സംഘം 2 ദിവസം പ്രാഥമികാരോഗ്യ കേന്ദ്രം സന്ദർശിച്ച് പരിശോധന നടത്തുകയും ആ പരിശോധനയിൽ താഴെപ്പറയുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചു എന്ന് ഉറപ്പുവരികയാണെങ്കിൽ എൻ.എച്ച്.എസ്.ആർ.സി. കേന്ദ്ര ഗവൺമെന്റിന് എൻ.ക്യൂ.എ.എസ്. അംഗീകാരത്തിനായി ശിപാർശ നൽകുകയും കേന്ദ്ര ഗവൺമെന്റ് എൻ.ക്യൂ.എ.എസ്. അംഗീകാരം നൽകുകയും ചെയ്യുന്നു.

1. മൊത്തം സ്കോർ 70 ശതമാനത്തിനുമുകളിൽ
2. എല്ലാ ഡിപ്പാർട്ടുമെന്റുകളിലും 70 ശതമാനത്തിനുമുകളിൽ സ്കോർ
3. എല്ലാ ഏര്യാ ഓഫ് കൺസേണുകളിലും 70 ശതമാനത്തിനുമുകളിൽ സ്കോർ
4. എല്ലാ സ്റ്റാന്റേർഡുകളിലും 50 ശതമാനത്തിനുമുകളിൽ സ്കോർ
5. ഗുണഭോക്താക്കളുടെ സംതൃപ്തി സ്കോർ 65 ശതമാനത്തിനുമുകളിൽ.

(സി) ത്രിതല ആരോഗ്യ സംവിധാനത്തിന്റെ നെടുംതൂണായ പ്രാഥമികാരോഗ്യ സംവിധാനങ്ങളെ നമ്മുടെ നാട്ടിലെ ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ പരിഹരിക്കുന്ന രീതിയിൽ പരിവർത്തനപ്പെടുത്താനും ശക്തിപ്പെടുത്താനുമുള്ള ബഹുവിധ പ്രവർത്തനങ്ങൾ ആർദ്രം മിഷന്റെ ഭാഗമായും വിവിധങ്ങളായ സംസ്ഥാന ദേശീയ ആരോഗ്യ പരിപാടിയുടെ ഭാഗമായും നടത്തിവരുന്നു.

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിക്കൊണ്ടിരിക്കുന്നു. ഇവിടങ്ങളിൽ അധിക ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സിന്റെയും ഫാർമസിസ്റ്റിന്റെയും തസ്തികകൾ സൃഷ്ടിച്ചും ലബോറട്ടറി സൗകര്യം ഒരുക്കി ലാബ് ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ചും ലാബ് സൗകര്യം അടക്കമുള്ള സേവനങ്ങളും നൽകിവരുന്നു.
- നഴ്സസ് പ്രീ ചെക്ക് അപ്, എൻ.സി.ഡി. ക്ലിനിക്കുകൾ, ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ തുടങ്ങിയവ വഴി ഈ സ്ഥാപനം വഴിയുള്ള സേവനങ്ങൾ വിപുലപ്പെടുത്തുന്നുണ്ട്. പ്രവർത്തന സമയം വൈകുന്നേരം 6 മണി വരെയായി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- ഉപകേന്ദ്ര ക്ലിനിക്കുകളും ഫീൽഡുതല പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിക്കൊണ്ടുള്ള ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ രോഗപ്രതിരോധം, റീഹാബിലിറ്റേറ്റീവ്, പാലിയേറ്റീവ് പരിചരണങ്ങൾ ശക്തിപ്പെടുത്തിവരുന്നു.
- രോഗീസൗഹൃദമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി മെച്ചപ്പെട്ട രജിസ്ട്രേഷൻ കൗണ്ടറുകൾ ടോക്കൺ സിസ്റ്റം, സൗകര്യപ്രദമായ വെയിറ്റിംഗ് ഏരിയ, ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്‌ലറ്റ് സംവിധാനങ്ങൾ, ആരോഗ്യ ബോധവൽക്കരണ സംവിധാനങ്ങൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ അടിസ്ഥാന വികസന പ്രവർത്തനങ്ങളും താൽക്കാലികമായ ജീവനക്കാരെ നിയമിച്ചു കൊണ്ടുമാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പ്രോഗ്രാമും നടപ്പിലാക്കിവരുന്നു.

- പകർച്ചവ്യാധി നിയന്ത്രണ പരിപാടി (ആരോഗ്യ ജാഗ്രത ഉൾപ്പെടെ) എൻ.സി.ഡി. പ്രോഗ്രാം (ജീവിത ശൈലീ രോഗ നിയന്ത്രണ പ്രവർത്തനം) സമ്പൂർണ്ണ മാനസിക ആരോഗ്യ പരിപാടി, ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ വഴിയുള്ള മാതൃ-ശിശു ആരോഗ്യ പരിപാടികൾ, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം തുടങ്ങിയ വിവിധ പ്രോഗ്രാമുകളുടെ ഘടകങ്ങളും താഴെ തട്ടിൽ ഏകോപിപ്പിച്ച് പ്രാഥമിക ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികളും നടത്തിവരുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കായി 23 കോടി രൂപയും രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 95.55 കോടി രൂപയും (പ്ലാൻ ഫണ്ട് + എൻ.എച്ച്.എം. ഫണ്ട്) അനുവദിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിലെ 170 സ്ഥാപനങ്ങളിൽ 159 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിലെ 504 സ്ഥാപനങ്ങളിൽ 7 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. 71 എണ്ണത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 144 എണ്ണത്തിന്റെ ടെണ്ടർ നടപടികൾ കഴിഞ്ഞ് പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്. 2019-20 സാമ്പത്തിക വർഷത്തിൽ 220 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കായി 34.1 കോടി രൂപയും 728 കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളുടെ നവീകരണത്തിന് 50.96 കോടി രൂപയും എൻ.എച്ച്.എം. മുഖേന അനുവദിച്ചിട്ടുണ്ട്. അവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് ദേശീയ ആരോഗ്യ ദൗത്യവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി നടപടി സ്വീകരിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് താഴെപ്പറയുന്ന പ്രവൃത്തികൾ നടത്തിവരുന്നു.

രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ്, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന തിനാവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പുമുറികളിൽ രോഗികൾക്ക്

നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റ് കസേരകൾ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, നഴ്സുമാരുടെ പ്രീ ചെക്കപ്പും കൗൺസിലിംഗ് സംവിധാനവും, ഫാർമസി, ഇമ്മ്യൂണൈസേഷൻ മുറി, ശ്വാസ്, ആശ്വാസ് സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കിവരുന്നു.

ഇതുകൂടാതെ 22-4-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 58/17/ആ.കു.വ. പ്രകാരം 75 സ്ഥാപനങ്ങളെ താലൂക്ക് ആശുപത്രികളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. കാഷ്വാലിറ്റി സംവിധാനം ബാലുശ്ശേരി ഒഴികെയുള്ള താലൂക്കാശുപത്രികളിൽ പ്രവർത്തിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 7-7-2018-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 2196/2018/ആ.കു.വ., പ്രകാരം ഒരു ജില്ലയിൽ രണ്ടുവീതം ആകെ 28 താലൂക്കാശുപത്രികളെ തെരഞ്ഞെടുക്കുകയും ഇവിടങ്ങളിൽ ഗ്യാപ്പ് അനാലിസിസ് നടത്തി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലപ്പുറം, പത്തനംതിട്ട, സുൽത്താൻബത്തേരി എന്നിവിടങ്ങളിൽ പുതുതായി പബ്ലിക് ഹെൽത്ത് ലാബുകളും മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും ആരംഭിച്ചിട്ടുണ്ട്.

ഇ-ഹെൽത്ത് പദ്ധതി

നിലവിലെ സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന വ്യക്തികളുടെ ചികിത്സാ രേഖകൾ ഭാവി ആവശ്യകത കണക്കിലെടുത്ത് സൂക്ഷിച്ചു സംരക്ഷിക്കുക പ്രയാസമേറിയ സംഗതിയാണ്. ഒരാളുടെ ജീവിതത്തിൽ കേവലം മുപ്പതു ദിവസം മാത്രം വളർച്ചയെത്തിയ ഭ്രൂണാവസ്ഥ മുതൽ ജീവിതാവസാനം വരെയുള്ള ആരോഗ്യ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ക്രോഡീകരിച്ച് സൂക്ഷിക്കുകയും പൊതുജനാരോഗ്യരംഗത്തെ എല്ലാ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി വ്യക്തി കേന്ദ്രീകൃത ചികിത്സയ്ക്കും പ്രതിരോധത്തിനും അവസരം ഉണ്ടാക്കുന്നതോടൊപ്പം വിവിധ സർക്കാർ ആശുപത്രികളിലെ ഒ.പി. രജിസ്ട്രേഷൻ

മുതൽ രോഗീ പരിശോധനയും ചികിത്സാക്രമങ്ങളും ഭരണ നിർവ്വഹണവും ഉൾപ്പെടെ സമഗ്ര മേഖലകളിലെയും പ്രവർത്തനങ്ങൾ സംയോജിതമായ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി ഉപഭോക്താക്കൾക്ക് ആയാസരഹിതവും രോഗീസൗഹൃദവുമായ വിധത്തിൽ കടലാസുരഹിതമാക്കികൊണ്ട് വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പ്രോജക്ട് എന്ന പദ്ധതിയിലൂടെ നടപ്പാക്കിവരുന്നത്.

ഒരു പൗരന് ഒരു ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ് (ഇ.എച്ച്.ആർ.) എന്ന ലക്ഷ്യത്തിലൂന്നിയുള്ള ഇ-ഹെൽത്ത് പ്രോജക്ടിന്റെ പൈലറ്റ് പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട 7 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളിലും ഇ-ഹെൽത്ത് പ്രോജക്ട് അനുസരിച്ചുള്ള മാറ്റങ്ങൾ കൊണ്ടുവരാനും മറ്റ് ജില്ലകളിൽ കൂടി ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ ആശുപത്രികളെയും കമ്പ്യൂട്ടർ ശൃംഖല മുഖേന ബന്ധപ്പെടുത്തി അതാത് ആശുപത്രികൾക്ക് ആവശ്യമായ യു.പി.എസ്. വയറിംഗ്, കേബിൾ നെറ്റ് വർക്കിംഗ് സ്ഥാപിക്കുന്നതിനും ഒന്നിലധികം ബ്രോഡ് ബാൻഡ് കണക്ഷൻ നൽകിക്കൊണ്ട് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും പ്രവർത്തന സജ്ജമാക്കുന്നതിനും ഘട്ടം ഘട്ടമായി നടപടി സ്വീകരിച്ചുവരികയാണ്. തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട 30 കേന്ദ്രങ്ങളിൽ ഇതിനകം ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യപ്പെട്ട 170 കേന്ദ്രങ്ങളിലും തിരുവനന്തപുരം ജില്ലയിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. പൊതുജനാരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി നിർമ്മാർജ്ജനം, രോഗം പടരാനുള്ള സാധ്യതകൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും അപകടകരമായ വ്യാപനം പ്രവചിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഊർജ്ജിതമാക്കുന്നതിനും പകർച്ചവ്യാധി നിയന്ത്രണ വിധേയമാക്കുന്നതിനും ഇ-ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കുന്നതിലൂടെ അതിവേഗം കഴിയുന്നതാണ്.

# അനുബന്ധം II

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3 (*18)-ന്റെ (ബി) ഉത്തരം

പോലീസ് സേനയുടെ ആധുനികവത്കരണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ 136 കോടി രൂപയാണ് അനുവദിച്ചത്. 2019-20-ൽ 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിലേതിനേക്കാൾ ഏകദേശം മൂന്നിരട്ടി അധികമാണിത്.

തൃശ്ശൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയെ ഹൈടെക് ലബോറട്ടറിയായി ഉയർത്തി.

ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ജ്വലറികൾ, ഫാക്ടറികൾ എന്നിവയുടെ സി.സി.ടി.വി. സംവിധാനം പോലീസുമായി ബന്ധപ്പെടുത്തി നിർവ്വഹിക്കുന്നതിന് സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS) നടപ്പിലാക്കുന്നതിന് അനുമതി നൽകി. CCTV Cameras with Remote Monitoring പദ്ധതി 200 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കുന്നതിന് 14 ജില്ലകൾക്ക് ഫണ്ട് അനുവദിച്ചു.

ട്രാഫിക് നിയമലംഘകരിൽനിന്നും പിഴ ഈടാക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമായി നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ട്രാഫിക് പോലീസിന്റെ യൂണിഫോമിൽ ഘടിപ്പിക്കാവുന്ന ക്യാമറ വഴി നിയമലംഘകരെ കണ്ടെത്താനും നടപടി സ്വീകരിച്ചു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പരിശീലനം നൽകുന്നതിനായി പോലീസ് അക്കാദമിയിൽ സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട കേന്ദ്രം ആരംഭിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി എല്ലാ ജില്ലകളിലും 1515 എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടാവുന്ന കൺട്രോൾ റൂമുകൾ ആരംഭിച്ചു. അഞ്ച് നഗരങ്ങളിൽ 112 എന്ന നമ്പരിൽ ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പോലീസിന്റെ അടിയന്തര സഹായം തേടുന്നതിനുള്ള എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം ആരംഭിച്ചു.

ഓരോ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തം വെബ്സൈറ്റ് തുടങ്ങാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനിക-സാങ്കേതിക വിദ്യയുടെ സഹായത്തോടെ പോലീസിൽ പരാതികൾ സ്വീകരിക്കാൻ സംവിധാനമൊരുക്കി. പോലീസിന്റെ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മൊബൈൽ ആപ്പുകളും വെബ്പോർട്ടലുകളും സജ്ജമാക്കി.

ഇതിനുപുറമേ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ 'രക്ഷ' എന്ന ആപ്ലിക്കേഷനും 'Know Your Police App', 'Online traffic offence reporting and the remittance', 'Women Safety and Emergency Response', Dial 100, 'Police Clearance Certificate App', 'Virtual Guide for Police Service' എന്നീ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

അന്വേഷണ ഉദ്യോഗസ്ഥർക്ക് വിരലടയാള വിവരങ്ങൾ ഉടനടി ലഭ്യമാക്കാനുതകുന്ന നൂതന സംവിധാനമായ 'ഓട്ടോമേറ്റഡ് ഫിംഗർ ഐഡന്റിഫിക്കേഷൻ സിസ്റ്റം' ഏർപ്പെടുത്തി.

പ്രതികളെ ചോദ്യം ചെയ്യുന്നതിനായി ആധുനിക രീതിയിൽ ഇന്ററോഗേഷൻ റൂം സജ്ജമാക്കി.

# അനുബന്ധം III

<u>തിരുത്തിയ ഉത്തരം</u>

## പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 28-11-2018-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 385-ന്റെ തിരുത്തിയ ഉത്തരം (പുതുക്കിയ മറുപടി)

### ലീഗൽ മെട്രോളജി വകുപ്പ് രജിസ്റ്റർ ചെയ്ത കേസ്സുകൾ

(385) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ലീഗൽ മെട്രോളജി വകുപ്പ് 2016 ജനുവരി മുതൽ നടത്തിയ പരിശോധനയുടെ വിശദമായ വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്;പിഴ ഈടാക്കിയ കേസ്സുകൾ ഏതെല്ലാം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആശുപത്രികളിലും ക്ലിനിക്കുകളിലും ഭാരം അളക്കുന്ന (Weighing Machine) മെഷീനുകൾ പരിശോധിക്കുന്ന രീതി വ്യക്തമാക്കുമോ; പരിശോധനയിൽ കൃത്യമായ അളവ് രേഖപ്പെടുത്തിയിട്ടില്ലാത്ത എത്ര മെഷീനുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇതിൽ സ്വീകരിച്ച നടപടികൾ ഏന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ശരിയായ വെയിംഗ് മെഷീൻ ഉപയോഗിക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; ഇവർക്ക് ചുമത്തിയ പിഴ എത്രയെന്നും പിഴ അടയ്ക്കാത്തവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം ബേക്കറികൾ, സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർമാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നുള്ള പാക്കറ്റ് സാധനങ്ങളിലെ അളവിൽ കുറവ് കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; എത്ര രൂപ പിഴ അടയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്; എത്ര സ്ഥാപനങ്ങൾ പിഴ ഒടുക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഏതെല്ലാം പെട്രോൾ/ഡീസൽ പമ്പുകളിൽ ലീഗൽ മെട്രോളജി വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്; പരിശോധനയിൽ കളവ് കണ്ടെത്തിയ സ്ഥാപനങ്ങൾ ഏതെല്ലാം; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിവരങ്ങൾ ലഭ്യമാക്കാമോ;

(എഫ്) കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് ലീഗൽ മെട്രോളജി വകുപ്പിന്റെ ഒരു ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>):

(എ) ലീഗൽ മെട്രോളജി വകുപ്പ് 2016 ജനുവരി മുതൽ നടത്തിയ പരിശോധനകളിൽ ആകെ 171241 സ്ഥാപനങ്ങൾ പരിശോധിക്കുകയും 64148 സ്ഥാപനങ്ങൾക്കെതിരെ കേസെടുക്കുകയും 18,43,25,700 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.* പിഴ ഈടാക്കിയ കേസ്സുകൾ സംബന്ധിച്ച വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) ആശുപത്രികളിലെ വെയിംഗ് മെഷീനുകൾ സ്റ്റാൻഡേർഡ് ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യത ഉറപ്പാക്കുന്നു. 2011 ലീഗൽ മെട്രോളജി ജനറൽ റൂൾസ് പ്രകാരമാണ് പരിശോധന നടത്തുന്നത്. പരിശോധനയിൽ 32 ഉപകരണങ്ങളിൽ വ്യത്യാസം കണ്ടിട്ടുണ്ട്. രാജി ഫീസ് ഈടാക്കി നടപടി സ്വീകരിച്ചുവരുന്നു.

(സി) 41 ആശുപത്രികളുണ്ട്. അവയുടെ വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) സംസ്ഥാനത്ത് ബേക്കറികൾ, സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നുള്ള പായ്ക്കറ്റ് സാധനങ്ങളിലെ അളവിൽ കുറവ് സംബന്ധിച്ച് 36 കേസ് രജിസ്റ്റർ ചെയ്ത് 5,23,000 രൂപ പിഴ ഈടാക്കി എല്ലാ സ്ഥാപനങ്ങളും പിഴ/രാജി ഫീസ് അടച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഇ) സംസ്ഥാനത്ത് ഐ.ഒ.സി., ബി.പി.സി., എച്ച്.പി.സി., റിലയൻസ്, എസ്സാർ എന്നീ കമ്പനികളുടെ പെട്രോൾ പമ്പുകളിൽ കൃത്യമായ പരിശോധന നടത്തുന്നുണ്ട്. പരിശോധനയിൽ പെട്രോൾ വില കുറവുണ്ടായപ്പോൾ അതനുസരിച്ച് ഡിസ്പെൻസറിൽ അളവ് ക്രമപ്പെടുത്താതെ ഇന്ധനം കുറച്ച് വിൽപ്പന നടത്തിയതിന് ഒരു സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുകയും 10,000 രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തു. മറ്റ് 151 പെട്രോൾ പമ്പുകളിൽ ക്രമക്കേടുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കണ്ടെത്തിയതിന് 6,87,000 രൂപ പിഴ/രാജി ഫീസ് ഈടാക്കി. ഇവയിൽ കളവു കണ്ടെത്തിയ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. രാജു എന്റർപ്രൈസസ്, ഐ.ഒ.സി. ഡീലർ, കുണ്ടന്നൂർ, എറണാകുളം.
2. ഹാഷിം എന്റർപ്രൈസസ്, ബി.പി.സി.എൽ., കളമശ്ശേരി, എറണാകുളം.
3. സെന്റ് ജോർജ്ജ് ഫ്യുവൽസ്, ബി.പി.സി.എൽ., കാലടി.
4. സിവിൽ സപ്ലൈസ് പമ്പ്, ഐ.ഒ.സി. ഡീലർ, രവിപുരം, എറണാകുളം.
5. ബി.പി.സി.എൽ., വൈറ്റില ഹബ്ബ്, എറണാകുളം.
6. ബ്രോഡ് വേ ആട്ടോ സർവ്വീസ്, എച്ച്.പി.സി. ഡീലർ, ചാലക്കുടി.
7. M/s ഇ.എച്ച്. ഫ്യുവൽസ്, ഐ.ഒ.സി. ഡീലർ, അമ്പലപ്പുഴ.
8. ഭഗവതി ഫ്യുവൽസ്, എച്ച്.പി.സി., പാലക്കാട്.
9. M/s അമ്പലപ്പാറ ഫ്യുവൽസ്, ബി.പി.സി.എൽ., പാലക്കാട്.
10. തിരുവോണം ഫ്യുവൽസ്, ഐ.ഒ.സി., കുന്നത്തുമല, പാലക്കാട്.
11. ട്രെൻഡ്സ് ഫ്യുവൽസ്, മിയപ്പടവ്.
12. മീനങ്ങാടി പെട്രോളിയം, മീനങ്ങാടി, വയനാട്.
13. മൂസ ഫ്യുവൽസ്, മീനങ്ങാടി, വയനാട്.
14. ഏലിയാമ്മ മാത്യു ഏജൻസീസ്, കൊട്ടാരക്കര.

(എഫ്) പരിഗണനയിലില്ല.

## അനുബന്ധം - IV

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്)

അടിയന്തരപ്രമേയ ചർച്ചയിന്മേൽ മറുപടി പറയവെ മേശപ്പുറത്തുവച്ച ഉത്തരവിന്റെ പകർപ്പ്

## GOVERNMENT OF KERALA

### Abstract

Industries Department – Comprehensive Administrative Sanction for acquisition of 5366 acres of land in Kannur & Palakkad Districts for the project 'Development of Industrial Infrastructure in Kannur & Palakkad Districts – Land Acquisition'- Sanction accorded – Orders issued.

==========================================================

### INDUSTRIES (G) DEPARTMENT

G. O.(MS) No.20/2019/ID. Dated, Thiruvananthapuram, 27/02/2019

==========================================================

Read:-

1. GO(MS) No.15/2017/ID dated, 18/3/2017.
2. GO(Rt) No.116/2014/ID dated, 27/1/2014.
3. GO(Rt) No.1685/2017/ID dated, 13/12/2017.
4. GO(Rt) No.404/2018/ID dated, 4/4/2018.
5. GO(Rt) No.664/2018/ID dated, 13/6/2018.
6. GO(Rt) No.1723/2017/ID dated, 27/12/2017.
7. GO(Rt) No.88/2019/ID dated, 29/1/2019.
8. GO(Rt) No.89/2019/ID dated, 29/1/2019.
9. Lr. No. APR -6/3590/2018/KIIFB dated, 7/12/2018 from the Chief Executive Officer, Kerala Industrial Infrastructure Fund Board.
10. Lr.No. KIN/V/GEN/2018-19 dated, 17/1/2019 from the Managing Director, KINFRA.

**O R D E R**

As per the Government Orders read as I[st] to 8[th] paper above Administrative Sanction was accorded to KINFRA for land acquisition for developing various Industrial Development Zones in Kannur & Palakkad Districts.

(2) As per the letter read as 9[th] paper above, Chief Executive Officer, Kerala Industrial Infrastructure Fund Board has informed that the 33[rd] Board meeting of Kerala Industrial Infrastructure Fund Board (KIIFB) held on 25-10-2018 approved the project 'Development of Industries Infrastructure in Kannur & Palakkad Districts – Land Acquisition' for a total outlay of Rs.12,710 Crore subject to conditions.

(3) Managing Director, KINFRA as per the letter read as 10[th] paper above requested Comprehensive Administrative Sanction for the land acquisition of 5366 acres of land in Kannur and Palakkad districts and to entrust KINFRA as Special Purpose Vehicle (SPV) for implementing the project and the land acquisition in Kannur and Palakkad districts meeting the expenditure from KIIFB fund.

| Sl. No. | Name of District | Village/ Taluk | Extent involved (in acres) | No. &Date of Govt. Orders in Industries Department | No. &Date of Govt. Orders in Revenue Department |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | Palakkad | Kannambra, Alathur | 470 | G.O.(MS)No.15/ 2017/ID dated 18/3/2017 | G.O.(Rt)No.1579/ 17/RD dated 1/4/2017 |
| 2 | Kannur | Panayatham-Parambu (Keezhallur/ Paduvilai/ Ancharakandi) Thalassery. | 500 | G.O.(Rt)No.116/ 2014/ID dated 27/1/2014 | G.O.(Rt)No.2511/ 16/RD dated 6/6/2016 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 3 | Kannur | Pattannur, Thalassery | 500 | G.O.(Rt)No.116/ 2014/ID dated 27/1/2014 | G.O.(Rt)No.4244/ 17/RD dated 9/10/2017 |
| 4 | Kannur | Expansion of Mattannur Park, Thalassery | 54 | G.O.(Rt)No.1685/ 2017/ID dated 13/12/2017 | G.O.(Rt)No.1488/ 18/RD dated 24/4/2018 |
| 5 | Kannur | Mokery, Cheruvanche ry, Puthur | 506 | G.O.(Rt)No.404/2 018/ID dated 4/4/2018 | G.O.(Rt)No.2514/ 18/RD dated 2/7/2018 |
| 6 | Kannur | Pinarayi, Thalassery | 13 | G.O.(Rt)No.664/ 2018/ID dated 13/6/2018 | G.O.(Rt)No.4693/ 18/RD dated 12/11/2018 |
| 7 | Kannur | Chavassery, Thalassery | 228 | G.O.(Rt)No.1723/ 2017/ID dated 27/12/2017. | |
| 8 | Kannur | Koodali, Pattannur Keezhalloor | 313 | G.O.(Rt)No.88/ 2019/ID dated 29/1/2019. | |
| 9 | Kannur | Kolari, Iritti | 168 | | |
| 10 | Kannur | Koodali, Pattannur Thalassery | 1030 | | |
| 11 | Kannur | Kolari, Iritti | 876 | | |
| 12 | Kannur | Padiyoor Kalliyad, Iritty | 708 | G.O.(Rt)No.89 / 2019/ID dated 29/1/2019. | |
| | Total | | 5366 | | |

(5) Government have examined the matter in detail and are pleased to accord Comprehensive Administrative Sanction for acquisition of 5366 acres of land in Kannur and Palakkad Districts as detailed above for the project 'Development of Industrial Infrastructure in Kannur and Palakkad Districts- Land Acquisition' at a total outlay of Rs. 12,710 Crore (Rupees Twelve thousand seven hundred and ten crores only) meeting the expenditure from KIIFB, subject to the following conditions specified by KIIFB and authorise KINFRA as Special Purpose Vehicles (SPV) for implementing the project.

1. The funds will be disbursed to SPV on a draw -down basis, based on Land

   Acquisition Claims and Development Cost reimbursements.

2. Administrative over heads shall be paid on actuals and shall not be more than 15% of the cost of Land Acquisition.

3. Separate proposal shall be submitted for Development cost.

4. Funds shall be released on the basis of quarterly requirement submitted by the SPV.

5. The amount disbursed will be recovered by KIIFB, with compound interest rate of 9% with two-year moratorium.

6. The land so acquired should be mortgaged to KIIFB which will be discharged on remittance of sale proceeds received by the SPV for any parcel of land so acquired.

7. There shall be an escrow account into which the SPV shall deposit sale proceeds from any parcel of the land so acquired, A separate bank account shall be maintained in the SPV for all the transaction related to the project.

8. The LA Proceedings under the Land Acquisition Act shall be initiated simultaneously to avoid cascading and spiralling of Land Values between the phases of acquisition.

(5) The Government Order as 1st to 8th paper above are modified to the above extent.

**(By Order of the Governor)**

**Dr. K. ELLANGOVAN**

**PRINCIPAL SECRETARY**

To

The Managing Director, KINFRA, Thiruvananthapuram

The Chief Executive Officer, KIIFB, Thiruvananthapuram

The Principal Accountant General (A&E)/(Audit), Kerala, Thiruvananthapuram

Revenue Department

Finance Department

The District Collector, Kannur/Palakkad

Information and Public Relations Department (Web&New Media)

Stock file/Office copy.

Forwarded/By order

**Section Officer.**